# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

*കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.*


**വാല്യം 1**

### പാറശ്ശാല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

### പെരുങ്കടവിള ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

### അതിയന്നൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

### നേമം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. [illegible]

**വാല്യം 5**

### തിരുവനന്തപുരം റൂറൽ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

### കഴക്കൂട്ടം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

### വെള്ളനാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

### നെടുമങ്ങാട് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്

**വാല്യം 9**

### വാമനപുരം ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

### കിളിമാനൂർ ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

### ചിറയിൻകീഴ് ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

### വർക്കല ബ്ലോക്ക്
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

S

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

### വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

### വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

### വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

### വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

### വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

### വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

### വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

### വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

### വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

### വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

### വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

### വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

### വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ

വാല്യം 85

## ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

വാല്യം 86

## പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

വാല്യം 87

## മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

വാല്യം 88

## തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

വാല്യം 89

## അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം

വാല്യം 90

## ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

വാല്യം 91

## കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

വാല്യം 92

## ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

വാല്യം 93

## വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

വാല്യം 94

## മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം

വാല്യം 95

## കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

വാല്യം 96

## മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

വാല്യം 97

## ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

വാല്യം 98

## തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

വാല്യം 99

## പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ

വാല്യം 100

## ːറ്റപ്പാലം ബ്ലോക്ക്

*ːപാലക്കാട് ജില്ല)*

അമ്പലപ്പാറ
അനങ്ങനടി
ചളവറ
ലക്കിടിപേരൂർ
വാണിയംകുളം

വാല്യം 101

## ːരീകൃഷ്ണപുരം ബ്ലോക്ക്

*ːപാലക്കാട് ജില്ല)*

ചെർപ്പുളശ്ശേരി
കടമ്പഴിപ്പുറം
കരിമ്പുഴ
പൂക്കോട്ടുകാവ്
ശ്രീകൃഷ്ണപുരം
തൃക്കടീരി
വെള്ളിനേഴി

വാല്യം 102

## ːണ്ണാർക്കാട് ബ്ലോക്ക്

*ːപാലക്കാട് ജില്ല)*

അലനല്ലൂർ
കാരാക്കുറിശ്ശി
കരിമ്പ
കോട്ടോപ്പാടം
കുമരംപുത്തൂർ
കാഞ്ഞിരപ്പുഴ
മണ്ണാർക്കാട്
തച്ചനാട്ടുകര
തച്ചമ്പാറ

വാല്യം 103

## ːട്ടപ്പാടി ബ്ലോക്ക്

*ːപാലക്കാട് ജില്ല)*

അഗളി
പുതൂർ
ഷോളയാർ

വാല്യം 104

## ːാലക്കാട് ബ്ലോക്ക്

*ːപാലക്കാട് ജില്ല)*

കൊടുമ്പ്
കേരളശ്ശേരി
കോങ്ങാട്
മങ്കര
മണ്ണൂർ
മുണ്ടൂർ
പറളി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ

**വാല്യം 114**

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവനൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

**വാല്യം 115**

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

**വാല്യം 116**

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

**വാല്യം 117**

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

**വാല്യം 118**

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

**വാല്യം 119**

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

**വാല്യം 120**

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

**വാല്യം 121**

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

**വാല്യം 122**

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

**വാല്യം 123**

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവനൂർ
3. വട്ടംകുളം
4. എടപ്പാൾ

**വാല്യം 124**

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

**വാല്യം 125**

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

**വാല്യം 126**

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

**വാല്യം 127**

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## ാടന്നൂർ ബ്ലോക്ക്

*ാഴിക്കോട് ജില്ല)*

ആയഞ്ചേരി
വില്യാപ്പള്ളി
മണിയൂർ
തിരുവള്ളൂർ

വാല്യം 129

## ലടി ബ്ലോക്ക്

*ാഴിക്കോട് ജില്ല)*

തുറയൂർ
കീഴരിയൂർ
തിക്കോടി
പയ്യോളി
മേപ്പയൂർ

വാല്യം 130

## ിരാമ്പ്ര ബ്ലോക്ക്

*ാഴിക്കോട് ജില്ല)*

ചെറുവണ്ണൂർ
നൊച്ചാട്
ചങ്ങരോത്ത്
കായണ്ണ
കൂത്താളി
പേരാമ്പ്ര
ചക്കിട്ടപ്പാറ

വാല്യം 131

## ാലുശ്ശേരി ബ്ലോക്ക്

*ാഴിക്കോട് ജില്ല)*

ബാലുശ്ശേരി
നടുവണ്ണൂർ
അത്തോളി
ഉള്ളിയേരി
കോട്ടൂർ
ഉണ്ണിക്കുളം
പനങ്ങാട്
കൂരാച്ചുണ്ട്

വാല്യം 132

## ലൊയിനി ബ്ലോക്ക്

*ഴിക്കോട് ജില്ല)*

ചമഞ്ചേരി
അരിക്കുളം
മൂടാടി
ചങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

### വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

### വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

### വാല്യം 143

## കണ്ണൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

### വാല്യം 144

## എടക്കാട് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി

### വാല്യം 145

## തലശ്ശേരി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

### വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

### വാല്യം 147

## ഇരിട്ടി ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

### വാല്യം 148

## പേരാവൂർ ബ്ലോക്ക്
*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ

### വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

### വാല്യം 150

## കാസർഗോഡ് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

### വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

### വാല്യം 152

## നീലേശ്വരം ബ്ലോക്ക്
*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാനൂർ കരിന്തളം
9. പടന്ന

# നഗരസഭകൾ

## വാല്യം 153

### തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

## വാല്യം 154

### കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

## വാല്യം 155

### പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

## വാല്യം 156

### ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

## വാല്യം 157

### കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

## വാല്യം 158

### ഇടുക്കി ജില്ല

1. തൊടുപുഴ

## വാല്യം 159

### എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

## വാല്യം 160

### തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

## വാല്യം 161

### പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

## വാല്യം 162

### മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

## വാല്യം 163

### കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

## വാല്യം 164

### വയനാട് ജില്ല

1. കൽപ്പറ്റ

## വാല്യം 165

### കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

## വാല്യം 166

### കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# കടലുണ്ടി ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസന രേഖ




**വികസന സെമിനാർ 1996 നവംബർ 16**

"ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ തുടിക്കുന്നു"

\- ഗാന്ധിജി

കേരളം




ഗ്രാമീണ ജനതയുടെ വികസനം
ഉറപ്പുവരുത്തുവാൻ
ജനകീയാസൂത്രണ പ്രസ്ഥാനത്തിനും
ബഹുജനമുന്നേറ്റത്തിനും
കരുത്ത് പകരുക


## അധികാരം ജനങ്ങൾക്ക്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ജനകീയാസൂത്രണം

# വികസന രേഖ

## കടലുണ്ടി ഗ്രാമപഞ്ചായത്ത്




വികസന സെമിനാർ 1996 നവംബർ 16

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

# വികസന രേഖ


### എഡിറ്റോറിയൽ ബോർഡ്

1 പി. ഭാർഗവി
2 പി. പി. രാമചന്ദ്രൻ
3 വിജയകൃഷ്ണൻ കോലോട്ട്
4 എം. ഇസ്ഹാഖ്
5 അനിൽ മാരാത്ത്
6 ടി. കെ. രവീന്ദ്രനാഥ് (370740)
7 കെ. വാസുദേവൻ



ഡി. ടി.പി. ആൻറ് പ്രിൻറിംഗ് :
റെഡ് സ്റ്റാർ പ്രിൻേറഴ്സ്, കോഴിക്കോട്


# ജനകീയാസൂത്രണപ്രസ്ഥാനം

**പഠനപര്യടനസംഘം**

1 പി. അപ്പുക്കുട്ടൻ
2 കെ. എം. വിശ്വരാജ്
3 കോണത്ത് അപ്പുക്കുട്ടൻ
4 കെ. വാസുദേവൻ മാസ്റ്റർ
5 യതീന്ദ്രദാസ് പള്ളത്ത്
6 ഭാസ്കരൻ മാസ്റ്റർ. പി.
7 പി. ബാൽരാജൻ
8 എൻ. ഭാസ്കരൻ മാസ്റ്റർ
9. കെ. രാധാകൃഷ്ണൻ നായർ

**ദ്വിതീയവിവരശേഖരണം**

1 വിജയകൃഷ്ണൻ കോലോട്ട്
2 എ. വാസുദേവൻ
3 ടി. കെ. രവീന്ദ്രനാഥ്
4 ശിവദാസൻ പൂക്കാട്
5 ഇസ്ഹാഖ്

**നാട്ടറിവ് കേട്ടറിവ്**

1 ശിവദാസൻ പൂക്കാട്
2 വിശ്വനാഥ് ഓണത്തറ
3 വിജയകൃഷ്ണൻ പച്ചാട്ട്
4 ശശി. പി.
5 നസീർ ചാലിയം
6 കെ. ഖദീജ

**(1) കൃഷിയും ജലസേചനവും**

1 പി. അപ്പുക്കുട്ടൻ
2 എ. എം. വിശ്വരാജ് (കൃഷിഓഫീസർ)
3 കോണത്ത് അപ്പുക്കുട്ടൻ
4 ഉണ്ണികൃഷ്ണൻ (കൃഷിഓഫീസ്)
5 കൃഷ്ണദാസ് (കൃഷിഓഫീസ്)

**(2) മൃഗസംരക്ഷണവും മത്സ്യബന്ധനവും**

1 ഇസ്ഹാഖ്
2 രജീന്ദ്രൻ കെ. പി.
3 ഹുസൈൻ കെ.
4 അബ്ദുൾഖാദർ
5 റോസ്ചന്ദ്രൻ

**(3) വിദ്യാഭ്യാസം**

1 കെ. വാസുദേവൻ മാസ്ററർ
2 എ. വി. ഗോപിമാസ്റ്റർ
3 എം. സി. മുഹമ്മദാലി
4 അബ്ദുറഹ്മാൻ മാസ്റ്റർ. എ

**(4) കുടിവെള്ളവും പൊതുജനാരോഗ്യവും**

1 ശിവദാസൻ പൂക്കാട്
2 കെ. വാസുമാസ്റ്റർ
3 പി. രാധാകൃഷ്ണൻ
4 ജാനകി (H I)
5 കമ്മദ്കുട്ടി

**(5) വ്യവസായം**

1 വിജയകൃഷ്ണൻ കോലോട്ട്
2. ഷണ്മുഖൻ കെ. പി
3. ഭാസ്കരൻ. പി.
4. ബാബുരാജ് കെ.
5 എൻ. ദാസൻ

**(6) ഗതാഗതവും ഊർജ്ജവും**

1. കെ. ഗംഗാധരൻ
2 പി. പ്രേമരാജ്
3 ബാൽരാജ് പി.
4 മുഹമ്മദ് അബ്ദുൾജമാൽ. എ

**(7) പാർപ്പിടവും സാമൂഹ്യക്ഷേമവും**

1 വിജയകൃഷ്ണൻ പച്ചാട്ട്
2 വാസു. ടി.
3 വിശ്വനാഥ് ഓണത്തറ
4 രാമദാസ് (വി. ഇ. ഒ)

**(8) സംസ്കാരം**

1 ടി. കെ. രവീന്ദ്രനാഥ്
2 സി. കെ. രാജേഷ്
3 അനിൽമാരാത്ത്

**(9) വനിത**

1 സി. എം. സതീദേവി
2 സാജിത മണ്ണിശ്ശേരി
3 ഖദീജ കെ.
4 ജ്യോതിഷ്മതി
5 ബേബി എന്ന ദേവകി

**(10) സഹകരണം**

1 സി. കെ. വിജയകൃഷ്ണൻ
2 ഹമീദ് മണ്ണിശ്ശേരി
3 ഒ. ഭക്തവത്സൻ
4 പി. കെ. വിജയൻ

**(11) പട്ടികജാതിവർഗ്ഗക്ഷേമം**

1 എ. വാസുദേവൻ
2 എൻ. ഭാസ്കരൻ മാസ്റ്റർ
3 യതീന്ദ്രദാസ് പള്ളത്ത്

**(12) വിഭവസമാഹരണം**

1 എ. ഭാർഗവി
2 ടി. ടി. കെ. ബാലൻ
3 പി. പി. രാമചന്ദ്രൻ
4 എ. ആണ്ടിക്കുട്ടി

# ഉള്ളടക്കം

1 ആമുഖം
2 പൊതുവിവരങ്ങളും ഭരണചരിത്രവും
3 സാമൂഹിക സാംസ്കാരിക ചരിത്രം
4 ഭൂപ്രകൃതിയും വിഭവങ്ങളും
5 വികസനമേഖലകൾ

5-1 കൃഷിയും ജലസേചനവും
5-2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
5-3 വിദ്യാഭ്യാസം
5-4 കുടിവെള്ളവും പൊതുജനാരോഗ്യവും
5-5 വ്യവസായം
5-6 ഗതാഗതവും ഊർജ്ജവും
5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും
5-8 സംസ്കാരം
5-9 വനിത
5-10 സഹകരണം
5-11 പട്ടികജാതി പട്ടികവർഗക്ഷേമം
5-12 വിഭവസമാഹരണം

**വികസന രേഖ തയ്യാറാക്കിയ**
**കോർഗ്രൂപ്പ് കൺവീനർ: പി. പി. രാമചന്ദ്രൻ**

# കടലുണ്ടി പഞ്ചായത്ത്
# ഭരണസമിതി



പി. ഭാർഗ്ഗവി (പ്രസിഡണ്ട് )



യതീന്ദ്രദാസ് (വൈസ് പ്രസിഡണ്ട് )



കെ. ഗംഗാധരൻ (സ്റ്റാൻറിങ്ങ് കമ്മിറ്റി)

| | |
|---|---|
| എം. ഇസ്ഹാഖ് | മെമ്പർ |
| മുഹമ്മദ് അബ്ദുറം ജമാൽ | " |
| സി. എം. സതീദേവി | " |
| ഒ. വിശ്വനാഥൻ | " |
| സി. അബ്ദുറഹ്മാൻ മാസ്റ്റർ | " |
| ബേബി എന്ന ദേവകി | " |
| എൻ. ദാസൻ | " |
| പുഷ്പവല്ലി. പി. | " |
| സാജിത മണ്ണിശ്ശേരി | " |
| എ. വി. കമ്മദ്കുട്ടി | " |

1

# ആമുഖം

**1956**ൽ ഭാഷാസംസ്ഥാനങ്ങാം നിലവിൽ വന്നു. അതിൻെറ ഭാഗമായി നവംബർ 1ന് ഐക്യകേരളവും. തിരുവിതാംകൂറും കൊച്ചിയും പഴയമദിരാശി സംസ്ഥാനത്തിൻെറ ഭാഗമായി കിടന്നിരുന്ന മലബാർ പ്രദേശവും ചേർന്നാണ് ഐക്യകേരളം രൂപീകരിച്ചത്. സ്വാതന്ത്ര്യം ലഭിച്ചിട്ട് നീണ്ട ഒമ്പത് വർഷത്തെ കാത്തിരിപ്പിന് ശേഷമാണ് ആ സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടത്.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പഴയ മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്ന കാലത്തും പിന്നീട് ഐക്യകേരളം രൂപീകൃതമായതിനുശേഷവും അവഗണ നമാത്രം അനുഭവിച്ചുപോരുന്ന മലബാർ പ്രദേശത്തുള്ള വർക്ക് ലഭിച്ച വരദാനമാണ് ജനകീയാസൂത്രണ പ്രസ്ഥാനം. വകുപ്പ് മേധാവികാം സ്ഥലകാല ബന്ധമില്ലാതെ കല്പിച്ചരുളുന്ന പദ്ധതികാം മാറി പകരം അദ്ധ്വാനിക്കു ന്നവൻെറയും പാവപ്പെട്ടവൻെറയും ദൃഢസ്വരത്തിലുള്ള വികസനമാർഗരേഖക്ക് രൂപം കൊടുത്ത് നടപ്പാക്കാൻ പോകുന്നു. വികസന പ്രക്രിയയിൽ, ജനങ്ങളുടെ മനസ്സിലേക്ക് 'ജാഗ്രത' യുടെ വിത്തുപാകാൻ കഴിഞ്ഞിട്ടുണ്ടെന്നതിൽ തർക്കമില്ല.

ജാതി, മത, വർഗ, കക്ഷി പരിഗണനയില്ലാതെയുള്ള ബഹുജനമുന്നേറ്റം വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുമെന്നതിൽ സംശയമില്ല. പ്രദേശത്തിൻെറ വികസനം സംസ്ഥാനത്തിൻെറ വികസനത്തിലേക്കും അതുവഴി നമ്മുടെ രാജ്യത്തിൻെറ വികസനത്തിലേക്കും എത്തിക്കുന്ന ആസൂത്രിതനീക്കം ഗതകാലചരിത്രത്തിൽ നമുക്ക് അന്യമാണ്.

മനുഷ്യൻെറ ജീവിത നിലവാരത്തെ പടിപടിയായുയർത്തുന്ന പ്രക്രിയയാണ് വികസനം. ഇതുവരെ നാം അനുവർത്തിച്ചുപോന്ന വികസന സമീപനത്തിൽ മാറ്റം വരണം. അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും അനുഭവിക്കുമ്പോാം അതിനെ തരണം ചെയ്യുന്നതിനുവേണ്ടി കാർഷിക വ്യവസായി കമേഖലയെ കാര്യക്ഷമമാക്കേണ്ടതാണെന്ന അനിവാര്യതയാണ് ജനകീയാസൂത്രണത്തിന് നിദാനം. സേവനമേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങാംക്ക് കേരളം മുൻപന്തിയിലാണ്. ഇതിൻെറ തുടർഫലങ്ങാം മററുമേഖലകളിൽ നേട്ടമുണ്ടാക്കുവാൻ സഹായിച്ചിട്ടില്ല എന്നത് ഖേദകരമാണ്.

9 ാം പദ്ധതിക്കാലത്ത് കാർഷിക വ്യാവസായിക മേഖലയിൽ ഉല്പാദനക്ഷമത വർദ്ധിക്കുവാൻ ആവശ്യമായ നടപടികാംക്കാണ് മുൻതൂക്കം. പ്രാദേശികാസൂത്രണത്തിൻെറ ദിശാസൂചിക ഈ മേഖലയിലെ പരിവർത്തനമാണ്. പഞ്ചായത്ത്രാജ് സംവിധാനം, ഗ്രാമസ്വരാജ് സങ്കല്പത്തെ കരുപ്പിടിപ്പിക്കുമ്പോാം, അധികാരം താഴെത്തട്ടിലേക്ക് കൈമാറ്റപ്പെടുകയും അടുത്ത പദ്ധതിക്കാലത്ത് 35 മുതൽ 40 ശതമാനം വരെ പദ്ധതിവിഹിതം പഞ്ചായത്തുകളുടെ സമഗ്രവികസനത്തിന് വേണ്ടി ലഭിക്കുകയും ചെയ്യുന്നു. ഈ വികസനപ്രക്രിയയിൽ ജനപങ്കാളിത്തം ഉറപ്പ് വരുത്തുകയാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ കടമ.

ജനകീയാസൂത്രണ പരിപാടിയുടെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് പരിശീലനം. പ്രാദേശികപരിശീലന പരിപാടിയിൽ പഞ്ചായത്ത് മെമ്പർമാരടക്കം 42 പേർ പങ്കെടുത്തു. 7 ജില്ലാ പരിശീലകരാണ് ഇതിന് നേതൃത്വം വഹിച്ചത്. ഒന്നാംഘട്ട ഗ്രാമസഭകളിൽ 2500 ഓളം അംഗങ്ങാം പങ്കെടുക്കുകയുണ്ടായി. എല്ലാ വാർഡുകളിലും സ്വാഗതസംഘം വിളിച്ച് ചേർത്ത് പ്രചരണ പരിപാടികാംക്ക് നേതൃത്വം കൊടുക്കുകയുണ്ടായി.

രണ്ടാംഘട്ട പരിശീലന പരിപാടിയിൽ ജില്ലാതലത്തിൽ 13 പേരും പ്രാദേശിക തലത്തിൽ 10 ഉദ്യോഗസ്ഥ പ്രതിനിധികളടക്കം 52 പേരും പങ്കെടുത്തു. ഒന്നാം ഘട്ടത്തിലെ പരിശീലകരിൽ പലരും രണ്ടാം ഘട്ടത്തിൽ പങ്കെടുത്തിരുന്നില്ല. വികസന റിപ്പോർട്ടിൻെറ മുന്നൊരുക്കത്തിൽ ദ്വിതീയ വിവരശേഖരണം നാട്ടറിവ് കേട്ടറിവ് ശേഖരണം. പഠനപര്യടനം എന്നിവ അർഹിക്കുന്ന ഗൗരവത്തോടെ നടത്തുകയുണ്ടായി. വകുപ്പ് മേധാവികളുടെ യോഗം വിളിച്ച് ചേർത്ത് അവലോകനവും 9 ാം പദ്ധതിയിലേക്കുള്ള സാധ്യതകളുടെ നിർദ്ദേശങ്ങളും സ്വീകരിക്കുകയുണ്ടായി. ഇവയെല്ലാം ക്രോഡീകരിച്ച് ഗ്രാമ സഭാ റിപ്പോർട്ടുകളുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്ത് തയ്യാറാക്കപ്പെട്ട കടലുണ്ടി ഗ്രാമപഞ്ചായത്തിൻെറ വികസന റിപ്പോർട്ട് നാളെയുടെ മാർഗദർശനമാകുവാൻ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നു. ലക്ഷ്യ പ്രാപ്തിക്കായി നമുക്ക് കൂട്ടമായി യത്നിക്കാം.

20

# 2

# പൊതുവിവരങ്ങളും ഭരണചരിത്രവും

## പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | കടലുണ്ടി പഞ്ചായത്ത് |
| റവന്യൂ വില്ലേജ് | : | കടലുണ്ടി |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | 1. മണ്ണൂർ, 2. ചാലിയം |
| ബ്ലോക്ക് പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| ജില്ല | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | ബേപ്പൂർ |
| വിസ്തീർണ്ണം | : | 11.83 ചതുരശ്ര കി. മീ. |
| ജനസംഖ്യ | : | 35171 |
| പുരുഷൻ | : | 17084 |
| സ്ത്രീ | : | 18087 |
| വാർഡുകൾ | : | 13 |

### അതിരുകൾ

പടിഞ്ഞാറ് - അറബിക്കടൽ

തെക്ക് - കടലുണ്ടിപുഴയും വള്ളിക്കുന്ന് പഞ്ചായത്തും

കിഴക്ക് - കനോളിതോട് എന്ന് വിളിക്കപ്പെടുന്ന കടലുണ്ടി പുഴയുടെ കൈ വഴിയും ചേലേമ്പ്ര പഞ്ചായത്തും

വടക്ക് - വടക്കുമ്പാട്ട് പുഴയും ഫറോക്ക് പഞ്ചായത്തും.

# ഭരണചരിത്രം

മലബാർ ഡിസ്ത്രിക്ട് ബോർഡിന് കീഴിൽ വില്ലേജുകൾ തോറും പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടതിന്റെ ഭാഗമായി 1956ൽ നമ്മുടെ റവന്യൂ വില്ലേജുകളായ മണ്ണൂരിലും കടലുണ്ടിയിലും പഞ്ചായത്ത് ബോർഡുകൾ നിലവിൽ വന്നു. അക്ഷരാഭ്യാസമുള്ളവർ ഒത്തുകൂടി കൈ പൊക്കി തിരഞ്ഞെടുപ്പ് നടത്തുക എന്ന സമ്പ്രദായമാണ് അന്നുണ്ടായിരുന്നത്. അതനുസരിച്ച് പി. ഗോപാലൻ പ്രസിഡണ്ടും. സി. പത്മനാഭൻ വൈസ് പ്രസിഡണ്ടും ഞാവിൽ കുട്ടികൃഷ്ണൻ നായർ, കളത്തിങ്കൽ കുഞ്ഞിക്കോയ, കൂർമന്തറ വേലായുധൻ, പിലാക്കാട്ട് ചോയിക്കുട്ടി, പള്ളത്ത് അപ്പുക്കുട്ടൻ, പിലാക്കാട്ട് കുഞ്ഞു എന്നിവർ മെമ്പർമാരായുള്ളതും കടലുണ്ടിയിൽ അമ്പാളി ശങ്കരൻ പ്രസിഡണ്ടും കെ. കെ. ഉബൈദുള്ള വൈസ് പ്രസിഡണ്ടും, പി. ബി. മുഹമ്മദ്ഹാജി, ബി. സി. ചെറിയബാവ, പി. ബി. ഐ കാസിം, പി. പി. അപ്പുണ്ണി, ഓണത്തറ ചോയുണ്ണി കിളിയൻ ആലമ്പറ്റ് സാമി, പച്ചാട്ട് സാമിക്കുട്ടി, ആലിമുഹമ്മദ് എന്നിവർ മെമ്പർമാരുള്ളതുമായ ബോർഡ് നിലവിൽ വന്നു.

1962ൽ പുതിയ പഞ്ചായത്ത് നിയമപ്രകാരമുള്ള പഞ്ചായത്തുകൾ നിലവിൽ വന്നു. അതുപ്രകാരം മണ്ണൂർ കടലുണ്ടി പഞ്ചായത്തുകൾ ചേർത്ത് 1962ൽ തന്നെ സ്പെഷ്യൽ ആഫീ സർ ബോർഡിന്റെ പ്രവർത്തനം അമ്പാളി ബിൽഡിങ്ങിൽ ആരംഭിച്ചു. 1963 ഡിസംബറിൽ രഹസ്യബാലറ്റിലൂടെയുള്ള തിരഞ്ഞെടുപ്പ് നടന്നു. ആകെ. 8 വാർഡുകളിൽ ഹരിജൻ റിസർവേഷനടക്കം താഴെ പറയുന്ന ഒമ്പത് പേർ തെരഞ്ഞെടുക്കപ്പെട്ടു.

1. ശ്രീ. അമ്പാളി ശങ്കരൻ - പ്രസിഡണ്ട്
2. പി. ബി. മുഹമ്മദ് കോയഹാജി -(വൈസ് പ്രസിഡണ്ട്)
3. ടി. അബ്ദുറംഖാദർ - മെമ്പർ
4. ടി. എം. ഉമ്മർകോയ - "
5. കെ. സാമി - റിസർവ്മെമ്പർ
6. പി. സാമിക്കുട്ടി - മെമ്പർ
7. എ. കെ. പള്ളത്ത് - "
8. സി. പത്മനാഭൻ - "
9. ഒ. ചന്ദ്രശേഖരൻ വൈദ്യർ - "

ഈ ബോർഡിൽ വനിതാ അംഗമായി ശ്രീമതി പി. ഭാർഗവിയെ നോമിനേറ്റ് ചെയ്യുകയുണ്ടായി.

1964 ജനുവരി 1ന് അധികാരമേറ്റ ഈ പഞ്ചായത്ത് ബോർഡ് നീണ്ട 16 വർഷം നിലനിന്നു. അതിനിടയ്ക്ക് ശ്രീ അമ്പാളി ശങ്കരനും ടി. എ. ഉമ്മർകോയയും അന്തരിച്ചു. തുടർ ന്ന് നടന്ന ഉപതെരഞ്ഞെടുപ്പുകളിൽ നാലാം വാർഡിൽ പിൻ പുറത്ത് ചന്തപ്പനും രണ്ടാം വാർഡിൽ നിന്ന് ഇസ്മാലുട്ടിയും തെരഞ്ഞെടുക്കപ്പെട്ടു. അന്തരിച്ച പ്രസിഡണ്ട് അമ്പാളി ശങ്കരന് പകരം പി. ബി മുഹമ്മദ്കോയഹാജി പ്രസിഡണ്ടും പി. സാമിക്കുട്ടി വൈസ് പ്രസിഡണ്ടും ആയി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് ഒരു ഘട്ടത്തിൽ പി. വി. മുഹമ്മദ്കോയ ഹാജിക്ക് പകരം പി. സാമിക്കുട്ടി പ്രസിഡണ്ടായും ഇസ്മാലുട്ടി വൈസ് പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു. 13. 12. 70ന് ഉദ്ഘാടനം ചെയ്യപ്പെട്ട ഇന്ന് പ്രവർത്തിക്കുന്ന പഞ്ചായത്താഫീസ് കെട്ടിടം ശ്രീ. കണ്ണന്തൊടി സേതുമാധവൻ നമ്പ്യാർ സംഭാവന ചെയ്ത സ്ഥലത്താണ്.

അടുത്ത തെരഞ്ഞെടുപ്പ് 1979ൽ നടന്നു. 8ാം വാർഡിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട ശ്രീ. പി. അപ്പുക്കുട്ടൻ പ്രസിഡണ്ടായും സി. രാജചന്ദ്രൻ മാസ്റ്റർ വൈസ് പ്രസിഡണ്ടായും പി. പി. എ മാരാത്ത്, കോണത്ത് അപ്പുക്കുട്ടൻ, കെ. കണ്ടൻ, കുന്നത്ത് സുബ്രഹ്മണ്യൻ, ഇ. മുഹമ്മദ്കുട്ടി മാസ്റ്റർ എന്നിവർ അംഗങ്ങളായും ഉള്ള പഞ്ചായത്ത് ബോർഡ് നിലവിൽ വന്നു.

1984 മുതൽ 1987വരെ ജനകീയ സമിതികൾ നിലവിലുണ്ടായിരുന്നില്ല. ഉദ്യോഗസ്ഥഭരണത്തിലായിരുന്നു പഞ്ചായത്ത്.

1987ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ. അപ്പുക്കുട്ടൻ മാസ്റ്റർ പ്രസിഡണ്ടും ഐ. ബാലകൃഷ്ണൻ വൈസ് പ്രസിഡണ്ടും, പി. ഇ. ബാവ, സൈനുൽ ആബിദീൻ തങ്ങൾ. എൻ. ദാസൻ, കെ. സുരേന്ദ്രൻ മാസ്ററർ, ഗിരിജ ടീച്ചർ, അബ്ദുള്ളകുട്ടിഹാജി, കെ. കുട്ടായി, തോട്ടോളിചന്തു, പത്മാവതി ടീച്ചർ, പി. ഉണ്ണികൃഷ്ണൻ എന്നിവർ അംഗങ്ങളായി

ട്ടുള്ള ബോർഡ് നിലവിൽ വന്നു.

1996 ഒക്ടോബർ 2ന് പഞ്ചായത്ത് രാജ് സംവിധാനത്തിൽ അധികാര കൈമാറ്റം നടന്നപ്പോഴുള്ള ഭരണസമിതിയാണ് ഇന്ന് നിലവിലുള്ളത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ:

1) വിദ്യാഭ്യാസം:- 10 പ്രൈമറി 3 അപ്പർപ്രൈമറി 2 സെക്കൻററി വിദ്യാലയങ്ങൾ പഞ്ചായത്തിലുണ്ട്.

2) കൃഷി :- കൃഷിഭവൻ എന്ന സ്ഥാപനം ഫറൂക്ക് കടലുണ്ടി റോഡിൽ പ്രബോധിനി ബസ് സ്റ്റോപ്പിന് സമീപം പ്രവർത്തിക്കുന്നു.

3) പ്രാഥമികാരോഗ്യകേന്ദ്രം :- കടലുണ്ടി ചാലിയം റോഡിൽ കടുക്ക ബസാറിനടുത്താണ് പ്രവർത്തിക്കുന്നത്.

4) കുടുംബക്ഷേമകേന്ദ്രങ്ങൾ: :- മണ്ണൂർ ശിവക്ഷേത്രത്തിനടുത്ത് മണ്ണൂർ കുടുംബക്ഷേമ കേന്ദ്രവും കടലുണ്ടി കേന്ദ്രം വാക്കടവ് റോഡിലും പ്രവർത്തിച്ചുവരുന്നു.

5) ഗ്രാമവികസന ഓഫീസുകൾ :- മണ്ണൂരിലും ചാലിയത്തുമായി രണ്ട് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

6) മൃഗസംരക്ഷണം :- കടലുണ്ടി മാർക്കററിനടുത്തും മണ്ണൂർ വളവിന്ന് സമീപവും ഓരോ മൃഗാശുപ്രതികൾ ഉണ്ട്

7) റവന്യൂ വിഭാഗം :- മുല്ലപ്പള്ളി ചാലിയം റോഡിനടുത്ത് വില്ലേജ് ഓഫീസ് പ്രവർത്തിച്ചുവരുന്നു.

8) പഞ്ചായത്താഫീസ് :- മുല്ലപ്പള്ളി ചാലിയം റോഡിൽ മണ്ണൂർ ലെവൽ ക്രോസിനടുത്ത് പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നു.

9) പോലീസ് ഔട്ട്പോസ്റ്റ് :- കടലുണ്ടി പോസ്റ്റാഫീസിനടുത്തായി ഈ സ്ഥാപനം സ്ഥിതിചെയ്യുന്നു.

10) ഫോറസ്റ്റ് ഓഫീസ് :- ചാലിയത്ത് ഫോറസ്റ്റ് ഓഫീസും ഫോറസ്റ്റ് ഡിപ്പോയും പ്രവർത്തിക്കുന്നു.

11) ബേപ്പൂർ ലൈറ്റ് ഹൗസ് :- ലൈറ്റ് ഹൗസ് ഓഫീസ് കേന്ദ്രം ചാലിയത്ത് സ്ഥിതി ചെയ്യുന്നു.

12) ആയുർവേദ ആശുപത്രി :- റെയിൽവെ ലൈനിനടുത്തായി കടലുണ്ടിയിലും മണ്ണൂരിലും.

13) ഇലക്ട്രിസിറ്റി ഓഫീസ് :- മണ്ണൂർവളവിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

14) പ്രീ മെട്രിക്ക് ഹോസ്റ്റൽ :- കടലുണ്ടി റെയിൽവെ സ്റേറഷനടുത്തായിട്ടാണ് ഈ സ്ഥാപനം സ്ഥിതി ചെയ്യുന്നത്.

15) പോസ്റ്റോഫീസ് :- കടലുണ്ടി, ചാലിയം, വടക്കുമ്പാട് എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു.

16) റെയിൽവെസ്റ്റേഷൻ :- കടലുണ്ടി അങ്ങാടിക്കടുത്ത് സ്ഥിതിചെയ്യുന്നു.

17) കസ്റ്റംസ് ഓഫീസ് :- ചാലിയം കടവിനടുത്തായിട്ടാണ് ഈ സ്ഥാപനം സ്ഥിതിചെയ്യുന്നത്.

18) ടെലിഫോൺ എക്സ്ചേഞ്ച് :- കടലുണ്ടി റെയിൽവെ ഗേറ്റിനടുത്ത് പ്രവർത്തിക്കുന്നു.

# 3

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

സംഘം കൃതികളിൽ ചേര രാജാക്കന്മാരുടെ ഭരണ സിരാകേന്ദ്രമായി വിശേഷിപ്പിക്കപ്പെട്ട 'തൊണ്ടി' കടലുണ്ടി യാണെന്നു പറയപ്പെടുന്നു. രണ്ടാം നൂറ്റാണ്ടിൽ ഏതോ അജ്ഞാത നാമാവിനാൽ വിരചിതമായ പെറിപ്ലസിൻെറ 'എരിത്രിയൻ കടൽയാത്ര' എന്ന ഗ്രന്ഥത്തിൽ കടലുണ്ടി ഒരു തുറമുഖ പട്ടണമായി വിശേഷിപ്പിക്കപ്പെട്ടിരുന്നു.

റോം, അറേബ്യ തുടങ്ങിയ വിദേശ രാജ്യങ്ങളുമായി അക്കാലത്ത് വ്യാപാര ബന്ധങ്ങളിലേർപ്പെട്ട കടലുണ്ടിക്ക് മഹത്തായ ഒരു ചരിത്ര പാരമ്പര്യം അവകാശപ്പെടാനുണ്ട്. പുറം രാജ്യങ്ങളുമായുള്ള കൊള്ളക്കൊടുക്കകൾ നമ്മുടെ രാജ്യത്തിൻെറ സാമ്പത്തിക മേഖലയോടൊപ്പം സാംസ്ക്കാരിക മേഖലയെയും പരിപുഷ്ടമാക്കി.

നൂറ്റാണ്ടുകൾക്ക് മുമ്പ് ബേപ്പൂർ തുറമുഖം വഴിയുള്ള കോഴിക്കോടിൻെറ വ്യാപാരം വർദ്ധിച്ചപ്പോൾ ചാലിയവും ഒരു വ്യാപാര കേന്ദ്രമായി വളർച്ച പ്രാപിക്കുകയുണ്ടായി. മലബാറിൻെറ വനവിഭവങ്ങളും സുഗന്ധദ്രവ്യങ്ങളും പട്ടുവസ്ത്രങ്ങളും വിദേശരാജ്യങ്ങളിലേക്ക് കയററി അയച്ചിരുന്നു. ഇതിൻെറ ദൃഷ്ടാന്തമായുള്ള ചരിത്രാവശിഷ്ടങ്ങൾ ഇന്നും ചാലിയത്തു കാണാൻ കഴിയും.

പന്ത്രണ്ടാം നൂറ്റാണ്ടിൻെറ ആരംഭ ദശയിൽ രണ്ടാം ചേര രാജവംശത്തിൻെറ അസ്തമയത്തോടെ നാടു വാഴിത്ത ഭരണക്രമമാരംഭിച്ചപ്പോൾ ഈ ഗ്രാമത്തിൻെറ ഭരണാധികാരം പരപ്പനാട് വലിയ പുതിയകോവിലകക്കാരുടെ കൈകളിലായിത്തീർന്നു. പരപ്പനാട് രാജാവ് ഡച്ചുകാർക്ക് കച്ചവടാവശ്യാർത്ഥം ചാലിയത്ത് സ്ഥലം നൽകുകയും പിന്നീട് അവർ അവിടെ ഒരു കോട്ട പണിയുകയും ചെയ്തു. സാമൂതിരിയുമായുള്ള യുദ്ധത്തിൽ ഈ കോട്ട തകർക്കപ്പെടുകയുണ്ടായി. അതിൻെറ അവശിഷ്ടങ്ങൾ 'മൂല്ല' എന്ന സ്ഥലത്ത് ഇപ്പോഴുമുണ്ട്.

പരപ്പനാട് രാജവംശക്കാർ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചുള്ള തറക്കൂട്ടങ്ങളിലൂടെയാണ് ഭരണം നടത്തി വന്നത്. കടലുണ്ടി ഗ്രാമത്തെ അവർ മണ്ണൂർ (മണ്ണൂർ ശിവക്ഷേത്രം) കടലുണ്ടി (പഴഞ്ചണ്ണൂർ ശിവക്ഷേത്രം) എന്നിങ്ങനെ രണ്ടു തുറകളായാണ് ഭാഗിച്ച് ഭരണം നടത്തിയത്. ഈ ഭരണ വ്യവസ്ഥയിൽ ഭൂമിയുടെ ഉടമാവകാശം, ദേവസ്വത്തിൻ കീഴിൽ ഭൂമി കൈവശം വെച്ചുകൃഷി ചെയ്യുകയും കീഴ്പാട്ടത്തിന് കൊടുക്കുകയും ചെയ്തിരുന്ന ജന്മിമാർക്കായിരുന്നു. ഈ നൂറ്റാണ്ടിൻെറ ആരംഭത്തിൽ ദേവസ്വം ഉടമാവകാശം. പെരുമ്പറമ്പ് (മണ്ണൂർ ശിവക്ഷേത്രം) മനേഴി (പഴഞ്ചണ്ണൂർ ശിവക്ഷേത്രം) എന്നീ രണ്ട് തറവാട്ടുകാർക്കും, അവരുടെ കീഴിൽ ഭൂമിയുടെ ഉടമാവകാശം പുന്നോളി കൊറാത്ത്, പുന്നോളി ഇരുപ്പാട്ടിൽ, കുററിക്കാട്ടിൽ, അമ്പാളി, കൂർമ്മന്തറ, പുതിയകം എന്നീ ജന്മിത്തറവാട്ടുകാർക്കുമായിരുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൻെറ മദ്ധ്യത്തോടെ രാജവം

ശത്തിൽ നിന്ന് ബ്രിട്ടീഷുകാർ ഭരണം പിടിച്ചു പററിയെങ്കിലും ഭൂവുടമാ ബന്ധത്തിൽ മാറ്റമൊന്നുമുണ്ടായില്ല, വ്യാപാര വികസനം ലക്ഷ്യമാക്കി ഭരണം നിർവ്വഹിച്ച ബ്രിട്ടീഷുകാർ 1861 ഓടെ റെയിൽപ്പാത ചാലിയം വരെ നീട്ടുകയുണ്ടായി. വ്യാപാര വ്യാവസായിക മേഖല കോഴിക്കോട്ടേയ്ക്ക് കേന്ദ്രീകരിച്ചപ്പോൾ പിന്നീട് ഈ റയിൽപ്പാളങ്ങൾ നീക്കം ചെയ്യപ്പെട്ടു. വ്യാപാരകേന്ദ്രം എന്ന വിശേഷണം ചാലിയത്തിന് നഷ്ടമായെങ്കിലും ആ സുവർണ്ണകാലത്തിൻെറ ഓർമ്മയായി റെയിൽവെ കിണറും, ലൈറ്റ് ഹൗസും, ഫോറസ്റ്റ് ഡിപ്പോവും ഇന്നും കാണാം. മാലിക് ദീനാറും ശിഷ്യന്മാരും പ്രാർത്ഥിച്ചിരുന്നതായി വിശ്വസിക്കപ്പെടുന്ന പുഴക്കര പള്ളി ചാലിയത്തുകാരുടെ ചരിത്രസ്മരണയെ രോമാഞ്ചമണിയിക്കുന്നു.

പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് മലപ്പുറം ജില്ലയിലൂടെ പടിഞ്ഞാട്ടൊഴുകുന്ന കടലുണ്ടിപ്പുഴ ലക്ഷ്യസ്ഥാനത്തെത്തുന്നതിനു മുമ്പ് രണ്ട് കൈവഴികളായിപ്പിരിഞ്ഞ് ഒന്ന് വടക്കുമ്പാട്ട് പുഴ എന്ന പേരിൽ ചാലിയാറുമായി സന്ധിച്ച് ബേപ്പൂർ അഴിമുഖത്തും, രണ്ടാമത്തേത് കടലുണ്ടിപ്പുഴ എന്നപേരിൽ തന്നെ ചെറുതുരുത്തുകൾ സൃഷ്ടിച്ച് കടലുണ്ടിക്കടവ് അഴിമുഖത്തും അറബിക്കടലിൽ ചേരുന്നു. ഈ രണ്ടു നദികൾക്കുമിടയിൽ 11.83 ച. കി വിസ്തീർണ്ണത്തിൽ ഏതാണ്ട് ഒരു തുരുത്തുപോലെ നമ്മുടെ ഗ്രാമം സ്ഥിതിചെയ്യുന്നു.

ജാതി-ജന്മി-നാടുവാഴിത്ത വ്യവസ്ഥിതിയുടെ അസമത്വങ്ങളുടെയും അനീതികളുടെയും രുചിയറിഞ്ഞ അടിസ്ഥാനവർഗ്ഗം ചരിത്രത്തിൽ സ്ഥാനം പിടിക്കും വിധം നിർണ്ണായകമുഹൂർത്തങ്ങളൊന്നും സൃഷ്ടിച്ചിട്ടില്ല. ഫ്യൂഡൽ ഉല്പാദനവ്യവസ്ഥയിൽ ഒരു നിയോഗംപോലെ പങ്കാളികളായ അവർ സാമൂഹിക പരിവർത്തനത്തിൻെറ കൊടുങ്കാററടിക്കുന്ന ശബ്ദം കേട്ടുണർന്നു. ജാതിയുടെ അതിർവരമ്പുകൾ വേർതിരിച്ചിട്ട സാമൂഹിക ബന്ധങ്ങളിൽ മാറ്റം വരാൻ ഏറെക്കാലമെടുത്തെങ്കിലും സ്വാതന്ത്ര്യസമരത്തിൻെറ സന്ദേശം ചില സത്യങ്ങൾ അവരോടു വിളംബരം ചെയ്തു.

ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ മുന്നണിപ്പോരാളികളെ സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടില്ല. ഒരു പക്ഷെ, അതിനുകാരണം നമ്മുടെ ഗ്രാമീണ സമൂഹത്തിൻെറ ഘടനയാവാം. എങ്കിലും സ്വാതന്ത്ര്യസമരത്തിൻെറ ആഹ്വാനം കേട്ട് പോർക്കളത്തിലിറങ്ങിയ ഏതാനും പേർ നമ്മുടെ ഇടയിലുണ്ട്.

1930 കളിലാണ് ഈ ഗ്രാമത്തിൽ കോൺഗ്രസ് ഒരു സംഘടനാരൂപം കൈക്കൊണ്ടത്. 1935-42 കാലത്ത് കോൺഗ്രസ്സിൻെറ പ്രവർത്തനം കേന്ദ്രീകരിച്ചിരുന്നത് ഖാദി വസ്ത്ര പ്രചാരണത്തിലും മദ്യബഹിഷ്ക്കരണ സമരത്തിലുമായിരുന്നു. ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തവരായിരുന്നു കൊററാത്ത് ദാമോദരമേനോൻ, ഓണത്തറ ചക്കപ്പൻ, ആലമ്പറ്റ് സാമി, കെ. കുട്ടിശങ്കരൻ നായർ, പി. കെ. നാരയണൻകുട്ടി മേനോൻ, ഏ. പി. കണ്ടക്കുട്ടി, എൻ. വി. ബിച്ചമ്മത്, ചാലിയം ഗുരിക്കൾ, കാരണവർ മുഹമ്മത്, സാമി വൈദ്യർ, കെ. രാരുമാസ്റ്റർ, പി. പി. രാമദാസ്, വാസുദേവമേനോൻ, വിശ്വനാഥൻ പെരിങ്ങോട്ട്, സി. പത്മനാഭൻ, പട്ടയിൽ രാഘവൻ എന്നിവർ.

കോൺഗ്രസ്സിലെ പുരോഗമനവിഭാഗം കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ഇവിടെയുള്ള പല കോൺഗ്രസ് പ്രവർത്തകരും അതിൻെറ പ്രവർത്തകരായിമാറി. കോൺഗ്രസ് സോഷ്യലിസ്റ്റു പാർട്ടി പിന്നീട് കമ്മ്യൂണിസ്റ്റ് പാർട്ടിയായി മാറി. 1940ൽ തിരൂരങ്ങാടി ഫർക്കാ കമ്മററിയുടെ കീഴിൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഒരു ഘടകം ഇവിടെ രൂപീകരിക്കപ്പെട്ടു. ആദ്യം കോൺഗ്രസ്സുകാരനും പിന്നീട് കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പാർട്ടിക്കാരനുമായിമാറിയ പി. കെ. വാസുദേവ മേനോനായിരുന്നു ആദ്യത്തെ പാർട്ടി സിക്രട്ടറി. എ. കെ. പള്ളത്ത്, കെ. പി. യാക്കൂബ്, പി. കെ. കണാരൻ, വെളക്കേരി വേലായുധൻ, എന്നിവർ പാർട്ടി അംഗങ്ങളായി. എൻ. കെ. പോളേട്ടൻ, ചോഴക്കാട് ശങ്കരൻ വൈദ്യർ, എന്നിവർ അക്കാലത്തെ സജീവ പാർട്ടി പ്രവർത്തകർ ആയിരുന്നു. ഇക്കാലത്ത് നിരോധിക്കപ്പെട്ട പാർട്ടി നേതാക്കൾ ആയ ഇ. എം. എസ്, സി. എച്ച്. കണാരൻ, ഉണ്ണിരാജ, കെ. എ. കേരളീയൻ തുടങ്ങിയവർ ഇവിടെ ഒളിവിൽ കഴിഞ്ഞിരുന്നു.

കാർഷിക രംഗത്ത് ഒട്ടേറെ പ്രക്ഷോഭസമരങ്ങൾ ഇവിടെ ഉണ്ടായിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം നടപ്പിലാവുന്നതിന് മുമ്പ് കൃഷിക്കാരെ ഭൂമിയിൽ നിന്നും ഒഴിപ്പിക്കപ്പെടുന്ന ദുസ്സഹമായ അവസ്ഥയുണ്ടായിരുന്നു. 1953ൽ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ രൂപീകൃതമായ കർഷക സംഘം ഇതിനെതിരെ പ്രക്ഷോഭം സംഘടിപ്പിച്ചു. 1970-72 കാലത്ത് കർഷക സംഘത്തിൻെറ നേതൃത്വത്തിൽ നടന്ന ഐതിഹാസികമായ കുടികിടപ്പു സമരം ഈ ഗ്രാമത്തിലും സജീവമായിരുന്നു. ഈ സമരത്തിനു നേതൃത്വം നല്കിയവരിൽ പ്രമുഖരായിരുന്നു എ. വി. സ്വാമിനാഥൻ, തേറാണി ശങ്കരൻ, കക്കാട്ട് ചാത്തൻ, പി. പി. എ മാരാത്ത്, ഒ. ചന്ദ്രശേഖരൻ വൈദ്യർ, പി. അപ്പുക്കുട്ടൻ തുടങ്ങിയവർ. ഭൂപരിഷ്ക്കരണ നിയമം നടപ്പിലായതോടു കൂടി ഭൂരിപക്ഷം വരുന്ന സാധാരണക്കാരൻ ഭൂവുടമയായിമാറി, ഭൂ ബന്ധങ്ങളിൽ വന്ന മാററം സാമൂഹിക ജീവിതത്തിൽ അവർണ്ണനീയമായ മാററം വരുത്തി.

1957ൽ ശ്രീ. ചോലയിൽ വേലായുധൻ പ്രസിഡണ്ടും, ശ്രീ. പി. അപ്പുക്കുട്ടൻ സിക്രട്ടറിയുമായി രൂപീകൃതമായ മലബാർ ഫിഷറീസ് തൊഴിലാളിയൂണിയനാണ്, നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ ട്രേഡ്യൂണിയൻ

മലബാർ ഡിസ്ത്രിക്ട് ബോർഡിൻ കീഴിൽ വില്ലേജുകൾ തോറും പഞ്ചായത്തുകൾ രൂപീകരിക്കപ്പെട്ടതിൻെറ ഭാഗമായി

1956ൽ ഈ ഗ്രാമത്തിലെ റവന്യു വില്ലേജുകളായ മണ്ണൂരിലും കടലുണ്ടിയിലും പഞ്ചായത്തുബോർഡുകൾ നിലവിൽ വന്നു. അക്ഷരാഭ്യാസമുള്ളവർ ഒത്തുകൂടി കൈപൊക്കി തെരഞ്ഞെടുപ്പു നടത്തുന്ന സമ്പ്രദായമാണ് അന്നുണ്ടായിരുന്നത്. അതനുസരിച്ച് മണ്ണൂരിൽ ശ്രീ. പി. ഗോപാലൻ പ്രസിഡണ്ടും, സി. പത്മനാഭൻ, ഞാവിലിൽ കുട്ടികൃഷ്ണൻ നായർ, എ. കെ. പള്ളത്ത്, പി. ചോയിക്കുട്ടി, കളത്തിങ്കൽ കുഞ്ഞിക്കോയ, കൂർമന്തറ വേലായുധൻ, പിലാക്കാട്ട് കുഞ്ഞു എന്നിവർ മെമ്പർമാരുമായുള്ള ബോർഡ് തെരഞ്ഞെടുക്കപ്പെട്ടു. കടലുണ്ടിയിൽ അമ്പാളി ശങ്കരൻ പ്രസിഡണ്ടും, ബി. സി. ചെറിയബാവ, പി. പി. എ മാരാത്ത്, കെ. കെ. ഉബൈദുള്ള, ഓണത്തറചോയുണ്ണി എന്നിവർ മെമ്പർമാരുമായുള്ള ബോർഡും തെരഞ്ഞെടുക്കപ്പെട്ടു. ഈ ബോർഡുകളുടെ കാലത്ത് കാര്യമായ വികസന പ്രവർത്തനങ്ങളൊന്നും നടന്നിരുന്നില്ലെങ്കിലും നാടിൻെറ വികസന പ്രവർത്തനത്തിൽ ജനങ്ങൾക്കുള്ള പങ്കിനെക്കുറിച്ചു ഒരു അവബോധം സൃഷ്ടിക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. 1962ൽ പുതിയ പഞ്ചായത്ത് നിയമപ്രകാരമുള്ള പഞ്ചായത്തുകൾ നിലവിൽവന്നു. കടലുണ്ടി മണ്ണൂർ എന്നി റവന്യൂ വില്ലേജുകൾ കൂട്ടിച്ചേർത്ത് സ്പെഷൽ ആഫീസർ ബോർഡിൻെറ പ്രവർത്തനം കടലുണ്ടിയിലെ അമ്പാളി ബിൽഡിംഗിൽ തുടങ്ങി. 1963 ഡിസംബറിൽ രഹസ്യബാലറ്റിലൂടെ നടന്ന തെരഞ്ഞെടുപ്പിൽ 8 വാർഡുകളിൽ നിന്നുള്ള പ്രതിനിധികളും ഒരു ഹരിജൻ റിസർവേഷനുമടക്കം 9 പേർ തിരഞ്ഞെടുക്കപ്പെട്ടു.

പിന്നീട് 1979ലും 1987ലും നടന്ന തെരഞ്ഞെടുപ്പിലൂടെ രണ്ട് ഭരണസമിതികൾ അധികാരത്തിലെത്തുകയുണ്ടായി.

ഇപ്പോൾ അധികാരത്തിലുള്ള പഞ്ചായത്ത് ഭരണ സമിതി 1996 ഒക്ടോബർ രണ്ടാം തിയ്യതി നിലവിൽ വന്നു. ശ്രീമതി പി. ഭാർഗ്ഗവി പ്രസിഡണ്ട്, ശ്രീ. യതീന്ദ്രദാസ് പള്ളത്ത് വൈസ് പ്രസിഡണ്ട്, കെ. ഗംഗാധരൻ (സ്റ്റാൻറിംഗ് കമ്മിററി ചെയർമാൻ) ഇസ്ഹാഖ്, അബ്ദുൽ ജമാൽ, സി. എം. സതീദേവി, ഒ. വിശ്വനാഥൻ, അബ്ദുറഹ്മാൻ മാസ്റ്റർ, എ. ദേവകി എന്ന ബേബി, എൻ. ദാസൻ, പി. കെ. പുഷ്പവല്ലി, സാജിത മണ്ണിശ്ശേരി, കമ്മത് കുട്ടി എന്നിവർ അടങ്ങിയതാണ് ഈ സമിതി. പഞ്ചായത്തുകൾ നിലവിൽ വരുന്നതിന് മുമ്പ് തന്നെ പൊതുവികസന രംഗത്ത് സന്നദ്ധ സേവനം തുടങ്ങിക്കഴിഞ്ഞിരുന്നു. 1952 കാലത്ത് ഫറോക്ക് കടലുണ്ടി റോഡ് കമ്മിററി രൂപം കൊണ്ടു. ഇതിൽ കൊങ്ങാട്ടിൽ കുഞ്ചുണ്ണി മേനോൻ, ഫാദർ അത്തനേഷ്യസ്, പി. കെ. ദാമോദരമേനോൻ, അമ്പാളി ഇമ്പിച്ചുട്ടി, കൂർമ്മന്തറ ചാത്തുക്കുട്ടി, കൂർമ്മന്തറ ഇമ്പിച്ചിക്കോരൻ, ബാവഹാജി, സി. വാസു തുടങ്ങിയവർ അംഗങ്ങളായിരുന്നു. റോഡിനാവശ്യമായ സ്ഥലം വിട്ടുകിട്ടുന്നതിനും മററു പ്രവർത്തനങ്ങളിലും എല്ലാ രാഷ്ട്രീയ പ്രവർത്തകരും സജീവ പങ്ക് വഹിച്ചിരുന്നു. 1954ൽ ഈ റോഡിൻെറ പ്രവർത്തനം വളവിൽ ഉദ്ഘാടനം ചെയ്യപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും, കോൺഗ്രസ്സിൻെറയും പ്രവർത്തകർ ശ്രമദാനം ചെയ്യുകയുണ്ടായി. സാമൂഹിക സേവന മേഖലകളിൽ നിസ്വാർത്ഥ സേവനം അർപ്പിക്കപ്പെട്ട പല സംഭവങ്ങളും ഇവിടെയുണ്ടായിട്ടുണ്ട്. 1942ൽ കോളറ പൊട്ടിപ്പുറപ്പെട്ടപ്പോൾ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിൽ ദുരിതാശ്വാസ പ്രവർത്തനങ്ങളിലേർപ്പെടുകയും, വീടുകൾ കയറിയിറങ്ങി രോഗികളെ ചികിത്സിക്കുകയും ചെയ്തു.

1907ൽ ഇന്ന് മണ്ണൂർ കൃഷ്ണാ യു. പി. സ്കൂൾ സ്ഥിതി ചെയ്യുന്ന സ്ഥലത്ത് ഒരു സ്കൂൾ സ്ഥാപിച്ചുകൊണ്ടാണ് ഈ ഗ്രാമത്തിൽ ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. പിന്നീട് പട്ടികജാതി, പട്ടികവർഗ്ഗക്കാർക്കുമാത്രമായുള്ള ആദി ദ്രാവിഡ പഞ്ചമ സ്കൂൾ 1917ൽ വട്ടപ്പറമ്പിൽ സ്ഥാപിക്കപ്പെട്ടു. അതിനു മുമ്പ് തന്നെ നമ്മുടെ ഗ്രാമത്തിൽ എഴുത്തുപള്ളിക്കൂടങ്ങൾ മുഖേന ജനങ്ങൾ വിദ്യ അഭ്യസിച്ചിരുന്നു.

ആധുനിക ചികിത്സാ സൗകര്യങ്ങൾ തീരെയില്ലാതിരുന്ന കാലത്ത് ഇവിടുത്തെ ജനങ്ങളെ രോഗവിമുക്തരാക്കിയിരുന്നത് നാട്ടുവൈദ്യന്മാരായിരുന്നു. ആധുനിക ചികിത്സ ലഭിക്കേണ്ട അടിയന്തരഘട്ടങ്ങളിൽ രോഗികളെ ചുമലിലേറ്റി ഫറോക്കിലെ ആശുപത്രികളിലെത്തിക്കേണ്ട അവസ്ഥയാണുണ്ടായിരുന്നത്. 1972ൽ ആദ്യമായി ബസ്സ് ഗതാഗതം നമ്മുടെ പഞ്ചായത്തിലാരംഭിച്ചു. അതുവരെ മററു ദിക്കുകളുമായുള്ള നമ്മുടെ ഏക ഗതാഗതമാർഗ്ഗം തീവണ്ടിയായിരുന്നു. കോട്ടക്കടവ് പാലം കൂടി ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ നമ്മുടെ ഗ്രാമം ആധുനിക നാഗരികതയുമായി കൂടുതൽ അടുത്തു കഴിഞ്ഞു.

കഴിഞ്ഞ കാൽ നൂററാണ്ടിനിടയ്ക്ക് നമ്മുടെ ഗ്രാമത്തിൻെറ മുഖഛായയിൽ മാത്രമല്ല അന്തസത്തയിലും വമ്പിച്ച പരിവർത്തനം വന്നിട്ടുണ്ട്. എന്നിട്ടും നമ്മുടെ ഗ്രാമത്തിൻെറ ഉല്പാദനമേഖല മുരടിച്ചു നിൽക്കുന്നതായി നമുക്ക് കാണാം. ആധുനിക ജനാധിപത്യ-മതേതരത്വ വ്യവസ്ഥയിലേക്ക് ഉയരണമെങ്കിൽ നാം ഇനിയുമേറെപ്പോകേണ്ടതുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ, സാംസ്ക്കാരിക രംഗത്തെ ജീർണ്ണത, സ്ത്രീകളോടുള്ള അവഗണന, ഇതെല്ലാം നമ്മെ അലട്ടുന്ന പ്രശ്നങ്ങളാണ്. നമ്മുടെ ഗ്രാമത്തിൻെറ ചരിത്ര പാരമ്പര്യത്തിൽ നിന്ന് ഊർജ്ജമുൾക്കൊണ്ട് ഇന്നിൻെറ പ്രശ്നങ്ങൾ പരിഹരിക്കാൻ നമുക്ക് സംഘമായി മുന്നേറാം.

# 4

# ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

പടിഞ്ഞാറ് അറബിക്കടലും, തെക്കും, കിഴക്കും, വടക്കും പുഴകളാലും ചുറ്റപ്പെട്ട പ്രദേശമാണ് കടലുണ്ടി പഞ്ചായത്ത്. മുമ്പ് കിഴക്കുഭാഗത്തു സ്ഥിതിചെയ്തിരുന്ന മണ്ണൂർ വില്ലേജും പടിഞ്ഞാറുഭാഗത്തായിരുന്ന കടലുണ്ടി വില്ലേജും കൂട്ടിച്ചേർത്താണ് ഈ പഞ്ചായത്ത് രൂപീകൃതമായത്. ആകെ. വിസ്തീർണ്ണം 1165 ഹെക്ടർ (11.83 ച. കി. മീറ്റർ)

അതിരുകാം

പടിഞ്ഞാറ് - അറബിക്കടൽ

തെക്ക് - കടലുണ്ടിപ്പുഴയും, വള്ളിക്കുന്നു പഞ്ചായത്തും

കിഴക്ക് - കനോളിതോട് എന്ന് വിളിക്കപ്പെടുന്ന കടലുണ്ടിപ്പുഴയുടെ കൈവഴിയും ചേലേമ്പ്ര പഞ്ചായത്തും.

വടക്ക് - വടക്കുമ്പാട്ടു പുഴയും ഫറോക്ക് പഞ്ചായത്തും.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തരംതിരിക്കാം. (1) ഉയർന്ന കുന്നുകളും, പീഠഭൂമിയും, (2) സമതലപ്രദേശം (3) തീരപ്രദേശം. ഉയർന്ന കുന്നുകളും പീഠഭൂമിയും കൂടി മൊത്തം വിസ്തീർണ്ണത്തിൻെറ 46.98% അതായത് 546.42 ഹെക്ടറാണ്. സമതലം 431.26 ഹെക്ടറും തീരപ്രദേശവും പുറമ്പോക്ക് സ്ഥലങ്ങളും 187.32 ഹെക്ടറുമാണ്. നമ്മുടെ പഞ്ചായത്തിൽ ആകെ എട്ട് കുന്നുകളും, പീഠഭൂമികളുമുണ്ട്. കിഴക്കുഭാഗത്തു കിടക്കുന്ന പെരിങ്ങോട്ട്കുന്നിന് 80 മീറ്റർ ഉയരമുണ്ട്. അതിനു ചേർന്ന് കിടക്കുന്ന കോട്ടക്കുന്ന്, പൂച്ചേരിക്കുന്ന്, കാരകളിക്കുന്ന് എന്നിവ യഥാക്രമം 65 മീറ്റർ, 45മീറ്റർ, 30മീറ്റർ ഉയരമുള്ളവയാണ് ഇവയെല്ലാം ചേർന്ന് പഞ്ചായത്തിൻെറ 11, 12, 7, 8, 9 വാർഡുകളിൽ വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിൻെറ വടക്കു പടിഞ്ഞാറ് അറബിക്കടലിൽ നിന്നും ഏതാണ്ട് 500 മീറ്റർ കിഴക്കുവശം സ്ഥിതി ചെയ്യുന്ന ഇന്ത്യനാർ കുന്നിന് 25 മീറ്റർ ഉയരമുണ്ട്. ഇത് മൂന്നും രണ്ടും വാർഡുകളിൽ വ്യാപിച്ചുകിടക്കുന്നു. കടൽ കരയിലേക്കു ചരിഞ്ഞു കിടക്കുന്ന ഇന്ത്യനാർ കുന്ന് അഴിമുഖത്തുള്ള മുല്ല എന്നു പറയുന്ന പാറവരെ നീണ്ടു കിടന്നിരുന്നതായി അനുമാനിക്കാം. മുല്ലപ്പാറയുടെ തുടർച്ച എന്നോണം കടലിൽ ഏതാണ്ട് 1 കി. മീറ്റർ ദൂരംവരെ പാറ നിരകാം കാണപ്പെടുന്നതുകൊണ്ട് ഒരു കാലത്ത് അവിടം വരെ ഭൂപ്രദേശമായിരിക്കാനിടയുണ്ടെന്നും കരുതപ്പെടുന്നു. കക്കാടത്ത് കുന്നിന് 15 മീറ്റർ ഉയരമുണ്ട്. പഞ്ചായത്തിൻെറ ആറാം വാർഡിലുള്ള ഈ കുന്നും കടലിലേക്ക് ചെരിഞ്ഞുകിടക്കുകയാണ്. ഇങ്ങിനെ കടലുണ്ടി പഞ്ചായത്തിലെ ഭൂപ്രദേശം കിഴക്കു 80 മീറ്റർ ഉയരമുള്ള കുന്നിൻ പ്രദേശങ്ങളിൽ നിന്ന് തുടങ്ങി പടിഞ്ഞാറു അറബിക്കടലിന്നടുത്തു 15 മീറ്റർ ഉയരമുള്ള കക്കാടത്ത് കുന്നിലൂടെ കടലിലേക്കു ചരിഞ്ഞു കിടക്കുന്നതായി കാണാൻ കഴിയും.

സമതലപ്രദേശം മിക്കവാറും കുന്നിൻ ചെരിവുകളും, ചെളിപ്രദേശങ്ങളും, വെട്ടിനിരപ്പാക്കിയ കൃഷിസ്ഥലങ്ങളുമാണ്. ഇവിടെ കുഴി എടുക്കുമ്പോാം പലപ്പോഴും വന്മരങ്ങളുടെ

അവശിഷ്ടങ്ങളും, കക്കത്തോടുകളും കണ്ടുവരുന്നതു കൊണ്ട് ഒരു കാലത്ത് ഈ പ്രദേശം വൻകാടുകൾ നിറഞ്ഞതും, പുഴവെള്ളം കെട്ടിനിന്നിരുന്നതുമായ താഴ്ന്ന പ്രദേശമായിരിക്കാമെന്നും കരുതപ്പെടുന്നു.

ആറ് കിലോമീറ്റർ നീളത്തിൽ സ്ഥിതിചെയ്യുന്ന കടൽ തീരത്ത് 1, 2, 13, 5, 6 വാർഡുകൾ സ്ഥിതിചെയ്യുന്നു. ഏററവു മധികം ജനസാന്ദ്രത കൂടിയ പ്രദേശമാണിത്.

നമ്മുടെ പഞ്ചായത്തിനോട് ചേർന്ന് 6 തുരുത്തുകളു ണ്ട്. കടലുണ്ടി പുഴയിലെ ചെറുതുരുത്തിയിൽ ആൾതാ മസമുണ്ട് ഇവിടെയുള്ള മററു തുരുത്തുകൾ അധിവാസയോ ഗ്യമല്ല. വടക്കുമ്പാടുപുഴയുടെ ബേപ്പൂർ അഴിമുഖത്ത് സ്ഥി തിചെയ്യുന്ന കാക്കാത്തുരുത്തിയിലും പട്ടർമാടിലും ജനങ്ങൾ താമസിച്ചുവരുന്നു.

ഭൂപ്രകൃതി അനുസരിച്ച് കടലുണ്ടി പഞ്ചായത്തിനെ ഒമ്പതു മേഖലകളാക്കി തിരിക്കാം :-

1. ഉയർന്ന സമതലം
2. കുത്തനെ ഉള്ള ചെരിവു പ്രദേശം.
3. ഉയർന്ന പീഠഭൂമി
4. ചെറിയ ചെരിവു സ്ഥലം
5. സമതലം - വെള്ളം കയറുന്ന പ്രദേശം
6. കടൽ തിട്ട് (തീരസമതലം)
7. പുഴ (കടലുണ്ടി, വടക്കുമ്പാട് പുഴ)
8. തോട്, കുളം
9. റോഡ്, റെയിൽ etc.

ഇവയിൽ ഓരോന്നിൻെറയും വിസ്തൃതി ചുവടെ കൊടുക്കുന്നു.

പട്ടിക -1 **ഭൂപ്രകൃതി**

| ക്രമ നമ്പർ | ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം | മണൽ തരം |
|---|---|---|---|---|
| 1 | ഉയർന്ന സമതലം | 27.32 | 2.35 | ചുവന്ന വെട്ടുകല്ല് മണ്ണ് |
| 2 | കുത്തനെയുള്ള ചരിവ് | 54.64 | 4.69 | ചുവന്ന ചരൽ, വെട്ടുകല്ല് മണ്ണ് |
| 3 | ഉയർന്ന പീഠഭൂമി | 300.53 | 25.80 | ചുവന്ന വെട്ടുകൽ മണ്ണ് |
| 4 | ചെറിയ ചരിവ് | 163.93 | 14.07 | പശിമരാശി മണ്ണ് |
| 5 | സമതലം (വെള്ളം കയറുന്ന പ്രദേശം) | 332.07 | 28.50 | മണൽ കലർന്ന മണ്ണ് |
| 6 | കടൽ തിട്ട് - തീര സമതലം | 99.19 | 8.51 | മണൽ മണ്ണ് |
| 7 | പുഴ (കടലുണ്ടി, വടക്കുമ്പാട് പുഴ) | 134.86 | 11.58 | - |
| 8 | തോട്, കുളം | 9.00 | 0.77 | - |
| 9 | പുറമ്പോക്ക്(റോഡ്, റെയിൽ, വനഡിപ്പോ) | 43.46 | 3.73 | - |
| | ആകെ | 1165 ഹെക്ടർ | 100 ശതമാനം | |

*(അവലംബം റവന്യൂരേഖകൾ, പഠനപര്യടനം.)*

നിമ്നോന്നതിയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ മൂന്നു മേഖലകളാക്കി തിരിക്കാം. (1) ഇരുപത് മീറ്ററിനുതാഴെ (2) ഇരുപതിനും നാല്പ്പത് മീറ്ററിനും ഇടയിൽ (3) നാല്പതു മീറ്ററിനു മുകളിൽ.

പട്ടിക -1 **ഭൂവിസ്തൃതി**

| ക്രമ നമ്പർ | നിമ്നോന്നത മേഖല | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | 20 മീറ്ററിൽ താഴെ | 782.51 | 67.17% |
| 2 | 20 മീറ്റർ മുതൽ 40 മീറ്റർവരെ | 300.53 | 25.80% |
| 3 | 40 മീറ്ററിനു മുകളിൽ | 81.96 | 7.03% |
| | ആകെ | 1165.00 | 100% |

*(അവലംബം റവന്യൂരേഖകൾ, പഠനപര്യടനം.)*

മൺതരങ്ങളെ പരിശോധിച്ചാൽ പഞ്ചായത്തിെ ഉയർന്ന സമതലം, കുത്തനെയുള്ള ചെരിവുപ്രദേശം, ഉയർന്ന പീഠഭൂമി എന്നിവിടങ്ങളിലെല്ലാം ചുവന്ന വെട്ടുകൽ മണ്ണും, ചെറിയ ചെരിവിൽ പശിമരാശി മണ്ണും, സമതലത്ത് (വെള്ളം കയറുന്ന സ്ഥലം) മണൽ കലർന്ന കളിമണ്ണും കാണ പ്പെടുന്നു. കടൽ തിട്ടിൽ (തീര സമതലം) മണൽ മണ്ണാണു ള്ളത്. വിശദാംശങ്ങൾ പട്ടികയിൽ കൊടുത്തിരിക്കുന്നു.

# ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം കടലുണ്ടി പഞ്ചാ യത്തിലെ ജനസംഖ്യ 35171 ആയിരുന്നു. ഇതിൽ 17084 പുരു ഷന്മാരും, 18087 സ്ത്രീകളുമാണ്. പുരുഷന്മാരെ അപേക്ഷിച്ച് 1003 സ്ത്രീകൾ കൂടുതലാണ്. വീടുകൾ ആകെ 5503 ആയി രുന്നു. വീടൊന്നിന് ശരാശരി 6.4 പേർ വീതമുണ്ട്. ജനസാ ന്ദ്രത ചതുരശ്രകിലോമീറ്ററിന്നു 3363 പേർ ആയിരുന്നു. പട്ടി കജാതിയിൽപ്പെട്ട പുരുഷന്മാർ 1271 ഉം സ്ത്രീകൾ 1291ഉം

ആയിരുന്നു. ആകെ 2562 പേർ. ആറാം വാർഡിൽ പട്ടികവർഗ്ഗത്തിൽപ്പെട്ട 9 പേരുണ്ട്. 6 പുരുഷന്മാരും 3 സ്ത്രീകളും. 1991ൽ ഈ പഞ്ചായത്തിലെ 13851 പുരുഷന്മാരും 13257 സ്ത്രീകളും സാക്ഷരരായിരുന്നു. എന്നാൽ 1990ലെ സാക്ഷരാത സെൻസസ് പ്രകാരമുണ്ടായിരുന്ന നിരക്ഷരരിൽ 95% ഉം സാക്ഷരരായി തീർന്നതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 1991ലെ സെൻസസ് പ്രകാരമുള്ള വാർഡ്തല ജനസംഖ്യാ വിവരങ്ങൾ ഇതോടനുബന്ധമായി കൊടുത്ത പട്ടികയിൽ വിവരിച്ചിട്ടുണ്ട്.

## ജനസംഖ്യാറിപ്പോർട്ട്

പട്ടിക -3

കടലുണ്ടി ഗ്രാമപഞ്ചായത്ത്. ആകെ ഏരിയ 11.83 സ്ക്വയർ കി. മീറ്റർ

| വാർഡ് നമ്പർ | ആൾതാമസമുള്ള വീടുകൾ | കുടുംബങ്ങൾ | ജനസംഖ്യ | | | പട്ടികജാതി | | പട്ടികവർഗ്ഗം | | സാക്ഷരർ | |
|---|---|---|---|---|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ | പു. | സ്ത്രീ. | പു. | സ്ത്രീ. | പു. | സ്ത്രീ |
| 1 | 620 | 653 | 2606 | 2637 | 5243 | 3 | 2 | - | - | 1861 | 1691 |
| 2 | 340 | 349 | 1319 | 1416 | 2735 | 39 | 7 | - | - | 1063 | 1037 |
| 3 | 507 | 508 | 1548 | 1680 | 3228 | 142 | 135 | - | - | 1247 | 1224 |
| 4 | 456 | 456 | 1242 | 1338 | 2580 | 287 | 298 | - | - | 1046 | 1062 |
| 5 | 634 | 636 | 1947 | 2078 | 4027 | 125 | 123 | - | - | 1545 | 1498 |
| 6 | 411 | 420 | 1170 | 1356 | 2526 | 43 | 60 | 6 | 3 | 929 | 1003 |
| 7 | 349 | 359 | 964 | 1012 | 1976 | 48 | 57 | - | - | 841 | 772 |
| 8 | 369 | 369 | 1005 | 1066 | 2071 | 107 | 106 | - | - | 863 | 826 |
| 9 | 367 | 368 | 1087 | 1204 | 2291 | 85 | 87 | - | - | 906 | 925 |
| 10 | 650 | 657 | 1803 | 1884 | 3687 | 228 | 231 | - | - | 1526 | 1421 |
| 11 | 429 | 430 | 1310 | 1314 | 2624 | 71 | 88 | - | - | 1087 | 965 |
| 12 | 371 | 374 | 1081 | 1102 | 2183 | 93 | 97 | - | - | 937 | 863 |
| ആകെ | 5503 | 5579 | 17084 | 18087 | 35171 | 1271 | 1291 | 6 | 3 | 13851 | 13287 |

*അവലംബം : സെൻസസ്- 1991*

വിദ്യാഭ്യാസരംഗത്തു കോഴിക്കോട് ജില്ലയിൽ മുന്നിട്ടു നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് കടലുണ്ടി പഞ്ചായത്ത്. എന്നാൽ പഠന നിലവാരം ഉയർത്തുന്നതിലും, വിദ്യാലയങ്ങളിലെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിലും കാര്യമായ പുരോഗതി ഇല്ല. ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ ഈ രംഗത്ത് കാര്യമായ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. കാർഷികരംഗം ആദായകരമല്ലാതാവുകയും കയർ വ്യവസായത്തിലെ മാന്ദ്യവും തൊഴിലില്ലായ്മ മൂർച്ചരിക്കാൻ ഇടയാക്കിയിട്ടുണ്ട്. മത്സ്യമേഖലയും പ്രതിസന്ധിയെ നേരിടുന്നു. അഭ്യസ്തവിദ്യരായ സ്ത്രീകളിൽ മൂന്നിൽ ഒന്ന് പേരോളം തൊഴിലില്ലാത്തവരാണ്. ഈ സ്ഥിതിവിശേഷം പരിഹരിക്കാൻ ദീർഘവീക്ഷണത്തോട് കൂടിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഒരു പരിഹാരമാർഗ്ഗമാണ്. കൃഷിയിലും മററു തൊഴിലുകളിലും കുട്ടികളിൽ ആഭിമുഖ്യമുണ്ടാക്കാനുതകുന്ന പരിപാടികൾ പ്രൈമറി ക്ലാസുകളിൽ നിന്നുതന്നെ തുടങ്ങാൻ ആവശ്യമായ നടപടികൾ തുടങ്ങാവുന്നതാണ്.

ഫ്യൂഡലിസത്തിന്റെ തകർച്ചയോടെ ജാതീയമായ ഉച്ചനീചത്വങ്ങൾ ഇവിടെ ഇന്നില്ലെന്നു തന്നെ പറയാം. ഇവിടെ ഇന്നുള്ള യുവാക്കൾ മിക്കവാറും അഭ്യസ്തവിദ്യരും, സംഘബോധമുള്ളവരുമാണ്. പഞ്ചായത്തിന്റെ വികസന പദ്ധതികളിൽ അവരുടെ പങ്കാളിത്തം ഉറപ്പുവരുത്താൻ കഴിയണം.

# ജലപ്രകൃതി

ജൂൺ, ജൂലായി മാസങ്ങളിലാണ് ഇവിടെ ഏററവും കൂടുതൽ മഴ ലഭിക്കുന്നത്. ഏററവും കുറവ് ജനുവരി, ഫിബ്രവരി മാസങ്ങളിലും വർഷത്തിൽ ശരാശരി വർഷപാതം 3117 മി. മീറ്റർ ആണ്.

പഞ്ചായത്തിന്റെ വടക്കും, കിഴക്കും, തെക്കും ഭാഗങ്ങളിൽ വടക്കുമ്പാടു പുഴയും, കടലുണ്ടി പുഴയുമാണ്. പടിഞ്ഞാറ് അറബിക്കടലും. പ്രധാനമായ എട്ടുതോടുകളും

പുഴകളിൽ ചെന്നു ചേരുന്നു. ഇവയുടെ എല്ലാം ഉത്ഭവസ്ഥാനം കുന്നിൽ താഴ്‌വരകളിലെ നീർക്കെട്ടിൽ നിന്നുമാണ്. പെരിങ്ങോട്ടുകുന്നിൻെറ കിഴക്കെ മറിയിൽ ഏതാണ്ട് മുപ്പതോളം കുളങ്ങളുണ്ട്. അവയിൽ നിന്നെല്ലാമുള്ള ജലനിർഗമനമാർഗ്ഗമായി ചാത്തംകൈതോടു സ്ഥിതിചെയ്യുന്നു. ഇതുമായി ബന്ധപ്പെട്ടു മററു നിരവധി കൈത്തോടുകളും ഇവിടെയുണ്ട്. എട്ട് പ്രധാന തോടുകളുണ്ട്. ആകെ നീളം 8.5 കി. മീറ്റർ.

ഏററവും വലിയത് എന്നു പറയാവുന്ന രണ്ട് കുളങ്ങളാണ് പഞ്ചായത്തിലുള്ളത്. 12 ാം വാർഡിൽ കാവുക്കുളവും 13 ാം വാർഡിൽ നെടിയകുളവും സ്ഥിതിചെയ്യുന്നു. ഇതിനു പുറമെ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലായി 7 കുളങ്ങൾ വേറെയുണ്ട്. 4 ാം വാർഡിൽ സ്ഥിതിചെയ്യുന്ന ചാലി, മുമ്പ് വലിയ ജലാശയമായിരുന്നു. അവിടെ നിന്നുത്ഭവിച്ചു വടക്കുമ്പാടു പുഴയിൽ അവസാനിക്കുന്നതാണ് പുളക്കച്ചിറതോട്. ഇതിന്നും പലകൈവഴികളും വേറെയുണ്ട്. മണ്ണൂർ, പഴഞ്ചെണ്ണൂർ ക്ഷേത്രകുളങ്ങളും സാമാന്യം വലിയവയാണ്.

പഞ്ചായത്തിൻെറ ഉയർന്ന പീഠഭൂമിയും, ചെറിയ ചെരിവുപ്രദേശവും ഉൾപ്പെടുന്ന ഏതാണ്ട് 464(39.87%) ഹെക്ടർ സ്ഥലത്തു മാത്രമേ ശുദ്ധജലം ലഭിക്കുന്നുള്ളു. കുന്നിൻ മണ്ടയും, ചെരിവും ഉൾപ്പെടുന്ന 81.96 ഹെക്ടറിൽ ജലം ലഭ്യമല്ല. ബാക്കിയുള്ള 618.58 ഹെക്ടർ അതായത് 43.09% പ്രദേശത്തും ഉപ്പ് വെള്ളമേ ലഭിക്കൂ. ജലലഭ്യതയുമായി ബന്ധപ്പെട്ട വിവരങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

പട്ടിക -4

## ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരം

(റഫറൻസ് വില്ലേജ് ലിനോമാപ്പ് )

| ക്രമ നമ്പർ | തോടിൻെറ പേര് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ | സംരക്ഷിക്കപ്പെട്ട തോടിൻെറനീളം | തൽവർഷം ചിലവാക്കിയ തുക | സ്ഥിതി ചെയ്യുന്ന വാർഡ് |
|---|---|---|---|---|---|---|
| 1 | പുളക്കച്ചിറ തോട് | 1 KM | 2M | 2 M | 1000 | 3,4 |
| 2 | ഇടച്ചിറ തോട് | 500M | 1.5M | 1.5M | 1000 | 5,7 |
| 3 | ചാത്തൻ കൈതോട് | 1KM | 2.5M | 2.5M | - | 10,11 |
| 4 | കൊടപ്പുറം തോട് | 1 1/2KM | 3M | 1 1/2M | - | 9,10 |
| 5 | ചാക്കറായി | 2KM | 1.5M | 2M | 30000 | 11 |
| 6 | കോട്ടക്കടവ് | 500M | 2M | 2M | 1000 | 8 |
| 7 | ചീർപ്പിങ്ങൽ | 1KM | 2M | 1KM | 1000 | 3 |
| 8 | ചാലിക്കടവ് | 1KM | 2M | 1KM | - | 4 |
| | ആകെ | 8.5 കി. മീ. | | | | |

പട്ടിക 5

## ജലപ്രകൃതി

| ക്രമ നമ്പർ | ജലപ്രകൃതി, മേഖലകൾ | വിസ്തൃതി ഹെക്ടർ | ശതമാനം |
|---|---|---|---|
| 1 | താഴ്ന്ന നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ | 464 - 46 | 39.87 ശുദ്ധജലം |
| 2 | മോശമായ വെള്ളം ലഭിക്കുന്ന പ്രദേശം | 81 - 96 | 7.04 ജലം ലഭ്യമല്ല |
| 3 | വെള്ളം കെട്ടിനിൽക്കുന്ന സ്ഥലം | 173 - 56 | 14 - 92 ഓർപ്പുളിവെള്ളം |
| 4 | ചതുപ്പ് | 21 - 56 | 1- 85 " |
| 5 | സാധാരണ നിരക്കിൽ വെള്ളം ലഭിക്കുന്ന പ്രദേശം | 423 - 16 | 36.32 " |
| | ആകെ | 1165 ഹെക്ടർ | 100% |

# 5-1

# കൃഷിയും ജലസേചനവും

കടലുണ്ടി പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. മൊത്തം വിസ്തൃതിയുടെ നാലിൽ ഒരു ഭാഗം കുന്നിൻ പ്രദേശങ്ങളും ബാക്കി താഴ്‌വരകളും, അറബിക്കടലിനോട് തൊട്ടുകിടക്കുന്ന തീരപ്രദേശങ്ങളുമാണ്. മുഖ്യകൃഷി തെങ്ങ്, നെല്ല് എന്നിവയും ഇടവിളകളായ കുരുമുളക്, കമുക്, വാഴ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുമാണ്. മുൻകാലത്ത് ജനങ്ങളുടെ മുഖ്യതൊഴിൽ നെൽകൃഷിയും അതുമായി ബന്ധപ്പെട്ട മേഖലകളുമായിരുന്നു. തീരപ്രദേശങ്ങളിൽ മത്സ്യബന്ധനവും പ്രധാനപ്പെട്ട തൊഴിലായിരുന്നു.

സമുദ്രനിരപ്പിൽ നിന്നും 80 മീറ്റർ ഉയരമുള്ള പെരിങ്ങോട്ടുകുന്നും 15 മീറ്റർ ഉയരമുള്ള കക്കാട്ട് കുന്നും അടക്കം എട്ട് കുന്നുകൾ ഈ പഞ്ചായത്തിൽ ഉൾപ്പെടുന്നു. പ്രധാനപ്പെട്ട 8 തോടുകളും കടലുണ്ടി പുഴയിലും, വടക്കുമ്പാട്ട് പുഴയിലും എത്തിച്ചേരുന്നു. ഇവയ്ക്കു പുറമെ മേൽതോടുകളുടെ കൈവഴികളായി 33 ചെറുതോടുകൾ വേറെയും ഉണ്ട്.

ഭൂ ഉടമകളിൽ ഭൂരിഭാഗവും ഒരേക്രക്ക് താഴെ ഭൂമി കൈവശമുള്ളവരാണ്.

പട്ടിക -1

| ക്രമ നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1 | ഒരു ഹെക്ടറിൽ താഴെ | 6856 | 977 - 68 |
| 2 | ഒരുഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ | 121 | 163-35 |
| 3 | രണ്ട് ഹെക്ടറിന് മുകളിൽ | 23 | 55 - 20 |

കൃഷി സ്ഥലങ്ങളെല്ലാം മുൻകാലങ്ങളിൽ ഈ പ്രദേശത്തെ പ്രധാന ജന്മികുടുംബങ്ങളായിരുന്ന കുറ്റിക്കാട്ടിൽ, കൂർമന്ത, പുന്നോളികോറോത്ത്, പുന്നോളി ഇരുപ്പാട്ടിൽ, കളളാടിത്തൊടി, പുതിയകത്ത് എന്നിവരുടെ കൈവശത്തിലായിരുന്നു. അവർ നേരിട്ടും പാട്ടത്തിനുകൊടു ത്തും കൃഷി ചെയ്തുവരികയായിരുന്നു. ഏതാണ്ട് 50 വർഷം മുമ്പ് മൊത്തം കൃഷിഭൂമിയുടെ 30%ത്തോളം നെൽകൃഷി ഭൂമിയായിരുന്നു. പ്രധാന നെൽ ഇനങ്ങളായ കുട്ടാടൻ, തവളകണ്ണൻ, ചിറ്റേനി, ആര്യൻ, നവര എന്നിവയും ഓർപുളിയെ അതിജീവിക്കുന്ന ഓർപാണ്ടി ഇനങ്ങളും കൃഷിചെയ്തിരുന്നു. ഗവേഷണ ശാലകളിൽ നിന്നും പുതിയ ഇനം വിത്തുകൾ ലഭ്യമാകാൻ തുടങ്ങിയതോടെ കർഷകർ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. വയലുകളിൽ നെൽകൃഷിക്കു പുറമെ പച്ചക്കറി, പയർ, എളള്, വാഴ എന്നിവയും കൃഷി ചെയ്തിരുന്നു.

നെൽവയലുകളിലെ ജലനിർഗമനത്തിന് ഈ പ്രദേശത്തെ പ്രധാനതോടുകൾ നിർമ്മിക്കുന്നതിനും അവ സംരക്ഷിക്കുന്നതിലും കർഷകർ പ്രത്യേകം ശ്രദ്ധാലുക്കളായിരുന്നു. പുഴകളിൽ നിന്നും ഉപ്പുവെള്ളം നെൽവയലുകളിലേക്ക് കയറാതിരിക്കാൻ യഥാസമയം ബണ്ടുകൾ കെട്ടുന്നതിനും, തോടുകൾ അററകുറ്റപ്പണികൾ നടത്തുന്നതിലും കർഷകർ ശ്രദ്ധിച്ചിരുന്നു. ചെറുതും വലുതുമായ കുളങ്ങളും, ചാലുകളും ഉപയോഗപ്പെടുത്തി കൈതോടുകൾ വഴി നെൽകൃഷിക്ക് ജലസേചനം നടത്തിയിരുന്നു.

നെൽകൃഷിക്ക് പുറമെ തെങ്ങ് കൃഷിയിലും കർഷകർ

പ്രത്യേകം താൽപ്പര്യം കാണിച്ചിരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം കോഴിക്കോടായിരുന്നു. തോണിമാർഗമായിരുന്നു ഉൽപ്പന്നങ്ങാം കമ്പോളത്തിൽ എത്തിച്ചിരുന്നത്. കൃഷിക്കാർ നേരിട്ടും, ഇടത്തട്ടുകാർ മുഖേനയുമായിരുന്നു ഉൽപ്പന്നങ്ങാം വിററഴിച്ചിരുന്നത്.

ഭൂപരിഷ്ക്കരണനിയമം നടപ്പിൽ വന്നതോടെ വയലുകളുടെ ഉടമാവകാശം ലഭിച്ച കർഷകർ അവിടെ വീട് വെക്കുന്നതിനും, വേണ്ടത്ര കാർഷിക പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലുള്ള നാണ്യവിളകാം കൃഷിചെയ്യുന്നതിനും വയലുകാം നികത്തുവാൻ തുടങ്ങി ഇപ്രകാരം നെൽവയലുകളിൽ അങ്ങിങ്ങായി തെങ്ങ് കൃഷി ആരംഭിച്ചതോടെ തൊട്ടടുത്ത വയലുകളിലേക്ക് ജലസേചനത്തിനും, ജലനിർഗമനത്തിനും ഉണ്ടായിരുന്ന സൗകര്യം കുറയുകയും തന്മൂലം ഉൽപ്പാദനക്ഷമത കുറയുവാൻ കാരണമാവുകയും ചെയ്തു. ഈ പ്രക്രിയ വ്യാപകമായതോടെ വയലുകളുടെ വിസ്തൃതി ഗണ്യമായി കുറയുവാൻ തുടങ്ങി. അതായത് 50 കൊല്ലം മുമ്പ് പഞ്ചായത്തിൽ മൊത്തമുണ്ടായിരുന്ന 332 ഹെക്ടർ നെൽകൃഷി ഭൂമി വെറും 33 ഹെക്ടറായി കുറഞ്ഞു എന്നു സൂചിപ്പിക്കുന്നു. കൃഷി ചിലവുകളിലുണ്ടായ വർദ്ധനവും വരുമാനത്തിലുണ്ടായ കുറവും കർഷകർ മററു മേഖലകളിലേക്ക് ശ്രദ്ധിക്കുവാൻ തുടങ്ങി. അതോടെ മുമ്പുണ്ടായിരുന്ന ചാലുകളും, തോടുകളും, കുളങ്ങളും സംരക്ഷിക്കുവാനുള്ള താൽപ്പര്യം കൃഷിക്കാർക്ക് ഇല്ലാതാവുകയും തന്മൂലം അവ ഉപയോഗശൂന്യമാവുകയും ചെയ്തു. തോടുകളുടെ അററകുററപണികാം യഥാസമയം നിർവ്വഹിക്കാതിരുന്നതിനാൽ വയലുകളിലേക്ക് ഉപ്പുവെള്ളം കയറാനിടയാവുകയും കൃഷിക്കാരന് നഷ്ടമുണ്ടാവുകയും, ഇതുമൂലം കൃഷിഭൂമി തരിശിടാൻ നിർബന്ധിതരാവുകയും ചെയ്തു.

നെൽവയലുകാം തൂർത്ത് തോട്ടങ്ങളാക്കിയതോടെ തെങ്ങുകൃഷിയുടെ വിസ്തൃതി ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. എങ്കിലും ഉൽപ്പാദനത്തിന് ആനുപാതികമായി വർദ്ധനവ് ഉണ്ടായിട്ടില്ല. കാരണം വയലിലെ കളിമണ്ണ് നീർകെട്ട് എന്നിവ തെങ്ങ് കൃഷിക്ക് യോജിച്ചതല്ല എന്നുള്ളതുകൊണ്ട്.

പഞ്ചായത്തിൽ മൊത്തം 696 ഹെക്ടർ സ്ഥലത്ത് തെങ്ങ്കൃഷിചെയ്തുവരുന്നു. ശരാശരി ഒരു തെങ്ങിൽ നിന്നും 35 നാളികേരം ലഭിക്കുന്നു.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 1165 ഹെക്ടറാണ്. ഇത് തീരപ്രദേശം, ഉയർന്നപ്രദേശം, പുഴ, തോട്, കുളം, താഴ്വരകാം എന്നിവ ഉാംപ്പെട്ടതാണ്.

### ഭൂപ്രകൃതി

| ക്രമ നമ്പർ | ഭൂപ്രകൃതി | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|---|
| 1 | താഴ്വരകാം | 697.62 | 59 - 88 |
| 2 | തീരപ്രദേശങ്ങാം | 77 - 63 | 6 - 66 |
| 3 | ഉയർന്ന പ്രദേശം | 27 - 32 | 2 - 35 |
| 4 | കുത്തനെയുള്ള ചെരിവ് | 54 - 64 | 4 - 69 |
| 5 | മിതമായ ചെരിവ് | 163 - 93 | 14 - 07 |
| 6 | പുഴ, തോട്, കുളം | 143 - 86 | 12 - 35 |
| | ആകെ | 1165ഹെക്ടർ | 100 ശതമാനം |

പഞ്ചായത്തിൻെറ മൊത്തം തീരപ്രദേശങ്ങളിൽ മണൽകലർന്ന മണ്ണും, പുഴയോരങ്ങളിൽ പശിമയുള്ള മണ്ണുമാണ്. ബാക്കിയുള്ള പ്രദേശങ്ങളിൽ ചുവന്ന ചരൽ കലർന്ന വെട്ടു കല്ലുമണ്ണും, പശിമരാശി മണ്ണും കളിമണ്ണുമാണ്.

ചതുപ്പുനിലങ്ങളും കാണുന്നുണ്ട്. പുഴയോടടുത്തുള്ള വയൽപ്രദേശങ്ങളിലേക്ക് വേലിയേറ്റ സമയത്ത് ഉപ്പുവെള്ളം കയറുന്നതുകൊണ്ട് ഓരു പ്രദേശമായി കാണപ്പെടുന്നു.

ഭൂവിനിയോഗം (കൃഷിഭവൻ രേഖ അവലംബം)

| ക്രമ നമ്പർ | വിനിയോഗം | വിസ്തൃതി (ഹെക്ടർ) | ശതമാനം |
|---|---|---|---|
| 1 | മിശ്രിത വിളകാം | 199 - 92 | 17 -16 |
| 2 | മിശ്രമരങ്ങാം | 2-20 | 0-19 |
| 3 | തെങ്ങ് | 696-00 | 59-74 |
| 4 | കശുമാവ് | 5-00 | 0-43 |
| 5 | നെല്ല് | 33-00 | 2-83 |
| 6 | ചതുപ്പുനിലം | 21-56 | 1-85 |
| 7 | കൃഷിക്ക് അനുയോജ്യമായ തരിശുഭൂമി | 20-00 | 1-72 |
| 7 | കൃഷിക്ക് അനുയോജ്യമല്ലാത്ത ഭൂമി (റോഡ്, റയിൽ, വനം) | 43-46 | 3.73 |
| 9 | പുഴ, തോട്, കുളം | 143-86 | 12.35 |
| | ആകെ | 1165ഹെക്ടർ | 100 ശതമാനം |

മൊത്തം വിസ്തൃതിയുടെ 60% തെങ്ങും, താഴ്ന്ന പ്രദേശങ്ങളിൽ 3% നെല്ലും, ബാക്കി പ്രദേശങ്ങളിൽ കമുങ്ങ്,

കുരുമുളക്, കശുമാവ്, പയർ, വാഴ, പച്ചക്കറികാം, കിഴങ്ങു വർഗ്ഗങ്ങാം, ഇഞ്ചി, മഞ്ഞാം എന്നിവയും കൃഷിചെയ്തു വരുന്നു.

നെൽകൃഷി (കൃഷിഭവൻ രേഖ)

| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | നെല്ല്(ഒന്നാം വിള) | 20 |
| 2 | നെല്ല് (രണ്ടാം വിള) | 33 |
| 3 | നെല്ല്(മൂന്നാം വിള) | 2 |

മൊത്തം നെൽകൃഷിയിലെ ഉൽപ്പാദനം നാടൻ ഇനങ്ങാംക്ക്ഹെക്ടറിന് 1633 കിലോഗ്രാം മുതൽ 1820 കിലോ വരെയും, അത്യുൽപ്പാദന ഇനങ്ങാംക്ക് 3000 കിലോ മുതൽ 3500 കിലോവരെയും ലഭിക്കുന്നു. കൃഷിക്കാർക്ക് അത്യുൽ പ്പാദന ഇനം നെൽവിത്തുകളോടാണ് താൽപ്പര്യം കാണുന്നത്. കൃഷിഭവനിലൂടെ ജ്യോതി(6480 കി. ഗ്രാം) ജയ(1030കി. ഗ്രാം) പവിഴം(490കി. ഗ്രാം) ചുവന്ന ത്രിവേണി(464കി. ഗ്രാം) കാംച്ചർ (90കി. ഗ്രാം) ആതിര (100 കി. ഗ്രാം) എന്നീ ഇനം നെൽ വിത്തുകാം വിതരണം ചെയ്തിട്ടുണ്ട്. മുഖ്യ ഇടവിളകളുടെ വിസ്തീർണ്ണം താഴെ കൊടുക്കുന്നു.

ഇടവിളകാം-വിസ്തീർണ്ണം-പട്ടിക-3,(കൃഷിഭവൻ രേഖ)

| ക്രമനമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|
| 1 | കുരുമുളക് | 14 |
| 2 | കമുങ്ങ് | 27 |
| 3 | മരച്ചീനി | 4 |
| 4 | പയർ | 15 |
| 5 | പച്ചക്കറി | 8 |
| 6 | വാഴ | 26 |
| 7 | ചേന | 1 |
| 8 | കിഴങ്ങുവർഗ്ഗങ്ങാം | 1 |
| 9 | എള്ള് | 2 |

നാളികേരത്തിൻെറ ശരാശരി ഉൽപ്പാദനം ഒരു തെങ്ങിൽ നിന്നും വർഷത്തിൽ 35 തേങ്ങ എന്ന തോതിൽ കിട്ടുന്നു. കുന്നിൻ ചെരിവുകളെ അപേക്ഷിച്ച് തീരപ്രദേശ ങ്ങളിലും, പുഴയോരങ്ങളിലും ഉൽപ്പാദനം കൂടുതലാണ്. കുന്നിൻ ചെരിവുകളിലെ രൂക്ഷമായ മണ്ണൊലിപ്പ് മണ്ണിൻെറ ഫലപുഷ്ടി കുറക്കുന്നതും, അശാസ്ത്രീയമായ രീതിയിലു ള്ള പരിചരണം, കൃഷിരീതി, വളപ്രയോഗം എന്നിവയും ഉൽപ്പാ ദനം കുറയുന്നതിന് കാരണങ്ങളാണ്. കൂടാതെ തെങ്ങുകാം തമ്മിലുള്ള അകലം കുറയുന്നത് ഉൽപ്പാദന വർദ്ധനവിനെ തടയുന്ന കാരണമാണ്.

## വളം

സഹകരണമേഖലയിൽ രണ്ടും സ്വകാര്യമേഖലയിൽ മൂന്നും വളം ഡിപ്പോകാം പ്രവർത്തിച്ചിരുന്നുവെങ്കിലും, നിലവിൽ സഹകരണ മേഖലയിലും, സ്വകാര്യമേഖലയിലും ഓരോന്നുവീതം ഇപ്പോാം പ്രവർത്തിച്ചുവരുന്നു. കാർഷികവി ളകാംക്ക് ഉപയോഗിക്കുന്ന വളങ്ങളിൽ 45%ത്തോളം രാസവളങ്ങളാണ്. ഇത് തികച്ചും ശാസ്ത്രീയമായ രീതിയി ലോ, മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലോ അല്ല ഉപയോഗിക്കുന്നത്. ജൈവ വളങ്ങാം ഉപയോഗിക്കുന്നു ണ്ടെങ്കിലും കൃത്യമായ അളവിൽ വിളകാംക്ക് ഉപയോഗി ക്കുന്നില്ല. രാസവളങ്ങാം വാങ്ങുന്നതിന് കൃഷിക്കാർ അടുത്ത പഞ്ചായത്തിലെ വളം ഡിപ്പോകളെയും ആശ്രയിക്കുന്നുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിലെ പഞ്ചായത്തിലെ വളം വില്പ നയുടെ വിവരങ്ങാം താഴെ കൊടുക്കുന്നു.

വളത്തിൻെറ ഉപയോഗം

| ക്രമ നമ്പർ | വർഷം | നൈട്രജൻ | ഫോസ്ഫേറ്റ് | പൊട്ടാസ്യം |
|---|---|---|---|---|
| 1 | 1993 | 6-72ടൺ | 4.17ടൺ | 8ടൺ |
| 2 | 1994 | 6-90" | 4.70" | 8.70ടൺ |
| 3 | 1995 | 4-28" | 2-50ടൺ | 5-32ടൺ |

## സസ്യസംരക്ഷണ മരുന്നുകാം

നെല്ല്, തെങ്ങ്, കുരുമുളക്, പച്ചക്കറി എന്നീ വിള കാംക്കാണ് സസ്യസംരക്ഷണ മരുന്നുകാം പ്രധാനമായും ഉപയോഗിച്ചുവരുന്നത്. മരുന്നുകാം ഉപയോഗിക്കുമ്പോാം വേണ്ട മുൻകരുതലുകളോ, ശാസ്ത്രീയമായ രീതിയോ കൃഷി ക്കാർ അനുവർത്തിക്കുന്നില്ല. പ്രസ്തുത രംഗത്ത് കൃഷിക്കാ രുടെ അറിവില്ലായ്മയായിരിക്കും ഇതിനു കാരണമാവുന്നത്. പഞ്ചായത്തിൽ സസ്യ സംരക്ഷണ മരുന്നുകാം ലഭിക്കുന്നതി നുള്ള ഡിപ്പോകാം ഒന്നുംഇല്ലാത്തതുമൂലം കൃഷിക്കാർ തൊ ട്ടടുത്ത പ്രദേശങ്ങളിലെ സസ്യസംരക്ഷണ മരുന്നു ഡിപ്പോ കളിൽ നിന്നും അവശ്യം വേണ്ട മരുന്നുകാം വാങ്ങി ഉപയോ ഗിച്ചുവരുന്നു.

## കാർഷിക ഉപകരണങ്ങാം

കൃഷിഭവൻ മുഖേന നെല്ലുൽപ്പാദകസമിതികാംക്ക് ഒരു ട്രാക്റ്റർ, 7 നാപ്സാക്ക് സ്പ്രെയർ, നാളികേര സംരക്ഷണ സമിതികാംക്ക് 12 റോക്കർ സ്പ്രെയറുകളും, 2 തെങ്ങുകയററ യന്ത്രവും, ഹരിജൻ കോളനികാംക്ക് 5 നാപ്സാക്ക് സ്പ്രെയറു

കളും, 5 റോക്കർ സ്പ്രെയറുകളും, കൂടാതെ ഒപെക് നിർമ്മരി പ്രദേശത്ത് പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെൻററിന് 20 കുന്താലി, 10 മൺവെട്ടി, 5 പിക്കാസ്, 5 കലപ്പ, 5 നാപ്സാക്ക് സ്പ്രെയർ, 3 റോക്കർ സ്പ്രെയർ എന്നീ കാർഷിക ഉപകരണങ്ങാം നൽകിയിട്ടുണ്ട്. ഇതുകൂടാതെ കർഷകർ നേരിട്ടുവാങ്ങി ഉപയോഗിക്കുന്ന കാർഷിക ഉപകരണങ്ങളുണ്ട്. പഞ്ചായത്തിൽ 5 ജോഡി ഉഴവുകാളകളുണ്ട്.

## പാടശേഖരസമിതികാം

കൃഷിഭവൻെറ മേൽനോട്ടത്തിൽ കർഷക പങ്കാളിത്തത്തോടെ രൂപീകരിച്ചമൂന്ന് നെല്ലുൽപ്പാദക സമിതികാം നിലവിലുണ്ട്. എന്നാൽ ഇപ്പോാം വേണ്ടത്ര സജീവമല്ല.

പാടശേഖരസമിതികളും വിളക്രമങ്ങളും

| ക്രമ നമ്പർ | പാടശേഖരത്തിൻെറ പേര് | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| 1 | കോട്ടക്കടവ് പാടശേഖരം വാഴ | നെല്ല്, വാഴ | നെല്ല്, വാഴ | പയർ, പച്ചക്കറി |
| 2 | എട്ടിമംഗലം പാടശേഖരം | നെല്ല് വാഴ | നെല്ല്, വാഴ | നെല്ല്, പയർ പച്ചക്കറി |
| 3 | ചാലിപ്പാടം പാടശേഖരം | നെല്ല്, വാഴ | നെല്ല്, വാഴ | പയർ പച്ചക്കറി |

## കൂലിനിരക്ക്

കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ശരാശരി കൂലി നിരക്ക് പുരുഷന്മാർക്ക് 110 രൂപയും, സ്ത്രീകാംക്ക് 60 രൂപയുമാണ്. കാർഷിക മേഖലയിൽ നിന്നും ലഭിക്കുന്നതിനേക്കാാം കൂടുതൽ കൂലി കാർഷികേതര മേഖലയിൽ നിന്നും ലഭിക്കുന്നതിനാൽ കാർഷിക മേഖലയിൽ തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്.

## കാർഷികവായ്പ

രണ്ട് സഹകരണ ബാങ്കുകളടക്കം മൊത്തം 5 ബാങ്കുകളാണ് പഞ്ചായത്തിലുള്ളത്. കൂടാതെ കോഴിക്കോട് കാർഷികവികസനബാങ്ക് മുഖേനയും കൃഷിക്കാർക്ക് വായ്പ ലഭ്യമാകുന്നുണ്ട്. അനുവദിക്കുന്ന കാർഷിക വായ്പകാം മററാവശ്യങ്ങാംക്കും ഉപയോഗിക്കുന്നു എന്നാണ് പരക്കെ അഭിപ്രായം.

## ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള കാലവർഷവും, സെപ്തംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവുമാണ് ജലസേചനത്തിൻെറ ആശ്രയം. നിലവിലുള്ള കുളങ്ങളും, കിണറുകളും പമ്പ്സെററ് ഉപയോഗിച്ച് ജലസേചനം നടത്തുന്നതിന് ഉപയോഗിക്കുന്നു.

## തോടുകാം

പഞ്ചായത്തിലെ ആകെ തോടുകാം 8 എണ്ണമാണ്. മൊത്തം 8.5 കി. മീ നീളമുണ്ട്. പ്രസ്തുത എട്ട് തോടുകാംക്ക് അവയുടെ കൈവഴികളായി 33 ചെറുതോടുകളുമുണ്ട്. ചെറുകിട ജലസേചന തോടുകളെ സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു.

ചെറുകിട ജലസേചന തോടുകാം സംബന്ധിച്ച് വിവരം

*(റഫറൻസ് വില്ലേജ് ലിനൊമേപ്പ്)*

| ക്രമ നമ്പർ | തോടിൻെറ പേര് | ഉാംകൊള്ളുന്ന വാർഡ് | ആകെ നീളം മീറ്റർ | ശരാശരി വീതി മീറ്റർ |
|---|---|---|---|---|
| 1 | പൂളക്കച്ചിറ തോട് | 3,4 | 1000മീറ്റർ | 2മീറ്റർ |
| 2 | ഇടച്ചിറതോട് | 5,7 | 500" | 1.5മീറ്റർ |
| 3 | ചാത്തൻ കൈതോട് | 10,11 | 1000" | 2.5 മീറ്റർ |
| 4 | കൊടപ്പുറ തോട് | 9,10 | 1500" | 3" |
| 5 | ചാക്കറായി തോട് | 11 | 2000" | 1-5" |
| 6 | കോട്ടക്കടവ് തോട് | 8 | 500" | 2" |
| 7 | ചിർപ്പിങ്ങൽ | 3 | 1000" | 2" |
| 8 | ചാലിക്കടവ് | 4 | 1000" | 2" |
| | ആകെ | - | 8.5 കി.മീ. | |

## കുളങ്ങാം

ചെറുതും, വലുതുമായി 78 കുളങ്ങളുണ്ട്. മിക്ക കു

ളങ്ങളും യഥാസമയം അറ്റകുറ്റപ്പണികാം ചെയ്യാത്തതു കൊണ്ട് ജലസേചനത്തിന് വേണ്ടത്ര ഉപയോഗപ്രദമല്ല.

## മണ്ണ്, ജലസംരക്ഷണം

മുൻകാലങ്ങളിൽ അതിരുകളിൽ പടുവൃക്ഷങ്ങാം നട്ടും, ചരിവിനെതിരെ തട്ടുതിരിച്ചും, അതിർവരമ്പുക ളെടുത്തും, വരമ്പിൽ പുല്ലുകാം വെച്ചുപിടിപ്പിച്ചും മണ്ണ് ജല സംരക്ഷണം നടത്തിയിരുന്നു. ഈ പഞ്ചായത്തിൻെറ നാലി ലൊരു ഭാഗം കുന്നിൻ പ്രദേശങ്ങളായതിനാൽ പൊതുവെ മണ്ണൊലിപ്പ് കൂടുതലാണ്. കൂടുതൽ സാമ്പത്തിക ചെലവുകാം വരുന്നതിനാൽ ഭൂവികസന പ്രവർത്തനങ്ങാം ചെയ്യുവാൻ കൃഷിക്കാർ മടിക്കുകയാണ്. എന്നാൽ 1994-95 മുതൽ നീർമ്മറി പദ്ധതിയിൽ ഭൂവികസന പരിപാടിയും ഉാം പ്പെടുത്തിയത് കൊണ്ട് കൃഷിഭവൻ മുഖേനയുള്ള സബ്സി ഡിയും ബാങ്ക് മുഖേനയുളള വായ്പയും കൃഷിക്കാർക്ക് ലഭി ച്ചുവരുന്നു.

## നഴ്സറി

കൃഷിവകുപ്പിൻെറ അംഗീകാരത്തോടും സഹായത്തോ ടും കൂടി ഒരു നഴ്സറി 1993 മുതൽ അമലാഗാർഡൻസ് എന്ന പേരിൽ മണ്ണൂർ, പഴയ ബാങ്കിനടുത്ത് പ്രവർത്തിച്ചുവരുന്നു. കൃഷിക്കാർക്ക് ആവശ്യമായ നല്ല ഇനം നടീൽ വസ്തുക്കാം വിതരണം ചെയ്യുന്നതിന് സഹായകമായിട്ടുണ്ട്.

## കൃഷിഭവൻ

1987 സെപ്തംബർ 1നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. ഓരോ പഞ്ചായത്തിലും ഓരോ കൃഷി ഭവൻ എന്ന ലക്ഷ്യത്തിൽ നിലവിൽ വന്ന കൃഷിഭവൻെറ പ്രവർത്തനം കുറെ പ്രദേശത്ത് ഒക്കെ എത്തുന്നുണ്ടെങ്കിലും മുഴുവൻ കർഷകർക്കും പ്രയോജനം ലഭിക്കുന്ന രീതിയിലല്ല. കൃഷിഭവനിൽ ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റൻെറുമാരും പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങാം

വയലുകളിലേക്ക് ഉപ്പുവെളളം കയറുന്നത് ചില ഭാഗങ്ങളിൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നുണ്ട്. കുട്ടാടം കൈതോടിൻെറ ഇരു ഭാഗത്തുളള 10 ഏക്ര സ്ഥലം, കാരങ്ങറതാഴം, കൈനിപ്പാടം, ഇടിയങ്ങരപ്പാടം, ഇവയാണ് ഇതിൽ പ്രധാനപ്പെട്ടവ. കൂടാതെ എട്ടിമംഗലം, ചാലിപ്പാടം, കോട്ടക്കടവ് എന്നീ പാടശേഖരങ്ങളിൽ വെളളം ഒഴിഞ്ഞു പോവാൻ സൗകര്യമില്ലാത്തതിനാൽ നെൽകൃഷിയെ സാരമായി ബാധിക്കുന്നു. തക്കസമയത്തു വിത്തിനങ്ങാം ലഭിക്കാതിരിക്കൽ, കർഷകത്തൊഴിലാളികളെ ആവശ്യത്തിനും, സമയത്തും ലഭിക്കാതിരിക്കൽ, ഉൽപ്പന്നങ്ങാംക്ക് മതിയായ വില ലഭിക്കാതിരിക്കൽ, കാലാവസ്ഥയിലുണ്ടാവുന്ന വ്യതി യാനങ്ങാം എന്നിവയെല്ലാം നെൽകൃഷിയെ കാര്യമായി ബാധിക്കുന്ന ഘടകങ്ങളാണ്.

തെങ്ങ് കൃഷിക്ക് തീരപ്രദേശങ്ങളിൽ മെച്ചപ്പെട്ട ഉൽപ്പാ ദനം ലഭിക്കുന്നുണ്ടെങ്കിലും കുന്നിൻ പ്രദേശങ്ങളിലും, വയൽ നികത്തി കൃഷി ചെയ്ത തെങ്ങിൻ തോപ്പുകളിലും ആനുപാ തികമായ വർദ്ധനവുണ്ടായിട്ടില്ല. വർദ്ധിച്ച കൃഷിച്ചിലവ്, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത, മണ്ണ് പരിശോ ധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടക്കാത്തത്, മ ണ്ണൊലിപ്പ്, ഉൽപ്പന്നങ്ങാംക്ക് മതിയായ വില ലഭിക്കാതി രിക്കൽ എന്നിവയെല്ലാം തെങ്ങ് കൃഷിയെ സാരമായി ബാധി ക്കുന്ന ഘടകങ്ങളാണ്. രാസവളങ്ങാം ഉപയോഗിക്കുന്നു ണ്ടെങ്കിലും, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തിവരുന്നത്. ഇത് ഉൽപ്പാദനക്ഷമത കുറയുന്നതിന് ഒരു കാരണമാണ്. ജൈവവളത്തിൻെറ കുറവ് മൂലം മണ്ണിൻെറ ഘടനയിലും മാററം സംഭവിക്കുന്നുണ്ട്.

കുന്നിൻ പ്രദേശങ്ങളിൽ യഥാസമയം വരമ്പുകാം ഇടാത്തതിനാലും, തട്ടുകളാക്കി തിരിക്കാത്തതിനാലും ഭൂരി ഭാഗം പ്രദേശങ്ങളും മണ്ണൊലിപ്പിന് വിധേയമാണ്. ഉയർന്ന കുന്നിൻ പ്രദേശങ്ങളിൽ കശുമാവ് കൃഷിചെയ്യുവാൻ പററു മെങ്കിലും, നടപ്പിലാക്കുവാൻ സാധിച്ചിട്ടില്ല.

നെൽപ്പാടങ്ങളിൽ ഇടവിളയായി കൃഷി ചെയ്തു വരുന്ന വേനൽകാല പച്ചക്കറികളും പയർ, എളള്, എന്നി വയും കുറഞ്ഞുവരികയാണ്. ശരിയായ ജലസേചന സൗകര്യത്തിൻെറ അപര്യാപ്തതയും വർദ്ധിച്ചുവരുന്ന രോ ഗകീട ശല്യവും കൃഷിയിറക്കുന്നതിൽ നിന്നും കൃഷിക്കാ രനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

പ്രധാനമായും നെല്ലിന് ഇലപുളളിരോഗം, പോളരോഗം എന്നിവയും, മുഞ്ഞ, ചാഴി, തണ്ടുതുരപ്പൻ പുഴു എന്നീ കീടശല്യവും, തെങ്ങിന് കുമ്പുചീയൽ, ചെന്നീരൊലിപ്പ് എന്നീ രോഗങ്ങളും, കൊമ്പൻചെല്ലി എന്ന കീടത്തിൻെറ ശല്യവും കണ്ടുവരുന്നുണ്ട്. കുരുമുളക് കൃഷിക്ക് ദ്രുതവാട്ടരോഗവും ചിലയിടങ്ങളിൽ കണ്ടുവരുന്നു. ആധുനിക കൃഷി ഉപകര ണങ്ങാം വ്യാപകമായ തോതിൽ ഉപയോഗിക്കാൻ തുടങ്ങി യിട്ടില്ല. തുണ്ടുതുണ്ടുകളായ കൃഷി ഭൂമികാം, പവർടില്ലർ, ട്രാ

ക്റ്റർ പോലുള്ള കാർഷിക യന്ത്രങ്ങാം എന്നിവ പാട ശേഖരങ്ങളിലെത്തിക്കുവാനുള്ള അസൗകര്യങ്ങാം എന്നിവ പ്രധാനകാരണങ്ങളാണ്.

തക്കസമയങ്ങളിൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തുകളും, നടീൽവസ്തുക്കളും ലഭിക്കാതിരിക്കൽ, വിദഗ്ധ ഉപദേശങ്ങളുടെ അപര്യാപ്തത, സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ചുള്ള അജ്ഞത തുടങ്ങിയവ കർഷകരുടെ പുരോഗതിക്ക് തടസ്സങ്ങളാണ്. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളും, എലി. പെരിച്ചാഴി എന്നിവയും വിളകളെ നശിപ്പിക്കുന്ന ഘടകങ്ങളാണ്.

## നിർദ്ദേശങ്ങാം

1. കർഷകരെ മണ്ണ് പരിശോധനയുടെ ആവശ്യകതയെപ്പററി ബോധവാന്മാരാക്കുകയും, അതിൻെറ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന് പ്രേരിപ്പിക്കുകയും വേണം.

2. നിലവിലുള്ള തോടുകളും, കുളങ്ങളും കർഷകരുടെ സഹകരണത്തോട് കൂടി നന്നാക്കി ഉപയോഗ്രപദമാക്കുക. വയലുകളിലേക്ക് ഉപ്പുവെള്ളം കയറാതിരിക്കുന്നതിനുവേണ്ടി തോടുകാംക്ക് നേരത്തെയുണ്ടായിരുന്ന ചിർപ്പുകാം നന്നാക്കുകയും ആവശ്യമായ ഭാഗങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യുക. സഹകരണ ജലസേചന രീതി ഉപയോഗപ്പെടുത്തുക.

3. നിലവിലുള്ള കർഷകസമിതികളായ, പാടശേഖരകമ്മിററികളും, നാളികേരകർഷക കമ്മിററിയും ഊർജ്ജിതപ്പെടുത്തി സംഘകൃഷി രീതി നടപ്പിൽ വരുത്തുക.

4. കർഷകരെ സംഘടിപ്പിച്ചുകൊണ്ട് പച്ചക്കറി കൃഷി രംഗത്ത് കൂട്ടായ കൃഷി രീതി അവലംബിക്കുക. ശാസ്ത്രീയമായ കൃഷിരീതികാം നടപ്പിലാക്കുന്നതിന് കൃഷിഭവനെ പ്രയോജനപ്പെടുത്തുക. വീട്ടമ്മമാരെയും, വിദ്യാർത്ഥികളെയും പച്ചക്കറികൃഷിയിൽ കൂടുതൽ പങ്കാളികളാക്കി വീട്ടു വളപ്പിൽ അടുക്കളതോട്ടം ഉണ്ടാക്കുന്നതിന് പ്രോത്സാഹനം നൽകുക.

5. കൃഷിക്കാർക്ക് ആവശ്യമായ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും, നടീൽ വസ്തുക്കളും, യഥാസമയത്തു ലഭിക്കുന്നതിന് നടപടിയുണ്ടാവണം. ഇതിന് കൃഷിഭവനെയും, അംഗീകൃത നഴ്സറിയെയും ഉപയോഗപ്പെടുത്താവുന്നതാണ്. കൃഷി സ്ഥലങ്ങാംക്ക് യോജിച്ച രീതിയിലുള്ള വിളകാം കൃഷിചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

6. അനവസരത്തിലും തെററായ അളവിലും കീടനാശിനി പ്രയോഗം ഒഴിവാക്കുക. കീടനാശിനികളുടെ ശരിയായ രീതിയിലുള്ള ഉപയോഗക്രമത്തെപ്പററിയും, ജൈവകീട നിയന്ത്രണത്തെപ്പററിയും കൃഷിക്കാരെ ബോധവാന്മാരാക്കുന്നതിന് വേണ്ട നടപടികാം കൈക്കൊള്ളുക.

7. നിലവിലുള്ള രാസവള ഡിപ്പോകാംക്ക് പുറമെ ചാലിയം, മുക്കത്തു കടവ്, കടലുണ്ടി മാർക്കറ്റ് എന്നീ ഭാഗങ്ങളിലും രാസവള ഡിപ്പോ തുടങ്ങുകയും പഞ്ചായത്തിൽ നിലവിൽ സസ്യ സംരക്ഷണ മരുന്നുകാം ലഭിക്കുന്ന ഡിപ്പോകാം തുടങ്ങുകയും ചെയ്യുക. ജൈവവളത്തിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി പച്ചില വളച്ചെടികാം കൃഷി ചെയ്യുകയും, ജൈവ വളത്തിൻെറ ഉൽപ്പാദനത്തെപ്പററിയും, ഉപയോഗത്തെക്കുറിച്ചും കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക.

8. ജലസേചന സൗകര്യങ്ങാം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കിണറുകാം, കുളങ്ങാം എന്നിവ നിർമ്മിക്കുന്നതിന് ആവശ്യമായ വായ്പാ സൗകര്യങ്ങളും സബ്സിഡികളും ലഭിക്കുന്നതിന് മുൻഗണനയുണ്ടാവണം. ജലത്തിൻെറ ദൗർലഭ്യം അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ കണിക ജലസേചനം, സ്പിംഗ്ളർ ജലസേചനം എന്നിവയുടെ സാധ്യത പ്രയോജനപ്പെടു ത്തുക. 12 ാം വാർഡിലെ കാവുംകുളവും, 4ാം വാർഡിലെ ചാലിയും ഉപയോഗപ്പെടുത്തി സമീപ പ്രദേശത്ത് പച്ചക്കറി കൃഷി സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതിന് നടപടി ഉണ്ടാക്കേണ്ടതാണ്.

9. കാർഷിക വിളകാംക്കുള്ള ഇൻഷൂറൻസ് പദ്ധതിയിൽ രോഗം, കീടംമൂലം വിളനശിച്ചാലും ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ മാററം വരുത്തേണ്ടതാണ്.

10. മുഴുവൻ കാർഷിക വിളകാംക്കുള്ള ജലസേചനത്തിന് ഉപയോഗിക്കുന്ന പമ്പ് സെറ്റുകാംക്ക് വൈദ്യുതി പൂർണ്ണമായും സൗജന്യമാക്കുകയും, മണ്ണെണ്ണ പമ്പ് സെററുകാംക്ക് ലഭിക്കുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുകയും വേണം.

11. കർഷകരുടെ ഉൽപ്പന്നങ്ങാംക്ക് പഞ്ചായത്തിൽ തന്നെ വിപണന സൗകര്യം ഏർപ്പെടു ത്തേണ്ടതാണ്. ഉൽപ്പന്നങ്ങളുടെ സംസ്ക്കരണത്തിനുവേണ്ട സംവിധാനവും സൗകര്യങ്ങളും ഉണ്ടാക്കേണ്ടതാണ്.

12. മണ്ണൊലിപ്പ് തടയുന്നതിനുള്ള പദ്ധതികൾ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേക്ക് വ്യാപിപ്പിക്കുകയും, നീർമറി പ്രദേശത്തു നൽകുന്ന വായ്പാ, സബ്സ്ഡി ആനുകൂല്യം നൽകുകയും വേണം.

13. കുട്ടാടൻ തോടിൻെറ ഇരുവശത്തുള്ള 10 ഏക്ര സ്ഥലത്തും വെള്ളം കെട്ടി നിൽക്കുന്ന മററു പ്രദേശങ്ങളിലും യോജിച്ച രീതിയിലുള്ള മത്സ്യകൃഷിയും, ഞണ്ട് കൃഷിയും 13ാം വാർഡിലെ കടുക്ക ബസാറിനടുത്ത കടൽക്കരയോട് തള്ളി നിൽക്കുന്ന ഭാഗത്ത് കടുക്ക കൃഷി ചെയ്യുന്നതിനും സാധ്യതയുണ്ട്. ഇത് പ്രയോജനപ്പെടുത്താവുന്നതാണ്.

14. വളരെ ചിലവു കുറഞ്ഞതും ലാഭകരമായി കൃഷി ചെയ്യാൻ പററുന്നതുമായ കൂൺകൃഷി, പുഷ്പകൃഷി എന്നിവയുടെ വികസനത്തിന് ഉള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്.

15. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ, പ്രത്യേകിച്ച് ചാലിയം കടൽ ഭിത്തിയോട് ചേർന്ന ഭാഗങ്ങളിൽ അനുഭവപ്പെടുന്ന എലി ശല്യത്തിൽ നിന്നും കാർഷികവിളകളെ സംരക്ഷിക്കുന്നതിന് സംയോജന എലി നശീകരണ പരിപാടി ആവിഷ്കരിക്കാവുന്നതാണ്.

16. അലഞ്ഞു തിരിയുന്ന കന്നുകാലികൾ കാർഷിക വിളകൾ നശിപ്പിക്കുന്നത് പൂർണ്ണമായും തടയുന്നതിന് നടപടിയുണ്ടാക്കേണ്ടതാണ്.

17. നെല്ല്, വാഴ, പച്ചക്കറി, പയർ, കിഴങ്ങുവർഗ്ഗങ്ങൾ, കൂൺ കൃഷി, മത്സ്യകൃഷി എന്നിവ ഓരോ പ്രദേശത്തിനും യോജിച്ചത് കണ്ടെത്തി കൂടുതൽ സ്ഥലത്തേക്ക് സഹകരണാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതോടുകൂടി കൃഷിക്കാർക്ക് കാർഷിക മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിക്കുകയും കൂടുതൽ തൊഴിൽ സാധ്യതകൾ ഉണ്ടാവുന്നതുമാണ്.

സമൂഹത്തിൽ കർഷകരെ അംഗീകരിക്കുന്ന തരത്തിൽ വിവിധ കാർഷിക വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് വാർഡ്, പഞ്ചായത്ത് അടിസ്ഥാനത്തിൽ അവാർഡുകൾ നൽകേണ്ടതാണ്.

# 5-2

# മത്സ്യബന്ധനവും മൃഗസംരക്ഷണവും

## മത്സ്യബന്ധനം

### ചരിത്രപരമായ പശ്ചാത്തലം

കടലുണ്ടി പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്, ഇതിൻെറ പടിഞ്ഞാറ് ഭാഗം 6 കി. മീ അറബിക്കടലിൻെറ തീരവും, തെക്ക് ഭാഗം കടലുണ്ടി പുഴ, വടക്ക് ഭാഗം ചാലിയാറിൻെറ കൈവഴിയായ വടക്കുമ്പ്രപ്പുഴ, കിഴക്ക്ഭാഗം കനോലിത്തോടിൻെറ (മുക്കത്തകടവ്) ഭാഗവുമായി പുഴയോര ചുററളവോടും കൂടി ഈ പഞ്ചായത്ത് ഭാഗികമായി ഒരു ദ്വീപായി നിലകൊള്ളുന്നു.

ഇന്ന് കടൽ തീരമായി കാണുന്ന ഭാഗത്ത് നിന്നും 500 മീറ്റർ പടിഞ്ഞാറ് ഭാഗത്തായിരുന്നു ദശാബ്ദങ്ങൾക്ക് മുമ്പ് കടൽതീരം എന്നതിന്ന് ഇന്ന് ജീവിച്ചിരിപ്പുള്ള പഴമക്കാർ ദൃക്സാക്ഷികളാണ്. മണൽതരിയോട്കൂടിയ ഈ വിശാലമായ പ്രദേശം കടലാക്രമണത്തിൽ പിന്നീട് നശിക്കുകയാണുണ്ടായത്.

ടിപ്പു സുൽത്താൻെറ ഭരണകാലത്ത് ഉപയോഗിച്ചിരുന്ന ഒളിസങ്കേതത്തിൻെറ അവശിഷ്ടങ്ങൾ ചരിത്രത്തിൻെറ കഥ ഇന്നും നമ്മോട് പറയും. ചാലിയം മുല്ലമുതലുള്ള ഈ ഭാഗം ഡച്ചുകാർ മലബാറുമായി ഉണ്ടായിരുന്ന വാണിജ്യ ബന്ധങ്ങൾക്കായി ഉപയോഗിച്ചതാണെന്നും പറയപ്പെടുന്നു. (അവലംബം - സർവ്വ വിജ്ഞാനകോശം - ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്)

1970ൻെറ അന്ത്യത്തിൽ പ്രവർത്തനമാരംഭിച്ച 'ബേപ്പൂർ ലൈറ്റ് ഹൗസ്' കടലിൽ ജോലി എടുക്കുന്നവർക്ക് വഴികാട്ടിയായി ഈ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്യുന്നു.

അധികം വരുന്ന മത്സ്യങ്ങൾ ഉണക്കി വളമാക്കുകയും മത്സ്യ എണ്ണ ഉൽപ്പാദനത്തിനായി 50 ഓളം മീൻ ചാപ്പകളിലായി ഉപ്പിട്ട് സംസ്ക്കരിക്കുകയും ചെയ്തിരുന്ന മേഖല കാലപ്പഴക്കങ്ങളിൽ നാശം സംഭവിച്ചു. ഈ മേഖലയിൽ ജോലി എടുത്തിരുന്നവർ മററു പലതിലേക്കും തിരിയുകയും ചെയ്തു. അക്കാലത്ത് തന്നെ കടുക്കവാരൽ ഇവിടുത്തെ ഒരു പ്രധാന തൊഴിലായിരുന്നു. യന്ത്രവൽക്കരണം ഈ മേഖലയിൽ വരുന്നതിന് മുമ്പ് പല സംഘങ്ങളായി 'ഓടം' വള്ളത്തിലും ചെറു തോണികളിലുമായാണ് മത്സ്യബന്ധനം നടത്തിയിരുന്ന ത്. കാറ്റിൻെറ ഗതിയും മനുഷ്യാദ്ധ്വാനവും മാത്രമായിരുന്നു ആശ്രയം. വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ പിന്നിലായിരുന്നു, ഇവിടെയുള്ള മത്സ്യതൊഴിലാളികൾ

### ഇന്നത്തെ സ്ഥിതി

ഈ പഞ്ചായത്തിൻെറ കടലോര മേഖലയായ 1, 13, 5, 6 വാർഡുകളിലായി ഒമ്പതിനായിരത്തോളം ആളുകൾ തിങ്ങി താമസിക്കുന്നുണ്ട്. ഇതിൽ 2300 പുരുഷന്മാരും 400 സ്ത്രീകളും പ്രത്യക്ഷമായിത്തന്നെ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടിരിക്കുന്നു. 1989ൽ സ്ഥാപിതമായ ' ചാലിയം ബേപ്പൂർ' മത്സ്യതൊഴിലാളി വികസന ക്ഷേമ സംഘം, 1993ൽ സ്ഥാപിതമായ ചാലിയം മത്സ്യതൊഴിലാളി വികസന ക്ഷേമ സംഘം എന്നിവയിലായി 1701 ആളുകൾ അംഗത്വമുള്ളരാണ്. ഇതിൽ പുഴയോര മത്സ്യത്തൊഴിലാളികളേയും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകളേയും അംഗങ്ങളാക്കി സംഘങ്ങളുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതുണ്ട്.

ഇപ്പോൾ 24 പേർ പോകുന്ന ചുണ്ടൻ വള്ളങ്ങൾ 16(പതിനാറ്) എണ്ണവും 4 പേർ പോകുന്ന 'ഒഴുക്കുവല' (ഗ്രിൽ നെറ്റ്) വള്ളങ്ങൾ 58 എണ്ണവും 5 പേർ പോകുന്ന ട്രോളിങ് ബോട്ടുകൾ 45 എണ്ണവും 3പേർ പോകുന്ന വീശൽവള്ളങ്ങൾ 26 എണ്ണവും 2 പേർ പോയി 'കടുക്ക' വാരുന്ന 120 തോണികളും നിലവിലുണ്ട്. വീശൽ വള്ളങ്ങളും കടുക്ക വാരുന്ന തോണികളും മാത്രമാണ് ഔട്ട്ബോർഡ് എഞ്ചിൻ ഉപയോഗിക്കാത്തത്. ഭാരക്കുറവിനാലും ദീർഘകാലം നിലനിൽക്കുമെന്നത് കൊണ്ടും ഫൈബർ തോണികളോടാണ് കൂടുതൽ താൽപ്പര്യം. പ്ലൈവുഡ്(ഫൈബർ കോട്ടിങ്) തോണികളും ഉപയോഗത്തിലുണ്ട്. കടലുണ്ടിയിൽ ഭാഗികമായി ഫൈബർ തോണിയുണ്ടാക്കുന്നുവെങ്കിലും മംഗലാപുരത്ത് നിന്നുമാണ് ധാരാളം കൊണ്ട്വരുന്നത്.

കടലിൽ നിന്നും പ്രധാനമായും അയല, മത്തി, സ്രാവ്, മാന്തൾ, കൂന്തൾ, ചെമ്മീൻ, ഞണ്ട്, ചെമ്പാൻ, അയക്കോറ, ആകോലി, കടുക്ക, എന്നിവയാണ് ലഭിക്കുന്നത്.

പട്ടിക 1 (1)

| | ലഭിക്കുന്ന മീനുകളുടെ ഇനം | അളവ് |
|---|---|---|
| 1 | അയല | 3200 ടൺ |
| 2 | മത്തി | 1150" |
| 3 | ചെമ്പാൻ | 3000" |

| | | |
|---|---|---|
| 4 | ചെമ്മീൻ | 250" |
| 5 | ആകോലി | 480" |
| 6 | സുത | 800" |
| 7 | അയക്കോറ | 700" |

മററു മീൻ തരങ്ങാം വളരെ ചെറിയതോതിൽ ലഭിക്കുന്നു. അവലംബം: ഗ്രാമസഭാ റിപ്പോർട്ട് - പഠനപര്യടനം.

| | തൊഴിലാളികളുടെ എണ്ണം | വള്ളങ്ങളുടെ എണ്ണം | ആകെ തൊഴിലാളികാം | പേര് |
|---|---|---|---|---|
| 1 | 24 | 16 | 384 | ചുണ്ടൻ വള്ളം |
| 2 | 4 | 56 | 224 | ഗിൽ നെറ്റ് |
| 3 | 5 | 45 | 225 | ട്രോളിങ്ങ് ബോട്ട് |
| 4 | 3 | 27 | 81 | വീശൽ വള്ളം |
| 5 | 2 | 120 | 240 | കടുക്ക വള്ളം |

ആകെ തൊഴിലാളികാം1154

(പട്ടിക. 1ൽ 2 അവലംബം: ഗ്രാമസഭാ റിപ്പോർട്ട്. കാലാവസ്ഥക്ക് അനുയോജ്യമായി മററു പലതരത്തിലും മത്സ്യബന്ധനം നടത്തുന്നവരുണ്ട്)

## സാങ്കേതിക വിദ്യകളിൽ വന്ന മാറ്റം

മുമ്പുണ്ടായിരുന്ന വലകളിൽ ഏറിയകൂറും മാററത്തിന് വിധേയമായിട്ടുണ്ട്. പഴയകാലത്ത് ഉണ്ടായിരുന്ന 'ഓടം' വള്ളങ്ങാംക്ക് പകരമായി വന്ന ചുണ്ടൻ വള്ളങ്ങാം ഉപയോഗിക്കുന്ന 'റിങ്ങ്സീൻ' വലയാണ് ഇതിൽ പ്രധാനം. മത്സ്യകൂട്ടങ്ങളെ ചുററി വല വീശുകയും അടിഭാഗത്തെ വളയത്തിലൂടെ (റിങ്ങ്) വല കുരുക്കി മത്സ്യം ഒട്ടും നഷ്ടമാകാതെ പിടിക്കുന്ന ഈ റിങ്ങ്സീൻ വല മത്സ്യങ്ങളുടെ വംശനാശത്തിനിടയാക്കുമെന്ന് പറയപ്പെടുന്നു.

ഗിൽനെറ്റ് വലകളിലും കാലങ്ങളിൽ മാററം വന്നിട്ടുണ്ട്. 95 എം. എം. കണ്ണി അകലമുള്ള വലയാണ് ഇവർ സാധാരണ ഉപയോഗിക്കുന്നത്. 110 എം. എം വരെയുള്ള വലകളും ലഭ്യമാണ്. മത്സ്യങ്ങാംക്ക് വംശനാശം സംഭവിക്കാതിരിക്കാൻ 16 എം. എമ്മിൽ കുറഞ്ഞ വലകാം ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്.

ഔട്ട് ബോർഡ് എഞ്ചിനാണ് ഈ മേഖലയിലെ സുപ്രധാന മാററം. മനുഷ്യാദ്ധ്വാനക്കുറവും സമയലാഭവുമാണ് ഇതിന്റെ സവിശേഷത. 8 എച്ച്. പി, 9.9 എച്ച്. പി, 15 എച്ച്. പി, 25 എച്ച്. പി, 40 എച്ച്. പി തുടങ്ങിയവയാണ് നിലവിലുള്ള എഞ്ചിനുകാം. ഇന്ധനച്ചെലവ് ധാരാളമുള്ളതിനാൽ അധികം കുതിര ശക്തിയുള്ള എഞ്ചിനുകാം മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നു. ഇതിന്റെ ഇറക്കുമതി നിർത്തലാക്കുന്നത് നന്നായിരിക്കും.

പുഴയോര മത്സ്യത്തൊഴിലാളികളിൽ പരമ്പരാഗത രീതിയിൽ നിന്നും വലിയ മാററമൊന്നും ഉണ്ടായിട്ടില്ല.

## നിലവിലുള്ള ചില പ്രശ്നങ്ങാം

കടലിൽ നിന്നും ലഭിക്കുന്നതിനു പുറമെ പുഴയിൽ നിന്നും മാലാൻ, പൂഴാൻ, ചെമ്പല്ലി, ഇരിമീൻ, കരിമീൻ, ചെമ്മീൻ, ഏട്ട, ഞണ്ട് എന്നിവയും ലഭിക്കുന്നുവെങ്കിലും കടലുണ്ടിയിലെ ഒരു പൊതുമാർക്കറ്റ് മാത്രമാണ് വിപണനത്തിനുള്ളത്. പഞ്ചായത്തിലെ 34 സ്ഥലങ്ങളിൽ വെച്ച് അനധികൃതമായിട്ടാണ് വിൽപ്പന നടക്കുന്നത്. ഇത് പരിസരമലിനീകരണം സൃഷ്ടിക്കുന്നുണ്ട്. ഔട്ട് ബോർഡ് എഞ്ചിനുകാംക്കാവശ്യമായ മണ്ണെണ്ണ, പെട്രോാം, ഓയിൽ തുടങ്ങിയവ 26 കി. മീ അകലെ നിന്നും കൊണ്ടുവരേണ്ടതും വലിയ ബുദ്ധിമുട്ടുകാം സൃഷ്ടിക്കുന്നു. ജന സാന്ദ്രത കൂടുതലുള്ള തീരപ്രദേശങ്ങളിൽ ശുചിത്വ പ്രശ്നം വളരെ രൂക്ഷമാണ്. ഇവിടുത്തെ വീടുകളിൽ 85% വും കക്കൂസുകാം ഇല്ലാത്തവയാണ്. 1 ാം വാർഡിലെ 4 മത്സ്യത്തൊഴിലാളി കോളനികാം ഒരളവോളം വീടില്ലാത്തവരെ സഹായിച്ചുവെങ്കിലും കൂടുതൽ ശ്രദ്ധ ഈ കാര്യത്തിൽ ഇനിയും ആവശ്യമാണ്. കിണറുകളിൽ 90 ശതമാനവും ഉപ്പ് കലർന്നതിനാൽ ശുദ്ധ ജലക്ഷാമവും രൂക്ഷമാണ്. സമ്പാദ്യശീലം ഇല്ലാത്തതിനാൽ പഞ്ഞ മാസങ്ങളിൽ പട്ടിണിയെ അഭിമുഖീകരിക്കുന്നവരാണ് ഇവർ, ഇതിനാൽ തരകന്മാരുടെ (ഇടത്തട്ടുകാരുടെ) ചൂഷണത്തിൽ നിന്നും ഈ മത്സ്യത്തൊഴിലാളികാം മുക്തരല്ല.

## നിലവിലുള്ള സഹായങ്ങാം

ഇടത്തട്ടുകാരുടെ ചൂഷണം തടുക്കുന്നതിനായി വള്ളം, വല എഞ്ചിൻ എന്നിവക്കായി മത്സ്യഫെഡ് ധാരാളം സഹായങ്ങാം നൽകുന്നുണ്ട്. 14-25 ശതമാനം പലിശയാണ് ഇതിന്. 3 വർഷത്തെ ദൈർഘ്യമേയുള്ളുവെങ്കിലും കാലാവധിക്കുള്ളിൽ ബാദ്ധ്യത തീർക്കുന്നവർക്ക് 0.25 ശതമാനം പലിശയിനത്തിലും 25 ശതമാനം സബ്സിഡിയിനത്തിലും ഇളവ് ലഭിക്കുന്നുണ്ട്. പ്രത്യക്ഷമായി 332 പേർക്ക് ആയി 1370 മത്സ്യത്തൊഴിലാളി കുടുംബങ്ങാംക്ക് ഇതിന്റെ സഹായം ലഭിച്ചിട്ടുണ്ട്. 15,000 രൂപ ഹൗസിങ്ങ് ലോൺ 9.5 ശതമാനം പലിശയിനത്തിൽ ലഭ്യമാണ്. 14 വർഷത്തെകാലാവധിയാണിതിന് കക്കൂസ് നിർമ്മാണത്തിന് 2500 രൂപ ധനസഹായം ലഭിക്കുന്നുണ്ട്. 1200 രൂപ ഗ്രാൻറായും 6.5 ശതമാനം പലിശയും 10 വർഷത്തെ കാലാവധിയുമുണ്ട് ഇതിന്. എൻ. സി. ഡി. സി പദ്ധതിപ്രകാരം 35,000 രൂപ തെരഞ്ഞെടുക്കപ്പെട്ട മത്സ്യത്തൊഴിലാളികാംക്ക് വീടുണ്ടാക്കാൻ ലഭിക്കുന്നുണ്ട്. ഇത് അർഹരാ

യവർക്ക് ലഭിക്കാൻ അടിയന്തര ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇങ്ങിനെയൊക്കെ ആണെങ്കിലും ശരിയായ ബോധവൽക്കരണത്തിൻെറ അഭാവം മൂലം പല സഹായങ്ങളും ഈ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല എന്നതാണ് വസ്തുത. ഓഫീസുകളിൽ കയറിയിറങ്ങുമ്പോഴുള്ള വിഷമങ്ങൾ പലരേയും ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നു.

## പ്രധാന പ്രശ്നങ്ങൾ

1. കടൽതീരം മുഴുവനും കടൽഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല. പുഴയോരങ്ങളിൽ ചിലയിടവും സംരക്ഷിച്ചിട്ടില്ല.
2. ബോട്ടുകൾ അടുക്കുന്നതിനും മത്സ്യവിപണനത്തിനും ഉതകുന്ന തരത്തിലുള്ള ഫിഷ്ലാൻറിങ്ങ് സെൻറർ അഥവാ ജെട്ടി ഇല്ല.
3. വർദ്ധിച്ച ഇന്ധന ഉപഭോഗം ഉണ്ടായിട്ടും മണ്ണെണ്ണ ലഭിക്കുന്ന ഒരു ബങ്ക് അടുത്ത പ്രദേശത്തൊന്നും ഇല്ല.
4. മത്സ്യബന്ധന ഉപകരണങ്ങൾ ന്യായവിലക്ക് ലഭിക്കുന്ന സഹകരണാടിസ്ഥാനത്തിലുള്ള കേന്ദ്രം ഇല്ല.
5. പാടങ്ങളിൽ ഉപയോഗിക്കുന്ന രാസവളങ്ങൾ നിമിത്തം പുഴയിലെ മത്സ്യങ്ങൾക്ക് 'മത്സ്യരോഗം' കണ്ട് വരുന്നു.
6. പൊതു മത്സ്യവിതരണ കേന്ദ്രങ്ങൾ ഇല്ല.
7. മുമ്പുണ്ടായിരുന്ന 'മത്സ്യത്തൊഴിലാളിക്ഷേമനിധി' ബോർഡ് ഇപ്പോഴില്ല.
8. മൽസ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം പുഴയോര മത്സ്യത്തൊഴിലാളികളേയും ഉൾപ്പെടുത്തി പ്രവർത്തിക്കുന്നില്ല.
9. കടുക്ക കൃഷിക്ക് സാങ്കേതികജ്ഞാനവും ധനസഹായവും ലഭിക്കുന്നില്ല.
10. പാഴ്മത്സ്യങ്ങൾ ഉണക്കി സംസ്ക്കരിക്കുന്ന ആധുനിക രീതി നിലവിൽ ഇല്ല.
11. ചെമ്മീൻ കൃഷിക്ക് വേണ്ട പരിജ്ഞാനവും ധനസഹായവുമില്ല.
12. മത്സ്യഫെഡ് നൽകുന്ന സഹായങ്ങൾ അപര്യാപ്തമായതും ദൈർഘ്യമില്ലാത്തതും ആയതിനാൽ ഇടത്തട്ടുകാരുടെ ചൂഷണം നിലനിൽക്കുന്നു.
13. ഫൈബർ, പ്ലൈവുഡ് ഫൈബർ, തോണി നിർമ്മാണ ഫാക്ടറി ഇല്ല. ഇതിനായി ഇപ്പോൾ മംഗലാപുരത്തെയാണ് ആശ്രയിക്കുന്നത്.

## സാദ്ധ്യതകൾ

1. കടൽതീരവും - പുഴയോരവും ഭിത്തികെട്ടി സംരക്ഷിക്കുക
2. ബോട്ടുകൾ അടുക്കുന്നതിനുള്ള 'ഫിഷ്ലാൻറിങ്ങ് സെൻറർ' അഥവാ 'ജെട്ടി' സ്ഥാപിക്കുക. ഇതിനായി ചാലിയം മുല്ല മുതൽ മാടക്കല്ല്വരെയുള്ള സ്ഥലങ്ങൾ ഉപയോഗിക്കാം.
3. മണ്ണെണ്ണ, പെട്രോൾ, ഓയിൽ, എന്നിവ ലഭിക്കുന്ന ഒരു 'ബങ്ക്' സ്ഥാപിക്കുക.
4. മത്സ്യബന്ധനോപകരണങ്ങൾ ന്യായവിലക്ക് കിട്ടുന്നതിന് സൊസൈറ്റി മുഖേനയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക.
5. പുഴയിലെ മത്സ്യരോഗങ്ങൾ തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആധുനിക രീതിയിലുള്ള പൊതു മത്സ്യവിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.
7. മുമ്പുണ്ടായിരുന്ന മത്സ്യത്തൊഴിലാളി ക്ഷേമ നിധിബോർഡ് ചാലിയത്ത് പുനഃസ്ഥാപിക്കുന്നതിനുള്ള സത്വര നടപടികൾ ആവിഷ്ക്കരിക്കുക.
8. എല്ലാ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തി സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതമാക്കുക.
9. ചെമ്മീൻ കൃഷിക്കും കടുക്ക കൃഷിക്കും സാങ്കേതിക പരിജ്ഞാനവും സൊസൈറ്റി മുഖേന ധനസഹായവുംലഭ്യമാക്കുക.
10. പാഴ്മത്സ്യങ്ങൾ ഉണക്കി സംസ്ക്കരിക്കുന്ന ആധുനിക രീതിയിലുള്ള ചെറുകിട ഫാക്ടറികൾ സ്ഥാപിക്കുക. ഇതിനുവേണ്ട ധനസഹായവും ലഭ്യമാക്കുക.
11. മത്സ്യഫെഡിൻെറ ധനസഹായ ദൈർഘ്യം വർദ്ധിപ്പിക്കുകയും ആവശ്യം നിർവ്വഹിക്കുന്നതിനുള്ള സഹായതുകയുടെ തോത് വർദ്ധിപ്പിക്കുകയും ചെയ്യുക.
12. ഫൈബർ, പ്ലൈവുഡ് തോണി നിർമ്മാണ ഫാക്ടറി സ്ഥാപിക്കാൻ ആവശ്യമായ നടപടികൾ ആവിഷ്ക്കരിക്കുക.

# മൃഗ സംരക്ഷണം

ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിൽ പച്ചപ്പുല്ലുകൾ നിറഞ്ഞ കുന്നിൻ ചെരിവുകളും സമതലങ്ങളുമായി ധാരാളം മേച്ചിൽപ്പുറങ്ങളുണ്ടായിരുന്നു. ഈ സ്ഥലങ്ങളെ പൂർണ്ണമായി ഉപയോഗപ്പെടുത്തി ഇവിടങ്ങളിലെ 70% വീടുകളിലും പശു ആട് തുടങ്ങിയ കന്നുകാലികളെ വളർത്തിയിരുന്നു. അക്കാലങ്ങളിൽ ഈ മേഖല ഒരു ആദായം എന്നതിലുപരി ഒരാവശ്യവുമായിട്ടാണ് പരിഗണിച്ച് വന്നിരുന്നത്.

വീട്ടാവശ്യത്തിനുള്ള പാലും, തറമെഴുകാനും, കൃഷിക്കാവശ്യത്തിനുള്ള ജൈവ വളവുമായിരുന്നു അവരുടെ ലക്ഷ്യം. കാലപഴക്കത്തിൽ കാലിവളർത്തൽ ഒരു കച്ചവടമായി മാറുകയും ലാഭനഷ്ടങ്ങളുടെ കൂട്ടൽകിഴിക്കൽ പട്ടിക കാലിവളർത്തലിൽ സമൂലമായ മാററവുമുണ്ടാക്കി.

കാർഷികമേഖലയുടെ തകർച്ച ഈ മേഖലയിൽ ഒരുപാട് മാറ്റങ്ങളുണ്ടാക്കി. നെൽകൃഷിയുടെ ഉപോൽപ്പന്നമായ

വൈക്കോലിൻെറ ലഭ്യത പൂർണ്ണമായി നിലച്ച മട്ടാണ്. നഗരവൽക്കരണത്തോട്കൂടി കുന്നിൻ ചെരിവുകളും പുൽ മൈതാനങ്ങളും അപ്രത്യക്ഷമായി - ഇത്തരം കാരണങ്ങളാൽ 20 ശതമാനത്തോളം വീടുകളിലായി കാലിവളർത്തൽ കുറഞ്ഞിട്ടുണ്ട്. ആടുവളർത്തൽ തികച്ചും ആദായകരമാണ്.പട്ടിക 1ൽ 3

വളർത്തുമൃഗങ്ങളും പക്ഷികളും (1996)

| | മൃഗങ്ങളുടെ ഇനം | സംഖ്യ |
|---|---|---|
| 1 | പശു | 344 |
| 2 | കന്നുകുട്ടികൾ | 299 |
| 3 | എരുമ | 9 |
| 4 | കാള | 111 |
| 5 | ആട് | 237 |
| 6 | കോഴി | 5716 |
| 7 | താറാവ് | 75 |
| 8 | പട്ടി | 120 |

*(അവലംബം: ദ്വിതീയ വിവരശേഖരണം)*

കാലികളിൽ പൊതുവെ വയറിളക്കം, കുളമ്പ്രോഗം അകിടുവീക്കം എന്നീ രോഗങ്ങളാണ് സാധാരണ ഗതിയിൽ കണ്ടുവരുന്നത്. ഇവിടെ പലഭാഗങ്ങളിലായി ഏഴ് ഗോബർഗ്യാസ് പ്ലാൻറുകളാണ് ഉള്ളത്. ഇതിൽ ഒന്ന് പ്രവർത്തനക്ഷമമല്ല. ജനങ്ങൾക്ക് വേണ്ട വിധത്തിൽ അറിവ് നൽകുകയാണെങ്കിൽ കൂടുതൽ ഗോബർഗ്യാസ് പ്ലാൻറുകൾക്ക് സാഹചര്യമുണ്ട്.

പഞ്ചായത്തിൽ ആകെ ഒരു പാൽ സൊസൈറ്റിയാണുള്ളത്. പലയിടങ്ങളിലും പാൽ സംഭരണ വിതരണത്തിനുള്ള സാഹചര്യം നിലനിൽക്കുന്നുണ്ട്. കടലുണ്ടിയിലും മണ്ണൂർ വളവിലുമായി രണ്ട് മൃഗാശുപത്രിയാണ് നിലവിലുള്ള ത്. കാലികളുടെ രോഗത്തിനുള്ള കുത്തിവെപ്പിനും വിദഗ്ധോപദേശത്തിനുമായി ഈ രണ്ട് സ്ഥാപനത്തിലുമെത്തിപ്പെടാൻ പല ഭാഗങ്ങളിലെ ആളുകൾക്കും സാധിക്കുന്നില്ല. ഓരോ വാർഡുകളിലും മൃഗ ഡോക്ടരുടെ സേവനം ലഭ്യമാക്കേണ്ടിയിരിക്കുന്നു.

മുട്ടക്കും മാംസത്തിനുമായി നാടൻ കോഴികളെ 80% വീടുകളിലും വളർത്തുന്നുണ്ട്. ഇറച്ചിയുടെ ഉപഭോഗം കൂടിയത് കാരണം വിദൂര സ്ഥലങ്ങളിൽ നിന്നും ഇറച്ചിക്കോഴികളെ ഇറക്കുമതി ചെയ്ത് വിതരണം ചെയ്യുന്ന 34 കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇത് വ്യാപകമായ തോതിൽ ഇറച്ചിക്കോഴി വളർത്താനുള്ള സാഹചര്യത്തെ സൂചിപ്പിക്കുന്നു. നിലവിൽ നാല് സ്ഥലങ്ങളിൽ ചെറിയ തോതിൽ ഇറച്ചിക്കോഴി വളർത്തുന്നുണ്ട്. ഇത് ലാഭകരമാണത്രെ.

മുയൽ, താറാവ്, എന്നിവ വ്യാപകമായി എവിടെയും വളർത്തുന്നില്ല. ഉപയോഗ ശൂന്യമായികിടക്കുന്ന തോടുകളും കുളങ്ങളും താറാവ് വളർത്തലിനുള്ള സാഹചര്യമാണ്. സാങ്കേതിക പരിജ്ഞാനവും ധനസഹായവും ലഭ്യമാക്കിയാൽ മുയൽ വളർത്തലും, താറാവ് വളർത്തലും കാട വളർത്തലും ലാഭകരമായി നടത്താവുന്നതാണ്.

**പ്രശ്നങ്ങൾ**

1. കാലിത്തീറ്റയുടെ അമിതമായ വില.
2. പുല്ല്, വൈക്കോൽ, എന്നിവയുടെ ലഭ്യതക്കുറവും മേച്ചിൽ പുറങ്ങളുടെ അഭാവവും.
3. കാലികൾക്കും, കോഴികൾക്കുമുണ്ടാകുന്ന രോഗങ്ങൾക്ക് തക്കസമയത്ത് തന്നെ ചികിത്സ ലഭിക്കുന്നില്ല.
4. ക്ഷീര വികസന സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ എല്ലാ സ്ഥലവും ഉൾപ്പെടുന്നില്ല.
5. പേപ്പട്ടിശല്യം അടിയന്തിര പ്രാധാന്യമുള്ള ഒരു പ്രശ്നമാണ്.
6. സാങ്കേതിക പരിജ്ഞാനത്തിൻെറയും ധനസഹായത്തിൻെറയും കുറവ്.

**സാദ്ധ്യതകൾ**

1. കാലിത്തീറ്റയും കോഴിത്തീറ്റയും ന്യായവിലക്ക് ലഭിക്കുന്നതിന് നടപടികൾ ആവിഷ്ക്കരിക്കുക.
2. പുല്ല്, വൈക്കോൽ, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കുകയും സഹകരണാടിസ്ഥാനത്തിൽ ഇതിനെ ഏകോപിപ്പിക്കുകയും ചെയ്യുക.
3. കാലികൾക്കും കോഴികൾക്കും ഉണ്ടാകുന്ന രോഗങ്ങൾക്ക് തക്കസമയത്ത് പ്രതിരോധ നടപടികൾ നടത്താൻ ആവശ്യമായ കാര്യങ്ങൾ ചെയ്യുക. ഇതിനായി നിലവിലുള്ള മൃഗാശുപത്രികളുടെ 'സബ്സെൻറർ' വിവിധ വാർഡുകളിൽ സ്ഥാപിക്കുക.
4. ക്ഷീരവികസന സഹകരണ സംഘത്തിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും., കൂടുതൽ വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാററുന്ന രീതിയിൽ വികസിപ്പിക്കുകയും ചെയ്യുക.
5. പാൽ സൊസൈറ്റി പഞ്ചായത്തിലെ മററിടങ്ങളിൽ രണ്ടെണ്ണമെങ്കിലും സ്ഥാപിക്കുക.
6. അത്യുൽപ്പാദന ശേഷിയുള്ള പശുക്കളെ വാങ്ങുന്നതിനും, ആട്, ഇറച്ചിക്കോഴി, കാട, താറാവ് എന്നിവ വളർത്തുന്നതിനും ധനസഹായം ലഭ്യമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക..
7. പേപ്പട്ടിശല്യം അടിയന്തിര പ്രാധാന്യത്തോടെ തടയുന്നതിന് നടപടികൾ ആസൂത്രണം ചെയ്യുക.
8. കാലികൾ അലഞ്ഞുതിരിഞ്ഞു നടക്കാതിരിക്കാൻ പുതിയ മേച്ചിൽ പുറങ്ങൾ സൃഷ്ടിക്കുക. (ഇതിന് ഉടമകളുടെ സഹകരണം തേടാവുന്നതാണ്)

# 5-3

# വിദ്യാഭ്യാസം

ചരിത്രം ഉറങ്ങുന്ന കോഴിക്കോട് പട്ടണത്തിൽ നിന്നും 15 കി. മീ തെക്കുമാറി അറബിക്കടലിനാലും പുഴകളാലും ചുററപ്പെട്ട് കോഴിക്കോട് ജില്ലയുടെ തെക്കെ അററത്തായി കിടക്കുന്ന ഒരു കൊച്ചു ഭൂപ്രദേശമാണ് കടലുണ്ടി. മാലിക്ദീനാറിനും ടിപ്പുവിനും ആതിഥ്യമരുളിയ കടലുണ്ടിയിലൂടെ തീവണ്ടിപ്പാത കോഴിക്കോടു നഗരവുമായി നമ്മെ ബന്ധപ്പെടുത്തിയെങ്കിലും അവിടത്തെ വിദ്യാഭ്യാസ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താൻ ഇവിടെയുള്ളവർ വേണ്ടത്ര താല്പര്യം കാണിച്ചില്ല. എന്നാൽ കുറച്ചു പേരെങ്കിലും, ഈ സൗകര്യം ഉപയോഗിച്ച് നഗരത്തിലെ സാമൂതിരി കോളേജ്, ഗണപത് ഹൈസ്ക്കൂൾ, ഫറോക്ക് ഗണപത് ഹൈസ്ക്കൂൾ, ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് ബിരുദം നേടിയിട്ടുണ്ട്. സർവ്വശ്രീ. ഏ. കെ. ഇമ്പിച്ചിബാവ, പി. വി. മുഹമ്മദ്, പി. കെ. വേലായുധൻകുട്ടി മേനോൻ, കെ. എം. കെ കുട്ടി തുടങ്ങിയവർ ആദ്യകാലത്ത് ഗ്രാജ്വേഷൻ നേടിയവരിൽ ചിലരാണ്.

കോഴിക്കോട് യൂണിവേഴ്സിറ്റി, മെഡിക്കൽ കോളേജ്, റീജിനൽ എഞ്ചിനീയറിംഗ് കോളേജ് എന്നിവ നമുക്ക് വിദൂരമല്ല. നമ്മുടെ പഞ്ചായത്തിൽ നിന്ന് ഡോക്ടർമാരും എഞ്ചിനീയർമാരുമൊക്കെ ഉണ്ടായിട്ടുണ്ടെങ്കിലും മേൽപ്പറഞ്ഞ സൗകര്യങ്ങൾ വേണ്ടവണ്ണം പ്രയോജനപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല.

1907ലാണ് പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസസ്ഥാപനം ആരംഭിച്ചത്. 50 കുട്ടികളോട്കൂടി മണ്ണൂർ ഹയർ എലിമെണ്ടറി സ്കൂൾ എന്ന പേരിൽ അന്ന് ആരംഭിച്ചതാണ് ഇന്നത്തെ മണ്ണൂർ കൃഷ്ണ എ. യു. പി. സ്കൂൾ. സർവ്വശ്രീ. രാമസ്വാമി അയ്യർ, കുത്തിരേഴി കൃഷ്ണൻ നായർ എന്നിവർ ഈ സ്ഥാപനത്തിൻെറ വളർച്ചയിൽ പങ്കുവഹിച്ചവരാണ്.

1912ൽ ശ്രീ. കേലുണ്ണിപ്പണിക്കർ ഒരു ചെറുകുടിലിൽ ആരംഭിച്ചതാണ് ഇന്നത്തെ കടലുണ്ടി എ. എൽ. പി സ്കൂൾ. ഹരിജനങ്ങൾക്കു വേണ്ടി 1917ൽ ആദി ദ്രാവിഡപഞ്ചമസ്കൂൾ ഇന്നത്തെ ചാലിയം ജി. എൽ. പി. സ്കൂളിനടുത്ത് സ്ഥാപിച്ചു. പിന്നീടത് 1927ൽ ഒരു ഓലഷെഡിൽ വട്ടപ്പറമ്പിൽ ആരംഭിക്കുകയും 1938 മുതൽ പുതിയ വാടക ക്കെട്ടിടത്തിൽ (ഇന്നത്തെ ജി. എൽ. പി. എസ്. കടലുണ്ടി) പ്രവൃത്തിച്ചുവരികയും ചെയ്യുന്നു. ആദ്യകാലത്ത് ഈ സ്ഥാപനത്തിന് അയിത്തം കല്പിച്ച് യാഥാസ്ഥിതികർ സ്കൂൾ അവിടെനിന്ന് മാററി സ്ഥാപിക്കാൻ അധികൃതരിൽ സമ്മർദ്ദം ചെലുത്തിയെങ്കിലും പി. ചോയുണ്ണിമാസ്റ്റർ, ഏ. വി. അപ്പുട്ടി തുടങ്ങിയവർ അതിനെതിരെ രംഗത്തുവന്നു സ്ഥാപനം അവിടെത്തന്നെ നിലനിർത്തുകയും ചെയ്തു.

1919ൽ മത്സ്യത്തൊഴിലാളി വിഭാഗത്തിൻെറ ഉന്നമനത്തിനായി സ്ഥാപിച്ചതാണ് ചാലിയത്തെ ഫിഷറീസ് എൽ. പി. സ്കൂൾ. 1927 ജൂലായ് 1ന് മലബാർ ഡിസ്ത്രിക്ട് ബോർഡ് സ്ഥാപിച്ചതാണ് ഇന്നത്തെ ചാലിയം ജി. എൽ. പി. സ്കൂൾ. മതപഠനത്തോടൊപ്പം പൊതുവിദ്യാഭ്യാസവും എന്ന ഉദ്ദേശത്തോടെ കടലുണ്ടി അങ്ങാടി ഭാഗത്തെ 'ഓത്തുപുര' വികസിപ്പിച്ച് ശ്രീ. ബീരാൻകോയ മുസലിയാർ ആരംഭിച്ച ഇന്നത്തെ കടലുണ്ടി എ. എം. എൽ. പി. സ്കൂളും വടക്കുമ്പാട്ടെ ശ്രീ. പി. കെ. കോയമൊയ്തീൻകുട്ടി ആരംഭിച്ച ഇന്നത്തെ മദ്രസത്തുൽ കമാലിയ എൽ. പി. സ്കൂളും. 1924ലാണ് സ്ഥാപിതമായത്. 1925ൽ ശ്രീ. കുർമ്മന്തറ ഇമ്പിച്ചിക്കോരൻ മണ്ണൂരിൽ സ്ഥാപിച്ച വിദ്യാലയം 1958ൽ ശ്രീ. കുർമ്മന്തറ ചാത്തുക്കുട്ടി മാനേജരായിരിക്കുമ്പോൾ മണ്ണൂർ നോർത്ത് യു. പി യായി ഉയർത്തപ്പെട്ടു.

ചാലിയത്തെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരി

1960ൽ ഉമ്പിച്ചി ഹൈസ്ക്കൂറം എന്ന പേർ സ്വീകരിച്ചു. അന്നത്തെ മദ്രസത്തുൽ മനാർ ഇന്നും എൽ. പി. സ്ക്കൂളായി നിലനില്ക്കുന്നു.

1940കളിൽ പെൺകുട്ടികളുടെ പഠന പ്രോത്സാഹനാർത്ഥം സ്കൂളുകൾ സ്ഥാപിതമായിത്തുടങ്ങി. ശ്രീ. ചോലയിൽ പത്മനാഭൻ മുരുകല്ലിങ്ങൽ സ്ഥാപിച്ച മാണിക്യം ഗേൾസ് എലിമെണ്ടറി സ്കൂളും, (ശ്രീദേവി എ. യു. പി. സ്കൂൾ) മണ്ണൂർ നേറ്റീവ് ഗേൾസ് സ്കൂളും(ഫാത്തിമക്കുട്ടി എൽ. പി. സ്കൂൾ) 1941ൽ ആരംഭിച്ചവയാണ്. 1946ൽ കാൽവരി ഹിൽസിൽ ഫാദർ കൊർണാലിയസ് മണ്ണൂർ സെൻറ് പോൾസ് എൽ. പി. സ്കൂൾ സ്ഥാപിച്ചു.

പഞ്ചായത്തിലെ സ്കൂളുകളിൽ ഭൂരിഭാഗവും സ്വാതന്ത്ര്യത്തിന് മുമ്പ് ദേശീയ പ്രസ്ഥാന കാലഘട്ടത്തിലും മററുമുണ്ടായവയാണ്. വിദ്യാഭ്യാസം തൊഴിലധിഷ്ഠിതമാക്കുകയെന്ന ഉദ്ദേശത്തോടെ ചർക്ക ഉപയോഗിച്ച് നൂൽ നൂൽപ്പ് അഭ്യസിപ്പിച്ചിരുന്നു. ചാലിയം ഹൈസ്ക്കൂളിൽ നെയ്ത്തും പരിശീലിപ്പിച്ചിരുന്നു. അന്ന് അദ്ധ്യാപകരിൽ പലരും വയോജന ക്ലാസുകളും ഹിന്ദിക്ലാസുകളും സംഘടിപ്പിച്ചിരുന്നു. ശ്രീ. രാമൻപറമ്പത്ത് രാരുമാസ്റ്റർ ഇതിൽ പ്രമുഖനായിരുന്നു. കടലുണ്ടി ഭാഗത്തെ ശ്രീ. കുഞ്ഞാലിമാസ്റ്ററുടെ നേതൃത്വത്തിൽ നടത്തിയ വയോജന ക്ലാസും ഇവയിൽ പെടുന്നവയാണ്. മണ്ണൂർ ഭാഗത്ത് കിഴക്കെ പുരക്കലും ബുദ്ധമതക്കാരുടെ വക പെരിങ്ങോട്ടുകുന്നിലും ഓരോ സംസ്കൃത വിദ്യാലയങ്ങൾ ഉണ്ടായിരുന്നു. രണ്ടും ഇപ്പോൾ ഇല്ല.

സ്വാതന്ത്ര്യാനന്തരം 1955ൽ മുക്കത്തക്കടവിൽ ഒരു സർക്കാർ ഏകാദ്ധ്യാപക വിദ്യാലയവും 1977ൽ കൂർമ്മന്തറ അരവിന്ദാക്ഷൻ സി. എം. ഹൈസ്ക്കൂളും സ്ഥാപിക്കുകയുണ്ടായി. ഇപ്പോൾ പഞ്ചായത്തിൽ രണ്ട് ഹൈസ്ക്കൂളുകളും മൂന്നു യു. പി. സ്ക്കൂളുകളും പത്ത് എൽ. പി. സ്ക്കൂളുകളുമടക്കം പതിനഞ്ച് സ്കൂളുകളുണ്ട്.

ഒമ്പതു പതിറ്റാണ്ട് പഴക്കമുള്ള കടലുണ്ടിയുടെ വിദ്യാഭ്യാസ ചരിത്രത്തിൽ സർവ്വശ്രീ. കുഞ്ഞാത്തുമാസ്റ്റർ, ബീരാൻ കോയ മുസലിയാർ, കേലുപ്പണിക്കർ, പി. ബി. ഇമ്പിച്ചിഹാജി, പരമേശ്വരയ്യർ, കൂർമ്മന്തറ ഇമ്പിച്ചിക്കോരൻ, കൂത്തിരേഴി കൃഷ്ണന്നായർ, പി. ചോയുണ്ണിമാസ്റ്റർ, ആർ. പി. രാരുമാസ്റ്റർ, ചോലയിൽ പത്മനാഭൻ, എ. വി. ചന്ദ്രശേഖരൻ മാസ്റ്റർ, 1974ൽ ദേശീയ അദ്ധ്യാപക അവാർഡ് നേടിയ ഏ. കെ. ഇമ്പിച്ചിബാവ മാസ്റ്റർ എന്നിവർ എടുത്തുപറയത്തക്ക വ്യക്തികളിൽ ചിലരാണ്.

## വിദ്യാർത്ഥികൾ അദ്ധ്യാപകർ

പട്ടിക 1 A

| | | | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| നമ്പ്ര് | സ്കൂൾ | മാനേജ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | സി. എം. എച്ച്. എസ്. മണ്ണൂർ | എയിHS | 489 | 496 | 985 | 18 | 23 | 41 |
| 2 | യു. എച്ച്. എച്ച്. എസ്. ചാലിയം | ഡഡ്UP | 512 | 512 | 1024 | 12 | 13 | 25 |
| | | HS | 736 | 734 | 1470 | 28 | 27 | 55 |
| 3. | ശ്രീദേവി എ. യു. പി. എസ്. ചാലിയം | " L.P | 148 | 120 | 268 | 13 | 13 | 26 |
| | | U.P | 209 | 195 | 404 | | | |
| 4. | മണ്ണൂർ കൃഷ്ണാ എ.യു.പി.എസ്കടലുണ്ടി | " LP | 95 | 86 | 181 | 7 | 11 | 18 |
| | | UP | 187 | 192 | 379 | | | |
| 5. | മണ്ണൂർ നോർത്ത് എ.യു.പി.എസ്. മണ്ണൂർ | "LP | 215 | 211 | 426 | 11 | 27 | 38 |
| | | UP | 372 | 344 | 716 | | | |
| 6. | എ.എൽ.പി.എസ്. കടലുണ്ടി | "LP | 119 | 95 | 214 | 4 | 5 | 9 |
| 7. | എ.എം.എൽ.പി.എസ്. കടലുണ്ടി | "LP | 103 | 117 | 220 | 5 | 4 | 9 |
| 8. | ഫാത്തിമക്കുട്ടി എ.എൽ.പി മണ്ണൂർ | " LP | 126 | 93 | 219 | 5 | 4 | 9 |
| 9. | സെൻറ്പോൾസ് എ.എൽ.പി.എസ് കടലുണ്ടി | "LP | 108 | 89 | 197 | 2 | 5 | 7 |
| 10. | കമാലിയ എ.എം.എൽ.പി.എസ് മണ്ണൂർ | LP | 76 | 72 | 148 | 3 | 4 | 7 |
| 11. | എം.എം.എൽ.പി.സ്കൂൾ, ചാലിയം | LP | 369 | 365 | 734 | 8 | 12 | 20 |
| 12. | ജി. എൽ. പി. എസ്. മുക്കത്തകടവ് | LP | 25 | 26 | 51 | - | 3 | 3 |
| | | ഗവ. | | | | | | |
| 13. | ജി. എൽ. പി. എസ്. കടലുണ്ടി | " LP | 114 | 85 | 199 | 5 | 3 | 8 |
| | | UP(V) | 28 | 23 | 51 | | | |
| 14. | ജി. എൽ. പി. എസ്. ചാലിയം | " LP | 133 | 132 | 265 | 5 | 5 | 10 |
| 15. | ജി. എഫ്. എൽ. പി. എസ്. ചാലിയം | " LP | 80 | 49 | 129 | 4 | 2 | 6 |
| | | UP(V) | 25 | 21 | 46 | | | |
| | Total | | 4279 | 4057 | 8326 | 130 | 161 | 291 |

പട്ടിക I B

**L.P, U.P, H.S വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം**

| | L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികാം | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 8326 | 1711 | 1540 | 47.4 | 1333 | 1287 | 49.1 | 1225 | 1230 | 50.1 |

സാമൂഹ്യ സാമ്പത്തിക കാരണങ്ങളാൽ ചെറിയ ശതമാനം കുട്ടികാം ഇടയ്ക്കുവച്ചു പഠനം നിർത്തുന്നുണ്ട്. 1995-96ലെ കൊഴിഞ്ഞുപോക്കിൻെറ കണക്ക് പട്ടിക 1D താഴെക്കൊടുത്തിരിക്കുന്നു.

പട്ടിക I D

**പഠനം നിർത്തിയവരുടെ കണക്ക്**

| SC/St | | | മററുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 6 | 4 | 10 | 106 | 59 | 165 |

പട്ടിക I. C

**പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്**

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 3251 | 208 | 6.4 | 2620 | 144 | 5.5 | 2455 | 196 | 8 |

35000ത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 15 വിദ്യാലയങ്ങളിലായി 8326 കുട്ടികാം പഠിക്കുകയും 291 അദ്ധ്യാപികാദ്ധ്യാപകർ പഠിപ്പിക്കുകയും ചെയ്യുന്നു. 15 സ്കൂളുകളിൽ 4 എണ്ണം സർക്കാർ വിദ്യാലയങ്ങളാണ്. പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും പൊതു വിദ്യാലയങ്ങളിലാണ് പഠിക്കുന്നത്. രണ്ട് അൺ എയിഡഡ് വിദ്യാലയങ്ങളും ഇവിടെയുണ്ട്. സമാന്തര വിദ്യാഭ്യാസം നടത്തുന്ന നാലാം തരംവരെയുള്ള ഒരു വിദ്യാലയവും ഇവിടെയുണ്ട്. പഞ്ചായത്തിനു പുറത്തുള്ള ഇംഗ്ലീഷു മീഡിയം സ്കൂളുകളിലേക്കും ഇവിടെ നിന്ന് കുട്ടികാം പോവുന്നുണ്ട്.

പട്ടിക II

**ഗവ. സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്**

| ആകെഅദ്ധ്യാപകർ (പഞ്ചായത്തിൽ) | 4ഗവ. വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ.അദ്ധ്യാപകരുടെ ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ.സ്കൂളിലെ വിദ്യാർത്ഥികാം | ഗവ.സ്കൂളിലെ വിദ്യാർത്ഥികളുടെ ശതമാനം |
|---|---|---|---|---|---|
| 291 | 27 | 9.3 | 8326 | 741 | 8.9 |

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാലയങ്ങളോ ഇവിടെ ഇല്ല. കോഴിക്കോട്ടും പരിസരങ്ങളിലുമുള്ള കോളേജുകളിലും ഫാറൂഖ്കോളേജിലുമാണ് ഉന്നത വിദ്യാഭ്യാസത്തിനു പോവുന്നത്. ഇവിടെ ഒരു പ്ലസ് ടു വിദ്യാലയം പോലുമില്ല. കാൽവരി ഹിത്സിലെ ഹോളിഫാമിലി പാരലൽ കോളേജിൽ അല്പം വിദ്യാർത്ഥിനികാംക്ക് ആർട്സ് വിഷയങ്ങളിൽ പ്രീഡിഗ്രിവരെ പഠിക്കാനുള്ള സൗകര്യമുണ്ട്. ഒരു പാരലൽ കോളേജ് കൂടി ഇവിടെയുണ്ട്.

ടൈപ്പ്റൈറ്റിംഗിലും ഷോർട്ട് ഹാൻറിലും പരിശീലനം നൽകുന്ന 6 സ്ഥാപനങ്ങളിൽ നിന്ന് പരിശീലനം നേടുന്ന വിദ്യാർത്ഥികാംക്ക് ഫോട്ടോസ്റ്റാറ്റ് സംവിധാനം വന്നതു ആ രംഗത്തെ പ്രതീക്ഷകാംക്ക് മങ്ങലേല്പ്പിക്കുന്നു. കമ്പ്യൂട്ടർ പരിശീലനം നൽകുന്ന ഒരു സ്ഥാപനവും ഉണ്ട്. കാൽവരി ഹിത്സിലെ ഹോളിഫാമിലിയിലും ഇവർ കമ്പ്യൂട്ടർ പരിശീലനം നടത്തിവരുന്നുണ്ട്.

17 പ്രീ പ്രൈമറി സ്കൂളുകളും 2 ബാലവാടികളും

പ്രവർത്തിക്കുന്നു. ഇതിൽ ഒരു ബാലവാടി ഫീഡിംഗ് സെൻററാണ്. മുപ്പത്തയ്യായിരത്തിലധികം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരൊററ അങ്കൺവാടിയുമില്ല. 1000 പേർക്ക് ഒര് അങ്കൺവാടി എന്ന തോതിൽ ആരംഭിച്ചാൽ പഞ്ചായത്തിലെ വളരെയധികം കുട്ടികാംക്ക് അതു കൊണ്ടുള്ള പ്രയോജനം ലഭിക്കുമായിരുന്നു. മത്സ്യത്തൊഴിലാളി മേഖലയിൽ നഴ്സറികളിൽ പോകാത്ത നിരവധി കുട്ടികളുണ്ട്.

മുസ്ലീം മതപഠനത്തിനായി മദ്രസകാം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സാധാരണ സ്കൂാം സമയത്തിന് മുമ്പും പിമ്പുമായി പ്രവർത്തിക്കുന്നത് മൂലം ആ വിഭാഗം വിദ്യാർത്ഥികളുടെ പഠനത്തെ ഇതു ബാധിക്കുന്നുവെന്ന ഒരു അഭിപ്രായമുണ്ട്. വെള്ളി, ഞായർ, ഒഴിവു ദിവസമായിരുന്ന അഞ്ചു സ്കൂളുകളിൽ രണ്ടെണ്ണം അടുത്ത കാലത്ത് വെള്ളി പ്രവൃത്തി ദിവസമാക്കി. ശനി, ഞായർ ഒഴിവു ദിവസങ്ങളാക്കി മാററിയിട്ടുണ്ട്. വെള്ളി, ഞായർ ഒഴിവു ദിവസങ്ങളായുള്ള മൂന്നു വിദ്യാലയങ്ങാം പഞ്ചായത്തിലുണ്ട്. ഈ വിദ്യാലയങ്ങളിലെ ഒഴിവു ദിവസങ്ങാംകൂടി മററു സ്കൂളുകളിലേതുപോലാക്കണമെന്ന അഭിപ്രായവും ഉയർന്നു വന്നിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസത്തിനും ഗവേഷണത്തിനും സൗകര്യമുള്ള കലിക്കററ് യൂനിവേഴ്സിററി അടുത്തുണ്ടായിട്ടും ആ സൗകര്യം ഉപയോഗപ്പെടുത്തിയവർ ഇവിടെ വളരെ വിരളമാണ്. ഗാംഫുനാടുകളിലെ തൊഴിൽ സാധ്യത നോക്കിയുള്ള സാങ്കേതിക പരിശീലനത്തിനും എളുപ്പം തൊഴിൽ കിട്ടാനുതകും വിധമുള്ള ബി. എഡ് പോലുള്ളവ നേടുന്നതിനുമാണ് മിക്കവർക്കും താല്പര്യം.

ചില വാർഡുകളിൽ ഇപ്പോഴും നിരക്ഷരർ ഉണ്ട്, ഒന്നാംഘട്ട സാക്ഷരതായജ്ഞത്തിൻെറ ആവേശം നിലനിർത്താൻ കഴിയാതെ പോയതാണിതിനു കാരണം. നേരത്തെ സാക്ഷരരായവർപോലും നിരക്ഷരതയിലേക്കു നീങ്ങുകയാണ്.

വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിൻെറ ഭാഗമായി പഞ്ചായത്തിൽ വിദ്യാഭ്യാസ വികസനസമിതി രൂപീകരിക്കുകയുണ്ടായി. നിരക്ഷരത നിർമാർജ്ജനം, പൊതുപഠന നിലവാരം ഉയർത്തൽ, പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങാം ഏകീകരിച്ചു ചിട്ടപ്പെടുത്തൽ എന്നിവ ലക്ഷ്യമാക്കിയായിരുന്നു ഇത്. ഇതിൻെറ തുടർന്നുള്ള പ്രവർത്തനം നടത്താൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ വർഷാരംഭത്തിൽ നടത്തിയ പ്രീ ടെസ്ററിൽ കുട്ടികളുടെ അക്ഷരജ്ഞാനം വളരെ താഴ്ന്നതായാണ് കാണുന്നത്. മാതൃ സംഗമങ്ങളും പി. ടി. എ കളും സ്കൂളുകളിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യങ്ങാം കുറവാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം എന്നിവപോലും ലഭ്യമല്ലാത്ത വിദ്യാലയങ്ങളുണ്ട്. മിക്കയിടത്തും ആവശ്യത്തിനു ഫർണിച്ചറുകളില്ല. ഇത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥി ഉദ്ദേശിക്കുന്ന രൂപത്തിൽ പഠനം നടത്താൻ സാധിക്കാതെ പിന്തള്ളപ്പെട്ടുപോകുന്നു. ഇത്തരം സൗകര്യങ്ങാം വർധിപ്പിക്കാൻ സാമ്പത്തിക സഹായം നൽകാൻ സ്വകാര്യ വിദ്യാലയങ്ങളിൽ ജനങ്ങാം വൈമനസ്യം കാണിക്കുന്നു. അതിനു വ്യക്തമായ കാരണവും അവർക്കുണ്ട്. നിയമനം പി. എസ്. സിക്കു വിടണമെന്ന ആവശ്യം ശക്തമായിട്ടുണ്ട്. അദ്ധ്യാപകനും രക്ഷിതാവും മാനേജരും പൊതുജനങ്ങളും കൂട്ടായിയത്നിച്ചാൽ മാത്രമേ വിദ്യാഭ്യാസ മേഖലയെ രക്ഷപ്പെടുത്താനാവൂ..

പട്ടിക V

### ഭൗതിക സാഹചര്യങ്ങാം

| | സ്കൂാം | ആകെ വിദ്യാർഥികാം | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | സ്റ്റാഫ് റൂം | പാചക മുറി |
|---|---|---|---|---|---|---|---|---|---|
| 1. | യു. എച്ച്. എച്ച്. എസ്. ചാലിയം | 2494 | 80 | 2 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | സി. എം. എച്ച്. എസ്, മണ്ണൂർ | 985 | 41 | 2 | 3 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 3. | മണ്ണൂർ നോർത്ത് എ.യു.പി.സ്കൂാം | 1142 | 38 | 4 | 2 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | ശ്രീദേവി എ.യു.പി.എസ്.കടലുണ്ടി | 672 | 26 | 4 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 5 | കൃഷ്ണാ യു.പി.സ്കൂാം,കടലുണ്ടി | 560 | 18 | 4 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 6. | എ. എൽ. പി. എസ്. കടലുണ്ടി | 214 | 9 | ഇല്ല | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 7. | എ. എം. എൽ. പി.എസ് കടലുണ്ടി | 220 | 9 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 8. | ഫാത്തിമക്കുട്ടി എ.എൽ.പി.എസ് .മണ്ണൂർ | 219 | 9 | 1 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| 9. | സെൻറ് പോാംസ് എൽ.പി.എസ് മണ്ണൂർ | 197 | 7 | 2 | 1 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 10. | കമാലിയ എ.എം.എൽ.പി.എസ്. മണ്ണൂർ | 148 | 7 | 2 | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 11. | എം.എം.എൽ.പി.എസ്. ചാലിയം | 734 | 20 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 12. | ജി.എൽ.പി.എസ്.മുക്കത്തകടവ് | 51 | 3 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 13. | ജി.എൽ.പി.എസ് കടലുണ്ടി | 250 | 8 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| 14. | ജി.എൽ.പി.എസ്.ചാലിയം | 265 | 10 | 3 | 1 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 15. | ജി.എഫ്.എൽ.പി.എസ്ചാലിയം | 175 | 6 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല. |

മിടുക്കരായ വിദ്യാർത്ഥികാംക്ക് ചില സ്കുളുകളിൽ എൻഡോവ്മെൻറുകളും അവാർഡുകളും നല്കുന്നുണ്ട്. പഞ്ചായത്തിൻെറ വകയായും മിടുക്കരായ കുട്ടികാംക്ക് അവാർഡുകാം നൽകുന്നുണ്ട്.

പഞ്ചായത്തിലെ 13 വാർഡുകളിലും വിദ്യാഭ്യാസരംഗം സജീവമായി ചർച്ച ചെയ്യപ്പെട്ടു. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങാം, വിദ്യാഭ്യാസ നിലവാരം അദ്ധ്യാപകരുടെ കാര്യക്ഷമത എന്നിവ വിലയിരുത്തപ്പെട്ടു. മിക്ക വിദ്യാലയങ്ങളിലും നിലവാരം മെച്ചമല്ലെന്ന് ചർച്ചകളിൽ തെളിഞ്ഞുകണ്ടു. യഥാസമയം പാഠപുസ്തകങ്ങാം ലഭിക്കാതിരിക്കൽ, ഗവ. സ്കുളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതിലുള്ള കാലതാമസം, കുട്ടക്ലാസു കയറ്റം, അദ്ധ്യാപകരുടെ പുനഃപരിശീലനം, നിലവിലുള്ള സ്കൂളുകാം അപ്ഗ്രേഡ് ചെയ്യൽ, ഭൗതിക സാഹചര്യങ്ങാം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, പി. ടി. എ, ഉച്ചഭക്ഷണം, മാസാന്തപരീക്ഷകാം, പാഠ്യേതര പ്രവർത്തനങ്ങാം, മൂല്യനിർണയം, ഉന്നത വിദ്യാഭ്യാസ സൗകര്യമില്ലായ്മ, സാങ്കേതിക വിദ്യാലയങ്ങാം തുടങ്ങേണ്ടതിൻെറ ആവശ്യകത എന്നിവയെല്ലാം ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടതായി കാണാം. കടലുണ്ടി ഗവ. എൽ. പി. സ്കൂാം യു. പി. ആയി ഉയർത്തണമെന്ന നിർദ്ദേശം നടപ്പാക്കുന്നതിന് പ്രധാന തടസ്സമായുള്ളത് സ്വകാര്യ വ്യക്തിയുടെ വാടകക്കെട്ടിടത്തിലാണ് നടക്കുന്നത് എന്നതാണ്.

മണ്ണൂർ സി. എം. ഹൈസ്ക്കൂാം, കടലുണ്ടി എ. എൽ. പി. സ്കൂാം, ചാലിയം ഫിഷറീസ് സ്കൂാം, കടലുണ്ടി എ. എം. എൽ. പി., ജി. എൽ. പി. കടലുണ്ടി തുടങ്ങിയവയിൽ കെട്ടിട സൗകര്യങ്ങളും ഫർണിച്ചറും കുറവാണ്. ചുററുമതിൽ ഇല്ലാത്തതുകൊണ്ട് ജി. എൽ. പി. എസ്., ചാലിയം ഗവ. ഫിഷറീസ് എൽ. പി. സ്കൂാം എന്നിവിടങ്ങളിൽ വലിയ പ്രയാസങ്ങാം ഉണ്ട്. അദ്ധ്യാപകരെ സെൻസസ്, എന്യൂമറേഷൻ തുടങ്ങിയ ജോലികാംക്ക് നിയോഗിക്കരുത് എന്നും അഭിപ്രായമുണ്ടായി. നമ്മുടെ വിദ്യാലയത്തിലെ പരിമിതികാം താഴെക്കൊടുത്ത പട്ടികയിൽ കാണുക.

പട്ടിക IV

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 10 | 5 |
| പ്രവർത്തിക്കാത്തത് | 6 | 9 |
| ലാബ് | 6 | 9 |
| പ്രവർത്തിക്കാത്തത് | 5 | 10 |
| പഠനോപകരണങ്ങാം | 5 | 10 |
| റേഡിയോ | 5 | 10 |
| ടേപ്പ് റിക്കോർഡർ | 3 | 12 |
| ടെലിവിഷൻ | - | 15 |
| സിനിമാ പ്രൊജക്ടർ | - | 15 |
| സ്ലൈഡ് പ്രൊജക്ടർ | 3 | 12 |
| ബ്ലാക്ക് ബോഡ് ആവശ്യമുള്ളവ | 14 | 1 |
| മാതൃസംഘം സജീവം | 15 | - |
| ഓവർഹെഡ് പ്രൊജക്ടർ | 1 | 14 |
| പി. ടി. എ. പ്രവർത്തിക്കുന്നുണ്ടോ? | 15 | - |

മൂത്രപ്പുരയില്ലാത്ത ഒന്നും കക്കൂസില്ലാത്ത മൂന്നും കുടിവെള്ളലഭ്യതയില്ലാത്ത അഞ്ചും വൈദ്യുതിയില്ലാത്ത പത്തും സ്കൂളുകളുണ്ട്.

വിദ്യാർത്ഥികളുടെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ 5 വർഷത്തെ എസ്. എസ്. എൽ. സി വിജയശതമാനവും 95-96 വാർഷിക പരീക്ഷയുടെ മൂന്നു മുതൽ പത്തുവരെയുള്ള ക്ലാസുകളിലെ മാർക്കും പട്ടികയായി ചേർത്തിരിക്കുന്നു.

പട്ടിക IV A

എസ്. എസ്. എൽ. സി വിജയ ശതമാനം

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| യു. എച്ച് എച്ച് എസ് ചാലിയം | 43% | 40% | 33% | 28% | 30% |
| സി. എം. ഹൈസ്ക്കൂൾ, മണ്ണൂർ | 34% | 20% | 27% | 30% | 36% |

പട്ടിക VI B

95 - 96 വാർഷിക പരീക്ഷ

| ക്ലാസുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40%നും 50%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 50%നും 60%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 60%നും മുകളിൽ മാർക്ക് നേടിയർ |
|---|---|---|---|---|---|
| III | 193 | 141 | 107 | 102 | 204 |
| IV | 144 | 144 | 145 | 150 | 239 |
| V | 349 | 103 | 125 | 108 | 178 |
| VI | 540 | 146 | 104 | 72 | 122 |
| VII | 435 | 177 | 134 | 71 | 96 |
| VIII | 630 | 131 | 89 | 51 | 47 |
| IX | 478 | 136 | 107 | 62 | 67 |
| X | 439 | 96 | 72 | 31 | 41 |

(പട്ടിക VI B മൂന്നു മുതൽ പത്തുവരെ ക്ലാസുകളിലെ മാർക്കു ശതമാനം) നിലവാരം താഴുന്നതിനു പല കാരണങ്ങളും ചൂണ്ടിക്കാണിക്കാം. സി. എം. എച്ച് എസിൽ 15 ദിവസവും യു. എച്ച് എച്ച് എസിൽ ഒരു ദിവസവും സമരം മൂലം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെട്ടു. യു. എച്ച് എച്ച് എസിലെ അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനം അദ്ധ്യയന ദിവസങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ദൃശ്യ മാധ്യമങ്ങളുടെ പ്രചാരം, സാമൂഹ്യമായ പിന്നോക്കാവസ്ഥ എന്നിവയും മറച്ചുവയ്ക്കാവുന്നതല്ല. മിക്ക കുട്ടികളും ഗൈഡുകളേയും ട്യൂഷൻക്ലാസുകളെയും ആശ്രയിക്കുന്നു.

ഗ്രാമസഭകളിലെ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ വിദ്യാഭ്യാസ മേഖലയിൽ അടുത്ത അഞ്ചുകൊല്ലത്തേക്കുള്ള പ്രവർത്തനങ്ങളുടെ രൂപരേഖ താഴെകൊടുക്കുന്നു.

I 1.കടലുണ്ടി ഗവ. എൽ. പി സ്കൂളിന്റെ കെട്ടിടവും സ്ഥലവും ഏറ്റെടുക്കുക.

2. ചാലിയം ജി. എൽ. പി. സ്കൂൾ യു. പി ആയി ഉയർത്തുക.

3. എൽ. പി. സ്കൂളുകളോടനുബന്ധിച്ച് ശാസ്ത്രീയമായ രീതിയിൽ പ്രീ-പ്രൈമറി സ്കൂളുകൾ ഏർപ്പെടുത്തുക.

4. ചാലിയത്ത് പാരമ്പര്യ സാങ്കേതിക വൈദഗ്ധ്യം (ഖലാസി വിദ്യ, കോഴിയെ ഉപയോഗിച്ച് വിഷമിറക്കൽ) പരിശീലിപ്പിക്കാൻ സാങ്കേതിക വിദ്യാലയം സ്ഥാപിക്കുക.

5. ചാലിയം ഉമ്പിച്ചി ഹാജി ഹൈസ്ക്കൂളും സി. എം. ഹൈസ്ക്കൂളും വൊക്കേഷണൽ ഹയർ സെക്കണ്ടറിയായി ഉയർത്തുക.

6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് പുനഃപരിശീലനം നൽകുക, വിദ്യാർത്ഥികൾക്ക് കലാകായിക മത്സരങ്ങൾ നടത്തുക, പരീക്ഷകൾ ചിട്ടപ്പെടുത്തുക, കായിക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

II സ്കൂളുകളിൽ ടെക്സ്റ്റ്ബുക്ക് നോട്ട്ബുക്ക് എന്നിവ യഥാസമയം ലഭിക്കത്തക്കവിധത്തിൽ സബ്ജില്ലാ തലത്തിൽ ടെക്സ്റ്റ് ബുക്ക് ഡിപ്പോ തുടങ്ങാൻ നടപടി സ്വീകരിക്കുക.

III ഉച്ചക്കഞ്ഞി വിതരണ ചുമതല ഏറ്റെടുക്കുക.

IV അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

V അദ്ധ്യാപക നിയമനം പി. എസ്. സിക്കു വിടുക.

VI പ്രൈമറി വിദ്യാലയങ്ങളിലെ അദ്ധ്യയനം കാര്യക്ഷമമാക്കുന്നതിന് ആ മേഖലയിൽ ടി. ടി. സിക്കാരെ മാത്രം നിയമിക്കുക.

VII അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക.

VIII പി. ടി. എകളും മാതൃസംഗമങ്ങളും സജീവമാക്കുക.

IX ഹൈസ്ക്കൂളുകളിൽ കമ്പ്യൂട്ടർ പഠനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക. പഞ്ചായത്തിൽ ലഭ്യമാകുന്ന മത്സ്യം, ചിരട്ട, കക്ക, നാളികേരം തുടങ്ങിയവ പരമാവധി പ്രയോജനപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കാൻ ഹ്രസ്വകാല കോഴ്സുകൾ നടത്തുന്ന സാങ്കേതിക വിദ്യാലയം ആരംഭിക്കുക. പ്രീഡിഗ്രിക്കു തുല്യമായ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കണം. അനൗപചാരിക വിദ്യാഭ്യാസത്തിനുതകുന്ന ഒരു ദൃശ്യശ്രാവ്യ സങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്കൂളുകളെയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം. ചകിരികൊണ്ട് ചവിട്ടി മുതലായവ ഉണ്ടാക്കുന്നതിനും തയ്യൽവേല പരിശീലനത്തിനും സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തുക.

കുട്ടികൾക്ക് സ്കൂളുകൾ ആകർഷകമാക്കുന്നതിന്

പാഠ്യേതര പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക. സ്കൂൾ പാർലമെൻറുകൾ, സ്കൗട്ടുകൾ, ക്ലബ്ബുകൾ, കൈയെഴുത്തു ചുമർമാസികകൾ, അദ്ധ്യയനയാത്രകൾ, പൂന്തോട്ട നിർമ്മാണം, പച്ചക്കറിത്തോട്ട നിർമ്മാണം, മാസ്ഡ്രില്ലുകൾ, കായിക വിനോദങ്ങൾ (സ്വാതന്ത്ര്യ- റിപ്പബ്ലിക്ക് ദിനങ്ങളുടെ 50ാം വാർഷികം തുടങ്ങിയ) വിശേഷ ദിനാചരണങ്ങൾ, പഠനോപകരണ നിർമ്മാണം, പഠനോത്സവം, പ്രകൃതിപഠനം, സ്കൂൾവാർഷികാഘോഷങ്ങൾ തുടങ്ങി നിരവധി പരിപാടികൾ ഏറെറടുത്തു നടത്താവുന്നതാണ്.

വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി തുടങ്ങിയ വിഭാഗങ്ങളിൽ ബോധവൽക്കരണം നടത്തി കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാം. ഓരോ വിദ്യാലയത്തിനും നിശ്ചിത ശതമാനം കുട്ടികളെ ജയിപ്പിക്കണമെന്ന നിലക്ക് Efficiency target നൽകാവുന്നതാണ്. പരീക്ഷാ സമ്പ്രദായം ഏകീകരിച്ച് ഒരൊറ്റ ഏജൻസിയുടെ കീഴിൽ നടത്തണം. അദ്ധ്യാപകർക്ക് ഹാൻറ് ബുക്കുകൾ നൽകണം. ഹെഡ്മാസ്റ്റർമാരുടെ ജോലിഭാരം കണക്കിലെടുത്തു യു. പി. സ്കൂളുകളിൽ ഒരു ക്ലാർക്കിനെയും എൽ. പി. സ്കൂളുകളിൽ ഒരു അഡീഷണൽ അദ്ധ്യാപകനെയും നിയമിക്കണം. സാക്ഷരതാ പരിപാടി തുടർന്നു നടത്താനുള്ള നടപടികളും സ്വീകരിക്കണം.

സ്കൂളിൻെറ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും മാസാന്ത പരീക്ഷകളും മാതൃസംഗമങ്ങളും പി. ടി. എ കളും സജീവമാകുകയും ജനകീയ പങ്കാളിത്തം ഒത്തുചേരുകയും ചെയ്താൽ തീർച്ചയായും നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഇന്നത്തെ ദുഃസ്ഥിതിയിൽ നിന്നും നമുക്ക് രക്ഷപ്പെടുത്താം.

❖

# 5-4

# ആരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

പുരാതന ഭാരതത്തിലെ ചികിത്സാ രീതി അന്യൂനവും, അദ്വതീയവുമായിരുന്നു. നമ്മുടെ മഹർഷിമാരായ ചരകൻ സുശ്രുതൻ തുടങ്ങിയവർ ശസ്ത്രക്രിയകൾ പോലും വിജയകരമായി നടത്തിയതായി 'അഷ്ടാംഗഹൃദയം' രേഖപ്പെടുത്തിയിട്ടുണ്ട്. പൂർവ്വികരുടെ പെരുമകൾ പഴങ്കഥകളായി. നാടും നാട്ടറിവുകളും മാറി. എങ്കിലും നാലുപതിറ്റാണ്ടു മുമ്പവരെ നമ്മുടെ ഗ്രാമീണരുടെ ആരോഗ്യ പരിപാലനം നടത്തിയിരുന്നത് കുറെ നാട്ടു ചികിത്സാ വൈദ്യന്മാരായിരുന്നു. തലമുറകൾ കൈമാറി കിട്ടിയ നാട്ടുമരുന്നുകളുടെ പിഴയ്ക്കാത്ത അറിവുപയോഗിച്ച് രോഗശമനം നടത്തുന്ന എത്രയോ ചികിത്സകന്മാർ ഇന്നും നമ്മുടെ നാട്ടിലുണ്ട്. പഴയ തലമുറയിൽ വിഷ ചികിത്സാരംഗത്ത് ശ്രീ. ഏ. പി. കുണ്ടുവും, വൈദ്യരംഗത്ത് മണ്ണൂർ നമ്പീശന്മാർ, പള്ളത്ത് വൈദ്യന്മാർ ചോഴക്കാട് വൈദ്യന്മാർ തുടങ്ങിയവർ നടത്തിയ സേവനങ്ങൾ സ്തുത്യർഹമായിരുന്നു. പിന്നീട് ആധുനിക ചികിത്സാ രീതികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളും സൌകര്യങ്ങളും നമ്മുടെ പഞ്ചായത്തിലും നിലവിൽ വന്നു. 1956 നവംബറിൽ ചാലിയം പ്രൈമറി ഹെൽത്ത് സെൻറർ, 1962ൽ കടലുണ്ടി ഗവ. ആയുർവേദ ഡിസ്പെൻസറി 1970ൽ മണ്ണൂർ ഗവ. ആയുർവ്വേദ ഡിസ്പെൻസറി 1966ൽ മണ്ണൂർ കുടുംബ ക്ഷേമകേന്ദ്രം, 1987ൽ കടലുണ്ടി കുടുംബക്ഷേമകേന്ദ്രം എന്നിവ നമ്മുടെ പഞ്ചായത്തിലെ ആരോഗ്യസേവന രംഗത്ത് പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനങ്ങളിൽ മൊത്തം 31 ജീവനക്കാർ സേവനമനുഷ്ഠിക്കുന്നു. ഇതിനു പുറമെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ആശുപത്രിയും 5 ക്ലിനിക്കുകളുമുണ്ട്. 10 ഓളം പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനവും നമുക്ക് ലഭിച്ചുവരുന്നു. ആയുർവേദ ഹോമിയോ, മർമ്മ തുടങ്ങിയ രംഗങ്ങളിലെ വിദഗ്ധ ഡോക്ടർമാരും ഈ പഞ്ചായത്തിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. വിഷചികിത്സാ രംഗത്ത് പാരമ്പര്യ രീതിയിൽ ചികിത്സിക്കുന്നവരും, കോഴിയെ ഉപയോഗിച്ചു ചികിത്സ നടത്തുന്നവരും നമ്മുടെ ഗ്രാമത്തിലെ മാത്രം പ്രത്യേകതയാണ്. കോഴി ചികിത്സയുടെ ശാസ്ത്രീയതയെക്കുറിച്ചു പഠിക്കേണ്ടിയിരിക്കുന്നു.

പട്ടിക നമ്പ്ര് I

പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങൾ

| ക്രമ നമ്പ്ര് | സ്ഥാപനങ്ങളുടെ പേര് | സ്ഥിതി ചെയ്യുന്ന വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ, ചാലിയം | 5 | 1956 | 21 |
| 2. | ഗവ. ആയുർവ്വേദ ഡിസ്പെൻസറി, കടലുണ്ടി | 7 | 1962 | 4 |
| 3. | ഗവ. ആയുർവ്വേദ ഡിസ്പെൻസറി മണ്ണൂർ | 9 | 1970 | 4 |
| 4. | കുടുംബക്ഷേമകേന്ദ്രം കടലുണ്ടി | 6 | 1987 | 1 |
| 5. | കുടുംബക്ഷേമകേന്ദ്രം മണ്ണൂർ | 9 | 1966 | 1 |

ഈ സ്ഥാപനങ്ങളൊക്കെ സ്തുത്യർഹ്യമായ സേവനമനുഷ്ഠിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളക്ഷാമം, കക്കൂസുകളുടെ അപര്യാപ്തത, ശുചിത്വബോധക്കുറവ്, പരിസരശുചിത്വമില്ലായ്മ, ജനമനസ്സുകളിൽ ആഴത്തിൽ വേരോടിയ തെററായ ആരോഗ്യ സമവാക്യം എന്നീ ഘടകങ്ങൾ, എല്ലാവർക്കും ആരോഗ്യമെന്ന നമ്മുടെ ലക്ഷ്യപ്രാപ്തിയിൽ നിന്ന് പിന്നോട്ടടിപ്പിക്കുന്നു.

ആരോഗ്യരംഗത്തെ സ്ഥാപനങ്ങളുടെ സേവനം വ്യാപിപ്പിക്കുന്നതിലൂടെയും പൊതുജനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എല്ലാവർക്കും എത്തിക്കുന്നതിലൂടെയും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിലൂടെയും മാത്രമെ ആരോഗ്യരംഗത്ത് ഇന്നു നേരിടുന്ന പ്രതിസന്ധികൾ അതിജീവിക്കാനാവൂ.

പട്ടിക VI

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച സ്ഥിതി വിവരങ്ങളും

| | സ്ഥാപനങ്ങൾ | | | | |
|---|---|---|---|---|---|
| വാർഡ് | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെക്കുറിച്ച് ഉളള വിലയിരുത്തൽ | മെച്ചപ്പെടുത്താനുളള നിർദ്ദേശങ്ങൾ |
| 1. | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല | സ്വകാര്യ മേഖലയിലും സ്ഥാപനങ്ങളൊന്നും തന്നെയില്ല | കുഷ്ഠം, മന്ത് ക്ഷയരോഗം വിരശല്യം പകർച്ചപ്പനി | ഉദയ ബാലവാടിയിൽ കുടുംബക്ഷേമ കേന്ദ്രത്തിലെ ജീവനക്കാരുടെ സേവനം ലഭിക്കാറുണ്ട് | വനം വകുപ്പിൻെറ കീഴിലുളള ഫോറസ്റ്റ് ഡിപ്പോ സ്ഥലത്ത് ഒര് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക |
| 2. | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെ ഇല്ല | സ്വകാര്യ മേഖലയിലും ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല | മന്ത്, മലമ്പനി കുഷ്ഠം | അടുത്ത കുടുംബക്ഷേമ കേന്ദ്രത്തിലെ ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല | കിടത്തി ചികിത്സിക്കാൻ സൗകര്യമുളള ഒരാശുപത്രി വനംവകുപ്പിൻെറ അധീനതയിലുളള സ്ഥലത്തിൽ നിന്ന് ഒരേക്ര സ്ഥലം ഏററെടുത്തു സ്ഥാപിക്കുക. പരമ്പരാഗതമായി നിലനിൽക്കുന്ന കോഴി ചികിത്സയെക്കുറിച്ചു ശാസ്ത്രീയമായി പഠനം നടത്തുകയും ചികിത്സ വേരററു പോകാതിരിക്കാൻ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക. |
| 3. | ആരോഗ്യ സ്ഥാപനങ്ങളൊന്നും തന്നെയില്ല | പാർട്ട് ടൈം ക്ലിനിക്കുകൾ ഉണ്ട് | കുഷ്ഠം, ക്ഷയം മന്ത്. | ചാലിയം ഹെൽത്ത് സെൻററിലെ ജീവനക്കാർ ഗൃഹ സന്ദർശനത്തിനെത്താറുണ്ട് | ഒരു പ്രൈമറി ഹെൽത്ത് സെൻററും ഒരു കുടുംബക്ഷേമ കേന്ദ്രവും സ്ഥാപിക്കുക. |
| 4. | ആരോഗ്യ സ്ഥാപനങ്ങളൊന്നുമില്ല | പാർട്ട് ടൈം ക്ലിനിക്ക് ഉണ്ട് | ഛർദ്യതിസാരം ചിക്കൻ പൊക്സ്കണ്ണുരോഗം | ജീവനക്കാരുടെ പ്രവർത്തനം തൃപ്തികരമല്ല | ചാലിയം പ്രാഥമികാരോഗ്യ കേന്ദ്രം കിടത്തി ചികിത്സിക്കാൻ സൗകര്യമുളള സ്ഥാപനമാക്കി ഉയർത്തുക. |
| 5. | ഒരു പ്രൈമറി ഹെൽത്ത് സെൻററുണ്ട് | സ്വകാര്യസ്ഥാപനക്കാർ ഇല്ല | കുഷ്ഠം, മന്ത് ക്ഷയം | പൊതുജനാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം തൃപ്തികരമല്ല. ആരോഗ്യ ബോധവൽക്കരണം നടത്താറില്ല. | പ്രൈമറി ഹെൽത്ത്സെൻറർ 25 കിടക്കകളോടെ കിടത്തി ചികിത്സിക്കാൻ സൗകര്യമുളള സ്ഥാപനമാക്കി ഉയർത്തുക. ഒരു മുഴുവൻ സമയ ഡോക്ടറുടെ സേവനം ആവശ്യമാണ്. |

പട്ടിക തുടരുന്നു........

| | | | | | |
|---|---|---|---|---|---|
| 6. | ഒരു കുടുംബ ക്ഷേമ കേന്ദ്രം ഉണ്ട് | സ്വകാര്യമേഖലയിൽ സ്ഥാപനങ്ങളില്ല | വിരശല്യം കുട്ടികളുടെ ഇടയിൽ ടി. ബി | കുടുംബക്ഷേമ കേന്ദ്രത്തിലെ ജീവനക്കാർ ഗൃഹസന്ദർശനം നടത്താറുണ്ട്. | കുടുംബക്ഷേമകേന്ദ്രത്തിൽ അവശ്യ മരുന്നുകൾ എത്തിക്കുക |
| 7. | ഗവ. ആയുർവേദ ഡിസ്പെൻസറിയുണ്ട് | സ്വകാര്യ ആശുപത്രിയുണ്ട് | ആസ്തമ, വാതസംബന്ധമായ രോഗങ്ങൾ കാണപ്പെടുന്നു. | ആരോഗ്യകേന്ദ്രത്തിൽ വേണ്ടത്ര മരുന്നുളില്ല | പുതിയ നിർദ്ദേശങ്ങളൊന്നും ഇല്ല. |
| 8. | ആരോഗ്യ സ്ഥാപനങ്ങളില്ല | സ്വകാര്യമേഖലയിൽ സ്ഥാപനങ്ങളില്ല | പനി, വയറിളക്കം ഛർദ്ദി, കണ്ണ് രോഗം | കുടുംബക്ഷേമ ജീവനക്കാർ ഗൃഹസന്ദർശനം നടത്താറില്ല. ആരോഗ്യ ക്ലാസുകൾ നടത്താറില്ല | " " |
| 9. | കുടുംബക്ഷേമ കേന്ദ്രവും ഒരു ഗവ. ആയുർവേദ ഡിസ്പെൻസറിയുമുണ്ട് | സ്വകാര്യമേഖലയിൽ സ്ഥാപനങ്ങളില്ല | പനി, ഛർദ്ദി വയറിളക്കം, ആസ്തമ, തലവേദന, പ്രമേഹം | സർക്കാർ ആശുപത്രി ജീവനക്കാർ പ്രതിരോധ കുത്തിവെപ്പുകൾ നടത്താറില്ല. | " " |
| 10. | ആരോഗ്യ സ്ഥാപനങ്ങളൊന്നും ഇല്ല | സ്വകാര്യ ക്ലിനിക്കും ഒരു ഹോമിയോ ക്ലിനിക്കും ഉണ്ട് | ആസ്തമ, ബാല ടി. ബി. എന്നിവ കാണപ്പെടുന്നു | പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ കീഴിൽ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവെപ്പ് നടത്താ.റുണ്ട് | " " |
| 11. | ആരോഗ്യ സ്ഥാപനങ്ങളൊന്നും ഇല്ല | | പനി, ചുമ ഇവ കാണുന്നു | | |
| 12. | ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല | ഇല്ല | " " | | പഞ്ചായത്ത് തലത്തിൽ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു സർക്കാർ ആശുപത്രി സ്ഥാപിക്കണം |
| 13. | ആരോഗ്യസ്ഥാപനങ്ങളില്ല | [illegible] ക്ലിനിക്ക് ഉണ്ട് | കുഷ്ഠം, മന്ത്, വയറിളക്കം ഛർദ്ദി ബാല ടി. ബി | പ്രാഥമിക ഹെൽത്ത് സെൻററിലെ ജീവനക്കാർ വീടുകളിലെ ഗർഭിണികളെയും കുട്ടികളെയും പരിശോധിക്കാറില്ല | നിർദ്ദേശങ്ങളില്ല |

ഗ്രാമസഭകളിലെറിപ്പോർട്ടിലും പ്രൈമറിഹെൽത്ത് സെൻററിലെ രേഖകളിലും, കുഷ്ഠം, മലമ്പനി, മന്ത് തുടങ്ങിയ രോഗികളുടെ എണ്ണം വളരെ കൂടുതലാണ്. ഇവ പകർച്ച വ്യാധികളാണ്. ദീർഘകാല ചികിത്സ ആവശ്യമുള്ളവയായതിനാൽ ഇവ എത്രയും വേഗം നിർമ്മാർജ്ജനം ചെയ്യപ്പെടേണ്ടതാണ്.

പട്ടിക II ചാലിയം പ്രൈമറി ഹെൽത്ത് സെൻററിൽ ചികിത്സക്കായി എത്തിയ രോഗികളുടെ വിവരം

| വർഷം | രോഗനിവാരണാർത്ഥം ചാലിയം പ്രൈമറി ഹെൽത്ത് സെൻററിൽ എത്തിെ രോഗികളുടെ എണ്ണം | | | | | മറ്റു രോഗങ്ങൾ | ആകെ രോഗികളുടെ എണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|---|---|
| | മന്ത് | മലമ്പനി | കുഷ്ഠം | പനി | ഛർദി അതിസാരം | | | |
| 94 | | 34 | 10 | 1087 | 181 | 8737 | 10049 | |
| 95 | | 25 | 9 | 977 | 290 | 6152 | 7453 | |
| 96 ഒക്ടോ. | | 16 | 6 | 813 | 202 | 6039 | 7076 | |

## കക്കൂസ്

വീടുകളുടെ മൊത്തം എണ്ണമെടുത്താൽ 50 ശതമാനവും ചില വാർഡുകളിൽ 90 ശതമാനംവരെയും കക്കൂസുകളില്ലാത്തവയാണ്. 94, 95, 96 വർഷങ്ങളിൽ 673 പേർ ചർദ്ദി അതിസാര രോഗത്തിനു ചികിത്സക്കായി ചാലിയം പ്രൈമറി ഹെൽത്ത് സെൻററിൽ മാത്രം എത്തിയതായി രേഖകളിൽ കാണുന്നു. മററു ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിയ ഇത്തരം രോഗികളുടെ എണ്ണം കൂടി എടുക്കുമ്പോൾ ഈ സംഖ്യ ഭയാനകമാം വിധം ഉയർന്നിരിക്കും. ഇത് കക്കൂസില്ലാത്ത അവസ്ഥയുടെയും വൃത്തിഹീന ചുററുപാടുകളുടെയും പ്രത്യാഘാതമാണ്.

പട്ടിക III

ഗവ. ആയുർവ്വേദ ഡിസ്പെൻസറി കടലുണ്ടി
ചികിത്സക്കായി എത്തിയവരുടെ എണ്ണം.

| വർഷം | പുരുഷൻ | സ്ത്രീകൾ | കുട്ടികൾ | ആകെ മരുന്നിന് ചിലവഴിച്ച തുക |
|---|---|---|---|---|
| 94-95 | 3826 | 17593 | 3594 | 6458 |
| 95-96 | 4188 | 17098 | 3984 | 19460 |

പട്ടികനമ്പ്ര് IV

ഗവ. ആയുർവേദ ഡിസ്പെൻസറി മണ്ണൂർ
ചികിത്സക്കായി എത്തിയവരുടെ എണ്ണം

| വർഷം | പുരുഷൻ | സ്ത്രീകൾ | കുട്ടികൾ | ആകെ മരുന്നിന് ചിലവഴിച്ച തുക |
|---|---|---|---|---|
| 94-95 | 4643 | 10,485 | 3822 | 15,848 |
| 95-96 | 4583 | 22,918 | 3056 | 19,892 |

## കുടിവെള്ളം

രൂക്ഷമായ കുടിവെള്ളക്ഷാമം, പൊതുജനങ്ങളെ മലിനജലം പോലും അത്യാവശ്യഘട്ടങ്ങളിൽ ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്നു. ഇത് പല ജലജന്യ രോഗങ്ങൾക്കും കാരണമാവുന്നുണ്ട്.

## പരിസര, ഗൃഹശുചിത്വബോധം

നമ്മുടെ വീടും പരിസരങ്ങളും മാത്രമല്ല, നാം ഇന്നുപയോഗിച്ചുകൊണ്ടിരിക്കുന്ന പൊതു സ്ഥലങ്ങൾപോലും വൃത്തിയായും ഭംഗിയായും സൂക്ഷിക്കാനുള്ള ബോധം നമ്മുടെ ഗ്രാമീണരിലുണ്ടാവണം. എങ്കിലേ പ്രതിരോധത്തിലൂന്നിയ നമ്മുടെ ആരോഗ്യ രംഗം സംപുഷ്ടമാക്കാനാവൂ. ഇതിനു പൊതുജനസഹകരണം ഒഴിച്ചുകൂടാനാവാത്തതാണ്. ഓടകളിലും പൊതുസ്ഥലങ്ങളിലും അഴുക്കുവസ്തുക്കൾ കെട്ടിനില്ക്കാനനുവദിക്കാതിരിക്കുക. കൊതുകുകൾ വളരാനുള്ള സാഹചര്യങ്ങൾ ഒഴിവാക്കുക. അറവുശാലകൾ, മത്സ്യമാർക്കററുകൾ, കോഴി വില്പനകേന്ദ്രങ്ങൾ, ഹോട്ടലുകൾ തുടങ്ങിയവയിലെ പാഴ് വസ്തുക്കൾ പരിസര ശുചിത്വത്തെ ബാധിക്കുന്ന അവസ്ഥ മാററാനുള്ള ബോധപൂർവ്വശ്രമം നടത്തണം.

പട്ടിക നമ്പ്ര് V

കുട്ടികൾക്കായി നടത്തിയ പ്രതിരോധ കുത്തിവെപ്പുകൾ

| പ്രതിരോധകുത്തിവെപ്പുകൾ എടുത്ത കുട്ടികളുടെ എണ്ണം | | | | |
|---|---|---|---|---|
| വർഷം | BCG | DPT | MEASELS | POLIYO VACCINE |
| 95 | 267 | 642 | 355 | 742 |
| 96 ഒക്ടോബർവരെ | 247 | 1424 | 372 | 1424 |

**പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ**

1. സർക്കാർ തലത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന പൾസ് പോളിയോ യജ്ഞം ശ്ലാഘനീയമാണെങ്കിലും ജനകീയ പങ്കാളിത്തത്തോടെ മുഴുവൻ കുട്ടികളിലും എത്തിക്കാനാവശ്യമായ പ്രവർത്തനങ്ങൾ തുടരുക.
2. സ്കൂൾ കുട്ടികൾക്കായി ആരോഗ്യവകുപ്പും വിദ്യാഭ്യാസവകുപ്പും സംയുക്തമായി നടത്തിയ 'സുനേത്ര' പദ്ധതി-ന്യൂനതകൾ പരിഹരിച്ചു വർഷം തോറും നടപ്പിലാക്കുക.
3. പ്രൈമറി വിദ്യാർത്ഥികൾക്കായി ഇക്കഴിഞ്ഞ വർഷം ആരോഗ്യ വകുപ്പു ആരംഭിച്ച രോഗനിർണ്ണയ പദ്ധതി പരിഷ്ക്കരിച്ചു മുഴുവൻ വിദ്യാർത്ഥികളുടേയും ആരോഗ്യ രക്ഷ ഉറപ്പു വരുത്തുന്ന രീതിയിലുള്ള സമഗ്രമായ ഹെൽത്ത് കാർഡ് സമ്പ്രദായം ആവിഷ്ക്കരിക്കുക.
4. പഞ്ചായത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചാലിയം പ്രൈമറി ഹെൽത്ത് സെൻറർ 10 കിടക്കകളെങ്കിലുമുള്ള ആശുപത്രിയാക്കി ഉയർത്തുക.(ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹെൽത്ത് സെൻറർ, പൌരപ്രമുഖനായിരുന്ന ശ്രീ. പി. ബി. ഐ ബാവഹാജി ദാനം നൽകിയ ഒരേക്കർ സ്ഥലത്തായിരുന്നു സ്ഥാപിച്ചത്. എന്നാൽ വർഷങ്ങളുടെ കാലപ്പഴക്കത്താൽ 50 സെൻറ് ഭൂമിയാണ് നിലവിലുള്ളത്. രേഖകളുടെ അഭാവത്താൽ ഭൂമിയുടെ ഉടമാവകാശം സർക്കാറിൻേറതാക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഇതിനു ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
5. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
6. കുടുംബക്ഷേമകേന്ദ്രങ്ങളിൽ ഒരു ദിവസമെങ്കിലും ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുക.
7. കിടത്തിചികിത്സിക്കാവുന്ന ഒരു ആയുർവേദ ഡിസ്പെൻസറി സ്ഥാപിക്കുക. (ഈ പഞ്ചായത്തിൽ 25 സെൻറ് സ്ഥലം ലഭ്യമാണ്) സൂചിക. സർക്കാർ ഉത്തരവ് ബി. 1.

15. 228/96 8. 10. 96 ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്.

8. പഞ്ചായത്തിൽ സർക്കാർ ഹോമിയോ ഡിസ്പെൻസറി ആരംഭിക്കുക.
9. പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള ശുചിത്വം ഉറപ്പു വരുത്തുന്ന അറവുശാലകൾ സ്ഥാപിക്കുക.
10. ശുചിത്വമുള്ള മത്സ്യ വില്പന കേന്ദ്രങ്ങൾ തുറക്കുക.
11. സ്കൂൾ മാതൃസംഗമങ്ങളിൽ ആരോഗ്യം- പരിസര ശുചീകരണ വിഷയങ്ങളെക്കുറിച്ചു ക്ലാസുകൾ നൽകുക.
12. ആരോഗ്യപരിപാലനത്തിനു അനിവാര്യഘടകങ്ങളായ കായിക പരിശീലനങ്ങൾക്ക് (യോഗ, കളരി, കരാട്ടെ, ജിംനേഷ്യം) തുടങ്ങിയവക്ക് ആവശ്യമായ പ്രോത്സാഹനം നൽകുക.
13. സർവ്വോപരി മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയിൽ നിന്നൊക്കെയുള്ള മോചനം ആരോഗ്യപരിപാലനത്തിനു പ്രഥമ പരിഗണനയർഹിക്കുന്ന ഘടകമാണ്. ഇതിൽ നിന്നൊക്കെ സമീപ ഭാവിയിൽതന്നെ മോചനം നേടുമെന്നു പ്രത്യാശിക്കാം.
14. പഞ്ചായത്തിൽ ഒരു പൊതു ശ്മശാനമുണ്ട്. ഇതിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്.

# കുടിവെള്ളവും പൊതുജനാരോഗ്യവും

ഒരു ഗ്രാമത്തിലെ ജനതയുടെ ആരോഗ്യത്തിൻെറ സൂചികയാണ് അവിടുത്തെ ശുദ്ധജലടാപ്പുകൾ, രണ്ടായിരമാണ്ടിൽ എല്ലാവർക്കും ആരോഗ്യമെന്ന നമ്മുടെ ലക്ഷ്യം കൈവരിക്കാനാവണമെങ്കിൽ എല്ലാവർക്കും ശുദ്ധജലം ലഭിക്കും എന്നു ഉറപ്പു വരുത്താൻ കഴിയണം.

നാലു ഭാഗവും വെള്ളത്താൽ ചുററപ്പെട്ട നമ്മുടെ പഞ്ചായത്തിൽ മിക്ക പ്രദേശങ്ങളിലും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഇവിടെ സർക്കാരിൻെറ മൂന്നു ശുദ്ധജല പദ്ധതികളിലായി 104 പൊതുടാപ്പുകളും 371 ഗാർഹിക കണക്ഷനുകളുമുണ്ട്. ഇതിനുപുറമെ പഞ്ചായത്ത് നേരിട്ടു നടത്തുന്ന മണ്ണൂർ ഗംഗ ശുദ്ധജല വിതരണ പദ്ധതിയിൽ 21 പൊതു ടാപ്പുകളുണ്ട് കടുത്ത വേനലിൽ മുഴുവൻ ടാപ്പുകളിലും വെള്ളമെത്തിക്കാൻ ആവശ്യമായത്ര വെള്ളം പമ്പിംഗ് കിണറുകളിലില്ല.

സർക്കാർ അർദ്ധസർക്കാർ ശുദ്ധജലവിതരണപദ്ധതികൾ
പട്ടിക I

| ക്രമ നമ്പ്ര് | പദ്ധതിയുടെ പേര് | സ്ഥാപിച്ച വർഷം | സംഭരണ ശേഷി | പൊതു ടാപ്പുകൾ | ഗാർഹിക ടാപ്പുകൾ | മൊത്തം ടാപ്പുകൾ |
|---|---|---|---|---|---|---|
| 1 | കടലുണ്ടി ZONE 1 | - | 45,500ലി | 28 | 126 | 154 |
| 2. | കടലുണ്ടി ZONE 2 | - | 45,000ലി | 29 | 151 | 180 |
| 3. | ചാലിയം | - | 50,000ലി | 62 | 140 | 202 |
| 4 | മണ്ണൂർ ഗംഗ | 1984 | 30,000 | 21 | - | 21 |

പഞ്ചായത്തിൻെറ ഉടമയിലുള്ള 40 കിണറുകളിൽ പലതിലും ശുദ്ധജലമില്ല. കുടിവെള്ള ക്ഷാമം രൂക്ഷമാണെങ്കിലും കഠിനമായ വേനലിലൊഴികെ അലക്കാനും കുളിക്കാനും കുളങ്ങൾ, ചെറുചോലകൾ, പുഴ, തോടുകൾ എന്നിവയെ ആശ്രയിക്കുന്നതിനാൽ ഇതനുഭവപ്പെടുന്നില്ല. ഈ പ്രത്യേകത കാരണം കടുത്ത വേനലിൽ മാത്രമേ അധികൃതർ കുടിവെള്ളത്തെക്കുറിച്ചു ചിന്തിക്കുന്നുള്ളു. അതുകൊണ്ട് ആ കാലങ്ങളിൽ റവന്യൂ അധികൃതർ ലോറികളിൽ കുടിവെള്ളം എത്തിക്കാറുണ്ട്

പൊതുജനങ്ങളുടെ കൂട്ടായ്മയിലൂടെ 17 സ്വകാര്യ ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ നിലവിൽ വന്നത് ചില വാർഡുകളിലെങ്കിലും ശുദ്ധജല ക്ഷാമം പരിഹരിക്കാൻ സഹായകരമായിട്ടുണ്ട്. ഇവയിൽ ചില പദ്ധതികൾക്ക് ആവശ്യമായ വെള്ളം ലഭിക്കുന്നത് ചേലേമ്പ്ര പഞ്ചായത്തിൽ നിന്നാണ്. ഇത്തരം പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്ന ഒരു സമീപനം അധികൃതരുടെ ഭാഗത്ത് നിന്നു ഇന്നില്ല. ഈ പദ്ധതികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കാൻ വളരെയേറെ വിഷമിക്കുന്നുണ്ട്. ഇവ പരിഹരിച്ചു ഈ രംഗത്തെ പ്രോത്സാഹിപ്പിച്ചാൽ നമ്മുടെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ ഒരു പരിധിവരെ സഹായകരമായിരിക്കും. അതേസമയം സ്വകാര്യ വ്യക്തികൾ ലാഭത്തിനുവേണ്ടി ഇത്തരം പദ്ധതികൾ ഏറെറടുത്തു നടത്തുന്ന പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്.

പട്ടിക III സ്വകാര്യ ശുദ്ധജല വിതരണ പദ്ധതികൾ

| ക്രമ നമ്പ്ര് | വാർഡ് നമ്പ്ര് | പദ്ധതിയുടെ പേര് | ഗുണഭോക്ത കുടുംബങ്ങളുടെ എണ്ണം | മററു വിവരങ്ങൾ |
|---|---|---|---|---|
| 1. | 3 | പൊററയിൽ പറമ്പ് (മുരുകല്ലിങ്ങൽ) | 17 | ചേലേമ്പ്ര പഞ്ചായത്തിൽ |
| 2. | 9 | പെരിയാർ | 30 | നിന്നു ശുദ്ധജലം |
| 3. | 9 | വടക്കുമ്പാട് | 15 | കൊണ്ട്വരുന്നു. |
| 4. | 9 | പുത്തുക്കരെ പ്രദേശം | 15 | കൃഷിആവശ്യത്തിന് ഈവെള്ളം ഉപയോഗിക്കുന്നു |
| 5. | 10 | തച്ചറാടി ഭാഗത്ത് | 40 | - |
| 6. | 10 | കാരാങ്ങര | 30 | - |
| 7. | 10 | പഴയബാങ്ക്, (കുർമ്മത്തറ) | 30 | - |
| 8. | 11 | മുക്കത്തകടവ് ഭാഗം | 30 | - |
| 9. | 11 | കടത്തുംപാടം ചറക്കടവ് | 25 | - |
| 10 | 11 | പട്ടത്താനം | 25 | - |
| 11 | 11 | കിഴക്കെയിൽ | 25 | - |
| 12 | 11 | തീപ്പെട്ടിക്കമ്പനി | 5 | - |

| | | | | |
|---|---|---|---|---|
| 13 | 11 | കൊക്കിയാട് | 5 | - |
| 14 | 11 | പല്ലൂർ | 40 | - |
| 15. | 11 | വെണ്ണക്കുളങ്ങര | 50 | - |
| 16 | 11 | കോട്ടേപ്പുറം | 30 | - |
| 17 | 11 | കുററിക്കാട്ടിൽ | 50 | - |

വിശേഷാൽ ഗ്രാമസഭകളിൽ നിന്നുയർന്ന് വന്ന കുടിവെള്ള പദ്ധതികളുടെ നിർദ്ദേശങ്ങൾ പരിശോധിച്ചപ്പോൾ ചില പദ്ധതികളെക്കുറിച്ചു അമിതമായ പ്രതീക്ഷവെച്ചു പുലർത്തുന്നതായി തോന്നി. ഈ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കിയാൽ തന്നെ ഇവിടെയുള്ള കുടിവെള്ളക്ഷാമത്തിനു എത്രത്തോളം പരിഹാരമാകും എന്നു വിദഗ്ധർ പരിശോധിക്കേണ്ടിയിരിക്കുന്നു. വിശേഷാൽ ഗ്രാമസഭകളിലെ വിശദമായ ചർച്ചകളിൽ ഉരുത്തിരിഞ്ഞ പ്രശ്ന പരിഹാരങ്ങളും പഞ്ചായത്തിൽ നടപ്പാക്കാവുന്ന പദ്ധതികളെക്കുറിച്ചുള്ള നിർദ്ദേശങ്ങളും വസ്തുനിഷ്ഠമായ വിശകലനത്തിനായി ഇതിൽ ചേർത്തിരിക്കുന്നു.

നമ്മുടെ ഗ്രാമത്തിലെ ജലസംഭരണികളായിരുന്ന വയലുകളും കുളങ്ങളും നികത്തി വീടുവെയ്ക്കാനും മററു കൃഷികൾ ചെയ്യാനും തുടങ്ങിയിട്ടുണ്ട്. വിനാശകരമായ ഈ പ്രവണത ഇനിയും തുടരുകയാണെങ്കിൽ, നമ്മുടെ കിണറുകളിൽ വെള്ളമില്ലാതാവുകയും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയും ചെയ്യും. അതുകൊണ്ട് ഇപ്പോൾ നില നിൽക്കുന്ന വയലുകളും ജലാശയങ്ങളും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇതിന് ജനകീയ ഇടപെടലുകൾ ആവശ്യമാണ്.

കുടിവെള്ളക്ഷാമ പരിഹാരത്തിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ മുന്നോട്ട് വെയ്ക്കുന്നു.

1 വെള്ളക്കാട്ട് ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കുക

2 വടക്കൊടിത്തറ ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിക്കുക

3.ചെട്ടിക്കുളങ്ങര പദ്ധതി പണിപൂർത്തിയാക്കുക.

മേൽപ്പറഞ്ഞ പദ്ധതികൾ ഭാഗികമായി പൂർത്തിയായവയാണ്

4. കാവുംകുളംപദ്ധതിയ്ക്ക് വിഘാതമായി നിൽക്കുന്ന നിയമതടസ്സങ്ങൾ നീക്കി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.
5. എങ്ങാട്ടിരി പദ്ധതി നടപ്പിലാക്കുക.
6. നിലവിലുള്ള കേരള വാട്ടർ അതോറിറ്റിയുടെ കുന്നമ്മലിലുള്ള വാട്ടർ സപ്ലൈ സ്കീമിൻെറ ശക്തി വർദ്ധിപ്പിക്കാൻ പുതിയ കിണർ കുഴിച്ച് വെള്ളമെത്തിക്കുക.
7. കക്കാട് ഏരിയയിൽ ശുദ്ധജലവിതരണത്തിനായി മിനി ശുദ്ധജല വിതരണ പദ്ധതി ഏർപ്പെടുത്തുക.
8. അമ്പാളിപ്പറമ്പ് തറവാട് ശുദ്ധജലവിതരണ പദ്ധതി പ്രാവർത്തികമാക്കുക.
9. പേടിയാട്ടുകുന്നിൽ ഒരു പുതിയ വാട്ടർ സപ്ലൈ സ്കീം ആവിഷ്ക്കരിക്കുക.
10. എട്ടാം വാർഡിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാൻ ജല ലഭ്യത കണക്കിലെടുത്തു ഒരു ശുദ്ധജലവിതരണ പദ്ധതി അനുവദിക്കുക.
11. പുത്തുക്കരെ പദ്ധതി നടപ്പിലാക്കുക.
12. തച്ചരൊടി, പൂച്ചേരിക്കുന്ന് ഭാഗങ്ങളിൽ പുതിയ ഓരോ ശുദ്ധജല വിതരണ പദ്ധതി, നടപ്പിലാക്കുക.
13. പതിനൊന്നാം വാർഡിലെ കുളങ്ങൾ സംരക്ഷിച്ച് നാരേങ്ങാട്ട് ഒരു മിനി ജലവിതരണ പദ്ധതി നാരങ്ങാപറമ്പിൽ ആരംഭിക്കുക.
14. പൂച്ചേരിക്കുന്നിലെ ശുദ്ധജല വിതരണ ഗുണഭോക്താക്കളുടെ നിർദ്ദേശ പ്രകാരം 2 സെൻറ് സ്ഥലത്തു പുതിയ ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക.
15. ഗ്രേറ്റർ കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിൻെറ ഭാഗമായി പെരുവണ്ണാമൂഴിയിലെ വെള്ളമുപയോഗിച്ച്പഞ്ചായത്തിൽ ശുദ്ധജല വിതരണം നടത്താനുള്ള പദ്ധതി ആരംഭിക്കുക.
16. ചീക്കോട് ഫേസ് - 2 പദ്ധതിയുടെ (മലപ്പുറം) ഭാഗമായി ഈ പഞ്ചായത്തിൽ ശുദ്ധജലമെത്തിക്കാനുള്ള ഒരു പദ്ധതി സർക്കാറിൻെറ പരിഗണനയിലുണ്ട്. അതു യാഥാർത്ഥ്യവൽക്കരിക്കാനുള്ള നടപടികൾ സ്വീകരിക്കണം

### വാർഡ് 1

കടലോര പ്രദേശമായ ഇവിടെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. രൂക്ഷമായ കുടിവെള്ള ക്ഷാമമനുഭവപ്പെടുന്ന കാലത്ത് ലോറികളിൽ വെള്ളമെത്തിക്കുന്നു. ജനസാന്ദ്രത കൂടിയ ഈ വാർഡിൽ കുടിവെള്ളത്തിനായി 6 പൊതുടാപ്പുകളെയാണ് പ്രധാനമായും ആശ്രയിക്കുന്നത്. ഉദയാ മഹിളാ സമാജംബാലവാടിയിലെ പൊതു കിണറിലെ വെള്ളം ഉപയോഗിച്ച് ഒരു ചെറുകിട ശുദ്ധജല വിതരണ പദ്ധതി ആരംഭിച്ചാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്.

### വാർഡ് - 2

പുഴയോട് ചേർന്ന ഈ വാർഡിൽ മിക്ക സ്ഥലത്തും കിണറുകളിൽ ഉപ്പുവെള്ളമാണുള്ളത്. ശുദ്ധ ജലടാപ്പുകൾ 5 എണ്ണമുണ്ടെങ്കിലും 500ൽ ഏറെ കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് ഇത് തീരെ അപര്യാപ്തമാണ്. ഈ വാർഡിലും രൂക്ഷമായ വരൾച്ചാ കാലത്ത് ലോറികളിൽ ശുദ്ധജലമെത്തിക്കേണ്ടി വരാറുണ്ട്. നിർദ്ദിഷ്ട രണ്ടാം വാർഡ് വാട്ടർ സപ്ലൈ സ്കീം - ചാലിയം പോസ്റ്റാഫീസിനു മുന്നിലുള്ള കിണറുപയോഗിച്ച് - നടപ്പിലാക്കിയാൽ ഈ വാർഡിലെ രണ്ട്

തുരുത്തുകളിലെ ശുദ്ധജലക്ഷാമവും കൂടി പരിഹരിക്കാനാവും.

### വാർഡ് - 3

സ്ഥിരമായി കുടിവെള്ളക്ഷാമമനുഭവപ്പെടുന്ന പ്രദേശങ്ങളാണ് കണ്ണൻതൊടി, പാണക്കോട് പടിഞ്ഞാറെഭാഗം, കൊടിവളപ്പ്, പാവഞ്ചേരിപ്പാടം, കുന്നുമ്പുറം, വില്ലേജാഫീസിനു വടക്കുഭാഗം ലക്ഷംവീടിനു പടിഞ്ഞാറെ ഭാഗം, പുന്നയിൽ തുടങ്ങിയവ. ഈ വാർഡിൽ 15 ടാപ്പുകളാണുള്ളത്. വെള്ളക്കാട്ട് താഴെ തുടങ്ങിവെച്ച കുന്നത്ത് താഴം ശുദ്ധജലവിതരണ പദ്ധതി 3,4 വാർഡുകളിലെ ശുദ്ധജലക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരമാണ്. നിലവിലുള്ള ചാലിയം (കുന്നുമ്മൽ) വാട്ടർ ടാങ്കിന് പുതിയ ഒരു കിണർ കൂടി കുഴിച്ച് ശുദ്ധജല ലഭ്യത വർദ്ധിപ്പിച്ചാൽ പുതിയ കണക്ഷനുകൾ നല്കാനാവും. ഇപ്പോഴുള്ള ടാപ്പുകളിൽ കൂടുതൽ വെള്ളം നൽകാനുമാവും.

### വാർഡ് - 4

മിക്ക കിണറുകളിലും ഉപ്പുവെള്ളമായതിനാൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഒരു പ്രദേശമാണിത്. ഒരിടത്തും ശുദ്ധജല വിതരണ ടാപ്പുകൾ ഇല്ല. റിപ്പേറിന്റെ അഭാവം മൂലം പഞ്ചായത്ത് കിണറിലെ വെള്ളം ഉപയോഗയോഗ്യമല്ല. താഴ്ന്ന പ്രദേശങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നത് തടയാൻ മുരുകല്ലിങ്ങൽ ഇടച്ചിറ തോടുകളിൽ ചീർപ്പു സംവിധാനം ഏർപ്പെടുത്തുക. പണി നടന്നുകൊണ്ടിരിക്കുന്ന കയനിപ്പാടം ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാക്കുക. കുന്നത്ത് താഴം പദ്ധതിയിൽ നിന്നും കാഞ്ഞിരത്തറ ഭാഗത്തേക്ക് കണക്ഷനുകൾ നീട്ടുക. വെള്ളക്കാട്ട് പദ്ധതി പൂർത്തിയാക്കുക. ചാലിയം പോസ്റ്റാഫീസിനു മുമ്പിലുള്ള നിർദ്ദിഷ്ട ശുദ്ധജലവിതരണ പദ്ധതിയിൽ നിന്നും ഏതാനും ടാപ്പുകൾ ഈ പ്രദേശത്തേക്ക് അനുവദിക്കുക തുടങ്ങിയവയാണ് കുടിവെള്ളക്ഷാമത്തിനുള്ള ഏതാനും പരിഹാര നിർദ്ദേശങ്ങൾ.

### വാർഡ് - 5

600 ഓളം കുടുംബങ്ങൾ താമസിക്കുന്ന ഈ പ്രദേശത്ത് പൗക്കത്തൊടി, പുറത്തെപറമ്പിൽ ഏരിയ, കടലുണ്ടിക്കടവ്, കടുക്കബസാർ റോഡിന്റെ പടിഞ്ഞാറുഭാഗം (സീവാൾഭാഗം), കോതേരിപ്പറമ്പ് തുടങ്ങിയ സ്ഥലങ്ങളിൽ സ്ഥിരമായി കുടിവെള്ളക്ഷാമമനുഭവപ്പെടുന്നു. നിലവിലുള്ള ശുദ്ധജലവിതരണ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക. കക്കാട് ഏരിയായിൽ പുതിയ ശുദ്ധജലവിതരണ പദ്ധതികൾ ആരംഭിക്കുക. ചാലിയം പോസ്റ്റാഫീസിനു മുന്നിലുള്ള നിർദ്ദിഷ്ട പദ്ധതിയിൽ നിന്നും കുറച്ചു ടാപ്പുകൾ ബീച്ച് ഏരിയയിലേക്കു അനുവദിക്കുക എന്നിവയാണ് പരിഹാര നിർദ്ദേശങ്ങൾ.

### വാർഡ് - 6

വാർഡിലെ പല പ്രദേശത്തും ഉപ്പുവെള്ളമായതിനാൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. വേനൽ കാലത്ത് ഈ പ്രദേശങ്ങളിൽ ലോറിയിൽ കുടിവെള്ളമെത്തിക്കേണ്ടിവരാറുണ്ട്. ചാലിക്കൊമ്പ് (അമ്പാളിപ്പറമ്പ് തറവാട്) എന്ന സ്ഥലത്ത് ഒരു മിനി ശുദ്ധജല വിതരണ പദ്ധതി ആരംഭിക്കുക. നിലവിലുള്ള പഴയ ശുദ്ധജല വിതരണ ടാപ്പുകളിൽ പഴക്കം ചെന്നവ മാററി സ്ഥാപിക്കുക. ശുദ്ധജലവിതരണ സമയം ക്ലിപ്തപ്പെടുത്തുക. കാവുംകുളം ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക. കുറ്റ്യാടി ശുദ്ധജലവിതരണ പദ്ധതിയിലോ, പഴയ ഡാനിഡ പദ്ധതിയിലോ, കടലുണ്ടി പഞ്ചായത്തിനെ ഉൾപ്പെടുത്തി പുതിയ ശുദ്ധജല ശേഖരം നടത്തി വിതരണം നടത്തുക. കടലുണ്ടി മാർക്കററിന്റെ പടിഞ്ഞാറ് ഭാഗത്തുള്ള പൊതുടാപ്പ് ടി. അശോകൻ എന്നവരുടെ പറമ്പിലേക്ക് മാററുക. കുടിവെള്ളത്തിന്റെ കരംപിരിവിന് പഞ്ചായത്തിൽ കൗണ്ടർ ഏർപ്പെടുത്തുക.

### വാർഡ് - 7

പുഴയോര പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കുന്നില്ല. കഠിനമായ വേനലിൽ ലോറികളിൽ ശുദ്ധജലവിതരണം നടത്തേണ്ടിവരുന്നു. കടലുണ്ടി ലെവൽക്രോസിലെ പഞ്ചായത്ത് കിണറിലെ വെള്ളം ഉപയോഗിച്ച് ഒരു മിനി ശുദ്ധജലവിതരണ പദ്ധതി തുടങ്ങുക. പേടിയാട്ടുകുന്നിൽ പുതിയ ശുദ്ധജലവിതരണ പദ്ധതി ആരംഭിക്കുക. ഇപ്പോഴുള്ള ശുദ്ധജലവിതരണ ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക. തുടങ്ങിയവയാണ് ശുദ്ധജലക്ഷാമത്തിനുള്ള പരിഹാര നിർദ്ദേശങ്ങൾ.

### വാർഡ് -8

വാർഡിലെ കാൽവരി, കൊമ്മനംകണ്ടി, കൈതവളപ്പ്, മിനി സ്റ്റേഡിയം, പഴന്തലത്തറ, വീട്ടിൽകാവ് പ്രദേശങ്ങളിൽ ജലക്ഷാമം അനുഭവപ്പെടുന്നു. മങ്ങാട്ടുകുളം, ശങ്കരൻകുളം, കോതേരിക്കുളം, ചിററാരിക്കൽ കുളം, കുറിയേടത്ത് കുളം എന്നിവയിൽ ഏററവും ഉചിതമായ ഒന്നിൽ ഒരു ശുദ്ധജലപദ്ധതി ആരംഭിക്കുക. കൊമ്മനംകണ്ടി ഏരിയയിൽ ഒരു പൊതു പഞ്ചായത്ത് കിണർ നിർമ്മിക്കുക. ഇവയൊക്കെയാണ് ഒരു പരിധിവരെ ശുദ്ധജലക്ഷാമം പരിഹരിക്കാനുതകുന്ന നിർദ്ദേശങ്ങൾ.

### വാർഡ് - 9

വാർഡിന്റെ വടക്കേയററത്തുള്ള പുഴയോര പ്രദേശങ്ങളിൽ ഏകദേശം ഒരു കിലോമീറ്റർ കുടിവെള്ളത്തിനായി സഞ്ചരിക്കേണ്ടതുണ്ട്. രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളം ലോറികളിൽ എത്തിക്കേണ്ടിവരുന്നു. കോണത്തു ഭാഗത്തെ ശുദ്ധജലവിതരണത്തിനുള്ള പഴയ പൈപ്പുകൾ മാററിയിടുക.

പള്ളിപ്പറമ്പ് ഭാഗത്ത് പുതിയ ടാപ്പ് സ്ഥാപിക്കുക. കാവും കുളം പദ്ധതി നടപ്പാക്കുക. ചെട്ടിക്കുളങ്ങര ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിക്കുക. പുത്തുക്കര കിണർ ഉപയോഗപ്പെടുത്തി പുതിയ ജലവിതരണ പദ്ധതി ആരംഭിക്കുക. എന്നിവയാണ് ശുദ്ധജലക്ഷാമം പരിഹരിക്കാനുതകുന്ന നിർദ്ദേശങ്ങൾ.

### വാർഡ് - 10

സ്വകാര്യ ശുദ്ധജലവിതരണ പദ്ധതികളിലൂടെ 100 ലേറെ കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നുവെങ്കിലും ഏതാനും കുടുംബങ്ങൾക്ക് രണ്ട് കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ട അവസ്ഥയാണുള്ളത്. കഠിനമായ വേനലിൽ ലോറികളിൽ ശുദ്ധജലം എത്തിക്കേണ്ടിവരുന്നു. ചെട്ടിക്കുളങ്ങര പണി നടന്നുകൊണ്ടിരിക്കുന്ന ശുദ്ധജല പദ്ധതി പൂർത്തീകരിക്കുക. തച്ചരൊടി ഭാഗത്തും, പൂച്ചേരിക്കുന്ന് പ്രദേശത്തും പുതിയ ഓരോ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുക എന്നിവയാണ് പരിഹാര നിർദ്ദേശങ്ങൾ.

### വാർഡ് 11

പെരിങ്ങോട്ട്കുന്ന്, പട്ടത്താനം, കളത്തുംപാടം, നമ്പുറം മുക്കത്തെകടവ്, പനോത്തിൽ ഭാഗം, 10സെൻറ് മിച്ചഭൂമിപ്രദേശം എന്നിവിടങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ ആണ്. 10 സ്വകാര്യകുടിവെള്ള സംരംഭങ്ങളിലൂടെ 300ഓളം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കുന്നു. സമഗ്രമായ ഒരു ജലസംരക്ഷണ നിർദ്ദേശം ഈ ഗ്രാമസഭയിൽ ലഭിക്കുകയുണ്ടായി. ഈ പ്രദേശത്തുള്ള കിഴക്കെയിൽ കുളം, ചെറാഞ്ചേരിക്കുളം, ചെറിയ പരുത്തിക്കാട് കുളം, പരുത്തിക്കാട്ടിൽ കുണ്ടുകുളം, വീട്ടിലെകുളം, പണിക്കരൊടികുളം, കൊടിവളപ്പുകുളം, കീഴ്ക്കോട്ടിൽകുളം എന്നിവ ജലസംഭരണ കേന്ദ്രങ്ങളായി സംരക്ഷിച്ച് മിനി വാട്ടർസ്കീം ആരംഭിക്കണം.

### വാർഡ് -12

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന ഒരു വാർഡാണിത്. പല പ്രദേശങ്ങളിലും ശുദ്ധജലം ലഭ്യമല്ല. പൂച്ചേരിക്കുന്നിൽ രണ്ട് സെൻറ് സ്ഥലം ഗുണഭോക്താക്കൾ വാങ്ങിച്ച് തരാമെന്നേറ്റിട്ടുണ്ട്. അതിൽ ഒരു ശുദ്ധജല പദ്ധതി ആരംഭിച്ചാൽ 100 ഓളം കുടുംബങ്ങൾക്ക് ശുദ്ധജലം ലഭിക്കും. നിലവിലുള്ള പഞ്ചായത്ത് കിണർ അററകുററപ്പണി നടത്തി ഉപയോഗയോഗ്യമാക്കാം. മണ്ണൂർ ഗംഗ പദ്ധതിയിലൂടെ കൂടുതൽ പേർക്ക് ശുദ്ധജലവിതരണം നടത്തുക. വലിയോട്ടിൽ ലക്ഷം വീട് കോളണിയിലെ കിണറിൽ നിന്നും തൊട്ടടുത്തുള്ള പണിക്കത്താഴം കോളനിയിലേക്ക് ശുദ്ധജലം നല്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. പൂച്ചേരിക്കുന്നിലെ ലക്ഷം വീട് കോളനിയിലെ കിണർ വേണ്ടരീതിയിൽ സംരക്ഷിച്ച് ശുദ്ധജല ലഭ്യത ഉറപ്പുവരുത്തുക, തുടങ്ങിയ നിർദ്ദേശങ്ങൾ കുടിവെള്ള ക്ഷാമം പരിഹരിക്കാനുതകുന്നവയാണ്.

### വാർഡ് - 13

കടലോരപ്രദേശം. 750 വീടുകൾ ഉണ്ട് 4 പൊതുടാപ്പുകൾ മാത്രമാണുള്ളത്. ഇത് ഈ പ്രദേശത്തെ ശുദ്ധജലവിതരണത്തിന് തികച്ചും അപര്യാപ്തമാണ്. ഈ വാർഡിലെ പഞ്ചായത്ത് കിണറും, ചാലിയം പോസ്റ്റാഫീസിന് മുൻവശത്തുള്ള കിണറും നന്നാക്കി, ഇവയിലെ ജലമുപയോഗിച്ച് ഒരു ശുദ്ധജലവിതരണ പദ്ധതിക്ക് രൂപം നൽകുക. ഉദയാ മഹിളാ സമാജത്തിലെ കിണർ ഉപയോഗിച്ചുള്ള പദ്ധതിയിൽ ഈ പ്രദേശത്തെക്കൂടി ഉൾപ്പെടുത്തുക. നിലവിൽ ഉള്ള വാട്ടർ അതോറിറ്റിയുടെ ടാപ്പുകൾ പഞ്ചായത്തിനെ ഏൽപ്പിച്ച് ശുദ്ധജലവിതരണം കാര്യക്ഷമമാക്കുക.

# 5-5

# വ്യവസായം ടൂറിസം

## വ്യവസായം

നമുക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതിന്ന് മുമ്പ് വിദേശികാം സ്ഥാപിച്ചിരുന്ന ചാലിയം ഫിഷറീസ് കമ്പനി ആണ് കടലുണ്ടി പഞ്ചായത്തിലെ ആദ്യത്തെ വ്യവസായ സ്ഥാപനം. വൈദ്യുതി ഈ പ്രദേശത്ത് എത്തുന്നതിന് മുമ്പ് തന്നെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഇത് ഒരു വൻകിട വ്യവസായ സ്ഥാപനം തന്നെയായിരുന്നു. മത്സ്യ സംസ്ക്കരണത്തിനായി സ്ഥാപിച്ച ഈ ഫാക്ടറിയിൽ മഹായുദ്ധങ്ങളിൽ ഉപയോഗിച്ചിരുന്ന വെടിയുണ്ടകളുടെ പിച്ചള കവറുകാം പോലും അക്കാലത്ത് നിർമ്മിച്ചിരുന്നു.! ഈ സ്ഥാപനം സ്വദേശീയരുടെ കൈകളിലെത്തിയപ്പോാം മത്സ്യ സംസ്ക്കരണത്തോടൊപ്പം സ്റ്റെയിൻലസ് സ്റ്റീൽ പാത്രങ്ങളും ഉണ്ടാക്കാൻ തുടങ്ങി. കഴിഞ്ഞ ദശാബ്ദത്തിലാണ് ഈ കമ്പനിയുടെ പ്രവർത്തനം നിലച്ചത്. മത്സ്യ എണ്ണ ഉല്പാദിപ്പിച്ചിരുന്ന വ്യവസായവും മണ്ണൂർ വടക്കുമ്പാട് ഭാഗത്തെ എമ്പയർ ക്ലേ വർക്സും നേരത്തെ നല്ലനിലയിൽ പ്രവർത്തിക്കുകയും പിന്നീട് നാമാവശേഷമാകുകയും ചെയ്ത സ്ഥാപനങ്ങളാണ്.

മൂന്നുഭാഗം പുഴകളും ഒരു ഭാഗം അറബിക്കടലും അതിരിടുന്ന നമ്മുടെ പഞ്ചായത്തിന് കുറുകെയായി പോകുന്ന മംഗലാപുരം-ഷൊർണ്ണൂർ റയിൽപ്പാതമാത്രമാണ് മററുപ്രദേശങ്ങളുമായി ഇവിടത്തുകാരെ ബന്ധപ്പെടുത്തിയിരുന്നത്. അറുപതുകാംക്ക് മുമ്പ് തന്നെ പാറക്കൽ പാലം നിലവിൽ വന്നുവെങ്കിലും എഴുപതുകാം വരെ വേണ്ടത്ര ഗതാഗത സൗകര്യം ഇവിടെ ഉണ്ടായിരുന്നില്ല. 66-67 കാലത്താണ് വൈദ്യുതി ഈ പ്രദേശത്തേക്ക് എത്തിത്തുടങ്ങിയത്. വ്യവസായത്തിൻെറ മുന്നുപാധികളായ ഈ പശ്ചാത്തല സൗകര്യങ്ങാം ഇവിടെ ഉണ്ടാകാൻ വൈകിയത് അടുത്ത പഞ്ചായത്തുകളായ ഫറോക്ക്, ചെറുവണ്ണൂർ, ബേപ്പൂർ തുടങ്ങിയ പ്രദേശങ്ങളേക്കാാം കടലുണ്ടിയിൽ വ്യവസായ പുരോഗതി ഏറെ സാവധാനത്തിലാക്കി.

പരമ്പരാഗത മേഖലയിൽ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് കയർ സഹകരണ സംഘങ്ങളും (കടലുണ്ടി കയർ സഹകരണസംഘം, ചാലിയം കയർ സഹകരണ സംഘം) മൂന്ന് സ്വകാര്യ സംരംഭങ്ങളും ഉണ്ട്. കുടിൽ വ്യവസായ രംഗത്ത് ഇവിടെ എടുത്തു പറയാവുന്നത് തീപ്പെട്ടി ഡിപ്പിംഗ് യൂനിററുകളേ സംബന്ധിച്ചാണ്. 1976ൽ പ്രവർത്തനം തുടങ്ങിയ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ എല്ലാ യൂനിററുകളും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങളിൽ 7373 പുരുഷന്മാരും 1167 സ്ത്രീകളും വിവിധ മേഖലകളിലായി ജോലി ചെയ്തു വരുന്നു. (1991 സെൻസസ് റിപ്പോർട്ട്) തൊഴിലില്ലാത്തവരായി 9711 പുരുഷന്മാരും 16920 സ്ത്രീകളും ഉണ്ടെന്നത് ഞെട്ടിപ്പിക്കുന്ന ഒരു യാഥാർത്ഥ്യമാണ് പുരുഷന്മാരിൽ ക്രയശേഷിയുള്ളരിൽ തന്നെ വലിയൊരു ഭാഗം പേർക്കും തൊഴിലില്ലെന്ന വസ്തുതയും സ്ത്രീകളുടെ രംഗത്ത് ഒട്ടുമിക്ക പേരും തൊഴിൽ രംഗത്ത് നിന്ന് അന്യരായി കഴിയുന്ന അവസ്ഥയും നമ്മെ ഏറെ ഇരുത്തി ചിന്തിപ്പിക്കേണ്ടിയിരിക്കുന്നു. ഈ തൊഴിൽ രഹിതരുടെ കർമ്മശേഷിയെ ഉപയോഗപ്പെടുത്തുന്നതിന് ആവശ്യമായ തൊഴിൽ മേഖല കെട്ടിപ്പടുക്കുന്നതിൽ ആയിരിക്കണം നാം ഏറെ ശ്രദ്ധിക്കേണ്ടത്.

## വ്യവസായ മേഖലയിലെ സ്ത്രീ പങ്കാളിത്തം

ഇപ്പോൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട വിവിധ വ്യവസായ യൂനിററുകളിലായി 273 പുരുഷന്മാരും 301 സ്ത്രീകളും മാത്രമാണ് തൊഴിൽ ചെയ്യുന്നത്. മൊത്തം തൊഴിൽ മേഖലയിലെ പുരുഷന്മാരുടെ ആധിപത്യത്തിൽ നിന്നും വ്യത്യസ്തമായി വ്യാവസായിക മേഖലയിലെ ഈ സ്ത്രീ പങ്കാളിത്തം പ്രധാനമായും പരമ്പരാഗത മേഖലയായ കയർ വ്യവസായത്തിലാണ് (പട്ടിക -1 കാണുക. പക്ഷേ ഇവർക്ക് ലഭിക്കുന്ന വേതനം തുലോം കുറവാണ്.

## വ്യവസായത്തിൻെറ നിലവിലുള്ള സ്ഥിതി

പഞ്ചായത്തിൽ ഇന്ന് പ്രവർത്തിക്കുന്ന ചെറുകിട വ്യവസായയൂനിററുകളുടെ ഇനം തിരിച്ചുള്ള കണക്കുകൾ, തൊഴിലാളികൾ അവരുടെ ശരാശരി കൂലി നിരക്ക് എന്നിവ പട്ടിക 1ൽ കൊടുക്കുന്നു.

പട്ടിക - 1

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെഎണ്ണം പു. | സ്ത്രീ | ശരാശരി കൂലിനിരക്ക് പു. | സ്ത്രീ |
|---|---|---|---|---|---|---|
| 1. | പ്ലാസ്റ്റിക്ക് | 11 | 46 | 41 | 50 | 25 |
| 2. | തടി | 10 | 43 | 7 | 80 | 25 |
| 3. | അച്ചടി | 8 | 11 | 19 | 50 | 30 |
| 4. | ജനറൽ എഞ്ചിനീയറിംഗ് | 7 | 17 | 1 | 60 | 30 |
| 5. | ഭക്ഷ്യ സംസ്ക്കരണം (ഫ്ളോർമിൽ) | 15 | 26 | - | 55 | - |
| 6. | കയർ(സ്വകാര്യം) | 3 | 5 | 20 | 80 | 22 |
| 7. | കയർ(സഹകരണം) | 2 | 7 | 148 | 80 | 22 |
| 8. | തീപ്പെട്ടി | 5 | 9 | 22 | 38 | 20 |
| 9. | സ്റ്റീൽ ഫർണിച്ചർ | 3 | 15 | - | 93 | - |
| 10. | ഇഷ്ടിക | 3 | 10 | 13 | 50 | 40 |
| 11. | ഓട്(ഖാദി-സഹകരണം) | 1 | 34 | - | 65 | - |
| 12. | കണ്ണട | 2 | 4 | 5 | 70 | 30 |
| 13. | റബ്ബർ | 2 | 9 | - | 55 | - |
| 14. | മിഠായി നിർമ്മാണം | 1 | 5 | 2 | 35 | 35 |
| 15. | ജ്വല്ലറി ഡൈകട്ടിങ്ങ് | 2 | 3 | - | 90 | - |
| 16. | സിമൻറ് ഹോളോബ്രിക്സ് | 1 | 1 | 1 | 60 | 30 |
| 17. | ഇലക്ട്രോണിക്സ് | 1 | 1 | - | 30 | - |
| 18. | ഓയിൽ മിൽ | 2 | 4 | - | 60 | - |
| 19. | ഖാദി നൂൽ നൂൽപ്പ് | 1 | - | 15 | - | 12 |
| 20. | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം (സഹകരണം) | 1 | - | 4 | - | 15 |
| 21. | ബാഗ് നിർമ്മാണം | 1 | 1 | 3 | 60 | 30 |
| 22. | ഐസ് നിർമ്മാണം | 1 | 4 | - | 100 | - |
| 23. | ഫൈബർ മിൽ | 2 | 8 | - | 100 | - |
| 24 | ഫൈബർ ബോട്ട് നിർമ്മാണം | 1 | 12 | - | 100 | - |

*(അവലംബം - ഗ്രാമസഭാ റിപ്പോർട്ട്, ദ്വിതീയ വിവരശേഖരണം)*

ഉല്പാദന രംഗത്ത് പ്ലാസ്റ്റിക് മേഖലയിലാണ് ഏററവും കൂടുതൽ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്. ഫർണിച്ചർ പ്ലൈവുഡ് മേഖലകൾ രണ്ടാമതായും, തീപ്പെട്ടി കയർ മേഖലകളിലെ യൂനിററുകളുടെ എണ്ണം മൂന്നാം സ്ഥാനത്തുമായും നില്ക്കുന്നു. ഉള്ള വ്യവസായങ്ങളിൽ യൂനിററുകളുടെ എണ്ണം കൊണ്ട് പുറകിൽ നില്ക്കുന്നത് ഓട്, മിഠായി, സിമൻറ്, ഹോളോബ്രിക്സ് എന്നിവയാണ്.

ജോബ് വർക്ക് ചെയ്യുന്ന യൂനിററുകളിൽ ഭക്ഷ്യ സംസ്ക്കരണ മേഖലയിലാണ് കൂടുതൽ എണ്ണം. അച്ചടി മേഖല രണ്ടാമതായും ജനറൽ എഞ്ചിനീയറിംഗ് മൂന്നാമതായും നില്ക്കുന്നു. ഈ മേഖലയിൽ കുറവുള്ള സ്ഥാപനങ്ങൾ ഇലക്ട്രോണിക്സ്, നൂൽ നൂൽപ്പ് എന്നീ മേഖലകളിലുള്ളവയാണ്.

തൊഴിലാളികൾ ഏററവും കൂടുതൽ ഉള്ള മേഖല കയർ രംഗമാണ്. പ്ലാസ്റ്റിക്, തടി മേഖലകൾ യഥാക്രമം 2ഉം 3ഉം സ്ഥാനത്ത് നില്ക്കുന്നു. ഇലക്ട്രോണിക്സ്, സിമൻറ് , ഹോളോബ്രിക്സ് മേഖലകളിലാണ് തൊഴിലാളികൾ ഏററവും കുറവ്.

പുരുഷന്മാർക്ക് വേതനം ഏററവും കൂടുതൽ ലഭിക്കുന്നത് ഐസ് ഫാക്ടറി, ഫൈബർമിൽ, ഫൈബർ ബോട്ട് നിർമ്മാണം തുടങ്ങിയ മേഖലയിലും കുറഞ്ഞ വേതനം ഇലക്ട്രോണിക്സ് മിഠായി നിർമ്മാണം എന്നീ മേഖലകളിലുമാണ്. സ്ത്രീകൾക്ക് ഹോളോബ്രിക്സ് നിർമ്മാണം, മിഠായി എന്നീ മേഖലകളിൽ താരതമ്യേന കൂടുതൽ വേതനം ലഭിക്കുന്നു. ഖാദി നൂൽ നൂൽപ്പ്, സഹകരണ റെഡിമേയ്ഡ് വസ്ത്ര നിർമ്മാണ സ്ഥാപനത്തിലും സ്ത്രീകൾക്ക് വളരെ തുച്ഛമായ വേതനമേ ലഭിക്കുന്നുള്ളു.

ഏററവും കൂടുതൽ മുതൽമുടക്കുള്ള വ്യവസായ സ്ഥാപനങ്ങളിൽ റബ്ബർ ഒന്നാം സ്ഥാനത്തും പ്ലാസ്ററിക് രണ്ടാം സ്ഥാനത്തും ഓട് ഇഷ്ടിക വ്യവസായ സ്ഥാപനങ്ങൾ മൂന്നാമതായും നിലകൊള്ളുന്നു. ഏററവും കുറഞ്ഞ മുതൽ മുടക്ക് തീപ്പെട്ടി, ഫർണിച്ചർ തുടങ്ങിയ മേഖലകളിലാണ്.

മുതൽമുടക്കിൻെറ അടിസ്ഥാനത്തിൽ താഴെ കാണുന്ന രീതിയിൽ വ്യവസായങ്ങളെ പട്ടികപ്പെടുത്താം.

പട്ടിക - 2

| നമ്പർ | മുതൽമുടക്ക്(ഉറുപ്പിക) | എണ്ണം |
|---|---|---|
| 1. | 20,000 ഉറുപ്പികവരെ മുതൽ മുടക്കുള്ളത് | 8 |
| 2. | 20,001 മുതൽ 50,000വരെ " " | 14 |
| 3. | 50,001 മുതൽ 75,000 വരെ " " | 19 |
| 4. | 75001 മുതൽ 1 ലക്ഷംവരെ " " | 10 |
| 5. | 1 ലക്ഷം മുതൽ 5 ലക്ഷം വരെ " | 25 |
| 6. | 5 ലക്ഷത്തിനു മുകളിൽ " " | 10 |
| | ആകെ | 86 |

1970ന് മുമ്പ് നിലവിൽ വന്ന രണ്ട് സ്ഥാപനങ്ങളേ ഇപ്പോൾ അവശേഷിക്കുന്നുള്ളു. അടുത്ത കാലത്തായി വ്യവസായങ്ങളുടെ സ്ഥാപനത്തിന് വേഗത കൂടി വരുന്നതായി കാണാം.

പട്ടിക - 3

സ്ഥാപിതമായ വ്യവസായങ്ങളുടെ എണ്ണം

| 1970നു മുമ്പുള്ളവ | 1970നും80നും ഇടയിൽ | 1980നും90നും ഇടയിൽ | 1990നു ശേഷം | ആകെ |
|---|---|---|---|---|
| 2 | 18 | 36 | 30 | 86 |

മേൽ പരാമർശിച്ചവക്കു പുറമെ പലയിടങ്ങളിലായി സ്ത്രീകൾ ഏർപ്പെട്ടിരിക്കുന്ന ചില തൊഴിലുകളാണ് വലനെയ്ത്ത്, കൊട്ടയുണ്ടാക്കൽ, പായ നെയ്ത്ത് തുടങ്ങിയവ. അവിലുണ്ടാക്കുന്ന ഒരു സ്ഥാപനവും ഈ പഞ്ചായത്തിലുണ്ട്. നേരത്തേ വ്യാപകമായുണ്ടായിരുന്ന ബീഡി തെറുപ്പ് ചില പ്രദേശങ്ങളിൽ ഇപ്പോഴും നിലവിലുണ്ട്. കക്ക നീററുന്ന ഇത്തിൾ മാടവും നിലവിലുള്ളതായി റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും കാണുന്ന ടൈലറിങ്ങ് സ്ഥാപനങ്ങൾ ജോബ്‌വർക്ക് യൂനിററുകളായ വ്യവസായ സ്ഥാപനങ്ങളായി കണക്കാക്കേണ്ടതാണ്. ഒട്ടേറെപ്പേർ ഇത്തരം സ്ഥാപനങ്ങളിൽ തൊഴിൽ ചെയ്യുന്നുണ്ട്. അതുപോലെ തന്നെയാണ് ഏറെ ആളുകൾ തൊഴിലെടുക്കുന്ന സ്വർണ്ണാഭരണ നിർമ്മാണവും.

## പ്രശ്നങ്ങൾ

നിലവിലുള്ള വ്യവസായ യൂനിററുകളെ സംബന്ധിച്ച് പഠനം നടത്തുമ്പോൾ ഇന്ന് എവിടെയും ഏറെ ആവശ്യക്കാരുള്ള നിത്യോപയോഗ സാധനങ്ങളുടെ യൂനിററ് തീരെയില്ലെന്ന് തന്നെ പറയാം. കയററുമതിക്ക് ഏറെ സാധ്യതയുള്ളതും നമ്മുടെ പഞ്ചായത്തിൽ തന്നെ അസംസ്കൃത സാധനങ്ങൾ ഏറെ ലഭിക്കുകയും ചെയ്യുന്ന കക്ക സംസ്കരണം, മത്സ്യസംസ്ക്കരണം എന്നീ മേഖലകളിൽ വ്യവസായ യൂനിററുകളൊന്നും തന്നെയില്ല. ഏറെ സാധ്യത കളുള്ള സോപ്പ് നിർമ്മാണം, പഴസംസ്ക്കരണം, ഔഷധ നിർമ്മാണം തുടങ്ങിയ മേഖലകളിലും ഇനിയും വ്യവസായ ങ്ങൾ കടന്നുവന്നിട്ടില്ല. മുഖ്യ കാർഷിക ഉല്പ്പന്നമായ നാളികേരം വ്യവസായ രംഗത്ത് തീരെ പ്രയോജനപ്പെടുത്തുന്നില്ല.

കയർ സഹകരണ മേഖലയിൽ രണ്ട് സ്ഥാപനങ്ങൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൊഴിലാളികൾക്ക് വേണ്ടത്ര തൊഴിൽ നല്കാനോ അർഹമായ വേതനം നല്കാനോ കഴിയുന്നില്ല. ഏററവും കൂടുതൽ തൊഴിലാളികൾ പ്രവർത്തിക്കുന്ന ഈ രംഗത്ത് കയറുൽപ്പാദനമല്ലാതെ കയറുകൊണ്ടുള്ള ഉൽപ്പന്നങ്ങളൊന്നും തന്നെ ഉണ്ടാക്കുന്നില്ല.

ഖാദി മേഖലയിൽ നാലു യൂനിററുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഖാദി വസ്ത്രങ്ങളുടെയും കൈത്തറി വസ്ത്രങ്ങളുടെയും നിർമ്മാണ യൂനിററുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

നിലവിൽ വ്യവസായ വളർച്ചക്കനുകൂലമായ ഘടകങ്ങളായ ഉയർന്ന സാക്ഷരത, വാർത്താവിനിമയ സൗകര്യങ്ങൾ, ഉയർന്ന ഉപഭോഗ നിലവാരം എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ച വേണ്ടത്ര കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെപ്പറയുന്ന കാരണങ്ങളാലാണ്.

1. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം നേരിടുന്നു.
2. വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പററിയ സ്ഥല സൗകര്യം പഞ്ചായത്തിൽ കുറവ്.
3. മലിനീകരണ പ്രശ്നങ്ങൾ
4. ഉൽപ്പാദന സാധ്യതകളെപ്പററിയുള്ള അറിവില്ലായ്മ.
5. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തെരഞ്ഞെടുക്കാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം
6. സർക്കാർ സംവിധാനങ്ങളുടെ പ്രോത്സാഹനപരമായ സമീപനത്തിന്റെ അഭാവവും ലൈസൻസുകൾ ലഭിക്കാനുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകളും.
7. സ്വയം തൊഴിൽ ചെയ്യാനുള്ള താൽപ്പര്യമില്ലായ്മയും സർക്കാർ ഉദ്യോഗത്തിനുവേണ്ടിയുള്ള അമിതമായ അഭിലാഷവും.
8. കയർ, ഖാദി അച്ചടി, തീപ്പെട്ടി തുടങ്ങിയ മേഖലകളിൽ തൊഴിലാളികൾക്ക് അർഹമായ കൂലി വർധന നൽകാൻ സാധിക്കാത്ത അവസ്ഥയും തന്മൂലം മററു തൊഴിൽ മേഖലകളിലേക്കുള്ള അവരുടെ മാറിപ്പോകലും
9. സാങ്കേതിക പരിജ്ഞാനക്കുറവ്.
10. ധനസഹായം ലഭിക്കാനുള്ള ബുദ്ധിമുട്ടുകൾ
11. വിപണന സാദ്ധ്യതക്കുറവ്
12. പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും കൈതൊഴിലുകാർക്കും പരിശീലനം ലഭിക്കാനുള്ള സാധ്യതയില്ലായ്മ.
13. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിന്റെ ശക്തമായിട്ടുള്ള പ്രേരണ

ക്കുറവ്.

14. വിജയികളായ സംരംഭകരുമായുള്ള ഇടപെടലുകളുടെ അഭാവം.
15. മരവ്യവസായത്തിനാവശ്യമായ തടി ലഭിക്കാനുള്ള വിഷമം.
16. സ്വകാര്യ കയർ സംരംഭകർക്ക് അസംസ്കൃത പദാർത്ഥം ലഭിക്കാൻ പലപ്പോഴുമുണ്ടാകുന്ന തടസ്സങ്ങൾ.
17. കൊട്ട, പായ നെയ്ത്ത്, കക്കനീററൽ മേഖലകളിലെ അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.

## സാധ്യതകൾ

കടലുണ്ടി പഞ്ചായത്തിൽ അധികം മുതൽ മുടക്കില്ലാതെ തന്നെ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള കുറേ വ്യവസായങ്ങൾ താഴെ ചേർക്കുന്നു.

1. നൈലോൺ വല നിർമ്മാണം
2. മത്സ്യ സംസ്ക്കരണം
3. കക്ക സംസ്ക്കരണം
4. കൊപ്രസംസ്ക്കരണം
5. നാളികേരം പൗഡർ യൂനിററ്
6. വെളിച്ചെണ്ണ - എണ്ണ നിർമ്മാണം
7. കയറുൽപ്പന്ന നിർമ്മാണം.
8. ചൂടിപ്പായ, ചൂടിപ്പടം, കാർപ്പററ്, ഫൈബർ കിടക്ക തുടങ്ങിയവയുടെ നിർമ്മാണം.
9. റെഡിമെയ്ഡ് ഉടുപ്പുകൾ (കയററുമതി സാധ്യത ഉള്ളത്)
10. ഫൈബർ ബോട്ട് നിർമ്മാണം
11. പച്ചത്തൊണ്ടടിക്കുന്ന മിൽ
12. ചകിരിച്ചവർ സംസ്ക്കരിച്ച് വളമാക്കൽ
13. ഓലമെടഞ്ഞ് സീസൺ ചെയ്ത് സൂക്ഷിക്കുന്ന യൂനിററ്.
14. തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള കരകൗശല വസ്തുക്കൾ
15. ചെമ്മീൻ, കടുക്ക എന്നിവ ഉപയോഗിച്ചുകൊണ്ടുള്ള അച്ചാർ നിർമ്മാണം.
16. കൊട്ട പായനെയ്ത്ത്
17. ഫർണിച്ചർ- തെങ്ങും മററ് മരങ്ങളും ഉപയോഗിച്ചുള്ളവ
18. കോഴിവളർത്തൽ
19. പ്ലാസ്റ്റിക് റോ മെറ്റീരിയൽ/കണ്ടെയ്നർ യൂനിററ്
20. യന്ത്രവൽക്കൃത കയർ നിർമ്മാണം
21. നവീന രീതിയിലുള്ള തൊണ്ടഴുക്കൽ
22. സിമൻററ് ബ്രിക്കിസ് യൂണിറ്റ്.
23. നാളികേര സംസ്ക്കരണം (തിരുവമ്പാടി മോഡൽ)
24. എമർജൻസി ലാമ്പ്
25. സോപ്പ് നിർമ്മാണം
26. തീപ്പെട്ടി, കൊള്ളി, കൂട് എന്നിവയുടെ നിർമ്മാണം
27. പേപ്പർ കവർ നിർമ്മാണം
28. പ്ലാസ്റ്റിക്, ഹവായ് ചെരുപ്പുകൾ
29. ഐസ് പ്ലാൻററ്
30. അവിൽ നിർമ്മാണം
31. ഖാദി കൈത്തറി പവർലൂം.
32. ഡ്രൈ ഡിസ്റ്റമ്പർ
33. ബേക്കിങ്ങ് പൗഡർ
34. സ്റ്റാർട്ടർ
35. പശനിർമ്മാണം
36. ടൗവ്വൽ നിർമ്മാണം
37. ഡിസ്റ്റിൽഡ് വാട്ടർ
38. ഇലക്ട്രിക്ബെൽ
39. ബട്ടൺ നിർമ്മാണം
40. ചിരട്ടപ്പൊടി
41. ചാർക്കോൾ ഓയിൽ
42. ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ് എന്നിവയുടെ)
43. ഔഷധ നിർമ്മാണം (ആയുർവ്വേദം, അലോപ്പതി)
44. സ്കൂൾബാഗ്, കുട.
45. ദ്രാവക ഡിററർജൻററ്
46. ക്ലിനിംഗ് പൗഡറും, ദ്രാവകവും.
47. ഇലക്ട്രിക്കൽ ജനറൽ വർക്ക് ഷോപ്പ്
48. ജനറൽ എഞ്ചിനീയറിംഗ്
49. ഇരുചക്രവാഹന വർക്ക് ഷോപ്പ്
50. സ്വിച്ച് ബോർഡ്
51. സിന്തററിക് വിനാഗിരി
52. കറിപൗഡർ
53. സിമൻററ് ജനാല, കട്ടില തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികൾ
54. നെയ്ത്ത്

ഇവ ഏതൊക്കെ രീതിയിൽ ഏതൊക്കെ ഏജൻസികൾ മുഖേന പ്രായോഗികമാക്കാമെന്നത് സംബന്ധിച്ച വിശദമായ പഠനം ആവശ്യമാണ്.

**ഗ്രാമസഭകളിൽ നിന്നുയർന്ന മററുചില നിർദ്ദേശങ്ങൾ**

1. പാഴ്മത്സ്യങ്ങൾ ഉണക്കുന്നതിനുള്ള (വളം, കോഴിത്തീററ എന്നിയുണ്ടാക്കുന്നതിന്) ആധുനിക രീതിയിലുള്ള വ്യവസായ യൂനിററ്.
2. മത്സ്യം ഉപ്പിട്ട് ഉണക്കുന്നതിന് ആധുനിക രീതിയിലുള്ള സംവിധാനം (പരിസരമലിനീകരണം ഒഴിവാക്കുന്നതിന്)
3. തടി-ഈർച്ചമിൽ യൂനിററ്
4. സോഡാ നിർമ്മാണ ഫാക്ടറി
5. കക്ക നീററുന്ന വ്യവസായം
6. വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സാങ്കേ

തിക വിദ്യാഭ്യാസം ലഭിക്കാനുള്ള പരിശീലന സ്ഥാപനം.

7. കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ നിർമ്മാണം
8. ഫൗണ്ടിങ്ങ് മിൽ
9. ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.
10. തൊഴിലാളികൾക്ക് ഏകീകൃതകൂലി സമ്പ്രദായം നടപ്പിലാക്കണം.

**വ്യാവസായിക മേഖല പരിപോഷിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

○ വ്യവസായത്തിന് ഏറെ സാധ്യതകളുള്ള ഇവിടെ അനുകൂലമായ മററ് ഘടകങ്ങൾ കൂടി കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് മററ് ഏജൻസികളിൽ നിന്ന് ധനസഹായം സ്വീകരിച്ചുകൊണ്ട് ഒരു വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്ന കാര്യം ഗൗരവമായി ആലോചിക്കേണ്ടതാണ്.

○ ആശുപത്രികളും വ്യവസായ മേഖലയായ ഫറോക്ക്, ചെറുവണ്ണൂർ പ്രദേശങ്ങളും സമീപത്താകയാൽ വൻകിട മേഖലയിൽ മെഡിക്കൽ ഓക്സിജൻ ഇൻഡസ്ട്രിയൽ ഓക്സിജൻ എന്നിവ നിർമ്മിക്കുന്നതിനുള്ള ഒരു പ്ലാൻറിന് ഏറെ സാധ്യതകളുണ്ട്

○ വൻകിട മേഖലയിൽ ഗ്ലാസ്സ്-കുപ്പി നിർമ്മാണം ആരംഭിക്കുന്നതിനും സാധ്യതകളുണ്ട്.

○ ഇന്ന് കെട്ടിട നിർമ്മാണത്തിനായി വേണ്ടതിലധികം ചിലവഴിക്കപ്പെടുന്ന ഗൾഫ് കുടിയേററക്കാരുടെ പണം വ്യവസായ രംഗത്തേക്ക് ആകർഷിച്ചെടുക്കാനുള്ള സമഗ്രമായ ഒരു പദ്ധതിക്ക് രൂപം കൊടുത്ത് നടപ്പിലാക്കേണ്ടതുണ്ട്.

○ കടലുണ്ടി കയർസഹകരണ സംഘത്തിൽ ആരംഭിക്കാൻ പോകുന്നതുപോലെ ചാലിയം കയർ സഹകരണ സംഘത്തിലും യന്ത്രവൽകൃത ചൂടി നിർമ്മാണം തുടങ്ങണം.

○ കയർതൊഴിലാളി ക്ഷേമനിധിയിൽ ഈ രംഗത്ത് തൊഴിലെടുക്കുന്ന എല്ലാ തൊഴിലാളികളേയും ഉൾപ്പെടുത്താനുള്ള ശ്രമം നടത്തണം.

○ നവീന രീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി സംഘങ്ങൾക്കാവശ്യമായ തൊണ്ടിൻെറ ലഭ്യത ഉറപ്പുവരുത്തണം ഈ സംവിധാനം പരിസരമലിനീകരണത്തിന് അറുതി വരുത്തും

○ വ്യവസായ സംരംഭകരെ വാർത്തെടുക്കാൻ വിദഗ്ധ പരിശീലനം നൽകുന്നതിന് ജില്ലാ തലത്തിൽ പരിശീലന കേന്ദ്രം ഉണ്ടാക്കണം

○ വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്ത് തലത്തിൽ തയ്യാറാക്കി ആവശ്യമായ പ്രോത്സാഹനം നൽകണം

○ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പററി ബോധവൽക്കരണം നടത്തുന്നതിന് ബന്ധപ്പെട്ട സർക്കാർ ഡിപ്പാർട്ട്മെൻറുകളുടെ സഹകരണത്തോടെ പരിശീലനം സംഘടിപ്പിക്കണം

○ കടലുണ്ടി പഞ്ചായത്തിൽ വ്യവസായ വളർച്ചക്കാവശ്യമായ. അന്തരീക്ഷം സൃഷ്ടിക്കുന്നതിന് ജില്ലാ വ്യവസായകേന്ദ്രം, ജില്ലാ ചെറുകിട വ്യവസായ അസോസിയേഷൻ മററ് പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ ഒരാഴ്ച നീണ്ടു നില്ക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കണം.

○ നിലവിലുള്ള എല്ലാ വൈദ്യുതി ലൈനുകളും 3 ഫേസ് ആക്കി മാററുവാൻ വേണ്ട നടപടി സ്വീകരിക്കണം.

○ പഞ്ചായത്തു തലത്തിൽ വ്യവസായ വികസന സമിതിയുണ്ടാക്കണം

○ വ്യവസായസംരംഭകർക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ അടങ്ങിയ കൈപ്പുസ്തകം അടിച്ചിറക്കണം.

○ വ്യവസായ സംരംഭകർക്ക് 2 ലക്ഷം രൂപവരെ ഗ്രാമപഞ്ചായത്തുകൾ വഴി ലോൺ ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം

○ വ്യവസായ സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് മൂലധനത്തിൻെറ 10% ഗുണഭോക്താക്കളിൽ നിന്ന് ശേഖരിക്കുമ്പോൾ 25% ഗവൺമെൻറ് സബ്സിഡിയും 65% സർക്കാർ ഷെയറുകളും ഗ്രാമപഞ്ചായത്തുകൾ മുഖേന ലഭ്യമാക്കണം

വ്യവസായ പുരോഗതിക്കായി നിർദ്ദേശിക്കപ്പെട്ട കാര്യങ്ങൾ വിദഗ്ധരുമായും വ്യാവസായിക മേഖലയിൽ പ്രവർത്തിക്കുന്നവരുമായും ചർച്ച ചെയ്ത് നടപ്പിലാക്കി തുടങ്ങിയാൽ പഞ്ചായത്തിന് ഏതാനും വർഷങ്ങൾകൊണ്ട് തന്നെ ചെറുകിട വ്യവസായ രംഗത്ത് ഏറെ നേട്ടങ്ങളുണ്ടാക്കാൻ കഴിയും. പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലില്ലായ്മയുടെ തീക്ഷണത കുറക്കുന്നതിനും ഇതു സഹായകമാകും. പഞ്ചായത്തിൻെറ സാമ്പത്തിക വരുമാനം കൂടുകയും അത് സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാനുള്ള വിഹിതം വർദ്ധിപ്പിക്കുകയും ചെയ്യും. ജനങ്ങളുടെ മൊത്തം പുരോഗതിക്ക് ഇത് സഹായകമാകും.

# ടൂറിസം

യാത്ര ചെയ്യാനും വിവിധ സ്[illegible]ങ്ങൾ സന്ദർശിക്കാനും ജനങ്ങൾക്ക് മുമ്പെന്നത്തേ[illegible]ൾ താല്പര്യം കൂടിവരികയാണ്. ജീവിത ക്ലേശ[illegible]ളിൽ നിന്നും അല്പമൊന്ന് മുക്തമായി പ്രകൃതി സു[illegible]മായ പ്രദേശങ്ങളിലും കടൽ തീരങ്ങളിലും അല്പ[illegible]രം ചിലവിടാനുള്ള ജനങ്ങളുടെ വർദ്ധിച്ച താല്പര്യം ഇനിയും ഏറെയൊന്നും വികസിച്ചിട്ടില്ലാത്ത കേരളത്തിന്റെ ടൂറിസ്റ്റ് സങ്കല്പങ്ങൾക്ക് ഏറെ ഉണർവ്വ് പകരാൻ പോരുന്നതാണ്. സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തുകൂടി ചെയ്തതിനാൽ ടൂറിസത്തിലൂടെയുള്ള വരുമാനം വർദ്ധിപ്പിക്കാനാവശ്യമായ സൗകര്യങ്ങൾ ഏറെ ഒരുക്കുകകൂടി ചെയ്യേണ്ടതുണ്ട്

കടലുണ്ടി പഞ്ചായത്തിന്റെ ടൂറിസ്റ്റ് സ്വപ്നങ്ങൾ വിടർന്നു വികസിക്കുക കടലുണ്ടി പുഴയിലെ ചേതോഹരങ്ങളായ ദേശാടന കിളികളുടെ ചിറകടികളിലാണ്. പുഴ സമുദ്രത്തിൽ വിലയം പ്രാപിക്കുന്നതിനുമുമ്പുള്ള ചളിയും കണ്ടൽചെടികളും നിറഞ്ഞ പ്രദേശമാണ് പ്രകൃതിയുടെ ഈ സന്തതികൾ തങ്ങളുടെ വിഹാരകേന്ദ്രമാക്കിയിരിക്കുന്നത്. നൂറിലധികം വരുന്ന സ്വദേശികളും വിദേശികളുമായ പക്ഷികളാണ് ഋതുക്കളുടെ സന്ദേശവും പേറി എല്ലാവർഷവും ഇവിടെ പ്രത്യക്ഷപ്പെടുന്നത്. സുന്ദരമായ ഈ പ്രദേശം അവഗണനകളാൽ ശുഷ്ക്കമാകാൻ തുടങ്ങിയിരിക്കുന്നു. ചകിരി പൂഴ്ത്തൽ സുലഭമായി ഇവിടെയുണ്ടായിരുന്ന കണ്ടൽ ചെടികൾക്ക് നാശം വരുത്തിക്കൊണ്ടിരിക്കുന്നു. കണ്ടൽ ചെടികളുടെ നാശം പക്ഷികളുടെ ഇരകളായ മത്സ്യക്കുഞ്ഞുങ്ങൾ ഞണ്ടുകൾ, കക്കകൾ എന്നിവയുടെ നാശത്തിലേക്കും ക്രമേണയുള്ള പക്ഷികളുടെ വിടവാങ്ങലിനും കാരണമാകും.

പ്രകൃതിസ്നേഹികളും ശാസ്ത്രജ്ഞരുമായ ദീപകുമാർ, നാരായണക്കുറുപ്പ്, ആർ. നമശ്ശിവായം, പ്രൊഫ. കെ. കെ. നീലകണ്ഠൻ, വി. കെ. ഉത്തമൻ തുടങ്ങിയവരാണ് ഇവിടേക്ക് ജനശ്രദ്ധയാകർഷിച്ചതും പക്ഷിവേട്ട നിരോധിക്കാനിടയാക്കിയതും. സന്ദർഭത്തിനൊത്തുണർന്ന കടലുണ്ടി, വള്ളിക്കുന്ന് പഞ്ചായത്തു ഭരണസമിതികൾ പക്ഷിവേട്ട നിരോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രമേയങ്ങൾ പാസ്സാക്കിയതും ഇതിനാക്കം കൂട്ടി. കടലുണ്ടിയിലും വള്ളിക്കുന്നിലുമായി ഇതിന്റെ സംരക്ഷണത്തിനായി രണ്ട് സമിതികൾ നിലവിൽ വരികയുണ്ടായി.

**പ്രസിദ്ധമായ ഈ സങ്കേതം സംരക്ഷിക്കാനും ടൂറിസ്റ്റുകളെ ആകർഷിക്കാനും ചില നിർദ്ദേശങ്ങൾ**

○ പക്ഷികൾക്ക് സൈ്വരമായി വിഹരിക്കാനാവശ്യമായ കണ്ടൽചെടികൾ നട്ടുവളർത്തുക. കണ്ടൽ ചെടികളുടെ ഭാഗത്തെ ചകിരി പൂഴ്ത്തൽ ക്രമേണ ഒഴിവാക്കുക.

○ ചകിരി പൂഴ്ത്തൽ ഒഴിവാക്കുന്നത് നിമിത്തം തൊഴിൽ നഷ്ടപ്പെടുന്നതിന് പരിഹാരമായി നവീനരീതിയിലുള്ള തൊണ്ടഴുക്കൽ സംവിധാനം ഉണ്ടാക്കുക.

○ പക്ഷിവളർത്തുകേന്ദ്രം സംരക്ഷിച്ച് പരിസ്ഥിതി പ്രശ്നം ഉണ്ടാക്കാത്ത സ്വാഭാവിക ടൂറിസത്തിന്റെ സാധ്യതകൾ വിദഗ്ധരുമായി ചർച്ച ചെയ്ത് രൂപപ്പെടുത്തുക.

○ കടലുണ്ടി റെയിൽവെ പാലത്തിനുസമീപം പഞ്ചായത്ത് ഭരണസമിതി ഫോറസ്റ്റ് വകുപ്പിന് നൽകിയ സ്ഥലത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന ഇൻഫർമേഷൻ സെന്ററിനോടൊപ്പം ആധുനിക നിരീക്ഷണോപകരണങ്ങളോട്കൂടിയ പക്ഷിനിരീക്ഷണ കേന്ദ്രം സ്ഥാപിക്കുക.

○ വിനോദ സഞ്ചാരികൾക്കും പക്ഷി നിരീക്ഷകർക്കും ഉപയോഗിക്കാൻ പെഡൽ ബോട്ടുകളും തുഴബോട്ടുകളും ഏർപ്പാട് ചെയ്യുക.

മേൽ നിർദ്ദേശിച്ച കാര്യങ്ങൾ നടപ്പിലാക്കുമ്പോൾ ഈ പ്രദേശവുമായി ബന്ധപ്പെട്ട വള്ളിക്കുന്ന് പഞ്ചായത്തിലെ സാധ്യതകൾകൂടി ഉപയോഗപ്പെടുത്തേണ്ടി വരുമെന്നതിനാൽ വള്ളിക്കുന്ന് ഭരണ സമിതിയുമായി ഫലപ്രദമായ ചർച്ച ചെയ്യേണ്ടതുണ്ട്.

## മററുസാധ്യതകൾ

ഇന്ന് ഏറെ സഞ്ചാരികളെ ആകർഷിക്കുന്ന ചാലിയത്തെ പുലിമുട്ട്, അധികം അകലെയല്ലാത്ത തകർന്നുപോയ ഡച്ച് കോട്ടയുടെ ചരിത്ര സ്മൃതിയുമായി കടലിലേക്ക് തള്ളി നില്ക്കുന്ന മുല്ല, കടൽ സഞ്ചാരികളെ ദിക്കറിയിച്ചുകൊണ്ട് നില്ക്കുന്ന ലൈറ്റ് ഹൗസ്, ചാലിയാർ, ബേപ്പൂർ പുഴയുമായി സംഗമിക്കുന്നതിന് മുമ്പുള്ള പട്ടർമാട്, കാക്കാതിരുത്തി തുരുത്തുകൾ ഇവയെല്ലാം ഉപയോഗപ്പെടുത്തി സഞ്ചാരികൾക്ക് ഇനിയും വിഭവങ്ങളൊരുക്കാൻ സാധ്യത ഏറെയുണ്ട്.

○ സന്ദർശകർക്കായി തുരുത്തുകൾക്കിടക്കുള്ള പ്രദേശത്തും തുരുത്തുകൾക്കും കരക്കും ഇടയിലുള്ള ഭാഗത്തും മോട്ടോർ ഘടിപ്പിച്ച ചെറുബോട്ടുകളും പെഡൽ ബോട്ടുകളും ഏർപ്പെടുത്തുക.

○ തുരുത്തിൽ അക്വേറിയം, സ്നേക്ക്പാർക്ക് എന്നിവ സ്ഥാപിക്കുക.

○ തുരുത്തിൽ നീന്തൽ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

○ പുലിമുട്ടിൽ സോളാർ ലൈററുകളും സന്ദർശകർക്കായി

ഇരിപ്പിടങ്ങളും സ്ഥാപിക്കുക.

മൂന്നു ഭാഗവും പുഴകളാലും പടിഞ്ഞാറ്ഭാഗത്ത് അറബി ക്കടലിനാലും ചുററപ്പെട്ടുകിടക്കുന്നതും തലയുയർത്തി ചുററും വീക്ഷിക്കുന്ന എട്ടോളം കുന്നുകളാൽ അലംകൃതവു മായ ഈ തീര ഭൂമിയിൽ പ്രകൃതിയൊരുക്കിയ രാമണീ യകത്തിൻെറ ടൂറിസ്റ്റ് സാദ്ധ്യതകാം ഇനിയും വിലയിരുത്ത പ്പെടേണ്ടതുണ്ട്.

ടൂറിസത്തിന് പഞ്ചായത്തിൻെറ വരുമാന സ്രോതസ്സുകളി ലൊന്നാകാൻ ഇനിയും ഏറെ കാലതാമസം വേണ്ടിവരില്ല.

❖

# 5-6

# ഗതാഗതം ഊർജ്ജം മാർക്കറ്റ് വാർത്താവിനിമയം

## ഗതാഗതം

ഒരു പ്രദേശത്തിൻെറ വികസന പ്രക്രിയയിൽ ഗതാഗത സൗകര്യങ്ങാം വഹിക്കുന്ന പങ്ക് വളരെ വലുതാണല്ലോ. മണ്ണൂർ കടലുണ്ടി പഞ്ചായത്തുകാം സംയോജിപ്പിച്ച് കടലുണ്ടി പഞ്ചായത്ത് രൂപീകൃതമാവുന്നതിന് മുമ്പ് തന്നെ നമ്മുടെ നാട്ടിൽ ഗതാഗത സൗകര്യങ്ങാം വർദ്ധിപ്പിക്കുന്നതിന് വേണ്ടി ശ്രമകരമായ ഒട്ടേറെ പ്രവർത്തനങ്ങാം നടന്നിരുന്നു.

1937ൽ ആണ് എടുത്തുപറയത്തക്ക ഒരു റോഡ് നമ്മുടെ പഞ്ചായത്തിലുണ്ടായത്. കടലുണ്ടി റെയിൽവെ സ്റേറഷൻ മുതൽ കോട്ടക്കടവ് സെൻറ് പോാംസ് ചർച്ച് വരെയുള്ള ഈ പത്തടിപ്പാതയുടെ മുഖ്യശില്പി ഫാദർ അത്തനേഷ്യസ് ആയിരുന്നു.

റോഡ് ഗതാഗതം വഴി കടലുണ്ടി പഞ്ചായത്തിനെ പുറം ലോകവുമായി ബന്ധിപ്പിക്കുന്നതിന് തുടക്കം കുറിച്ചത് ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിൻെറ നിർമ്മണമാണ്. ഈ പ്രവൃത്തി 1953ൽ ആരംഭിച്ചെങ്കിലും തുടർന്ന് 16 വർഷത്തോളം ഇതിൻെറ പണി സ്തംഭനാവസ്ഥയിലായി. പണി പുനരാരംഭിച്ചത് 1969 നവംബർ 12നായിരുന്നു. യശഃശരീരനായ കൊങ്ങാട്ടിൽ കുഞ്ചുണ്ണി മേനോനും, ഫാദർ ലയോൺ സിയൂസുമായിരുന്നു പ്രധാന പങ്കുവഹിച്ചവർ. 1971ഓടെ ഈ റോഡിൻെറ നിർമ്മാണം പൂർത്തിയാവുകയുണ്ടായി.

"1971 നവംബർ1" കടലുണ്ടി പഞ്ചായത്തിൻെറ ഗതാഗത ചരിത്രത്തിൽ ഒരു നൂതനാദ്ധ്യായത്തിന് തുടക്കം കുറിച്ച ദിവസമായിരുന്നു. അന്നാണ് നമ്മുടെ പഞ്ചായത്തിൽ ആദ്യത്തെ ബസ്സ് സർവ്വീസ് ആരംഭിച്ചത്.

നമ്മുടെ പഞ്ചായത്തിലെ ശ്രദ്ധേയമായ മറെറാരു റോഡായ മുല്ലപ്പള്ളി- പഞ്ചായത്ത് ഓഫീസ് റോഡ് 1974 ജനുവരി 14നാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്. 1.6കി.മീ നീളം വരുന്ന ഈ റോഡ്, വികസിക്കാനിരിക്കുന്ന ബേപ്പൂർ തുറമുഖത്തു നിന്നും ചാലിയപ്പാടം വഴി മുല്ലപ്പള്ളിയിലേക്കും, തുടർന്ന് യൂനിവേഴ്സിററിവരെയും ഉണ്ടാവാനിരിക്കുന്ന പ്രധാനപാതയുടെ തുടക്കമായാണ് നാം നേ ാക്കിക്കണ്ടത്. ഏതാണ്ട് 14000ത്തോളം ആളുകളുടെ ജോലി ഉപയോഗപ്പെടുത്തി ക്രാഷ് പ്രോഗ്രാമിൽപ്പെടുത്തിയാണ് ഈ റോഡിൻെറ പണി പൂർത്തീകരിച്ചത്. 1861ൽ ആരംഭിച്ച തിരൂർ-ചാലിയം റെയിൽപ്പാത കേരളത്തിലെ ആദ്യത്തെ തീവണ്ടിപ്പാതയായിരുന്നു. ഇന്ന് ആ റെയിൽപ്പാത നിലനിന്നിരുന്ന സ്ഥലമാണ് കടലുണ്ടി ലെവൽക്രോസ്-ചാലിയം റോഡായി ഉപയോഗിച്ചുവരുന്നത്. ഷൊർണ്ണൂർ-മംഗലാപുരം റെയിൽപ്പാത 3 കിലോമീറ്ററോളം ഈ പഞ്ചായത്തിലൂടെയാണ് കടന്നു പോവുന്നത്. റോഡ് ഗതാഗതം പുരോഗതി പ്രാപിക്കുന്നതിന് മുമ്പ് യാത്രക്കായി

റെയിൽവെയെയാണ് പ്രധാനമായും നാം ആശ്രയിച്ചിരുന്നത്.

ഫറോക്ക് -മണ്ണൂർ -കടലുണ്ടി റോഡിൻെറ നിർമ്മാണം 90%വും സന്നദ്ധപ്രവർത്തനം വഴിയാണ് നടന്നതെന്ന സ്മരണ നമ്മുടെ തുടർന്നുളള പ്രവർത്തനങ്ങൾക്ക് ഉത്തേജനവും, ആവേശവും തരുന്നതാണ്. കൂടാതെ വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സന്നദ്ധ സേനയും നമ്മുടെ പഞ്ചായത്തിൽ ആ കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്നു.

കടലുണ്ടി പഞ്ചായത്ത് രൂപീകരിച്ചതിനുശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ അധികാരത്തിൽ വന്ന ഭരണസമിതി 1964 ജനുവരി 1 ാം തീയ്യതി അധികാരമേററെടുത്തദിവസം തന്നെ കടലുണ്ടി - ചാലിയം റോഡിൽ ശ്രമദാനം നടത്തി മാതൃക കാട്ടിയിരുന്നു. ഈ പ്രവർത്തനത്തിൽ മുഴുവൻ ഭരണസമിതിയംഗങ്ങളും സന്നദ്ധ സേനയും പൊതുജനങ്ങളും സജീവ പങ്ക് വഹിച്ചിരുന്നു. എന്ന അറിവ്, ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറയും സന്നദ്ധപ്രവർത്തനങ്ങളുടെയും പ്രചാരകരും പ്രയോക്താക്കളുമായ നമുക്ക് ആവേശം പകരുന്നതാണ്.

പഞ്ചായത്തിൽ വാഹനഗതാഗതത്തിനനുയോജ്യമായ 43 കി. മീ റോഡുകൾ ആണുള്ളത്. ഒരു ചതുരശ്ര കിലോമീറ്ററിന് നമുക്കുള്ള റോഡുകളുടെ കണക്കെടുക്കുമ്പോൾ നാം സംസ്ഥാന ശരാശരിയേക്കാൾ അല്പം മുന്നിലാണ് എന്ന് മനസ്സിലാക്കുവാൻ കഴിയും. ആകെ ടാർ ചെയ്ത റോഡ് 20 കിലോമീറ്ററാണ്.

## റെയിൽവെ ഗേററുകൾ

റെയിലിന് പടിഞ്ഞാറുഭാഗത്തുള്ള നമ്മുടെ പഞ്ചായത്തിലെ വാർഡുകളിൽ യാത്രാസൗകര്യത്തിന് ആക്കം കൂട്ടിയത് കടലുണ്ടി-മണ്ണൂർ എന്നിവിടങ്ങളിലെ റെയിൽവെ ഗേററുകൾ ആണ്. ചാലിയത്തെ കടൽഭിത്തി നിർമ്മാണത്തിൻെറ വേഗത വർദ്ധിപ്പിക്കുന്നതിനു വേണ്ടിയിട്ടുകൂടിയായിരുന്നു കടലുണ്ടി റെയിൽവെ ഗേററ് നിർമ്മാണം ത്വരിതപ്പെടുത്തിയത്. മണ്ണൂർ റെയിൽവെ ലെവൽക്രോസ് അനുവദിച്ചുകിട്ടുവാൻ അതിനു ശേഷവും ഏതാണ്ട് 10ലധികം വർഷം കാത്തിരിക്കേണ്ടിവന്നു.

നാമിന്ന് ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായ വിഭവസമാഹരണ പ്രവർത്തനവുമായി മുന്നോട്ട് പോകുമ്പോൾ, മണ്ണൂർ റെയിൽവേഗേററ്, അപ്രോച്ച്റോഡ്, റെയിൽവേക്വാർട്ടേഴ്സ് എന്നിവക്ക് ആവശ്യമായ മുഴുവൻ സ്ഥലവും പൊതുജനങ്ങൾ കമ്മിററി രൂപീകരിച്ച് പഞ്ചായത്തിനെ ഏൽപ്പിച്ചതാണെന്ന ചരിത്ര സത്യം നമുക്ക് ആത്മവിശ്വാസം പകരുന്നു. ഗാനമേളപോലുള്ള പരിപാടികൾ നടത്തിയാണ് ഇതിനാവശ്യമായ പണം കമ്മിററി സ്വരൂപിച്ചത്.

പഞ്ചായത്തിൽ കടലുണ്ടിക്കടവ്, ചാലിയം, വടക്കുമ്പാട്, മുക്കത്തക്കടവ്, കടലുണ്ടി അങ്ങാടി എന്നീ ബസ് ടെർമിനലുകൾ ആണുള്ളത്. ഏകദേശം 40 ഓളം ബസ്സുകൾ പഞ്ചായത്ത് കേന്ദ്രീകരിച്ച് സർവ്വീസ് നടത്തിവരുന്നു. കേരളത്തിലെ വിവിധ സ്ഥലങ്ങളിലേക്ക് തീരദേശ റോഡുവഴിപോകുന്ന പത്തോളം ദീർഘദൂര ബസ്സുകൾ കോട്ടക്കടവ് പാലം വഴി നമ്മുടെ പഞ്ചായത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിനു പുറമെ കടലുണ്ടി, മണ്ണൂർവളവ്, കോട്ടക്കടവ്, ചാലിയം എന്നിവിടങ്ങളിൽ ജീപ്പ് സ്ററാൻറുകളും, മണ്ണൂർ വളവ്, കടലുണ്ടി എന്നിവിടങ്ങളിൽ ഓട്ടോറിക്ഷാ സ്ററാൻറുകളുമുണ്ട്.

## പാലങ്ങൾ

നാലുപാടും വെള്ളത്താൽ ചുററപ്പെട്ടുകിടക്കുന്നതിനാൽ തന്നെ മററു സ്ഥലങ്ങളിൽ നിന്നും ഒററപ്പെട്ടുപോകുമായിരുന്ന നമ്മുടെ പഞ്ചായത്തിനെ, സമീപ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതിൽ 1950കളിൽ പണി കഴിപ്പിച്ച പാറക്കൽ പാലമാണ് മുഖ്യപങ്കുവഹിച്ചത്. തുടർന്ന് കോട്ടക്കടവ് പാലത്തിൻെറ നിർമ്മാണത്തോടെ മലപ്പുറം ജില്ലയിലെ തീരപ്രദേശങ്ങളിലേക്കുള്ള നമ്മുടെ യാത്ര അനായാസമായി. ഏകദേശം 150മീററോളം അപ്രോച്ച് റോഡ് ഇല്ലാത്തതിനാൽ പണിപൂർത്തിയായമുക്കത്തകടവ് പാലത്തിൻെറ മുഴുവൻ സാദ്ധ്യതകളും നമുക്ക് ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. പൊതുമരാമത്ത് വകുപ്പിനെക്കൊണ്ട് ഈ രംഗത്ത് അവരുടെ കടമ നിറവേററാൻ പഞ്ചായത്തിലെ ജനത സമ്മർദ്ദശക്തിയായി ഉയർന്നേ തീരൂ. നിർദ്ദിഷ്ട കരുവന്തിരുത്തി, കടലുണ്ടിക്കടവ് പാലങ്ങളുടെ പണി ഉടൻ ആരംഭിക്കുകയും ദ്രുതഗതിയിൽ പൂർത്തീകരിക്കുകയും ചെയ്ത് തീരദേശ റോഡിൻെറ പ്രധാന കണ്ണിയായി നമ്മുടെ പഞ്ചായത്തിനെ മാറേറണ്ടിയിരിക്കുന്നു.

## കടവുകൾ

ബസ് യാത്രാസൗകര്യം നമുക്കപ്രാപ്യമായിരുന്ന കാലഘട്ടത്തിൽ കോഴിക്കോട് പട്ടണവും പരിസരപ്രദേശവുമായി നമ്മെ ബന്ധിപ്പിച്ചിരുന്നത് ചാലിയംകടവാണ്. ചാലിയാർപ്പുഴ കടലിൽ ചേരുന്ന അഴിമുഖപ്രദേശമായതിനാൽ നാടൻ തോണി ഉപയോഗിച്ചുള്ള കടത്ത് അത്യന്തം അപകടകരമായിരുന്നു. ഒട്ടേറെ വിലപ്പെട്ട ജീവനുകൾ യാത്രാമദ്ധ്യ ഈ പുഴയിൽ ഹോമിക്കപ്പെട്ടിട്ടുണ്ട്. 1978-ൽ ചാലിയം ഹൈസ്ക്കൂളിൽ ബാഡ്മിൻറൺ മത്സരത്തിൽ പങ്കെടുക്കാൻ വന്ന 3 എം. എം ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ മുങ്ങിമരി

ക്കാനിടയായ സാഹചര്യത്തോടെഈ കടവിലെ യാത്ര സുരക്ഷിതമാക്കണമെന്ന മുറവിളി എല്ലാ കേന്ദ്രങ്ങളിൽ നിന്നും ഉയരുകയും, പഞ്ചായത്ത് ഭരണസമിതി അതിനു വേണ്ടി ആത്മാർത്ഥ പരിശ്രമം നടത്തുകയും ചെയ്തതിൻെറ ഫലമായാണ് ചാലിയം കടവിൽ യന്ത്രവൽകൃതയാത്രാബോട്ടുകൾ സർവ്വീസ് ആരംഭിച്ചത്. ഈ സൗകര്യം കോട്ടക്കടവ് പാലത്തിൻെറ നിർമ്മാണത്തോടെ മലപ്പുറം ജില്ലയിലെ വിവിധ ഭാഗങ്ങളിലുള്ള യാത്രയ്ക്ക്, ബേപ്പൂരും പരിസരപ്രദേശങ്ങളിലുമുള്ളവർക്ക് ഉപകാരപ്രദമായി, നിലവിൽ ചാലിയം കടവിനു പുറമെ നമ്മുടെ പഞ്ചായത്തിൻെറ ഉത്തരവാദിത്വത്തിൽ കടലുണ്ടി ചെറുതുരുത്തിയിലേക്കുള്ള കടവാണുള്ളത്. നമ്മുടെ പഞ്ചായത്തിൻെറ സത്വര ശ്രദ്ധ പതിയേണ്ട ചെറുതുരുത്തി ഭാഗത്തെ ജനങ്ങൾക്ക് വേണ്ടിയുള്ള പ്രസ്തുത കടവ് നേരത്തെ പൊതുമരാമത്ത്വകുപ്പ് ഏറെറടുത്തിരുന്നുവെങ്കിലും പുതിയപഞ്ചായത്തീരാജ് നിയമം പ്രാബല്യത്തിൽ വന്നതോടെ ഈ ജോലി വീണ്ടും പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമായി. പൊതുമരാമത്തു വകുപ്പു അവരുടെ ഔദ്യോഗിക അംഗീകാരമില്ലാതെ തന്നെ രണ്ടാളെ തോണിയുടെ കടത്തുകാരായി വെച്ചതിൻെറ സാങ്കേതിക, സാമ്പത്തിക ബുദ്ധിമുട്ടുകളെ തരണം ചെയ്യാൻ പഞ്ചായത്ത് വിഷമിക്കുകയാണ്

## പ്രശ്നങ്ങൾ

### I റെയിൽ ഗതാഗതം

മലബാറിലെ പഴക്കം ചെന്ന റെയിൽവെ സ്റേറഷനുകളിൽ ഒന്നാണ് കടലുണ്ടി. മററുയാത്രാസൗകര്യങ്ങൾ വർദ്ധിച്ചതിൻെറ പശ്ചാത്തലത്തിൽ റെയിൽവെ ഗതാഗതത്തെ കൂടുതൽ പേർ ആശ്രയിക്കാത്ത സ്ഥിതി നിലവിൽ ഉണ്ട്. ഇതിന് തെളിവാണ് നമ്മുടെ റെയിൽവേ സ്റേറഷൻെറ കഴിഞ്ഞ അഞ്ചുവർഷത്തെ വരുമാന കണക്കുകൾ. 1991-92 വർഷത്തിൽ 4 ലക്ഷം രൂപ യാത്രക്കൂലി ഇനത്തിലും 22000 രൂപ ചരക്കുകൂലി ഇനത്തിലും കിട്ടിയിരുന്ന സ്ഥാനത്ത്, യാത്രാചരക്കുകൂലി പല തവണ വർദ്ധിപ്പിച്ചിട്ടും 95-96 വർഷത്തിൽ ഇതുവരെയുള്ള ഈ രംഗത്തെ വരുമാനം യഥാക്രമം 416000 രൂപയും 19000 രൂപയും ആണെന്ന വസ്തുത റെയിൽ ഗതാഗതം അഭിമുഖീകരിക്കുന്ന പ്രതിസന്ധിയിലേക്ക് വിരൽ ചൂണ്ടുന്നു. യാത്രക്കാരുടെ എണ്ണത്തിൽ വന്ന കുറവ് പരിഹരിക്കാൻ കൂട്ടായ പരിശ്രമം കൂടിയേ തീരൂ.

പട്ടിക I റെയിൽവേ സ്റേറഷൻ

| വർഷം | വരുമാനം (രൂപ) | യാത്രക്കാരുടെ എണ്ണം | ചരക്ക് കടത്ത് വരുമാനം (രൂപ) |
|---|---|---|---|
| 91-92 | 4,00,000 | 42000 | 22,000 |
| 92-93 | 3,38,000 | 31,000 | 22,000 |
| 93-94 | 3,52,000 | 28,300 | 35,000 |
| 94-95 | 3,57,000 | • 31500 | 16,800 |
| 95-96 | 4,16,000 | 29000 | 19,000 |

### II റോഡ് ഗതാഗതം

1 നിലവിലുള്ള ടാർ റോഡുകൾ

a) നിലവിലുള്ള ടാർചെയ്യുന്ന റോഡുകൾ, വളവുകളും തിരിവുകളും ഏറെയുള്ളവയായതിനാൽ അപകട സാദ്ധ്യത കൂടുതൽ ആണ്.

b) കുത്തനെയുള്ള കയററവും ഇറക്കവും റോഡ്ഗതാഗതം പ്രയാസമേറിയതാക്കുന്നു.

c) റോഡുകളുടെ പൊട്ടിപ്പൊളിഞ്ഞ അവസ്ഥ റോഡ് ഗതാഗതം സുഗമമല്ലാത്തതാക്കിതീർക്കുന്നു.

d) 90% റോഡുകളും ആവശ്യമായ കാവച്ചാലുകൾ ഇല്ലാത്തതിനാൽ ആ പ്രദേശങ്ങളിൽ നീർക്കെട്ടുണ്ടാക്കുന്നു. ചില റോഡുകളിൽ ടാർ ചെയ്ത സ്ഥലം കഴിഞ്ഞുള്ള ഭാഗത്ത് കൂടി വെള്ളം കുത്തിയൊഴുകി മണ്ണൊലിപ്പ് ഉണ്ടാവുകയും ഈ ഭാഗത്ത് ചാലുകൾ പ്രത്യക്ഷപ്പെടുകയും അപകടങ്ങൾക്ക് കാരണമായിത്തീരുകയും ചെയ്യുന്നു.

e) നിരപ്പായ റോഡിലോടുന്നതിനേക്കാൾ തേയ്മാനം കൂടുതൽ ആണ് എന്നതിനാൽതന്നെ മിക്കബസുകളും റൂട്ട്മാറ്റിപ്പോവുകയും പുതിയ ബസ്സുകൾ ഈ റൂട്ടിൽ വരാൻ മടികാണിക്കുകയും ചെയ്യുന്ന അവസ്ഥ നിലവിലുണ്ട്.

**2 മെറ്റൽ റോഡുകളും മൺറോഡുകളും**

a) മെറ്റൽ റോഡുകളും മൺറോഡുകളും ശോചനീയാവസ്ഥയിലാണ്. ആവശ്യമായ ഫണ്ട് ലഭിക്കാത്തതിനാൽ യഥാസമയം അററകുററപ്പണികൾ നടത്താൻ കഴിയാറില്ല.

b) കാവച്ചാലുകൾ ഇല്ലാത്തതിനാൽ നീർക്കെട്ടനുഭവപ്പെടുന്നു

c) ചില റോഡുകളിൽ സ്ഥലപരിമിതി കാരണം കാവച്ചാലുകൾ ഉണ്ടാക്കാൻ കഴിയാറുമില്ല.

3 പുതിയ മൺറോഡുകൾ

മിക്ക ഇടവഴികളും റോഡുകളാക്കി മാററുമ്പോൾ വെള്ളം ഒഴിഞ്ഞുപോകാത്ത അവസ്ഥ സംജാതമാവുന്നു.

പട്ടിക II

| വാർഡ് | റോഡിന്റെപേര് | ദൂരം കി.മീ | വീതി മീ. | ഒരുവർഷത്തിൽ ചെലവാക്കിയ പൊതു ഫണ്ട് | മെറ്റൽ | | ഓട | | കലുങ്ക് | | | ഒരുവർഷത്തിൽ ശ്രമദാനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റപ്പണി വേണ്ടത് | സംഭാവന രൂപ | ശ്രമദാനം ദിനം | ആകെ രൂപ |
| 1. | P.W.D റോഡ് | 1.5 | 8 | | TAR | | ✔ | | ✔ | | ✔ | | | |
| 1. | ചാലിയം കടവു-കൈതവളപ്പ് | 0.8 | 4 | | | ✔ | | | | | | | | |
| 1. | കോട്ടക്കണ്ടി 25ൽ ഭിത്തി ജംഗ്ഷൻ<br>ലൈറ്റ്ഹൗസ്-ചാലിയംകടവ് | 1.5 | 3 | | | ✔ | | | ✔ | | | | | |
| 2. | ചാലിയം-കരുവൻതിരുത്തിക്കടവ് | 1 | 3 | | | ✔ | | ✔ | | | | | | |
| 2. | ചാലിയം-ദേശീയമഹിളാസമാജം | 0.5 | 3 | | | ✔ | | | | | | | | |
| 2. | ചാലിയം-കൊട്ടോംപടി | 0.7 | 3 | | | ✔ | ✔ | ✔ | | | | | | |
| 2. | ചാലിയം-പറവഞ്ചേരിപാടം | 1 | 4 | 5,000 | | ✔ | | ✔ | | | | | | |
| 2. | ചാലിയം-കൊടിവളപ്പ് | 1 | 3 | | | ✔ | | ✔ | | | ✔ | | | |
| 2. | കണ്ടംപള്ളി-ചെറുനാലകത്ത് | 0.5 | 3 | | | ✔ | | ✔ | | | | | | |
| 3. | കുന്നത്പടി-ശ്രീദേവിസ്കൂൾ | 0.7 | 6 | 34,000 | | ✔ | | ✔ | | ✔ | | 5000 | 20 | 2000 |
| 3. | പഞ്ചായത്ത്ഓഫീസ്-വടക്കുമ്പാട് | 1 | 3 | 5000 | | ✔ | ✔ | ✔ | | ✔ | | | | |
| 3. | ചാലിപ്പാടം-കൊട്ടോംപടി | 0.7 | 3 | 25000 | | | | | | | | 5000 | | 30000 |
| 3. | പറവഞ്ചേരിപ്പാടം-മുരുകല്ലിങ്ങിൽ | 0.6 | 4 | 5000 | | ✔ | | ✔ | | | | | | |
| 3. | മുരുകല്ലിങ്ങൽ-ചാലിപ്പാടം | 0.7 | 3 | | | ✔ | | | | | | | 145 | 14500 |
| 3. | പഞ്ചായത്ത്ഓഫീസ്-വളഞ്ചേരി | 0.5 | 2.5 | | | ✔ | | | | | | | | |
| 4. | P.W.D | 45 | 8 | | TAR | | | | | | | | | |
| 4. | ചാലിപ്പാടം-വട്ടപ്പറമ്പ് | 0.6 | 3 | | TAR | | | | | | | | | |
| 4. | പഞ്ചായത്ത്ഓഫീസ് ഏറുകാട് | 0.5 | 3 | | | ✔ | | | | | | | | |
| 4. | വട്ടപ്പറമ്പ്-വടക്കോടിത്തറ | 0.6 | 4 | 1,07,000 | | ✔ | | ✔ | | ✔ | | | | |
| 4. | മാത്തിൽപടി-ഏറുകാട് | 0.6 | 3 | | | ✔ | | | | ✔ | | | | |
| 4. | മരക്കാട്ടിൽ -സ്രാമ്പ്യ | 0.3 | 3 | 35,000 | | ✔ | | | | | | | | |
| 4. | ചോഴക്കാട്-കീമില്ലത്ത് | 0.3 | 2.5 | | | | | | | | | | | |
| 5. | P.W.D | 4.5 | 8 | | TAR | | | | ✔ | | | | | |
| 5. | വട്ടപ്പറമ്പ് ശ്മശാനം | 0.4 | 3 | | TAR | | | | | | | | | |
| 5. | ഒന്നാംഓവുപാലം-കക്കാട് | 0.4 | 3 | | | ✔ | ✔ | ✔ | | ✔ | | | | |
| 5. | ശ്മശാനം-കടുക്കബസാർ(തീരദേശം) | 1 | 3 | | | ✔ | | ✔ | | | | | | |
| 5. | കടലുണ്ടി-കപ്പൻക്കാവ് | 0.6 | 3 | | | ✔ | ✔ | | | | ✔ | | | |
| 6. | അരലുഴി-ബീച്ച്റോഡ് | .25 | 4 | | TAR | | | | | | | | | |
| 6. | കടലുണ്ടി-വാക്കടവ് | 0.5 | 4 | | TAR | | | | | | | | | |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 6. | കടലുണ്ടി-കടലുണ്ടിഅങ്ങാടി | 0.2 | 4 | | TAR | | | | | | | | | |
| 6. | കുന്നംതിരുത്തി | 0.75 | 3 | | | ✔ | | | | | | | | |
| 6. | P.W.D | 1.5 | 8 | | TAR | | | ✔ | | | | | | |
| 6. | കുന്നംതിരുത്തി-കരലുഴി | 0.25 | 4 | | | ✔ | ✔ | | | | | | | |
| 6. | ഐറ്റുവളപ്പിൽ-പുഴക്കൽ | 0.25 | 3 | | | ✔ | | | | | | | | |
| 6. | ഐറ്റുവളപ്പിൽ പുഴക്കൽ | 0.25 | 3 | | | | | | | | | | | |
| 7. | P.W.D | 3 | 8 | | TAR | | | ✔ | | | | | | |
| 7. | കടലുണ്ടി-റെയിൽവെ സ്റ്റേഷൻ | 0.2 | 4 | | TAR | | | | | | | | | |
| 7. | കടലുണ്ടിയിൽവെസ്റ്റേഷൻ-മാട്ടുമ്മൽ തോട് | 0.6 | 3 | | | ✔ | | ✔ | | ✔ | | | | |
| 7. | പേടിയാട്ട്കുന്ന്-മാട്ടുമ്മൽതോട് | 0.7 | 3 | | | ✔ | | ✔ | | | | | | |
| 7. | പിലാക്കാട്ട്റോഡ് | 0.6 | 3 | | | ✔ | | | | | | | | |
| 8. | P.W.D | 1.5 | 8 | | TAR | | ✔ | | | | | | | |
| 8. | കാരകളി-ഇടച്ചിറ | 1 | 4 | | | ✔ | | ✔ | | | | | | |
| 8. | കൊമ്മനംകണ്ടി-ആലമ്പറ്റ് | 0.25 | 2.5 | | | ✔ | | | | | | | | |
| 8. | കോതേരി-ഓണത്തറ | 0.5 | 3 | | | ✔ | | | | | | | | |
| 8. | കരുണയിൽ-മിനിസ്റ്റേഡിയം | 0.3 | 2.5 | | | ✔ | | | | | | | | |
| 8. | ഇടച്ചിറ-മിനിസ്റ്റേഡിയം | 0.4 | 3 | | | ✔ | | | | | | | | |
| 8. | കൈതവളപ്പ് റോഡ് | 0.4 | 3 | | | ✔ | | | | | | | | |
| 8. | അടിവാരം -പയന്തല | 0.6 | 4 | | | ✔ | | | | | | | | |
| 9. | പോസ്റ്റോഫീസ്റോഡ് | 1 | 6 | | TAR | | ✔ | | | | | | | |
| 9. | P.W.D | 0.68 | 8 | | TAR | | | | | | | | | |
| 9. | പെരുമ്പറമ്പ് റോഡ് | 0.6 | 6 | | | ✔ | | | | | | | | |
| 9. | ശിവക്ഷേത്രം പടിഞ്ഞാറേറോഡ് | 0.6 | 3 | | | ✔ | | | | | | | | |
| 9. | ശങ്കരത്ത്റോഡ് | 0.6 | 3 | | | ✔ | | | | | | | | |
| 9. | വടക്കുമ്പാട്-പൂളക്കച്ചിറ | .3 | 3 | | | ✔ | | | | | | | | |
| 10. | P.W.D | 0.4 | 8 | | TAR | | ✔ | | | | | | | |
| 10. | പഴയബാങ്ക്-കൊടപ്പുറംതോട് | 0.5 | 6 | | TAR | | | ✔ | | | | | | |
| 10. | മണ്ണൂർ വളവ്-ആലുങ്ങൽ | 0.6 | 6 | 50,000 | TAR | | | ✔ | | | | | | |
| 10. | പ്രബോധിനി-ചാത്തൻകൈതോട് | 0.6 | 4 | | | ✔ | ✔ | | | | | | | |
| 11. | ആലുങ്ങൽ-മുക്കത്തക്കടവ് | 0.8 | 6 | | TAR | | | ✔ | | | ✔ | | | |
| 11. | കീഴ്ക്കോട് റോഡ് | 0.6 | 4 | | | ✔ | ✔ | | | | | | | |
| 11 | ആലുങ്ങൽ-പട്ടത്താനം | 0.5 | 3 | | | ✔ | | ✔ | | | ✔ | | | |
| 11. | ശ്മശാനം റോഡ് | 0.5 | 3 | | | ✔ | | | | | | | | |
| 12. | P.W.D | 1.5 | 8 | | | | | | | | | | | |
| 12. | ശ്രീപുരിറോഡ് | 0.7 | 3 | | | ✔ | | ✔ | | | | | | |
| 12. | ഊക്കത്ത്പടി-മണ്ണൂർ മാർക്കറ്റ് | 0.5 | 3 | | | ✔ | | ✔ | | | | | | |
| 12. | കെ. പി. റോഡ് | 0.4 | 3 | | | ✔ | | | | | | | | |
| 12. | ഒടുങ്ങാട്റോഡ് | 0.4 | 3 | | | ✔ | | | | ✔ | | | | |
| 13. | P.W.D | 0.5 | 8 | | TAR | | ✔ | | | | | | | |
| 13. | സിദ്ദിഖ്പള്ളിറോഡ് | 0.3 | 6 | | TAR | | ✔ | | | | ✔ | | | |
| 13. | കടുക്കബസാർ-കോട്ടക്കണ്ടി | 0.5 | 3 | | | | | | | | | | | |

പട്ടിക III

ടാർചെയ്യേണ്ട മെററൽ റോഡ്

| വാർഡ് | റോഡിൻെറപേര് | നീളം. കി. മീ | വീതി. മീ. |
|---|---|---|---|
| 6 | കുന്നംതിരുത്തി | .75 | 3 |

പട്ടിക IV

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | പേര് | നീളം കി. മീ | വീതി മീറ്റർ |
|---|---|---|---|
| 1. | ചാലിയംകടവ്- കൈതവളപ്പ് | 0.8 | [illegible] |
| 1. | കോട്ടക്കണ്ടി കടൽഭിത്തി ജംഗ്ഷൻ-ചാലിയംകടവ് | 1.5 | 3 |
| 2. | ചാലിയം-കരുവൻതിരുത്തിക്കടവ് | 1 | 3 |
| 2. | ചാലിയം-പറവഞ്ചേരിപ്പാടം | 1 | 4 |
| 3. | കുന്നത്ത്പടി-ശ്രീദേവിസ്ക്കൂൾ | 0.7 | 6 |
| 3. | പഞ്ചായത്താഫീസ്-വടക്കുമ്പാട് | 1 | 3 |
| 4. | വടക്കാടിത്തറ-വട്ടപ്പറമ്പ് | 0.6 | 4 |
| 4. | ചോഴക്കാട്ട്-കീഴില്ലത്ത് | 0.3 | 2.5 |
| 5. | ഒന്നാംപാലം-കക്കാട്ട്കോളനി | 0.4 | 3 |
| 5. | കടലുണ്ടി-കറപ്പൻകാവ് | 0.6 | 3 |
| 6. | കുന്നംതിരുത്തി-അരലൂഴി | 0.25 | 4 |
| 6. | ഐററുവളപ്പിൽ-പുഴക്കൽറോഡ് | 0.25 | 3 |
| 7. | കടലുണ്ടിറെയിൽവേസ്റേറഷൻ മാട്ടുമ്മൽ തോട് | 0.5 | 4 |
| 7. | പേടിയാട്ട്കുന്ന്-മാട്ടുമ്മൽതോട് | 0.6 | 4 |
| 8. | കാരകളി-ഇടച്ചിറ | 1 | 4 |
| 8. | ഇടച്ചിറ മിനിസ്റ്റേഡിയം | 0.4 | 3 |
| 9. | പെരുമ്പറമ്പ്റോഡ് | 0.6 | 6 |
| 9. | ശിവക്ഷേത്രം-പടിഞ്ഞാറെ റോഡ് | 0.6 | 3 |
| 10. | പ്രബോധിനി-ചാത്തൻകൈതോട് | 0.6 | 4 |
| 11. | കീഴ്ക്കോട്ട്റോഡ് | 0.6 | 6 |
| 11. | ആലുങ്ങൽ-പട്ടത്താനം | 0.5 | 3 |
| 12. | ശ്രീപുരിറോഡ് | 0.7 | 3 |
| 12. | ഊക്കത്ത്-മണ്ണൂർമാർക്കറ്റ് | 0.5 | 3 |
| 13. | കടുക്കബസാർ-കോട്ടക്കണ്ടി | 0.5 | 3 |

പട്ടക V

മെറ്റൽ ചെയ്യേണ്ട റോഡുകൾ

| വാർഡ് | പേര് | നീളം കി.മീ | വീതി മീറ്റർ |
|---|---|---|---|
| 2. | ചാലിയം-കൊടിവളപ്പ് | 1 | 3 |
| 2. | ചാലിയം-ദേശീയമഹിളാസമാജം | 0.5 | 3 |
| 3. | ചാലിപ്പാടം-കൊട്ടോംപടി | 0.7 | 3 |
| 3. | മുരുകല്ലുങ്ങൽ-ചാലിപ്പാടം | 0.7 | 3 |
| 4. | മാത്തിൽപടി-ഏറുകാട് | 0.6 | 3 |
| 5. | ശ്മശാനം-കടുക്കബസാർ (തീരദേശം) | 1 | 3 |
| 7. | പിലാക്കാട് റോഡ് | 0.6 | 3 |
| 8. | കരുണയിൽ-മിനിസ്ററേഡിയം | 0.3 | 2.5 |
| 8. | കൈതവളപ്പ് | 0.4 | 3 |
| 9. | വടക്കുമ്പാട്-പുളക്കച്ചിറ | 0.3 | 3 |
| 9. | ശങ്കരത്ത് റോഡ് | 0.6 | 3 |
| 11. | കോട്ടക്കുന്ന്-എളളുപറമ്പ്റോഡ് | 0.6 | 3 |
| 11 | ശ്മശാനം റോഡ് | 0.5 | 3 |
| 12 | കെ. പി. റോഡ് | 0.4 | 3 |
| 12. | ഒടുങ്ങാട്ട് റോഡ് | 0.4 | 3 |

പട്ടിക VI

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

| വാർഡ് | നിർദ്ദേശിക്കുന്ന പേര് | നീളം കി. മീ | വീതി മീ |
|---|---|---|---|
| 1. | സിദ്ദിഖ്പള്ളി-കൈതവളപ്പ് | 0.5 | 3 |
| 1. | മുനമ്പത്ത്പള്ളി-കൈതവളപ്പ് | 0.4 | 3 |
| 2. | കനീശൻകണ്ടി-കരുവൻതിരുത്തി കടവ് | 0.5 | 3 |
| 2. | ചാലിയം-കൊട്ടോംപടി | 0.6 | 3 |
| 2. | ശാലിയാത്തി-പുന്നംകുളങ്ങര | 0.5 | 3 |
| 2. | ഫോറസ്റ്റ് ഒന്നാംപാലം-കരുവൻ തിരുത്തിക്കടവ്(പുഴതുർത്ത്) | 0.5 | 4 |
| 3. | ദേശീയമഹിളാസമാജം-ഐങ്ങാട്ടിരി | 0.7 | 4 |

| | | | |
|---|---|---|---|
| 3. | കൊട്ടോംപടി-ചാലിപ്പാടം | 0.5 | 3 |
| 3. | നഴ്സറിസ്കൂാം-മച്ചാൻകണ്ടി | 0.6 | 3 |
| 3. | നല്ലാട്ട്പറമ്പ്-പുന്ന | 0.5 | 3 |
| 3. | കൊടിവളപ്പ്-പറവഞ്ചേരിപ്പാടം | 0.6 | 3 |
| 3. | നടുക്കണ്ടി റോഡ് | 0.4 | 3 |
| 3. | വളഞ്ചേരി-കൈത്തോടിപ്പാടം | 0.3 | 3 |
| 4. | പഞ്ചായത്ത് ഓഫീസ്-കടലുണ്ടി ലെവൽക്രോസ്(റെയിലിന് സമാന്തരമായി) | 1 | 3 |
| 4. | കടുക്കബസാർ-ചാലിപ്പാടം ഓവ് | 0.3 | 3 |
| 4. | മരക്കാട്ടിൽ-നീറെപുറം-മണ്ണൂർമാർക്കററ് | 0.6 | 3 |
| 4. | ആശുപത്രിപടി-ചോനാംകണ്ടം ചാലിപ്പാടം | 0.5 | 3 |
| 4. | അമ്പലപ്പടി-ചാലിപ്പാടം | 0.5 | 3 |
| 4. | കീഴില്ലത്ത്പടി-മരക്കാട്ടിൽ | 0.5 | 3 |
| 4. | ഒന്നാംപാലം-ഇരട്ടസിഗ്നൽ | 0.5 | 3 |
| 5. | കടലുണ്ടിലെവൽക്രോസ് അത്താണി-പനക്കൽത്തൊടി-ബീച്ച് വലിയ ആലിൻചോട് | 0.7 | 3 |
| 5. | പൊന്നാറമ്പത്ത്-കപ്പലങ്ങാടി | 0.5 | 3 |
| 5. | ലക്ഷമീഓയിൽസ്-പനക്കത്തൊടി | 0.4 | 3 |
| 5. | സർപ്പക്കാവ് - ബീച്ച്റോഡ് | 0.5 | 3 |
| 6. | കടലുണ്ടിമാർക്കററ്-സി. എച്ച് ബസ് സ്റ്റോപ്പ് | 0.7 | 3 |
| 6. | ചാലിക്കൊമ്പത്ത്-കക്കാട്പാടം | 0.1 | 3 |
| 7 | കോഴിശ്ശേരിപാടംറോഡ് | 0.7 | 3 |
| 7 | ഭജനമഠം-ഇടച്ചിറ | 0.6 | 3 |
| 7 | കുറുക്കൻതറ-പടകളിക്കണ്ടം | 0.5 | 3 |
| 7. | ഇടച്ചിറ-മാട്ടുമ്മൽതോട് | 0.5 | 3 |
| 8. | കാളപൂട്ടിക്കണ്ടം-മിനിസ്റ്റേഡിയം | 0.5 | 3 |
| 8. | നടുത്തൊടി-സ്രാമ്പ്യ | 0.6 | 3 |
| 8. | കൈതവളപ്പ്കിണർ-മിനിസ്റ്റേഡിയം | 0.5 | 3 |
| 8. | കാരാട്ട്-പള്ളത്ത്റോഡ് | 0.4 | 3 |
| 8. | മാതാറമ്പത്ത്-കാൽവരി | 0.2 | 3 |
| 8. | തെക്കെപ്പാട്ട്-കാൽവരി | 0.2 | 3 |
| 8. | തച്ചട്ടപ്പടി-കൃഷ്ണസ്കൂാം | 0.3 | 3 |
| 8. | രണ്ടാംകണ്ടം-ഇടച്ചിററോഡ് | 0.2 | 3 |
| 8. | കത്രായി-തച്ചട്ടപ്പടി | 0.2 | 3 |
| 9. | ശങ്കരത്ത്-സി. എസ്. ഐ റോഡ് | 0.4 | 6 |
| 9. | വലിയോട്ടിൽ ലക്ഷംവീട്റോഡ് | 0.3 | 3 |
| 9. | പടന്നക്കോട്ട്-പള്ളിപ്പറമ്പ് | 0.5 | 3 |
| 10. | ഫാത്തിമക്കുട്ടിസ്കൂാം-അടിവാരം | 0.6 | 4 |
| 10. | പുച്ചേരിക്കുന്ന്-കുട്ടാടൻപാടം | 0.5 | 3 |
| 10. | ചെട്ടിക്കുളങ്ങരപമ്പ്ഹൗസ് റോഡ് | 0.4 | 3 |
| 10. | കൊടപ്പുറംതോട്-ശ്മശാനം | 0.4 | 3 |
| 10. | കൊടപ്പുറംതോട്പുഴയോരം | 0.4 | 3 |
| 10. | മണ്ണൂർ വളവ്-പുല്ലിക്കടവ് | 0.6 | 3 |
| 11. | പനക്കൽ-കീഴ്ക്കോട് ഇടവഴി | 0.35 | 3 |
| 11. | ശ്മശാനംറോഡ്-ജി. എൽ. പി.സ്കൂാംറോഡ് | 0.25 | 3 |
| 11 | പാലേക്കാട്ടിൽ റോഡ് | 0.1 | 3 |
| 11. | മരക്കടവ്-ചെറുവളപ്പ്റോഡ് | 0.2 | 2 |
| 11. | ആലുങ്ങൽ-പ്രബോധിനി | 0.6 | 3 |
| 12. | മണ്ണൂർമാർക്കററ്-ആലമ്പറ്റ്പടി | 0.3 | 3 |
| 12. | കെ. പിറോഡ്-ആലമ്പറ്റ്റോഡ് | 0.2 | 3 |
| 12 | കയനിപ്പാടം-കത്രായിപടിറോഡ് | 0.5 | 3 |
| 12 | സർപ്പക്കാവ്-കയനിപ്പാടം | 0.3 | 3 |
| 12 | മണ്ണൂർനോർത്ത്-ആരയിൽറോഡ് | 0.3 | 3 |
| 12. | പഴയബാങ്ക്-പിടിപ്പഴിക്ഷേത്രം | 0.5 | 3 |
| 12. | കമ്മ്യൂണിററിഹാാം-മാതാറമ്പത്ത് | 0.2 | 3 |
| 13 | ജി. എഫ്. എൽ. പി സ്കൂാം-കടൽഭിത്തി | 0.3 | 3 |
| 13. | ഫാറൂഖ്പള്ളി-കടൽഭിത്തി | 0.2 | 3 |
| 13 | സിദ്ദിഖ്പള്ളി-കോട്ടക്കണ്ടി | 0.6 | 3 |
| 13 | യാറം-കോട്ടക്കണ്ടി | 0.3 | 3 |

പട്ടിക VII

പുതിയ നടപ്പാതകാം

| വാർഡ് | പേര് | നീളം മീ. | വീതി മീ. |
|---|---|---|---|
| 1. | ഇല്ലിക്കൽ -എളളുംകണ്ടം | 150 | 2 |
| 1. | കൈതവളപ്പ്-തെക്കെപ്പുറം | 100 | 2 |
| 2. | കടവത്ത്പാണ്ടികശാല | 100 | 2 |
| 2. | പറവഞ്ചേരിപാടം-നടുക്കണ്ടി | 100 | 2 |
| 3. | കരുവൻതിരുത്തിക്കടവ്- അമ്പാളി | 100 | 2 |

| | | | |
|---|---|---|---|
| 3. | കൈത്തൊടിപാടം-പൂളക്കച്ചിറ | 150 | 2 |
| 3. | കൈത്തൊടിപ്പാടം-ചെമ്മട്ട് | 200 | 2 |
| 3. | കാഞ്ഞിരത്തറ-ലക്ഷംവീട് | 200 | 1 1/2 |
| 3. | നടുക്കണ്ടി കേലസ്സംതൊടി | 250 | 1 1/2 |
| 4. | തറാപടി-അരിയാമ്പററ് വടക്കോടിത്തറ | 250 | 2 |
| 4. | വടാക്കുഴി-തച്ചട്ടപ്പടി | 200 | 2 |
| 4. | പുഞ്ചിരിക്കാട്-കീരിത്തറപടി | 150 | 2 |
| 4. | ഏറുകാട്-ഇത്തിക്കണ്ണായ് | 150 | 2 |
| 4. | കീഴില്ലത്ത്പടി-തച്ചട്ടപ്പടി | 200 | 2 |
| 4. | കുരുടൻതറ ഫുട്പാത്ത് | 150 | 2 |
| 4. | തെക്കെമരക്കാട്-സ്രാമ്പ്യ റോഡിലേക്ക് | 200 | 2 |
| 4. | കീഴില്ലത്ത്പടിപറമ്പ് നടപ്പാത | 100 | 2 |
| 4. | ചാലിപ്പാടം-പറാഞ്ചേരിതൊടി | 75 | 2 |
| 5. | പനക്കൽതൊടി കുട്ടാടമ്പാടം | 100 | 2 |
| 5. | നീറെയിൽ-പറമ്പിൽതൊടി | 150 | 2 |
| 5. | ലക്ഷമിഓയിൽമിൽ മുൻവശം-പനക്കത്തൊടി | 150 | 2 |
| 5. | വട്ടപ്പറമ്പ് വായനശാല-കക്കാട്ട്കോളനി | 150 | 2 |
| 6. | എ. എം. എൽ. പി സ്കൂാം പനക്കൽകോളനി | 150 | 2 |
| 6. | കീഴ്ക്കോപടന്നകോളനി | 200 | 2 |
| 6. | കുന്നംതിരുത്തിമുസ്ല്യാർവളവ് | 200 | 2 |
| 7. | പടകളിക്കണ്ടം നടപ്പാത | 200 | 2 |
| 8. | താഴെമുള്ളമ്പലം | 200 | 1 1/2 |
| 8. | കൃഷ്ണ യു.പി-മിനിസ്റ്റേഡിയം | 250 | 1 1/2 |
| 9. | അകത്തായിപാടം | 200 | 2.4 |
| 10. | ഐപ്പത്ത്പറമ്പ്-പൂച്ചേരിക്കുന്ന് | 250 | 1 1/2 |
| 11. | പട്ടത്താനം | 200 | 2 |
| 11. | പട്ടത്താനം-പാണ്ടികശാലതറ (ശ്രമദാനം) | 200 | 2 |
| 11. | പാറക്കടവ്-മണ്ണൂർ വളവ് | 250 | 2 |
| 11 | മുക്കത്തകടവ്റോഡ്-പടന്ന | 200 | 2 |
| 11. | കിഴക്കയിൽ-മുക്കത്തക്കടവ് | 200 | 2 |
| 11. | മുക്കത്തക്കടവ്-നമ്പുറം | 150 | 2 |
| 12 | ഒടുങ്ങാട്താഴം | 150 | 2 |
| 12 | സീക്കോ-ചന്ദ്രശേഖരൻ വൈദ്യർ റോഡ് | 200 | 2 |
| 12. | കയനിപ്പാടം-കാവുംകുളം | 250 | 2 |
| 12. | കിറവപ്പാടം | 150 | 1 1/2 |
| 12. | കുട്ടാടംപാടം-സരസ്വതി ശിശുമന്ദിരം | 200 | 2 |
| 12 | കൊടപ്പുറംതോട് താഴ്നിലം ലക്ഷംവീട് | 200 | 2 |
| 12. | കോട്ടക്കണ്ടി-ബീച്ച്റോഡ് | 100 | 2 |
| 13. | ശ്രീകണ്ഠേശ്വര ക്ഷേത്രം-കടൽഭിത്തി | 150 | 2 |
| 13. | കൈതവളപ്പ്-കടൽഭിത്തി | 100 | 2 |

## സാദ്ധ്യതകാം

**I റെയിൽ ഗതാഗതം :-**

a ആകെ 8 ട്രെയിനുകാം മാത്രമാണ് ഈ സ്റ്റേഷനിൽ നിന്നും യാത്രയ്ക്ക്ഉപയുക്തമാവുന്നുള്ളു. തിരുവനന്തപുരം, മദ്രാസ്, എന്നിവിടങ്ങളിലേക്ക് പോകുന്ന ദീർഘദൂരവണ്ടികാം കടലുണ്ടി റെയിൽവേ സ്റേറഷനിൽ നിറുത്തുകയാണെങ്കിൽഈ രംഗത്ത് ഗുണപരമായ ഒട്ടേറെ മാററങ്ങാംക്കിടയുണ്ട്. കൂടാതെ ദീർഘദൂരവണ്ടികാംക്ക് കടലുണ്ടിയിൽ നിന്നും റിസർവേഷൻ സൗകര്യം ഉണ്ടാക്കുകയും, റെയിൽവേ സ്റേറഷൻെറ നിലവിലുള്ള ശോചനീയാവസ്ഥക്ക് മാററം വരുത്തുകയും ചെയ്താലേ ഈ മേഖലയിൽ ആവശ്യമായ പുരോഗതി കൈവരിക്കാനാവൂ. ബേപ്പൂർ തുറമുഖ വികസനത്തോടെ തുറമുഖത്തോട് ഏററവും അടുത്ത റെയിൽവേ സ്റേറഷൻ എന്ന പ്രത്യേകത നമുക്ക് കൈവരുന്നുവെന്നതുകൂടി കണക്കിലെടുത്തു വേണം സ്റേറഷൻെറ വികസന രൂപരേഖ തയ്യാറാക്കേണ്ടത്

b വടക്കുമ്പാട് റെയിൽവെ പാലത്തിൽ നടന്നുപോവുന്നതിനാവശ്യമായ ഒരു നടപ്പാത നിർമ്മിച്ചാൽ ഫറോക്ക് ഭാഗത്തേക്കുള്ള കാൽനടയാത്ര സുഖകരമാക്കാൻ കഴിയും.

**II റോഡ് ഗതാഗതം**

1 a ടാർറോഡുകാം അടിയന്തിരമായി അററകുററപ്പണികാം നടത്തുക.

b നിലവിലുള്ള റോഡുകളിലെ വളവുകാം ഇല്ലാതാക്കാനുള്ള സംവിധാനമുണ്ടാക്കുക

c കയററം കുറച്ചുകൊണ്ടുള്ള കോട്ടക്കടവിൽ നിന്നും മണ്ണൂർ വളവിലേക്കുള്ള നിർദ്ദിഷ്ട പൊതുമരാമത്ത് റോഡിൻെറ നിർമ്മാണം ത്വരിതപ്പെടുത്തുക.

d എല്ലാ ടാർ-മെറ്റൽ റോഡുകളിലും കാവച്ചാലുകളും, കലു

ങ്കുകളും നിർമ്മിക്കുകയും കൂടുതൽ വീതിയിൽ റോഡ് ടാർ ചെയ്യുകയും വേണം. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നടപ്പാതകാം നിർമ്മിക്കുക.

e ഇടക്കാലത്ത് നിറുത്തിപ്പോയ കെ. എസ്. ആർ. ടി. സി ബസ്സുകാം പുനരാരംഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

**2 മെറ്റൽ റോഡുകാം മൺറോഡുകാം**

a ഫണ്ടിൻെറ ലഭ്യതനയനുസരിച്ച് മെററൽ റോഡുകളും മൺറോഡുകളും നന്നാക്കാൻ കഴിയണം.

b എല്ലാ റോഡുകളിലും പര്യാപ്തമായ രീതിയിൽ കാവച്ചാലുകളും കലുങ്കുകളും നിർമ്മിക്കുക.

c കാവച്ചാലുകാംക്കുള്ള സ്ഥലം മുൻകൂട്ടി കിട്ടുമെന്നുറപ്പുവരുത്തി മാത്രമേ പുതിയ റോഡുകാംക്കുള്ള ധനസഹായം അനുവദിക്കൂ എന്ന കർശന നിലപാട് ബന്ധപ്പെട്ട ഭരണ സ്ഥാപനങ്ങാം എടുക്കുക.

## III തുറമുഖവികസനം

ബേപ്പൂർ തുറമുഖവികസനം കൊട്ടിഘോഷിക്കപ്പെടാൻ തുടങ്ങിയിട്ട് പതിറ്റാണ്ടുകാം ഏറെയായെങ്കിലും ഈ രംഗത്ത് ആശാവഹമായി മുന്നോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴും കോഴിക്കോട് തുറമുഖത്തിൻെറ തെക്കെയററത്തുള്ള ഒരു വാർഫ് എന്ന നിലയിലല്ലാതെ ഒരു തുറമുഖമായി ബേപ്പൂരിനെ കാണാനുള്ള സാഹചര്യം ഇനിയുമായിട്ടില്ല. തുറമുഖവികസനം ത്വരിതഗതിയിൽ നടപ്പിലാവുന്നതോടെ ചരക്ക് ഗതാഗത രംഗത്ത് വിപ്ലവകരമായ ഒട്ടേറെ മാററങ്ങാംക്ക് തുടക്കം കുറിക്കാൻ കഴിയും. അതോടൊപ്പം തന്നെ നമ്മുടെ കാർഷിക, വ്യാവസായികോൽപ്പന്നങ്ങാംക്ക് വിദേശവിപണി കണ്ടെത്താനും, അതുവഴി അനുബന്ധമേഖലകളിൽ പുരോഗതിയുടെ വെള്ളിവെളിച്ചമെത്തിക്കാനും നമുക്കു കഴിയും. എന്ന കാര്യം നിസ്തർക്കമാണ്.

റോഡ് റെയിൽ ഗതാഗത രംഗത്ത് തുറമുഖ വികസനം വരുത്തുവാനിടയുള്ള ഗുണപരമായ മുന്നേററം മുന്നിൽ കാണുന്നതോടൊപ്പം തന്നെ, ചാലിയത്തു നിന്നും ബേപ്പൂർ ഭാഗത്തേയ്ക്ക് ബന്ധപ്പെടുന്ന നൂററാണ്ടുകാം പഴക്കമുള്ള ചാലിയം കടവ് നമുക്ക് നഷ്ടപ്പെടാതിരിക്കുവാനുള്ള മുന്നൊരുക്കവും നാം നടത്തിയേ തീരു.

തുറമുഖവികസനത്തിൻെറ ഗുണഫലങ്ങാം ഏററവും കൂടുതൽ നേരിട്ടനുഭവിക്കുന്ന, കടലുണ്ടി, ബേപ്പൂർ പഞ്ചായത്തുകളിലെ ജനങ്ങളുടെ ഐക്യത്തിലൂന്നിയ ബഹുജനസമരത്തിലൂടെ മാത്രമേ ബേപ്പൂർ തുറമുഖമെന്ന സ്വപ്നം യാഥാർത്ഥ്യമാക്കിത്തീർക്കാൻ കഴിയുകയുള്ളു.

### പുതിയ പാലങ്ങാം

(1) ജില്ലാ പഞ്ചായത്തിൻെറ സഹായത്തോടെ ചെറുതിരുത്തിയിലേക്ക് നടപ്പാലം നിർമ്മിക്കുക.

(2) കോട്ടക്കടവു ഭാഗത്ത് നിന്ന് കടലുണ്ടി റെയിൽവെസ്റേറഷനിലേക്ക് ഒരു ബൈപ്പാസ് റോഡായി ഉപയോഗിക്കുന്നതിന് മാട്ടുമ്മൽ തോടിനു കുറുകെ നിലവിലുള്ള നടപ്പാലത്തിനുപകരം വാഹനഗതാഗത യോഗ്യമായ ഒരു പാലം നിർമ്മിക്കുക. ഇതിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായം നൽകണം.

(3) വാഹന ഗതാഗതമെത്താത്ത കോണത്ത് ഭാഗത്തേക്ക് വാഹനമെത്തിക്കാൻ പരപ്പൻചാലിനു കുറുകെ പാലം നിർമ്മിക്കുക.

(4) മുരുകല്ലിങ്ങൽ പുഴക്ക് കുറുകെ മുക്കോണത്തേക്ക് നടപ്പാലം നിർമ്മിക്കുക. കടലുണ്ടി ഫറോക്ക് പഞ്ചായത്തുകളിലെ ജനസാന്ദ്രതയേറിയ രണ്ട് വാർഡുകളെ ബന്ധിപ്പിക്കുന്നവയായതിനാൽ ബ്ലോക്ക് പഞ്ചായത്തിൻെറ സഹായത്തോടെ ഇത് നടപ്പാക്കാവുന്നതാണ്.

(5) 10, 11 വാർഡുകളെ ബന്ധിപ്പിക്കുന്ന പട്ടത്താനം പാറക്കൽ പാലം നിർമ്മിക്കാവുന്നതാണ്.

(6) നമ്മുടെ പഞ്ചായത്തിലെ പട്ടത്താനത്തുനിന്നു മലപ്പുറം ജില്ലയിലെ പുല്ലിപ്പറമ്പുമായി ബന്ധിപ്പിക്കുന്ന നടപ്പാലം ജില്ലാ പഞ്ചായത്തിൻെറ സഹായത്തോടെ നിർമ്മിക്കാവുന്നതാണ്.

എല്ലാ ഗ്രാമസഭകളിലും നടന്ന ചർച്ചയിൽ പഞ്ചായത്തിന് വിഭവത്തിൻെറ (ഫണ്ട്) അപര്യാപ്തത ഉയർന്നുവന്നിട്ടുണ്ട് അദ്ധ്വാനം സമ്പത്ത് എന്ന സമവാക്യം ഈ അപര്യാപ്തത മാററാൻ നമുക്ക് ഉയർത്തിപ്പിടിക്കാം. പഞ്ചായത്തിലെ മനുഷ്യസമ്പത്താകണം വികസനത്തിൻെറ അടിസ്ഥാനശില. ഇതിന് ജനകീയാസൂത്രണവും പങ്കാളിത്ത വികസനസംസ്ക്കാരവും ശക്തമായി മുന്നേറണം.

# ഊർജ്ജം

വൈദ്യുതിയുടെ പ്രതിശീർഷ ഉപഭോഗം ഒരു ജനതയുടെ ജീവിത നിലവാരത്തിൻെറ സൂചികയായി അറിയപ്പെടുന്നു. ആരോഗ്യ സേവനരംഗങ്ങളിൽ വികസിത രാജ്യങ്ങളോട് കിടപിടിക്കുന്ന കേരളീയൻെറ വൈദ്യുതി ഉപഭോഗം ഇന്ത്യൻ ശരാശരിയേക്കാാം താഴെയാണെന്നത് ഒരു വിരോധാഭാസമാ

ണ്. വൈദ്യുതരംഗത്ത് അനുഭവപ്പെട്ട പ്രതിസന്ധി നമ്മുടെ കാർഷികവ്യവസായമേഖലകളെ തകർക്കുകയും വികസനം മുരടിപ്പിക്കുകയും ചെയ്തു. കഴിഞ്ഞ കാലങ്ങളിൽ വൈദ്യുത രംഗത്തുണ്ടായ വികലമായ ആസൂത്രണമാണ് ഈ പതനത്തിലെത്തിച്ചത്. വികസന രംഗത്ത് വൈദ്യുതിക്കുള്ള പ്രാധാന്യം ഇതിൽ നിന്ന് വ്യക്തമാണല്ലോ

കടലുണ്ടി പഞ്ചായത്തിൽ 1966ൽ വൈദ്യുതി എത്തി. ഇന്നു 15 കി. മീ നീളത്തിൽ വൈദ്യുത ലൈനുകളും, 5126 ഉപഭോക്താക്കളും (ഗാർഹികം 4024, വ്യാപാരം 870, വ്യാവസായികം 87, കാർഷികം 143) 19 ട്രാൻസ്ഫോർമറുകളും ഒരു ഇലക്ട്രിസിററി സെക്ഷൻ ഓഫീസും നിലവിലുണ്ട്. ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇവ വളരെ കുറവാണെന്നു കാണാം. നീണ്ട 30 വർഷത്തിനു ശേഷവും വൈദ്യുതി എത്താത്ത പല ഭാഗങ്ങളും പ്രത്യേകിച്ചു 3 ഹരിജൻ കോളനികൾ, ലക്ഷം വീട് കോളനികൾ എന്നിവ ഇന്നും ഉണ്ട്.

പട്ടികI

കണക്ഷൻ ലഭിക്കാനുള്ള അപേക്ഷകൾ

| Item | എണ്ണം | അപേക്ഷ നൽകിയ വർഷം | തൻവർഷം നൽകിയത് |
|---|---|---|---|
| ഒർഡിനറി | 173 | 15.12.1993 | 11 |
| OTP | 12 | 30.3.95 | 6 |
| OYEC | 55 | 6.10.95 | 93 |

അവ:ഇല. ഓഫീസ്

ചാർട്ട് II

| NO, | കപ്പാസിറ്റി KVA | ലൈറ്റ്ഹൗസ് ചാലിയം | ക്രമ നമ്പർ | കപ്പാസിറ്റി KVA | പേര് |
|---|---|---|---|---|---|
| 1. | 100 | ലൈറ്റ്ഹൗസ് ചാലിയം | 11 | 250 | ഇടച്ചിറ |
| 2 | 160 | ചാലിയം ഫിഷറീസ് | 12 | 100 | കൈതവളപ്പ് |
| 3 | 100 | ചാലിയം കടവ് | 13 | 500 | മിനിഇൻഡസ്ട്രിയൽ |
| 4. | 250 | ചാലിയം മാർക്കറ്റ് | 14 | 100 | സീക്കോ. |
| 5. | 100 | കടുക്കബസാർ | 15 | 100 | കാരകളി |
| 6. | 100 | വാക്കടവ് | 16 | 100 | വടക്കുമ്പാട് |
| 7. | 100 | മുരുകല്ലിങ്ങൽ | 17 | 100 | ലക്ഷ്മീ റബ്ബർ ഫാക്ടറി |
| 8. | 100 | വട്ടപ്പറമ്പ് | 18 | 160 | കിഴക്കുമ്പാട് |
| 9. | 250 | കടലുണ്ടി | 19 | 100 | മുക്കത്ത കടവ് |
| 10 | 100 | കടലുണ്ടി മാർക്കറ്റ് | | | |

അവ: ഇല. ഓഫീസ്

### പ്രശ്നങ്ങൾ

1) പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2) വോൾട്ടേജ് കുറവ് അതിരൂക്ഷമായി അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പ്രകാശത്തിനുവേണ്ടി വോൾട്ടതകുറഞ്ഞ ബൾബുകൾ ഉപയോഗിക്കേണ്ടിവരുന്നു.
3) വിതരണ ലൈനുകളിൽ തൊട്ടുനില്ക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടിമാററാത്തതും മററ് അററകുററപ്പണികൾ നടത്താത്തതുകൊണ്ടും ഉണ്ടാവുന്ന വിതരണ നഷ്ടം.
4) ട്രാൻസ്ഫോർമറിൻെറ കപ്പാസിററിയിൽ കൂടുതൽ കണക്ഷൻ നൽകുന്നത്
5) ഉദ്യോഗസ്ഥരുടെ അഭാവത്തിൽ ഉപഭോക്താക്കൾ സ്വയം ഫ്യൂസ് കെട്ടുന്നത്
6) വീടുകളിൽ വ്യാപകമായ രീതിയിൽ സ്ററെപ്പ് അപ്പ് ഉപയോഗിക്കുന്നത്

7) തെരുവ് വിളക്കുകളുടെ കുറവും ഉള്ളവ യഥാവിധി പ്രവർത്തിക്കാത്തതും

8).ഫറോക്ക് ചെറുവണ്ണൂർ എന്നീ ഫീഡറുകളിൽ നിന്നുള്ള വൈദ്യുതി ആശ്രയിക്കുന്നത് കൊണ്ട് ഒരു ഫീഡറിനു തകരാർ സംഭവിച്ചാൽ പഞ്ചായത്തിൻെറ പകുതി ഭാഗം ഇരുട്ടിലാവുന്നു.

9) പഞ്ചായത്തിലെ 5000ത്തിനു മുകളിൽ വരുന്ന ഉപഭോക്താക്കൾക്ക് എട്ട് കി. മീ അകലമുള്ള ഫറോക്ക് മേജർ സെക്ഷൻഓഫീസുമായിബന്ധപ്പെടുന്നതിന് ഉണ്ടാവുന്ന ബുദ്ധിമുട്ട്.

10) വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനു ലൈൻ വലിക്കുന്നതിനുള്ള "പ്രോപ്പർട്ടി ക്രോസ്" അനുമതി ലഭിക്കുന്നതിനുള്ള വിഷമങ്ങൾ.

പട്ടിക III

| വാർഡ് | ട്രാൻസ്ഫോർമർ ആവശ്യമുള്ള ഭാഗങ്ങൾ | വൈദ്യുതി എത്തേണ്ട സ്ഥലങ്ങൾ | തെരുവ് വിളക്കുകൾ ആവശ്യമുള്ള സ്ഥലങ്ങൾ | തെരുവുവിളക്കുകൾ നിലവിലുള്ളത് | | ആകെ |
|---|---|---|---|---|---|---|
| | | | | 40W ബൾബ് | 40W ട്യൂബ് | |
| 1. | | ലൈറ്റ്ഹൗസ് പടിഞ്ഞാറ്ഭാഗം | ലൈറ്റ്ഹൗസ് മുതൽ ഫാറൂഖ്പള്ളിവരെ | 29 | 3 | 32 |
| 2 | കനീശംകണ്ടി ഭാഗത്ത് | കാക്കാതിരുത്തി, പട്ടർമാഡ് | | 45 | 1 | 46 |
| 3. | മുരുകല്ലിങ്ങൽ | നടുക്കണ്ടി ഹരിജൻ കോളനി, കൊടിവളപ്പ് ഈച്ചപ്പാടം, ലക്ഷംവീട് കോളനി | ചാലിയം-മൈത്രീ-പോസ്റ്റാഫീസ് ദേശീയ മഹിളാ സമാജം, എങ്ങാട്ടിരിപ്പറമ്പ്, ചാലിപ്പാടം മുരുകല്ലിങ്ങൽ | 30 | - | 30 |
| 4. | | ഇത്തിക്കണ്ണായി, ഏറുക്കാട്, കുറുക്കൻ തറ കൊറത്തിപ്പറമ്പ് ഹരിജൻ കോളനി, പാലക്കൽത്താഴം | പഴഞ്ചണ്ണൂർ പഴയമാർക്കറ്റ്, വട്ടപ്പറമ്പ് റോഡ് | - | - | - |
| 5 | കപ്പലങ്ങാടി | കപ്പലങ്ങാടി സീവാൾ ഭാഗത്ത് | കടലുണ്ടി കടുക്കബസാർ റോഡ് വാക്കടവ് കടുക്കബസാർ കറപ്പൻകാവ് വരെയുള്ള ഭാഗങ്ങൾ സീവാൾറോഡ്, കക്കാട് കോളനി മുതൽ പനക്കൽ തൊടിവരെ | 35 | 1 | 36 |
| 6. | | | അലരുഴിറോഡ് | 58 | 2 | 60 |
| 7. | | | കടലുണ്ടിറെയിൽവേസ്റ്റേഷൻ, പേടിയാട്ട് കുന്ന്റോഡ്, ചെറിയതിരുത്തിക്കടവ്, മുതല കുളം പടന്ന-ഇടച്ചിറ | 23 | 1 | 24 |
| 8. | | കൊട്ടിരുത്തിപടിഞ്ഞാറുഭാഗം, മുള്ളമ്പലതാഴെ ഭാഗം | ഇടച്ചിറ-കുമ്മഞ്ചേരിറോഡ്, അടിവാരം-കൈത വളപ്പ് കാരപ്പറമ്പ് കരുണയിൽ കോട്ടക്കടവ് കാൽവരി, കർത്തങ്ങാട്ട്-റെയിൽവരെ | 23 | | 23 |
| 9. | പള്ളിപ്പറമ്പ് | വലിയോട്ടിൽ ലക്ഷം വീട്, വലിയാശത്തകോളനി കോണത്ത്, പാണ്ടിപ്പാടം | പള്ളിപ്പറമ്പ്, ശങ്കരത്ത്റോഡ് ആയുർവേദ ആശുപത്രി | 30 | 1 | 31 |
| 10. | | പടന്നഭാഗം | പ്രബോധിനി മുതൽ ആയിഷാബീവി സ്കൂൾ ശ്രീപുരിറോഡ്-പ്രബോധിനി-ചാത്തൻ കൈത്തോട് | 25 | - | 25 |
| 11 | | കളത്തുംമ്പാടം, മിച്ചഭൂമികോളനി, എടക്കാട് പുളിശ്ശേരി-പോത്തുക്കടവ് | കോട്ടക്കുന്ന്-മുക്കത്തെക്കടവ്, കിഴിക്കോട്റോഡ് ശ്മശാനം -പട്ടത്താനം - റോഡ് | 18 | 1 | 19 |
| 12. | മണ്ണൂർ സെൻട്രൽ മാർക്കറ്റ് | കുനിയിൽ കോളനി, കുട്ടാടൻ പാടം, കയനിപ്പാടം, ഇടിങ്ങലപ്പാടം, പുവിലരുവിതറ, പടിക്കത്താഴം | ആലമ്പറ്റ്പടിറോഡ്, സെൻട്രൽമാർക്കറ്റ് മുല്ലപ്പള്ളി-മണ്ണൂർറെയിൽ, മുല്ലപ്പള്ളി- കോട്ടക്കുന്ന് ഊക്കത്തെപടിറോഡിൽ, തന്നാടം ലക്ഷം വീട് കോളനി | 8 | - | 8 |
| 13. | | ചാലിയം ഫിഷറീസ് എൽ. പി. സ്കൂൾ കോട്ടക്കണ്ടി ഭാഗത്ത് | ചാലിയം ഫിഷറീസ് എൽ.പി.സ്കൂൾ ഭാഗത്ത് | - | - | - |
| | | | | 324 | 10 | 334 |

പട്ടിക III

**നിർദ്ദേശങ്ങാം**

1, 5000 ഉപഭോക്താക്കളിൽ കൂടുതലുള്ള കടലുണ്ടി 'സാററ ലൈറ്റ് സെക്ഷൻ ഒരു മേജർ സെക്ഷനായി ഉയർത്തുക.

2, ഇടച്ചിറയിൽ അവസാനിക്കുന്ന ഫറോക്ക് ഫീഡർ ലൈൻ കടലുണ്ടിറെയിൽക്രോസിനടുത്തേക്ക് നീട്ടി റെയിൽ ക്രോസ്സ് ചെയ്തു ചെറുവണ്ണൂർ ഫീഡറിലേക്ക് 'ഇൻറർ ലിങ്ക്' ചെയ്യുക

3, കടലുണ്ടി പഞ്ചായത്ത് ഓഫീസിൻെറ മുന്നിൽ നിന്ന് വടക്കുമ്പാട്ട് പള്ളിപ്പറമ്പ് ഭാഗത്തേക്കുള്ള നിർദ്ദിഷ്ട റോഡ് പണി പൂർത്തിയാക്കി എച്ച്. ടി. ലൈൻ വലിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കി പള്ളിപ്പറമ്പിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

4, വൈദ്യുതി എത്താത്ത ഹരിജൻ കോളനികളും, ലക്ഷം വീട് കോളനികളും വൈദ്യുതീകരിക്കുക.

5, പഞ്ചായത്തിൻെറ വരുമാനത്തിൻെറ 4% ചിലവാക്കുന്ന തെരുവുവിളക്കുകാം പലതും പ്രവർത്തിക്കുന്നില്ല. ഇതിനു പഞ്ചായത്തും ഇലക്ട്രിസിററി ബോർഡും ചേർന്ന് സംയുക്ത പരിശോധന നടത്തുക

6, സ്റെറപ്പ് അപ്പ് ട്രാൻസ്ഫോർമറുകാം വീടുകളിൽ ഉപയോഗിക്കുന്നത് കർശനമായി നിയന്ത്രിക്കുക.

7, ഊർജ്ജം സംരക്ഷിക്കുന്നത് ഉൽപ്പാദിപ്പിക്കുന്നതിനേക്കാം ചിലവ് കുറഞ്ഞതാണ് വീടുകളിൽ ഫിലമെൻറ് ലാമ്പുകാംക്ക് പകരം ക്ഷമത കൂടിയ ഫ്ളൂറസെൻറ് ലാമ്പുകാം, കോംപാകററ് ഫ്ളൂറസെൻറ്ലാമ്പുകാം (സി. എഫ്. എൽ) എന്നിവ ഉപയോഗിക്കുക.

8, കല്ല്യാണം. ഉത്സവം, പൊതുയോഗങ്ങാം എന്നിവയ്ക്കും വ്യാപാരസ്ഥാപനങ്ങളിലും അലങ്കാര വിളക്കുകാം ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനുള്ള ബോധവൽക്കരണം നടത്തുക.

9, വ്യാപാര സ്ഥാപനങ്ങാം, വ്യാവസായിക സ്ഥാപനങ്ങാം എന്നിവയിൽ വെളിച്ചത്തിനുവേണ്ടി കോംപാക്റ്റ് ഫ്ളൂറസെൻറ് ലാമ്പുകാം മാത്രം ഉപയോഗിക്കുക.

10, പരീക്ഷണാടിസ്ഥാനത്തിൽ സോളാർ തെരുവ് വിളക്കുകാം ഉപയോഗപ്പെടുത്തുക.

11, വൈദ്യുതി ഉപഭോഗം വളരെ കുറയ്ക്കാൻ സഹായിക്കുന്ന സി. എഫ്. എൽ വിളക്കുകാം ഉപഭോക്താവിനു സബ്സിഡി നിരക്കിൽ നല്കണം. ഇതിനു വരുന്ന ചെലവ് ലാഭിക്കപ്പെടുന്ന വൈദ്യുതിയുടെ അളവുമായി ബന്ധപ്പെടുത്തുമ്പോാം വളരെ നിസ്സാരമാണ്.

പഞ്ചായത്തിൻെറ 90% ലധികം വീടുകളിൽ പാചകത്തിനു വിറക് ഉപയോഗിക്കുന്നു. മണ്ണെണ്ണ, ഗ്യാസ് എന്നിവ പൂർണ്ണമായി പാചകത്തിനു ഉപയോഗിക്കുന്ന വീടുകാം വളരെ കുറവാണ്.

വിറകിൽ നിന്നു ലഭിക്കുന്ന ഊർജ്ജം പൂർണ്ണമായും ഉപയോഗപ്പെടുത്താൻ നാടൻ വിറകടുപ്പുകാം പര്യാപ്തമല്ല. ഇത് വിറകിന് ക്ഷാമം ഉണ്ടാക്കുന്നു. അടുപ്പിൽ നിന്നുള്ള പുക സ്ത്രീകളുടെ ആരോഗ്യത്തിനു ഭീഷണിയാവുകയും ചെയ്യുന്നു. ഈ പ്രശ്നങ്ങാംക്ക പരിഹാരമായി ശാസ്ത്രീയമായി ഡിസൈൻ ചെയ്ത ദക്ഷത കൂടിയ വിറകടുപ്പുകാം പ്രചരിപ്പിക്കാൻ കഴിയണം. ഈ രംഗത്ത് അനർട്ടിൻെറയും കേരള ശാസ്ത്ര സാഹിത്യപരിഷത്തിൻെറയും സേവനം ഉപയോഗപ്പെടുത്താവുന്നതാണ് മണ്ണെണ്ണ സ്ററൗവിൻെറ കാര്യത്തിലും ദക്ഷത കൂടിയവ ഉപയോഗിച്ച് ഊർജ്ജം ലാഭിക്കാവുന്നതാണ്. പാചകത്തിനു പ്രഷർ കുക്കർ, കച്ചിപ്പെട്ടി എന്നിവ ഉപയോഗപ്പെടുത്തിയാൽ നമ്മുടെ ഊർജ്ജ നഷ്ടം കുറയ്ക്കാം.

തെങ്ങിൽ നിന്നും മററു പാഴ്ത്തടികളിൽ നിന്നുമാണ് നമുക്കാവശ്യമായ വിറകുലഭിക്കുന്നത്. സാമൂഹ്യവനവൽക്കരണത്തിൻെറ ഭാഗമായി റോഡരികിലും മററുലഭ്യമായ പ്രദേശത്തും വിറകിനുപററിയ മരം വച്ചുപിടിപ്പിക്കുന്ന ശീലം ജനങ്ങളിൽ വളർത്തിയെടുത്താൽ ഭാവിയിലെ വിറകിൻെറ ക്ഷാമം ഒരു പരിധിവരെ തടയാൻ കഴിയും

അനെർട്ട് പ്രചരിപ്പിക്കുന്ന ദക്ഷത കൂടിയ അടുപ്പുകാം, മണ്ണെണ്ണ സ്ററൗവുകാം (നൂതൻ) സോളാർ കുക്കറുകാം എന്നിവയെക്കുറിച്ചുളള ബോധവൽക്കരണവും അവ ജനങ്ങളിൽ പ്രാവർത്തികമാക്കാനാവശ്യമായ പ്രവർത്തനവും നടത്തണം.

"ഊർജ്ജത്തിൻെറ ദുർവ്യയം, ക്ഷയിച്ചു
കൊണ്ടിരിക്കുന്ന നമ്മുടെ ഊർജ്ജസ്രോതസ്സു
കളെ കൂടുതൽ ക്ഷയിപ്പിക്കും. അതിനാൽ
ഊർജ്ജത്തിൻെറ ഉപഭോഗം ആവശ്യാധിഷ്ഠിത
മായി പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു"

## വാർത്താവിനിമയം

വാർത്താവിനിയമരംഗത്ത് വന്ന കുതിച്ചുചാട്ടം മാനവ പുരോഗതിയെ കുറച്ചൊന്നുമല്ല സഹായിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സൗകര്യങ്ങാം നമ്മുടെ ജനങ്ങളുടെ പുരോഗതിയിൽ ഗണ്യമായ പങ്ക് വഹിച്ചിട്ടുള്ളതായികാണാം. നമ്മുടെ പഞ്ചായത്തിൽ മൂന്ന് സബ്പോസ്ററാഫീസുകാം നിലവിൽ ഉണ്ട്. നമ്മുടെ പഞ്ചായത്തിലെ ടെലഫോൺ എക്സ്ചേഞ്ച് 1967 നിലവിൽ വന്നു. തുടക്കത്തിൽ 35 കണക്ഷനുകാം മാത്രമുണ്ടായിരുന്നത് ഇന്ന് 665 കണക്ഷനുകളായി മാറിയിട്ടുണ്ട്. എന്നിട്ടും ആയിരത്തിലധികം അപേക്ഷകാം ഫോണിനുവേണ്ടി കുന്നുകൂടി

കിടക്കുന്നു. എക്സ്ചേഞ്ച് ആധുനികവൽക്കരിക്കുന്നതിൻെറ ഭാഗമായി കെട്ടിടത്തിൻെറ പണി പുരോഗമിക്കുന്നതൊടൊപ്പം ആധുനിക രീതിയിലുള്ള ഉപകരണങ്ങൾ സ്ഥാപിച്ചു പഞ്ചായത്തിലെ മുഴുവൻ ആവശ്യക്കാർക്കും ഫോൺ നൽകാൻ കഴിയുന്ന അവസ്ഥ ഉടനെ സംജാതമാകുമെന്ന് പ്രതീക്ഷിക്കുന്നു.

## മാർക്കറ്റ്

കടലുണ്ടി പഞ്ചായത്തിൽ വിശിഷ്യാ കടലോരപ്രദേശങ്ങളിൽ സ്ത്രീ പുരുഷഭേദമന്യേ തൊഴിലവസരങ്ങൾ പ്രദാനം ചെയ്തിരുന്ന ഇത്തിൾ ശേഖരണവും, വിപണനവും ഇന്ന് അപ്രത്യക്ഷമായിരിക്കുകയാണ്. ഭൂമിശാസ്ത്രപരമായി വളരെയേറെ അനുഗ്രഹീതമായ പ്രദേശമായിരുന്നിട്ടും കയറുല്പന്ന നിർമ്മാണരംഗത്തും, വിപണനരംഗത്തും കടലുണ്ടി പഞ്ചായത്ത് അനുദിനം പിന്നോക്കം പോകുകയാണ്. ഹരിജനങ്ങളിൽ വലിയൊരുവിഭാഗം ഉപജീവനമാർഗമാക്കിയിരുന്നു പായ, കുട്ട, പനമ്പ് എന്നിവയുടെ നെയ്ത്തും വിപണന സൗകര്യങ്ങളടെ അഭാവം കാരണം അന്യം നിന്നുപോയ അവസ്ഥയാണിന്നുള്ളത്. കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഇത്തരം പരമ്പരാഗതതൊഴിൽ മേഖലകളെയും, കാർഷികോൽപ്പാദനമേഖലയേയും ഗതകാലപ്രതാപത്തിലേക്ക് തിരിച്ചുകൊണ്ടുപോകണമെങ്കിൽ ഇവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തേണ്ടത് അനിവാര്യമാണ്. നമ്മുടെ ഗ്രാമീണ സംസ്ക്കാരത്തിൻെറയും, പാരമ്പര്യത്തിൻെറയും, കൂട്ടായ്മയുടെയും പ്രതീകമായി വർത്തിച്ചിരുന്ന ആഴ്ച ചന്തകളുടെ പുനരാവിഷ്ക്കാരം ഈ ലക്ഷ്യത്തിലേയ്ക്കുള്ള ഒരു ഉറച്ച കാൽവെപ്പായിരിയ്ക്കും, ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ ഗതിവിഗതികൾ വിരൽ ചൂണ്ടുന്നത് ഇത്തരം ആഴ്ച ചന്തകളുടെ ആവശ്യകതയിലേക്കാണ്.

കടലോരപ്രദേശമായ കടലുണ്ടി പഞ്ചായത്തിൽ മത്സ്യസമ്പത്തിൻെറ ചൂഷണരംഗത്തും, വിപണനരംഗത്തും കാലാനുസൃതമായ പുരോഗതി കൈവന്നിട്ടുണ്ടെങ്കിലും അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ഈ രംഗത്തെ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നു. പുതിയാപ്പ മാതൃകയിലുള്ള ഫിഷ്ലാൻറിംഗ് സെൻററിൻെറ നിർമ്മാണം മത്സ്യ വിപണന രംഗത്തെ പുരോഗതിയ്ക്ക് ആക്കം കൂട്ടുമെന്ന കാര്യത്തിൽ തർക്കമില്ല.

കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ വാരുന്ന തൊഴിലിലേർപ്പെട്ടിരിക്കുന്ന വലിയൊരു വിഭാഗം തൊഴിലാളികൾ 2, 3, 7, 10, 11 വാർഡുകളിൽ താമസിക്കുന്നുണ്ട്. വിപണന സൗകര്യങ്ങളുടെ അഭാവം ഈ മേഖലയും നേരിടുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഗ്രാമപഞ്ചായത്തിൻെറ ഉടമസ്ഥതയിൽ അപ്രോച്ച് റോഡുകളുള്ള ഭാഗങ്ങളിൽ പാതാർ നിർമ്മിക്കുന്നത് ഈ മേഖലയിലെ തൊഴിലാളികൾക്കും, ഉപഭോക്താക്കൾക്കും ഒരു അനുഗ്രഹമായിരിക്കു

നാളികേരം, അടയ്ക്ക, നേന്ത്രവാഴ എന്നിവയാണ് കടലുണ്ടിപഞ്ചായത്തിലെ പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങൾ. എന്നാൽ ഇവയുടെ വിപണനത്തിന് ആശ്രയിക്കാവുന്ന പൊതുമാർക്കറ്റോ, ആഴ്ചച്ചന്തകളോ ഇല്ലെന്നുള്ളത് ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാനപ്രശ്നങ്ങളിലൊന്നാണ്. സ്വകാര്യമേഖലയെ മാത്രം ആശ്രയിക്കേണ്ട ഒര സ്ഥിതിവിശേഷമുള്ളതുകൊണ്ട് കർഷകർക്ക് തങ്ങളുടെ ഉല്പ്പന്നങ്ങൾക്ക് ശരിയായ വില ലഭിക്കാതിരിക്കുകയു ചൂഷണത്തിന് വിധേയരാവുകയും ചെയ്യുന്നു.

വിപണനരംഗത്ത് കടലുണ്ടി പഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് ഗ്രാമസഭകൾ നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങളുടെ സംക്ഷിപ്ത രൂപം താഴെ കൊടുക്കുന്നു.

1) നിലവിലുള്ള പൊതുമാർക്കററുകളുടെ (ചാലിയ കടലുണ്ടി) ശോച്യാവസ്ഥ പരിഹരിക്കുക.

2) അന്യം നിന്നുപോയപൊതുമാർക്കററുകൾ (വടക്കുമ്പാ മണ്ണൂർ സെൻട്രൽ മാർക്കററ്) പുനഃസ്ഥാപിക്കുക.

3) വട്ടപ്പറമ്പ്, മണ്ണൂർവളവ്, മുക്കത്തക്കടവ് എന്ന സ്ഥലങ്ങളിൽ പൊതുമാർക്കററ് സ്ഥാപിക്കുകയും റോഡ കിലും മററുമുള്ള മത്സ്യ-മാംസ വില്പന കർശനമായി നിരോധിക്കുകയും ചെയ്യുക.

4) കടലുണ്ടിയിൽ പഞ്ചായത്തിൻെറ കൈവശമുള്ള ഭൂമിയിൽ ഒരു ബസ് സ്ററാൻഡും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക

5) ചാലിയം ചെമ്മീൻകുളം മണ്ണിട്ട് തൂർത്ത് ഷോപ്പിംഗ് കോം പ്ലക്സ് നിർമ്മിക്കുക.

6) കാർഷിക, വ്യാവസായിക, കരകൗശല വസ്തുക്കൾ വിപണനം ചെയ്യുന്നതിന് ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് ആഴ്ച ചന്ത സ്ഥാപിക്കുക.

# 5-7

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഓടു വ്യവസായ മേഖലയുടെ സ്വാധീനവും തിങ്ങി നിറയുന്ന കേരവൃക്ഷങ്ങളും പഴയകാലത്ത് ഓടുവീടുകളുടേയും ഓലമേഞ്ഞ പുരകളുടേയും നിർമ്മാണത്തിൽ ഈ പഞ്ചായത്തിൽ സ്വാധീനം ചെലുത്തി. പുതിയവീടുകളും പുതുക്കിപണിയുന്ന വീടുകളും കോൺക്രീറ്റ് കെട്ടിടങ്ങളുടെ മാസ്മര വിദ്യയിലേക്ക് ആകർഷിക്കപ്പെടുന്നു.

കടലുണ്ടി പഞ്ചായത്തിൽ കൂലിപ്പണിയെടുത്ത് ഉപജീവനം കഴിക്കുന്നവരാണ് ഇടത്തരം വീടുകളിലും കുടിലുകളിലും താമസിക്കുന്നവരിൽ കൂടുതലും. കടലുണ്ടി പഞ്ചായത്തിൽ ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഏകദേശം ഏഴായിരത്തോളം വീടുകളുണ്ട്. ഇതിൽ 1000ത്തോളം ഭേദപ്പെട്ട വീടുകളും 5000ത്തോളം ഇടത്തരം വീടുകളും 700 ഓളം കുടിലുകളുമാണുള്ളത്.

വീടുകളുടെ നിലം മാർബിൾ, കടപ്പ, മൊസൈക്ക്, സിമൻറ് ഉപയോഗിച്ച് നിർമ്മിച്ചതാണ്. സിമൻറ് തറകളാണ് കൂടുതലെങ്കിലും ഇന്നു പലതും മാർബിൾ കടപ്പ, ഗ്രാനൈറ്റ്, എന്നിവയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു.

വീട് എന്നത് പ്രകൃതിയുടെ പ്രതിഭാസത്തിൽ നിന്നു സുരക്ഷ നേടാനുള്ള ഒരു ഉപാധി എന്ന നിലയിൽ നിന്നും മാറി ഇന്ന് ഒരു ആഢ്യത്വത്തിൻെറ പ്രതീകമായി മാറിക്കഴിഞ്ഞിരിക്കയാണ്. ആർഭാടകരമായ രീതിയിൽ ഭവനിർമ്മാണം നടത്തുന്നതിന് ഇന്ന് മത്സരം തന്നെ നടക്കുകയാണ്. സൗകര്യപ്രദമായ രീതിയിൽ എങ്ങനെ വീടുകൾ നിർമ്മിക്കാം എന്നതിനുപകരം ആധുനികവും വിലപിടിപ്പുള്ളതുമായ എന്തെന്തു പദാർത്ഥങ്ങൾ വീടു നിർമ്മാണത്തിന് ഉപയോഗിക്കാം എന്നുള്ളതായിക്കഴിഞ്ഞിരിക്കുന്നു ഇന്ന് ജനങ്ങളുടെ ചിന്ത. ആയത് ചെലവുകുറഞ്ഞ വീടുനിർമ്മാണത്തിൻെറ പ്രചരണത്തിന് തടസ്സമായി മാറിയിരിക്കുകയാണ്. പെൺകുട്ടികളുടെ വിവാഹത്തിന് വേണ്ടി ഉള്ളതെല്ലാം പെറുക്കി വിറ്റു പാപ്പരാകുന്ന കുടുംബങ്ങളെപോലെ ആഡംബരമുള്ള വീടു നിർമാണത്തിനും വേണ്ടി കിട്ടാവുന്നിടത്തുനിന്നെല്ലാം കടം വാങ്ങി പാപ്പരാവുന്ന കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. ഇതിനൊരു പരിഹാരത്തെക്കുറിച്ച് ഉറക്കെ ചിന്തിക്കേണ്ട

പട്ടിക 1

1991 സെൻസസ് പ്രകാരമുള്ള വീടുകളുടെ എണ്ണം (വാർഡു തിരിച്ച്)

| വാർഡ് | വീടുകളുടെ എണ്ണം | ഒന്നിൽകൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|---|---|
| 1 | 620 | 48 | 128 | 238 | 206 |
| 2 | 340 | 45 | 60 | 120 | 115 |
| 3 | 507 | 20 | 80 | 417 | 90 |

പട്ടികതുടർച്ച ..........

| | | | | | |
|---|---|---|---|---|---|
| 4 | 456 | 32 | 39 | 274 | 111 |
| 5 | 634 | 48 | 95 | 299 | 192 |
| 6 | 411 | 22 | 142 | 171 | 76 |
| 7 | 349 | 19 | 75 | 209 | 46 |
| 8 | 369 | 37 | 107 | 199 | 26 |
| 9 | 367 | 65 | 71 | 212 | 19 |
| 10 | 650 | 47 | 78 | 312 | 213 |
| 11 | 429 | 20 | 53 | 188 | 168 |
| 12 | 371 | 27 | 63 | 152 | 129 |

പട്ടിക 2

ഗ്രാമസഭാ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ
ഇപ്പോൾ നിലവിലുളള വീടുകളും കുടിലുകളും

| വാർഡ് | വീടുകളുടെ എണ്ണം | കുടിൽ | |
|---|---|---|---|
| 1 | 572 | 175 | |
| 2 | 563 | 25 | |
| 3 | 712 | 89 | |
| 4 | 470 | 100 | |
| 5 | 632 | 42 | |
| 6 | 472 | 15 | |
| 7 | 548 | 15 | |
| 8 | 412 | 38 | |
| 9 | 526 | 8 | |
| 10 | 572 | 32 | |
| 11 | 615 | 42 | |
| 12 | 632 | 82 | |
| 13 | 605 | 105 | |

സമയം കഴിഞ്ഞിരിക്കുന്നു.

കടലുണ്ടി പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണസംഘം ഇല്ലാത്തതിനാൽ വീടു നിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നതിന് ജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്.രാമനാട്ടുകര ഭവന നിർമ്മാണ സഹകരണ സംഘത്തിൻെറയും കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൻെറയും , സംസ്ഥാന ഭവന നിർമ്മാണ ബോർഡിൻെറയും, ഫെഡറൽ ബാങ്കിൻെറയും ഫറോക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെയും സഹായത്തോടെ വസ്തു ഈടിൻമേൽ പണം കടം വാങ്ങിയാണ് ഈ പഞ്ചായത്തിൽ പലരും വീടു നിർമ്മിക്കുന്നത്. ഈ പഞ്ചായത്തിൽ ഹൗസിങ്ങ് കോളനികൾ ഒന്നും തന്നെയില്ല. ലക്ഷം വീടുകോളനി നാലുസെൻറ്കോളനി ഫിഷർമെൻ കോളനി പുറമ്പോക്കു പതിച്ചു കിട്ടിയതിൽ വീടു വെച്ചു താമസിക്കുന്നവർ ഹരിജൻ കോളനികൾ എന്നീ വിഭാഗത്തിൽപ്പെടുന്നവരുണ്ട്. ഈ കോളനികളിൽ പശ്ചാത്തല പ്രാഥമിക സൗകര്യങ്ങൾ കുറവായതിനാൽ അവിടെ താമസിക്കുന്നവരുടെ ആരോഗ്യത്തിനും കുടുംബസ്വകാര്യതക്കും പല തടസ്സങ്ങളുമുണ്ടാകുന്നു.

കെട്ടിടങ്ങളുടെ വാസ്തു ശിൽപ്പ മാതൃകയിലും നിർമ്മാണ രംഗത്തും ഈ അടുത്ത കാലത്തായി വലിയ മാറ്റം വന്നിട്ടുണ്ട്. ഓടുമേഞ്ഞ വീടുകളുടെ നിർമ്മാണം കുറഞ്ഞു വരികയും പകരക്കാരനായി കോൺക്രീറ്റു കെട്ടിടം എത്തുകയും ചെയ്യുന്നു. വർഷംതോറും കെട്ടിമേച്ചിൽ ഓലമേഞ്ഞ പുരയിടങ്ങളിൽ നിന്നു മാറാൻ പ്രേരണയാകുന്നു.

നെൽവയലുകൾ നികത്തി വീടുണ്ടാക്കുന്ന പ്രവണത ഈ പഞ്ചായത്തിൽ കൂടുതലാണ്. സ്ഥലത്തിൻെറ (ഭൂമി) അമിതമായ വിലക്കയറ്റം, നെൽകൃഷിയുടെ ആദായമില്ലായ്മ, കാർഷികത്തൊഴിലാളികളുടെ ലഭ്യതക്കുറവ്,

നെൽവയലുകളിലൂടെ കടന്നുപോകുന്ന പഞ്ചായത്തു റോഡുകൾ എന്നിവ വയലുകൾ നികത്തി വീടുണ്ടാക്കാൻ പ്രേരണ നൽകുന്നു.

കെട്ടിട നിർമ്മാണത്തിനാവശ്യമായ മണൽ മാത്രമാണ് ഈ പഞ്ചായത്തിൽ ആവശ്യത്തിന് ലഭിക്കുന്നത്. ചെങ്കല്ല് തുടങ്ങിയ വസ്തുക്കളെല്ലാം മറ്റു സ്ഥലങ്ങളിൽ നിന്ന് എത്തിക്കുകയാണ് ചെയ്യുന്നത് ഇഷ്ടിക, ഓട് എന്നിവ ഉണ്ടാക്കുന്ന കമ്പനി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവ ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന വീടുകൾ ഈ പഞ്ചായത്തിൽ കുറവാണ്. ഇതിൻെറ ഫലമായി ഈ പഞ്ചായത്തിലെ ഏക സഹകരണ വ്യവസായ ശാലയായ സീക്കോ ടൈൽസിൽ ഓട് കെട്ടിക്കിടക്കുകയും പ്രവർത്തനം സ്തംഭിക്കുന്ന അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഓടു വ്യവസായ മേഖലയായ ഫറോക്കിലെയും സ്ഥിതി വ്യത്യസ്തമല്ല.

കെട്ടിട നിർമ്മാണത്തൊഴിലാളികൾ ഈ പഞ്ചായത്തിൽ ആവശ്യത്തിനുണ്ടെങ്കിലും വിദഗ്ദ്ധ തൊഴിലാളികൾ പരിമിതമാണ്. ഗൾഫ് മേഖലയുടെ സ്വാധീനം നിമിത്തം കെട്ടിട നിർമ്മാണം വർദ്ധിച്ചുവരുന്നതിനാൽ എല്ലാ വിഭാഗത്തിൽപ്പെട്ട തൊഴിലാളികളും ആ മേഖലയിലേക്ക് തിരിഞ്ഞിട്ടുണ്ട്. അതിനാൽ കാർഷിക വൃത്തി, ചുമട്ട് തുടങ്ങിയ രംഗങ്ങളിൽ വേണ്ടത്ര തൊഴിലാളികളെ കിട്ടാനില്ലാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. നിർമ്മാണത്തൊഴിലാളികളുടെ കൂലിനിരക്ക് 92-93 വർഷത്തിൽ പുരുഷന്മാർക്ക് 95 രൂപയും സത്രീകൾക്ക് 75 രൂപയുമാണ്. 94 കാലഘട്ടത്തിൽ അത് 110-80 ആയും 95-96 കാലഘട്ടത്തിൽ 130 /100 രൂപയായും മാറിയിരിക്കുന്നു. ഈ രംഗത്ത് സ്ത്രീ തൊഴിലാളികൾ എന്നും അവിദഗ്ധ തൊഴിലാളികളായിതന്നെ നിലനിൽക്കുന്നു.

## പ്രശ്നങ്ങൾ

1) ഭൂമിയുടെ വിലക്കയറ്റം
2) വിദഗ്ധരായ നിർമ്മാണത്തൊഴിലാളികളുടെ അഭാവം.
3) വായ്പകൾ ലഭിക്കാനുള്ള സൗകര്യക്കുറവ്, ഉള്ളവ ലഭിക്കാനുള്ള ബുദ്ധിമുട്ട്
4) ഭൂരഹിതരുടെ പ്രശ്നങ്ങൾ
5) കോളനികളിൽ താമസിക്കുന്നവരുടെ പശ്ചാത്തല സൗകര്യങ്ങളില്ലായ്മ
6) ദുർവ്യയമില്ലാത്തവീടുകൾ നിർമ്മിക്കുന്ന വിദഗ്ധന്മാരുടെ അഭാവം.
7) ഭവന നിർമ്മാണ സഹകരണസംഘം ഇല്ലായ്മ
8) മതിലുകളുടെ ആധിക്യം
9) തീരദേശ സംരക്ഷണനിയമം
10) ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം

പട്ടിക 3 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിലവാരം സംബന്ധിച്ച പട്ടിക

| വർഷം | സിമൻറ് | ചെങ്കല്ല് | കമ്പി | ഓട് | മണൽ | ചിമ്മിനികട്ട |
|---|---|---|---|---|---|---|
| 1990 | 1 ചാക്ക് | 1000 എണ്ണം | 1 കിലോ | 1000 എണ്ണം | 1 ലോറി | 1000 എണ്ണം |
| " | 90 രൂപ | 3500 രൂപ | 13 രൂപ | 1900 രൂപ | 350 രൂപ | 1300 രൂപ |
| 1991 | 100 | 4800 | 13 | 2000 | 400 | 1700 |
| 1992 | 150 | 6000 | 14 | 2200 | 475 | 2000 |
| 1993 | 155 | 6200 | 14.20 | 2600 | 550 | 2200 |
| 1994 | 160 | 6750 | 15.40 | 3150 | 575 | .2400 |
| 1995 | 170 | 7000 | 15.80 | 3400 | 650 | 2600 |
| 1996 | 185 | 7750 | 16.50 | 4550 | 750 | 2800 |

## സാധ്യതകൾ

1) ഭവന നിർമ്മാണസഹകരണസംഘം സ്ഥാപിക്കുക
2) കെട്ടിട നിർമ്മാണ സാമഗ്രികൾ സംഭരിച്ച് വിതരണം ചെയ്യുവാനുള്ള സൊസൈറ്റികൾ സ്ഥാപിക്കുക.
3) നിർമ്മാണത്തൊഴിലാളികളെയും ഈ രംഗത്തെ വിദഗ്ധരെയും സംഘടിപ്പിച്ച് ചിലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുക.
4) ഭവന നിർമ്മാണത്തിനാവശ്യമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ അംഗീകരിക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.
5) കേന്ദ്ര-സംസ്ഥാന സർക്കാറുകൾ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികളുടെ അടിസ്ഥാനത്തിൽ ഭൂരഹിതർക്കും നിർധന കുടുംബങ്ങൾക്കും വീടു വെക്കാനുള്ള പദ്ധതി ഗ്രാമസഭാ തലത്തിൽ നടപ്പിലാക്കുക.
6) സൂപ്പർ ടാക്സുകൾ ചുമത്തി ദുർവ്യയഭവന നിർ

മ്മാണം നിരുത്സാഹപ്പെടുത്തുക.

7) ഭവന നിർമ്മാണ സഹകരണസംഘങ്ങൾ വീടു വെക്കാൻ വായ്പ നൽകുമ്പോൾ ഉപഭോക്താവിൻെറ സാമ്പത്തിക സ്ഥിതി കണക്കാക്കി താഴ്ന്ന വരുമാനം ഇടത്തരം വരുമാനം ഉയർന്നവരുമാനം എന്നിങ്ങനെ നിജപ്പെടുത്തി വായ്പ നൽകുകയും അതിനനുസരിച്ച് പ്ലാൻ എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകി അതുപ്രകാരം മാത്രം വീടു നിർമ്മാണം നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

8) പരമ്പരാഗത ഭവന നിർമ്മാണ വാസ്തു ശിൽപ്പത്തെ പ്രോത്സാഹിപ്പിക്കുക.

9) വീടുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യാൻ സഹകരണസംഘങ്ങളുണ്ടാക്കുകയും വീടുകളുടെ ഈടിന്മേൽ അതിൻെറ ചെലവ് തവണ വ്യവസ്ഥയിൽ അടച്ചു തീർക്കാനുള്ള സംവിധാനമുണ്ടാക്കുകയും ചെയ്യുക.

10) കുന്നിൻ പ്രദേശങ്ങളും തരിശായികിടക്കുന്ന ചരുവ തലങ്ങളും ഹൗസിങ്ങ് കോളനികൾ ഉണ്ടാക്കാൻ ഉപയോഗപ്പെടുത്തുക.

11) അലങ്കാരമായി മാറിക്കൊണ്ടിരിക്കുന്ന മതിലുകൾ അമിതവ്യയവും പരിസ്ഥിതി പ്രശ്നങ്ങളും ഉണ്ടാക്കുന്നു. അവയുടെ സ്ഥലത്ത് ജൈവ വേലികൾ പ്രചരിപ്പിക്കുക.

12) സർക്കാറിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കുക.

13) മത്സ്യത്തൊഴിലാളികൾ തിങ്ങി താമസിക്കുന്ന 1, 13, 5 വാർഡുകളിൽ പണി തീർന്ന വീടുകൾക്ക് നമ്പറുകൾ അനുവദിച്ചുകിട്ടാനുള്ള സാങ്കേതിക വിഷമങ്ങൾ ഒഴിവാക്കാൻ ഗ്രാമ പഞ്ചായത്ത് ആവശ്യമായ കാര്യങ്ങൾ ചെയ്യുക.

വീടില്ലാത്തവരുടെ പ്രധാനപ്രശ്നം സ്വന്തമായി ഭൂമിയില്ലാത്തതാണ്. അതു പരിഹരിക്കാൻ പഞ്ചായത്തിലെ മിച്ചഭൂമി, ലീസ് ഭൂമി എന്നിവ ഉപയോഗപ്പെടുത്താവുന്നതാണ്.

ലീസ് ഭൂമി അർഹതപ്പെട്ടവർക്ക് നൽകാതെ ദുരുപയോഗം ചെയ്യുന്ന സ്ഥിതി ഒഴിവാക്കേണ്ടതാണ്. നിർധനരായ ഭവന രഹിതർക്ക് വീടു വെക്കാനാവശ്യമായ ഭൂമി സൗജന്യമായി നൽകുകയും പലിശ കുറഞ്ഞ വായ്പാ പദ്ധതിയിലൂടേയും സന്നദ്ധ പ്രവർത്തനത്തിലൂടെയും അവർക്ക് വീടുണ്ടാക്കികൊടുക്കാൻ കഴിയും. കോളനികളിൽ താമസിക്കുന്നവർ സങ്കീർണമായ പശ്ചാത്തല പ്രശ്നങ്ങൾ അനുഭവിക്കുന്നവരാണ് ആരോഗ്യത്തിനും മറ്റും ഹാനികരമായി തീരുന്ന ഇടതിങ്ങിയ വീടുകളുടെ സ്ഥാനത്ത് ഫ്ളാറ്റു സമ്പ്രദായം പരിഗണിക്കാവുന്നതാണ്.

മത്സ്യത്തൊഴിലാളികൾ തിങ്ങി പാർക്കുന്ന 1, 5, 13 വാർഡുകളിൽ പാർപ്പിട പ്രശ്നം രൂക്ഷമാണ്. വീടില്ലെന്നു മാത്രമല്ല വീടുവെക്കാൻ സ്ഥലവുമില്ലാത്തവരാണിവർ. തീരദേശ സംരക്ഷണ നിയമം ഒരു കുനിന്മേൽ കുരുപോലെ അനുഭവപ്പെടുകയും ചെയ്യുന്നു. തൊഴിൽ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് മറ്റു സ്ഥലങ്ങളിലേക്ക് മാറി താമസിക്കാൻ കഴിയാത്ത ഇവരുടെ പ്രശ്നം പരിഹരിക്കാൻ ഇപ്പോഴുള്ള സ്ഥലങ്ങളിൽ ബഹുനില വീടുകളുടെ നിർമ്മാണം പരിഗണിക്കാവുന്നതാണ്.

ഭക്ഷണം പോലെ പ്രധാനമാണ് പാർപ്പിടം. പാർപ്പിട പ്രശ്നം ഇന്ന് രൂക്ഷമാണ്. ആസൂത്രിതമായ ഒരു പരിപാടിയിലൂടെ മാത്രമേ ഇതിനു പരിഹാരം കണ്ടെത്താൻ കഴിയൂ. ഭവന രഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഉപയോഗിക്കുന്ന എല്ലാ മേഖലകളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് കൂട്ടായ ഒരു മുന്നേറ്റം ഈ രംഗത്ത് ആവശ്യപ്പെട്ടുകൊണ്ട് നിർത്തുന്നു.

## സാമൂഹ്യക്ഷേമം

ദാരിദ്ര്യനിർമ്മാർജനം എന്ന ലക്ഷ്യത്തോടെ സർക്കാർ തലത്തിൽ പല സാമൂഹ്യക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികളുടെ ഗുണഭോക്താക്കളായി കടലുണ്ടി പഞ്ചായത്തിൽ വളരെ കുറച്ചാളുകളേ ഉള്ളു എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. സാമൂഹ്യക്ഷേമ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും അതുലഭിക്കാനുള്ള സാങ്കേതിക വിഷമങ്ങളുമാണ് അതിനു പ്രധാന കാരണം. സാമൂഹ്യക്ഷേമ പദ്ധതികളുടെ സേവകരായി രംഗത്തുവരുന്നത് രാഷ്ട്രീയക്കാരാണ്. സങ്കുചിതമായ രാഷ്ട്രീയപ്രവർത്തനത്തിനു വേണ്ടി ഈ രംഗം പലപ്പോഴും ദുരുപയോഗപ്പെടുത്തുന്നുണ്ട്.

കേന്ദ്രകേരള സർക്കാർ ആവിഷ്കരിച്ചു നടപ്പിലാക്കുന്ന സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നടത്തിയ സാമൂഹ്യ സാമ്പത്തിക സർവ്വെയുടെ വിവരങ്ങളും വിവിധ പദ്ധതികളിലൂടെ നടപ്പിലാക്കിയ ക്ഷേമപദ്ധതികളുടെ വിവരങ്ങളും താഴെ ചേർക്കുന്നു.

പട്ടിക 1 (1992 ലെ സർവ്വെ)

ദാരിദ്ര്യരേഖക്കുതാഴെ കഴിയുന്ന കുടുംബങ്ങളുടെ പട്ടിക

| SC | ST | others | total | Headid Families | P.H | Houses with Latrin |
|---|---|---|---|---|---|---|
| 16 | - | 2196 | 2212 | 2212 | 27 | 1023 |

## തൊഴിലടിസ്ഥാനത്തിലുള്ള കുടുംബങ്ങളുടെ പട്ടിക

| ചെറുകിട കർഷകർ | പരിമിത കർഷൻ | കാർഷിക തൊഴിലാളി | കാർഷികേ തരതൊഴിലാളി | ഗ്രാമീണ കൈതൊഴിലാളി | ആകെ |
|---|---|---|---|---|---|
| Nil | 76 | 845 | 1215 | 76 | 2212 |

## വരുമാനടിസ്ഥാനത്തിൽ കുടുംബങ്ങളുടെ പട്ടിക

| 40000 Rs | 4001/ 6000 Rs | 6001 8500 Rs | 8501 11000 Rs | Total Rs |
|---|---|---|---|---|
| 1176 | 768 | 216 | 52 | 2212 |

## ഹരിജൻ കോളനികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | ജനസംഖ്യ |
|---|---|---|---|
| 1 | എളുകാട് | 40 | 212 |
| 2 | കൈതവളപ്പ് | 15 | 98 |
| 3 | മണ്ണൂർവളവ് | 23 | 124 |
| 4 | വട്ടപ്പറമ്പ് | 10 | 60 |
| 5 | വടക്കൊടിതറ I HDP | 56 | 224 |
| 6 | പടിക്കൽ താഴം IHDP | 36 | 131 |
| 7 | വട്ടപ്പറമ്പ് കക്കാട്ട് കോളനി | 15 | 180 |

## IRDP സഹായം ലഭിച്ചകുടുംബങ്ങളുടെ എണ്ണവും തുകയും

| വർഷം | പട്ടികജാതി | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | വികലാംഗർ | വായ്പ | സബ്സിഡി |
|---|---|---|---|---|---|---|---|
| 1992-93 | 7 | 28 | 35 | 22 | - | 173544 | 110883 |
| 93-94 | 8 | 32 | 40 | 24 | - | 213557 | 111735 |
| 94-95 | 2 | 42 | 44 | 18 | 2 | 415609 | 186353 |
| 95-96 | 11 | 37 | 48 | 28 | | 412816 | 181601 |

## ഭവന നിർമ്മാണത്തിനു ധനസഹായം ലഭിച്ചവരുടെ പട്ടിക

| പദ്ധതി | നിർമ്മിച്ച വീടുകളുടെ എണ്ണം | കിണറുകളുടെ എണ്ണം | കക്കൂസുകളുടെ എണ്ണം |
|---|---|---|---|
| I-A-Y | 21 | | |
| M. W. S | 30 | 12 | |
| J. R. Y | 18 | | 60 |
| CRSP | | | 70 |

## ട്രൈസം പദ്ധതിവഴി തൊഴിൽ പരിശീലനം ലഭിച്ചവർ

| വർഷം | പട്ടികജാതി | മറ്റുള്ളവർ | ആകെ | സ്ത്രീ | വികലാംഗർ |
|---|---|---|---|---|---|
| 92-93 | 3 | 1 | 4 | 1 | - |
| 93-94 | - | 4 | 4 | 1 | - |
| 94-95 | - | 6 | 6 | 6 | - |
| 95-96 | - | 1 | 1 | 1 | - |

## DWCRA

| വർഷം | പദ്ധതി | ഗുണഭോക്താക്കൾ | വായ്പ | സബ്സിഡി |
|---|---|---|---|---|
| 1991-92 | ഡയറിയൂനിറ്റ് | 10 | 97,000 | 30,000 |
| 1992-93 | കയർ നിർമ്മാണയൂനിറ്റ് | 10 | 30,000 | 30,000 |
| 1993-94 | കയർ നിർമ്മാണയൂനറ്റ് | 12 | 48,000 | 48,000 |
| 1994-95 | വലനിർമ്മാണ യൂനിറ്റ് | 5 | 40,000 | 20,000 |

സാമൂഹ്യ ക്ഷേമ പദ്ധതിയുടെ ഭാഗമായി വിധവാ പെൻഷൻ, അഗതി പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, കയർ തൊഴിലാളി പെൻഷൻ, വാർദ്ധക്യ കാലപെൻഷൻ, വികലാംഗ പെൻഷൻ, തുടങ്ങി വിവിധ ഇനം പെൻഷനുകൾ വിതരണം ചെയ്യപ്പെടുന്നുണ്ടെങ്കിലും ഈ പഞ്ചായത്തിൽ താരതമ്യേന കുറവാണ്.

കേരളത്തിൽ വനിതാ ശിശുക്ഷേമ ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നത് ICDS പദ്ധതി മുഖേനയാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കോഴിക്കോട് ബ്ലോക്കിനെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ പഞ്ചായത്തിൽ ആ പദ്ധതി മുഖേനയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടക്കുന്നില്ല. കേരളത്തിൽ ഈ പദ്ധതി നിലവിലില്ലാത്ത എല്ലാ ബ്ലോക്കുകളിലും പദ്ധതി നടപ്പിൽ വരുത്താൻ കേരള സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന കയർ തൊഴിലാളി ക്ഷേമനിധി കെട്ടിട നിർമ്മാണ തൊഴിൽ ക്ഷേമനിധി, കർഷകതൊഴിലാളി ക്ഷേമനിധി, തെങ്ങുകയറ്റ തൊഴിലാളി ക്ഷേമനിധി, ആഭരണതൊഴിലാളി ക്ഷേമനിധി എന്നിവയുടെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൽ തൃപ്തികരമല്ല. ക്ഷേമനിധിയിൽ തൊഴിലാളികളെ ചേർക്കാനും അവരുടെ വിഹിതം കൃത്യമായി അടയ്ക്കാനുമുള്ള സംഘടിതമായ പ്രവർത്തനം പല മേഖലകളിലും നടക്കുന്നില്ല.

### പെൻഷനുകളെ സംബന്ധിച്ച വിവരങ്ങൾ:

1. **കർഷകതൊഴിലാളി പെൻഷൻ** :- അർഹരായ പലരേയും ഒഴിച്ചുനിർത്തി അനർഹരായ പലരും ഈ പദ്ധതി പ്രകാരം പെൻഷൻ വാങ്ങുന്നുണ്ട്. നാട്ടുകു

ട്ടങ്ങളുടെ സഹായത്തോടെ യഥാർത്ഥഗുണഭോക്താക്കളെ കണ്ടെത്തി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

2. **കയർതൊഴിലാളി പെൻഷൻ:** കയർ തൊഴിലാളി ക്ഷേമനിധയിൽ അംഗമായിരുന്ന 60 വയസ്സു കഴിഞ്ഞ തൊഴിലാളികൾക്കാണ് കയർ തൊഴിലാളി പെൻഷൻ ലഭിക്കുന്നത്. ഈ പെൻഷന് അർഹരായവർ നമ്മുടെ പഞ്ചായത്തിൽ വളരെയധികം ഉണ്ടെങ്കിലും എല്ലാവർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമസഭകൾക്ക് നൽകി ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.
3. **വിധവാ പെൻഷൻ:** പ്രായപൂർത്തിയായ ആൺകുട്ടികളില്ലാത്ത വിധവകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. ഇതിന് മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
4. **തൊഴിലില്ലായ്മ വേതനം:-** അനർഹരായ ധാരാളം ആളുകൾ ഗുണഭോക്താക്കളായിട്ടുള്ള ഒരു പദ്ധതിയാണ് ഇത്. തൊഴിലില്ലായ്മ വേതനത്തിന് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താനുള്ള അധികാരം ഗ്രാമസഭകൾക്ക് നൽകുകയും ഈ ഗുണഭോക്താക്കളെ ക്രിയാത്മകമായ രൂപത്തിലേക്ക് തിരിച്ചുവിടാൻ ആസൂത്രിതമായ പരിപാടി നടപ്പിലാക്കുകയും ചെയ്യേണ്ടതാണ്. മാനുഷിക വിഭവശേഷി ക്രിയാത്മകമായ രൂപത്തിലേക്കു തിരിച്ചുവിടാൻ ഇവരെ ഉപയോഗപ്പെടുത്താവുന്നതാണ്.

### ക്ഷേമനിധികൾ:-

1. **കയർ തൊഴിലാളി ക്ഷേമനിധി:-** കടലുണ്ടി പഞ്ചായത്തിൽ ചകിരിയും അനുബന്ധ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് ധാരാളം ആളുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ തൊഴിലാളികൾ മുഴുവനും ക്ഷേമ നിധിയിൽ അംഗങ്ങളല്ല. തൊഴിലാളി യൂനിയനുകളും സൊസൈറ്റികളും മുൻകൈയെടുത്ത് എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്. ഈ പദ്ധതിക്ക് കുറെ പോരായ്മകളുണ്ട്. തൊഴിലുടമകളിൽ നിന്ന് വിഹിതം യഥാവിധി പിരിച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടും 60 വയസ്സു കഴിഞ്ഞ പലർക്കും പെൻഷൻ ലഭിക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവരുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം ലഭിക്കുന്നില്ല. ക്ഷേമനിധിയിലെ അംഗങ്ങൾക്ക് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നില്ല. വാർദ്ധക്യകാലത്ത് നീണ്ട ചികിത്സ ആവശ്യമായി വരുന്ന കയർ തൊഴിലാളികളെ കിടത്തി ചികിത്സിക്കാനാവശ്യമായ സംവിധാനങ്ങളില്ല.
2. **കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി:-** കടലുണ്ടി പഞ്ചായത്തിൽ ധാരാളം ആളുകൾ നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നുണ്ട്. ഈ മുഴുവൻ ആളുകളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്. കഠിനാദ്ധ്വാനം ചെയ്യുന്നതൊഴിലാളികളായതിനാൽ ഇവരുടെ പെൻഷൻ പ്രായം 58 ൽ നിന്ന് 55 ആയി കുറക്കേണ്ടതാണ്.
3. **ആഭരണതൊഴിലാളി ക്ഷേമനിധി:** വളരെ ചുരുക്കം തൊഴിലാളികൾ മാത്രമെ ഈ രംഗത്ത് തൊഴിലെടുക്കുന്നവരായുള്ളൂ. അതിൽ ഒരു ന്യൂനപക്ഷമാണ് ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കേണ്ടതാണ്.
4. **വിദഗ്ദ തൊഴിലാളി ക്ഷേമനിധി:-** തയ്യൽ, ബാർബർ കൊല്ലൻമാർ, മരം കയറ്റുകാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, നാളികേരം വെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ അവരിൽ ഒരു ന്യൂനപക്ഷം മാത്രമെ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളൂ. അർഹരായ എല്ലാവരേയും ക്ഷേമനിധിയിൽ ചേർക്കാൻ സംഘടിതമായ ഒരു പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

### പ്രശ്നങ്ങൾ

1. ദാരിദ്ര്യനിർമാർജ്ജന പദ്ധതികൾ വളരെ കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ പ്രയോജനപ്പെടുന്നുള്ളൂ.
2. ഐ. ആർ. ഡി. പി പദ്ധതികളിൽ അനർഹർ കടന്നുകൂടുന്നതിനാൽ അർഹരായവർ ഒഴിവാക്കപ്പെടുന്നു.
3. ദരിദ്രനിർമ്മാർജന പദ്ധതികളിൽ പലതും അഴിമതി നിറഞ്ഞവയാണ്.
4) ഈ രംഗത്ത് ഇടത്തട്ടുകാരുടെ ചൂഷണം അനുഭവപ്പെടുന്നുണ്ട്.
5) പദ്ധതികളുടെ വിവരങ്ങൾ പലർക്കും അറിയില്ല. വിവരങ്ങൾ എത്തിക്കാനുള്ള സംവിധാനം പരിമിതമാണ്.
6) കിട്ടേണ്ട ആനുകൂല്യങ്ങൾ യഥാസമയം കിട്ടുന്നില്ല.
7) ക്ഷേമപദ്ധതികളെകുറിച്ചും അത് ലഭിക്കാനുള്ള മാർഗ്ഗങ്ങളെകുറിച്ചുമുള്ള അറിവില്ല.
8) ക്ഷേമപദ്ധതിക്കർഹരായവരെ കണ്ടെത്തുന്നതിന് വരുമാന പരിധി നിശ്ചയിക്കുന്നതിന് നിലവിലുള്ള സംവിധാനം അപാകത നിറഞ്ഞതാണ്.

### സാദ്ധ്യതകൾ

1) ഐ. ആർ. ഡി. പി. സർവെ നാട്ടുകൂട്ടങ്ങളുടെ സഹായത്തോടെ നടത്തി യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുക.
2) അർഹരായവർക്ക് മുഴുവൻ ആനുകൂല്യം ലഭിക്കാനുള്ള സാദ്ധ്യത ഉണ്ടാക്കുക.
3) എല്ലാവാർഡുകളിലും 10, 15 വനിതകളെ സംഘടിപ്പിച്ച് ഡി. ഡബ്ല്യു. സി. ആർ. എ യൂണിറ്റുകൾ ഉണ്ടാക്കുക.
4) ട്രൈസം പരിശീലനപരിപാടി തൊഴിൽ സാദ്ധ്യതകൾ ഉണ്ടാക്കാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക പുതിയ പരിശീലകരെ കണ്ടെത്തുക.
5) പെൻഷൻ പദ്ധതികൾ പൂർണ്ണമായും ഗ്രാമ പഞ്ചായത്തിൻെറ കീഴിൽ കൊണ്ടുവരിക. മേൽനോട്ടത്തിന് ജനകീയ സമിതികൾ രൂപീകരിക്കുക.
6) ജനസാന്ദ്രത കണക്കാക്കി കടലുണ്ടി പഞ്ചായത്തിൽ 35 അംഗൻ വാടികളെങ്കിലും സ്ഥാപിക്കുക.
7) ഓരോ വാർഡിലും ഓരോ മഹിളാസമാജങ്ങൾ സ്ഥാപിക്കുക.

### പൊതുവിതരണം

കടലുണ്ടി പഞ്ചായത്തിൽ14 പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലിസ്റ്റോറും 2 സഹകരണ മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. ഉപഭോക്താക്കൾക്ക് ആവശ്യമായ നിത്യോപയോഗ വസ്തുക്കൾ ആവശ്യത്തിന് വിതരണം ചെയ്യാൻ ഇവയ്ക്ക് കഴിയുന്നില്ല. നിലവിലുള്ള പൊതുവിതരണ കേന്ദ്രങ്ങൾ അരി, ഗോതമ്പ്, പഞ്ചസാര മണ്ണെണ്ണ എന്നിവയുടെ വിതരണത്തിൽ ഒതുങ്ങി നിൽക്കുന്നു. റേഷൻ കാർഡുകൾ ആവശ്യത്തിന് ഉപയോഗപ്പെടുത്താത്ത വളരെയധികം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഉപഭോക്തൃ സംസ്ക്കാരത്തിലെ മാറ്റവും തെറ്റിദ്ധാരണകളുമാണ് പ്രധാന കാരണം. പുതിയ കുടുംബങ്ങൾക്ക് റേഷൻ ലഭിക്കാനുള്ള ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്

### നിർദ്ദേശങ്ങൾ

1) കടലുണ്ടി പഞ്ചായത്തിൽ കടലുണ്ടി, മണ്ണൂർവളവ്, വടക്കുമ്പാട് എന്നിവടങ്ങളിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
2) പൊതുവിതരണ കേന്ദ്രങ്ങളിലൂടെ കൂടുതൽ സാധനങ്ങൾ വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.
3) ഉപഭോക്തൃ സംസ്ക്കാരത്തെകുറിച്ച് ശരിയായ ബോധവൽക്കരണം നടത്തുക.

സാമൂഹ്യക്ഷേമപദ്ധതിയുടെ കാര്യത്തിൽ കടലുണ്ടി പഞ്ചായത്ത് വളരെ പിന്നോക്കമാണ്. സാമൂഹ്യക്ഷേമ പദ്ധതിപ്രകാരം നടപ്പിലാക്കുന്ന പല പദ്ധതികളും ഈ പഞ്ചായത്തിൽ നടപ്പിലായിട്ടില്ല എന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മുഴുവൻ പദ്ധതികളുടെയും ഗുണഭോക്താക്കളായി കടലുണ്ടി പഞ്ചായത്തിലെ ജനങ്ങളെ മാറ്റിയെടുക്കേണ്ടിയിരിക്കുന്നു. ജാതിമത കക്ഷി രാഷ്ട്രീയ ഭേദമന്യേ സംഘടിതമായ ശ്രമം [illegible]ത്തിലും പഞ്ചായത്ത് തലത്തിലും നടന്നാൽ [illegible] പരിഹാരമാവുകയു[illegible]

[illegible] മന്മയുള്ള സാധനങ്ങൾ ജനങ്ങൾക്കെത്തിക്കുന്ന കാര്യത്തിൽ ഈ പഞ്ചായത്തിലുള്ള സംവിധാനം പരിമിതമാണ്. ഈ അവസ്ഥ മാറ്റുകയും വീട്ടമ്മമാർക്ക് ഉപഭോക്തൃ സംസ്കാരത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുകയും വേണം ഇതിനെല്ലാം ആവശ്യം കൂട്ടായ്മയുടെ പ്രവർത്തനമാണ്. "ഒത്തു പിടിച്ചാൽ മലയും പോരും ഇല്ലെങ്കിൽ മറിഞ്ഞുവീഴും ഒക്കാതെന്തുണ്ട്. ഒന്നുമില്ല"

86

# 5-8

# സംസ്കാരം

സംഘ കൃതികളിൽ പരാമൃഷ്ടമാകുന്ന തൊണ്ടി അഥവാ തെണ്ടിസ് എന്ന കടലുണ്ടി ചേരരാജാക്കന്മാരുടെ ആവാസകേന്ദ്രമായിരുന്നത്രെ! വിദേശ രാജ്യങ്ങളുമായുള്ള വാണിജ്യബന്ധം ഈ ഗ്രാമത്തിൻെറ സാംസ്കാരിക പരിവർത്തനത്തിൽ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ഇസ്ലാം മതത്തിൻെറ ആവിർഭാവത്തിനും പ്രചാരണത്തിനും നിദാനമായിട്ടുള്ളത് അറേബ്യയുമായുള്ള കച്ചവടബന്ധങ്ങളാണല്ലോ.

ഉല്പാദനവ്യവസ്ഥയുടെയും ഉല്പാദനബന്ധങ്ങളുടെയും ഭാഗമായി രൂപപ്പെട്ടുവരുന്ന ആശയങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, കലകൾ, ജീവിതചര്യകൾ, വിനോദങ്ങൾ ഇവയുടെ സാകല്യമാണല്ലോ സംസ്ക്കാരം. ജാതി-ജന്മി-നാടുവാഴിത്ത കാലഘട്ടത്തിലും ബ്രിട്ടീഷ് വാഴ്ചയിലും ഈ ഗ്രാമത്തിലെ ഭൂരിപക്ഷം വരുന്ന കിഴാളർ, വിധിവിശ്വാസത്തിനടിമപ്പെട്ട്, മേലാള വർഗ്ഗത്തിൻെറ ചൂഷണത്തിന് വിധേയരായി കഴിയുകയായിരുന്നു.

കേരളത്തിലുടനീളം ജന്മിത്വത്തിനും ജാതീയതയ്ക്കുമെതിരെ ഉയർന്നുവന്ന രാഷ്ട്രീയ നവോത്ഥാന പ്രസ്ഥാനങ്ങളുടെ അലയൊലികൾ കടലുണ്ടിയിലും ചലനമുണ്ടാക്കി. ദേശീയവിമോചന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്ത കോൺഗ്രസും അടിച്ചമർത്തപ്പെട്ടവൻെറ അവകാശങ്ങൾക്ക് വേണ്ടി പോരാടിയ കമ്യൂണിസ്റ്റുപാർട്ടിയും ജനങ്ങളിൽ സ്വത്വബോധമുണർത്തി. സ്വാതന്ത്ര്യസമര പ്രസ്ഥാനവും, ഭൂവുടമാ ബന്ധ ങ്ങളിലുണ്ടായ മാറ്റവും ഇവിടുത്തെ സാമൂഹിക സാംസ്ക്കാരിക മേഖലയിലും ഗുണപരമായ മാറ്റമുണ്ടാക്കി. ഇന്ന് മത പരമായ സ്പർദ്ധയോ, ജാതീയമായ ഉച്ചനീചാവസ്ഥയോ നമ്മുടെ ഗ്രാമത്തിൻെറ സാംസ്ക്കാരിക ജീവിതത്തെ അലോസരപ്പെടുത്തുന്നില്ലെന്നതിൽ നമുക്കഭിമാനിക്കാം.

കടലുണ്ടി ഹിന്ദു ഭൂരിപക്ഷ പ്രദേശമാണെങ്കിലും മുസ്ലിംങ്ങളും ഗണ്യമായ വിഭാഗമാണ്. ക്രിസ്തുമത വിശ്വാസികളും കുറവല്ല. മതപരമായ സൗഹാർദ്ദം നിലനിൽക്കുന്ന ഇവിടെ വാവുത്സവവും, നബിദിനവും സെൻറ്പോൾസ് പള്ളിയിലെ തിരുനാളും ജനങ്ങളുടെ സാംസ്ക്കാരികാഘോഷമാവുന്നു. കടലുണ്ടി വാവ് ഈ പ്രദേശത്തിൻെറ ദേശീയോത്സവമായി അംഗീകരിക്കപ്പെട്ടതാണ്. മൂന്നു ദിവസം നീണ്ടുനിൽക്കുന്ന വാവുത്സവ വേളയിൽ തികഞ്ഞ മതപരവും ജാതീയവും, കുടുംബപരവുമായ സഹവർത്തിത്വം ഗ്രാമത്തിലുടനീളം ദർശിക്കുവാൻ കഴിയും. നിരവധി മുസ്ലിം പള്ളികളും, ക്ഷേത്രങ്ങളുമുള്ള ഈ ഗ്രാമത്തിൽ കുടുംബങ്ങളുടെ വകയായ ഒട്ടേറെ കാവുകളും അമ്പലങ്ങളുമുണ്ട്. കാവുകളിലേയും അമ്പലങ്ങളിലേയും ഉൽസവങ്ങൾ മുമ്പത്തെപ്പോലെ എണ്ണത്തിൽ കൂടുതലില്ലെങ്കിലും ഒരനുഷ്ഠാനമെന്നപോലെ നടന്നുവരാറുണ്ട്.

സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന് ഈ ഗ്രാമത്തിൽ വലിയ വേരോട്ടമുണ്ടായില്ലെങ്കിലും ദേശീയ പ്രസ്ഥാനത്തിൻെറ ഭാഗമായി കോൺഗ്രസും അടിസ്ഥാനവർഗ്ഗത്തിൻെറ അവകാശങ്ങളുയർത്തിപ്പിടിച്ചുകൊണ്ട് കമ്യൂണിസ്റ്റുപാർട്ടിയും ഇവിടെ ആവിർഭവിച്ചു. ഇപ്പോൾ ഈ പഞ്ചായത്തിൽ കോൺഗ്രസ് (ഐ) കോൺഗ്രസ് (എസ്) സി. പി. എം, സി.പി. ഐ, മുസ്ലിം ലിംഗ് , ജനതാദൾ, ബി. ജെ. പി, ഐ. എൻ. എൽ. എന്നീ രാഷ്ട്രീയ കക്ഷികളും ഇവയുടെയൊക്കെ യുവജനവിഭാഗങ്ങളുമുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ നഴ്സറികളായി വിശേഷിപ്പിക്കപ്പെട്ടിരുന്ന വായനശാലകളും ഗ്രന്ഥശാലകളും സ്വാതന്ത്ര്യസമരകാലത്ത് ഈ ഗ്രാമത്തിൽ ആരംഭിക്കുകയുണ്ടായി. ഇവിടെ ആദ്യമായി സ്ഥാപിക്കപ്പെട്ട വായനശാല 1935 ൽ വടക്കുമ്പാട്ട് ആരംഭിച്ച ജ്ഞാനദായിനി വായനശാലയായിരുന്നു. മറ്റൊരു പ്രധാന വായനശാലയായിരുന്നു 1939 ലാരംഭിച്ച പ്രബോധിനി വായനശാല, ജ്ഞാനദായിനി വായനശാല പിന്നീട് വിസ്മൃതിയിൽ മറഞ്ഞെങ്കിലും പ്രബോധിനി വായനശാല വളർച്ചയുടെ പടവുകൾ താണ്ടി തലയുയർത്തി നിൽക്കുന്നുണ്ട്. 1948-49 കാലത്ത് കടലുണ്ടിയിൽ ആരംഭിച്ച ജ്ഞാനപ്രദായിനി വായനശാല ഏറെക്കാലത്തെ പ്രവർത്തനത്തിനു ശേഷം നാമാവശേഷമാവുകയാണുണ്ടായത്. ഒട്ടേറെ ഗ്രന്ഥശാലകളും വായനശാലകളും ഉദയം ചെയ്യുകയും അസ്തമിക്കുകയും ചെയ്തെങ്കിലും ഇന്ന് വിജ്ഞാന വിതരണം നടത്തുന്നവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായിട്ടുണ്ട്. അവയെക്കുറിച്ചുള്ള വിവരങ്ങൾ അന്യത്ര ചേർത്തിട്ടുണ്ട്.

ഇന്നു നിലവിലുള്ള ഗ്രന്ഥശാലകൾ പ്രവർത്തന മാന്ദ്യം നേരിടുന്നവയാണ്. ജനങ്ങൾക്കിടയിലെ വായനാശീലം കുറഞ്ഞുവരുന്നതാണ് മുഖ്യമായ കാരണം. അംഗത്വം വർദ്ധിപ്പിക്കാൻ ബോധപൂർവ്വമായ പ്രവർത്തനം നടത്തുന്നില്ലെന്നതാണ് മറ്റൊരു കാരണം. ഗ്രന്ഥശാലകളിലേയ്ക്ക് പുസ്തകങ്ങൾ വാങ്ങുമ്പോൾ എണ്ണം വർദ്ധിപ്പിക്കാൻ വേണ്ടി മൂല്യം കുറഞ്ഞ പുസ്തകങ്ങൾ വാങ്ങുന്ന ഒരു പ്രവണത കണ്ടുവരുന്നുണ്ട്. ഗ്രന്ഥശാലകളിൽ നിന്ന് പുസ്തകമെടുത്തുവായിക്കുന്ന സ്ത്രീകളുടെ എണ്ണം പരിമിതമാണ്. സ്ത്രീകളുടെ വായനാശീലം പൈങ്കിളി വാരികകളിലൊതുങ്ങുന്നതായിട്ടാണ് കാണുന്നത്.

ഇവിടെ പ്രചാരത്തിലുള്ള പത്രമാസികകളിൽ ജനപ്രിയവാരികകളായ മനോരമ, മംഗളം എന്നിവയ്ക്കാണ് കൂടുതൽ. വായനക്കാരുള്ളത്. മാതൃഭൂമി, കലാകൗമുദി ദേശാഭിമാനി. തുടങ്ങിയ വാരികകളുടെ വായനക്കാർ വായനഗൗരവമായെടുക്കുന്ന അഭ്യസ്ത വിദ്യരാണ്. കൂടുതൽ പ്രചാരത്തിലുള്ള ദിനപത്രങ്ങൾ മാതൃഭൂമി, മലയാളമനോരമ, കേരളകൗമുദി, ദേശാഭിമാനി എന്നിവയാണ്.

സാഹിത്യലോകത്തിലേയ്ക്ക് പാദമൂന്നാൻ കൊതിക്കുന്നവർക്ക് പിച്ചവെയ്ക്കാൻ വഴിയൊരുക്കിക്കൊണ്ട് ഒട്ടേറെ കയ്യെഴുത്തുമാസികകൾ പല കാലങ്ങളിലായി ഇവിടെ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു. ഇവയിലൂടെ വളർന്നുവന്ന സാഹിത്യകാരന്മാർ പിന്നീട് പ്രശസ്തരാവുകയുണ്ടായി. കടലുണ്ടിയിൽനിന്ന് അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതാണ് സ്പന്ദനം മാസിക

ഇന്നാട്ടിലെ സാംസ്ക്കാരിക നവോത്ഥാനത്തിന് വീഥിയൊരുക്കിയ മറ്റ് പ്രസ്ഥാനങ്ങളാണ് കലാസമിതികളും അമേച്വർ നാടകവേദികളും ടി. വി യും സിനിമയും പ്രചാരത്തിലാവുന്നതിന് മുമ്പ് ജനങ്ങളുടെ വിനോദാഭിവാഞ്ഛയെ തൃപ്തിപ്പെടുത്തിയിരുന്നത് ഇവർ അവതരിപ്പിക്കുന്ന നൃത്തനൃത്യങ്ങളും സാമൂഹ്യസംഗീതനാടകങ്ങളുമായിരുന്നു. നിരവധി ക്ലബ്ബുകൾ മുളപൊട്ടുകയും അകാലത്തിൽ കൊഴിഞ്ഞു വീഴുകയും ചെയ്ത ഊഷരഭൂമിയാണ് നമ്മുടെ ഗ്രാമം. വല്ലപ്പോഴും നടത്തുന്ന വാർഷികാഘോഷങ്ങളിലൂടേയും, സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും ഇന്ന് നിലനിൽക്കുന്ന കലാസമിതികൾ. തങ്ങളുടെ സ്വരം കേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ഇവയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. കലാസാഹിത്യ രംഗത്ത് അംഗീകാരം പിടിച്ചു പറ്റിയ പ്രതിഭാശാലികളെ നമുക്ക് ചൂണ്ടിക്കാണിക്കാനില്ലെങ്കിലും നമ്മുടെ ഗ്രാമത്തിന്റെ നാമം ഉയർത്തിപ്പിടിക്കുന്ന അല്പം ചിലരുണ്ടെന്നത് അഭിമാനകരം തന്നെയാണ്.

മുഖ്യധാരാസിനിമകൾ മാദ്ധ്യമത്തിന്റെ സാധ്യതകൾ ദുരുപയോഗം ചെയ്തുകൊണ്ട് ആശയമണ്ഡലത്തെ തമസ്ക്കരിക്കുമ്പോൾ ഒരു പുതിയ ചലച്ചിത്രാവബോധം ജനങ്ങളിൽ സൃഷ്ടിക്കാൻ ഫിലിം സൊസൈറ്റികൾ ആവശ്യമാണ്. ഈ രംഗത്ത് കാൽ വെപ്പുകളൊന്നുമുണ്ടായിരുന്നില്ലെങ്കിലും ഇപ്പോൾ ദൃശ്യ എന്ന പേരിൽ ഒരു ഫിലിം സൊസൈറ്റി രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്നുണ്ട്.

സംസ്ഥാന തലത്തിൽ പ്രവർത്തിച്ചുപോരുന്ന പുരോഗമന കലാസാഹിത്യസംഘം, യുവകലാസാഹിതി, മാതൃഭൂമി സ്റ്റഡിസർക്കിൾ, തപസ്യ, കേരള ശാസ്ത്ര സാഹിത്യപരിഷത്ത് കേരള യുക്തിവാദിസംഘം എന്നിവയുടെ ശാഖകൾ ഇവിടെ സാംസ്ക്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സുപ്രസിദ്ധ യുക്തി വാദിയായിരുന്ന പി.സി. കടലുണ്ടി ചിന്തോദ്ദീപകങ്ങ ളായ നിരവധി ലേഖനങ്ങളുടെ കർത്താവുമായിരുന്നു.

ഈ ഗ്രാമത്തിന്റെ തനതായ നാടൻ കലകളൊന്നുമില്ലെങ്കിലും മലബാറിന്റെ അനുഷ്ഠാനകലകളായ തിറയും വെള്ളാട്ടും ഇവിടുത്തെ കാവുകളിലും ക്ഷേത്രങ്ങളിലും കൊണ്ടാടാറുണ്ട്. അഭിരുചിമാറ്റമോ വിശ്വാസപരിണാമമോ ആവാം ഇവയുടെ എണ്ണം കുറഞ്ഞു വരുന്നതായി കാണുന്നുണ്ട്. മറ്റൊരു നാടൻ കലയായ കോൽക്കളി നമ്മുടെ ഗ്രാമത്തിന് പ്രശസ്തിയുണ്ടാക്കിയിട്ടുണ്ട്. ചാലിയത്തെ മൂസ്സഗുരുക്കളുടെ നേതൃത്വത്തിൽ ഒരു കോൽക്കളി സംഘം റിപ്പബ്ലിക് ദിനപരേഡിൽ ഈ കലാരൂപം അവതരിപ്പിക്കുകയുണ്ടായി.

സംസ്ക്കാരത്തിന്റെ സമസ്തമേഖലയേയും ഗ്രസിച്ചു

കൊണ്ട് ടെലിവിഷൻ മാധ്യമം വളർന്നുകൊണ്ടിരിക്കെ, നമ്മുടെ ജനങ്ങളിൽ ഭൂരിപക്ഷവും അതിൻെറ മാസ്മര വലയത്തിൽ പെട്ടിരിക്കുകയാണ്. ഇതിൻെറ വ്യാപ്തി വർദ്ധിപ്പിക്കാനുതകുന്ന വിധം ഇന്ന് ഈ ഗ്രാമത്തിൻെറ രണ്ടു കേന്ദ്രങ്ങളിൽ കേബിൾ ടി. വി. നെറ്റ് വർക്കുകളുമുണ്ട്. രണ്ടു സിനിമാശാലകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവയിലെ പ്രേക്ഷകരുടെ എണ്ണം ഇടക്കാലത്ത് കുറഞ്ഞതായാണ് മനസ്സിലാവുന്നത്.

## കായികരംഗം

പ്രശസ്തിയാർജ്ജിച്ച കുറെ കായിക പ്രതിഭകളെ ഈ ഗ്രാമം സംഭാവന ചെയ്തിട്ടുണ്ട്. യംഗ്ചാലഞ്ചേഴ്സിൻെറ കളിക്കാരനായിരുന്ന കുട്ടിയേട്ടൻ എന്ന കെ. കെ. വേലായുധൻ, സന്തോഷ് ട്രോഫിക്ക് വേണ്ടി കളിച്ച കേരള ഫുട്ബോൾ ടീമംഗം ബിജു ആനന്ദ് എന്നിവർ ഇന്ന് നമ്മോടൊപ്പമില്ല. ദേശാന്തര ങ്ങളിൽ കായിക രംഗത്ത് ഇന്ന് കടലുണ്ടിയുടെ നാമം ഉയർത്തിപ്പിടിക്കുന്ന ശ്രീ. സി. സേതുമാധവൻ എഫ്. ഐ. എഫ്. എ യുടെ അംഗീകാരമുള്ള റഫറിയാണ്.

ഇവിടുത്തെ ജനങ്ങളുടെ ഇഷ്ടകായികവിനോദം ഫുട്ബോളാണ്. വിവിധ ക്ലബ്ബുകളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്ന ഫുട്ബോൾ ടൂർണ്ണമെൻറുകൾ ഇവിടുത്തെ വേനൽക്കാലസന്ധ്യകളെ സജീവമാക്കുന്നു. ഒരു പഞ്ചായത്ത് സ്റ്റേഡിയവും, സ്ക്കൂൾ ഗ്രൗണ്ടുകളും കളിസ്ഥലങ്ങളായുണ്ട്. ജിംനേഷ്യ[illegible] കളരിയും കരാട്ടേ സ്ക്കൂളും നിലവിലു[illegible]ടെ ആയുസ്സിനെപ്പറ്റി പ്രവചിക്കു[illegible]കം പ്രചാരമി[illegible] ഈ ഗ്രാമത്തിൽ [illegible]ങ്ങൾ ലഭിച്ചിട്ടു[illegible]

### കായിക[illegible]പശ്നങ്ങൾ

പുതിയ ത[illegible]യക്ക് കായിക രംഗത്തേയ്ക്ക് കടന്നു വരാനുള്ള താല്പര്യക്കുറവാണ് മുഖ്യപ്രശ്നം. സ്കൂൾ തലത്തിൽ കായിക പരിശീലനത്തിൽ കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല. സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളും അറിയാതെ പോകുന്നു. വേണ്ടത്ര കളിസ്ഥലങ്ങൾ ഇല്ലെന്നു മാത്രമല്ല, നിലവിലുള്ള പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗയോഗ്യവുമല്ല. കായികപ്രതിഭകളെ കണ്ടെത്താനും പരിശീലനം നൽകാനും കായികസമിതികൾ താല്പര്യം കാണിക്കുന്നില്ല.

### പരിഹാര നിർദ്ദേശങ്ങൾ

1) സ്ക്കൂൾ തലത്തിൽ കായികപരിശീലനം കാര്യക്ഷമമാക്കുക.

2) കായികസമിതികൾക്ക് കായികമേഖലയെ പരിപോഷിപ്പിക്കുവാൻ സാമ്പത്തിക സഹായം നൽകുക.

3) പഞ്ചായത്ത് സ്റ്റേഡിയത്തിൻെറ പണി പൂർത്തിയാക്കി ഉപയോഗയോഗ്യമാക്കുക.

4) അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

5) കായികമേളകൾ സംഘടിപ്പിക്കുക.

6) വിവിധ കായികസമിതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു സമിതി രൂപീകരിക്കുക.

7) ഗ്രാമത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ കളിസ്ഥലങ്ങൾ കണ്ടെത്തുക.

### സാംസ്ക്കാരിക രംഗത്തെ പ്രശ്നങ്ങൾ

വിപണി വ്യവസ്ഥയുടെ ദുഷ്ഫലമായ സാംസ്ക്കാരിക ജീർണ്ണത ഗ്രാമാന്തരങ്ങളെയും ഗ്രസിച്ചുകൊണ്ടിരിക്കുന്ന ഒരു അന്തരാളകാലഘട്ടത്തിൽ ഈ ഗ്രാമവും അതിൽ നിന്ന് മുക്തമാവില്ലല്ലോ. ജനപ്രിയ മാദ്ധ്യമങ്ങളായ ടി. വിയിലൂടെയും സിനിമയിലൂടെയും സനാതന മൂല്യങ്ങളെന്ന പേരിൽ, ഫ്യൂഡൽ ആശയങ്ങളും, അന്ധവിശ്വാസങ്ങളും പ്രചരിപ്പിക്കപ്പെടുന്നു. വായനയുടെ ഗൗരവം നഷ്ടപ്പെട്ടുകൊണ്ടിരിക്കെ, പൈങ്കിളി നോവലുകൾ യുവതലമുറയെ വഴിതെറ്റിക്കുകയും ഭൗതികമായ ജഡത്വത്തിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. സാംസ്ക്കാരികത്തനിമയെ സ്വാംശീകരിക്കുന്നതിനു പകരം പുനരുദ്ധാരണ പ്രവണതയാണ് കണ്ടുവരുന്നത്. വിവാഹത്തോടനുബന്ധിച്ചു പ്രകടിപ്പിക്കുന്ന ആർഭാടവും ധൂർത്തും സാധാരണക്കാരൻെറ ജീവിതം ദുരിതപൂർണ്ണമാക്കുന്നു. സാമൂഹികബോധം കൈമോശം വന്ന സ്വാർത്ഥതയുടെ തോടിലേയ്ക്ക് ഉൾവലിയുന്ന ഒരു തലമുറ പ്രത്യക്ഷപ്പെടുകയാണ്.

ഇതൊക്കെ സാർവ്വത്രികമായ പ്രശ്നങ്ങളാണെങ്കിൽ നമ്മുടെ ഗ്രാമത്തിൻെറ തനതായ ചില പ്രശ്നങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

1) 3, 4, 5, 7, 8, 10, 13 വാർഡുകളിൽ വായനശാലകളില്ല.

2) 2, 6, 11, 12 വാർഡുകളിലൊഴികെ മറ്റെവിടെയും ഗ്രന്ഥശാലകളില്ല.

3) ഭൂരിപക്ഷം വായനശാലകൾക്കും ഗ്രന്ഥശാലകൾക്കും സ്വന്തമായി കെട്ടിടമല്ല

4) സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ഉപകരണങ്ങളും ഫർണിച്ചറും ആവശ്യത്തിനില്ല.

5) ഗ്രന്ഥശാലകളിലെ അംഗത്വം കുറഞ്ഞുവരുകയാണ്.

6) വായനശാലകളിൽ പത്രങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വളരെ കുറവാണ്.

7) 11ാം വാർഡിൽ ഒരു പൊതുടി.വിയും 12ാം വാർഡിൽ ഒരു പൊതുറേഡിയോവും ഒഴികെ മറ്റൊരു സാംസ്ക്കാരിക സ്ഥാപനത്തിലും ഇവയില്ല.

8) ഒമ്പതാം വാർഡിലൊഴികെ എവിടെയും സാംസ്ക്കാരിക നിലയമില്ല. ഉള്ളതു തന്നെ ശോചനീയമായ നിലയിലാണ്.

9) ഗ്രന്ഥശാലകളുടെ പ്രവർത്തനം മന്ദഗതിയിലാണ്.

10) പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ അസൗകര്യങ്ങളേറെയുണ്ട്.

11) സ്ത്രീകളുടെ വായനാശീലം കുറവാണ്.

12) കലാപരിപാടികൾ അവതരിപ്പിക്കാൻ സ്ഥിരവും സൗകര്യപ്രദവുമായ സ്ഥലമില്ല.

## പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശങ്ങളും

പൊതുവായ പ്രശ്നങ്ങളിൽ, ടി. വിയുടെ അതിപ്രസരം വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കാതിരിക്കാൻ, ഗ്രാമസഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശം ശ്രദ്ധേയമാണ്. വൈകുന്നേരം 7 മണി മുതൽ 9 മണിവരെയുള്ള സമയത്ത് ടി. വിയിൽ വിനോദ പരിപാടികൾക്ക് പകരം വിജ്ഞാന പരിപാടികൾ പ്രദർശിപ്പിക്കണം എന്നതാണ് ആ നിർദ്ദേശം. മറ്റു നിർദ്ദേശങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

1) വായനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്തിടത്ത് അവ ആരംഭിക്കുക.
2) സ്വന്തമായ കെട്ടിടമില്ലാത്ത സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാമ്പത്തികസഹായം ലഭ്യമാക്കുക. മനുഷ്യാദ്ധ്വാനം സംഭാവനയായി സമാഹരിക്കുക.
3) സാംസ്കാരിക സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചറും മറ്റുപകരണങ്ങളും ലഭ്യമാക്കുക.
4) ഗ്രന്ഥശാലകളിലെ അംഗത്വം വർദ്ധിപ്പിക്കുക. വായനാശീലം വളർത്തുന്നതിനാവശ്യമായ ബോധവൽക്കരണം നടത്തുക.
5) സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ സഞ്ചരിക്കുന്ന ലൈബ്രറി ഏർപ്പെടുത്തുക.
6) ലൈബ്രറികളുടെ പ്രവർത്തനം വൈവിദ്ധ്യവൽക്കരിക്കുക; നവീകരിക്കുക.
7) സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് ടി. വി. അനുവദിക്കുക.
8) നാടൻ പാട്ടുകളും ഐതീഹ്യങ്ങളും സമ്പാദിച്ച് ഗ്രന്ഥരൂപത്തിലാക്കുക.
9) കമ്യൂണിറ്റി ഹാളിൽ സൗകര്യമേർപ്പെടുത്തുക.
10) നിലവിലുള്ള സാംസ്ക്കാരിക നിലയം സൗകര്യപൂർണ്ണമാക്കുക. ആവശ്യമുള്ള ഇടങ്ങളിൽ മുൻഗണനാക്രമമനുസരിച്ച് സാംസ്ക്കാരിക നിലയങ്ങൾ ആരംഭിക്കുക.
11) വിവാഹത്തോടനുബന്ധിച്ചുള്ള ധൂർത്തും ആർഭാടവും ഒഴിവാക്കാനുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.
12) ഫിലിം സൊസൈറ്റികൾ ആരംഭിക്കുക.
13) സാക്ഷരതാ പ്രവർത്തനങ്ങൾ സജീവമാക്കുക.
14) കമ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ഒരു സ്റ്റേജ് പണിയുക.
15) വീഡിയോ ക്ലബ്ബുകൾ ആരംഭിക്കുക.
16) സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു ഏകോപനസമിതി, പഞ്ചായത്ത് ഭരണസമിതിയുടെ ആഭിമുഖ്യത്തിൽ രൂപവൽക്കരിച്ച് പ്രവർത്തനങ്ങൾക്ക് ഒരു വാർഷിക കലണ്ടർ ഉണ്ടാക്കി, മേൽനോട്ടം വഹിക്കുക.

ഈ നിർദ്ദേശങ്ങൾ പ്രായോഗികമാക്കാൻ കൂട്ടായ യത്നം ആവശ്യമാണ്. അഞ്ചു വർഷക്കാലം കൊണ്ട് ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ പഞ്ചായത്തു സമിതിയും ജനങ്ങളും [illegible] ഒത്താൽ ചേർന്ന് കർമ്മരംഗത്തിറങ്ങേണ്ടിയിരിക്കുന്നു.

സാംസ്കാരിക മൂല്യച്യുതിയ്ക്കെതിരായ സമരം സമത്വപൂർണ്ണമായ സമൂഹസൃഷ്ടിക്ക് അനിവാര്യമാണെന്ന തിരിച്ചറിവ് നമ്മെ കർമ്മോന്മുഖരാക്കട്ടെ!

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥശാലകളും വായനശാലകളും

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകാലികങ്ങളുടെ എണ്ണം | മറ്റ് അനുബന്ധ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1 | പ്രബോധിനി വായനശാല സ്പോർട്സ് ആൻറ് ആർട്സ് ക്ലബ്ബ് | 1939 | എ | 5200 | 1000 | 6 | കലാ-കായിക സംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നു. |
| 2. | സർവ്വോദയ വായനശാല | 1953 | സി | 2817 | 300 | 2 | സ്പോർടസ് രംഗത്ത് പ്രവർത്തനം നടത്തുന്നു. |
| 3. | ജ്ഞാനോദയം വായനശാല | 1951 | ഇ | 2200 | 300 | 8 | നൃത്ത പരിശീലനം നടത്തുന്നു. പൂക്കളമത്സരം നടത്തുന്നു. |
| 4. | ചാലിയം ഗ്രന്ഥാലയം | 1977 | - | 1750 | 200 | 4 | മറ്റ് അനുബന്ധ പ്രവർത്താനങ്ങൾ ഒന്നുമില്ല |
| 5. | റീഡേഴ്സ് ചോയ്സ് ലൈബ്രറി ആൻറ് റീഡിംഗ് റൂം | 1992 | - | 500 | 180 | 10 | സാമൂഹ്യപ്രവർതതനങ്ങൾ നടത്തുന്നു. |
| 6. | അൽഫൌസ് വായനശാല | 1992 | - | - | - | 4 | തച്ചൻ, ടൈപ്പ്റൈറ്റിംഗ് രംഗത്ത് പരിശീലനം അഗതികൾക്ക് സാമ്പത്തികസഹായം നൽകുന്നു. |
| 7. | ജമാഅത്തെ ഇസ്ലാമിക് ലൈബ്രറി | 1976 | - | 500 | 100 | - | സ്ക്വാഡ് പ്രവർത്തനം നടത്തി പുസ്തകങ്ങൾ വിലയ്ക്കും സൗജന്യമായും നൽകുന്നു. |
| 8. | പഞ്ചായത്ത് സാംസ്ക്കാരിക നിലയം | 1996 | | | | | |
| 9. | പി. സി. കടലുണ്ടി സ്മാരക ഗ്രന്ഥാലയം | 1996 | | | | | |
| 10. | സാലിയാത്തി വായനശാല | 1982 | - | - | 2 | | |

# നിലവിലുള്ള സാംസ്ക്കാരിക - കായിക സംഘടനകൾ

| ക്രമ നമ്പർ | പേര് | സ്ഥാപന വർഷം | അംഗങ്ങളുടെ എണ്ണം | സംഗീതനാടക അക്കാദമി/സ്പോർട്സ് കൗൺസിൽ അഫിലിയേഷൻ ഉണ്ടോ | സ്വന്തമായി കെട്ടിടമുണ്ടോ | റേഡിയോ/ ടി.വി. ഉണ്ടോ | മുഖ്യ പ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|
| 1. | ഫോക്കസ് കലാ-കായിക സംസ്ക്കാരിക സംഘടന | 1993 | 23 | ഇല്ല | ഇല്ല | ഇല്ല | കലാ-കായിക പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നു. |
| 2. | ഒസ്സോ ആർടസ് ആൻറ് സ്പോർട്സ് ക്ലബ്ബ് ചാലിയം | 1986 | 52 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബോൾ മേളകൾ സംഘടിപ്പിക്കുന്നു. ചികിത്സാ ക്യാമ്പുകൾ സഘടിപ്പിക്കുന്നു. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്നു. |
| 3. | അജന്ത, മണ്ണൂർ | 1977 | 25 | NYK | ഇല്ല | ഇല്ല | പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുക്കൽ, കക്കൂസ് നിർമ്മിക്കൽ. |
| 4. | യംഗ്സ്റ്റേഴ്സ് കാരകളിപ്പറമ്പ് | 1988 | 20 | - | ഇല്ല | ഇല്ല | കലാ-സാംസ്ക്കാരിക-സാമൂഹ്യ പ്രവർത്തനങ്ങൾ |
| 5. | അഭിനയ മണ്ണൂർ | 1994 | 25 | - | ഇല്ല | ഇല്ല | നാടകപ്രവർത്തനങ്ങൾ |
| 6. | നഭസ്സ് മണ്ണൂർ | 1994 | 35 | - | ഇല്ല | ഇല്ല | കലാരംഗത്ത് പ്രോത്സാഹനജനകമായ പ്രവർത്തനങ്ങൾ |
| 7. | പ്രഭാത് മണ്ണൂർ | 1975 | - | - | ഇല്ല | ഇല്ല | - |
| 8. | രചന ആർട്സ് ആൻറ് സ്പോർടസ് ക്ലബ്ബ് | 1970 | 45 | NYK | ഇല്ല | ഇല്ല | കലാ-കായിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 9. | യുവധാര, മണ്ണൂർ | 1986 | 30 | - | ഇല്ല | ഇല്ല | - |
| 10 | സമ്പൂർണ്ണ കലാകായിക സമിതി | 1985 | 50 | റജിസ്റ്റേഡ് | ഇല്ല | ഇല്ല | നഴ്സറിസ്കൂൾ, ആരോഗ്യപ്രവർത്തനങ്ങൾ |
| 11 | സംസ്ക്കാര മണ്ണൂർ | 1980 | 49 | ഇല്ല | ഉണ്ട് | ഇല്ല | ഹെൽത്ത് സെൻറർ, സ്പോർട്സ് |
| 12. | യുവഭാവന കലാകായിക സാംസ്ക്കാരിക സംഘടന, വട്ടപ്പറമ്പ് | 1984 | 18 | NYK | ഇല്ല | ഇല്ല | കലാകായിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 13. | സിഗ്മാസ്സിക്ക് കലാ-കായിക സാംസ്ക്കാരിക സംഘടന, ചാലിയം | 1990 | 15 | റജിസ്റ്റേർഡ് | ഇല്ല | ഇല്ല | ആരോഗ്യരംഗത്തും കലാകായിക സാംസ്ക്കാരിക രംഗത്തും പ്രവർത്തിക്കുന്നു. |

| | | | | | | | |
|---|---|---|---|---|---|---|---|
| 14 | ഈഗിൾസ്, വട്ടപ്പറമ്പ് | 1975 | 42 | - | ഇല്ല | ഇല്ല | കോച്ചിംഗ് ക്യാമ്പുകൾ, ഫുട്ബോൾ ടൂർണ്ണ മെൻറുകൾ സംഘടിപ്പിക്കുന്നു. |
| 15. | യുവഭാവന വട്ടപ്പറമ്പ് | 1984 | 25 | രജിസ്റ്റേർഡ് | ഇല്ല | ഇല്ല | സാമൂഹിക സാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 16. | ചാലഞ്ചേഴ്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 1984 | 18 | NYK | ഇല്ല | ഇല്ല | കലാസാംസ്ക്കാരികകായിക പ്രവർത്തനങ്ങൾ |
| 17 | തപസ്യ കലാസിഹത്യേവേദി, കടലുണ്ടി | 1976 | 77 | - | ഇല്ല | ഇല്ല | കലാസാഹിത്യസംഗീത രംഗത്ത് പ്രവർത്തി യ്ക്കുന്നു. |
| 18 | എ. ജി. സി. കടലുണ്ടി | 1987 | 44 | - | ഇല്ല | ഇല്ല | സ്പോർട്സ് വികസന പ്രവർത്തനങ്ങൾ |
| 19 | വേദി, കടലുണ്ടി | 1995 | 20 | - | ഇല്ല | ഇല്ല | കലസാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 20 | മേഘ കടലുണ്ടി | 1974 | 6 | - | ഉണ്ട് | ഇല്ല | സ്പോർട്സ് രംഗത്ത് പ്രവർത്തിക്കുന്നു. |
| 21 | സന്ധ്യ | - | - | - | ഇല്ല | ഇല്ല | സ്പോർട്സ് പ്രവർത്തനങ്ങൾ |
| 22 | മണ്ണൂർ ആർട്സ് ആൻറ് സ്പോർട്സ് കബ്ബ് | 1970 | 65 | റജിസ്റ്റേർഡ് | ഇല്ല | ഇല്ല | കലാകായിക പ്രവർത്തനങ്ങൾ |
| 23 | മാസ്സ്മണ്ണൂർ | 1976 | 35 | റജിസ്റ്റേർഡ് | ഇല്ല | ഇല്ല | കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ |
| 24 | ഫീഫ സ്പോട്സ് ക്ലബ്ബ് മണ്ണൂർ | 1990 | 29 | റജിസ്റ്റേർഡ് | ഇല്ല | ഇല്ല | സ്പോർട്സ് പ്രവർത്തനങ്ങൾ |
| 25 | ജോളി ബ്രദേഴ്സ് മണ്ണൂർ | 1992 | 16 | - | ഇല്ല | ഇല്ല | കലാസാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 26 | മൈത്രി കാലാസാംസ്ക്കാരിക സംഘടന | | | | | | |
| 27 | വൈ. എം. എം. എ | 1946 | 65 | റജിസ്റ്റേർഡ് | ഇല്ല | ഇല്ല | വായനശാലസലൈബ്രറി പ്രവർത്താനം നടത്തുന്നു. |
| 28. | യുവത | 1994 | 30 | NYK | ഇല്ല | ഇല്ല | സാമൂഹ്യസാംസ്ക്കാരികരംഗത്ത് പ്രവർത്തിക്കുന്നു. |
| 29 | ബീച്ച് സ്പോർട്സ് ക്ലബ്ബ് | 1982 | 80 | - | ഇല്ല | ഇല്ല | കായിക സാംസ്ക്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 30 | പാക്സ് ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 1995 | 25 | - | ഇല്ല | ഇല്ല | ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് നടത്തുന്നു. |
| 31. | പോളറോയിഡ് | 1989 | 15 | - | ഇല്ല | ഇല്ല | ഷട്ടിൽ കളിയിൽ പരിശീലനം നടത്തുന്നു. |
| 32. | ചാലഞ്ചേഴ്സ് | 1984 | 18 | NYK | ഇല്ല | ഇല്ല | സ്പോർട്സ് പ്രവർത്തനങ്ങൾ |
| 33. | കൈരളി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 1989 | 34 | - | ഇല്ല | ഇല്ല | കലാ-കായിക പ്രവർത്തനങ്ങൾ |
| 34. | മുരുകല്ലിങ്ങൽ കലാകേന്ദ്രം | 1985 | | NYK | | | |
| 35 | കൈരളി മണ്ണൂർ | | | | | | |
| 36. | സപര്യ | | | | | | |
| 37 | നവതാര | | | | | | |
| 38 | ടി. കടലുണ്ടി | | | NYK | | | |

# 5-9

# വനിതാക്ഷേമം

ഭാരതസ്ത്രീയുടെ ഭാവശുദ്ധിയെപ്പറ്റി മഹാകവി പാടി "യത്ര നാര്യസ്തു പൂജ്യന്തേരമന്തേതത്ര ദേവതാ" എന്ന ഋഷിവചനമുണ്ട്. വനിതാ വർഷങ്ങളേറെ കൊണ്ടാടിശാസ്ത്രയുഗം പുരോഗമനാത്മകമായ നിലയിൽ ലോകത്തെ മുന്നോട്ടെത്തിച്ചു. ഇത്രയൊക്കെയായിട്ടും മാനവ രാശിയിൽ 'നൽപതിയായ സ്ത്രീജനങ്ങൾ ഇന്നും അവഗണിക്കപ്പെടുന്നു. അവഹേളിക്കപ്പെടുന്നു. സ്ത്രീകളെ രണ്ടാം തരം പൗരന്മാരായി മാത്രം അംഗീകരിക്കുന്ന പ്രവണത നമ്മുടെ ഇടയിലും തുടരുന്നു.

ഇന്ത്യൻ സ്വാതന്ത്ര്യസമരചരിത്രത്തിൽ ധീരോദാത്തമായ പങ്ക് വഹിച്ച ഒട്ടനവധി മഹിളകളുണ്ടായിരുന്നു. നമ്മുടെ പഞ്ചായത്തിൽ എടുത്തു പറയാവുന്ന ചിലരാണ് 'കൊറോത്ത് അമ്മാളുക്കുട്ടി, കരിഞ്ചേരി കാളി തുടങ്ങിയവർ

കേരളത്തിലുടനീളമുള്ള സാമൂഹ്യ സംരംഭങ്ങളിലെ സ്ത്രീ പങ്കാളിത്തക്കുറവ് കടലുണ്ടിയിലുമുണ്ട്. മുമ്പ് കാലങ്ങളിൽ പെൺകുട്ടികൾക്ക് സ്കൂൾ വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. ആ കാലഘട്ടത്തിൽ ആദ്യമായി അദ്ധ്യാപന രംഗത്തേയ്ക്ക് പ്രവേശിച്ചത്. പൊഴയ്ക്കാട്ട് ജാനകി ടീച്ചറായിരുന്നു. പിന്നീട് 1941-ൽ നിലവിൽ വന്ന ആയിഷാബീവി സ്കൂളിൽ 1946-ൽ നഫീസ ടീച്ചർ അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ചു. ഈ ടീച്ചറാണ് കടലുണ്ടി പഞ്ചായത്തിൽ 1948-ൽ ആദ്യത്തെ വയോജന വിദ്യാഭ്യാസ ക്ലാസ് തുടങ്ങിയത്.

നേതൃത്വപരമായ പങ്കുവഹിക്കാൻ കുറെ സ്ത്രീകൾ മുന്നോട്ടിറങ്ങിയതോടുകൂടി വിദ്യാഭ്യാസരംഗത്ത് സ്ത്രീ പങ്കാളിത്തം കൂടി. 1956 -ൽ "മണ്ണൂർ മഹിളാ സമാജം" രൂപം കൊണ്ടു. ഈ സമാജത്തിൽ ഒരു ഒമ്പതംഗ കമ്മറ്റി രൂപീകരിക്കുകയും ഈ കമ്മറ്റിയുടെ നേതൃത്വത്തിൽ പാൽ വിതരണം, ചർക്ക ക്ലാസ് തുന്നൽ പരിശീലന ക്ലാസ്, പച്ചക്കറിയുല്പാദനം തുടങ്ങിയവ നടത്തുകയും ചെയ്തിരുന്നു. നാല് ചുമരുകൾക്കുള്ളിൽ വീർപ്പുമുട്ടിക്കഴിയുന്ന സ്ത്രീകളെ സമൂഹ മദ്ധ്യത്തിലേക്ക് കൊണ്ടുവരാൻ തീവ്ര ശ്രമം നടത്തിയ പ്രമുഖരുടെ കൂട്ടത്തിൽ ഒരാളായിരുന്നു നമ്മുടെ ഇപ്പോഴത്തെ പഞ്ചായത്ത് പ്രസിഡണ്ട് കൂടിയായ ശ്രീമതി പി. ഭാർഗ്ഗവി. കടലുണ്ടി പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെമ്പർ കൂടിയായിരുന്നു ഇവർ.

1962-63 കാലഘട്ടത്തിൽ പൊതുസേവന രംഗത്തേയ്ക്കു വന്ന ഒരാളാണ് കോഴിപ്പുറത്ത് സുലോചന ടീച്ചർ എന്നവർ.

തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991-ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കാർഷികമേഖല | 16 | 175 |
| കർഷകതൊഴിലാളി | 116 | 567 |
| മത്സ്യബന്ധനം, മൃഗസംരക്ഷണം | 10 | 1354 |
| ചെറുകിട വ്യവസായം | 28 | 899 |
| ഗതാഗതം | 12 | 561 |
| നിർമ്മാണ പ്രവർത്തനം | 65 | 70 |
| മറ്റുള്ളവ | 266 | 71[illegible] |
| ഭാഗികമായി തൊഴിലുള്ളവർ | 412 | 931 |

സാക്ഷരതയിലും സാംസ്ക്കാരിക ബോധത്തിലും

ഒട്ടേറെ മുന്നോട്ട് വന്നിരിക്കുന്ന സ്ത്രീ സമൂഹം അവകാശ ബോധത്തിലും അത് നേടിയെടുക്കുന്നതിനുള്ള പോരാട്ടം സംഘടിപ്പിക്കുന്നതിലും ഇന്നും പിന്നോക്കമാണെന്നാണ് ഈ പട്ടിക സൂചിപ്പിക്കുന്നത്. തൊഴിൽ മേഖലകളിൽ സ്ത്രീകൾക്കെതിരായുള്ള അവഗണന മാറ്റിയെടുക്കണമെങ്കിൽ സ്ത്രീകളെ എല്ലാ നിലയിലും ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു.

കടലുണ്ടി പഞ്ചായത്തിൽ വനിതകളുടേത് മാത്രമായി 5 തൊഴിൽ സ്ഥാപനങ്ങളും 4 DWCRA യൂണിറ്റുകളും പ്രവർത്തിന്നു. പുരുഷന്മാർ കുടുംബനാഥരായിട്ടുള്ള വിടുകളാണ് കടലുണ്ടി പഞ്ചായത്തിലേറെയും. ചുരുക്കും ചില വീടുകളിൽ സ്ത്രീകൾ കുടുംബ നാഥകളായിട്ടുമുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉശപ്പെടെ വിദ്യാഭ്യാസ മേഖലയിൽ ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികളാണ്- മുമ്പന്തിയിൽ. പ്രൈവറ്റ് മേഖലയിൽ ഒരു വനിതാ കോളേജുണ്ട്. പഞ്ചായത്തിലെ ഒരു ഹൈസ്കൂളിൽ വനിതാ വിഭാഗം NCC നിലവിലുണ്ട്.

### പ്രശ്നങ്ങൾ

തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലുള്ള ഒരു പ്രധാന പ്രശ്നമാണ്. തൊഴിൽ മേഖലയിൽ കൂലി നിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. പട്ടിക താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 70.75 | 100 |
| നിർമ്മാണതൊഴിലാളി | 80 | 100.110 |
| കയർ തൊഴിലാളി | 30.35 | 50.60 |

കൃഷിപ്പണി, ചകിരി ഉപയോഗിച്ചുള്ള കയർ നിർമ്മാണം, മത്സ്യസംസ്ക്കരണം, റോഡുപണി എന്നീ തൊഴിലുകളിൽ സ്ത്രീയ്ക്ക് പുരുഷന്മാരെ അപേക്ഷിച്ച് കൂലി നിരക്ക് വളരെ കുറവാണ്.

സ്ത്രീകൾക്ക് തൊഴിലും സാമ്പത്തിക സ്വാതന്ത്ര്യവും മെച്ചപ്പെട്ട സാമൂഹ്യ പദവിക്കുള്ള മാനദണ്ഡമാണെന്ന് അംഗീകരിക്കപ്പെട്ടതാണ്. തൊഴിലാളി വർഗ്ഗത്തിലുള്ള സ്ത്രീകൾക്ക് പ്രത്യേകിച്ചും 90% അതിലധികം സ്ത്രീകളും തൊഴിലെടുക്കുന്നത്. ഏത് ജോലിയും ചെയ്യാനുള്ള തൻേറടം നേടുകയാണ് ആദ്യം സ്ത്രീ വേണ്ടത്. സ്വന്തം നിലയേയും വിലയേയും കുറിച്ചുള്ള ശരിയായ ബോധം സ്ത്രീയ്ക്കുണ്ടാകണം. സ്വന്തം വീടിനുപുറമെ സ്വന്തം ചുറ്റുപാടിനെ ക്കുറിച്ചും രാഷ്ട്രത്തെക്കുറിച്ചുമെല്ലാം ശരിയായ കാഴ്ചപ്പാടുണ്ടാകണം.

കഴിവും കഴിവുകേടും സ്ത്രീപുരുഷഭേദം നോക്കിയല്ല കണക്കാക്കേണ്ടത്. സ്ത്രീകളിലും പുരുഷന്മാരിലും പ്രഗത്ഭരും, അപ്രഗത്ഭരും ഉണ്ടാവും. അതുകൊണ്ട് സ്ത്രീയെന്ന നിലയിൽ ഒരു വിഭാഗത്തിൻെറ പുരോഗതിയെ തടഞ്ഞു നിർത്താനുള്ള പ്രവണത നല്ലതല്ലെന്ന് നമ്മുടെ സമൂഹം മനസ്സിലാക്കേണ്ടിയിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ വായനശാലകൾ ധാരാളമുണ്ടെങ്കിലും അവിടേയ്ക്ക് കടന്ന് ചെല്ലാനും ആവശ്യമുള്ള പുസ്തകങ്ങളെടുത്തു വായിക്കാനും സ്ത്രീകൾ ശ്രമിക്കുന്നില്ല. സ്ത്രീകൾക്ക് മാത്രമുള്ള വായനശാല, സഞ്ചരിക്കുന്ന വായനശാല തുടങ്ങിയ സംരംഭങ്ങൾ സാംസ്ക്കാരിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ് ഒരു പരിധിവരെ കുറയ്ക്കുവാൻ സഹായിക്കും.

സ്ത്രീകളിൽ ശരിയായ ഒരു ബോധവൽക്കരണം ഇനിയും വന്നിട്ടില്ല. സ്ത്രീകളുടെ മനസ്സിൽ വേരുറച്ചു നിൽക്കുന്ന താൻ സംരക്ഷിക്കപ്പെടേണ്ടവളാണെന്ന തെറ്റായ ധാരണ (അപകർഷതാബോധം) അവളെ ഭരിക്കുന്നു. ഈ ബോധം വേരോടെ പിഴുതെടുത്ത് സ്ത്രീകൾക്ക് സ്വന്തം കാലിൽ നിൽക്കുന്നതിനാവശ്യമായ സ്ത്രീകളുടെ തൊഴിൽ മേഖല വിപുലപ്പെടുത്തേണ്ടിയിരിക്കുന്നു. ഗ്രാമീണ സ്ത്രീകളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷക്കരിക്കപ്പെട്ടിരിക്കുന്ന DWCRA ICDS എന്നീ പദ്ധതികളെക്കുറിച്ച് സ്ത്രീകളെ സംഘടിപ്പിച്ച് ബോധവൽക്കരണ ക്ലാസ് നടത്തേണ്ടത് ഈ കാലഘട്ടത്തിന്നനിവാര്യമാണ്.

സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലന സംരക്ഷണത്തിനായി പഞ്ചായത്തിലെ ഓരോ വാർഡിലും അങ്കൺവാടികൾ സ്ഥാപിക്കേണ്ടിയിരിക്കുന്നു. സ്ത്രീധന നിരോധന ബിൽ ഗവർമെൻറ് പാസ്സാക്കിയിട്ടുണ്ടെങ്കിലും സ്ത്രീധന സമ്പ്രദായം ഇന്നും സമൂഹത്തിൽ ഉയർന്ന സ്ഥാനം പിടിച്ചു പറ്റുന്നു. ഇതിനോട് ബന്ധപ്പെട്ട് സ്ത്രീകൾ ഇന്ന് പീഡനത്തിന് ഇരയാകുന്നു. സ്ത്രീ പുരുഷ വ്യത്യാസമില്ലാതെ ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്.

ചകിരി, പായനെയ്ത്ത്, മത്സ്യസംസ്കരണം, കക്കവാരൽ, കുട നിർമ്മാണം തുടങ്ങിയ തൊഴിൽ മേഖലകൾ സ്ത്രീകൾക്കായി വികസിപ്പിച്ചെടുക്കുകയും ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നൽകുകയും അതോടൊപ്പം വിപണന സൗകര്യം ഉണ്ടാക്കുകയും ചെയ്യേണ്ടതുണ്ട്.

### വനിതാമേഖല നേരിടുന്ന പ്രശ്നങ്ങൾ

1) വിലക്കയറ്റത്തെപ്പറ്റി വാതോരാതെ നമ്മൾ പ്രതിപാദിക്കുമ്പോൾ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരേക്കാൾ ഉപരി ഇത് അനുഭവിക്കുന്നത് ഓരോ വീട്ടിലേയും സ്ത്രീകളാണ്.

2) സ്ത്രീയും പുരുഷനും ഒരുമിച്ച് മുന്നോട്ട് പോയാൽ മാത്രമേ സമൂഹത്തിൽ സാമ്പത്തികമായും രാഷ്ട്രീയമായും സാംസ്കാരികമായും പുരോഗതി പ്രാപിക്കുകയുള്ളൂ എന്ന ബോധം സ്ത്രീ പുരുഷന്മാർക്കില്ല.
3) തൊഴിൽ രംഗത്ത് സ്ത്രീകൾക്ക് പ്രത്യേകമായ പ്രാഥമിക സൗകര്യങ്ങളൊന്നുമില്ല.
4) സാമൂഹ്യ അനാചാരങ്ങളെ ഭയന്ന് സ്ത്രീകൾ പൊതുരംഗത്തേയ്ക്ക് വരാൻ മടിക്കുന്നു.
5) ഈ പഞ്ചായത്തിലെവിടെയും ക്രഷെ സൗകര്യങ്ങൾ ഇല്ലാത്തതിനാൽ സ്ത്രീ തൊഴിലാളികൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നു.
6) തൃപ്തികരമായ വിധം പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങൾ കുറവാണ്.
7) ചില തൊഴിൽ മേഖലകളിൽ ഒരേ തൊഴിലിന് വ്യത്യസ്തമായ കൂലി നിരക്കാണ് സ്ത്രീയ്ക്കും പുരുഷനുമുള്ളത്.
8) മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന ധാരാളം കുടുംബങ്ങളുണ്ട്.
9) സ്ത്രീധനം കൊടുക്കുവാൻ കഴിയാത്തതുമൂലം അവിവാഹിതരായി കഴിയുന്ന കുറെ പേർ എല്ലാ സമുദായങ്ങളിലമുണ്ട്.
10) അപൂർവ്വമായി സ്ത്രീധനപീഡനം നടക്കുന്നതോടൊപ്പം മാനസിക അസ്വാസ്ഥ്യം അനുഭവപ്പെട്ട് ആത്മഹത്യയ്ക്കിരയായവരുമുണ്ട്.
11) സ്വയം തൊഴിൽ സംരംഭങ്ങൾ കുറവാണ്.
12) സ്ത്രീകളോടുള്ള അക്രമങ്ങളും നടക്കുന്നുണ്ട്.

**പരിഹാര മാർഗ്ഗങ്ങൾ**

1) പഞ്ചായത്ത് മുൻകയ്യെടുത്ത് വാർഡ് തലത്തിൽ വനിതാ സമാജങ്ങൾ സംഘടിപ്പിക്കണം.
2) വനിതകൾക്കായി ചെറുകിട വ്യവസായങ്ങൾ പഞ്ചായത്ത് മുൻകയ്യെടുത്ത് സംഘടിപ്പിക്കണം.
3) സ്ത്രീകളുടെ സഹകരണസംഘങ്ങൾ ഉണ്ടാക്കി കുട നിർമ്മാണം, മത്സ്യസംസ്ക്കരണം (പാക്കറ്റുകളാക്കി) എന്നീ മേഖലകളിൽ സ്ത്രീകൾക്കായി ചെറുകിട തൊഴിലവസരങ്ങൾ ഉണ്ടാക്കണം.
4) പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിപണന സൗകര്യങ്ങൾ ഉണ്ടാക്കണം.
5) സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം.
6) സ്ത്രീധന പീഡന നിരോധന നിയമം കർശനമാക്കുക.
7) വിവിധ മേഖലകളിൽ സ്ത്രീകൾക്ക് സൗജന്യതൊഴിൽ പരിശീലനം നൽകുക.
8) അശ്ലീല പോസ്റ്ററുകൾക്കെതിരെ നിയമം കർശനമാക്കണം.
9) ടി. വി. പരിപാടികൾ സെൻസർ ചെയ്യണം. സെൻസറിങ്ങിലെ പഴുതുകൾ അടയ്ക്കണം.
10) വാർഡുകൾ തോറും അങ്കൺവാടികൾ സ്ഥാപിക്കണം. സ്ത്രീൾക്കായി ആശുപത്രി സൗകര്യം ലഭ്യമാക്കണം.
11) പശുവളർത്തൽ, കോഴിവളർത്തൽ, എന്നിവ ആരംഭിക്കാൻ സഹായങ്ങൾ ചെയ്യണം.
12) കക്കവാരൽ, സോപ്പ് നിർമ്മാണം എന്നിവ സ്ത്രീകൾക്കായി വികസിപ്പിച്ചെടുക്കുന്നതിൽ ശ്രദ്ധിക്കുക.

❖

# 5-10

# സഹകരണം

മൂലധന സമാഹരണത്തിനുള്ള മുതലാളിത്ത കൗശലങ്ങൾക്കൊരു ജനകീയ ബദൽ എന്ന നിലയിൽ ഈ നൂറ്റാണ്ടിൻെറ ഉത്തരാർദ്ധത്തിൽ ശക്തി പ്രാപിച്ച സഹകരണ പ്രസ്ഥാനത്തിന് നാൾതോറും പ്രസക്തി ഏറി വരികയാണ്. കടലുണ്ടി പഞ്ചായത്തിൻെറ സർവ്വതോമുഖമായ വളർച്ചക്ക് വിവിധ മേഖലകളിലെ സഹകരണ സംഘങ്ങൾക്ക് ചെറുതല്ലാത്ത പങ്ക് വഹിക്കാനുണ്ട്. ആയിരത്തി തൊള്ളായിരത്തി നാല്പതുകളുടെ തുടക്കത്തിൽ തിരൂരങ്ങാടി താലൂക്ക് കേന്ദ്രമായി രൂപപ്പെട്ട ഐക്യനാണയ സംഘമാണ് സഹകരണ മേഖലയെ നമ്മുടെ പഞ്ചായത്തിൽ പരിചയപ്പെടുത്തിയത്. സംഘത്തിൻെറ പരിധിയിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെട്ടിരുന്നു. ശ്രീമാന്മാർ ചോലയിൽ പത്മനാഭൻ, ആലമ്പറ്റ് നാരായണമേനോൻ,ഞാവലിൽ കുട്ടികൃഷ്ണൻ നായർ,പി. അപ്പുക്കുട്ടൻ തുടങ്ങിയവർ പഞ്ചായത്തിൽ നിന്നുള്ള ഈ സംഘത്തിലെ മുഖ്യ സഹകാരികൾ ആയിരുന്നു. ശ്രീമാന്മാർ അമ്പാളി കോരപ്പൻ, കോങ്ങാട്ടിൽ കുഞ്ഞുണ്ണി മേനോൻ, തൊണ്ടിക്കോടൻ സെയ്തുട്ടി തുടങ്ങിയ സഹകാരികളുടെ വർഷങ്ങൾ നീണ്ട ശ്രമഫലമായി 1951ൽ അർബ്ബൻ ബാങ്ക് ആയി രജിസ്ററർ ചെയ്യപ്പെട്ട ഇന്നത്തെ കടലുണ്ടി സർവ്വീസ് കോ ഓപ ബാങ്ക് ആണ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. കടലുണ്ടി, വള്ളിക്കുന്ന്, തേഞ്ഞിപ്പലം പഞ്ചായത്തുകൾ പ്രവർത്തനപരിധിയായിരുന്നു. തുടർന്ന് ശ്രീമാന്മാർ അമ്പാളി ശങ്കരൻ, കുർമ്മന്തറ ചായിച്ചക്കുട്ടി, പിലാക്കാട്ട് ഗോപാലൻ തുടങ്ങിയവരുടെ നേതൃത്വത്തിൽ 1955ൽ മണ്ണൂർ സർവ്വീസ് കോ ഓപ് റൂറൽ ബാങ്ക് പ്രവർത്തനം ആരംഭിച്ചു. രണ്ട് ബാങ്കുകളുടെയും ആദ്യ പ്രസിഡണ്ട് ശ്രീ. അമ്പാളി ശങ്കരൻ ആയിരുന്നു. കടലുണ്ടി പഞ്ചായത്തിന് പുറമേ വെളിമുക്ക്, വള്ളിക്കുന്ന്, തേഞ്ഞിപ്പലം, ചേലേമ്പ്ര അംശങ്ങൾകൂടി പ്രവർത്തനപരിധിയിൽ ഉൾപ്പെട്ടിരുന്നു. ഇപ്പോൾ കാർഷിക വായ്പാ സംഘങ്ങൾ (2) ഖാദി-ഗ്രാമ വ്യവസായ സംഘങ്ങൾ (2) കയർ വ്യവസായ സംഘങ്ങൾ (2) മത്സ്യത്തൊഴിലാളിക്ഷേമ വികസന സംഘങ്ങൾ (2) ക്ഷീര വ്യവസായ സംഘങ്ങൾ (1) സ്കൂൾ സംഘങ്ങൾ (4) എന്നിങ്ങനെ 14 സംഘങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്.രാമനാട്ടുകര ഹൗസിംഗ് സൊസൈറ്റിയുടെയും ഫറോക്ക് അർബ്ബൻ ബാങ്കിൻെറയും കോഴിക്കോട് കാർഷിക വികസന ബാങ്ക് എന്നിവയുടെ പരിധിയിൽ പഞ്ചായത്ത് ഉൾപ്പെടുന്നു പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന സംഘങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കുക.

## കാർഷിക വായ്പാ സംഘങ്ങൾ

### 1)കടലുണ്ടി സർവ്വീസ് കോ ഓപ്: ബാങ്ക്

111 പേർ അംഗങ്ങളായി ചേർന്നുകൊണ്ട് 4200 രൂപ ഓഹരി മൂലധനത്തോടെ 1951ൽ രജിസ്റ്റർ ചെയ്യപ്പെട്ടു. 1969 മുതൽ റൂറൽബാങ്ക് പതിനാറ് ജീവനക്കാർ. പുറമെ മൂന്ന് കലക്ഷൻ ഏജൻറുമാർ. കടലുണ്ടിയിൽ ഹെഡ് ഓഫീസും ചാലിയത്ത് ബ്രാഞ്ചും പ്രവർത്തിച്ചുവരുന്നു. 10,000 രൂപവരെ ആൾ ജാമ്യത്തിലും 25000 രൂപവരെ സ്വത്ത് ഈടിൻമേലും കാർഷിക കാർഷികേതര വായ്പകൾ നൽകിവരുന്നു. വിവിധ ഇനങ്ങളിലായി നിലവിൽ വായ്പയായി നൽകിയിരിക്കുന്നത് ഒരു കോടി എഴുപത്തി എട്ട് ലക്ഷം രൂപയാണ്. ഇതിൽ കാർഷിക വായ്പ ഒരു

ലക്ഷത്തി പന്ത്രണ്ടായിരം രൂപയാണ്. മൊത്തം വായ്പയുടെ ഒരു ശതമാനത്തിൽ താഴെയാണിത്. ഐ. ആർ. ഡി. പി ഇനത്തിൽ 92,870 രൂപ വായ്പയായി നൽകിയിട്ടുണ്ട്. 2 കോടി എട്ട് ലക്ഷം രൂപ നിക്ഷേപം ഉണ്ട്. ഇതിൽ 1 കോടി 24 ലക്ഷം രൂപ സ്ഥിരം നിക്ഷേപം. 19 ലക്ഷം രൂപയോളം മെമ്പർമാരിൽ നിന്നും അവധി ബാക്കിയാണ്. എസ്റ്റാബ്ലിഷ്മെൻറ് ചെലവിനനുസരിച്ച് വ്യാപാരം മെച്ചപ്പെടാത്തതിനാലും അവധി ബാക്കി കൂടുന്നതിനാലും ബാങ്ക് നഷ്ടത്തിലാണ്. മാവേലി സ്റ്റോർ നടത്തിവരുന്നുണ്ട്. കൊപ്രസംഭരണം നടത്താറുണ്ട്. വളം വ്യാപാരം ഇല്ല

## 2) മണ്ണൂർ സർവ്വീസ് കോ ഓപ്. റൂറൽ ബാങ്ക്

1955ൽ രജിസ്റ്റർ ചെയ്തു. 10000 രൂപവരെ ആൾജാമ്യത്തിലും 25000 രൂപവരെ സ്വത്ത് ഈടിൻമേലും കാർഷിക കാർഷികേതര വായ്പകൾ നൽകിവരുന്നു. വിവിധ ഇനങ്ങളിലായി ഇപ്പോൾ കൊടുത്തിരിക്കുന്ന വായ്പ 1 കോടി 54 ലക്ഷം രൂപയാണ്. ഇതിൽ 15 ലക്ഷം രൂപ കാർഷിക വായ്പയും $1^{1/2}$ ലക്ഷം രൂപ ഐ ആർ ഡി. പി വായ്പയുമാണ്. 1,87,447 രൂപ സ്വയം തൊഴിൽ വായ്പയായി നൽകിയിരിക്കുന്നു. 1 കോടി 27 ലക്ഷം രൂപ നിക്ഷേപമുണ്ട്. ഇതിൽ 94 ലക്ഷം രൂപ സ്ഥിരം നിക്ഷേപമാണ്. കഴിഞ്ഞ വർഷം 23 ലക്ഷം രൂപ അവധി ബാക്കിയാണ്. ഓഡിറ്റ് അനുസരിച്ച ബാങ്ക് മുൻവർഷം നഷ്ടത്തിലാണ്. അവധി ബാക്കി കാരണം നീക്കിവെക്കപ്പെട്ട റിസർവ്വ് ഇല്ലായിരുന്നുവെങ്കിൽ സംഘം ലാഭത്തിലാവുമായിരുന്നു. സ്വയം തൊഴിൽ വായ്പാ വിതരണത്തിനും നിക്ഷേപ സമാഹരണത്തിനും ജില്ലാ ബാങ്കിൽ നിന്ന് മുൻവർഷത്തിൽ ഇൻസെൻറീവുകൾ ലഭിച്ചിട്ടുണ്ട്. 6 സ്ഥിരം ജീവനക്കാരും 2 ദിനബത്ത ജീവനക്കാരും 3 കലക്ഷൻ ഏജൻറുമാരും ജോലി ചെയ്യുന്നു. ആവശ്യത്തിന് ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. മാവേലി സ്റേറാറിൽ മുൻവർഷത്തെ മൊത്ത വ്യാപാരം 8,49.565 രൂപയാണ്. വളം വില്പന നടത്തുന്നുണ്ട്. മുൻവർഷത്തെ മൊത്തവ്യാപാരം 1, 16,733 രൂപയാണ്.

### പ്രശ്നങ്ങൾ

? രണ്ട് വായ്പാ സംഘങ്ങളിലും കൂടി 15482 പേർ മാത്രമാണ് മൊത്തം അംഗങ്ങളായിട്ടുള്ളത്. ഇത് നമ്മുടെ പഞ്ചായത്തിൽ മെമ്പർമാരാവാൻ അർഹതയുള്ളവരുടെ 47% മാത്രമാണ്.

? രണ്ട് സംഘങ്ങളും ഓഡിറ്റ് അനുസരിച്ച് നഷ്ടത്തിലാണ്. അവധി ബാക്കി കൂടുതലാണ്.

? പദ്ധതി കാലയളവിൽ സംഘങ്ങൾക്ക് നിർവ്വഹിക്കാനുള്ള പ്രവർത്തനങ്ങളുടെ വ്യാപ്തി പരിഗണിക്കുമ്പോൾ നിലവിലുള്ള ബാങ്ക് നിക്ഷേപം വളരെ കുറവാണ്. സമാഹരിക്കാവുന്ന നിക്ഷേപങ്ങളുടെ ചെറിയൊരംശം മാത്രമാണിത്. 1432 പേർ മാത്രമാണ് രണ്ട് സംഘങ്ങളിലും കൂടി സ്ഥിരം നിക്ഷേപകരായിട്ടുള്ളത്.

? പ്രാഥമിക വികസന മേഖല എന്ന നിലക്ക് വായ്പയിൽ കൃഷി അവഗണിക്കപ്പെടുന്നു.

? കാർഷിക വായ്പാ പരിധി തീരെകുറവാണ്.

? സ്വയം തൊഴിൽ വായ്പ ബാങ്കുകൾ സ്വന്തം ഫണ്ടിൽ നിന്ന് നല്കുന്നതിനാൽ പലിശനിരക്ക് കൂടുതലാണ്. കാലാവധി കുറവും

? സംഘംമെമ്പർമാരായ സർക്കാർ ജീവനക്കാരുടെ ജാമ്യത്തിൽ നൽകിവരുന്ന 2000 രൂപയിൽ കൂടുതലുള്ള വായ്പകൾ സർക്കാർ ജീവനക്കാർ താരതമ്യേന കുറവായ നമ്മുടേത്പോലുള്ള അവികസിതമായ പഞ്ചായത്തിൽ ഏറെ മെമ്പർമാർക്ക് ഉപയോഗപ്പെടുത്താനാവുന്നില്ല.

? കാർഷിക വായ്പകളുടെ പലിശ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല

? കാർഷിക വായ്പകൾക്കൊപ്പം വായ്പയുടെ 10%വരുന്ന തുകക്ക് രാസവളങ്ങൾ അംഗങ്ങളുടെ പേരിൽ അടിച്ചേല്പിക്കപ്പെടുന്നു.

? കാർഷിക വായ്പയിൽ 90% ആ മേഖലയിൽ യഥാർത്ഥത്തിൽ വിനിയോഗിക്കപ്പെടുന്നില്ല.

? വസ്തുപണയ വായ്പ സംഘങ്ങളിൽ ലഭിക്കുവാൻ ആധാരം രജിസ്റ്റർ ചെയ്യുന്നതിനും മറ്റുമായി അപേക്ഷകൻ രജിസ്റ്ററാഫീസിൽ കയറിയിറങ്ങേണ്ടിവരുന്നത്കൊണ്ടുള്ള സമയനഷ്ടവും, സാമ്പത്തികനഷ്ടവും മറ്റ് ബുദ്ധിമുട്ടുകളും വളരെയേറെയാണ്.

? കൊപ്ര സംഭരണം സീസണിൽ മാത്രം

### സാദ്ധ്യതകൾ

- അർഹരായ മുഴുവൻ പേരെയും അംഗങ്ങളാക്കാനും ഓഹരി മൂലധനം വർദ്ധിപ്പിക്കാനുമുള്ള സമയബന്ധിത പ്രവർത്തനങ്ങൾ നടത്തണം.
- നഷ്ടത്തിൻെറ പ്രധാനകാരണം അവധി ബാക്കി. സംഘത്തിൻെറ നഷ്ടം അംഗങ്ങളുടെ നഷ്ടമാണെന്നുള്ള തിരിച്ചറിവ് പ്രധാനമാണ്. വായ്പാ തിരിച്ചടവിൽ വീഴ്ചവരുത്തുന്നത് അംഗങ്ങൾക്ക് സാമ്പത്തിക നഷ്ടമുണ്ടാക്കുന്നു. ബാങ്കിൻെറ വളർച്ച മുരടിക്കുന്നു. അത് വഴി വീഴ്ചവരുത്തിയ ഗുണഭോക്താവിന് പിന്നീടുള്ള കൂടുതൽ വായ്പാ

അവര ,രങ്ങാം നിഷേധിക്കപ്പെടുന്നു. ബോധവൽക്കരണവും ഭരണസമിതിയുടെ ജനകീയ ഇടപെടലുകളും ഒഴിച്ചുകൂടാനാവാത്ത സന്ദർഭങ്ങളിൽ നിയമനടപടികളും ശക്തമാക്കി അവധി ബാക്കി ഇല്ലാതാക്കണം.

- വാണിജ്യബാങ്കുകളെ അപേക്ഷിച്ച് സഹകരണ ബാങ്കുകാം നിക്ഷേപങ്ങാംക്കു നല്കുന്ന വർദ്ധിച്ച പ ശനിരക്ക് പ്രചരിപ്പിക്കപ്പെടണം. വാണിജ്യ ങ്കുകൾ നിക്ഷേപതുകയുടെ ഒരംശം മാത്രം പ ായത്തിൽ വായ്പയായി നൽകുമ്പോൾ സഹകരണ സംഘങ്ങൾ നിക്ഷേപങ്ങളെക്കാൾ കവിഞ്ഞ തുക വായ്പയായി നൽകുന്നു. ഇത് സംബന്ധിച്ച ബോധവൽക്കരണവും ഉണ്ടാവേണ്ടിയിരിക്കുന്നു.
- നിക്ഷേപ സമാഹരണയജ്ഞങ്ങൾ വർദ്ധിച്ച ജനപങ്കാളിത്തത്തോടെയാവണം.
- ആ ജാമ്യത്തിൽ നൽകിവരുന്ന കാർഷിക വായ്പാ രൂപയിൽ നിന്ന് 5000 രൂപയായി വർദ്ധിപ്പിക്ക
- സ്വയം തൊഴിൽ വായ്പകൾക്ക് സർക്കാർ നൽകുന്ന ഇൻസെൻറിവ് വർദ്ധിപ്പിക്കണം. അതനുസരിച്ച് സംഘങ്ങൾ സ്വയം തൊഴിൽ വായ്പകൾക്കുള്ള പലിശ നിരക്ക് കുറക്കണം.
- സ്വയം തൊഴിൽ വായ്പയുടെ ഭാഗമായി വാഹന വായ്പ യായി ഒരു ലക്ഷം രൂപ വരെയെങ്കിലും നൽകാൻ സാ ിക്കണം.
- സംഘം പരിധിക്ക് പുറത്തുള്ള സർക്കാർ ജീവനക്കാരെ നാമമാത്ര അംഗങ്ങളാക്കി അവരുടെ ജാമ്യത്തിൽ സംഘത്തിലെ എ. ക്ലാസ് അംഗങ്ങൾക്ക് വായ്പകൾ ത ന്നൽകാനു രീ ിൽ ചട്ടങ്ങളിൽ മാറ്റം വരുത്തണം.
- കാർഷിക വായ്പകളുടെ പലിശ സബ്സിഡി യഥാ സമയംലഭിക്കാനുള്ള നടപടികൾ സർക്കാർ തലത്തിലും ബേങ്ക്തലത്തിലും സ്വീകരിക്കണം.
- കാർഷിക വായ്പക്കൊപ്പം രാസവളം നൽകുന്നതിന് പകരം പ്രസ്തുത തുകക്ക് ജൈവവളം , കാർഷിക പണിയായുധങ്ങൾ വിത്തുകളും, തൈകളും ഇവയിൽ കൃഷിക്കാരന് ആവശ്യമുള്ളത് വാങ്ങാൻ കൃഷിഭവനുമായി സഹകരിച്ചുകൊണ്ട് സൗകര്യം ഉണ്ടാക്കുക.
- ഉല്പന്ന വിലയിടിവ് നേരിടുവാൻ കൃഷിക്കാരെ സഹായിക്കുവാൻ ബാങ്കുകൾ മുഖേന 'ഉലപ്ന്ന ലോക്കറുകൾ,' ഏർപ്പെടുത്തുക. ആയതിൻെറ ഈടിന്മേൽ കൃഷിക്കാർക്ക് ഹ്രസ്വകാല വായ്പകൾ നൽകുക.
- ഏതെങ്കിലും ഒരുസംഘത്തിനെങ്കിലും നാളികേരത്തിൽ നിന്ന് നേരിട്ട് കൊപ്ര ഉല്പാദിപ്പിക്കാനുള്ള ആധുനിക ഡ്രയർ സംവിധാനവും ഗോഡൗൺ സൗകര്യവും ഉണ്ടാക്കുക. ആ സംഘത്തിന് എല്ലാകാലവും കൊപ്ര സംഭരിക്കാൻ കഴിയും.
- സംഘങ്ങൾക്ക് ചിട്ടി നടത്തുവാൻ കഴിയുമാറ് സർക്കാർ ചിട്ടി നയങ്ങളിൽ മാറ്റം വരുത്തണം.
- വസ്തുപണയ വായ്പ നൽകുമ്പാൾ ആധാരം രജിസ്ർറർ ചെയ്യുവാൻ ഇന്ന് കാർഷിക ഗ്രാമ വികസന ബാങ്കുകളിൽ നിലവിലുള്ള 'ഗഹാൻ' സമ്പ്രദായം പ്രാഥമിക വായ്പാ സംഘങ്ങളിലും നടപ്പിലാക്കണം.

## ഖാദി ഗ്രാമവ്യവസായ സംഘങ്ങൾ

1)കടലുണ്ടി ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ. സൊസൈറ്റി 1984 ൽ പ്രവർത്തനം ആരംഭിച്ചു. മുഖ്യ ഉല്പന്നം ഓടും ഇഷ്ടികയും 32 തൊഴിലാളികളുണ്ട്. അഞ്ച് ഓഫീസ് ജീവനക്കാർ.

## പ്രശ്നങ്ങൾ

? കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് സംഘം നിലനിന്നു പോരുന്നത്. സാദ്ധ്യതക്ക് അനുസരിച്ച് ഉല്പാദനലക്ഷ്യം നേടാൻ കഴിയുന്നില്ല.

? ചൂള ചാക്രികമായി ഉപയോഗിക്കാൻ കഴിയാത്തതിനാൽ വിറകിൻെറ പാഴ്ചെലവ് ഭീമമാണ്.

? ഉല് പന്നങ്ങളിൽ വൈവിധ്യവൽക്കരണമില്ല. ഉല്പന്നങ്ങൾക്ക് ആഭ്യന്തര വിപണി കുറവാണ്.

## പരിഹാരങ്ങൾ

-ഖാദി ബോർഡിൽ നിന്ന് 10 ലക്ഷം രൂപയെങ്കിലും ധനസഹായം ലഭിച്ചാൽ ചൂളസംവിധാനം മെച്ചപ്പെടു ാവും. ക ടാതെ റാക്ക് പാലറ്റിൻെറ എണ്ണം കൂട്ടാനും കഴിയു ഇ വഴി സുമാർ 50 പേർക്ക് കൂടി പുതിയതായി തൊഴിൽ സാധ്യതയുണ്ടാവും.

-ഹോ ളോബ്രിക്സ്, ഫ്ളോറിങ്ങ് ടൈ ് .സീ ടൈൽസ്. ഡെ റ്റീവ് ടൈൽസ് എന്നിവയുടെ നിർമ്മാണ സാധ്യത ആരായുക.

-ചെലവ കുറഞ്ഞ ഭവന നിർമ്മാണരീതി പ്രോത്സാഹിപ്പിക്കുവാൻ ആയതിന് സംഘത്തിൽ നിന്ന് ഇഷ്ടിക വാങ്ങുന്നതിന് സർക്കാർ സബ്സിഡി അനുവദിക്കുക.

ഔഷധ സസ്യകൃഷിയും ഉദ്യാനകൃഷിയും, പഞ്ചായത്തിൽ വ്യാപകമാക്കി ചെടിച്ചട്ടികൾക്ക് ആഭ്യന്തര വിപണി

യുണ്ടാക്കുക.

2. മണ്ണൂർ വില്ലേജ് ഇൻഡസ്ട്രീസ് കോഓപ്: സൊസൈറ്റി തടി ഈർച്ച, ഫർണീച്ചർ നിർമ്മാണം എന്നിങ്ങനെയുള്ള ജോലികൾ കരാർ വ്യവസ്ഥയിൽ ചെയ്തു വരുന്നു. 5 പേർ താൽക്കാലിക ജോലിക്കാർ.

? സംഘം നഷ്ടത്തിലാണ്. ആർക്കും സ്ഥിരമായി ജോലി നൽകാൻ ആവുന്നില്ല.

? ഉല്പന്നങ്ങൾക്ക് പ്രാദേശിക വിപണിയില്ല.

-മരപ്പണിക്കും ലോഹപ്പണിക്കുമുള്ള സൗകര്യങ്ങൾ ഉണ്ടാക്കാൻ ഖാദിബോർഡിൽ നിന്ന് 10 ലക്ഷം രൂപയെങ്കിലും വായ്പയായി ലഭിച്ചാൽ കഴിയും. 25 പേർക്കെങ്കിലും ഇതുവഴി തൊഴിൽ സാധ്യതയുണ്ട്. (കുറിപ്പ്: ഖാദിബോർഡിൻെറ കീഴിൽ ചാലിയം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കക്ക വ്യവസായ സഹകരണസംഘം സമാപ്തീകരിക്കപ്പെട്ടു)

## കയർ വ്യവസായ സഹകരണസംഘങ്ങൾ

1) കടലുണ്ടി കയർ വ്യവസായ സഹകരണസംഘം

1958 ൽ രജിസ്റ്റർ ചെയ്പ്പെട്ടു. 1978 ഓടെ പ്രവർത്തന സജീവമായി. ഇപ്പോൾ എ ക്ലാസ് സൊസൈറ്റി. 620 മെമ്പർമാരിൽ പേർ സ്ത്രീകൾ. ഇപ്പോൾ തൊഴിലെടുക്കുന്ന 85 പേരിൽ 79 പേരും സത്രീകളാണ്. NCDC സഹായത്തോടെ കോട്ടക്കുന്നിൽ 20 ലക്ഷം രൂപ മുതൽ മുടക്കിൽ 100 ഓളം പേർക്ക് തൊഴിൽ സാധ്യതയുള്ള യൂണിറ്റിൻെറ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. കയറും കയറുല്പന്നങ്ങളും ഉല്പാദിപ്പിക്കലാണ് ലക്ഷ്യം.

2. ചാലിയം കയർ വ്യവസായ സഹകരണ സംഘം: 1991 ൽ സ്ഥാപിച്ചു. 352 മെമ്പർമാരുണ്ട്

? പരമ്പരാഗത കയർ തൊഴിലാളികളിൽ ഭൂരിഭാഗവും സംഘത്തിൻെറ ഗുണഭോക്താക്കളല്ല. ചാലിയം സംഘത്തിൻെറ ക്ലാസിഫിക്കേഷൻ 'സി' ആയിരുന്നതിനാൽ അവഗണിക്കപ്പെടുന്നു.

- ആധുനിക രീതികൾ സംബന്ധിച്ച് അംഗങ്ങൾക്ക് പരിശീലനം ലഭിക്കുന്നില്ല.
- കടലുണ്ടി സംഘത്തെപ്പോലെ തന്നെ ചാലിയം സംഘത്തേയും എ ക്ലാസ് ആയി ഉയർത്തി NCDC സഹായത്തോടെ സംഘം വക വ്യവസായ യൂനിറ്റ് മുരുകല്ലിങ്ങിക്കൽ ഭാഗത്ത് ആരംഭിക്കുക. 100 പേർക്കെങ്കിലും ജോലി സാധ്യതയുണ്ട്.
- ചെറുഗ്രൂപ്പുകളായും കുടിൽ വ്യവസായമായും കയറുല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള അസംസ്കൃതവസ്തുക്കളും സാങ്കേതിക പരിശീലനവും സംഘങ്ങൾ വഴി നൽകുക. അവരിൽ നിന്ന് ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്ന മാസ്റ്ററി സംഘമായി രണ്ട് സംഘങ്ങളും പ്രവർത്തനം വിപുലമാക്കുക. 200 പേർക്കെങ്കിലും പുതുതായി തൊഴിൽ സാധ്യത കണ്ടെത്താനാവും.

## മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങൾ

1) ചാലിയം-ബേപ്പൂർ മത്സ്യതൊഴിലാളി ക്ഷേമസഹകരണസംഘം

ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻ കീഴിൽ 1987 ൽ പ്രവർത്തനം ആരംഭിച്ചു. മത്സ്യതൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങാൻ വായ്പ നൽകൽ ആണ് പ്രധാന പ്രവർത്തനം. ഈ ഇനത്തിൽ തൊഴിലാളികൾക്ക് 21 ലക്ഷം രൂപ NCDC വായ്പയായി നൽകിയിട്ടുണ്ട്.

2) ചാലിയം മത്സ്യതൊഴിലാളി ക്ഷേമ സഹകരണസംഘം

1993 ൽ പ്രവർത്തനം ആരംഭിച്ചു. വായ്പ നല്കൽ മുഖ്യപ്രവർത്തനം.

NCDC വായ്പ 6 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

? മത്സ്യതൊഴിലാളികളിൽ അധികവും സംഘം മെമ്പർഷിപ്പിന് പുറത്ത്.

? മുഖ്യപ്രവർത്തനം വായ്പ നൽകലിൽ ഒതുങ്ങുന്നു.

- ചാലിയം ബേപ്പൂർ സംഘത്തിൻെറ കീഴിലുണ്ടായിരുന്ന മാവേലി സ്റ്റോർ പുനരാരംഭിക്കണം.
- സംഘം ആഭിമുഖ്യത്തിൽ മണ്ണെണ്ണ വിതരണ കേന്ദ്രം ആരംഭിക്കുക.
- മത്സ്യസംസ്ക്കരണയൂനിറ്റും, മത്സ്യോൽപന്ന നിർമ്മാണ യൂനിറ്റും ചാലിയത്ത് ആരംഭിക്കാൻ NCDC വായ്പകൾ ഉപയോഗപ്പെടുത്തുക. 25 പേർക്കെങ്കിലും തൊഴിൽ സാധ്യതയുണ്ടാവും.
- ഏതെങ്കിലും ഒരു സംഘത്തിൻെറ ആഭിമുഖ്യത്തിൽ കടുക്ക കൃഷി ആരംഭിക്കാൻ കഴിയണം. 50 പേർക്കെങ്കിലും തൊഴിൽ സാധ്യത

## ക്ഷീര വ്യവസായ സംഘങ്ങൾ

1) കടലുണ്ടി ക്ഷീര വ്യവസായ സഹകരണസംഘം

1973 ൽ സ്ഥാപിച്ചു. വിവിധ ഭാഗങ്ങളിൽ നിന്ന് പാൽ സംഭരിക്കുകയും വിൽപ്പന നടത്തി വരികയും ചെയ്യുന്നു. ശരാശരി പാൽ സംഭരണം പ്രതിദിനം 400 ലിറ്റർ. മുൻ വർഷം 10,000 രൂപ ലാഭത്തിലാണ്.

? വിപണി സംബന്ധിച്ച ഭീതിയുള്ളതിനാൽ ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കാൻ അറച്ചു നിൽക്കുന്നു.

? ക്ഷീരോൽപാദകരിൽ ഭൂരിഭാഗവും സംഘത്തിലെ അംഗങ്ങളല്ല.

? പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും പ്രവർത്തനം വ്യാപിച്ചിട്ടില്ല.

- മുഴുവൻ ക്ഷീര കർഷകരേയും അംഗത്വത്തിലേക്ക് കൊണ്ടുവരണം
- യൂണിറ്റിൽ ഫ്രീസർ സൗകര്യം ഏർപ്പെടുത്തുക
- വിൽക്കുന്ന പാലിൻെറ ഗുണമേന്മ ഉറപ്പുവരുതതാൻ ആധുനിക പാക്കിംഗ് സംവിധാനം ഏർപ്പെടുത്തുക
- ക്ഷീരോല്പന്നങ്ങൾ നിർമ്മിക്കുക. വിപണികണ്ടെത്താൻ മിൽമയെപ്പോലുള്ള അപക്സ് സംഘങ്ങളുടെ സഹകരണം സർക്കാർ ഉറപ്പ് വരുത്തുക.
- പദ്ധതി കാലയളവിൽ പ്രതിദിനം 2000 ലിറ്റർപാലെങ്കിലും സംഭരിക്കാവുന്ന വിധത്തിൽ പ്രവർത്തനം വിപുലീകരിക്കുക.

കടലുണ്ടി പട്ടികജാതി സർവ്വീസ് കോഓപ്-സൊസൈറ്റി

1988ൽ രജിസ്റ്റർ ചെയ്തു. കരിങ്കൽ ജെല്ലി നിർമ്മാണമായിരുന്നു തുടക്കം. അത് നിലച്ചു. പിന്നീട് റെഡിമേഡ് നിർമ്മാണം തുടങ്ങി. അതും നിലച്ചു. 25,000 രൂപ സ്ഥലം വാങ്ങാൻ സർക്കാർ ഗ്രാൻറ് ലഭിച്ചു. ഉപയോഗപ്പെടുത്തിയിട്ടില്ല. ഇപ്പോൾ വാടകകെട്ടിടത്തിൽ.

? ശക്തമായ മാനേജ്മെൻറിൻെറ അഭാവം

? വൈവിധ്യവൽക്കരണമില്ലായ്മ

-ഈ മേഖലയിൽപെടുന്ന വിദഗ്ധതൊഴിലാളികളെ ഉൾപ്പെടുത്തി ലേബർ കോൺട്രാക്ട് ഏറ്റെടുത്തു നടത്തുക.

-പഞ്ചായത്തിൻെറ നിർമ്മാണ ജോലികളിൽ സംഘത്തിന് മുൻഗണന ഉണ്ടാവണം.

സ്കൂൾ സംഘങ്ങൾ

നാല് സ്കൂൾ സംഘങ്ങളുടെയും മുഖ്യപ്രവർത്തനം പുസ്തകവിൽപ്പനയിൽ ഒതുങ്ങുന്നു.

? വൈവിധ്യവൽക്കരണത്തിൻെറ അഭാവം

?ഭരണസമിതികൾ കാര്യക്ഷമമല്ല.

-മുഴുവൻ വിദ്യാർത്ഥികൾക്കും ആവശ്യമായ യൂണിഫോറം മൊത്തമായി വാങ്ങി സംഘം വഴി വിൽക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

-ഏതെങ്കിലും ഒരു ഹൈസ്കൂൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മദ്ധ്യവേനൽ അവധിക്കാലത്ത് പഞ്ചായത്തിലേക്കാവശ്യമായ മുഴുവൻ നോട്ട് പുസ്തകങ്ങളും വിദ്യാർത്ഥികളെ കൊണ്ട് നിർമ്മിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. ആയതിന് സർക്കാരിൽ നിന്ന് സബ്സിഡി നിരക്കിൽ കടലാസ് ലഭ്യമാക്കുക.

-സംഘം ഭരണസമിതിയിൽ പി. ടി. എ അംഗങ്ങളെ എക്സ് ഓഫീഷ്യോ അംഗങ്ങളാക്കി പ്രവർത്തനം കാര്യക്ഷമമാക്കാൻ വ്യവസ്ഥയുണ്ടാവണം.

രാമനാട്ടുകര റൂറൽ ഹൗസിംഗ് സൊസൈറ്റി

നമ്മുടെ പഞ്ചായത്തിലെ 113 കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി 57 ലക്ഷം രൂപ സംഘം വായ്പയായി നൽകിയിട്ടുണ്ട്.

?കൂടുതൽ പേർക്ക് വായ്പ ലഭിക്കുന്നില്ല

? വർദ്ധിച്ചുവരുന്ന ഭവനനിർമ്മാണ ചെലവ് പരിഗണിക്കുമ്പോൾ വായ്പാ പരിധി തീരെ ചെറുതാണ്.

- ഹൗസിംഗ് രംഗത്തെ വായ്പകൾ മുഴുവൻ ഹൗസിംഗ് സൊസൈറ്റി വഴി ചാനലൈസ് ചെയ്യണം
- വായ്പാപരിധി വർഷം തോറും പുനർ നിർണയം ചെയ്യണം

## പൊതുനിർദ്ദേശങ്ങൾ

- സഹകരണ അവബോധം വളർത്താനും പഞ്ചായത്തിലെ സഹകരണ രംഗത്ത് പുതിയ മേഖലകൾ കണ്ടെത്താനും പഞ്ചായത്തിലെ മുഴുവൻ സംഘങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ വർഷം തോറും സെമിനാറുകളും ക്ലാസുകളും ജനകീയ പങ്കാളിത്തതോടെ നടപ്പിലാക്കുക.
- സോപ്പ് നിർമ്മാണം, റെഡിമേയ്ഡ് നിർമ്മാണം, ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണം എന്നിവ ലക്ഷ്യമാക്കി വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കുക. സാങ്കേതിക വിദ്യ, വിപണനം, എന്നിവയിൽ കെ. എസ്. ഒ, Hantex പോലുള്ള അപ്പക്സ് സംഘങ്ങൾ, കെൽട്രോൺ എന്നിവയുടെ സഹായം ലഭ്യമാക്കുക.
- ക്ഷീരോൽപാദക രംഗത്തെ വിപുലമായ സാധ്യത പരിഗണിച്ച് പുതിയ ക്ഷീരസംഘം രൂപീകരിക്കാവുന്നതാണ്.

## ഉപസംഹാരം:

ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന വൈവിധ്യമാർന്ന ചർച്ചകളുടെ തുടർച്ചയാണ് ഈ റിപ്പോർട്ട്. നമ്മുടെ പ്രദേശത്തെ കാർഷിക വ്യവസായ മേഖലകളിൽ

നേരിട്ട് ഇടപെട്ട് കൊണ്ടു ഉല്പാദന വർദ്ധനവിലൂടെ കടലുണ്ടി പഞ്ചായത്തിൽ സ്വയം സമ്പൂർണ്ണ ഗ്രാമം എന്ന ഗാന്ധിയൻ സ്വപ്നം യാഥാർത്ഥ്യമാക്കാൻ സഹകരണ രംഗത്തെ പ്രവർത്തനത്തിലൂടെ നമുക്ക് കഴിയും. വ്യക്തി സമൂഹത്തിന് വേണ്ടി സമൂഹം വ്യക്തിക്ക് വേണ്ടി" എന്ന സഹകരണ തത്വം ഉയർത്തിപ്പിടിക്കുന്ന കൂട്ടായ്മ കൊതിക്കുന്ന പഞ്ചായത്തിലെ ബഹുജന സാമാന്യമാണ് നമ്മുടെ ആസ്തി. അവരുടെ അർപ്പണ ബോധത്തേയും സഹകരണ ബോധത്തേയും സൃഷ്ടിപരമായി നയിക്കുവാൻ ഉതകുന്ന രീതിയിൽ ആരോഗ്യപരവും സജീവവുമായ ചർച്ചക്കായി-കൂടുതൽ സമ്പൂർണ്ണമാക്കപ്പെടുമെന്ന ഉറച്ച വിശ്വാസത്തോടെ-സഹകരണമേഖല സംബന്ധിച്ച റിപ്പോർട്ട്സമർപ്പിക്കുന്നു.

▲

| ക്രമനമ്പർ | സ്ഥാപനത്തിൻെറ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തിഅംഗങ്ങൾ | പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം രൂപ | പ്രവർത്തന മൂലധനം രൂപ | ലാഭമോ നഷ്ടമോ | ജീവനക്കാർ | | | വായ്പകൾ | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | പുരുഷന്മാർ | സ്ത്രീകൾ | ആകെ | കാർഷികം | കാർഷികേതരം |
| 1 | കടലുണ്ടി സർവ്വീസ് സഹകരണ ബേങ്ക് | 1951 | 1, 2, 3, 4, 5, 6, 7, 13 ബാലാതിരുത്തി | 9212 | 12, 06, 526 | 2,38,47,976 | നഷ്ടം | 12 | 5 | 17 | 1,12,753 | 1,7780,942 |
| 2 | മണ്ണൂർ സർവ്വീസ് കോ-ഓപ്. റൂറൽ ബാങ്ക് | 1955 | 7, 8, 9, 10, 11, 12 വാർഡുകൾ | 6270 | 13, 85, 508 | - | നഷ്ടം | 8 | 1 | 9 | 16, 49, 371 | 1, 47, 70, 689 |
| 3 | കടലുണ്ടി ക്ലേ വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 1981 | കടലുണ്ടി പഞ്ചായത്ത് | - | - | 5, 42, 600 | നഷ്ടം | 42 | - | 42 | - | - |
| 4. | മണ്ണൂർ വില്ലേജ് ഇൻഡസ്ട്രീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 198 | കടലുണ്ടി പഞ്ചായത്ത് | 39 | 75,000 | 50,000 | നഷ്ടം | 5 | - | 5 | - | - |
| 5. | കടലുണ്ടി കയർ വ്യവസായ സഹകരണ സംഘം | 1958 | 7മുതൽ 12 വരെ വാർഡുകൾ | 630 | 2, 64, 248 | - | നഷ്ടം | 6 | 79 | 85 | - | - |
| 6. | ചാലിയം കയർ വ്യവസായ സഹകരണ സംഘം | 1985 | 1, 2, 3, 4, 5, 6, 13, വാർഡുകൾ | 315 | 9120 | 81, 840 | നഷ്ടം | - | - | - | - | |
| 7. | ചാലിയം -ബേപ്പൂർ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം | 1987 | ചാലിയം, ബേപ്പൂർ തീരമേഖല | 1353 | 43, 530 | 93, 530 | നഷ്ടം | - | 1 | - | - | - |
| 8. | ചാലിയം മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം | 1991 | ചാലിയം തീരമേഖല | 352 | 31, 520 | 61, 520 | നഷ്ടം | - | - | - | - | - |
| 9. | കടലുണ്ടി ക്ഷീര വ്യവസായ സഹകരണ സംഘം | 1973 | കടലുണ്ടി പഞ്ചായത്ത് | 499 | 6, 850 | - | ലാഭം | 4 | - | 4 | - | - |
| 10. | കടലുണ്ടി പട്ടികജാതി സർവ്വീസ് സഹകരണ സംഘം | - | കടലുണ്ടി പഞ്ചായത്ത് | 418 | 6, 180 | - | നഷ്ടം | - | - | - | - | - |
| 11. | സി. എം. ഹൈസ്കൂൾ, കോ-ഓപ്പ് സൊസൈറ്റി | 1981 | ഹൈസ്കൂൾ | 4541 | 7, 041 | - | ലാഭം | - | - | - | - | - |
| 12. | ഇമ്പിച്ചിഹാജി ഹൈസ്കൂൾ കോ-ഓപ്പ്. സൊസൈറ്റി | 1959 | ഹൈസ്കൂൾ | - | 2, 500 | - | ലാഭം | 4 | - | 4 | - | - |
| 13. | മണ്ണൂർ മേഖല പ്രൈ. സ്കൂൾ കോ-ഓപ്പ്. സൊസൈറ്റി -മണ്ണൂർ നോർത്ത് യു. പി. എസ്. | 1976 | റെയിലിന് കിഴക്കുള്ള എൽ.പി. സ്ക്കൂളുകൾ | 5440 | 11, 361 | - | - | - | - | - | - | - |
| 14. | കടലുണ്ടി ഏരിയ പ്രൈവറ്റ് സ്കൂൾ കോ-ഓപ്പ് സൊസൈറ്റി, ശ്രീദേവി യു. പി. എസ്. | | | | | | | | | | | |

# 5-11

# പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

ഈ പഞ്ചായത്തിൽ ഏകദേശം 496 പട്ടിക ജാതി കുടുംബങ്ങളും 7 അംഗീകൃത കോളനികളും ഉണ്ട്. ഗ്രാമസഭ റിപ്പോർട്ട് അനുസരിച്ച് 100 ഓളം കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല. (പട്ടിക - 1 കാണുക) 1991 ലെ ഇന്ത്യൻ സെൻസസ് പ്രകാരം 6ാം വാർഡിൽ പട്ടിക വർഗത്തിൽ പെട്ടവരായി 9 പേരുണ്ടെങ്കിലും ഗ്രാമസഭകളിൽ നിന്ന് പട്ടികവർഗക്കാർ ഉള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഗ്രാമസഭാറിപ്പോർട്ടും സെൻസസ് റിപ്പോർട്ടും താഴെ കൊടുക്കുന്നു.

പട്ടിക -1

അവലംബം -ഗ്രാമസഭാ റിപ്പോർട്ട്

| വാർഡ് | വീടുകളുടെ എണ്ണം | വീടില്ലാത്ത കുടുംബങ്ങളുടെ എണ്ണം | അംഗീകൃത കോളനികൾ |
|---|---|---|---|
| 1 | - | - | - |
| 2 | 2 | - | - |
| 3 | 30 | 26 | 1 |
| 4 | 150 | - | 1 |
| 5 | 18 | - | 2 |
| 6 | 25 | 1 | |
| 7 | 35 | 5 | |
| 8 | 35 | 5 | |
| 9 | 50 | 15 | |
| 10 | 75 | 30 | 1 |
| 11 | 24 | | |
| 12 | 52 | 14 | 1 |
| 13 | - | | |
| ആകെ | 496 | | 7 |

പട്ടികജാതിക്കാരിൽ ഭൂരിഭാഗം പേരും ദരിദ്രരാണ്. എന്നാൽ അൽപം ചിലർ സാമ്പത്തിക രംഗത്ത് പുരോഗതി കൈവരിച്ചവരുമുണ്ട്. മിച്ചഭൂമിയും, കുടികിടപ്പവകാശവും ലഭിച്ചതോടെ ഇവർ സാമൂഹ്യപുരോഗതി കൈവരിക്കാൻ തുടങ്ങി. എല്ലാ പൊതുപരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുന്നുണ്ടെങ്കിലും ഉച്ചനീചത്വം പാടെ തുടച്ചുനീക്കപ്പെട്ടിട്ടില്ല. ഭാഗികമായ ഉച്ചനീചത്വം ഇപ്പോഴും നിലനിൽക്കുന്നു.

പട്ടിക 2

1991 ലെ സെൻസസ് റിപ്പോർട്ട്

| | പട്ടികജാതി | | | പട്ടികവർഗം | | |
|---|---|---|---|---|---|---|
| വാർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 3 | 2 | 5 | | | |
| 2 | 39 | 7 | 46 | | | |
| 3 | 142 | 135 | 277 | | | |
| 4 | 287 | 298 | 585 | | | |
| 5 | 125 | 123 | 248 | | | |
| 6 | 43 | 60 | 103 | 6 | 3 | 9 |
| 7 | 48 | 57 | 95 | | | |
| 8 | 107 | 106 | 213 | | | |
| 9 | 85 | 87 | 172 | | | |
| 10 | 228 | 231 | 459 | | | |
| 11 | 71 | 88 | 159 | | | |
| 12 | 93 | 97 | 190 | | | |
| ആകെ | 1271 | 1291 | 2562 | 6 | 3 | 9 |

*അവലംബം. ദ്വിതീയ വിവരശേഖരം*

ഈ വിഭാഗത്തിന്റെ ഉയർച്ചക്കുവേണ്ടി സർക്കാർ

നടപ്പിലാക്കിവരുന്ന പല പദ്ധതികൾ കൊണ്ട് ഇവർക്ക് ഭാഗികമായ നേട്ടമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. പല പദ്ധതികളെപ്പറ്റി വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾ കൊണ്ടു അവ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ ഇവരുടെ നിരവധി പ്രശ്നങ്ങൾ ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുകയാണ്. സാമൂഹിക, സാമ്പത്തിക വിദ്യാഭ്യാസപരമായി ഇവരെ ഇനിയും ഉയർത്തിക്കൊണ്ടുവരേണ്ടതായിട്ടുണ്ട്.

## പാർപ്പിടം

സർക്കാർ ഏജൻസികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ പ്രകാരം ഇവിടെ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വീടില്ലാത്തവരായി ഇപ്പോഴും കുറെ പേർ ഉണ്ട്. പരിമിതമായ സൗകര്യങ്ങളേ ഇന്ന് നിലവിലുള്ള വീടുകളിലുള്ളൂ. ഇവരിൽ പലരും വിവിധ ഏജൻസികൾ നടപ്പിലാക്കിവരുന്ന വായ്പയെടുത്ത് തിരിച്ചടക്കാനവാതെ വലിയ കടക്കെണിയിൽപെട്ട് വിഷമിക്കുകയാണ്. വീട് നിർമാണത്തിന്നനുവദിക്കുന്ന തുകയുടെ അപര്യാപ്തതമൂലം പലവീടുകളും പൂർത്തീകരിക്കാതെ കിടക്കുകയാണ്-എന്നാൽ അൽപം ചില കുടുംബങ്ങൾക്ക് ആധുനിക സൗകര്യങ്ങളോടു കൂടിയ വീടുകളുണ്ട്.

പട്ടിക3

ഹരിജൻ കോളനി വൈദ്യുതീകരണം
സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | ഹരിജൻ കോളനിയുടെ പേർ | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ. എണ്ണം | പണം നൽകി വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|---|---|
| III IV II | വടക്കോടിതറ ഹരിജൻ കോളനി | 15 | - | 15 |
| V | കക്കാട്ട് ഹരിജൻ കോളനി | 18 | 3 | 15 |
| VII<br>X | കൈതവളപ്പ്<br>ചാത്തൻ കൈതോട് | 7<br>2 | 2 | 5<br>2 |
| | | 42 | 5 | 37 |

അവലംബം ദ്വിതീയ വിവരശേഖരം

പലവീടുകൾക്കും കക്കൂസ് നിലവിൽ ഇല്ല. ഉള്ള ചില കക്കൂസ് പഴയ രീതിയിലുള്ള കുഴികക്കൂസുകളാണ്. കുടിവെള്ളപ്രശ്നം രൂക്ഷമാണ്. എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല. നാല്കോളനികളിലായി വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം 42 ആണ്. ഇതിൽ 5 വീടുകൾ സൗജന്യ പരിധിയിൽ പെടുന്നു.

## ആരോഗ്യം

താഴ്ന്ന പ്രദേശങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നതു മൂലം ഈച്ച, കൊതുക് എന്നിവ പെരുകുന്നു. ഇത് പല സാംക്രമിക രോഗങ്ങൾക്കും കാരണമാകുന്നു. കുഴികക്കൂസുകൾ പരിസരമലിനീകരണം ഉണ്ടാക്കുന്നു. വീടും പരിസരവും വൃത്തിയാക്കിവെക്കുവാൻ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്.

## വിദ്യാഭ്യാസം

പഴയ തലമുറയിൽ നിരക്ഷരർ ഇപ്പോഴും ഉണ്ട്. പുതിയ തലമുറയിൽ നിരക്ഷരർ ഇല്ല. ഈ വിഭാഗത്തിന് വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി ക്കുശേഷം തുടർന്നുപഠിക്കാൻ പല കുട്ടികളും താല്പര്യം കാണിക്കുന്നില്ല. ഇവർ രക്ഷിതാക്കളെ സഹായിക്കാൻ കുടുംബ ബാധ്യത ഏറ്റെടുക്കുന്നു. എന്നിരുന്നാലും ഉയർന്ന വിദ്യാഭ്യാസം നേടി സർക്കാർ തലത്തിൽ ഉയർന്ന മേഖലകളിൽ ജോലി നോക്കുന്നവരും ഉണ്ട്.

1996-97 വർഷത്തിൽ 1 മുതൽ 10 വരെ ക്ലാസുളിൽ 283 ആൺകുട്ടികളും, 265 പെൺകുട്ടികളുമടക്കം ആകെ 548 പേർ പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ പഠിക്കുന്നു. ഇതിൽ 20 ആൺകുട്ടികളും 18 പെൺകുട്ടികളും തോറ്റു പഠിക്കുന്നവരാണ്. കഴിഞ്ഞവർഷം 6 ആൺകുട്ടികളും 4 പെൺകുട്ടിളും വിവിധ ക്ലാസുകളിൽ വെച്ച് ഇടക്കു പഠനം നിർത്തി. (അവലംബം-ദ്വിതീയ വിവരശേഖരം)

## തൊഴിൽ

പട്ടികജാതികുടുംബങ്ങളിൽ ഭൂരിഭാഗം പേരും കാർഷികമേഖലയിൽ ജോലി ചെയ്ത് ഉപജീവനം കഴിച്ചിരുന്നവരായിരുന്നു. എന്നാൽ ഈ മേഖലയിൽ വന്ന തകർച്ചമൂലം, ഈ വിഭാഗത്തിൻെറ ജോലി നഷ്ടപ്പെടുകയും, മറ്റുമേഖലകളിലേക്ക് പോവാൻ ഇവർ നിർബന്ധിതരായി തീരുകയും ചെയ്തു. കെട്ടിട നിർമ്മാണരംഗത്താണ് ഇവർ ഇപ്പോഴും കൂടുതലായും ജോലി ചെയ്യുന്നത്. തൃപ്തികരമായ വേതനവും ലഭിക്കുന്നുണ്ട്. ഭക്ഷ്യധാന്യങ്ങൾ കൃഷിചെയ്യാൻ ഇപ്പോൾ തൊഴിലാളികളെ കിട്ടാൻ വിഷമമായിവന്നിരിക്കുന്നു. ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിൻെറ ആവശ്യം കണക്കിലെടുത്ത്, കൂടുതൽ തൊഴിലാളികളെ ഈ മേഖലയിലേക്ക് കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

### കടലുണ്ടി പട്ടികജാതിസർവീസ് സഹകരണസംഘം

ഈ പഞ്ചായത്തിൽ 6ാം വാർഡിൽ കടലുണ്ടി പട്ടികജാതി സർവീസ് സഹകരണസംഘം എന്നൊരു സഹകരണസ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 418 പട്ടികജാതിയിൽപെട്ട മെമ്പർമാർ ഉണ്ട്. ഇതിൻെറ ഓഹരി മൂലധനം 25,000/- രൂപയും പ്രവർത്തമൂലധനം 30,400/- രൂപയുമാണ്. 4 സ്ത്രീകൾ ഇവിടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. ഈ സ്ഥാപനത്തിന് ഒരു വനിതാ സെക്രട്ടറിയും ഉണ്ട്.

### പ്രി-മെട്രിക് ഹോസ്റ്റൽ

പട്ടികജാതിയിൽപെട്ട ആൺകുട്ടികൾക്കുവേണ്ടി കടലുണ്ടിയിൽ ഒരുപ്രി-മെട്രിക് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. പട്ടികജാതിയിൽപ്പെട്ട 27 കുട്ടികളും പട്ടികേതര വിഭാഗത്തിൽ പെട്ട 3 കുട്ടികളും ഈ ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്നു. ഇവിടെ 5 ജോലിക്കാർ ഉണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗക്ഷേമരംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ കേന്ദ്രീകൃതാസൂത്രണം നടന്ന കാലങ്ങളിലൊങ്ങളിലൊന്നും പൂർണ്ണമായും പരിഹരിക്കാനായിട്ടില്ല. അവരുടെ പ്രശ്നങ്ങൾ അറിയാതെ പോയതും നടപ്പിലാക്കിയ ക്ഷേമപ്രവർത്തനങ്ങൾ അവർ അറിയാതെ പോയതും കാരണങ്ങളാണ്. ജനകീയാസൂത്രണത്തിൻെറ നാളുകളിൽ അവരുടെ പ്രശ്നങ്ങൾ അവരുടെ സഹായത്തോടെ പരിഹരിക്കാനാവുമെന്ന് നമുക്കാശിക്കാം.

### പ്രശ്നങ്ങൾ

- മിക്ക കുടുംബങ്ങൾക്കും സ്വന്തമായി വീടില്ല. വീടുവെക്കാൻ സ്ഥലം ഇല്ല. വീടുനിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് വീട്നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല.
- എല്ലാവീടുകൾക്കും സ്വന്തമായി കക്കൂസ് ഇല്ല
- കുടിവെള്ളം ആവശ്യത്തിനു ലഭ്യമല്ല.
- എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ടിട്ടില്ല.
- വാസസ്ഥലത്തേക്ക് സൗകര്യമുള്ള വഴികളോ, റോഡോ ഇല്ല.
- തൊഴിലില്ലായ്മ അതിരൂക്ഷം
- കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു
- കാർഷികമേഖലവിട്ട് തൊഴിലാളികൾ മറ്റുമേഖലകളിലേക്ക് തൊഴിൽ അന്വേഷിച്ചുപോകുന്നു.
- സാമ്പത്തിക പുരോഗതി കൈവരിച്ചിട്ടില്ല. ദരിദ്രരാണ് മിക്കപേരും
- ആരോഗ്യസംരക്ഷണം മെച്ചപ്പെട്ടതല്ല
- വിദ്യാഭ്യാസപുരോഗതി കൈവരിച്ചിട്ടില്ല-വിദ്യാർഥികൾ ഇടക്കുവെച്ച് കൊഴിഞ്ഞുപോകുന്നു.
- പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ലായ്മ
- ഐ. ആർ. ഡി. പിയും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല
- കടം വാങ്ങിയത് വീട്ടാനാവാതെ ബുദ്ധിമുട്ടുന്നു.

### സാധ്യതകളും നിർദ്ദേശങ്ങളും

പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി നിലവിൽ സ്ഥലവും വീടും ഇല്ലാത്ത കുടുംബങ്ങളെ സഹായിക്കണം.

വീട് പുതുക്കിപ്പണിയുന്നതിനും, ഗ്രാൻറ് ലഭിച്ചിട്ടും പൂർത്തീകരിക്കാത്തവീടുകൾ പൂർത്തീകരിക്കുന്നതിനും, അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിത വായ്പ അനുവദിക്കുക.

വീട് നിർമ്മിക്കാൻ വേണ്ടകല്ല്, മരം, സിമൻറ് തുടങ്ങിയ സാധനങ്ങളുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ വീടുനിർമ്മാണ ധനസഹായം വർദ്ധിപ്പിക്കുക.

ഇന്ന് കോളനിയിൽ കിട്ടുന്ന സൗകര്യങ്ങൾ ഒറ്റപ്പെട്ട വീട്ടുകാർക്കും കിട്ടാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

ലക്ഷം വീട് കോളനിയിലെ കൂട്ടായവീടുകൾ വിഭജിച്ച് ഒറ്റവീടുകളാക്കി മാറ്റുക.

കുടിവെള്ളപ്രശ്നം പരിഹരിക്കുക. ഇത് പരിഹരിക്കാൻ വിവിധ വാർഡുകളിലെ ഗ്രാമസഭകളിൽ നിന്നും ലഭിച്ച സാധ്യതകളും നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

കയനിപ്പാടം ശുദ്ധജലവിതരണ പദ്ധതി ഉടൻ പൂർത്തിയാക്കി വടക്കോടിതറ കോളനിയിലെ ശുദ്ധജലപ്രശ്നം പരിഹരിക്കുക

കക്കാട് ഹരിജൻ കോളനി ഭാഗത്ത് കിണർ കുത്തി ജലസേചന സൗകര്യം ഉണ്ടാക്കിയാൽ പനക്കൽത്തൊടി, കക്കാട് എന്നീ ഭാഗങ്ങളിലെ ശുദ്ധജല പ്രശ്നം പരിഹരിക്കാം

മങ്ങാട്ട് കുളം മിനി ശുദ്ധ ജലപദ്ധതി എട്ടാം വാർഡിലെ കോളനിയിലേക്ക് വ്യാപിപ്പിക്കുക

വലിയോട്ടിൽ ഭാഗത്തെ കിണർ ആഴം കൂട്ടിയാൽ വേനൽക്കാലത്തെശുദ്ധജലക്ഷാമം പരിഹരിക്കാം

കൂട്ടാടം ശുദ്ധജല പദ്ധതി ഒട്ടുമിക്കവാറും പൂർത്തിയായി കഴിഞ്ഞതാണ്. ഇത് ഉടൻ നടപ്പിലാക്കുക

വലിയാരത്ത് ഭാഗത്ത് കുടി പോവുന്ന KWA യുടെ പൈപ്പ് ലൈൻ പട്ടികജാതിക്കാർ താമസിക്കുന്ന ഭാഗത്തേക്ക് നീട്ടി രണ്ട് ടാപ്പ് ഇട്ടുതരിക.

നാരങ്ങാട്ട് ഭാഗത്ത് കിണർ കുത്തുവാൻ സൗജന്യസ്ഥലം ലഭിക്കും. ആവശ്യമായ മനുഷ്യവിഭവവും നൽകാൻ തയ്യാറാണ്. ഇവിടെ കിണർ കുത്തിയാൽ ഈ ഭാഗത്ത് താമസിക്കുന്ന പട്ടികജാതിക്കാരുടെ ശുദ്ധജലപ്രശ്നം പരിഹരിക്കാം.

കാവും കുളം ശുദ്ധജല പദ്ധതി നടപ്പിൽ വരുത്തുക.

ആലമ്പറ്റ് ചോയിക്കുട്ടി, ബാലകൃഷ്ണൻ മുസത് മാസ്റ്റർ എന്നിവരുടെ പറമ്പുകളിലുള്ള കുളം, കോഴിക്കളം പറമ്പ് കയനിപ്പാടം എന്നിവിടങ്ങളിലെ കുളം ആഴം കൂട്ടി സംരക്ഷിച്ചാൽ വാർഡ് 12 ലെ ഹരിജൻ കോളനികളിലെ ശുദ്ധജല പ്രശ്നം പരിഹരിക്കാം

വൈദ്യുതീകരിക്കാത്ത പട്ടികജാതിക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുക. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തിതൊഴിൽ സാധ്യത വർദ്ധിപ്പിക്കുക. നെൽകൃഷി രംഗത്തേക്ക് ഇവരെ ആകർഷിക്കാൻ വേണ്ട പദ്ധതിക്ക് രൂപം കൊടുക്കുക.

പായനെയ്ത്ത്, കൊട്ട, പരമ്പ്, കരകൗശല വസ്തുക്കളുടെ നിർമ്മാണം, റെയിമെയ്ഡ് വസ്ത്രനിർമ്മാണം, ചിരട്ടക്കരി നിർമ്മാണം എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

6ാം വാർഡിൽ ഒരു പട്ടികജാതി സർവീസ് സഹകരണസംഘം ഉണ്ട്. ഇതിന്റെ കീഴിൽ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ പെൺകുട്ടികൾക്ക് റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, സോപ്പ് നിർമാണം, മെഴുകുതിരി നിർമ്മാണം ചെരിപ്പുനിർമ്മാണം, തുന്നൽ പരിശീലനം എന്നിവ പരിശീലിപ്പിക്കുക.

മരം, പ്ലാസ്റ്റർ ഓഫ് പാരീസ് എന്നിവകൊണ്ടുള്ള കരകൗശലസാധനങ്ങൾ ഉണ്ടാക്കുവാൻ ആവശ്യമായ പരിശീലനം നൽകുക.

ഒരു "ജില്ലി മേക്കിംഗ്"യൂണിറ്റ് ആരംഭിക്കുക

പട്ടികജാതി സ്ത്രീകൾക്ക് തുന്നൽ മെഷീൻ, ആട്, റാട്ട എന്നിവ വാങ്ങാൻ ധനസഹായം നൽകുക.

സ്വയം തൊഴിൽ വായ്പ അനുവദിക്കുക. ഇതിനുള്ള ചട്ടവട്ടങ്ങൾ ലഘൂകരിക്കുക.

സഹകരണമേഖലയിൽ ഒരു കയർഫാക്ടറി സ്ഥാപിക്കുക. ഈ പഞ്ചായത്തിൽ ലഭ്യമാകുന്ന ചകിരി, കയർ എന്നിവകൊണ്ട് വിവിധ ഉത്പന്നങ്ങൾ നിർമിക്കാൻ കഴിയും.

ലഭ്യമായസ്ഥലത്ത് കൃഷിഭവൻ മുഖേന നൽകിവരുന്ന സഹായങ്ങൾ ഉപയോഗിച്ച് പച്ചക്കറി ഉത്പാദനം വർദ്ധിപ്പിക്കുക-അടുക്കളതോട്ടങ്ങൾ ഉണ്ടാക്കുക.

എസ്. എസ്. എൽ. സി വരേയും തുടർന്നും പഠനം നടത്തുന്ന തിന് പ്രോത്സാഹനം നൽകുക. ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആവിഷ്കരിക്കുക

കൊഴിഞ്ഞുപോകുന്ന വിദ്യാർഥികളെ കണ്ടുപിടിച്ച് പഠനം തുടരാനാവശ്യമായ സംവിധാനം ഏർപ്പെടുത്തുക. രക്ഷിതാക്കളെ ബോധവൽക്കരിക്കുക.

കോളനികളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കളുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാഭ്യാസ നിലവാരം ഉയർത്തുക

-നടുക്കണ്ടി ഹരിജൻ കോളനിയിലേക്ക് റോഡ് വെട്ടുക.

-നാലാം വാർഡിൽ ചാലിയപ്പാടം മുതൽ സ്രാമ്പ്യവരേയും, കണക്കൻ റോഡ് വട്ടപ്പറമ്പ് കോളനിവരേയും, കീഴില്ലത്ത് മുതൽ സ്രാമ്പ്യറോഡ് വരേയും, ഒന്നാം പാലം മുതൽ കീരത്തറപ്പാടം വരേയും റോഡ് വെട്ടുക.

വടക്കോടി കോളനിയിലേക്ക് റോഡ് വെട്ടുക.

കൈതവളപ്പ് ഹരിജൻ കോളനിയും പഞ്ചായത്ത് മിനിസ്റ്റേഡിയവും തമ്മിൽ ബന്ധിപ്പിക്കുന്ന 4 അടിനടപ്പാത നിർമ്മിക്കുക.

വലിയോട്ട് ഭാഗത്തുള്ള ഇടവഴി വീതികൂട്ടി ഗതാഗത യോഗ്യമാക്കുക.

വടക്കുമ്പാട്ട് ഭാഗത്ത് റെയിൽവേ ലൈനിന്നടിയിൽ ക്കൂടി ഒരു സബ്വേ നിർമ്മിച്ച് വലിയാരം ഭാഗവുമായി ബന്ധിക്കുക.

കക്കൂസ് ഇല്ലാത്തവർക്ക് പുതിയ കക്കൂസ് ഉണ്ടാക്കുവാനും കുഴി കക്കൂസ് മാറ്റി പുതിയ കക്കൂസ് നിർമ്മിക്കാനും ധനസഹായം നൽകുക.

മുരുകല്ലുങ്ങലിലുള്ള നടുക്കണ്ടി ഹരിജൻ കോളനി I. H. D. P. കോളനിയായി അംഗീകരിക്കുക

പാലക്കൽ താഴം ഭാഗത്ത് ഒരു I. H. D. P. കോളനി അംഗീകരിക്കുക.

6ാം വാർഡിലെ ഹരിജൻ കുടുംബങ്ങളെ ചേർത്ത് ഒരു കോളനി ഉണ്ടാക്കി അംഗീകരിക്കുക.

വാർഡ് 7 ൽ ഒരു ഹരിജൻ കോളനി അംഗീകരിക്കുക.

വാർഡ് 9 ൽ പട്ടികജാതിക്കാർ താമസിക്കുന്ന വലിയോട്ടിൽ ഭാഗത്തും വലിയാരത്ത് ഭാഗത്തും ഓരോ ഹരിജൻ കോളനികൾ വീതം അംഗീകരിക്കുക

വാർഡ് 12 ലെ പടിക്കത്താഴം കോളനി I. H. D. P. കോളനി ആയി അംഗീകരിക്കുക. ഈ വാർഡിൽ പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ പുതിയതായി രണ്ട് കോളനികൾകൂടി അംഗീകരിക്കുക.

വാർഡ് 5 ലെ കക്കാട്ട് കോളനി ഒരു I. H. D. P. കോളനിയായി അംഗീകരിക്കുക.

കോളനികളോട് അനുബന്ധിച്ച് അംഗൻവാടികൾ സ്ഥാപിക്കുക.

കോളനികളിൽ കെട്ടിക്കിടക്കുന്ന ജലം ഒഴുകിപോകാൻ സംവിധാനം ഉണ്ടാക്കുക.

ക്ഷേമപദ്ധതികളെക്കുറിച്ചും ആരോഗ്യപരിപാലനത്തെക്കുറിച്ചും അറിവുണ്ടാക്കുന്നതിന് ആവശ്യമായ ബോധവത്ക്കരണം നടത്തുക. ഇതിന് സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

ഉച്ചനീചത്വം പാടേ ഇല്ലാതാക്കുക

വാർഡ് 5ൽ നിലവിലുള്ള പട്ടികജാതി ശ്മശാനം ആധുനിക സംവിധാനത്തോടുകൂടിയ ഒരു ശ്മശാനമാക്കുക.

▲

100

# 5-12

# വിഭവസമാഹരണം

വിഭവം കേമമായാൽ സദ്യയും കേമമാകുമല്ലൊ! നാടിൻെറ വികസനമേഖല പരിപോഷിപ്പിക്കുവാൻ പ്രധാനപ്പെട്ട ഘടകമാണ് വിഭവസമാഹരണം. നമ്മുടെ ഗ്രാമത്തിൻെറ കാർഷികവും വ്യാവസായികവുമായ ഉല്പാദനം കാര്യക്ഷമമല്ല. പഞ്ചായത്തിൻെറ തനതായ ഇടപെടിലൂടെ ഈ രംഗത്ത് മാറ്റം ഉണ്ടാക്കാൻ കഴിയും

കൃഷിഭൂമി പണ്ടുണ്ടായിരുന്നതിൻെറ വലിയൊരു ശതമാനം കെട്ടിടങ്ങളായി മാറിപ്പോയിട്ടുണ്ട്. ഉള്ളവയിൽ തന്നെ കൃഷിയിറക്കാൻ വൈമനസ്യമുള്ളവരാണ് കർഷകർ. ഉല്പന്ന വിലയിടിവ് അനുബന്ധ ഘടകങ്ങളുടെ അധികച്ചിലവ് ഇങ്ങനെ ഒരു പാട് കാരണങ്ങൾ ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്. കർഷകൻെറ മനോഭാവത്തിലും മാറ്റം വരേണ്ടതായിട്ടുണ്ട്. കൂട്ടായ്മയിലൂടെ കാർഷികരംഗത്ത് മാറ്റങ്ങൾ വരുത്തുവാൻ വളരെയധികം സാധ്യതയുണ്ട്.

സാമ്പത്തികമേഖലയിൽ ഉയർന്ന് നില്ക്കുന്നവരുണ്ടെങ്കിലും വ്യാവസായികരംഗത്ത് പണം മുടക്കുവാൻ അവർ തയ്യാറാകുന്നില്ല. അനുബന്ധഘടകങ്ങൾ വേണ്ട രീതിയിൽ സംയയോജിപ്പിച്ചെടുക്കുവാൻ കഴിയുന്നില്ലെന്നതാണ് കാരണമായി പറയുന്നത്.

കൂലിപ്പണി, കമ്പനിപണി, മത്സ്യബന്ധനം, കച്ചവടം , നിർമാണ പ്രവൃത്തി ഏറ്റെടുക്കൽ, മറ്റ് സേവനതുറകൾ ഇവയാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാനമാർഗം. കൂടാതെ ഏതാണ്ട് 1100 ഓളം പേർ ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നുണ്ട്. ഈ മേഖലയിലെ പണം പ്രധാനമായും കെട്ടിടനിർമാണത്തിനാണ് ഉപയോഗിക്കപ്പെടുന്നത്. പ്രത്യുല്പാദനമേഖലയിൽ പണം നിക്ഷേപിക്കപ്പെടുന്നില്ല. അവരുടെ പങ്കാളിത്തത്തോടെ ചില പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. അവരെ ഏറ്റവും അലട്ടുന്ന പ്രശ്നം പശ്ചാത്തലസൃഷ്ടി സാധിക്കാത്തതാണ്. ആ രംഗത്ത് അവരെ സഹായിക്കുവാൻ പഞ്ചായത്തിന് സാധിക്കണം.

ഈ മേഖലകളെ പ്രോത്സാഹിപ്പിച്ചും ഉല്പാദന രംഗത്ത് കാര്യക്ഷമത കൈവരിച്ചും പഞ്ചായത്തിൻെറ വരുമാനത്തിൽ ഗണ്യമായ വർധനവുണ്ടാക്കാൻ കഴിയും.

പട്ടിക 1

വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 333684-69 | 251085-51 | |
| സർവ്വീസ് ചാർജ് | 94864-40 | 71906-02 | |
| തൊഴിൽ നികുതി | 313492-50 | 172671-00 | |
| ലൈബ്രറിസെസ്സ് | 16665-20 | 11218.30 | |

| | | | |
|---|---|---|---|
| വിനോദനികുതി | | 216013,40 | |
| അഡി. വിനോദനികുതി | | 133700.00 | |
| പ്രദർശന നികുതി | | 4310.00 | |
| പ്രദർശനികുതിയിൽ സർചാർജ് | | 1077.50 | |
| ചന്തവരവ് | | 458.35 | |
| ലാൻറ് സെസ്സ് പഞ്ചായത്ത് വക സ്ഥലം വിറ്റത് | | 45000.00 | |
| ലൈസൻസ്ഫീസ് | | 61891.80 | |
| കെട്ടിടനികുതി സർചാർജ് | | | |
| വസ്തുകൈമാറ്റ നികുതി 75% | | 197022.00 | |
| വസ്തുകൈമാറ്റ നികുതി 25% | | 108843.00 | |
| സർക്കാർ ഗ്രാൻറുകളും മററും ഒഴികെയുള്ള | | | |
| മററു വരവുകാം | | 121576.00 | |
| സംഭാവന | | | |
| ഡെപ്പോസിറ്റ് | | 56239.95 | |
| ജി. ഐ. എസ്. എൽ. ഐ. സി, എഫ്. ബി. എസ് | | | |
| എ. എഫ് മറ്റുള്ളവ | | 180530.76 | |
| ആകെ തനത് വരുമാനം | | 1633544.19 | |
| ഗ്രാൻറുകാം | | 671348.00 | |
| പഞ്ചായത്ത് ആകെ വരുമാനം | | 2304892.19 | |

പഞ്ചായത്ത് രാജ് സംവിധാനത്തിൽ അധികാര കൈമാറ്റത്തോടൊപ്പം വിഭവസമാഹരണത്തിൻെറ കാര്യത്തിലും ഫലപ്രദമായ കാൽവെപ്പ് ഉണ്ടാകും. വരുമാനമേഖലയിൽ പുരോഗതിയോടൊപ്പം ചിലവാക്കുന്ന പണത്തിൻെറ മൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ വരുമാനവ്യതിയാനത്തിൻെറ ശതമാനം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

## പട്ടിക 2

## വരുമാനത്തിൻെറ വ്യതിയാനം

| ഇനം | 1991-92 | | 1995-96 | | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|---|---|
| തനത്‌വരുമാനം | | | | | | | |
| കെട്ടിടനികുതി | 127419 | 71 | 251085 | 51 | +123665 | 80 | 97 % |
| വിനോദനികുതി | 243102 | 00 | 349713 | 40 | +106611 | 40 | 43.8 % |
| തൊഴിൽ നികുതി | 91824 | 00 | 172671 | 00 | +80847 | 00 | 88 % |
| 2) ഉപാധിരനികുതി | 1,00,000 | - | 14410 | 00 | +44610 | 00 | 44.61 % |
| എസ്. സി. വി | 60,000 | - | 107870 | 00 | +47870 | 00 | 79.78 % |
| 3) ജെ. ആർ. വൈ | 339024 | 00 | 458799 | 00 | +119775 | 10 | 35 % |
| 4)ഗ്രാൻറുകാം സംഭാവനകാം മററുവരവുകൾ | 806448 | 50 | 1278942 | 28 | +472493 | 70 | 58.5% |
| 5)ആകെവരവ് | 1767818 | 26 | 2763691 | 19 | +995872 | 90 | 56 % |
| ചെലവ് എസ്റ്റാബ്ലിഷ്മെൻറ് | 362714 | 65 | 697804 | 60 | +335089 | 35 | 92% |

നികുതി നിർണയിക്കുന്ന രീതിയിൽ മാറ്റം വരണം. തറവിസ്തീർണത്തിൻെറയും ഉപയോഗിക്കപ്പെടുന്ന ആഡംബര വസ്തുക്കളുടെയും അടിസ്ഥാനത്തിൽ നികുതി നിർണയിക്കണം. അതുപോലെ പരിശോധനകാര്യക്ഷമവും സുതാര്യവും ആക്കണം. നിർണയിക്കപ്പെടുന്ന നികുതിയുടെ മാനദണ്ഡം ഇന്നതാണെന്ന് നികുതി ദായകരെ ബോധ്യപ്പെടുത്തണം. വീടുകളുടെ സ്ഥിരസ്വഭാവത്തിനനുസരിച്ചും മേൽപറഞ്ഞ മാനദണ്ഡത്തിനനുസരിച്ചും നികുതി ചുമത്തണം. താമസത്തിന് ഉപയോഗിക്കാത്ത കെട്ടിടങ്ങളുടെ യഥാർത്ഥ വാടക ആരാഞ്ഞ് അതിൻെറ

അടിസ്ഥാനത്തിൽ നികുതി ഈടാക്കാവുന്നതാണ്.

കെട്ടിട പ്ലാൻ അംഗീകാരത്തിന് സമർപ്പിക്കുമ്പോൾ പ്ലാനിലെ എസ്റ്റിമേറ്റിനനുസരിച്ച് കെട്ടിടനിർമാണ ലൈസൻസ് ഫീസ് തരം തിരിച്ച് വർധിപ്പിക്കാവുന്നതാണ്. കൂടാതെ സർവെയർ ലൈസൻസ് ഫീസ് നിരക്ക് വർധിപ്പിച്ച് വരുമാനം വർധിപ്പിക്കാം.

2. തൊഴിൽ നികുതി

തൊഴിലെടുക്കുന്ന വരെ എല്ലാവേരയും ഗ്രാമത്തിന്റെ വികസനത്തിൽ പങ്കാളിയാക്കാൻ നമുക്ക് കഴിയണം. നിലവിൽ സർക്കാർ, അർധ സർക്കാർ ജീവനക്കാർ, സ്വകാര്യസ്ഥാപനങ്ങളിലെ സ്ഥിരം തൊഴിലാളികൾ എന്നിവരാണ് തൊഴിൽ നികുതി കൊടുക്കുന്നത്. കച്ചവടക്കാർ, വ്യവസായികൾ എന്നിവരും തൊഴിൽ കരം ഒടുക്കുന്നവരാണ്. അസംഘടിത, സംഘടിത മേഖലയിലെ തൊഴിലാളികളേയും ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. ഗ്രൂപ്പ് ഇൻഷൂറൻസ് പോലുള്ള മാനദണ്ഡം ഇതിന് സ്വീകരിക്കാവുന്നതാണ്.

3. വിനോദനികുതി

നമ്മുടെ വരുമാനത്തിലെ ഒരു പ്രധാനപ്പെട്ട ഇനമാണ് ഇത്. സിനിമാ ശാലകളാണ് (2 എണ്ണം) ഈ വരുമാനത്തിന്റെ സ്രോതസ്സ്. ടി. വി , വി. സി. ആർ. വി.സി. പി. എന്നിവയുടെ ആവിർഭാവം . വരുമാനത്തിൽ കുറവ് വരുത്തുന്നുണ്ട്. കൂടാതെ സിനിമാശാലയിലെ ടിക്കറ്റ് പരിശോധന കാര്യക്ഷമമാക്കി വരുമാനത്തിലെ ചോർച്ച തടയണം.

4. മറ്റു ധനാഗമ മാർഗങ്ങൾ

a) ലീസ് ഭൂമി. പുഴ പുറമ്പോക്ക് റെയിൽവെ പുറമ്പോക്കു അടക്കം 337 ഏക്കർ 15 സെന്റ് ലീസ് ഭൂമിയാണ് നമുക്ക് ഇന്നുള്ളത്. ഇതിൽ 15ഏക്ര 55 സെന്റ് ഭൂമിലീസിന് കൊടുത്തിട്ടുണ്ട്. നിലവിലുള്ള 2 രൂപ നിരക്കിൽ 3120 രൂപ വരുമാനമായി ലഭിച്ചിട്ടുണ്ട്.

ഇന്നുള്ള ലീസ് ഭൂമിമിക്കവയും തെങ്ങിൻ തോട്ടങ്ങളായി കഴിഞ്ഞിട്ടുണ്ട്. വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലീസ് കണക്കാക്കണം. ലീസ് ഭൂമിയിലെ കൈയേറ്റങ്ങൾ തടയണം. ഇതിനുവേണ്ടി പഞ്ചായത്ത് ലീസ് ഭൂമി എത്രയുണ്ടെന്ന് കണക്കാക്കി സംരക്ഷിക്കപ്പെടാൻ സംവിധാനമുണ്ടാക്കണം. ലീസ് നിരക്ക് സെന്റ് 1 ന്ന് പൊതുവിൽ ചുരുങ്ങിയത് 50 രൂപയാക്കി വർധിപ്പിക്കണം. അന്യാധീനപ്പെട്ടത് തിരിച്ചെടുക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം.

കച്ചവട ലൈസൻസ് ഫീസ്

ഈ ഇനത്തിൽ 8469 രൂപയാണ്. ഈ വർഷത്തെ വരുമാനം. കച്ചവടം ചെയ്യുന്നവരെ മുഴുവനും ഇതിന്റെ പരിധിയിൽ കൊണ്ടുവരണം. വ്യാപാരത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് (ബാങ്ക് ലോൺ, ക്ഷേമനിധി മുതലായവ) ഈ ലൈസൻസ് സഹായകരമാകുമെന്നവസ്തുത ബോധ്യപ്പെടുത്തണം. 1966-67 കാലത്തെ ചട്ടങ്ങൾക്ക് വിധേയമായിട്ടാണ് ഇന്നും ലൈസൻസ് ഫീസ് ഈടാക്കുന്നത്. പഞ്ചായത്ത് രാജ് സംവിധാനത്തിലെ ചട്ടങ്ങൾക്ക് വിധേയമായി കച്ചവടസ്വഭാവത്തിനനുസരിച്ച് നിരക്ക് നിശ്ചയിക്കണം.

ലേലം: 1995-96വർഷത്തിലെ ലേല വരുമാനത്തിൽ മുഖ്യമായത് ചാലിയം ബേപ്പൂർ കടവ് ലേലമാണ്.

ചാലിയത്ത് ഒരു ബോട്ട് ജട്ടിയും മറ്റ് പശ്ചാത്തലസൗകര്യവും ഏർപ്പെടുത്തിയാൽ ഗണ്യമായ വരുമാനം ഈ മേഖലയിൽ ഉണ്ടാക്കാൻ കഴിയും. കൂടാതെ ഫിഷിംഗ് ലാൻറ് ചാലിയത്ത് സ്ഥാപിച്ചാൽഅത് ബോട്ട് ഗതാഗതം വർധിപ്പിക്കും.

കമ്യൂണിറ്റിഹാൾ: കമ്യൂണിറ്റിഹാളിന് പരിപാടികൾ നടത്താനുള്ള സൗകര്യം ഏർപ്പെടുത്തണം, വൈദ്യുതി, വെള്ളം എന്നിവ അടിയന്തിര പ്രാധാന്യമുള്ളതാണ്. ഇന്നുള്ള 400 രൂപ വർധിപ്പിക്കുതോടൊപ്പം പരിപാടിയുടെ ദൈർഘ്യത്തിനനുസരിച്ച് വാടകയിൽ മാറ്റം വരുത്തുകയും വേണം.

സ്റ്റേഡിയം:- പഞ്ചായത്തിന്റെ സ്റ്റേഡിയം പണിപൂർത്തിയാക്കി മേളകൾ നടത്താനാവശ്യമായ മറ്റു സൗകര്യങ്ങൾ ഉണ്ടാക്കി വാടക നിശ്ചയിക്കണം. (കേരളോത്സവം, ക്ലബ്ബുകളുടെ വാർഷികത്തിനുപുറമെ സമ്മേളനങ്ങൾഎന്നിവയൊക്കെ നടത്താൻ വേണ്ട സൗകര്യം ഏർപ്പെടുത്തണം) ഗതാഗതസൗകര്യം അനിവാര്യമാണ്.ഈ വസ്തുത പലഗ്രാമസഭകളിലും ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

ഭൂനികുതി

റവന്യുവകുപ്പാണ് ഇപ്പോൾ നികുതി പിരിക്കുന്നത്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഇത് പിരിച്ചെടുക്കാനും വിഭവമായി സമാഹരിക്കാനും അവകാശം പഞ്ചായത്തിന് കൈമാറണം. പഞ്ചായത്തിന്റെ വരുമാനത്തിൽ വർധനവ് പ്രതീക്ഷിക്കാവുന്ന ഒരിനമാണ് ഭൂനികുതി.

കടലുണ്ടി വാവുത്സവം

നമ്മുടെ ഗ്രാമത്തിന്റെ ഉത്സവമാണ് വാവുത്സവം. ഒരാഴ്ചക്കാലം ഈ ഉത്സവത്തിൽ പങ്കെടുക്കാൻ ധാരാളം ജനങ്ങൾ ഇവിടെ എത്തുന്നുണ്ട്. പ്രദർശനം, ചന്ത എന്നിവ ഏർപ്പെടുത്തി കടലുണ്ടി കാരണിവൽ എന്ന പേരിൽ ആഘോഷിച്ചാൽ പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയും. പഞ്ചായത്ത് സ്റ്റേഡിയം പണിപൂർത്തിയാക്കി

യാൽഇവിടെ കാർണിവെൽ കേന്ദ്രമാക്കാവുന്നതാണ് പേടിയാട്ട് പ്രദേശവുമായി അടുത്ത കേന്ദ്രത്തിലാണ് സ്റ്റേഡിയം സ്ഥിതി ചെയ്യുന്നത്. ഗ്രാമസഭകളിൽ ചർച്ചക്ക് വിധേയമായ നിർദ്ദേശമാണ് ഇത്.

ടൂറിസം: വളരെയേറെ ചരിത്രപ്രാധാന്യമുള്ള ചാലിയം, ദേശാടന പക്ഷികൾ എത്തുന്ന കടലുണ്ടിക്കടവ്, തുരുത്തുകളുടെ സംഗമസ്ഥലങ്ങൾ കാൽ വരികുന്നിലെ വിദൂര പ്രകൃതി രമണീയത, പാലപ്പറമ്പിലെ ഗുഹ (സ്വകാര്യ സ്ഥലമാണെങ്കിലും) ഇവയൊക്കെ ടൂറിസത്തെ പ്രോത്സാഹിപ്പിക്കാനുതകുന്ന പഞ്ചായത്തിലെ കേന്ദ്രങ്ങളാണ്. കടലുണ്ടിക്കടവിലെ കണ്ടൽവനം സംരക്ഷിക്കപ്പെടണം. ഫോറസ്റ്റ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒരു ഇൻഫർമേഷൻ സെൻറർ ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ ആയിട്ടുണ്ട്. പഞ്ചായത്ത് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട്. എന്തുകൊണ്ടും ടൂറിസം വികസനത്തിന് സാധ്യതയുള്ള ഒരു പഞ്ചായത്താണ് നമ്മുടേത് എന്ന് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്.

ധനകാര്യസ്ഥാപനങ്ങൾ

കനറാബാങ്ക്, ഫെഡറൽ ബാങ്ക്, ഗ്രാമീണ ബാങ്ക്, കടലുണ്ടി, മണ്ണൂർസഹകരണബാങ്കുകൾ, എന്നിവ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വിവിധ വാർഡുകളിലായി 12 റജിസ്റ്റർ ചെയ്ത സ്വകാര്യ ധനകാര്യസ്ഥാപനങ്ങളുമുണ്ട്. ഗ്രാമസഭകളിൽ ബാങ്കുകളുടെ പ്രവർത്തനത്തെ വിലയിരുത്തപ്പെട്ടിട്ടുണ്ട്. പ്രത്യുല്പാദന മേഖലയ്ക്കുള്ള വായ്പയ്ക്ക് പലിശിയനത്തിൽ കുറവ് വരുത്താനും ഗുണഭോക്താവിന് എളുപ്പത്തിൽ ലഭ്യമാക്കാനുമുള്ള സംവിധാനമുണ്ടാകണം. കാലംതെറ്റി തിരിച്ചടയ്ക്കാതെ കിടക്കുന്ന വായ്പകൾ ഉണ്ടെന്ന് ശേഖരിക്കപ്പെട്ട വിവരശേഖരത്തിൽ കാണുന്നു. അപേക്ഷിക്കപ്പെടുന്ന വായ്പയുടെ മേഖലയിലല്ല പലതും ചിലവാക്കപ്പെടുന്നത്. അതുകൊണ്ട് തന്നെതിരിച്ചടവിന്റെ ബുദ്ധിമുട്ട് ഇടപാടുകാരൻ അനുഭവിക്കുന്നു. ഇതിന് ബാങ്കുദ്യോഗസ്ഥരേയും ജനങ്ങളേയും പങ്കെടുപ്പിച്ച് സ്കീമുകളെ കുറിച്ച് ചർച്ചകൾ നടത്തണം

ചിലവുകൾ

നമ്മുടെ വരവിന്റെ വലിയൊരു ശതമാനം നീക്കി വെക്കപ്പെടുന്നത് ഭരണച്ചിലവ്, പൊതുമാരാമത്ത് എന്നിവക്കാണ്. കഴിഞ്ഞ അഞ്ചുവർഷത്തെചിലവിന്റെ ശതമാനം താഴെ ചേർക്കുന്നു.

പട്ടിക 3

ചെലവ്- ശതമാനം

| വർഷം | ഭരണ ചെലവ് | പൊതുമ രാമത്ത് | വിദ്യാ ഭ്യാസം | ആരോഗ്യം | തെരുവു വിളക്ക് | മററു കാര്യങ്ങാം |
|---|---|---|---|---|---|---|
| 1990-91 | 20.9 | 11.54 | 2.13 | 6.56 | 2.90 | 48.74 |
| 1991-92 | 20.83 | 30.2 | 1.26 | 9.96 | 2.32 | 47.37 |
| 1992-93 | 21.53 | 24.69 | 0.27 | 5.68 | 2.92 | 37.49 |
| 1993-94 | 20.78 | 56.54 | 1.63 | 7.8 | 2.42 | 34.72 |
| 1994-95 | 32.09 | 21.55 | 2.35 | 4.5 | 3.17 | 32.3 |

ഇതിൽ ഭരണച്ചിലവ് നിലവിലുള്ളത് മാറ്റുവാൻ സാധിക്കുകയില്ല. പൊതുമരാമത്തിൽ ഏറിയപങ്കും മൺറോഡുകളുടെ അറ്റകുറ്റപ്പണിക്കുവേണ്ടി എല്ലാ വാർഡുകളിലും ചിലവാക്കപ്പെട്ടിട്ടുണ്ട്. ഇത് ഒരു വ്യഥാവ്യായാമമാണെന്ന് ഗ്രാമസഭകൾ ചർച്ച ചെയ്തിട്ടുണ്ട്. ഇതിലൂടെ നമ്മുടെ വിഭവം കുത്തി ഒലിച്ച് പോകുന്നത് നാം അറിയുന്നില്ല. റോഡുണ്ടാക്കുന്നതും സംരക്ഷിക്കുന്നതും പഞ്ചായത്തിൻെറ മാത്രം ചുമതലയാണെന്ന ധാരണ മാറണം. ജനകീയ ഇടപെടലിലൂടെ ഈ രംഗത്തെ അഴിമതി ഇല്ലാതാക്കി ഉദ്ദേശ ശുദ്ധി കൈവരിക്കാൻ കഴിയും. വർഷാരംഭത്തിന് മുമ്പു തന്നെ സന്നദ്ധ പ്രവർത്തനത്തിലൂടെ ഓവുചാലുകൾ നിർമിക്കുകയും വൃത്തിയാക്കുകയും ചെയ്യണം.

തെരുവ് വിളക്ക്, പൊതുടാപ്പ് എന്നിവയ്ക്ക് പഞ്ചായത്ത് ചിലവാക്കുന്ന തുകയുടെ മൂല്യം ഗുണഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് സംയുക്തപരിശോധന നടത്തണം. ഇല്ലെങ്കിൽ പൂർണമായും പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

പഞ്ചായത്ത് രാജ് സംവിധാനത്തിൽ ലഭിക്കാൻ പോകുന്ന പദ്ധതി പദ്ധതിയേതര വിഹിതം കാര്യക്ഷമമായി സുതാര്യതയോടെ വിനിയോഗിക്കുവാനും ജനകീയ സമി

തികൾ നിലവിൽ വരണം.

പട്ടിക 4
ചെലവ്സംബന്ധിച്ച വിവരങ്ങൾ 1995-96

| ഇനം | തുക |
|---|---|
| 1. | 2 |
| ഭരണം | 697804-60 |
| പൊതുമരാമത്ത് | 690097-00 |
| വിദ്യാഭ്യാസം | 43659-20 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 78377-00 |
| തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 54996-00 |
| മററുളളവ | 476467-80 |
| ആകെ | 2041401-60 |

ജനസമ്പത്ത്

പഞ്ചായത്തിലെ ജനങ്ങളുടെ ക്രയശേഷി നാടിൻെറ വികസന പാതയിലേക്ക് തിരിച്ചുവിടണം. നാം അറിഞ്ഞു കൊണ്ടോ അറിയാതെയോ നഷ്ടപ്പെടുന്ന ഒരു വിഭവമാണ് മനുഷ്യവിഭവം.

നാടിൻെറ വികസനത്തിനു വേണ്ടി അദ്ധ്വാനം സംഭാവനയായി നല്കാൻ സന്നദ്ധത പ്രകടിപ്പിച്ചു എല്ലാ ഗ്രാമസഭകളിലും പ്രഖ്യാപനങ്ങളുണ്ടായിട്ടുണ്ട്. ഫറുക്ക് കടലുണ്ടി റോഡ് ഇത്തരത്തിലുളള സന്നദ്ധ പ്രവർത്തനത്തിൻെറ നിത്യസ്മാരകമാണ്. ജനകീയാസൂത്രണ പരിപാടിയുടെ കർമശേഷിയുടെ പ്രേരകശക്തി ഈ സന്നദ്ധതയാണ്.

ഗ്രാമസഭാചർച്ചകളുടെ പ്രയോഗിക പരീക്ഷണമാണ് കേരളപ്പിറവി ദിന[illegible]0 തൊഴിൽ ദിനം സ[illegible] ചെയ്യാൻ സന്നദ്ധ പ്രക[illegible]പ്പിക്കുന്ന പ്രവർത്തന[illegible] നാം കണ്ടത്.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങൾ

1. സന്നദ്ധ പ്രവർത്തനത്തിന് സൊസൈറ[illegible] പ്രകാരം രജിസ്റ്റർ ചെയ്ത പ[illegible]ായത്ത് വാർ[illegible]ന സമിതി രൂപീകരിക്കണം.

2. പാതാറുകൾ നിർമ്മിക്കൽ-കരുവൻ തിരുത്ത[illegible] ട്ടക്കടവ്, മുരുക്കല്ലിങ്ങൽ.

3. കുട്ടാടം തോട് (5ാം വാർഡ്) ജലസേചനത്ത[illegible] പ്രദമാക്കണം.

4.പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാക്കണം.

5. വളർത്തുനായക്ക് ലൈസൻസ് ഫീസ് ഈടാക്കണം. അലഞ്ഞുതിരിയുന്ന പട്ടിശല്യം കുറയ്ക്കാൻ ഇത് സഹായിക്കും.

നികുതി കൊടുക്കുന്നത് നാടിൻെറ വികസനത്തിന് എന്ന ബോധം ജനങ്ങളിലുണ്ടാക്കണം. ഭരണസംവിധാനം സുതാര്യവും കാര്യക്ഷമവും ആക്കണം. നികുതി കൃ സമയത്ത് തന്നെ അടയ്ക്കണമെന്ന നിർബന്ധബുദ്ധിയുണ്ടാക്കുന്ന ബോധവൽക്കരണപരിപാടി അനിവാര്യമാണ്. ഇതിന് പഞ്ചായത്ത് വാർഡ് വികസന സമിതികൾ സജീവമാക്കേണ്ടതുണ്ട്.

▲

## ഗ്രാമസഭാചർച്ചകൾക്ക് നേതൃത്വം കൊടുത്തവർ

1. സോണിയ കെ. വി. എം.
2. സുബ്രഹ്മണ്യൻ പച്ചാട്ട്
3. കെ. ഖദീജ
4. അബ്ദുൾ ഗഫൂർ കെ.
5. രാധാകൃഷ്ണൻ എ. കെ.
6. അനിൽ മാരാത്ത്
7. എം. സി. മുഹമ്മദലിമാസ്റ്റർ
8. ടി. കെ. രവീന്ദ്രനാഥ്
9. അജിത ടി
10. ശിവദാസ് പുളിക്കൽ
11. രാധാകൃഷ്ണൻ പി
12. ഹുസൈൻ കോയ
13 വിജയകൃഷ്ണൻ പച്ചാട്ട്
14 ഭക്തവത്സലൻ ഒ.
15. കെ. വാസുമാസ്റ്റർ
16. എസ്. അരവിന്ദൻ
17. സലാം പടിഞ്ഞാറയിൽ
18. ഇത്തിക്കാറുദീൻ
19. വാസുദേവൻ എ
20. ബിജു എൻ
21. സി. കെ. വിജയകൃഷ്ണൻ
22. വിനോദ് സി. പി,
23 കെ. പി. മുഹമ്മദ്
24. സായിനാഥ്
25. പി. ഷണ്മുഖൻ
26. സുബോധ് പി.
27 കോണത്ത് അപ്പുക്കുട്ടൻ
28. ശിവദാസൻ പുക്കാട്ട്

# കോഴിക്കോട് ജില്ല




പിന്നെ നാടിൽ
മക്കളൊവുക
ജനിച്ച മണ്ണിൽ
ഉപ്പാവുക

"സ്വന്തം രാജ്യത്തിന്റെ നിർമ്മി
തിയിൽ തങ്ങൾക്കും ഫലപ്രദമാ
യൊരു പങ്കുണ്ടെന്ന് പരമ
ദരിദ്രനുപോലും അനുഭവപ്പെടു
ന്നൊരു ഭാരതം, ഉയർന്ന വർഗ്ഗ
ക്കാരോ താഴ്ന്ന വർഗ്ഗക്കാരോ
ഇല്ലാത്തൊരു ഭാരതം, എല്ലാ
സമുദായങ്ങളും പരിപൂർണ്ണ
രഞ്ജിപ്പിൽ കഴിയുന്നൊരു
ഭാരതം കെട്ടിപ്പടുക്കുന്നതിനു
വേണ്ടി ഞാൻ പ്രവർത്തിക്കും"

- മഹാത്മാഗാന്ധി




രാമനാട്ടുകര ഗ്രാമപഞ്ചായത്ത്


# വികസനരേഖ

# '96

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി


തച്ചനാട്ടുകര
ഗ്രാമപഞ്ചായത്ത്


FAROOK COLLEGE
RAMANATTUKARA
VYDYARANGADI
PETTA
FAROOK COLLEGE ROAD
1 KM
2.50 KM

അധികാരം ജനങ്ങളിലേക്ക്

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## സമഗ്ര വികസന രേഖ

## രാമനാട്ടുകര ഗ്രാമപഞ്ചായത്ത്

# വികസന സെമിനാർ

1996 നവംബർ 17


രാമനാട്ടുകര

ഗവർമെണ്ട് യു പി സ്കൂൾ

## എഡിറ്റോറിയൽ ബോർഡ്


| | | |
|---|---|---|
| 1. | ശ്രീ | പള്ളിയാളി ശ്രീധരൻ |
| 2. | ,, | ഡോ.കെ.എം. രാമചന്ദ്രൻ |
| 3. | ,, | സി.കെ. അബൂബക്കർ |
| 4. | ,, | പ്രൊഫ. എം. സലിം. |
| 5. | ,, | കെ.ആർ. ശശിധരൻ പിള്ള |
| 6. | ,, | ബി.കെ. വിജയൻ |
| 7. | ,, | എം. രവീന്ദ്രൻ |
| 8. | ,, | സി. സുബ്രഹ്മണ്യൻ |
| 9. | ,, | കെ. ചന്ദ്രദാസ് |
| 10. | ,, | വേലായുധൻ പന്തീരാങ്കാവ് |
| 11. | ,, | കെ. പ്രകാശൻ |
| 12. | ,, | ടി.പി. ശശിധരൻ. |
| 13. | ,, | പി. അസ്സൻമാനു |

# പഞ്ചായത്ത് ഭരണസമിതി



പള്ളിയാളി ശ്രീധരൻ
(പ്രസിഡണ്ട്)



പി അസ്സൻ മാനു
(വൈസ്പ്രസിഡണ്ട്)



ഡോ. കെ. എം. രാമചന്ദ്രൻ
(സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ)

കെ. പ്രകാശൻ

പറമ്പിൽ ബേബി

ഒ. പത്മിനി

എം. കെ. ഗീത

കെ. മുഹമ്മദ് കോയ ഹാജി

സി. കെ. അബൂബക്കർ

ടി. പി. ശശിധരൻ

കദീജ മുഹമ്മദലി

121

## രാമനാട്ടുകര ഗ്രാമപഞ്ചായത്ത് പൊതുവിവരണം.

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് |
| ജില്ല | : | കോഴിക്കോട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | രാമനാട്ടുകര |
| ബ്ലോക്ക് പഞ്ചായത്ത് | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | ബേപ്പൂർ |
| പാർലമെണ്ട് മണ്ഡലം | : | മഞ്ചേരി |
| വിസ്തീർണ്ണം | : | 11.71 Sq. K.m. |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | ചാലിയാർപുഴ |
| പടിഞ്ഞാറ് | : | ഫറോക്ക് പഞ്ചായത്ത് |
| കിഴക്ക് | : | വാഴയൂർ ചെറുകാവ് പഞ്ചായത്തുകൾ |
| തെക്ക് | : | ചേലേമ്പ്ര പഞ്ചായത്ത് |

| | | |
|---|---|---|
| ജനസംഖ്യ | : | 25672 (91ലെ സെൻസസ്സ്) |
| പുരുഷന്മാർ | : | 12866 |
| സ്ത്രീകൾ | : | 12806 |
| ജനസാന്ദ്രത | : | 5132.35 Sqm. |
| അക്ഷരാഭ്യാസമുള്ളവർ | : | 86.6% |
| വാർഡുകൾ | : | പതിനൊന്ന്. |

# രണ്ടുവാക്ക്

ഗാന്ധിജിയുടെ ഗ്രാമസ്വരാജ് എന്ന സങ്കല്പത്തിന് വർഷങ്ങളിലെ പഴക്കമുണ്ട്. തലമുറകളായി ഭാരതീയജനത ഹൃദയങ്ങളിൽ താലോലിച്ചുപോന്നിരുന്ന ആ സങ്കല്പം ഇന്ന് യാഥാർഥ്യമാവുകയാണ്. ഇതുവരെ നടന്ന എട്ട് പഞ്ചവത്സരപദ്ധതികളിൽനിന്നും വ്യത്യസ്തമായി പദ്ധതിയുടെ ആസൂത്രണത്തിലും പ്രവർത്തനത്തിലും ജനപങ്കാളിത്തം അംഗീകരിക്കപ്പെട്ടിരിക്കയാണ്. സ്വന്തം പ്രദേശത്ത് നടപ്പാക്കാൻപോകുന്ന വികസന പ്രവർത്തനങ്ങളിൽ തനിക്ക് കൂടി പങ്കാളിത്തം. ബഹുജനപങ്കാളിത്തത്തിന്റെ അടിത്തറ അത്തരത്തിൽ രൂപപ്പെട്ടുവരുമ്പോൾ നമ്മൾ പ്രതീക്ഷിച്ചതിലും വേഗത്തിൽ കാര്യങ്ങൾ നടക്കുകയും പദ്ധതികളിലെ ചോർച്ച തടയപ്പെടുകയുംചെയ്യും.

പദ്ധതിവിഹിതത്തിന്റെ 40% തുക പഞ്ചായത്തുകൾക്ക് നേരിട്ടു ലഭിക്കുമ്പോൾ ഞങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും ഏറുന്നു എന്ന കാര്യത്തിൽ ഞങ്ങൾ ബോധവാന്മാരാണ്.

പഞ്ചായത്തിലെ 11 വാർഡുകളിലെ ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും ക്രോഡീകരണമാണ് നിങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുന്ന വികസനരേഖ. വരുന്ന അഞ്ചുവർഷം മുൻഗണനാക്രമത്തിൽ നടപ്പാക്കേണ്ട പദ്ധതികൾ.

ശ്രമകരമായ ഒരു പ്രവർത്തനം ഇതിനു പിന്നിലുണ്ട്. അതിൽ ഞങ്ങൾക്ക് വേണ്ട ഉപദേശനിർദ്ദേശങ്ങൾ നല്കിയ കീ റിസോഴ്സ് പേർസൺസ്, ജില്ലാ റിസോർസ് പേർസൺസ്, പഞ്ചായത്ത് റിസോർസ് പേർസൺസ്, മറ്റു വിവിധ വകുപ്പുകളിലെ ജീവനക്കാർ, സഹപ്രവർത്തകർ എന്നിവരോട് ഞങ്ങൾക്ക് അകൈതവമായ നന്ദിയുണ്ട്.

കൂടാതെ ഈ വികസനരേഖ സമ്പുഷ്ടമാക്കാൻ സഹായിച്ച രാമനാട്ടുകരയിലെ സാമൂഹ്യ- രാഷ്ട്രീയ രംഗങ്ങളിലെ പ്രഗൽഭമതികളോടും ഞങ്ങൾക്കുള്ള കടപ്പാട് വളരെ ഏറെയാണ്.

ഒരു തുറന്ന ചർച്ചക്കുവേണ്ടി നമ്മുടെ പഞ്ചായത്തിന്റെ വികസനരേഖ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്നു.

സ്നേഹപൂർവ്വം

**പള്ളിയാളി ശ്രീധരൻ**
**പ്രസിഡണ്ട്**

"ഗ്രാമസ്വരാജ് എന്റെ സ്വപ്നം"
- ഗാന്ധിജി.



"ഓരോ ഗ്രാമവും പൂർണ്ണാധികാരമുള്ള ഒരു റിപ്പബ്ലിക് അഥവാ പഞ്ചായത്ത് ആയിരിക്കും. ആകയാൽ ഓരോ ഗ്രാമവും സ്വയംവർദ്ധകവും സ്വന്തം കാര്യം നോക്കാൻ പ്രാപ്തിയുള്ളതും ആയിരിക്കണം."

- ഗാന്ധിജി

# ഉള്ളടക്കം


## ആമുഖം


- ചരിത്ര പശ്ചാത്തലം.................................... 15
- ഭൂപ്രകൃതി, ജനം, ജലം .................................. 20


## വികസന മേഖലകൾ


- കൃഷിയും ജലസേചനവും........................... 24
- മൃഗസംരക്ഷണം............................................ 31
- മത്സ്യബന്ധനം............................................. 34
- വ്യവസായം.................................................. 35
- ഊർജം......................................................... 39
- ഗതാഗതം...................................................... 42
- ആരോഗ്യം..................................................... 46
- കുടിവെള്ളം.................................................. 54
- വിദ്യാഭ്യാസം.................................................. 55
- സംസ്കാരം .................................................. 62
- പട്ടികജാതി- പട്ടികവർഗ്ഗ വികസനം ......... 66
- വനിതാക്ഷേമം ........................................... 71
- സാമൂഹ്യക്ഷേമം ......................................... 76
- സഹകരണം ................................................. 49
- വിഭവ സമാഹരണം ................................... 80

# കോഴിക്കോട് ജില്ല



കണ്ണൂർ ജില്ല
N
വയനാട് ജില്ല
അറബിക്കടൽ
കോഴിക്കോട്
മലപ്പുറം ജില്ല
രാമനാട്ടുകര
ഗ്രാമപഞ്ചായത്ത്

# ആമുഖം

ഇന്ത്യൻ ജനത വിവിധരൂപത്തിലുള്ള സംഘടിത പോരാട്ടത്തിലൂടെയാണല്ലൊ വിദേശാധിപത്യം അവസാനിപ്പിച്ച് ദേശീയ ഭരണകൂടം സ്ഥാപിച്ചത്. ജനാഭിലാഷത്തിന്റെ രൂപമെന്ന നിലയിൽ ജനാധിപത്യഭരണക്രമവും ആസൂത്രിതവികസനപാതയും നാം തെരഞ്ഞെടുത്തു. പഞ്ചവത്സരപദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ നിസ്സാരമല്ല. പക്ഷെ പദ്ധതിച്ചെലവുമായി തട്ടിച്ചുനോക്കുമ്പോൾ നേട്ടങ്ങൾ അപര്യാപ്തമാണെന്ന് കാണാൻ പ്രയാസമില്ല. ആസൂത്രണം അതീവകേന്ദ്രീകൃതമായതും അതുവഴി ജനങ്ങൾ അന്യവത്കരിക്കപ്പെട്ടതുമാണ് പരാജയത്തിന്റെ കാരണമായി ചൂണ്ടികാണിക്കപ്പെടുന്നത്. ജനങ്ങൾക്ക് വേണ്ടി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് സർക്കാരിന്റെ ബാധ്യതയാണെന്ന ധാരണ ദൃഢീകരിച്ചു. എല്ലാം കൊടുക്കുന്ന ഗവൺമെന്റും കൈനീട്ടിവാങ്ങുന്ന ജനങ്ങളും എന്ന ബോധം സാർവത്രികമായി. ഇത് അധികാരദല്ലാളന്മാർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചു. അതോടെ ജനങ്ങളെ മുന്നിൽകണ്ട് നടപ്പാക്കിയ പദ്ധതികൾ ലക്ഷ്യത്തിലെത്താതെപോയി. ഈ തിരിച്ചറിവോടെയാണ് 'അധികാരം ജനങ്ങളിലേക്ക്' എന്ന ആശയ ശക്തമായത്. മഹാത്മാഗാന്ധിയുടെ മഹത്തായ ആശയം ഇവിടെ പുനർജനിക്കുകയായിരുന്നു.

ഇന്ത്യയിലാകെയും കേരളത്തിൽ പ്രത്യേകിച്ചും ഒട്ടനവധി ഗവൺമെന്റിതര സംഘടനകൾ നടത്തിയ പഠനങ്ങളും കേമ്പയിനുകളും ഈ പുനർവിചിന്തനത്തിന് പ്രേരകമായിട്ടുണ്ട്. എന്നാൽ 73,74 ഭരണഘടനാഭേദഗതി വന്നതോടെയാണ് അധികാരം ജനങ്ങളിലെത്തിക്കാനുള്ള പശ്ചാത്തലം ഒരുങ്ങിയത്. ത്രിതല പഞ്ചായത്ത് സംവിധാനം വഴി ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികളുടെ ആവിഷ്കരണത്തിലും നടത്തിപ്പിലും അവർക്കു തന്നെ മുൻകൈ ലഭിക്കാൻ പോവുകയാണ്. ജനങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ അവർതന്നെ നിർദ്ദേശിക്കുകയും അവരുടെ പങ്കാളിത്തത്തോടെ നടപ്പാക്കുകയും ചെയ്യുക എന്നത് ഒരു പുത്തൻ അനുഭവമാണ്.

ഈ പശ്ചാത്തലത്തിൽ വേണം സംസ്ഥാന ഗവൺമെന്റിന്റെ 'ഒമ്പതാം പദ്ധതി ജനകീയ പദ്ധതി' എന്ന പരിപാടിയെ നോക്കിക്കാണാൻ. സ്വാതന്ത്ര്യാനന്തരഭാരതം എട്ട് പഞ്ചവത്സരപദ്ധതികൾ പിന്നിട്ട് ഒമ്പതാംപദ്ധതിയിലേക്ക് കടക്കാൻ തയ്യാറെടുക്കുകയാണല്ലൊ. പിന്നിട്ട പദ്ധതികളിലൂടെ ലക്ഷ്യം വെച്ച വളർച്ച നേടാൻ കഴിഞ്ഞില്ല എന്ന യാഥാർത്ഥ്യം സ്വാതന്ത്ര്യത്തിന്റെ അമ്പതാം വാർഷികവേളയിലാണ് നാം തുറന്ന മനസ്സോടെ വിലയിരുത്തുന്നത്.

പദ്ധതികളുടെ കേന്ദ്രീകരണത്തിനുപകരം ജനങ്ങളുടെ പങ്കാളിത്തം കൈവരിച്ചാൽ ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങൾക്ക് ആവേശം പകരുമെന്ന കാര്യത്തിൽ തർക്കമില്ല. തങ്ങളുടെ പ്രദേശത്ത് ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികളിൽ തങ്ങളെല്ലാം പങ്കാളികളാണെന്ന ബോധം എല്ലാവരിലും ഉണ്ടാക്കുക എന്നത് ജനകീയാസൂത്രണത്തിന്റെ ഒരു പ്രധാന സവിശേഷതയാണ്. അത് വഴി പദ്ധതികളിൽ ഉണ്ടാകുന്ന ചോർച്ച തടയപ്പെടുകയും ചെയ്യും.

ജനപങ്കാളിത്തം വിപുലപ്പെടുത്തുകയും രാഷ്ട്രീയ ജാതിമത ചിന്തകൾക്കതീതമായി ജനങ്ങളെ ഒന്നിച്ചുനിർത്തുകയും ചെയ്യുക എന്ന ഭാരിച്ച ചുമതലയാണ് ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹിക്കാനുള്ളത്. പദ്ധതികൾ നടപ്പാക്കാനുള്ള അധികാരം മാത്രമല്ല വിഭവങ്ങളും കൂടി ലഭ്യമാകുമ്പോൾ വികസനം യാഥാർത്ഥ്യമായിത്തീരും. പദ്ധതിവിഹിതമായി 40 ശതമാനത്തോളം തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുവാൻ പോകയാ

ണ്. സ്കീം തയ്യാറാക്കി വർഷങ്ങളോളം കാത്തിരിക്കേണ്ട സ്ഥിതി ഇതോടെ അവസാനിക്കുമെന്ന് കരുതാം.

ഭരണരംഗത്തെ ജനപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനത്തിന്റെ ആദ്യപടിയായിരുന്നു ഗ്രാമസഭകൾ. എല്ലാ വാർഡുകളിലും ഗ്രാമസഭകൾ നടക്കുകയും വികസനപ്രശ്നങ്ങൾ ചർച്ചയിലൂടെ ഉന്നയിക്കപ്പെടുകയുമുണ്ടായി. വളരെയേറെ വികസനനിർദ്ദേശങ്ങളും ജനങ്ങളുടെ ഭാഗത്തുനിന്നും ലഭിച്ചുകഴിഞ്ഞിരിക്കയാണ്. ഈ നിർദ്ദേശങ്ങൾക്ക് സമൂർത്തരൂപം നല്കി പ്രായോഗികതലത്തിൽ കൊണ്ടുവരിക എന്ന ഗൗരവതരമായ ചുമതലയാണ് ഇനിയുള്ളത്. ജനങ്ങളുടെ ആനുഭാവിക ജ്ഞാനത്തിനുപുറമെ സാങ്കേതിക വിദഗ്ദ്ധരുടെ സഹായവും ഇതിനാവശ്യമാണ്.

വികസനപരമായ ഒട്ടേറെ വിഭവങ്ങളും പശ്ചാത്തലസൗകര്യവുമുള്ള ഒരു പഞ്ചായത്താണ് നമ്മുടേത്. പല കാരണങ്ങളാൽ ഈ സാധ്യതകൾ വേണ്ടവിധം ഉപയോഗപ്പെടുത്താനും വികസനത്തിന്റെ അടിത്തറ പാകാനും വേണ്ടത്ര കഴിയാതെപോയിട്ടുണ്ടെന്ന് തുറന്നമനസ്സോടെ നാം കാണേണ്ടതുണ്ട്. 1961 ഡിസംബർ 31 വരെ മലബാർ ജില്ലാ ബോർഡിന്റെ കീഴിലായിരുന്ന വെലിപ്രം അംശം 1.1.62 മുതൽ രാമനാട്ടുകര വില്ലേജും പഞ്ചായത്തുമായി മാറുകയുണ്ടായി. 1.1.62 മുതൽ 31.12.1963 വരെ ഉദ്യോഗസ്ഥഭരണമായിരുന്നു. 1964 മുതൽ തെരഞ്ഞെടുക്കപ്പെട്ട 7 മെമ്പർമാരും അവരാൽ നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതാമെമ്പറുമടക്കം എട്ടംഗ ഭരണസമിതി നിലവിൽവന്നു. 28.9.1979 മുതൽ 5.2.1988 വരെയും 5.2.1988 മുതൽ 30.9.95 വരെയും വ്യത്യസ്ഥ ഭരണസമിതികൾ പഞ്ചായത്ത് ഭരണം കയ്യാളിയിട്ടുണ്ട്. 30.9.95ന് പുതിയഭരണസമിതി നിലവിൽവരികയും ഒരു ചരിത്രനിയോഗമെന്ന നിലയിൽ ജനകീയാസൂത്രണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിവരുകയും ചെയ്യുകയാണ്.

ഒന്നാം ഘട്ട റിസോർസ് പേർസൺ പരിശീലനവും തുടർന്നുള്ള ഗ്രാമസഭകളും വിജയകരമായി നടത്തപ്പെട്ടിട്ടുണ്ട്.

ജനകീയാസൂത്രണ പരിപാടിയുടെ രണ്ടാംഘട്ടമായ വികസനസെമിനാർ വളരെ പ്രധാനപ്പെട്ടതാണ്. സെമിനാറിലെ ചർച്ചകൾ പ്രസക്തവും വസ്തുതാപരവുമായാലെ പഞ്ചായത്തിന്റെ പഞ്ചവത്സരപദ്ധതി സമഗ്രമാവുകയുള്ളൂ. അതിനുവേണ്ടിയുള്ള ഒരു കരടുരേഖയായി ഈ റിപ്പോർട്ട് കണക്കാക്കണമെന്നഭ്യർത്ഥിക്കുന്നു. ഗ്രാമസഭകളുടെയും ദ്വിതീയവിവര ശേഖരണത്തിന്റെയും പഠനപര്യടനറിപ്പോർടിന്റെയും ഒരുല്പന്നമാണ് ഈ റിപ്പോർട്ട്. ചർച്ചകളിലൂടെ കൂടുതൽ സമ്പൂർണമാക്കപ്പെടുമെന്ന പ്രതീക്ഷയിൽ ഞങ്ങൾ ഇതവതരിപ്പിക്കുന്നു.

# ചരിത്ര പശ്ചാത്തലം

ഏറനാട് താലൂക്കിലെ വെലിപ്രം അംശത്തിലുണ്ടായിരുന്ന അഴിഞ്ഞിലമൊഴികെയുള്ള പ്രദേശമാണ് ഇന്നത്തെ രാമനാട്ടുകര വില്ലേജും പഞ്ചായത്തും. വെലിപ്രം കരിങ്കല്ലായി എന്നീ രണ്ടു ദേശങ്ങൾ ചേർന്നതാണ് വെലിപ്രം അംശം. ഇപ്പോഴിത് കോഴിക്കോട് താലൂക്കിൽപെടുന്നു. എഴുതപ്പെടാത്തതും എന്നാൽ സുദീർഘവുമായ ഒരു ചരിത്രം ഉറങ്ങിക്കിടപ്പുണ്ടിവിടെ എന്നതിന് ചില സ്ഥലനാമങ്ങൾ തെളിവാണ്.

പഞ്ചായത്താസ്ഥാനവും സാമാന്യം വലിയ ഒരങ്ങാടിയുമായ രാമനാട്ടുകരക്ക് ആ പേർ സർവ്വസാധാരണമായത് സമീപകാലത്ത് മാത്രമാണ്. പണ്ടു മുതൽക്കേ അറിയപ്പെടുന്നത് കടുങ്ങോൻചിറ എന്നാണ്. പല ഐതിഹ്യങ്ങളും ഇത് സംബന്ധിച്ച് നാട്ടിൽ പ്രചാരത്തിലുണ്ട് എന്നിരിക്കിലും കടുങ്ങൻ തീർപ്പിച്ചതോ അയാൾക്കവകാശപ്പെട്ടതോ ആയ ഇന്നില്ലാത്ത ഒരു ചിറയുമായി അതിനു ബന്ധമുണ്ടാകാം. കടുങ്ങോന്റെ പ്രിയതമയായ നീലിക്കുവേണ്ടി കുഴിച്ച കളിപൊയ്കയാണത്രെ നീലിത്തോട്. കടുങ്ങൻ എന്നാൽ ദ്രാവിഡഭാഷാപരമായി നോക്കിയാൽ രാജാവ് എന്നർത്ഥം. മങ്ങാടംവീട് ആയിരുന്നു കൊട്ടാരം!

ചരിത്രത്തിലേക്ക് വിരൽചൂണ്ടുന്ന ചില സ്ഥലനാമങ്ങളാണ് കോലാർകുന്ന് കൊലയാർകുന്ന് അഥവാ ആരാച്ചാരന്മാരുടെ വാസസ്ഥലം!) കൊല്ലിയേടത്ത് (തടവറ), കോലത്തുരുത്തി (തൂക്കുമരം സ്ഥാപിച്ചിരുന്ന സ്ഥലം), അത്തായക്കല്ല് (അവസാനത്തെ അത്താഴം വിളമ്പുന്ന സ്ഥലം) എന്നിവ. അതുപോലെ ഏറെ ശ്രദ്ധേയമായ ഒന്നാണ് രാമനാട്ടുകരയെ സംബന്ധിച്ച ഐതിഹ്യം. ചാലിയാറിന്റെ കൈവഴിയായി രാവണാറ് എന്ന ഒരു പുഴ ഒഴുകി കടലുണ്ടിപ്പുഴയിൽ ചേർന്നിരുന്നുവെന്നും അതിന്റെ കരയിലുള്ള സ്ഥലമെന്ന നിലയിൽ "രാവണാറ്റുകര"എന്ന പേർ സിദ്ധിച്ചുവെന്നും അതിന്റെ രൂപാന്തരമാണ് രാമനാട്ടുകര എന്നുമാണ് ഐതിഹ്യം. ഭൂമിശാസ്ത്രപരമായ തെളിവുകൾക്കുള്ള പ്രാഥമിക സൂചനകൾ പുഴയുടെ മുൻസാന്നിധ്യത്തെക്കുറിച്ച ചിന്തക്ക് പിന്തുണയേകുന്നുണ്ട്. പരിഹാരപുരം ക്ഷേത്രത്തിലെ പഴയ ശിലാലിഖിതത്തിലും കേരളോത്പത്തിയിലും രാമനാട്ടുകര (രാവണാറ്റുകര) സംബന്ധിച്ച പരാമർശങ്ങളിൽ പരശുരാമനുമായി ബന്ധപ്പെട്ട ഐതിഹ്യമുണ്ട്. "എന്റെ വീരഹത്യാദോഷം ആർ കയ്യേൽക്കുന്നു?" എന്ന് പരശുരാമൻ ചോദിച്ചപ്പോൾ 'ഭരദ്വാജഗോത്രത്തിൽ ചിലർ അത് കയ്യേറ്റു'. അവരെ രാവണാറ്റുകര ഗ്രാമത്തിലുള്ളവർ ഊരിലെ പരിഷ എന്ന് പേരുമിട്ടു എന്നിങ്ങനെ കാണുന്നു. പ്രായശ്ചിത്തകർമ്മങ്ങളുടെ ഭാഗമായി അന്ന് ധാരാളം ബലികർമ്മങ്ങൾ നടന്നുവെന്നും ഐതിഹ്യമുണ്ട്. അതുകൊണ്ടാണത്രെ "ബലിപുരം" (വെലിപ്രം) ദേശമായി പന്നീട് അറിയപ്പെട്ടത്!

ഐതിഹ്യങ്ങൾ എന്തുതന്നെയായാലും കോഴിക്കോട് സാമൂതിരിയുടെ കേന്ദ്രീകൃത രാജ്യഭരണത്തിന്റെ ഉദയത്തോടെ നാട്ടുരാജ്യങ്ങളെല്ലാം നിഷ്പ്രഭമായി എന്നനുമാനിക്കാം. ഈ നാടിനും അതുതന്നെ സംഭവിച്ചിരിക്കാം. സാമൂതിരിയുടെ കാലത്ത് ഇവിടത്തെ ഭൂമിയുടെ അവകാശം ഏറാടിമാരിൽനിന്ന് തൈക്കാട്ട് മൂസ്സതിന് വന്നുചേർന്നതായികാണാം. കൂടാതെ രണ്ട് ശതാബ്ദങ്ങൾക്കപ്പുറം പുലാപ്ര തറവാടിന് കരമൊഴിവായി ഭൂമിയുടെ നല്ലൊരു ഭാഗം ബ്രിട്ടീഷുകാരിൽനിന്ന് ലഭിച്ചതായും കാണുന്നു. ടിപ്പുവിന്റെ പതനത്തിനും കൂടകിലെ ബ്രിട്ടീഷാധിപത്യത്തിനും ശേഷമായിരിക്കണമിത്. ടിപ്പുവിന്റെ പടയോട്ടം ഈ മണ്ണിന്റെ

മാറിലൂടെ ഉണ്ടായിട്ടുണ്ട് എന്നത് ചരിത്രസത്യമാണ്. ഫറോക്ക് പാലക്കാട് റോഡും ചുങ്കം അടിവാരം രാമനാട്ടുകര നിരത്തും ടിപ്പു നിർമ്മിച്ചതാണെന്ന് കരുതുന്നു.

ദേശീയപ്രസ്ഥാനത്തിന്റെ അലകളടിച്ചതോടെയാണ് രാമനാട്ടുകരയുടെ ചരിത്രം സജീവമാകുന്നത്. മലബാർ കലാപത്തിന്റെ ശംഖൊലി ഇവിടെയും പ്രതിധ്വനിച്ചിട്ടുണ്ട്. പൂവന്നൂർപള്ളിയുടെ സ്ഥാപകരായറിയപ്പെടുന്ന കൊന്നക്കോട്ട് ഇമ്പിച്ചത്തൻ അത്താമുസഹോദരന്മാർ കലാപം അമർച്ച ചെയ്യാനുള്ള പട്ടാളത്തിന്റെ വരവു തടയാൻ പള്ളിക്കടുത്ത പാലം പൊളിച്ചതിന് അറസ്റ്റ് ചെയ്യപ്പെട്ടു. ഇരുവരും പിന്നീട് തിരിച്ചുവന്നിട്ടില്ല. 1930-32 കാലത്ത് ഉപ്പ് സത്യാഗ്രഹവും നിയമലംഘന പ്രസ്ഥാനവും ആരംഭിച്ചപ്പോൾ രാമനാട്ടുകരയിൽനിന്നും നിസ്സാരമല്ലാത്ത സംഭാവന ഉണ്ടായിട്ടുണ്ട്. ക്വിറ്റിന്ത്യാസമരത്തിലും രാമനാട്ടുകരക്ക് പ്രാതിനിധ്യമുണ്ട്. ശ്രീമാന്മാർ, പി.എം. കൃഷ്ണമേനോൻ, കെ.എം. പത്മനാഭമേനോൻ (വല്യമ്മൾ), സി.പി. നാരായണമേനോൻ, പി.കെ. മാധവമേനോൻ, പി.എം. ഉണ്ണികൃഷ്ണമേനോൻ, എടച്ചേരി കണ്ട എന്നിവർ ദേശീയ പ്രസ്ഥാനത്തിൽ ധീരോദാത്തമായ പങ്ക് വഹിച്ചവരാണ്. ഈ പഞ്ചായത്തിലായിരുന്നില്ലെങ്കിൽപോലും ശ്രീമാൻമാർ എള്ളാത്ത് ഗോപാലൻകുട്ടിപണിക്കർ, കുഞ്ഞിരാമപണിക്കർ, ഇ.കെ. കുമാരൻകുട്ടിനായർ, വി.കൃഷ്ണമേനോൻ എന്നിവരും ദേശീയപ്രസ്ഥാനത്തിന്റെ പ്രവർത്തകരും നേതാക്കന്മാരുമായി ഇവിടെ ഉണ്ടായിരുന്നു.

സർവ്വോദയപ്രസ്ഥാനത്തിന്റെ വേരോട്ടം രാമനാട്ടുകരക്ക് സംസ്ഥാനത്തിന് പുറത്ത് സ്ഥാനം നേടിത്തന്നു. കെ. രാധാകൃഷ്ണമേനോൻ (രാധേട്ടൻ) താമസിച്ചിരുന്ന വീടും പറമ്പുമാണ് രാമനാട്ടുകര സർവ്വോദയസംഘത്തിന്റെ ഓഫീസും പിന്നീട് സേവാമന്ദിരം സ്ക്കൂളുമായി മാറിയത്. ഗാന്ധിജിയോടൊപ്പം സേവാഗ്രാമത്തിൽ അന്തേവാസിയായിരുന്ന അദ്ദേഹം ഗാന്ധിജി വധിക്കപ്പെട്ടശേഷമാണ് കോഴിക്കോട് തിരിച്ചുവന്ന് രാമനാട്ടുകരയിൽ താമസമാക്കിയത്. 1950ൽ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിൽനിന്ന് നേരിട്ട് സ്വീകരിച്ച 5000 രൂപയുടെ ചെക്കും ഏതാനും പുസ്തകങ്ങളും അടിസ്ഥാനവിഭവമായി ആരംഭിച്ചതാണ് രാമനാട്ടുകര സേവാമന്ദിരം. ഇത് ഭൂദാന പ്രസ്ഥാനത്തിന്റെ കേന്ദ്രമായി തീർന്നതാണ് തത്സംബന്ധമായ മറ്റൊരു പ്രധാനസംഭവം. ഇതുമായി ബന്ധപ്പെട്ട് ആചാര്യവിനോബഭാവെ, ശങ്കർറാവുദേവ്, ജെ.പി. കൃപലാനി, ജയപ്രകാശ്നാരായണൻ തുടങ്ങിയ ദേശീയ നേതാക്കൾ ഇവിടെ വന്നിട്ടുണ്ട്. കൂടാതെ കെ. കേളപ്പന്റെ സജീവസാന്നിധ്യം കൊണ്ട് ധന്യമാണ് ഇവിടം.

കരിങ്കല്ലായി ദേശം ആധുനിക ചരിത്രത്തിലേക്കുണർന്നത് ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി വളർന്നുവന്ന കർഷകപ്രസ്ഥാനത്തിന്റെ ഉണർത്തുപാട്ടിലൂടെയാണ്. അതിന്റെ കേളികൊട്ട് 1946ൽ അഴിഞ്ഞിലത്ത് നടന്ന ഉശിരൻ വിളവെടുപ്പ് സമരമാണ്. സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ വളർച്ചയും ആരംഭിച്ചു. ഈർച്ചമിൽതൊഴിലാളികളും ഓട്ടുകമ്പനി തൊഴിലാളികളും ട്രേഡ്യൂനിയൻ പ്രവർത്തകരെന്ന നിലയിൽ ഉയർന്നുവന്ന് നാട്ടിൽ ഇടതുപക്ഷ പ്രസ്ഥാനം കെട്ടിപ്പടുക്കാൻ മുൻകയ്യെടുത്തു. പഞ്ചായത്തിലെ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെയും കർഷകസംഘത്തിന്റെയും പ്രവർത്തകരിൽ ശ്രീമാന്മാർ കെ.എം. വേലു എം.കെ. മാധവൻ, എൻ.സി. രാരു, എൻ.സി. വേലായുധൻ, പി. വാസു, പുല്പറമ്പിൽ ബാപ്പു, പാണ്ടികശാല മാനു, വാഴക്കാട്ട് അപ്പു, പാറോൽ കുഞ്ഞോലൻ വൈദ്യർ, കെ.പി. അലവിവൈദ്യർ, കുനിയിൽ തെക്കെ തൊടി അലവി, പി.ടി. അപ്പുണ്ണി എന്നിവർ സ്മരണീയരാണ്. അതുപോലെ മദ്രാസിൽ ഉപരിപഠനകാലത്ത് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ കമ്മ്യൂണിസ്റ്റ് പ്രവർത്തകനായ എം.കെ. വേലപ്പമേനോൻ പ്രഗത്ഭനായ ഒരു നേതാവും ഭരണകർത്താവുമായിരുന്നു. രാമനാട്ടുകരയിൽ നടന്ന ഐക്യകേരളം കൺവെൻഷന്റെയും സമ്മേളനത്തിന്റെ സംഘാടകനെന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനം ഏറെ ശ്രദ്ധിക്കപ്പെട്ടതാണ്. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാലപ്രവർത്തകരായ കെ.എം. ഗംഗാധരമേനോൻ, ടൈലർ കൃഷ്ണൻ, പി.എം. മൊയ്തീൻസാഹബ്, സി. ഇമ്പിച്ചിബാവ, കെ.എം.കോയ എന്നിവരുടെ സേവനവും പ്രത്യേകം പ്രസ്താവ്യമാണ്. പാണ്ടികശാല കുഞ്ഞലവി, അബൂബക്കർ, കളത്തിൽ ജാനകി അമ്മ, വാരിയത്ത് കമലാക്ഷിടീച്ചർ പാലാശ്ശേരി

ഇമ്പിച്ചി ഇവരുടെ പേരുകളും സ്മരണീയമാണ്.

സ്വാതന്ത്ര്യസമരവും ഐതിഹാസികങ്ങളായ മറ്റു ജനകീയ സമരങ്ങളും കത്തിപ്പടർന്ന നാളുകളിൽ രാമനാട്ടുകര പല ദേശീയ-ജനകീയ നേതാക്കൾക്കും ആതിഥ്യവും അഭയവും നൽകിയിട്ടുണ്ട്. എ.കെ. ഗോപാലൻ, മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബ്ബ്, കെ.എ. കേരളീയൻ, പി.കൃഷ്ണപിള്ള, പി.വി. കുഞ്ഞിക്കണ്ണൻ, ഇ.എം.എസ്.നമ്പൂതിരിപ്പാട്, കെ.ദാമോദരൻ തുടങ്ങിയ ജനനേതാക്കൾ ഒളിപ്പോരാളികളായും സമരമുഖങ്ങളിലേയും വേദികളിലേയും മിന്നുന്ന രാഷ്ട്രീയ താരങ്ങളായും ഇവിടെ അവരുടെ സാന്നിദ്ധ്യംകൊണ്ട് അനുഗ്രഹിച്ചിട്ടുണ്ട്. കൂടാതെ കേരള മന്ത്രിസഭയിലെ മന്ത്രിയായിരുന്ന എം.പി. ഗംഗാധരൻ രാമനാട്ടുകര സ്വദേശിയാണ്. രാമനാട്ടുകര പ്രൈമറി ഹെൽത്ത് സെന്ററിന്റെ 10 കിടക്കകളുള്ള ഒരു വാർഡ് അദ്ദേഹത്തിന്റേയും കുടുംബത്തിന്റേയും സംഭാവനയാണ്.

ഇങ്ങനെ പല സാമൂഹ്യ-സാംസ്കാരിക-രാഷ്ട്രീയ പ്രവർത്തകരും നേതാക്കളുമായ വ്യക്തികളിലൂടെ ഈ നാട് വിഖ്യാതമായി. മറ്റൊരു പ്രമുഖവ്യക്തിമാണ് ഈ നാടിനെ പ്രശസ്തിയിലേക്കുയർത്തിയ മൂലത്തിൽ ഉണ്ണിക്കുട്ടി വൈദ്യർ. രോഗനിർണ്ണയം, ഒറ്റമൂലിപ്രയോഗം, മരണലക്ഷണം മുതലായ കാര്യങ്ങളിൽ അദ്ദേഹം കാണിച്ച അതുല്യമായ വൈദഗ്ദ്ധ്യം പ്രസിദ്ധമാണ്. കൗതുകചിന്താമണി തുടങ്ങി ഒട്ടേറെ കൃതികളുടെ കർത്താവുമാണദ്ദേഹം. അദ്ദേഹത്തിന്റെ പേരിലാണ് വൈദ്യരങ്ങാടി അറിയപ്പെടുന്നത്. ഒട്ടേറെ ബഹുമതികൾ കരസ്ഥമാക്കിയ അദ്ദേഹം ഒരു ഗവേഷകൻ കൂടി ആയിരുന്നു എന്ന് അഭിമാനത്തോടെ നമുക്കോർക്കാം.

## ഭൂവുടമയിൽ വന്ന മാറ്റങ്ങളും കാർഷികമേഖലയുടെ നിലയും

വെലിപ്രം അംശത്തെ ഭൂമിയിൽ സിംഹഭാഗവും തൈക്കാട് വകയും പുലാപ്രവകയുമായിരുന്നു എന്ന് മുമ്പ് സൂചിപ്പിച്ചുവല്ലൊ. മറ്റേതാനും ജന്മികളും ദേവസ്വം ഉടമസ്ഥതയും ഉണ്ടായിരുന്നു. ജന്മിമാരിൽനിന്ന് ഭൂമിപാട്ടത്തിന് വാങ്ങി കൃഷി നടത്തിവന്ന കുടിയാന്മാരും അവരുടെ കീഴിലുള്ള ഇടക്കുടിയാന്മാരും ആയിരുന്നു ഇവിടത്തെ കൃഷിക്കാർ. പാട്ടക്കുടിയാന്മാർ കച്ചീട്ട് വച്ചോ വാക്കാലേല്പന പ്രകാരമോ ആണ് ഭൂമി കൈവശം വച്ച് പോന്നത്. കൈവശഭൂമിയിലെ സ്ഥിരാവകാശത്തിന് വേണ്ടി കേരളത്തിൽനടന്ന സമരങ്ങളുടെ അലകൾ കർഷകപ്രസ്ഥാനത്തിലൂടെ ഇവിടെയും ഉണ്ടായി. ജന്മിത്തം അവസാനിപ്പിച്ചുകൊണ്ട് കേരളനിയമസഭ പാസ്സാക്കിയ നിയമം 1970ൽ നടപ്പാക്കിയതോടെ ഭൂമിയുടെ യഥാർത്ഥ ഉടമാവകാശം കൈവശക്കാർക്കു ലഭിച്ചു. ഇത് ഭൂമിയുടെ ഉടമകളായ ഏതാനും പുതിയ ഭൂവുടമവർഗ്ഗത്തെ സൃഷ്ടിച്ചു. ഭൂപരിധി നിയമത്തിന്റെ പഴുതുകളുപയോഗിച്ച് പരിധിവ്യവസ്ഥ ലംഘിക്കപ്പെട്ട ഉദാഹരണങ്ങളുമുണ്ട്. ബഹുഭൂരിപക്ഷത്തിനും പരിമിതമായ അവരുടെ ഭൂമിയിൽ സ്ഥിരാവകാശം ലഭിച്ചത് സമൂഹത്തിൽ വലിയ മാറ്റങ്ങൾക്കിടവരുത്തിയിട്ടുണ്ട്. ഭൂകൈമാറ്റവും വീടുകളുടെയും മറ്റു കെട്ടിടങ്ങളുടെയും നിർമ്മാണവും ത്വരിതഗതിയിലായി. കിടപ്പാടം വിറ്റ് ഗൾഫ് നാടുകളിൽ തൊഴിൽതേടി പോകാനും മറ്റേതെങ്കിലും സംരംഭങ്ങൾ തുടങ്ങാനും മറ്റും കഴിഞ്ഞത് സമൂഹത്തിൽ വലിയ മാറ്റത്തിന് കാരണമായി.

കർഷകതൊഴിലാളികൾ കൂലി കൂടുതലിനുവേണ്ടിയും സാമൂഹിക അംഗീകാരത്തിനുവേണ്ടിയും നടത്തിയ സമരങ്ങൾ രാമനാട്ടുകരയിലും വീര്യമുണർത്തി. പരുത്തിപാറയിൽ നടന്ന സമരമാണ് സംഭവബഹുലമായത്. കുടികിടപ്പവകാശം സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടി കർഷകതൊഴിലാളിയൂനിയന്റെ നേതൃത്വത്തിൽ നടന്ന സമരങ്ങളും ശ്രദ്ധേയമാണ്. അന്യന്റെ ഭൂമിയിൽ കുടിൽകെട്ടി തലമുറകളായി താമസിച്ചുവന്നവർക്ക് 10 സെന്റ് ഭൂമിയിൽ കുടികിടപ്പവകാശം ലഭിച്ചത് സാമൂഹ്യമാറ്റത്തിന് ഒരളവോളം സഹായകരമായി. ഹരിജനവിഭാഗത്തിൽപെട്ട കർഷകതൊഴിലാളികളനുഭവിച്ച സാമൂഹ്യാവഗണന ഒരുപരിധിയോളം മാഞ്ഞുപോകാൻ ഈ കർഷകതൊഴിലാളി സമരങ്ങൾ സഹായിച്ചിട്ടുണ്ട്. അതുപോലെ സർവ്വോദയസംഘത്തിന്റെ പ്രവർത്തനവും മുസ്ലിംസമുദായത്തിന്റെ സാന്നിധ്യവും ഇക്കാര്യത്തിൽ കുറെ സഹായകരമായിട്ടുണ്ട്. കർഷകതൊഴിലാളികൾക്ക് മിനിമം കൂലിയും പെൻഷൻ

പദ്ധതിയും നടപ്പിലായെങ്കിലും കൃഷിനടത്തിപ്പിൽനിന്ന് കർഷകർ പിൻവാങ്ങിത്തുടങ്ങിയത് ഈ മേഖലയിൽ തൊഴിലവസരങ്ങൾ കുറച്ചു. കൃഷിയുമായി ബന്ധപ്പെട്ട തൊഴിൽ അന്തസ്സിന് ചേർന്നതല്ലെന്ന ഒരു മിഥ്യാധാരണ പരന്നുവരികയാണ്.

## വിപണികൾ, ഉത്സവങ്ങൾ

രാമനാട്ടുകര ടൗൺ ആണ് പഞ്ചായത്തിലെ പ്രധാന അങ്ങാടി. പെട്ടെന്നു വളർന്നു വികസിച്ച ഈ ടൗൺ പഴയകാലത്ത് വളരെ ചെറിയ അങ്ങാടിയായിരുന്നു. കോടമ്പുഴ അങ്ങാടിക്കും പഴക്കമുണ്ട്. ഫറോക്ക് കോളേജ് പരുത്തിപ്പാറ അങ്ങാടികൾ അധികം പഴക്കമുള്ളവയല്ല. ഈ ദേശത്തിന്റെ വിപണിയിൽ ചരിത്രദൃഷ്യാ ഏറ്റവും പ്രസക്തം 'ബുധനാഴ്ച' ചന്തയാണ്. അതിപുരാതനകാലം മുതൽ കാർഷിക - കൈത്തൊഴിൽ ഉല്പന്നങ്ങളുടെ കൈമാറ്റം നടന്നത് ചന്തകൾ വഴിയാണെന്ന് തീർച്ച. ബാർട്ടർ അടിസ്ഥാനത്തിൽ വിപണനം നടന്ന പഴയകാലത്തും ഈ ചന്ത ഉണ്ടായിരുന്നിരിക്കണം. വളരെ ദൂരെനിന്ന് ചന്തയിലേക്ക് ആളുകൾ വന്നിരുന്നതായി കാണാം. ചരിത്രത്തിന്റെ ഈ തുടർച്ച നിലനിർത്തുകയും വികസിപ്പിക്കുകയും വേണ്ടതാണ്. I.R.D.P. ഉല്പന്നങ്ങളുടെ വിപണനകേന്ദ്രമായി ഇതിനെ വികസിപ്പിക്കാം.

കൊല്ലംതോറും കാവുകളിൽ ദേവപ്രീതിക്കായി നടത്തിവരാറുള്ള തിറയുത്സവങ്ങൾ ജനപങ്കാളിത്തത്തിന്റേയും കൂട്ടായ്മയുടേയും വേദികളായിരുന്നു. മുള്ളാശ്ശേരിക്കാവിലേയും കോടശ്ശേരിക്കാവിലേയും നെല്ലിക്കോട്ടുകാവിലേയും താലപ്പൊലി ഈ പ്രദേശത്തിന്റെ ഉത്സവങ്ങളായിരുന്നു. വളരെ ദൂരെനിന്ന് കാൽനടയായി ഇവിടെ ആളുകൾ വന്നു ചേർന്നിരുന്നതും പാടിയും ആടിയും രസിച്ചിരുന്നതും സാധനങ്ങൾ കൈമാറിയിരുന്നതും ഒരോർമ്മയായി ഈനാട് ഇന്നും സൂക്ഷിക്കുന്നു. കൂടാതെ പുല്ലുംകുന്നിലെ മൈതാനിനേർച്ച, ഫാറൂഖ്കോളേജ് റോഡിലെ കുറ്റിയിൽ നേർച്ച, തോട്ടുങ്കൽ ബദർശുഹദാക്കളുടെ ആണ്ടുനേർച്ചയും അന്നദാനവും പ്രത്യേകം എടുത്തുപറയത്തക്കതാണ്.

## ഭരണചരിത്രം

1961 ഡിസംബർ 31 വരെ മലബാർ ജില്ലാ ബോർഡിന്റെ കീഴിലായിരുന്നു വെലിപ്രം അംശം. മാത്രമല്ല അന്ന് തിരൂർ താലൂക്കിൽ തിരൂരങ്ങാടി വികസന ബ്ലോക്കിന്റെ പരിധിയിലുമായിരുന്നു. അങ്ങിനെ ആ 'വെലിപ്രം' അംശം 1.1.62 മുതൽ രാമനാട്ടുകര വില്ലേജ് പഞ്ചായത്തായി രൂപാന്തരപ്പെട്ടു.

1.1.62 മുതൽ 31.12.63 വരെ ഉദ്യോഗസ്ഥഭരണമായിരുന്നു. പ്രസ്തുത ഭരണകാലത്ത് രാമനാട്ടുകര പഞ്ചായത്ത് വാടക നൽകിക്കൊണ്ടും ആവശ്യമായ ഫർണിച്ചർ നല്കിയും സർക്കാർ ഡിസ്പൻസറി ആരംഭിച്ചു. പഞ്ചായത്ത് ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിന്നുള്ള സ്ഥലം കൃഷ്ണമേനോൻ സ്മാരക വായനശാലാ കമ്മറ്റി സൗജന്യമായി നൽകിയതാണ്.

ജില്ലാ ബോർഡിൽനിന്ന് വിട്ടുകിട്ടിയിരുന്ന വണ്ടിപേട്ട എന്ന സ്ഥലത്തായിരുന്നു ആഴ്ച ചന്ത നടത്തിയിരുന്നത്.

1.1.64 മുതൽ തിരഞ്ഞെടുക്കപ്പെട്ട ഏഴു മെമ്പർമാരും മെമ്പർമാരാൽ നോമിനേറ്റ് ചെയ്യപ്പെട്ട ഒരു വനിതയുമടക്കം 8 പേരുള്ള ഭരണസമിതി നിലവിൽവന്നു. എം.കെ. വേലപ്പമേനോൻ പ്രസിഡണ്ടും, കെ.പി. ഗോപാലമേനോൻ, പി.ടി. അപ്പുണ്ണി, പി. കാരി, എം.കെ. ഇമ്പിച്ചിബാവ, എം.എം.ഇമ്പിച്ചുട്ടി, കെ.എം. ദമയന്തി, കെ. ശ്രീധരൻനായർ എന്നിവർ മെമ്പർമാരും.

വർഷങ്ങൾക്ക് ശേഷം നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫിന്നും എൽ.ഡി.എഫിന്നും 4 വീതം സീറ്റ് കിട്ടിയതിനാൽ നറുക്കെടുപ്പിലൂടെ 28. 9. 1979ൽ എം.ജമീല പ്രസിഡണ്ടും, കെ. മുഹമ്മത്കോയഹാജി, കെ. മാനുക്കുട്ടൻ, പള്ളിയാളി ശ്രീധരൻ, കെ. ശങ്കരൻ, ഏ.പി. ഇമ്പിച്ചികോയ ഹാജി, എം.കെ. ഗോപാലൻ, കെ.കെ. രാജഗോപാലൻ മെമ്പർമാരുമായുള്ള ഭരണസമിതി അധികാരമേറ്റു. ഇടയ്ക്കുവെച്ച് അവിശ്വാസപ്രമേയം മൂലം ശ്രീമതി ജമീല പുറത്താകുകയും കെ. മുഹമ്മദ്കോയ ഹാജി പ്രസിഡണ്ടാവുകയും ചെയ്തു.

പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ യു.ഡി.എഫ് വിജയിച്ച് 5.2.1988ൽ പി. ചന്തുക്കുട്ടി പ്രസിഡണ്ടായി പുതിയ ബോർഡ് നിലവിൽവന്നു.

സി.രാധാഭായ്, കെ. ശങ്കരൻ, എ. മുസ്സക്കോയ, പി.എം. കുമാരൻ, കെ.എം. രാമചന്ദ്രൻ, കെ. മാനു ക്കൂട്ടൻ, കെ.പി. അബൂബക്കർ, പി. അമ്മു, കെ.മുഹമ്മദ്കോയ ഹാജി എന്നിവർ മെമ്പർമാർ.

31.1.90ന്ന് പി. ചന്തുക്കുട്ടിമാസ്റ്റർ രാജിവെക്കുകയും 15.3.90ന്ന് കെ. മുഹമ്മദ്കോയ ഹാജി പ്രസിഡണ്ടാവുകയും ചെയ്തു. 26.3.94ന്ന് നിലവിലുള്ള ഭരണസമിതിയെ അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റിയാക്കി അതിന്റെ പ്രസിഡണ്ടായി പി. ചന്തുക്കുട്ടിയെ തിരഞ്ഞെടുത്തു.

അതിന്നുശേഷം നടന്ന തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് വിജയിക്കുകയും പള്ളിയാളി ശ്രീധരന്റെ നേതൃത്വത്തിലുള്ള ഭരണസമിതി 30.9.95ന്ന് ഭരണമേല്ക്കുകയും ചെയ്തു. അസ്സൻമാനു, സി.കെ. അബൂബക്കർ, പറമ്പിൽ ബേബി, ടി.പി. ശശിധരൻ കെ. പത്മിനി, കെ.എം. രാമചന്ദ്രൻ, എം.കെ.ഗീത, കദീജ മുഹമ്മദലി, കെ. പ്രകാശൻ, കെ. മുഹമ്മത്കോയഹാജി എന്നിവർ മെമ്പർമാർ. പുതിയ ഭരണസമിതി താഴെ പറയുന്ന പ്രധാന പ്രവർത്തികൾക്ക് തുടക്കം കുറിച്ചു.

1. പഞ്ചായത്ത് ഓഫീസ്സ് ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിൽനിന്ന് മാറ്റാനുള്ള പ്രവർത്തനം ആരംഭിച്ചു.

2. മാർക്കറ്റ് സൈറ്റിൽ പണംകൊടുത്ത് ഉപയോഗിക്കുന്ന കക്കൂസ്, കുളിമുറി സ്ഥാപിച്ചു.

3. ലൈസൻസില്ലാത്ത കച്ചവടക്കാർക്കും സ്ഥാപനങ്ങൾക്കും ലൈസൻസ് നിർബന്ധമാക്കി.

4. കേടുവന്നിരുന്ന മുഴുവൻ കിണറുകളും നന്നാക്കി.

5. നാലുസെന്റ് കോളനിയിലെ അനധികൃത കയ്യേറ്റം ഒഴിവാക്കി.

6. വർഷങ്ങളോളം നീണ്ടുനിന്ന മാർക്കറ്റ് കേസ്സ് രമ്യമായി പരിഹരിച്ചു.

7. ജപ്പാനീസ് മസ്തിഷ്ക ജ്വരം തടയുന്നതിന് സത്വരനടപടികൾ ആരംഭിച്ചു.

8. എട്ട് പബ്ലിക് ടെലഫോൺ ബൂത്തുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കാൻ തീരുമാനിച്ചു.

9. രാമനാട്ടുകര അങ്ങാടിയിലെ തെരുവ് കച്ചവടം നിർത്താനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചു.

10. ചപ്പുചവറുകൾ നിക്ഷേപിക്കാൻ സ്വന്തമായി സ്ഥലം വാങ്ങാൻ തീരുമാനിക്കുകയും അതിന്റെ നടപടികൾ ഏതാണ്ട് പൂർത്തീകരിക്കുകയും ചെയ്തു.

11. കാർഷികവികസനത്തിന്റെ ഭാഗമായി ട്രാക്ടർ വാങ്ങുവാൻ തീരുമാനിച്ചു.

12. കോലോർ കുന്നിൽ ശുദ്ധജല വിതരണത്തിന് മിനി വാട്ടർ ടാങ്ക് സ്ഥാപിച്ചു.

13. മൃഗാശുപത്രി സ്ഥാപിച്ചു.

14. പച്ചക്കറി വികസനത്തിന് സൗജന്യമായി വിത്തുകൾ വിതരണം ചെയ്യുവാൻ തീരുമാനിച്ചു.

15. അലഞ്ഞുതിരിഞ്ഞു നടക്കുന്ന കന്നുകാലികളുടെ ശല്യം അങ്ങാടിയിൽനിന്ന് പൂർണ്ണമായി ഒഴിവാക്കി.

16. 1996 ആഗസ്റ്റ് 15 മുതൽ പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ചികിത്സാസൗകര്യം ലഭ്യമാകുന്ന "ജനാരോഗ്യ ഭീമാ പോളിസി" പഞ്ചായത്ത് ധനസഹായത്തോടെ നടപ്പാക്കി.

# ഭൂപ്രകൃതി ജനം ജലം

രാമനാട്ടുകര പഞ്ചായത്തിന്റെ അതിർത്തികൾ ഫറോക്ക്, ചേലേമ്പ്ര, വാഴയൂർ, ചെറുകാവ് എന്നീ നാലു പഞ്ചായത്തുകളാണ്. വടക്കുപടിഞ്ഞാറ് ഭാഗത്തെ തഴുകിയൊഴുകുന്ന ജല നിർഭരയായ ചാലിയാറും ചുറ്റും കുന്നുകളും നടുവിൽ താഴ്‌വരയും, വയലേലകളുമായി നിലകൊള്ളുന്ന ഈ ഗ്രാമം വിഹഗവീക്ഷണത്തിൽ പാതിവിടർന്ന ഒരു താമരയുടെ പ്രതീതിയാണ് ഉളവാക്കുന്നത്. തികച്ചും ഭദ്രമായ ഒരു ഭൂതകാലത്തെ ഈ കുന്നുകളുടെ താഴ്‌വാരങ്ങൾ ഉള്ളിലൊതുക്കുന്നു. കുന്നുകളുടെ താഴ്‌വാരങ്ങളിലടിഞ്ഞുകൂടുന്ന ഫലസമൃദ്ധി മുഴുവൻ ചൂഷണ വിധേയമാകാത്തതുകൊണ്ട് പ്രകൃത്യായുള്ള സമൃദ്ധി ഇവിടെ സമതുലിതമായി വീതിക്കപ്പെടുന്നില്ല.

### കുന്നുകൾ

പരക്കെ അറിയപ്പെടുന്ന ഏഴു കുന്നുകളാണുള്ളത്. ഏറ്റവും വലിയ കുന്നിന് ഏകദേശം 120 മീറ്റർ ഉയരം വരും. പണ്ട് ഇതിന്റെ ഓരം ചേർന്ന് ഒരു പുഴ ഒഴുകിയിരുന്നതായി പഴമക്കാർ പറയുന്നു. വെറുമൊരു ഊഹം മാത്രമായി ഇതിനെ അവഗണിക്കാൻ പറ്റുകയില്ല. കാരണം ഇത്തിളാംകുന്ന് എന്ന പേരിൽ അറിയപ്പെടുന്ന ഈ കുന്ന് കുഴിച്ചാൽ ഇപ്പോഴും ധാരാളമായി ഇത്തിൾ കാണപ്പെടുന്നു. ആ കുന്നിന്റെ മുകളിൽ സ്ഥിതി ചെയ്യുന്ന 11 ലക്ഷം ലിറ്റർ ശേഖരണശേഷിയുള്ള വാട്ടർടാങ്ക് ഡാനിഡയുടെ സഹായത്തോടെ നിർമ്മിക്കപ്പെട്ടതാണ്. ഈ വാട്ടർടാങ്കിൽ നിന്ന് രാമനാട്ടുകരയ്ക്കും സമീപ പഞ്ചായത്തുകൾക്കും വേണ്ടിവരുന്ന ജലാവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമാണ്. ഈ മലയുടെ മുകളിൽനിന്നും നോക്കിയാൽ കോഴിക്കോട് ജില്ലയുടെ പ്രകൃതിരമണീയമായ തെക്കൻഭാഗങ്ങൾ വ്യക്തമായി കാണാൻ കഴിയുന്നു. അതിനാൽ ഇത് ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി വികസിപ്പിക്കുവാൻ വേണ്ട പദ്ധതികൾ പഞ്ചായത്ത് തയ്യാറാക്കി കഴിഞ്ഞിട്ടുണ്ട്. പുല്ലുംകുന്ന്, പാലക്കൽകുന്ന്, പട്ടായികുന്ന്, കോലോർകുന്ന്, മുട്ടുംകുന്ന്, ചിറക്കാംകുന്ന് എന്നിവയാണ് മറ്റുകുന്നുകൾ. ഇവ കൂടാതെ ചാലിയാറിന്റെ അരികിലായി ഉയർന്നു നിൽക്കുന്ന ഫാറൂഖ്കോളേജ് എന്ന ഉന്നതവിദ്യാപീഠം ഉൾക്കൊള്ളുന്ന കുന്നും എടുത്തു പറയേണ്ടതാണ്. വയനാട് ചുരത്തിന്റെ അടിവാരത്തെ അനുസ്മരിക്കുന്ന 'അടിവാരം' എന്ന പേരാണ് ഈ കുന്നിന്റെ താഴ്‌വാരത്തിനുള്ളത്. ഈ കുന്നിൻ പ്രദേശം ഇരുമൂളിപ്പറമ്പ് എന്ന പേരിലാണ് അറിയപ്പെടുന്നത്. രാമനാട്ടുകരയുടെ തെക്കുകിഴക്ക് കേന്ദ്രീകരിച്ചാണ് കുന്ന് കൂടുതലും നിലകൊള്ളുന്നതെങ്കിലും വടക്കുപടിഞ്ഞാറു ഭാഗത്തും കുന്നുകൾ ഇല്ലാതില്ല. പാടങ്ങളും കുന്നുകളുമാണ് കൂടുതൽ ഭാഗത്തും കാണപ്പെടുന്നത്. വടക്ക് അറപ്പുഴ ഭാഗത്തുനിന്ന് ചാലിയാറിൽനിന്നും ഒരു കൈവഴി തൈക്കാട്ടു ക്ഷേത്രത്തിനരികിലൂടെ സേവാമന്ദിരം സ്ക്കൂൾ, പരിഹാരപുരം ക്ഷേത്രം ഇവയുടെ പടിഞ്ഞാറുഭാഗത്ത് ഇത്തിളാംകുന്നിനെ സ്പർശിച്ച് ഒഴുകിയിരുന്നതായും ആ പുഴയെ രാവണാറ് എന്ന് സംബോധന ചെയ്തിരുന്നതായും അതുകൊണ്ട് ആ സ്ഥലം രാവണാറ്റുകര - രാമനാട്ടുകര എന്ന പേരിൽ അറിയപ്പെട്ടിരുന്നതായി കാരണവന്മാർ അഭിപ്രായപ്പെടുന്നു.

ഭൂപ്രകൃതി അനുസരിച്ച് രാമനാട്ടുകരയെ 7 മേഖലകളായിത്തിരിക്കാം.

1. കുന്നിന്റെ മുകൾഭാഗത്ത് കാണപ്പെടുന്ന ഫലസമൃദ്ധമായ സ്ഥലം.
2. സമതലം.
3. താഴ്‌വര
4. വെള്ളം കയറുന്ന മേഖല

5. വെള്ളം കെട്ടികിടക്കുന്ന സ്ഥലം
6. പാറക്കെട്ട്
7. പുഴയോരം

ഉയർന്ന കുന്നിൻപ്രദേശങ്ങൾ ആകെ ഭൂവിസ്തൃതിയുടെ 20% വരും. കൂടാതെ ചെരിവ് 35% വയലുകൾ 28% ജലാശയങ്ങൾ 2% മറ്റു ഭൂവിഭാഗങ്ങൾ 15% വരും. ഇടമഴകൾ ദുർല്ലഭമാണ്.

## ജനം

1991ലെ സെൻസസ് പ്രകാരം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 25672 ആണ്. അതിൽ സ്ത്രീകൾ 12806, പുരുഷന്മാർ 12,866 ആണ്. ഇത് അഖിലേന്ത്യ അനുസരിച്ച് നോക്കുമ്പോൾ പുരുഷന്മാരേക്കാൾ 60 സ്ത്രീകൾ കുറവായി കാണുന്നു. ആകെ വീടുകൾ 4176. അക്ഷരാഭ്യാസം ചെയ്ത പുരുഷന്മാർ 81.69% സ്ത്രീകൾ 76.84% ആണ്. ആകെ വിസ്തൃതി 11.71 Sq.km. വാർഡുകൾ 11 രാമനാട്ടുകര പഞ്ചായത്തിലെ പട്ടികജാതി വീടുകൾ 536 ആകെ പട്ടികജാതി പുരുഷന്മാർ 1505ഉം സ്ത്രീകൾ 1449ഉം ആണ്. ആകെ സ്ത്രീപുരുഷന്മാർ 2954. അവർക്കിടയിലെ വിദ്യാഭ്യാസം 73% ആണ്. പട്ടികവർഗ്ഗവിഭാഗത്തിൽ 2 പുരുഷന്മാരുൾപ്പെടെ 3 പേരും ഉണ്ട്. അവരുടെ വിദ്യാഭ്യാസ ശതമാനം 42 ആണ്.

സ്വാതന്ത്ര്യസമരചരിത്രത്തിൽ പങ്കെടുത്തവരിൽ താഴ്ന്ന കുലത്തിൽ ജനിച്ചവർ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു.

## പാടശേഖരങ്ങൾ

പാടങ്ങൾ കൊണ്ട് സമൃദ്ധമാണ് രാമനാട്ടുകര. പാടങ്ങളിൽ ചിലത് കൃഷിയോഗ്യമല്ലാതാവുകയും ചിലത് തെങ്ങിൻതോപ്പുകളായി രൂപാന്തരപ്പെടുകയും ചെയ്തിട്ടും ഇന്നും രാമനാട്ടുകരയിൽ നെല്പാടങ്ങൾ ധാരാളമായി കാണപ്പെടുന്നു. ഇവിടെ കരഭൂമി 764.26ഉം നിലം 406.85 ഹെക്ടറും ഉണ്ട്. (ആകെ 1171.11) ഇതിൽ കൃഷിഭൂമി 762.23 കൃഷിയോഗ്യമല്ലാത്ത 355.34. കൃഷി ചെയ്യാത്ത 53.54 ഹെക്ടറും സ്ഥലം ഉണ്ട്.

റോഡിന്റെ കിഴക്കുഭാഗത്തു സ്ഥിതി ചെയ്യുന്ന അടുമാറിപ്പാടം, പടിഞ്ഞാറു ഒറ്റത്തെങ്ങുനിലം, ചാലി നിലം, പാലക്കൽപ്പുരിപ്പാടം, വിരിപ്പാടം, തുമ്പപ്പാടം, കൊളങ്ങരപ്പാടം, കൊയ്ത്തലപ്പാടം, കരിങ്കല്ലായ്പാടം, ഇത്തിളാംകുന്നുപാടം, വടക്കേ വീട്ടിൽത്താഴം പാടം, കുറ്റിക്കാട്ടിൽ,ത്താഴം, ചാലിപ്പാടം എന്നിവയാണ് പ്രധാനപാടങ്ങൾ.

## ജനസംസ്കൃതി.

രാമനാട്ടുകരയിലെ ജനസംസ്കൃതി നാലു വിഭാഗത്തിൽപ്പെടുന്നു. പഴക്കമേറിയ സംസ്കാരവും ആചാര്യമര്യാദകളും വച്ചു പുലർത്തുന്ന മലയാളത്തിൽനിന്നും വ്യത്യസ്തമായ ഭാഷാപ്രയോഗങ്ങൾ സ്വീകരിച്ചിട്ടുള്ള കുമ്പാരന്മാർകൂടി കഴിയുന്ന കുടിയിടങ്ങൾ രാമനാട്ടുകരയുടെ കൊടക്കല്ലുപ്പറമ്പ് കുറ്റൂലങ്ങാടി, കുശവരങ്ങാടി എന്നീ ഭാഗങ്ങളിലും മറ്റും കാണുന്നു. അവർ സാമ്പത്തികമായി പിന്നോക്കമാണെങ്കിലും ആഢ്യത പുലർത്തുന്ന ഒരു ജനവിഭാഗമാണ്. രാമനാട്ടുകരയുടെ പടിഞ്ഞാറുഭാഗത്തായി കാണുന്ന ഗ്രാമീണജീവിതം പെട്ടെന്ന് ഇണങ്ങുകയും പിണങ്ങുകയും ചെയ്യുന്ന നാടൻ സംസ്ക്കാര ശൈലി അവിടങ്ങളിൽ ദൃശ്യമാണ്.

റൗസത്തുൽ ഉലൂം അസോസിയേഷന്റെ കീഴിലുള്ള വിദ്യാലയങ്ങളുടെ ഒരു ശൃംഖല രൂപപ്പെടുത്തിയെടുത്ത നഗരസംസ്കൃതിയുടെ ഒരടരും ഇവിടെ കാണാം. രാമനാട്ടുകര കേന്ദ്രമാക്കി രൂപപ്പെട്ട ഒരു സമ്മിശ്ര സംസ്ക്കാരവും കൂടിച്ചേരുമ്പോൾ വൈവിധ്യപൂർണ്ണമായ ഒരു ജനസംസ്കൃതി ഇവിടെ കാണാം. സർവ്വോദയപ്രസ്ഥാനത്തിന്റെ നെടുംതൂണായ രാധേട്ടൻ, ആദ്യത്തെ പഞ്ചായത്തു പ്രസിഡണ്ടായ വേലപ്പമേനോൻ എന്നിവർ രാമനാട്ടുകരയുടെ ചരിത്രത്തിന് മിഴിവേകുന്നു. ജാതിവ്യത്യാസത്തിന്റെ തീക്ഷ്ണത കുറയ്ക്കാൻ ഇവരേപ്പോലെ മറ്റുള്ളവരുടെ പ്രവർത്തനങ്ങൾക്കും കഴിഞ്ഞിട്ടുണ്ട്. മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ വേരോട്ടം കൂടുതൽ ഈ മണ്ണിൽ ആഴ്ന്നിറങ്ങിയിട്ടുണ്ട്.

## ജലപ്രകൃതി

ജൂൺ, ജൂലൈ മാസങ്ങളിലാണ് മഴ ധാരാളമായി ലഭിക്കുന്നത്. ഇടമഴകൾ കാര്യമായി ലഭിക്കാറില്ല. ഈ പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ മഴപെയ്യുമ്പോൾതന്നെ ചില ഭാഗങ്ങളിൽ മഴ കുറഞ്ഞുകാണുന്നു. കാലാവസ്ഥയുടെ പ്രകടമായ മാറ്റം കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ


ദൃശ്യമാണ്. പാടശേഖരങ്ങളിലും കരഭാഗങ്ങളിലും പെട്ട 31 ഏക്കറോളം സ്ഥലം നാഷണൽ ഹൈവേക്കു രാമനാട്ടുകര പഞ്ചായത്തിൽ വിട്ടുകൊടുത്തിട്ടുണ്ട്.

## കുളങ്ങൾ


രാമനാട്ടുകര പഞ്ചായത്തിൽ വ്യാപകമായ രീതിയിൽതന്നെ കുളങ്ങൾ കാണപ്പെടുന്നു. കുന്നിൻചരിവുകളിലും കുന്നിൻമണ്ടകളിലും വയലേലകളിലും ധാരാളമായി ഈ ജലസ്രോതസ്സുകൾ ഉണ്ട്. നീർത്തടപദ്ധതിക്ക് അനുയോജ്യമായ ജലശൃംഖല ചില സ്ഥലങ്ങളിൽ ദൃശ്യമാണ്. ഏതു കാലാവസ്ഥയിലും പച്ചക്കറി കൃഷി നടത്താൻ സാധിക്കുന്ന സ്ഥലങ്ങളും ഉണ്ട്.

1. ചിറക്കാംകുളം
2. പാലക്കൽ കുളം
3. പാണ്ടൻകുളം.
4. പട്ടായിക്കുളം
5. കുളപ്പൊറ്റയിൽകുളം.
6. പാലക്കൽപ്പുരികുളം.
7. ഏലോത്തുകുളം.


ഇവയാണ് പ്രധാനകുളങ്ങൾ. കൂടാതെ സ്വകാര്യവ്യക്തികളുടെ കൈവശത്തിലുള്ള കുളങ്ങളും ഉണ്ട്. രാമനാട്ടുകര പഞ്ചായത്തിലെ ഏറ്റവും വലിയ കുളം ചിറക്കാം കുളമാണ്. ചിറക്കാം കുന്നിന്റെ കിഴക്കേ പാർശ്വത്തിലാണ് നിലക്കാത്ത നീരുറവയിൽനിന്നും രൂപപ്പെട്ട ഈ കുളം. കുന്നിന്റെ മുകൾഭാഗത്ത് വാട്ടർടാങ്ക് സ്ഥിതിചെയ്യുന്നു. ഈ പഞ്ചായത്തിന്റെ ജലാവശ്യം നിറവേറ്റാൻ ശാസ്ത്രീയമായ സംസ്ക്കരണത്തിലൂടെ ഈ കുളത്തിനു കഴിയും. ഏതായാലും ഒരു കാര്യം തീർച്ച. രാമനാട്ടുകര പഞ്ചായത്തിലെ ജലസമ്പത്ത് വികസനപ്രസ്ഥാനത്തിന് ഒരു മുതൽക്കൂട്ടായിരിക്കുമെന്ന് ഉറപ്പിക്കാം. നീലിത്തോട് രാമനാട്ടുകരയുടെ ചരിത്രസംസ്ക്കാരത്തിന്റെ ഭാഗമാണ്. അത് അനശ്വരമായി നിലനിർത്താൻ ഒരു കളിപ്പൊയ്ക നിർമ്മിക്കുവാനുള്ള ആഗ്രഹവുമായി പഞ്ചായത്ത് മുന്നോട്ടുപോകുകയാണ്.



# വികസനമേഖലകൾ











# കൃഷിയും ജലസേചനവും

11.78 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള രാമനാട്ടുകര ഗ്രാമപഞ്ചായത്തിൽ കുന്നിൻപ്രദേശങ്ങളും, ഉയർന്ന സമതലങ്ങളും, കുന്നിൻചരിവുകളും, താഴ്വരകളും, ചതുപ്പു നിലങ്ങളും ഉണ്ട്. കരിമ്പാറകളും, ചെങ്കൽപാറകളും, ചരൽമണ്ണും, മണൽ കലർന്ന പശിമരാശി മണ്ണും, എക്കൽമണ്ണും, കളിമണ്ണും എല്ലാം ഇവിടെ കാണാം. മൊത്തത്തിൽ വിവിധ കാർഷികവിളകൾക്ക് അനുയോജ്യമാണ് മണ്ണ്. കണ്ണെത്താദൂരത്തോളം പരന്ന് കിടന്നിരുന്ന നെൽവയലുകളെല്ലാം ഇന്ന് ഓർമ്മകൾ മാത്രം. തെങ്ങ് കൃഷിക്കുവേണ്ടിയും, കെട്ടിടനിർമ്മാണത്തിനുവേണ്ടിയും മറ്റും വയലുകൾ നികത്തി, നെല്ലിന്റെ ഉല്പാദനം നാമമാത്രമായി. നെൽവയലുകൾ നികത്തുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയില്ലെങ്കിൽ അവ പൂർണ്ണമായും അപ്രത്യക്ഷമാകും. ഭൂമിയുടെ ഉടമസ്ഥാവകാശം ജന്മിമാരിൽ നിന്ന് കൈവശക്കാരിലേക്ക് മാറിയപ്പോൾ കാർഷിക വിളകളുടെ വർദ്ധനവാണ് സ്വാഭാവികമായും പ്രതീക്ഷിച്ചിരുന്നത്. എന്നാൽ സംഭവിച്ചത് മറിച്ചാണ്. കൃഷിഭൂമി വിവരം പട്ടിക 1(1)ൽ കൊടുത്തിരിക്കുന്നു. കൈവശഭൂമിയുടെ വിവരം പട്ടിക 1(2)ൽ ചേർത്തിരിക്കുന്നു. ഭൂവിതരണം വാഡ് തിരിച്ച് പട്ടിക 1(3)ൽ കാണിച്ചിരിക്കുന്നു.

മണ്ണിന്റെ തരവും ഗുണവും കാലാവസ്ഥയും മനസ്സിലാക്കിയിരുന്ന കർഷകർ അതിനനുസരിച്ച് വിത്തുകൾ ഇറക്കുകയും യോജിച്ച വളപ്രയോഗം നടത്തുകയും ചെയ്തിരുന്നതിനാൽ പരമാവധി നെല്ലുല്പാദനം ഉണ്ടായിരുന്നു. തെക്കൻ ചീര, ചിറ്റേനി, തെക്കൻ, ചെന്നെല്ല്, കുട്ടായികൊടിയൻ, എന്നീ നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നത്. ഉപ്പുവെള്ളപ്രദേശങ്ങളിൽ പാണ്ടി എന്നൊരു പ്രത്യേക വിത്തിനവും ഉപയോഗത്തിലുണ്ടായിരുന്നു. ചാണകം, ചാരം, പച്ചില തുടങ്ങിയ ജൈവവളങ്ങളും

പട്ടിക 1 (1): കൃഷിഭൂമിയുടെ വിസ്തീർണ്ണം (ഹെക്ടറിൽ)

| തെങ്ങ് | നെല്ല് | | | ആകെ |
|---|---|---|---|---|
| | വിരിപ്പ് | മുണ്ടകൻ | പുഞ്ച | |
| 778 | 40 | 60 | 5 | 105 |

പട്ടിക 1 (2): ഭൂവിതരണം

| ക്രമനമ്പർ | വിസ്തീർണ്ണം | കൃഷിക്കാരുടെ എണ്ണം |
|---|---|---|
| 1 | 1 സെന്റ് മുതൽ 10 സെന്റ് വരെ | 832 |
| 2 | 10 ,, 25 ,, | 1278 |
| 3 | 25 ,, 50 ,, | 1025 |
| 4 | 50 ,, 1 ഏക്കർ വരെ | 510 |
| 5 | 1 ഏക്കർ മുതൽ 2 ,, | 218 |
| 6 | 2 ,, 5 ,, | 66 |
| 7 | 5 ഏക്കറിനുമേൽ | 9 |
| | ആകെ | 3938 |

പട്ടിക (3): ഭൂവിതരണം വാർഡുകളിൽ

| വാർഡ് | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിടകർഷകർ 1-2 ഹെക്ടർ | വൻകിട കർഷകർ (2 ഹെക്ടറിനുമേൽ) | ആകെ |
|---|---|---|---|---|
| 1 | 375 | 2 | - | 377 |
| 2 | 352 | 3 | 2 | 357 |
| 3 | 323 | 3 | - | 326 |
| 4 | 334 | 3 | - | 337 |
| 5 | 354 | - | - | 354 |
| 6 | 362 | 3 | - | 365 |
| 7 | 343 | 1 | 3 | 347 |
| 8 | 367 | 8 | 2 | 377 |
| 9 | 322 | 16 | 2 | 340 |
| 10 | 383 | 5 | - | 388 |
| 11 | 368 | 2 | - | 370 |
| ആകെ | 3883 | 46 | 9 | 3938 |

യഥാസമയം ഉപയോഗിച്ചിരുന്നു. കൃഷിഭൂമിയ അശാസ്ത്രീയമായി ഉപയോഗിക്കുവാൻ തുടങ്ങിയതോടെ നെല്ലുല്പാദനം വളരെ കുറഞ്ഞു. ജനസംഖ്യാവർദ്ധനവ് കൃഷിഭൂമിയെ ദുരുപയോഗം ചെയ്യുന്നതിന് ആക്കം കൂട്ടുകയും ചെയ്തു. കർഷകത്തൊഴിലാളികളുടെ ക്ഷാമവും, ഉയർന്ന കൂലിനിരക്കും, ജൈവവളക്ഷാമവും, കാർഷിക ഉല്പന്നങ്ങളുടെ വിലക്കുറവും എല്ലാം കാർഷികവൃത്തിയിൽനിന്ന് ആളുകളെ മാറ്റിനിർത്തി. പഴയ കാർഷികപ്രവർത്തനങ്ങളിൽ കാര്യമായ മാറ്റം വന്നു. പുതിയ വിത്തിനങ്ങൾ സുലഭമെങ്കിലും രാസവളപ്രയോഗത്തിലും കീടനാശിനി പ്രയോഗത്തിലുമുള്ള അജ്ഞത കാരണം കർഷകർക്ക് വേണ്ടത്ര ഗുണം ലഭിച്ചില്ല. ജലസേചനത്തിനുപയോഗിച്ചിരുന്ന ഏത്തം, തേക്കൊട്ട തുടങ്ങിയ സംവിധാനങ്ങൾ പമ്പുസെറ്റുകൾക്ക് വഴിമാറി. എന്നിട്ടും, മൂന്നു പൂൽ കൃഷി ചെയ്തിരുന്ന വയലുകൾ ഒരു വിളപോലും ഇറക്കാതെ തരിശിടാൻ തുടങ്ങി. പട്ടിക 1(4)ൽ നിന്ന് തരിശുഭൂമിയെ മനസ്സിലാക്കാം.

പട്ടിക 1(4): ഭൂമി ഹെക്ടറിൽ

| പറമ്പ് | വയൽ | ആകെ | കൃഷി ഭൂമി | കാർഷി കേതരം | കഷി ചെയ്യാത്തത് |
|---|---|---|---|---|---|
| 764.26 | 406.85 | 1171.11 | 762.23 | 355.34 | 53.54 |

ജലസ്രോതസ്സുകൾ വളരെയുണ്ടെങ്കിലും ജലസേചനത്തിന് ഉപയോഗപ്പെടുത്താൻ കഴിയാത്തതിനാൽ സമയത്തിന് വിളയിറക്കാൻ കർഷകർക്ക് കഴിയുന്നില്ല. പഞ്ചായത്തിലെ ജലസ്രോതസ്സുകളുടെ വിവരം പട്ടിക 1(5)ൽ കൊടുത്തിരിക്കുന്നു.

നാളികേര കൃഷി പഴയതുപോലെ ലാഭകരമായി നടക്കുന്നില്ല. നെൽവയലുകൾ നികത്തി തെങ്ങുകൃഷി ചെയ്തിരുന്ന കർഷകർ ഇന്ന് തെങ്ങിനെ പരിരക്ഷിക്കുന്ന കാര്യത്തിൽ പിന്നിലാണ്. നാളികേരത്തിന്റെ വിലക്കുറവാണ് ഇതിന് പ്രധാന കാരണം. നാടൻ തെങ്ങിനങ്ങളാണ് കർഷകർ ഉപയോഗിക്കുന്നത്. തെങ്ങിൽനിന്നും സംസ്ഥാനതലത്തിൽ ശരാശരി 50 തേങ്ങ കിട്ടുന്നുവെങ്കിൽ ഇവിടെ ഇത് 25ൽ താഴെ മാത്രമാണ്. രോഗബാധിതവൃക്ഷങ്ങളേ വെട്ടിമാറ്റാത്തതും രോഗങ്ങളെകുറിച്ചുള്ള കർഷകരുടെ അജ്ഞതയും ഉല്പാദനത്തിൽ കാര്യമായ കുറവു വരുത്തിയിരിക്കുന്നു. തെങ്ങുകൃഷിയെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 1(6)ൽ ചേർത്തിരിക്കുന്നു. തെങ്ങിൻതോട്ടങ്ങളിൽ ഇടവപ്പാതിയിൽ പയർ, ഉഴുന്ന് തുടങ്ങിയവയും ഇടവിളകളായി ചേന, ചേമ്പ്, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയും മുൻകാലങ്ങളിൽ വലിയതോതിൽ കൃഷി ചെയ്തിരുന്നു. എന്നാൽ ഇന്ന് അതെല്ലാം ഓർമ്മകളായിമാറുന്നു. പ്ലാവ്, മാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും പറമ്പുകളിൽ കുറഞ്ഞ് വരുന്നു. ഇപ്പോൾ പണ്ടത്തെപ്പോലെ വാഴകൃഷിയും പറമ്പുകളിൽ കാണുന്നില്ല.

പാടശേഖരങ്ങളോടുചേർന്ന നീർവാർച്ചയുള്ള പ്രദേശങ്ങൾ കവുങ്ങ്കൃഷിക്ക് പറ്റിയതാണ്.

പട്ടിക 1 (5): **ജലസ്രോതസ്സുകൾ**

| വാർഡ് | പൊതുകിണർ | കുഴൽകിണർ | കുളം | ക്രോസ്ബാർ | ആകെ ഹെക്ടർ |
|---|---|---|---|---|---|
| 1 | - | - | 2 | 1 | - |
| 2 | - | - | 3 | - | - |
| 3 | - | 1 | 5 | - | - |
| 4 | - | 1 | 6 | - | .24 |
| 5 | - | - | 5 | 1 | .7 |
| 6 | 1 | - | 8 | - | .5 |
| 7 | - | 3 | 7 | - | .4 |
| 8 | - | - | 3 | - | 2.0 |
| 9 | - | 1 | 4 | 1 | - |
| 10 | - | - | 6 | - | - |
| 11 | - | - | 2 | - | |

കവുങ്ങ് കൃഷിക്ക് അനുയോജ്യമായ പ്രദേശങ്ങൾ ധാരാളമുണ്ടെങ്കിലും കൃഷി താരതമ്യേന കുറവാണ്. അവിടങ്ങളിലെല്ലാം കായ്ഫലം കുറഞ്ഞ തെങ്ങുകൾ കാണാം.

പച്ചക്കറികൾ കൃഷിചെയ്യാവുന്ന വയലുകളും പറമ്പുകളും ഉണ്ട്. ഡിസമ്പർ മാസത്തിൽ കൊയ്തു കഴിഞ്ഞ വയലുകളിൽ വിവിധതരം പച്ചക്കറികൾ കൃഷിചെയ്യാറുണ്ട്. ഒഴിവുസമയങ്ങൾ പ്രയോജനപ്പെടുത്താൻ യുവജനങ്ങൾ തയ്യാറായാൽ, അവർക്ക് വേണ്ട പ്രോത്സാഹനം നൽകിയാൽ പച്ചക്കറിയുടെ കാര്യത്തിൽ മറ്റുള്ളവരെ ആശ്രയിക്കാതെ കഴിക്കാം. പയർ, കൈപ്പ, വെള്ളരി, വെണ്ട, പടവലം, കക്കിരി, മഞ്ഞൾ, കുമ്പളം, ചെരങ്ങ, ചീര, മുളക് എന്നിവ കൃഷിചെയ്യുവാൻ പറ്റിയ പ്രദേശങ്ങൾ ഉണ്ടെങ്കിലും ജലസേചനത്തിന്റെ അപര്യാപ്തതയും ആളുകളുടെ താല്പര്യക്കുറവും കാരണം ഇവയെല്ലാം കുറച്ചുമാത്രമേ കൃഷിചെയ്യുന്നുള്ളു. എള്ള്, മുതിര തുടങ്ങിയ കൃഷികൾക്കും പറ്റിയ ഭൂമി ഇവിടെ ലഭ്യമാണ്. മിതമായ രീതിയിൽ രാസവളങ്ങളും കീടനാശിനികളും ഉപയോഗിക്കാൻ കർഷകരെ പഠിപ്പിക്കുകകൂടി വേണം. രാസവളത്തിന്റേയും കീടനാശിനികളുടേയും ഉപയോഗം 1(7)പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക 1(6): **തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | വിസ്തീർണ്ണം ഹെ. | തെങ്ങുകളുടെ എണ്ണം | | | രോഗബാധിതതെങ്ങുകൾ | | |
|---|---|---|---|---|---|---|---|
| | | കായ്ക്കുന്നത് | കായ്ക്കാത്തത് | ആകെ | കൂമ്പുചീയൽ | ചെന്നീരൊലി | ആകെ |
| 1 | 73.5 | 12495 | 3675 | 16170 | 20 | 200 | 220 |
| 2 | 70 | 11900 | 3850 | 15750 | 50 | 250 | 300 |
| 3 | 66.3 | 11271 | 2983 | 14254 | 5 | 50 | 55 |
| 4 | 68.8 | 12384 | 3225 | 15609 | 13 | 15 | 28 |
| 5 | 70 | 12600 | 4200 | 16800 | 15 | 225 | 240 |
| 6 | 72 | 13680 | 2880 | 16560 | 10 | 160 | 170 |
| 7 | 68.5 | 12330 | 3562 | 15892 | 15 | 120 | 135 |
| 8 | 71.2 | 13528 | 3916 | 17444 | 12 | 130 | 142 |
| 9 | 68.5 | 12330 | 3083 | 15413 | 10 | 160 | 170 |
| 10 | 75.5 | 13590 | 3171 | 16761 | 15 | 120 | 135 |
| 11 | 73.7 | 13266 | 3685 | 16951 | 25 | 175 | 200 |

പട്ടിക 1(7): രാസവളം കീടനാശിനി വിപണനം

| സ്ഥാപനത്തിന്റെ പേര് | 93-94 | | | 94-95 | | | 95-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസ വളം മെ.ട | കീടനാശിനി ദ്രവം ലി. | കീടനാശിനി ഖരം കി. | രാസ വളം മെ.ട. | കീടനാശിനി ദ്രവം ലി. | കീടനാശിനി ഖരം കി. | രാസ വളം മെ.ട | കീടനാശിനി ദ്രവം ലി. | കീടനാശിനി ഖരം കി. |
| രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക് | 40 | - | - | 50 | - | - | 30 | - | - |
| സ്വകാര്യസ്ഥാപനങ്ങൾ പി.എം. സ്റ്റോർ | 265 | 47 | 2100 | 251 | 53 | 2700 | 247 | 59 | 2680 |
| വിജയലക്ഷ്മി ഫെർട്ടിലൈസേർസ് | 65 | 15 | 600 | 60 | 18 | 680 | 52 | 20 | 700 |

താരതമ്യേന ജലസമൃദ്ധിയുള്ള ഒന്ന്, രണ്ട്, പത്ത് എന്നീ വാഡുകളിൽ വ്യാപകമായി നേന്ത്രവാഴകൃഷിയുണ്ട്. പാട്ടവ്യവസ്ഥയിലാണ് നേന്ത്രവാഴകൃഷി നടത്തുന്നത്. വാഴകൃഷിക്കാർക്ക് സ്വന്തമായി ഭൂമിയില്ലാത്തതാണ് കാരണം. കൂടുതൽ കൃഷിക്കാർ ഈ മേഖലയിൽ വരുന്നുണ്ട്. പ്രധാനകാരണം ലാഭകരമായ കൃഷിയായതുകൊണ്ടുതന്നെ. ഇവിടെ വലിയ ചെലവില്ലാതെ ചേന, ചേമ്പ്, പയർ, മരച്ചീനി എന്നിവയും മറ്റു പച്ചക്കറികളും കൃഷി ചെയ്യാവുന്നതാണ്.

പാലയ്ക്കാകുന്ന് കശുമാവ്കൃഷിയും, ഇത്തീളാംകുന്ന് റബ്ബർകൃഷിക്കും, പുല്ലുംകുന്നും കോലാർകുന്നും എന്നിവ കുരുമുളക് കൃഷിക്കും പറ്റിയ പ്രദേശങ്ങളാണ്. ഈ കൃഷികൾക്ക് വേണ്ട പ്രോത്സാഹനം ഉണ്ടായാൽ കർഷകരെ ആകർഷിക്കാൻ കഴിയും.

യഥാസമയം കൃഷിയിറക്കുന്നതിന് കഴിയാതെ വരുന്നതാണ് കർഷകന് കൃഷി ലാഭകരമാവാതിരിക്കാൻ ഒരു കാരണം. കർഷകത്തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല. മറ്റു മേഖലകളിലെപ്പോലെ ആത്മാർത്ഥതയുള്ള തൊഴിലാളികളേ കിട്ടാതിരിക്കുന്നതും കർഷകരെ നിരുത്സാഹപ്പെടുത്തുന്നുണ്ട്. കെട്ടിടനിർമ്മാണമേഖലയിലേക്കും മറ്റും കർഷകത്തൊഴിലാളികൾ ചേക്കേറിയിരിക്കുകയാണ്. യുവജനങ്ങൾ കാർഷികവൃത്തിയിലേക്ക് ആകർഷിക്കപ്പെടുന്നില്ല. കർഷകത്തൊഴിലാളികളുടെ പേരുകൾ രജിസ്റ്റർ ചെയ്യുകയും പരമാവധി തൊഴിൽദിനങ്ങൾ നൽകാൻ കഴിയുകയും ചെയ്താൽ ഒരു പരിധിവരെ തൊഴിലാളിക്ഷാമം പരിഹരിക്കാൻ കഴിയും. തൊഴിൽരഹിത വേതനംപറ്റുന്നവരെ കാർഷികമേഖലയിലേക്ക് കൊണ്ടുവരാനുള്ള കാര്യമായ ഒരു ശ്രമം കൂടി വേണം. വിവിധതൊഴിൽ മേഖലയിൽ ജോലിചെയ്യുന്നവരുടെ വിവരം 1(8) പട്ടികയിൽ ചേർത്തിരിക്കുന്നു.

രാമനാട്ടുകര പഞ്ചായത്തിൽ മറ്റു പ്രദേശങ്ങളിലെപ്പോലെ കാർഷികമേഖലയിൽ യന്ത്രവൽക്കരണം വേണ്ടത്ര ഉണ്ടായിട്ടില്ല. പലപ്പോഴും നിലം ഉഴുവാൻ കാളകളെ തന്നെയാണ് ഉപയോഗിക്കുന്നത്. എന്നാൽ കാളകളെ വളർത്തി കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്നത് ലാഭകരമല്ലാത്തതിനാൽ പാരമ്പര്യകർഷകർ പോലും കാളകളെ വളർത്തുന്ന പതിവ് നിർത്തിയിരിക്കുകയാണ്. ട്രാക്ടറും ടില്ലറും മറ്റും സമയത്തിന് കിട്ടാൻ പ്രയാസമുണ്ട്. കാലഘട്ടത്തിനനുസരിച്ച് യന്ത്രവൽക്കരണം ഈ മേഖലയിൽ വന്നേ പറ്റൂ. കാർഷികോപകരണങ്ങളുടെ വിവരം പട്ടിക 1(9)ൽ ചേർത്തിരിക്കു

പട്ടിക 1(8): തൊഴിലാളികൾ (1991)

| കൃഷിക്കാർ | കർഷകത്തൊഴിലാളികൾ | വ്യാവസായിക തൊഴിലാളികൾ | മറ്റു തൊഴിലാളികൾ | ആകെ |
|---|---|---|---|---|
| 138 | 741 | 139 | 4903 | 5921 |

പട്ടിക 1(9): കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻകലപ്പ | റോക്ക്സ്പ്രെയർ | | | | |
| 1 | - | - | 6 | 4 | 7 | - | - | 3 |
| 2 | - | - | 6 | 2 | 3 | - | - | 4 |
| 3 | - | - | - | 2 | 2 | - | - | 4 |
| 4 | - | - | - | 2 | 5 | - | - | - |
| 5 | - | - | 3 | 1 | 1 | - | 2 | 3 |
| 6 | - | - | - | 2 | 2 | - | 2 | 2 |
| 7 | - | - | - | 1 | 2 | - | - | 3 |
| 8 | - | - | - | 2 | 3 | - | - | 5 |
| 9 | - | - | - | 2 | 1 | - | - | 4 |
| 10 | - | - | 1 | 1 | 3 | - | - | 3 |
| 11 | - | - | - | - | 1 | - | - | 4 |

ന്നു. നെൽവയലുകളിലേക്ക് ട്രാക്ടർ തുടങ്ങിയ യന്ത്രങ്ങൾ ഇറക്കുന്നതിനാവശ്യമായ നിരവധി റോഡുകളും നിർമ്മിക്കേണ്ടതായുണ്ട്. ചപ്പുചവറുകൾ കമ്പോസ്റ്റ് വളമാക്കി മാറ്റാനുള്ള സംവിധാനവും ഉണ്ടാവണം. കർഷകരുടെ ആശാകേന്ദ്രമായ കൃഷിഭവൻ കൃഷിക്കാരുടെ സഹായത്തിന് നാമമാത്രമായിട്ടാണ് നടൽ വസ്തു വിതരണം നടത്തുന്നത്. പട്ടിക 1(10) പരിശോധിക്കുക. കർഷകർക്ക് എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലത്തേക്ക് കൃഷിഭവൻ മാറ്റി സ്ഥാപിക്കുകയും, കൃഷി ഉദ്യോഗസ്ഥർ അവരുടെ സഹായം കർഷകർക്ക് ലഭ്യമാക്കുകയും വേണം. കൃഷി സെമിനാറുകളും മറ്റും സംഘടിപ്പിക്കുമ്പോൾ യഥാർത്ഥ കർഷകരുടെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം. കൃഷിനാശ ദുരിതാശ്വാസവിതരണത്തിനുള്ള കേന്ദ്രമായിമാത്രം കർഷകൻ കൃഷിഭവനെ കാണുന്ന അവസ്ഥമാറണം. ദുരിതാശ്വാസ വിതരണം സംബന്ധിച്ച കാര്യങ്ങ പട്ടിക 1(11)ൽ കാണിച്ചിരിക്കുന്നു. കർഷകരാണ് രാജ്യത്തിന്റെ നട്ടെല്ല് എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ കഴിയുകയും കാർഷിക വിഭവങ്ങളുടെ വിലനിലവാരം താഴാതെ നോക്കുകയും വേണം.

### കാർഷികരംഗത്തെ പ്രശ്നങ്ങൾ

- പുതിയ തലമുറയ്ക്ക് കൃഷിയോടുള്ള വിമുഖത
- കാർഷികവിഭവങ്ങളുടെ വിലക്കുറവ്
- മണ്ണിന്റെ ഗുണനിലവാരത്തെ സംബന്ധിച്ച കർഷകന്റെ അജ്ഞത
- കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം
- നവീനകൃഷിരീതികളെക്കുറിച്ചുള്ള കർഷകന്റെ അറിവില്ലായ്മ
- ജൈവ വളങ്ങളുടെ ദൗർലഭ്യം
- രാസവളങ്ങളുടെ വിലക്കയറ്റം
- ജലസേചനസൗകര്യങ്ങൾ ഇല്ലായ്മ
- കാർഷികോല്പന്നങ്ങളുടെ വിപണന സൗകര്യമില്ലായ്മ
- കൃഷിഭൂമിയിൽ വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ
- ആധുനിക യന്ത്രോപകരണങ്ങളുടേയും വിത്തുകളുടേയും ദൗർലഭ്യം
- നല്ല ഇനം നടീൽ വസ്തുക്കളുടേയും വിത്തുകളുടേയും ദൗർലഭ്യം
- കൃഷിഭവന്റെ കാര്യക്ഷമത ഇല്ലായ്മ
- തോടുകളുടേയും കുളങ്ങളുടേയും സംരക്ഷണക്കുറവ്
- വയലിലേക്ക് ട്രാക്ടറും മറ്റും കൊണ്ടുപോകാനുള്ള റോഡുകളുടെ അഭാവം
- നെൽവയലുകളിൽ ഉപ്പുവെള്ളം കയറുന്നത്
- വയലുകളിൽനിന്നും മണ്ണ് നീക്കം ചെയ്യൽ
- നിലവിലുള്ള ബണ്ടുകളുടെ ശോചനീയാവസ്ഥ
- നെൽവയലുകൾ മണ്ണിട്ടു നികത്തി ദുരുപയോഗം ചെയ്യൽ
- കൂട്ടുകൃഷിയോടുള്ള കർഷകരുടെ മനോഭാവം
- ശരിയായ ബോധവൽക്കരണത്തിന്റെ അഭാവം

പട്ടിക 1(10) നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-1995 | 1995-1996 |
| തെങ്ങ് | | | |
| WCT | 600 | 450 | 527 |
| T x D | 65 | 70 | 101 |
| D x T | 30 | - | 40 |
| കുരുമുളക് | 3000 | 4000 | 9000 |
| കവുങ്ങ് | 400 | - | - |
| പഴവർഗ്ഗചെടികൾ | 72 | - | 265 |
| ഗ്രാമ്പൂ | - | 25 | 50 |
| ജാതിക്ക | 80 | - | 25 |

- ❑ വയലുകൾ നികത്തിയുള്ള കെട്ടിടനിർമ്മാണങ്ങൾ
- ❑ കാർഷിക വായ്പകൾ ലഭിച്ച കർഷകർക്ക് വൈദ്യുത കണക്ഷൻ നൽകാനുള്ള കാലതാമസം
- ❑ കൃഷിഭൂമി തരിശിടൽ
- ❑ ഹോട്ടി കൾച്ചർ വികസിപ്പിച്ച് കുറ്റിമുല്ല,ഓർക്കിഡ് തുടങ്ങിയ പുഷ്പങ്ങൾ വളർത്താൻ പ്രേരിപ്പിക്കുക

## സാധ്യതകൾ

❑ ഒന്നാംവാർഡിൽപെട്ട പടിയ്ക്കൽകുഴി ജലസേചനയോഗ്യമാക്കുക

❑ എട്ടാം കണ്ടം നീലിത്തോട് റോഡ് ഗതാഗത യോഗ്യമാക്കുക

❑ മൺകുഴിക്കും നീലിത്തോടിനും കുറുകെ പാലം പണിയുക

❑ വലിയപാടം നീലിത്തോടുവരെയുള്ള തോട് വീതികൂട്ടി ജലനിർഗ്ഗമനമാർഗ്ഗം ഉണ്ടാക്കുക

❑ പരിയാപുരത്തു ചാലിതോട്ടിൽ ഇരഞ്ഞിക്കൽ ഭാഗത്ത് ഏകദേശം 200 മീറ്റർ നീളം പാറവെട്ടി താഴ്ത്തി ആഴം കൂട്ടുക.

❑ ഫറോക്ക് ചുങ്കം ഭാഗത്ത് പോലീസ് ക്വാർട്ടേഴ്സിന് സമീപമുള്ള ഇടവഴി റോഡാക്കി മാറ്റുക

❑ അച്ചൻകുളം പാലയ്ക്കൽ പുരിപാടം കനാൽ ആഴംകൂട്ടി മുട്ടിയറ കനാലുമായി ബന്ധിപ്പിച്ചു ആവശ്യമായ സ്ഥലങ്ങളിൽ ചീർപ്പുകൾ നിർമ്മിക്കുക

❑ പാലയ്ക്കൽ പുരിപാടത്തെ കുളം ആഴംകൂട്ടി ചുറ്റും കെട്ടി സംരക്ഷിക്കുക.

❑ കരിങ്കല്ലായ് പാടത്ത് നിലവിലുള്ള കനാൽ വികസിപ്പിക്കുക.

❑ മൂഴിക്കൽ ബണ്ടിന്റെ അറ്റകുറ്റപ്പണികൾ നടത്തുക

❑ അരീക്കോടുഭാഗത്തുനിന്നും കുണ്ടോട്ടി ഐക്കരപ്പടി വഴി നീലിത്തോട്ടിൽ ചേരുന്ന തോട് ആഴവും വീതിയും കൂട്ടുക

❑ ചിറക്കാംകുളത്തിൽ ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കുക.

❑ പാണ്ടിത്തോട് - മുട്യറ തോട്ടിന് അനുബന്ധ തോടുകൾ നിർമ്മിക്കുക

❑ കുനിയിൽത്തോട് നന്നാക്കി നാലു ക്രോസ്ബാറുകൾ നിർമ്മിക്കുക

❑ പട്ടായിചിറ നന്നാക്കി ചീർപ്പിടുക.

❑ തൈത്തോട്ടത്തിൽ പാടത്ത് വെള്ളം ഒഴിഞ്ഞു പോകാനുള്ള ഓവുപാലം നിർമ്മിക്കുക.

❑ ഓലശ്ശേരിത്താഴം കൊറ്റമംഗലം റോഡ്, കണ്ടാരിത്താഴം റോഡിനോട് ബന്ധിപ്പിക്കുക.

❑ ചുള്ളിപ്പറമ്പ് മുണ്ടപ്പുറം റോഡ് നന്നാക്കുകയും, കൊയ്ത്തലപ്പാടം ഗ്രൂപ്പ് ഫാമിലേക്ക് കാർഷിക സാമഗ്രികൾ എത്തിയ്ക്കാൻ പര്യാപ്തമാക്കുകയും ചെയ്യുക.

❑ ഓലശ്ശേരി താഴം മുതൽ നടുക്കണ്ടിത്താഴംവരെ റോഡ് നിർമ്മിക്കുക.

❑ പട്ടായിക്കുളം വികസിപ്പിക്കണം

❑ ചാലിയാറിൽനിന്ന് ലിഫ്റ്റ് ഇറിഗേഷൻ നടത്താം

❑ ഇളയടത്തുതാഴം, മൺകുഴി, കൊയ്ത്തലപ്പാടംഎന്നിവിടങ്ങളിൽ മത്സ്യകൃഷി ചെയ്യാം

❑ വാർഡുതോറും അടുക്കളത്തോട്ടങ്ങൾ ഉണ്ടാക്കാൻ പ്രോത്സാഹനം നൽകണം.

പട്ടിക(11) ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത സംഖ്യ |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 93-94 | - | - | - | - | - | - - |
| 94-95 | | | | | | |
| ജൂലായ് 94 | 18 ഹെ. | | | | 59 | 1500കിലൊ നെൽവിത്ത് |
| ഒക്ടോബർ 94 | | | | | 144 | 35481 |
| 95-96 | | | | | | |
| മെയ് 95 | - | - | - | - | 7 | 5385 |
| ജൂൺ 95 | - | - | - | - | 8 | 6385 |
| മാർച്ച് 96 | - | - | - | - | 18 | 2584 |
| 96-97 | | | | | | |
| ജൂൺ 96 | - | - | - | - | 22 | 1934 |

❑ പച്ചക്കറി ഉല്പാദനത്തിന് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സാധ്യത ഏറെയാണ്.

❑ കൂൺകൃഷി പ്രോത്സാഹിപ്പിക്കണം

❑ നെൽവയലുകൾ മണ്ണിട്ടു നികത്തുന്നത് നിയന്ത്രിക്കാൻ ഗ്രാമപഞ്ചായത്തിന് അധികാരം നൽകണം.

❑ വയലിൽ നടവരമ്പിൽ നിന്ന് 3 അടി വിട്ടുമാത്രമേ മതിൽ കെട്ടുവാൻ അനുവദിക്കാവൂ

❑ നിലവിലുള്ള തോടുകൾ സംരക്ഷിക്കണം

❑ കാർഷികയന്ത്രങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കർഷകർക്ക് ലഭ്യമാക്കണം

❑ കൃഷിഭവൻ മുഖേന വിത്ത്, വളം, കീടനാശിനി എന്നിവ കർഷകർക്ക് ലഭ്യമാക്കണം

❑ കാർഷികവായ്പകൾ അനുവദിച്ച കർഷകർക്ക് ആവശ്യാനുസരണം വൈദ്യുതകണക്ഷൻ നൽകണം.

❑ കൃഷിഭവനോടനുബന്ധിച്ച് അഗ്രോക്ലിനിക്കുകൾ ഏർപ്പെടുത്തുക

❑ മണ്ണുപരിശോധനക്ക് സംവിധാനം കാര്യക്ഷമമാക്കണം

❑ തെങ്ങുകയറ്റ തൊഴിലാളികളെ പരിശീലിപ്പിക്കണം

❑ മണ്ണൊലിപ്പ് തടയണം

❑ ഉപ്പുവെള്ളം കയറുന്ന സ്ഥലങ്ങൾ ചെമ്മീൻ കൃഷിക്ക് ഫലപ്രദമായി ഉപയോഗപ്പെടുത്തണം

❑ നീലിത്തോട്ടിലെ മത്സ്യം പഞ്ചായത്ത് ലേലം ചെയ്തു കൊടുക്കണം.

❑ ഭൂമി തരിശിടുന്നത് നിരുത്സാഹപ്പെടുത്തണം

❑ ചുള്ളിപ്പറമ്പിലെ കൃഷിഭവനുവേണ്ടി നിർമ്മിച്ച കെട്ടിടം കൃഷിഭവന്റെ സബ്സെന്ററായി മാറ്റുക


❑ വൈദ്യുതി സൗജന്യം എല്ലാ കൃഷികൾക്കും ബാധകമാക്കുക

❑ കാർഷികപെൻഷൻ അർഹതയുള്ള എല്ലാവർക്കും നൽകണം.

❑ കൃഷിഭവൻ കൂടുതൽ സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റുക

❑ കർഷകർക്ക് കുമ്മായം, ഡോളോമൈറ്റ് എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

❑ എൽ.ഐ.സി. അടിവാരം റോഡ് വികസിപ്പിക്കണം.



# മൃഗസംരക്ഷണം

മനുഷ്യജീവിതവുമായി അഭേദ്യമായി ബന്ധപ്പെട്ട ഒരു മേഖലയാണ് മൃഗസംരക്ഷണം. പ്രാചീനകാലം മുതൽതന്നെ മനുഷ്യൻ യുദ്ധം, യാത്ര, കൃഷി, ഭക്ഷണം എന്നിവക്ക് മൃഗങ്ങളെ ഉപയോഗിച്ചിരുന്നു. ആധുനികലോകത്തിലും മൃഗസംരക്ഷണമേഖലയെ നിത്യജീവിതത്തിൽനിന്നും വേർതിരിക്കാനാവില്ല. മുൻകാലങ്ങളെക്കാൾ മൃഗസംരക്ഷണരംഗത്ത് മനുഷ്യൻ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും അതിനുവേണ്ടി ശാസ്ത്രീയ വിദ്യകൾ പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. രാമനാട്ടുകര പഞ്ചായത്തിലെ മൃഗസംരക്ഷണമേഖല പരിശോധിക്കുമ്പോൾ നിലവിലുള്ള അവസ്ഥ താഴെ വിവരിച്ച പ്രകാരം വിശദമാക്കാവുന്നതാണ്.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. നാമമാത്രമായി കാളകളും എരുമകളും വളർത്തപ്പെടുന്നുണ്ട്. വളർത്തുപക്ഷികളിൽ പ്രധാനം കോഴിയാണ്. ഇപ്പോൾ പഞ്ചായത്തിൽ 848 പശുക്കളും 603 ആടുകളും 7 കാളകളും 13 എരുമകളും ആണുള്ളത്. പഞ്ചായത്തിലെ 60% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്.

നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്ത് യന്ത്രവൽക്കരണം വന്നതും വളർത്തുമൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായി. പട്ടിക 1 കാണുക. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവ് വരുത്തി. റോഡുകളും വാഹനങ്ങളും വർദ്ധിച്ചതോടെ കാളവണ്ടികൾ ഇല്ലാതായിട്ടുണ്ട്.

പട്ടിക 1

വളർത്തുമൃഗങ്ങളും പക്ഷികളും

| ഇനം | 1987 | 1996 |
|---|---|---|
| പശു | 1708 | 848 |
| എരുമ | 5 | 13 |
| കാള | 127 | 7 |
| ആട് | ലഭ്യമല്ല | 603 |
| കോഴി | 12666 | 5706 |

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിൽ നിലവിൽ രണ്ട് പാൽ സൊസൈറ്റികൾ ഉണ്ടെങ്കിലും, ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാൻ സാധിക്കുന്നില്ല. പാൽ സൊസൈറ്റികൾ ശേഖരിക്കുന്ന പാലിന്റെയും വിൽപ്പന നടത്തുന്ന പാലിന്റെയും കണക്ക് പട്ടിക 2ൽ കൊടുക്കുന്നു. (പട്ടിക 2)

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് ചുള്ളിപ്പറമ്പിൽ ആണ് സ്ഥിതി ചെയ്യുന്നത്. വൈദ്യരങ്ങാടിയിൽ പ്രവർത്തിക്കുന്ന ഒരു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രവുമുണ്ട്. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിലേക്ക് വേണ്ടത്രലഭിക്കുന്നില്ല. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യവും ഇതുമൂലം ഉണ്ടാവാറുണ്ട്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, ശ്വാസകോശ സംബന്ധമായ രോഗം, പോഷകാഹാര കുറവ് കൊണ്ട് വരുന്ന രോഗം, വിരബാധ കൊണ്ട് വരുന്ന രോഗം എന്നിവയാണ്. (പട്ടിക 3) രോഗപ്രതിരോധനടപടി സംബന്ധിച്ചും, ശുചിത്വത്തെ സംബന്ധിച്ചും കർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലേ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാവുന്നുണ്ട്. പഞ്ചായത്തിൽ നാമമാത്രമായി ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ടായിരുന്നെങ്കിലും ഇന്ന് മിക്കതും പ്രവർത്തനക്ഷമമല്ല. ഒരു വീട്ടിലെ പാചകത്തിനും വെളിച്ച

പട്ടിക 2

| സൊസൈറ്റിയുടെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ | പ്രാദേശികമായി വിൽക്കപ്പെടുന്നത് | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|
| രാമനാട്ടുകര ക്ഷീര വ്യവസായ സഹകരണസംഘം | 150 ലിറ്റർ | 45 ലിറ്റർ | 105 ലിറ്റർ |
| ചുള്ളിപറമ്പ് ക്ഷീര വ്യവസായ സഹകരണസംഘം | 230 ലിറ്റർ | 60 ലിറ്റർ | 170 ലിറ്റർ |

ത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. ഈ രംഗത്ത് സംഘടിതമായ ശ്രമങ്ങൾ കാര്യമായി ഇനിയും നടത്തേണ്ടതുണ്ട്.

കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ വലിയൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുന്നുമെങ്കിലും പൊതുവിൽ കൃഷി (പ്രത്യേകിച്ച് നെൽകൃഷി) ലാഭകരമല്ലാതായതോടെ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു.

മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കുവേണ്ടി വൻതോതിൽ കോഴികളെ അയൽസംസ്ഥാനങ്ങളിൽനിന്നും ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. കൊഴി വളർത്തലിന് വൻസാധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

പഞ്ചായത്തിന്റെ മിക്കഭാഗങ്ങളിലും ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതുമായ നായ്കളെ കാണാൻ കഴിയുന്നതാണ്. ഇവയിൽനിന്നും കർഷകർക്കും കന്നുകാലികൾക്കും ഭീഷണി നേരിടുന്ന സാഹചര്യം ഉണ്ടാകുന്നുണ്ട്

### പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലക്കൂടുതൽ
2. പുല്ല് വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. മൃഗചികിത്സ സൗകര്യങ്ങളുടെ അപര്യാപ്തത.
4. കോഴിവസന്തരോഗം തടയാൻ ഫലപ്രദമായ സംവിധാനം ഇല്ലാത്തതിനാൽ, കോഴിവളർത്തൽ നിരുത്സാഹപ്പെടുന്നു.
5. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ വളരെ കുറവാണ്.
6. കാലികളെ വളർത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം
7. പേപ്പട്ടി ശല്യം ഉണ്ടാകുന്നു.

### സാധ്യതകൾ

1. രാമനാട്ടുകര പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക. ഓരോ വാർഡിലും ചുരുങ്ങിയത് രണ്ട് പാൽ സംഭരണ കേന്ദ്രങ്ങ

പട്ടിക 3

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പട്ടി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധമായവ | 517 | 2 | 820 | | | |
| 2 | ശ്വാസകോശ സംബന്ധം | 385 | | 600 | | 845 | |
| 3. | ഉപാപചയ സംബന്ധം | 76 | | 98 | | | |
| 4. | ത്വക്‌രോഗങ്ങൾ | 110 | | 64 | | | |
| 5. | ധാതുലവണങ്ങളുടെ അഭാവം | 270 | 121 | 25 | | | |
| 6. | പരാദരോഗങ്ങൾ | 330 | 242 | 10 | 100 | | |
| 7. | പ്രത്യുൽപ്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 16 | 21 | | | | |
| 8. | വന്ധ്യത | 26 | 19 | | | | |
| 9. | അകിടുവീക്കം | 68 | | 23 | | | |
| 10. | മുടന്തൻപനി | 38 | | 16 | | | |

ളെങ്കിലും സ്ഥാപിക്കുക. ഉൽപ്പാദിപ്പിക്കപ്പെടുന്ന മുഴു വൻ പാലും സംഭരിക്കുക. വിതരണത്തിന് ശേഷം വരുന്ന പാൽ, തൈര്, നെയ്യ് എന്നിവയാക്കി മാറ്റു ന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

2. മേൽ സഹകരണസംഘം മുഖേന കുറ ഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപുൽ കൃഷിക്ക് വിത്തും വളവും സൗജന്യനിരക്കിൽ ലഭ്യ മാക്കുക.

3. മൃഗചികിത്സാ സൗകര്യങ്ങൾ ഫലപ്രദമാ ക്കുന്നതിന് രാമനാട്ടുകര അങ്ങാടിക്കടുത്ത് ഒരു മൃഗാസ്പത്രി സ്ഥാപിക്കുക.


4. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു കോഴിക്കുഞ്ഞുല്പാദനകേന്ദ്രം സ്ഥാപിക്കുക. അയൽക്കൂട്ടങ്ങൾ മുഖേന തെരഞ്ഞെടുക്കുന്ന 3000 വീടുകളിൽ കോഴി വളർത്തൽ ആരംഭിക്കുക. കുറഞ്ഞ വിലക്ക് കോഴിത്തീറ്റ ലഭ്യമാക്കുക. കോഴി കളെ വിൽക്കുന്നതിന് സഹകരണസംഘം പൊതു സംവിധാനം ഉണ്ടാക്കും.

5. പശുക്കളെയും ആടുകളെയും വളർത്തു വാൻ ആഗ്രഹിക്കുന്നവർക്ക് സാമ്പത്തിക സഹായം നൽകുക.

6. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാ ത്തതും അലഞ്ഞുതിരിയുന്നതുമായ മുഴുവൻ നായ്ക്കളേയും കൊല്ലുക.

7. പഞ്ചായത്തിലെ മുഴുവൻ കാലികളെയും ഇൻഷൂർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുക.

8. ക്ഷീര കർഷകർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തുക.



# മത്സ്യബന്ധനം

രാമനാട്ടുകര പഞ്ചായത്തിന്റെ വടക്കേ അതിർത്തി നാലു കിലോമീറ്റർ നീളത്തിൽ ചാലിയാറാണ് വെള്ളപ്പറ്റുള്ള ഭാഗം പുഴയോരത്ത് തെങ്ങുകളിൽ കായ്ഫലം കൂടുതൽ കാണപ്പെടുന്നു. തെങ്ങുകളിൽനിന്നും കൂടുതൽ തേങ്ങാ ലഭിക്കുകയും ചെയ്യുന്നു. വർഷകാലത്ത് പുഴ മിക്കപ്പോഴും കരകവിയാറുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് വെള്ളപ്പൊക്കത്തിന്റെ ശക്തി കുറഞ്ഞിട്ടുണ്ട്.

കുളങ്ങളും ചാലികളും തോടുകളും നിറഞ്ഞു കിടക്കുന്ന ജലസമ്പത്ത് ഒരുപക്ഷേ ചൂഷണത്തിനു വിധേയമല്ല. പുഴയോരത്ത് മീൻപിടുത്തം വ്യാപകമായില്ലെങ്കിലും ഏകദേശം 25 ഓളം പേർ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടു കഴിയുന്നു. പുഴയിൽ വല വീശിയും ചൂണ്ടലിട്ടും നിരവധി ആളുകൾ ജീവിക്കുന്നുണ്ട്. പക്ഷേ മീൻവളർത്തൽ കേന്ദ്രങ്ങളില്ല.

വയലുകൾ നിറഞ്ഞു കിടക്കുന്ന ഈ പഞ്ചായത്തിന്റെ വയലരികിലെ കുളങ്ങൾ മത്സ്യം വളർത്തലിനു യോജിച്ചതാണ്. ഈ രംഗത്ത് അടിയന്തിരമായ ശ്രദ്ധപതിയേണ്ടതാണ്. ഈ പഞ്ചായത്തിൽ മീൻവളർത്തൽ കേന്ദ്രങ്ങളില്ല.

ചാലിയാറിൽനിന്നും ചെമ്മീൻ ലഭിക്കുന്നുണ്ട്. എന്നാൽ ആസൂത്രിതമായ ഒരു നീക്കം നടത്താത്തതുകൊണ്ട് നല്ല. തോതിലുള്ള മത്സ്യസമ്പത്ത് നശിച്ചുപോകുകയാണ് ചെയ്യുന്നത്. ഏറ്റവും വലിപ്പമേറിയ കദളിക്കൊഞ്ചൻ ഇന്നും ഈ പുഴയിൽനിന്നും ലഭിക്കുന്നുണ്ട്. മാലാൻ, പൂഴാൻ, ഏട്ടച്ചുള്ളി, ചെമ്പല്ലി, ഇരിമീൻ, കരിമീൻ തുടങ്ങിയ മത്സ്യങ്ങൾ ഇവിടെനിന്നും ലഭിക്കാറുണ്ട്. എന്നാൽ മീൻപിടുത്തം ഒരു തൊഴിലിന്റെ രൂപത്തിൽ ആയിത്തീർന്നിട്ടില്ല.

രാമനാട്ടുകരയുടെ തെക്ക് പുല്ലിപ്പുഴയിൽ മത്സ്യബന്ധനം നടക്കുന്നുണ്ട്. ഏകദേശം നൂറിൽതാഴെ തൊഴിലാളികൾ ഇത് ഒരു ഉപ തൊഴിലായി സ്വീകരിച്ചിട്ടുണ്ട്. വലയിടലാണ് പ്രധാനം. അവർകും നിരവധി പ്രശ്നങ്ങളുണ്ട്. കക്കവാരൽ പ്രധാനപ്പെട്ട ഒരു തൊഴിലാണ്. പുഴയെ ആശ്രയിച്ച് പൂഴി, ചകിരി തുടങ്ങിയ വ്യവസായങ്ങളും ഇവിടങ്ങളിൽ നിലവിലുണ്ട്. ശാസ്ത്രീയമായി മത്സ്യം പിടിക്കാൻ അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്.

## പ്രശ്നങ്ങൾ

1. ശാസ്ത്രീയമായ രീതിയിൽ മത്സ്യബന്ധനത്തിൽ പരിശീലനം വേണം.
2. പുഴയിൽ ആഴം കൂടിയ ഭാഗങ്ങളുള്ളതുകൊണ്ട് അപകടസാധ്യത ഉണ്ട്.
3. പ്രധാന കടത്തിന്റെ ഭാഗത്ത് ബോട്ട് ഇറക്കുവാൻ സാധ്യമല്ല.
4. വിപണനസാധ്യതയും വർദ്ധിപ്പിക്കണം.

## സാധ്യതകൾ

1. സഹകരണാടിസ്ഥാനത്തിൽ മത്സ്യവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങണം. ഇതിന് മറ്റു പഞ്ചായത്തുകൾ സന്ദർശിച്ച് പ്രവർത്തനരീതി മനസ്സിലാക്കുകയും ചെയ്യണം.
2. ചെമ്മീൻ കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുവാൻ ഒരു കേന്ദ്രം സ്ഥാപിക്കണം.
3. ഉൾനാടൻ ജലാശയങ്ങൾ വികസിപ്പിക്കണം.
4. മത്സ്യസംസ്ക്കരണ കേന്ദ്രം ആവശ്യമാണ്.

ഇതോടൊപ്പം ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. പരുത്തിപ്പാറയിൽ ഒരു മത്സ്യമാർക്കറ്റ് വേണം. ചെമ്മീൻകൃഷിക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നല്കണം. മത്സ്യത്തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തണം. ഇതിനിടെ മത്സ്യങ്ങൾക്ക് വ്യാപകമായ രോഗങ്ങൾ പിടിപെട്ടതുമൂലം മത്സ്യവ്യവസായം തകർച്ചയെ അഭിമുഖീകരിച്ചെങ്കിലും അതിൽനിന്ന് കരകയറാൻ സാധിച്ചിട്ടുണ്ട്. ഇതോടൊപ്പം ശ്രദ്ധിക്കേണ്ട ഒരു കാര്യം ഗ്വോളിയോർ റയോൺസിൽനിന്നും ഒഴുകുന്ന മലിനജലം മത്സ്യസമ്പത്തിന് ഹാനികരമായിത്തീർന്നിട്ടുണ്ട്. ഇത് വേനൽക്കാലത്താണ് കൂടുതൽ രൂക്ഷമാകാറുള്ളത്.



# വ്യവസായം

കോഴിക്കോട് ജില്ലയുടേയും മലപ്പുറം ജില്ലയുടേയും അതിർത്തിയിൽ സ്ഥിതിചെയ്യുന്ന രാമനാട്ടുകര ഗ്രാമപഞ്ചായത്ത് വ്യവസായമേഖലയിൽ വേണ്ടത്ര നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ലാത്ത ഒരു പ്രദേശമാണ്. ഇവിടുത്തെ പരമ്പരാഗത വ്യവസായമായിരുന്ന തൊണ്ടുതല്ലൽ, ചൂടിപിരിക്കൽ, മൺപാത്ര നിർമ്മാണം, പായനെയ്ത് ഓട്ടുപാത്ര നിർമ്മാണം എന്നിവ കുടിൽ വ്യവസായമായി പ്രവർത്തിച്ചുവന്നിരുന്നു. രാമനാട്ടുകര പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. തൊട്ടടുത്ത ഫറോക്ക്-ചെറുവണ്ണൂർ വ്യവസായമേഖലയിലെ ഓട്ടു കമ്പനികളിലും കല്ലായി മരവ്യവസായ യൂണിറ്റുകളിലുമാണ് ഈ പഞ്ചായത്തിലെ നല്ലൊരു വിഭാഗം തൊഴിലാളികൾ ജോലി ചെയ്തു വരുന്നത്. സഹകരണാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവന്നിരുന്ന കയർ, ഓട്ടുപാത്രനിർമ്മാണം, പായനെയ്ത്ത് എന്നിവ പല കാരണങ്ങളാലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. കൂടാതെ ഖാദി ഗ്രാമബോർഡിന്റെ കീഴിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന വില്ലേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (VICOS)യും ഇന്ന് പ്രവർത്തന രഹിതമാണ്.

ഉദ്ദേശം പതിനഞ്ചു വർഷത്തോളമായി ഈ പഞ്ചായത്തിലെ മിക്ക ഭാഗങ്ങളിലും വളർന്നു വരുന്നതായി കാണുന്ന ഒരു വ്യവസായമാണ് ഇഷ്ടിക (വയർകട്ട് ബ്രിക്സ്) നിർമ്മാണം. അത് കഴിഞ്ഞാൽ കൂടുതലായുള്ളത് തടിവ്യവസായ യൂണിറ്റുകളാണ്. സ്വകാര്യ മേഖലയിൽ പ്രവർത്തിച്ചിരുന്നതും താരതമ്യേന ധാരാളം തൊഴിലാളികളെ ഉൾക്കൊണ്ടിരുന്നതുമായ ഈ പഞ്ചായത്തിന്നു 4-ാം വാർഡിൽ ഉള്ള ഓട്ടുകമ്പനി തൊഴിലുടമയും തൊഴിലാളികളും തമ്മിലുള്ള അഭിപ്രായ വ്യത്യാസം കാരണം ഇന്ന് പ്രവർത്തിക്കുന്നില്ല.

കൃഷി ആയുധങ്ങൾ നിർമ്മിക്കുന്നതിന് 1965ൽ വൈദ്യരങ്ങാടിയിൽ സ്ഥാപിതമായ വ്യവസായശാലയാണ് അഗ്രോമെറ്റൽസ്. 30 തൊഴിലാളികൾ അവിടെ ജോലി ചെയ്യുന്നു. നിലവിലുള്ള വ്യവസായങ്ങളെ സംബന്ധിച്ച വിവരങ്ങൾ പട്ടിക ഒന്നിലും കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ വിവരങ്ങൾ പട്ടിക രണ്ടിലും പരമ്പരാഗത വ്യവസായങ്ങളുടേത് പട്ടിക മൂന്നിലും കുടിൽ വ്യവസായങ്ങളുടേത് പട്ടിക നാലിലും കൊടുത്തിരിക്കുന്നു.

പട്ടികയിൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ 83 എണ്ണം ചെറുകിട വ്യവസായ യൂണിറ്റുകളും 5 എണ്ണം വനിതാ സംരംഭങ്ങളുമാണ്.

ഇഷ്ടിക നിർമാണം, മരവ്യവസായം, ഓട്ടുകമ്പനി എന്നീ മേഖലകളിലാണ് വനിതകൾ ഉൾപ്പെടെ കൂടുതൽ പേർ ജോലി ചെയ്യുന്നത്. സ്ത്രീ തൊഴിലാളികളുടെ വേതന നിരക്ക് താരതമ്യേന കുറവാണ്.

## പ്രശ്നങ്ങൾ, പ്രതിസന്ധികൾ.

11-71 ചതുരശ്രകിലോമീറ്റർ വിസ്തൃതിയും 25672 ജനസംഖ്യയും വരുന്ന (12866 പുരുഷന്മാർ, 12806 സ്ത്രീകൾ) കോഴിക്കോട് ജില്ലയുടെ കവാടമായ രാമനാട്ടുകര പഞ്ചായത്ത്, മറ്റ് അനുകൂല ഘടകങ്ങളായ അന്തർദേശീയ വിമാനത്താവളത്തിന്റെ സാമീപ്യം, കോഴിക്കോട് സർവ്വകലാശാലയുടെ സാമീപ്യം, ഉയർന്ന നിരക്കിലുള്ള സാക്ഷരത, ഗതാഗത-വാർത്താവിനിമയ സൗകര്യങ്ങൾ, വർദ്ധിച്ചുവരുന്ന ഉപഭോഗനിലവാരം എന്നിവയെല്ലാമുണ്ടായിട്ടും വ്യവസായ വളർച്ചയുടെ കാര്യത്തിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടില്ല. താഴെ പറയുന്നവ ആയതിന് ഉപോൽബലകങ്ങളായ കാരണങ്ങളാണ്.

1. പ്രധാന വ്യവസായമായ ഇഷ്ടിക നിർമ്മാണം, തടിവ്യവസായം എന്നിവക്കാവശ്യമായ അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം.

2. വിദഗ്ദ്ധ തൊഴിലാളികളുടെ മറ്റു മേഖലകളിലേക്കും വിദേശത്തേക്കമുള്ള ചേക്കേറൽ.

3. വ്യവസായങ്ങൾ സ്ഥാപിക്കാൻ പറ്റിയ സ്ഥലസൗകര്യം ലഭിക്കുന്നില്ല.

4. ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് സാമ്പത്തിക സഹായം ലഭിക്കാനുള്ള ബുദ്ധിമുട്ട്.

5. പുതിയ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള കാലതാമസവും നിലവിലുള്ള വോൾട്ടേജ് ക്ഷാമവും.

6. വിവിധ ലൈസൻസുകൾ ലഭിക്കാനുള്ള കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടും.

7. അസംസ്കൃത സാധനങ്ങൾ ദൂരെനിന്നും കൊണ്ടുവരേണ്ടതിനാൽ മൺപാത്രവ്യവസായത്തിന്റെ ഉല്പാദന ചിലവ് കൂടുന്നു.

8. തമിഴ്നാട്ടിൽനിന്നും പാലക്കാട്ടുനിന്നും കുറഞ്ഞ വിലയ്ക്ക് മൺപാത്രങ്ങൾ ഇവിടെ കൊണ്ടുവന്ന് വില്ക്കുന്നതിനാൽ തദ്ദേശീയമായി നിർമിക്കുന്ന മൺപാത്രങ്ങളുടെ വിപണനത്തെ പ്രതികൂലമായി ബാധിക്കുന്നു.

9. മറ്റൊരു പരമ്പരാഗത വ്യവസായമായ കയറുല്പന്നങ്ങളുടെ വിപണനത്തെ തമിഴ്നാട്ടിൽനിന്നും ഇറക്കുമതി ചെയ്യുന്ന പച്ചച്ചൂടി വളരെയധികം പ്രതികൂലമായി ബാധിക്കുന്നു.

10. സാങ്കേതിക പരിശീലനത്തിന്റെ കുറവ്.

11. കാർഷികോല്പന്നങ്ങൾ വ്യാവസായികമായി പ്രയോജനപ്പെടുത്തുന്നില്ല.

12. അഭ്യസ്തവിദ്യർക്ക് സ്വയം തൊഴിൽ വായ്പ നൽകുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വൈമുഖ്യം.

13. സഹകരണ മേഖലയിൽ പ്രവർത്തിച്ചിരുന്ന "വൈക്കോസ്" കയർ സൊസൈറ്റി, തുടങ്ങിയവയുടെ നിരന്തരമായ പരാജയം പുതിയ സംരംഭങ്ങൾ സഹകരണ മേഖലയിൽ തുടങ്ങുന്നതിനെ നിരുത്സാഹപ്പെടുത്തുന്നു.

### പുതിയ വ്യവസായങ്ങളും സാധ്യതകളും

ഗ്രാമപഞ്ചായത്തിൽ പൊതുവായി താഴെപറയുന്ന വ്യവസായങ്ങൾ വ്യക്തിഗതമായും സഹകരണാടിസ്ഥാനത്തിലും ആരംഭിക്കുവാനുള്ള സാധ്യതകൾ ഉണ്ട്.

1. മെഴുകുതിരി നിർമാണം
2. അച്ചാർ, കറിപൗഡർ
3. റെഡിമെയ്ഡ് വസ്ത്രനിർമാണം
4. പപ്പടം.
5. കുടനിർമാണം
6. നോട്ട്ബുക്ക്
7. കരകൗശലവസ്തുക്കളുടെ നിർമാണം
8. ഇലക്ട്രോണിക്സ് സാമഗ്രികൾ
9. ഡെക്കറേറ്റീവ് ടൈൽസ്
10. ശീതളപാനീയ നിർമാണം.
11. ബാൾപെൻ റീഫിൽസ്
12. കളിപ്പാട്ട നിർമാണം
13. ക്ഷീരോൽപാദക വസ്തുക്കൾ
14. തുകൽ ചെരിപ്പു നിർമാണം.
15. കോഴിവളർത്തൽ
16. പി.വി.സി. പൈപ്പ് നിർമ്മാണം
17. മിനറൽ വാട്ടർ
18. സോപ്സ് & ഡിറ്റർജന്റ്സ്
19. സ്വിച്ച്ബോർഡ്, മീറ്റർബോഡ് നിർമ്മാണം
20. കളിമൺ പാത്രനിർമാണം
21. പച്ചക്കറി പഴവർഗ്ഗ സംസ്ക്കരണം

ഇവയിൽ റെഡിമെയ്ഡ് വസ്ത്രനിർമാണം, മെഴുകുതിരി നിർമാണം, അച്ചാർ, കറിപൗഡർ നിർമാണം, നോട്ട്ബുക്ക് എന്നിവ വനിതാ സംരംഭങ്ങളായും പരമ്പരാഗതമായ കളിമൺ പാത്രനിർമാണം, പായനെയ്ത്ത് എന്നിവയും ക്ഷീരോല്പാദക വസ്തുക്കളുടെ നിർമാണവും കോഴിവളർത്തലും സഹകരണാടിസ്ഥാനത്തിലും നടത്താവുന്നതാണ്. അഭ്യസ്തവിദ്യരും സാങ്കേതിക പരിജ്ഞാനമുള്ളവരുമായ യുവതീയുവാക്കൾ ഇലക്ട്രോണിക്സ് മേഖല പോലുള്ള വ്യവസായങ്ങൾ തുടങ്ങുന്നതിന് സന്നദ്ധരായിട്ടുണ്ട്.

### നിർദ്ദേശങ്ങൾ

1) പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാൻ ഉതകത്തക്കവിധത്തിൽ ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുക.

2) വ്യവസായ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിശീലനം നല്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

3) ഇത്ത്ളാംകുന്നിന്റെ മുകളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന ഒരു പദ്ധതി നടപ്പിലാക്കുക.

4) പഞ്ചായത്തിലെ വളരെയധികം തൊഴിലാളികൾ പ്രവർത്തിച്ചിരുന്ന ഓട്ടുകമ്പനിയും "വൈക്കോസും" അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

5) പഞ്ചായത്തിൽ നിലവിലുള്ള പഴയ ട്രാൻസ്ഫോർമർ മാറ്റി പുതിയവ സ്ഥാപിക്കുകയും അത്യാവശ്യമായി ട്രാൻസ്ഫോർമർ വേണ്ട സ്ഥലങ്ങളിൽ അത് സ്ഥാപിക്കുകയും ചെയ്തുകൊണ്ട് വോൾട്ടേജ്ക്ഷാമത്തിന് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണുക.

6) പരമ്പരാഗത വ്യവസായ ഉല്പന്നങ്ങൾക്ക് വിപണന സാധ്യത കൂട്ടുന്നതിനായി അവ സഹകരണാടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുക.

7. വ്യവസായികൾക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് സാമ്പത്തികസഹായം ലഭിക്കാൻ വേണ്ട നടപടികൾ ലഘൂകരിക്കുക. 25,000/- രൂപ വരെയുള്ള വായ്പകൾക്ക് സർക്കാർ ഉദ്യോഗസ്ഥരുടെ ജാമ്യം വേണമെന്നുള്ള നിബന്ധന റദ്ദാക്കിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളുക.

8) 3 Phase ഇലക്ട്രിക് ലൈൻ ഇല്ലാത്ത സ്ഥലങ്ങളിൽ എത്രയും വേഗം അവ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.

9). പുതിയ വ്യവസായങ്ങളുടെ ലൈസൻസ് നൽകുന്നതു മുതൽ സാമ്പത്തിക സഹായം നല്കുന്നതുവരെയുള്ള കാര്യങ്ങൾ നടപ്പിലാക്കിക്കൊടുക്കുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു "ഏകജാലക" സമ്പ്രദായം അടിയന്തിരമായും ഏർപ്പെടുത്തേണ്ടതാണ്.

10. വനിതാ വ്യവസായങ്ങളും സഹകരണാടിസ്ഥാനത്തിൽ മുൻ പ്രസ്താവിച്ച വ്യവസായങ്ങളും ആരംഭിക്കുന്നതിനുവേണ്ട സത്വരനടപടികൾ കൈക്കൊള്ളുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ മുൻഗണനാക്ര

**പട്ടിക 1**

| നിലവിലുള്ള വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച് വിവരം | | | |
|---|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം | ശരാശരി വേതന നിരക്ക് (Rs.) |
| 1. | ഇഷ്ടിക (വയർകട്ട് ബ്രിക്സ്) | 21 | 50 |
| 2. | തടിവ്യവസായം/ഫർണിച്ചർ | 24 | 100 |
| 3. | പ്ലൈവുഡ് | 15 | 50 |
| 4. | ഓട്ടോമൊബൈൽ വർക്ഷോപ്പ് | 13 | 60 |
| 5. | ഇൻഡസ്ട്രീയൽസ് | 11 | 70 |
| 6. | ഫ്ലോർമിൽ/പൗണ്ടിങ്ങ്മിൽ | 11 | 50 |
| 7. | പ്രിന്റിങ്ങ് | 5 | 50 |
| 8. | തീപ്പെട്ടി | 5 | 40 |
| 9. | ബേക്കറി | 8 | 100 |
| 10. | ആയുർവേദ മരുന്നു നിർമാണം | 3 | 50 |
| 11. | സോപ്പ് | 2 | 50 |
| 12. | സ്റ്റീൽ ഫർണിച്ചർ | 2 | 80 |
| 13. | സിമന്റ് ഹോളോബ്രിക്സ് | 2 | 70 |
| 14. | റബ്ബർപൊടിക്കൽ | 4 | 70 |
| 15. | സോഡ/സോഫ്ട് ഡ്രിംഗ്സ് | 3 | 30 |
| 16. | പ്ലാസ്റ്റിക് | 4 | 40 |
| 17. | പാക്കേജിങ്ങ് | 3 | 60 |
| 18. | റെഡിമെയ്ഡ് ഗാർമെന്റ്സ് | 1 | 50 |
| 19. | കാർഷികോപകരണ സാമഗ്രികൾ | 1 | 80 |
| 20. | സിനിമ | 1 | 60 |
| 21. | ഓട്ടുകമ്പനി | 1 | 60 |
| 22. | കാരംസ്ബോർഡ് | 1 | 80 |
| 23. | പുൽപായ നിർമ്മാണം | 1 | 50 |
| 24. | ഷട്ടർനിർമാണം | 1 | 100 |
| 25. | ചെരിപ്പുനിർമാണം | 4 | 40 |

മത്തിൽ നടപ്പാക്കിയാൽ ഒമ്പതാം പദ്ധതിക്കാലത്ത് നമ്മുടെ പഞ്ചായത്ത് വ്യാവസായിക രംഗത്ത് സാരമായ പുരോഗതി കൈവരിക്കും എന്ന കാര്യത്തിൽ സംശയമില്ല. ഈ വികസനത്തോടൊപ്പം നമുക്കും ഉപഭോഗ സംസ്കാരത്തിൽ നിന്നും ഉല്പാദന സംസ്കാരത്തിലേക്ക് ചുവട് മാറ്റിച്ചവിട്ടാം. വ്യവസായ വികസനത്തോടൊപ്പംതന്നെ നല്ലൊരു ശതമാനം തൊഴിൽ രഹിതർക്ക് തൊഴിൽ നല്കുവാനും കഴിയും എന്നതിനാൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുകയും ജനങ്ങളുടെ ജീവിത നിലവാരം ഉയരുകയും ചെയ്യും.

പട്ടിക 2

| കാർഷികോല്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം |
| 1 | കൊപ്ര സംസ്ക്കരണം | 4 |
| 2. | ഓയിൽ മില്ലുകൾ | 3 |

11. ചകിരിനാരിൽനിന്നും അനുബന്ധവ്യവസായങ്ങൾ രൂപപ്പെടുത്തിയെടുക്കുക.

12. വിദേശമലയാളികളിൽനിന്നും മൂലധനം ശേഖരിച്ച് വ്യവസായം തുടങ്ങുന്നതിന് പ്രത്യേകസെൽ രൂപീകരിക്കുക.


പട്ടിക 3

| പരമ്പരാഗത വ്യവസായങ്ങൾ | | |
|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം |
| 1. | ചകിരി, ചൂടി | 5 (ഒന്ന് സഹകരണ മേഖലയിൽ) |
| 2. | ഇത്തിൾ, കുമ്മായം | 5 |
| 3. | ഓട്ടുപാത്രനിർമാണം | 10 കുടുംബങ്ങൾ |
| 4. | മൺപാത്ര നിർമാണം | 50 ,, |
| 5. | പായനെയ്ത്ത് | 30 ,, |
| 6. | കുട്ട മടയൽ | 2 ,, |

പട്ടിക 4

| കുടിൽവ്യവസായം | | |
|---|---|---|
| ക്രമ നമ്പർ | ഇനം | എണ്ണം |
| 1. | പപ്പടം | 7 |
| 2 | അവിൽ | 2 |
| 3 | മിഠായി നിർമാണം | 1 |

*സ്ഥിതിവിവരകണക്കുകളുടെ അവലംബം: ഗ്രാമസഭാ റിപ്പോർട്ട്, സെക്കന്ററി ഡാറ്റ.



# ഊർജ്ജം

പഞ്ചായത്തിലെ ഊർജാവശ്യം നിറവേറ്റുന്നതിന്നായി പ്രധാനമായും ആശ്രയിക്കുന്ന ഊർജ്ജ സ്രോതസ്സുകൾ വിറക്, മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്.

## വിറക്.

ബഹുഭൂരിപക്ഷം വീടുകളും പാചക ആവശ്യത്തിനുവേണ്ടി പ്രധാനമായും ആശ്രയിക്കുന്നത് വിറകാണ്. വ്യവസായ ആവശ്യങ്ങൾക്കും വിറക് ഒരു പ്രധാന ഇന്ധനമായി ഉപയോഗിക്കുന്നുണ്ട്.

തെങ്ങുൽപ്പന്നങ്ങൾ, മരമില്ലുകളിൽ നിന്ന് ലഭിക്കുന്ന വിറക്, ഈർച്ചപ്പൊടി, പ്ലൈവുഡ് കമ്പനികളിൽ നിന്നും പാഴായിപ്പോകുന്ന ഉരുപ്പടികൾ എന്നിങ്ങനെയാണ് വിറകിന്റെ ലഭ്യത. ഇഷ്ടികകമ്പനികളും മറ്റും മറ്റു പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്നറബ്ബർ തടികളും മറ്റുമാണ് ഉപയോഗിക്കുന്നത്.

മിക്ക കുടംബങ്ങളും വിറക് വിലകൊടുത്ത് വാങ്ങിയാണ് തങ്ങളുടെ ആവശ്യം നിറവേറ്റുന്നത്. ഇതിനുവേണ്ടി ഇവരുടെ കുടുംബ ബഡ്ജറ്റിൽ നല്ലൊരു ശതമാനം തുക നീക്കിവെക്കേണ്ടിവരുന്നു. വനപ്രദേശങ്ങളോ പാഴ്മരങ്ങളോ കൂടുതലായി ഇല്ലാത്ത ഈ പഞ്ചായത്തിൽ വിറകിന്റെ ലഭ്യത രൂക്ഷമായ പ്രശ്നം തന്നെയാണ്. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് ആവിഷ്കരിച്ച ദക്ഷത കൂടിയ അടുപ്പുകളും ആലുവ സെറ്റിൽമെന്റ് ഇൻഡസ്ട്രീസിന്റെ അടുപ്പുകളും പല വീടുകളിലും സ്ഥാപിച്ചിട്ടുണ്ട്. ശാസ്ത്രീയ കാഴ്ചപ്പാടിന്റെ കുറവും പരമ്പരാഗത രീതിയോടുള്ള ആഭിമുഖ്യവും കാരണം ഇത്തരം അടുപ്പുകൾക്ക് വേണ്ടത്ര പ്രചാരം ലഭിക്കുന്നില്ല..

## മണ്ണെണ്ണ, പെട്രോൾ, ഡീസൽ

ഭൂരിപക്ഷം വീടുകളും വൈദ്യുതീകരിച്ചതാണെങ്കിലും പഞ്ചായത്തിൽ മണ്ണെണ്ണ വിളക്കുകൾ മാത്രമുപയോഗിക്കുന്ന വീടുകൾ ധാരാളമുണ്ട്. ചില വീടുകൾ പാചക ആവശ്യത്തിനും മണ്ണെണ്ണ ഉപയോഗിക്കുന്നു. വ്യാപാര സ്ഥാപനങ്ങളിൽ ജനറേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിനും മണ്ണെണ്ണ ഉപയോഗിക്കുന്നുണ്ട്. മണ്ണെണ്ണ, പെട്രോൾ, ഡീസൽ എന്നിവ കാർഷിക ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന ചുരുക്കം ചില കൃഷിക്കാർ ഈ പഞ്ചായത്തിലുണ്ട്. പെട്രോളും, ഡീസലും പ്രധാനമായും ഉപയോഗിക്കുന്നത് വാഹനങ്ങൾ ഓടിക്കുന്നതിനുവേണ്ടിയാണ്. രണ്ട് പെട്രോൾ പമ്പുകൾ ഈ പഞ്ചായത്തിലുണ്ട്.

## പ്രകൃതിവാതകം, ജൈവവാതകം

പഞ്ചായത്തിലെ സാമ്പത്തിക ശേഷിയുള്ള ചുരുക്കം വീടുകളിൽ പാചക ആവശ്യത്തിനായി പ്രകൃതിവാതകം ഉപയോഗിക്കുന്നുണ്ട്. കൃഷിവകുപ്പിന്റെ സബ്സിഡിയോടുകൂടി നിർമ്മിച്ച അഞ്ചോളം ജൈവ വാതക പ്ലാന്റുകൾ പഞ്ചായത്തിലുണ്ട്. വളരെ ആദായകരമായ ഒരു ഊർജ ഉറവിടമാണെന്ന് ബോധ്യപ്പെട്ടതാണെങ്കിലും കന്നുകാലി വളർത്തൽ ചെലവേറിയ സംരംഭമായി മാറിയപ്പോൾ പല ബയോഗ്യാസ് പ്ലാന്റുകളും പൂർണ്ണ അളവിൽ പ്രവർത്തിപ്പിക്കാൻ കഴിയാത്ത അവസ്ഥയിലാണ്.

## മൃഗങ്ങൾ

ഭാരം വലിക്കുന്നതിനും നിലമുഴുന്നതിനും എണ്ണയാട്ടുചക്കുകൾ പ്രവർത്തിപ്പിക്കുന്നതിന്നും മുൻകാലങ്ങളിൽ കന്നുകാലികളെ ഉപയോഗിച്ചിരുന്നു. കാളവണ്ടികളും നാടൻ ചക്കുകളും നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ ഒരോർമ്മ മാത്രമാണ്. നിലമുഴുന്നതിനായി കാർഷിക വൃത്തിയിലേർപെട്ടവരിൽ

ചുരുക്കമാളുകൾ ഇപ്പോഴും കന്നുകാലികളേ ആശ്ര യിക്കുന്നുണ്ട്.

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ

പുതിയ ഊർജ സ്രോതസ്സുകൾ കണ്ടെത്തുന്നതിന്നും ഊർജ്ജ ക്ഷമത വർദ്ധിപ്പിക്കുന്നതിന്നുമായി ഗവേഷണങ്ങൾ നടത്തുന്ന 'അനർട്ട്' പോലുള്ള സ്ഥാപനങ്ങൾ വിപണിയിലിറക്കിയ സൂര്യ റാന്തൽ, ഇലക്ട്രോണിക് ചോക്ക്, ദക്ഷത കൂടിയ ട്യൂബ് ലൈറ്റുകൾ, സ്റ്റൗ തുടങ്ങിയവക്ക് ഈ പഞ്ചായതിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല.

## വിദ്യുച്ഛക്തി

വീടുകൾ, വ്യാപാര സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ എന്നിവിടങ്ങളിൽ വെളിച്ചത്തിനും ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും വ്യാപകമായി ഉപയോഗിക്കുന്ന ഊർജ്ജ ഉറവിടം വൈദ്യുതിയാണ്. തെരുവ് വിളക്കുകൾ കത്തിക്കുന്നതിനും വൈദ്യുതി ഉപയോഗിക്കുന്നു. താഴെ വിവരിച്ച കണക്കുകൾ വൈദ്യുതി ഉപഭോഗത്തിന്റെ വ്യാപ്തി വെളിവാക്കും.

| നിലവിലുള്ള ഉപഭോക്താക്കൾ | |
|---|---|
| 1. ഗാർഹികം | 3669 |
| 2. വ്യാപാരം | 1205 |
| 3. വ്യാവസായികം | 174 |
| 4. കാർഷികം | 155 |

നടപ്പുവർഷം നൽകിയ കണക്ഷൻ താഴെ വിവരിച്ച പ്രകാരമാണ്.

| | |
|---|---|
| ഓർഡിനറി | 16 |
| ഒ.ടി.പി. | 7 |
| ഒ.വൈ.ഇ.സി. | 51 |

വൈദ്യുതി കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുടെ വിവരം താഴെ വിവരിക്കുന്നു.

| | |
|---|---|
| ഓർഡിനറി | O.H. - 49, W/P - 63 |
| ഒ.ടി.പി. | O.H - 12, W/P - 2 |
| ഒ.വൈ.ഇ.സി. | O.H - 20, W/P - 51 |

മേൽ പറഞ്ഞ അപേക്ഷകരിൽ അഞ്ചുവർഷത്തിലധികം പഴക്കമുള്ളവരാണ് ഓർഡിനറി - O.H. വിഭാഗക്കാർ. O.Y.E.C. - O.H. വിഭാഗത്തിൽ 14.7.95ന് ശേഷവും W/p. വിഭാഗത്തിൽ 17.7.96ന് ശേഷവും കണക്ഷൻ നൽകിയിട്ടില്ല. (ദ്വിതീയ വിവരശേഖരണ കണക്കുകളിൽനിന്ന്) എന്നു കാണാൻ കഴിയും.

പഞ്ചായത്തിലെ ഹരിജൻ കോളനികളായ പട്ടായിക്കൽ, കോലാർകുന്ന്, ഇത്തിളാംകുന്ന്, ബംഗ്ലാവ്പറമ്പ്, കൊറ്റമംഗലം, ഉണ്യാലുങ്ങൽ പരുത്തിപ്പാറ, പൊറ്റപ്പടി, കൊടക്കല്ലുപറമ്പ് എന്നീ ഒമ്പത് കോളനികൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

സ്ട്രീറ്റ് ലൈറ്റുകൾക്കായി 12 സോഡിയം വേപ്പർ ലാമ്പുകളും രണ്ട് വീതമുള്ള 10 സെറ്റ് ട്യൂബുകളും 377 ബൾബുകളും ഉപയോഗിക്കുന്നുണ്ട്. ഉപയോഗിക്കുന്ന വൈദ്യുതിയുടെ തോതും വിളക്കുകളുടെ എണ്ണവും താഴെ പട്ടികയിൽ കൊടുക്കുന്നു.

| തരം | വാട്ട് | എണ്ണം |
|---|---|---|
| 1. ബൾബ് | 40 | 377 |
| 2. ട്യൂബ് | 40 | 10 സെറ്റ് |
| 3. സോഡിയം വേപ്പർ | | 12 |

തെരുവ് വിളക്കുകൾ കത്തിക്കുന്നതിനായി പ്രതിമാസം 7651 രൂപ പഞ്ചായത്ത് ചെലവഴിക്കുന്നുണ്ട്. പ്രതിവർഷം 91812 രൂപ ഈയിനത്തിൽ ചെലവ് വരും. പഞ്ചായത്തിന്റെ വരുമാനത്തിന്റെ ഗണ്യമായ ഒരു വിഹിതം ഈയിനത്തിൽ ചെലവഴിക്കുന്നുണ്ട്. ഇതിന്റെ പ്രവർത്തനം എന്നിട്ടും കുറ്റമറ്റതല്ല. വൈദ്യുതിയുടെ വിതരണവും അറ്റകുറ്റപ്പണികളും പഞ്ചായത്തിനെ ഏല്പിക്കേണ്ടതാണ്.

വൈദ്യുതി വിതരണത്തിന്റെ ചുമതല വഹിക്കുന്നത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് കീഴിലുള്ള രാമനാട്ടുകര ഇലക്ട്രിസിറ്റി മേജർ സെക്ഷൻ ഓഫീസാണ്. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള 26 ട്രാൻസ്ഫോർമർ ഉപയോഗിച്ചാണ് പഞ്ചായത്തിന്റെ മൊത്തം വരുന്ന 523 ഉപഭോക്താക്കൾക്കുള്ള വൈദ്യുതി വിതരണം നിർവ്വഹിക്കുന്നത്.

വോൾട്ടേജ് ക്ഷാമം, പവർകട്ട്, പ്രസരണത്തിൽ ഇടയ്ക്കിടക്കുണ്ടാകുന്ന തടസ്സങ്ങൾ എന്നിവ വൈദ്യുതി ഉപഭോക്താക്കൾക്കിടയിൽ വ്യാപകമായ അസംതൃപ്തിക്കിടയാക്കുന്നുണ്ട്.

പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യം നിറവേറ്റുന്നതിന്നും നിലവിലുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ലഭ്യത സുഗമമാ

ക്കുന്നതിന്നുമായി ഈ പഞ്ചായത്തിൽ ഒരു 110 കെ.വി. സബ് സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ


പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്കായി ഊർജ്ജം ഒഴിച്ചുകൂടാനാവാത്ത ഘടകമാണെങ്കിലും ഈ രംഗത്ത് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. അവ താഴെ വിവരിച്ച പ്രകാരമാണ്.

1. വർദ്ധിച്ചുവരുന്ന ആവശ്യത്തിനനുസരിച്ച് ലഭ്യത വർദ്ധിപ്പിക്കുന്നില്ല.
2. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളെക്കുറിച്ചുള്ള അറിവില്ലായ്മ
3. ഊർജ്ജ ഉപഭോഗത്തിലെ മിതത്വമില്ലായ്മ
4. പ്രസരണ നഷ്ടം
5. പ്രസാരണ ലൈനുകൾക്ക് താങ്ങാവുന്നതിന്റെ കൂടുതൽ ലോഡ്
6. വേണ്ടത്ര ട്രാൻസ്ഫോർമറുകൾ ഇല്ലായ്മ
7. വൈദ്യുതി ലൈനിലെ അറ്റുകറ്റപ്പണികൾ യഥാസമം നിർവ്വഹിക്കുന്നതിലെ കാലതാമസം
8. വൈദ്യുതി ഉപഭോക്താക്കൾക്ക് കണക്ഷൻ ലഭിക്കുന്നതിലുള്ള കാലതാമസം

## സാധ്യതകൾ

പഞ്ചായത്തിലെ വർദ്ധിച്ചുവരുന്ന ഊർജ്ജ ആവശ്യം നിർവ്വഹിക്കുന്നതിനും നിലവിലുള്ള വൈദ്യുതി സംവിധാനം കുറ്റമറ്റതാക്കുന്നതിനുമായി താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

1. വിറകിന്ന് ഉപയോഗിക്കുന്ന മരങ്ങൾ വിപുലമായി നട്ടു പിടിപ്പിക്കുക.
2. ദക്ഷത കൂടിയ വിറകടുപ്പുകൾ വ്യാപകമാക്കുക.
3. ഊർജ്ജ ബോധവൽക്കരണം വിപുലമാക്കുക.
4. ഊർജ്ജക്ഷമതകൂടിയ പ്രഷർകുക്കർ, കച്ചിപ്പെട്ടി എന്നിവക്ക് പ്രചാരം നൽകുക.
5. ദക്ഷത കൂടിയ വൈദ്യുതി വിളക്കുകൾ സൗരോർജ്ജ വിളക്കുകൾ എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക.
6. ബയോഗ്യാസ് പ്ലാന്റുകൾക്ക് പ്രചാരം നൽകുകയും സ്ഥാപിക്കുന്നതിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.
7. ഇത്തിളാംകുന്ന്, കോലാർകുന്ന്, പുല്ലുംകുന്ന് തുടങ്ങിയ ഉയർന്ന കുന്നിൻപ്രദേശങ്ങളിൽ കാറ്റുപയോഗിച്ചും സൗരോർജ്ജമുപയോഗിച്ചും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തുക
8. 110 കെ.വി. സബ് സ്റ്റേഷൻ ഉചിതമായ സ്ഥലത്ത് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളെടുക്കുക.
9. ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
10. കാർഷികാവശ്യത്തിനും മറ്റുമുള്ള അപേക്ഷകർക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടി കൈകൊള്ളുക.
11. പഞ്ചായത്തിൽ മതിയായ തെരുവ് വിളക്കുകൾ സ്ഥാപിക്കുക.
12. വൈദ്യുത ലൈനിലെ തടസ്സങ്ങൾ നീക്കുന്നതിനായി സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.



# ഗതാഗതം

ഒരു ഗ്രാമത്തിന്റെ വികസനത്തിൽ ഗതാഗത സൗകര്യങ്ങൾക്കുള്ള സ്ഥാനം ഒട്ടും മോശമല്ല. വികസനം എന്നാൽ റോഡുകളുടെ എണ്ണക്കൂടുതൽ അല്ല എങ്കിൽ കൂടി, മൊത്തം വികസനത്തെ സ്വാധീനിക്കാൻ റോഡുകൾക്ക് കഴിയും. പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗ്ഗം റോഡുകളാണ്. റെയിൽവേ സൗകര്യങ്ങൾ ഇവിടെയില്ല. പഞ്ചായത്തിന്റെ അതിർത്തിയിൽ പുഴകളും കടത്ത് നിലവിലുണ്ട്. ഒരു ചെറുവിഭാഗം കടത്ത് ഉപയോഗപ്പെടുത്തുന്നുമുണ്ട്. എന്നാൽ അവയ്ക്കുള്ള സ്ഥാനം നാൾക്കുനാൾ കുറഞ്ഞുവരികയാണ്.

1962ൽ പഞ്ചായത്തിന്റെ രൂപീകരണ സമയത്ത് ഇവിടത്തെ പ്രധാന റോഡ് ഇന്നത്തെ സംസ്ഥാന ഹൈവേയായ കോഴിക്കോട് - മദ്രാസ് ട്രങ്ക് റോഡായിരുന്നു. ഇന്നത്തെ NH, കോഴിക്കോട്- പാറക്കടവ് റോഡ് എന്ന പേരിലറിയപ്പെടുന്ന ഒരു ചെറിയ റോഡായിരുന്നു. രാമനാട്ടുകര നിന്നും ചുങ്കത്തുനിന്നും ഓരോ റോഡുകൾ ഫാറൂഖ് കോളേജിലേക്കുണ്ടായിരുന്നു. രാമനാട്ടുകര ഹൈസ്ക്കൂൾ റോഡ്, രാമനാട്ടുകര - പാറമ്മൽ റോഡ്, ചുങ്കം - ചുള്ളിപ്പറമ്പ്, കോടമ്പുഴ - ഫാറൂഖ്കോളേജ് തുടങ്ങിയ ചെറിയ റോഡുകളും പഞ്ചായത്തിലുണ്ടായിരുന്നു. രാമനാട്ടുകര ഒരു നാലും കൂടിയ ജംഗ്ഷനാണ്. കോഴിക്കോട് - പാറക്കടവ് റോഡ് NH ആയിമാറിയപ്പോൾ, രാമനാട്ടുകര ജംഗ്ഷനിൽ നിന്നും അല്പം പടിഞ്ഞാറോട്ടുമാറി മറ്റൊരു മൂന്നും കൂടിയ ജംഗ്ഷൻ നിലവിൽവന്നു. ആ റോഡിന്റെ സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. കോഴിക്കോട് വിമാനത്താവളത്തിന്റെ വരവോടെ സംസ്ഥാന ഹൈവേയുടെ പ്രാധാന്യം വർദ്ധിക്കുകയും ഗതാഗതം വർദ്ധിക്കുകയും ചെയ്തു. ചുങ്കം ഫാറൂക്ക്കോളേജ് റോഡും രാമനാട്ടുകര അടിവാരം റോഡും PWD ഏറ്റെടുത്തു നന്നാക്കുകയും ഈ റോഡുവഴി വിവിധ ഭാഗങ്ങളിലേക്കുള്ള ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുകയും ചെയ്തു. പേട്ട- ഫാറൂഖ് കോളേജ് റോഡ് PWD ഏറ്റെടുത്ത് നന്നാക്കിയതാണ് റോഡ് നിർമ്മാണത്തിലെ ശ്രദ്ധേയമായ മറ്റൊരു പ്രവർത്തനം. കോഴിക്കോട് ബൈപ്പാസിന്റെ 3 കി.മീ. ഭാഗം ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. അതിന്റെ നിർമ്മാണപ്രവർത്തനം ഇനിയും ആരംഭിക്കേണ്ടിയിരിക്കുന്നു.

പ്രാദേശിക റോഡുകളുടെ നിർമ്മാണങ്ങളിൽ ജന പങ്കാളിത്തം വ്യാപകമായുണ്ടായിരുന്നു. മിക്കവയും ജനകീയ കമ്മിറ്റികൾ രൂപീകരിച്ചുകൊണ്ട്, ബഹുജനങ്ങളുടെയും സാമൂഹ്യസന്നദ്ധ സംഘടനകളുടേയും നിർല്ലോഭമായ സഹായ സഹകരണങ്ങൾ നേടിക്കൊണ്ടുമാണ് ഇന്നത്തെ അവസ്ഥയിലെത്തി നിൽക്കുന്നത്. പുതിയവ നിർമ്മിക്കുന്നതിലും ഉള്ളവ നന്നാക്കുന്നതിലും ഇന്നും ജനങ്ങൾ കർമ്മോത്സുകരാണ്.

ഇന്ന് നിലവിലുള്ള ടാറിട്ട റോഡുകളുടെ വിവരം പട്ടിക 18 ൽ കൊടുക്കുന്നു.

### പ്രശ്നങ്ങൾ

കോളേജ്, ആശുപത്രികൾ, ബാങ്കുകൾ തുടങ്ങിയ പൊതുസ്ഥാപനങ്ങൾ, വ്യാപാരപ്രാമുഖ്യമുള്ള അങ്ങാടി, ജനസാന്ദ്രത തുടങ്ങിയ കാര്യങ്ങൾ കണക്കിലെടുക്കുമ്പോൾ റോഡുകളുടെ സൗകര്യം തീർത്തും അപര്യാപ്തമാണ്. സാമൂഹ്യവികസനത്തിനൊപ്പം റോഡുകളുടെ വികസനവും കൂടിയേ തീരൂ. സ്ഥലത്തിന്റെ വിലയും ജനനിബി

ആകെയുള്ള പാതകളുടെ പട്ടിക (ഇതിൽ നടപ്പാതകളും ഉൾപ്പെടും) താഴെ കൊടുക്കുന്നു.

| ടാർ ചെയ്തത് കി.മീ. | | | | | | |
|---|---|---|---|---|---|---|
| N.H. | PWD | പഞ്ചായത്ത് | മറ്റുള്ളവ | ചരൽ | മണ്ണ് | ആകെ |
| 3 | 12.600 | 4.100 | 3.900 | 32.565 | 71.123 | 126.288 |

പട്ടിക 1: നിലവിലുള്ള ടാറിട്ട റോഡുകളുടെ വിവരം

| നമ്പ്ര് | പേര് | നീളം | വീതി | ഏജൻസി |
|---|---|---|---|---|
| 1. | N.H. 17 | 3 കി.മീ. | 24മീ | നാഷണൽ ഹൈവേ |
| 2. | കോഴിക്കോട് - മദ്രാസ് ട്രങ്ക് റോഡ് | 2.5 " | 18 മീ.. | സംസ്ഥാന ഹൈവേ |
| 3. | ചുങ്കം - ഫാറൂഖ് കോളേജ് | 2.5 കി.മീ. | 10 മീ. | PWD |
| 4. | രാമനാട്ടുകര - അടിവാരം | 2 കി.മീ. | 8മീ | " |
| 5. | കോടമ്പുഴ - ഫാറൂഖ് കോളേജ് | 4.5 കി.മീ. | 8. മീ | " |
| 6. | ഫാറൂഖ് കോളേജ് - കാരാട് | 1 കി.മീ. | 6മീ. | " |
| 7. | N.H. ട്രങ്ക് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് | 0.100 മീ. | 8മീ. | " |
| 8. | രാമനാട്ടുകര - അഴിഞ്ഞിലം | 2 കി.മീ. | 4 മീ. | പഞ്ചായത്ത് |
| 9. | വൈദ്യരങ്ങാടി - ഹൈസ്ക്കൂൾ | 1മീ കി.മീ | 4 മീ. | പഞ്ചായത്ത് |
| 10. | ഫാറൂഖ് കോളേജ് - അൽഫാറൂഖ് | 0.500 കി.മീ | 4 മീ. | " |
| 11. | പേട്ട - ചൂരക്കാട് | 0.900 കി.മീ. | 6 മീ. | മറ്റുള്ളവ |
| 12. | ചാത്തംപറമ്പ് - പള്ളിമേത്തിൽ | 1 കി.മീ. | 4.മീ. | " |
| 13. | പരുത്തിപ്പാറ - മൂർക്കനാട് | 1 കി.മീ. | 4.മീ. | " |
| 14. | എയർപോർട്ട് റോഡ് } കോലാർകുന്ന് | 1 കി.മീ. | 4മീ | " |

ഡതയും കാരണം റോഡുകളുടെ വീതി ഒരു പ്രശ്ന മാണ്. M.L.A, M.P. ഫണ്ടുകൾ ഒന്നുംതന്നെ പഞ്ചാ യത്തിന്റെ വികസനത്തിന് ഇതുവരെ ലഭിച്ചിട്ടില്ല. രാമനാട്ടുകര അങ്ങാടി വളരെ തിരക്കുള്ളതാണ്. മരവ്യവസായവും വാഹനറിപ്പയറിംഗും കാൽനടയാത്ര ദുസ്സഹമാക്കുന്നു. അപകടസാധ്യത കൂട്ടുന്നു. ഡ്രെ നേജ് സൗകര്യങ്ങളുടെ അപര്യാപ്തത നിലവിലുള്ള റോഡുകളുടെ ആയുസ്സിനെ ബാധിക്കുന്നു. ചെറിയ റോഡുകൾ ഓരോ മഴയിലും നശിച്ചുകൊണ്ടിരി ക്കുന്നു.

## പരിഹാരങ്ങൾ

രാമനാട്ടുകര അങ്ങാടിയിൽ ഫുട്പാത്ത് നിർ മ്മിക്കുകയും മതിയായ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യണം. മുഴുവൻ റോഡു കൾക്കും ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്ത ണം. രാമനാട്ടുകര അങ്ങാടിയിൽ റോഡരികിൽ മരം ഇറക്കിവെക്കുന്നതും റോഡരികിൽ വെച്ച് വാഹ നങ്ങൾ റിപ്പേർ ചെയ്യുന്നതും അവസാനിപ്പിക്കാൻ വേണ്ടതു ചെയ്യണം. സൗകര്യമുള്ള മുഴുവൻ റോഡു കളും സോളിംഗ് നടത്തി മെറ്റൽ ചെയ്യണം. ബാക്കി യുള്ള റോഡുകളും പാതകളും നന്നാക്കണം.

പല സ്കീമുകളിലായി പ്രവർത്തനം വളരെ യേറെ മുന്നോട്ടുപോയ, ഉടൻ താറിടേണ്ട റോഡു കളുടെ പട്ടിക ചുവടെ ചേർക്കുന്നു.

1. പേട്ട-ചൂരക്കാട് റോഡ്.
2. അൽ ഫാറൂഖ് - ചുടല ബസാർ
3. കൃഷിഭവൻ റോഡ്
4. രാമനാട്ടുകര ഗവ:ആശുപത്രി- പുല്ലുകുന്ന് പൂഴി പൊറ്റാലിങ്ങൽ റോഡ്.
5. തിരിച്ചിലങ്ങാടി-മേലേവാരം
6. പരുത്തിപ്പാറ - മൂർക്കനാട് റോഡിന്റെ ബാക്കി ഭാഗം
7. മങ്ങാട്ടയിൽ - പൊയിൽതൊടി റോഡ്
8. എൻ.എച്ച് ബൈപാസ് - പാലക്കാപറമ്പ് റോഡ്.

### ഘട്ടം ഘട്ടമായി താറിടേണ്ട റോഡ്

1. ഈസ്റ്റ് വൈദ്യരങ്ങാടി - ഹൈസ്കൂൾ റോഡ്.
2. രാമനാട്ടുകര - മരപ്പാലം റോഡ്.
3. കെയർവെൽ - മുട്ടിയറ റോഡ്
4. അയ്യപ്പൻ എഴുത്തച്ഛൻ സ്കൂൾ റോഡ്
5. കോലാർകുന്ന് - അമ്പലപ്പടി റോഡ്
6. പ്ലാക്കാട്ട് താഴം - രാമനാട്ടുകര ഹൈസ്കൂൾ റോഡ്
7. പുല്ലൂർ പടി - ചിറക്കാം കുന്ന് റോഡ്
8. മാത്തിൽപ്പടി - മുണ്ടങ്ങാട്ടുതാഴം റോഡ്
9. മുട്ടുംകുന്ന് പാണാഴിത്താഴം റോഡ്
10. കളിപ്പറമ്പ് ചൂരപ്പെട്ടി റോഡ്

11. എൽ.ഐ.സി. അടിവാരം റോഡ്.
12. കൊറ്റമംഗലം - യത്തീംഖാന റോഡ്
13. ഉണ്ണ്യാലുങ്ങൽ - പൂനാട്ടിൽ താഴം
14. ഉണ്ണ്യാലുങ്ങൽ - കണ്ടാരിത്താഴം
15. മൂർക്കനാട് കടവ് - കുന്നുമ്മൽ തടായി കോളനി റോഡ്
16. തിരുത്തിയാട് - കോവയിൽ പാണ്ടികശാല
17. ഇട്ടപ്പുറം - കല്ലടത്താഴം റോഡ്
18. ചുള്ളിപ്പറമ്പ് - കോഞ്ഞങ്ങാട്
19. എം.കെ.മാധവൻറോഡ് - ചുങ്കം റോഡ്
20. കുളങ്ങര - കോടമ്പുഴ
21. പാറമ്മൽ നാണിയാട്ട് താഴം റോഡ്
22. തോട്ടോളിൽ താഴം - മാത്തിൽ താഴം
23. പരുത്തിപ്പാറ ഹരിജൻ കോളനി ചുള്ളിപ്പറമ്പ്

**നിർമ്മാണഘട്ടത്തിലിരിക്കുന്നതും വികസിപ്പിക്കേണ്ടതുമായ റോഡുകൾ താഴെ ചേർക്കുന്നു.**


1. പാലക്കാപറമ്പ് - കാരായി റോഡ്
2. മങ്കുഴി പൊറ്റ - ബൈപാസ്
3. ചോയിമുക്കിൽ റോഡ്
4. വൈക്കോസ് - മുട്ടിയറ റോഡ്
5. കൊണ്ടേടത്ത് - തയ്യിൽ ഫുട്പാത്ത്
6. മങ്കുഴിപാലം - കാരായി റോഡ്
7. പാലക്കൽക്ഷേത്രം - ബൈപാസ്
8. കൊലതിരുത്തിപൊറ്റ - എൻ.എച്ച് റോഡ്
9. ഊട്ടിൽതാഴം - സേവാമന്ദിരം
10. രാമനാട്ടുകര ഹൈസ്കൂൾ - കോലാർകുന്ന്
11. പെരുഞ്ചീരി പറമ്പ് റോഡ്
12. ചിറക്കാംപാടം പാറമ്മൽ റോഡ്
13. പുലാപ്രപ്പടി - പൊറ്റപടി ഹരിജൻകോളനി ഫൂട്പാത്ത്.
14. പെരുഞ്ചീരി - കൊയ്ത്തല പടന്ന ഫൂട്പാത്ത്
15. ചിറക്കാംകുന്ന് - 4 സെന്റ് കോളനി
16. പൂളക്കൽ - കോളേജ് റോഡ്
17. പള്ളിയാളി ഫൂട്പാത്ത് വൈദ്യരങ്ങാടി
18. അടുക്കത്ത് റോഡ്.
19. CIJ റോഡ്
20. മുണ്ടംങ്ങാട്ട്താഴം - വലിയപറമ്പ്
21. കാട്ടാമ്പലം റോഡ്
22. ബംഗ്ലാവ് പറമ്പ് - പൂവ്വന്നൂർ പള്ളി റോഡ്
23. പുന്നത്ത് താഴം - അരിക്കലകത്ത് താഴം
24. അരിക്കലകത്ത് താഴം - നങ്ങം വീട്
25. കോലോത്തൊടി - വെള്ളാശ്ശേരി
26. കരിങ്ങാട്ടുകുഴി - കാട്ടാമ്പലം
27. തിരിച്ചിലങ്ങാടി - 8/4 റോഡ്
28. കുന്നുംപുറം - ചെങ്ങോട്ടുതാഴം
29. തിരിച്ചിലങ്ങാടി - എള്ളാത്ത് താഴം
30. ഉണ്ണ്യാലുങ്ങൽ - പാറക്കാട്
31. പീടികതൊടി - പൂനാട്ടിൽ
32. പരുത്തിപ്പാറ - മൂർക്കനാട്-ഇട്ടപ്പുറം കല്ലടത്താഴം റോഡും ബന്ധിപ്പിക്കുക.
33. പാണ്ടികശാല റോഡ് കോവയിൽ റോഡുമായി ബന്ധിപ്പിക്കുക.
34. പാണ്ടികശാല - അത്തോളിത്താഴം റോഡ്
35. അണ്ടിക്കാടൻ - പടിഞ്ഞാറെ പുള്ളിശ്ശേരി റോഡ്
36. തിരുത്തിയാട് - മൂർക്കനാട് റോഡ്
37. കരിമ്പനപൊറ്റ - അച്ഛൻകുളം റോഡ്
38. ചുള്ളിപറമ്പ് - നീരോല്പിൽ
39. കുളങ്ങരപാടം - ഇടയിടത്ത് താഴം റോഡ്
40. പാണർകണ്ടി - കുറ്റിക്കാട്ടിൽ റോഡ്
41. കുളങ്ങരപ്പാടം - ചേപ്പിലാരി ഹരിജൻകോളനി റോഡ്
42. നടുക്കണ്ടി - ഓലശ്ശേരി റോഡ്
43. ചുള്ളിപ്പറമ്പ് നഴ്സറി - പള്ളിത്താഴം റോഡ്
44. കുനിയത്ത് താഴം - പാലക്കൽ പുരിപാടം റോഡ്
45. കുളങ്ങര - അമ്പലംകണ്ടി റോഡ്
46. മൂത്തേടത്ത്താഴം - കള്ളിവളവ്.
47. തുമ്പപ്പാടം - ചുങ്കം റോഡ്
48. മഠത്തിൽ താഴം - കോഞ്ഞങ്ങാട്
49. മേലെ വടക്ക്യാനി - പാലക്കൽപുരി റോഡ്.
50. ചോയിൽ റോഡ്

**നന്നാക്കേണ്ട ഇടവഴികളുടെ പട്ടിക താഴെ കൊടുക്കുന്നു.**

1. മാവേലിസ്റ്റോർ - കൊട്ടേക്കാട്ട് താഴം
2. ചെമ്പരുത്തി ഇടവഴി

3. എൻ.എസ്.എസ് സ്കൂൾ - സേവാമന്ദിരം
4. കോട്ടക്കുറമ്പ - സേവാമന്ദിരം
5. പൊറ്റപ്പടി - പാറമ്മൽ
6. കളത്തിൽതാഴം - കുമ്പിയാലത്ത് താഴം
7. മേലെ കൊടക്കാട്
8. അമ്പലക്കണ്ടിത്താഴം
9. മൂർക്കനാട് കല്ലടത്താഴം
10. കുന്നുമ്മൽ തടായ് - ബോട്ടുജെട്ടി
11. അണ്ടിക്കാടൻ കുഴി പാണ്ടികശാല
12. മേലയിൽ മേത്തൽ
13. പാണ്ടികശാല മേത്തൽ - താഴം
14. പടിഞ്ഞാറെ പുള്ളിശ്ശേരി
15. തുമ്പയിൽ ഇടവഴി
16. നാല് സെന്റ് കോളനി (പരുത്തിപ്പാറ)
17. കൂർത്താട്ടിൽ ഇടവഴി
18. ഇട്ടപ്പുറത്ത് ഇടവഴി
19. മുടത്താഴിക്കൽ
20. കോരംപറമ്പത്ത് ഇടവഴി
21. കോങ്ങയിൽ ഇടവഴി
22. കോടിയാട്ട് ഇടവഴി
23. മേലെ പെരിഞ്ചീരി ഇടവഴി
24. കുഴിമ്പ്രങ്ങാട്ട് ഇടവഴി.

പാറക്കൽ ഭാഗത്ത് നീലിത്തോടിന് ഒരു ഫൂട്ട് ഓവർ ബ്രിഡ്ജ് പണിയേണ്ടതും അത്യാവശ്യമാണ്.



# ആരോഗ്യം

ആരോഗ്യമുള്ള ജനത ഏതൊരു നാടിന്റേയും സമ്പത്താണ്. ആരോഗ്യസ്ഥിതി നന്നാക്കാൻ ആരോഗ്യമുള്ള ഒരു സംസ്കാരം തന്നെ ആവശ്യമാണ്. പരിസര സംരക്ഷണം, പകർച്ചവ്യാധികളെ നിയന്ത്രിക്കാനുള്ള സാമൂഹ്യബാധ്യത, രോഗങ്ങളെ ആരംഭത്തിലെ മനസ്സിലാക്കാനും ചികിത്സിക്കാനുമുള്ള സാഹചര്യം അടിയന്തിരവൈദ്യസഹായം ലഭിക്കാനുള്ള മാർഗ്ഗങ്ങൾ എന്നിവയെല്ലാം ആരോഗ്യസംരക്ഷണത്തിലെ അവിഭാജ്യഘടകങ്ങളാണ്.

രാമനാട്ടുകര പഞ്ചായത്തിലെ ആരോഗ്യവുമായി ബന്ധപ്പെട്ട ഏതാനും കാര്യങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

**ജനസംഖ്യ**

| | |
|---|---|
| പു. | 13769 |
| സ്ത്രീ. | 14105 |
| കുട്ടികൾ | 7423 |

**ജനനമരണനിരക്ക്**

| | |
|---|---|
| ജനനം | 961 |
| ചാപിള്ള | 3 |
| മരണം | 97 |

**കുട്ടികളുടെ എണ്ണം**

| | |
|---|---|
| 1 വയസ്സിനു താഴെ | 496 |
| 1 മുതൽ 2 വരെ | 476 |
| 2 മുതൽ 3 വരെ | 492 |
| 3 മുതൽ 5 വരെ | 1080 |

**അമ്മമാരുടെ എണ്ണം**

| | |
|---|---|
| 1 കുട്ടി | 704 |
| 2 | 1084 |
| 2ൽ കൂടുതൽ | 1495 |
| ഗർഭിണിമാർ | 343 |
| മുലയൂട്ടുന്നവർ | 242 |

**കുടുംബാസൂത്രണം സ്വീകരിച്ചർ**

**(താല്ക്കാലികമാർഗ്ഗങ്ങൾ ഉൾപ്പെടെ)**

| | |
|---|---|
| 1 കുട്ടി | 322 |
| 2 കുട്ടി | 913 |
| 2 ൽകൂടുതൽ | 1243 |

**വീടുകളുടെ സ്ഥിതി**

| | |
|---|---|
| കോൺക്രീറ്റ് | 691 |
| ഓട് | 2913 |
| ഓല | 530 |
| കുടി | 178 |
| ആകെ | 4313 |

**കക്കൂസുള്ള വീടുകൾ**

| | |
|---|---|
| ESP | 2731 |
| സെപ്റ്റിക്ടാങ്ക് | 48 |
| മതിയായ സൗകര്യമില്ലാത്തവ | 1533 |

**പകർച്ചവ്യാധികൾ 95/96 ൽ**

| ജലജന്യം | വായുജന്യം | പ്രാണിജന്യം | മറ്റുള്ളവ. |
|---|---|---|---|
| 564 | 32 | 3 | 39233 |

**രാമനാട്ടുകര PHC യിലെ രോഗവിവരകണക്ക്.**

| ത്വക്ക് | വാതം | പകർച്ച | ആകെ |
|---|---|---|---|
| 3212 | 220 | 599 | 3983 |

ഈ പഞ്ചായത്തിൽ വിപുലമായ ജനപങ്കാളിത്തത്തോടെ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം നിലവിലുണ്ട് എന്നുള്ളത് ആശ്വാസകരമാണ്. അതിൽ ചുള്ളിപ്പറമ്പിൽ സബ്സെന്ററും ഉണ്ട്.

160

## പ്രശ്നങ്ങൾ:

ആരോഗ്യകാര്യങ്ങളെക്കുറിച്ച് ജനത്തിനുള്ള അജ്ഞത പല രോഗങ്ങൾ പകരുന്നതിനും ഇടവരുത്തുന്നു. ആശുപത്രികളുടെ അഭാവവും ആരോഗ്യപ്രവർത്തകരുടെ സേവനക്കുറവും രോഗങ്ങൾ വേണ്ട സമയങ്ങളിൽ മനസ്സിലാക്കാൻ കഴിയാത്തതിനും അവ മൂർച്ഛിക്കുന്നതിനും കാരണമാവുന്നു. ത്വക്‌രോഗങ്ങൾ വളരെയേറെ റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുള്ള ഒരു പ്രദേശമാണ് ഇത്. പല ശ്വാസകോശരോഗങ്ങളും വളരെയധികം റിപ്പോർട്ടുചെയ്യപ്പെടുന്നു. ചാലിയാറിലെ മലിനീകരണം ഇതിനൊരു കാരണമായി സംശയിക്കപ്പെടുന്നു. മന്ത് എലിപ്പനി തുടങ്ങിയ രോഗങ്ങളും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കൾ, കൊതുക്, എലി എന്നിവയുടെ ശല്യം ധാരാളമുണ്ട്. ചപ്പുചവറുകൾ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്ന പതിവ് സാധാരണ കാണപ്പെടുന്നു. ഹോട്ടലുകൾ, ഫാക്ടറികൾ, മാർക്കറ്റ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നുള്ള മാലിന്യങ്ങൾ ആരോഗ്യപ്രശ്നങ്ങളുയർത്തുന്നു. ഡ്രെയിനേജ് സൗകര്യങ്ങളുടെ അപര്യാപ്തത പലയിടങ്ങളിലും മാലിന്യങ്ങൾ കുന്നുകൂടാൻ ഇടവരുന്നു. ഈ പഞ്ചായത്തിനുപരി ഇതരപഞ്ചായത്തുകളിലെ ജനങ്ങൾ ചാലിയാർ പുഴയിലേക്കെറിയുന്ന അവശിഷ്ടങ്ങൾ കോടമ്പുഴ ഭാഗത്ത് വളരെയേറെ പരിസ്ഥിതി ഭീഷണി ഉയർത്തുന്നു.

കക്കൂസില്ലാത്ത വീടുകൾ ഒരു സാമൂഹ്യപ്രശ്നമായി മാറുന്നു. അമ്മമാർക്ക് മതിയായ സൗകര്യങ്ങൾ ലഭിക്കുന്നില്ല. വർദ്ധിച്ചുവരുന്ന ജനസംഖ്യയും അവരുടെ പാർപ്പിടാവശ്യങ്ങളും പല പ്രശ്നങ്ങൾക്കും കാരണമാവുന്നു. കുടുംബാസൂത്രണത്തിൽ ജനങ്ങളുടെ താല്പര്യക്കുറവ് മേൽകൊടുത്ത പല പട്ടികകളും പ്രകടമാക്കുന്നു. ബസ്സ്സ്റ്റാന്റുകളിൽ കംഫർട്ട് സ്റ്റേഷനുകൾ ഇല്ലാത്തത് പല പ്രശ്നങ്ങൾക്കും ഇടവരുത്തുന്നു.

ആശുപത്രി സൗകര്യങ്ങളുടെ അപര്യാപ്തത പല അസുഖങ്ങൾ പരത്തുന്നതിനും രോഗം മൂർച്ഛിക്കുന്നതിനും കാരണമാക്കുന്നു. പഞ്ചായത്തിൽ ഒരു PHC മാത്രമാണ് ഗവ. സ്ഥാപനമായുള്ളത്. അസുഖങ്ങൾ വന്നാൽ സ്വകാര്യ സ്ഥാപനങ്ങളേയോ ഇതര പഞ്ചായത്തിലെ ആശുപത്രികളേയോ സമീപിക്കേണ്ടിവരുന്നു. അവതന്നെ സ്വകാര്യസ്ഥാപനങ്ങളായതിനാൽ ജനങ്ങൾക്ക് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല.

## നിർദ്ദേശങ്ങൾ

1. രാമനാട്ടുകര ഹെൽത്ത്സെന്റർ ബഹുജന പങ്കാളിത്തത്തോടെ ഒരു താലൂക്ക് ആശുപത്രിയാക്കി ഉയർത്തുക.

**പഞ്ചായത്തിലെ ആശുപത്രികൾ**

| | ആശുപത്രി | ഗവ/സ്വകാര്യ | ഡോക്ടർമാർ | മുഴുവൻസമയ സേവനം | അത്യാവശ്യ ലാബ് |
|---|---|---|---|---|---|
| 1. | P.H.C | ഗവ | 1 | ഇല്ല | ഇല്ല. |
| 2. | ഹോമിയോഡിസ്പൻസറി | ഗവ. | 1 | ഇല്ല | ഇല്ല |
| 3. | കേർവെൽ | പ്രൈവറ്റ് | 4 | ഉണ്ട് | ഉണ്ട്. |
| 4. | M.D. ഹോസ്പിറ്റൽ | „ | 2 | ഉണ്ട് | ഉണ്ട്. |
| 5. | രാമനാട്ടുകര ക്ലിനിക്ക് | „ | 1 | ഇല്ല | ഉണ്ട്. |
| 6. | K.J. ഹോസ്പിറ്റൽ | „ | 1 | ഇല്ല | ഇല്ല. |
| 7. | ഫാറൂഖ്കോളേജ് ഹെൽത്ത്സെന്റർ | „ | 1 | ഇല്ല | ഇല്ല |
| 8. | ശാന്തിഹോസ്പിറ്റൽ | „ | 1 | ഉണ്ട് | ഉണ്ട് |

2. ഹോമിയോ ഡിസ്പൻസറി ഒരു ആശുപത്രി യാക്കി ഉയർത്തുക

3. ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുക.

4. ആരോഗ്യപ്രവർത്തകരുടെ സേവനം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുക.

5. ആരോഗ്യക്ലാസ്സുകൾ പതിവായി നടത്തുക. സ്കൂൾ പാഠ്യപദ്ധതിയിൽ ആരോഗ്യം, ശുചിത്വം തുടങ്ങിയവക്ക് കൂടുതൽ പ്രാധാന്യം നൽകുക.

6. പേവിമുക്തമേഖലയാക്കാൻ സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

7. കൊതുകു വിമുക്തമേഖലയാക്കുക. അതിനുവേണ്ടി കെട്ടികിടക്കുന്ന വെള്ളം, മാലിന്യം എന്നിവ ഒഴിവാക്കുക. വീടുകളിൽ മതിയായ ഡ്രെയിനേജ്, കക്കൂസ് സൗകര്യങ്ങൾ ഉറപ്പാക്കിയ ശേഷം മാത്രമേ പഞ്ചായത്ത് നമ്പ്ര് നൽകാവൂ. ഇടക്കിടക്ക് കൊതുകുനാശിനികൾ ഉപയോഗിക്കണം.

8. എലിനശീകരണ പ്രവർത്തനം നടത്തുക.

9. ആരോഗ്യസർവ്വേ നടത്തുക. ചാലിയാർ ഭാഗത്ത് കാണുന്ന രോഗങ്ങളെക്കുറിച്ച് പ്രത്യേക പഠനം നടത്തണം.

10. മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സൗകര്യം പഞ്ചായത്ത് ഏർപ്പെടുത്തണം. അവശിഷ്ടങ്ങൾ പുഴയിലേക്കും മറ്റു പൊതുസ്ഥലങ്ങളിലേക്കും വലിച്ചെറിയുന്ന ശീലം ഒഴിവാക്കാൻ വേണ്ട ബോധവൽക്കരണം നടത്തുക.

11. കക്കൂസില്ലാത്ത വീടുകൾ മിക്കവയും നിർദ്ധനരുടേതാണ്. അവർക്ക് കക്കൂസ് നിർമ്മിച്ചുകൊടുക്കുന്നതിനാവശ്യമായ പദ്ധതി നടപ്പിലാക്കുക.

12. രാമനാട്ടുകര, ഫാറൂഖ് കോളേജ് എന്നിവിടങ്ങളിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.



# സഹകരണം

സാധാരണക്കാരുടേയും ഇടത്തരക്കാരുടേയും നിത്യജീവിതവുമായി ആത്മബന്ധം പുലർത്തുന്ന ഒരു മേഖലയാണ് സഹകരണമേഖല. കേരളത്തിന്റെ സമ്പദ്ഘടനയിൽ കാതലായ മാറ്റങ്ങളും ചലനാത്മകമായ പ്രവർത്തനങ്ങളും സഹകരണമേഖല മുഖേന കൈവരിച്ചുകൊണ്ടിരിക്കുന്നു. വലുതും ചെറുതുമായ അതിന്റെ പ്രവർത്തന മണ്ഡലം വളരെ വിപുലീകരിച്ചുവരികയാണിപ്പോൾ. നമ്മുടെ പഞ്ചായത്തിലെ സഹകരണ മേഖലയെക്കുറിച്ച് പരിശോധിക്കാം.

ഇന്ത്യയിൽ സഹകരണപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച കാലത്തു തന്നെ അതേ രൂപത്തിലുള്ള പ്രവർത്തനങ്ങൾ പഴയ ഏറനാട് താലൂക്കിന്റെ ഭാഗമായിരുന്ന വെലിപ്രം അനുഭവപ്പെട്ടിരുന്നു. കടബാദ്ധ്യതകൊണ്ട് ജീവിതം രണ്ടറ്റവും മുട്ടിക്കാൻ പ്രയാസപ്പെട്ടിരുന്ന കൃഷിക്കാർക്കും മറ്റും സഹകരണസംഘ രൂപീകരണം വളരെ ഗുണം ചെയ്തിരുന്നു.

ഇന്നത്തെ സർവ്വീസ് സഹകരണസംഘത്തിന്റെ അന്നത്തെ രൂപമായ ഐക്യനാണയസംഘത്തിന് ജന്മം നൽകിയത് മോണ്ടമ്പുലത്ത് അകത്തൂത്ത് നാരായണൻ മൂസ്സത് മുതൽ 18 പേരാണ്. വെലിപ്രം അംശത്തിലെ പ്രസിദ്ധ തറവാടായ കല്ലള്ളി പുലാപ്ര വീട്ടിൽവെച്ച് 1922 ഒക്ടോബർ 7ന് 5740ം നമ്പ്രായി ക്ലിപ്തപ്പെടുത്താത്ത ബാദ്ധ്യതയോടുകൂടി സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. സംഘത്തിന്റെ ആദ്യകാല പ്രസിഡണ്ട് ചെറുകാട്ട് ശങ്കരമേനോനും സിക്രട്ടറി മാടമ്പത്ത് കരുണാകരമേനോനുമായിരുന്നു.

1922 മുതൽ 1938 വരെയുള്ള കാലഘട്ടത്തിൽ സംഘത്തിന് വളർച്ചയും തളർച്ചയും അനുഭവിക്കേണ്ടിവന്നിട്ടുണ്ട്. 1962ലാണ് സംഘം ക്ലിപ്തപ്പെടുത്തിയ ബാദ്ധ്യതയോടെ വെലിപ്രം സർവ്വീസ് സഹകരണ സംഘമായി മാറിയത്. തുടർന്നുള്ള യാത്ര പുരോഗതിയുടെ ഓരോ പാതയും പിന്നിട്ടുകൊണ്ടിരിക്കുന്നു.

1975ൽ വെലിപ്രം സർവ്വീസ് സഹകരണ സംഘം ഇന്നത്തെ രാമനാട്ടുകര സർവ്വീസ് സഹകരണബേങ്കായി മാറി.

വായ്പാ വിതരണ സംഘമെന്ന നിലയിൽ രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്കിന്റെ സ്ഥാനം കോഴിക്കോട് ജില്ലയിൽത്തന്നെ മുൻനിരയിലാണ്. ഫാറൂഖ്കോളേജ് ഹെഡ്ഓഫീസിനു പുറമെ രാമനാട്ടുകരയിലും ഇതിന്റെ ഒരു ശാഖ നിലവിലുണ്ട്. ബേങ്കിനു കീഴിൽ രണ്ട് വളം ഡിപ്പോകളും രണ്ട് റേഷൻ ഷാപ്പുകളും ഒരു സഹകരണ മാവേലി സ്റ്റോറും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിലെ ഒന്നുമുതൽ ആറുവരെ വാർഡുകൾ കേന്ദ്രീകരിച്ചും ഏഴുമുതൽ പതിനൊന്ന് വാർഡുകൾ കേന്ദ്രീകരിച്ചും രണ്ട് പാൽ വിതരണ സംഘങ്ങൾ മിൽമയുടെ കീഴിൽ നിലവിലുണ്ട്. ഇതിൽ ചുള്ളിപ്പറമ്പ് മേഖലയിൽ പ്രവർത്തിക്കുന്ന സംഘത്തിന്റെ പ്രവർത്തനം കോഴിക്കോട് ജില്ലയിൽതന്നെ മാതൃകാപരമാണ്. എന്നാൽ രാമനാട്ടുകര മേഖലയിലെ സംഘം പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമല്ല.

1958ൽ രാമനാട്ടുകര തോട്ടുങ്ങൽ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം വേണ്ടത്ര വിജയകരമല്ല. രാമനാട്ടുകര പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന്റെ പ്രവർത്തനവും തൃപ്തികരമല്ല. അതിന്റെ പ്രവർത്തന മേഖല കൂടുതൽ വ്യാപിപ്പിക്കുകയും കൂടുതൽ പട്ടികജാതിക്കാരെ ഉൾപ്പെടുത്തുകയും വേണം. സമീപത്തെ അഞ്ച് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചുള്ള ഹൗസിങ്ങ് സഹകരണസംഘം ഭേദപ്പെട്ട നിലയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിൽ പ്രവർത്തിച്ചിരുന്ന

| രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക് | | | |
|---|---|---|---|
| പ്രവർത്തന പരിധി | ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | അംഗീകൃത ഓഹരിമൂലധനം |
| രാമനാട്ടുകര പഞ്ചായത്ത്<br>*1996 ലെ കണക്ക് | 1922 | 9360 | 25 ലക്ഷം |

**രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക്**

**കാർഷിക വായ്പകൾ**

| ഇനം | തുക |
|---|---|
| ഹ്യസ്വകാല കാർഷിക വായ്പ | 563559.00 |
| മദ്ധ്യകാല കാർഷിക വായ്പ | 278122.00 |
| ദീർഘകാല കാർഷികവായ്പ | 47182.00 |

**മറ്റ് വായ്പകൾ**

| ഇനം | തുക |
|---|---|
| ഗോൾഡ് ലോൺ | 19951857.00 |
| കാർഷികേതര വായ്പ (ഹ്യസ്വകാലം) | 1227626.00 |
| ,, ,, (മദ്ധ്യകാലം) | 19475973.00 |

**പ്രത്യേക വായ്പകൾ**

| ഇനം | തുക |
|---|---|
| ഐ.ആർ.ഡി.പി. | 33225.00 |
| ഭവനനിർമ്മാണ വായ്പ | 16835.00 |
| നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ | |
| വായ്പാ സ്വഭാവം | തുക |
| കാർഷിക വായ്പ | 343872.00 |
| കാർഷികേതര വായ്പ | 1518244.00 |
| ഗോൾഡ്ലോൺ | 2699130.00 |
| ഐ.ആർ.ഡി.പി. | 16.237.00 |

**സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച വായ്പകൾ**

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| കെ.ഡി.സി. ബേങ്ക് | കൃഷി | 398309.00 |
| ,, | ഗോൾഡ് | 1491161.00 |

96ലെ കണക്ക്.

എ.കെ.ജി. സഹകരണ ആശുപത്രി തകർച്ചയുടെ മൂർദ്ധന്യത്തിലാണ്. ഓട്ടുപാത്ര നിർമ്മാണ സഹകരണസംഘവും ഇന്ന് നിലവിലില്ല. രാമനാട്ടുകര കേന്ദ്രീകരിച്ച് പാഠപുസ്തക വിതരണ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്.

## വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

**വായ്പ വിതരണ മേഖല:-**

❑ രാമനാട്ടുകര സർവ്വീസ് സഹകരണ ബേങ്ക് നൽകി വരുന്ന വ്യക്തിഗത വായ്പ രണ്ടായിരം

രൂപയിൽനിന്ന് വർദ്ധിപ്പിക്കണം.

❑ എല്ലാ ജനവിഭാഗങ്ങളേയും അംഗങ്ങളാക്കി ഓഹരി മൂലധനം വർദ്ധിപ്പിക്കണം.

❑ കാർഷികമേഖലയെ പുഷ്ടിപ്പെടുത്താൻ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന വളം ഡിപ്പോകൾ കൂടുതൽ കാര്യക്ഷമമാക്കണം.

❑ തകരുന്ന ഉല്പാദന മേഖലയെ ഉയർത്തിക്കൊണ്ടുവരാൻ കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കണം.

❑ കാർഷിക മേഖലയെ പരിപോഷിപ്പിക്കാൻ നിലവിലുള്ള ഹ്രസ്വകാല വായ്പകൾക്ക് പകരം മദ്ധ്യകാല, ദീർഘകാല വായ്പകളാക്കി വിപുലപ്പെടുത്തണം.

❑ ജനസാന്ദ്രത ഏറ്റവും കൂടിയ രാമനാട്ടുകര അങ്ങാടിയിൽ സഹകരണ സംഘത്തിന്റെ കീഴിൽ സഹകരണ മെഡിക്കൽ ഷോപ്പ്, മാവേലി സ്റ്റോർ, മെറ്റൽ സ്റ്റോർ എന്നിവ സ്ഥാപിക്കണം.

❑ വായ്പാ രംഗത്ത് ഇന്ന് കാണുന്ന കുടിശിക ഈടാക്കി കൂടുതൽ ആളുകൾക്ക് വായ്പ നൽകുവാനും സഹകരണ പ്രസ്ഥാനങ്ങളെ നിലനിർത്താനും സ്ഥാപനങ്ങളുടെ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുവാനും ജനകീയ ബോധവൽക്കരണ ക്യാമ്പുകൾ നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.

**ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ:-**

❑ പഞ്ചായത്തിൽ നിലവിലുള്ള രണ്ട് സംഘങ്ങളുടേയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വേണ്ടി വിപുലമായ തോതിൽ സഹകരണബേങ്കും ക്ഷീരോല്പാദകസംഘവും വായ്പകളും ബോധവൽക്കരണവും നൽകണം.

❑ കൂടുതലായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും പഞ്ചായത്തിലെതന്നെ മുഴുവൻ കുടുംബങ്ങൾക്കും വീടുകളിൽ എത്തിച്ചുകൊടുക്കണം.

❑ സംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർക്ക് അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ വിതരണം ചെയ്യണം.

❑ കാലിത്തീറ്റ വിതരണവും തീറ്റപുൽകൃഷിയും സംഘങ്ങൾ മുഖേന കാര്യക്ഷമമായി നടപ്പിലാക്കണം.

❑ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും രണ്ട് സംഘങ്ങളുടേയും കീഴിൽ പാൽ സംഭരണ വിതരണ കേന്ദ്രം സ്ഥാപിക്കണം.

❑ പുതിയ തൊഴിൽ മേഖല സൃഷ്ടിക്കാൻ പാലുല്പന്നങ്ങൾ ഉണ്ടാക്കുന്ന യൂനിറ്റുകൾ സംഘങ്ങളുടെ കീഴിൽ ആരംഭിക്കണം.

❑ കന്നുകാലികളുടെ സംരക്ഷണത്തിനായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കണം.

| സൊസൈറ്റിയുടെ പേര് | മൊത്തം ശേഖരിക്കുന്ന പാൽ | പ്രാദേശികമായി വിൽക്കപ്പെടുന്നത് | പുറത്തേക്ക് അയക്കുന്നത് |
|---|---|---|---|
| രാമനാട്ടുകര ക്ഷീര വ്യവസായ സഹകരണസംഘം | 150 ലിറ്റർ | 45 ലിറ്റർ | 105 ലിറ്റർ |
| ചുള്ളിപ്പറമ്പ് ക്ഷീര വ്യവസായ സഹകരണസംഘം | 230 ലിറ്റർ | 60 ലിറ്റർ | 170 ലിറ്റർ |

**കയർ വ്യവസായ സഹകരണ സംഘം**

രാമനാട്ടുകര തോട്ടുങ്ങൽ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന രാമനാട്ടുകര കയർ വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തനം വിജയകരമല്ല. സർക്കാരിന്റെ സാമ്പത്തിക സഹായവും ആധുനിക സാങ്കേതിക വിദ്യയും ഉപയോഗിച്ച് സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തണം.

**രാമനാട്ടുകര റൂറൽ ഹൗസിങ്ങ് സഹകരണസംഘം**

കോഴിക്കോട് ജില്ലയിലെ അഞ്ച് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഈസംഘത്തെക്കുറിച്ച് പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടത്ര അറിവില്ല. പാർപ്പിട സൗകര്യത്തിന് വേണ്ടി വളരെയധികം പ്രയാസപ്പെടുന്ന പഞ്ചായത്തിലെ ജനങ്ങൾക്ക് ഒരാശ്വാസമായി മാറുകയും പ്രവർത്തനമൂലധനം വർദ്ധിപ്പിച്ച് വായ്പാ വിതരണ രംഗത്ത് പുത്തൻ കാൽവെപ്പ് നടത്തേണ്ടതുമാണ്. വരുമാനപരിധി കണക്കാക്കി പലിശനിരക്ക് കുറച്ച് വായ്പാ വിതരണം കൂടുതൽ ലളിതവൽക്കരിക്കണം.

രാമനാട്ടുകര ഹൗസിംഗ് സഹകരണ സംഘം:

| ആരംഭിച്ച വർഷം | പ്രവർത്തനപരിധി | ആകെ മെമ്പർമാർ | പ്രവർത്തനമൂലധനം |
|---|---|---|---|
| 1977 | കോഴിക്കോട് ജില്ലയിലെ 5 പഞ്ചായത്തുകൾ രാമനാട്ടുകര ഫറോക്ക് കടലുണ്ടി ചെറുവണ്ണൂർ-നല്ലളം ബേപ്പൂർ. | 920 | 2 കോടിയോളം |

രാമനാട്ടുകര ഹൗസിംഗ് സഹ:സംഘം ഈ പ്രദേശത്ത് നൽകിയ വായ്പകൾ.:

| ലഭിച്ചവരുടെ എണ്ണം | വായ്പയുടെ സ്വഭാവം | നൽകിയ തുക. |
|---|---|---|
| 138 കുടുംബങ്ങൾക്ക് | ഭവനനിർമ്മാണം | 5761000.00 |

രാമനാട്ടുകര പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം

രാമനാട്ടുക പഞ്ചായത്ത് കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് സഹകരണ സംഘം പ്രവർത്തനം വേണ്ടത്ര വിപുലീകൃതമല്ല. പരമ്പരാഗത മേഖലയിൽ ഫണ്ടുകൾ പരമാവധി ഉപയോഗപ്പെടുത്തുകയാണെങ്കിൽ പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ഗുണകരമാകും. സംഘത്തിന്റെ പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുകയും മുഴുവൻ പട്ടികജാതിക്കാരെയും കോർത്തിണക്കി പ്രവർത്തനം വിപുലപ്പെടുത്തുകയും വേണം.

എ.കെ.ജി. മെമ്മോറിയൽ ഹോസ്പിറ്റൽ

ആതുര സേവനരംഗത്ത് വളരെയധികം പ്രതീക്ഷയും പ്രചരണങ്ങളും നൽകിക്കൊണ്ട് രാമനാട്ടുകരയിൽ സ്ഥാപിച്ച എ.കെ.ജി. മെമ്മോറിയൽ ഹോസ്പിറ്റൽ ചികിത്സാരംഗത്ത് കാര്യമായി ഒന്നും ചെയ്യാൻ കഴിയാതെ ഇന്ന് പൂർണ്ണമായും തകർച്ചയിലാണ്. കൂടുതൽ ആത്മാർത്ഥതയും സഹകരണമനോഭാവവുമുള്ള വ്യക്തികൾ മുന്നോട്ട് വന്ന് പഞ്ചായത്തിൽ അത്യന്താപേക്ഷിതമായ ആശുപത്രി പ്രസ്ഥാനത്തെ പുനരുജ്ജീവിപ്പിക്കാൻ തയ്യാറാകണം.

ഓട്ടുപാത്രനിർമ്മാണ സഹകരണസംഘം

രാമനാട്ടുകരയിൽ ഉണ്ടായിരുന്ന ഓട്ടുപാത്ര നിർമ്മാണ സഹകരണസംഘം ഇന്ന് നിലവിലില്ല. ഈ മേഖലയിലെ സഹകാരികൾക്ക് കൂടുതൽ ഗുണപ്രദമായ രൂപത്തിൽ സംഘത്തെ പുനരുജ്ജീവിപ്പിക്കണം.

ഖാദി ഗ്രാമവ്യവസായ സഹകരണ സംഘം

- ഖാദിബോർഡിന്റെ കീഴിൽ വിപുലമായ പ്രവർത്തനം നടത്താമായിരുന്ന പ്രസ്തുത സഹകരണ സംഘം കാര്യക്ഷമതിയില്ലാത്തതുമൂലം ഇന്ന് നിലവിലില്ല.
- ഈ മേഖലയിൽ സോപ്പ് നിർമ്മാണം 2,3,4,11 വാർഡുകളിൽ നടപ്പിലാക്കണം.
- എല്ലാ വാർഡുകളിലും വസ്ത്രനിർമ്മാണ് യൂനിറ്റുണ്ടാക്കി വനിതകളുടെ തൊഴിൽ മേഖല വർദ്ധിപ്പിക്കണം.
- 2,3,10 വാർഡുകളിൽ പപ്പടനിർമ്മാണ യൂനിറ്റ് ആരംഭിക്കണം.
- ചകിരിയിൽനിന്നും ചിരട്ടയിൽനിന്നും കളിക്കോപ്പുകൾ, കരകൗശലവസ്തുക്കൾ എന്നിവ ഉണ്ടാക്കി വിതരണം ചെയ്യുന്ന യൂനിറ്റ് ആരംഭിക്കണം.
- 2,3,4,10 വാർഡുകളിൽ അച്ചാർ, ജാം, സ്ക്വാഷ്, കരിപൗഡർ തുടങ്ങിയ ഭക്ഷ്യസാധനങ്ങൾ

നിർമ്മിക്കുന്ന യൂനിറ്റ് ആരംഭിക്കണം.

● 11-ാം വാർഡിൽ കുടനിർമ്മാണയൂനിറ്റും ഭക്ഷ്യയോഗ്യമായ ധാന്യപ്പൊടികളും ഉണ്ടാക്കിക്കൊടുക്കുന്ന യൂനിറ്റും നിർമ്മിക്കണം.

● ഇതിന് കീഴിൽ പായ നെയ്ത്തും കൊട്ട നെയ്ത്തും സഹായങ്ങൾ നൽകി പ്രോത്സാഹിപ്പിക്കുകയും സംഭരിച്ച് വിതരണം ചെയ്യുകയും വേണം.

● ഖാദിബോർഡിനു കീഴിൽ 4, 10 വാർഡുകളിൽ മൺപാത്രനിർമ്മാണ യൂനിറ്റ് രൂപീകരിക്കണം. ഈ വാർഡുകളിൽ ഇന്ന് അതിന്റെ നിർമ്മാണവും വിതരണവും തകർച്ചയുടെ ഭീഷണി നേരിട്ടു കൊണ്ടിരിക്കുകയാണ്.

**കെട്ടിടനിർമ്മാണതൊഴിലാളി സഹകരണസംഘം.**

പഞ്ചായത്ത് കേന്ദ്രീകരിച്ച് കെട്ടിടനിർമ്മാണ തൊഴിലാളി സഹകരണസംഘം സ്ഥാപിക്കണം. തൊഴിൽ ഏകീകരണത്തിനും നീതിപൂർവ്വകമായ തൊഴിൽ വിതരണത്തിനും ഇത് സഹായകമാവും.

**വിദ്യാഭ്യാസ സഹകരണസംഘം**

പഞ്ചായത്തിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനും സ്കൂൾ തലത്തിൽ പഠന നിലവാരം ഉയർത്തുന്നതിനും രാമനാട്ടുകരയിൽ വിദ്യാഭ്യാസ സഹകരണ സംഘം സ്ഥാപിക്കണം.

**സഹകരണ ഹോട്ടൽ.**

രാമനാട്ടുകരയിലും ഫാറൂഖ് കോളേജ് പരിസരത്തും കുറഞ്ഞ നിരക്കിൽ മായമില്ലാത്ത ഭക്ഷണം ലഭിക്കുന്നതിന് സഹകരണ ഹോട്ടൽ സ്ഥാപിക്കണം.

**ഇറച്ചി-മുട്ടക്കോഴി ഉല്പാദന വിതരണം സംഘം.**

ഇറച്ചി-മുട്ട എന്നിവക്ക് മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന അവസ്ഥ മാറ്റുന്നതിനുവേണ്ടി പഞ്ചായത്ത് തലത്തിൽ ഇറച്ചി-മുട്ടക്കോഴി എന്നിവ വളർത്തുന്ന സഹകരണ സംഘം സ്ഥാപിക്കുകയും എല്ലാ വീടുകളിലും കോഴിവളർത്തൽ ശാസ്ത്രീയമായ രീതിയിൽ വ്യാപകമാക്കി വാർഡ് തലത്തിൽ സംഭരിച്ച് പഞ്ചായത്ത് തലത്തിൽ വിതരണം ചെയ്യണം. ആവശ്യമായ കോഴിത്തീറ്റ വിതരണം പഞ്ചായത്ത് തലത്തിൽ നടത്തണം.


**നാളികേര സംഭരണ സംസ്കരണ വിപണന സംഘം.**

പഞ്ചായത്ത് കേന്ദ്രീകരിച്ച് ആധുനിക രീതിയിലുള്ള സംസ്കരണ യൂനിറ്റുണ്ടാക്കി പഞ്ചായത്തിലെ മുഴുവൻ നാളികേര കർഷകരെയും അംഗങ്ങളാക്കി നാളികേരം വാർഡ് തലത്തിൽ സംഭരിച്ച് സംസ്കരണ വിപണനമേഖല വിപുലപ്പെടുത്തി കർഷകർക്ക് ന്യായമായ വില ലഭിക്കുന്ന സംവിധാനം നിലവിൽ വരണം.

## മറ്റ് നിർദ്ദേശങ്ങൾ

മൂന്നാം വാർഡിൽ പച്ചക്കറി ഉല്പാദക വിതരണസംഘവും അഞ്ചാം വാർഡിൽ കൈത്തൊഴിലായി കരിങ്കല്ല് മെറ്റൽ (ജെല്ലി) ഉണ്ടാക്കുന്ന സംഘവും ഒമ്പതാം വാർഡിൽ മത്സ്യതൊഴിലാളി ചെമ്മീൻകൃഷി സഹകരണ സംഘവും എട്ടാം വാർഡിൽ കൂൺ ഉല്പാദക വിതരണ സംഘവും സ്ഥാപിക്കണം.

രാമനാട്ടുകര പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിലായി ജനങ്ങൾ സഹകരണ മേഖലയിൽ നടത്തിയ ചർച്ചകളും നിർദ്ദേശങ്ങളും സഹകാരികളുമായി നടത്തിയ ചർച്ചകളുടെ കൂടെ അടിസ്ഥാനത്തിൽ ഉണ്ടാക്കിയ റിപ്പോർട്ടാണിത്. പഞ്ചായത്തിന്റെ കാർഷിക വ്യാവസായിക വിദ്യാഭ്യാസ സാംസ്കാരിക സാമ്പത്തിക രംഗത്ത് പുത്തൻ ചലനങ്ങൾ സൃഷ്ടിക്കാൻ ഈ റിപ്പോർട്ട് ഇനിയും ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും മുൾഗണനാ നിശ്ചയത്തിനും സമർപ്പിക്കുന്നു.



# കുടിവെള്ളം

മനുഷ്യന് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ് കുടിവെള്ളം. ആരോഗ്യമുള്ള ഒരു ജനതയെ വാർത്തെടുക്കുന്നതിൽ ശുദ്ധജലത്തിന്റെ പങ്ക് നിസ്സീമമാണ്.

പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും കിണറുകളെയാണ് ശുദ്ധജലത്തിന് ഉപയോഗിക്കുന്നത് പലയിടങ്ങലിലും പൈപ്പ് ജലം ലഭ്യമാണെങ്കിലും അവ എപ്പോഴും ലഭിക്കുന്നില്ല. ഉയർന്ന സ്ഥലങ്ങളിൽ കുടിവെള്ളത്തിന് വലിയ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. താഴ്ന്ന സ്ഥലങ്ങളിൽ പലയിടത്തും കണ്ടൽവെള്ളമായതിനാൽ കുടിവെള്ളത്തിനുപയോഗിക്കാൻ പറ്റില്ല. പഞ്ചായത്തിന്റെ വക പലയിടത്തും കിണർ ഉണ്ടെങ്കിലും മിക്കവയും പ്രവർത്തനക്ഷമമല്ല.

ഡാനിസ പദ്ധതിപ്രകാരമുള്ള ജലവിതരണ സംവിധാനം പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും ഉണ്ട്. അത് വളരെ ആശ്വാസകരവുമാണ്. എന്നാൽ മീനച്ചൂടിൽ ഡാനസ ടാപ്പുകളിൽ മിക്കതും വരണ്ടുകിടക്കും എന്നതാണ് അനുഭവം.

## നിർദ്ദേശങ്ങൾ

1. കാരക്കുന്ന് ഭാഗത്ത് പഞ്ചായത്തുവക കിണർ കുഴിക്കുക.

2. പുല്ലുംകുന്നിൽ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള കിണറ്റിൽനിന്നും വെള്ളം വിതരണം ചെയ്യുക

3. കോലാർ കുന്നിന് മുകളിൽ സൗകര്യപ്രദമായ ടാങ്ക് നിർമ്മിച്ച് താഴെയുള്ള കിണറ്റിൽനിന്നും വെള്ളമെടുത്ത് വിതരണം നടത്തുക.

4. ചിറക്കാലകുളത്തിന്റെ ഒരു ഭാഗം ശുദ്ധജലത്തിനായി മാറ്റി നിർമ്മിക്കുക.

5. ചെമ്മൽപാടത്ത് കുളം കുഴിച്ച് പാലക്കാപറമ്പിലെ ജലക്ഷാമം പരിഹരിക്കുക.

6. കട്ടയാട്ട് താഴ്ഭാഗത്ത് കിണർ കുഴിക്കുക.

7. മാളീരി താഴത്ത് കിണർ കുഴിക്കുക.

8. പട്ടായികുളത്തിൽ കിണർ കുഴിച്ച് സമീപ പ്രദേശങ്ങളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.

9. കൊറ്റമംഗലത്തെ കിണർ നന്നാക്കുക.

10. പാലക്കാപുരിപാടത്ത് കിണർ കുഴിച്ച് കൊറ്റമംഗലത്ത് ടാങ്ക് കെട്ടി വിതരണം നടത്തുക.

11. അച്ഛൻകുളത്തിൽ കിണർ കുഴിച്ച് സൗകര്യം ഏർപ്പെടുത്തുക.

12. പരുത്തിപ്പാറ കോളനിയിലെ കിണറും ടാങ്കും പ്രവർത്തനയോഗ്യമാക്കുക.

13. കൊടക്കല്ലുപറമ്പിൽ കിണർ നന്നാക്കി ടാങ്കുണ്ടാക്കണം.

14. ഏലോത്ത്കുളത്തിലെ വെള്ളം വിതരണത്തിനുപയോഗിക്കുക.

15. കണ്ടൻകുളത്തിൽ കിണർ കുഴിച്ച് പഞ്ചായത്ത് കിണറിനടുത്ത് ടാങ്ക് നിർമ്മിച്ച് ചുള്ളിപറമ്പ്, മേലെവടക്ക്യോനി, പാറംക്കണ്ടം, പരുത്തിപ്പാറ എന്നിവിടങ്ങളിൽ ജലമെത്തിക്കുക.

16. പള്ളിത്താഴം സ്കൂൾ പറമ്പിൽ കിണർ കുഴിച്ച് സമീപപ്രദേശങ്ങളിൽ ജലം വിതരണം ചെയ്യുക.

17. കുളങ്ങരയിലെ കിണർ നന്നാക്കി സമീപ പ്രദേശങ്ങളിൽ ജലവിതരണം ചെയ്യുക.

മേൽപറഞ്ഞ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം ഏറിയ പങ്കും പരിഹരിക്കാൻ കഴിയും.



# വിദ്യാഭ്യാസം

**പശ്ചാത്തലം:**

ബ്രിട്ടീഷ് സർക്കാരിന്റെ നേരിട്ടുള്ള ഭരണത്തിൻ കീഴിലായിരുന്ന പഴയ മലബാർ ജില്ല വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ പിന്നോക്കാവസ്ഥയിലായിരുന്നു. കൊച്ചി, തിരുവിതാംകൂർ ഭാഗങ്ങൾ അന്ന് നാട്ടുരാജാക്കന്മാരുടെ കീഴിലായിരുന്നു. അവർ വിദ്യാഭ്യാസത്തിന് കൊടുത്ത പ്രാധാന്യവും ക്രിസ്ത്യൻ മിഷനറിമാരുടെ സേവനവും അവിടങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉയർന്നു വരുന്നതിനിടയായി. മലബാറിന്റെ തലസ്ഥാനമായ കോഴിക്കോട് നഗരം വാണിജ്യപരമായി പ്രസിദ്ധിയാർജ്ജിച്ചിരുന്നെങ്കിലും ജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിയിൽ വിദേശീയർക്ക് താല്പര്യമില്ലാത്തതുകൊണ്ട് ഈ ഭാഗത്ത് വിദ്യാഭ്യാസ സൗകര്യം താരതമ്യേന പരിമിതമായിരുന്നു. കോഴിക്കോട് ജില്ലയിലുൾപ്പെടുന്ന രാമനാട്ടുകര പഞ്ചായത്തിലും പോയ നൂറ്റാണ്ടിന്റെ അവസാനം വരെ ഔപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടായിരുന്നില്ല. സാമ്പത്തികമായി മുൻപന്തിയിൽ നിന്നിരുന്ന പുലാപ്ര, പുത്തൻവീട് തുടങ്ങിയ തറവാടുകളിൽ സ്വന്തം കുട്ടികൾക്ക് വേണ്ടി എഴുത്തുപള്ളിക്കൂടകങ്ങൾ നടന്നിരുന്നു. പുന്നത്ത് കളരി, പൂനാട്ടിൽ കളരി തുടങ്ങിയ കളരിയോഗങ്ങൾക്കനുസരിച്ച് കുടിപ്പള്ളിക്കൂടങ്ങളും (ഓത്തുപള്ളി) നടന്നിരുന്നു. ഇപ്പോഴത്തെ 6-ാം വാർഡിൽ ബംഗ്ലാവ് പറമ്പിൽ അവർണ്ണക്കുവേണ്ടിയും ഒരു എഴുത്തുപള്ളികൂടം നടന്നിരുന്നതായി പറയപ്പെടുന്നു. സവർണ്ണ കുടുംബങ്ങളിൽ പഠിപ്പിക്കാൻ പാലക്കാട് ഭാഗത്തുനിന്ന് എഴുത്തച്ഛൻമാരെ കൊണ്ടുവരാറാണ് പതിവ്. ഇവരിൽ എഴുത്തച്ഛൻമാർ അവർണ്ണർക്കും വിദ്യാഭ്യാസ സൗകര്യമുണ്ടാക്കാനായി സ്വന്തം നിലക്കും എഴുത്തു പള്ളികൾ നടത്തിയിയിരുന്നു. അത്തരമൊരു പള്ളിക്കൂടം വിപുലീകരിച്ച് 1849ൽ ശ്രീ അയ്യപ്പൻ എഴുത്തച്ഛൻ സ്ഥാപിച്ചതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വിദ്യാലയം.

നികുതിപിരിവിനും, കച്ചവടലൈസൻസ് കൊടുക്കുന്നതിനും മറ്റുമായി നാട്ടുകാരെക്കൂടി ഉൾപ്പെടുത്തി ബ്രിട്ടീഷ് സർക്കാർ രൂപീകരിച്ച മലബാർ താലൂക്ക് ബോർഡുകൾ പിന്നീട് ഏകീകരിച്ചാണ് മലബാർ ഡിസ്ട്രിക് ബോർഡ് രൂപം കൊണ്ടത്. ബോർഡിന്റെ കീഴിൽ 1913ൽ രാമനാട്ടുകരയിൽ സ്ഥാപിക്കപ്പെട്ട സ്കൂളാണ് രാമനാട്ടുകര യു.പി. സ്കൂൾ. ആദ്യകാലത്ത് ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ സ്ക്കൂളായിരുന്നത് പിന്നീട് ഒരുമിച്ച് പ്രവർത്തിക്കുകയാണുണ്ടായത്. ഏറനാട് താലൂക്കിലെ സ്ക്കൂളുകളെ ഏറനാട് ഹിന്ദു റേഞ്ച്, ഏറനാട് മുസ്ലീം റേഞ്ച് എന്നിങ്ങനെ രണ്ടായി തിരിച്ച് ഹിന്ദു ഡെപ്യൂട്ടി ഇൻസ്പക്ടർ, മുസ്ലിം ഡെപ്യൂട്ടി ഇൻസ്പെക്ടർ എന്നിവരുടെ കീഴിലാക്കിയായിരുന്നു പ്രവർത്തനം. ഏറനാട് മുസ്ലീം റേഞ്ചിന്റെ കീഴിൽ 1923ൽ വടക്കുവീട്ടുകാരുടെ സ്ഥലത്ത് സ്ഥാപിക്കപ്പെട്ടതാണ് കോടമ്പുഴയിലെ ജി.എം.എൽ.പി. സ്ക്കൂൾ. തുടർന്ന് കരിങ്കല്ലായിയിലെ കൊറ്റമംഗലത്തും ഒരു എൽ.പി. സ്ക്കൂൾ സ്ഥാപിക്കപ്പെട്ടു. 1956ൽ ഐക്യ കേരളപ്പിറവിയെത്തുടർന്ന് 1957ൽ നിലവിൽവന്ന ആദ്യത്തെ കേരള സർക്കാറിന്റെ കാലത്താണ് ബോർഡ് സ്ക്കൂളുകൾ സർക്കാറിന്റെ അധീനതയിലാകുന്നത്.

1912ൽ ചുള്ളിപ്പറമ്പിൽ സ്ഥാപിച്ച എഴുത്തുപള്ളിയിലെ സാമഗ്രികൾ വിലക്കു വാങ്ങി 1915ൽ ശ്രീ കണക്കഴി കണ്ടാരി കുട്ടപ്പൻനായർ കരിങ്കല്ലായ് പ്രദേശത്ത് സ്ഥാപിച്ചതാണ് കണ്ടാരി സ്ക്കൂൾ എന്നറിയപ്പെടുന്ന എ.എൽ.പി. സ്ക്കൂൾ രാമനാട്ടുകര സെന്ററിൽ പാണ്ടികശാല അബൂബക്കർ സാഹിബിന്റെ മേൽനോട്ടത്തിൽ ഒരു മാപ്പിളസ്ക്കൂൾ 1940കളുടെ അവസാനം വരെ പ്രവർത്തിച്ചിരുന്നു.

അവർണ്ണരുടെയും മുസ്ലീംകളുടേയും വിദ്യാഭ്യാസ സൗകര്യത്തിനായി ചാലപ്പുറത്ത് നേറ്റീവ് ഹൈസ്ക്കൂൾ എന്നപേരിൽ സ്ക്കൂൾ തുടങ്ങിയ ശ്രീ ഗണപതി റാവുവിന്റെ പുത്രനായ ശ്രീ. സർവ്വോത്തമ റാവുവാണ് മലബാർ എഡ്യുക്കേഷണൽ സൊസൈറ്റി രൂപീകരിച്ച് അതിന്റെ കീഴിൽ സ്വന്തം സ്ഥലത്തും മറ്റു ചിലരുടെ ആവശ്യാർത്ഥം അവരുടെ സ്ഥലത്തും ഗണപത് സ്ക്കൂളുകൾ തുടങ്ങുന്നത്. 1932ൽ സ്ഥാപിതമായ രാമനാട്ടുകര ഗണപത് സ്ക്കൂൾ ഇവയിൽ ഒന്നാണ്.

മലബാറിൽ സ്വാതന്ത്ര്യസമരം ശക്തിയാർജ്ജിച്ചുവന്നപ്പോൾ ഇന്നാട്ടിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തിന്റെ അപര്യാപ്തതയും തന്മൂലമുള്ള സ്വാതന്ത്ര്യബോധക്കുറവും ചിലരെങ്കിലും മനസ്സിലാക്കിത്തുടങ്ങി. കൊളത്തറയിലെ ശ്രീ. ശങ്കരൻകുട്ടിമാസ്റ്റർ, ശ്രീ. വേലുക്കുട്ടി മാസ്റ്റർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. ശങ്കരൻകുട്ടിമാസ്റ്ററുടെ ശ്രമഫലമായി 1940ൽ ചുള്ളിപ്പറമ്പിൽ വിദ്യാപ്രദായിനി എൽ.പി. സ്ക്കൂൾ സ്ഥാപിതമായി. 1946ൽ മലബാർ എഡ്യുക്കേഷണൽ സൊസൈറ്റിയുടെ കീഴിൽ കൊറ്റമംഗലത്ത് പെൺകുട്ടികൾക്ക് മാത്രമായി സ്ഥാപിതമായ ഗേൾസ് ഹയർ എലിമെന്ററി സ്ക്കൂൾ (ഇപ്പോഴത്തെ ഗണപത് എ.യു.പി. സ്ക്കൂൾ) ശ്രീ വേലുക്കുട്ടിമാസ്റ്ററുടെ ശ്രമഫലമാണ്.

സ്വാതന്ത്ര്യത്തിന് തൊട്ടുപിന്നാലെയാണ് പഞ്ചായത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ശ്രദ്ധേയമായ ഒരു മാറ്റം ഉണ്ടായത്. മലബാറിലെ ജനസംഖ്യയിൽ മുഖ്യഭാഗമായ മുസ്ലീംസമുദായത്തിന്റെ പിന്നോക്കാവസ്ഥയുടെ പ്രധാന കാരണം വിദ്യാഭ്യാസപരമാണെന്ന് മനസ്സിലാക്കി ഒരു പരിഹാരമുണ്ടാക്കുന്നതിന്റെ മുന്നോടിയായി 1942ൽ മൗലാനാ അബുസ്സബാഹ് അഹമ്മദലി സാഹിബിന്റെ നേതൃത്വത്തിൽ രൂപീകരിക്കപ്പെട്ട റൗസ്സത്തുൽ ഉലൂം അസോസിയേഷന്റെ കീഴിൽ ചാലിയാറിന്റെ തീരത്തുള്ള ഇരുമൂളിപ്പറമ്പിലെ വിശാലമായ കുന്നിൻപുറത്ത് 1948ൽ ഫാറൂഖ് കോളേജ് സ്ഥാപിക്കപ്പെട്ടു. 1942ൽ ഈ അസോസിയേഷന്റെ കീഴിൽ മഞ്ചേരിയിൽ തുടങ്ങിയ അറബി കോളേജ് 1948ൽ ഈ പരിസരത്ത് തന്നെ കൂടുതൽ സൗകര്യങ്ങളോടെ പ്രവർത്തനം പുനഃരാരംഭിച്ചു.

സ്വാതന്ത്ര്യാനന്തര കാലത്തുതന്നെയാണ് (1949) രാമനാട്ടുകരയിൽ ശിശുവിഹാരം എന്നപേരിൽ ഒരു ബേസിക് പ്രൈമറി സ്ക്കൂൾ ആരംഭിച്ചത്. ഈ സ്ക്കൂൾ ആണ് ഇന്നത്തെ സേവാമന്ദിരം ബേസിക് സ്ക്കൂൾ ആയി വളർന്നത്. ഗാന്ധിയൻ ആദർശങ്ങളിൽ അടിയുറച്ച് വിശ്വസിച്ച് ലളിത ജീവിതം നയിച്ച ശ്രീ. കെ. രാധാകൃഷ്ണമേനോന്റെ ദീർഘവീക്ഷണവും പരിശ്രമവുമാണ് ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിൽ എത്തിക്കാൻ സഹായിച്ചത്. 1956ൽ രാമനാട്ടുകരയിൽ രാമനാട്ടുകര സ്ക്കൂൾ സംഘം എന്നപേരിൽ ഒരു സ്ഥാപനം സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യുകയുണ്ടായി. ആ സംഘം വകയാണ് വൈദ്യരങ്ങാടിയിൽ പ്രവർത്തിച്ചുവരുന്ന ഹൈസ്ക്കൂൾ. മലപ്പുറം ജില്ല വന്നതോടെ മലപ്പുറം ജില്ലയിൽ പെടുമെങ്കിലും രാമനാട്ടുകരയിലെ 1,2,3 വാർഡുകളിലെ ഭൂരിപക്ഷം കുട്ടികളും ഈ ഹൈസ്ക്കൂളിനെയാണ് ആശ്രയിക്കുന്നത്.

മൗലവി അബുസ്സബാഹ് പടുത്തുയർത്തിയ മറ്റൊരു സ്ഥാപനമാണ് ഫാറൂഖ് ഹൈസ്ക്കൂൾ. ഫാറൂഖ് ഓറിയന്റൽ ഹൈസ്ക്കൂൾ എന്ന നാമധേയത്തിൽ ഈ സ്ഥാപനം 1954ൽ പ്രവർത്തനമാരംഭിച്ചപ്പോൾ ആറും ഏഴും ക്ലാസുകളേ ഉണ്ടായിരുന്നുള്ളു. 1957ൽ ഈ വിദ്യാലയം ഒരു ഹൈസ്ക്കൂൾ ആക്കിമാറ്റുവാനുള്ള അനുവാദം കിട്ടി. ഇന്ന് പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ഹൈസ്ക്കൂളാണ് ഫാറൂഖ് ഹൈസ്ക്കൂൾ

1960കളിൽ മലബാർ എഡ്യുക്കേഷണൽ സൊസൈറ്റിയുടെ കീഴിലായിരുന്ന ഹൈസ്ക്കൂളുകൾ സർക്കാർ ഏറ്റെടുത്തു. രാമനാട്ടുകര യു.പി.ബി. സ്ക്കൂളും കൊറ്റമംഗലം യു.പി.ബി.സ്ക്കൂളും ശ്രീമതി പി. സരോജിനി അമ്മക്കും ശ്രീ വേലുക്കുട്ടി മാസ്റ്റർക്കും കൈമാറ്റം ചെയ്യപ്പെടുകയാണുണ്ടായത്.

റൗസ്സത്തുൽ ഉലൂം അസോസിയേഷന്റെ കീഴിൽ 1960ൽ ഫാറൂഖ് എൽ.പി.സ്ക്കൂൾ 1961ൽ ഫാറൂഖ് ട്രെയിനിംഗ് കോളേജ്, 1993ൽ അൽഫാറൂഖ് ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ 1991ൽ അൽഫാറൂഖ് എഡ്യുക്കേഷണൽ സെന്റർ എന്നിവയും ഫാറൂഖ് കോളേജ് പരിസരത്ത് പ്രവർത്തനമാരംഭിച്ചു. പഞ്ചായത്തിലെ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്ക്കൂളായ വെനേർനി സ്ക്കൂൾ കൊറ്റമംഗലത്ത് ആരംഭിച്ചത് 1984ലാണ്. വെനേർനി സ്ക്കൂൾ എൽ.പി. സെക്ഷന് ഗവൺമെന്റ് അംഗീകാരം നൽകേണ്ടതുണ്ട്. 1969ൽ മലപ്പുറം ജില്ലയിലെ

പട്ടിക 1

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | മാനേജ്മെന്റ്/ഗവ: | വിദ്യാർത്ഥികൾ ആൺ | വിദ്യാർത്ഥികൾ പെൺ | വിദ്യാർത്ഥികൾ ആകെ | അദ്ധ്യാപകർ |
|---|---|---|---|---|---|---|
| 1 | അയ്യപ്പൻ എഴുത്തച്ഛൻ യു.പി. സ്ക്കൂൾ | എയിഡഡ് മാനേജ്മെന്റ് | 325 | 287 | 612 | 23 |
| 2 | സേവാമന്ദിരം പോസ്റ്റ് ബേസിക് എച്ച്.എസ്. | ,, | 488 | 634 | 1122 | 39 |
| 3. | ഗവ: യു.പി. സ്ക്കൂൾ, രാമനാട്ടുകര | ഗവൺമെന്റ് | 610 | 549 | 1159 | 34 |
| 4. | ഗണപത് എ.യു.പി.ബി. സ്ക്കൂൾ, രാമനാട്ടുകര | എയിഡഡ് മാനേജ്മെന്റ് | 73 | 60 | 133 | 7 |
| 5. | എ.എൽ.പി. സ്ക്കൂൾ, കരിങ്കല്ലായ് | ,, | 118 | 98 | 216 | 9 |
| 6. | ഗണപത് എ.യു.പി. സ്ക്കൂൾ, കരിങ്കല്ലായ് | ,, | 281 | 239 | 520 | 16 |
| 7. | ഗവ: എൽ.പി. സ്ക്കൂൾ, കരിങ്കല്ലായ് | ഗവൺമെന്റ് | 58 | 44 | 102 | 4 |
| 8. | ഫാറൂഖ് എ.എൽ.പി.സ്ക്കൂൾ, ഫാറൂഖ് കോളേജ് | എയിഡഡ് | 244 | 218 | 462 | 11 |
| 9. | ഫാറൂഖ് ഹൈസ്ക്കൂൾ, ഫാറൂഖ് കോളേജ് | ,, | 935 | 810 | 1745 | 52 |
| 10. | വിദ്യാപ്രദായനി എ.എൽ.പി. സ്ക്കൂൾ | ,, | 126 | 112 | 238 | 9 |
| 11. | ജി.എം.എൽ.പി. സ്ക്കൂൾ, കരിങ്കല്ലായ് | ഗവൺമെന്റ് | 178 | 162 | 340 | 10 |
| 12. | അൽഫാറൂഖ് റസിഡൻഷ്യൽ സ്ക്കൂൾ, ഫാറൂഖ് കോളേജ് | Central Recognised | 275 | 155 | 430 | 35 |
| 13. | വെനേർനി യു.പി.എച്ച്.എസ് | ,, | 125 | 422 | 547 | 14 |
| 14. | വെനേർനി എൽ.പി. സ്ക്കൂൾ | Un recognised | 255 | 419 | 674 | 28 |
| 15. | എൻ.എസ്.എസ്.എൽ.പി.സ്ക്കൂൾ, | ,, | 45 | 45 | 90 | ലഭ്യമല്ല |

തേഞ്ഞിപ്പലത്ത് ആരംഭിച്ച കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയിൽ വളരെയേറെ പങ്കുവഹിച്ചിട്ടുണ്ട്.

രാമനാട്ടുകര പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ളത് 4 ഹൈസ്ക്കൂളുകളും 7 യു.പി. സ്ക്കൂളുകളും 9 എൽ.പി. സ്ക്കൂളുകളുമാണ്. (വിശദവിവരങ്ങൾ പട്ടിക 1ൽ.)

പ്രീഡിഗ്രി ബിരുദ ബിരുദാനന്തര പഠനത്തിന് ആർട്സ് & സയൻസ് കോളേജ് ബി.എഡ്, എം.എഡ് കോഴ്സുകൾക്ക് ഒരു ട്രെയിനിംഗ് കോളേജ്, അറബി ഉപരിപഠനത്തിന് ഒരു അറബിക് കോളേജ് എന്നീ സ്ഥാപനങ്ങളും പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയെ പരിപോഷിപ്പിക്കുന്നു. ഉപരിപഠനം നടത്തുന്ന വിദ്യാർത്ഥികളുടെ വിശദവിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു. സ്ക്കൂൾ തലത്തിൽ പഞ്ചായത്തിൽ നിന്നുള്ള വിദ്യാർത്ഥികളും ഉപരിപഠനകേന്ദ്രങ്ങളിൽ മലപ്പുറം കോഴിക്കോട് ജില്ലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളാണ് അധികവും. പട്ടികജാതി /പട്ടിക വർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളുടെ ശതമാനം സംവരണ ശതമാനത്തേക്കാൾ (20%) താഴെയാണെന്നുള്ളതും പെൺകുട്ടികളുടെ ശരാശരി ശതമാനം 50ലേറെയാണെന്നുള്ളതും ഇതിലെ ശ്രദ്ധേയമായ രണ്ട് കാര്യങ്ങളാണ്.

സ്ക്കൂൾ തലത്തിൽ ഇടക്ക് പഠനം നിർത്തേണ്ടി വന്നവരുടെ കാര്യം സത്വര ശ്രദ്ധ ആകർഷിക്കുന്നു. വിശദാംശങ്ങൾ പട്ടിക 3ൽ കൊടുത്തിട്ടുണ്ട്.

സ്ഥിതി വിവരക്കണക്കിൽനിന്നും പഠിത്തം മതി

പട്ടിക 2

| തലം | വിദ്യാർത്ഥികൾ ആൺ | വിദ്യാർത്ഥികൾ പെൺ | വിദ്യാർത്ഥികൾ ആകെ | പെൺകുട്ടികൾ ശതമാനം | SC/ST % |
|---|---|---|---|---|---|
| എൽ.പി. | 1598 | 1554 | 3152 | 49.3 | 7.6 |
| യു.പി. | 1323 | 1207 | 2530 | 49.96 | 8.3 |
| എച്ച്.എസ് | 1170 | 1448 | 2618 | 55.3 | 8.6 |
| പ്രീഡിഗ്രി | 597 | 673 | 1270 | 53 | 15 |
| ഡിഗ്രി | 546 | 807 | 1353 | 59.6 | 11.8 |
| പി.ജി. | 130 | 146 | 276 | 52.9 | 12 |

പട്ടിക 3

| പഠിത്തം നിർത്തിയവർ | | | | | | |
|---|---|---|---|---|---|---|
| തലം | SC/ST | | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി. | 4 | 4 | 8 | 8 | 6 | 14 |
| യു.പി. | 1 | 2 | 3 | 6 | 7 | 13 |
| ഹൈസ്ക്കൂൾ | 3 | 1 | 4 | 30 | 30 | 62 |

യാക്കിപോകുന്നവരുടെ ശതമാനം ഏറ്റവും കൂടുതലുള്ളത് പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട വിദ്യാർത്ഥികളിലാണ്. പഠിത്തം നിർത്തേണ്ടവരുന്ന വിദ്യാർത്ഥികളുടെ സാമൂഹ്യസാമ്പത്തിക സാഹചര്യം പഠിച്ച്വേണ്ട പരിഹാരമാർഗ്ഗങ്ങൾ നടപ്പിൽ വരുത്തേണ്ടതാണ്.

## പ്രശ്ങ്ങളും നിർദ്ദേശങ്ങളും

സ്ക്കൂൾവിദ്യാഭ്യാസം:- ഈ പഞ്ചായത്തിലെ 1,2,5,6,9 വാർഡുകളിൽ നിലവിൽ എൽ.പി. സ്ക്കൂളുകൾ ഇല്ല. ഇതിൽ 1,2,5,6 വാർഡുകളിലെ കുട്ടികൾക്ക് പഠനത്തിനായി 2 കിലോമീറ്ററിൽ കൂടുതൽ സഞ്ചരിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ 1,2,6 വാർഡുകളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥയും പ്രയാസങ്ങളും കണക്കിലെടുത്ത് ഈ പ്രദേശങ്ങളിൽ ഓരോ എൽ.പി. സ്ക്കൂൾ തുറക്കേണ്ടതാണ്. 11ാം വാർഡിൽ ഇപ്പോഴുള്ള എയിഡഡ് എൽ.പി. സ്ക്കൂളിൽ രണ്ടു ക്ലാസുകൾ (1,2) മാത്രമേ ഇതേവരെ തുടങ്ങിയിട്ടുള്ളൂ. ഈസ്ക്കൂളിന് വേണ്ട സർക്കാർ അംഗീകാരം മുഴുവനായും ലഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. 10,11 വാർഡുകളിൽ എൽ.പി. സ്ക്കൂൾ സൗകര്യങ്ങൾ ഉണ്ടെങ്കിലും പരുത്തിപ്പാറ, കൊടക്കല്ലുപറമ്പ്, കോടമ്പുഴ ചുള്ളിപ്പറമ്പ്, ഈ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾ 4 കിലോമീറ്ററോളം സഞ്ചരിച്ചാണ് യു.പി. വിദ്യാഭ്യാസത്തിനായി ഫറോക്ക് പഞ്ചായത്തിലെ പേട്ട, എട്ടാം വാർഡിലെ കൊറ്റമംഗലം എന്നിവിടങ്ങളിലെ സ്ക്കൂളുകളിലേക്ക് എത്തിപ്പെടുന്നത്. ഇതിനുള്ള പരിഹാരമായി നിർദ്ദേശിക്കുവാനുള്ളത് കോടമ്പുഴയിലുള്ള കരിങ്കല്ലായ് ജി.എം.എൽ.പി.സ്ക്കൂൾ യു.പി.ആയി ഉയർത്തുക എന്നതാണ്. 1,2,3,4,5,6 വാർഡുകളിലെ വിദ്യാർത്ഥികളുടെ ഹൈസ്ക്കൂൾ പഠനത്തിനുള്ള ഏക ആശ്രയം രാമനാട്ടുകര സേവാമന്ദിരം ഹൈസ്ക്കൂളാണ്. 7,8,9,10,11 വാർഡുകളിലെ കുട്ടികൾക്ക് ഉള്ളത് ഫാറൂഖ് ഹൈസ്ക്കൂളുമാണ്. അതുകൊണ്ടുതന്നെ സമീപ പ്രദേശങ്ങളിലെ എല്ലാ കുട്ടികൾക്കും ഈ സ്ക്കൂളുകളിൽ പ്രവേശനം ലഭിക്കുന്നില്ല. അതുകാരണം സമീപ പഞ്ചായത്തുകളിലെ സ്ക്കൂളുകളിലേക്ക് കുട്ടികൾക്ക് പോകേണ്ടിവരുന്നു. രാമനാട്ടുകര സർക്കാർ യു.പി. സ്ക്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി ഉയർത്തിയാൽ ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമാകും. കോടമ്പുഴയിലെ ജി.എം.എൽ.പി. സ്ക്കൂൾ യു.പി. ആക്കിയതിനുശേഷം തുടർന്ന് ടെക്നിക്കൽ ഹൈസ്ക്കൂൾ ആയി ഉയർത്തുകകൂടി ചെയ്താൽ പഞ്ചായത്തിലെ ഹൈസ്ക്കൂൾ പഠന പ്രശ്നങ്ങൾക്ക് ഒട്ടേറെ ആശ്വാസം ലഭിക്കും.

### ഉപരിപഠനം

ഹൈസ്ക്കൂൾ പഠനത്തിന് ശേഷമുള്ള ഉപരിപഠനത്തിന് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ഏറെ പ്രയാസമുണ്ട്. പഞ്ചായത്തിലുള്ള ഫാറൂഖ് കോളേജിലാകട്ടെ കേരളത്തിലെ തന്നെ പ്രമുഖ കോളേജ് എന്ന നിലക്ക് പ്രവേശനത്തിന് ഏറെ തിരക്കനുഭവപ്പെടുന്നു. അതുകൊണ്ട് കുറെയധികം കുട്ടികൾക്ക് പാരലൽ കോളേജുകളെ ആശ്രയിക്കേണ്ടവരുന്നു. രാമനാട്ടുകര സേവാമന്ദിരം സ്ക്കൂൾ, ഫാറൂഖ്ഹൈസ്ക്കൂൾ (ഹൈസ്ക്കൂളാക്കി ഉയർത്തിയതിനുശേഷം) രാമനാട്ടുകര സർക്കാർ യു.പി. സ്ക്കൂൾ എന്നിവ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളുകളാക്കി മാറ്റിയാൽ കുറെ വിദ്യാർത്ഥികൾക്ക് ഉപരിപഠനത്തിന് വഴിയാകും. ഫാറൂഖ് കോളേജ് പരിസരത്തുള്ള അൽഫാറൂഖ് എഡ്യൂക്കേഷണൽ സെന്ററിലെ കമ്പ്യൂട്ടർ പരിശീലനകേന്ദ്രത്തിനു പുറമെ കാര്യമായ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. തൊഴിലധിഷ്ഠിത കോഴ്സുകളായ ഹൗസ്വയറിംഗ്, പ്ലംബിംഗ്, റേഡിയോ, ടേപ്റിക്കോർഡർ, ടി.വി. റിപ്പയർ, സ്മിത്തി വെൽഡിംഗ്, കാർപെന്ററി തുടങ്ങിയവ പഠിപ്പിക്കാൻ ഐ.ടി.ഐ., പോളിടെക്നിക് എന്നിവയും കമ്പ്യൂട്ടർ സെന്ററും അനുയോജ്യമായ സ്ഥലങ്ങളിൽ തുടങ്ങാവുന്നതാണ്. പ്രൊഫഷണൽ കോളേജായ ഫാറൂഖ് ട്രെയിനിംഗ് കോളേജിൽ ബി.എഡ്, എം.എഡ് എന്നീ കോഴ്സുകൾ നടക്കുന്നുണ്ട്. പഞ്ചായത്തിലെ മിടുക്കരായ കുറച്ച് വിദ്യാർത്ഥികളെങ്കിലും ഫാറൂഖ് കോളേജിലെ വിവിധ പോസ്റ്റ് ഗ്രാജ്വേറ്റ് വകുപ്പുകളിൽനിന്നും ഫാറൂഖ് ട്രെയിനിംഗ് കോളേജിൽനിന്നും ബിരുദാനന്തര ബിരുദം നേടുന്നുണ്ട്. റൗസത്തുൽ ഉലും

അറബിക് കോളേജിലും ബിരുദബിരുദാനന്തര പഠനത്തിനുള്ള സൗകര്യങ്ങൾ ഉണ്ട്. ഫാറൂഖ് കോളേജിൽ വിദേശ വിദ്യാർത്ഥികൾ പോലും പഠിക്കുന്നുണ്ടെന്നത് ശ്രദ്ധേയമാണ്.

പ്രീപ്രൈമറി വിദ്യാഭ്യാസം

പഞ്ചായത്തിൽ അംഗണവാടികൾ, ബാലവാടികൾ എന്നിവ ആവശ്യാനുസരണം ഇല്ല. എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്ന നിർദ്ദേശം ഓരോ ബാലവാടി ഓരോ വാർഡിലും തുടങ്ങുക എന്നതാണ്. പിഞ്ചുകുട്ടികളുടെ പ്രൈമറി വിദ്യാഭ്യാസത്തിന് മുമ്പുള്ള കാലം കൂടുതൽ ആസ്വാദ്യകരമാക്കാൻ ഇത് സഹായിക്കും.

ഒന്നാം വാർഡിൽ ഒരു ശിശുവിഹാർ ഉണ്ടെങ്കിലും പുല്ലുംകുന്ന് പ്രദേശക്കാർക്ക് അതുകൊണ്ട് പ്രയോജനമില്ല. ഈ വാർഡിൽ അംഗണവാടിക്കുള്ള സ്ഥലസൗകര്യമുണ്ട്. കെട്ടിട നിർമ്മാണ സാമഗ്രികൾ ലഭ്യമായാൽ നിർമ്മാണം ശ്രമദാനമായി നടത്താമെന്ന് ഗ്രാമസഭയിൽ ഉറപ്പു കിട്ടിയിട്ടുണ്ട്. പരുത്തിപ്പാറയിൽ പഞ്ചായത്തിന്റെ കൈവശമുള്ള സ്ഥലം അനുവദിച്ചുകിട്ടുകയാണെങ്കിൽ കെട്ടിടമുണ്ടാക്കുവാൻ നാട്ടുകാർ തയ്യാറാണ്. തോട്ടുങ്ങൽ, കോലോർകുന്ന്, കുളങ്ങരപാടം എന്നിവിടങ്ങളിൽ അംഗനവാടിക്ക് വേണ്ട സ്ഥലസൗകര്യങ്ങൾ നൽകാൻ നാട്ടുകാർ തയ്യാറാണ്.

വായനശാല

സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണെങ്കിലും രാമനാട്ടുകര പഞ്ചായത്തിൽ വൈദ്യരങ്ങാടി, രാമനാട്ടുകര, കൊറ്റമംഗലം എന്നിവിടങ്ങളിലേ ചെറിയതോതിലെങ്കിലും വായനശാലകളുള്ളൂ. ഉള്ളതുതന്നെ ശോചനീയാവസ്ഥയിലുമാണ്. ഗ്രന്ഥശാലാസംഘത്തിന്റെ സഹായത്തോടുകൂടി പ്രവർത്തിക്കുന്ന രാമനാട്ടുകര വായനശാലയിൽ 5000ഓളം പുസ്തകങ്ങളും റീഡിങ്ങ് റൂമും സ്വന്തമായുണ്ട്. എങ്കിലും സമീപ പ്രദേശങ്ങളിലെ ജനങ്ങൾക്ക് അത് ഒട്ടും പര്യാപ്തമല്ല. വിദ്യാർത്ഥികളുടേയും ഉദ്യോഗാർത്ഥികളുടേയും സാമാന്യ ജ്ഞാനം കാംക്ഷിക്കുന്ന സാധാരണക്കാരുടേയും അദ്ധ്യാപകരുടേയും ഉപയോഗത്തിനാടി ഇതൊരു റഫൻസ് ലൈബ്രറി ആയി ഉയർത്തിയാൽ അതൊരു അനുഗ്രഹമാകും. പരുത്തിപ്പാറയിലെ റീഡിങ്ങ്റൂം പരിതാപകരമായ സ്ഥിതിയിലാണ്. ഇതിന് വേണ്ട റിപ്പെയർ പണികൾ ചെയ്ത് പ്രവർത്തനം വിപുലീകരിക്കേണ്ടതാണ്. 11ാം വാർഡിലെ കൊടക്കല്ലുപറമ്പിലുള്ള വായനശാലയ്ക്ക് സ്വന്തമായ കെട്ടിടമില്ല. കൃഷിഭവന്റെ കീഴിൽ അവിടെയുള്ള കെട്ടിടം വായനശാലയായി ഉയർത്തുകയും താഴ്ന്ന പൊതുജീവിതനിലവാരം പുലർത്തുന്ന ദേശക്കാർക്കായി ഇവിടെ ടെലിവിഷൻസെറ്റ് സ്ഥാപിക്കേണ്ടതുമാണ്. കൂടാതെ കോടമ്പുഴയിലും പുല്ലുകുന്നിലും ഓരോ വായനശാല സ്ഥാപിക്കേണ്ടതാണ്. കരിങ്കല്ലായ് മദ്രസക്ക് സമീപം ഉള്ള ഒഴിഞ്ഞ സ്ഥലത്ത് പഞ്ചായത്തിന്റെ അനുമതി ലഭിക്കുകയാണെങ്കിൽ, ഒരു വായനശാല സ്ഥാപിക്കാനുള്ള സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. കൊറ്റമംഗലത്ത് ഇപ്പോഴുള്ള വായനശാലക്ക്‌വേണ്ടി സ്വന്തം കെട്ടിടമുണ്ടാക്കി സ്ഥിരം ലൈബ്രേറിയനെ നിയമിക്കേണ്ടതാണ്. വായനശാലയോടനുബന്ധിച്ച് Employment Guidence Centre കൾ കൂടി തുടങ്ങിയാൻ ഉദ്യോഗാർത്ഥികൾക്ക് വളരെ പ്രയോജനകരമായിരിക്കം.

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥിതി

പഞ്ചായത്തിലെ പൊതുവായ മറ്റൊരു പ്രശ്നം സ്ക്കൂളുകളുടെ മോശമായ ഭൗതിക സാഹചര്യമാണ്. മതിയായ ബഞ്ചും ഡസ്ക്കും ഇല്ലായ്ക, വെള്ളമില്ലായ്ക, മൂത്രപ്പുര സൗകര്യങ്ങൾ വേണ്ടവിധത്തിൽ ഇല്ലായ്ക, കെട്ടിടങ്ങളുടെ ചോർച്ച, ക്ലാസ് മുറികളിലെ തറയുടെ ശോചനീയാവസ്ഥ, കുട്ടികളുടെ എണ്ണക്കൂടുതൽ തുടങ്ങി എണ്ണിയാലൊടുങ്ങാത്ത പ്രശ്നങ്ങളുള്ള സ്ക്കൂളുകളാണ് ബഹുഭൂരിപക്ഷവും. വിശദാംശങ്ങൾ പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

ഈ സ്ക്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളെങ്കിലും ചെയ്തു കൊടുക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

പഞ്ചായത്തിലെ എസ്.എസ്.എൽ.സി വിദ്യാർത്ഥികളുടെ കഴിഞ്ഞ 4 വർഷങ്ങളിലെ വിജയശതമാനം മൊത്തത്തിൽ തൃപ്തികരമല്ല. (പട്ടിക 5ൽ വിശദാംശങ്ങളുണ്ട്) എൽ.പി., യു.പി. വിഭാഗങ്ങളിലെ മൊത്തം 5148 വിദ്യാർത്ഥികളിൽ മെറിറ്റ് സ്കോളർഷിപ്പിന് അർഹരായിരിക്കുന്നവരോ കേവലം 14 പേർ. പഠന നിലവാരം മോശമാകുന്നതിന്റെ പ്രധാനകാരണം സ്ക്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത തന്നെയാണ്. പി.ടി.എ.കൾ എല്ലാ സ്ക്കൂളിലും നിലവിലുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. പി.ടി.എ.കൾ പുനരുജ്ജീവിപ്പിച്ചെടുത്താൽ സ്ക്കൂൾ വികസനത്തി

പട്ടിക 4

| സ്കൂൾ | ആകെ അംഗങ്ങൾ | ഡിവിഷൻ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ള | വൈദ്യുതി സൗകര്യം | പാചകമുറി | സ്റ്റാഫ്റൂം | ഇനി ആവശ്യമുള്ളവ | | | | | ഓഫീസ് ഉപകരണങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | മുറികൾ | ഡസ്ക് | ബെഞ്ച് | കസേര | മേശ | |
| സേവാമന്ദിരം | 1161 | 23 | 2 | 2 | ഉണ്ട് | ഉണ്ട് | ഇല്ല | 4 | - | 15 | 20 | - | - | 2 അലമാര |
| ഫാറൂഖ് ഹൈസ്ക്കൂൾ | 1780 | 36 | 4 | 4 | ഇല്ല | ഉണ്ട് | ഇല്ല | 3 | 1 | 50 | 50 | 10 | 10 | 2 അലമാര 1റാക്ക് |
| വെനേർനി | 563 | 32 | 4 | 15 | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | 6 | 11 | 11 | 1 | 1 | - |
| ഗണപത് കരിങ്കല്ലായ് | 536 | 12 | 2 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | 10 | 50 | 50 | 15 | 15 | അലമാര, ഷെൽഫ് |
| അയ്യപ്പൻ എഴുത്തച്ഛൻ | 635 | 16 | 8 | 6 | ഉണ്ട് | ഉണ്ട് | ഉണ്ട് | 2 | - | - | - | - | - | - |
| ഗണപത് രാമനാട്ടുകര | 120 | 5 | 1 | 6 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 2 | 10 | 10 | 5 | 4 | 2 അലമാര |
| ഗവ: യു.പി. രാമനാട്ടുകര | 1193 | 28 | 2 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 18 | 68 | 162 | 16 | 16 | - |
| ഗവ: എം.എൽ.പി.എസ് | 350 | 7 | 2 | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | - | 15 | 3 | 3 | അലമാര |
| വി.പി.എ.എൽ.പി | 247 | 8 | 1 | 1 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | 1 | - | 5 | 2 | 2 | അലമാര |
| ജി.എൽ.പി.എസ് കരിങ്കല്ലായ് | 106 | 4 | 2 | 2 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 2 | 6 | 4 | 1 | 1 | അലമാര |
| ഫാറൂഖ് എ.എൽ.പി. | 473 | 9 | 4 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - | 92 | 20 | 6 | 2 | അലമാര 1 റാക്ക് 1 |

പട്ടിക 5

| എസ്.എസ്.എൽ.സി വിജയശതമാനം | | | | |
|---|---|---|---|---|
| സ്ക്കൂൾ | 92-93 | 93-94 | 94-95 | 95-96 |
| ഫാറൂഖ് ഹൈസ്ക്കൂൾ | 59 | 61 | 65 | 67 |
| സേവാമന്ദിരം ഹൈസ്ക്കൂൾ | 42 | 46.5 | 47 | 46 |
| വെനേർനി | | 100 | 100 | 100 |

നുള്ള ഫണ്ടുകൾ പി.ടി.എ. മുഖാന്തിരം വിതരണം ചെയ്യാം. വികസനപ്രവർത്തനങ്ങൾക്ക് പി.ടി.എ.ക്ക് നേതൃത്വം നൽകുകയും ചെയ്യാം.

കുട്ടികളുടെ വിദ്യാഭ്യാസ നിലവാര തകർച്ച യുട മറ്റൊരു പ്രധാന കാരണം അധ്യാപകരുടെ അധ്യായനനിലവാരമില്ലായ്മയാണ്. പഞ്ചായത്തിലെ അധ്യാപകൾക്ക് കൊല്ലത്തിൽ ഒരിക്കലെങ്കിലും വിദ്യാഭ്യാസ വിദഗ്ദ്ധരിൽനിന്നും വിവിധവിഷയങ്ങ ളിലെ വിദഗ്ദ്ധരിൽ നിന്നും നിർബന്ധപരിശീലനം കൊടുക്കാനുള്ള നടപടികൾ പഞ്ചായത്ത് ഏറ്റെ ടുത്ത് നടത്തേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള സ്ക്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം ഈ ദിശ യിൽ കാര്യക്ഷമമാക്കാവുന്നതാണ്. കൊച്ചുകുട്ടിക ളുടെ പഠനത്തിന് പഠനോപകരണങ്ങൾ (ടീച്ചിംഗ് എയിഡ്) അത്യാവശ്യമാണ്. മിക്ക സ്ക്കൂളുകളിലും ഇത്തരത്തിൽ യാതൊന്നുമില്ല. പഠനോപകരണങ്ങൾ നിർമ്മിക്കാനും ഉപയോഗിക്കാനും ഫാറൂഖ് ട്രെയി നിംഗ് കോളേജിന്റെ മാർഗ്ഗ നിർദ്ദേശവും സേവന വും ഉപയോഗപ്പെടുത്താവുന്നതാണ്. വിദഗ്ദ്ധരുടേ യും ബന്ധപ്പെട്ട അധ്യാപകരുടേയും സഹകരണ ത്തോടെ സ്ക്കൂളിൽവെച്ച്തന്നെ ഇതിന് വേണ്ട ശില്പശാലകൾ നടത്തുവാൻ വേണ്ട ധനസഹായം പഞ്ചായത്ത് നൽകേണ്ടത്. ഓപ്പറേഷൻ ബ്ലാക്ബോർഡ്, എയിഡഡ് സ്ക്കൂളുകളിലേക്കും വ്യാപിപ്പിക്കേണ്ടതാണ്.

കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഇടക്കിടെ പരിശോധന വിധേയമാക്കുക. മാതൃസംഗമങ്ങൾ സ് ക്കൂളിൽ പഞ്ചായത്ത് നേതൃത്വത്തിൽ വിളിച്ച് കൂട്ടു ക എന്നിവയും അഭികാമ്യമാണ്.

പാഠപുസ്തകങ്ങൾ കൃത്യസമയത്ത് സ്ക്കൂളു കളിലെത്തിക്കാൻ വേണ്ട നടപടികൾ തീർച്ചയാ യും കൈകൊള്ളണം. മിക്കവാറും എല്ലാ ക്ലാസുക ളിലും 50ൽ കൂടുതൽ കുട്ടികളെ ഇരുത്തിയാണം പഠിപ്പിക്കുന്നത്. അതും പല നിലവാരത്തിലുള്ള കുട്ടികൾ. ചെറിയ ക്ലാസുകളിൽ മുപ്പതഞ്ചോ നാ ല്പതോ കുട്ടികളിൽ കൂടുതലുണ്ടായാൽ അധ്യാപ നനിലവാരം മോശമാവുകതന്നെ ചെയ്യും. അധ്യാ പക വിദ്യാർഥി അനുപാതം കുറക്കേണ്ടതാണ്.

കുട്ടികളുടെ സർഗ്ഗാത്മക വളർച്ചക്ക് ആവശ്യ മായ പാഠ്യതര പ്രവർത്തനങ്ങൾക്ക് അധ്യാപക ർതന്നെ മുൻകൈ എടുക്കേണ്ടതാണ്. സാഹിത്യ സമാജങ്ങൾ സ്ക്കൂൾ പാർലമെന്റുകൾ, സയൻസ് ക്ലബുകൾ, കൈയ്യെഴുത്തു മാസികയുടെ പ്രസിദ്ധീ കരണം, സ്കൗട്ട്, ഗൈഡ്സ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ അദ്ധ്യാപകർ നേതൃത്വം കൊടു ക്കണം. ചിത്രരചന, സംഗീതം, നൃത്തം തുടങ്ങിയ ലളിത കലകൾ അഭ്യസിപ്പിക്കാൻ പഞ്ചായത്തിൽ സ്ഥാപനങ്ങൾ ഒന്നുമില്ല. അധ്യാപകർക്കുതന്നെ ഇവ യിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാവുന്നതാണ്.

സ്ക്കൂൾ തല കായിക രംഗത്തും കോളേജ് തല കായികരംഗത്തും ഈ പഞ്ചായത്തിൽ കാര്യ മായി ആരും നല്ല നിലവാരം പുലർത്തുന്നില്ല. എല്ലാ സ്ക്കൂളുകളിലും ആവശ്യമായ കളിസ്ഥലവും കായി കാധ്യാപകരും ഇല്ല എന്നതായിരിക്കാം ഒരു പക്ഷേ അതിനു കാരണം. യു.പി. സ്ക്കൂളുകളിലെങ്കിലും വിദ്യാർത്ഥികളുടെ എണ്ണം കണക്കിലെടുക്കാതെ കാ യികാധ്യാപകരെ നിയമിക്കേണ്ടതാണ്.

സാമൂഹ്യമായും സാമ്പത്തികമായും പിന്നോ ക്കാവസ്ഥയിലുള്ള ഏറെ കുട്ടികൾ സ്ക്കൂൾ പഠ നത്തിനായുള്ളതുകൊണ്ട് ഉച്ചക്കഞ്ഞി വിതരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഇതിന്റെ ചുമ തല പഞ്ചായത്ത് ഏറ്റെടുക്കുകയും ആവശ്യമായി വരുന്ന ഫണ്ട് പി.ടി.എ. മുഖേന വിനിയോഗിക്ക പ്പെടുകയും ചെയ്യാവുന്നതാണ്.



# സംസ്കാരം

മനുഷ്യൻ ഇതുവരെ ആർജ്ജിച്ച അറിവിന്റെ ആകെ തുകയാണ് സംസ്കാരം. രാമനാട്ടുകരയ്ക്കും ഒരു പരമ്പരാഗതമായ സാംസ്കാരിക പശ്ചാത്തലമാണുള്ളത്. വ്യക്തികൾ, സ്ഥാപനങ്ങൾ, കലാ-സാംസ്കാരിക സംഘടനകൾ എന്നീ വിവിധ മേഖലകളിലൂടെ വളർന്നു വികസിച്ചു നിൽക്കുന്ന സാംസ്കാരിക രംഗം നമുക്ക് അഭിമാനം നൽകുന്നതാണ്. നമ്മുടെ സമീപ പഞ്ചായത്തുകളിൽനിന്നും നമ്മെ സാംസ്കാരികമായി ഉയർത്തിനിർത്തുന്നത് രാമനാട്ടുകര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ഫാറൂഖ് കോളേജ് എന്ന ഉന്നത വിദ്യാപീഠമാണ്. സാക്ഷരതയിലും ഈ പഞ്ചായത്ത് മികച്ചു നിന്നിരുന്നു. കുളങ്ങരയിലെ ഇസ്ലാമിക് കൾചറൽ സെന്ററിലും രാമനാട്ടുകര വായനശാലയിലും സ്ഥിതി ചെയ്യുന്ന ജനവിദ്യാകേന്ദ്രങ്ങൾ ജനസംസ്കൃതി കേന്ദ്രമാക്കി ഉയർത്തുകയും വിവിധ മേഖലകളിൽ കഴിയുന്ന ജനങ്ങളുടെ കൂട്ടായ്മക്ക് വഴിയൊരുക്കുകയും ചെയ്താൽ അത് ഫലപ്രദമാകും.

രാമനാട്ടുകര പഞ്ചായത്തിലെ ജനജീവിതരീതി പരിശോധിക്കുമ്പോൾ ഹിന്ദുക്കളും മുസ്ലീംകളും ഒത്തൊരുമിച്ചു ജീവിക്കുന്ന സൗഹാർദജീവിതരീതി ദർശിക്കുവാൻ നമുക്ക് കഴിയും. മത മൈത്രി കാത്തു സൂക്ഷിച്ചുപോരുന്ന ഉജ്ജ്വല പാരമ്പര്യം ഈ ഗ്രാമത്തിന്റെ മതസൗഹാർദ്ദ തൊപ്പിയിലെ പൊൻതൂവലാണ്. ഹിന്ദുമതത്തിലെ വിവിധ ജാതിവിഭാഗങ്ങളും മുസ്ലിംകളും ആണ് ഭൂരിഭാഗവും. ക്രിസ്ത്യൻ വിഭാഗത്തിൽപെട്ട ജനങ്ങൾ വിരളമാണ്. ഈ ഗ്രാമത്തിന്റെ പ്രധാന ഭാഷ മലയാളം തന്നെയാണ്. തുളു, തെലുങ്ക് എന്നിവകൂടി ചേർന്ന ഭാഷ സംസാരിക്കുന്ന മൺപാത്രനിർമ്മാണക്കാരായ ആദി-ആന്ധ്ര വിഭാഗക്കാരും പഞ്ചായത്തിന്റെ ചില പ്രദേശങ്ങളിൽ ജീവിക്കുന്നുണ്ട്. ഭാഷയിലെന്നപോലെതന്നെ ഇവരുടെ വേഷത്തിലും ആചാരാനുഷ്ഠാനങ്ങളിലും വൈവിധ്യം നില നിൽക്കുന്നുണ്ട്.

ക്ഷേത്രങ്ങളിലും അമ്പലങ്ങളിലും കാവുകളിലും നടക്കുന്ന ഉത്സവങ്ങളാണ് പ്രധാനപ്പെട്ട ഉത്സവങ്ങൾ. ഇത് മതവിശ്വാസവുമായി ബന്ധപ്പെട്ടതാണെങ്കിലും പ്രധാനപ്പെട്ട പല അനുഷ്ഠാനകലകളുടെയും അരങ്ങേറ്റം ഇവിടങ്ങളിൽ നടക്കാറുണ്ട്. ജാതി-മത വർഗ്ഗ ചിന്തകൾക്കതീതമായി ഇത്തരം വേളകളിൽ ജനങ്ങൾ പങ്കു കൊള്ളാറുണ്ട്. തിറ, തെയ്യം, വെള്ളാട്ട് തുടങ്ങിയ കലാരൂപങ്ങളാണ് ഇത്തരം ഉത്സവവേദികളിൽ അരങ്ങേറുന്നതിൽ ഭൂരിഭാഗവും.

മങ്ങാടംവീട്ടിൽ കാവ്, പാലക്കൽ ശ്രീ ദുർഗ്ഗാ ദേവീക്ഷേത്രം, രാമേശ്വരം ക്ഷേത്രം, പരിഹാരപുരം ക്ഷേത്രം, നെല്ലിക്കോട്ട് കാവ്, മാന്ത്രകരുവൻ ക്ഷേത്രം, മുടക്കഴി ക്ഷേത്രം, രാരൻ കേളച്ചൻ കാവ് ശ്രീദേവി ക്ഷേത്രം, പാലക്കോട്ട് കാവ്, പൂനാട്ടിൽ കളരിക്ഷേത്രം, കൂളിക്കാവ്, മുള്ളാശ്ശേരി ഭഗവതിക്ഷേത്രം, തെയ്യപ്പൻകാവ്, പുളിയക്കോട്ട് കാവ്, പാണ്ട്യാലകാവ് കോടശാലിക്കാവ്, തുടങ്ങിയവയാണ് പഞ്ചായത്തിലെ അറിയപ്പെടുന്ന കാവുകളും ക്ഷേത്രങ്ങളും. ഇതിൽ പരിഹാരപുരം ക്ഷേത്രം, നെല്ലിക്കോട്ട് കാവ്, മുള്ളാശ്ശേരി ഭഗവതിക്ഷേത്രം കോടശാലിക്കാവ് എന്നിവിടങ്ങളിലെ ഉത്സവങ്ങൾ പ്രസിദ്ധങ്ങളാണ്. കൂടാതെ കേരളത്തിലെ ഏറ്റവും വലിയ പള്ളി എന്നു പറയപ്പെടുന്ന മസ്ജിദുൽ അസഹർ, ബാ-അലി ജുമാമസ്ജിദ്, സമച ജുമാ മസ്ജിദ്, പൂവന്നൂർ ജൂമാ മസ്ജിദ്, കോടമ്പുഴ ജുമാ അത്ത് പള്ളി, രാമനാട്ടുകര ടൗൺ മസ്ജിദ് തുടങ്ങിയവ പ്രസിദ്ധമായ മുസ്ലിം പള്ളികളാണ്.

ഓണം, വിഷു, ബലിപെരുന്നാൾ, ചെറിയപെരുന്നാൾ, ക്രിസ്തുമസ്, തിരുവാതിര, വിജയദശമി, മറ്റ് സുപ്രധാനദിനങ്ങളും കലാ സാംസ്കാരിക സംഘടനകൾ കോളേജുകൾ, സ്കൂളുകൾ തുട

ങ്ങിയവയുടെ വാർഷികദിനങ്ങളും സാഘോഷം ആഘോഷിക്കാറുണ്ട്. ഇതിനെല്ലാം പുറമേ സർക്കാർ തലത്തിൽ നടത്തപ്പെടുന്ന കേരളോത്സവംപോലുള്ള പരിപാടികൾ വേണ്ടത്ര വിപുലമായല്ലെങ്കിലും പഞ്ചായത്തിൽ നടത്താറുണ്ട്.

വൈവിധ്യമാർന്ന ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തമതവിഭാഗങ്ങൾ അവരവരുടെ രീതിയിൽ അനുഷ്ഠിക്കാറുണ്ട്. പുല്ലുംകുന്ന് മൈതാനി നേർച്ചയും തോട്ടുങ്ങൽ പള്ളി ബദർ ശുഹദാക്കളുടെ ആണ്ടുനേർച്ചയും കുറ്റിയിൽ നേർച്ചയും പ്രധാനപ്പെട്ടവയാണ്. കൂടാതെ ആദി-ആന്ധ്ര വിഭാഗക്കാരുടെ പ്രത്യേക പൂജയും മാരിയമ്മക്കൊടുതിയും എടുത്തു പറയത്തക്കതാണ്. പഞ്ചായത്തിലെ കൊടക്കല്ല് പറമ്പ് പ്രദേശത്ത് താമസിക്കുന്ന ഇവരിൽ മൂന്ന് വിഭാഗങ്ങളായാണ് ഇത്തരം ആചാരങ്ങൾ നടത്തുന്നത്. മണ്ഡലം 41 കഴിഞ്ഞ് ആദ്യത്തെ വെള്ളിയാഴ്ചയാണ് "നാഗകന്യക"യുടെ പ്രീതിക്കുവേണ്ടി പൂജ നടത്തുന്നത്. മാരിയമ്മകൊടുതി ഈ വിഭാഗത്തിന്റെ തന്നെ മറ്റൊരാചാരമാണ്. മണ്ഡലം 41 കഴിഞ്ഞ ആദ്യത്തെ ബുധനാഴ്ചയാണ് ഇത് നടത്തുന്നത്. പൂജ, തിരിഉഴിച്ചിൽ, ചാട്ടവാറടി, കോഴി അറുത്ത് ചോരകുടിക്കൽ, എന്നിവ ഈ ആചാരത്തിൽപ്പെടുന്നു.

കളരിപ്പയറ്റ് തുടങ്ങിയ ആയോധനകലകൾ പഞ്ചായത്തിൽ പ്രചാരത്തിലുണ്ടായിരുന്നെങ്കിലും ഇപ്പോൾ തീരെ ഇല്ല എന്നുതന്നെ പറയാം. സംസ്കാരത്തിന്റെ ഭാഗമായ ഇത്തരം കലകൾ പഞ്ചായത്തിൽ സജീവമായി ഉയർന്നു വരേണ്ടതാണ്. നിലവിലുണ്ടായിരുന്ന പ്രധാനപ്പെട്ട കളരി സംഘമായിരുന്നു സി.വി.എൻ. കളരിസംഘം.

## സാംസ്കാരിക സ്ഥാപനങ്ങൾ

**രാമനാട്ടുകര വായനശാല:**

രാമനാട്ടുകരയിലെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് സ്വാതന്ത്ര്യലബ്ധിക്ക് മുമ്പ്തന്നെ തുടക്കം കുറിച്ചിട്ടുണ്ട്. അറിയപ്പെടുന്ന വായനശാലയായിരുന്നു ഊട്ടിൽ കെ.പി. ശങ്കരമേനോന്റെ പ്രയത്ന ഫലമായി ഉടലെടുത്ത രാമനാട്ടുകര വായനശാല. ഒരു ഗ്രാമീണ വായനശാലയുടെ ഗുണഗണങ്ങൾ ഒത്തുചേർന്നതായിരുന്നു ഇത്. 1955ൽ സ്ഥാപിതമായതും ഇന്നും രാമനാട്ടുകരയിലെ സാംസ്കാരിക മണ്ഡലത്തിൽ തനതായ മുദ്രപതിപ്പിക്കുന്ന ഈ വായനശാല മൂന്ന് പതിറ്റാണ്ടുകളോളം പ്രവർത്തിച്ചിരുന്നത് ശ്രീ ശങ്കരമേനോന്റെ വീട്ടിലായിരുന്നു. പരേതനായ മക്കാട്ട് ഇമ്പിച്ചി ശങ്കരൻ സംഭാവന ചെയ്ത സ്ഥലത്ത് 1984ൽ വായനശാല സ്വന്തമായ കെട്ടിടം നിർമ്മിച്ച് രാമനാട്ടുകരയുടെ സാംസ്കാരിക നഭസ്സിൽ പുതിയ ഏടുകൾ ചേർത്ത് പ്രവർത്തിച്ചുവരികയാണ്. 6000 ത്തിലധികം പുസ്തകങ്ങളും 500 ലധികം മെമ്പർമാരും വളരെയധികം പാരമ്പര്യവുമുള്ള വായനശാലയാണിത്. കൂടാതെ ആനുകാലിക പ്രസിദ്ധീകരണങ്ങൾക്ക് വിജ്ഞാനദാഹികൾ ആശ്രയിക്കുന്ന സ്ഥാപനമാണിത്. സ്ഥാപകസെക്രട്ടറി ഊട്ടിൽ കെ.പി. ശങ്കരമേനോനാണ്.

**രാമനാട്ടുകര പഞ്ചായത്ത് പി.എം. കൃഷ്ണമേനോൻ മെമ്മോറിയൽ ലൈബ്രറി & റീഡിംഗ്റൂം:**

ഇന്ന് പഞ്ചായത്തിൽ അറിയപ്പെടുന്ന ഒരു സാംസ്കാരിക കേന്ദ്രമാണ് രാമനാട്ടുകര പഞ്ചായത്ത് പി.എം.കൃഷ്ണമേനോൻ മെമ്മോറിയൽ ലൈബ്രറി & റീഡിംഗ് റൂം. 1969 ഫെബ്രുവരി 27ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ.ഇം.എം.എസ് നമ്പൂതിരിപ്പാടാണ് ഉദ്ഘാടനം ചെയ്തത്. വിദ്യാഭ്യാസ സാംസ്കാരിക രംഗത്ത് ഒട്ടേറെ സംഭാവനകൾ ചെയ്യാൻ കഴിയുന്ന ഈ സ്ഥാപനത്തിൽ 1617 പുസ്തകങ്ങളും 352 മെമ്പർമാരും ഇന്ന് നിലവിലുണ്ട്. പഴയ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ലൈബ്രറി ഒരു ജനകീയ സാംസ്കാരിക കേന്ദ്രമാക്കി ഉയർത്തികൊണ്ട് വരേണ്ടത് കാലഘട്ടത്തിന്റെ അനിവാര്യതയിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഇതിന് പുതിയ പുസ്തകങ്ങളും വൈവിധ്യമുള്ള വാരികകളും വരുത്തി ആകർഷകമാക്കാവുന്നതാണ്.

**കരിങ്കല്ലായ് ലൈബ്രറി & റീഡിംഗ് റൂം:**

ഒരു ഗ്രാമീണ വായനശാലയുടെ തനിമ നിലനിർത്തി പ്രവർത്തിക്കുന്ന സ്ഥാപനമാണ് കരിങ്കല്ലായ് ലൈബ്രറി & റീഡിംഗ് റൂം. കൊറ്റമംഗലം മേഖലയിൽ സാംസ്കാരിക നവോത്ഥാനത്തിന് ഒട്ടേറെ സംഭാവനകൾ ഈ സ്ഥാപനം നൽകിയിട്ടുണ്ട്.

ഇതിനെല്ലാം പുറമേ കേരളത്തിലെ ശ്രദ്ധിക്കപ്പെട്ട ചില ലൈബ്രറികൾ പഞ്ചായത്തിലെ വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇത് സ്ഥാപ

നങ്ങളിലെ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മാത്രമേ ഉപകരിക്കുന്നുള്ളൂ. ഇതിൽ പ്രധാനപ്പെട്ട താണ് റൗസത്തുൽ ഉലൂം അറബിക് കോളേജിനോട് ചേർന്ന് 1942ൽ സ്ഥാപിക്കുകയും ഇന്ന് പരിഷ്കരിച്ചതുമായ അബുസാബാഹ് ലൈബ്രറി. ഈ ഗ്രന്ഥാലയത്തിൽ മലയാളം, അറബിക്, ഇംഗ്ലീഷ് പേർഷ്യൻ, ഉറുദു, ഹിന്ദി തുടങ്ങിയ ഭാഷകളിൽ രചിച്ച 7155 പുസ്തകങ്ങൾ നിലവിലുണ്ട്. വിവിധ മതഗ്രന്ഥങ്ങളും ഈ ഗ്രന്ഥാലയത്തിൽ ലഭ്യമാണ്. 3 സെ.മീ. നീളവും 2 സെ.മീ. വീതിയുമുള്ള ഏറ്റവും ചെറിയ വിശുദ്ധ ഖുർ ആൻ കോപ്പി ഈ ഗ്രന്ഥാലയത്തിന്റെ സവിശേഷതയാണ്.

കേരളത്തിലെതന്നെ ഒന്നാമതായി പരിഗണിക്കപ്പെടേണ്ട ഗ്രന്ഥാലയമാണ് 1948ൽ സ്ഥാപിച്ച ഫാറൂഖ്കോളേജ് ലൈബ്രറി. 525 വർഷം പഴക്കമുള്ള കൈയ്യെഴുത്തു പ്രതികൾ ഗ്രന്ഥാലയത്തിലെ അപൂർവ്വശേഖരങ്ങളിലൊന്നാണ്. ഈ ഗ്രന്ഥാലയത്തിൽ 56492 പുസ്തകങ്ങൾ ഇന്ന് നിലവിലുണ്ട്. ഇവിടെ ആദ്യമായി കിട്ടിയ പുസ്തകം (16.8.48ന്) കെ.പി. കേശവമേനോന്റെ "അസ്തമനം" ആണ്.

കൂടാതെ രാമനാട്ടുകര പഞ്ചായത്തിനു കീഴിൽ വൈദ്യരങ്ങാടി, പരുത്തിപ്പാറ, ചുള്ളിപറമ്പ് എന്നീ സ്ഥലങ്ങളിൽ വായശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിലുപരി വിവിധ സംഘടനകൾ നടത്തിവരുന്ന വായനശാലകളും നിവലിലുണ്ട്.

സാംസ്കാരിക ജീവിതത്തിൽ സർവ്വതലസ്പർശിയായി പ്രവർത്തിച്ചുവരുന്ന ജനകീയ ഗ്രന്ഥശാലകൾ, പൊതു ജീവിതത്തിലെ അവശ്യഘടകമെന്ന മുഖ്യപദവിയിൽനിന്നും അന്യം നിന്നു പോകാതിരിക്കാൻ നാം ജാഗരൂകരായിരിക്കേണ്ടതാണ്.

പഞ്ചായത്തിലെ സാംസ്കാരികരംഗത്ത് ഒട്ടേറെ ക്ലബ്ബുകൾ പ്രവർത്തിച്ചിരുന്നു. ഉദയ കലാസമിതി, എ.എം. സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ്, ജയ്ഹിന്ദ് കലാപരിഷത്ത്, പുലരി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, പീപ്പിൾസ് ആർട്സ് ക്ലബ്ബ്, രാമനാട്ടുകര സ്പോർട്സ് ക്ലബ്ബ് എന്നീ കലാസമിതികൾ ആദ്യകാലത്ത് പ്രവർത്തിച്ചവയാണ്. ഇന്ന് ഒട്ടേറെ കലാകായിക സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജനങ്ങളുടെ കലാകായികബോധം ഉയർത്തിക്കൊണ്ടു വരുവാൻ സമിതികൾ ശ്രദ്ധിക്കണം. പഞ്ചായത്തിനകത്തും പുറത്തും നടക്കുന്ന കലാകായിക മത്സരങ്ങളിൽ പങ്കാളിത്തം ഉണ്ടാകാറുണ്ട്. പഞ്ചായത്തിന്റെ കലാ-കായിക-സാംസ്കാരിക യശസ്സ് ഉയർത്തിപ്പിടിക്കാൻ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന് കീഴിൽ നിരവധി നിർദ്ദേശങ്ങളും പരിഹാരമാർഗങ്ങളും ഉണ്ട്.

കലാരംഗത്ത് നാടകം, ഡാൻസ്, ഒപ്പന, കോൽകളി, തിരുവാതിരകളി, തുടങ്ങിയവ ഇവിടെ പ്രചാരത്തിലുണ്ട്. കലാരംഗത്ത് മികവ് തെളിയിച്ച അനുഗ്രഹീത കലാകാരന്മാരും ഇവിടെ നിലവിലുണ്ട്. 1954ൽ ഐക്യവിദ്യാർത്ഥി സംഘടനയുടെ രാമനാട്ടുകരയിൽ നടന്ന സമ്മേളനത്തിൽ "ഐക്യ കേരളം" എന്ന നിമിഷ കവിതക്ക് ഒന്നാം സമ്മാനം നേടിയ ഡോ: ബാലഗംഗാധരൻ ഇന്നും രാമനാട്ടുകരയുടെ സാംസ്കാരിക രംഗത്തുണ്ട്. കുടിലിന്റെ മക്കൾ, ആയിരത്തൊന്ന് ഒറ്റമൂലി, കുട്ടികളുടെ വേദം തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കവിതകളും 'മുന്നണിയുടെ മുന്നേറ്റം' എന്നത് 1951ൽ രചിച്ച നാടകവുമാണ്. ഇതിൽ കുടിലിന്റെ മക്കൾക്ക് സർക്കാരിൽനിന്ന് അവാർഡ് ലഭിച്ചിട്ടുണ്ട്. മുന്നണിയുടെ മുന്നേറ്റം എന്ന നാടകം രാമനാട്ടുകരവെച്ചു നടന്ന ഐക്യമുന്നണി സമ്മേളനത്തിൽ അവതരിപ്പിക്കുകയുണ്ടായി (1951). നാടകം സംവിധാനം ചെയ്തിരുന്നത് പഞ്ചായത്തിന്റെ പ്രഥമപ്രസിഡന്റായിരുന്ന ശ്രീ. വേലപ്പമേനോനായിരുന്നു എന്നത് പ്രസക്തമായ സാംസ്കാരിക ചരിത്രമാണ്. ജനകീയ കലാകാരനായിരുന്ന ശ്രീ ജോൺ എബ്രഹാമിന്റെ നേതൃത്വത്തിൽ സ്ഥാപിച്ച് ഇന്ന് കോഴിക്കോട്ട് പ്രവർത്തിക്കുന്ന ഒഡേസ ഫിലിം സൊസൈറ്റിയുടെ രൂപീകരണം ഫാറൂഖ് കോളേജ് പരിസരത്തായിരുന്നു.

സിനിമാരംഗത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മുകുന്ദൻ, ജയേഷ്, സുഭാഷ് തുടങ്ങിയവർക്ക് ജന്മം നൽകിയ നാടാണ് രാമനാട്ടുകര എന്നത് അഭിമാനാർഹമാണ്. കായികരംഗത്ത് ഒട്ടേറെ സ്ഥാപനങ്ങൾ നിലവിലുള്ളതിൽ എടുത്തു പറയത്തക്ക ഒരു സ്ഥാപനമാണ് രാമനാട്ടുകര ജിംനേഷ്യം. ഈ ജിംനേഷ്യത്തിന്റെ ഭാഗമായി കരാട്ടേ പരിശീലനവും നടക്കുന്നു. ഇവിടെ 250 ഓളം കായികതാരങ്ങൾ പരിശീലനം നടത്തുന്നുണ്ട്. ഇവർ ജില്ലാ-സംസ്ഥാന തലങ്ങളിൽ പങ്കെടുത്ത് സമ്മാനാർഹരും ആയിട്ടുണ്ട്.

കൂടാതെ നമ്മുടെ പഞ്ചായത്തിലെ സ്കൂൾ–കോളേജ് തലങ്ങളിലും കായിക മത്സരങ്ങൾ നടക്കാറുണ്ട്. ഇവിടങ്ങളിൽ നിന്നെല്ലാംതന്നെ

സംസ്ഥാന അടിസ്ഥാനത്തിൽവരെ ശ്രദ്ധ പിടിച്ചു പറ്റിയ കായികതാരങ്ങൾ ഉണ്ടാകാറുണ്ട് എന്നത് നമുക്കഭിമാനാക്കാവുന്നതാണ്. കായികരംഗത്ത് ഇനിയും ഏറെ മുന്നോട്ട് പോകുവാൻ നിലവിലുള്ളതും വരാനുള്ളതുമായ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി നമുക്ക് കഴിയേണ്ടത് അനിവാര്യമായ കാര്യമാണ്. പുതിയ തലമുറയെ ഈ രംഗത്തേക്ക് കൊണ്ടുവരുന്നതിന് ബോധപൂർവ്വം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയണം.

### നിർദ്ദേശങ്ങൾ

1. വായനശാലകൾ ഇല്ലാത്ത എല്ലാ വാർഡുകളിലും വായനശാലകൾ സ്ഥാപിക്കണം.

2. വായനശാലകളിൽ ഇപ്പോൾ ഉള്ള പത്രങ്ങൾക്ക് പുറമെ മറ്റ് പത്രങ്ങൾ കൂടി വരുത്തണം.

3. പരുത്തിപ്പാറ വായനശാല ഒരു നില കൂടി പണിത് താഴെ നില പഞ്ചായത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുകയും മുകളിൽ ഗ്രന്ഥശാലയാക്കി മാറ്റുകയും വേണം.

4. 11-ാം വാർഡിലുള്ള ചുള്ളപ്പറമ്പ് വായന ശാലയുടെ ശോചനീയാവസ്ഥ മാറ്റി ജനങ്ങൾക്ക് ഉപകാരപ്രദമാക്കണം.

5. രാമനാട്ടുകര പഞ്ചായത്ത് വായനശാലയിൽ കൂടുതൽ പുസ്തകങ്ങൾ വാങ്ങുന്നതിന് കൂടുതൽ തുക വകയിരുത്തുക.

6. 10-ാം വാർഡിലെ ചുള്ളിപ്പറമ്പ് പ്രൈമറി സബ് ഹെൽത്ത് സെന്ററിനു സമീപമുള്ള ബ്ലോക്കിന്റെ സ്ഥലം വിട്ടു തരികയാണെങ്കിൽ വായനശാലക്ക് വേണ്ട കെട്ടിടം പഞ്ചായത്ത് സഹായത്തോടെ ജനങ്ങൾ സഹകരിച്ച് നിർമ്മിക്കാം എന്നുള്ള നിർദ്ദേശം പ്രാവർത്തികമാക്കണം.

7. പഞ്ചായത്തിലെ സർവ്വതലസ്പർശിയായ സാംസ്കാരിക പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് സാംസ്കാരിക നിലയം സ്ഥാപിക്കണം. ഇതിന് 7ാം വാർഡിലെ സ്ഥലം വിട്ടുകൊടുക്കുകയാണെങ്കിൽ കെട്ടിടം നിർമ്മാണത്തിന് ജനങ്ങൾ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

8. പഞ്ചായത്തിലെ അനുഷ്ഠാനകലകളും മറ്റും പരിപോഷിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പ്രോത്സാഹനം നൽകണം.

9. കേരളോത്സവം പോലുള്ള പരിപാടികൾക്ക് പഞ്ചായത്ത് അടിസ്ഥാനത്തിൽ കലാ-കായിക-സാംസ്കാരിക സമിതികളുടെ സ്ഥിരം കമ്മറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തണം.

10. കേരളോത്സവ പരിപാടികളിൽ സാഹിത്യമത്സരങ്ങൾ ഉൾപ്പെടുത്തണം.

11. രാമനാട്ടുകര വായനശാലക്കും പഞ്ചായത്ത് ഓഫീസിനും ഇടയിലുള്ള നെഹ്റു പാർക്ക് നവീകരിക്കണം.

12. പഞ്ചായത്തിലെ കോളനികളിലും മറ്റ് പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ടി.വി. റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ സ്ഥാപിക്കണം.

13. കൊടക്കല്ലുപറമ്പിനടുത്ത് നിലനിൽക്കുന്ന കൃഷിഭവന്റെ ഓഫീസ് ലൈബ്രറി & റീഡിംഗ് റൂം ആയി വികസിപ്പിക്കുക.

മുഴുവൻ കലാ-കായിക-സാംസ്ക്കാരിക സ്ഥാപനങ്ങളെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും വികസനപ്രവർത്തനങ്ങളിൽ പ്രസ്തുത സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യണം.

കായികരംഗത്തെ പ്രതിഭകളെ കണ്ടെത്താൻ വാർഡ് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും അതിനുശേഷം പഞ്ചായത്ത് തലത്തിൽ മത്സരങ്ങൾ സംഘടിപ്പിക്കുകയും വേണം.

14. കായികരംഗത്തെ കാര്യക്ഷമമാക്കാൻ ചുരുങ്ങിയത് 200 മീറ്റർ ട്രാക്കെങ്കിലും ഉള്ള ഒരു മിനി സ്റ്റേഡിയം പഞ്ചായത്തിൽ സ്ഥാപിക്കണം.

15. പഞ്ചായത്തടിസ്ഥാനത്തിൽ കായിതാരങ്ങൾക്ക് ഒഴിവുകാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കണം. ഇതിനു പഞ്ചായത്തിൽ നിലവിലുള്ള കായിക സ്ഥാപനങ്ങളെയും കായിക അദ്ധ്യാപകരെയും ഉപയോഗപ്പെടുത്തണം.

ഈ രംഗങ്ങളിൽ ശ്രദ്ധേയമായ പ്രകടനം കാഴ്ച വെക്കുന്നവർക്ക് പ്രോത്സാഹനങ്ങൾ നൽകണം.

പഞ്ചായത്തിൽ ഒരു സ്ഥിരം നാടകകളരി സ്ഥാപിക്കുകയും ഗ്രാമീണതലത്തിൽ യുവാക്കളെ സംഘടിപ്പിച്ച് നാടകസംഘങ്ങൾ രൂപീകരിക്കുകയും ചെയ്യണം.

കഠിനമായി അദ്ധ്വാനിച്ച് സ്വപ്നങ്ങളെ യാഥാർത്ഥ്യങ്ങളാക്കി മാറ്റാൻ കഴിവുള്ള ജനങ്ങളുടെ ക്രിയാത്മക ഇച്ഛാ ശക്തിക്കനുസരിച്ചായിരിക്കും നമ്മുടെ പ്രവർത്തനങ്ങൾ വിജയത്തിന്റെ മുടി ചൂടുന്നത്. ഈ ത്യാജ്യ ഗ്രാഹ്യ പ്രക്രിയയിൽ ഉപഭോഗസംസ്കാരത്തിന്റെ നീരാളിപ്പിടുത്തത്തിൽനിന്നും കുതറിമാറുകയും സർഗ്ഗാത്മകമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കരുത്തോടെ മുന്നേറുകയും ചെയ്യേണ്ടത് കാലത്തിന്റെ നിവാര്യതയാണ്.



# പട്ടികജാതി/പട്ടികവർഗ്ഗ വികസനം

പഞ്ചായത്തിൽ ആകെ 536 പട്ടികജാതി കുടുംബങ്ങളാണ് താമസിക്കുന്നത്. പഞ്ചായത്തിൽ ആകെ 13 ഹരിജൻ കോളനികളാണുള്ളത്. ഇതിനുപുറമെ 5 നാലുസെന്റ് കോളനിയും ഒരു ലക്ഷം വീട് കോളനിയുമാണുള്ളത്. ഏകദേശം 322 കുടുംബങ്ങൾ കോളനികളിലും ബാക്കിവരുന്നവർ മറ്റുള്ളവർക്കിടയിലും താമസിക്കുന്നു. പട്ടികവർഗ്ഗകുടുംബങ്ങളിൽ 3 പേർ ഈ പഞ്ചായത്തിൽ താമസിക്കുന്നുണ്ട്.

ഹരിജൻ കോളനികളുടേയും മറ്റു കോളനികളുടേയും പേരുവിവരം പട്ടിക 1 ൽ ചേർക്കുന്നു.

### ലക്ഷം വീട് കോളനി

പഞ്ചായത്തിൽ 9ാം വാർഡിലുള്ള ചെറിയാത്തൻപറമ്പ് എന്ന ലക്ഷംവീട് കോളനി മാത്രമാണുള്ളത്. ഇവിടെ പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നു.

വിദ്യാഭ്യാസ സാമൂഹികമേഖലകളിൽ ഒട്ടനവധി നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും സാമ്പത്തിക പുരോഗതി വേണ്ടത്രയുണ്ടായിട്ടില്ല. കുടികിടപ്പവകാശവും മിച്ചഭൂമിയുടെ ലഭ്യതയും, കോളനികളുടെ രൂപീകരണവും ഒരു പരിധിവരെ സാമൂഹ്യമായ പുരോഗതി കൈവരിക്കുന്നതിന് സഹായകമായ നടപടികളാണ്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ചൂഷണങ്ങളിൽനിന്നും ഉച്ചനീചത്വങ്ങളിൽനിന്നും

പട്ടിക 1

| വാർഡുനമ്പർ | കോളനിയുടെ പേര് | | താമസിക്കുന്ന കുടുംബങ്ങൾ |
|---|---|---|---|
| 1 | പാട്ടായിക്കൽ ഹരിജൻ കോളനി | | 22 |
| 2 | പാലക്കൽ പറമ്പ് | ,, | 10 |
| 2 | ഇത്തിളാംകുന്ന് | ,, | 15 |
| 3 | കോലോർകുന്ന് | ,, | 17 |
| 4 | പൊറ്റപ്പടിക്കൽ | ,, | 12 |
| 4 | കൊശവരങ്ങാടി | ,, | |
| 5 | ഇല്ല | | |
| 6 | ബംഗ്ലാവ് പറമ്പ് | ,, | 26 |
| 7 | ഇരുമൂളിപറമ്പ് | ,, | 17 |
| 8 | ഉണ്യാലുങ്ങൽ | ,, | 41 |
| | (ഈ കോളനിയിലെ കുറച്ച് വീടുകൾ ഏഴാം വാർഡിലാണ്) | | |
| | കൊറ്റമംഗലം | ,, | 10 |
| | (ഏഴാം വാർഡിലും എട്ടാം വാർഡിലാണ്) | | |
| 9 | പരുത്തിപ്പാറ ഹരിജൻ കോളനി | | 27 |
| | (ഈ കോളനിയിലെ കൂടുതൽ വീടുകളും പത്താം വാർഡിലാണ്) | | |
| 10 | കൊടക്കല്ല് പറമ്പ് ഹരിജൻ കോളനി | | 53 |
| 11 | ചാത്തൻപറമ്പ് | | 11 |

| നാലുസെന്റ് കോളനി | | |
|---|---|---|
| വാർഡു നമ്പർ | കോളനിയുടെ പേർ | താമസിക്കുന്ന കുടുംബങ്ങൾ |
| 2 | പാലക്കപ്പറമ്പ് | 3 |
| 4 | ചിറക്കാംകുന്ന് | 12 |
| 9 | പരുത്തിപ്പാറ | 28 |
| 9 | കുന്നുമ്മൽ തടായ് | 6 |
| 10 | ചൂരക്കാട് | 6 |

മോചനം നേടുകയും ജാതിമതവ്യത്യാസമില്ലാതെ എല്ലാ പരിപാടികളിലും പങ്കെടുക്കുകയും ചെയ്യുന്നു. സാമുദായികമായ ഒന്നുരണ്ടു സംഘടനകൾ ഇവരുടെ ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നുണ്ട്.

ഗവൺമെന്റ് തലത്തിൽ പല പദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും ഇവയൊന്നും യഥാസമയം അറിയാത്ത അവസ്ഥയും അറിഞ്ഞാൽത്തന്നെ ഇവ നേടിയെടുക്കുന്നതിനുള്ള പ്രയാസങ്ങളുംകൊണ്ട് ഇത്തരം പദ്ധതികൾ അവയുടെ യഥാർത്ഥഗുണം ചെയ്യാറില്ല. ഇതൊക്കെയാണെങ്കിലും ഇത്തരം പദ്ധതികൾകൊണ്ട് ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പഞ്ചായത്തിന്റെ ചിലഭാഗങ്ങളിൽ കൂടുതൽ കോളനികൾ രൂപീകരിക്കാൻ സാദ്ധ്യതകൾ ഉണ്ട്. അതുപോലെത്തന്നെ ചില കോളനികളിൽ താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം വളരെ കൂടുതലാണ്. ഇവ വിഭജിച്ച് കൂടുതൽ കോളനികൾ രൂപീകരിച്ചാൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കഴിയും. കോളനി രൂപീകരിക്കുവാൻ കഴിയുന്ന പ്രദേശത്തിന്റെ പേരുവിവരംപട്ടിക 2 ലും വിഭജനം നടത്താൻ കഴിയുന്ന കോളനിയുടെ പേരുവിവരം പട്ടിക 3 ലും കൊടുക്കുന്നു.

പട്ടിക 2

| വാർഡ് | കോളനി രൂപീകരിക്കുവാൻ കഴിയുന്ന സ്ഥലങ്ങൾ | താമസിക്കുന്ന കുടുംബങ്ങൾ |
|---|---|---|
| 1 | പുല്ലുംകുന്നം കാരക്കുന്നും | 16 |
| 5 | പടന്നയിൽഭാഗവും ചേർത്ത് | 19 |

## വിദ്യാഭ്യാസം

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതിയൊന്നും ഈ വിഭാഗത്തിൽപെട്ട ആളുകൾ നേടിയിട്ടില്ല. 50 വയസ്സിനുമുകളിലുള്ള മിക്കവരും

| വാർഡ് | വിഭജിക്കാവുന്ന കോളനി | താമസിക്കുന്ന കുടുംബങ്ങൾ |
|---|---|---|
| 10 | കൊടക്കല്ലുപറമ്പ് ഹരിജൻകോളനി (മറ്റു കോളനികളിലും 10ൽ കൂടുതൽ വീടുകളുണ്ടെങ്കിലും ഇത്രയും കൂടുതൽ വീടുള്ള കോളനിയില്ല. | 53 |

പട്ടിക 3

നിരക്ഷരരാണ്. സാക്ഷരതാപ്രവർത്തനം ഇത്തരത്തിലുള്ളവർക്ക് വളരെയധികം സഹായകമായിട്ടുണ്ട്. ഇപ്പോഴത്തെ തലമുറയിലെ മിക്കകുട്ടികളും എസ്.എസ്.എൽ.സി. വരെ പഠിക്കുന്നുണ്ടെങ്കിലും വിജയശതമാനം പരിശോധിക്കുകയാണെങ്കിൽ മറ്റുള്ളവരെ അപേക്ഷിച്ച് തുലോം കുറവാണ്.

മേൽപറഞ്ഞ കാരണം കൊണ്ടുതന്നെ ഉപരിപഠനത്തിനായി കോളേജുകളിൽച്ചേരുന്ന വിദ്യാർത്ഥികളുടെ എണ്ണവും വളരെ കുറവാണ്. കോളേജുകളിൽ പഠിക്കുന്ന പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ കണക്ക് താഴെ ചേർക്കുന്നു.

96-97 അദ്ധ്യയനവർഷത്തിൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| പഠിക്കുന്ന ക്ലാസ് | | |
|---|---|---|
| പ്രീഡിഗ്രി | ഡിഗ്രി | പി.ജി. |
| 18 | 6 | 1 |

രക്ഷിതാക്കളുടെ നിരക്ഷരത, സാമ്പത്തിക പ്രയാസം, കുടുംബബാധ്യതകൾ ഏറ്റെടുക്കേണ്ടിവന്നതുകൊണ്ടുള്ള പഠനം നിർത്തൽ, തുടങ്ങിയ വിവിധ കാരണങ്ങളാൽ ഇവർ വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നു. ഉന്നതവിദ്യാഭ്യാസം നേടിയ പട്ടികജാതിയിൽപ്പെട്ടവർ വിരളമാണ്. മാർക്ക് കുറവായതുമൂലം ബിരുദാനന്തര ബിരുദപഠനത്തിന് 2 വിദ്യാർത്ഥകൾക്ക് കോളേജിൽ പ്രവേശനം ലഭിച്ചില്ല. 96-97 അദ്ധ്യയനവർഷത്തിൽ വിവിധ വിഭാ

| സ്ക്കൂളിന്റെ പേര് | വർഷം | പരീക്ഷക്കിരുന്നവർ | | ആകെ | ജയിച്ചവർ | | ആകെ | ശതമാനം |
|---|---|---|---|---|---|---|---|---|
| | | ആൺകുട്ടി | പെൺകുട്ടി | | ആൺകുട്ടി | പെൺകുട്ടി | | |
| ഫാറൂഖ് | 93-94 | 7 | 7 | 14 | 3 | 3 | 6 | 42.85 |
| ഹൈസ്ക്കൂൾ | 94-95 | 13 | 12 | 25 | 5 | 6 | 11 | 44% |
| പി.ഒ. ഫാറൂഖ് കോളേജ് | 95-96 | 11 | 10 | 21 | 6 | 5 | 11 | 52.38% |
| സേവാമന്ദിരം | 93-94 | - | - | - | - | - | - | - |
| പോസ്റ്റ് ബേസിക് സ്ക്കൂൾ | 94-95 | 10 | 21 | 31 | 2 | 5 | 7 | 23% |
| രാമനാട്ടുകര | 95-96 | 17 | 12 | 39 | 5 | - | 5 | 13% |

ഗത്തിൽ അദ്ധ്യയനം നടത്തുന്ന വിദ്യാർത്ഥികളുടെ പട്ടിക താഴെ പറയും പ്രകാരമാണ്.

| വിഭാഗം | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| എൽ.പി. വിഭാഗം | 112 | 110 | 222 |
| യു.പി. വിഭാഗം | 107 | 102 | 209 |
| ഹൈസ്ക്കൂൾ വിഭാഗം | 105 | 120 | 225 |

### തൊഴിൽ

കാർഷികവൃത്തിയിലാണ് പട്ടികജാതിയിൽപ്പെട്ട മിക്കകുടുംബങ്ങളും ഏർപ്പെട്ടിരുന്നത്. എന്നാൽ കാർഷികമേഖലയിലെ ജോലിക്കുറവ്, കൂലിക്കുറവ് എന്നീ കാരണങ്ങളാൽ മിക്കവരും മറ്റു തൊഴിൽ മേഖലകളിലേക്ക് മാറുന്ന സ്ഥിതിയുണ്ടായിട്ടുണ്ട്. കാർഷിക രംഗത്തേക്കാൾ കൂലി കൂടുതൽ മറ്റു തൊഴിൽ മേഖലകളിൽ ഉണ്ടെന്നുള്ളതാണ് ഇതിനൊരുകാരണം. പുതിയ തലമുറയിലെ ആരുംതന്നെ കാർഷികരംഗത്തെ തൊഴിലുകളിലേക്കുവരുന്നില്ല. കാർഷികരംഗത്ത് ഭക്ഷ്യധാന്യ ഉൽപാദന വർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിൽ കൂലിവർദ്ധനവുൾപെടെ തൊഴിലാളികളെ ആകർഷിക്കുന്ന രീതിയിലുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

ഇവരുടെ പ്രധാനമായ ഒരു കൈത്തൊഴിലാണ് പായനെയ്ത്ത്. ഇതിനാവശ്യമായ അസംസ്കൃത വസ്തുവായ കൈതോല വ്യാപകമായി വെട്ടിനശിപ്പിക്കുന്നതുമൂലം ഇത് കിട്ടുന്നത് തന്നെ വളരെ വിരളമാണ്. അതുകൊണ്ടുതന്നെ പായനെയ്ത്ത് ഇന്ന് പ്രതിസന്ധിഘട്ടത്തിലാണ്. സർക്കാർ തലത്തിലുള്ള ജീവനക്കാരെ പരിശോധിക്കുകയാണെങ്കിൽ ക്ലാസ് 3, ക്ലാസ് 4, വിഭാഗത്തിൽ കുറച്ചുപേർ ജോലിയെടുക്കുന്നുണ്ട്.

### പാർപ്പിടം

സ്വന്തമായി ഭൂമി, പാർപ്പിടം എന്നീ പ്രശ്നങ്ങൾ ഇന്നും ഇവരുടെ ഇടയിൽ നിലനിൽകുന്നുണ്ട്. പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് സർക്കാർ ഏജൻസികൾ നടത്തുന്ന പദ്ധതികൾ വിപുലപ്പെടുത്തേണ്ടതുണ്ട്. അതുപോലെത്തന്നെ സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള സഹായ പദ്ധതിയും വിപുലപ്പെടുത്തേണ്ട്.

പഞ്ചായത്തിൽ സ്വന്തമായ് ഭൂമി, പാർപ്പിടം എന്നിവയില്ലാത്തവരുടെ പട്ടിക 4ൽ കൊടുക്കുന്നു .

നിലവിലുള്ള ഹരിജൻകോളനികളുടെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. അടിസ്ഥാനസൗകര്യങ്ങളായ കുടിവെള്ളം, വൈദ്യുതി, കക്കൂസ്, റോഡ് എന്നിവ വളരെ അപര്യാപ്തമാണ്. 4 സെന്റ് കോളനി, ലക്ഷം വീട് കോളനി എന്നിവയുടെ സ്ഥിതിയും മറിച്ചല്ല. കക്കൂസുകളില്ല എന്നത് കോളനി നിവാസികളുടെ ആരോഗ്യപ്ര

പട്ടിക 4

| | വാർഡുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| സ്വന്തമായ് ഭൂമിയില്ലാത്തവർ | 19 | 8 | 2 | 4 | 7 | 1 | 12 | 15 | 10 | 26 | 6 |
| സ്വന്തമായ് വീടില്ലാത്തവർ | 27 | 13 | 2 | 10 | 10 | 8 | 17 | 15 | 15 | 32 | 2 |

| | വാർഡുകൾ | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| കുടിവെള്ള മില്ലാത്തവർ | 31 | 29 | 13 | 19 | - | 20 | 41 | 9 | 48 | 40 | 7 |
| വൈദ്യുതി ഇല്ലാത്തവർ | 16 | 20 | 3 | 20 | - | 2 | 17 | 6 | 48 | 35 | 3 |
| കക്കൂസ് ഇല്ലാത്തവർ | 3 | 13 | 2 | 17 | - | - | 12 | 3 | 25 | 25 | 1 |

ശ്നം കൂടിയായതിനാൽ വളരെ അടിയന്തിരമായ പരിഗണിക്കപ്പെടേണ്ട ആവശ്യമാണ്. മറ്റൊരു പ്രശ്ന മായി നിലനിൽക്കുന്നത് കുടിവെള്ളക്ഷാമമാണ്. വൈദ്യുതി കിട്ടാനുള്ള വീടുകളുടെ എണ്ണവും ധാരാ ളമുണ്ട്. വയറിംഗ് നടത്തി രണ്ടുവർഷത്തോളമായ് വൈദ്യുതികണക്ഷന് കാത്തിരിക്കുന്ന ധാരാളം കുടുംബങ്ങൾ കോളനികളിലുണ്ട്. നിയമത്തിന്റെ ഊരാക്കുടുക്കുകൾ ഒഴിവാക്കി വൈദ്യുതി എത്ര യും വേഗം എത്തിച്ചുകൊടുക്കേണ്ടിയിരിക്കുന്നു. പ്രാഥമിക സൗകര്യങ്ങളില്ലാത്ത വീടുകളുടെ എണ്ണം വാർഡ് തിരിച്ച് പട്ടിക 5ൽ കൊടുക്കുന്നു.

രാഷ്ട്രീയ സാമൂഹ്യ സാംസ്കാരിക രംഗങ്ങ ളിൽപട്ടികജാതിയിൽപ്പെട്ടവരുടെ പങ്കാളിത്തം നല്ല പോലെയുണ്ട്. പല രാഷ്ട്രീയ സംഘടനകളുടേയും നേതൃത്വനിരയിൽ ഇവരിൽ പലരുമുണ്ട്.

## പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2. കാർഷികമേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. തൊഴിൽ സാദ്ധ്യത കുറയുന്നത് ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്കു നീക്കുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല. വീടുവെ യ്ക്കാൻ സ്ഥലമില്ല. വീടുനിർമ്മിക്കാൻ നൽകുന്ന സഹായധനം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയുന്നില്ല.

4 വീടുകളിൽ പ്രാഥമിക സൗകര്യങ്ങളില്ല.

5. മിക്ക കോളനികളിലും വൈദ്യുതിയും കുടി വെള്ളവും ഇല്ല.

6. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവർ ഉണ്ട്.

7. ആരോഗ്യസംരക്ഷണസംവിധാനങ്ങൾ മെച്ച പ്പെടുത്തേണ്ടതുണ്ട്.

8. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധന സഹായം ലഭിക്കുന്നുണ്ടെങ്കിലും ഇക്കാര്യത്തെപ്പറ്റി വേണ്ടത്ര പരിജ്ഞാനമില്ലാത്തതിനാൽ ഇവ നേടി യെടുക്കാൻ കഴിയുന്നില്ല.

9. I.R.D.P. പദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായ് ഉപയോഗപ്പെടുത്തുന്നില്ല.

10. പട്ടികജാതി വികസനകോർപ്പറേഷനിൽ നിന്ന് ലഭിക്കുന്ന പദ്ധതികളെക്കുറിച്ച് വേണ്ടത്ര അറിവുകളില്ല.

## നിർദ്ദേശങ്ങൾ

കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. തരിശായിക്കിടക്കുന്ന കൃഷിഭൂമികൾ പാട്ടത്തിന് പട്ടികജാതി കുടുംബ ങ്ങൾക്ക് കൊടുക്കുകയാണെങ്കിൽ സഹകരണാടി സ്ഥാനത്തിൽ കൃഷിചെയ്യാൻ സന്നദ്ധമാണ്.

2. പായനെയ്ത്ത്, കുട്ടനെയ്ത്ത് എന്നിവയുടെ നിർമ്മാണം വ്യാവസായിക അടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

3. പഞ്ചായത്ത് കോളനികളിലെ പെൺകുട്ടി കൾക്ക് കൈത്തൊഴിലുകൾ പരിശീലിപ്പിക്കുകയും അവരുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുക യും ചെയ്യുക.

4. മിനി ശുദ്ധജലപദ്ധതികൾ നടപ്പിലാക്കി കു ടിവെള്ളപ്രശ്നം പരിഹരിക്കുക.

5. അഭ്യസ്തവിദ്യർക്ക് ഇന്ന് സർക്കാർ നൽകുന്ന വായ്പകളുടെ സഹായധനം പഞ്ചായത്ത് മുഖേന നൽകുക. വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂക രിക്കുക.

6. വ്യവസായ പരിശീലനം നൽകുകയും വ്യവസായം തുടങ്ങുന്നതിനാവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുകയും വായ്പകൾ ഉദ്ദേശിച്ച കാര്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോയെന്ന് പരിശോധിക്കുകയും ചെയ്യുക. വായ്പ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിനു നൽകുക.

7. നിലവിലുള്ള പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിൽ മെമ്പർമാരാകാൻ യോഗ്യതയുള്ള മുഴുവൻ ആളുകളെയും മെമ്പർമാരാക്കുക.

8. വീടുനിർമ്മാണത്തിന് സഹായധനം വർദ്ധിപ്പിക്കുക.

9. സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങുവാൻ സഹായധനം നൽകുക.

10. എല്ലാ വീട്ടിലും വൈദ്യുതി എത്തിച്ചു കൊടുക്കുകയും കക്കൂസ് നിർമ്മിച്ചു നൽകുകയും ചെയ്യുക.

11. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് വെവ്വേറെ വീടുകളാക്കുക.

12. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണി നടത്തുന്നതിനും പലിശരഹിതവായ്പകൾ ലളിത രീതിയിൽ നടപ്പാക്കുക.

13. നാലുസെന്റ് കോളനികളിലും ലക്ഷം വീട് കോളനിയിലും വീട് പുതുക്കിപ്പണിയുന്നതിനും ഓടു മേയുന്നതിനും ധനസഹായം അനുവദിക്കുക.

14. അഭ്യസ്തവിദ്യരുടെ സേവനം കോളനികളുടെ വിദ്യാഭ്യാസനിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

15. കോളനികൾ കേന്ദ്രീകരിച്ച് അംഗനവാടി, വായനശാല, ടി.വി. എന്നിവ സ്ഥാപിക്കുക.

16. എസ്.എസ്.എൽ.സി. വരെയും തുടർന്നും പഠനം നടത്തുന്നതിന് ആവശ്യമായ പദ്ധതികൾ ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്യുക.

17. പൊറ്റപ്പടി ഹരിജൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

18.ബംഗ്ലാവ് പറമ്പ് ഹരിജൻ കോളനിയുമായ് ബന്ധപ്പെടുന്നതിന് റോഡ് നിർമ്മിക്കുക.

19. മറ്റ് കോളനികളിലെ റോഡുകൾ ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കുക.

20 പുറംപോക്ക്സ്ഥലങ്ങളിൽ കൈതോലവച്ചു പിടിപ്പിക്കുകയും വെട്ടി നശിപ്പിക്കുന്നത് തടയുകയും ചെയ്യുക

21. പായക്ക് വിപണനസൗകര്യം കണ്ടെത്തുന്നതിന് സഹകരണസംഘം രൂപീകരിക്കുക.



# വനിതാക്ഷേമം

കേരളത്തിലെ മൊത്തം ജനസംഖ്യയിലെ സ്ത്രീപുരുഷ അനുപാതത്തിൽനിന്ന് വ്യത്യസ്തമായി രാമനാട്ടുകര പഞ്ചായത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ എണ്ണത്തിൽ കുറവാണ്. 1991ലെ സെൻസസ് കണക്കനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ പട്ടിക ഒന്നിൽ കാണിച്ച പ്രകാരമാണ്.

പട്ടിക 1

| | |
|---|---|
| ആകെ ജനസംഖ്യ 2 | 5672 |
| സ്ത്രീകൾ | 12806 |
| പുരുഷന്മാർ | 12866 |

പുരുഷാധിപത്യ സാമൂഹ്യവ്യവസ്ഥ നിലനിൽക്കുന്ന നമ്മുടെ രാജ്യത്തെ സ്ത്രീകളുടെ പൊതുവായ ദയനീയ അവസ്ഥയിൽനിന്നും ഒട്ടും വ്യത്യസ്തമല്ല ഈ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയും.

ദേശീയസ്വാതന്ത്ര്യപ്രക്ഷോഭങ്ങൾ ശക്തിയാർജ്ജിച്ചിരുന്ന 1940 കളിൽ സമരരംഗത്തേക്ക് ആവേശപൂർവ്വം കടന്നുവന്ന ധീരവനിതകളാണ് മാടമ്പത്ത് കളത്തിൽ ജനകിഅമ്മ, വാരിയത്ത് (കളരിക്കൽ) കമലാക്ഷിടീച്ചർ എന്നിവർ. ഇവരുടെ നേതൃത്വത്തിൽ രൂപീകരിച്ച മഹിളാസമാജത്തിന്റെ വാർഷികാഘോഷം കലാപരിപാടികളോടുകൂടി രാമനാട്ടുകര ബോർഡ് സ്ക്കൂളിലെ പൊതു വേദിയിൽ നടന്നത് അക്കാലത്തെ ഒരു പ്രധാന ചർച്ചാ വിഷയമായിരുന്നു. ഈ മഹതികളുടെ പ്രവർത്തനങ്ങളിൽനിന്ന് ആവേശമുൾക്കൊണ്ട് രാഷ്ട്രീയ-പൊതുരംഗങ്ങളിൽ വനിതകളുടെ മുന്നേറ്റം വേണ്ടത്ര പിന്നീടൊരു നീണ്ടകാലത്തേക്ക് ഉണ്ടായില്ല. വർഷങ്ങൾക്കുശേഷം മഹിളാ സമാജം പ്രവർത്തനങ്ങളിൽ വനിതകളുടെ ഉയിർത്തെഴുന്നേല്പുണ്ടാകുന്നത് 1970 കളിലാണ്. ഈ കാലയളവിൽ രൂപീകരിക്കപ്പെട്ട മഹിളാ സമാജങ്ങളുടെ പ്രധാന പ്രവർത്തനമായിരുന്ന പ്രയുക്ത പോഷകാഹാരപരിപാടി. ദിവസത്തിൽ ഒരു നേരം ഭക്ഷണം എന്നീ സർക്കാർ പദ്ധതികൾ നിലച്ചതോടുകൂടി മിക്ക സമാജങ്ങളും നിർജീവമായി. ചുള്ളിപ്പറമ്പ് മഹിളാസമാജം, പ്രിയദർശിനി മഹിളാസമാജം എന്നിവ മാത്രമാണ് ഇപ്പോൾ പ്രവർത്തനരംഗത്തുള്ളത്. ചുള്ളിപ്പറമ്പ് മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ സർക്കാർ സഹായത്തോടുകൂടി ഒരു സമഗ്രമാതൃ ശിശു സംരക്ഷണകേന്ദ്രവും പ്രിയദർശിനി മഹിളാ സമാജത്തിന്റെ നേതൃത്വത്തിൽ നേർസറിയും ആൾ ഇന്ത്യാ വിമൻസ് കൗൺസിലിന്റെ ധനസഹായത്തോടുകൂടി സൗജന്യ ട്യൂഷൻക്ലാസും നടത്തിവരുന്നുണ്ട്.

ദേശീയ കർഷകതൊഴിലാളി ഫെഡറേഷൻ കോഴിക്കോട് ജില്ലാ വൈസ്പ്രസിഡണ്ടായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീമതി സി.പി.കാളി എന്നവരാണ് ഈ പഞ്ചായത്തിൽനിന്നും ഒരു തൊഴിലാളിസംഘടനയുടെ ജില്ലാ നേതൃത്വത്തിലേക്കുയർന്ന ഏകവനിത.

കോഴിക്കോട് ജില്ലയിലെ ആദ്യത്തെ വനിതാ പഞ്ചായത്ത് പ്രസിഡണ്ടായി ശ്രീമതി ജമീലാറസാക്ക് 1979 മുതൽ '83വരെ ഈ പഞ്ചായത്തിന്റെ ഭരണ സാരഥ്യം വഹിച്ചു.

രാമനാട്ടുകര പഞ്ചായത്തിലെ ആദ്യത്തെ വനിതാ മെംബറായ ശ്രീമതി കെ.എം. ദമയന്തിയുടെ പേര് ഈ അവസരത്തിൽ സ്മരണീയമാണ്.

ഈ പഞ്ചായത്തിലെ വിവിധസഹകരണസ്ഥാപനങ്ങളിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലുമായി 19 വനിതകൾ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങളായി പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥാപനം തിരിച്ചുള്ള വിവരം താഴെ പട്ടികയിൽ

മഹിളാ സ്വസ്ത്സംഘം എന്നീ പേരിൽ ഒരു വനിതാ സന്നദ്ധസംഘടന ആരോഗ്യവകുപ്പിനു കീഴി

| പട്ടിക 2 | | |
|---|---|---|
| | സ്ഥാപനത്തിന്റെ പേര് | പ്രതിനിധികളുടെ എണ്ണം |
| 1. | രാമനാട്ടുകര ഗ്രാമപഞ്ചായത്ത് | 4 |
| 2. | രാമനാട്ടുകര സർവ്വീസ്സഹകരണബാങ്ക് | 1 |
| 3. | രാമനാട്ടുകര കയർവ്യവസായ സഹകരണസംഘം. | 7 |
| 4. | രാമനാട്ടുകര ക്ഷീരോല്പാദക സഹകരണസംഘം | 3 |
| 5. | ചുള്ളിപ്പറമ്പ് ക്ഷീരോല്പാദക സഹകരണസംഘം | 3 |
| 6. | രാമനാട്ടുകര പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1 |
| | ആകെ | 19 |

ൽ ഇപ്പോൾ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ളതും ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്നവരുമായ 348 കുടുംബങ്ങൾ ഈ പഞ്ചായത്തിലുള്ളതായി 1992ലെ I.R.D.P. കുടുംബസർവ്വെപ്രകാരം കണക്കാക്കപ്പെട്ടിരിക്കുന്നു.

പഞ്ചായത്തിലെ വനിതാ സാക്ഷരതാ നിരക്ക് 76.84% മാത്രമാണ്. 1991ലെ സെൻസസ് കണക്കനുസരിച്ചുള്ള സാക്ഷരതാനിരക്ക് പട്ടിക 3ൽ കൊടുക്കുന്നു.

പട്ടിക 3

| സ്ത്രീ/പു | സാക്ഷരതാനിരക്ക് |
|---|---|
| സ്ത്രീകൾ | 76.84% |
| പുരുഷന്മാർ | 81.69% |

സാക്ഷരതായജ്ഞം ഒന്നാംഘട്ടപ്രവർത്തനങ്ങൾ വളരെ സജീവമായി നടന്നതിന്റെ ഫലമായി 100% സാക്ഷതാ കൈവരിക്കാൻ നമ്മുടെ പഞ്ചായത്തിന് സാധിച്ചിരുന്നെങ്കിലും തുടർവിദ്യാഭ്യാസപരിപാടിയുടെ പോരായ്മകൊണ്ട് നവസാക്ഷരരിൽ അധികവും നിരക്ഷരരായി മാറി എന്നാണ് പട്ടികയിൽ വിവരിച്ച കണക്കുകൾ സൂചിപ്പിക്കുന്നത്. സാക്ഷരതാപ്രവർത്തനങ്ങൾ വീണ്ടും ഊർജ്ജസ്വലമായി നടത്തേണ്ടതുണ്ട് എന്നതിലേക്കാണ് കണക്കുകൾ വിരൽ ചൂണ്ടുന്നത്.

സ്കൂളുകളിലും കോളേജുകളിലും പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ മുൻപന്തിയിൽ നിൽക്കുന്നത് പെൺകുട്ടികളാണ്. ബിരുദധാരികളും ബിരുദാനന്തരബിരുദം നേടിയവരുമായ വനിതകൾ പഞ്ചായത്തിൽ ധാരാളമുണ്ടെങ്കിലും സാങ്കേതികവിദ്യാഭ്യാസം നേടിയവർ വളരെ വിരളമാണ്.

ലോവർ പ്രൈമറിമുതൽ ഹൈസ്ക്കൂൾതലംവരെ വിദ്യാർത്ഥിനികളുടെ പങ്കാളിത്തം ഉയർന്നതാണെങ്കിലും കോളേജുതലത്തിലെത്തുമ്പോൾ പെൺകുട്ടികൾ എണ്ണത്തിൽ കുറയുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്.

സാമ്പത്തികപിന്നോക്കാവസ്ഥയും പഠനനിലവാരത്തിലെ പോരായ്മയും ആണ് ഉന്നതവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾ പിൻതള്ളപ്പെട്ടു പോകുന്നതിന്റെ പ്രധാന കാരണം എന്ന് ഗ്രാമസഭാറിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ബിരുദവും ബിരുദാനന്തരബിരുദവും നേടുന്നവരിൽത്തന്നെ ബഹുഭൂരിപക്ഷവും കുടുംബിനികളായി ഒതുങ്ങിക്കൂടുന്ന

സ്ഥിതിയാണുള്ളത്. സാമൂഹ്യമായ പിന്നോക്കാവസ്ഥയും തൊഴിലവസരങ്ങളുടെ കുറവും ഇതിന്റെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കാവുന്നതാണ്.

പഞ്ചായത്തിന്റെ സർവ്വതോമുഖമായ പുരോഗതിയിൽ ഗണ്യമായ സംഭാവനകൾ നൽകാൻ കഴിയുന്ന സ്ത്രീസമൂഹം കൃഷി, വ്യവസായം, വിദ്യാഭ്യാസം, സാംസ്കാരികം എന്നി മേഖലകളിലും ഇതര തൊഴിൽ മേഖലകളിലും സജീവമായി ഇടപെടുന്നതിന് വർദ്ധിച്ച തോതിൽ മുന്നോട്ടുവരേണ്ടതാണ്.

**തൊഴിൽമേഖല:**

തൊഴിൽമേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് വളരെ ചെറിയ ശതമാനം മാത്രമാണ്.

കൃഷി, മൃഗപരിപാലനം, ക്ഷീരവികസനം, കയർവ്യവസായം, തീപ്പെട്ടി-പ്ലൈവുഡ് വ്യവസായം, ഇഷ്ടിക നിർമ്മാണം, കെട്ടിടനിർമ്മാണം എന്നീ മേഖലകളിലാണ് തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും ഏർപ്പെട്ടിട്ടുള്ളത്. അധ്യാപനരംഗത്തും സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലും ആതുര ശുശ്രൂഷാരംഗത്തും വ്യാപാരസ്ഥാപനങ്ങളിലും വിരലിലെണ്ണാവുന്ന സ്ത്രീകൾ പ്രവൃത്തി എടുക്കുന്നുണ്ട്. കൂടാതെ, പരമ്പരാഗത മൺപാത്രനിർമ്മാണരംഗത്തും തയ്യൽ ജോലിയിലും ഏർപ്പെട്ടവർ ചുരുക്കമായുണ്ട്.

വിവിധ തൊഴിൽമേഖലയിലെ സ്ത്രീകളുടെ കൂലിനിരക്ക് താഴെ പട്ടികയിൽ വ്യക്തമാക്കുന്നു.

പട്ടിക

| | | |
|---|---|---|
| കാർഷികതൊഴിൽ | – | 40 രൂപ മുതൽ 70 രൂപവരെ |
| കെട്ടിടനിർമ്മാണം | – | 70 രൂപ. |
| തീപ്പെട്ടി-പ്ലൈവുഡ്, ഇഷ്ടിക | – | 20 രൂപ മുതൽ 40 രൂപവരെ |

(അവലംബം – ഗ്രാമസഭാറിപ്പോർട്ട്)

തൊഴിൽ മേഖലയിൽ സ്ത്രീകളുടെ വേതനനിരക്ക് വളരെ തുച്ഛമാണെന്ന് മേൽപട്ടികയിൽനിന്നും മനസ്സിലാകും. പല തൊഴിൽമേഖലയിലും പ്രാഥമിക കൃത്യങ്ങൾപോലും നിർവ്വഹിക്കുന്നതിനുള്ള സൗകര്യമില്ല. തൊഴിൽ സാഹചര്യങ്ങളിലെ അപര്യാപ്തതയും തുച്ഛമായ വേതനനിരക്കും തൊഴിലെടുക്കുന്ന സ്ത്രീകളുടെ സ്ഥിതി പരമദയനീയമാക്കുന്നു.

സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ പഞ്ചായത്തിലെ വനിതകൾക്ക് ഒട്ടുംതന്നെ മുന്നേറാൻ കഴിഞ്ഞിട്ടില്ല. സ്വന്തമായ നഴ്സിങ്ഹോം നടത്തുന്ന രണ്ടു വനിതാ എം.ബി.ബി.എസ് ഡോക്ടർമാരും സ്വന്തമായി പ്രാക്ടീസ് ചെയ്യുന്ന രണ്ടു വനിതാ അഡ്വക്കേറ്റ്മാരും പഞ്ചായത്തിലുണ്ട്. സ്ത്രീകൾ സ്വന്തമായി നടത്തുന്ന ഒരു പപ്പടനിർമ്മാണശാല, ബ്യൂട്ടി പാർലർ, ഫോട്ടോസ്റ്റുഡിയോ, തയ്യൽപരിശീലനകേന്ദ്രം എന്നിവ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

ഗ്രാമവികസനവകുപ്പിന്റെ ആഭിമുഖ്യത്തിൽ നാല് ഗ്രാമീണ വനിതാ-ശിശുവികസനയൂണിറ്റുകൾ (D.W.C.R.A) ആരംഭിച്ചെങ്കിലും അവയിലൊന്നും തന്നെ തൃപ്തികരമായി പ്രവർത്തിക്കുന്നില്ല. ഗ്രാമീണ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി തൊഴിൽപരിശീലനം നൽകുന്ന പദ്ധതി (TRYSEM) പ്രകാരം എട്ടാം പഞ്ചവത്സരപദ്ധതി കാലയളവിൽ 34 വനിതകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഇതിൽ പതിനൊന്നു പേർ മാത്രമാണ് സ്വയംതൊഴിൽ സംരംഭം തുടങ്ങുന്നതിന് മുന്നോട്ടു വന്നത്.

സാമൂഹ്യമായ പിന്നോക്കാവസ്ഥയുടെ ഫലമായുണ്ടാകുന്ന ആത്മവിശ്വാസക്കുറവും വ്യത്യസ്ത തൊഴിൽസംരംഭങ്ങളിലെ സാങ്കേതിക അറിവിന്റെ അഭാവവും സാമ്പത്തികപിന്നോക്കാവസ്ഥയും സ്ത്രീകളെ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിൽനിന്ന് പുറകോട്ടടിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ബഹുഭൂരിപക്ഷം സ്ത്രീകളും ഗൃഹപരിപാലന ജോലികളിൽ വ്യാപരിക്കുന്നവരാണ്.

**പ്രശ്നങ്ങൾ:**

ഔപചാരികവിദ്യാഭ്യാസം നേടുന്നതിൽ മുന്നേറ്റമുണ്ടായിട്ടുണ്ടെങ്കിലും സാമൂഹ്യമായി സ്ത്രീകൾ വളരെ പിന്നോക്കമാണ്. സ്ത്രീധന സമ്പ്രദായം പോലുള്ള ദുരാചാരങ്ങൾ ഗണ്യമായ വിഭാഗം സ്ത്രീകളുടെ

കുടുംബജീവിതം ദുരിതപൂർണ്ണമാക്കുന്നുണ്ട്. പഞ്ചായത്തിലെ സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ താഴെ വിവരിച്ച പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

1. സാമൂഹ്യമായ പിന്നോക്കാവസ്ഥ.
2. സാമ്പത്തികമായ പിന്നോക്കാവസ്ഥ.
3. തൊഴിലില്ലിയായ്മയും തൊഴിൽസാഹചര്യങ്ങളിലെ അപര്യാപ്തതയും കുറഞ്ഞ വേതനനിരക്കും.
4. തൊഴിൽ വൈദഗ്ദ്ധ്യമില്ലായ്മ.
5. സാങ്കേതികവിദ്യാഭ്യാസരംഗത്തെ പിന്നോക്കാവസ്ഥ.
6. സ്ത്രീധന സമ്പ്രദായം പോലുള്ള ദുരാചാരങ്ങൾ
7. മാധ്യമങ്ങളിലൂടെയുള്ള അവഹേളനം
8. കുടിവെള്ള പ്രശ്നം
9. നിത്യോപയോഗസാധനങ്ങളുടെ വിലക്കയറ്റം
10. ആരോഗ്യരംഗത്തെ പിന്നോക്കാവസ്ഥയും ചികിത്സാരംഗത്തെ അപര്യാപ്തതയും.

**സാധ്യതകൾ:**

പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയോടടുത്തുവരുന്ന സ്ത്രീസമൂഹത്തെ സാമൂഹ്യമായ പിന്നോക്കാവസ്ഥയിൽനിന്നും കൈപിടിച്ചുയർത്തുവാൻ ബോധപൂർവ്വമായ സംഘാടന നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ഇതുവഴി സമ്പത്തുല്പാദനമേഖലകളിലും, തൊഴിൽമേഖലകളിലും, വിദ്യാഭ്യാസ-സാംസ്കാരികമേഖലകളിലും വനിതകളുടെ ഇടപെടലുകൾ വർദ്ധിപ്പിക്കുന്നതിന്നും പഞ്ചായത്തിന്റെ മുന്നേറ്റത്തിൽ അഭിമാനാർഹമായ സംഭാവനകളുണ്ടാക്കുന്നതിന്നും കഴിയും. ഇതിന്നായി താഴെ വിവരിക്കുന്ന നിർദ്ദേശങ്ങൾ അവതരിപ്പിക്കുന്നു.

**I. സാമൂഹ്യ പദവി ഉയർത്തുന്നതിന്നായി:**

1). സംഘടനാ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.

2). ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുക

3). മഹിളാസമാജങ്ങൾ രൂപീകരിക്കുക.

4). വിദ്യാഭ്യാസരംഗത്ത് പെൺകുട്ടികൾക്ക് പ്രത്യേക സ്കോളർഷിപ്പ്പോലുള്ള പദ്ധതികൾ നടപ്പിലാക്കുക.

5.). പെൺകുട്ടികൾക്ക് മാത്രമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക.

6). നിരക്ഷരതാ നിർമ്മാർജ്ജനപ്രവർത്തനങ്ങൾ തുടർന്നും സജീവമായി നടത്തുക.

7). വായനശാലകൾ, ലൈബ്രറികൾ എന്നിവ വനിതകൾക്കുകൂടി പ്രയോജനകരമായ വിധത്തിൽ സംഘടിപ്പിക്കുക.

8). വനിതകൾക്കായി കലാ-കായികമത്സരങ്ങൾ സംഘടിപ്പിക്കുക.

9). സാമൂഹ്യക്ഷേമ പെൻഷൻ പദ്ധതികൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും യഥാസമയം ലഭ്യമാക്കുക.

10). സ്ത്രീധനനിരോധനനിയമം കർശനമായി നടപ്പിലാക്കുക.

11). മാധ്യമങ്ങളിൽ സ്ത്രീകളെ അവഹേളിക്കുന്ന പരസ്യങ്ങൾ നിരോധിക്കുക.

12). മദ്യപാനത്തിനെതിരെ ബോധവൽക്കരണം നടത്തുക. വാർഡുതലത്തിൽ മദ്യവിരുദ്ധസമിതികൾ രൂപീകരിക്കുക.

13). മഹിളാസംഘടനകൾക്ക് സാമ്പത്തികസഹായം നൽകുക.

14). ഹോം നഴ്സിംഗിന് പ്രത്യേക സെൽ രൂപീകരിക്കണം.

15). കേറ്ററിംഗ് രംഗത്ത് പരിശീലനം നൽകുക. സെയിൽസ് ഗേൾസ് പരിശീലനം നടപ്പാക്കുക.

**II തൊഴിൽ മേഖല**

1. വനിതാ വ്യവസായസഹകരണസംഘങ്ങൾ സ്ഥാപിക്കുക.

2. തൊഴിൽ പരിശീലനവും വ്യവസായസംരംഭകപരിശീലനവും നൽകുക.

3. ചെറുകിട വ്യവസായ സർവ്വീസ് സെന്റർ ആരംഭിക്കുക.

4. സെൽഫ് എംപ്ലോയ്മെന്റ് ഗൈഡൻസ് ആരംഭിക്കുക.

5. ബാങ്ക് വായ്പാ സൗകര്യം വർധിപ്പിക്കുക.

6. പശുവളർത്തൽ, ആടുവളർത്തൽ, കോഴിവളർത്തൽ, പച്ചക്കറികൃഷി, കൂൺകൃഷി, പുഷ്പകൃഷി, അലങ്കാലരച്ചെടികളുടെ നഴ്സറി, പഴം-പച്ചക്കറി സംസ്കരണം, ബേക്കറിസാധനങ്ങളുണ്ടാക്കൽ, അച്ചാർനിർമ്മാണം, അവിൽനിർമ്മാണം, പാ

യ്നെയ്ത്ത്, പപ്പടനിർമ്മാണം, പേപ്പർ കവർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം, എംബ്രോയിഡറി യൂണിറ്റ്, ഖാദിനൂൽ നൂൽപുകേന്ദ്രം പരമ്പരാഗതമൺപാത്ര നിർമ്മാണം എന്നീ പദ്ധതികൾ സഹകരണ മേഖലയിലോ വ്യക്തിഗതമായോ നടത്തുന്നതിന്നുള്ള സഹായവും പ്രോത്സാഹനവും നൽകുക.

### III ആരോഗ്യസംരക്ഷണം

1. പൊതുജനാരോഗ്യ-പോഷകാഹാര ബോധവൽക്കരണം നടത്തുക.

2. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്ത്രീരോഗ വിദഗ്ദ്ധരുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുക; ശിശുരോഗവിദഗ്ദ്ധനെ നിയമിക്കുക; അവശ്യമരുന്നുകൾ ലഭ്യമാക്കുക;കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

3. A.N.M. മാരുടെ സേവനം വ്യാപകമാക്കുക.

4. എല്ലാ വാർഡുകളിലും കുടുംബക്ഷേമകേന്ദ്രം ആരംഭിക്കുക.

5. ബാലവാടികൾ, അങ്കൺവാടികൾ എന്നിവ എല്ലാ വാർഡിലും സ്ഥാപിക്കുക.

6. സ്ത്രീകൾ തൊഴിലെടുക്കുന്ന സ്ഥാപനങ്ങളിൽ പ്രാഥമികസൗകര്യം ഏർപ്പെടുത്തുക.

7. തൊഴിലെടുക്കുന്ന സ്ത്രീകളുടെ സൗകര്യാർത്ഥം ക്രെഷുകൾ ആരംഭിക്കുക.



# സാമൂഹ്യക്ഷേമം

ജനസംഖ്യയിൽ ഒരു നല്ലഭാഗം ഇന്നും സമൂഹത്തിന്റെ അടിത്തട്ടിലാണുള്ളത്. അവരെ ഉയർത്തിക്കൊണ്ടുവരാനുള്ള പരിശ്രമങ്ങൾക്ക് വർഷങ്ങളുടെ പഴക്കമുണ്ട്. അതിന് നാം ചെലവിട്ട പണത്തിന്റെ ചെറിയ ഒരു പങ്കുമാത്രം ആസൂത്രിതമായ രീതിയിൽ ഉപയോഗിച്ചിരുന്നെങ്കിൽ നമ്മുടെ രാജ്യം പുരോഗമിക്കുമായിരുന്നു. ഇതെല്ലാം എല്ലാവർക്കും അറിയാം. എന്നിട്ടും ഒന്നും അറിയാത്തവരെപ്പോലെ നടിക്കുന്നു. പഞ്ചവത്സരപദ്ധതികൾ എട്ടെണ്ണം കഴിയാറായിട്ടും വികസനം താഴത്തെ തലത്തിൽ എത്തിയിട്ടില്ല. ഉദ്യോഗസ്ഥതലത്തിൽ തയ്യാറാക്കുന്ന കണക്കുകളിൽ ഗവർമെണ്ട് ആശ്വാസം കൊള്ളുമ്പോൾ പദ്ധതികളുടെ ഗുണഭോക്താക്കൾ ഇരുളിൽ അലയുന്ന കാഴ്ച കരളലിയിക്കുന്നതാണ്. ഇതിനൊരു പരിഹാരം കാണേണ്ടതാണ്. ഈ വീക്ഷണമാണ് സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്തുന്നതിൽ നമുക്ക് സഹായകമായി മാറുന്നത്.

1996 ലെ കണക്കനുസരിച്ച 1544 കുടുംബങ്ങൾ ദാരിദ്ര്യരേഖക്കു താഴെയാണിന്ന്. അതിൽത്തന്നെ 38 കുടുംബങ്ങൾ പട്ടികജാതിയിൽപെട്ടവരാണ്. വനിതകൾ നേതൃത്വം നൽകുന്ന 348 കുടുംബങ്ങളും ഈ രീതിയിൽ വരുന്നു. ശാരീരിക വൈകല്യം ഉള്ള 34 ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. 868 കുടുംബങ്ങളിൽ സാനിറ്ററി കക്കൂസ് ഉണ്ട്. വരവിന്റെ അടിസ്ഥാനത്തിൽ 836 കുടുംബങ്ങൾക്ക് 4000കക്ക് താഴെ വരുമാനമുള്ളപ്പോൾ 428 കുടുംബങ്ങൾ 4001നും 6000 രൂപയ്ക്കും ഇടയ്ക്ക് വരുമാനമുള്ളവരാണ്. 403 കുടുംബങ്ങൾക്ക് 6001നും 8500നും ഇടയ്ക്ക് വരുമാനമുണ്ട്. 215 കുടുംബങ്ങളുടെ വരുമാനം 8501നും 11000നും ഇടക്കാണ്.

ഒരു പ്രദേശത്തിന്റെ സമഗ്രവികസനം നടക്കുമ്പോൾ സ്ത്രീകളുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അംഗനവാടികൾക്ക് വികസനപ്രക്രിയയിൽ സുപ്രധാനമായ സ്ഥാനമുണ്ടെന്നിരിക്കെ, നമ്മുടെ പഞ്ചായത്തിൽ ഒരു അംഗനവാടിയില്ല. ഇത് പരിഹരിക്കേണ്ടതാണ്. അംഗനവാടി പ്രവർത്തനം മറ്റു പഞ്ചായത്തുകളിൽ താരതമ്യേന മെച്ചമാണ് എന്നുകൂടി ഓർമ്മിക്കണം. ബാലവാടികൾ മൂന്നെണ്ണം ഉണ്ട്. ഇത് തീർത്തും അപര്യാപ്തമാണ്. കൂടുതൽ അംഗനവാടികളും ബാലവാടികളും സ്ഥാപിക്കുന്നതിലൂടെ ഈ പഞ്ചായത്തിലെ കുട്ടികളുടേയും സ്ത്രീകളുടേയും നില മെച്ചപ്പെടുത്താൻ കഴിയുന്നതാണ്. അതോടൊപ്പം അവക്ക് വേണ്ടത്ര സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്.

പട്ടിക 1

| വാർഡ് | വീടുകൾ |
|---|---|
| 1 | 410 |
| 2 | 797 |
| 3 | 682 |
| 4 | 414 |
| 5 | 787 |
| 6 | 409 |
| 7 | 654 |
| 8 | 523 |
| 9 | 412 |
| 10 | 690 |
| 11 | 476 |
| ആകെ | 7269 |

വിവിധ പെൻഷൻ പദ്ധതികൾ സാമൂഹ്യക്ഷേമ പരിപാടിയിൽ ഉൾപ്പെടുന്നു. വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അംഗവൈകല്യം വന്നവർക്കുള്ള പെൻഷൻ, കർഷക പെൻഷൻ എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്. ഇവയുടെ വിതരണം ശരിയായ രീതിയിൽ നടക്കുന്നുവോ എന്ന് പരിശോധിക്കണം. ക്ഷേമപ്രവർത്തനങ്ങൾ ഗുണഭോക്താക്കൾക്ക് തന്നെ ലഭിക്കണം. ഈ കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചാൽ ഒരു പരിധിവരെ നാം

വിജയിക്കും.

ഇതോടൊപ്പം ചേർത്തിട്ടുള്ള പട്ടികകളിലൂടെ കണ്ണോടിച്ചാൽ ഒരു കാര്യം മനസ്സിലാകും. നാം ഉദ്ദേശിച്ചത്രവേഗതയിൽ കാര്യങ്ങൾ നടക്കുന്നില്ല. ഈ പട്ടികയിൽ മാത്രമായി ക്ഷേമപ്രവർത്തനങ്ങൾ ഒതുങ്ങി നിന്നുകൂടാ. പ്രീ പ്രൈമറി വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചു വരുന്നു. പക്ഷേ അത് താഴെ തട്ടിൽ എത്തിച്ചേരുന്നില്ല.

മഹിളാസംഘങ്ങളുടെ പ്രവർത്തനത്തിലും ഈ മന്ദത നമുക്ക് ദർശിക്കാവുന്നതാണ്. ഒറ്റപ്പെട്ട ചില പ്രവർത്തനങ്ങൾ ചില ആളുകളുടെ നേതൃത്വത്തിൽ നടക്കുന്നു എന്നല്ലാതെ ഏകോപിതമായ രീതിയിൽ പ്രവർത്തനം നീക്കാൻ അവയ്ക്ക് സാധിച്ചിട്ടില്ല.

### പ്രശ്നങ്ങൾ

1. ക്ഷേമപ്രവർത്തനങ്ങളുടെ വിശദമായ പരിപാടി ലഭിക്കുന്നില്ല. മിക്കപ്പോഴും അവ കടലാസ്സിൽ മാത്രം.

2. ഒരു തുടർ പ്രവർത്തനം ആവശ്യമുണ്ട്.

3. പലരംഗത്തും വികാസം നേടേണ്ട നാം അധോഗതിയിലായ അവസ്ഥ പരിശോധിക്കേണ്ടതാണ്.

### നിർദ്ദേശങ്ങൾ

1. രാമനാട്ടുകര സർക്കാർ ആശുപത്രിയിൽക്കിടത്തി ചികിത്സിക്കാനുള്ള സൗകര്യങ്ങൾ ലഭ്യമാക്കുക. അവശ്യമരുന്നുകൾ കരുതിവെയ്ക്കുക. വനിതാഡോക്ടർ ഉണ്ടാവണം.

2. വാർദ്ധക്യകാല / വിധവ / കർഷകത്തൊഴിലാളി / കയർത്തൊഴിലാളി പെൻഷനുകൾ യഥാവസരം ലഭ്യമാക്കണം.

3. വൃദ്ധമന്ദിരം സ്ഥാപിക്കണം.

4. ബോധവൽക്കരണം അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ നടത്തണം.

5. ഹരിജൻ കോളനികൾ, 4 സെന്റ് കോളനികൾ എന്നിവിടങ്ങൾ വൈദ്യുതീകരിക്കുന്നതിനും അഴുക്കുചാൽ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടികൾ കൈക്കൊള്ളുക.

6. 4സെന്റ് / ലക്ഷംവീട് കോളനി നിവാസികൾക്ക് പട്ടയം ലഭ്യമാക്കുക.

7. വായനശാല ഇല്ലാത്ത വാർഡുകളിൽ സ്ഥാപിക്കുക.

8. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക.

9. സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരും സ്വന്തമായി കക്കൂസ് ഇല്ലാത്തവരുമായ മുഴുവൻ പേർക്കും അത് ലഭ്യമാക്കുക.

10. അലഞ്ഞുതിരിയുന്ന പട്ടികളുടേയും പേപ്പട്ടികളുടേയും ശല്യം ഇല്ലായ്മ ചെയ്യുക.

11. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ ഫലമായി ഭവനനിർമ്മാണം ഒരു പ്രധാന പ്രശ്നമായി ഉരുത്തിരിഞ്ഞിട്ടുണ്ട്. ചില നിർദ്ദേശങ്ങൾ അക്കാര്യത്തിൽ ഉന്നയിക്കുന്നത് അവസരോചിതമെന്ന് കരുതുന്നു.

12. ഭൂരഹിതരും ഭവനരഹിതരും ആയ വർക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ആവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.

13. ദുർബ്ബല വിഭാഗങ്ങൾക്കുള്ള ഭവനനിർമ്മാണപദ്ധതി നടപ്പിലാക്കുക.

14. ഭവനനിർമ്മാണ വായ്പ വിപുലീകരിക്കുക, വ്യവസ്ഥകൾ ലളിതമാക്കുക, പലിശനിരക്ക് കുറക്കുക.

15. സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന വായ്പകൾ നടപ്പാക്കുക.

ഭവന രഹിതരായ നിരവധി അംഗങ്ങൾ ഇപ്പോഴും ഉള്ള സ്ഥിതിക്ക് ഇക്കാര്യത്തിൽ സജീവ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

16. ചിലവേറിയ വീടുകളുടെ നിർമ്മാണം നിരുത്സാഹപ്പെടുത്തുക.

**ഐ.എ.വൈ. വീടുനിർമ്മാണം 93-94**

| വർഷം | ലക്ഷ്യം | പൂർത്തിയായ വീടുകൾ | പണി പുരോഗമിക്കുന്ന വീടുകൾ | റവന്യു റിക്കവറി എണ്ണം |
|---|---|---|---|---|
| 1994-95 | 3 | 3 | ഇല്ല | ഇല്ല |
| 1995-96 | 13 | 7 | 6 | ഇല്ല |

## പട്ടിക 3

### ജെ.ആർ.വൈ. , 93-94

| വർഷം | റോഡ് | പൂർത്തിയായവീട് | സാനിട്ടറി ലാട്രിൻ കിണറുകൾ | കുടിവെള്ള കിണറുകൾ | ജലസേചന കിണറുകർ | ജലസേചന ടാങ്കുകൾ | സ്ക്കൂൾ കെട്ടിടങ്ങൾ | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനം |
|---|---|---|---|---|---|---|---|---|
| 1993-94 | 1.250 | 17 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1500 |
| 1994-95 | 2.200 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2000 |
| 1995-96 | 2.445 | 2 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1000 |

## പട്ടിക 4

### കക്കൂസ് നിർമ്മാണം.

| വർഷം | ലക്ഷ്യം | ആകെ നിർമ്മിച്ച കക്കൂസുകൾ | | | |
|---|---|---|---|---|---|
| | | എസ്.സി. | എസ്.ടി. | മറ്റുള്ളവർ | ആകെ |
| 1993-94 | 24 | 6 | ഇല്ല | 18 | 24 |
| 1994-95 | 17 | 4 | ഇല്ല | 12 | 16 |
| 1995-96 | 20 | 6 | ഇല്ല | 10 | 16 |

### ഐ.ആർ.ഡി.പി.


| വർഷം | സഹായം ലഭിച്ച കുടുംബം | | | | | | മുടക്കിയ തുക | | ശരാശരി കുടുംബ നിക്ഷേപം |
|---|---|---|---|---|---|---|---|---|---|
| | പട്ടിക | പട്ടിക | മറ്റുള്ളവർ | ആകെ | സ്ത്രീ | വികലാംഗർ | സബ്സിഡി | ലോൺ | |
| 92-93 | 26 | ഇല്ല | 26 | 52 | 35 | 2 | 122911 | 233504 | 6854 |
| 93-94 | 13 | ഇല്ല | 34 | 33 | 1 | 171822 | 313194 | 7132 | |
| 94-95 | 20 | ഇല്ല | 29 | 49 | 38 | 1 | 227288 | 416721 | 10222 |
| 95-96 | 23 | ഇല്ല | 38 | 61 | 37 | 1 | 223336 | 799094 | 16761 |

## ടൂൾ കിറ്റ്

| വർഷം | ഗ്രാമീണ കൈത്തൊഴിൽകാരുടെ എണ്ണം | തൊഴിലുപകരണങ്ങൾ ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 92-93 | 151 | 12 |
| 93-94 | 151 | 3 |
| 94-95 | 151 | 5 |
| 95-96 | 151 | 5 |

## ട്രൈസം

| വർഷം | പരിശീലനം കിട്ടിയ യുവാക്കൾ | | | | | | സ്വയം തൊഴിലിലിൽ ഏർപ്പെട്ടവർ | കൂലിക്ക് ജോലി ചെയ്യുന്നവർ | പരിശീലനം നടക്കുന്നവ |
|---|---|---|---|---|---|---|---|---|---|
| | എസ്.സി | എസ്.ടി. | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | വികലാംഗർ | | | |
| 92-93 | 4 | ഇല്ല | 2 | 6 | 5 | ഇല്ല | 1 | 5 | ഇല്ല |
| 93-94 | 4 | ഇല്ല | 2 | 6 | 5 | ഇല്ല | ഇല്ല | 5 | ഇല്ല |
| 93-94 | 5 | ഇല്ല | 15 | 20 | 20 | ഇല്ല | 10 | 5 | ഇല്ല |
| 95-96 | 3 | ഇല്ല | ഇല്ല | 3 | 3 | ഇല്ല | ഇല്ല | 3 | ഇല്ല |



# വിഭവസമാഹരണം

കോഴിക്കോട് ജില്ലയുടെ തെക്ക് കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന 11.71 ച.കി.മീ. വിസ്തീർണ്ണവും 26000ത്തിലധികം ജനസംഖ്യയുമുള്ള ഒരു ചെറിയ ഭൂപ്രദേശമാണ് രാമനാട്ടുകര പഞ്ചായത്ത്. പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന വരുമാന മാർഗം അസംഘടിത തൊഴിൽമേഖലയിൽനിന്നുമാണ്. ഗൾഫുനാടുകളിലും മറ്റും തൊഴിൽ ചെയ്യുന്നവർ 500-ൽ അധികം വരും. കാർഷികവൃത്തി ഉപജീവനമാർഗമായി അംഗീകരിച്ചവർ തുലോം വിരളമാണ്. വൻകിട വ്യവസായം ഇല്ല. ഉള്ള ചെറുകിട വ്യവസായങ്ങൾ തന്നെ പലവിധത്തിലുള്ള വിഷമതകളും അനുഭവിക്കുന്നുണ്ട്. വൈദ്യുതി പ്രതിസന്ധി ഇതിൽ എടുത്തുപറയേണ്ടതാണ്. പഞ്ചായത്തിലെ ഏക ഓടുവ്യവസായമായ 'ക്രസന്റ് ടൈൽസ്' പൂട്ടിക്കിടക്കുകയാണ്. പഞ്ചായത്തിന്റെ വരുമാന മാർഗങ്ങൾ ആരായുമ്പോൾ വരവ് കുറവും ചെലവ് കൂടുതലുമായിട്ടാണ് കാണാൻ കഴിയുന്നത്. പഞ്ചായത്തിലെ ഇപ്പോഴുള്ള പ്രധാന വരുമാന മാർഗങ്ങൾ കെട്ടിട നികുതി, വിനോദ നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, സർക്കാർ ഗ്രാന്റുകൾ എന്നിവയിൽനിന്നാണ്.

## കെട്ടിടനികുതി

ഒരു കെട്ടിടത്തിന്റെ വാർഷികവാടക തിട്ടപ്പെടുത്തി അതിന്റെ 6% നികുതിയായി വാങ്ങുകയാണ് ഇപ്പോഴത്തെ രീതി. ഭീമമായ തുക ചെലവാക്കി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് അവയുടെ തറവിസ്തീർണ്ണം, മേൻമ എന്നിവ കണക്കിലെടുത്ത് നികുതി ചുമത്തുന്ന രീതി പഞ്ചായത്തിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. വാടകക്ക് കൊടുക്കുന്ന കെട്ടിടങ്ങൾക്ക് വാടക കരാറിന്റെ അടിസ്ഥാനത്തിലാണ് നികുതി ചുമത്തുന്നത്. എന്നാൽ ഉഭയകക്ഷികൾ യഥാർത്ഥ വാടകക്കരാർ മറച്ചുവെച്ച് നികുതി വെട്ടിപ്പിനുവേണ്ടി പകരം കൃത്രിമമായി രേഖകൾ ഉണ്ടാക്കി ഹാജരാക്കുന്നത് കാരണം നികുതി നഷ്ടം ഉണ്ടാകുന്നു. ഇത് ഒഴിവാക്കാൻ രജിസ്റ്റർ ചെയ്ത വാടക കരാറുകൾ നികുതി ചുമത്തുന്നതിന് നിർബന്ധമാക്കേണ്ടതാണ്.

## വിനോദനികുതി

വിനോദനികുതിയിനത്തിൽ ഇപ്പോൾ കാര്യമായ വരുമാനം ലഭിക്കുന്നില്ല. നിലവിലുള്ള ഒരു സിനിമാ ശാലയിൽനിന്നു ലഭിക്കുന്ന വരുമാനം മാത്രമാണുള്ളത്. വിനോദ പരിപാടികൾക്ക് വലിയ ഓഡിറ്റോറിയങ്ങളോ സൗകര്യങ്ങളോ ഇല്ലാത്തതിനാൽ മറ്റു വരുമാന മാർഗങ്ങളൊന്നും ഇല്ല.

## തൊഴിൽ നികുതി

തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന പ്രവണതയാണ് കണ്ടുവരുന്നത്. നികുതി കൃത്യമായി പിരിച്ചെടുക്കുന്നതിലുള്ള കാലതാമസം വരുമാനത്തിൽ ചോർച്ച ഉണ്ടാക്കുന്നു. അനുദിനം വികസിച്ചുകൊണ്ടിരിക്കന്ന ഇവിടെ ധാരാളം തൊഴിൽ മേഖല സൃഷ്ടിക്കുന്നതിന് വാണിജ്യ-വ്യവസായ മേഖലയിൽ പഞ്ചായത്ത് ശ്രദ്ധിക്കേണ്ടതാണ്. തൊഴിൽനികുതിയാണ് പഞ്ചായത്തിലെ പ്രധാന വരുമാന മാർഗം. (വരുമാനം പട്ടികയിൽ).

## ലൈസൻസ് ഫീ

ഈയിനത്തിൽ പഞ്ചായത്തിന് കാര്യമായ വരുമാനം ലഭിച്ചിരുന്നില്ല. എന്നാൽ പുതിയ ഭരണസംവിധാനത്തിൽ ലൈസൻസ് ഫീ ഏർപ്പെടുത്തുകയും നേരിയ തോതിൽവരുമാനം ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ലൈസൻസ് വ്യവസ്ഥകൾ ഉദാരമാക്കിയാൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയും. എല്ലാ വാണിജ്യവ്യവസായസ്ഥാപന

ങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തി അവയുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. (വരുമാനം പട്ടികയിൽ)

**നികുതിയേതര വരുമാനം**

സർക്കാൻ ഗ്രാന്റുകൾ, ലേലം, ഡെപ്പോസിറ്റ് എന്നിവയാണ് പ്രധാനനികുതിയേതര വരുമാനങ്ങൾ. സർക്കാർ ഗ്രാന്റുകൾ പ്രധാനമായും സ്റ്റാമ്പ്ഡ്യൂട്ടി, ജെ.ആർ.വൈ, അൺടൈഡ് മറ്റു ധന സഹായങ്ങൾ തുടങ്ങിയവയിലൂടെയാണ്. സർക്കാർ ഗ്രാന്റുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വികസന പ്രവർത്തനങ്ങൾ യഥാസമയം നടപ്പാകാതെ പോകുന്നതിന്റെ കാരണം ഇതാണെന്ന് കാണാം. (വരുമാനം പട്ടികയിൽ)

**മനുഷ്യാധ്വാനം**

നമ്മുടെ പഞ്ചായത്തിലെ പ്രധാനവിഭവം മനുഷ്യാധ്വാനമാണ്. ശ്രമദാനം, സ്പോൺസർഷിപ്പ്, സംഭാവനകൾ എന്നിവ വഴി വിഭവം സമാഹരിക്കാവുന്നതാണ്. ബഹുജന സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, ക്ലബ്ബുകൾ എന്നിവയുടെ സംഘടിത മുന്നേറ്റം നിരവധി പ്രവർത്തനങ്ങൾ ഇതിനകം ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് പ്രോത്സാഹനം നൽകിയാൽ വികസനപ്രവർത്തനങ്ങളിൽ ഇവരുടെ സംഘടിത ശക്തി ഉപയോഗപ്പെടുത്താൻ കഴിയും. ഇത് വിഭവ ചോർച്ച തടയാനും അനാവശ്യ ചെലവുകൾ ഒഴിവാക്കാനും സഹായിക്കും. ഇങ്ങനെ സ്വരൂപിക്കുന്ന സമ്പത്ത് സേവന മേഖലയിൽ ഉപയോഗപ്പെടുത്താൻ കഴിയും.

വിഭവസമാഹരണം ഒരു ഭരണകൂടത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യമാണ്. വികസന സേവന പ്രവർത്തനങ്ങൾ വർദ്ധിപ്പിച്ച ജനക്ഷേമം ഉറപ്പുവരുത്താൻ ഇതുവഴി സാധിക്കും. രാമനാട്ടുകര പഞ്ചായത്തിൽ ഇതിന് ധാരാളം സാധ്യതകൾ ഉണ്ട്. ആവശ്യത്തിന് ഗതാഗത സൗകര്യം ലഭ്യമായ ഇവിടെ വ്യവസായ വൽക്കരണത്തിനും കാർഷിക വികസനത്തിനും സാധ്യത കാണുന്നുണ്ട്. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ വാണിജ്യ-വ്യവസായ-കാർഷിക മേഖല വികസിപ്പിച്ച് പഞ്ചായത്തിന്റെ മൊത്തത്തിലുള്ള വരുമാനം വർദ്ധിപ്പിക്കാം. ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്ന അധികാരം പരമാവധി ഇതിനായി ഉപയോഗപ്പെടുത്തേണ്ടതാണ്. വികസനം ലക്ഷ്യമാക്കി ജനക്ഷേമം ഉറപ്പുവരുത്തി നല്ലൊരു നാളെക്കായി എല്ലാവരും ഒന്നിച്ചു പ്രവർത്തിക്കുമെന്ന് നമുക്ക് പ്രത്യാശിക്കാം.

**പ്രശ്നങ്ങൾ**

- ❑ പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായും ഉപയോഗപ്പെടുത്തായ്മ
- ❑ ധനകാര്യസ്ഥാനപങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിലുള്ള തടസ്സങ്ങൾ
- ❑ സന്നദ്ധ പ്രവർത്തനങ്ങളിലെ തൽപര്യക്കുറവ്
- ❑ വായ്പകളുടെ ലക്ഷ്യം വിട്ടുള്ള വിനിയോഗം

**സാധ്യതകൾ**

- ❑ നികുതിപിരിവ് കാര്യക്ഷമമാക്കൽ, വെട്ടിപ്പ് തടയൽ
- ❑ നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ
- ❑ പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തൽ
- ❑ ഭരണച്ചെലവ് കുറയ്ക്കൽ
- ❑ സന്നദ്ധ പ്രവർത്തനങ്ങൾ
- ❑ പഞ്ചായത്തിൽ തരിശായികിടക്കുന്ന പുറമ്പോക്കുഭൂമി മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റാക്കി മാറ്റി വരുമാനമുണ്ടാക്കുക.
- ❑ ഷോപ്പിങ്ങ് കോംപ്ലക്സും കമ്മ്യൂണിറ്റിഹാളും നിർമ്മിച്ച് വാടകക്ക് കൊടുക്കുക.
- ❑ ദിവസച്ചന്തസ്ഥലം വികസിപ്പിക്കുക
- ❑ അറവ് ശാല പഞ്ചായത്തിന്റെ കീഴിലാക്കുക, ശാസ്ത്രീയമാക്കുക.
- ❑ കാലിച്ചന്ത നടത്തുക.

പട്ടിക 1

| വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96) | | | |
|---|---|---|---|
| ഇനം | കിട്ടേണ്ടത് | കിട്ടിയത് | കിട്ടാനുള്ളത് |
| 1 | 2 | 3 | 4 |
| കെട്ടിട നികുതി | 285905.66 | 283383.60 | 2395.46 |
| സർവ്വീസ് ചാർജ്ജ് | | | |
| തൊഴിൽ നികുതി | 329219.00 | 325545.00 | 2579.46 |
| വാഹന നികുതി | | | |
| വിനോദ നികുതി | 113748.25 | 113562.91 | 185.34 |
| അഡി. വിനോദനികുതി | 68672.51 | 68560.00 | 112.51 |
| പ്രദർശനനികുതി | 2074.00 | 2074.00 | - |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ് | 518.50 | 518.50 | - |
| ചന്തവരവ് | 25000.00 | 25000.00 | - |
| ലാന്റ് സെസ്സ് | - | | |
| ലൈസൻസ് ഫീസ് | 18001.00 | 18001.00 | - |
| കെട്ടിടനികുതി സർചാർജ് | | | |
| വസ്തു കൈമാറ്റ നികുതി 75% | 298627.00 | 298627.00 | - |
| വസ്തു കൈമാറ്റ നികുതി 25% | | | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 428989.41 | 990734.44 | - |
| സംഭാവന | | | |
| ഡെപ്പോസിറ്റ് | 233920.89 | 233920.89 | - |
| മറ്റുള്ളവ790.80 | | 790.80 | |
| ആകെ | 2425469.02 | 2360717.64 | 63526.30 |

പട്ടിക 2

ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ 1995-96

| ചന്ത | സ്റ്റാൾ | ചവറ് | പട്ടമരങ്ങൾ | ഫലവൃക്ഷങ്ങൾ | ഷോപ്പിംഗ് കോംപ്ലക്സ്/ കടകൾ | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 25,000 | 270 | - | 246.00 | - | 308770 | 635250 |

പട്ടിക 3

| ഗ്രാന്റ് വിവരങ്ങൾ | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാനനികുതി | | | | അൺടൈഡ് ഫണ്ട് | |
| VRM | MI | VTC | 25% | 75% | Spl. Grand | JRY | | |
| രൂ. | രൂ. | രൂ. | രൂ. | രൂ. | രൂ. | രൂ. | രൂ. | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | |
| 33192 | 2300 | - | 21921 | - | 35,000 | 10104 | 2,37,730 | |



അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്




ഇന്ത്യ ഗ്രാമങ്ങളിൽ ജീവിക്കുന്നു.
-മഹാത്മാഗാന്ധി

# അധികാരം ജനങ്ങൾക്ക്

നമ്മുടെ പണം
എങ്ങിനെ ചെലവഴിക്കണം
ജനങ്ങൾ
തന്നെതീരുമാനിക്കുന്നു
പദ്ധതികൾ ജനങ്ങൾ തന്നെ
നടപ്പിലാക്കുന്നു.

# ഒമ്പതാം പദ്ധതി
# ജനകീയ പദ്ധതി

197




ചെറുവണ്ണൂർ - നല്ലളം ഗ്രാമ പഞ്ചായത്ത്

# സമഗ്രവികസനരേഖ

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത്
## വികസനസെമിനാർ

1996 നവംബർ 13
കൊളത്തറ

ആത്മവിദ്യാസംഘം യു.പി. സ്കൂൾ
ശിവദാസ് സ്മാരക ഗ്രന്ഥശാല


# സമഗ്രവികസനരേഖ


നാളിതുവരെ തുടർന്നു വന്നത് മുകളിൽനിന്നും താഴോട്ടുള്ള ആസൂത്രണപ്രക്രിയയാണ്. ഇതിന് ബദലായി, 1997ൽ ആരംഭിച്ച് 2002ൽ അവസാനിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതി കേരള സംസ്ഥാനത്ത്. പദ്ധതിവിഹിതത്തിന്റെ 40% വിനിയോഗവും നിർണ്ണയിക്കുന്നത് ജനാധിപത്യ ശ്രേണിയിലെ താഴെ തട്ടിലുള്ള ഗ്രാമസഭകളിൽനിന്നും മുകളിലേക്ക് നടത്തപ്പെടുന്ന ആസൂത്രണപ്രക്രിയയിലൂടെയാണ്.

"അധികാരം ജനങ്ങളിലേക്ക്" എന്ന മുദ്രാവാക്യമുയർത്തി മുന്നേറുന്ന ഈ "ജനകീയ വികസന പ്രസ്ഥാനം" ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിൽ സമഗ്രവും, സമൂലവുമായ മാറ്റമുണ്ടാക്കുമെന്ന് ഞങ്ങൾക്ക് ഉത്തമ വിശ്വാസമുണ്ട്.

പ്രസ്തുത സംരംഭത്തിന്റെ കാതലായ ജനപങ്കാളിത്തത്തോടെയുള്ള ആസൂത്രണം ആരംഭിക്കുന്ന ഈ ഘട്ടത്തിൽ വിശേഷാൽ ഗ്രാമസഭകളിൽ പങ്കാളികളായി. നാടിന്റെ വികസനത്തിനാവശ്യമായ ചർച്ചകളിൽ പങ്കുകൊള്ളുകയും വിലപ്പെട്ട നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും ചെയ്തവരേയും അതിന് രാസത്വരകമായ പ്രവർത്തിച്ച റിസോഴ്സ് പേഴ്സൺമാർ, ഉദ്യോഗസ്ഥ അനുദ്യോഗസ്ഥവൃന്ദം, വിജ്ഞാനത്തിന്റേയും, ചരിത്രത്തിന്റെയും കെട്ടഴിച്ച് പുതിയ തലമുറയിലേക്ക് പകർന്ന പഴയ തലമുറയിൽപെട്ടവർ, രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ എല്ലാവരേയും സ്മരിക്കുന്നു. ഒപ്പം പദ്ധതി കാലയളവിലെ "വികസനയജ്ഞ"ത്തിലേക്ക് ക്ഷണിക്കുകയുംകൂടി ചെയ്തുകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ വികസനരേഖ സവിസ്തരം ചർച്ച ചെയ്യുന്നതിന് സന്തോഷത്തോടെ സമർപ്പിക്കുന്നു.

സ്നേഹപൂർവ്വം<br>
ടി. മൊയ്തീൻകോയ<br>
(പ്രസിഡന്റ്)


129 U
KOZHIKODE DIST. KERALA
N
SCALE
KANNUR
To Kannur (NH-17)
WAYANAD
LAKSHADWEEP SEA
Vadakara
Payyoli
Quilandi
KOZHIKODE
Beypore
To Kalpetta
To Thrissur (NH-17)
MALAPPURAM
LOCATION MAP
REFERENCE
STATE BOUNDARY
DISTRICT BOUNDARY
TALUK BOUNDARY
VILLAGE BOUNDARY
ROAD
RAILWAY
DISTRICT HEADQUARTERS
TOWNS
RIVER/STREAM
SOIL UNIT WITH SYMBOL
TANK/RESERVOIR
SOURSE— NBSS&LUP BANGALORE, SOIL SURVEY ORGANISATION, KERALA
Processed by
KERALA STATE LAND USE BOARD


CHERUVANNUR NALLALAM PANCHAYAT
PANNIYANKARA
OLAVAN.A
Calicut
MODERN
NADUVATTAM
Beypore panchayat
Beypore

## മുൻ പ്രസിഡണ്ടുമാർ



മുല്ലവീട്ടിൽ
അബ്ദുറഹിമാൻ
1964-65



പി.സി. ഉണ്ണിക്കോരുമാസ്റ്റർ
1965-79



വി.കെ.സി. മമ്മദ്കോയ
1979-84


## 1995....



ടി. മൊയ്തീൻകോയ
പ്രസിഡണ്ട്



വി. രാധാകൃഷ്ണൻനായർ
വൈസ് പ്രസിഡണ്ട്



കെ.പി.എ. ഹാഷിം
ചെയർമാൻ,
സ്റ്റാന്റിംഗ് കമ്മിറ്റി

# വിഷയവിവരങ്ങൾ

A. **ആമുഖം**

i പൊതുവിവരണം 8

ii സാമൂഹിക സാംസ്കാരിക ചരിത്രം 9

iii ഭൂപ്രകൃതിയും വിഭവങ്ങളും 13

B **വികസനമേഖലകൾ**

1 പ്രാഥമിക മേഖല

i കൃഷിയും അനുബന്ധമേഖലയും 16

ii മൃഗസംരക്ഷണവും മത്സ്യബന്ധനവും 23

2. ദ്വിതീയമേഖല

i വ്യവസായം 28

ii ഊർജ്ജം 32

iii ഗതാഗതം 34

iv മാർക്കറ്റ് 40

v പാർപ്പിടം 41

3 ത്രിതീയമേഖല

i ആരോഗ്യം 46

ii കുടിവെള്ളം 54

iii വിദ്യാഭ്യാസം 58

iv സംസ്കാരം 65

v പട്ടികജാതിക്ഷേമം 71

vi വനിതാക്ഷേമം 72

vii സാമൂഹികക്ഷേമം 74

viii സഹകരണമേഖലകൾ 77

ix വിഭവസമാഹരണം 82

C ഗ്രാമപഞ്ചായത്ത് ഭരണസമതി തീരുമാനങ്ങൾ

## പത്രാധിപസമിതി

*ടി.മൊയ്തീൻകോയ*
*കെ.പി.എ. ഹാഷിം*
*വി. രാധാകൃഷ്ണൻനായർ*
*കെ.ഗോപാലൻകുട്ടി*
*എം.അബ്ദുറഹിമാൻ*
*പുല്ലോട്ട് ബാലകൃഷ്ണൻ*
*എൻ.പി. ശിവശങ്കരൻ*
*ടി.ശിവദാസൻ*
*എ.പി. മുഹമ്മദ്ബഷീർ*
*കെ.സദാനന്ദൻ*
*രമേശ്പട്ടുവിൽ*

# ആമുഖം

## പൊതുവിവരണം

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ കേരളം ഒരു ചരിത്രദൗത്യത്തിന് തുടക്കം കുറിയ്ക്കുകയാണ്. ഇന്ത്യയിലാദ്യമായി വർദ്ധിച്ച ജനപങ്കാളിത്തത്തോടെ ഒമ്പതാം പഞ്ചവത്സരപദ്ധതിക്ക് കേരളം രൂപം കൊടുക്കുകയാണ്. ഇത്മൂലം പദ്ധതി നടത്തിപ്പിന്റെ ഗണ്യമായ പങ്ക് പഞ്ചായത്തുകൾക്ക് ലഭ്യമാവുകയാണ്. മുകളിൽനിന്ന് താഴോട്ടുള്ള ആസൂത്രണ പ്രക്രിയ അവസാനിക്കുകയും താഴേത്തട്ടിൽനിന്ന് മേലോട്ടുള്ള ആസൂത്രണപ്രക്രിയ ആരംഭിക്കുകയും ചെയ്യുന്നതോടെ ആസൂത്രണം സമഗ്രവും, ജനപങ്കാളിത്തപരവും വികേന്ദ്രീകൃതവുമാകും.

നമ്മുടെ സംസ്ഥാനം ഇന്നനുഭവിക്കുന്ന ഗുരുതരമായ വെല്ലുവിളികൾ ഉല്പാദനരംഗത്തെ മാന്ദ്യവും പാശ്ചാത്തല സൗകര്യങ്ങളുടെ അഭാവങ്ങളുമാണ്. നാം ഏറെ അഭിമാനിക്കുന്ന 'കേരളമോഡൽ' ഇന്ന് ഭീഷണി നേരിടുകയാണ്. കാർഷികമേഖല കഴിഞ്ഞ രണ്ടു ദശാബ്ദകാലമായി മുരടിപ്പിലാണ്. അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വൈദ്യുതിപ്രതിസന്ധി, പൊതുവെ ദുർബ്ബലമായ വ്യാവസായികമേഖലയെ തകർത്തിരിക്കുന്നു. നമുക്കുണ്ടായിരുന്ന നേട്ടം സേവനമേഖലകളിലായിരുന്നു. വിദ്യാഭ്യാസം, ആരോഗ്യം എന്നീ തുറകളിലൊക്കെ നമുക്ക് അസൂയാവഹമായ നേട്ടമുണ്ടായിരുന്നു. പക്ഷേ ഇന്ന് ഈ രംഗവും തകർച്ചയെ നേരിടുന്നു. ആഗോളവത്കരണത്തിന്റെയും ഉദാരവൽക്കരണത്തിന്റെയും നിഷേധാത്മകഫലം ഈ രംഗത്ത് പ്രകടമായിതുടങ്ങി. നമ്മുടെ ജീവിത ഗുണസൂചകങ്ങൾ പിന്നോട്ടാണ്. ഈ മേഖലയിലെ നേട്ടങ്ങൾ നിലനിർത്താൻ കഴിഞ്ഞില്ലെങ്കിൽ കേരളം വലിയ പ്രതിസന്ധിയെ നേരിടും.

ഉല്പാദനമേഖലയിൽ ഇടപെട്ടുകൊണ്ടല്ലാതെ പ്രതിസന്ധിയെ മുറിച്ചുകടക്കാനാവില്ല. പഞ്ചായത്തുതലത്തിൽ ജനങ്ങളുടെ സജീവമായ ഇടപെടലുകളിലൂടെ കാർഷികമേഖലയിലും വ്യവസായമേഖലയിലും ഉല്പാദനവർദ്ധനവ് ഉണ്ടാക്കാൻ കഴിയും. ഉല്പാദനവും കൂടുതൽ തൊഴിലവസരങ്ങളും നിലവാരമുള്ള ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹികക്ഷേമപ്രവർത്തനങ്ങളുമാണ് ജനകീയാസൂത്രണം ലക്ഷ്യമാക്കുന്നത്. ജനങ്ങളുടെ ക്രിയാത്മകമായ പങ്കാളിത്തം ഉപയോഗപ്പെടുത്തിക്കൊണ്ട് ഗ്രാമപഞ്ചായത്തുകളാണ് ഇതിന്ന് നേതൃത്വം നൽകുന്നത്. ഒമ്പതാം പദ്ധതി 'ജനകീയ പദ്ധതി' എന്ന ജനകീയാസൂത്രണ പ്രസ്ഥാനത്തെ ഈ പശ്ചാത്തലത്തിൽ വേണം കാണാൻ. ഇത് കേവലമായ ഒരു ജനകീയാസൂത്രണ പരീക്ഷണമല്ല. മറിച്ച് പുതിയ ജനാധിപത്യ രീതിയാണ് ഈ സമീപനം പൂർണ്ണമായി ഉൾക്കൊള്ളുകയും ഇതിൽ ഗ്രാമപഞ്ചായത്തുകളുടെ വിപുലവും ശക്തവുമായ സാധ്യതകൾ തിരിച്ചറിയുകയും ചെയ്തുകൊണ്ട് ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത് ആരംഭത്തിൽത്തന്നെ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു. ആസൂത്രണ പ്രക്രിയയുടെ അടിത്തറയായി വർത്തിക്കേണ്ട ഗ്രാമസഭകൾ ഒക്ടോബർ 2-ാംതീയ്യതിയോടുകൂടിത്തന്നെ എല്ലാ വാർഡുകളിലും നടന്നുകഴിഞ്ഞു. ജില്ലാതലത്തിലും പഞ്ചായത്തുതലത്തിലുമായി 40ലധികം പേരെ പരിശീലിപ്പിച്ചു. വിപുലമായ സംഘാടകസമിതികൾ എല്ലാ വാർഡിലും വിളിച്ചുചേർക്കുകയും സ്ക്വാഡുകൾ രൂപീകരിച്ച് ഭവനസന്ദർശനത്തിലൂടെ ഗ്രാമസഭയുടെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്തു. പ്രചാരണത്തിന്റെ ഭാഗമായി ചില വാർഡുകളിൽ വിളംബരജാഥകളും കലാജാഥകളും തെരുവുനാടകങ്ങളും നടന്നു. 125നും 300നുമിടയിൽ ജനങ്ങൾ ഗ്രാമസഭകളിൽ പങ്കെടുത്തു. കൃഷിയും അനുബന്ധമേഖലകളും മൃഗസംരക്ഷണം, മത്സ്യബന്ധനം, കുടിവെള്ളം, വിദ്യാഭ്യാസം, ആരോഗ്യം, വ്യവസായം, ഊർജ്ജം, ഗതാഗതം, സാമൂഹികക്ഷേമം, സംസ്ക്കാരം, വനിത,

സഹകരണമേഖല, വിഭവസമാഹരണം ഇങ്ങനെ വിവിധ വിഷയങ്ങളിൽ ചർച്ചകൾ നടന്നു. ജന ങ്ങളിൽ ആവേശവും പ്രതീക്ഷയും ഉണർത്താൻ ഗ്രാമസഭകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്നുള്ള ദ്വതീയ വിവരശേഖരണത്തിനും ആസൂത്രണപ്രക്രിയയിലും വകുപ്പ് മേധാവികളുടെയും ഉദ്യോഗസ്ഥരുടേയും നിർല്ലോഭമായ സഹകരണവും ലഭിച്ചു.

ദ്വിതീയവിവരശേഖരണത്തിലൂടേയും പഠന പര്യടനത്തിലൂടേയും, റിപ്പോർട്ടിങ്ങിന് ആധാരമായ ഭൂപ്രകൃതി, വിഭവങ്ങൾ, ജലലഭ്യത, പരിസ്ഥിതി പ്രശ്നങ്ങൾ മുതലായ വിവരങ്ങൾ ലഭിച്ചു. ഇതിനായി 12 പേരടങ്ങുന്ന 3 സംഘങ്ങളാണ് ഒരൊറ്റ ദിവസംകൊണ്ട് പഞ്ചായത്തിൽ 'തലങ്ങും വിലങ്ങും' നടന്നത്. കൂടാതെ ടൈൽവർക്കേഴ്സ് യൂണിയൻ സുവനീർ, ശിവദാസ് സ്മാരക ഗ്രന്ഥശാലാവജ്രജൂബിലി സുവനീർ എന്നിവയിൽനിന്നും പഴയകാല കൃഷിക്കാർ, രാഷ്ട്രീയ സാംസ്കാരിക ട്രേഡ്യൂണിയൻ പ്രവർത്തകർ എന്നിവരുമായുള്ള അഭിമുഖങ്ങളിൽകൂടിയും വിവരങ്ങൾ ശേഖരിച്ചു.

## സാമൂഹിക സാംസ്ക്കാരിക ചരിത്രപശ്ചാത്തലം

ചെറുവണ്ണൂരിന്റെ സാമൂഹിക രാഷ്ട്രീയ സാംസ്കാരിക ചരിത്രം ഈ പ്രദേശത്തെ ഓടുവ്യവസായവും തൊഴിലാളി സമൂഹവുമായി അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ജ്വാലകൾ ഇവിടെ ഉയർന്നുവന്നതിന്റെ പശ്ചാത്തലം ഐതിഹാസികങ്ങളായ ഒട്ടനവധി സമരങ്ങളിലൂടെ ശക്തിപ്രാപിച്ച ഒരു തൊഴിലാളിസമൂഹമായിരുന്നു. ബ്രിട്ടീഷ് ഭരണവും ജനങ്ങളും തമ്മിലുള്ള സംഘർഷം ഇവിടെ രൂപപ്പെടുന്നത് തൊഴിലാളികളും കമ്പനി മുതലാളിമാരും തമ്മിലുള്ള ബന്ധങ്ങളിൽനിന്നും സംഘർഷങ്ങളിൽനിന്നുമാണ്. 1935ലെ കോട്ടൺമിൽ പണിമുടക്ക് സമരത്തിന്റെ പ്രചോദനമായിരുന്ന ശ്രീ. എ.കെ.ജി. ചെറുവണ്ണൂർ-ഫറോക്ക് മേഖലയിലെ തൊഴിലാളികളിലേക്ക് തന്റെ പ്രവർത്തനമേഖല വ്യാപിപ്പിച്ചതോടെ ബ്രിട്ടീഷ് കമ്പനി മുതലാളിമാർക്കെതിരെയുള്ള തൊഴിലാളികളുടെ സംഘടിതശക്തി ഇവിടെ വളർന്നുവന്നു. ഇന്ത്യയാകെ അലയടിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷ് വിരുദ്ധവികാരം ഇവിടെ പെട്ടെന്ന് വേരുപിടിച്ചത് ഈ സാഹചര്യത്തിലാണ്. കോൺഗ്രസ് സോഷ്യലിസ്റ്റ് പാർടിയുടെ നേതാക്കളായിരുന്ന എൻ.സി.ശേഖർ, കെ.പി. ഗോപാലൻ, മഞ്ചുനാഥറാവു തുടങ്ങി നിരവധി പേർ ചെറുവണ്ണൂരിൽ രാഷ്ട്രീയപ്രവർത്തനത്തിന് നേതൃത്വം കൊടുത്തിരുന്നു. 1939ൽ ബ്രിട്ടീഷ് ഭരണത്തിനെതിരായ സമരത്തിൽ ബ്രിട്ടീഷനുകൂലികളും ദേശസ്നേഹികളും തമ്മിലുള്ള ഏറ്റുമുട്ടലിൽ ശ്രീ. എ.കെ.ജിയടക്കം ഒരുപാട് പേർക്ക് പരിക്കേൽക്കുകയുണ്ടായി. ശ്രീ. മുഹമ്മദ് അബ്ദുറഹിമാൻ സാഹിബ് നല്ലളത്ത് പ്രസംഗിക്കാനെത്തിയതും ബ്രിട്ടീഷനുകൂലികൾ യോഗം തടയുകയും തൊട്ടടുത്ത ദിവസംതന്നെ അതേ സ്ഥലത്ത് നാട്ടിലെ ദേശാഭിമാനികളായ ചെറുപ്പക്കാരുടെ സഹായത്തോടെ അദ്ദേഹം പ്രസംഗിച്ചതും ഇന്നും പഴയ തലമുറക്കാരിൽ ചിലർ ഓർമ്മിക്കുന്നു. കേളപ്പജി, കോഴിപ്പുറത്ത് മാധവമേനോൻ മുതലായ കോൺഗ്രസ് നേതാക്കൾ ചെറുവണ്ണൂർ-നല്ലളം പ്രദേശത്തെ സ്വാതന്ത്ര്യസമരപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നു. ശ്രീ. തുറ്വശ്ശേരി പെരച്ചേട്ടൻ, അച്ച്യുതമേനോക്കി, ചക്കുട്ടി, അപ്പക്കോയ തുടങ്ങിയവർ ദേശീയസ്വാതന്ത്ര്യസമരത്തിന്റെ മുന്നണിപ്പോരാളികളായിരുന്നു. ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട പൊതുയോഗങ്ങളുടെ കേന്ദ്രം ഇന്ന് ചെറുവണ്ണൂർ അങ്ങാടിയിൽ കാണുന്ന ആൽത്തറയായിരുന്നു. ക്ഷേത്രപടിക്കൽ ആൽത്തറക്കുമുമ്പിലായി സ്വാതന്ത്ര്യത്തിന്റെ സ്മാരകമായി 1947ൽ ജനങ്ങൾ പണംപിരിച്ച് നിർമ്മിച്ച വായനശാലയാണ് ഇന്നത്തെ സാംസ്കാരിക നിലയം.

സ്വാതന്ത്ര്യലബ്ധിക്കു വളരെ മുമ്പ് തന്നെ കർഷകസംഘങ്ങളുടെ പ്രവർത്തനം ഇവിടെ ആരംഭിച്ചിരിരുന്നു. ചെറുവണ്ണൂരും നല്ലളവും അന്ന് അതിവിശാലമായ പാടശേഖരങ്ങളായിരുന്നു. കർഷകത്തൊഴിലാളികളായ ഹരിജനങ്ങളുടെ തറകൾ (കോളനികൾ) അന്ന് ഈ പ്രദേശത്തിന്റെ വിവിധഭാഗങ്ങളിലുണ്ടായിരുന്നതായും ഇന്നത്തെ പല സ്ഥലനാമങ്ങളും അവയുമായി ബന്ധപ്പെട്ടു കിടക്കുന്നുവെന്നും പഴമക്കാർ പറയുന്നു. "ചെറുമക്കളുടെ ഊര്" ആണ് ചെറുവണ്ണൂരായതെന്നും "നെല്ലിന്റെ അളം" ആണ് നല്ലളം ആയതെന്നും പറയുന്നവരുണ്ട്. പഞ്ചായത്തിന്റെ

വടക്കെ അറ്റത്തുനിന്നും നോക്കിയാൽ ദൂരെ ഹൈവേയിലൂടെ വാഹനങ്ങൾ പോകുന്നതും അതിനുമപ്പുറം പടിഞ്ഞാറ് വശത്ത് റയിൽപ്പാളത്തിലൂടെ വണ്ടികൾ പോകുന്നതും കാണാമായിരുന്നു എന്ന് പഴമക്കാർ ഓർമ്മിക്കുന്നു. ഭൂപരിഷ്കരണനിയമം വന്നതിനെത്തുടർന്ന് 1970കളുടെ ആദ്യത്തിൽ കുടികിടപ്പ് വളച്ചുകെട്ടൽ സമരം ശക്തമാവുകയും ഒട്ടനവധി കുടിയാന്മാർക്ക് 7 സെന്റിനും 10 സെന്റിനും ഇടയിൽ ഭൂമി ലഭിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ഒട്ടനവധി സംഘർഷങ്ങളും കേസുകളും നടന്നിട്ടുണ്ട്. ചെറുവണ്ണൂർ-നല്ലളം പ്രദേശത്തെ കർഷകസംഘത്തിന്റെ ചരിത്രത്തിൽ കുടികുടികിടപ്പ് വളച്ചുകെട്ടൽ സമരം ഒരു നാഴികക്കല്ലാണ്. 1975ലാണ് കാർഷികരംഗത്ത് ഏറെ ചലനമുണ്ടാക്കിയ കർഷകസമരം നടന്നത്. 8ൽ ഒന്ന് പതം, നെല്ല്, കൂലിയായി വേണമെന്നും തൊഴിലാളിക്ക് ജോലിസ്ഥിരത വേണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചു. കൃഷി തരിശിട്ടുകൊണ്ടാണ് ജന്മിമാർ ഇതിനോട് പ്രതികരിച്ചത്. കർഷകത്തൊഴിലാളികൾ സംഘടിതമായി വിത്തിറക്കുകയും കൊയ്ത് ജന്മിയുടെ വീട്ടിൽ കൊണ്ടിട്ടു കൊടുക്കുകയും ചെയ്തുകൊണ്ടാണ് നേരിട്ടത്.

ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത് ഇന്ന് കോഴിക്കോട് ജില്ലയിലെ പ്രധാനപ്പെട്ട വ്യവസായബെൽറ്റുകളിലൊന്നാണ്. 1878ൽ തന്നെ ഇവിടെ ആദ്യത്തെ വ്യവസായസ്ഥാപനം നിലവിൽവന്നിരുന്നു. 20ാം നൂറ്റാണ്ടിന്റ ആദ്യശതകത്തിൽതന്നെ വിദേശികളുടെയും തദ്ദേശിയരുടെയും ഉടമസ്ഥതയിൽ രണ്ട്-മൂന്ന് വ്യവസായസ്ഥാപനങ്ങർ തുടങ്ങിക്കഴിഞ്ഞിരുന്നു. ഓട് വ്യവസായമായിരുന്നു ഇവയിൽ പ്രമുഖം. ചെട്ട്യാർമാർ തുടങ്ങിയ കാലിക്കറ്റ് ടൈൽ വർക്സ്, ജർമ്മൻകാരുടെ ഹെൻക & കമ്പനി, ബാസൽമിഷൻ ഫറോക്കിൽ തുടങ്ങിയ കോമൺവെൽത്ത് കമ്പനി. ബംഗ്ലൂർക്കാരനായിരുന്ന മുതലിയാർ തുടങ്ങിയ സ്റ്റാൻഡേർഡ് ടൈൽസ്, ഇപ്പോൾ അടച്ചുപൂട്ടിയ മോഡേൺ ടൈൽകമ്പനി മുതലായവ അക്കാലത്തെ പ്രധാന ഓട്ടുകമ്പനികളാണ്. മറ്റു വ്യവസായങ്ങളിൽ പ്രധാനപ്പെട്ടതായിരുന്നു പ്യാരി & കമ്പനിയുടെ കാപ്പി സംസ്കരണ യൂണിറ്റ്. ഈ യൂണിറ്റുമായി ബന്ധപ്പെട്ട് ബന്ധപ്പെട്ട് ആയിരക്കണക്കിന് തൊഴിലാളികൾക്ക് ഉപജീവനമാർഗ്ഗം തുറന്നുകിട്ടി. ഒരു കമ്പനിയിൽതന്നെ 5000ത്തിലധികം തൊഴിലാളികൾ ഉണ്ടായിരുന്നുവെന്നത് നമുക്ക് അത്ഭുതകരമായി തോന്നാം. 1936ലെ മരക്കാട്ട് കമ്പനി തൊഴിലാളി സമരത്തിൽ അവരുടെ ഗാനം "ഏഴായിരത്തോളം ഏഴകളാം തൊഴിലാളികൾ ഞങ്ങൾ/കാശിന് ജീരകം വാങ്ങിക്കഴിക്കാൻ കഴിവില്ലാത്തോർ ഞങ്ങൾ" എന്ന് പാടിയിരുന്നു. തൊഴിലാളികളുടെ എണ്ണം മാത്രമല്ല ദൈന്യതയും കഷ്ടപ്പാടും രേഖപ്പെടുത്തുന്നുണ്ട് ഈ വരികൾ. അന്നത്തെ ജനസംഖ്യയുമായി തട്ടിച്ചുനോക്കുമ്പോൾ ബഹുഭൂരിപക്ഷം കുടുംബങ്ങളുടെയും ജീവിതം വ്യവസായശാലകളുമായി ബന്ധപ്പെട്ടു കിടന്നിരുന്നുവെന്ന് കാണാം. നല്ലളം ഭാഗത്താണെങ്കിൽ കോർപറേഷൻ അതിർത്തിയിലുള്ള കോട്ടൺമിൽ നല്ലളത്തുകാരുടെ ജീവിതവുമായി ഇഴപിരിയാതെ കിടന്നിരുന്ന ഒരു സ്ഥാപനമാണ്. ഈ കമ്പനിയിൽനിന്ന് വിവിധ സമയങ്ങളിൽ ഉയരുന്ന സൈറണുകളായിരുന്നു ഇവിടുത്തുകാരുടെ സമയസൂചിക. പുലർച്ചെ 5 മണിക്കും 6 മണിക്കും ഉച്ചക്ക് 12 മണിക്കും 2.30 നും, രാത്രി 10.30നും 11നുമൊക്കെയുള്ള "കോട്ടുമ്മലെ വിസിൽ" ഈ പ്രദേശത്തുകാരെ സമയം ഓർമ്മിപ്പിച്ചു. ദേശീയപ്രാധാന്യമുള്ള അത്യാഹിതസംഭവങ്ങൾ ജനങ്ങളെ അറിയിച്ചതും കമ്പനിയിലെ സൈറണായിരുന്നു. 1964ൽ ബഹു: പ്രധാനമന്ത്രി നെഹ്രുവിന്റെ മരണവാർത്ത നാട്ടുകാർ ആദ്യം അറിഞ്ഞത് 10 മിനിറ്റ് നീണ്ടുനിന്ന കോട്ടുമ്മലെ സൈറണിലൂടെ ആയിരുന്നു. നല്ലളം പ്രദേശത്തെ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് മാത്രമല്ല ചെറുവണ്ണൂരിലെ ഓട്ട് വ്യവസായ മേഖലയിൽ വളർന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനും പ്രചോദനവും ശക്തിയുമേകിയത് കോട്ടൺമിൽ ആണെന്ന് പറയാം.

ഔപചാരിക വിദ്യാഭ്യാസത്തിന്റെ ചരിത്രം ഇവിടെ 118 വർഷങ്ങൾക്ക് മുമ്പ് തുടങ്ങുന്നു. നല്ലളത്തെ ജി.എം.യു.പി. സ്കൂൾ 1878ലും ചെറുവണ്ണൂരിലെ എഴുത്തച്ഛൻ എൽ.പി.സ്കൂൾ 1893ലും സ്ഥാപിതമായിരുന്നു. അക്കാലത്തെ സമുദായിക പ്രസ്ഥാനങ്ങൾക്കും, സാമൂഹിക പരിഷ്കരണ സംഘടനകൾക്കും ഈ പഞ്ചായത്തിലെ വിദ്യാഭ്യാസചരിത്രത്തിൽ വലിയ പങ്കുണ്ട്. ആദ്യകാ

ലത്തെ സ്കൂളുകൾ പലതും മുസ്ലീം ഓത്തുപ ള്ളികളായും ഹിന്ദു എഴുത്തുപള്ളികളായും തുട ങ്ങിയവയാണ്. ഇന്നത്തെ ഗവ: വൊക്കേഷൻ ഹയർസെക്കണ്ടറി സ്കൂൾ 'കുഴൽമൊല്ലാക്ക' സ്ഥാപിച്ചതാണെന്ന് പറയപെടുന്നു. ചെറുവണ്ണൂ രിലെ എ.എം.യു.പി.സ്കൂൾ 'മൊല്ലാക്കന്റെ സ്കൂൾ' എന്ന് ഇന്നും അറിയപ്പെടുന്നു. നല്ല ളത്തെ ഗവ: മാപ്പിള യു.പി. സ്കൂൾ ചേക്കു ഞ്ഞിമൊല്ലാക്ക വീട്ടിൽ തുടങ്ങിയതാണ്. കൊള ത്തറയിലെ ഇപ്പോഴത്തെ ടി.എം.മദ്രസ സ്കൂൾ മറ്റുരുദാഹരണമാണ്. പണിക്കരുടെ സ്കൂൾ, 'എഴുത്തച്ഛന്റെ സ്കൂൾ' എന്നിങ്ങനെ പല സ്കൂ ളുകളും അറിയപ്പെടുന്നു. ക്രിസ്ത്യൻ മിഷനിമാർ തുടങ്ങിയ ഹൈസ്ക്കൂളായിരുക്ക ഇന്നത്തെ ലിറ്റിൽ ഫ്ലവർ യു.പി. സ്ക്കൂൾ. ആത്മവിദ്യാ സംഘം മുൻകൈയുടുത്ത് കൊളത്തറയിൽ ഒരു ഹയർ എലിമെന്ററിസ്കൂളും സ്ഥാപിച്ചു. വളരെയേറെ ജനകീയമായി നടത്തിയ ഒരു സ്ഥാപ നമായിരുന്നു. ഇവിടെ നടന്ന ഫീസ് വിരുദ്ധ സമരം പഞ്ചായത്തിന്റെ ചരിത്രത്തിൽ എടുത്തുപറയേ ണ്ട ഒന്നാണ്.

1920കളിൽ തന്നെ സാമൂഹിക പരിഷ്കര ണരംഗത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ചെറു വണ്ണൂരിൽ നടക്കുകയുണ്ടായി. തൊഴിലാളികലെ വിദ്യാഭ്യാസവും സംസ്കാരവുമുള്ളവരാക്കി ത്തീർക്കുക എന്നലക്ഷ്യത്തോടെ പ്രവർത്തിച്ചി രുന്ന സർവന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി യുടെ ദേവതാർ മലബാർ പുനരുദ്ധാരണ ട്രസ്റ്റ് (DMRT) ഇവിടെ പ്രവർത്തിച്ചിരുന്നു. വി.ആർ. നായനാരായിരുന്നു മുഖ്യ സംഘാടകൻ. സ്റ്റാൻഡേർഡ് ടൈൽസിൽ സംഘടനയുടെ കീഴിൽ ഒരു പാഠശാലയുണ്ടായിരുന്നു. തൊഴിലാ ളികളുടെ പ്രശ്നങ്ങൾ നിവേദനരൂപത്തിൽ മാ നേജ്മെന്റിന്റെ ശ്രദ്ധയിൽപെടുത്താൻ സംഘടന ശ്രദ്ധിച്ചിരുന്നു.

സാമൂഹ്യപരിഷ്കരണരംഗത്ത് മലബാർ പ്രദേശത്താകമാനം ചലനം സൃഷ്ടിച്ച സംഘടന യായിരുന്നു വാഗ്ഭടാനന്ദഗുരുദേവന്റെ 'ആത്മ വിദ്യാസംഘം'

"ഉണരുവിൻ അഖിലേശ്വരനെ സ്മരിപ്പാൻ
ക്ഷണമെഴുന്നേൽകിൽ, അനീതിയോടെതിർപ്പാൻ"

എന്ന മുദ്രാഗീതവുമായി സാമൂഹ്യ അനാ ചാരങ്ങൾക്കും അനീതികൾക്കുമെതിരെ ശബ്ദമു യർത്തിയ വാഗ്ഭടാനന്ദഗുരുദേവർ ഒട്ടനവധി യുവാക്കൾക്ക് ആവേശം പകർന്നു. അദ്ദേഹം കൊളത്തറയിൽ വരികയും ഹിന്ദുകുടുംബങ്ങളിലെ അനാചാരങ്ങൾക്കെതിരെ പ്രവർത്തിക്കുകയും ചെയ്തു. ആത്മവിദ്യാസംഘത്തിന്റെ പ്രവർത്തന ങ്ങളിൽനിന്ന് പ്രചോദനം ഉൾകൊണ്ട് ഒട്ടനവധി പേർ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ ചേരാൻ ഇടയായി. അനാചാരങ്ങൾക്കും സാമൂഹ്യ അനീ തിക്കുമെതിരെ ധീരമായി രംഗത്തിറങ്ങിയവരിൽ ഇന്നും ജീവിച്ചിരിപ്പുള്ള വ്യക്തിയാണ് ശ്രീ. കെ.പി. അച്യുതേട്ടൻ. 1992ൽ വജ്രജൂബിലി ആഘോ ഷിച്ച ശിവദാസ് സ്മാരകഗ്രന്ഥശാലയായിരുന്നു അന്ന് പരിവർത്തന വാദികളുടെ കേന്ദ്രം. പുരോ ഗമന സാംസ്കാരികപ്രസ്ഥാനങ്ങളുടെ മുൻപന്തി യിലുണ്ടായിരുന്ന കൊല്ലമ്പലത്ത് ചന്തുമാസ്റ്റർ, തുവശ്ശേരി പെരച്ചേട്ടൻ എന്നിങ്ങനെ അനേകം മഹദ്‌വ്യക്തികളെ അഭിമാനപൂർവ്വം ഇവിടെ സ്മരി ക്കേണ്ടതുണ്ട്. നല്ലളത്തും ചെറുവണ്ണൂരിലും കൊള ത്തറയിലുമൊക്കെ അക്കാലത്ത് ഒരു വായനാ സംസ്കാരം നിലനിന്നിരുന്നു. ഇതിൽനിന്ന് ഉയർന്ന്‌വന്ന രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ അവബോധമാണ് അന്ധ വിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുംമെതിരെ യുള്ള പ്രവർത്തനങ്ങളിലേക്ക് അവരെ നയിച്ചത്.

കലാരംഗത്ത്, വിശേഷിച്ചും നാടകകലയിൽ, ചെറുവണ്ണൂർ-നല്ലളം പ്രദേശത്തുകാർക്ക് അഭിമാ നാർഹമായ ഒരു ചരിത്രമുണ്ട്. പഞ്ചായത്തിന്റെ ആദ്യപ്രസിഡണ്ടായിരുന്ന ശ്രീ. മുല്ലവീട്ടിൽ അബ്ദു റഹിമാൻ വലിയൊരു കലാതല്പരനുംകൂടി ആയി രുന്നു. നാടകരംഗത്തോട് അദ്ദേഹത്തിന് പ്രത്യേകം താല്പര്യമുണ്ടായിരുന്നു. അഖിലമലബാർ കേന്ദ്രക ലാസമിതിയുടെ സംഘാടകനായിരുന്നു അദ്ദേഹം. സാഹിത്യസദസ്സുകൾക്കായി അദ്ദേഹത്തിന്റെതായ ഒരു താവളം തന്നെയുണ്ടായിരുന്നു. എം.ടി. വാസു ദേവൻനായർ, എൻ.പി.മുഹമ്മദ്, തിക്കോടിയൻ, എസ്.കെ.പൊറ്റക്കാട് എന്നിവർ ഇവിടുത്തെ പതിവ് സന്ദർശകർ ആയിരുന്നു. സംഗീത ഉപക രണങ്ങൾ വായിക്കുന്നതിൽ നിപുണനായിരുന്ന നല്ലളത്തെ അബ്ദുൽഖാദർ മാസ്റ്ററെയും കൊള ത്തറയിലെ ടി.പി. യേശുമാസ്റ്ററെയും പാട്ടുകാര നായ കെ.പി.ഇമ്പിച്ചിരാമനേയും ഈ നാട്ടുകാർക്ക് മറക്കാനാവില്ല.'കലാസാഗർ' 'ജനത' എന്നി

ങ്ങനെ നിരവധി ക്ലബ്ബുകൾ അന്ന് കലാരംഗത്ത് പ്രവർത്തിച്ചിരുന്നു. പില്ക്കാലത്ത് പ്രശസ്തരായി ത്തീർന്ന വിലാസിനി, എൽസി, മച്ചാട്ട് വാസന്തി, സാവിത്രി, ടി.ദാമോദരൻ മുതലായവർ 'കലാസാഗർ' ക്ലബ്ബിലൂടെ രംഗത്ത് വന്നവരാണ്. പ്രസിദ്ധ സംഗീതസംവിധായകനായിരുന്ന ബാബുരാജ് കലാസാഗർ ക്ലബ്ബിൽ സന്ദർശകനായിരുന്നു. ഏറെക്കാലം ഇവിടെ താമസിച്ചാണ് മലയാളത്തിന്റെ പ്രിയങ്കരനായിരുന്ന കഥാകൃത്ത് വൈക്കം മുഹമ്മദ്ബഷീർ സാഹിത്യസൃഷ്ടി നടത്തിയിരുന്നത്. ശ്രീ. കെ.എ. കൊടുങ്ങല്ലൂർ വളരെയേറെ വർഷങ്ങൾ ഇവിടെ താമസിച്ചു. ഇവിടെവെച്ചാണ് അദ്ദേഹം മരണമടഞ്ഞത്. ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ എന്നെന്നും സ്മരിക്കപ്പെടേണ്ട പ്രതിഭയാണ് മാപ്പിളപ്പാട്ടുകൾ രചിച്ചും പാടിയും ഒരു കാലഘട്ടത്ത് തിളങ്ങിനിന്നിരുന്ന നല്ലളം ബീരാൻ.

ജനകീയവികസന പ്രവർത്തനങ്ങളുടെ മഹത്തായ ഒരു പാരമ്പര്യം പഞ്ചായത്തിന്നവകാശപ്പെടാനുണ്ട്. 'യുവജനസംഘടന' എന്ന പേരിൽ കക്ഷി രാഷ്ട്രീയത്തിന്നതീതമായി പ്രവർത്തിച്ചിരുന്ന സംഘടനയാണ് അരീക്കാട്-പൂളക്കടവ് റോഡിന്റെ ആദ്യരൂപം പണിയാൻ നേതൃത്വം കൊടുത്തത്. വയലിന്റെ നടുവിലൂടെയുള്ള വരമ്പായിരുന്നു ഒരു കാലത്ത് ഈ വഴി. സമൂഹത്തിലെ വിവിധമേഖലകളിലുള്ളവർ കൂട്ടായ്മയോടെ പ്രവർത്തിച്ചതിന്റെ ഉദാഹരണങ്ങൾ വേറെയുമുണ്ട്.

പഞ്ചായത്തിലൂടെ കുറുകെ കടന്നുപോവുകയാണ് നേഷണൽ ഹൈവേ. ഹൈവേയിൽനിന്ന് കൊളത്തറയിലേക്ക് ബസ് സർവ്വീസ് വരുന്നത് 1969ലാണ്. നല്ലളത്തേക്ക് ആദ്യമായി ബസ്സ് റൂട്ടാരംഭിച്ചത് 1974ലാണ്. ബേപ്പൂരുമായി പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ബി.സി. റോഡിലൂടെയും ഇപ്പോൾ ബസ്സ് ഗതാഗതമുണ്ട്. വളരെ സമ്പന്നമായ ഒരു ജലഗതാഗതമാർഗ്ഗം മുമ്പ് ഇവിടെയുണ്ടായിരുന്നു. മരവ്യവസായത്തിന് പ്രസിദ്ധമായിരുന്ന കല്ലായിലേക്ക് മരം കൊണ്ടുവന്നിരുന്ന 'തെരപ്പ'ങ്ങൾ അന്ന് പതിവ് ദൃശ്യങ്ങളായിരുന്നു. കെട്ട് വള്ളങ്ങളും വഞ്ചികളും (നമ്പർതോണി) അക്കാലത്ത് പച്ചക്കറികളും അരിയുമൊക്കെ കടത്തിയിരുന്നു. മണലും, വെട്ടുകല്ലും ഇപ്പോഴും തോണിമാർഗ്ഗം കടന്നുവരുന്നുണ്ട്. രാത്രിയിലെ തോണിക്കാരന്റെ പാട്ടും, ദിക്കുവിളികളും ഇന്ന് പലരുടെയും ഓർമ്മകളിലുണ്ട്. തോണികൾ ദീർഘയാത്രക്ക് പതിവായി ഉപയോഗിക്കാറുണ്ടായിരുന്നു. കക്ക (എരുന്ത്) കച്ചവടം തോണിവഴിയാണ് അന്ന് നടന്നിരുന്നത്. കരമാർഗം ഗതാഗതം വികാസം പ്രാപിച്ചതോടെ തോണികളുടെ എണ്ണം കുറഞ്ഞുതുടങ്ങി. ഫറോക്കിൽനിന്നും ബോട്ട്മാർഗ്ഗം യാത്രകൾ ഉണ്ടായിരുന്നു. ഈ അടുത്തകാലംവരെ മൂരിവണ്ടികൾ(കാളവണ്ടി) ഒരു പതിവ് ദൃശ്യമായിരുന്നു. പുലർച്ചെ വലിയങ്ങാടിയിലേക്ക് ചരക്കെടുക്കാനും, മലഞ്ചരക്കുകൾ വില്ക്കാനും ഗ്രാമപ്രദേശങ്ങളിൽനിന്നും വരിവരിയായി കാളവണ്ടികൾ എത്തുമായിരുന്നു. അവ പോവുമ്പോഴുണ്ടായിരുന്ന പ്രത്യേക ശബ്ദവും, ഉറക്കം വരാതിരിക്കാൻ വണ്ടിക്കാരൻ പാടുന്ന 'കെസ്സ്' പാട്ടുകളും പഴയ ജീവിതത്തിന്റെ താളവും, സംഗീതവും തന്നെയായിരുന്നു. അക്കാലത്ത് കന്നുകാലികൾക്ക് വഴിയോരത്ത് സിമെന്റ് തൊട്ടികൾ കെട്ടി വെള്ളം നിറച്ചുവെക്കുന്ന ഏർപ്പാട് ഉണ്ടായിരുന്നു. ചെറുവണ്ണൂർ അമ്പലത്തിനടുത്ത് ദേശീയപ്രസ്ഥാനത്തിന്റെ അനുഭാവിയായിരുന്ന ശംഭുഎമ്പ്രാന്തിരി ഒരു കിണറും, വെള്ളതൊട്ടിയും ഈ ആവശ്യത്തിനായി നിർമ്മിച്ചു. കൂടാതെ തലച്ചുമട്കാർക്ക് താങ്ങായി അത്താണിയും നിർമ്മിച്ചിരുന്നു. ഈ അടുത്ത കാലത്താണ് ഇവ നഷ്ടപ്പെട്ടത്. ചെറുവണ്ണൂർ ഹൈസ്കൂളിനടുത്ത് ഇപ്പോഴും ചുമടിറക്കാനുള്ള അത്താണിയുണ്ട്.

കായികരംഗത്ത് വോളിബോളിന് ഇവിടെ ഏറെ പ്രാധാന്യമുണ്ടായിരുന്നു. വർഷങ്ങൾക്കു മുമ്പ് തന്നെ നല്ലളവും, കൊളത്തറയും വോളിബോൾ കളിക്ക് പ്രസിദ്ധമായിരുന്നു. നല്ലളം ഇമ്പിച്ചമ്മദും ദേശീയ താരമായിരുന്നു കൊളത്തറ കെ.പി. ചോയുണ്ണിയും ഈ പ്രദേശത്തിന് പ്രശസ്തി നേടിക്കൊടുത്ത താരങ്ങളാണ്. ചാലിയാറിന്റെ തീരത്ത് കുളമാട് എന്ന തുരുത്തിലാണ് പണ്ട് കളി നടന്നിരുന്നത്.

ഇതെല്ലാം, പക്ഷേ, ഗതകാലകഥകൾ. ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിന്റെ മുഖഛായ തന്നെ ഇന്ന് മാറിയിരിക്കുന്നു. നെൽകൃഷിയും കർഷകത്തൊഴിലാളിയും ഇന്ന് രംഗത്ത് നിന്ന് അപ്രത്യക്ഷമായിരിക്കുന്നു. ഒരു കാലത്ത് ഈ പ്രദേശത്തെ

ധന്യമാക്കിയിരുന്ന വയലുകൾ മിക്കവാറും നികത്തപ്പെട്ടുകഴിഞ്ഞു. നികത്തപ്പെടാത്ത വയലിൽ നല്ലൊരു ഭാഗം ചതുപ്പുനിലവും നീർക്കെട്ട്പ്രദേശങ്ങളും. നെൽകൃഷി കേവലം പത്ത് ഹെക്ടറിൽ മാത്രം. പഞ്ചായത്തിലെ ഭൗതികസാഹചര്യങ്ങൾ വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ട്. ഏത് ഭാഗത്തും റോഡുകളും, വ്യാപകമായ ടെലിഫോൺ സൗകര്യങ്ങളും ഉണ്ട്. പ്രധാന തെരുവുകളിലെല്ലാം തെരുവ് വിളക്കുകൾ കത്തുന്നുണ്ട്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ഏറെയുണ്ടായി. എങ്കിലും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു. രണ്ട് ഭാഗത്തും പുഴകളും, കൂടാതെ അനേകം കുളങ്ങളും നീരുറവകളും, കായലുകൾപോലെ തോന്നിപ്പിക്കുന്ന മങ്കുഴികളും ഉണ്ടെങ്കിലും കുടിവെള്ളം ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഏറ്റവും ഗുരുതരമായ പ്രശ്നമായി നിലനിൽക്കുന്നു. ഉല്പാദന രംഗത്തെ മുരടിപ്പും സേവനമേഖലകളുടെ തളർച്ചയും ഭാവിക്ക് വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ദീർഘദൃഷ്ടിയില്ലാത്തതും കേന്ദ്രീകൃതവുമായ ആസൂത്രണം ഇതിൽ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ടെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. സമ്പന്നമായ നമ്മുടെ പാരമ്പര്യവും സംസ്കാരവും ഉല്പാദനത്തിലും തുല്യവിതരണത്തിലധിഷ്ഠിതവുമായ, പാരിസ്ഥിതികപ്രശ്നങ്ങളില്ലാത്ത, മെച്ചപ്പെട്ട സേവനസൗകര്യങ്ങളുള്ള ഒരു ചെറുവണ്ണൂർ-നല്ലളത്തെ പുനഃസൃഷ്ടിക്കാൻ നമുക്കു കഴിയുമെന്നും ജനകീയ ആസൂത്രണത്തിന്റെ പുതിയ പന്ഥാവ് അത്തരമൊരു ഗ്രാമപഞ്ചായത്തിന്റെ സൃഷ്ടിക്ക് കളമൊരുക്കുമെന്നും പ്രത്യാശിക്കാം.

## ഭൂപ്രകൃതിയും വിഭവങ്ങളും

പഞ്ചായത്തിന്റെ പൊതുവായ കിടപ്പ് വടക്ക്നിന്ന് തെക്കോട്ടാണ് 31% താഴ്വരകളും 19% സമതലവും 19.5% ചരിവ്പ്രദേശങ്ങളും 30.5% ഉയർന്ന സമതലവുമാണ്. നാല് തരം മണ്ണുകൾ കണ്ട്വരുന്നു. താഴ്വരകളിൽ കളിമണ്ണും തീരസമതലപ്രദേശങ്ങളിൽ എക്കൽമണ്ണും ചരിവ്പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണും ഉയർന്ന സമതലങ്ങളിൽപെട്ട കല്ലുമാണ് പൊതുവെ കാണപ്പെടുന്നത്. തെങ്ങ്, കവുങ്ങ് മുതലായവയാണ് സാധാരണ കാണുന്ന കൃഷികൾ. പഞ്ചായത്ത് ഉൾപ്പെടുന്നത് 'നോർതേൺ മിഡ്ലാന്റ് സോണി' ലാണ്. ഗ്രാമപഞ്ചായത്തിലെ പ്രദേശങ്ങളിൽ ഓരു വെള്ളം കയറുന്ന പതിവും ഉണ്ട്.

കാലാവസ്ഥ: ശരാശരി മഴലഭ്യത താഴെപറയുന്ന രീതിയിലാണ്.

| | | | |
|---|---|---|---|
| വാർഷികലഭ്യത | : | 3667 | മി.മീ. |
| ജനുവരി | : | 9. | മി.മീ. |
| ഫെബ്രു | : | 7 | ,, |
| മാർച്ച് | : | 21 | ,, |
| ഏപ്രിൽ | : | 93 | ,, |
| മെയ് | : | 297 | ,, |
| ജൂൺ | : | 925 | ,, |
| ജൂലൈ | : | 1034 | ,, |
| ഓഗസ്റ്റ് | : | 547 | ,, |
| സപ്തം | : | 257 | ,, |
| ഒക്ടോ | : | 284 | ,, |
| നവംബർ | : | 157 | ,, |
| ഡിസംബർ | : | 36 | ,, |

മഴക്കാലം :- മെയ് 15 മുതൽ സപ്തമ്പർ 30 വരെ

തണുപ്പുകാലം:- ഡിസമ്പർ, ജനുവരി, ഫെബ്രുവരി

വേനൽക്കാലം:- മാർച്ച്, ഏപ്രിൽ, മെയ്.

മൊത്തം ലഭിക്കുന്ന ജലം (മതിപ്പ് കണക്ക്) 65 ലക്ഷം ഗ്യാലൺ

| | | |
|---|---|---|
| പുഴകൾ | : | 2 |
| തോടുകൾ | : | പ്രധാനമായും നാല് തോടുകൾ |
| കുളങ്ങൾ | : | 16 |
| ഭൂഗർഭജലം | : | 5537 |

പഞ്ചായത്തിലെ പ്രധാന ജലസ്രോതസ്സുകൾ : മൺകുഴികൾ

ജലസംബന്ധമായ പരിസ്ഥിതി പ്രശ്നങ്ങൾ : ജലത്തിന്റെ ഗുണനിലവാരം.

ശേഷം 87ാം പേജിൽ

210

# ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്

| | | |
|---|---|---|
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചെറുവണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | കോഴിക്കോട് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | നല്ലളം, കൊളത്തറ, ബേപ്പൂർ |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലി മണ്ഡലം | : | ബേപ്പൂർ |
| പാർലമെന്റ് മണ്ഡലം | : | മഞ്ചേരി |
| വിസ്തീർണ്ണം | : | 10.308 സ്ക്വയർ കി.മീറ്റർ |

അതിരുകൾ

| | | |
|---|---|---|
| വടക്ക് | : | കോഴിക്കോട് കോർപറേഷൻ |
| കിഴക്ക് | : | കല്ലായിയെ ചാലിയാറുമായി ബന്ധിപ്പിക്കുന്ന ചെറുപുഴ (കനോലികനാൽ) |
| തെക്ക് | : | ചാലിയാർ (ഫറോക്ക് പുഴ) |
| പടിഞ്ഞാറ് | : | ബേപ്പൂർ പഞ്ചായത്ത് |

| | | |
|---|---|---|
| ജനസംഖ്യ | : | 50556 |
| പുരുഷൻ | : | 25032 |
| സ്ത്രീ | : | 25534 |
| സാക്ഷരത | : | 40139 |
| പുരുഷൻ | : | 20589 |
| സ്ത്രീ | : | 19550 |
| വാർഡുകൾ | : | 15 |

| | | |
|---|---|---|
| പ്രസിഡണ്ട് | : | ടി.മൊയ്തീൻകോയ |
| വൈസ്പ്രസിഡണ്ട് | : | വി. രാധാകൃഷ്ണൻനായർ |

| | | |
|---|---|---|
| മറ്റ് അംഗങ്ങൾ | : | കെ.പി.എ.ഹാഷിം (സ്റ്റാന്റിംഗ്കമ്മറ്റി ചെയർമാൻ) |
| | | ഉണ്ണിമോയിൻ. എം. |
| | | കോയമൂപ്പൻ. വി. |
| | | മൊയ്തീൻ. കെ. |
| | | സൽമാറഹ്മാൻ .കെ.വി. |
| | | അംബികാദേവി. എം.ഡി. |
| | | കമല. എ. |
| | | സൈനബ. എം. |
| | | വിനയകുമാരി. സി.കെ. |
| | | അബ്ദുൽസമദ്. ഇ |
| | | മുഹമ്മദ് ബഷീർ. എ.പി. |
| | | ശിവദാസൻ. ടി. |
| | | രാമൻ. പി. |

# പ്രാഥമികമേഖല

- കൃഷിയും അനുബന്ധമേഖലയും
- മൃഗസംരക്ഷണം.

# കൃഷിയും അനുബന്ധമേഖലയും

ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിൽ തെങ്ങ് കൃഷിയാണ് പ്രധാനം. പത്ത് സെന്റിൽ താഴെ ഭൂമിയുള്ളവരാണ് ഭൂരിഭാഗം കൃഷിക്കാരും. ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റെത് 0.07 ഹെക്ടർ ആണെങ്കിൽ പഞ്ചായത്തിന്റെത് 0.016 ഹെക്ടർ ആണ്.

1960കളിൽ 100 ഹെക്ടർ സ്ഥലത്തോളം നെൽകൃഷി ചെയ്തിരുന്നതാണ്. ഇപ്പോൾ 10%ത്തിൽ താഴെയായി ചുരുങ്ങിയിരിക്കുന്നു. മഴയെ ആശ്രയിച്ചായിരുന്നു ആദ്യകാലകൃഷി നടത്തിയിരുന്നത്. ആകെ ഭൂമിയുടെ 9%വും നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. കാലാവസ്ഥയ്ക്ക് യോജിച്ചതും, രുചികരവുമായ നെല്ലായിരുന്നു ഉല്പാദിപ്പിച്ചിരുന്നത്.

ആരംകുനി, മുണ്ടോളി, കോമഞ്ചേരി, നാനാഞ്ചിരക്കൽ, മഠത്തുംകുറ്റി, ചാലിതൊടി, പുല്ലൂർ, മുല്ലവീട്ടിൽ, കോഴിപ്പള്ളി, പുതേരി, കോലാംപറമ്പ്, ഉള്ളാട്ട്തൊടി, മേക്കയിൽ തൈക്കണ്ടി എന്നീ കുടുംബങ്ങളെ കേന്ദ്രീകരിച്ചായിരുന്നു കൃഷി നടത്തിയിരുന്നത്.

എഴുപതുകളിൽ ആധുനികകൃഷിരീതികൾ പഞ്ചായത്തിൽ അങ്ങിങ്ങായി തുടക്കം കുറിച്ചു. ഇതേ സമയംതന്നെ മകരക്കൊയ്ത്തിന് ശേഷം പച്ചക്കറി, മരച്ചീനി, എള്ള്, എന്നിവയും മൂന്നാംവിളയായി കൃഷി ചെയ്തിരുന്നു.

നല്ലളം മുണ്ടകപ്പാടം, തച്ചമ്പലം വയൽ എന്നിവിടങ്ങളിൽ പ്രസിദ്ധമായ 'കാളപൂട്ട്മത്സരം' നടന്നിരുന്നു. ജലസേചനസൗകര്യത്തിനായി ഏത്തം, പനംപോള, തേവ്കൊട്ട, ഇവ ഉപയോഗിച്ച് വെള്ളം തേവുകയും, മുള, വാഴത്തട, പനയോല എന്നിവ ഉപയോഗിച്ചുള്ള ബണ്ടുകൾ കെട്ടി വേണ്ട സ്ഥലത്തേക്ക് വെള്ളം തിരിച്ചുവിടുകയും ചെയ്തിരുന്നു.

ശരാശരി 1 ഏക്രക്ക് 50-60 പറ നെല്ലം ഉല്പാദിപ്പിച്ചിരുന്നു. ഇവ ജൈവ വളങ്ങൾ മാത്രം ഉപയോഗിച്ചും കീടനാശിനി ഉപയോഗിക്കാതെയുമാണ് കൃഷി ചെയ്തിരുന്നത്. എലി ശല്യം തടയാൻ മുളംകുറ്റി കെണിയും, ഓലമട്ടലിൽ തുണി കെട്ടി വയലിൽ കുത്തി നിർത്തി എലികളെ പേടിപ്പിക്കുകയും ചെയ്തിരുന്നു. (കൂമൻപോലുള്ള എലികളെ പിടിക്കുന്ന പക്ഷികൾക്ക് വന്നിരിക്കാനും ഇതുകൊണ്ട് സാധിച്ചിരുന്നു.)

വെണ്ണീർവീശൽ, മുറംവീശിപ്പിടിക്കൽ ഇവയായിരുന്നു പാരമ്പര്യ കീടനശീകരണ ഉപാധികൾ.

പറമ്പുകളിൽ മാത്രമെ തെങ്ങുകൃഷി നടത്തിയിരുന്നുള്ളൂ. 25 അടിവിട്ട് തെങ്ങിൻതൈ നട്ടിരുന്നത്കൊണ്ട് ആരോഗ്യമുള്ള തെങ്ങുകളായിരുന്നു. മഴയെ ആശ്രയിച്ചായിരുന്നു ഈ കൃഷിയും നടന്നിരുന്നത്.

പ്രധാന നാളികേര വിപണനകേന്ദ്രമായ മാങ്കാവിലേക്ക് കനോലികനാൽ എന്നറിയപ്പെടുന്ന ഇന്നത്തെ ചെറുപുഴയിലൂടെ തോണിമാർഗ്ഗം കാർഷികോല്പന്നങ്ങൾ എത്തിച്ചു.

പുഴയോരങ്ങളിൽ വളക്കൂറുള്ള മണ്ണായതിനാൽ ഈ ഭാഗങ്ങളിൽ തെങ്ങുകൃഷി സമ്പന്നമായിരുന്നു.

മേപ്പാട്ടം, ഉണ്ടറതി, പണയം എന്നിവയായിരുന്നു പ്രധാനപ്പെട്ട ഇടനില രീതികൾ. കാർഷികമേഖലയിലെ തൊഴിലാളികൾക്ക് ഉല്പന്നം തന്നെയായിരുന്നു കൂലിയായി കൊടുത്തിരുന്നത്. പത്തിനൊന്ന് നെല്ല് പതവും, നാലുതെങ്ങിന് ഒരു തേങ്ങയും കാർഷികതൊഴിലാളികൾ സമരത്തിലൂടെ നേടിയെടുത്തതായി ചരിത്രരേഖകളിൽ കാണാം.

തെങ്ങിനും നെല്ലിനെപ്പോലെ ജൈവവളങ്ങൾ മാത്രമെ ആകാലങ്ങളിൽ ഉപയോഗിച്ചിരുന്നുള്ളൂ. ചകിരി ഉപയോഗിച്ച് വീടുകളിൽ വ്യാപക

മായി ചൂടിപിരി നടന്നിരുന്നു. സ്ത്രീകളുടെ മുഖ്യ തൊഴിൽതന്നെ ചൂടിപിരിക്കലായിരുന്നു. അക്കാലത്ത് പൊന്നാര്യൻ നെല്ലിന്റെ അവിലും, ഉണ്ട കൊപ്രയും ദീപ് ചക്കരയും വീടുകളിലെ പ്രധാന പലഹാരമായിരുന്നു.

തെങ്ങ് ഒന്നിന് 50-60 തേങ്ങ ശരാശരി വർഷത്തിൽ ഉല്പാദനം നടത്തിയിരുന്നു. 'ഭൂപരിഷ്കരണനിയമം' നടപ്പിലായതോടെ സ്വന്തമായി ഭൂമി ലഭിച്ച കർഷകർ വീട് വെക്കുന്നതിനും, വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ്പോലുള്ള കാർഷികവിളകൾ നടുന്നതിന് വേണ്ടി വയലുകൾ നികത്താൻ തുടങ്ങിയതും, കളിമൺ വ്യവസായങ്ങളുടെ വ്യാപനവും പാടശേഖരങ്ങൾ നശിക്കാൻ ഇടയാക്കി. ഇതോടെ ഉല്പാദനക്രമങ്ങളിലും മാറ്റംവന്നു. ഇത് വളരെ വ്യാപകമായതോടെ നീരൊഴുക്കിന്റെ ക്രമം തെറ്റി. നീർകെട്ടുകൾ രൂപപ്പെടുന്നതിന് കാരണമായി. കൃഷിക്കാർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യതയും, വരുമാനവും കുറഞ്ഞുവന്നതോടെ, മറ്റു മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുക്കി. കൂലി നിലവാരം കാർഷികമേഖലയെ അപേക്ഷിച്ച് മറ്റു മേഖലകളിൽ ഉയർന്നതായപ്പോൾ കർഷകതൊഴിലാളികൾ പുതിയ സംരംഭത്തിലേക്ക് നീങ്ങി.

1930കളിൽ മൊത്തം നെൽകൃഷി 98.8 ഹെക്ടർ ഉണ്ടായിരുന്നത് 1995 ആകുമ്പോഴെക്കും 10.58 ഹെക്ടർ ആയി കുറഞ്ഞു. അതായത് 8.006%ത്തിൽനിന്ന് 0.74% ആയി ചുരുങ്ങിയെന്നർത്ഥം.

ആധുനിക വിദ്യാഭ്യാസത്തിൽ കാർഷികമേഖലയ്ക്ക് അർഹമായ പ്രാധാന്യം കൊടുക്കാത്തതും ജോലിസ്ഥിരതയുടെ അഭാവവും, കെട്ടിടങ്ങളുടെ ആധിക്യവും കോഴിക്കോട് പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലയ്ക്ക് നഗരവൽക്കരണത്തോടുള്ള പൊതുജനങ്ങൾക്കുള്ള ആഭിമുഖ്യവും കാർഷികമേഖലയിൽനിന്നുള്ള തൊഴിലാളികളുടെ കൊഴിഞ്ഞുപോക്കിന് കാരണമായി.

അന്യസംസ്ഥാനങ്ങളിൽനിന്ന് താരതമ്യേന കുറഞ്ഞവിലക്ക് ഉല്പന്നങ്ങൾ കിട്ടുന്നതും ശാസ്ത്രീയകൃഷിരീതി കാർഷികരംഗത്ത് നടപ്പാക്കാത്തതും കാർഷികരംഗത്തോടുള്ള ജനങ്ങളുടെ താല്പര്യകുറവിനും, കൃഷി ലാഭകരമല്ലാതാവുന്നതിനും കാരണമായി.

വികസനബ്ലോക്കുകളുടെ ആരംഭത്തോടെ ആധുനിക കൃഷിരീതി പരീക്ഷണാടിസ്ഥാനത്തിൽ പല സ്ഥലങ്ങളിലും പ്രയോഗിച്ചുതുടങ്ങി. അത്യുല്പാദനശേഷിയുള്ള വിത്തുകൾ, കീടനാശിനികൾ, ശീമക്കൊന്നപോലുള്ള പച്ചില വളങ്ങളുടെ പ്രചാരണം. പമ്പുസെറ്റുകളുടെ ഉപയോഗം ഇവയും ചില സ്ഥലങ്ങളിൽ വിളവ് വർദ്ധിപ്പിക്കാൻ കാരണമായി. എന്നാൽ 'ജപ്പാൻ മോഡൽ കൃഷി' സമ്പ്രദായം ഫലപ്രദമായിരുന്നില്ല. IR-8, ജോതി, ത്രിവേണി, പവിഴം, ജയ, ഭാരതി, മസൂരി തുടങ്ങിയ ആധുനികവിത്തുകൾ ഉപയോഗിച്ചതോടെ ഉല്പാദനം ഏക്കറിന് 50- 60ൽ നിന്ന് 100-110 വരെയായി വർദ്ധിച്ചു. ഇതോടൊപ്പം രാസവളങ്ങളുടെ പ്രയോഗവും വ്യാപകമായി. പാർപ്പിടത്തിനുവേണ്ടി വയൽ നികത്തുന്നതും റോഡുകൾക്ക് ആവശ്യമായ ഓവുചാലുകൾ ഫലപ്രദമായ രീതിയിൽ ഇല്ലാത്തതും നീർകെട്ടിന് കാരണമായിട്ടുണ്ട്. സ്വകാര്യകുളങ്ങൾ നികത്തിയതും, പൊതുകുളങ്ങളും കിണറുകളും തോടുകളും സംരക്ഷിച്ചു നിർത്താൻ തയ്യാറാവാത്തതും ജലസേചന സൗകര്യങ്ങൾ കുറയാൻ കാരണമായിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളുടെ തള്ളിക്കയറ്റം കാർഷികമേഖലയെ പുറകോട്ട് കൊണ്ടുപോകുന്നതിൽ വലിയൊരു പങ്കുവഹിച്ചു. അനുയോജ്യമല്ലാത്ത സ്ഥലങ്ങളിൽ തെങ്ങ്കൃഷി വ്യാപിപ്പിച്ചതും കൂട്ടുകുടംബങ്ങളുടെ തകർച്ച കാരണം വീടുകൾ പെരുകിയതും കൃഷിഭൂമി കുറയാൻ കാരണമാക്കി. തെങ്ങുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടെങ്കിലും തേങ്ങയുടെ ഉല്പാദനം ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നാണ് സ്ഥിതിവിവരകണക്കുകൾ കാണിക്കുന്നത്. നല്ലളം K S E B സബ്സ്റ്റേഷനിലേക്ക് മൂന്ന് ഹൈടെൻഷൻ ലൈനുകൾ നല്ലളം ഭാഗത്തുകൂടി കടന്നുപോകുന്നത് കാരണം ആ ഭാഗങ്ങളിലെ നാണ്യവിളകളെ സാരമായി ബാധിച്ചിട്ടുണ്ട്. 11 മാസത്തേക്ക് വീട് പണയത്തിന് വാങ്ങി താമസിക്കുന്നതും വിളകുറവിന് കാരണമാണ്. ഭൂമി സംബന്ധിച്ച് വിവരങ്ങൾ പട്ടിക 1-1ൽ.

ഇപ്പോൾ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 1031 ഹെക്ടർ ആണ്. തീരസമതലം, ഉയർന്ന സമതലം, താഴ്വര, ചരിവ് പ്രദേശം,

| ഭൂമി സംബന്ധിച്ച വിവരങ്ങൾ | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ വിസ്തീർണ്ണം (ഏക്ര) | | | | | | ഉടമസ്ഥരുടെ എണ്ണം | | | | | | |
| വില്ലേജ് സെന്റ് | പുരയിടം സെന്റ് | നിലം സെന്റ് | പുറമ്പോക്ക് ഏക്ര | തരിശ് ഏക്ര. | ആകെ മുകളിൽ | 1-10 | 10-25 | 25-50 | 50-10 | 1-2 | 2-5 | 5ന് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ചെറു വണ്ണൂർ | 1167.94 | 961.40 | 269.94 | 142.15 | 2541.43 | 5357 | 3681 | 627 | 304 | 136 | 78 | 26 |

അവലംബം: A. രജിസ്റ്റർ B.T. രജിസ്റ്റർ.

പട്ടിക 1-1

പുഴ, എന്നിവയായിട്ടാണ് ഭൂമിയുടെ കിടപ്പ്.

തീരപ്രദേശങ്ങളിൽ പൂഴിമണ്ണും, പുഴയോട് ചേർന്ന ഭാഗങ്ങളിൽ പൂഴി കലർന്ന എക്കൽമണ്ണും, ഉയർന്ന പ്രദേശങ്ങളിൽ ചരൽ കലർന്ന ചുവന്ന മണ്ണും വെട്ടുകല്ലും താഴ്വരകളിൽ കളിമണ്ണും കാണുന്നു.

പട്ടിക 1-2

| ക്രമ നമ്പർ | ഭൂപ്രകൃതി | വിസ്തീർണ്ണം | ശതമാനം | മൺതരം |
|---|---|---|---|---|
| 1 | താഴ്വരകൾ | 319.60 | 31 | കളിമണ്ണ് |
| 2 | തീരസമതലം | 195.89 | 19 | മണൽ എക്കൽ |
| 3. | ചരിവ്പ്രദേശം | 201.04 | 19.5 | ചരൽ കലർന്ന ചുവന്ന മണ്ണ് |
| 4 | ഉയർന്ന സമതലം | 314.45 | 30.5 | വെട്ടുകല്ല് |

തെങ്ങിൽതോട്ടങ്ങളിൽ കമുങ്ങ്, വാഴ, കുരുമുളക്, മരച്ചീനി, പച്ചക്കറി, എന്നിവ ചിലയിടങ്ങളിൽ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്. എക്കൽമണ്ണിൽ കവുങ്ങ് കൃഷി കൂടുതലുണ്ട്. റഹ്മാൻ ബസാറിനടുത്ത് 1 ഏക്രസ്ഥലത്ത് വാഴകൃഷി മാത്രം നടത്തുന്നുണ്ട്.

ആകെ വിസ്തൃതിയുടെ 62.85% ഭാഗങ്ങളിൽ തെങ്ങുകൃഷി നടത്തുന്നുണ്ട്. തെങ്ങിന്റെ ഉല്പാദനക്ഷമത നിലവിലുള്ളത് തെങ്ങൊന്നിന് ശരാശരി 40 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും (സംസ്ഥാന ശരാശരി 38) പഞ്ചായത്തിലെ മൊത്തം തെങ്ങുകളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ ശരാശരിയേക്കാൾ കുറവാണെന്ന് കാണാം. അതായത് തെങ്ങുകളുടെ എണ്ണത്തിനനുസരിച്ച് 72,57,600 തേങ്ങ ഉല്പാദിപ്പിക്കേണ്ട സ്ഥാനത്ത് 64,80,00 മാത്രമെ ഉല്പാദിപ്പിക്കുന്നുള്ളു.

വിളകൾ കൃഷിചെയ്യുന്ന സ്ഥലവും ഉല്പാദനവും സംബന്ധിച്ച പട്ടിക 1.3ൽ കൊടുക്കുന്നു.

## പ്രശ്നങ്ങളും പരിഹാരങ്ങളും

1. പുഴയോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ തോടുകൾ വഴിയും ഇടവഴിയിലൂടെയും ഉപ്പ്വെള്ളം കയറി കൃഷി നശിച്ചുപോകുന്നു.

2. വേനൽക്കാലത്ത് ജലസേചനത്തിനുള്ള സൗകര്യങ്ങൾ കുറവാണ്.

3. മേൽത്തരം നടീൽവസ്തുക്കളും പുതിയ സാങ്കേതിക വിദ്യകളും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്നില്ല.

4. കൃഷിഭവൻ പ്രവർത്തനം സജീവമാകുന്നില്ല.

5. കെട്ടിടങ്ങൾക്കുവേണ്ടിയും മറ്റും പാടശേഖരം നികത്തപ്പെടുന്നു. കളിമൺ വ്യവസായത്തിനുവേണ്ടി മണ്ണ് കുഴിച്ചെടുക്കുന്നു.

6. മാങ്കുനി തോടിനുള്ള ചീർപ്പ് ശരിയായി പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല.

7. 5ഉം, 10ഉം സെന്റ് ഭൂമികൾക്കും ജലസേചനസൗകര്യം ലഭിക്കുന്നില്ല.

8. കാർഷികോല്പന്നങ്ങളുടെ സംഭരണവും വിതരണവും സംസ്കരണവും നടത്താൻ സംവിധാനം ഉണ്ടാക്കണം.

9. ആധുനിക കൃഷി ഉപകരണങ്ങൾ കൃഷിക്കാർക്ക് യഥാസമയം കിട്ടാൻ ആഗ്രോ സർവ്വീസ് സെന്റർ സ്ഥാപിക്കണം.

10. മാവത്തിതോട്ടിൽനിന്ന് വെള്ളം ഒഴിഞ്ഞു

പോകുവാൻ സംവിധാനം ഉണ്ടാക്കണം.

11. മുണ്ടകൻപ്പാടം നീർക്കെട്ടിൽ കൃഷി ചെയ്യാൻ സൗകര്യമുണ്ടാക്കണം.

12. കൊല്ലേരിപറമ്പിലും അയനിക്കാട്ടും കുളംകുഴിച്ച് ജലസേചനം നടത്താൻ ഏർപ്പാടുണ്ടാക്കണം.

13. ഇളനീർ പന്തൽ, സ്ഥാപിക്കുന്നതിന് വേണ്ട പ്രായോഗികവിവരങ്ങൾ ലഭ്യമാക്കണം.

14. കുറുവണ്ണിവയൽ മങ്കുഴിയിലെ ജലം ഉപയോഗിച്ച് ജലസേചനം നടത്തേണ്ടതാണ്.

15. മുണ്ടകപ്പാടത്ത് മണ്ണിലും, പുല്ലിലും, വെള്ളത്തിലും കാണുന്ന വിഷമുള്ള കീടങ്ങളെ നശിപ്പിക്കണം.

16. എടോൾപറമ്പ് പൈക്കടകണ്ടിതോട് സംരക്ഷണം.

17. ആമാംകുനിതോടിലെ ഓര്വെള്ളം തടയണം.

18. പച്ചക്കറി, വാഴകൃഷികൾക്ക് രോഗങ്ങൾ പടർന്നുപിടിക്കുന്നു.

19. ചേരറുംകുഴി ഭാഗങ്ങളിൽ മണ്ണിട്ട് നികത്തുന്ന കാരണം വെള്ളം കെട്ടിനിൽക്കുന്നു.

20. 70ം വാർഡിലെ വലിയാറമ്പത്ത് കുളം പ്രയോജനപ്പെടുത്തി ജലസേചനസൗകര്യം ഉണ്ടാക്കണം.

21. മങ്കുഴിയിലെ ജലം ഉപയോഗിച്ച് കരുന്ത, അയ്യൻകണ്ടി ഭാഗങ്ങളിൽ തെങ്ങുകൃഷിക്ക് ജലസേചനം നടത്താം.

22. കൃഷിക്കാർക്ക് പുതിയ അറിവുകൾ ലഭിക്കുവാൻ എല്ലാ ഭാഗങ്ങളിലും കൃഷിഭവൻ മുഖേന ക്ലാസ്സ് നൽകേണ്ടതാണ്.

23. വീട്ടുവളപ്പിലെ അടുക്കളകൃഷിയും, പ്രോത്സാഹിപ്പിക്കണം.

24. പുഷ്പകൃഷികൾ, അലങ്കാരചെടികൾ എന്നിവയ്ക്ക് പറ്റിയ സ്ഥലങ്ങളിൽ കൃഷിഭവനുമായി സഹകരിച്ച് കൃഷി നടത്തി തൊഴിൽസംരംഭങ്ങൾ വർദ്ധിപ്പിക്കണ്. പഞ്ചായത്തിൽ കൂൺകൃഷി പ്രോത്സാഹിപ്പിക്കണം.

25. തൊണ്ടിയിൽപ്പാടത്ത് പാലാറ്റിപ്പാടത്തും പഞ്ചായത്തിന്റെ പുറമ്പോക്കിലും കൂട്ടുകൃഷിയടിസ്ഥാനത്തിൽ പച്ചകൃഷി ചെയ്യാൻ പ്രോത്സാഹനം ചെയ്തുകൊടുക്കണം.

26. പഞ്ചായത്തിൽ റഗുലേറ്റഡ് മാർക്കറ്റിംഗ് സിസ്റ്റം കൊണ്ടുവരണം.

27. ഗോബർഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ കൃഷിക്കാർക്ക് ആവശ്യമായ ഉപദേശങ്ങൾ നൽകണം.

28. രാസവളങ്ങളും ജൈവവളങ്ങളും ലഭിക്കാൻ സംവിധാനം ഏർപ്പെടുത്തണം.

29. ഞെളിയൻപറമ്പിൽ തള്ളുന്ന ജൈവമാലിന്യങ്ങൾ കോർപ്പറേഷന്റെ സഹായത്തോടെ സംസ്കരിച്ചും, പഞ്ചായത്തിലെ പ്രധാനപ്പെട്ട വ്യാപാരസ്ഥാപനങ്ങളിലെ ജൈവ അവശിഷ്ടങ്ങൾ ഒന്നായി കൂട്ടി കമ്പോസ്റ്റ് നിർമ്മിച്ചും ജൈവവളങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കേണ്ടതാണ്. ജൈവവളങ്ങൾക്കുവേണ്ടി വീടുകളിൽ മണ്ണിരകമ്പോസ്റ്റ് നിർമ്മിക്കാൻ കഴിഞ്ഞാൽ അടുക്കള തോട്ടങ്ങളിൽ ഉപയോഗിക്കാൻ കഴിയും. പഞ്ചായത്തിൽ ഇന്ന് ഒരു നേഴ്സറി മാത്രമെയുള്ളൂ. സഹകരണാടിസ്ഥാനത്തിൽ ഒരു നേഴ്സറികൂടി സ്ഥാപിച്ച് നടീൽവസ്തുക്കളുടെ ക്ഷാമം പരിഹരിക്കാൻ കഴിയാവുന്നതാണ്.

**കൃഷി ഉപകരണങ്ങൾ:-** കൃഷിഭവൻ മുഖേന പാലാറ്റിപ്പാടം, കോട്ടലാട പാടശേഖരസമിതിക്കു

പട്ടിക 1-3

വിളവിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | ഉല്പാദനം |
|---|---|---|
| നെല്ല് (1ാംവിള) | 8 ഹെക്ടർ | 1850 കി/ഹെക്ടർ |
| നെല്ല് (2ാംവിള) | ള ,, | 2800 ,, |
| നെല്ല് (3ാംവിള) | ള ,, | 3450 ,, |
| പയർ | 5 ,, | 500 കി/ഹെക്ടർ |
| പച്ചക്കറി | 5 ,, | — |
| തെങ്ങ് | 648 ,, | 6480000/ഹെ. |
| വാഴ | 6 ,, | 80000 /ഹെ. |
| മരച്ചീനി | 1 ,, | 3500 കി/ഹെ. |
| കുരുമുളക് | 5 ,, | 2750 കി/— |
| പ്ലാവ് | 5 ,, | 40 ടൺ/ഹെ. |
| കശുമാവ് | 3 ,, | 1800 കി/ഹെ. |
| മാവ് | 5 ,, | 15 ടൺ. |
| കവുങ്ങ് | 8.5 ,, | 93500 അടയ്ക്ക |
| കൊക്കോ | 150എണ്ണം | 150 കി. |

അവലംബം കൃഷിഭവൻ.

നൽകിയ ട്രില്ലർ, സ്പ്രെയർ മോട്ടോർ, എന്നിവ യഥാസമയം ഉപയോഗപ്രദമാക്കിയാൽ കൃഷി കുറേക്കൂടി പുരോഗമിപ്പിക്കാൻ കഴിയും. അതോടൊപ്പം എല്ലാ കാർഷിക ഉപകരണങ്ങളും വാടകക്ക് കിട്ടുന്ന തരത്തിൽ ഒരു കാർഷിക ഉപകരണസ്റ്റോറിനും പഞ്ചായത്തിൽ സാധ്യതയുണ്ട്.

കാർഷിക സമിതികൾ:-പാലാറ്റിപ്പാടം, കോട്ടലാട പാടശേഖര സമിതിയും, ഒരു കേരവികസന സമിതിയും പ്രവർത്തിക്കുന്നുണ്ട്. മൊത്തം കൃഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരത്തക്കവിധത്തിൽ ഇതിന്റെ പ്രവർത്തനം സജീവമാക്കേണ്ടതാണ്. – കേരവികസനസമിതിയുടെ കീഴിൽ ഒരു നാളികേര സംഭരണ–വിപണന കേന്ദ്രം തുടങ്ങാവുന്നതാണ്.

താഴ്ന്ന പ്രദേശമായ പാലാറ്റിപ്പാടം, കോട്ടലാട പാടശേഖരം കമ്മറ്റിയുടെ കീഴിലുള്ള 10 ഹെക്ടർ സ്ഥലത്ത് മാത്രമാണ് ഇപ്പോൾ നെൽകൃഷിയുള്ളു. നല്ലളം മുണ്ടകപ്പാടം, വെള്ളിലവയൽ, റഹ്മാൻബസാറിനോടടുത്തുള്ള മൺകുഴിക്കടുത്ത സ്ഥലം എന്നിവിടങ്ങളിൽ പുതിയ സാങ്കേതിക വിദ്യയും ജലസേചനസൗകര്യങ്ങളും ഉപയോഗിച്ചാൽ 25 ഹെക്ടർ സ്ഥലത്ത് നെൽകൃഷി വ്യാപിപ്പിക്കാൻ കഴിയും. വിരിപ്പ് (1ാം വിള) മുണ്ടകൻ (2ാം വിള) പുഞ്ച (3ാം വിള) എന്നിങ്ങനെയാണ് ഇപ്പോൾ മേൽപ്പറഞ്ഞ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നത്. ഒന്നും, രണ്ടും വിളകൾക്ക് നാടൻ വിത്തുകളും മൂന്നാം വിളക്ക് മേൽത്തരം ഇനം വിത്തുകളുമാണ് ഉപയോഗിക്കുന്നത്. നിർവാർച്ച ഇല്ലാത്തതിനായൽ 1ഉം 2ഉം വിളകൾക്കു നെടിയ ഇനങ്ങളായ നാടൻ ചെടികൾ മാത്രമെ ഉപയോഗിക്കാൻ കഴിയുന്നുള്ളു. എന്നാൽ ഈ വിളകൾക്ക് ഉല്പാദനക്ഷമത കുറവാണ്. അത് പരിഹരിക്കാൻ മസൂരി, H4 പോലുള്ള അത്യല്പാദന ശേഷിയുള്ള നെടിയ ഇനങ്ങൾ ഉപയോഗിച്ചാൽ ഉല്പാദനം ഇരട്ടിയാക്കാൻ കഴിയും.

കൃഷിഭവന്റെ സഹായത്തോടെ വിവിധഭാഗങ്ങളിലെ മണ്ണുകൾ പരിശോധിച്ച് വളനിർണ്ണയം ചെയ്യാൻ കഴിയും.

തോടുകൾ – കുളങ്ങൾ – കിണറുകൾ:- നിലവിലുള്ള 25ഓളം തോടുകളും, മുണ്ടോളി പള്ളിക്കളം, പഴയ ജുമാഅത്ത് പള്ളികുളം, അമ്പലക്കണ്ടികുളം, മൺകുഴികൾ, അമ്പലകണ്ടികിണർ, മോഡേൺകമ്പനികുളം, നല്ലളം പഞ്ചായത്ത് കിണർ, കിഴുവനകുളം, പുൽപറമ്പിൽ, എടക്കണ്ടികിണർ, ഒറവൻകുളം, ശ്മശാനകുളം, ഗിരീഷ്ടാക്കീസിനടുത്ത കുളം, വല്ല്യച്ചിപറമ്പ് കുളം, പി.സി.ന്റെ കുളം, വലിയാറമ്പ്കുളം, കോഴിപ്പുള്ളികുളം, അച്ചാറമ്പത്ത്കുളം തെക്കെകളത്തിൽകുളം. പാലക്കുളം തുടങ്ങി നിരവധി ജലസംഭരണികൾ സ്വകാര്യം കൃഷി ആവശ്യത്തിനും കൂട്ടുകൃഷികൾക്കും ഉപയുക്തമാക്കാൻ കഴിയേണ്ടതാണ്.

കൂലിനിരക്ക്:- വ്യവസായിക പ്രാധാന്യമുള്ള ഒരു പഞ്ചായത്ത് എന്ന നിലയിൽ കാർഷിക തൊഴിലാളികൾ സ്ഥിരം തൊഴിൽ ചെയ്യുന്നവരല്ല. ഇവരുടെ എണ്ണം റിപ്പോർട്ടിന്റെ ആദ്യഭാഗങ്ങളിൽ സൂചിപ്പിച്ചപോലെ കുറഞ്ഞുവരികയാണ്. മൊത്തം 6865 കുടുംബങ്ങളിൽ 164 പേർ മാത്രമെ മുഴുവൻ സമയകർഷകരുള്ളു. 422 പുരുഷ തൊഴിലാളികളും 23 സ്ത്രീ തൊഴിലാളികളുമുണ്ട്. അവരുടെ കൂലിനിരക്ക് യഥാക്രമം 125ഉം 70ക.യും ആണ്. തെങ്ങ് കയറ്റത്തിന് തെങ്ങിനൊന്നിന് 5 രൂപയും ആണ് കൂലി.

കാർഷികവായ്പ:-സഹകരണമേഖലയിലെ ഫറോക്ക് സർവ്വീസ് കോ-ഓപ്പ്. ബേങ്ക് ആണ് പ്രധാന കാർഷിക വായ്പ നൽകുന്ന സ്ഥാപനം. വാഴകൃഷി നടത്താൻ 4,88,745 രൂപയും കിണർ, പമ്പ്സെറ്റ് എന്നിവ നിർമ്മിക്കാൻ 5,16,814 രൂപയും പ്രസ്തുത ബാങ്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 2,10,180 ബാങ്കിന് തിരിച്ചടക്കാൻ ബാക്കിയാണ്.

പ്രകൃതിദുരിതാശ്വാസം:- 1993-94 10 ഹെക്ടർ സ്ഥലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസമായി 10 കൃഷിക്കാർക്ക് 6,000 രൂപയും 94-95ൽ 100 ഹെക്ടർ സ്ഥലത്ത് വെള്ളപ്പൊക്കത്തിന് 417 കൃഷിക്കാർക്ക് 75,000 രൂപയും 95-96ൽ 7 ഹെക്ടർ സ്ഥലത്ത് വെള്ളപ്പൊക്ക ദുരിതാശ്വാസമായി 8 കൃഷിക്കാർക്ക് 10,500 കയും നൽകിയതായി വില്ലേജ്ഓഫീസിൽനിന്നുള്ള രേഖകളിൽ കാണുന്നു.

കൃഷിഭവൻ:-1987 സപ്തമ്പർ 1ന് നിലവിൽ വന്നു. കാർഷികമേഖലയിൽ പുതിയ രീതികൾ

നടപ്പാക്കുന്നതിനും ചെറിയ തോതിലാണെങ്കിലും കർഷകർക്ക് കൃഷിയിൽ താല്പര്യമുണർത്തുന്ന വിവിധ പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പി ലാക്കുന്നുണ്ട്. 1 കൃഷി ആഫിസറും, 3 കൃഷി അസിസ്റ്റന്റുമാരും ഇവിടെ പ്രവർത്തിക്കുന്നു. കൊളത്തറ റൂറൽ ഡിസ്പൻസറിക്കടുത്ത് ഒരു വാടകകെട്ടിടത്തിലാണിത് പ്രവർത്തിക്കുന്നത്. ഉപകരണങ്ങളും നടീൽവസ്തുക്കളും സൂക്ഷിക്കാനുപയുക്തമായ രീതിയിൽ സ്വന്തം കെട്ടിടത്തിലേക്ക് ഇതിന്റെ പ്രവർത്തനം മാറ്റണം.

മണ്ണ് പരിശോധന - 225 സാമ്പിളുകൾ പരിശോധിച്ചു.

പയറുവികസനപദ്ധതി 80 കി. പയറ് വിത്ത് 20% സൗജന്യനിരക്കിൽ വിതരണം ചെയ്തു.

പ്രകൃതിക്ഷോഭം- കൃഷി നശിച്ചവർക്ക് 7 പേർക്കായി 1289 രൂപ നൽകി.

പ്രത്യേക പദ്ധതി:

വെള്ളിലവയൽ ഹരിജൻ കോളനിയിൽ

3707 രൂപയുടെ രാസവളം.

996 രൂപയുടെ തെങ്ങിൻതൈ.

652 രൂപയുടെ കുരുമുളക് വള്ളി എന്നിവയും നൽകി.

ഇത് കൂടാതെ 96-97ൽ സമഗ്രനാളികേരവികസനപദ്ധതി. പച്ചില വളച്ചെടിവിത്ത്വിതരണം, മരുന്ന് തളിയന്ത്രം നൽകൽ, തെങ്ങ് കയറ്റയന്ത്രം വിതരണം പാടശേഖരകമ്മറ്റികൾക്ക് ബ്ലോക്ക് തല അവാർഡ്, സമഗ്രകീടനിയന്ത്രണപദ്ധതി, വിള പരിപാലനം, യന്ത്രവൽക്കരണപദ്ധതി (പാടശേഖരകമ്മറ്റി), കുരുമുളക് വികസന പദ്ധതി, ഹരിജൻ കർഷകൾക്കുള്ള സഹായം, ഡ്രിപ്പ് ഇറിഗേഷൻ, കവുങ്ങിനുള്ള മഹാളി രോഗ സ്പ്രേയറിങ്ങ്, ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം, ഇളനീർപന്തൽ സ്ഥാപിക്കൽ കന്നുകിട്ടി പരിപാലനം, പാൽസംഭരണ-വിതരണയൂനിറ്റ്. മണ്ണ് പരിശോധന, നടീൽ വസ്തുക്കളുടെ വിതരണം തുടങ്ങിയവ കൃഷിഭവൻ ഈ പഞ്ചായത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

വ്യാവസായികമായി മുന്നോട്ട് പോകുന്തോറും കാർഷിക രംഗങ്ങളിൽ പൊതുവെ മാന്ദ്യം അനുഭവപ്പെടുകയാണ്. മറ്റു സംസ്ഥാനങ്ങളിൽനിന്ന് വരുന്ന പച്ചക്കറി, മുട്ട, പാൽ, അരി, പലവ്യഞ്ജനങ്ങൾ എന്നിവയെമാത്രം ആശ്രയിച്ച് (പഞ്ചായത്തിൽ വില്ക്കപ്പെടുന്ന ഇനങ്ങളുടെ പട്ടിക മൃഗസംരക്ഷണം ഭാഗത്ത് എന്ന ഭാഗത്ത് നോക്കുക) ഒരു ഉപഭോഗസംസ്കാരം വളർന്നു വരുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്. ഓരോ ഇഞ്ച് ഭൂമിയിലും പരമാവധി ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന തരത്തിൽ ഒരു കാർഷികസംസ്കാരം വളർന്നുവരട്ടെ എന്ന് പ്രത്യാശിക്കാം.



218

### കൃഷിഭവൻ മുഖേന കഴിഞ്ഞ വർഷം നടപ്പിലാക്കിയ പദ്ധതികൾ

പട്ടിക 4

| പദ്ധതിയുടെ പേരി | വിഷയം | ഗുണഭോക്താവ് | കിട്ടിയസഹായം |
|---|---|---|---|
| സമഗ്രധാന്യവികസനപദ്ധതി | നെല്ല് | പാലാറ്റിപ്പാടം, കോട്ടലാട, പാടശേഖരകമ്മിറ്റി | 1 ട്രില്ലർ, 10 HP ഇലക്ട്രിക് മോട്ടോർ |
| മിനികിറ്റ് പദ്ധതി | നെല്ല് | 50 പേർക്ക് | 2കി. അത്യുല്പാദന ശേഷിയുള്ള നെല്ല് - വിത്ത് |
| ഗ്രൂപ്പ് ഫാമിങ്ങ് | നെല്ല് | പാലാറ്റിപ്പാടം | ഉല്പന്നബോണസ്സ് വിരിപ്പിന് ഉല്പാദനബോണസ് 300ക മുണ്ടകന്ന് 1500ക. പുഞ്ചക്ക്1061 രൂപ. |
| സംയോജിക കേരകൃഷി | തെങ്ങ് | 7 പേർ | കിണർകുഴിക്കാൻ |
| | ,, | 13 പേർ | പമ്പ്സെറ്റ് |
| | ,, | 2 പേർ | തെങ്ങുകയറ്റയന്ത്രം |
| | ,, | 1 പേർ | സ്പ്രേയർ |
| TXD, DXT, WCT, തെങ്ങിൻ തൈകളുടെ വിതരണം | ,, | 300 എണ്ണം | (WCT) |
| | | 80 ,, | TXD |
| | | 45 ,, | DXT |
| കവുങ്ങ് വികസനപദ്ധതി | കമുങ്ങ് | 125മംഗള തൈ. | |
| സുഗന്ധവിളവികസനപദ്ധതി | കുരുമുളക് | 5 പേക്ക് 1ാം വർഷം | 5000/ഹെ. |
| | | 2ാം വർഷം | 3000രൂ/ഹെ. |
| | | 3ാം വർഷം | 2000കി/ഹെ. |
| പച്ചക്കറിവികസനപദ്ധതി | പച്ചക്കറി | 490 പാക്കറ്റ് | 5 സ്കൂളിലെ കുട്ടികൾക്ക് |
| പച്ചക്കറിവിത്തുല്പാദനവും വിപണനവും | പച്ചക്കറി | 2 പേർക്ക് കൊടുത്തു. | വിത്ത് പാക്കറ്റ് |
| ഫലവർഗ്ഗവികസനപദ്ധതി | വിവിധ ഫലവൃക്ഷങ്ങൾ | ഒട്ട് മാവ് 48 എണ്ണം | |
| | | ഒട്ട് പ്ലാവ് 20 ,, | |
| | | ഒട്ട് സപ്പോട്ട 15 ,, | |
| | | ഉറുമാമ്പഴം 5 ,, | |
| | | നെല്ലി 10 ,, | |
| | | പേര 10 ,, | |
| | | ജാമ്പക്ക 10 ,, | |
| ജൈവവളവികസനം | ജൈവവളനിർമ്മാണം | 80 | 25 ക വീതം |
| വിള ഇൻഷൂറൻസ് | വിളഇൻഷൂറൻസ് | 82 | |
| നടീൽവസ്തുക്കളുടെ വിതരണം | നടീൽവസ്തുക്കൾ | നെൽവിത്ത് ചുവന്ന ത്രിവേണി. | 2000 കി. |
| പ്രത്യേക തൊഴിൽദാന പദ്ധതി | | 74 പേർ ഓരോരുത്തരും 1100 രൂപവീതം അടച്ചു. | 1 ആൾക്ക് 2500രൂപ ധനസഹായം നൽകി. |

## മൃഗസംരക്ഷണവും മത്സ്യബന്ധനവും

പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും ഒരു കാലത്ത് കാലിവളർത്തൽ സജീവമായിട്ടുണ്ടായിരുന്നു. കാലികളെ അഴിയിച്ചിട്ട് മേയാൻ അനുവദിച്ചതും, ഭൂമി തുണ്ടം തുണ്ടമായി വീതിക്കാത്തതും, നെൽകൃഷി താരതമ്യേന മോശമല്ലാത്ത രീതികളിൽ നടത്തിയിരുന്നതുകൊണ്ടും പാടങ്ങളിൽ ചാണകം പോലുള്ള ജൈവവളങ്ങളുടെ ഉപയോഗവും കാലിവളർത്തലിന് പ്രാധാന്യം ഉണ്ടാക്കി.

പച്ചിലകൾ ധാരാളം കിട്ടിയിരുന്നതുകൊണ്ട് ആടുകളെ വളർത്തലും ലാഭകരമായിരുന്നു. നാട്ടിൻപുറങ്ങളിൽത്തന്നെ പശുക്കളെയും, ആടുകളേയും ഇണചേർക്കുന്നതിന് സൗകര്യമുണ്ടായിരുന്നു.

കന്നുകാലികൾക്ക് കണ്ടുവരുന്ന രോഗങ്ങൾക്ക് നാടൻ മരുന്നു സമ്പ്രദായങ്ങളായിരുന്നു ഉപയോഗിച്ചിരുന്നത്. അലഞ്ഞു നടക്കുന്ന പശുക്കൾക്ക് വെള്ളം കുടിക്കാൻ കൊട്ടത്തളങ്ങൾ പല സ്ഥലങ്ങളിലും നിർമ്മിച്ചിരുന്നു.

നെൽപ്പാടങ്ങൾ ഉഴുതുമറിക്കാൻ കാളകളും ചിലസ്ഥലങ്ങളിൽ പോത്തിനെയും ഉപയോഗിച്ചിരുന്നു. കാളപൂട്ട് മത്സരങ്ങൾ നടത്തിയിരുന്ന സ്ഥലങ്ങളും ഉണ്ടായിരുന്നു. ചേളാരി, കൊടുവള്ളി എന്നീ കേന്ദ്രങ്ങളിലെ ആഴ്ച ചന്തയിലും വെച്ച് കന്നുകാലികളെ കൈമാറ്റവും വിപണനവും നടന്നിരുന്നു.

ചാലിയാർ പുഴയോട് ചേർന്ന ഭാഗങ്ങളിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് ജീവിക്കുന്നവർ ധാരാളമുണ്ടായിരുന്നു. മാവൂർ ഗ്വാളിയോർ കമ്പനിയുടെ മലിനജലം ചാലിയാറിൽ തള്ളപ്പെട്ടത്മൂലം മത്സ്യസമ്പത്ത് നശിക്കാനും തൊഴിലാളികൾ മറ്റു മേഖലകളിലേക്ക് ജോലിതേടിപ്പോകുന്നതിന് കാരണമായി.

മതാചാരപ്രകാരമുള്ള മൃഗബലി അരാധനാലയങ്ങളിൽ ഇന്നും നടന്നുവരുന്നു. ചാലിയാറിന്റെ തീരവും ചെറുപുഴയുടെ തീരങ്ങളിലും മത്സ്യം പിടിച്ച് ഉപജീവനം കഴിക്കുന്നവർ ധാരാളമുണ്ടായിരുന്നു. മൺകുഴികളുടെ വരവോടെയും പാർപ്പിടത്തിനും വ്യവസായത്തിനും ഭൂമി നൽകപ്പെട്ടതോടുകൂടി മഴക്കാലങ്ങളിൽ വരാൽ, വാള, തുടങ്ങിയ മത്സ്യങ്ങൾ നെൽവയലിലേക്ക് വരുന്നത് കുറഞ്ഞുവന്നു. ഒറ്റൽ, മുളകൊണ്ടുള്ള തടുക്ക്, കോരുവല തുടങ്ങിയവ ഉപയോഗിച്ച മത്സ്യബന്ധനം നടത്തിയിരുന്നു.

ചെറിയ തോണികളിൽപോയി ചൂണ്ടയിട്ട് മത്സ്യം പിടിക്കുന്ന രീതിയും സൈക്കിൾ റിമ്മിൽ വലകെട്ടി ഇരകോർത്ത് ഞണ്ടിനെ പിടിക്കുന്ന സമ്പ്രദായവും ഉണ്ട്.

കൃഷിയെപ്പോലെത്തന്നെ പ്രാധാന്യം നൽകേണ്ട മേഖലകളായിരുന്നു ഇതെങ്കിലും ഭൂമിയുടെ വിസ്തൃതി, തീറ്റകളുടെ ക്ഷാമം, സൗകര്യമുള്ള തൊഴുത്ത് നിർമ്മിക്കാൻ സ്ഥലമില്ലായ്മ തുടങ്ങിയ കാര്യങ്ങൾകൊണ്ട് കാലിവളർത്തൽ ഇന്ന് ലാഭകരമല്ലാതാവുകയാണ്.

തീറ്റപ്പുല്ലിന്റെ ക്ഷാമം, സമീകൃതാഹാരങ്ങളുടെ വിലക്കയറ്റം, ക്ഷീരസഹകരണസംഘങ്ങളുടെ പ്രവർത്തന വൈകല്യങ്ങൾ, സാങ്കേതിക വിദ്യകളുടെ അപര്യാപ്തത ഇവയൊക്കെ കാലിവളർത്തൽ പിന്നോട്ടടിക്ക് കാരണമായിട്ടുണ്ട്.

പഞ്ചായത്തിന്റെ എല്ലാഭാഗങ്ങളിലും കന്നുകാലിവളർത്തൽ ഇന്ന് നടത്തുന്നുണ്ടെങ്കിലും കാലിവളർത്തൽ ലാഭകരമായ തൊഴിലല്ലെന്നാണ് കൃഷിക്കാരുടെ അഭിപ്രായം.

ചെറുവണ്ണൂർ നല്ലളം പഞ്ചായത്തും ഒളവണ്ണ പഞ്ചായത്തിലെ 5,6,7,8 എന്നീ വാർഡുകളും കേന്ദ്രീകരിച്ച് ചെറുവണ്ണൂർ ക്ഷീരോല്പാദക സഹ



ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ

കരണസംഘമാണ് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഏക സഹകരണസ്ഥാപനം. 1953ൽ പ്രവർത്തനം ആരംഭിച്ചെങ്കിലും ഇപ്പോഴും സജീവമായിട്ടില്ല. 1145 ക്ഷീരോല്പാദകരാണ് ഈ സംഘത്തിൽ ഉള്ളത്. പ്രധാനപ്പെട്ട സ്ഥലങ്ങളിൽവന്ന് പാല് ശേഖരിക്കുന്നുണ്ടെങ്കിലും പാലിന്റെ കൊഴുപ്പനുസരിച്ചും ഉല്പാദനചിലവനുസരിച്ചും കൃഷിക്കാർക്ക് വില കിട്ടുന്നില്ലെന്നുള്ള അഭിപ്രായമുണ്ട്. ഈ സംഘം പ്രവർത്തനമേഖല വിപുലീകരിച്ച് ഒരു കാലിത്തീറ്റ നിർമ്മാണ യൂനിറ്റ് ആരംഭിക്കുകയും തീറ്റപ്പുൽ കൃഷിക്കുവേണ്ട പ്രോത്സാഹനവും നൽകേണ്ടതാണ്.

ഉല്പാദിപ്പിക്കുന്ന പാൽ മൊത്തമായി സംഭരിക്കാനും വിപണനം നടത്താനും വേണ്ട ക്രമീകരണങ്ങൾ ഈ സംഘത്തിന്റെ ഭാഗത്തുനിന്നുണ്ടാകണം.

പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ പാലുല്പാദനം നടക്കുന്നില്ലെന്ന് അഞ്ചാം പട്ടികയിൽനിന്ന് മനസ്സിലാക്കാം. ചുരുങ്ങിയത് ഈ വിപണന സാധ്യതയെങ്കിലും ഉപയോഗിക്കാൻ കഴിയേണ്ടതാണ്.

## മൃഗാശുപത്രി

ഇപ്പോൾ നല്ലളത്ത് തുടങ്ങിയ മൃഗാശുപത്രിയും, കുണ്ടായിത്തോട് ലൈവ് സ്റ്റോക്ക് ഇൻസ്പക്ടരുടെ ഓഫീസും ബേപ്പൂർ മൃഗാശുപത്രിയുമാണ് മൃഗരോഗങ്ങൾക്ക് ചികിത്സിക്കാനുള്ള കേന്ദ്രങ്ങളുള്ളത്. ഇതിൽ കുണ്ടായിത്തോട് സെന്ററിന്റെ ശോചനീയാവസ്ഥ പരിഹരിക്കുകയും നല്ലളം ഹോസ്പിറ്റലിൽ ഒരു മുഴുവൻ സമയ ഡോക്ടരുടെ സേവനം ലഭ്യമാക്കുകയും വേണം.

## ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ പ്രശ്നങ്ങൾ

13% വീടുകളിലേ പശുവിനെ വളർത്തുന്നുള്ളൂ. തീറ്റപ്പുല്ലിന്റെ ക്ഷാമം, കാലിത്തീറ്റയുടെ വിലവർദ്ധനവ്, തൊഴുത്ത് കെട്ടാൻസൗകര്യകുറവ്, ചാണകത്തിന് വിലയില്ലായ്മ, രോഗചികിത്സക്ക് സൗകര്യക്കുറവ്, ഉല്പന്നങ്ങൾക്ക് വിലക്കുറവ്, അന്യസംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവന്ന് വില്ക്കുന്ന വിലക്ക് വില്ക്കാൻ കഴിയായ്മ, പാലുല്പന്നങ്ങൾ സംസ്കരണത്തിലൂടെ ഉണ്ടാക്കാൻ കഴിവില്ലായ്മ, സർക്കാർ പദ്ധതികളുടെ അറിവില്ലായ്മ, കുളങ്ങളിലും പുഴകളിലും കൃഷിചെയ്യേണ്ട മത്സ്യങ്ങളെപ്പറ്റിയുള്ള വിവരം കിട്ടാത്ത അവസ്ഥ, മത്സ്യരോഗങ്ങൾ കണ്ടുപിടിക്കാൻ സംവിധാനം, മത്സ്യബന്ധനം-സംസ്കരണം-വിതരണം ഇവയ്ക്കുവേണ്ട വിദഗ്ദ്ധോപദേശങ്ങൾ ഇല്ലായ്മ, പഞ്ചായത്തിൽ ഒഴിവുള്ള വാർഡുകളിൽ ഒരു പാൽ സഹകരണസംഘം ഉണ്ടാക്കുക. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ പുഴയിലും കുളങ്ങളിലും, മൺകുഴികളിലും ഓര്ജല മത്സ്യകൃഷിയും ശുദ്ധജല മത്സ്യകൃഷിയും നടത്താൻ സാധ്യതയുണ്ട്. മൂന്നാം വാർഡുമുതൽ 1,2,7,12,13 എന്നീ വാർഡുകളുടെ അതിരുകളിൽ കൂടി ഒഴുകുന്ന ചാലിയാർ, ചെറുപുഴ ഇവയിലും, മൺകുഴികളും, സ്വകാര്യ-പൊതു കുളങ്ങളിലും മത്സ്യകൃഷി നടത്താൻ പറ്റിയ സാഹചര്യങ്ങളുണ്ട്. ചതുപ്പുനിലങ്ങളിൽ ചെമ്മീൻ വളർത്താനും ഉള്ള സാധ്യത പരമാവധി ഉപയോഗപ്രദമാക്കണം.

പട്ടിക 5

| പ്രധാന വിപണന കേന്ദ്രം | പച്ചക്കറി കിലോ 1 ആഴ്ച | പഴം കിലൊ 1 ആഴ്ച | മുട്ട എണ്ണം 1 ആഴ്ച | മത്സ്യം കിലൊ 1 ആഴ്ച | പാൽ ലിറ്റർ 1 ആഴ്ച | ഇറച്ചി കിലൊ 1 ആഴ്ച |
|---|---|---|---|---|---|---|
| നല്ലളം | 2219 | 1006 | *12050 | 840 | - | 2548 |
| അരീക്കാട് | 2005 | 1215* | 1320 | 1520 | 4025 | 1010 |
| റഹ്മാൻബസാർ | 915 | 655 | *6230 | 1440 | - | 875 |
| കൊളത്തറ | 850 | 550 | 5100 | 560 | - | 50 |
| ചെറുവണ്ണൂർ | 2930 | 1885 | *14300 | 2875 | 3150 | 975 |
| ശാരദമന്ദിരം | 205 | 255 | 1540 | 800 | - | - |
| കുണ്ടായിത്തോട് | 400 | 870 | 1386 | 1615 | - | - |
| ആകെ | 9524 | 6436 | 40540 | 9650 | 7175 | 5458 |

* ഹോൾസെയിൽ വില്പന അടക്കം
(നാട്ടിൻപുറങ്ങളിലും കുണ്ടായിത്തൊട് തുടങ്ങിയ സ്ഥലങ്ങളിലും ഇവർ വില്പന നടത്തുന്നു.

\- പാൽ മിൽമ വിതരണം ചെയ്യുന്നത് മാത്രം.
(പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും ചെറുവണ്ണൂർ, അരീക്കാട്

| വളർത്തു മൃഗസംഖ്യ | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പശു | | എരുമ | ചെമ്മരിയാട് | ആട് | പന്നി | നായ | കോഴി | | താറാവ് |
| സങ്കരം | നാടൻ | | | | | | നാടൻ | സങ്കരം | |
| 985 | 1205 | 244 | 35 | 1745 | 26 | 786 | 24152 | 2156 | 192 |

പട്ടിക 6

| കൃത്രിമ ബീജസങ്കലന വിവരങ്ങൾ | | | |
|---|---|---|---|
| വളർത്തു മൃഗം ഇനം | ആകെ എണ്ണം | കത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജസങ്കലനത്തിനം വേണ്ടിവന്നവ |
| പശു, | 794 | 586 | 16 |
| കിടാവ് | | 161 | 12 |
| എരുമ | 84 | 10 | 1 |

പട്ടിക 7

അവലംബം: ലൈവ്സ്റ്റോക്ക് ഇൻസ്പക്ടർ ഓഫീസ് സബ്സെന്റർ കുണ്ടായിത്തോട

മത്സ്യം വളർത്തൽ, ബന്ധനം, സംസ്ക്കരണം, വിപണനം എന്നിവ നടത്താൻ പഞ്ചായത്തിൽ ഒരു സഹകരണ സ്ഥാപനമുണ്ടാകേണ്ടതാണ്. പാൽ സഹകരണസംഘം, കാലിത്തീറ്റ നിർമ്മാണം, തീറ്റപ്പുൽകൃഷി, പാൽസംസ്കരണ സംവിധാനം എന്നിവയുണ്ടാക്കാൻ കഴിയണം.

ഇന്ന് നാമമാത്രമായി കൃഷി നടത്തുന്ന ചെമ്മീൻ, ശുദ്ധജല മത്സ്യങ്ങൾ, പന്നി, മുയൽ ഇവയ്ക്ക് ആവശ്യമായ സഹായങ്ങൾ കിട്ടിയാൽ മറ്റു മേഖലകളിൽകൂടി ഇവ വ്യാപിപ്പിക്കാൻ കഴിയും.

പന്ത്രണ്ടാം വാർഡിൽ പ്രവർത്തനം നിന്നുപോയതടക്കമുള്ള പഞ്ചായത്തിലെ എല്ലാ ഗോബർഗ്യാസ് പ്ലാന്റും പ്രവർത്തനക്ഷമമാക്കിയാൽ കാലിവളർത്തൽ ലാഭകരമാക്കാനും ഊർജ്ജക്ഷാമം കുറെയൊക്കെ പരിഹരിക്കാനും കഴിയും.

# ദ്വിതീയമേഖല

- വ്യവസായം
- ഊർജ്ജം
- ഗതാഗതം
- പാർപ്പിടം

## വ്യവസായം

ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിന്റെ മണ്ണ് വ്യാവസായിക സംസ്കാരവുമായി ഇഴുകിച്ചേർന്നതാണ്. കേരളത്തിൽത്തന്നെ ആദ്യമായി വ്യവസായസംസ്കാരം മുളപൊട്ടിയ പ്രദേശങ്ങളിൽ ഒന്നാണ് ചെറുവണ്ണൂർ മേഖല ഈ നൂറ്റാണ്ട് ആരംഭിക്കുന്നതിന് മുമ്പുതന്നെ കൈത്തൊഴിലുകാരായിരുന്ന കുശവന്മാർ മണ്ണു കൊണ്ട് മേച്ചിലൊടുകളുണ്ടാക്കി വിറ്റിരുന്നു. അവരുടെ ഓടിന്റെ മേന്മ കണ്ടിട്ടാവണം ചെട്ട്യാർമാരും മുതലിയാർമാരും അവർക്ക് പിന്നാലെ വിദേശികളും ഈ രംഗത്തേക്ക് കടന്നുവന്നത്. അവരെ കൂടാതെ കാപ്പി, കശുവണ്ടി, തീപ്പെട്ടി വ്യവസായങ്ങളും ആരംഭിക്കാനും ചിലരെത്തി. ഈ നൂറ്റാണ്ട് ഒരു ദശകം പിന്നിട്ടപ്പോഴേക്കും വിവിധങ്ങളായ വ്യവസായങ്ങളുടെ ഒരു മേഖലയായി ചെറുവണ്ണൂർ മേഖല മാറിയിരുന്നു. ഇന്ന് മേൽപ്പറഞ്ഞ വ്യവസായങ്ങൾക്ക് പുറമെ കാർബണിക വ്യവസായങ്ങളായ റബ്ബർ, പ്ലാസ്റ്റിക്, പി.വി.സി. വ്യവസായങ്ങളും എഞ്ചിനീയറിംഗ്, സ്റ്റീൽ, മര വ്യവസായങ്ങളും ഇവിടെയുണ്ട്. വ്യവസായ വളർച്ചയോടൊപ്പംതന്നെ ധാരാളം തൊഴിലവസരങ്ങൾ വളർന്നുവരികയും സാമ്പത്തികമായ മുന്നേറ്റങ്ങൾക്ക് അത് വഴിയൊരുക്കുകയും ചെയ്തു. ഇന്ന് ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്തിൽ 367 രജിസ്റ്റേർഡ് വ്യവസായ യൂണിറ്റുകളിലായി 8000ഓളം തൊഴിലാളികൾ തൊഴിലെടുക്കുന്നുണ്ട്. വിശദാംശം പട്ടിക 3.1ൽ ചേർത്തിരിക്കുന്നു. ഈ മേഖലയിൽ ഇനിയും ധാരാളം വ്യവസായങ്ങൾ തുടങ്ങാൻ താല്പര്യമുള്ളവരുണ്ട്. സാമ്പത്തികവും, സാങ്കേതികവുമായ സഹായങ്ങൾ ലഭിക്കുന്നതിനുണ്ടാകുന്ന കാലതാമസവും മറ്റ് പ്രയാസങ്ങളുമാണ് ഇവർക്ക് തടസ്സം. അവ ലഘൂകരിക്കാൻ കഴിഞ്ഞാൽ ഈ പ്രദേശത്തെ മുഴുവൻ തൊഴിലില്ലായ്മയും പരിഹരിക്കാൻ കഴിയുമാറ് വ്യവസായ വികസനത്തിന് സാധ്യത ഏറെയാണിവിടെ.

വിദേശമാർക്കറ്റിൽപോലും ഡിമാന്റുള്ള ഓട് വ്യവസായത്തിന്റെ Deairing Pugmil പോലുള്ള മെഷിനറികൾ ഇവിടെയുള്ള വിജയപ്രകാശ് ഇൻഡസ്ട്രീസ് നിർമ്മിക്കുന്നുണ്ട്. അതുപോലെ സിനിമാ പ്രൊജക്റ്ററുകളും ലൈൻ ബോറിംഗ് മെഷീനറിയും നിർമ്മിക്കുന്ന സിനിമെൻസും ബേൻസൊ, റിൻസൊ മെഷീൻ നിർമ്മിക്കുന്ന റഹ്മാൻ മെറ്റൽസും സ്റ്റീൽ റീറോളിംഗ് മില്ലുകളായ വിസ്കോ, പികെ. സ്റ്റീൽ എന്നിവയും സതേൺഗാസ്, മനോജ് പാക്കിംഗ്, വിദേശവിപണികളിൽപോലും സ്ഥാനം പിടിച്ച വി.കെ.സി. ഹവായ്, പോളിമേഴ്സ് യൂണിറ്റുകളായ റേഡിയന്റ്, ഹൈടെക്, കോഴിക്കോട് ജില്ലയിലെ തന്നെ ഏക തൂക്ക കട്ടി നിർമ്മാതാക്കളായ ഹൈഡാക്കർ, കൂടാതെ സ്വദേശി ഗ്രാനൈറ്റ്സ് ഏഷ്യയിൽത്തന്നെ ആദ്യമായി ആധുനിക യന്ത്രവൽക്കരണം കൊണ്ടുവന്ന ഏക വ്യവസായമായിരുന്ന സെറാമിക്സ്, സ്റ്റോൺവെയർ പൈപ്പിന് പേരുകേട്ട ഫറോക്ക് ടൈൽ വർക്സ്, തൊഴിലാളി മേനേജ്മെന്റിനാൽ ശ്രദ്ധേയമായ സ്റ്റാൻഡേർഡ് ടൈൽ & ക്ലേ വർക്സ്, ഏറ്റവുമാദ്യത്തെ ഓടുവ്യവസായമായ കാലിക്കറ്റ് ടൈൽകമ്പനി എന്നിങ്ങനെ പ്രമുഖങ്ങളായ വ്യവസായ യൂണിറ്റുകൾ നിരവധിയാണ്. ഇവക്ക് പുറമെ ഐസ്, ഇഷ്ടിക, ഹുരുഡീസ്, ജാളി, തറയോട്, പൂവോട്, ഡെക്കറേഷൻ ഓട്, ചെടിച്ചട്ടികൾ, കളിമൺ ശില്പങ്ങൾ, പ്ലൈവുഡ്, ഇലക്ട്രിക് സ്വിച്ച്ബോർഡ്, സ്റ്റീൽ ഫർണിച്ചർ, വുഡ് ഫർണിച്ചർ, കരകൗശല വസ്തുക്കൾ, പി.വി.സി. പൈപ്പുകൾ, അലൂമിനിയപാത്രങ്ങൾ, പ്ലാസ്റ്റിക് ബുഷുകൾ, ട്രെഡ് റബ്ബർ, ടയർ ഫ്ലാപ്പ്, കാസ്റ്റ് അയേൺ യന്ത്രഭാഗങ്ങൾ, കുട്ടികളുടെ സൈക്കിൾ, കളിക്കോപ്പുകൾ, ബില്ലറ്റ്, സ്റ്റീൽ റാഡ്, കാപ്പി, കശുവണ്ടി, കറിപൗഡർ, പലഹാരങ്ങൾ, ഗാർമെന്റ്സ്, മഷി, പേക്കിംഗ് ഉപകരണങ്ങൾ, ഹോളോബ്രിക്സ്, ഗ്രിൽസ്,

ഫൈബർമിൽ, പ്ലൈവുഡ് ഇൻഡസ്ട്രീസ് മെഷീനുകൾ, പി.വി.സി. ഗ്രൈൻഡൻ, പി.വി.സി മിക്സർ, സ്ട്രാപ്പ് കട്ടിങ് മെഷീൻ, പെൻസിൽ, ജൈവവളം, സോപ്പ്, മെഴുക്തിരി, ചന്ദനതിരി, സംസ്കരിച്ച ഭക്ഷ്യവസ്തുക്കൾ, ചീനച്ചട്ടി, കാസ്റ്റ് അയേൺ പാത്രങ്ങൾ, ഗ്രൈനൈറ്റ്, മൺപാത്രങ്ങൾ തുടങ്ങി ഒട്ടനവധി ഉൽപ്പന്നങ്ങൾ ഇവിടെ ഉൽപ്പാദിപ്പിക്കുകയും ലോക്കൽ മാർക്കറ്റിന് പുറമെ സംസ്ഥാനത്തിന് പുറത്തും വിദേശത്തുപോലും വിറ്റഴിക്കുന്നുമുണ്ട്. ഒരു വർഷത്തിൽ 30 യൂണിറ്റുകളിലായി 75 ലക്ഷം സ്പെയർ മോൾഡഡ് ചെരിപ്പുകളും 42.5 ലക്ഷം സ്പെയർ ഹവായ് ചെരിപ്പുകളും 3 കോടിയിലധികം ഓടുകളും ഈ മേഖലയിൽനിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്നു.

വ്യാവസായികമായി സമ്പന്നമാണെങ്കിലും വ്യവസായങ്ങളിൽ പലതും ആധുനിക രീതിയിലുള്ള ഉല്പാദനപ്രക്രിയക്ക് തുടക്കം കുറിക്കാത്തത് കാരണം വിപണിയിൽ കടുത്ത മത്സരം നേടിടേണ്ടിവരുന്നുണ്ട്. കൂടാതെ, കളിമൺ വ്യവസായം ഒഴിച്ചുള്ള മറ്റു വ്യവസായങ്ങളുടെ പ്രത്യേകിച്ചും കാർബണിക വ്യവസായങ്ങളുടെ അസംസ്കൃത പദാർത്ഥങ്ങളിൽ പലതും കേരളത്തിനു പുറത്തുനിന്നും ഇറക്കുമതിചെയ്യേണ്ടിവരുന്നത് കാരണം ഉല്പാദനചെലവ് വർദ്ധിക്കുന്നതിന് കാരണമാകുന്നു.

## പ്രശ്നങ്ങൾ

വ്യാവസായിക മേഖലക്ക് വികാസമുണ്ടായിട്ടുണ്ടെങ്കിലും അവ ഉയർത്തുന്ന ചില പാരിസ്ഥിതിക പ്രശ്നങ്ങൾ ആശങ്ക ഉയർത്തുന്നവയാണ്. പ്രധാന അസംസ്കൃത പദാർത്ഥങ്ങളായ കളിമണ്ണ്, പൂഴി മുതലായവ വയലുകളിൽനിന്നും പുഴകളിൽനിന്നും എടുക്കുന്നത് പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പഞ്ചായത്തിലെ പാടശേഖരത്തിൽ നല്ലൊരു പങ്ക് മൺകുഴികളായി മാറിയിട്ടുണ്ട്. വയലുകൾ നികത്തി ഉയർന്നുവന്ന വ്യവസായ സ്ഥാപനങ്ങൾ നീർക്കെട്ടിന് കാരണമാകുന്നുണ്ട്. സ്റ്റീൽ വ്യവസായങ്ങളിൽനിന്നുള്ള പുക സമീപ പ്രദേശങ്ങളിൽ ഉണ്ടാക്കുന്ന വായു മലിനീകരണം ജനങ്ങൾക്ക് ഭീഷണിയായിട്ടുണ്ട്. പഞ്ചായത്തിന്റെ വ്യാവസായിക ആസൂത്രണത്തിൽ പരിസ്ഥിതി പ്രശ്നങ്ങൾ ഗൗരവത്തോടെ കണക്കിലെടുക്കേണ്ടതുണ്ട്.

പരമ്പരാഗത വ്യവസായങ്ങൾക്ക് ഇവിടെ ഒരു സുവർണ്ണകാലമുണ്ടായിരുന്നു. മിക്കവാറും വീടുകളിൽ ചകിരിപിരി നടന്നിരുന്നു. അടുത്ത കാലം വരെ ചൂടി വ്യവസായം മോശമല്ലാത്ത നിലയിൽ നടന്നിരുന്നു. കളിമൺപാത്ര വ്യവസായവും പ്രധാനമായിരുന്നു. ഇവയെല്ലാമിപ്പോൾ തകർന്നടിഞ്ഞു. ഈറ്റ, മുള മുതലായവ ഉപയോഗിച്ചുകൊണ്ട് നിർമ്മിക്കുന്ന അത്താറ് (പനമ്പ്), കൊട്ട, മുറം, പായ മുതലായവയെല്ലാം ഒട്ടുമുക്കാലും അപ്രത്യക്ഷമായി. വർദ്ധിച്ചുവരുന്ന ജീവിതചെലവുകളെ നേരിടാൻ ഈ തൊഴിലിൽനിന്ന് വരുമാനമുണ്ടാവുന്നില്ല എന്നതും അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യവും ഇത്തരം വ്യവസായങ്ങളുടെ തകർച്ചക്ക് ആക്കം കൂട്ടിയിട്ടുണ്ട്. ഈ രംഗത്തെ രക്ഷപ്പെടുത്തുവാൻ ആത്മാർത്ഥമായ ശ്രമം നടക്കേണ്ടതുണ്ട്. മേന്മയുള്ള ഉല്പന്നങ്ങൾ ഉണ്ടാക്കിക്കൊണ്ടും നൂതനങ്ങളായ സാങ്കേതിവിദ്യകൾ ഉപയോഗപ്പെടുത്തിക്കൊണ്ടും മെച്ചപ്പെട്ട വിപണിയും വിലയും ലഭ്യമാക്കാൻ ശ്രമിക്കേണ്ടതാണ്. വ്യവസായമേഖലയുമായി ബന്ധപ്പെട്ട നവീകരണത്തിനും വികസനത്തിനും ആവശ്യമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവരികയുണ്ടായി

പട്ടിക 3- 1

| വ്യവസായ തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ | | | |
|---|---|---|---|
| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | ശതമാനം |
| 1 | കയർ | 60 | 0.9% |
| 2. | കശുവണ്ടി | 550 | 8.5% |
| 3. | റെഡിമെയ്ഡ് | 200 | 3% |
| 4. | ഫാക്ടറികൾ | 3620 | 55.7% |
| 5. | ചെറുകിട ഫാക്ടറികൾ | 2070 | 31.9% |

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വ്യവസായ വളർച്ചക്ക് അനുയോജ്യങ്ങളായ സ്ഥലങ്ങളിൽ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം. അതിനനുയോജ്യമായ സ്ഥലങ്ങൾ 1) പഴയ മോഡേൺ കമ്പനി കോമ്പൗണ്ട് (12 ഏക്കർ) 2) കെ.എസ്.ഇ.ബി. ഉടമസ്ഥതയിലുള്ള 7 ഏക്കറോളം

| വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ | | | | | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ഇനം | മൊത്തം യൂണിറ്റുകൾ | മൊത്തം തൊഴിലാളികൾ | | | |
| | | | പു. | സ്ത്രീ. | അന്യസംസ്ഥാനത്തുള്ളവർ | ആകെ |
| 1 | കളിമൺ (ഓട്, ഇഷ്ടിക) | 51 | 2783 | 20 | - | 2803 |
| 2 | മരം | 67 | 230 | 100 | - | 330 |
| 3 | പ്ലാസ്റ്റിക് | 22 | 50 | 50 | 400 | 500 |
| 4 | എഞ്ചിനീയറിംഗ് | 52 | 350 | - | - | 350 |
| 5 | സ്റ്റീൽ | 4 | 920 | 10 | 140 | 1070 |
| 6 | റബ്ബർ | 5 | 140 | 5 | - | 145 |
| 7 | കശുവണ്ടി | 1 | 55 | 495 | - | 550 |
| 8 | മറ്റുള്ളവ | 165 | 650 | 102 | - | 752 |

വരുന്ന ട്രീറ്റ്മെന്റ്യാർഡ് 3) നാഷണൽ ഹൈവേയിൽ സ്ഥിതിചെയ്യുന്ന കോർപ്പറേഷന്റെ അധീനതയിലുള്ള ഞെളിയൻപറമ്പിൽ ആധുനിക സൗകര്യങ്ങളുപയോഗിച്ച് മാലിന്യങ്ങൾ സംസ്കരിക്കുകയാണെങ്കിൽ വളരെ കുറച്ച് സ്ഥലം മതിയാവും. ബാക്കിയാവുന്ന സ്ഥലവും ഇതിനുപയോഗിക്കാം.

2. ഗ്രാമപഞ്ചായത്തിൽ ഓട്ടോമൊബൈൽ വ്യവസായം ബോഡി നിർമ്മാണം, മെക്കാനിക്കൽ വർക്ക്ഷോപ്പ്, ഫാബ്രിക്കേഷൻ യൂണിറ്റ്, പേപ്പർ


പട്ടിക 3-3


| പഞ്ചായത്തിലെ ശരാശരി കൂലിനിരക്ക് | |
|---|---|
| ഓട് | 79 രൂപ |
| കളിമൺ | 46 രൂപ |
| കശുവണ്ടി | 48 രൂപ |
| എഞ്ചിനീയറിംഗ് | 80 രൂപ 12 പൈ. |
| റബ്ബർ | 80 രൂപ |
| പ്ലാസ്റ്റിക് | 60 |

കപ്പ്, പേപ്പർ പ്ലേറ്റ്, ചന്ദനത്തിരി, ഫെനോയിൽ, സ്റ്റൗതിരി, എംബ്രോയ്ഡറി, കർട്ടൺ, കുട അസംബ്ലിങ്ങ്, ഫുഡ് പ്രോസസിങ്ങ്, ലോൺട്രിങ്ങ്, കളിമൺപാത്രവ്യവസായം, പ്ലാസ്റ്റർഓഫ് പാരീസ്, പെയിന്റ്, വുഡ് ഇൻഡസ്ട്രീസ്, എണ്ണയാട്ട് വ്യവസായം, ഔഷധച്ചെടികൾ സംഭരിക്കുകയും സംസ്കരിക്കുകയും ചെയ്യുന്ന യൂണിറ്റ്, ഉണക്ക മത്സ്യസംസ്കരണ യൂണിറ്റ്, പഴസംസ്ക്കരണം, സോപ്പുനിർമ്മാണം, നോട്ടുബുക്ക് നിർമ്മാണം, കറിപൗഡറുകൾ, ചൂരൽകസേര, റെഡിമെയ്ഡ് വസ്ത്രങ്ങൾ, കളിപ്പാട്ട നിർമ്മാണം, പ്ലാസ്റ്റിക് പാത്രങ്ങൾ, പ്ലാസ്റ്റിക് ഗ്രാനൂൾസ്, അലൂമിനിയ പാത്രം, സ്റ്റീൽ ഫർണിച്ചർ എന്നിവയുടെ നിർമ്മാണ യൂണിറ്റുകൾ തുടങ്ങാൻ താല്പര്യമുള്ളവരുണ്ട്. ഇവർക്ക് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് അനുഗ്രഹമായിരിക്കും. ഈ നിർദേശങ്ങളെ ഗൗരവപൂർവ്വം കണക്കിലെടുത്തുകൊണ്ടേ യുവജനങ്ങൾക്കിടയിലുള്ള തൊഴിലില്ലായ്മയ്ക്ക് പരിഹാരമുണ്ടാക്കാൻ കഴിയൂ. ഇതിന്നുവേണ്ടി സമഗ്രമായ തൊഴിൽ സർവ്വേയും, പരിസരസർവ്വേയും, വിപണനസർവ്വേയും നടത്തേണ്ടതുണ്ട്. കൂടാതെ ആധുനിക വ്യവസായ-തൊഴിൽ സാങ്കേതിക വിദ്യകളെ സംബന്ധിച്ച പരിശീലനവും നൽകേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിൽ വിദേശ തൊഴിൽ കമ്പോളത്തിൽ തൊഴിലെടുക്കുന്ന ധാരാളം പേരുണ്ട്. ഇവരുടെ സമ്പത്ത് മുഴുവൻ ഇന്ന് വീടുനിർമ്മാണത്തിൽ കേന്ദ്രീകരിച്ചിരിക്കുകയാണ്. ഇതിന് മാറ്റം വരുത്തി അവരുടെ സമ്പാദ്യത്തിന്റെ ഒരു പങ്ക് ഉൽപ്പാദനമേഖലയിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്. അതിന്നുവേണ്ടി വിദേശത്തുള്ളവരുടെ നിക്ഷേപം മൂലധനമാക്കി ഒരു വൻകിട വ്യവസായ യൂണിറ്റിന് പഞ്ചായത്തിൽ തുടക്കം കുറിക്കേണ്ടതാണ്. കൂടാതെ നിലവിലുള്ള വ്യവസായസ്ഥാപനങ്ങളിൽ സുരക്ഷാക്രമീകരണങ്ങളും മലിനീകരണനിയന്ത്രണ സംവിധാനങ്ങളും ഏർപ്പെടുത്തേണ്ടതും പുതുതായി വ്യവസായങ്ങൾ തുടങ്ങാൻ ഇന്നുള്ള സാങ്കേതി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം ഏർപ്പെടുത്തേണ്ടതുമാണ്. ■

CHERUVANNUR NALLALAM PANCHAYAT





# ഊർജ്ജം

## പാരമ്പര്യ ഊർജ്ജം (ജലവൈദ്യുതി)

നമ്മടെ പഞ്ചായത്തിൽ 66kv, 110kv, 220kv സബ്സ്റ്റേഷനുകളും കപ്പാസിറ്റർ ബേങ്കും പ്രവർത്തിക്കുന്നു. കേരളത്തിലെതന്നെ പ്രമുഖ സബ്സ്റ്റേഷനുകളിൽ ഒന്നാണ് നല്ലളം സബ്സ്റ്റേഷൻ. വലിയ അളവിൽ വൈദ്യുതി ഉപഭോഗമുള്ള പഞ്ചായത്താണ് നമ്മുടേത്. 8114 വീടുകൾ വൈദ്യുതീകരിച്ചവയാണ്. കൂടാതെ 354 വ്യവസായസ്ഥാപനങ്ങളും 803 വ്യാപാരസ്ഥാപനങ്ങളും ഇതിനും പുറമെ 158 കാർഷിക ഉപഭോക്താക്കളും 952 തെരുവ് വിളക്കുകളും കൂടി വർദ്ധിച്ചതോതിൽ വൈദ്യുതി ഉപയോഗിക്കുന്നുണ്ട്. ആയതുകൊണ്ട്തന്നെ വോർട്ടേജ്ക്ഷാമം ഭൂരിഭാഗം പ്രദേശങ്ങളിലും അനുഭവപ്പെടുന്നു. പല ട്രാൻസ്ഫോർമറുകളും വളരെകാലംമുമ്പ് സ്ഥാപിച്ചതായതിനാൽ ഇപ്പോഴത്തെ വർദ്ധിച്ച ഉപഭോഗത്തിനനുസരിച്ച കപ്പാസിറ്റി ഇല്ലാത്തവയാണ്. മുകളിൽ കൊടുത്ത ആവശ്യങ്ങൾ നിറവേറ്റുന്നത് ആകെ 50L.T. ട്രാൻസ്ഫോർമറുകളാണ്. ഉപയോഗിക്കുന്ന വൈദ്യുതിയുടെ അളവ് കണക്കാക്കിയാൽ ഇവ അപര്യാപ്തമാണ്. വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. രണ്ടാംവാർഡിലെ കിഴുവനപാടം, നിറയിൽപാടം, കൊയമ്പ, മൂന്നാം വാർഡിലെ ഇടുമ്പികൻ നിലം, ഒമ്പതാം വാർഡിലെ ആമാംകുനിവയൽ വടക്കുഭാഗം, തെക്കെകുറ്റി, 15ാം വാർഡിലെ വെള്ളിലവയൽ, കരിമ്പാടം, കൊല്ലേരിത്താഴം, പഷ്ണിപ്പാടം എന്നി പ്രദേശങ്ങളിൽ വൈദ്യുതി എത്താതിരിക്കാനുള്ള പ്രധാന കാരണങ്ങൾ വൈദ്യുതിലൈൻ വലിക്കുവാനുള്ള വഴി സൗകര്യം ഇല്ലായ്മയും, പോസ്റ്റ്, കമ്പി മുതലായവയുടെ ദൗർലഭ്യവുമാണ്.

## മണ്ണെണ്ണ

മിക്കവീടുകളിലും വിറക് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ സ്റ്റൗ ഉപയോഗിക്കുന്ന കുടുംബങ്ങൾ വളരെ കുറവാണ്. എങ്കിലും വൈദ്യുതീകരിച്ചിട്ടില്ലാത്ത വിളക്ക് കത്തിക്കുന്നതിന് മണ്ണെണ്ണ മാത്രമാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ ഉപഭോഗത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക2ൽ

## എൽ.പി.ജി. ഗ്യാസ്

മൂന്ന് ഗ്യാസ് ഏജൻസികൾ മുഖാന്തിരം നമ്മുടെ പഞ്ചായത്തിൽ ഇരുനൂറോളം ഗ്യാസ് കണക്ഷനുകളും ആയിരത്തോളം അപേക്ഷകരുമുണ്ട്.

## പാരമ്പര്യേതരം

ബയോഗ്യാസ്:- ചുരുക്കം ചിലവീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ ഉണ്ട്. ഇതിൽ നിന്നുള്ള ഊർജ്ജം (ഗ്യാസ്) അടുക്കള ആവശ്യങ്ങൾക്ക് മാത്രമാണ് ഉപയോഗപ്പെടുത്തുന്നത്.

**സൗരോർജ്ജം**: നമ്മുടെ മേഖലക്ക് ഏറ്റവും അനുയോജ്യവും ആവർത്തനചെലവ് ഇല്ലാത്തതുമായ ഊർജ്ജസ്രോതസ്സ് ആരുംതന്നെ ഉപയോഗപ്പെടുത്തുന്നില്ല.

**വിറക്**: അറുപത്തേഴോളം മരവ്യവസായ യൂനിറ്റുകളാണ് ഗ്രാമപഞ്ചായത്തിലെ അടുക്കള ആവശ്യങ്ങൾക്കുള്ള വിറക് ലഭ്യമാക്കുന്നത്. കൂടാതെ ഓലയും, ചകിരിയും, ചിരട്ടയും ധാരാളമായി ഉപയോഗിച്ചുവരുന്നു. നമ്മടെ വീടുകളിൽ അടുപ്പുകൾ സമ്പ്രദായികരീതിലുള്ളവയാകയാൽ ധാരാളം ഊർജ്ജ നഷ്ടം സംഭവിക്കുന്നത് മൂലം

വിറകിന്റെ ഉപഭോഗം ആവശ്യത്തിലധികമായി വരുന്നു. ഇത്തരം ഊർജ്ജപ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽ ചർച്ചചെയ്യപ്പെട്ടു.

## നിർദ്ദേശങ്ങൾ

1. ഊർജ്ജപ്രതിസന്ധി തരണം ചെയ്യുവാൻ കെ.എസ്.ഇ.ബി. നിർദ്ദിഷ്ട നല്ലളം ഡീസൽ പ്ലാന്റ് യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കണം. പരിസരമലിനീകരണത്തിന്റെ പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ടേ ഈ പ്ലാന്റ് സ്ഥാപിക്കാവൂ.

2. വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുകയും ആവശ്യമായ ഇടങ്ങളിൽ പുതിയവ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

3. താഴ്ന്ന് കിടക്കുന്ന വൈദ്യുതകമ്പികൾ നിയമാനുസൃത ഉയരത്തിൽ വലിച്ചു കെട്ടേണ്ടതും ദ്രവിച്ച പോസ്റ്റുകൾ മാറ്റേണ്ടതുമാണ്.

5. അരിക്കാട് നല്ലളം ഭാഗങ്ങളിലുള്ളവരുടെ സൗകര്യാർത്ഥം പഞ്ചായത്ത് അധികൃതർ നിർദ്ദേശിച്ച സ്ഥലത്ത് കെ.എസ്.ഇ.ബി. കേഷ് കൗണ്ടർ സ്ഥാപിക്കണം.

6. പ്രസാരണ നഷ്ടം ഒഴിവാക്കുവാൻ ലൈനുകളിൽ യഥാകാലം ക്ലിയറിംഗ് പ്രവർത്തനം നടത്തേണ്ടതാണ്.

7. വീടുകളിലെ പഴയമോഡൽ മണ്ണെണ്ണ സ്റ്റൗകൾക്ക് പകരം ദക്ഷത കൂടിയ ആധുനിക സ്റ്റൗ ഉപയോഗിക്കണം.

8. ഗ്യാസ് കണക്ഷനുകൾക്ക് അപേക്ഷിച്ചവർക്ക് എത്രയും പെട്ടെന്ന് കണക്ഷൻ നൽകുവാൻ ഏർപ്പാടുകൾ ഉണ്ടാക്കണം.

9. കന്നുകാലികളെ വളർത്തുന്ന കുടുംബങ്ങൾക്ക് ബയോഗ്യാസ് പ്ലാന്റ് നിർമ്മിക്കാനുള്ള സാമ്പത്തിക സഹായം നൽകണം.

10. വൈദ്യുതി എത്തിയിട്ടില്ലാത്ത കോളനികളിലും മറ്റും അനർട്ടിന്റെ സഹായത്തോടെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കണം. അനർട്ടിന്റെ ഗ്രാമീണ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി വീടുകളിലെ ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുവാൻ ആവശ്യമായ കാമ്പെയിൻ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം.

11. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെ വിറക് ഡിപ്പോ ചെറുവണ്ണൂരിൽ ആരംഭിക്കണം.

1.2 വളപ്പുകളിലും വഴിയോരങ്ങളിലും വിറക് ആവശ്യാർത്ഥമുള്ള മരങ്ങൾ വെച്ചുപിടിപ്പിക്കണം.

പട്ടിക 4-1


തെരുവ് വിളക്കുകൾ

| | |
|---|---|
| ബൾബ് | 831 |
| ട്യൂബ് | 119 |
| സോഡിയം വേപ്പർലാമ്പ് | 4 |
| ആകെ. | 954 |

പട്ടിക 4-2

മണ്ണെണ്ണ വിതരണത്തെപറ്റിയുള്ള വിവരങ്ങൾ

| | പെർമിറ്റുകളുടെ എണ്ണം | വിതരണം ചെയ്യുന്ന ലിറ്റർ | കാർഡ്വഴി വിതരണം ചെയ്യുന്ന ലിറ്റർ | എ.ആർ.ഡി. നമ്പർ |
|---|---|---|---|---|
| 1. | 79 | 9420 | 27580 | 18 |
| 2. | 47 | 5196 | 19004 | 19 |
| 3. | 51 | 6400 | 5749 | 354 |
| 4. | 112 | - | 28200 | 15 |
| 5. | 60 | - | 12835 | 16 |
| 6. | 102 | 10272 | 23328 | 275 |
| 7. | 128 | 15240 | 18600 | 14 |
| 8. | 7 | - | 72 | 144 |
| 9. | 159 | 20032 | 19359 | 13 |
| 10. | 183 | 21592 | 19989 | 285 |
| 11. | 100 | 1046 | 2706 | 12 |
| 12. | 46 | 5325 | 17475 | 17 |
| | 1074 | 94523 | 194897 | |



# ഗതാഗതം

ജനശക്തിയാണ് ഒരു നാടിന്റെ ഭാവി നിർണ്ണയിക്കുന്നത്. സംഘബോധത്തിന്റെ കരുത്തും നാട്ടിന്റെ വികസനത്തിൽ റോഡുകൾ വഹിക്കുന്ന പങ്കും തിരിച്ചറിഞ്ഞവരായിരുന്നു നമ്മുടെ പൂർവ്വീകർ. ഈ തിരിച്ചറിവിന്റെ ഫലമായി രൂപംകൊണ്ടതായിരുന്നു അരീക്കാട്-പുളക്കടവ് റോഡും, ശാരദാമന്ദിരം-തൊണ്ടിലക്കടവ് റോഡും, കണ്ണാട്ടിക്കുളം-ചെറുവണ്ണൂർ റോഡും. കക്ഷിരാഷ്ട്രീയത്തിന്നതീതമായി പ്രവർത്തിച്ച നല്ലളം യുവജനസംഘടനയാണ് അരീക്കട്-പുളക്കടവ് റോഡ് നിർമ്മിച്ചത്. മുല്ലവീട്ടിൽ അബ്ദുറഹിമാൻ സാഹിബിന്റെയും, ബിച്ചാത്തന്റെയും നേതൃത്വത്തിൽ പൂർണ്ണമായ ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ച റോഡാണ് ശാരദാമന്ദിരം - തൊണ്ടിലക്കടവ് റോഡ്. പൂർണ്ണമായ ജനപങ്കാളിത്തത്തോടെ നിർമ്മിച്ച മറ്റൊരു റോഡായിരുന്നു കണ്ണാട്ടിക്കുളം-ചെറുവണ്ണൂർ റോഡ്.' പുതിയ ജനകീയാസൂത്രണത്തിന്റെ ഉണർത്തുപാട്ടിന്നിടയിലും ആവേശകരമായ ആ സ്മരണ നമുക്ക് ദിശാബോധം പകർന്നുതരുന്നു.

1963 ഡിസമ്പർ 23ന് ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത് രൂപപ്പെട്ടതുമുതൽ ഇന്നുവരെയുള്ള റോഡുകളുടെ കാര്യം പരിശോധിച്ചാൽ സാമാന്യം മെച്ചപ്പെട്ട ഒരു റോഡ് ശൃംഖല നമുക്കുണ്ടെന്നു കാണാം. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 244.860 കി.മീറ്ററാണ്. ഇതിൽ 27 കി.മീറ്റർ മാത്രമേ ടാർ ചെയ്തിട്ടുള്ളു. ടാർ ചെയ്തതിൽ 5.200 കി.മീറ്റർ നാഷണൽ ഹൈവേയും 12 കി.മീറ്റർ PWD റോഡും 10.8 കി.മീറ്റർ പഞ്ചായത്ത് റോഡുമാണ്. പഞ്ചായത്തിന്നു കീഴിലുള്ള റോഡുകളുടെ ദൈർഘ്യം 227.660 കി.മീറ്ററാണ്. ഇതിൽ 195.360 കി.മീറ്റർ കച്ച റോഡുകളും 20 കി.മീറ്റർ പക്കറോഡുകളും 1.5 കി.മീറ്റർ മെറ്റൽ സോളിംങ് റോഡുമാണ്. ഇതിൽ 10.800 കി.മീറ്റർ മാത്രമാണ് ടാർ ചെയ്തത്. കഴിഞ്ഞ 5 വർഷംകൊണ്ട് പഞ്ചായത്ത് റോഡുകളുടെ നീളം 5 കി.മീറ്ററിലധികം വർദ്ധിച്ചിട്ടുണ്ട്. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിനും റോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പുതിയ റോഡുകൾ നിർമ്മിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. 5 വർഷംകൊണ്ട് 62.5 ലക്ഷം രൂപ ഈ വകയിൽ ചെലവഴിച്ചിട്ടുണ്ട്. 1996 മാർച്ചിനുശേഷം ഒക്ടോബർ മാസം വരെ 3.26 ലക്ഷം രൂപയും ചെലവഴിച്ചു. വികസനം എന്നാൽ റോഡ്നിർമ്മാണം മാത്രമാണ് എന്ന വികലധാരണയും റോഡ്നിർമ്മാണത്തിനുവേണ്ടി പൊതുഫണ്ടിന്റെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന പ്രവണതയും റോഡ്ശൃംഖലാവ്യാപനത്തിന് ആക്കം കൂട്ടി. ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും പഞ്ചായത്തിന്റെ നിലവിലുള്ള റോഡുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ടവയാണ്. മെച്ചപ്പെട്ട റോഡ് ശൃംഖല ഉണ്ടെങ്കിലും റോഡുകളുടെ പൊതുസ്ഥിതി മോശമാണ്. മിക്കവാറും റോഡുകൾക്ക് നടപ്പാതയില്ല. ഓടകളുടെ അറ്റകുറ്റപ്പണികളും നടക്കുന്നില്ല. മഴക്കാലത്ത് റോഡുകളിൽ ഭൂരിഭാഗവും ഗതാഗതയോഗ്യമല്ല. കൽവർട്ടുകളുടെ അപര്യാപ്തതയും ഓവുചാലുകൾ ഇല്ലാത്തതുമാണ് ഇതിന്നു കാരണം. ശരിയായ രീതിയിൽ ഓവുചാലുകളും കൽവർട്ടുകളും നിർമ്മിക്കുകയാണെങ്കിൽ നിലവിലുള്ള റോഡുകളുടെ നില മെച്ചപ്പെടുത്തുവാൻ കഴിയും.

പുതിയ റോഡുകൾ ആവശ്യമായ പ്രദേശങ്ങൾ:- തരിപ്പണം പ്രദേശം ചാലാറ്റിപ്പാടം കോട്ടലാടഭാഗത്തുള്ള മൺകുഴികര ആമാങ്കുനി. ശൂലംപാടം, തെക്കേകുറ്റി, പാറപ്പുറം, ചെറുവണ്ണൂർ സുബ്രഹമണ്യക്ഷേത്രത്തിന് സമീപമുള്ള ഇടവഴി

(കൊളത്തറ റോഡും നാഷണൽ ഹൈവേയുമായി ബന്ധിപ്പിക്കുന്നതിന്) എന്നീ പ്രദേശങ്ങളിൽ പുതുതായി റോഡുകൾ നിർമ്മിക്കേണ്ടതാണ്.

ഓടയില്ലാത്ത റോഡുകൾ:- അരിക്കാട്-പുളക്കടവ് PWD റോഡ്, നല്ലളം ചാലാറ്റി റോഡ്, നായർമഠം റോഡ്, പാറക്കണ്ടി റോഡ്, കോട്ടൺമിൽ റോഡ്, കൊളത്തറ-ചുങ്കം റോഡ്, കൊളത്തറ-ചെറുവണ്ണൂർ റോഡ്, ശാരദാമന്ദിരം-റഹിമാൻബസാർ റോഡ്, മോഡേൺ-റഹിമാൻ ബസാർ റോഡ്, സ്രാമ്പ്യ-പനയത്തട്ട്-ശാരദാമന്ദിരം റോഡ്, കരുണ-മരക്കാറ്റിപ്പാടം റോഡ്, ബി.സി.റോഡ് തുടങ്ങി നെല്ലോളിപടന്ന വഴിയുള്ള റോഡ് N.H.ൽ തുടങ്ങി മഞ്ഞിലിപ്പാടം റോഡ്, കുണ്ടായിത്തോട് എൻ.എച്ചിൽ തുടങ്ങി ബി.സി. റോഡ് വരെയുള്ള റോഡ്, ബി.സി. റോഡിൽ തുടങ്ങി B4, B5 റോഡ്, എൻ.എച്ച് റോഡിൽ ചെറുവണ്ണൂർ മുതൽ അരീക്കാട് വരെ, നല്ലളം ജയന്തി റോഡ്, നല്ലളം-മോഡേൺ റോഡ്, പുതുക്കുറ്റിപ്പാടം-ഒതയമംഗലം റോഡ്, ഒതയമംഗലം - രാജാ ടാക്കീസ് റോഡ്, ഒതയമംഗലം റോഡ്, ഹെർമ്മൻമാസ്റ്റർ റോഡ്, മാത്തോട്ടം- മഞ്ഞിലിപ്പാടം റോഡ്.

## അടിയന്തിരമായ അറ്റകുറ്റപണികൾ നടത്തേണ്ടുന്ന റോഡുകൾ:

1. പാടം ബസാറിൽനിന്ന് ബൈ പാസ്സിലേക്കുള്ള റോഡ്.
2. നല്ലളം - പഴയ ജുമായത്ത് പള്ളി റോഡ്.
3. ഇടുമ്പിങ്കൽ റോഡ്.യ
4. പാടംസ്റ്റോപ്പ് - ജയന്തിറോഡ്
5. യത്തീംഖാന - ലക്ഷംവീട് വഴി - ജയന്തി റോഡ്
6. കൊടമ്പാട് - കുറുവണ്ണിവയൽ ലക്ഷം വീട് തോട്
7. കുഴിങ്ങരപ്പറമ്പ് - അടച്ചിക്കാലിവയൽ റോഡ്
8. പാറക്കൽ റോഡ്
9. കുണ്ടായിത്തോട് - മധുര കമ്പനി റോഡ്.
10. വെള്ളിലവയൽ - കരിമ്പാടം റോഡ്
11. ബൈ പാസ്സ് റോഡ്.
12. പുളക്കടവ് - അത്തിക്കൽ റോഡ്.
13. മണ്ണാറക്കൽ, മണ്ടൊടി, അത്തൊളി റോഡ്
14. ചോപ്പംകണ്ടി റോഡ്.
15. മുസാരിക്കൽ - ആശാരിക്കണ്ടി റോഡ്.

## നിർദ്ദേശങ്ങൾ

1. നല്ലളം - ചാലയാറ്റി റോഡിൽ കയറ്റിയിൽക്കടവ് പാലംപണി പൂർത്തീകരിക്കയാണെങ്കിൽ ഒളവണ്ണ പഞ്ചായത്തുമായി ബന്ധപ്പെടുത്തി കോഴിക്കോട് സിറ്റിയുമായി ഗതാഗതസൗകര്യം ഉണ്ടാക്കാം.

2. വെസ്റ്റ് ബസാർ-ആശാരിക്കടവ് റോഡ്, നല്ലളം ബസ്സ്റ്റാൻഡ്-ഹെൽത്ത് സെന്റർ റോഡ്, തോട്ടത്തിൽ- പാറക്കൽ റോഡ്, പുളക്കടവ്-അത്തിച്ചോട്ടിൽ റോഡ്, പാടംബസാർ- കരിയാലത്ത് റോഡ്, ചോപ്പംക്കണ്ടിക്കടവ് റോഡ്, ജയന്തിറോഡ്-ആശാരിക്കടവ് റോഡ്, നല്ലളം ജി.എം.യു.പി. സ്കൂളിന്റെ പിൻവശത്തുകൂടി ആശാരിക്കടവ് റോഡിൽ ബന്ധിപ്പിക്കുന്ന റോഡ് എന്ന് ഓടയോടുകൂടി വീതികൂട്ടി നിർമ്മിക്കുക.

3. നല്ലളം നേഴ്സറി സ്കൂൾ, കീഴ്വനപ്പാടം, കയറ്റിയിൽ റോഡു വഴി ജയന്തിറോഡുവരെയുള്ള നടപ്പാത വീതികൂട്ടി റോഡാക്കുക.

4. കീഴവനപ്പാടം, നീറയിൽ വഴി മാമത്തിയിൽ ഇടവഴി വഴി മോഡേൺ നല്ലളം റോഡിലേക്ക് ബന്ധിപ്പിക്കുന്നതിനുള്ള പുതിയ റോഡ് നിർമ്മിക്കണം.

5. തെക്കെ പാടം ലക്ഷംവീട് കോളനിറോഡ് വീതികൂട്ടി ഉയർത്തുക.

6. കൊയമ്പ-നല്ലളം റോഡ് നിർമ്മിക്കുക.

7. ഗിരീഷ് ടാക്കീസിന്നു മുൻവശത്തുകൂടി വരുന്ന ഫുട്ട്പാത്ത് വീതി കൂട്ടുകയും, കീഴ്വനപ്പാടം, നാഗമ്പൊയിൽ തോടിന്നു സമാന്തരമായ ഡ്രയിനേജ് സൗകര്യത്തോടുകൂടി പുതിയ നടപ്പാത നിർമ്മിക്കുക.

8. ന്യൂസ് നേഴ്സറി സ്ക്കൂൾ-ജുമായത്ത് പള്ളി ഫുട്ട്പാത്ത് കൂട്ടി റോഡാക്കുക.

9. തായത്തിയിൽ ഫുട്ട്പാത്ത് വീതികൂട്ടുക.

10. പുളക്കടവ്പാലം അപ്രോച്ച് റോഡിൽനിന്നും വലതുഭാഗത്തേക്ക് നടപ്പാത നിർമ്മിക്കുക.

11. ചേനാക്കുഴിറോഡ്, കൊലപ്പറുത്തിപ്പാലം റോഡ്, വലിയ വളപ്പ് നായർ മഠം റോഡ് എന്നിവ നിർമ്മിക്കണം.

12. അരീക്കാട് മുതൽ മാളു കോട്ടേർസ് വരെയുള്ള ഇടവഴി മണ്ണിട്ടുനികത്തി ഗതാഗത യോഗ്യമാക്കുക.

13. പി & ടി. മുതൽ ഉള്ളിശ്ശേരി കുന്നിലേക്കുള്ള റോഡും, മീഞ്ചന്ത ചെക്ക്പോസ്റ്റ് റോഡും നന്നാക്കുക.

14. ആനറോഡിൽനിന്ന് ബാലവാടിയിലേക്കും എൽ.പി.സ്കൂളിലേക്കുമുള്ള ഇടവഴി വീതികൂട്ടി നന്നാക്കുക.

15. ജയന്തി റോഡിൽനിന്നും അരീക്കാട് ദേവദാസ് സ്കൂളിലേക്ക് ബന്ധിപ്പിക്കുന്ന ഫുട്പാത്ത് നന്നാക്കുക.

പാടം ബസ്സ്റ്റോപ്പിൽനിന്ന് ജയന്തി റോഡിലേക്കുള്ള പ്രധാന നടപ്പാത വീതികൂട്ടി റോഡാക്കണം., ഇതിനുവേണ്ട സ്ഥലം നാട്ടുകാർ വിട്ടു തരുവാൻ തയ്യാറാണ്.

16. വെള്ളത്തും പാടം, തോട്ടാങ്കുനി, കൊയറ്റിയിൽ പാടം, വാഴയിൽ എന്നീ വഴികളും വീതി കൂട്ടി റോഡാക്കുക

17. നിറനിലം പ്രദേശത്ത് ഫുട്ട്പാത്ത് നിർമ്മിക്കുക.

18. ആറാംവാർഡ് ലക്ഷംവീട് കോളനിയിൽനിന്ന് ബ്ലോക്ക് വക പൊതുകിണറിനടുത്തേക്ക് ഫുട്ട്പാത്ത് നിർമ്മിക്കുക.

19. വെള്ളത്തും പാടത്തുനിന്ന് തോട്ടാം കുനിയിലേക്കുള്ള വഴി ഓട നിർമ്മിച്ച് നടപ്പാത ശരിയാക്കുക.

20. വെസ്റ്റ് ബസാറിൽനിന്നും തരിപ്പണം ഭാഗത്തേക്ക് ഫുട്ട്പാത്ത് നിർമ്മിക്കുക.

21. കൊരഞ്ഞി നിലം വഴി നടപ്പാതയാക്കുക.

22. ചെറുവണ്ണൂർ-ഒളവണ്ണ പഞ്ചായത്തിനെ ബന്ധിപ്പിക്കുന്ന ചെറുവണ്ണൂർ-കൊളത്തറ റോഡ് വീതി കൂട്ടുക.

23. തുവ്വശ്ശേരിക്കടവിലേക്കുള്ള സ്വകാര്യ റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് പുഴക്ക് കുറുകെ കോൺക്രീറ്റ് പാലം കെട്ടി ഒളവണ്ണ പഞ്ചായത്തുമായി ബന്ധിപ്പിക്കുക.

24. നേഷണൽ പ്ലൈവുഡ് കമ്പനിയുടെയും കട്ടക്കമ്പനിയുടെയും ഇടയിലുള്ള ഇടവഴി വീതികൂട്ടുക.

25. പുല്ലൂട്ടായം- തവിട്ടുകുളം ഇടവഴി വീതി കൂട്ടുക.

26. കണ്ണാട്ടികുളം ലക്ഷംവീടിനടുത്തുനിന്നും അറക്കൽ പാലത്തേക്ക് പോകുന്ന റോഡ് ടാർ ചെയ്ത് നന്നാക്കുക.

27. പനയത്തട്ടുനിന്ന് കൊളത്തറ റോഡിനോട് ബന്ധിപ്പിക്കുന്ന ഭാഗം (ഇടവഴിയായി നിൽക്കുന്ന ഭാഗം) റോഡാക്കുക.

28. കുഴിങ്ങര പറമ്പ് - അടിച്ചിക്കാലവയൽ റോഡ് നന്നാക്കുക.

29. കണ്ണാട്ടിക്കുളം ലക്ഷം വീടുഭാഗത്തുനിന്നും നീക്കാംപറമ്പത്ത് കടവിനടുത്തുകൂടെ പൂശാരിക്കാവിന്നടുത്തെത്തുന്ന ഇടവഴി വീതികൂട്ടുക.

30. കുഴിങ്ങരപറമ്പിന്റെ പടിഞ്ഞാറുഭാഗത്തുകൂടി നീക്കാംപറമ്പത്ത് കാവിന്നടുത്തെത്തുന്ന ഇടവഴി വീതികൂട്ടുക.

31. ഉദയ കോളനിയിലൂടെ പോകുന്ന റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.

32. കോട്ടലാട ഭാഗത്തുനിന്നും പുറപ്പെട്ട് മുറിയമ്പത്ത്താഴത്തുകൂടി പോകുന്ന ഫുട്ട്പാത്ത് നിർമ്മിക്കുക.

33. കോട്ടലാട കെ.എം. കോളനിയിലൂടെ റഹിമാൻ ബസാറിലേക്ക് പോകുന്ന ഫുട്ട്പാത്ത് കരുന്തയിൽ തോടിനോട് ബന്ധിപ്പിക്കുക.

34. കണ്ണാട്ടിക്കുളം ലക്ഷംവീടിനടുത്തുനിന്നും വിദ്യാനികേതൻ ട്യൂഷൻ സെന്ററിനടുത്തുകൂടി പോകുന്ന ഇടവഴി നന്നാക്കുക.

35. മനോജ് പാക്കേജിന് പടിഞ്ഞാറുഭാഗം റെയിൽവേ ഓവു പാലം തുറന്നാൽ ബേപ്പൂർ റോഡുമായി ബന്ധിപ്പിക്കാനും ഗതാഗതസൗകര്യം വർദ്ധിപ്പിക്കാനും സാധിക്കും.

36. ആമാംകുനിവയലിൽ വടക്ക്ഭാഗത്ത് ഫുട്ട്പാത്ത് കെട്ടുക.

37. ആമാംകുനിയിവയൽ അയ്യപ്പഭജനമഠത്തിന് വടക്കുഭാഗത്ത് തോട് കെട്ടി ഫുട്ട്പാത്ത് നിർമ്മിക്കുക.

38. റഹ്മാൻ ബസാർ നഴ്സറി സ്കൂളിനു വടക്കുഭാഗം കുത്തുകല്ല്പറമ്പുവരെയും, തെക്കെ കുറ്റിയിൽ ഭാഗത്തും, വാപ്പാനയിൽഭാഗത്തും ഫുട്ട് പാത്ത് നിർമ്മിക്കുക.

39. റെയിൽവേക്ക് പടിഞ്ഞാറുഭാഗത്ത് ചെറുവനശ്ശേരി പറമ്പിനോടു ചേർന്നുപോകുന്ന വാപ്പാനയിൽ മുട്ടുന്ന റോഡ് പഞ്ചായത്ത് ഏറ്റെടുത്ത് നന്നാക്കുക.

40. ഹൈവേയുമായി ബന്ധിപ്പിക്കുന്ന കരുന്തയിൽ റോഡ് നന്നാക്കുക.

41. പാലാറ്റിപ്പാടം-കോട്ടലാട (മൺകുഴിക്കര) റോഡ് നന്നാക്കുക.

42. മരക്കാറ്റിപാടം-ഉദയാകോളനി റോഡ് നന്നാക്കുക.

43. കണ്ണാട്ടിക്കുളം റോഡിൽനിന്ന് പാലാറ്റിപ്പാടം വരെയുള്ള ഫുട്ട്പാത്ത് റോഡാക്കി മാറ്റുക.

44. മങ്ങാട് ഇടവഴി, ചില്ലക്കാട്ട് ഇടവഴി, മടത്തുംകുറ്റി ഇടവഴി ദൈവത്തുകാവ് ഇടവ്, വടക്കാഞ്ചേരി പറമ്പ് വഴി എന്നിവ റോഡാക്കുക.

45. എലത്തൂർ ഇടവഴി, പുല്ലൂർ എലിക്കണ്ടിപറമ്പ് ഇടവഴി റോഡാക്കി മാറ്റുക.

46. ടി.പി. റോഡും എൻ.എച്ച് റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതും നൂറുമീറ്റർ നീളം വരുന്നതുമായ ഫുട്ട്പാത്ത് വീതികൂട്ടുക.

47. കോയാസ് തൃക്കയ്യം പറമ്പ്, ഹെർമൻ മാസ്റ്റർ റോഡ് നന്നാക്കുക.

48. നെല്ലോളിപടന്ന, എം.എൽ.എ. റോഡ്, കോയാസ് ലിങ്ക് റോഡ്, മുഞ്ഞലിപാടം റോഡ് മുതലായവ സഞ്ചാരയോഗ്യമാക്കുക.

49. യു.സി. മുതൽ പുറശ്ശേരി താഴത്തുകൂടിയുള്ള റോഡ് വീതികൂട്ടി കുണ്ടായിത്തോട് മധുരക്കമ്പനി റോഡുമായി ബന്ധിപ്പിക്കുക.

50. ചെറുവണ്ണൂർ ഹൈസ്കൂളിന്റെ മതിൽ സുമാർ 100 അടി നീളത്തിൽ പൊളിച്ച് ഇടവഴി വീതി കൂട്ടുകയാണെങ്കിൽ യു.സി. റോഡ് എൻ.എച്ചുമായ ബന്ധിപ്പിക്കാവുന്നതാണ്.

51. യു.സി.-പുറശ്ശേരിക്കുന്ന് റോഡ്, കിളിയാടിത്തോട് ഭാഗത്ത് അവസാനിക്കുന്നതിനാൽ മണ്ണ് കുത്തിയൊലിച്ച് തോട് അടഞ്ഞ് നീർക്കെട്ട് ഉണ്ടാകുന്നുണ്ട്. ഇവിടെ റെയിൽവേയുടെ പെർമിഷൻ വാങ്ങി സ്ലാബ് ഇടണം.

52. മാത്തോട്ടം-മഞ്ഞിലപ്പാടം റോഡ് പൂർത്തീകരിച്ച് യു.സി. റോഡുമായി ബന്ധിപ്പിക്കണം.

53. മഞ്ഞിലപ്പാടത്ത്നിന്നും കൊരങ്ങാട്ട് പറമ്പിലേക്ക് ഫുട്ട്പാത്ത് കെട്ടുക.

54. കോമ്പൻസ് റോഡ് റിപ്പയർ ചെയ്യണം.

55. വെള്ളിവയൽ-കരിമ്പാടം കോളനിറോഡ് ഗതാഗതയോഗ്യമാക്കുക.

56. കുറ്റിത്തറമുതൽ - എരഞ്ഞിക്കാട്ടുപാലം വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുക.

57. കരിമ്പാടം കോളനിയിൽ ഫുട്ട്പാത്ത് കെട്ടണം.

58. മോഡേൺ-കൊളത്തറ റോഡ് വീതി കൂട്ടുക

59. നടുവട്ടം പാൽക്കമ്പനി മുതൽ കിഴക്കുഭാഗത്ത് ആമാങ്കുനിവയൽ വരെയുള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുക.

60. നല്ലളം സ്കൂൾ- മേലോടിപ്പാടം വഴി വീതികൂട്ടി റോഡാക്കി ഏറാൾ റോഡുമായി ബന്ധിപ്പിക്കുക.

61. മടത്തുംകുറ്റി റോഡ്, കരുണ റോഡുമായി ബന്ധിപ്പിക്കുക.

62. യു.സി. റോഡും കുട്ടുംകുളങ്ങര ഇടവഴിയുമായി ബന്ധിപ്പിക്കുന്നവഴി (കരുമാംപൊയിൽ വഴി) ഫുട്ട്പാത്ത് നിർമ്മിക്കുക.

63. പനങ്ങാട്ട് ഇടവഴി നന്നാക്കുക.

**ജലഗതാഗതം:**

ഏതാണ്ട് 25 വർഷംമുമ്പുവരെ ജലഗതാഗതത്തിന് നമ്മുടെ പഞ്ചായത്തിൽ വളരെയധികം പ്രാധാന്യം ഉണ്ടായിരുന്നു. ചാലിയാറിനെ കല്ലായിയുമായി ബന്ധിപ്പിക്കുന്ന ചെറുപുഴയിൽകൂടി ഒരുകാലത്ത് തോണികളുടെ പ്രവാഹമായിരുന്നു. ഇന്നത്തെ മലപ്പുറം ജില്ലയിൽ അരീക്കോട്ടു ഭാഗത്തുനിന്നും കാർഷികോല്പന്നങ്ങളും കിട്ടിടനിർമ്മാണസാമഗ്രികളും (കല്ല്, പൂഴി) ഈ പുഴയിൽകൂടി തോണിമാർഗ്ഗമാണ് കടത്തിയിരുന്നത്. തടി, മുള മുതലായവയും ഈ പുഴയിൽകൂടിയാണ് കൊണ്ടുവന്നിരുന്നത്. റോഡുഗതാഗതം വികസിച്ചതോടുകൂടി തോണിഗതാഗതത്തിന്റെ പ്രാധാന്യം കുറഞ്ഞുവെങ്കിലും, ഇന്നും പൂഴി, കല്ല് മുതലായവ ജലഗതാഗതം ഉപയോഗിച്ച് കടത്തുന്നുണ്ട്.

പട്ടിക 5-1

പഞ്ചായത്തിലെ ഏറ്റവുമധികം ഗതാഗതമുള്ള റോഡ്

ടാറിട്ട റോഡ്

നേഷണൽ ഹൈവേ

(N.H.17) 5.200 Km. PWD

1. അരീക്കാട്—പുളക്കടവ്
2. മോഡേൺ—കൊളത്തറ
3. കൊളത്തറ—ചുങ്കം
4. ചെറുവണ്ണൂർ—കൊളത്തറ
5. ചെറുവണ്ണൂർ—ബേപ്പൂർ(B.C.)
6. ചെറുവണ്ണൂർ ടി.പി. റോഡ്
7. ചെറുവണ്ണൂർ പാതാറോഡ്.

## പഞ്ചായത്ത് റോഡുകൾ

1. ജയന്തി റോഡ്
2. അരീക്കാട്—കോട്ടൺമിൽ റോഡ്
3. നല്ലളം—ചാലാറ്റി റോഡ്
4. നല്ലളം—കൊളത്തറ റോഡ്
5. ആനാറോഡ് (P & T)
6. ശാരദാമന്ദിരം—തൊണ്ടിലക്കടവ്
7. കണ്ണാട്ടിക്കുളം റോഡ്.
8. സ്രാമ്പ്യ—പാലാറ്റിപ്പാടം റോഡ്.
9. ചെറുവണ്ണൂർ—എരുന്തുംതോട് റോഡ്
11. B4 - B4 റോഡ്.
12. B.5— B.5 റോഡ്.
13. നല്ലളം ശ്മശാനം റോഡ്

## മെറ്റൽ സോളിംഗ് റോഡ്

1. കുണ്ടായിത്തോട്—എരുന്തുംതോട് റോഡ്
2. കരിമ്പാടം റോഡ്

## ചെമ്മൺ റോഡ്

1. പുളക്കടവ്—അത്തിക്കൽ റോഡ്
2. പാറക്കൽ റോഡ്
3. ആശാരിക്കണ്ടി റോഡ്.
4. പിലാഞ്ചേരി റോഡ്.
5. ചോപ്പൻകണ്ടി റോഡ്.
6. കരിയാലത്ത് റോഡ്.
7. കിഴക്കെ ജുമഃഅത്ത് റോഡ്
8. തെക്കെപ്പാടം O L H കോളനി റോഡ്.
9. കൊയമ്പ - പുല്ലുന്നിറോഡ്.
10. നായർമഠം റോഡ്,
11. പള്ളിപ്പറമ്പ് റോഡ്.
12. കുന്നത്ത് പറമ്പ് റോഡ്.
13. ശാരദാമന്ദിരം കോട്ടലാട റോഡ്.
14. കൊടമ്പാട്ടിൽ റോഡ്.
15. കുഴിങ്ങരപ്പറമ്പ് റോഡ്.
16. കണ്ണാട്ടിക്കുളം OLH കോളനി റോഡ്.
17. കരുണ - ഉദായകോളനി റോഡ്.
18. എരമ്മത്ത് റോഡ്.
19. മമ്മിളി പാതാറ റോഡ്.
20. യു.സി. റോഡ്.
21. ഹെർമ്മൻമാസ്റ്റർ റോഡ്.
22. വെള്ളിലവയൽ ഹരിജൻ കോളനിറോഡ്.
23. മുല്ലശ്ശേരി റോഡ്
24. നിരിറ്റി റോഡ്

## നിർമ്മാണത്തിലിരിക്കുന്ന റോഡ്.

1. നല്ലളം ഹെൽത്ത് സെന്റർ റോഡ്.
2. പാറക്കൽ തച്ചിലോട്ട് റോഡ്.
3. ഒതയമംഗലം റോഡ്.
4. സബ്സ്റ്റേഷൻ ശ്മശാനം റോഡ്
5. പുതുക്കുറ്റിപ്പാടം റോഡ്.
6. രാജാ ടാക്കീസ്- ഒതയമംഗലം റോഡ്.
7. ബൈപ്പാസ് - കോട്ടൺമിൽ ലിങ്ക് റോഡ്.
8. തിരുത്തിമ്മൽ റോഡ്.
9. ലങ്കപറമ്പ് - ഉള്ളിശേരികുന്ന് റോഡ്.
10. ആരംകല്ലം - ഫ്ലോർമിൽ റോഡ്.
11. ആറാംകണ്ടം റോഡ്
12. കുറ്റിയിൽ - ജയന്തി റോഡ്.
13. പറന്നാട്ടിൽ റോഡ്
14. കൊളത്തറ മാട്ടുമ്മൽ റോഡ്.
15. മാത്തോട്ടം - മഞ്ഞിളിപ്പാടം റോഡ്
16. റാണിമെറ്റൽ ഇടവഴിയും ഹെർമ്മൻമാസ്റ്റർ റോഡുമായി ബന്ധിപ്പിക്കുന്ന ലിങ്ക് റോഡ്.
17. ആമാങ്കുനിവയൽ റോഡ്.
18. കൊടമ്പാട്ടിൽ - കുറുണമ്മണിവയൽ റോഡ്
19. മനോജ് പേക്കിംഗ് റോഡ്.
20. അയ്യപ്പൻകണ്ടി റോഡ്.
21. തുവ്വശ്ശേരിപ്പറമ്പ് റോഡ്
22. തെക്കെകുറ്റി റോഡ്.
23. അടച്ചിക്കാലി റോഡ്.

## അടിയന്തിരമായി വികസിപ്പിക്കേണ്ട PWD റോഡുകൾ

1. മോഡേൺ-കൊളത്തറ റോഡ് എക്വിസിഷൻ നടത്തി അടിയന്തിരമായി നിർമ്മാണം തുടങ്ങണം.


2. ചെറുവണ്ണൂർ കൊളത്തറ റോഡ് വീതി കൂട്ടാൻ നടപടി സ്വീകരിക്കണം.

3. നിർദ്ദിഷ്ട ചെറുവണ്ണൂർ-നടുവട്ടം MLA റോഡ് 8 മീറ്റർ എന്നത് 6 മീറ്റർ എന്ന ഇളവ് നൽകി പൂർത്തീകരിക്കണം.

4. അരീക്കാട് - പുളക്കടവ് റോഡ് എക്വിസിഷൻ നടപടികൾ ബാക്കി വന്നത് പൂർത്തീകരിച്ച് ഗതാഗതസൗകര്യം വർധിപ്പിക്കണം.

5. കൊളത്തറ-ചുങ്കം റോഡിന്റെ ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമി എക്വിസിഷൻ നടപടിക്ക് വിധേയമാക്കണം.

6. B4- B5 റോഡ് റിപ്പേയർ ചെയ്യാൻ സർക്കാർ സഹായം അനിവാര്യമാണ്.



# മാർക്കറ്റ്

റോഡ്ഗതാഗതം പുരോഗമിച്ചിട്ടില്ലായിരുന്ന ഈ നൂറ്റാണ്ടിന്റെ ആദ്യദശാബ്ദങ്ങളിൽ പുഴയോരത്തോട് ചേർന്ന അങ്ങാടികളായിരുന്നു നമ്മുടെ നാട്ടിൽ. ആ കാലത്ത് കൊളത്തറ, പുളക്കടവ്, കോട്ടുമ്മൽ, മമ്മിളിക്കടവ് എന്നിവിടങ്ങളിലായിരുന്നു കച്ചവട കേന്ദ്രങ്ങൾ. ഇതുമായി ബന്ധപ്പെട്ട ചിത്രം നമ്മുടെ കുറിപ്പുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. റോഡ് ഗതാഗതം പുരോഗമിച്ചതിന്റെ ഫലമായി ചെറിയ ചെറിയ പ്രദേശങ്ങളിൽ പോലും അങ്ങാടികൾ ഉയർന്നുവന്നു. ചെറുവണ്ണൂരിലാണ് പഞ്ചായത്തിന്റെ പ്രധാന വിപണന കേന്ദ്രം. കൂടാതെ ആരിക്കാട്, നല്ലളം, റഹിമാൻബസാർ എന്നിവിടങ്ങളിലെ അങ്ങാടികളും പ്രാധാന്യമർഹിക്കുന്നു. ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിച്ചതിന്റേയും ജനസംഖ്യാ വർദ്ധനവിന്റെയും ഫലമായി ധാരാളം ചെറുകിട വിപണനകേന്ദ്രങ്ങൾ ഉയർന്നുവന്നു. എന്നാൽ ഇതിനൊരപവാദമായി കൊളത്തറ അങ്ങാടിയുടെ പഴയ പ്രതാപം നശിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ ഉദ്യോഗസ്ഥരും തൊഴിലാളികളുമായ ഇടത്തരം കുടുംബങ്ങളാണ് കൂടുതലുള്ളത്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഭൂമി ക്രയവിക്രയം കൂടുതലായി നടക്കാത്തത് കാരണം ജനസാന്ദ്രത വർദ്ധിക്കാത്ത് വടക്ക് കിഴക്ക് ഭാഗങ്ങൾ പുഴയാൽ ചുറ്റപ്പെട്ടതുകാരണം മറ്റു പ്രദേശങ്ങളിൽനിന്നുള്ള ജനങ്ങൾ ബന്ധപ്പെടാത്തത് ഈ അങ്ങാടിയുടെ വികാസത്തെ പ്രതികൂലമായി ബാധിക്കുന്നു. 175 അംഗീകൃത കടകൾ പ്രവർത്തിക്കുന്ന നമ്മുടെ പഞ്ചായത്തിൽ ആസൂത്രിത വിപണന കേന്ദ്രങ്ങളില്ല. അരീക്കാട് അങ്ങാടിയിൽ പഞ്ചായത്ത് വക ഒരു ഷോപ്പിംഗ് സെന്റർ ഉണ്ട്. ചെറുവണ്ണൂരിൽ CDA യുടെ ഒരു പുതിയ ഷോപ്പിംഗ്സെന്റർ പൂർത്തിയായിവരുന്നു.

അരീക്കാട്, നല്ലളം, റഹിമാൻബസാർ, കൊളത്തറ എന്നിവിടങ്ങളിലെ മത്സ്യമാർക്കറ്റുകൾ ഉപകാരപ്രദമല്ല. ചെറുവണ്ണൂരിൽ പീടികമുറികളോടു കൂടിയ പുതിയ മത്സ്യമാർക്കറ്റ് അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിപക്ഷവും ഉപഭോഗവസ്തുക്കൾക്കും മറ്റും കൂടുതലായും തൊട്ടുത്തുതന്നെയുള്ള കോഴിക്കോട് നഗരത്തെയാണ് ആശ്രയിക്കുന്നത്. ഗൃഹോപകരണങ്ങൾ, തുണിത്തരങ്ങൾ എന്നിവ വില്പന നടത്തുന്ന സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽതന്നെ ഉണ്ടെങ്കിലും ഇഷ്ടമുള്ളവ തെരഞ്ഞെടുക്കാനുള്ള സാധ്യതകളും വിലനിലവാരത്തിലെ അന്തരങ്ങളും വർദ്ധിച്ച രീതിയിലുള്ള പരസ്യങ്ങളും കാരണം ജനങ്ങൾ നഗരങ്ങളിലേക്ക് ആകർഷിക്കപ്പെടുകയാണ്.

## നിർദ്ദേശങ്ങൾ

1. അരീക്കാട്, നല്ലളം, റഹിമാൻബസാർ കൊളത്തറ, കുണ്ടായിത്തോട് തുടങ്ങിയ അങ്ങാടികളിൽ മിനി സൂപ്പർമാർക്കറ്റുകൾ ആരംഭിക്കണം.

2. ചെറുവണ്ണൂരിലും അരീക്കാടും ആധുനികശീതീകരണ സൗകര്യങ്ങളോടുകൂടിയ മത്സ്യമാർക്കറ്റ് ആരംഭിക്കണം.

3. പ്രാദേശികകേന്ദ്രങ്ങളിലെ നിലവിലുള്ള മത്സ്യമാർക്കറ്റുകൾ വൃത്തിയും ഭംഗിയുമുള്ള രീതിയിൽ പരിഷ്കരിക്കണം.

4. പൊതുവഴികളിൽവച്ചുള്ള മത്സ്യകച്ചവടം കർശനമായി നിരോധിക്കുകയും ആവശ്യമായ കേന്ദ്രങ്ങളിൽ പഞ്ചായത്ത് വക വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.

5. ഖാദി-കൈത്തറി വിപണനകേന്ദ്രങ്ങൾ ചെറുവണ്ണൂരിൽ ആരംഭിക്കണം.



# പാർപ്പിടം

കളിമൺ വ്യവസായത്തിന്റെ ഈറ്റില്ലമായ ചെറുവണ്ണൂർ പഞ്ചായത്തിൽ ഭൂരിഭാഗവും കൂലിപ്പണിക്കാരാണ്. അതുകൊണ്ട് തന്നെ മിക്കവിടുകളും ഇടത്തരം വിടുകൾ ആണ്. ഗൾഫ് പഞ്ചായത്തിന്റെ സ്വാധീനവും ഈ പഞ്ചായത്തിൽ പ്രകടമായുണ്ട്. വിവിധഭാഗങ്ങളിലായി കുടിലുകളും ഉണ്ട്.

*പഞ്ചായത്തിലെ വിടുകളുടെ കണക്ക്*

| | വിടുകളുടെ തരം | എണ്ണം |
|---|---|---|
| 1. | കോൺക്രീറ്റ് | 2321 |
| 2. | ഓടിട്ടത് | 5035 |
| 3. | ഓലമേഞ്ഞത് | 417 |
| 4. | കുടിൽ | 386 |
| | ആകെ | 8159 |

ആകെയുള്ള 8159 വിടുകളിൽ 5035 എണ്ണം ഓടുമേഞ്ഞതും 2321 വിടുകൾ കോൺക്രീറ്റ് 417 എണ്ണം ഓലമേഞ്ഞതും 386 എണ്ണം കുടിലുകൾ എന്ന് പറയാവുന്നതുമാണ്. ഗൾഫ് പണത്തിന്റെ സ്വാധീനം സാമാന്യം നല്ലരീതിയിൽ തന്നെ പഞ്ചായത്തിന്റെ കെട്ടിടനിർമ്മാണസങ്കേതങ്ങളിൽ സ്വാധീനം ചെലുത്തിയതായി കാണാം. കുടിലുകളും ഓലമേഞ്ഞ വിടുകളുംകൂടി 803 എണ്ണം. ഇത് പഞ്ചായത്തിന്റെ ദാരിദ്ര്യാവസ്ഥയിലേക്ക് വിരൽ ചൂണ്ടുന്നു. പാർപ്പിടരംഗത്ത് ഈ ഒരു പ്രശ്നം അതിരൂക്ഷമായി ഉള്ളതിനാൽ ഈ രംഗത്ത് സജീവശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് പഞ്ചായത്തിൽ നിർമ്മിച്ച വിവിധതരം വീടുകളുടെ എണ്ണം ഏകദേശം തുല്യത പുലർത്തുന്നു. വിടുകളുടെ നിർമ്മാണച്ചെലവും വളരെയധികം വർദ്ധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ജനസാന്ദ്രത വളരെക്കൂടുതൽ ആണ്. 1km ചുറ്റളവിൽ 4538 ആളുകൾ വസിക്കുന്നു. പഞ്ചായത്തിന്റെ അതിർത്തിയായ കോഴിക്കോട് കോർപ്പറേഷന്റെ സാന്ദ്രതയേക്കാൾ ഭീമമായ ഈ ജനസാന്ദ്രത പാർപ്പിട രംഗത്തും ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ ഭൂരിഭാഗം കൃഷിസ്ഥലങ്ങളും നികത്തി വിടുകൾ വെക്കുന്ന ഒരു സ്ഥിതി വന്നിട്ടുണ്ട്. കാർഷികമേഖലയെ ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്.

ഭവനനിർമ്മാണത്തിന് ബാങ്കിന്റെ സഹായം തേടുന്നതിനോട് ജനങ്ങൾ പൊതുവെ വിരക്തി കാണിക്കുന്നു. സാധാരണക്കാർക്ക് ബുദ്ധിമുട്ടായ ജാമ്യവ്യവസ്ഥയും അമിതമായ പലിശയും ആണ് ഇതിന് കാരണമെന്ന് കരുതപ്പെടുന്നു. നടപടിക്രമങ്ങളിലെ നൂലാമാലകൾ ഈ രംഗത്ത് സൃഷ്ടിക്കുന്ന മറ്റൊരു പ്രശ്നമാണ്.

IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ 432 കുടുംബങ്ങളാണ് വിട് ആവശ്യമായിട്ടുള്ളത്. പ്രസ്തുതവിവരങ്ങൾ പട്ടിക 1-ൽ

I.R.D.P.സ്കിം മുഖേന 747 കുടുംബങ്ങൾക്ക് വിവിധ പരിപാടികളിലായി വിടുകളനുവദിച്ചുകിട്ടിയിട്ടുണ്ട്. (മറ്റു ധനസഹായങ്ങൾ ഇതിനു പുറമെയാണ്.)

ഭവനനിർമ്മാണത്തിനായി നിരവധി പദ്ധതികൾ ഉണ്ടെങ്കിലും അനുവദിക്കുന്ന തുക അതിന്ന് ഒട്ടും തികയുന്നില്ല. ഭവനനിർമ്മാണ സാമഗ്രികളുടെ വമ്പിച്ച വിലവർദ്ധനയും നിർമ്മാ

238

| വാർഡ് | വീട് ആവശ്യമുള്ളവർ IRDPസർവ്വെ | വിവിധപരിപാടി കളിലായി അനുവദിച്ച വീടുകൾ | പൂർത്തി കരിച്ച വീടുകൾ | അനുവദിച്ച തിൽ പൂർത്തി കരിക്കാനുള്ള | ഇനിയും അനുവദിക്കേണ്ട വീടുകളുടെ എണ്ണം |
|---|---|---|---|---|---|
| 1 മുതൽ 7 വരെ | 212 | 29 | 18 | 11 | 183 |
| 8 മുതൽ 15 വരെ | 220 | 37 | 29 | 8 | 183 |

ണത്തൊഴിലാളികളുടെ വർദ്ധിച്ച കൂലിനിരക്കും പാവപ്പെട്ടവനെ സംബന്ധിച്ചിടത്തോളം വീട് എന്ന സ്വപ്നം യാഥാർത്ഥ്യമാകാതെ നിലനിൽക്കുന്നു. പാവപ്പെട്ട ഈ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിന്നായി അല്പം ചില പരിഗണനാർഹമായ നിർദ്ദേശങ്ങൾ ഞങ്ങൾ സമർപ്പിക്കുന്നു.

1. ഭവനനിർമ്മാണ രംഗത്ത് പാവപ്പെട്ടവനെ പ്രതികൂലമായി ബാധിക്കുന്ന നിയമകുരുക്ക് (സാങ്കേതികത്വം) പൂർണ്ണമായും ഒഴിവാക്കുക.

2. തുച്ഛമായ ഭൂമി ഉള്ളവർക്ക് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പരമാവധി ഇളവ് അനുവദിക്കുക.

3. പാവപ്പെട്ടവന്റെയെങ്കിലും വീടിന്റെ പ്ലാൻ പാസ്സാക്കുന്നതിന്റെ അധികാരം പൂർണ്ണമായും ഗ്രാമപഞ്ചായത്തിന് നൽകുക.

4. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ സ്ഥാപിച്ച് എല്ലാവിധ സഹായസഹകരണങ്ങളും ഗവഃ ചെയ്തുകൊടുക്കുക. [ഇത്തരം സഹകരണസംഘങ്ങൾ ഏറ്റെടുത്ത് നടത്താൻ തയ്യാറായി ഗ്രാമസഭകളിൽ പലരും മുന്നോട്ട് വന്നിട്ടുണ്ട്.]

5. ബാങ്ക് വായ്പക്കുള്ള പലിശനിരക്ക് പരമാവധി കുറയ്ക്കുക.

6. രജിസ്ട്രാറാപ്പീസിലെ അമിതമായ ഫീസ് ഇല്ലാതാക്കുക.

7. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. ഭവനനിർമ്മാണത്തിന്നായി ഗവഃൽ നിന്നും കിട്ടുന്ന സാമ്പത്തികസഹായം ഗണ്യമായി വർദ്ധിപ്പിക്കുക.

9. ലഭ്യമാക്കുന്ന സഹായത്തിലെ സാങ്കേതിക പ്രയാസങ്ങൾ ഒഴിവാക്കുക.

10. പാവപ്പെട്ടവന് പ്രയാസമായ ജാമ്യവ്യവസ്ഥ ഒഴിവാക്കി പകരം "നിർമ്മിക്കുന്ന വീട്" ജാമ്യമായി സ്വീകരിക്കുക.

11. C D A നിയന്ത്രണം ഉദാരമാക്കുക.

12. സമ്പന്നന്റെ വീടിന് 10,000രൂപ വരെ നികുതി സംബന്ധിച്ച മന്ത്രിയപുടെ പ്രഖ്യാപനം ഉടൻ നടപ്പിൽ വരുത്തുക.

ജനസാന്ദ്രതയേറിയ ഈ പഞ്ചായത്തിൽ ഭവനരഹിതർക്ക് വീട് നിർമ്മിക്കാൻ ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പുറമ്പോക്ക് ഭൂമിയും കൃഷിയോഗ്യമല്ലാത്ത തരിശ് ഭൂമിയും ഫലപ്രദമായി വിനിയോഗിച്ചാൽ ഇത് പരിഹരിക്കാവുന്നതാണ്.

ഭവനനിർമ്മാണത്തിന്നാവശ്യമായ ഓട്, ഇഷ്ടിക, കമ്പി തുടങ്ങിയ പ്രധാനപ്പെട്ട സാമഗ്രികൾ പഞ്ചായത്തിൽ യഥേഷ്ടം നിർമ്മിക്കുന്നുണ്ടെന്ന കാര്യം പ്രത്യേകം എടുത്ത് പറയേണ്ടിയിരിക്കുന്നു. കൂടാതെ തടിമില്ലുകളും പഞ്ചായത്തിൽ ഉണ്ട്.

വിധവകൾ, നിത്യരോഗികൾ, നിരാലംബർ തുടങ്ങിയ സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ആളുകൾക്ക് കുറഞ്ഞത് 5 സെന്റ് ഭൂമി എങ്കിലും സൗജന്യമായി നല്കി വിവിധ സ്കീം ഉപയോഗിച്ച് വീട് നിർമ്മിച്ചു

കൊടുക്കണം. ഗുണഭോക്താക്കളുടേയും സന്നദ്ധസംഘടനകളുടേയും മനുഷ്യദ്ധാനം പരമാവധി ലഭ്യമാക്കുകയുംകൂടി ചെയ്താൻ ഈ പദ്ധതി, വളരെയധികം വിജയം കൈവരിക്കുമെന്ന് പഞ്ചായത്തിലെ ജനങ്ങൾ കരുതുന്നു.

പഞ്ചായത്തിലെ ഹരിജൻകോളനികളും 4 സെന്റ് കോളനികളും നിരവധി സങ്കീർണ്ണമായ പ്രശ്നങ്ങൾ നേരിടുന്നു. പലർക്കും ഇന്നും പട്ടം കിട്ടിയിട്ടില്ല എന്നതാണ് മുഖ്യപ്രശ്നം. വൈദ്യുതി ലഭിക്കാത്തതും കുടിവെള്ളക്ഷാമവും ആരോഗ്യപ്രശ്നവും എല്ലാം കോളനികളിലേതുതന്നെയാണ്. ശാസ്ത്രീയമായി കോളനികൾ പുനഃസംവിധാനം ചെയ്യുന്നതിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. ഇതിന്നായി സ്വദേശത്തും വിദേശത്തും ഉള്ള ഏജൻസികളുടെ സഹായം തേടാവുന്നതാണ്.

എല്ലാവർക്കും പാർപ്പിടം എന്ന അഗ്രഹം പൂർണ്ണമായും സഫലീകരിക്കാൻ കഴിയില്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ നമ്മുടെ ലക്ഷ്യം അതിന്ന് കൂട്ടായ്മയോടെ നമുക്ക് അണിനിരക്കാം.



ഗ്രാമ പഞ്ചായത്ത് കാര്യാലയം



# ത്രിദീയമേഖല

- ആരോഗ്യം
- കുടിവെള്ളം
- വിദ്യാഭ്യാസം
- സംസ്കാരം
- പട്ടികജാതിക്ഷേമം
- വനിതാക്ഷേമം
- സാമൂഹികക്ഷേമം
- സഹകരണമേഖലകൾ
- വിഭവസമാഹരണം

# ആരോഗ്യം

1940 കാലഘട്ടം വരെ വൈദ്യശാസ്ത്ര രംഗത്ത് ആധുനിക വൈദ്യസമ്പ്രദായം ഒന്നുംതന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവേശിച്ചിട്ടുണ്ടായിരുന്നില്ല. മന്ത്രവാദികളും, പാരമ്പര്യ വൈദ്യന്മാരും ആയുർവ്വേദ വൈദ്യന്മാരുമായിരുന്നു അക്കാലത്ത് ഈ രംഗം കൈയ്യടക്കിയിരുന്നത്. ഇന്നത്തെ ആധുനിക സൗകര്യങ്ങൾക്കകത്ത്നിന്നുകൊണ്ട് പഴയകാല ചികിത്സാരീതികളും അതിന്റെ പരാജയങ്ങളും അറിയുമ്പോൾ അതിഭയാനകമായ ചിത്രമാണ് നമുക്ക് കാണാൻ കഴിയുക. നമ്മുടെ രാജ്യത്ത്നിന്നും തുടച്ചു മാറ്റപ്പെട്ട "വസൂരി" ബാധിച്ച രോഗികളെ സ്വന്തക്കാർപോലും പരിചരിക്കാതെ മദ്യലഹരിയിൽ ജീവനോടെ കുഴിച്ചുമൂടുന്ന അവസ്ഥയാണ് അന്നുണ്ടായിരുന്നത്. പ്രസവചികിത്സകൾ കുലത്തൊഴിലായി സ്വീകരിച്ച് വയറ്റാട്ടിമാരാണ് നടത്തിയിരുന്നത്. ഇവരുടെ അശാസ്ത്രീയമായ ഇടവെടലുകളും സമ്പ്രദായങ്ങളും മൂലം മരണനിരക്ക് വളരെ കൂടുതലായിരുന്നുവെന്ന് മുൻകാല കണക്കുകൾ സൂചിപ്പിക്കുന്നു.

സ്വാതന്ത്ര്യസമ്പാദനത്തോടുകൂടി അലോപ്പതി വൈദ്യസമ്പ്രദായം വളരെ പെട്ടെന്ന് പുരോഗതി പ്രാപിച്ചു. എന്നാൽ അതിന് മുമ്പത്തെ 1940ന്റെ ആരംഭത്തിൽ ഡോ. എം. മുഹമ്മറുൽ ഡിസ്പൻസറി (ഇന്നത്തെ കോയാസ് ആശുപത്രി) സ്ഥാപിച്ചു. തുടർന്ന് ഡോ. കെ.ആർ.ജി. കുറുപ്പ്, ഡോ. ടി.പി. മുഹമ്മദ്, ഡോ. ഇ.വി. ഉസ്മാൻകോയ, ഡോ. പി. ബഷീർ എന്നിവർ ആശുപത്രി സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. മലബാർ ആയുർവേദിക് നർസിങ്ങ് ഹോം എന്ന ആയുർവേദ ആസ്പത്രിയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

വൈദ്യശാസ്ത്രരംഗത്ത് നാം ഇത്രയേറെ മുന്നോട്ടു പോകുവാനുള്ള പ്രധാന കാരണം വ്യാവസായികരംഗത്തെ നമ്മുടെ പുരോഗതിയും വിദ്യാഭ്യാസരംഗത്തെ വളർച്ചയുമാണെന്ന് കാണാൻ സാധിക്കും. പ്രൈവറ്റ് ആശുപത്രികൾ കൂടാതെ കുണ്ടായിത്തോടിലും റഹിമാൻ ബസാറിലും രണ്ടു പ്രാഥമികാരോഗ്യകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇവ കൂടാതെ വിദഗ്ദ്ധന്മാരായ ആയുർവ്വേദ വൈദ്യന്മാരും സ്പെഷ്യലൈസ് ചെയ്ത അലോപ്പതി ഹോമിയോ ഡോക്ടർമാരുമായി വളരെയധികംപേർ ഇവിടെ പ്രാക്ടീസ് ചെയ്യുന്നുണ്ട്. കൂടാതെ ചെറുവണ്ണൂർ ഇ.എസ്.ഐ. ആസ്പത്രി ഉണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് അതിന്റെ ഗുണം ലഭിക്കുന്നില്ല. മെച്ചപ്പെട്ട സേവനം ഇ.എസ്.ഐ.യിൽ ഉണ്ടാവേണ്ടതാണ്.

മരണനിരക്ക്, ശിശുമരണനിരക്ക്, ജനനിരക്ക് എന്നിവയെല്ലാം തന്നെ സംസ്ഥാനവുമായി താരതമ്യം ചെയ്യുമ്പോൾ കുറവാണ്. ഇത് നമ്മുടെ പഞ്ചായത്തിന്റെ വളർച്ചയെയാണ് സൂചിപ്പിക്കുന്നത്. രോഗപ്രതിരോധ പ്രവർത്തനം വളരെ നന്നായി എന്നാണ് പഞ്ചായത്തിൽ നടന്ന പല ഗ്രാമസഭകളിൽനിന്നും ഉയർന്ന് വന്ന അഭിപ്രായം. ജീവനക്കാരുടെ ഈ ദിശയിലുള്ള പ്രതിബദ്ധത സൂചിപ്പിക്കുന്നു. മാതൃമരണം നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടേയില്ല എന്നതും. ഏകദേശം പകുതിയോളം അമ്മമാർ സ്ഥിരമായി കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിച്ചതും സ്വാഗതാർഹമാണ്.

ഈ സന്ദർഭത്തിൽ നമ്മുടെ രോഗപ്രതിരോധരംഗം ഒരു പൊതുവിചിന്തനം ചെയ്യുന്നത് യുക്തമായിരിക്കും എന്ന് തോന്നുന്നു. മലമ്പനി, വസൂരി എന്നി മാരകരോഗങ്ങൾ നമ്മുടെ ജന

തയെ കാർന്നുതിന്നുകൊണ്ടിരുന്ന അവസരത്തിലാണ് രണ്ടാം പഞ്ചവത്സരപദ്ധതികാലത്ത് ഈ രണ്ടു രോഗങ്ങൾക്കെതിരെ നാം യുദ്ധം പ്രഖ്യാപിച്ചത്. വളരെ ചിട്ടയായ പ്രവർത്തനം വഴി ഈ രണ്ടുരോഗങ്ങളും 1966ഓടുകൂടി നമ്മുടെ രാജ്യത്ത്നിന്നും നിർമ്മാർജ്ജനം ചെയ്യുകയുണ്ടായി. തുടർന്ന് കുട്ടികളുടെ മരണഹേതുവായ ആറ് കില്ലർ രോഗങ്ങളായ ഡിഫ്ത്തീരിയ, കൊക്കകുര, ടെറ്റനസ്‌വയറി (അഞ്ചാം പനി) പോളിയോ എന്നീ രോഗങ്ങൾക്കെതിരായ യുദ്ധവും ആരംഭിച്ചു. ഇപ്പോൾ ഈ രോഗങ്ങളെല്ലാംതന്നെ നമ്മുടെ രാജ്യത്ത് നിയന്ത്രണവിധേയമാവുകയും ചെയ്തു. കുഷ്ഠം, മന്ത്, ക്ഷയം, തിമിരം തുടങ്ങിയ രോഗങ്ങൾക്ക് എതിരായ യുദ്ധം തുടർന്ന് വരുന്നു.

നാം നിർമ്മാർജ്ജനം ചെയ്ത 2 രോഗങ്ങളിൽ വസൂരിയെ സംബന്ധിച്ച് ഭയപ്പെടാനില്ലെങ്കിലും മലമ്പനിയെ സംബന്ധിച്ച് വളരെ ഗുരുതരമായ ഒരവസ്ഥ നാം അഭിമുഖീകരിച്ചുകൊണ്ടിരിക്കയാണ്. രോഗവാഹകരായ കൊതുകുകൾ നമ്മുടെ കൺമുമ്പിൽ കാണുന്നു എന്നതാണ് സ്ഥിതി. നിലവിലുള്ള എല്ലാ കീടനാശിനികളേയും അവ അതിജീവിക്കുകയാണ്. ആസൂത്രണത്തിലുള്ള വൈകല്യങ്ങളാണ് ഇതിന്ന് കാരണമായി കാണുന്നത്. ശാസ്ത്രശക്തിയും മനുഷ്യശക്തിയും ഏകോപിച്ച് നീങ്ങേണ്ട അവസ്ഥയാണ് നമ്മുടെ മുമ്പിലുള്ളത്.

## ജനനമരണ രജിസ്ട്രേഷൻ

ആസൂത്രണത്തിന് ഏറ്റവും ആവശ്യമായ ഘടകമാകണം ശരിയും കൃത്യവുമായ സ്ഥിതിവിവരക്കണക്കുകൾ. ജനനമരണ രജിസ്ട്രേഷൻ മുമ്പ് നടത്തിയിരുന്നത് ആരോഗ്യവകുപ്പിലായിരുന്നു. (തിരുവിതാംകൂർ, കൊച്ചി ഭാഗത്ത്) എന്നാൽ മലബാറിൽ റവന്യൂവകുപ്പും. അതിന്റെ അശാസ്ത്രീയത മനസ്സിലാക്കിയാവാം പിന്നീട് പഞ്ചായത്തിലേക്ക് മാറ്റുകയുണ്ടായി. ഇന്ന് കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും പ്രാഥമികാരോഗ്യകേന്ദ്രമുണ്ട്. ഇവർക്കെല്ലാതന്നെ കേന്ദ്രങ്ങളുമുണ്ട്. ജനകീയാസൂത്രണങ്ങൾ നടപ്പിൽ വരുന്നതോടുകൂടി ആരോഗ്യകാര്യങ്ങളുടെ തീരുമാനം എടുക്കുന്നതിൽ സ്ഥലത്തെ പി.എച്ച്.സി. മെഡിക്കൽ ഓഫീസർക്കും മറ്റു സ്റ്റാഫിനും മതിയായ ഉത്തരവാദിത്വം ഉണ്ട്. ഇന്ന് പഞ്ചായത്തിൽ ജൂനിയർ സൂപ്രണ്ടിന്റെ ചുമതലയാണം രജിസ്ട്രേഷൻ. എല്ലാ സംഭവങ്ങളും അവിടെ രജിസ്റ്റർ ചെയ്യപ്പെടുന്നില്ല എന്നിതന്റെ തെളിവാണം അവിടത്തെ കണക്കുകൾ സൂചിപ്പിക്കുന്നത്. എന്നാൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാർക്ക് ജനനം മരണം ബാലമരണം തുടങ്ങി മനുഷ്യനുമായി ബന്ധപ്പെടുന്ന എല്ലാ കണക്കുകളും ആവശ്യമാണ്താനും. അവർ തങ്ങളുടെ വീട് സന്ദർശനത്തിനിടയിൽ അവയെല്ലാം ശേഖരിക്കുന്നുമുണ്ട്. രജിസ്ട്രേഷൻ അവരുടെ ഒരു ഉത്തരവാദിത്വമാക്കിയാൽ ഒരളവോളം കണക്കുകളിൽ കൃത്യതയുണ്ടാക്കുവാൻ സാധിക്കും എന്നതാണ് സൂചിപ്പിക്കുവാനുള്ളത്. അതിനായി ആവശ്യമായ നിയമഭേദഗതികൾ വരുത്തി പ്രാഥമികാരോഗ്യകേന്ദ്രം മെഡിക്കൽ ഓഫീസർ, ഹെൽത്ത് ഇൻസ്പെക്ടർമാരെ രജിസ്ട്രാറായി ചുമതലപ്പെടുത്തേണ്ടതാണ്.

സർക്കാർ നേരിട്ട് നടത്തുന്ന ആരോഗ്യ സ്ഥാപനങ്ങൾ

1. കുണ്ടായിത്തോടിൽ ബ്ലോക്കിന്റെ കീഴിലുള്ള പ്രാഥമികാരോഗ്യകേന്ദ്രം

2. റഹിമാൻബസാറിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രം

3. നല്ലളം ഒന്നാം വാർഡിലുള്ള സബ് സെന്റർ

പല നിർദ്ദേശങ്ങളും നിലവിലുണ്ടെങ്കിലും ആയുർവേദ ഹോമിയോ ആശുപത്രികൾ ഇപ്പോൾ പഞ്ചായത്തിലില്ല. ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങളും ഗ്രാമസഭാ നിർദ്ദേശങ്ങളും പരിശോധിച്ചാൽ ഈ രണ്ടു പി.എച്ച്.സി. കളും ആധുനിക സൗകര്യങ്ങളോടുകൂടി വിപുലപ്പെടുത്തുവാൻ സാധിക്കുന്നതാണ്. ഇപ്പോൾ ചെറുവണ്ണൂർ പി.എച്ച്.സി. നടക്കുന്നത് വാർഡിന് പണ്ടേ ഉണ്ടാക്കിയ ഒരു കെട്ടിടത്തിലാണ്. പഴയ കെട്ടിടം പൂർണ്ണമായും പൊളിച്ചു നീക്കി പ്രസ്തുത സ്ഥാനത്ത് ഒരു 3 നില കെട്ടിടം പണിയുകയാണ് ഏറ്റവും ഉത്തമമായ മാർഗ്ഗം. അതി

| | | |
|---|---|---|
| 1. | നമ്മുടെ പഞ്ചായത്തിലെ ആകെ ജനസംഖ്യ | 51,969 |
| | ,, പുരുഷന്മാർ | 25,727 |
| | ,, സ്ത്രീകൾ | 26,242 |
| 2. | a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ | 843 |
| b) | 1-2 വയസ്സുവരെയുള്ള കുട്ടികൾ | 862 |
| c) | 2-3 ,, ,, | 898 |
| d) | 35 ,, ,, | 1850 |
| 3. | ആകെ ഗർഭിണികൾ | 851 |
| 4. | ആകെ ജനനം | 840 |
| 5. | ചാപിള്ള ജനനം | 2 |
| 6. | ഒരു വയസ്സിന് താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം | 4 |
| 7. | 1-3 വയസ്സിന് താഴെ പ്രതിരോധ കുത്തിവെപ്പ് നടത്തിയവർ | 851 |
| | കേരളത്തിലെ പൊതു മരണനിരക്ക് | 5.9 |
| | ശിശു മരണനിരക്ക് | 16 |
| | ജനനനിരക്ക് | 17 |

## ചെറുവണ്ണൂർ-നല്ലളം ഗ്രാമ പഞ്ചായത്ത് ജനന-മരണ നിരക്ക്

### മരണനിരക്ക്

| ആകെ മരണം | ജനസംഖ്യ | പൊതു മരണനിരക്ക് | പഞ്ചായത്ത് മരണനിരക്ക് | കുറവ് |
|---|---|---|---|---|
| 291 | 51969 | 5.2 | 5.59 | 31 |
| ഒരുവയസ്സിന് താഴെകുട്ടികളുടെ മരണം | ജനനം | പൊതുശിശു മരണനിരക്ക് | പഞ്ചായത്ത് ശിശുമരണനിരക്ക് | കുറവ് |

### ജനനനിരക്ക്

| ആകെ ജനനം | ജനസംഖ്യ | പൊതുജനന നിരക്ക് | പഞ്ചായത്ത് ജനനനിരക്ക് | കുറവ് |
|---|---|---|---|---|
| 840 | 51969 | 17 | 16.6 | .84 |

### കുടുംബാസൂത്രണ മാർഗ്ഗങ്ങൾ

| ആകെ അമ്മമാർ | സ്ഥിരമായ മാർഗ്ഗം സ്വീകരിക്കൽ | ബാക്കിയുള്ളവർ |
|---|---|---|
| 5254 | 2515 | 2739 |

ന്നായി PWDയുടെ ഇപ്പോൾ നിലവിലുള്ള PHC ബിൽഡിങ്ങ് പ്ലാൻ മാറ്റം വരുത്തേണ്ടിവരും. ഒ.പി., ഐ.പി., ലാബ്, എക്സ്റേ തുടങ്ങിയവക്കും സ്റ്റാഫ റിന്നും താമസിക്കുവാൻ ഓഫീസ് സൗകര്യ ങ്ങൾക്കും സ്ഥലം ഉണ്ടാകേണ്ടതാണ്. റഹിമാൻ ബസാറിലുള്ള പി.എച്ച്.സി. മുൻ സാഹചര്യങ്ങ ളിൽ നിന്ന് വ്യത്യസ്ഥമാണ്. വികസനത്തിനാവ ശ്യമായ സ്ഥലസൗകര്യങ്ങൾ ഉണ്ട്. കുണ്ടായി ത്തോട് പി.എച്ച്.സിയിൽ പറഞ്ഞ എല്ലാ സൗക ര്യങ്ങളും ഇവിടേയും ആവശ്യമാണ്. പി.പി.എ സ്. ഓപ്പറേഷന് ഊന്നൽ നല്കണം. ഈ രണ്ടു പദ്ധതികളും സമയബന്ധിതമായി മുൻഗ ണനാക്രമത്തിൽ വിപുലമായ ജനപങ്കാളിത്ത ത്തോടുകൂടി നടപ്പിൽ വരുത്തേണ്ടതാണ്. പി.എ ച്ച്.സി.കളോടനുബന്ധിച്ചുള്ള പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനവും പഞ്ചായത്തിൽ മുഴു വൻ ജനവിഭാഗങ്ങൾക്കും ലഭ്യമാവുന്നതിൽ പരാ തിയുള്ളതായി വിവിധ വാർഡുകളിലെ ചർച്ച കളിൽ കാണുന്നുണ്ട്. ഒരു സബ്സെന്റർ നല്ലള ത്തുള്ളത് പൊളിഞ്ഞു വീഴാറായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒമ്പത് Jr. PH.N.മാരും ആറ് Jr. H.I. മാരും ജോലിചെയ്യുന്നുണ്ട്. പഞ്ചായത്തിനെ ഭൂമിശാസ്ത്രപരമായി ഭാഗിച്ച് ഇവരെല്ലാംതന്നെ ഏ രിയായിൽ ജോലി ചെയ്യുന്നുണ്ട്. എല്ലാ ഏരി യായിലും 2 പേർ ഉണ്ടാവും. യഥാർത്ഥത്തിൽ ഒരു കേന്ദ്രം ഉണ്ടെങ്കിലേ അവരുടെ സേവനം എന്താണെന്നറിയുകയുള്ളൂ. ഒരു വാർഡിൽപോ ലും അത്തരം കേന്ദ്രങ്ങൾ ഇല്ല. ചില വാർഡു കളിൽ ജീവനക്കാർ ഗൃഹസന്ദർശനം നടത്തു ന്നത് ഗൃഹനാഥൻ അറിയുന്നുപോലുമില്ല. എന്നാൽ ഗൃഹസന്ദർശനം കൃത്യമായി നടത്തേ ണ്ടതാണ്. ജനസംഖ്യാനിയന്ത്രണത്തിൽ ഗവൺ മെന്റ് ഉദ്ദേശിക്കുന്ന ലക്ഷ്യം നാം കൈവരിച്ചു കഴിഞ്ഞുവെങ്കിലും ഫലത്തിൽ ജനങ്ങൾ വർദ്ധി ച്ചുകൊണ്ടേ ഇരിക്കുകയാണ്. ജനസംഖ്യാ നിയ ന്ത്രണ സന്ദേശങ്ങൾ ഓരോ വീട്ടിലും എത്തി ക്കുന്നതിലും അവ എപ്പോൾ സ്വീകരിക്കുന്നു എന്നതിലും ഫീൽഡ് ജീവനക്കാർ അവരുടെ പങ്ക് പൂർണ്ണമായും നിർവ്വഹിക്കുന്നുണ്ട് എന്നു ഉറപ്പ് വരുത്തണം. നമ്മുടെ പദ്ധതികളുടെ മൂല്യ ശോഷണത്തിന് ഒരു പ്രധാനകാരണം ജനസം ഖ്യവർദ്ധനവ് തന്നെയാണ് എന്ന ബോധം ജന

**സർക്കാർ ആശുപത്രിയുടെ സ്ഥിതിവിവരകണക്കുകൾ**

| കുണ്ടായിത്തോട് | | | റഹിമാൻബസാർ | | |
|---|---|---|---|---|---|
| ക്രമ നമ്പർ | ജീവനക്കാർ | എണ്ണം | ക്രമനമ്പർ | ജീവനക്കാർ | എണ്ണം |
| | മെഡിക്കൽ ഓഫീസർ | 2 | 1 | 1. മെഡിക്കൽ ഓഫീസർ | 1 |
| | യു.സി. ക്ലാർക്ക് | 1 | 2 | 2. യു.ഡി. ക്ലാർക്ക് | 1 |
| | ഫാർമസിസ്റ്റ് | 1 | 3 | 3. ഫാർമസിസ്റ്റ് | 1 |
| | ലാബ് ടെക്. | 1 | 4 | 4. നർ. അസിസ്റ്റന്റ് | 1 |
| | നർസിങ്ങ് അസിസ്റ്റന്റ് | 1 | 5 | 5. എച്ച്.എ.ജി. II | 1 |
| | ഹെൽത്ത് ഇൻസ്പെക്ടർ | 1 | | 6. പിയൂൺ | 1 |
| | അസി .. | 1 | 7 | 7. ഇൻസ്പെക്ടർ | 1 |
| | ഹെൽത്ത് ഇൻസ്പെക്ടർ | 6 | 8 | 8. പാർട്ട് ടൈം സ്വീപ്പർ | |
| | പി.എച്ച് നർസ് | 9 | | | |
| 11. | ഡ്രൈവർ | 1 | | | |
| 12. | പി.ടി.സി. | 1 | | | |
| 13. | ഓപ്പാ അസി. | | | | |
| | ആകെ. | 27 | | ആകെ | 8 |
| മരുന്നുകൾ ഒഴച്ച് ചിലവ് | | 11,29,547 | | | 2,97,643 |

ങ്ങളിൽ രൂഢമൂലമാക്കേണ്ടസമയം അതിക്രമിച്ചിരിക്കയാണ്. രോഗപ്രതിരോധരംഗത്ത് നമുക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ അനുഭവവേദ്യമാക്കുന്നതിൽ ജനസംഖ്യാവർദ്ധനവ് പ്രതികൂലമാവുകയും നാം പരാജയപ്പെടുകയും ചെയ്യുന്നു. ഈ അവസ്ഥയെ മറികടക്കുന്നതിൽ ഫീൽഡ് ജീവനക്കാർക്ക് ഒരു പ്രധാന പങ്ക് വഹിക്കുവാനുണ്ട്. മുകളിൽ സൂചിപ്പിച്ച വിധത്തിൽ നിശ്ചിത ജനസംഖ്യാനുപാതത്തിൽ ഓരോ സബ് സെന്ററുകൾ ഉണ്ടാവേണ്ടതാണ്. അതിന്ന് മുന്നോടിയായി അത്തരം കേന്ദ്രങ്ങൾ സൗജന്യമായി വിട്ടുകൊടുത്തുകൊണ്ട് ജീവനക്കാരുടെ സേവനം ഉറപ്പാക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിൽ സ്ഥലത്തെ പൊതു ജന സാംസ്കാരിക സംഘടനകളുടെ പൂർണ്ണ പങ്കാളിത്തം ഉണ്ടാവേണ്ടതാണ്.

സർക്കാരിന്റെ കീഴിലുള്ള ഹോമിയോ, ആയുർവേദ ഡിസ്പൻസറികൾ പഞ്ചായത്തിൽ എവിടേയും ഇല്ല. നിലവിലുള്ള ആരോഗ്യസ്ഥാപനങ്ങൾ മാറ്റി നിർത്തിയാ നല്ലളം, കൊളത്തറ, അരീക്കാട് എന്നീ സ്ഥലങ്ങളിൽ ആസ്പത്രി സൗകര്യങ്ങൾ ഇല്ല എന്നു തന്നെ പറയാം. ഈ സ്ഥലങ്ങളിൽ മുൻഗണനാക്രമത്തിൽ മേൽ സൂചിപ്പിച്ച ഏതെങ്കിലും ആസ്പത്രികൾ സ്ഥാപിക്കുവാൻ ശ്രമിക്കേണ്ടതാണ്.

## ഒഴുക്കുചാലുകൾ

നമ്മുടെ പഞ്ചായത്തിലെ മൂന്ന് പ്രധാന തോടുകൾ മാങ്കുനിതോട്, ആമാംകുനിതോട് പാലാറ്റിപാടംതോട് എന്നിവ കൂടാതെ പതിമൂന്നാം വാർഡിൽ ചേറ്റുകുനി വയലിൽനിന്ന് തുടങ്ങി അറളായി പടന്ന വഴി ചാലിയാറിൽ അവസാനിക്കുന്നതും കിളിയാംചാല്, പുല്ലൂത്തിതോട്, നെടുങ്കടവ് തോട്, പാലാറപൊട തോട്, കുറ്റിയൽ തോട് എന്നിവയും ചെറിയ തോടുകളായുണ്ട്. ഈ തോടുകളുടെ എല്ലാം അവസാനം ചാലിയാറും കനാലിന്റെ ഭാഗമായ കല്ലായ് പുഴയിലും ആണ്. ഇവയിൽ പലതും മഴക്കാലത്ത് മാത്രമുള്ളവയാണ്. വേനൽക്കാലത്ത് പല തോടുകളും ഇടക്ക് വെച്ച് മുറിയുകയും പരിസരമലിനീകരണപ്രശ്നം ഉണ്ടാക്കുകയും ചെയ്യുന്നു. പല സ്ഥലങ്ങളിലും അഴുക്കുചാലുകളിൽനിന്ന് ഇതിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച ചർച്ചയും അഭിപ്രായവും ഉണ്ടായിട്ടുണ്ട്. ശാസ്ത്രീയസ്വഭാവം ഉള്ളതവും അഭിപ്രായങ്ങൾ എല്ലാം കൂടി പഠിച്ചപ്പോൾ താഴെ പറയുന്ന നിർദ്ദേശം പരിഗണിക്കാം എന്ന അഭിപ്രായമാണ് ഉയർന്നുവരുന്നത്.

1. പഴയകാലത്തെ തോടുകൾ സർവ്വെ ചെയ്യുക അവ കണ്ടെത്തി തോടുകളാക്കി നില നിർത്തുക.

2. നിലവിലുള്ള തോടുകൾ രണ്ടുഭാഗവും കെട്ടി വൃത്തിയാക്കി ഒഴുക്കിന്ന് തടസ്സമില്ലാതാക്കുക.

3. കൃഷിസ്ഥലവുമായി ബന്ധിപ്പിക്കുവാൻ വേണ്ട സൗകര്യങ്ങൾ ചെയ്യുക. പറമ്പുകൾ നനക്കുവാൻ ഉപയോഗപ്പെടുത്തുക.

4. ചെറിയ തോടുകൾ അഴുക്കുചാലിന്നായി മാറ്റുക.

## അഴുക്കുചാലുകൾ

അഴുക്കുടചാലുകളെ സംബന്ധിച്ച് ഒരു ശാസ്ത്രീയ സമീപനം നമുക്കിതുവരെയുണ്ടായിട്ടില്ല. നാഷണൽ ഹൈവേയിലടക്ക് അതു കാണുവാൻ സാധിക്കും. പൊതു കിണറുകൾ, ലക്ഷം വീടുകൾ 4 സെന്റ് തുടങ്ങിയ മേഖലകളിലു[illegible] 3, 6, 9, 15 വാർഡുകളിൽ മലിനജ[illegible] റോഡിൽകൂടി ഒഴുകുന്നു. നാഷണൽ ഹൈ[illegible] PWD കോർട്ടേഴ്സിന്റെ അടുത്തുള്ള [illegible] ചാൽ, മലനിക്ഷേപകേന്ദ്രത്തിൽ [illegible] വെള്ളം ഒഴുകുന്ന സ്ഥലങ്ങളിലുള്ള [illegible] ശ്നം, വെള്ളത്തുംപാടം, തോട്ടാംകുന[illegible] കെ.എം. കോളനി, കണ്ണാട്ടിക്കുളം ല[illegible] തെക്കെ കുറ്റി, ആമാംകുനി, കരുവാം [illegible] റഹിമാൻ ബസാർ, ചെറുവണ്ണൂർ ടൗ[illegible] ക രിംപാടം, വെള്ളിവയൽ, നാത്തൂന[illegible]ാടം, ആമാംകുനിവയൽ തുടങ്ങിയ സ്ഥലങ്ങ[illegible]ല്ലാം തന്നെ വെള്ളം നിൽക്കുന്ന അവസ്ഥ, തുടങ്ങിയ പഞ്ചായത്തിനെ മൊത്തത്തിൽ മലിനമാക്കുകയാണ്. വളരെ ശാസ്ത്രീയമായ ഒരു സമീപനത്തിൽകൂടി പഞ്ചായത്തിനെ മൊത്തം കേന്ദ്രീകരിക്കുന്ന ഒരു അഴുക്കുചാൽ പദ്ധതിക്ക് പ്ലാൻ

ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി നാഷണൽ ഹൈവെ, പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്നി വകുപ്പുകളുടെ സഹായവും തേടേണ്ടതാണ്. നിലവിലുള്ളവ ഇതോടൊപ്പം വീതികൂട്ടുകയും ചെയ്യേണ്ടതാണ്. ചെറുവണ്ണൂർ ടൗണിൽ നിന്ന് അമ്പലത്തിന്റെ ഇടവഴിയിൽകൂടി വയലിലെത്തുന്ന അഴുക്കുചാൽ വീതിയും ആഴവും കൂട്ടുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വ്യവസായ മാലിന്യം: വ്യവസായങ്ങളിൽനിന്ന് വായുവിൽകൂടിയും മണ്ണിൽകൂടിയും വിടുന്ന മാലിന്യങ്ങൾ ജനജീവിതത്തിന് പലപ്പോഴും ഹാനികരമാവുന്നുണ്ട്. നമ്മുടെ പഞ്ചായത്തിൽ 367 വ്യവസായങ്ങൾ ഉള്ളതായാണ് രേഖകൾ കാണിക്കുന്നത്. വ്യവസായങ്ങൾക്ക് ലൈസൻസ് നല്കുന്ന അവസരത്തിൽ താഴെ പറയുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതും അത്തരം സൗകര്യങ്ങൾ ഉറപ്പ് വരുത്തേണ്ടതും ആണ്.

1. വ്യവസായശാലകളിൽനിന്ന് പുറത്തേക്ക് വിടുന്ന വെള്ളം പൊതുജനങ്ങൾക്ക് ഹാനികരമല്ലാത്തവിധം ശുദ്ധീകരിച്ച് മാത്രമേ പുറത്തേക്ക് വിടുകയുള്ളൂ എന്ന് ഉറപ്പു വരുത്തുക.

2. വായു മലിനീകരണം തടയുവാനുള്ള മാർഗ്ഗങ്ങൾ ചെയ്തിട്ടുണ്ടോ എന്ന് ഉറപ്പ് വരുത്തണം.

3. മണ്ണിൽ നിക്ഷേപിക്കുന്നവ മണ്ണിന് ദോഷം വരാത്തവിധത്തിലായിരിക്കണം കമ്പനി കോമ്പൗണ്ടിൽതന്നെയാവണം.

4. നിലവിലുള്ള വ്യവസായശാലകൾക്ക് ഇത്തരം സൗകര്യങ്ങൾ ഇല്ലെങ്കിൽ ഉണ്ടാക്കുവാനുള്ള ഒരു സമയം അനുവദിക്കുകയും പ്രസ്തുത സമയത്തിനകം നിർവഹിച്ചില്ലെങ്കിൽ ലൈസൻസ് റദ്ദ്ചെയ്യേണ്ടതും ആണ്.

5. ഹോട്ടലുകളിൽനിന്നും വീടുകളിൽനിന്നും പുറത്തേക്ക് ഒഴുക്കുന്ന മലിനജലം കർശനമായി തടയേണ്ടതാണ്.

6. ഹോട്ടലുകളിൽ കക്കൂസുകളും മൂത്രപ്പുരയും നിർബന്ധമായും ഉണ്ടാകേണ്ടതാണ്.

ആശുപത്രികളിൽനിന്നുള്ള മാലിന്യങ്ങൾ:-

നമ്മുടെ പഞ്ചായത്തിൽ 4 പ്രൈവറ്റ് ആസ്പത്രികളും ഒരു സഹകരണ ആശുപത്രിയും ഉണ്ട്. ആസ്പത്രികളിൽനിന്നുണ്ടാവുന്ന മാലിന്യങ്ങൾ ഇന്ന് പൊതുജനങ്ങൾക്ക് ഹാനികരമാവുന്നുണ്ട്. ചില ആസ്പത്രികളെ സംബന്ധിച്ച് പരാതിയും നിലനില്ക്കുന്നുണ്ട്. ഒരാശുപത്രിയിൽകൂടി നാം ഉദ്ദേശിക്കുന്നതിന് വിപരീതമായി അവയുടെ പ്രവർത്തനം പരിസരവാസികൾക്ക് അസഹനീയമായ ഒരവസ്ഥയുണ്ടാക്കുന്നത് അനുവദനീയമല്ല. അത്തരം ഒരവസ്ഥയുണ്ടാവാതിരിക്കുവാൻ ആശുപത്രി അധികൃതർ നടപടി സ്വീകരിക്കുന്നതിൽ ഒട്ടും വൈകിക്കൂടാ. അവരവരുടെ തന്നെ നിക്ഷേപിക്കുന്ന ഡ്രൈനേജ് കം വേസ്റ്റ് ഡിസ്പോസൽ സ്കീം നടപ്പിൽ വരുത്തുവാൻ ആസ്പത്രി അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതാണ്.

മത്സ്യമാർക്കറ്റ്:- മത്സ്യം ഇറച്ചി എന്നിവയുടെ അവശിഷ്ടങ്ങളിൽനിന്നുണ്ടാവുന്ന മാലിന്യങ്ങൾ ഇന്ന് പരിസര മലിനീകരണത്തിന് മുഖ്യകാരണങ്ങളാണ്. ഇവയെല്ലാംതന്നെ കളയുന്നത് തോടിലും പുഴയിലുമാണ്. മാർക്കറ്റുകളുടെ സമീപവും ധാരാളം കാണാൻ സാധിക്കും. ഇവക്കൊരു ശാശ്വത പരിഹാരം ഉണ്ടാകേണ്ടിയിരിക്കുന്നു.

1. പഞ്ചായത്തിൽ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽമാത്രം മത്സ്യം ഇറച്ചി മാർക്കറ്റുകൾ ഉണ്ടാക്കുക.

2. മാർക്കറ്റ് ശാസ്ത്രീയമായി ഡിസൈൻ ചെയ്യുക. ചോര, മത്സ്യത്തിലുള്ള ഐസ് വെള്ളം തുടങ്ങിയവ ഡ്രൈനേജ് വഴി അടച്ചു മൂടി എത്തിക്കുക.

3. കോഴിത്തൂവൽ മത്സ്യത്തിന്റെ അവശിഷ്ടങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുവാൻ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട് വേണ്ട ഏർപ്പാടുകൾ ചെയ്യുക.

4. ഈ വിഭാഗത്തിലെ കച്ചവടക്കാർക്ക് വേണ്ട ബോധവൽക്കരണം നടത്തുക.

നമ്മുടെ പഞ്ചായത്തിലെ സ്ഥിതിവിവര കണക്കുകൾ സൂചിപ്പിക്കുന്നത് 25%ത്തോളം വീട്ടുകാർക്ക് കക്കൂസില്ല എന്നതാണ്. 10% പേർ ശാസ്ത്രീയമല്ലാത്ത രീതിയിൽ മലമൂത്രവിസർജ്ജനവും നടത്തുന്നുണ്ട്. വെള്ളത്തിൽ കൂടി പകരുന്ന രോഗങ്ങൾക്ക് ഇതൊരു കാരണമാവുന്നു. കക്കൂസിൽ മാത്രമേ മലമൂത്ര വിസർജ്ജനം ചെയ്യുകയുള്ളൂ എന്നതാണ് നമ്മുടെ ലക്ഷ്യവും ആഗ്രഹവും. സാമ്പത്തികമായ പരാധീനത ഇതിന് പല ഗൃഹനാഥന്മാർക്കും പ്രശ്നം സൃഷ്ടിക്കുന്നുണ്ട് എന്നാണ് പല ഗ്രാമസഭകളിലും ഉണ്ടായ അഭിപ്രായം. സംഘടനകൾ, രാഷ്ട്രീയപാർട്ടികൾ എന്നിവരുടെ കൂട്ടായ ശ്രമം ഇതിനാവശ്യമാണ്. ഒമ്പതാം പദ്ധതി പൂർത്തികരിക്കുന്നതോടുകൂടി ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിൽ കക്കൂസില്ലാത്ത വീടുകൾ ഉണ്ടാവില്ല എന്ന് ഉറപ്പുവരുത്തുന്നവിധത്തിലുള്ള ഒരു ആസൂത്രണം നമുക്കുണ്ടാകേണ്ടിയിരിക്കുന്നു.

**പൊതുകിണർ സംരക്ഷണം:** 18 പൊതു കിണറിൽ പൊതു എന്നു പറയുമ്പോഴേക്കും അവയുടെ ഉപയോഗം അശ്രദ്ധമായി കൈകാര്യം ചെയ്യുന്ന ഒരു പ്രവർത്തനമാണ് നാം കണ്ടുവരുന്നത്. ബോധവൽക്കരണം മാത്രമാണ് ഇതിനുള്ള ശാശ്വതപരിഹാരം.

**കൊതുക് നിവാരണം:** അതീവജാഗ്രതയോടുകൂടിയുള്ള മനുഷ്യയത്നത്തിന്റെയും ശാസ്ത്ര ശക്തിയുടേയും ഫലമായി മലമ്പനിയെ സംസ്ഥാനത്ത് നിന്നും തുടച്ച് നീക്കിയതാണ്. എന്നാൽ മറ്റു സംസ്ഥാനങ്ങൾ നമ്മോടൊപ്പം ഇത്ര രോഗം നിർമ്മാർജ്ജനം ചെയ്യാത്തത് മൂലം നമ്മുടെ സംസ്ഥാനത്ത് വീണ്ടും മലമ്പനി കണ്ടുവരികയാണ്. ഇപ്പോൾ കണ്ടുവരുന്ന ഡെങ്കു ഫീവറും മന്തുരോഗവും മറ്റും നമുക്ക് ഭീഷണിയാണ്.

കൊതുകു നശീകരണത്തിൽകൂടി മാത്രമേ ഇവക്ക് ശാശ്വത പരിഹാരമുള്ളൂ. കൊതുകുകൾ നിലവിലുള്ള കീടനാശിനികളെ അതിജീവിക്കുകയും ചെയ്യുന്നു. ശാസ്ത്രം ഇതിനെ ഗൗരവമായി വീക്ഷിക്കേണ്ടിയിരിക്കുന്നു. അതോടൊപ്പം നമ്മുടെ ജീവനക്കാരുടെ സേവനം ചിട്ടപ്പെടുത്തുന്നതിലും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കൊതുക് വളർച്ചക്ക് ഹേതുവായ കാരണങ്ങൾ കണ്ടുപിടിക്കുകയും അപ്പോഴപ്പോൾതന്നെ പ്രതിവിധി കണ്ടെത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

**കിണറുകളുടെ ശുദ്ധീകരണം:** ചില പ്രത്യേക സമയങ്ങളിലാണ് വെള്ളത്തിൽ കൂടിയുള്ള രോഗങ്ങൾ പകരുന്നത്. (അതിശക്തമായ വേനലിലും വർഷാരംഭത്തിലും) ഈ സന്ദർഭങ്ങളിൽ സാമൂഹ്യസംഘടനകളുടെ സഹായത്തോടുകൂടി ആരോഗ്യവകുപ്പുദ്യോഗസ്ഥർ ക്ലോറിനേഷൻ പ്രവർത്തനം നടത്തേണ്ടതാണ്.

**ചെറുവണ്ണൂർ മലനിക്ഷേപകേന്ദ്രം:** പല വാർഡുകളിൽ നിന്നും വിമർശനവിധേയമായ ഒരു പ്രശ്നമാണ് ചെറുവണ്ണൂർ മലനിക്ഷേപകേന്ദ്രം. വളരെ അപൂർവ്വികമായ ഒരു പകപോക്കൽ ചരിത്രവും അതിനില്ലേ എന്നാണ് കേട്ടറിവ്. ഒരു തീരാശാപായി പ്രസ്തുത കേന്ദ്രം നമ്മെ തുറിച്ചു നോക്കുകയാണ്. ആധുനിക രീതിയിൽ ചണ്ടി സംസ്കരിച്ച് ജൈവവളമാക്കുവാൻ കോർപ്പറേഷൻ അധികൃതർ നടപടികൾ ആരംഭിച്ചതായും അറിയുന്നു. രാസപദാർത്ഥങ്ങൾ ചേർത്താതെയാണ് സംസ്കരണം നടത്തുന്നത് എന്ന് വിദഗ്ദ്ധ സംഘം പറയുന്നുണ്ട്. ആയതിനാൽ പരിസ്ഥിതി-മലിനീകരണ പ്രശ്നങ്ങൾ ഉണ്ടാവുകയില്ല എന്ന് വിദഗ്ദ്ധ സംഘം അവകാശപ്പെടുന്നുണ്ട്.

എന്തു തന്നെയായാലും ഈ വിഷയങ്ങൾക്ക് ഒരറുതി വരുത്തിയില്ലെങ്കിൽ ജനങ്ങൾ ശക്തിയായി നേരിടും എന്നതിൽ യാതൊരു സംശയവും ഇല്ല.

ശാശ്വത പരിഹാരം കേന്ദ്രം എടുത്തുമാറ്റൽ തന്നെയാണ്.

**ബോധവൽക്കരണം:-** പൊതുജനാരോഗ്യപ്രശ്നങ്ങൾ എത്രതന്നെ പരിഹരിച്ചാലും ബോധവൽക്കരണം ഒരു പ്രധാന ഘടകമാണ്. ജനസംഖ്യാനിയന്ത്രണം, കുത്തിവെപ്പുകൾ, പരിസരമലിനീകരണം, വ്യക്തിഗത സമ്പ്രദായങ്ങൾ തുടങ്ങി ഏത് കോണിലും ബോധവൽക്കരണം ഇല്ലെങ്കിൽ ഫലം തിരിച്ചായിരിക്കും. നമ്മുടെ പഞ്ചായത്തിലെ പല സന്നദ്ധ സംഘ

ടനകളും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. അവരെയെല്ലാം ഏകോപിപ്പിച്ച് ബോധവൽക്കരണ ക്ലാസുകൾ തുടർച്ചയായി നടത്തുവാൻ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ 15 വാർഡുകളിൽനിന്ന് വന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിനെ മൊത്തം കണ്ടു കൊണ്ടുള്ള ഒരു വികസനറിപ്പോർട്ടാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. ഓരോ ഗ്രാമസഭയുടേയും നിർദ്ദേശങ്ങൾ താഴെ കൊടുത്തിട്ടുണ്ട്. ഔഷധസസ്യങ്ങൾ വെച്ചുപിടിപ്പിക്കൽ, ആംബുലൻസ് വേൻ, പൊതുശ്മശാനം തുടങ്ങിയവ അതിൽപെടുന്നു.

ചാർട്ട് 1

| വാർഡ് | സർക്കാർ ആരോഗ്യസ്ഥാപനം | സ്വകാര്യ ആരോഗ്യസ്ഥാപനം |
|---|---|---|
| 1 | സബ്സെന്റർ ജൂനിയർ PHC Nurse | ഇല്ല |
| 2. | ഇല്ല | ഇല്ല |
| 3. | ഇല്ല | ഇല്ല |
| 4. | ഇല്ല | ഇല്ല |
| 5. | ഇല്ല | ഇല്ല |
| 6. | PHC കല്ലുവെട്ടുകുഴി | K.K.M. ഹോസ്പിറ്റൽ |
| 7. | ഇല്ല | ഏബിൾ ഫാർമ (ആയുർവേദം) |
| 8. | ഇല്ല | ഇല്ല |
| 9. | ഇല്ല | ആര്യവൈദ്യശാല |
| 10. | ഇല്ല | ഇല്ല |
| 11. | ഇല്ല | കരുണ ഹോസ്പിറ്റൽ |
| 12. | ഇല്ല | ടി.പി. നഴ്സിങ്ഹോം |
| | | ചന്ദ്രിക ആയുർവേദ ഫാർമസി |
| | | മോഡേൺ ഫാർമസി |
| 13 | ഇല്ല | കോയാസ് ഹോസ്പിറ്റൽ |
| | | മലബാർ ആയുർവേദ ഹോസ്പിറ്റൽ (സഹകരണം) |
| | | വാരിയർ വൈദ്യശാല |
| 14 | കുണ്ടായിത്തോട് PHC | ചെറുവണ്ണൂർ ഹോമിയോക്ലിനിക് |

## നിർദ്ദേശങ്ങൾ

1. സബ്സെന്റർ കെട്ടിടം തകർന്നുവീഴാറായിട്ടുണ്ട്. സബ്സെന്ററിലും ഗൃഹസന്ദർശനത്തിലും Jr. PHN ന്റെ സേവനം മാത്രമേ ലഭ്യമാകുന്നുള്ളു. ഡോക്ടറുടെ സേവനം ലഭിക്കണം.

2. ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം

3. സബ്സെന്ററുകൾ റിപ്പേർ ചെയ്ത് Jr. PHN ന് താമസിക്കാൻ സൗകര്യം ഏർപ്പെടുത്തുകയും സെന്ററിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുകയും വേണം

4. ആറാം വാർഡിലുള്ള PHC ആവശ്യമായ ലാബോറട്ടറി സൗകര്യത്തോടുകൂടി വിപുലീകരിക്കുകയും കിടത്തി ചികിത്സ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ആശുപത്രിയായി ഉയർത്തുകയും ചെയ്യേണ്ടതാണ്.

5. അലോപ്പതി ഹോമിയോ കേന്ദ്രങ്ങളിൽ ഏതെങ്കിലും ഒന്ന് പഞ്ചായത്തിൽ സ്ഥാപിക്കണം.

6. കുണ്ടായിത്തോട് പ്രാഥമിക ആരോഗ്യ കേന്ദ്രം പൊതുജനപങ്കാളിത്തത്തോടുകൂടി വിപുലീകരിക്കണം.

7. ഹെൽത്ത് ജീവനക്കാരുടെ ഗൃഹസന്ദർശനപരിപാടി ആവശ്യമാണ്.

8. ആറ് മാസത്തിലൊരിക്കലെങ്കിലും വാർഡിലെ ജനങ്ങളെ മെഡിക്കൽ ചെക്കപ്പിന് വിധേയമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണം


9. 'ഞെളിയംപറമ്പ്' മലനിക്ഷേപകേന്ദ്രം ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.

10. പഞ്ചായത്ത് വക ഒരു ആമ്പുലൻസ് വേണം.

11. പഞ്ചായത്തിന്റെ ഉദയ കോളനിയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി ആയുർവേദ ആശുപത്രികൂടി ഉൾപെട്ട ഒരു ഹെൽത്ത് സെന്റർ സ്ഥാപിക്കണം.

12. മമ്മിളി കാപ്പി കമ്പനിയിൽനിന്ന് പുറത്തേക്ക് വിടുന്ന മാലിന്യങ്ങൾ ആരോഗ്യത്തിന് തടയാനാവശ്യമായ നടപടികൾ സ്വീകരിക്കുക.

13. മന്ത്രോഗ നിവാരണ പരിപാടി സംഘടിപ്പിക്കണം.



# കുടിവെള്ളം

ജലലഭ്യതയിൽ കേരളം മുൻപന്തിയിലാണ്. 4300 ദശലക്ഷം ക്യുബിക് മീറ്റർ ജലം നദികളിലൂടെ ഒഴുകിയെത്തുന്നു. ഭൂഗർഭ ജലശേഷി 7900 ദശലക്ഷം ക്യുബിക് മീറ്ററാണ്. സംസ്ഥാനത്തിൽ ഒരു കുടംബത്തിന്റെ ജലലഭ്യത 4500 ലിറ്ററാണ്. പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കാവശ്യമായ വെള്ളം ഭൂഗർഭജലംവഴിയും ഒഴുകിയെത്തുന്ന വഴിയും നമുക്ക് ലഭിക്കുന്നുണ്ട്. എന്നാൽ കുടിവെള്ളപ്രശ്നത്തിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ അതിരൂക്ഷമായ വിഷമതകളനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ 15 വാർഡുകളിൽ ഭൂരിപക്ഷം സ്ഥലങ്ങളിലും ഉപ്പുവെള്ളം കയറുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. അതോടൊപ്പംതന്നെ മഴക്കാലത്ത് അതിരൂക്ഷമായ വെള്ളപ്പൊക്കവും നേരിടുന്നു. വേനൽക്കാലത്ത് പള്ളിപ്പറമ്പ്, കൊടമ്പാട്ട്, ചാമപ്പറമ്പ്, മുല്ലശ്ശേരി എന്നിവിടങ്ങളിൽ രൂക്ഷമായ വരൾച്ചയും അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഭരണസമിതികൾ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവെച്ചിട്ടുണ്ട്. ചാർട്ട് 3ൽ അവയെല്ലാം പ്രതിപാദിച്ചിട്ടുണ്ട്. നടപ്പാക്കിയ പദ്ധതികൾ മുഖേന ഏകദേശം 1500 വീടുകൾക്ക് ശുദ്ധജലം നൽകുന്നു. രൂക്ഷമായ വരൾച്ചക്കാലത്ത് തെല്ലെങ്കിലും ആശ്വാസം നൽകുവാൻ വരൾച്ചാപ്രദേശങ്ങളിൽ ടാങ്കർലോറികളിൽ വെള്ളം നൽകി വരുന്നുണ്ട്. എന്നാൽ കൊല്ലം തോറും ജലക്ഷാമം വീണ്ടും വീണ്ടും വർദ്ധിച്ചുകൊണ്ടിരിക്കയാണ്. ജനസംഖ്യാവർദ്ധനവ്, അനുയോജ്യമല്ലാത്ത ശാസ്ത്രീയമായ ഭൂവിനിയോഗരീതി, നഗരവൽക്കരണം, അനാവശ്യമായ വിനിയോഗം, യന്ത്രങ്ങളുടെ തകരാറുകൾ തുടങ്ങിയ കാരണങ്ങളാൽ പല പദ്ധതികളിലും മുൻപുണ്ടായിരുന്ന അവസ്ഥ നിലനിർത്തുവാൻ സാധിക്കുന്നില്ല. ഇപ്പോൾ നിലവിൽവന്ന ഭരണസമിതി ഈ കാര്യങ്ങൾ വളരെ ഗൗരവമായി പഠിക്കുകയും വെള്ളത്തിന് ഏറ്റവും രൂക്ഷത അനുഭവിക്കുന്ന സ്ഥലങ്ങൾ നോക്കി നാലു പദ്ധതികൾക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ചെറുവണ്ണൂർ മിനിവാട്ടർ സപ്ലൈ സ്കീം ടാങ്കിന്റെ കപ്പാസിറ്റി വർദ്ധിപ്പിച്ചു വിപുലപ്പെടുത്തുവാൻ പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. കൂടാതെ ഗ്രേറ്റ് കാലിക്കറ്റ് വാട്ടർ സപ്ലൈ സ്കീമിന്റെ പരിധിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി 2007ഓടുകൂടി മാത്രമേ പൂർത്തിയാവുകയുള്ളൂ എന്ന ദുഃഖസത്യം നമ്മെ കൂടുതൽ കർമ്മോത്സുകരാക്കുന്നു. അതിരൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന അവസരങ്ങളിൽ കുടിവെള്ളത്തിന് വേണ്ടി നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് നാഴികകൾതന്നെ കുടവുമേന്തി സഞ്ചരിക്കേണ്ട അവസ്ഥയുണ്ട്.

പഞ്ചായത്തിന്റെ 15 വാർഡുകളിൽനിന്ന് വന്നിട്ടുള്ള പുതിയ നിർദ്ദേശങ്ങൾ ചാർട്ട് രണ്ടിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ സ്കീമുകളിൽ മിനിവാട്ടർ സപ്ലൈസ്കീമുകളായി വരുന്നവയെല്ലാം തന്നെ ഒമ്പതാംപദ്ധതിയിൽ പൂർണ്ണമായി നടപ്പിൽ വരുത്താൻ നമുക്ക് സാധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ ഏറ്റവും നല്ല ജലസ്രോതസ്സായി പല വാർഡുകളിൽനിന്നും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള എട്ടാം വാർഡിലെ മങ്കുഴി, പത്താം വാർഡിലെ പാലാറ്റിപ്പാടം മങ്കുഴി എന്നിവ ഉപയോഗിച്ച് ഒരു വൻകിട പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിൽവരുത്തേണ്ടതാ

ണ്. വൻകിട ജലപദ്ധതികൾ നടപ്പിൽ വരുമ്പോൾ സ്വകാര്യഗാർഹിക കണക്ഷന് കരം ഈടാക്കി നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പരിപൂർണ്ണമായും ജനപങ്കാളിത്തം ഉറപ്പ് വരുത്തേണ്ടതാണ്.

ഗാർഹിക കിണറുകൾ:

നമ്മുടെ വീടുകളിൽ സ്വന്തമായ ആവശ്യത്തിന് കുഴിക്കുന്ന പല കിണറുകളും വെള്ളം ക്രമേണ ലഭിക്കാത്തവയായി മാറുന്നുണ്ട്. പല സ്ഥലങ്ങളിലും മുകളിൽ സൂചിപ്പിച്ചത്പോലെ കണ്ടൽ, ഉപ്പ് ഇരുമ്പ്രസം, കലക്ക്വെള്ളം, ശുദ്ധവെള്ളം തന്നെ ഗുണമേന്മയുള്ളതും അല്ലാത്തതുമായവ എന്നിവിധങ്ങളിൽ കാണുന്നുണ്ട്. ശാസ്ത്രീയമായ നിഗമനം കിണർ കുഴിക്കുന്ന അവസരങ്ങളിൽ ഉണ്ടാകുന്നില്ല എന്നതാണ് ഇതിന് കാരണമായി തോന്നുന്നുണ്ട്. CWRDM ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നിവരുടെ സേവനം ലഭ്യമാക്കേണ്ടതാണ്.

ലഭ്യമായ വിവരങ്ങൾവെച്ച്
ജലസ്രോതസ്സുകളുടെ വിവരങ്ങൾ

| | | |
|---|---|---|
| 1. | കിണർ | 5500 |
| 2. | കുളങ്ങൾ | 16 |
| 3. | മൺകുഴികൾ | 4 |

| | |
|---|---|
| ആകെ നമുക്കുള്ള വെള്ളം | 1.65ലക്ഷം ഗ്യാലൽ |
| നമുക്ക് ആവശ്യം | 52.50 ലക്ഷം ഗാലൽ |
| ശേഷിപ്പ് | 113 ലക്ഷം ഗ്യാലൽ |

നമ്മുടെ ആവശ്യം കഴിച്ചുള്ള വെള്ളം ഒഴുകിപ്പോകാൻ അനുവദിച്ചാലും ശാസ്ത്രീയമായ ഒരു നയം നമുക്കുണ്ടാക്കിയേ പറ്റു. (അളവുകൾ പരിശോധനക്ക് വിധേയമാണ്.)

## നിർദ്ദേശങ്ങൾ

1 മന്നയിൽതാഴം കിണർ കുഴിക്കുവാൻ സ്ഥലം ഏറ്റെടുക്കുക

2. ചാലിയാറിൽ ശുദ്ധജലപദ്ധതിക്ക്വേണ്ടി സൗജന്യമായി വിട്ടുകിട്ടിയ സ്ഥലത്ത് സഹകരണാടിസ്ഥാനത്തിൽ ഉടനെ പദ്ധതി ആരംഭിക്കുക.

3. മോഡേൺ കമ്പനി വളപ്പിലുള്ള കിണർ വികസിപ്പിച്ചെടുത്ത് സമീപ പ്രദേശത്തെ നിവാസികൾക്ക് കുടിവെള്ളമെത്തിക്കുക.

4. തെക്കിനേടം ഭാഗത്ത് സ്ഥലമെടുത്ത് കിണർ കുഴിക്കുക

5. നല്ലളം ഭാഗത്തെ കുളം ഏറ്റെടുത്ത് വിപുലപ്പെടുത്തി കിണർ കുഴിക്കുക

6. കീഴ്വനപ്പറമ്പിലെ പഞ്ചായത്ത് കിണർ ടാങ്ക് കെട്ടി വെള്ളം സപ്ലൈ ചെയ്യുക. പഞ്ചായത്തിന് വിട്ടുകിട്ടിയ കീഴ്വനകുളം വികസിപ്പിച്ചെടുക്കുക

7. ഉപയോഗശൂന്യമായി കിടക്കുന്ന കിണറുകൾ നന്നാക്കുക. ആർട്സ് കോളേജ് കാമ്പസിലുള്ള കിണർ വിപുലീകരിച്ച് ടാപ്പ് വഴി വെള്ളമെത്തിക്കുക.

8. കെ.എസ്.ഇ.ബി. ട്രീറ്റ്മെന്റ് യാർഡിലെ കിണർ വിപുലീകരിക്കുക.

9. യത്തിംഖാന കിണർ വികസിപ്പിച്ചെടുക്കുക.

10. അയ്യപ്പൻ കണ്ടി പറമ്പിലെ ഡിസ്പെൻസറി കോമ്പൗണ്ടിലുള്ള കിണർ പൂർത്തികരിക്കുക.

11. മാവത്തിയിലെ ബ്ലോക്ക് കിണർ വിപുലീകരിച്ച് വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുക.

12. രണ്ടാം വാർഡിലെ കീഴ്വനക്കുളം വിപുലീകരിച്ച് വാർഡിലേക്ക് വെള്ളമെത്തിക്കുക.

13. കരിയാത്തൻകോട്ട പദ്ധതി വിപുലീകരിക്കുക.

14. മങ്കുഴിയിൽനിന്ന് വെള്ളം അടിച്ച് പനയത്തട്ട് ഭാഗത്തുള്ള ഉയർന്ന പ്രദേശത്ത് കുഴികളുണ്ടാക്കി വെള്ളം ശേഖരിക്കുക.

15. തെക്കെകുറ്റി പൊതുകിണർ വികസിപ്പിച്ചെടുക്കുക.

16. ബേപ്പൂർ പഞ്ചായത്തിലെ മാങ്കുനിയിൽ സ്ഥലം വാങ്ങി കിണറുണ്ടാക്കി ഒമ്പതാം വാർഡിൽ വിതരണം ചെയ്യുക.

17. അരിക്കുളം കിണർ കുഴിക്കു.

18. പെരുമ്പിലക്കാട് നിലം, നാലുകണ്ടം വയൽ, പാലാറ്റിപാടം കോളനി കിണർ എന്നിവ വിപുലീകരിച്ച് വെള്ളം സപ്ലൈ ചെയ്യുക.

ചാർട്ട്

| വാർഡ് | നിലവിലുള്ള സ്കീമുകൾ* | ജലലഭ്യത |
|---|---|---|
| 1 | | |
| 2 | അമ്പലക്കണ്ടി മിനി വാട്ടർസ്കീം | ഏകദേശം 100 വീട്ടുകാർക്ക് |
| 3 | പാറക്കണ്ടി മിനി വാട്ടർ സപ്ലൈ സ്കീം | ഏകദേശം 200 വീട്ടുകാർക്ക് |
| 7 | കരിയാത്തൻകോട്ട മിനി വാട്ടർ സപ്ലൈ സ്കീം | 20 വീട്ടുകാർക്ക് |
| 8 | കണ്ണാട്ടിക്കുളം മിനി വാട്ടർ സപ്ലൈ സ്കീം | ഏകദേശം 60 വീട്ടുകാർക്ക് |
| 10 | പാലാറ്റിപ്പാടം മിനി വാട്ടർ സപ്ലൈ സ്കീം | ഏകദേശം 75 വീട്ടുകാർക്ക് |
| 12 | ചെറുവണ്ണൂർ വാട്ടർ സപ്ലൈ സ്കീം K.W.A. | ഏകദേശം 100 കുടുംബം |
| 13 | വെള്ളിവയൽ മിനിവാട്ടർ സപ്ലൈ സ്കീം | ലഭ്യതകുറവ് 25 കുടുംബം |
| 15 | കുണ്ടായിത്തോട് മിനിവാട്ടർ സപ്ലൈ സ്കീം (K.W.A) | അപര്യാപ്തമാണ് 50 വീട്ടുകാർക്ക് ലഭിക്കും. |
| | വെള്ളിവയൽ മിനി വാട്ടർ സപ്ലൈ സ്കീം. | |

19. K.W..A. യുടെ ചെറുവണ്ണൂർ വാട്ടർ സപ്ലൈ സ്കീം പുതിയ ടാങ്ക് നിർമ്മിച്ച് വെള്ളം എത്തിക്കുക. നിലവിലുള്ളതിൽ ജലലഭ്യത കുറവാണ്. അത് ഒന്നുകൂടി വിപുലീകരിക്കണം.

20. ഇത്തംവീട് പറമ്പിലെ കിണർ (പഞ്ചായത്ത്) വിപുലീകരിച്ച് പ്രധാന ഏരിയായിൽ വിതരണം ചെയ്യുക

21. അറളായിത്തോട്, ഭാരത ടൈൽ വർക്ക്സിനടുത്ത തോട് എന്നിവ ഉപ്പുവെള്ളം കയറുന്നത് തടയാൻ ചീർപ്പ് കെട്ടി സംരക്ഷിക്കുക.

22. കുട്ടൻകുളങ്ങരകുളം നന്നാക്കുക

23. കാവല്ലൂർതാഴം കിണറിനാവശ്യമായ സ്ഥലം വിലക്ക് വാങ്ങണം

24. പാലപ്പറമ്പ് എന്ന സ്ഥലത്ത് കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സ്ഥലം ഉപയോഗപ്പെടുത്തി കിണർ കുഴിച്ച് നൂറോളം വീട്ടുകാർക്ക് വെള്ളം നൽകാം.

25. ഫറൂക്ക് ടൈൽ വർക്ക്സിന് സമീപമുള്ള കൂടത്തിങ്ങൽ കുളം ശാസ്ത്രീയമായി പരിഷ്കരിച്ച് കുടിവെള്ളത്തിനായി ഉപയോഗപ്പെടുത്താം.

26. അയനിക്കാട്ട് പറമ്പിലുള്ള തകർന്ന് കിടക്കുന്ന കിണർ വൃത്തിയാക്കി സമീപവാസി

ചാർട്ട് 3

| പഞ്ചായത്ത് വാട്ടർ സപ്ലൈ സ്കീമുകൾ | | | | |
|---|---|---|---|---|
| ക്രമ നമ്പർ | നിലവിലുള്ള സ്കീമിന്റെ പേര് | പുതിയസ്കീമുകൾ | വാർഡ് | ടാപ്പുകളുടെ എണ്ണം |
| 1. | ചെറുവണ്ണൂർ മിനി വാട്ടർ സപ്ലൈ സ്കീം | | 12 | |
| 2. | കുണ്ടായിത്തോട് | ,, | 15 | 49 |
| 3. | പാറക്കണ്ടി | ,, | 3 | 25 |
| 4. | അറവനക്കണ്ടി | ,, | 2 | 25 |
| 5. | വെള്ളിലവയൽ ഹരിജൻ കോളനി | 13 | 12 | |
| 6.. | കരിയാത്തൻകോട്ട | ,, | 7 | 1 |
| 7 | അരിക്കാട് | ,, | 4 | 5 |
| 8. | കണ്ണാട്ടിക്കുളം | ,, | 8 | 15 |
| 9. | ഒതയമംഗലം അരിക്കാട് | 5 | | |
| | വെള്ളിലവയൽ ഹരിജൻ കോളനി | 15 | | |
| | കോട്ടലാട | 8 | | |
| | OLH പദ്ധതി ആറാം വാർഡ് | 6 | | |

കൾക്ക് എത്തിക്കുക.


27. വെള്ളിവയൽ സ്കീം വിപുലീകരിക്കുക.

28. പഞ്ചായത്തിലെ പൂർണ്ണമായും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ പാലാറ്റിപ്പാടം, റഹിമാൻബസാർ മങ്കുഴികളെ ബന്ധിപ്പിക്കുന്ന ഒരു വൻകിട പദ്ധതി നടപ്പിലാക്കണം.

29. സ്വാശ്രയ ജലസേചന പദ്ധതികൾക്ക് പ്രോത്സാഹനം നൽകണം.

30. ചെറുവണ്ണൂർ പമ്പ് ഹൗസിന്റെയും വാട്ടർ ടേങ്കിന്റേയും കപ്പാസിറ്റി വർദ്ധിപ്പിക്കണം.

31. കോട്ടലാട, അടിച്ചിക്കാലി, ചാലാറ്റി, കോഴിത്തിരുത്തി, വലിയാറമ്പ് എന്നിവിടങ്ങളിൽ മിനിവാട്ടർ സപ്ലൈസ് സ്കീമുകൾ നടപ്പിലാക്കണം.





# വിദ്യാഭ്യാസം

പഞ്ചായത്തിലെ ഔപചാരിക വിദ്യാഭ്യാസചരിത്രത്തിന് നൂറിലധികം വർഷങ്ങൾ പഴക്കമുണ്ടെന്ന് "ആമുഖത്തിൽ" സൂചിപ്പിച്ചുവല്ലോ. സാമുദായിക പ്രസ്ഥാനങ്ങളുടെയും സാമൂഹ്യപരിഷ്കരണസംഘടനകളുടെയും മുൻകയ്യോടെയാണ് നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിന്റെ ആരംഭം. പഞ്ചായത്തിന്റെ പൊതുവിദ്യാഭ്യാസ ചിത്രം നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ രംഗത്ത് നടക്കുന്ന ചലനങ്ങൾ മൊത്തത്തിൽ പ്രതിഫലിക്കുന്നതാണ്. 1957നു ശേഷം നാട്ടിലെ മുഴുവൻ ജനങ്ങൾക്കും സ്കൂൾ സൗകര്യമേർപ്പെടുത്തേണ്ടത് സർക്കാരിന്റെ കടമയാണെന്ന വസ്തുത അംഗീകരിക്കപ്പെടുകയും വിദ്യാഭ്യാസമേഖലയിൽ സർക്കാരിന്റെ സജീവമായ ഇടപെടലുകൾ ഉണ്ടാവുകയും ചെയ്തു. സ്വകാര്യമാനേജ്മെന്റിന്റെ അമിതാധികാരങ്ങൾ നിയന്ത്രിക്കപ്പെട്ടതും അധ്യാപനം അന്തസ്സുള്ള തൊഴിലാണെന്നും അധ്യാപകൻ സമൂഹപുനർനിർമിതിക്കായി പടപൊരുതേണ്ട അഭിജാതനായ ഒരു പോരാളിയാണെന്ന് അംഗീകരിക്കപ്പെട്ടതും നിരന്തരമായ സർക്കാർ ഇടപെടലുകളിൽകൂടിതന്നെയാണ്. 1878ൽ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ നല്ലളത്ത് ആരംഭിച്ചശേഷം ഒരു ഹൈസ്കൂളടക്കം 12 സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. പഴയ ചില എൽ.പി. സ്കൂളുകൾ യു.പി.സ്കൂളായി ഉയർത്തുകയുണ്ടായി. ചെറുവണ്ണൂർ ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കണ്ടറിയാക്കി. ഈ സ്ക്കൂളുകളിലെല്ലാം കൂടി 271 അധ്യാപകരുടെ ശിക്ഷണത്തിൽ 8217 വിദ്യാർത്ഥികളും പഠിക്കുന്നു. കഴിഞ്ഞ 15 വർഷങ്ങൾക്കിടയിൽ സമാന്തരവിദ്യാഭ്യാസസ്ഥാപനങ്ങൾ ചിലത് തുടങ്ങിയിട്ടുണ്ട്. 5 അൺ എയിഡഡ് സ്കൂളുകൾ ഇപ്പോഴുണ്ട്. 573 കുട്ടികൾ ഇവിടെ പഠിക്കുന്നു. പഞ്ചായത്തിന്റെ പുറത്തുള്ള ഇംഗ്ലീഷ് മലയാളം മീഡിയം അൺഎയിഡഡ് സ്കൂളുകളിലും അനേകം വിദ്യാർത്ഥികൾ ഇവിടെനിന്ന് പോകുന്നുണ്ട്. അൺഎയിഡഡ് സ്കൂളുകളുടെ ആധിക്യവും ഇടത്തരക്കാരനിൽ വിദ്യാഭ്യാസത്തെപ്പറ്റി പൊതുവേയുള്ള വികലധാരണയും പൊതുവിദ്യാഭ്യാസമേഖലയെ തകർച്ചയിലേക്ക് നയിക്കുകയാണ്.

പഞ്ചായത്തിന്റെ ആകെയുള്ള സ്കൂളുകളിൽ ഒരു യു.പി. സ്കൂളും ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളും മാത്രമാണ് സർക്കാർ തലത്തിലുള്ളത്. മൊത്തം വിദ്യാർത്ഥികളിൽ 46% അധ്യാപകരിൽ 45% സർക്കാർ സ്കൂളിലാണുള്ളത്. (പട്ടിക2)

ഇവിടുത്തെ ഭൂരിപക്ഷം ജനങ്ങളും കുട്ടികളെ പൊതുവിദ്യാലയങ്ങളിൽ ചേർത്തു പഠിപ്പിക്കുവാൻ താല്പര്യമുള്ളവരാണ്. മോശമായ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും നല്ലൊരു വിഭാഗം കുട്ടികൾ ഇവിടെനിന്നും പഠിക്കുവാൻ പോകുന്നുണ്ട്. ഗൾഫ് പണത്തിന്റെ അതിപ്രസരവും രക്ഷകർത്താക്കളിൽ ഇംഗ്ലീഷ് മീഡിയത്തെക്കുറിച്ചുള്ള അന്ധമായ വിശ്വാസവും ഇതിന് കാരണമാണെങ്കിലും പൊതുമേഖലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ഗുണനിലവാരത്തിലുള്ള തകർച്ചക്ക് അപ്രധാനമല്ലാത്ത ഒരു പങ്കുണ്ട്.

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും സാങ്കേതികസ്ഥാപനങ്ങളും പഞ്ചായത്തിലില്ല. എങ്കിലും ഇതിനുള്ള സൗകര്യങ്ങൾ പഞ്ചായത്തിനടുത്ത പ്രദേശങ്ങളിലുണ്ട്. പ്രീഡിഗ്രി, പ്ലസ്ടു, ബിരുദ, നിയമ, സങ്കേതിക പഠനങ്ങൾക്കുമായി പഞ്ചായത്തിൽനിന്നും ധാരാളം കുട്ടികൾപോകുന്നുണ്ട്. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്ക്കൂളിലെ പഠനനിലവാരം ആശാവഹമല്ല. S.S.L.C. വിജയശതമാനവും കുറവാണ്. പാസ്സാകാത്ത കുട്ടി

പട്ടിക IA.

| വിദ്യാർത്ഥികൾ അദ്ധ്യാപകർ | | | | | | |
|---|---|---|---|---|---|---|
| നമ്പർ | സ്കൂൾ | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ |
| | | | ആൺ | പെൺ | ആകെ. | |
| 1. | ചെറുവണ്ണൂർ വെസ്റ്റ് എ.എൽ.പി. സ്കൂൾ | എയ്ഡഡ് | 181 | 172 | 353 | 11 |
| 2. | ഓർഫനേജ് എൽ.പി.സ്കൂൾ കൊളത്തറ. | 178 | 156 | 334 | 10 | |
| 3. | ചെറുവണ്ണൂർ എ.എൽ.പി. സ്കൂൾ | ,, | 48 | 56 | 106 | 6 |
| 4. | ആത്മവിദ്യാസംഘം യു.പി. സ്കൂൾ, കൊളത്തറ | ,, | 553 | 451 | 1004 | 33 |
| 5. | നല്ലളം എ.യു.പി.സ്കൂൾ | ,, | 345 | 276 | 621 | 24 |
| 6. | കച്ചേരിപറമ്പ എ.എൽ.പി. സ്കൂൾ, കൊളത്തറ | ,, | 102 | 87 | 189 | 5 |
| 7. | ലിറ്റിൽഫ്ലവർ യു.പി.സ്കൂൾ ചെറുവണ്ണൂർ | ,, | 491 | 412 | 903 | 26 |
| 8. | ടി.എം.മദ്രസ എൽ.പി.സ്കൂൾ കൊളത്തറ | ,, | 134 | 125 | 259 | 10 |
| 9. | എം.എം.എൽ.പി.സ്കൂൾ ചെറുവണ്ണൂർ | ,, | 28 | 36 | 64 | 5 |
| 10. | നല്ലളം എ.എൽ.പി.സ്കൂൾ | ,, | 317 | 321 | 638 | 18 |
| 11. | ജി.എം.യു.പി.സ്കൂൾ, നല്ലളം | Govt. | 725 | 747 | 1472 | 45 |
| 12. | ഗവ:വൊക്കേഷനൽ ഹയർ സെക്കന്ററി ഹൈസ്കൂൾ, ചെറുവണ്ണൂർ | ,, | 1169 | 1055 | 2274 | 78 |
| | | | | | 8217 | 271 |

കൾക്കുതന്നെ മാർക്കു കുറവായതിനാൽ അഫി ലിയേറ്റഡ് കോളേജുകളിൽ അഡ്മിഷൻ കിട്ടാറില്ല. 95-96 വർഷത്തിലെ S.S.L.C. വിജയശതമാനം 29 ആണ്. ഇതിൽ 5% ത്തിനു മാത്രമേ അഫിലിയേറ്റഡു കോളേജുകളിൽ പ്രവേശനം ലഭിച്ചിട്ടുള്ളൂ. ബാക്കിയുള്ള കുട്ടികളിൽ ഭൂരിഭാഗവും ചെറുവണ്ണൂർ കോപ്പറേറ്റീവ് കോളേജിലും, അരീക്കാട് ബ്രെയിൻസ് കോളജിലും പ്രീഡിഗ്രിയ്ക്കു പഠനം നടത്തുന്നു.

ബുദ്ധിമാന്ദ്യം ഉള്ളവർ, അന്ധർ ബധിരർ, മൂകർ തുടങ്ങി വൈകല്യം ഉള്ള കുട്ടികൾക്കായി കാലിക്കറ്റ് ഓർഫനേജിന്റെ കീഴിൽ 'സ്നേഹമഹൽ' എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

അന്ധബധിര വിദ്യാലയത്തിന്റെ വിവരങ്ങൾ

| | | ആൺ | പെൺ | ആകെ |
|---|---|---|---|---|
| L.P. | അന്ധർ | 22 | 18 | 40 |
| | ബധിരർ | 58 | 24 | 82 |
| U.P. | അന്ധർ | 8 | 12 | 20 |
| | ബധിരർ | 49 | 22 | 71 |
| H.S.A. | ബധിരർ | 32 | 9 | 41 |
| | ആകെ | 169 | 85 | 254 |

പഞ്ചായത്തിലെ പല സ്ക്കൂളുകളിലും ചിട്ടയായി രീതിയിൽ പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർതൃസമിതികളുണ്ട്. എല്ലാ സ്കൂളുകളിലെ

280 മാതൃസംഗമങ്ങൾ വളരെ സജീവമാണ്. ഭൗതിക സാഹചര്യങ്ങൾ പല സ്കൂളുകളിലും മോശമല്ല. ഏതാനും മാസങ്ങൾക്കുമുമ്പ് ജില്ലാ പഞ്ചായത്തിന്റെ അഭിമുഖ്യത്തിൽ ആരംഭിച്ച ജനകീയ വിദ്യാഭ്യാസസമിതി രൂപീകരിച്ചിട്ടുണ്ട്. വാർഡ് വിദ്യാഭ്യാസ സമിതികളും ചില സ്ഥലങ്ങളിൽ രൂപീകരിച്ചുകഴിഞ്ഞു. എൽ.പി., യു.പി. സ്കൂളുകളിൽ സാധാരണ നിലയിൽ ഗുണനിലവാരം മോശമല്ല. ഒന്നു മുതൽ നാലുവരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അക്ഷരജ്ഞാനവും അക്ക ബോധവും എത്രകണ്ട് ഉറച്ചിട്ടുണ്ടെന്നതിന് കാര്യമായ പഠനങ്ങളൊന്നും നടന്നിട്ടില്ല.

വിദ്യാഭ്യാസരംഗത്ത് എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ കോംപ്ലെക്സ് 95-96 അധ്യയന വർഷത്തിൽ പ്രവർത്തനം തുടങ്ങി. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക. എസ്.എസ്.എൽ.സി. വിജയശതമാനവും പൊതുപഠന നിലവാരവും ഉയർത്തുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളായിരുന്നു. അധ്യാപകർക്കുവേണ്ട ഏതാനും പുനഃപരിശീലനങ്ങളും മറ്റും നടന്നിരുന്നെങ്കിലും ഈ കോംപ്ലക്സ് ഫലപ്രദമായിട്ടില്ല. ജനകീയ പങ്കാളിത്തത്തിന്റെ അഭാവവും സാമൂഹ്യവിലയിരുത്തലില്ലായ്മയും ആണ് ഇതിന് പ്രധാന കാരണം.

ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ വിജ്ഞാനോത്സവം പഞ്ചായത്തിലെ എല്ലാ സ്കൂളുകളെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ നടത്താറുണ്ട്. കഴിഞ്ഞ അഞ്ചു വർഷമായി ജനകീയ പങ്കാളിത്തത്തോടെ നടത്തുന്ന ഒരു ജനകീയോത്സവമായി ഇതു മാറിയിട്ടുണ്ട്.

നല്ലളം ജി.എം.യു.പി. സ്കൂൾ ഹൈസ്കൂളായി ഉയർത്തിയാൽ ഏഴാംതരത്തിൽ പഠനം

പട്ടിക I (B)

| U.P.H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| L.P. | | | | U.P. | | | H.S. | | |
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 8217 | 1887 | 1728 | 46 | 1554 | 1454 | 40% | 805 | 754 | 45 |

പട്ടിക I C

| പഠനം നിർത്തിയവരുടെ കണക്ക് | | | | | | |
|---|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | | ആകെ |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 2 | 0 | 2 | 40 | 23 | 63 | 65 |

പട്ടിക I D

| പട്ടികജാതി പട്ടികവർഗ്ഗവിദ്യാർത്ഥികളുടെ വിവരം | | | | | | | | |
|---|---|---|---|---|---|---|---|---|
| L.P. | | | U.P. | | | H.S. | | |
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SSC/ST | % |
| 3615 | 118 | 3013 | 119 | 1543 | 84 | | | |

പട്ടിക II

| ഗവ:സ്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക് | | | | | |
|---|---|---|---|---|---|
| ആകെ ആധ്യാപകർ | ഗവ: വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ശതമാനം | വിദ്യാർത്ഥികളുടെ എണ്ണം | ഗവ: സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
| 271 | 123 | 47 | 8217 | 3746 | 45 |

നിറുത്തുന്ന പ്രവണത അവസാനിക്കുകയും ഇവടുത്തെ കുറഞ്ഞ വിദ്യാഭ്യാസയോഗ്യത പത്താം തരമായി ഉയരുകയും ചെയ്യു.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ കൊഴിഞ്ഞുപൊക്ക് താരതമ്യേന കുറവാണ്. അവരിൽ കൂടുതലും ആൺകുട്ടികളാണ്. പട്ടണത്തോടടുത്തു കിടക്കുന്ന പ്രദേശമാകയാൽ താല്ക്കാലികമായി ചെറിയ തൊഴിൽ ചെയ്ത് പണം സമ്പാദിക്കാൻ കഴിയും എന്നത് ഈ കൊഴിഞ്ഞുപോക്കിന്റെ ഒരു കാരണമാണ്. അതുകൊണ്ട് നിർദ്ധനരായി ആൺകുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നല്കിയാൽ ഈ കൊഴിഞ്ഞുപോക്ക് നല്ലൊരളവുവരെ ഇല്ലാതാക്കാൻ കഴിഞ്ഞേക്കുമെന്ന അഭിപ്രായവും ഗ്രാമസഭകളിൽ ഉയർന്നു.

ഈ പഞ്ചായത്തിലെ പതിനഞ്ച് ഗ്രാമസഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞ പ്രശ്നങ്ങളും: നിഗമനങ്ങളുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലും, സന്നദ്ധ പ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടെയും അടിസ്ഥാനത്തിലുമാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്.

പഞ്ചായത്തിലെ പതിനഞ്ചുവാർഡിലും വിദ്യാഭ്യാസത്തെക്കുറിച്ച് സജീവചർച്ച നടന്നിട്ടുണ്ട്. വിദ്യാഭ്യാസ നിലവാരത്തകർച്ച, സ്കൂളുകളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത, പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കാതിരിക്കൽ, അധ്യാപകരുടെ പുനഃപരിശീലനം, നിലവിലുള്ള അശാസ്ത്രീയമായ പരീക്ഷാസമ്പ്രദായം, ക്ലാസ്സുകയറ്റരീതി, പാഠ്യേതര പ്രവർത്തനങ്ങൾ, നിലവിലുള്ള വിദ്യാലയങ്ങളുടെ അപ്ഗ്രിഡേഷൻ, അധ്യാപകനിയമനത്തിലുള്ള കാലതാമസം, നാലും ഏഴും സ്റ്റാന്റേർഡുകളിൽ സർക്കാർ നിയന്ത്രണത്തിൽ നടത്തേണ്ട പൊതുപരീക്ഷ, അധ്യാപകവിദ്യാർത്ഥി അനുപാതം എന്നിവയെക്കുറിച്ച് ഓരോ ഗ്രാമസഭയിലും സജീവമായ ചർച്ച നടന്നു.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ എസ്.എസ്.എൽ.സി വിജയശതമാനത്തെക്കുറിച്ച് രക്ഷകർത്താക്കൾ അവരുടെ ഉൽക്കണ്ഠ രേഖപ്പെടുത്തി. തുടർച്ചയായ അഞ്ചു വർഷത്തെ (91-92) എസ്.എസ്.എൽ.സി. വിജയ ശതമാനം 27നും 31നും ഇടയ്ക്കാണ്. ഗ്രാമസഭയുടെയും സ്കൂൾ കോംപ്ലക്സിന്റെയും മാതൃകാപരമായ പി.ടി.എ.യും കൂട്ടായ ശ്രമത്തിലൂടെ ഹൈസ്കൂളിലെ വിജയ ശതമാനം ഉയർത്താൻ കഴിയുമെന്ന പ്രതീക്ഷ പഞ്ചായത്തിലെ ജനങ്ങളിൽ അങ്കുരിച്ചിട്ടുണ്ട്.

1990ലെ നിരക്ഷരത നിർമ്മാർജ്ജനയജ്ഞം പൂർവ്വാധികം ശക്തിയാർജ്ജിക്കേണ്ടതിന്റെ ആവശ്യകത ഈ പഞ്ചായത്തിന്റെ പ്രശ്നമായി ഭൂരിഭാഗം വാർഡുകളിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞു. നവസാക്ഷരരിൽ ഒരു വിഭാഗം വീണ്ടും നിരക്ഷരരായി മാറിയിട്ടുണ്ട്. ഒന്ന്, രണ്ട്, ആറ് വാർഡുകളിൽ നിരക്ഷരരുടെ എണ്ണം കൂടുതലാണ്. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ ഒരു സ്ഥിരം സംവിധാനംതന്നെ നിലവിൽ ഉണ്ടാകണം.

പഞ്ചായത്തിലെ പതിനഞ്ചു വാർഡിൽനിന്നും സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങൾ ഗ്രാമസഭയിൽനിന്ന് ഉരുത്തിരിഞ്ഞുവന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് സഹായകമായി.

വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്കുള്ള പ്രധാന കാരണങ്ങളിലൊന്ന് ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതയാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ആയതിനാൽ പ്രഥമവും പ്രധാനവുമായ പരിഗണന ഈ പ്രശ്നത്തിൽ പതിയണം. വിദ്യാലയങ്ങൾ കുട്ടികൾക്ക് തടവറകളാകാതെ അവർക്കു മാനസികോല്ലാസം നൽകുന്ന കേന്ദ്രങ്ങളായി മാറ്റാൻ കഴിയണം. അതിനാവശ്യമായ ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഉൾപ്പെടെയുള്ള പഠനോപകരണങ്ങൾ സ്കൂളുകളിൽ ലഭ്യമാക്കണം.

പഞ്ചായത്തിലെ അധികം സ്കൂളുകളിലെ ലൈബ്രറിയും ലാബറട്ടറിയും ഉണ്ടെങ്കിലും എല്ലായിടത്തും കാര്യക്ഷമമായ പ്രവർത്തനം നടക്കുന്നുവെന്നതിൽ ഉറപ്പില്ല. പഠനോപകരണങ്ങളും ആവശ്യത്തിനുള്ളത് ഒരു സ്കൂളുകളിലും ഇല്ല.

വിദ്യാലയങ്ങളിലെ ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസരംഗത്തെ ഏറ്റവും വലിയ പോരായ്മയാണ്. ചില ക്ലാസുകൾ താൽക്കാലിക ഓലഷെഡ്ഡിലാണ്. (ടി.എം. മദ്രസ എ.എൽ.പി. സ്കൂൾ) പ്രവർത്തിക്കുന്നത്.

മറ്റു സ്കൂളുകൾ ഓലഷെഡ്ഡല്ലാത്തതിനാൽ സ്വയം പര്യാപ്തമാണെന്നു പറയാൻ നിർവ്വാഹമില്ല. മൂത്രപ്പുര കക്കൂസ് കുടിവെള്ളം, വൈദ്യുതി തുടങ്ങിയവയുടെ ലഭ്യത പട്ടിക Vൽ ചേർത്തിരിക്കുന്നു.

മൂത്രപ്പുരയില്ലാത്ത രണ്ടും കക്കൂസില്ലാത്ത ഒന്നും കുടിവെള്ളം ലഭ്യമല്ലാത്ത ഒന്നും വൈദ്യുതിയില്ലാത്ത ആറും സ്കൂളുകൾ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ പഠന നിലവാരം ആശാവഹമല്ല. കഴിഞ്ഞ അഞ്ചു വർഷത്തെ എസ്.എസ്.എൽ.സി. വിജയശതമാനം പട്ടികയായി ചേർത്തിരിക്കുന്നു.

പട്ടിക VI A.

**S.S.L.C. വിജയശതമാനം**

| 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| 27% | 27% | 31.2% | 30% | 39% |

വിദ്യാഭ്യാസ നിലവാരം താഴുന്നതിന് പൊതുവായ പല കാരണങ്ങളുണ്ട്. ദൃശ്യമാധ്യമങ്ങളുടെ അമിതവ്യാപനം. നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചരണം എന്നിവ കുട്ടികളിൽ നല്ലതല്ലാത്ത ചിന്താഗതി ഉണ്ടാക്കിയിട്ടുണ്ട്. നല്ലൊരു ശതമാനം കുട്ടികൾ ഗൈഡുകളെയും ട്യൂഷൻ ക്ലാസ്സുകളെയും ആശ്രയിക്കുന്നു. മറ്റു ബാലപ്രസിദ്ധീകരണങ്ങളോടൊപ്പം കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ശാസ്ത്രമാസികകളായ യുറീക്ക, ശാസ്ത്രകേരളവും ഇവിടെ വിറ്റഴിയുന്നുണ്ട്.

ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1. ഒന്നാം വാർഡിലെ നല്ലളം ജി.എം.യു.പി. സ്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.

2. നാലാം വാർഡിലെ എ.എൽ.പി.സ്കൂൾ യു.പി. സ്കൂളായി ഉയർത്തണം.

3. പതിനഞ്ചാം വാർഡിൽ ഒരു എൽ.പി.സ്ക്കൂൾ സ്ഥാപിക്കണം.

4. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കണം.

പട്ടിക IV

| | ഉള്ളത് |
|---|---|
| ലൈബ്രറി | 9 |
| ലാബ് | 7 |
| പഠനോപകരണങ്ങൾ | 6 |
| റേഡിയോ | 1 |
| ടേപ്റിക്കാർഡർ | 1 |
| ടെലിവിഷൻ | 0 |
| സിനിമാപ്രൊജക്ടർ | 0 |
| സ്ലൈഡ് പ്രൊജക്ടർ | 0 |
| ബ്ലാക് ബോർഡ് ആവശ്യമുള്ളവ | 12 |
| മാതൃസംഘം സജീവം | 12 |
| ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ | 12 |

5. അധ്യാപക നിയമനത്തിൽ കാലതാമസം വരുത്തരുത്.

6. സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമം നടത്തണം.

7. ഗവ; വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ അറ്റകുറ്റപ്പണികൾ കഴിയുന്നതും വേഗം നിർവ്വഹിച്ച് അവിടുത്തെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കണം.

8. വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി വാർഡുതലത്തിൽ ജനകീയ വിദ്യാഭ്യാസ സമിതികൾ രൂപീകരിക്കണം.

9. സാമൂഹികബോധനത്തിന് സിലബസ്സിൽ സമയം ഉൾപ്പെടുത്തണം.

10. നാലും ഏഴും സ്റ്റാന്റേർഡുകളിൽ സർക്കാർ തലത്തിൽ പൊതു പരിക്ഷ നടത്തണം.

11. മാതൃഭാഷാപഠനത്തിന് കൂടുതൽ ഊന്നൽ നല്കണം.

12. കലാകായികരംഗങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി അവർക്കുവേണ്ട പ്രോത്സാഹനം നൽകണം.

13. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ തോഴിലധിഷ്ഠിത കോഴ്സുകൾക്കുള്ള സാങ്കേതിക സ്ഥാപനം ആരംഭിക്കണം.

14. വാർഡ് 1,2,3,4,7,8,12 ഈ വാർഡുകളിൽ

| പട്ടിക V ഭൗതികസാഹചര്യങ്ങൾ. | | | | | | |
|---|---|---|---|---|---|---|
| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
| 1. ചെറുവണ്ണൂർ വെസ്റ്റ് എ.എൽ.പി.സ്കൂൾ | 353 | 11 | 1 | 1 | ഉണ്ട് | ഇല്ല. |
| 2. ഓർഫനേജ് എൽ.പി.സ്കൂൾ കൊളത്തറ | | | | | | |
| 3. ചെറുവണ്ണൂർ എ.എൽ.പി. | 106 | 6 | 2 | 1 | ഉണ്ട്. | ഇല്ല. |
| 4. ആത്മവിദ്യാസംഘം എ.യു.പി.സ്കൂൾ ചെറുവണ്ണൂർ | 1004 | 33 | 2 | | | |
| 5. നല്ലളം എ.യു.പി.സ്കൂൾ | 621 | 24 | 3 | 1 | ഉണ്ട് | ഉണ്ട്. |
| 6. കച്ചേരിപറമ്പ് എ.എൽ.പി സ്കൂൾ കൊളത്തറ | 189 | 5 | ഇല്ല | 1 | ഉണ്ട് | ഇല്ല. |
| 7. ലിറ്റിൽഫ്ലവർ യു.പി.സ്കൂൾ ചെറുവണ്ണൂർ | 903 | 26 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8. ടി.എം.മദ്രസ എ.എൽ.പി.സ്കൂൾ കൊളത്തറ | 259 | 10 | 1 | 1 | ഉണ്ട് | ഇല്ല. |
| 9. എം.എം.എൽ.പി.സ്കൂൾ ചെറുവണ്ണൂർ | 64 | 5 | ഇല്ല | 1 | ഇല്ല | ഇല്ല |
| 10. നല്ലളം എ.എൽ.പി.സ്കൂൾ | 638 | 18 | 2 | 1 | ഉണ്ട് | ഇല്ല. |
| 11. ജി.എം.യു.പി.സ്കൂൾ, നല്ലളം | 1472 | 45 | 3 | 3 | ഉണ്ട് | ഉണ്ട് |
| 12. ഗവ: വൊക്കേഷനൽ ഹയർ സെക്കന്ററിസ്കൂൾ. ചെറുവണ്ണൂർ | 2274 | 78 | 4 | 2 | ഉണ്ട് | ഉണ്ട് |

പ്രീ പ്രൈമറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം.

15. പ്രീ പ്രൈമറി വിദ്യാലയങ്ങൾക്കാവശ്യമായ പരിശീലനം ലഭിച്ച അധ്യാപകരെ നിയമിക്കണം. പ്രീ. പ്രൈമറി വിദ്യാലയങ്ങൾക്കാവശ്യമായ കളിക്കോപ്പുകൾ വിതരണം ചെയ്യണം.

16. ഹൈസ്ക്കൂൾ പരിസരത്തു നടക്കുന്ന മയക്കു മരുന്നു കച്ചവടത്തിനെതിരേ ശക്തമായ നടപടി സ്വീകരിക്കണം.

പ്രീ പ്രൈമറി വിദ്യാലയങ്ങൾ
പഞ്ചായത്ത് ബാലവാട് അരിക്കാട്
ശിശുമന്ദിരം കുണ്ടായിത്തോട്
കലിക്കറ്റ് ഓർഫനേജ്
ദിവ്യ ബാലവാട് കുണ്ടായിത്തോട്
നവോദയ ബാലവാട് ,,
അബ്ദുറഹിമാൻ സ്മാരകബാലവാടി
റഹിമാൻബസാർ.
കൊളത്തറ ബാലവാടി
ഉദയ ബാലവാടി കണ്ണാട്ടിക്കുളം
ചെറുവണ്ണൂർ ബാലവാടി.
വെനറിനി നഴ്സറി, ചെറുവണ്ണൂർ.

പട്ടിക
വിദ്യാഭ്യാസം

| | | |
|---|---|---|
| 1. | I.T.C. | കലിക്കറ്റ് ഓർഫനേജ്, കൊളത്തറ |
| 2. | കമ്പ്യൂട്ടർപരിശീലനം | ചാൻസലേഴ്സ്, ചെറുവണ്ണൂർ |
| | | വെനറിനി, ചെറുവണ്ണൂർ |
| 3. | ടൈപ്പ്റൈറ്റിംഗ് | ചെറുവണ്ണൂർ |
| | | അരീക്കാട് |
| | | കണ്ണാട്ടിക്കുളം |
| | | കലിക്കറ്റ് ഓർഫനേജ് |
| | | വെനറിനി, ചെറുവണ്ണൂർ |
| 4. | ടൈലറിംഗ് | കൊളത്തറ മഹിളാ സമാജം |
| | | ലിറ്റിൽഫ്ലവർ സ്കൂൾ |
| | | ഹിദായത്തുൽ അരീക്കാട് |
| | | കലിക്കറ്റ് ഓർഫനേജ് |
| | | വെനറിനറി കോൺവെന്റ് |
| | | ചൗരംഗി ചെറുവണ്ണൂർ |
| 5. | പാരൽകാളേജ് | അരീക്കാട് ബ്രെയിൻസ് |
| | | കോ-ഓപ്പറേറ്റീവ് കോളേജ്, ചെറുവണ്ണൂർ |
| 6. | ടൂട്ടോറിയൽ കോളേജ് | അരീക്കാട് |
| | | കണ്ണാട്ടിക്കളം |
| | | കുണ്ടായിത്തോട് |
| 7. | അൺഎയ്ഡഡ് സ്കൂളുകൾ | ന്യൂസ് നല്ലളം (ഇം., മല.) |
| | | വിദ്യോദയ ചെറുവണ്ണൂർ (ഇം.) |
| | | എസ്.എൻ.ഡി.പി. അരീക്കാട് (ഇം.) |
| | | ഹിദായത്തുൽ അരീക്കാട് (മല.) |



# സംസ്കാരം

ദേശീയപ്രസ്ഥാനവും സാമൂഹികനവോത്ഥാനപ്രസ്ഥാനങ്ങളും ഈ ഭൂവിഭാഗത്തിന്റെ സംസ്കാരികഗതിയെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. മതപരമായ വിഭാഗീയതകൾക്കും സാമൂഹ്യമായ അനാചാരങ്ങൾക്കുമെതിയെ പോരാടുന്നതിന് വാഗ്ഭടനാനന്ദഗുരു രൂപം നൽകിയ ആത്മവിദ്യാസംഘത്തിന്റെ പ്രാദേശിക കാര്യാലയം 1922ൽ ചെറുവണ്ണൂരിൽ പ്രവർത്തനം തുടങ്ങിയിരുന്നു. സംഘത്തിന്റെ ജിഹ്വയായ 'ആത്മവിദ്യാകാഹളം' ഇവിടെ നിന്നാണ് പ്രസിദ്ധീകരിച്ചിരുന്നത്. മനുഷ്യസ്നേഹിയും സാമൂഹ്യപരിഷ്കരണവാദിയുമായിരുന്ന വാഗ്ഭടാനന്ദന്റെ പ്രവർത്തനങ്ങളും സിദ്ധാന്തങ്ങളും ജനങ്ങളെ ഉദ്ബുദ്ധരാക്കി. സംഘത്തിന്റെ പ്രവർത്തനം വിദ്യാഭ്യാസ മേഖലയിൽ വ്യാപിച്ചതിന്റെ ഫലമായി കൊളത്തറയിൽ ആത്മവിദ്യാസംഘം സ്ക്കൂൾ സ്ഥാപിതമായി. വിദ്യാലയം തുടങ്ങാൻ മുൻകൈ എടുത്തു പ്രവർത്തിച്ചതും അതിനുവേണ്ടി സ്ഥലം നൽകിയതും കൊല്ലമ്പലത്തു ചന്തുമാസ്റ്ററായിരുന്നു. ശ്രീ. പി.വി. കൃഷ്ണൻ, ശ്രീ. പി.വി. ഗോവിന്ദൻ, ശ്രീ. പി. രാഘവൻ എന്നിവർ സംഘത്തിന്റെ ആദ്യകാല പ്രവർത്തകരിൽ പ്രധാനികളായിരുന്നു.

പുരോഗമനപരമായ ആശയങ്ങളുൾക്കൊള്ളുന്ന പുതിയ സാമൂഹ്യരാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ കാലഘട്ടത്തിൽ ശക്തിപ്രാപിച്ചുതുടങ്ങിയിരുന്നു. സമൂഹത്തെ വരിഞ്ഞുമുറുക്കിയിരുന്ന അന്ധവിശ്വാസങ്ങൾക്ക് എതിരായി പടവെട്ടിയ യുക്തിവാദിസംഘം ധാരാളമാളുകളെ ആകർഷിച്ച് 'ഏറ്റും മാറ്റും' തുടങ്ങിയ ദുരാചാരങ്ങൾക്കെതിരായി ഈ സംഘടന നടത്തിയ പ്രവർത്തനങ്ങൾ വിസ്മരിക്കാവതല്ല. ഇതിന്റെ ഭാഗമായി നിരവധി സമ്മേളനങ്ങൾ അക്കാലത്ത് നടന്നിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നോടിയായി രൂപംകൊണ്ട കോൺഗ്രസ് സോഷ്യലിസ്റ്റ് ഗ്രൂപ്പിന്റെ നേതാക്കളായിരുന്ന എ.കെ.ജി., കെ.എ. കേരളീയൻ, മൊയാരത്ത് ശങ്കരൻ, സി.എച്ച്. കണാരൻ, എൻ.സി. ശേഖർ, തുടങ്ങിയവർ ഈ പ്രദേശത്തെ നിത്യസന്ദർശകരായിരുന്നു. ജനങ്ങളുടെ രാഷ്ട്രീയബോധത്തിൽ പുതിയൊരുണർവ്വുണ്ടാകാൻ ഇത് കാരണമായി.

മനുഷ്യരുടെ ചിന്താശക്തിയിൽ പ്രകടമായ മാറ്റം ഗ്രന്ഥശാലാ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചു. പഞ്ചായത്തിലെ ആദ്യവായനശാല കൊളത്തറയിൽ തുടങ്ങി. സവർണ്ണ മേധാവിത്വത്തെ എതിർക്കുവാൻ തമിഴ്നാട്ടിൽ ഇ.വി. രാമസ്വാമി നായ്ക്കർ ആരംഭിച്ച 'സ്വാഭിമാനി' പ്രസ്ഥാനം കൊളത്തറയിലെ ഉൽപ്പതിഷ്ണുക്കളെ ആവേശം കൊള്ളിച്ചിരുന്നതിനാൽ വായനശാലക്ക് 'സ്വാഭിമാനി' വായനശാല എന്ന പേര് നൽകി. ഈ വായനശാലയാണ് പിന്നീട് ശിവദാസ് സ്മാരക ഗ്രന്ഥശാലയായി വളർന്നത്. സാമൂഹ്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ വ്യക്തിമുദ്രപതിപ്പിക്കുകയും ഈ നാടിന്റെ സ്നേഹഭാജനമായി മാറുകയും ചെയ്ത ജനകീയ നേതാവായിരുന്നു ശ്രീ. ശിവദാസ്. കൊല്ലമ്പലത്ത് ചന്തുമാസ്റ്റർ, തുവ്വശ്ശേരി പെരച്ചേട്ടൻ, കൊല്ലമ്പലത്ത് ചന്തുക്കുട്ടിയേട്ടൻ, പി.സി.ഉണ്ണിക്കോരുമാസ്റ്റർ, ഇ.മാധവൻ മാസ്റ്റർ, പിടികക്കണ്ടി അപ്പുട്ടി മാസ്റ്റർ എന്നിവർ ഇതിന്റെ മുന്നണിയിൽനിന്നു പ്രവർത്തിച്ചവരാണ്.

ചെറുവണ്ണൂരിൽ പ്രവർത്തിക്കുന്ന സാംസ്ക്കാരിക നിലയത്തിനും ഉജ്വലമായൊരു പൂർവ്വകഥയുണ്ട്. ഇന്ത്യയുടെ ആദ്യസ്വാതന്ത്ര്യദിനം ചെറുവണ്ണൂരിൽ അതിഗംഭീരമായ ആഘോഷിച്ചതിന്റെ സ്മാരകമായി തുടങ്ങിയ ഗ്രന്ഥശാലയായിരുന്നു അത്. പേരുമാറ്റത്തെന്ന വ്യവസ്ഥയിൽ 1958ൽ ഇത് പഞ്ചായത്തിന് വിട്ട് കൊടുക്കുകയാണുണ്ടായത്. ശ്രീ. ശംഭു എമ്പ്രാന്തിരിയാണ്

ഗ്രന്ഥശാലയ്ക്കുവേണ്ടി ഒരു തറയോടുകൂടി 3 സെന്റ് സ്ഥലം നൽകിയത്. ഈ നാടിനെ ഇള ക്കിമറച്ച സ്വാതന്ത്ര്യദിനാഘോഷത്തിന് നേതൃത്വം നൽകിയവർ ഉള്ളാട്ടുതൊടി ഇമ്പിച്ചിക്കുട്ടൻ, മുല്ല വീട്ടിൽ അബ്ദുറഹ്മാൻ, രൈരുനായർ, പി. രാഘ വേട്ടൻ, സുകുമാരമേനോക്കി, പി.സി. ഉണ്ണിക്കോ രുമാസ്റ്റർ എന്നിവരായിരുന്നു. അടുത്ത സ്വാത ന്ത്ര്യദിനം ഈ ഗ്രന്ഥശാലയുടെ അമ്പതാം വാർഷികം കൂടിയാണ്.

സാംസ്കാരിക വികസനത്തിന്റെ പരമപ്ര ധാനമായ വേദികളാണ് വിദ്യാലയങ്ങൾ. നല്ലളം ജി.എം.യു.പി.സ്ക്കൂൾ, ചെറുവണ്ണൂർ എ.എൽ.പി. സ്ക്കൂൾ (എഴുത്തച്ഛൻ സ്ക്കൂൾ) ഇവ നൂറ്റാണ്ടു പിന്നിട്ട വിദ്യാലയങ്ങളാണ്. ഒരു വൈദികനായി ചെറുവണ്ണൂരിലെത്തിയ റവ. ഫാ. അത്തനേഷ്യസ് ആണ് ചെറുവണ്ണൂർ ലിറ്റിൽ ഫ്ലവർ സ്ക്കൂളിന്റെ സ്ഥാപകൻ. ഒരു ഓത്തുപള്ളിയായി തുടങ്ങിയ വിദ്യാലയമാണ് നാട്ടുകാരുടെ ശ്രമഫലമായി വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളായി വളർന്നത്. ഇതൊരു ഹൈസ്ക്കൂളാക്കുന്നതിൽ മുല്ലവീട്ടിൽ അബ്ദുറഹിമാൻ, എസ്.എ.ജിഫ്രി തങ്ങൾ, കെ.മമ്മുണ്ണി മാസ്റ്റർ എന്നിവർ വലിയ പങ്കുവഹിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഒരു ഹയർ സെക്കണ്ടറി സ്ക്കൂളും നാലു യുപി. സ്ക്കൂളുക ളും ഏഴ് എൽ.പി. സ്ക്കൂളുകളുമുണ്ട്. ഇതുകൂ ടാതെ അൺഎയിഡഡ് മേഖലയിൽ 4 വിദ്യാല യങ്ങളുമുണ്ട്.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ പഞ്ചാ യത്തിൽ സാംസ്കാരിക പ്രവർത്തനം ശക്തമായി നടന്നിരുന്നു. ശ്രീ. മുല്ലവീട്ടിൽ അബ്ദുറഹിമാൻ കലാസാഹിത്യസാഹിത്യ സാംസ്കാരിക പ്രവർത്ത കർക്ക് താങ്ങും തണലുമായിരുന്നു. അരീക്കാട്ട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന കലാസാഗർ മ്യൂ സിക് ക്ലബ്, ചെറുവണ്ണൂർ കേന്ദ്രമാക്കി പ്രവർത്തി ക്കുന്ന റെഡ്സ്റ്റാർ കലാസമിതി ഇവയുടെ സംഭാ വനകൾ വിസ്മരിക്കാവുന്നതല്ല. നാടകരംഗത്ത് പ്രവർത്തിച്ചിരുന്ന നിരവധി പേർ ഇവിടെ ഉണ്ടാ യിരുന്നു. ശ്രീ. ടി. യേശുമാൻ സർഗ്ഗധനരായ ഒരു കലാകാരനായിരുന്നു. ശ്രീ കെ.എ. കൊടു ങ്ങല്ലൂർ ഏറെക്കാലം ജീവിച്ചത് റഹിറി ബസാറി ലാണ്. അഭിനയരംഗത്ത് ദേശീയ ബഹുമതി നേടിയ ശ്രീമതി ടി. ശാന്താദേവി നല്ലളത്തും പ്ര ശസ്ത ഗായികയായിരുന്ന ശ്രീമതി മച്ചാട്ട് വാസന്തി ചെറുവണ്ണൂരിലും ഇപ്പോൾ താമസിക്കുന്നു. മാപ്പി ളപ്പാട്ടിന്റെ ആവേശമായിരുന്ന നിമിഷകവി നല്ലളം ബീരാനെ നമ്മൾ ഈ സംരംഭത്തിൽ സ്മരിക്കേ ണ്ടിയിരിക്കുന്നു.

## സാമൂഹിക സാംസ്കാരിക സംഘടനകൾ

50 സാമൂഹ്യസാംസ്കാരിക സംഘടനകളും 8 മഹിളാ സംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സംഘടനകളുടെ പേരുവി വരം ചുവടെ കൊടുക്കുന്നു.

1. പുരോഗമന കലാസാഹിത്യസംഘം
2. കേരള ശാസ്ത്രസാഹിത്യപരിഷത്ത്
3. ശിവദാസ് സ്മാരക ഗ്രന്ഥശാല
4. റെഡ്സ്റ്റാർ കലാസമിതി, ചെറുവണ്ണൂർ
5. യംഗ്സ്റ്റേഴ്സ്, ചെറുവണ്ണൂർ
6. ന്യൂ സ്റ്റാലിയൻ ചെറുവണ്ണൂർ വെസ്റ്റ്
7. പ്രചോദന കണ്ണാട്ടിക്കുളം
8. സിറ്റിസൺ ക്ലബ്ബ്, ചെറുവണ്ണൂർ
9. റഹിമാൻ കലാവേദി, റഹിമാൻബസാർ
10. യുവശക്തി, കണ്ണാട്ടിക്കുളം
11. ആസ്വാദകവേദി, ചെറുവണ്ണൂർ
12. മുഷ്ടി, നല്ലളം
13. അരീക്കാട് സൗഹൃദഗ്രാമം
14. ജോളിഫ്രൻസ്
15. ജോളി ബ്രദേഴ്സ്
16. സഞ്ജയ് യൂത്ത് സെന്റർ, കുണ്ടായിത്തോട്
17. ചെറുവണ്ണൂർ യംഗ്സ്റ്റേഴ്സ് അസോസിയേഷൻ ചെറുവണ്ണൂർ
18. ഈവനിംഗ് ബ്രദേഴ്സ്, നല്ലളം
19. ഫിഫ്ടീൻ ബോയ്സ, നല്ലളം
20. റോയൽ, ചാലാട്ടി, നല്ലളം
21. നല്ലളം സ്പോർട് ക്ലബ്
22. റെഡ്ബോയ്സ്, നല്ലളം
23. ലോഡ്സ് ക്ലബ്, നല്ലളം
24. മാസ് നല്ലളം
25. ബറ്റർ ക്ലബ്, നല്ലളം
26. ഓസ്ലോ നല്ലളം
27. നൈക്കോ നല്ലളം
28. S.R.C.C. നല്ലളം
29. ഗദ്ദിക, അരീക്കാട്

30. ക്ലബ് ഓഫ് ലവേഴ്സ്, നല്ലളം
31. വിവേകാനന്ദ സാസംസ്കാരിക കേന്ദ്രം, നല്ലളം
32. സ്നേഹ സഹകരണസംഘം, ന്യൂകോളനി
33. ഗൈഡൻസ് കോട്ടലാട
34. ന്യൂസെവൻസ്റ്റാർ കോട്ടലാട
35. സഹൃദയ, ശാരദാ മന്ദിരം
36. സാംസ്കാരികസഹായസംഘം
37. ന്യൂവേവ് കുണ്ടായിത്തോട്
38. നവത, കോട്ടലാട
39. തണൽ, കുണ്ടായിത്തോട്
40. സിറ്റാഡൽ, കൊളത്തറ
41. താര, പള്ളിത്താഴം
42. അനുരാഗ്, കൊളത്തറ
43. വോയ്സ് ഓഫ് മോഡേൺ, നല്ലളം
44. രംഗവേദി ബാലജനസംഖ്യം, ചെറുവണ്ണൂർ
45. ഗ്രാന്റ് കലാവേദി ചെറുവണ്ണൂർ
47. നവഭാവന, ചെറുവണ്ണൂർ

## മഹിളാസംഘടനകൾ

1. ചെറുവണ്ണൂർ മഹിളാസമാജം
2. നവോദയ മഹിളാ സമാജം, കുണ്ടായിത്തോട്
3. ദിവ്യ മഹിളാസമാജം, കുണ്ടായിത്തോട്
4. കൊളത്തറ മഹിളാ സമാജം
5. ഉദയാ മഹിളാസമാജം, കണ്ണാട്ടിക്കുളം
6. മുല്ലവീട്ടിൽ അബ്ദുറഹിമാൻ സ്മാരക മഹിളാ സമാജം, റഹ്മാൻ ബസാർ.
7. കാൻഫെഡ് വനിതാ കലാകേന്ദ്രം
8. ഐശ്വര്യ മഹിളാ സമാജം, ചെറുവണ്ണൂർ

22 സംഘടനകൾക്ക് ഓഫീസ് സൗകര്യം ഉണ്ട്. എട്ട് സംഘടനകൾക്കാണ് സ്വന്തമായി കെട്ടിടമുള്ളത്. 35 സംഘടനകൾക്ക് സ്ഥിരമായ ഓഫീസ് ഇല്ല.

സാംസ്കാരിക സംഘടനകൾ കഴിഞ്ഞ വർഷം നടത്തിയ പ്രവർത്തനങ്ങളിൽ ചിലത് താഴെ കൊടുക്കുന്നു.

1. ഓണാഘോഷപരിപാടികൾ
2. വാർഷികാഘോഷങ്ങൾ
3. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പരീക്ഷ ക്വിസ് തുടങ്ങിയവ
4. നിർദ്ധന വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ നൽകൽ
5. സാംസ്കാരിക പ്രഭാഷണം, ചർച്ചായോഗം തുടങ്ങിയവ
6. ബോധവൽക്കരണ ജാഥകൾ
7. കലാസാഹിത്യ മത്സരങ്ങൾ
8. രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പ്
9. ക്രിക്കറ്റ് മത്സരം, ഫുട്ബോൾ മത്സരം തുടങ്ങിയവ
10. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് വിജ്ഞാന പരീക്ഷ
11. തെരുവ് നാടകം അവതരിപ്പിക്കൽ
12. നാടൻ കലാമേള
13. സാമൂഹ്യസേവനപ്രവർത്തനങ്ങൾ

അഞ്ച് മഹിളാ സംഘടനകൾ ബാലവാടികൾ നടത്തുന്നുണ്ട്. സ്വന്തമായ കെട്ടിടങ്ങൾ ഈ സംഘടനകൾക്കുണ്ട്.

## ഗ്രന്ഥശാലകൾ

രണ്ട് ഗ്രന്ഥശാലകളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

### 1. ശിവദാസ് സ്മാരക ഗ്രന്ഥശാല, കൊളത്തറ

315 അംഗങ്ങളുണ്ട്. പുസ്തകങ്ങൾ 4803, ലൈബ്രേറിയൻ ഉണ്ട്. പൊതുജനങ്ങൾക്കുവേണ്ടി ടി.വി., റേഡിയോ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. ഗ്രന്ഥശാലാസംഘത്തിന്റെ ധനസഹായം ലഭിക്കുന്നു.

### 2. പഞ്ചായത്ത് ഗ്രന്ഥശാല, ചെറുവണ്ണൂർ

പഞ്ചായത്തിൽ പതിനൊന്നിന പരിപാടിയിൽ നിർമ്മിച്ച സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു. അംഗങ്ങൾ 316, പുസ്തകങ്ങൾ 4978. ഗ്രന്ഥശാലാസംഘത്തിന്റെ ധനസഹായമായി 3000 രൂപ ലഭിക്കുന്നു. ഗ്രന്ഥശാലയോടനുബന്ധിച്ച് വായനശാലയുമുണ്ട്. ടി.വി., റേഡിയോ ഇവ സ്ഥാപിച്ചിട്ടുണ്ട്.

### പഞ്ചായത്തിലെ വായനശാലകൾ

രണ്ട് വായനശാലകൾ ഗ്രന്ഥ ശാലകളോടനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്. മറ്റു വായനശാലകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1. ന്യൂസ്റ്റാലിയൻ സാംസ്ക്കാരിക കേന്ദ്രം, വായനശാല, ചെറുവണ്ണൂർ വെസ്റ്റ്.

2. പ്രചോദന വായനശാല, കണ്ണാട്ടിക്കുളം
3. പഞ്ചായത്ത് വായനശാല, റഹ്മാൻബസാർ
4. പഞ്ചായത്ത് വായനശാല, കുണ്ടായിത്തോട്
5. പഞ്ചായത്ത് വായനശാല, നല്ലളം.
6. പഞ്ചായത്ത് വായനശാല, അരിക്കാട്.

പഞ്ചായത്തിൽ അഞ്ച് സ്ഥലങ്ങളിൽ പൊതുജനങ്ങൾക്കുവേണ്ടി ടി.വി. സ്ഥാപിച്ചിട്ടുണ്ട്. മൂന്നെണ്ണം പഞ്ചായത്തിന്റെ ഉടമസ്ഥതയിലും രണ്ടെണ്ണം സാംസ്കാരിക സംഘടനകളുടെ ഉടമസ്ഥതയിലുമാണ്. പഞ്ചായത്ത് സ്ഥാപിച്ചിട്ടുള്ള ടി.വി. താഴെ പറയുന്ന സ്ഥലങ്ങളിലാണ്.

1. ചെറുവണ്ണൂർ സാംസ്കാരിക കേന്ദ്രം
2. റഹ്മാൻ ബസാർ, റഹ്മാൻ പാർക്ക്.
3. അരിക്കാട് ഷോപ്പിങ്ങ് കോംപ്ലക്സ്

ചെറുവണ്ണൂർ വെസ്റ്റിൽ ന്യൂസ്റ്റാലിയൻ സാംസ്കാരിക കേന്ദ്രത്തിലും കൊളത്തറയിൽ ശിവദാസ് സ്മാരകഗ്രന്ഥശാലയിലും ഫറോക്ക് കോ.ഓപ്. ബാങ്കിലും ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ മൂന്നു കേന്ദ്രങ്ങളിൽ പൊതുജനങ്ങൾക്ക് ഉപകരിക്കുന്ന വിധത്തിൽ റേഡിയോ പ്രവർത്തിച്ച് വരുന്നു.

### പത്രമാധ്യമങ്ങൾ

പഞ്ചായത്തിൽ 3250 പേർ പത്ര വരിക്കാരാണ്. 2250 വാരികകളും 350 വനിതാപ്രസിദ്ധീകരണങ്ങളും 300 ബാലപ്രസിദ്ധീകരണങ്ങളും ഇവിടെ വില്ക്കപ്പെടുന്നുണ്ട്. 5500 റേഡിയോകളും 1000 ടി.വി. സെറ്റുകളും പഞ്ചായത്തിലുള്ളതായി കണക്കാക്കുന്നു.

### ഉത്സവങ്ങൾ

പഞ്ചായത്ത് തലത്തിൽ കേരളോത്സവവും ചെറുവണ്ണൂർ വി.എച്ച്.എസ് സ്ക്കൂളിൽ യുവജനോത്സവവും നടന്നു വരുന്നു. ആരാധനായലങ്ങളിലെ ഉത്സവങ്ങളിൽ പ്രശസ്തമായത് നീക്കാംപറമ്പത്ത് കാവിൽ നടക്കുന്ന തിറ ഉത്സവമാണ്.

### വിനോദരംഗം

പഞ്ചായത്തിൽ അഞ്ച് സിനിമാ തിയേറ്ററുകളുണ്ട്. ശരാശരി നിലവാരത്തിലുള്ള സിനിമകളാണ് ഇവിടെ പ്രദർശിപ്പിക്കാറുള്ളത്. കലാമൂല്യമുള്ള സിനിമകൾ ഇവിടെ പ്രദർശിപ്പിക്കാറില്ല. നാലു തിയറ്ററുകളും സൗകര്യം കുറഞ്ഞവയാണ്.

### കായികരംഗം

കായികരംഗത്ത് മാത്രമായി പ്രവർത്തിക്കുന്ന അഞ്ചോളം സംഘടനകളുണ്ട്. ഫുട്ബോൾ, വോളിബോൾ, കബഡി, ക്രിക്കറ്റ് എന്നി കളികൾക്കാണ് ഇവിടെ പ്രാധാന്യം. കൊളത്തറയിലും നല്ലളത്തും വോളിബോൾ ടീമുകളുണ്ട്. ശിവദാസ് ഗ്രന്ഥശാലയുടെ ഭാഗമായി ഒരു വോളിബോൾ കോർട്ടുണ്ട്. ജോളി ഫ്രണ്ട്സ് ഫുട്ബോൾ രംഗത്ത് മികവ് പ്രകടിപ്പിച്ചിട്ടുണ്ട്. ജോളി ബ്രദേഴ്സ് കബഡി രംഗത്ത് ആധിപത്യം പുലർത്തുന്നു. സിറ്റിസൺ ക്ലബിൽ ഒരു ബാഡ്മിന്റൺ കോർട്ടുണ്ട്. ചെറുവണ്ണൂർ ഗവൺമെന്റ് വി.എച്ച്.എസ്. സ്ക്കൂളിൽ 70മി. x 40 മി. വിസ്തൃതിയുള്ള ഒരു ഫുട്ബോൾ ഗ്രൗണ്ടും ഉണ്ട്. പത്തോളം ക്രിക്കറ്റ് ക്ലബ്ബുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി അറിയുന്നു.

### മതസൗഹാർദ്ദം

ഹിന്ദുക്കൾ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നി മതവിഭാഗങ്ങൾ സൗഹാദ്ദവും സൗഹാർദ്ദവും പുലർത്തി ഇവിടെ കഴിയുന്നു. ജാതിയമായ വേർതിരിവുകളോ മതപരമായ വിഭാഗീയതകളോ ഇവിടെ കാണാനില്ല. വർഗീയ കലാപങ്ങൾ ഇവിടെ ഉണ്ടായിട്ടില്ല.

### കമ്മ്യൂണിറ്റിഹാൾ

പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ ചെറുവണ്ണൂരിൽ സ്ഥിതിചെയ്യുന്നു. പൊതുസമ്മേളനങ്ങളും വിവാഹാഘോഷങ്ങളും നടത്തുന്നതിൽ ഇവിടെ സൗകര്യമുണ്ട്.

### പ്രശ്നങ്ങൾ

1. സ്പോർട്സ് പരിശീലനത്തിന് പഞ്ചായത്തിൽ ഗ്രൗണ്ടില്ല.

2. നല്ലളത്തുള്ള പഞ്ചായത്ത് വായനശാലയുടെ പ്രവർത്തനം സ്തംഭിച്ചിരിക്കുകയാണ്.

3. സാംസ്കാരിക കേന്ദ്രത്തിലെ ടി.വി

റേഡിയോ ഇവ പൊതുജനങ്ങൾക്ക് പ്രയോജന പ്പെടുന്നില്ല.

4. ചെറുവണ്ണൂർ വെസ്റ്റിൽ സ്ഥാപിച്ചിരുന്ന പഞ്ചായത്ത് റേഡിയോ ഇപ്പോൾ പ്രവർത്തിക്കു ന്നില്ല.

5. പഞ്ചായത്ത് സാംസ്കാരിക സ്ഥാപന ങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് രൂപീ കരിച്ച ജനകീയ സമിതികൾ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല.

6. കുണ്ടായിത്തോടുള്ള പഞ്ചായത്ത് വായ നശാലയിൽ സൗകര്യങ്ങൾ തീരെ കുറവാണ്.

7. പഞ്ചായത്ത് നടത്തുന്ന കേരളോത്സവം തുടങ്ങിയ മേളകൾ കേവലം ചടങ്ങുകളായി മാറുന്നു.

8. ഗ്രന്ഥശാലകളിൽ സ്ത്രീകളുടെ അംഗത്വം കുറവാണ്.

9. വായശാലകളിലും ടി.വി. കേന്ദ്രങ്ങളിലും സ്ത്രീകൾ എത്തുന്നില്ല.

10. പഞ്ചായത്ത് സാംസ്കാരിക സ്ഥാപന ങ്ങൾക്ക് ജനപങ്കാളിത്തം ഇല്ല.

11. സാംസ്കാരിക കേന്ദ്രത്തിലെ ഗ്രന്ഥശാ ലയിൽ പുതിയ പുസ്തകങ്ങൾ കുറവാണ്.

12. സാംസ്കാരിക സംഘടനകൾക്ക് പഞ്ചാ യത്ത് തലത്തിൽ ഏകോപനം ഇല്ല.

13. നിലവാരമുള്ള സിനിമകൾ തിയേറ്ററുക ളിൽ പ്രദർശിപ്പിക്കാറില്ല.

14. സാംസ്കാരിക നിലവാരമുള്ള ആനു കാലിക പ്രസിദ്ധീകരണങ്ങൾ വളരെ കുറച്ചേ വായിക്കുന്നുള്ളു.

### ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സ്പോർട്സ് വികസന ത്തിന് യോജിച്ച മൈതാനം നിർമ്മിക്കണം.

2. പഞ്ചായത്ത് ഗ്രന്ഥശാലകളും വായന ശാലകളും ജനോപകാരപ്രദമായ വിധത്തിൽ പ്രവർത്തിക്കുവാൻ നടപടി സ്വീകരിക്കണം.

3. പഞ്ചായത്തിന്റെ ടി.വി., റേഡിയോ ഇവ കൂടുതൽ ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന സ്ഥല ങ്ങളിൽ സ്ഥാപിക്കണം.

4. സാംസ്കാരിക നിലയത്തിലെ വായന ശാല മുഴുവൻ സമയവും പ്രവർത്തിക്കണം.

5. സാംസ്കാരിക സംഘടനകളെ പഞ്ചാ യത്ത് തലത്തിൽ ഏകോപിപ്പിച്ച് പ്രവർത്തിപ്പി ക്കണം.

6. സാംസ്കാരിക സംഘടനകളുടെ പ്രവർത്തനത്തെക്കുറിച്ച് ഒരു സർവ്വേ നടത്തണം.

7. വായനശാലകൾ ഗ്രന്ഥശാലകൾ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ ഒരു സമിതി രൂപീകരി ക്കണം.

8. പഞ്ചായത്തിന്റെ സാംസ്കാരികസ്ഥാപ നങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നവിധ ത്തിൽ ജനകീയസമിതികൾ രൂപീകരിക്കണം.

9. കേന്ദ്രഗ്രന്ഥശാലയായ സാംസ്കാരിക നിലയത്തിൽ റഫറൻസ് വിഭാഗം വിപുലപ്പെടു ത്തണം.

10. നാടൻ കലകളെ സംരക്ഷിക്കുകയും നാ ടൻ കലാമേളകൾസംഘടിപ്പിക്കുകയും വേണം.

11. സാമൂഹ്യ സാംസ്കാരികസംഘടനകൾ സമൂഹവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കണം.

12. കലാസാഹിത്യമത്സരങ്ങൾ വാർഡ് തല ത്തിൽ നടത്തണം.

13. കേരളോത്സവങ്ങൾ വാർഡ് അടിസ്ഥാ നത്തിൽ മത്സരം നടത്തണം.

14. കുട്ടികൾക്കുവേണ്ടി ഒരു ഗ്രന്ഥശാല തുടങ്ങണം.

15. സ്ത്രീകൾക്ക് പുസ്തകങ്ങൾ വീടുകളിലെ ത്തിക്കുവാൻ നടപടി സ്വീകരിക്കണം.

16. സാംസ്കാരിക കേന്ദ്രത്തിലെ ഗ്രന്ഥശാ ലയുടെ ചരിത്രം അവിടെ രേഖപ്പെടുത്തണം.

17. ചെറുവണ്ണൂർ വി.എച്ച്.എസ്. സ്കൂളിന്റെ ഗ്രൗണ്ട് കുട്ടികളുടെ പഠനത്തിന് തടസ്സം ഉണ്ടാ കാത്തവിധത്തിൽ സ്പോർട്സ് വികസനത്തിന് വിട്ടുകൊടുക്കണം.

18. കുട്ടികളുടെ കായികവും സാംസ്കാരി കവുമായ കഴിവുകൾ വളർത്താൻ സ്കൂളുകൾ ശ്രമിക്കണം.

19. ഫറൂഖ് പഴയപാലത്തിന് സമീപമുള്ള സ്ഥലത്ത് കുട്ടികളുടെ പാർക്ക് നിർമ്മിക്കണം.

20. ചെറുവണ്ണൂരിൽ ഒരു നീന്തൽകുളം നിർമ്മിച്ച് നീന്തൽ പരിശീലനത്തിന് സൗകര്യം നൽകണം.

21. നല്ലളത്ത് ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക. വായനശാല, ഗ്രന്ഥശാല, ഇവ തുടങ്ങുക.

22. മയക്കുമരുന്ന് വില്പനക്കെതിരെ ജനകീയ സമിതികൾ രൂപീകരിച്ച് ജാഗ്രത വളർത്തുക.

## പരിഹാര മാർഗ്ഗങ്ങൾ


1. സ്പോർട്സ് വികസനപദ്ധതി തയ്യാറാക്കണം. ഒരു കളിസ്ഥലം നിർമ്മിക്കുന്നതിന് മുൻഗണന നൽകണം.

2. പഞ്ചായത്തിന്റെ സാംസ്കാരിക സ്ഥാപനങ്ങൾക്ക് ജനപങ്കാളിത്തം ഉറപ്പുവരുത്തണം. ജനകീയ സമിതികളുടെ നേതൃത്വത്തിൽ പ്രവർത്തിക്കണം.

3. സാംസ്കാരിക സംഘടനകളെ പഞ്ചായത്തു തലത്തിൽ ഏകോപിപ്പിക്കുകയും സംഘടനകളുടെ സഹകരണത്തോടുകൂടി പ്രാദേശിക സംസ്കാരിക വികസനത്തിനുള്ള പദ്ധതികൾ നടപ്പാക്കുകയും ചെയ്യുക.

4. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും വനിതാ സാംസ്കാരിക സമിതികൾ രൂപീകരിക്കണം. വനിതകളുടെ കലാ കായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകണം.

5. പഞ്ചായത്ത് തലത്തിൽ സാംസ്കാരിക ഉപദേശകസമിതി രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുക.



# പട്ടികജാതിക്ഷേമം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ മൊത്തം ജനസംഖ്യയുടെ 3.8% മാത്രമാണം പട്ടികജാതി വിഭാഗത്തിൽപെട്ടവർ. ഇവരുടെ എണ്ണം 1916 ആണ്. (സ്ത്രീകൾ 974, പുരുഷന്മാർ. 942) ഇവരിൽ ഭൂരിഭാഗവും നാത്തുനിപാടം, വെള്ളിലവയൽ, ഒതയമംഗലം, അയ്യപ്പൻകണ്ടി, കുറുവണ്ണിവയൽ എന്നി അഞ്ച് കോളനികളിലായി താമസിക്കുന്നു. അടിസ്ഥാനസൗകര്യങ്ങൾ തൃപ്തികരമല്ലാത്ത ചുറ്റുപാടാണ് ഇവിടങ്ങളിൽ. ഇവരുടെ കുട്ടികൾ ചിലർ കൃത്യമായി സ്ക്കൂളിൽ പോവാറില്ല. ഈ വിഭാഗത്തിൽപെട്ട ബഹുഭൂരിപക്ഷം കുട്ടികളും ഹൈസ്ക്കൂൾ വിഭാഗത്തിന് മുകളിലേക്ക് പഠിക്കുന്നില്ല. ഇതിന് കാരണം പ്രധാനമായും കുടുംബങ്ങളിലെ സാമ്പത്തിക പ്രയാസങ്ങളാണ്. എന്നിരുന്നാലും, വിദ്യാഭ്യാസപരമായ സ്ഥിതിക്ക് അല്പം മെച്ചമുണ്ടായിട്ടുണ്ട്. ഈ വിഭാഗങ്ങളിൽനിന്നും 200ൽ അധികം പേർ സർവ്വീസ് മേഖലയിൽ ജോലിചെയ്യുന്നു. മറ്റു മേഖലയിൽ ജോലിചെയ്യുന്നവരുടെ ജീവിത നിലവാരം സാമാന്യജനതയുടെ ജീവിത നിലവാരത്തിലേക്ക് ഉയർന്നിട്ടില്ല. ഇവർ സർക്കാരിൽ നിന്നുമുള്ള ആനുകൂല്യങ്ങൾ യഥാവിധി ഉപയോഗപ്പെടുത്തുന്നുമില്ല. ഈ വിഭാഗത്തിനിടയിൽ നിരക്ഷരത ഇപ്പോഴുമുണ്ട്. സ്വന്തമായി വീടില്ലാത്തവരും വിരളമായുണ്ട്. സമൂഹത്തിൽ ഇവരുടെ സാമൂഹിക പദവി മറ്റുള്ളവരോടൊപ്പം തന്നെയാണ്. പറയത്തക്ക ഉച്ചനീചത്വങ്ങൾ ഒന്നുമില്ല. ഇവരുടെ വിവാഹചടങ്ങുകളിലും ആഘോഷങ്ങളിലും സദ്യകളിലും എല്ലാ വിഭാഗം ജനങ്ങളും പങ്കുകൊള്ളാറുണ്ട്. ജാതിപ്പേർ വിളിയില്ല എങ്കിലും പരിചയപ്പെടുത്തുന്ന സന്ദർഭങ്ങളിൽ ജാതിപ്പേർ കടന്നുവരാറുണ്ട്. ബഹുജനസംഘടനകളുടെ നേതൃത്വങ്ങളിൽ ഇരുപത്തഞ്ചോളം പേർ പ്രവർത്തിക്കുന്നു. ഹരിജൻ സംവരണ വാർഡായ 15ാം വാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട മെമ്പർക്ക് പുറമെ ജനറൽ വാർഡിൽനിന്നും ഈ വിഭാഗത്തിൽപെട്ട ഒരു വനിത തെരഞ്ഞെടുക്കപ്പെട്ടു എന്നത് എടുത്തുപറയത്തക്ക കാര്യമാണ്. ഇങ്ങനെയെല്ലാമാണെങ്കിലും ഈ വിഭാഗത്തെ സാമാന്യജനതയുടെ സാംസ്കാരിക സാമ്പത്തിക നിലവാരത്തിലേക്ക് കൊണ്ടുവരണമെങ്കിൽ ബോധപൂർവ്വമായ പ്രവർത്തനങ്ങൾ ഉണ്ടായേ തീരു. അതിന്നുഗുണമാവുന്ന ചില നിർദ്ദേശങ്ങൾ വിശേഷാൽ ഗ്രാമസഭകളിൽനിന്നും, ഉയർന്നുവന്നു.

## നിർദ്ദേശങ്ങൾ

1. പട്ടികജാതി വിഭാഗത്തിൽപെടുന്നവരുടെ വീടുകൾ വൈദ്യുതികരിക്കുന്ന നടപടി ത്വരിതപ്പെടുത്തുക.
2. പട്ടികജാതി കോളനികളിൽ വായനശാലകളും സാംസ്കാരിക കേന്ദ്രങ്ങളും ആരംഭിക്കുകയും ഇവരുടെ കുട്ടികൾക്ക് ബാലവാടി സൗകര്യം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.
3. കോളനികളിലേക്ക് ഗതാഗതയോഗ്യമായ റോഡുകളും നടപ്പാതകളും നിർമ്മിക്കേണ്ടതാണ്.
4. കോളനികളിൽ തെരുവ് വിളക്കുകൾ ഏർപ്പാട് ചെയ്യണം.
5. ശുദ്ധജല വിതരണത്തിനും മലിനജലം ഒഴുകിപ്പോകുന്നതിനും ഉള്ള സൗകര്യം ഏർപ്പെടുത്തണം.
6. പരിസരശുചീകരണത്തെക്കുറിച്ചും ആരോഗ്യ-ശിശു പരിപാലനത്തെക്കുറിച്ചും ബോധവൽക്കരണ പ്രവർത്തനം നടത്തേണ്ടതുണ്ട്.
7. കോളനികളോടനുബന്ധിച്ച് ചികിത്സാ സൗകര്യങ്ങൾ ഏർപ്പാട് ചെയ്യണം.
8. ഹരിജൻ കുടുംബങ്ങളിലുള്ള തൊഴിൽ രഹിതർക്ക് മുഴുവനും തൊഴിലവസരങ്ങൾ കൈവരുന്ന രീതി കുടിൽവ്യവസായങ്ങൾ ആരംഭിക്കുവാൻ ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ നൽകേണ്ടതാണ്.
9. ഭവനങ്ങൾ മെച്ചപ്പെട്ട രീതിയിൽ പുനഃസംവിധാനം ചെയ്യാൻ ആശ്വാസനിരക്കിൽ വായ്പകളും മറ്റും നൽകേണ്ടതാണ്.
10. പട്ടികജാതി വിഭാഗങ്ങൾക്ക് നൽകിവരുന്ന എല്ലാ ആനുകൂല്യങ്ങളും കാലോചിതമായി വർദ്ധിപ്പിക്കേണ്ടതാണ്.



# വനിതാക്ഷേമം

ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തിൽ 26,242 പേർ സ്ത്രീകളാണ്. ഇത് പുരുഷന്മാരുടെ എണ്ണത്തിനേക്കാളും 415 കൂടുതലാണ്. ഇവിടുത്ത സ്ത്രീപുരുഷ അനുപാതം 1000:1021 എന്ന തോതിലാണ്. ജനസംഖ്യയിൽ മുന്നിലാണെങ്കിലും സാമൂഹിക പദവിയിൽ സ്ത്രീകൾ ഇന്നും പിന്നണിയിൽത്തന്നെയാണ്. പഠന നിലവാരത്തിലും വിദ്യഭ്യാസ സ്ഥാപനങ്ങളിൽ പോകുന്നവരുടെ എണ്ണത്തിലും സ്ത്രീകൾ മുമ്പിലാണ്. എന്നാൽ വ്യാവസായികമേഖലയിലേക്ക് വരുമ്പോൾ ഇവരുടെ അനുപാതം പരിതാപകരമാണ്. 18.9% മാത്രമാണ് വ്യവസായതൊഴിലെടുക്കുന്ന സ്ത്രീകൾ.

വ്യവസായത്തിലെ തരംതരിച്ച കണക്ക് പട്ടിക 5.1ൽ

| വ്യവസായം | ശതമാനം |
|---|---|
| കളിമൺ | 0.9% |
| മരം | 33% |
| പ്ലാസ്റ്റിക് | 10% |
| എഞ്ചിനിയറിംഗ് | - |
| സ്റ്റീൽ | 0.09% |
| റബ്ബർ | 3.5% |
| കശുവണ്ടി | 90% |
| മറ്റുള്ളവ | 13.5% |

സർവ്വീസ് മേഖലയിൽ സ്ത്രീകളുടെ നില മെച്ചമാണ്. സ്വകാര്യ വ്യവസായ മേഖലകളിൽ സ്ത്രീകൾക്ക് പലപ്പോഴും പുരുഷ തോഴിലാളികളേക്കാളും 30%ത്തിന്റെ കൂലിക്കുറവ് അനുഭവപ്പെടുന്നു. മുമ്പ് പരമ്പരാഗത തൊഴിൽ മേഖലയിലായിരുന്നു സ്ത്രീകൾ കൂടുതലായി ജോലിചെയ്തിരുന്നത്. ഇന്ന് പരമ്പരാഗത മേഖലയുടെ ശോച്യാവസ്ഥ കാരണം ഈ മേഖലയിൽ നിന്നും സ്ത്രീകളുടെ ഒഴിച്ചുപോക്ക് വളരെധികം ശക്തിപ്പെട്ടു. ഇപ്പോൾ ചെറുകിട വ്യവസായ മേഖലയിൽ (പ്ലാസ്റ്റിക്, മരം etc.) സ്ത്രീകളുടെ അനുപാതം അല്പം മെച്ചമാണ്. വിദ്യാഭ്യാസമുള്ള സ്ത്രീകളിൽപോലും തൊഴിൽ വൈദഗ്ദ്ധ്യത്തിന്റെ അഭാവമുണ്ട്. പെൺകുട്ടികൾക്ക് മാത്രമായുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. സർക്കാർ സ്ഥാപനങ്ങളിലൊഴിച്ച് പുരുഷതൊഴിലാളികളേക്കാൾ കുറഞ്ഞ നിരക്കിലാണ് സ്ത്രീകൾക്ക് വേതനം ലഭിക്കുന്നത്. അവരുടെ അധ്വാനത്തിനനുസരിച്ച കൂലി കിട്ടുന്നില്ല. ഫാക്ടറികളിൽ ചിലതിൽ സ്ത്രീകളുടേത് മാത്രമായ കക്കൂസുകളും മൂത്രപ്പുരകളുമില്ല. ഇങ്ങിനെ പോരായ്മകളുടെ പട്ടിക നീണ്ടതാണ്.

സ്ത്രീകൾ നേതൃത്വം കൊടുക്കുന്ന സംഘടനകൾ പഞ്ചയാത്തിലുണ്ട്. എന്നാൽ ബഹുജന സംഘടനകളിൽ സ്ത്രീ പങ്കാളിത്തം കുറവാണ്. പൊതു മാർക്കറ്റിലും റേഷൻകടകളിലും വനിതകളാണ് കൂടുതലും പോകുന്നത്.

വനിതകളുടെ തൊഴിൽ സംരംഭം 12 എണ്ണം ഉണ്ട്. (ബ്യൂട്ടിപാർലർ, തയ്യൽ, പാൽ ഉൽപാദനം, മെറ്റൽ സൈസ്) മുടക്കുമുതൽ, വിപണി തുടങ്ങിയ പ്രശ്നങ്ങൾ കാരണം ഇതിൽ മിക്കതും പ്രതിസന്ധിയിലാണ്. മഹിളാസമാജങ്ങളുടെ പ്രവർത്തനവും തൃപ്തികരമല്ല. ചികിത്സാകേന്ദ്രങ്ങളിൽ സ്ത്രീകളാണ് കൂടുതൽ എത്തുന്നത്. പുരുഷന്മാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്നവരുമുണ്ട്. ചാരായനിരോധനം കൊണ്ട് ഭാഗികനേട്ടമേ ഉണ്ടായിട്ടുള്ളൂ. ആയതിനാൽ മദ്യനിരോധനത്തോടൊപ്പം ബോധവൽക്കരണ പ്രവർത്തനങ്ങളും നടക്കേണ്ടതുണ്ട്. സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവർ ഏറെയും സ്ത്രീകളാണ്. ഇതിനെതിരെ ഫലപ്രദമായ ബോധവൽക്കരണം നടക്കുന്നില്ല. സ്ത്രീധന നിരോധന

നിയമങ്ങൾ കർശനമായി നടപ്പിൽ വരുത്തുകയും ജനകീയ ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജിതമായി നടക്കേണ്ടതുണ്ട്.

## നിർദ്ദേശങ്ങൾ

1. സ്ത്രീകളോടുള്ള അതിക്രമങ്ങൾക്കെതിരെ സ്ത്രീകളുടെ ഇടയിൽനിന്നുള്ള ചെറുത്തുനിൽപും പൊതുജനങ്ങളുടെ ഇടപെടലും വളർത്താനാവശ്യമായത് ചെയ്യേണ്ടതാണ്.

2. വനിതാസെല്ലിന്റെ പ്രയോജനം പഞ്ചായത്തിന് ലഭ്യമാക്കേണ്ടതാണ്.

3. അശ്ലീല സിനിമാപോസ്റ്ററുകൾ നീക്കം ചെയ്യാൻ ഗ്രാമപഞ്ചായത്ത് നിയമപരമായ ഇടപെടൽ നടത്തണം.

4. ആത്മഹത്യാ പ്രേരണകൾ വളർത്തുന്നതിൽ മാധ്യമങ്ങൾ പങ്ക് വഹിക്കുന്നത് കാരണം ആരോഗ്യകരമായ വായനാശീലം വളർത്തിയെടുക്കാൻ മൊബൈൽ ഗ്രന്ഥശാല സ്ഥാപിക്കുകയും നിലവിലുള്ള ഗ്രന്ഥശാലകളിൽ വനിതാ സമിതികൾ രൂപീകരിക്കുകയും വേണം

5. തൊഴിൽ സ്ഥാപനങ്ങളോനുബന്ധിച്ച് 'ക്രഷെ'കൾ സ്ഥാപിക്കണം.

6. സ്ത്രീകളുടെ നേതൃത്വപരമായ കഴിവുകൾ വർദ്ധിപ്പിക്കുവാനും ബഹുജനസംഘടനകളിലെ പങ്കാളിത്തം ഉറപ്പുവരുത്തുവാനും രാഷ്ട്രീയപാർട്ടികളും ഇതര സംഘടനകളും ക്രിയാത്മക പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

7. തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ മേൽനോട്ടത്തിലുള്ള തൊഴിൽ പരിശീലനകേന്ദ്രം ആരംഭിക്കണം.

## വനിതാ തൊഴിൽപരിശീലനകേന്ദ്രം

ധാരാളം അഭ്യസ്ഥവിദ്യരായ സ്ത്രീകൾ നമ്മുടെ പഞ്ചായത്തിലുണ്ടെങ്കിലും പലരും യാതൊരുവിധ നിർമ്മാണ തൊഴിലുകളിലും പങ്കുകൊള്ളാതെ ഗൃഹസ്ഥരായിരിക്കുന്ന അവസ്ഥായണുള്ളത്. പഴയ രീതിയിലുള്ള കൈത്തൊഴിലുകൾക്ക് ഇന്ന് പ്രശസ്തി ഇല്ല. എന്നാൽ പുതിയ കാലത്തിനനുസരിച്ച തൊഴിലുകളിൽ സ്ത്രീകൾക്ക് പ്രാവിണ്യവുമില്ല. പ്രസ്തുതപ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്. ഇതിനായി വിപുലമായ ആധുനികസ്വഭാവത്തോടുകൂടിയുള്ള ഒരു വനിതാ തൊഴിൽ പരിശീലനകേന്ദ്രം നമ്മുടെ പഞ്ചായത്തിൽ അത്യാവശ്യമാണ്. ഈ കേന്ദ്രത്തിൽ ആധുനിക തയ്യൽ പരിശീലനം ഇലക്ട്രോണിക് ഉപകരണങ്ങളുടെ അസംബ്ലിംഗ്, ഡ്രൈവിംഗ്, ഗൃഹോപകരണ റിപ്പയറിംഗ്, അലങ്കാര തുന്നൽ, ബ്യൂട്ടിപാർലർ, പച്ചക്കറി-കൂൺ-പുഷ്പ കൃഷി, ഗൃഹോപകരണനിർമ്മാണം, മെഴുകുതിരി-ചന്ദനത്തിരി നിർമ്മാണം, ഔഷധനിർമ്മാണം, കളിക്കോപ്പ് നിർമ്മാണം എന്നിവയിലും തൊഴിൽ മാനേജ്മെന്റിലും മറ്റു പൊതുവായ കാര്യങ്ങളിലും പരിശീലനം നൽകാൻ കഴിയുന്ന രീതിയിൽ ഒരു കേന്ദ്രം ആരംഭിക്കേണ്ടതാണ്.



# സാമൂഹ്യക്ഷേമം

ഇടത്തരം കടുംബങ്ങളാണ് പഞ്ചായത്തിൽ ഭൂരിപക്ഷം. ദുർബലവിഭാഗങ്ങളുടെ ഉന്നമനത്തിനായി ഫലപ്രദമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് കൂടുതലായും പഞ്ചായത്തിൽ ലഭ്യമാവുന്നത്. മറ്റു പദ്ധതികളും പേരിനുണ്ട്.

വിവിധ സഹായങ്ങൾ ലഭിച്ചിട്ടും ദാരിദ്ര്യരേഖയ്ക്ക് താഴെ പഞ്ചായത്തിൽ 336 കുടുംബങ്ങൾ ഉണ്ട്. ദരിദ്രരെ സംബന്ധിച്ച വിവരം പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

ദരിദ്രരെ സഹായിക്കാനുള്ള വിവിധ പദ്ധതികളുടെ സ്ഥിതി ഒന്ന് അവലോകനം ചെയ്യുന്നത് നന്നായിരിക്കും.

പെൻഷൻ രജിസ്റ്റർ അനുസരിച്ച് കഴിഞ്ഞ 5 വർഷക്കാലത്ത് പഞ്ചായത്തിൽ അഗതി പെൻഷൻ നല്കിയിട്ടില്ല. വിധവാ പെൻഷൻ 91 പേർക്കും വാർധക്യകാല പെൻഷൻ 34 പേർക്കും അവശകലാ സാഹിത്യകാരന്മാർക്കുള്ള പെൻഷൻ 4 പേർക്കും നൽകിയിട്ടുണ്ട്. 10 പേർക്ക് കുഷ്ഠരോഗപെൻഷനും 3 പേർക്ക് കാൻസർരോഗ പെൻഷനും നൽകിയിട്ടുണ്ട്. കർഷകത്തൊഴിലാളി പെൻഷൻ ലഭിച്ചവർ 38 പേരുണ്ട്.

കഴിഞ്ഞ അഞ്ചു വർഷക്കാലത്തെ ചിത്രം വ്യക്തമായി പരിശോധിക്കുമ്പോൾ പെൻഷൻ കിട്ടേണ്ടതായ പലർക്കും ലഭിക്കുവാൻ കാലതാമസം നേരിടുന്നു. ഇതിന് കാരണം

1. വിവിധ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ

2. ഉദ്യോഗസ്ഥതലത്തിലുള്ള അനാസ്ഥ

3. വികലാംഗർക്കും മറ്റു വൈകല്യമുള്ളവർക്കും ഇവർക്ക് അവരുടെ വൈകല്യം തെളിയിക്കുന്നതിന്നുള്ള സാങ്കേതികതടസ്സങ്ങൾ.

വിവിധരംഗത്തെ തൊഴിലാളികൾക്കായുള്ള ക്ഷേമനിധികളുടെ കാര്യവും ഏറെക്കുറെ ഇതുപോലെത്തന്നെയാണ്.

## പഞ്ചായത്ത് നടപ്പിലാക്കി മറ്റു ക്ഷേമ പദ്ധതികൾ

1. ട്രൈസം : 18നും 35നും ഇടയ്ക്ക് പ്രായമുള്ള യുവജനങ്ങൾക്ക് സ്വയംതൊഴിൽപരിശീലനം നൽകുന്നിതിനുള്ള പദ്ധതിയാണ് ട്രൈസം. ഈ പദ്ധതിപ്രകാരം 46 പേർക്ക് വിവിധ തൊഴിൽരംഗങ്ങളിൽ പരിശീലനം ലഭിച്ചു. പക്ഷെ, 23 പേർ മാത്രമെ ഇപ്പോൾ ആ തൊഴിലുകളിൽ

പട്ടിക 1

| വാർഡ് നമ്പർ | സർവ്വെ പ്രകാരം കണ്ടെത്തിയവർ | ഇതിൽ SC/ST | ഇതുവരെ സാമ്പത്തിക സഹായം ലഭിച്ചവർ | ഇതിൽ SC/ST | സഹായംമൂലം ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയവർ | സഹായംലഭിച്ചവർ ഉൾപ്പെടെ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ. |
|---|---|---|---|---|---|---|
| 1 മുതൽ 7 വരെ | 1848 | 69 | 297 | 69 | 133 | 1715 |
| 8 മുതൽ 15 വരെ | 1476 | 78 | 378 | 78 | 155 | 1321 |

പട്ടിക

| പെൻഷൻ രജിസ്റ്റർ | | | | | | |
|---|---|---|---|---|---|---|
| | YEAR | | | | | |
| | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
| അഗതിപെൻഷൻ | NIL | NIL | NIL | NIL | NIL | NIL |
| വിധവാപെൻഷൻ | 1 | 25 | 16 | 12 | 19 | 17 |
| വാർധക്യകാലപെൻഷൻ | NIL | 15 | 5 | 7 | 5 | 2 |
| അവശകലാകാരസാഹിത്യപെൻഷൻ | 1 | 3 | NIL | NIL | NIL | NIL |
| അവശകായികതാരപെൻഷൻ | NIL | NIL | NIL | NIL | NIL | NIL |
| ക്ഷയരോഗപെൻഷൻ | 3 | 31 | 36 | 40 | 59 | 20 |
| കുഷ്ഠരോഗപെൻഷൻ | NIL | 1 | 9 | NIL | NIL | NIL |
| കാൻസർരോഗ പെൻഷൻ | NIL | NIL | NIL | 1 | NIL | 2 |
| കർഷകത്തൊഴിലാളി പെൻഷൻ | NIL | 4 | 6 | 4 | 4 | 20 |
| തൊഴിലില്ലായ്മ വായ്പാവേതനം | 68 | 109 | 82 | 31 | 64 | NIL |
| വികലാംഗപെൻഷൻ. | NIL | 15 | 9 | 5 | 6 | 6 |
| സ്വയംതൊഴിൽ പദ്ധതി. | NIL | 18 | 4 | 4 | 4 | NIL |

ഏർപ്പെട്ടിരിക്കുന്നുള്ളൂ. ട്രൈസം തൊഴിൽപരിശീലനം നേടിയവരുടെ വിവരം പട്ടിക 2ൽ ചേർത്തിരിക്കുന്നു

ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)

ഗ്രാമീണകൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന RAP നമ്മുടെ പഞ്ചായത്ത് 38 പേർക്കാണ് ഇതിന്റെ പ്രയോജനം കിട്ടിയത്. ഈ രംഗത്തെ തൊഴിലാളികൾ 64 പേർ ഉണ്ടെന്നാണ് IRDP സർവ്വെ റിപ്പോർട്ട്. സാമൂഹികക്ഷേമ രംഗത്ത് 9-ാം വാർഡിൽ പ്രവർത്തിക്കുന്ന അന്ധപുനഃരധിവാസകേന്ദ്രം ശ്രദ്ധേയമാണ്. ഇതിൽ പ്രായപൂർത്തിയായ 60 പുരുഷന്മാർ ജോലിചെയ്യുന്നുണ്ട്. സ്ഥാപനത്തിന് ഗവർമെണ്ടിന്റെ ഗ്രാന്റുകൾ അനുവദിച്ചിട്ടുണ്ടെങ്കിലും യഥാസമയം ലഭിക്കുന്നില്ല. ഈ രംഗത്തെ പ്രശംസനീയമായ മറ്റൊരു സ്ഥാപനമാണ് കൊളത്തറ അന്ധവിദ്യാലയം.

## നിർദ്ദേശങ്ങൾ

1. വിവിധ പെൻഷൻപദ്ധതികളെ കുറിച്ച് ഗുണഭോക്താക്കളെ അറിയിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഒരു ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കേണ്ടതാണ്.

2. പെൻഷൻഗുണഭോക്താക്കളെ സംബന്ധിച്ച് സർവ്വെ നടത്തണം.

3. പെൻഷൻ സംബന്ധിച്ച ആവലാതികൾ തീർക്കുന്നതിന് പഞ്ചായത്ത് ഓഫീസ്സിൽ പെൻഷൻ അദാലത്ത് നടത്തണം.

4. അംഗവൈകല്യമുള്ളവർക്ക് തെളിവു നൽകുന്നതിലേക്കുള്ള നടപടിക്രമങ്ങൾ ലളിതമാക്കണം.

5. പെൻഷൻ നൽകേണ്ടവരെ കണ്ടെത്തുന്നതിനുള്ള പൂർണ്ണ അധികാരം ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടതാണ്.

6. ഗുണഭോക്താക്കൾക്ക് പെൻഷൻ കൃത്യമായ ലഭിക്കുന്നുവെന്ന് പഞ്ചായത്ത് ഉറപ്പു വരുത്തേണ്ടതാണ്.

7. ട്രൈസം പരിപാടിക്കു കീഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാസൗകര്യം ലഭ്യമാക്കണം.

8. ദരിദ്ര്യ ഗ്രാമീണ കൈത്തൊഴിലുകാർക്ക് പൂർണ്ണമായും ആധുനിക ഉപകരണങ്ങൾ നൽകണം.

9. ഗ്രാമീണ കൈത്തൊഴിലുകാരെ കണ്ടെത്തുന്നതിന് സർവ്വെ നടത്തണം.

10. വിവിധ പെൻഷനുകൾക്കുള്ള തുക കാലാനുസൃതമായി വർദ്ധിപ്പിക്കണം.

11. അന്ധപുനഃരധിവാസകേന്ദ്രത്തിന്റെ ഗ്രാന്റ്

### ട്രൈസം തൊഴിൽ നേടിയവരുടെ പട്ടിക

| വാർഡ് | പരിശീലന വിഷയത്തിന്റെ പേർ | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| 1 മുതൽ7വരെ | കറിപൗഡർ | 23 | 7 | 16 | 0 |
| 8–15 | വയറിംഗ് | 2 | 2 | 0 | 0 |
| | വെൽഡിംഗ് | 1 | 0 | 1 | 0 |
| | വാച്ച് റിപ്പയറിംഗ് | 2 | 1 | 1 | 0 |
| | കാർപ്പെന്ററിംഗ് | 1 | 1 | 0 | 0 |
| | ബുക്ക്ബൈന്റിംഗ് | 3 | 0 | 3 | 0 |
| | ഡ്രസ്സ്മേക്കിംഗ് | 11 | 11 | 0 | 0 |
| | ടി.വി. റേഡിയോ റിപ്പേർ | 2 | 1 | 1 | 0 |
| | പ്രിന്റിംഗ് | 1 | 0 | 1 | 0 |
| | | 46 | 23 | 23 | |

സർക്കാർ വർധിപ്പിക്കണം.

12. മോഡേൺ ബസാറിൽ ബസ്സ് വെയ്റ്റിംഗ് ഷെഡ് സ്ഥാപിച്ച് അന്ധരുടെ ബുദ്ധിമുട്ട് പരിഹരിക്കണം.

13. പഞ്ചായത്തിൽ DWCRA യൂണിറ്റുകൾ രൂപികരിക്കണം.

14. വികലാംഗരേയും ബുദ്ധിമാന്ദ്യം സംഭവിച്ചവരെയും പുനഃരധിവസിപ്പിക്കുന്നതിന് കേന്ദ്രം നിർമ്മിക്കണം.

15. നിലവിലുള്ള ബാലവാടികളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കണം.

16. വാർധക്യകാല പെൻഷൻ അർഹതപ്പെട്ടവർക്ക് യഥാസമയം നൽകേണ്ടതാണ്.

17. നിർധനരായ കുടുംബങ്ങളിലെ യുവതികളുടെ വിവാഹം കഴിക്കുന്നതിന് സമൂഹവിവാഹച്ചടങ്ങ് സംഘടിപ്പിക്കണം.

18. നിരാലംബരായ കുടുംബങ്ങളുടെ വിദ്യാഭ്യാസം, വിവാഹം, ചികിത്സ, പാർപ്പിടം എന്നി ആവശ്യങ്ങൾ നിറവേറ്റാൻ ചാരിറ്റബിൾ സൊസൈറ്റിക്ക് രൂപം നൽകണം.

19. കോഴിക്കോട് ബ്ലോക്കിനെ ICDS പ്രോജക്ടിൽ ഉൾപ്പെടുത്തി പഞ്ചായത്തിൽ അംഗനവാടികൾ അനുവദിക്കണം.

## പൊതുവിതരണം.

പഞ്ചായത്തിൽ മൊത്തം 13 റേഷൻകടകളിലായി 7017 കാർഡുടമകൾ ഉണ്ട്. ചെറുവണ്ണൂരിൽ ഒരു മാവേലിസ്റ്റോറും ഉണ്ട്. റേഷൻഷാപ്പു വഴി പലപ്പോഴും ഭക്ഷ്യയോഗ്യമല്ലാത്ത അരിയാണ് വിതരണം ചെയ്യാറ്. റേഷൻകാർഡുകളിൽ പേരു ചേർക്കാൻ കഴിഞ്ഞിട്ടില്ലാത്ത പലരും ഉണ്ട്. ഇവർക്ക് കാർഡുകളിൽ പേരു ചേർക്കാനും കാർഡുകളില്ലാത്ത കുടുംബങ്ങൾക്ക് കാർഡുകൾ ലഭിക്കാനും ഗ്രാമപഞ്ചായത്ത് മുൻകൈ എടുക്കേണ്ടതാണ്.

# സഹകരണമേഖലകൾ

**1904** മാർച്ച് 25ാം തീയ്യതി അന്നത്തെ ഇന്ത്യൻ വൈസ്രോയി ലോഡ്-ഹെഡ്സൺ "കോ-ഓപ്പറേറ്റീവ് ക്രഡിറ്റ് സൊസൈറ്റി നിയമം" (India Act of 1904) പാസാക്കി. 38 വർഷങ്ങൾക്കുശേഷമാണം നമ്മുടെ പ്രദേശത്തെ സഹകരണ പ്രസ്ഥാനങ്ങളെക്കുറിച്ച് ജനങ്ങൾ ചിന്തിച്ചുതുടങ്ങിയത്. ശ്രി ഉള്ളാട്ടുതൊടിക്കുട്ടൻ മുൻകൈയെടുത്ത് 1942ൽ ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബേങ്ക് സ്ഥാപിച്ചു. ഏകദേശം ഇതേ കാലത്തു തന്നെ കൊളത്തറ കേന്ദ്രീകരിച്ച് തുവശ്ശേരി പെരച്ചുട്ടി. ഇളയടത്ത് സുബ്രഹ്മണ്യൻ മാസ്റ്റർ എന്നിവർ മുൻകൈയെടുത്ത് ഐക്യനാണയസംഘവും രൂപീകരിച്ചു. കൂടാതെ ചെറുവണ്ണൂരിൽ റേഷൻ വിതരണത്തിനും മറ്റുമായി "നല്ലളം പരസ്പര സഹായി" സംഘവും (നല്ലളം പി.സി.സി) രൂപീകൃതമായി. (തുവ്വശേരി പെരച്ചുട്ടിയും വിച്ചമ്മദ്ഹാജിയുമായിരുന്നു പ്രാരംഭകാല പ്രവർത്തകർ. കണ്ണൂർക്കാരൻ രൈരുനായർ ഇതിന്റെ സെക്രട്ടറിയുമായിരുന്നു.) വളരെ പ്രശസ്തമായി പ്രവർത്തനം നടത്തിയ ഈ സംഘം 1956ൽ രാജാജി മന്ത്രിസഭ കൺട്രോൾ അരിവിതരണം നിർത്തലാക്കിയതിനെതുടർന്ന് നിശ്ചലമായി. ഇതിന്റെ ഓഫീസ് കെട്ടിടം നിലനിന്നിരുന്നത് വില്ലേജ് ഓഫീസിനടുത്താണ്. പോസ്റ്റോഫീസ് ഗോഡൗൺ പ്രവർത്തിക്കുന്ന കെട്ടിടത്തിലായിരുന്നു. അതുകൊണ്ടാണം ഇന്നും ഈ സ്ഥലത്തേക്ക് സൊസൈറ്റി എന്ന് പറയുന്നത്. ഐക്യനാണയസംഘം 1960 ആകുമ്പോഴേക്കും പ്രവർത്തനരഹിതമായി.

### ഫറോക്ക് സർവ്വീസ്സഹകരണബേങ്ക്

ഫറോക്ക് കോ-ഓപ്പറേറ്റീവ് അർബൻ ബേങ്ക്, ഫറോക്ക് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബേങ്ക് എന്ന പേരിൽ ശക്തിയാർജ്ജിച്ചു. ഫറോക്ക്, ചെറുവണ്ണൂർ, നല്ലളം പഞ്ചായത്തുകളിൽ പ്രവർത്തനപരിധിയുള്ള ഈ സ്ഥാപനത്തിൽ ഇപ്പോൾ 24,806 അംഗങ്ങളുണ്ട്. 39,26,521 രൂപ ഓഹരിമൂലധനവും 65 ലക്ഷം രൂപ നിക്ഷേപവുമുണ്ട്. 1973 മുതൽ തുടർച്ചയായി ലാഭത്തിലുമാണ്. 1994-95ലെ കണക്കുപ്രകാരം 23.5 ലക്ഷംരൂപ അറ്റാദായം ഉണ്ട്. ഇടപാടുകാരും, ബിസിനസ്സുകാരും വർദ്ധിച്ചതിനാൽ ഹെഡ്ഓഫീസ് കൂടാതെ ഫറോക്കിലും, അരീക്കാട്ടും ഓരോ ബ്രാഞ്ചും, ഫറോക്കിൽ ഒരു ഈവനിംഗ് ബ്രാഞ്ചും പ്രവർത്തിക്കുന്നു. ബേങ്കുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ പട്ടിക 15.1ൽ കൊടുത്തിരിക്കുന്നു.

ന്യൂ ഇന്ത്യാ സെറാമിക്സ് വർക്കേഴ്സ് ഇൻഡസ്ട്രിയർ കോഓപ്പറേറ്റീവ് സൊസൈറ്റി

1947ൽ സ്വകാര്യസ്ഥാനമായ 15000 രൂപ മദ്രാസ് ഗവൺമെന്റിന്റെ ധനസഹായത്തോടെ ആരംഭിച്ച ന്യൂഇന്ത്യാ സെറാമിക്സ് കമ്പനിയാണ് 1986 ജൂൺ മാസത്തിൽ തൊഴിലാളികൾ ഏറ്റെടുത്ത് ന്യൂഇന്ത്യാ സെറാമിക്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോഓപ്പറേറ്റീവ് സൊസൈറ്റിയായി രജിസ്റ്റർ ചെയ്തത്. 10 കൊല്ലമായി ഈ സ്ഥാപനം സൊസൈറ്റിയായി പ്രവർത്തനം തുടങ്ങിയെങ്കിലും ലാഭകരമായി പ്രവർത്തിക്കുന്നില്ല. അസംസ്കൃത പദാർത്ഥങ്ങളുടെ വിലക്കയറ്റവും അന്യസംസ്ഥാനങ്ങളിലെ ഉൽപ്പന്നങ്ങളുടെ തള്ളിക്കയറ്റവുമാണ് ഇതിന് കാരണം. ഇത് പരിഹരിക്കണമെങ്കിൽ ഈ യൂണിറ്റിനെ ഖാദിഗ്രാമവ്യവസായയൂണിറ്റാക്കണമെന്നാണ് അവിടത്തെ തൊഴിലാളികളുടെ ആവശ്യമെങ്കിലും കാലഘട്ടത്തിനനുസരിച്ച ഉൽപ്പനങ്ങൾ നിർമ്മിക്കാത്തതും വിപണിയുടെ മാന്ദ്യവും തകർച്ചക്ക് കാരണമാണ്.

ഇടപാടുകാരും, ബിസിനസ്സുകാരും വർദ്ധിച്ചതിനാൽ ഹെഡാഫീസ് കുടാതെ ഫറോക്കിലും നല്ലളത്തും ഓരോ ബ്രാഞ്ചും ഫറോക്കിൽ ഒരു ഈവനിംഗ് ബ്രാഞ്ചും പ്രവർത്തിക്കുന്നു.

23.5ലക്ഷം രൂപ അറ്റാദായമുണ്ട്.

ഇടപാടുകാരും, ബിസിനസ്സുകാരും വർദ്ധിച്ചതിനാൽ ഹെഡ്ഡാഫീസ് കൂടാതെ ഫറോക്കിലും നല്ലളത്തും ഓരോ ബ്രാഞ്ചും ഫറോക്കിൽ ഒരു ഈവനിംഗ് ബ്രാഞ്ചും പ്രവർത്തിക്കുന്നു.

മറ്റു സംഘങ്ങൾ

1. കൊളത്തറ ഹരിജൻ ഹോളോബ്രിക്സ് സൊസൈറ്റി

2. മമ്മിളി കോഫി വർക്കേഴ്സ് കോ. ഓപ്. കൺസ്യൂമർ സ്റ്റോർ

3. സ്റ്റീൽ കോംപ്ലക്സ് എംപ്ലോയീസ് കോ.ഓപ്പ്. കൺസ്യൂമർ സ്റ്റോർ

4. കോഴിക്കോട് മോട്ടോർ ട്രാൻസ്പോർട്ട് കോ. ഓപ്പ്. സൊസൈറ്റി

5. ചെറുവണ്ണൂർ ക്ഷീരോല്പാദക സഹകരണസംഘം.

കൂടാതെ ഫറോക്ക് സഹകരണസ്റ്റോറിന്റെ ഒരു ബ്രാഞ്ചും നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

## നിർദ്ദേശങ്ങൾ

കയർ സഹകരണ സംഘങ്ങൾ:-

കയർ സൊസൈറ്റികളുടെ സാങ്കേതിക നവീകരണ പദ്ധതി- നിലവിൽ നമ്മുടെ ഗ്രാമപഞ്ചയാത്തിൽ രജിസ്റ്റർ ചെയ്ത മൂന്ന് സൊസൈറ്റികൾ ഉണ്ടെങ്കിലും നല്ലളം സൊസൈറ്റി ഒഴിച്ച് കൊളത്തറ, ചെറുവണ്ണൂർ, സൊസൈറ്റികൾ നിർജ്ജീവമാണ്. തൊണ്ടടിക്കാൻ സ്ത്രീ തൊഴിലാളികളെ കിട്ടാനില്ലാത്തതും, തൊണ്ടുസംസ്ക്കരണത്തിന്, പുരുഷതൊഴിലാളികളെ കിട്ടാനില്ലാത്തതും ഒരുപരിധിവരെ ഈ സൊസൈറ്റികളുടെ തകർച്ചക്ക് കാരണമായിട്ടുണ്ട്. ഇതാവട്ടെ, ഈ തൊഴിലിന് വേണ്ടത്ര മാന്യതയോ പ്രതിഫലമോ ഇല്ലാത്തതാണ്. വളരെയധികം സാധ്യതയുണ്ടായിരുന്ന ഈ വ്യവസായം കടുത്ത പ്രതിസന്ധിയെ അതിജീവിക്കണമെങ്കിൽ താഴെപറയുന്ന നവീകരണപദ്ധതി നടപ്പിൽ വരുത്തണം.

പദ്ധതി, നിർദ്ദേശം:- കയർ സൊസൈറ്റികളിൽ വ്യാവസായികാടിസ്ഥാനത്തിലുള്ള യന്ത്രവൽക്കരണവും വ്യവസായ മനോഭാവത്തിൽ മാറ്റം വരുത്തുവാനും വിപണി കണ്ടെത്താനും കഴിഞ്ഞാൽ ഈ രംഗം രക്ഷപ്പെടുത്താവുന്നതാണ് തന്മൂലം കൂടുതൽപേർക്ക് തൊഴിലവസരം ലഭിക്കുന്നതുമാണ്.

നിർമ്മാണതൊഴിലാളി സഹകരണസംഘം:-

കെട്ടിടനിർമ്മാണതൊഴിൽരംഗത്ത് പ്രവർത്തിക്കുന്നവർ ധാരാളമുള്ള പ്രദേശമാണ് നമ്മുടേത്. ഈ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് (ചെങ്കൽ-കരിങ്കൽ തൊളിലാളികൾ, മണൽവാരൽ തൊഴിലാളികൾ, ആശാരിമാൾ, പെയ്ന്റർമാർ, വയർമെൻമാർ എന്നിവരെ) ഒരു നിർമ്മാണ തൊഴിലാളി സഹകരണസംഘം (ലേബർ കോൺട്രാക്റ്റ് സൊസൈറ്റി) രൂപീകരിക്കുകയാണെങ്കിൽ പഞ്ചായത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ മറ്റു വ്യക്തികൾ ഏറ്റെടുത്തു നടത്തുന്നതിനേക്കാളും, കൃത്യതയിലും മേന്മയിലും, പ്രവൃത്തി ഏറ്റെടുക്കാൻ കഴിയും. കൂടാതെ സൊസൈറ്റി അംഗങ്ങളായ തൊഴിലാളികൾക്ക് തൊഴിൽരംഗത്ത് സുരക്ഷയും ആധുനിക നിർമ്മാണസങ്കേതങ്ങളെക്കുറിച്ചുള്ള അവഗാഹവും ആർജ്ജിക്കാൻ കഴിയും. അവരെ സംബന്ധിച്ചിടത്തോളം സൊസൈറ്റി, അവശതയനുഭവിക്കുന്ന കാലത്ത് സഹായകരവുമായിരിക്കും.

തൊഴിലുപകരണനിർമ്മാണം (പരമ്പരാഗതം)

ധാരാളം കൈത്തൊഴിലാളികളുള്ള ഈ പ്രദേശത്ത് തൊഴിലാളികൾ അവരുടെ തൊഴിലുപകരണങ്ങൾ മറ്റ് പ്രദേശങ്ങളിൽനിന്നുമാണ് വാങ്ങുന്നത്. തൊഴിലുപകരണങ്ങളും കൃഷിഉപകരണങ്ങളും, വീട്ടുപകരണങ്ങളും നിർമ്മിച്ചിരുന്ന ധാരാളം പേർ ഇവിടെ ഉണ്ടായിരുന്നു. ഇന്നും ഇത്തരം തൊഴിൽ അറിയുന്നവർ ഇവിടെയുണ്ട് എന്നാൽ സ്വന്തമായി മൂലധനനിക്ഷേപം നടത്താൻ കഴിയാത്തതുകൊണ്ടും വിപണിയെ സംബന്ധിച്ച് ആശങ്കകൊണ്ടും ഇവർ മറ്റ് മേഖലകളിലാണ് ഇന്ന് ജോലിചെയ്യുന്നത്. ഇവരെ കൂട്ടിയോജിപ്പിച്ച് ഒരു സഹകരണസംഘത്തിന് രൂപം നൽകുകയാണെങ്കിൽ കുറച്ച്പേർക്ക് തൊഴിലും കൈത്തൊഴിലുകാർക്ക് സഹായനിരക്കിലും തവണവ്യവസ്ഥയിൽ പോലും തൊഴിലുപകരണങ്ങളും കാർഷിക ഉപകരണങ്ങളും നിർമ്മിച്ചു നൽകാൻ കഴിയും. ഇതു വഴി യുവജനങ്ങൾക്ക് ഉറച്ച തൊഴിൽ പ്രധാനം ചെയ്യാനും കഴിയും. മേലെ

നിർദ്ദേശിച്ച നിർമ്മാണതൊഴിലാളി സഹകരണ സംഘവുമായി ബന്ധിപ്പിച്ചുകൊണ്ട് തുടങ്ങാൻ കഴിയുന്ന ഒരു സുപ്രധാന പരമ്പരാഗത വ്യവസായയൂണിറ്റാണ് ഇത്.

ക്ഷീരോല്പാദക - വിപണനസംഘം

നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഒരു ദിവസം 4000ലിറ്റർ പാലെങ്കിലും ഉപയോഗിക്കുന്നുണ്ട് എന്നാണ് മതിപ്പുകണക്ക്. ഇതിൽ 600ലിറ്റർ പാൽ ചെറുവണ്ണൂർ ക്ഷീരോല്പാദകസഹകരണ സംഘം ഒരു ദിവസം ശേഖരിക്കുന്നു. അവർ ശേഖരിക്കുന്ന പാലിൽനിന്നും 300 ലിറ്റർ പാലാണ് ഇവിടെ വിതരണം ചെയ്യുന്നത്. പ്രാദേശികമായി കുറച്ച് ലിറ്റർ പാൽ ഉൽപ്പാദനവും വിപണനവുമുണ്ട്. ബാക്കിയുള്ള സിംഹഭാഗവും വിതരണം ചെയ്യുന്നത് മിൽമ ഏജൻസിയാണ്. ഉയർന്ന വില കാരണം പാലിന്റെ ഇതര ഉൽപ്പന്നങ്ങൾ (വെണ്ണ, നെയ്യ്, തൈര്) ഉപയോഗിക്കുന്നതിൽ നമ്മൾ വിമുഖരുമാണ്.

ഈയൊരവസ്ഥയിൽ പ്രാദേശികമായ ആവശ്യം മുൻനിർത്തി 2000ലിറ്റർ പാലെങ്കിലും ഉൽപ്പാദിപ്പിക്കേണ്ടതാണ്. ഇതിനായി 20തിൽ അധികം പശു/എരുമകളുള്ള ഒരു ഡസനോളം ക്ഷീരോല്പാദകസംഘങ്ങൾക്ക് സാധ്യതയുണ്ട് ഈ പ്രാഥമിക സംഘങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിപണനസൗകര്യാർത്ഥം ഒരു കേന്ദ്രസംഘവും രൂപീകരിക്കണം. (ചെറുവണ്ണൂർ ക്ഷീരോല്പാദക സഹകരണസംഘത്തെ കേന്ദ്രസംഘമാക്കി ഉയർത്തിയാൽ മതിയാവും) പ്രസ്തുത കേന്ദ്രസംഘത്തിന് പാൽസംസ്ക്കരണം, വിപണനം, കന്നുകാലി പരിപാലനം എന്നിവയിൽ ശ്രദ്ധയൂന്നാൻ കഴിയുംവിധം സമഗ്രമായ ഒരു സംഘം രൂപീകരിച്ചാൽ 100ൽപരം പേർക്ക് തൊഴിൽ നൽകാനും സാധിക്കും. (നിലവിലുള്ള ചെറുവണ്ണൂർ ക്ഷീരോല്പാദക സഹകരണസംഘം വിശദാംശങ്ങൾ പട്ടിക 10.3ൽ)

നാളികേര സംഭരണ-സംസ്ക്കരണ കോംപ്ലക്സ്

64 ലക്ഷത്തിലധികം നാളികേരം വാർഷിക ഉൽപാദനമുള്ള നമ്മുടെ പഞ്ചായത്തിൽ 3 ലക്ഷത്തോളം നാളികേരം ഗാർഹിക ആവശ്യങ്ങൾക്കാണ് ചെലവഴിക്കുന്നത്. ബാക്കിവരുന്ന നാളികേരത്തിന്റെ 90%വും സ്വകാര്യ വ്യക്തികൾ സംഭരിച്ച് കൊപ്രയാക്കി വിൽപ്പനനടത്തുകയാണ്.

1 കോടി 80 ലക്ഷം രൂപ വിലവരുന്ന ഈ ഭക്ഷ്യ-വ്യാവസായിക അസംസ്കൃത പദാർത്ഥത്തിന്റേ വ്യാവസായികവും തൊഴിൽപരവുമായ സാധ്യതകൾ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. 9ാം പദ്ധതിയിൽ കൃഷിക്ക് നൽകിയ വർദ്ധിച്ച ഊന്നൽ കാരണമായുണ്ടാവുന്ന ഉൽപ്പാദനവർദ്ധനവുകൂടി കണക്കിലെടുത്താൽ വാർഷിക ഉൽപ്പാദനം 46 ലക്ഷത്തിൽനിന്നും ഉയരാനാണ് സാധ്യത. ഇതു കൂടി മുന്നിൽകണ്ടുകൊണ്ട് നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായത്തിൽ ശ്രദ്ധയൂന്നുന്നില്ലെങ്കിൽ നാളികേരവിലയിടിവിന് അത് കാരണമാവും. ആയതിനാൽ ഉൽപ്പന്നത്തിന്റെ മെച്ചപ്പെട്ട വിലക്കും വർദ്ധിച്ച തൊഴിൽ സാധ്യതക്കും സർവ്വോപരി സമ്പദ്ഘടനയുടെ ഉന്നമനത്തിനും നാളികേരത്തെ വ്യാവസായികമായി ഉപയോഗപ്പെടുത്തിയെ തീരൂ...

അതിനായി നാളികേര കൃഷിക്കാരുടെ കൂട്ടായ്മ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു സംരംഭം തുടങ്ങണം. ഉപഭോക്തൃമേഖലയിൽ സേവനമനോഭാവം നിലനിൽക്കണമെങ്കിൽ പ്രസ്തുത സംരംഭം സഹകരണമേഖലയിൽ കൃഷിക്കാർക്ക് കൂടി പങ്കാളിത്തം നൽകിക്കൊണ്ട് തുടങ്ങണം.

ഈ സംഘം നാളികേര സംഭരണം, നാളികേരത്തിന്റെ എല്ലാ ഘടകങ്ങളും ഉൽപ്പന്നങ്ങളാക്കുന്ന വ്യവസായം, വിപണനസൗകര്യം എന്നിവയെല്ലാം കൂട്ടിയിണക്കണം. അങ്ങിനെ ചെയ്താൽ ധാരാളം പേർക്ക് തൊഴിൽ സാധ്യതയും ഉണ്ടാവുന്നതാണ്.

മത്സ്യ കൃഷി സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ മൂന്ന് തരത്തിൽപ്പെട്ട മത്സ്യകൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളുണ്ട്.

1. പുഴയോരത്തെ ഓരുജല പ്രദേശം: ഇവിടെങ്ങളിൽ ചെമ്മീനും, കരിമീനും കൃഷിചെയ്യാൻ വളരെ അനുയോജ്യമാണ്. ഇതിനോട് അനുബന്ധമായി മത്സ്യകൃഷികുളങ്ങൾക്ക് മുകളിൽ കൂട്കെട്ടി താറാവ് വളർത്തലും നടക്കും. (താറാവിന്റെ കാഷ്ഠം മത്സ്യത്തിന് ഉത്തമ ആഹാരമാണ്)

2\. ചതുപ്പുകളിലെ നീർക്കെട്ടുകൾ : ഇവിടങ്ങളിൽ ഞണ്ടും കരിമീനും കൃഷിചെയ്യാൻ പറ്റും.

3\. ശുദ്ധജലപ്രദേശങ്ങൾ : മൺകുഴി പോലുള്ള ഇത്തരം ഇടങ്ങളിൽ ആറ്റുകൊഞ്ച്, കട്‌ല, മൃഗാൾ എന്നീ മത്സ്യങ്ങളും കൃഷിചെയ്യാൻ കഴിയും.

തൊഴിൽ രഹിതരായവരുടെ ചെറുസംഘങ്ങൾ റെജിസ്റ്റർ ചെയ്ത് ഈ മേഖലയിൽ സാമ്പത്തിക പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്.

**ചാലിയാർ ബോട്ട് സർവ്വീസ് സൊസൈറ്റി**

റോഡ് മാർഗ്ഗം വേണ്ടത്ര പുരോഗമിച്ചിട്ടില്ലാത്ത് കാലത്ത് നിലനിന്നിരുന്ന ചാലിയാർ ബോട്ട് സർവ്വീസ് പുതിയ കാലഘട്ടത്തിൽ വിനോദസഞ്ചാരം കൂടി ലക്ഷ്യം വെച്ചുകൊണ്ട് പുനഃസ്ഥാപിക്കാൻ കഴിയും. കനോലികനാൽ പുനഃരുജ്ജീവനം യാഥാർത്ഥ്യമാവുന്നതോടെ ജലഗതാഗതത്തിന്റെ പുതിയ മേഖല തുറക്കപ്പെടുകയും ചെയ്യും.

**കോഴിവളർത്തൽ**

നമ്മുടെ വീടുകളിൽ കോഴിമുട്ടയും, ഇറച്ചിയും ധാരാളം ഉപയോഗിക്കാറുണ്ടെങ്കിലും അവയൊന്നും തന്നെ നമ്മൾ ഉല്പാദിപ്പിക്കുന്നില്ല. വളരെയധികം വരുമാനം കിട്ടുന്ന പ്രസ്തുതമേഖലയിൽ ചെറിയ ചെറിയ സംഘങ്ങൾക്ക് സാധ്യത വളരെ കൂടുതലാണ്. പ്രാദേശികവിപണിയും ഉണ്ട്. ഈ മേഖലയെ ഉപയോഗപ്പെടുത്തിയാൽ നമ്മുടെ വീടുകളിൽ ഒരു അധികവരുമാനത്തിന് ഇടയാക്കുകയും അന്യസംസ്ഥാനത്തേക്കുള്ള ക്രമാതധിതമായ സാമ്പത്തിക ചോർച്ച തടയാനും കഴിയും.

കൂടാതെ സഹകരണ മേഖലയിൽ പ്രിന്റിംഗ് പ്രസ്സ്, ഗാർമെന്റ്സ്, ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റ്, ഹോട്ടൽ, ബേക്കറി, ഭക്ഷ്യസംസ്കരണം (വനിത) എന്നിവയെല്ലാം ആരംഭിക്കാൻ ആവശ്യമായ ചർച്ചകളും നിർദ്ദേശങ്ങളും ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നു.

പട്ടിക 15.1

| | | |
|---|---|---|
| 1 സംഘത്തിന്റെ പേര് | ഫറോക്ക് സർവ്വീസ് സഹകരണ ബേങ്ക് ക്ലിപ്തം | |
| നമ്പർ. | F - 1095 | |
| | ചെറുവണ്ണൂർ, ഫറോക്ക്. പി.ഒ. | |
| 2. പ്രവർത്തനപരിധി | ചെറുവണ്ണൂർ - നല്ലളം, ഫറോക്ക് ഗ്രാമ പഞ്ചായത്തുകൾ | |
| 3. സംഘത്തിന്റെ സ്വഭാവം | ക്രെഡിറ്റ് | |
| 4. പ്രവർത്തനം തുടങ്ങിയ വർഷം | 1942 | |
| 5. ആകെ അംഗങ്ങൾ | 24806 | |
| 6 ഓഹരിവില | 5 | |
| 7 അംഗീകൃത ഓഹരിമൂലധനം | 1 കോടി | |
| 8 പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 39,26,521 രൂപ | |
| 9 പൊതുജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപം | സ്ഥിരം | 4,68,60,770 |
| | ഹ്രസ്വകാലം | 15,39,15,573 |
| 10 നൽകിയിട്ടുള്ള വായ്പകൾ | കാർഷികം | 10,05,559 |
| | മറ്റ് വായ്പകൾ | 42,206,875.50 |
| | IRDP | 4,91,667 |
| 11 സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപം | (K.D.C. Bank) | 14,82,507.50 |
| 12. സ്ഥാപനത്തിന്റെ ചിലവുകൾ | എസ്റ്റാബ്ലിഷ്മെന്റ് | 14,68,616 |
| | പലവക | 1,16,315 |

പട്ടിക 15.2

| | |
|---|---|
| 1 സംഘത്തിന്റെ പേര് | ന്യൂ ഇന്ത്യാ സെറാമിക്സ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ.ഓപ്പ്. സൊസൈറ്റി |
| 2. പ്രവർത്തനപരിധി | ഫറോക്ക്, കടലുണ്ടി, രാമനാട്ടുകര, ചെറുവണ്ണൂർ - നല്ലളം ഗ്രാമ പഞ്ചായത്തുകൾ |
| 3. സംഘത്തിന്റെ സ്വഭാവം | നോൺ ക്രെഡിറ്റ് |
| 4. പ്രവർത്തനം തുടങ്ങിയ വർഷം | 1956 |
| 5. ആകെ അംഗങ്ങൾ | 60 |
| 6 ഓഹരിവില | 500 |
| 7 അംഗീകൃത ഓഹരിമൂലധനനം | 20 ലക്ഷം |
| 8 പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 5,92,500 രൂപ |
| 9. സർക്കാർ ഓഹരി | 3 ലക്ഷം രൂപ |
| 10. പരമാവധി എടുക്കാവുന്ന തുക | 25 ഇരട്ടി |

പട്ടിക 15.3

| | |
|---|---|
| 1 സംഘത്തിന്റെ പേര് | ചെറുവണ്ണൂർ ക്ഷീരോല്പാദക സഹകരണസംഘം നമ്പർ LL 49 |
| 2. പ്രവർത്തനപരിധി | ചെറുവണ്ണൂർ - നല്ലളം ഗ്രാമ പഞ്ചായത്ത്. 1,2,3,4,56,9,10,11,12 വാർഡുകളും ഒളവണ്ണ ഗ്രാമപഞ്ചായത്ത് 5,6,7,8 വാർഡുകളും. |
| 3. സംഘത്തിന്റെ സ്വഭാവം | നോൺ ക്രെഡിറ്റ് |
| 4. പ്രവർത്തനം തുടങ്ങിയ വർഷം | 1953 |
| 5. ആകെ അംഗങ്ങൾ | 1145 |
| 6. ഓഹരിവില | 10 |
| 7 അംഗീകൃത ഓഹരിമൂലധനനം | 20,000 രൂപ |
| 8 പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 19,380 രൂപ |
| 9. സർക്കാർ ഓഹരി | 5000 |
| 10 പരമാവധി കടം എടുക്കാവുന്ന തുക | 4,23,800 |

പട്ടിക 15.4

| | |
|---|---|
| 1 സംഘത്തിന്റെ പേര് | ഫറോക്ക് കോ. ഓപ്. ആർട്സ് & കൊമേഴ്സ് കോളേജ് |
| നമ്പർ | D/2436 |
| 2. പ്രവർത്തനപരിധി | ചെറുവണ്ണൂർ - നല്ലളം, ഫറോക്ക്, രാമനാട്ടുകര, കടലുണ്ടി, ബേപ്പൂർ ഗ്രാമ പഞ്ചായത്തുകൾ |
| 3. സംഘത്തിന്റെ സ്വഭാവം | നോൺ ക്രെഡിറ്റ് |
| 4. പ്രവർത്തനം തുടങ്ങിയ വർഷം | 1990 |
| 5. ആകെ അംഗങ്ങൾ | 261 |
| 6 ഓഹരിവില | 100/- (A), 1000/- (B), 10/- (C) |
| 7 അംഗീകൃത ഓഹരിമൂലധനനം 13 ലക്ഷം | |
| 8 പിരിഞ്ഞുകിട്ടിയ ഓഹരിമൂലധനം | 30,800 രൂപ |
| 9. സർക്കാർ ഓഹരി | 15,000 |
| 10. ജീവനക്കാർ | സ്റ്റാഫ് 22 (M-10) (F-12)<br>സി.എൻ.പി. 2 |

# വിഭവസമാഹരണം

**കോ**ഴിക്കോട് ജില്ലയിലെ പ്രമുഖ വ്യവസായ കേന്ദ്രമായ നമ്മുടെ ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ജീവിതം പ്രധാനമായും ഫാക്ടറി തൊഴിലിനെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ വ്യവസായമേഖലയിലുണ്ടാവുന്ന ചെറു സ്പന്ദനം പോലും ജനജീവിതത്തിന്റെ സമസ്ത മേഖലയിലും ചലനം സൃഷ്ടിക്കുന്നു. ഫാക്ടറി തൊഴിലാളികൾ കഴിഞ്ഞാൽ കൂടുതൽ പേരും കെടിടനിർമ്മാണ തൊഴിൽ മേഖലയിലാണ് പ്രവൃത്തിചെയ്യുന്നത്. സേവനതുറകളിലും ബിസിനസ്സ് മേഖലകളിളം പ്രവൃത്തിചെയ്യുന്നവർ മൂന്നാം സ്ഥാനത്ത് വരും. കാർഷിക മേഖലയിലും സ്വതന്ത്രകൈത്തൊഴിലുകളിലും ഇടപെട്ട് ജീവിതമാർഗം കണ്ടെത്തുന്നവർ പരിമിതമായുണ്ട്. 1000ത്തിൽ താഴെ മാത്രം വരുന്ന വിദേശ തൊഴിൽ കമ്പോളത്തിലുള്ളവരും കൂടി ചേർന്നാൽനമ്മുടെ ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ സാമ്പത്തികചിത്രം പൂർണ്ണമായി.

തൊഴിൽ ശാലകളും തൊഴിലാളികളും സർവ്വീസ് മേഖലയും കൂടി ഗ്രാമപഞ്ചായത്തിന്റെ ഖജനാവിലേക്ക് സിംഹഭാഗവും മുതൽക്കൂട്ടുന്നു.

വരവ് സംബന്ധിച്ച് വിശദാംശങ്ങൾ പട്ടിക 16.1ലും ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ പട്ടിക 16.2ലും പ്രതിപാദിച്ചിരിക്കുന്നു.

പട്ടിക 16.2ൽനിന്നും സുപ്രധാനമായ ഒരു കാര്യം വ്യക്തമാവും. നമ്മുടെ വരുമാനത്തിന്റെ 32%വും ചെലവഴിച്ച് റോഡുകൾ, തോടുകൾ തുടങ്ങിയ മരാമത്ത് പണികൾക്കാണ്. കുടിവെള്ളത്തിന് 5.4% ചെലവഴിച്ചു. ഭരണകാര്യങ്ങൾക്ക് മാത്രമായി 18.2% സമ്പത്തും ചെലവഴിക്കുന്നു. എന്നാൽ പുരോഗതിയുടെ സൂചികയാവേണ്ടിയിരുന്ന ദാരിദ്ര്യനിർമ്മാർജ്ജനം, തൊഴിലില്ലായ്മയുടെ പരിഹാരം എന്നിവക്ക് ധനം നീക്കിവെക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇത് പഞ്ചായത്തിന്റെ മാത്രം പോരായ്മയല്ല. നാളിതുവരെ തുടർന്ന ആസൂത്രണപ്രക്രിയയുടെ പ്രതിഫലനം കൂടിയാണ്. പ്രത്യുൽപ്പാദനപരമായ കാര്യങ്ങളിൽ പണം ചെലവഴിക്കുവാൻ നമുക്ക് കഴിയുന്നില്ല.

നമ്മുടെ ഗ്രാമപഞ്ചായത്തിലെ മൊത്തം കുടുംബങ്ങളുടെ 37%വും അതായത് 3036കുടുംബങ്ങൾ IRDP കണക്കുകൾ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയാണ് ജീവിക്കുന്നത്. അതുപോലെതന്നെ ഫാക്ടറികളുടെ പറുദീസയായ നമ്മുടെ പ്രദേശത്ത് മൊത്തം തൊഴിൽശേഷിയുടെ 30%വും തൊഴിൽരഹിതരാണ്. ദാരിദ്ര്യത്തിന്റെയും തൊഴിൽരാഹിത്യത്തിന്റെയും പ്രശ്നങ്ങൾ പരിഹരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇവക്ക് പുറമെ എല്ലാ വാർഡുകളിലും ജനങ്ങളുടെ പൊതുസൗകര്യങ്ങളുടെ ആവശ്യങ്ങൾ നാൾക്കുനാൾ വർദ്ധിച്ചുവരികയാണ്. പൊതുകളിസ്ഥലം, കമ്മ്യൂണിറ്റിഹെൽത്ത്സെന്റർ, തെരുവ്‌വിളക്കുകൾ, ഫൂട്ട്പാത്തുകൾ, ഗ്രാമീണറോഡുകളുടെ പരിഷ്കരണവും നവീകരണവും തുടങ്ങി നിരവധി പ്രശ്നങ്ങൾ ഉയർന്നു വന്നിരിക്കുന്നു. ഇവയെല്ലാം പരിഹരിക്കാൻ ആവശ്യമായ സമ്പത്ത് (വിഭവം) ഇന്നത്തെ പരിതഃസ്ഥിതിയിൽ പഞ്ചായത്തിന് ഒരിക്കലും ലഭിക്കുകയില്ല എന്ന യാഥാർത്ഥ്യം ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളിൽനിന്നും ജനങ്ങൾക്ക് ബോധ്യപ്പെട്ടിരിക്കുകയാണ്.

ഇങ്ങനെയെല്ലാമാണെങ്കിലും '9ാം പദ്ധതി' യിലൂടെ കൈവരുന്ന പദ്ധതിവിഹിതവും, നമ്മുടെ മേൽനോട്ടത്തിലുള്ള ശാസ്ത്രീയ ആസൂത്രണവും, ആത്മാർപ്പണവുംകൂടി ചേർന്നാൽ മേലെ ചൂണ്ടി

ക്കാണിച്ച ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരവും തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും ഒരു പരിധിവരെയെങ്കിലും ശമനം വരുത്തുവാനും കഴിയുമെന്ന വിശ്വാസം ഗ്രാമസഭാതലത്തിലുയർന്നുവന്നു.

നാം അഭിമുഖീകരിക്കുന്ന വികസനത്തിന്റെ പ്രശ്നങ്ങൾ നേരിടുവാൻ നമ്മുടെ പഞ്ചായത്തിലെ ആവശ്യങ്ങൾക്കും സാധ്യതകൾക്കും അനുസരിച്ചുള്ള സ്വാഗതാർഹമായ നിർദ്ദേശങ്ങൾ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നുവെന്നത് ജനകീയആസൂത്രണപ്രസ്ഥാനത്തിന്റെ എടുത്തുപറയത്തക്ക ഒരു നേട്ടം തന്നെയാണ്. ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട വിഭവസമാഹരണ സാധ്യതകളാണിവിടെ വിശദീകരിക്കുന്നത്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ അധീനതയിലുള്ളതും സ്വകാര്യവ്യക്തികൾ കൈയ്യേറിയതുമായ പുറമ്പോക്ക് ഭൂമി കൃത്യമായി അളന്ന് തിട്ടപ്പെടുത്തി കാലോചിതമായ ലീസ് സമ്പ്രദായം ഏർപ്പെടുത്തണം.

2. സ്ഥാപനങ്ങളുടെ ലൈസൻസ് ഫീ കാലോചിതമായി പരിഷ്കരിക്കണം.

3.A. ധനകാര്യസ്ഥാപനങ്ങളുടെ അദായം കണക്കാക്കി നികുതി ഈടാക്കണം.

3.B. അവയുടെ പൊതു നന്മഫണ്ടുകൾ പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് പരമാവധി വിനിയോഗിക്കാൻ അവരെ തയ്യാറെടുപ്പിക്കാൻ കഴിയണം.

4. സ്വകാര്യ ആശുപത്രികൾ, പാരലൽകോളേജുകൾ, കേബിൾ.ടി.വി. തുടങ്ങിയവയിൽനിന്നും ധനസമാഹരണം നടത്തേണ്ടതാണ്.

5. പ്രധാനകവലകളിൽ കച്ചവടത്തിന് ആവശ്യാർത്ഥം കെട്ടിടങ്ങൾ നിർമ്മിച്ച് വാടകക്കൊടുക്കാൻ പദ്ധതി തയ്യാറാക്കേണ്ടതാണ്.

6. പരസ്യബോർഡുകൾക്കും, പോസ്റ്ററുകൾക്കും നികുതി ഈടാക്കേണ്ടതാണ്.

7. വിദേശജോലിക്കാരുടെ നിക്ഷേപം ഏതെങ്കിലും വൻകിട വ്യവസായ പ്രോജക്ടിന് ഉപയോഗപ്പെടുത്തണം.

8. വളർത്തനായകൾക്ക് റെജിസ്ട്രേഷൻ ഏർപ്പെടുത്താനുള്ള നിലവിലുള്ള നിയമം കർശനമായി നടപ്പിൽവരത്തുകയും സെസ്സ് ഏർപ്പെടുത്താവുന്നതുമാണ്.

10. മാമ്മിളി പതാറായിൽ ഈവനിംഗ് പാർക്ക് തുടങ്ങാവുന്നതാണ്.

11. ചാലിയാർ പുഴയിൽ നിലച്ചുപോയ ബോട്ട്സർവ്വീസ് ടൂറിസം ട്രാൻസ്പോർട്ട് സംവിധാനമായി പുനഃസ്ഥാപിക്കേണ്ടതാണ്.

12. നല്ലളം, ചെറുവണ്ണൂർ മേഖലകളിൽ ആഴ്ചചന്തകൾ തുടങ്ങണം.

**വിഭവസമാഹരണം**
**പൊതു സാമ്പത്തിക നില**

| | പൊതു കണക്ക് | മൂലധനകണക്ക് | കടം സംബന്ധിച്ച കണക്ക് |
|---|---|---|---|
| | 1 | 2 | 3 |
| വരവ് | 424570132 | 50000.00 | 143216.13 |
| ചെലവ് | 377510.00 | 99244 | 1084501.00 |

**പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ**

| | പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക ഗ്രാന്റ് തുക | യഥാർത്ഥ ചെലവ് പഞ്ചാ. ഫണ്ട് | ആകെ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| റോഡ് | 337500 | 86380 | 240120 | 326500 |
| തോട് | NIL | 6900 | NIL | 6900 |
| കെട്ടിടം | 50000 | - | 214362 | 214362 |
| നടപ്പാലം | - | - | - | - |
| മറ്റുള്ളവ | 52000 | - | 50560 | |
| ആകെ | 889500.00 | 93280 | 505042 | 598322 |

| വിഭവസമാഹരണം പട്ടിക<br>വരവ് സംബന്ധിച്ച വിവരങ്ങൾ (1995-96) | |
|---|---|
| ഇനം | പിരിച്ചത് |
| കെട്ടിടനികുതി | 519286.55 |
| സർവ്വീസ്ചാർജ്ജ് | 133857.37 |
| തൊഴിൽനികുതി | 768282 |
| വാഹനനികുതി | NIL |
| വിനോദനികുതി | 376035.74 |
| അഡി. വിനോദനികുതി | 225545.96 |
| പ്രദർശനനികുതി | 10856 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ് | 2714.50 |
| ചന്തവരവ് | NIL |
| ലാന്റ് സെസ്സ് | NIl |
| ലൈസൻസ് ഫീസ് | 103814.25 |
| കെട്ടിടനികുതിസർചാർജ്ജ് | 25648.63 |
| വസ്തുകൈമാറ്റ നികുതി 75% | 274963 |
| വസ്തുകൈമാറ്റ നികുതി | 25% 200000 |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റ് വരവുകൾ | 1296374 |
| സംഭാവന | NIl |
| ഡെപ്പോസിറ്റ് | 869506.25 |
| മറ്റുള്ളവ | 920983.20 |
| ആകെ | 5727867.45 |

| ചെലവ് സംബന്ധിച്ച വിവരങ്ങൾ | |
|---|---|
| ഇനം | തുക |
| ഭരണം | 1433586 |
| പൊതുമരാമത്ത് | 1852827 |
| വിദ്യാഭ്യാസം | 82363 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 209206 |
| തെരുവ്വിളക്കുകൾ കത്തിക്കുന്നത് | 197687 |
| മറ്റുള്ളവ | 1183186 |
| ആകെ | 4958855 |

13. ആഘോഷങ്ങളോടനുബന്ധിച്ച് ആരോഗ്യ-വിദ്യാഭ്യാസ-വ്യവസായ പ്രദർശനം (Trade Fair) സംഘടിപ്പിച്ച് കുടിവെള്ളിപദ്ധതിക്ക് പണം കണ്ടെത്താവുന്നതാണ്.

14. അഖിലേന്ത്യാ ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിച്ച് പൊതുകളിസ്ഥലഫണ്ടിലേക്ക് മുതൽകൂട്ടണം.

15. ഗ്രാമസഭകളിൽ വാഗ്ദാനം ലഭിച്ച സൗജന്യ മനുഷ്യാസ്ഥാനവും സാമ്പത്തികസഹായവും സാധനസാമഗ്രികളും വികസനപ്രവർത്തനങ്ങൾക്ക് കൃത്യമായി വിനിയോഗിക്കണം.

മേൽപറഞ്ഞ കാര്യങ്ങൾ ജനപങ്കാളിത്തം ഉറപ്പുവരുത്തി നടപ്പിൽ വരുത്തുകയാണെങ്കിൽ വരുന്ന 5 വർഷക്കാലംകൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്തിൽ വൻ മുന്നേറ്റം നടത്താൻ നമുക്ക് കഴിയും. ഇതിനായുള്ള ക്രിയാത്മക നിർദ്ദേശങ്ങൾക്കും മുൻഗണനാക്രമം നിശ്ചയിക്കുന്നതിനും ചർച്ചകൾക്കുമായി ഈ റിപ്പോർട്ട് ആദരവോടെ സമർപ്പിക്കുന്നു.

## ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്ത് 1996.97ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

1. കുടിവെള്ളം
   i. കോട്ടപാട മിനി വാട്ടർ സപ്ലൈസ് സ്കീം
   (പ്രയോജന മേഖല, കുറുണ്ണിവയൽ ലക്ഷം വീട് കൊടമ്പാട്ടിൽ ഏരിയ)
   ii ഒതയമംഗലം വാട്ടർ സപ്ലൈസ് സ്കീം.
   (പ്രയോജനമേഖല, കളരിപ്പറമ്പ്, പൂളിക്കൽതാഴം)
   iii വെള്ളിവയൽ ഹരിജൻകോളനി മിനിവാട്ടർ സപ്ലൈസ് സ്കീം.
   (പ്രയോജനമേഖല, വെള്ളിലവയൽ, കരിമ്പടം)
   iv ആറാംവാർഡ് OLH കോളനി വാട്ടർസപ്ലൈസ് സ്കീം
   (പ്രയോജനമേഖല, OLH കോളനി സ്കീം, മാവത്തിപറമ്പ്
2. മാങ്കുനി പാലത്തിന് സമീപം ശിശുമന്ദിരം
3. ചെറുവണ്ണൂർ പഴയപാലം ചിൽഡ്രൻസ് പാർക്ക്
4. ഗതാഗതം
   1. ഒതയമംഗലം രാജാ ടാക്കീസ് റോഡ്
   2. ഒതയമഗലം റോഡ്
   3. നല്ലളം G.M.U.P. സ്ക്കൂൾ റോഡ്
   4. B4-B4-B5-B5- റോഡ്
   5. നാഗത്തിങ്ങൽ - ലങ്കപ്പറമ്പ് റോഡ്
   6. തിരുത്തിമ്മൽ റോഡ്
   7. മാത്തോട്ടം മഞ്ഞിലിപ്പാടം റോഡ്
   8. യു.സി. റോഡ്
   9. കണ്ണാട്ടിക്കുളം റോഡ് റിടാറിംഗ്
   10. പാലാറ്റിപാടം സൈഡ് സംരക്ഷണം
   11. നല്ലളം കിഴക്കെ ജുമാഅത്ത് പള്ളി റോഡ്
   12. കൊയമ്പ പാലം അപ്രോച്ച് റോഡ്
5. ഡ്രൈനേജുകളും ഫുട്ട്പാത്തുകളും
   1. അമ്പലം ഇടവഴി ഡ്രൈനേജ് കവറിംഗ് സ്ലാബ്
   2. ഒതയമംഗലം ഡ്രൈനേജ്
   3. രാജാ ടാക്കീസ്, ഇടവഴി ഡ്രൈനേജ്
   4. തെക്കെകുറ്റി ഡ്രൈനേജ്
   5. നായർമഠം, ഡ്രൈനേജ്
   6. പിലാഞ്ചേരി റോഡ് ഡ്രൈനേജ്
   7. ലങ്കപ്പറമ്പ് റോഡ്, ഡ്രൈനേജ്
6. ഫുട്പാത്തുകൾ
   1. ചേറ്റുംകുഴി ഫുട്ട്പാത്ത്
   2. മുത്തകപ്പാടം ഫുട്ട്ബാത്ത്

പ്രഖ്യാപനം

1. 300 വീടുകളിൽ പച്ചക്കറിത്തോട്ടം
2. ദാരിദ്ര്യരേഖക്ക് താഴെയുള്ള കക്കൂസ് വീടുകളിൽ 5 വർഷംകൊണ്ട് കക്കൂസുകൾ നിർമ്മിക്കും.
3. പ്രധാന ജംഗ്ഷനുകളിൽ സോഡിയംവേപ്പർലാമ്പുകളും ട്യൂബ്ലൈറ്റുകളും ബൾബുകളും സ്ഥാപിക്കും.
4. കൊതുക് നിവാരണ പദ്ധതിയും ശുചിത്വമുള്ള പഞ്ചായത്ത് പദ്ധതിയും പൂർത്തിയാക്കും.

ചെറുവണ്ണൂർ-നല്ലളം ഗ്രാമപഞ്ചായത്ത്
ജനകീയാസൂത്രണ സമഗ്ര വികസന രേഖ
തയ്യാറാക്കിയവർ

ടി. മൊയ്തീൻകോയ
ടി. ശിവദാസൻ
എം. അബ്ദുറഹിമാൻ
കെ.പി.എ. ഹാഷിം
പുല്ലോട്ട് ബാലകൃഷ്ണൻ
എൻ.പി. ശിവശങ്കരൻ
എം.എ. ബഷീർ
എ.പി. മുഹമ്മദ് ബഷീർ
സദാനന്ദൻ കെ.
അഹമ്മദ്കുട്ടി പാലോറ
രമേശ് പടുവിൽ
വി. രാധാകൃഷ്ണൻനായർ
നളിനാക്ഷൻ മാസ്റ്റർ
പി. രവീന്ദ്രൻ
മൻസൂർ. ടി.
ഗിരിജാ ഹരിദാസ്
സിസ്റ്റർ മേരി കലൻ
കെ. രാധാകൃഷ്ണൻ
പി. രാമൻ
ശ്രീനിവാസൻ. സി.
സെൽമാ റഹ്മാൻ
വിജയമ്മടീച്ചർ
അംബികാദേവി

സൈനബ. എം.
വിനയകുമാരി. സി.കെ
കെ.പി. സന്തോഷ്
ലൈല ദേവി ടീച്ചർ
അബ്ദുൾഖാദർ

ആമുഖം തുടർച്ച

ഭരണചരിത്രം: പഴയമലബാർ ജില്ലാബോഡിന് കീഴിൽ നിലവിലുണ്ടായിരുന്നത് നല്ലളം പഞ്ചായത്താണ്. ചെറുവണ്ണൂർ അന്ന് ബേപ്പൂർ മേജർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. അക്ഷരാഭ്യാസമുള്ളവർ ഒരു പൊതുസ്ഥലത്ത് ഒത്തുകൂടി കൈപൊക്കി വോട്ട് ചെയ്താണ് അന്ന് തിരഞ്ഞെടുപ്പ് നടത്തിയിരുന്നത്. 1956 ജൂലൈലാണ് നല്ലളം പഞ്ചായത്ത് ബോഡ് നിലവിൽവന്നത്. പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ടി. മാധവൻനായരായിരുന്നു. വൈസ്പ്രസിഡണ്ട് പരേതനായ എൻ.എം.മുഹമ്മദും ആയിരുന്നു. മറ്റംഗങ്ങൾ: എം. കുഞ്ഞാലി, എം. രാരു, പി.മുഹമ്മദ്ഷാ, കണ്ണൻ, പെരച്ചൻ, കൃഷ്ണരാജു എന്നിവരായിരുന്നു. ബേപ്പൂർ മേജർ പഞ്ചായത്ത് പ്രസിഡണ്ട് ചെറുവണ്ണൂർക്കാരനായിരുന്ന കെ.എം.സുകുമാരൻ മേനോക്കിയായിരുന്നു.

ചെറുവണ്ണൂർ പ്രദേശം നല്ലളം പഞ്ചായത്തിനോട് ചേർത്ത് ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത് രൂപീകൃതമാവുന്നത് 1963 ഡിസംബർ 20നാണ്. ആദ്യപ്രസിഡണ്ട് ശ്രീ. മുല്ലവീട്ടിൽ അബ്ദുറഹിമാനായിരുന്നു. വൈസ്പ്രസിഡണ്ട് ശ്രീ. ഉണ്ണിക്കോരുമാസ്റ്ററും. മറ്റംഗങ്ങൾ പറക്കോട്ട് കോയാമാമു, മുണ്ടോളി കുഞ്ഞാലി, മേക്കയിൽ അച്യുതൻ, അഹമ്മദ്കോയ, തെക്കുംപുറത്ത് ചോയി, പിലാപ്പിള്ളി കരിയൻ എരഞ്ഞിക്കാട്ടുപാടം, ശ്രീധരൻനായർ പുളിയശ്ശേരി, ലക്ഷ്മി (നോമിനേറ്റഡ് അംഗം). ചെറുവണ്ണൂരിൽ ഒരു വിമാനത്താവളം നിർമ്മിക്കാനുള്ള കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നീക്കത്തിൽ പ്രതിഷേധിച്ചുകൊണ്ട് മെമ്മോറാണ്ടം കൊടുക്കാനുള്ളതായിരുന്നു ബോഡിന്റെ ആദ്യതീരുമാനം. 1965ൽ ഒക്ടോബർ 6ന് ശ്രീ. മുല്ലവീട്ടിൽ അബ്ദുറഹിമാൻ വധിക്കപ്പെട്ടതിനെ തുടർന്ന് ഉണ്ണിക്കോരു മാസ്റ്റർ പ്രസിഡണ്ടായി. പി.സി. കോയമാമു വൈസ്പ്രസിഡണ്ടും. 1979 വരെ ഈ ഭരണസമിതി നിലനിന്നു. 1979ലെ തെരഞ്ഞെടുപ്പോടെ ശ്രീ. വി.കെ.സി. മമ്മത്കോയയുടെ നേതൃത്വത്തിലുള്ള ഭരണസമിതി നിലവിൽവന്നു. വി. രാധാകൃഷ്ണൻനായരായിരുന്നു വൈസ്പ്രസിഡണ്ട്. മറ്റംഗങ്ങൾ: ശ്രീ. കെ. വീരാൻകോയ, കെ. മുഹമ്മദ്, കെ. ശിവദാസൻ, എം.ആലി, പി. ഭരതൻ, ടി. മൊയ്തീൻകോയ, എ.കണ്ടൻ എന്നിവരായിരുന്നു. പഞ്ചായത്ത് ഓഫീസ്സ് കുണ്ടായിത്തോടിൽനിന്ന് അരീക്കാട്ടേക്ക് മാറ്റുകയും അവിടെ ഒരു ഹെൽത്ത്സെന്റർ തുടങ്ങുകയും ചെയ്തത് ഈ കാലത്താണ്. വെള്ളിലവയൽ, ഉദയ, ന്യൂ എന്നിങ്ങനെയുള്ള കോളനികൾ പഞ്ചായത്തുതന്നെ നാല് സെന്റ് സ്ഥലം വീതം വാങ്ങി ജനങ്ങൾക്ക് സ്ഥാപിച്ചുകൊടുത്തതും ഇതേ കാലഘട്ടത്തിലാണ്. 1984ൽ ഒക്ടോബറിൽ ബോഡ് പിരിച്ചുവിടുകയും സ്പെഷ്യൽ ഓഫീസർ ഭരണം നിലവിൽവരികയും ചെയ്തു. 1987ൽ നടന്ന തിരഞ്ഞെടുപ്പിൽ ടി. മൊയ്തീൻകോയ പ്രസിഡണ്ടായി. വി. രാധാകൃഷ്ണൻനായർ തന്നെയായിരുന്നു വൈസ്പ്രസിഡണ്ട്. മറ്റംഗങ്ങൾ: എം.എം.ചന്ദ്രൻ, എം.സി. മായിൻഹാജി, കണ്ണാടിമൊയ്തീൻ, ജമീല, പൂവുങ്ങൽ വേലായുധൻ, നായടി, കുനിയിൽ മുഹമ്മദ്, എം.ബാബുരാജ്, ബാലൻ.കെ, ഉമ്മർകുട്ടി, വീരൻകോയ, ശീലാവതിടീച്ചർ എന്നിവരായിരുന്നു. ഹരിജൻകോളനികളിൽ കക്കൂസ് നിർമ്മിച്ചുകൊടുത്തുകൊണ്ട് പൊതുജനാരോഗ്യരംഗത്ത് ഒരു പുതിയ വികസനരീതി തുറന്നത് ഈ കാലഘട്ടത്തിലാണ്. എല്ലാ സൗകര്യമുള്ള വിശാലമായ ഒരു കമ്മ്യൂണിറ്റി ഹാൾ ചെറുവണ്ണൂരിൽ സ്ഥാപിക്കുന്നതും ഇതേ ഭരണസമിതിയാണ്. 1996 ഒക്ടോബർ 2നാണ് പഞ്ചായത്തീരാജ് നിലവിൽവന്നതിനുശേഷമുള്ള ഇപ്പോഴത്തെ ഭരണസമിതി അധികാരമേറ്റത്. ഈ കാലഘട്ടത്തിൽതന്നെയാണ് ഓഫീസ് ആവശ്യത്തിന് ഇരുനില കെട്ടിടം പണിതതും ചെറുവണ്ണൂരിൽ സാംസ്കാരികനിലയം പണിയിച്ചതും.


ADMINISTRATIVE MAP OF KERALA
SCALE
0 15 30 45 60Km
KARNATAKA
TAMILNADU
LAKSHADWEEP SEA
KASARAGOD
KANNUR
WAYANAD
KOZHIKODE
MALAPPURAM
PALAKKAD
THRISSUR
IDUKKI
PATHANAMTHITTA
KOLLAM
THIRUVANANTHAPURAM
Quilandi
Nilambur
Alappuzha
Peermedu
Ranni
Punalur
Kollam
REFERENCE
STATE BOUNDARY
DISTRICT BOUNDARY
IMPORTANT ROAD
RAILWAY
STATE HQ.
IMPORTANT PLACES
DISTRICT HQ.



"എല്ലാവരുടേയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും." ______ *മഹാത്മാഗാന്ധി*


Printed at MANGALAM offset press Kallai, Calicut Ph. 300062

# ജനകീയാസൂത്രണം കേരളത്തിൽ

## ബേപ്പൂർ ഗ്രാമപഞ്ചായത്ത്



# സമഗ്രവികസനരേഖ


N
കോഴിക്കോട് കോർപ്പറേഷൻ
287
അറബിക്കടൽ
ചെറുവണ്ണൂർ-നല്ലളം പഞ്ചായത്ത്.
ചാലിയാർ
1
2
3
4
5
6
7
8
9
10
11
12
13
14
15

# ജനകീയാസൂത്രണം

## ബേപ്പൂർ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# സമഗ്രവികസനരേഖ

## എഡിറ്റോറിയൽ ബോർഡ്

എ.സജീവൻ

എം.ടി. കാർത്തികേയൻ

പള്ളത്ത് പത്മനാഭൻ

ശിവരാജ്.ടി.പി

ദിവാകരൻ.പി.

കെ.രാജു.

പുഷ്പാംഗദൻ മാസ്റ്റർ.പി.

പി.എൻ.പ്രേമരാജ്

കെ.വിശ്വനാഥൻ





Type Setting & Layout
*DataMate,* Court Road, Clt-1
Printed at M.C.M Offset press,Kallai.

# ബേപ്പൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി.



കെ. ലീല
(പ്രസിഡണ്ട്)



കെ. വിശ്വനാഥൻ
(വൈസ് പ്രസിഡണ്ട്)



പി.പി. ബീരാൻ കോയ
(സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ)

പി. അഹമ്മദ് കോയ
സി,പി. കുഞ്ഞു
ശ്യാമള. പി
ടി. ഉണ്ണികൃഷ്ണൻ
ശൈലജ. കെ
ആനന്ദവല്ലി. പി
എൻ.വി. ബഷീർ
കെ. ഉണ്ണികൃഷ്ണൻ
ബാലഗംഗാധരൻ. പി
കെ. ശാരദ
വെണ്ണക്കാട്ട് പ്രകാശൻ
എം.ഐ. മുഹമ്മദ്

<u>ജില്ലാ റിസോർസ് പേഴ്സൺ</u>

1. എം.ടി. കാർത്തികേയൻ
2. ദിവാകരൻ. പി
3. രാജു. കെ
4. ശിവരാജ്. ടി.പി
5. ആനന്ദവല്ലി. പി
6. ഉണ്ണികൃഷ്ണൻ.ടി
7. രാധാകൃഷ്ണൻ. പി.എ
8. പ്രേമരാജ്. പി. എൻ
9. ബാലകൃഷ്ണൻ.ടി
10. അഗസ്റ്റിൻ. കെ.കെ

# വിഷയ വിവരം


1. ആമുഖം
2. സാമൂഹികസാംസ്ക്കാരിക ചരിത്രം
3. ഭൂപ്രകൃതി

4 .1 കൃഷിയും ജലസേചനവും

4.2 മൃഗസംരക്ഷണം

4.3 ഫിഷറിസ്-മത്സ്യബന്ധവും.

4.4 വ്യവസായം വാണിജ്യം

4.5 വിദ്യാഭ്യാസം

4.6 ഊർജ്ജം

4.7 ഗതാഗതം

4.8 കുടിവെള്ളവും പൊതുജനാരോഗ്യവും

4.9 പാർപ്പിടവും സാമൂഹ്യക്ഷേമവും

4.10 സംസ്കാരം

4.11 വനിത

4.12 പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം

4.13 വിഭവസമാഹരണം.

# ബേപ്പൂർ ഗ്രാമപഞ്ചായത്ത്- പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേർ | : ബേപ്പൂർ ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : ബേപ്പൂർ വിലേജ് |
| ബ്ലോക്ക് പഞ്ചായത്ത് | : കോഴിക്കോട് |
| താലൂക്ക് | : കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : ബേപ്പൂർ |
| വിസ്തീർണ്ണം | : 10.42 ച.കി. മീറ്റർ |
| അതിരുകൾ : | |
| വടക്ക്- | : കോഴിക്കോട് കോർപ്പറേഷൻ |
| തെക്ക്- | : ചാലിയാർ പുഴ |
| കിഴക്ക്- | : ചെറുവണ്ണൂർ- നല്ലളം പഞ്ചായത്ത് |
| പടിഞ്ഞാറ്- | : അറബിക്കടൽ |
| ജനസംഖ്യ | : 56,505 |
| വോട്ടർമാർ (1995) | : 37,990 |
| വാർഡുകൾ | : 15 |
| പ്രസിഡണ്ട് | : ശ്രീമതി. കെ. ലീല |
| വൈസ്. പ്രസിഡണ്ട് | : കെ. വിശ്വനാഥൻ |

# ആമുഖം

1936 ലാണ് പഞ്ചായത്ത് നിലവിൽ വന്നത്. പാരത്ത് വീട്ടിൽ കുട്ടികൃഷ്ണൻ നായർ ആയിരുന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡണ്ട്. 1953ലാണ് ആദ്യമായി ബാലറ്റ് അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പ് നടന്നത്. ചെറുവണ്ണൂർ നല്ലളം പഞ്ചായത്തിലെ ചെറുവണ്ണൂർ അംശം ബേപ്പൂർ പഞ്ചായത്തിന്റെ ഭാഗമായിരുന്നു. 1963ൽ ബേപ്പൂർ പഞ്ചായത്ത് നിലവിൽ വരുമ്പോൾ ശ്രീ.കെ. സുകുമാരമേനോക്കിയായിരുന്നു പ്രസിഡണ്ട്. 1967 ൽ ശ്രീ. സി.ഇ. കാർത്തികേയൻ പ്രസിഡണ്ടായി. 9 മെമ്പർമാരുണ്ടായിരുന്നു. 1967ൽ ശ്രീ. സി.ഇ. കാർത്തികേയൻ മരണപ്പെട്ടു. അദ്ദേഹത്തിന്റെ മരണശേഷം ശ്രീ. യൂ.ടി. അച്യുതൻ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1979ൽ ശ്രീ..ടി. ഹസ്സൻ പ്രസിഡണ്ടായി. 11 മെമ്പർമാരുണ്ടായിരുന്നു. ഇടക്കാലത്ത് ശ്രീ. കക്കാടത്ത് സോമൻ പ്രസിഡണ്ടായി. 1988ൽ ശ്രീ. ടി. ഹസ്സൻ വീണ്ടും പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 14 മെമ്പർമാരുണ്ടായിരുന്നു. തുടർന്ന് 1995ൽ ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വന്നു. ശ്രീമതി. കെ. ലീല പ്രസിഡണ്ടും, 15 മെമ്പർമാരുമാണ് നിലവിലുള്ളത്. ശ്രീ. കെ. വിശ്വനാഥൻ വൈസ്. പ്രസിഡണ്ടും, ശ്രീ. പി.പി. ബീരാൻകോയ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാനുമാണ്.

1965 വരെ ബേപ്പൂർ കോഴിക്കോട് നിയോജകമണ്ഡലത്തിലായിരുന്നു. ബേപ്പൂർ സ്വദേശി ശ്രീ. കെ.പി. കുട്ടികൃഷ്ണൻ നായർ 1952ലും, ശ്രീ. ടി.കെ. ഹംസ 1987ലും ബേപ്പൂർ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച മന്ത്രിമാരാണ്. ബേപ്പൂർ എം.എൽ.എ ശ്രീ. ടി.കെ. ഹംസ ഇപ്പോൾ കേരളാഗവർമെന്റ് ചീഫ് വിപ്പാണ്. 1957ലെ തിരഞ്ഞെടുപ്പിൽ ശ്രീമതി. ഓ.ടി. ശാരദാ കൃഷ്ണൻ എം.എൽ.എ ആയി തിരഞ്ഞെടുക്കപ്പെട്ടു. 1965ൽ ബേപ്പൂർ അസംബ്ലി നിയോജകമണ്ഡലമായി. 1965, 1967, 1970 കളിൽ ശ്രീ. കെ. ചാത്തുണ്ണി മാസ്റ്ററും 1977ലും 1980ലും ശ്രീ. എൻ.പി. മൊയ്തീനും ആയിരുന്നു എം.എൽ.എ മാർ. 1982ൽ ശ്രീ. കെ. മൂസക്കുട്ടിയും 1987, 1991, 1996 എന്നീ തിരഞ്ഞെടുപ്പികളിൽ ശ്രീ. ടി.കെ. ഹംസയും ആയിരുന്നു ബേപ്പൂരിനെ പ്രതിനിധീകരിക്കുന്ന എം.എൽ.എ മാർ. 1954ൽ മലബാർ ഡിസ്ട്രിക് ബോർഡ് തിരഞ്ഞെടുപ്പിൽ ബേപ്പൂർ ഉൾപ്പെടുന്ന കോഴിക്കോട് മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ടത്. ശ്രീ.ടി. പെരച്ചനാണ് 1990ൽ ജില്ലാ കൗൺസിലിലേക്ക് ബേപ്പൂർ മണ്ഡലത്തിൽ നിന്ന് ശ്രീ. എം. വാസു തിരഞ്ഞെടുക്കപ്പെട്ടു. എൻ.ഇ.എസ്സ് ബ്ലോക്ക് നിലവിൽ വന്നതോടെ ബേപ്പൂർ പഞ്ചായത്ത് കോഴിക്കോട് ബ്ലോക്കിൽപ്പെട്ടു. ശ്രീ. ടി. ഹസ്സൻ കോഴിക്കോട് ബ്ലോക്ക് പ്രസിഡണ്ടും, ശ്രീമതി. പി.വി. സുഹറാബി ജില്ലാപഞ്ചായത്ത് മെമ്പറും, ശ്രീമതി. സി. കന്യക, ചെരാൽ രവി എന്നിവർ ബ്ലോക്ക് മെമ്പർമാരുമാണ്.

ബേപ്പൂർ പഞ്ചായത്തിന്റെ വികസനത്തെ ഉദ്ദേശിച്ചുകൊണ്ട് കർഷക വികസന സമിതി, വിദ്യാഭ്യാസ സമിതി, ആരോഗ്യ സമിതി എന്നിവ പഞ്ചായത്തിൽ നിലവിലുണ്ട്. പഞ്ചായത്ത് തെരുവിളക്കുകൾ കത്തിക്കുന്നതിനും പൊതുമരാമത്ത് പ്രവർത്തികൾക്കുമാണ് കൂടുതൽ പണം ചെലവഴിക്കുന്നത്. 1995-96 ൽ മൊത്തം ചെലവിന്റെ 23.6% പൊതുമരാമത്തിനും 6.4% തെരുവുവിളക്കുകൾ കത്തിക്കുന്നതിനും ചിലവഴിച്ചത്. ചിലവിന്റെ 23.6% ഭരണപരമായ കാര്യത്തിനാണ് ചിലവിഴിക്കുന്നത്. ചെലവ് സംബന്ധിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.(പട്ടിക-2)

ബ്രിട്ടീഷ് ആധിപത്യം തകർത്തെറിഞ്ഞ് ഇന്ത്യ സ്വതന്ത്രമായിട്ട് 49 വർഷങ്ങൾ പിന്നിട്ടു. അമൂല്യങ്ങളായ ചരിത്ര സാംസ്കാരിക പാരമ്പര്യമുള്ള നമ്മുടെ സമ്പത്ത് വൈദേശിക ഭരണാധികാരികൾ യഥേഷ്ടം ചൂഷണം ചെയ്തു. ലോക കമ്പോളം പിടിച്ചടക്കിയ ഈ രാജ്യത്തെ പരുത്തി തുണിവ്യവസായം ആകെ തകർന്നു. വികസന പ്രവർത്തനങ്ങൾ ഭരണാധികാരികളുടെ വ്യാപാരലാഭത്തിനു ലക്ഷ്യമിട്ടുകൊണ്ടാണ് ആവിഷ്കരിച്ചത് ഒരു കാലത്ത് ലോക

പ്രശസ്തങ്ങളായ സർവ്വകലാശാലകൾ നിലനിന്നിരുന്ന ഭാരതത്തിലെ വിദ്യാഭ്യാസ സമ്പ്രദായം ബ്രിട്ടീഷുകാരുടെ ഭരണം നിലനിർത്തുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥ വൃന്ദത്തെ സൃഷ്ടിക്കുന്നതിന് ഉള്ളതായി മാറ്റിതീർത്തു. രാജ്യത്തിന്റെ തനതായ വൈദ്യശുശ്രൂഷശാസ്ത്ര മേഖല തീർത്തും അവഗണിക്കപ്പെട്ടു.

സ്വാതന്ത്ര്യ ലബ്ധിക്കുശേഷം ഈ സ്ഥിതി വിശേഷം മാറ്റി, രാഷ്ട്ര പുനർ നിർമ്മാണത്തിന് വേണ്ടി യായിരുന്നു പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചത്. എട്ട് പദ്ധതികൾ നാം പിന്നിട്ടു. വികസന പ്രവർത്തനങ്ങ ളിൽ നമ്മുടെ രാജ്യം വളരെയധികം മുന്നേറി. എന്നാൽ പ്രതീക്ഷിച്ച സർവ്വതോന്മുഖമായ വളർച്ച എല്ലാ മേഖല കളിലും കൈവരിക്കാൻ കഴിഞ്ഞില്ല. ദാരിദ്ര്യവും തൊഴി ലില്ലായ്മയും വർദ്ധിച്ചു. വികസ്വരരാജ്യങ്ങളുടെ പട്ടിക യിൽ നമ്മുടെ സ്ഥാനം പിറകിൽ തന്നെ നിലനിന്നു. കേര ളത്തിലെ വികസനപ്രശ്നങ്ങൾ പരിശോധിക്കുമ്പോൾ ചില പ്രധാന ന്യൂനതകൾ വെളിച്ചത്തുവരുന്നുണ്ട്. പഞ്ച വത്സര പദ്ധതിപ്രകാരം നമ്മുടെ സംസ്ഥാനത്തിന് അർഹ മായ വിഹിതം ലഭിക്കുകയുണ്ടായിട്ടില്ല. എട്ട് പദ്ധതികൾ പിന്നിട്ടിട്ടും കാർഷിക വ്യാവസായിക മേഖലകളിൽ ഉത്പാദന വർദ്ധനവ് സ്ഥിരമായി ഉണ്ടാക്കാൻ നമ്മുക്ക് കഴിഞ്ഞിട്ടില്ല. 1970 കളുടെ മധ്യം മുതൽ കാർഷികോ ത്പാദനത്തിൽ സാരമായ ഇടിവ് വന്ന് കൊണ്ടിരിക്കുക യാണ്. നെല്ലിന്റെ ഉത്പാദനം കുറഞ്ഞു വരുന്നു. നാളികേ രോത്പാദനത്തിന്റെ കാര്യത്തിൽ മറ്റു ചില സംസ്ഥാനങ്ങൾ നമുക്ക് മുന്നിലെത്തികഴിഞ്ഞിരിക്കുന്നു. നിത്യോപയോഗ ത്തിനാവശ്യമായ പച്ചക്കറി, കോഴി, മുട്ട എന്നിവയ്ക്ക് നാം തമിഴ്നാട്, കർണ്ണാടക സംസ്ഥാനങ്ങളെയാണ് ആശ്രയി ക്കുന്നത്. വ്യവസായരംഗവും വത്യസ്തമല്ല. പരമ്പരാഗത മായ കൈതൊഴിൽ കുടിൽ വ്യവസായങ്ങൾ എന്നിവ തകർന്നു കൊണ്ടിരിക്കുന്നു. പുതിയ വ്യവസായ സംരഭ ങ്ങൾ വളർന്നിട്ടില്ല. സമ്പത്ത് ഉത്പാദനരംഗത്തെ ഈ മുര ടിപ്പ് തൊഴിലില്ലായ്മ നിരക്ക് വലിയതോതിൽ ഉയർത്തി.

ഈ പശ്ചാത്തലത്തിൽ വേണം കേരളത്തിലെ വിക സന പ്രശ്നങ്ങൾ പരിശോധിക്കുവാൻ. നമ്മുടെ പദ്ധതിക ളെല്ലാം ആവിഷ്കരിച്ച് നടപ്പാക്കുന്നത് മുകളിൽ നിന്നും താഴോട്ട് എന്നക്രമത്തിലാണ്. പ്രാദേശികമായ പ്രശ്ന ങ്ങളോ, ആവശ്യങ്ങളോ കണക്കിലെടുക്കാതെയുള്ള ഈ വികസന പ്രക്രിയയിൽ ജനങ്ങൾക്കുള്ള സ്ഥാനം കേവലം കാഴ്ചകാരുടെതായി നിലനിന്നു. വിവിധ വകുപ്പുകൾ തമ്മിൽ ഏകോപിച്ചു കൊണ്ടുള്ള ഒരു പ്രവർത്തനം ഉണ്ടാ യില്ല ഇതെല്ലാം കാരണമായി ഉത്പാദന വർദ്ധനവിന് പ്രചോദനം കൊടുക്കുന്ന പ്രവർത്തനങ്ങൾ ഇതുവരെയും ഫലപ്രദമായില്ല. വികസനമെന്നാൽ റോഡ് - പാലം നിർമ്മാ ണമാണെന്ന വിശ്വസത്തിൽ നാമെല്ലാമെത്തി. പ്രാദേശിക

| ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-96 | | | |
|---|---|---|---|
| നമ്പർ | ഇനം | ആകെ തുക(രൂപ) | ശതമാനം |
| 1. | ഭരണം | 6,32,933.00 | 23.6 |
| 2. | പൊതുമരാമത്ത് | 7,99,171.00 | 29.8 |
| 3. | വിദ്യാഭ്യാസം | 39,170.00 | 1.5 |
| 4. | ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 34,775.00 | 1.3 |
| 5. | തെരുവ് വിളക്കുകൾ കത്തിക്കുന്നത് | 1,71,951.00 | 6.4 |
| 6. | ഇൻകംടാക്സ് | 18,703.00 | 0.7 |
| 7. | സെയിൽസ് ടാക്സ് | 16,609.00 | 0.6 |
| 8. | കേരളോത്സവം | 6,514.00 | 0.3 |
| 9. | ലൈബ്രിറിസെസ് | 6,700.00 | 0.3 |
| 10. | മറ്റുള്ളവ | 9,54,100.00 | 35.5 |
| | ആകെ | 26,80,626 | 100.00 |

പട്ടിക-1

സ്വയംഭരണസ്ഥാപനങ്ങൾ പോലും ഉത്പാദനവർധനവിന ഊന്നൽ കൊടുത്തുകൊണ്ടുള്ള പരിപാടികൾ വിസ്മ

| വർഷം | ചെലവ് | വരവ് |
|---|---|---|
| 1990-91 | 3,26,527 | 9,95,767 |
| 1991-92 | 23,47,546 | 21,53,162 |
| 1992-93 | 28,89,520 | 27,40,032 |
| 1993-94 | 40,52,749 | 31,45,088 |
| 1994-95 | 30,23,952 | 28,91,075 |
| | 26,80,626 | 31,71,009 |

*പട്ടിക-2*

രിച്ചു. ഒന്നാം പദ്ധതി മുതൽ ഇതുവരെയായി കേരളത്തിൽ 12719 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ചിലവഴിച്ചു. എന്നാൽ ഇതിൽ എത്രയോ ചെറിയ ഒരംശം മാത്രമെ യഥാർത്ഥ വികസനത്തിന് ഉപകരിച്ചിട്ടുള്ളൂ.

കേരളത്തിലെ ഇന്നത്തെ രൂക്ഷമായ വികസന പ്രതിസന്ധിക്ക് പരിഹാരമായി കേരള ഗവർമെന്റ് 9-ാം പദ്ധതി ജനകീയ പദ്ധതിയായി പ്രഖ്യാപിച്ചു. സംസ്ഥാന ഗവർമെന്റ് കൈകാര്യം ചെയ്തിരുന്ന നിരവധി അധികാരങ്ങൾ താഴെ തലത്തിൽ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെടുകയും വാർഡുതലത്തിൽ ഗ്രാമസഭകൾ നിലവിൽ വരികയും ചെയ്ത സാഹചര്യത്തിൽ കേരളത്തിൽ ഒരു അനുകൂല അന്തരീക്ഷം ഉണ്ടായിട്ടുണ്ട്. ഗവ. പ്രഖ്യാപിച്ച പ്രകാരം 9-ാം പദ്ധതി വിഹിതത്തിൽ 40% വരെ വരുന്ന സംഖ്യ പഞ്ചായത്തുകൾ മുഖേന ചിലവഴിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനവിഹിത പ്രകാരമുള്ള പദ്ധതികളും കേന്ദ്രഗവ: പദ്ധതികളും പഞ്ചായത്തിന്റെ നികുതി വരുമാനവും, മറ്റു വികസന ഏജൻസികളിൽ മുഖേന ലഭിക്കാനുള്ള ഫണ്ടുകളും, പണം, വിഭവങ്ങൾ, അദ്ധ്വാനം തുടങ്ങിയ ജനകീയ സംഭാവനകളുമാണ് മുഖ്യസ്രോതസുകൾ. നമ്മുടെ നാട് ഇന്നഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധിക്ക് പരിഹാരം കാണാനും, ഉത്പാദനരംഗത്തെമുരടിപ്പ് അവസാനിപ്പിക്കാനും ജനകീയ പങ്കാളിത്തത്തോടെയുള്ള വികസനപ്രവർത്തനങ്ങൾക്ക് കഴിയുമെന്നത് ആശ്വാസത്തിന് വകനൽകുന്നു.

നമ്മുടെ പഞ്ചായത്തിൽ ജനകീയ ആസൂത്രണപ്രവർത്തനങ്ങൾക്കാരംഭംകുറിച്ചത് ജില്ലാതലപരിശീലനത്തിന് 8പേരെ നിയോഗിച്ചതു മുതലാണ്. 1996 സെപ്തംബർ 3,4,5 തീയ്യതികളിലായി ചെറുവണ്ണൂർ കമ്യൂണിറ്റിഹാളിൽ ജില്ലാതല പരിശീലനം നടന്നു. പഞ്ചായത്തിലെ വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവൻമാരുടെ യോഗം 9-9-1996 വിളിച്ചു ചേർത്ത് ജനകീയ ആസൂത്രണ പ്രവർത്തനങ്ങൾക്കാവശ്യമായ സ്ഥിതിവിവരകണക്കുകളും മറ്റ് വിവരങ്ങളും ശേഖരിക്കുന്നതിന് തീരുമാനങ്ങൾ എടുത്തു. 10-9-96ന് ഒരു ദിവസത്തെ പഞ്ചായത്ത്തല പരിശീലനം നടന്നു. ഇതിൽ ജില്ലാതല പരിശീലകർക്ക് പുറമെ 15 പഞ്ചായത്ത് മെമ്പർമാരും, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടും, ഒരുമെമ്പറും ജില്ലാപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ഒരുമെമ്പറും, പങ്കെടുത്തു. ഇതിൽ 15 സ്ത്രീകളടക്കം പങ്കെടുത്ത 65 പേരിൽ 18 പേർ ഉദ്യോഗസ്ഥൻമാരായിരുന്നു.

പഠനപര്യടനത്തിനും, ചരിത്രാന്വേഷണങ്ങൾക്കും, ദ്വിതീയ വിവരശേഖരണത്തിനുള്ള സ്ക്വാഡുകൾ രൂപികരിക്കുകയും പ്രവർത്തനത്തിനിറങ്ങുകയും ചെയ്തു.

സെപ്തംബർ 15,22,29 തിയ്യതികളിലായി 15 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ കൂടിചേർന്നു.

ഗ്രാമസഭയുടെ പങ്കാളിത്തം- (പട്ടിക-3 )

വികസന സെമിനാർ വിജയിപ്പിക്കുന്നതിലേക്കായി 9-10-96ന് വിവധസംഘടനകളുടെയും ക്ലബ്ബു ഭാരവാഹികളുടെയും യോഗം വിളിച്ചു കൂട്ടി സ്വാഗതസംഘം രൂപികരിച്ചു പ്രവർത്തനമാരംഭിച്ചു. ഒക്ടോ .22,23,24 തിയ്യതികളിൽ ചെറുവണ്ണൂർ കമ്മ്യൂണിറ്റി ഹാളിൽ നടന്ന രണ്ടാംഘട്ട ജില്ലാപരിശീലന ക്യാമ്പിൽ പഞ്ചായത്തിൽ നിന്നും ഉദ്യോഗസ്ഥൻമാർ അടക്കം 9 പേർ പങ്കെടുത്തു. 28-10-96ന് പഞ്ചായത്ത്തല രണ്ടാംഘട്ടപരിശീലനത്തിൽ മൊത്തം73പേർ പങ്കെടുത്തു13 പേർ സ്ത്രീകളായിരുന്നു. ജനകീയശക്തി വികസന പ്രവർത്തനങ്ങളിലേക്കും, ഉല്പാദന വർദ്ധനവിലേക്കും തിരിച്ചു വിടാനുള്ള ഒരു യജ്ഞം നമുക്കേറ്റെടുക്കാം.

# സാമൂഹിക സാംസ്ക്കാരിക ചരിത്രം

പുരാതനകാലം മുതൽക്കു തന്നെ ഈ പ്രദേശം ഒരു തുറമുഖമായ് ഉപയോഗിച്ചിരുന്നു. കടലിലേക്ക് ഉള്ള പ്രവേ

തരം ജലവാഹനങ്ങളും നിർമ്മിക്കുന്നതിൽ അതിവിദഗ്ദരായ തൊഴിലാളികൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയായി ഇന്നും നിലനിൽക്കുന്നു.

| | പങ്കാളിത്തം | | | |
|---|---|---|---|---|
| വാർഡ് | സ്ത്രീ | പു | ആകെ | ശതമാനം |
| 1 | 16 | 71 | 87 | 4.0 |
| 2 | 30 | 133 | 163 | 7.3 |
| 3 | 32 | 114 | 146 | 6.7 |
| 4 | 9 | 106 | 115 | 5.3 |
| 5 | 38 | 148 | 186 | 8.6 |
| 6 | 15 | 69 | 84 | 3.9 |
| 7 | 56 | 155 | 211 | 9.8 |
| 8 | 68 | 188 | 256 | 11.8 |
| 9 | 5 | 121 | 126 | 5.8 |
| 10 | 2 | 86 | 88 | 4.0 |
| 11 | 85 | 220 | 305 | 14.0 |
| 12 | 25 | 87 | 112 | 5.1 |
| 13 | 13 | 75 | 88 | 4.0 |
| 14 | 17 | 105 | 122 | 5.6 |
| 15 | 6 | 81 | 87 | 4.1 |
| | 417 | 1759 | 2176 | 100.00 |

*പട്ടിക-3*

ശനകവാടമായ ചാലിയാറിലെ ആഴം കൂടിയ പുഴയോര പ്രദേശങ്ങൾ ജലനൗകകൾക്ക് വന്നുപോവുന്നതിനുള്ള പ്രകൃതി ദത്തമായ സാഹചര്യങ്ങളൊരുക്കിയിരുന്നു. നൂറ്റാണ്ടുകൾക്ക്മുൻപ് തന്നെ ഉരു നിർമ്മാണത്തിന് ഈ പ്രദേശം പ്രസിദ്ധമായിരുന്നു.

പായക്കപ്പലുകൾ വെക്കുന്ന-നിർമ്മിക്കുന്ന ഗ്രാമം-വെയ്ക്കുന്ന ഊര് വെയ്പ്പൂര് കാലാന്തരത്തിൽ ഭാഷാ പ്രയോഗത്തിൽ ബേപ്പൂർ എന്നായി എന്നും വേപ്പ് മരങ്ങൾ ധാരാളമുള്ള സ്ഥലം വേപ്പൂർ-ബേപ്പൂരായി എന്നും ഈ പ്രദേശത്തിന്റെ സ്ഥലനാമവുമായ് ബന്ധപ്പെട്ട ഐതിഹ്യമുണ്ട്. നിലമ്പൂർ വനങ്ങളിൽ നിന്നും ലഭിച്ചിരുന്ന തടി ഇരുമ്പയിര് എന്നിവയുടെ വ്യാപാരം ഇവിടെ നടന്നിരുന്നു. ഉയർന്ന ഗുണനിലവാരമുള്ള ജലവാഹനങ്ങൾ നിർമ്മിക്കുകയും അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുന്നത് ഈ പ്രദേശത്തെ പ്രധാന പ്രവർത്തനമായിരുന്നു. ആധുനിക യന്ത്രോപകരണങ്ങളുടെ സഹായമില്ലാതെ തന്നെ പരമ്പരാഗതമായ അറിവും അനുഭവവും മുൻ നിർത്തി ഏതു

പായക്കപ്പലുകൾ നിർമ്മിക്കുന്നതു പോലെ തന്നെ പ്രധാനപ്പെട്ട പ്രവർത്തനമാണ് നിർമ്മിച്ചവ കടലിലേക്ക് ഇറക്കുന്നതും, അറ്റകുറ്റപ്പണികൾക്കുള്ളവ കരയിലേക്ക് കയറ്റുന്നതും. സാധാരണ ഒരു തൊഴിലാളികൾക്ക് ചെയ്യാൻ കഴിയുത്ത പ്രവർത്തിയാണിത്.. ഇത്തരം തൊഴിലാളികളുടെ 'കൂട്ടങ്ങൾ'പുരാതനകാലം മുതൽക്കു തന്നെ ഇവിടെ നിലനിന്നിരിക്കണം. ഇത്രയും വിപുലമായ തോതിൽ പായക്കപ്പലുകൾ നിർമ്മിച്ചുവന്നപ്പോൾ ഇങ്ങനെയുള്ള തൊഴിലാളിക്കൂട്ടങ്ങളും നിലനിൽക്കേണ്ടത് അനിവാര്യമായ് തീർന്നു. ഇവരെ 'ഖലാസികൾ'എന്ന പേരിലും കേരളത്തിനു വെളിയിൽ 'മലബാർ ഖലാസികൾ' എന്ന പേരിലും ഇപ്പോൾ അറിയപ്പെടുന്ന ഇവർ ഇന്ത്യയിൽ നിലനിന്നിരുന്ന 'തൊഴിലിനെ' ആസ്പദമാക്കിയുള്ള ജാതി അടിസ്ഥാനത്തിലെല്ല അറിയപ്പെടുന്നത് മറിച്ച് പഴയകാലത്ത് യൂറോപ്പിൽ നിലനിന്നിരുന്ന തൊഴിൽ കൂട്ടങ്ങളെ - 'ഗിൽഡു'കളെ ആണ് അനുസ്മരിപ്പിക്കുന്നത്. ഇന്നും ഇന്ത്യയിലെ പ്രധാനപ്പെട്ട വൻകിട നിർമ്മാണപ്രവർത്തനങ്ങൾ വലിയ പാലങ്ങൾ തുടങ്ങിയ ശ്രമകരമായ പ്രവർത്തനങ്ങൾ നടത്തു

ന്നത് ബേപ്പൂർ-ചാലിയം ഭാഗത്തുനിന്നുള്ള ഖലാസികളാണ്. 1988 ലെ 'പെരുമൺ'തീവണ്ടി ദുരന്തത്തിൽ നദിയിൽ നിന്നും ബോഗികൾ കരയിൽ കയറ്റുന്നതിന് ആധുനിക യന്ത്ര സാമഗ്രികൾ പരാജയപ്പെട്ടപ്പോൾ 'ബേപ്പൂർ ഖലാസികൾ' നടത്തിയ സേവനം പ്രകീർത്തിക്കപ്പെട്ടിട്ടുണ്ട്.

ബ്രിട്ടീഷ് ഗവർമെന്റ് ഇന്ത്യയിലെ വ്യവസായ പ്രാധാന്യമുള്ള സ്ഥലങ്ങളെ കൂട്ടി യോജിപ്പിക്കുന്നതിന് 1853ൽ ഇന്ത്യയിൽ ആദ്യമായി റെയിൽവെ ആരംഭിച്ചു. അഞ്ചു വർഷങ്ങൾക്കകം 1858ൽ ചാലിയാറിന്റെ കരയിൽ ബേപ്പൂരിന് തെക്ക് ഭാഗത്തായി ചാലിയത്ത് റെയിൽവെ ഏർപ്പെടുത്തി ബേപ്പൂർ റെയിൽവെസ്റ്റേഷൻ സ്ഥാപിച്ചു. ബേപ്പൂരിന്റെ വ്യാവസായിക പ്രാധാന്യം ബ്രിട്ടീഷുകാർ ശരിക്കും ഉപയോഗിച്ചിരുന്നു എന്ന് ഇത് തെളിയിക്കുന്നു. തുടർന്ന് റെയിൽവെ ലൈൻ മംഗലാപുരത്തേക്ക് നീട്ടിയപ്പോൾ ഫറോക്ക്-കല്ലായ് പാലങ്ങളുടെ നിർമ്മാണത്തോടെയാണ് ബേപ്പൂർ സ്റ്റേഷൻ ഇല്ലാതായത്.

മീഞ്ചന്ത റെയിൽവേ ഗേറ്റിനടുത്ത് 'തിരുവച്ചിറ' റെയിൽവെസ്റ്റേഷൻ നിലനിന്നിരുന്നു. നഷ്ടം കാരണമാണ് അത് നിർത്തലാകിയത്.

ഓൾഡ് മിലിറ്ററി റോഡ് എന്ന പേരിൽ ഇപ്പോൾ അറിയപ്പെടുന്ന റോഡ് ആയിരുന്നു ആദ്യകാലത്ത് ബേപ്പൂരിൽ നിന്നും കോഴിക്കോട്ടേക്കുള്ള പ്രധാന ഗതാഗത മാർഗ്ഗം. ചാലിയത്ത് തീവണ്ടിയിൽ എത്തിയിരുന്ന യാത്രക്കാരും മറ്റു ചരക്കുകളും 'ചങ്ങാടം' ഉപയോഗിച്ച് കടത്ത് കടന്ന് ബേപ്പൂരിലെത്തി കാറ്റു നിറക്കാൻ സാധിക്കാത്ത 'കട്ടിടയറുകൾ' ഉള്ള പ്രത്യേകതരം വണ്ടിയിൽ കല്ലായ് വരെ എത്തിച്ചിരുന്നത് ഓൾഡ് മിലിട്ടറി റോഡ് വഴിയാണ്. ടിപ്പു സുൽത്താൻെറ സൈനികർ യാത്ര ചെയ്യാനുപയോഗിച്ച റോഡ് ആയതിനാലാണ് ഇതിനെ ഓൾഡ് മിലട്ടറി റോഡ് എന്നു വിളിച്ചിരുന്നത്. പിന്നീട് ഗതാഗതം കുറഞ്ഞ കാരണം പലരും റോഡ് സ്ഥലം കൈവശപ്പെടുത്തിയിരുന്നു. 1979 ലാണ് പഞ്ചായത്ത് ഭരണാധികാരികൾ ഇതെല്ലാം വീണ്ടെടുത്ത് ഗതാഗതയോഗ്യമായ നിലയിലേക്ക് മാറ്റിയത്. മുമ്പ് കാൽനടയാത്രകൾ മാത്രം നടന്നിരുന്ന ഇപ്പോഴത്തെ മിഞ്ചന്ത-ബേപ്പൂർ റോഡിന്റെ സർവ്വെ പൂർത്തിയാക്കിയത് 1930കളിലാണ്. ഉദ്ദേശം 75 വർഷങ്ങൾക്ക് മുമ്പ്.

ബേപ്പൂരിനെ ചെറുവണ്ണൂരുമായി ബന്ധപ്പെടുത്തുന്ന വീതികുറഞ്ഞ ഒരു റോഡ് നിർമ്മിച്ചത് ഉണ്ണിച്ചെക്കൻ എന്നയാളുടെ മേൽ നോട്ടത്തിലാണ് 'ഇണ്ണേക്കൽ റോഡ്' എന്നാണ് ഇതിന്റെ പഴയ പേര് പുഴയിൽ നിന്നും വടക്ക് ഭാഗത്തേക്ക് ഒഴുക്കുന്ന തോടിന് നടപ്പാലമായിരുന്നു ആദ്യമുണ്ടായിരുന്നത്. പിന്നീട് ഉപ്പുവെള്ളം നിയന്ത്രിക്കുന്നതിന് വേണ്ടി ചീപ്പ് കെട്ടിയപ്പോൾ അത് നടപ്പാലമായി ഉപയോഗിച്ചിരുന്നു. വാഹനങ്ങൾക്ക് പോവാൻ സൗകര്യപ്രദമായ പാലം നിർമ്മിച്ചത് 71-72 കാലഘട്ടത്തിലാണ്. അതിനു ശേഷമാണ് ഇപ്പോൾ അറിയപ്പെടുന്ന ബി.സി.റോഡ്(ബേപ്പൂർ-ചെറുവണ്ണൂർ റോഡ്) എന്ന പേർ ലഭിച്ചത്.

കോഴിക്കോട് തടിവ്യവസായവും മറ്റും നടത്തിയിരുന്ന ശ്രീ. രാമചന്ദ്രമുതലിയാർ(തമ്പി മുതലാളി) കടൽത്തീരത്ത് തോട്ടവും ബംഗ്ലാവും നിർമ്മിച്ച് താമസം തുടങ്ങിയതിൽ പിന്നെ അദ്ദേഹത്തിന്റെ സഹകരണത്തോടെ നിർമ്മിച്ച റോഡ് ഇപ്പോഴും തമ്പിറോഡ് എന്ന പേരിൽ അറിയപ്പെടുന്നു.

ആദ്യകാലങ്ങളിൽ റോഡു ഗതാഗതത്തിന് കാളവണ്ടിയും പിന്നീട് മനോഹരമായി നിർമ്മിച്ച ഒറ്റക്കുതിര വലിക്കുന്ന 4 പേർക്ക് ഇരുന്ന് യാത്രചെയ്യാൻ കഴിയുന്ന 'ജഡ്ക്ക്'യും വ്യാപകമായിരുന്നു.

1937ലാണ് ബേപ്പൂരിൽ നിന്നും കോഴിക്കോട്ടേക്ക് ആദ്യമായ് ബസ് സർവ്വീസ് ആരംഭിച്ചത്. ഉദ്ദേശം 18പേർക്കിരിക്കാവുന്ന 'കൃഷ്ണവിലാസ്' എന്ന ബസിന്റെ ഉടമ ബേപ്പൂരിലെ "വെള്ളപ്പാലി കൃഷ്ണക്കുട്ടി ഡ്രൈവറാണ്." പിന്നീട് നടുവട്ടത്ത് ബാലൻ മേനോൻ, മീഞ്ചന്ത വട്ടക്കിണറിന് സമീപമുള്ള "അച്ചു"എന്ന ആളും കൂടിചേർന്ന് മറ്റൊരു ബസും സർവീസ് തുടങ്ങി. പെട്രോൾ എഞ്ചിനാണ് ബസുകൾക്ക് ഉണ്ടായിരുന്നത്. സാമ്പത്തിക നഷ്ടം മൂലം 'കൃഷ്ണവിലാസ്'ബസ് നിർത്തലാക്കി. പിന്നീട് ചില പുതിയ ബസുകൾ ആരംഭിച്ചു. യുദ്ധകാലത്ത് ഇന്ധനക്ഷാമം മൂലം കല്ക്കരിയും വെള്ളവുമുപയോഗിച്ച് ആണ് എഞ്ചിൻ പ്രവർത്തിപ്പിച്ചിരുന്നത്. കോഴിക്കോട്ട് നിന്ന് ബേപ്പൂരിലേക്ക് നാലണയായിരുന്നു. ചാർജ്ജ്. എവിടെ നിന്ന് കയറിയാലും എവിടെ ഇറങ്ങിയാലും ഒരേ ചാർജ്ജായിരുന്നു പ്രത്യേക സ്റ്റോപ്പില്ല. ആവശ്യമുള്ള സ്ഥലത്തെല്ലാം നിറുത്തുമായിരുന്നു.

ബേപ്പൂർ രാജവംശത്തിന്റെ ഭാഗമായ 'കരിപ്പ പുതിയ കോവിലകം', നെടിയാൽ കോവിലകം, മനയത്തു കോവിലകം, പനങ്ങാട്ട് കോവിലകം എന്നിവ ഈ പ്രദേശത്തെ പഴയ രാജവംശത്തിന്റെ പിൻമുറക്കാരായിട്ടുണ്ട്. ഇവരിൽ രാമവർമ്മ രാജാവാണ് ഇപ്പോഴത്തെ 'രാജാവ്' ഇദ്ദേഹത്തിന് 'മാലിഖാൻ'ലഭിക്കുന്നുണ്ട്. പ്രതിവർഷം 3000 രൂപയോളം ലഭിക്കുന്നു.

ബേപ്പൂർ തുറമുഖത്തിന് അടുത്തുള്ള ശിവക്ഷേത്രവും ഗോതീശ്വരത്തുണ്ടായിരുന്ന ക്ഷേത്രവുമാണ് ഹിന്ദു ക്ഷേത്രങ്ങളിൽ ഏറ്റവും പഴക്കം കൂടിയത്. കടലാക്രമണത്തിൽ കേടപാടുകൾ സംഭവിച്ചതിനാൽ ഗോതീശ്വരം ക്ഷേത്രത്തിലെ വിഗ്രഹം ശിവക്ഷേത്ര പരിസരത്ത് പ്രതിഷ്ഠിച്ചി

ട്ടുണ്ട്. ഇതിനുപുറമെ മറ്റു ക്ഷേത്രങ്ങളും കാവുകളും ഈ പ്രദേശത്തുണ്ട്.

പൊന്നാനിയിൽ നിന്നു വന്ന 'മഹ്ദൂൻ ഷെയ്ക്' എന്ന അറബിപരമ്പരക്കാരാണ് ബേപ്പൂരിന്റെ തെക്കെഅറ്റത്തുള്ള വലിയ പള്ളി സ്ഥാപിച്ചത്. ഉയർന്ന മിനാരത്തോടു കൂടിയ ഈ പള്ളി പഴയകാലത്ത് നാവികർക്ക് ഒരു വഴി കാട്ടിയായും മുസ്ലീം വ്യാപാരികൾക്ക് ഒരു സങ്കേതമായും പ്രവർത്തിച്ചിരിക്കണം. കപ്പലിലേക്ക് വഞ്ചിയിൽ ചരക്കുകൾ കയറ്റി കൊണ്ടുപോവുന്നതിനും ചരക്കിറക്കി കരയിലേക്ക് കൊണ്ടുവരുന്നതുമായ പ്രവർത്തി ചെയ്തിരുന്ന തൊഴിലാളികൾ പൊന്നാനി ഭാഗത്തുനിന്നും വന്നിരുന്ന മുസ്ലിംങ്ങൾ ആയിരുന്നു. അവർ കൂട്ടമായി പുഴയോരത്തു തന്നെ താമസിക്കുകയായിരുന്നുവത്രെ. അവരുടെ പണവും മറ്റു സുരക്ഷിതമായി സൂക്ഷിക്കാനുള്ള സ്ഥലമായി ഇവിടെ ഉപയോഗിച്ചിരിക്കാം.

ബേപ്പൂർ ആസ്ഥാനമായുള്ള 'മഹല്ലി'ന് നൂറ്റാണ്ടുകളായി ഒരു ഖാസി നിലവിലുണ്ട്. ആദ്യമായി ഹജ്ജ് കർമ്മത്തിന് പോയത് ഓലശ്ശേരി കുഞ്ഞുമുഹമ്മത് ഹാജി ആയിരുന്നു. എറണാകുളത്തുനിന്ന് ബേപ്പൂരിൽ വന്ന ശ്രീ ഫ്രാൻസിസ് ലിബേര(പച്ചു മേസ്ത്രി) ആയിരുന്നു ആദ്യമായി ഇവിടെ സ്ഥിരതാമസമാക്കിയ കൃസ്ത്യൻ വംശജൻ. ഈ പഞ്ചായത്തിൽ ആദ്യമായി കൃസ്ത്യൻ പള്ളി നിർമ്മിച്ചത് 1980ലാണ്.

നൂറ്റാണ്ടുകളായി ജനങ്ങൾ മത സഹിഷ്ണുതയോടെ സഹവർത്തിച്ച് ഇവിടെ ജീവിച്ചു വന്നിരുന്നു. സാമുദായിക കലാപങ്ങൾ മുമ്പ് ഇവിടെ ഉണ്ടായിരുന്നില്ല. എന്നാസ് ഇതിന് ഒരവവാദമെന്ന നിലയിൽ 1953ൽ പോലീസ് വെടിവെടപവെപ്പിലെക്ക് നയിച്ച ഒരു സംഘർഷം നടുവട്ടത്തുണ്ടാവുകയും 2 പേർ കൊലചെയ്യപ്പെടുകയുമുണ്ടായി.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ പങ്കെടുത്ത് ജയിൽ വാസം അനുഭവിച്ച ഒട്ടേറെ വ്യക്തികൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. അവരിൽ ശ്രീ.കെ.പി.കുട്ടികൃഷ്ണൻ നായർ പിന്നീട് കോഴിക്കോട് നിയോജകമണ്ഡലത്തിൽ നിന്നും മദിരാശി നിയമസഭയിലേക്ക് മത്സരിച്ച് ജയിച്ചു മന്ത്രിയായി.

ശ്രീമാൻമാർ കെ.പി. അപ്പുണ്ണി നായർ,വെള്ളപ്പാലിൽ ഉണ്ണിപ്പെരവൻ, കെ.ടി. കൃഷ്ണൻ, പി. കൃഷ്ണൻ വൈദ്യർ, പി. കേളു എന്നിവർ ആ കാലഘട്ടത്തിലെ പോരാളികളായിരുന്നു. പ്രസിദ്ധനായ സ്വാതന്ത്ര്യ സമരനേതാവും ഗ്രന്ഥകാരനുമായ ശ്രീമാൻ മൊയ്തു മൗലവി ഈ പഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരുന്നു.

1860ൽ ഒരു എഴുത്തു പള്ളിക്കൂടം സ്ഥാപിച്ചുകൊണ്ട് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പ്രവർത്തനം ആരംഭിച്ചു. കിഴക്കെ പുതുക്കുടി കുടുംബം വകയായി ആരംഭിച്ച പ്രസ്തുത എഴുത്തു പള്ളിക്കൂടം ഇപ്പോൾ ഗവ: എൽ.പി. സ്ക്കൂളായി പ്രവർത്തിക്കുന്നുണ്ട് (പഴയ സ്ക്കൂൾ എന്ന പേരിൽ).

ദേശബന്ധു വായനശാല ആയിരുന്നു ബേപ്പൂരിലെ ആദ്യത്തെ വായനശാല. 1940 മുതൽ പ്രവർത്തിച്ചിരുന്ന ഈ വായനശാല പിന്നീട് സ്ഥലമുടമയായ വല്ലാറ്റിൽ വേലായുധൻ സൗജന്യമായി പഞ്ചായത്തിന് വിട്ടുകൊടുത്തു. ഇത് ഇപ്പോൾ സാംസ്ക്കാരിക നിലയമായി പ്രവർത്തിക്കുന്നു. 1952ൽ ആദ്യമായി "കാലിക്കറ്റ് ടാക്കീസ്" എന്ന സിനിമാശാല ആരംഭിച്ചു.

സാഹിത്യരംഗത്തെ അതികായനാരായിരുന്ന ശ്രീ. വൈക്കം മുഹമ്മദ് ബഷീർ, സുപ്രസിദ്ധ സാഹിത്യകാരൻ ഇ. വാസു എന്നിവരുടെ പ്രവർത്തനരംഗം ഈ പഞ്ചായത്ത് ആയിരുന്നു.



# ഭൂപ്രകൃതി

ഭൂപ്രകൃതിയനുസരിച്ചു ബേപ്പൂർ പഞ്ചായത്തിനെ 5 ആയി വിഭജിക്കാവുന്നതാണ്. ഉയർന്ന സമതലവും, ചെറു ചെരിവ് പ്രദേശം, പുഴകൾ, തോടുകൾ, തീരസമതലം, ചതുപ്പുനിലം, എന്നിവയാണവ. ബേപ്പൂർ പഞ്ചായത്തിന്റെ ഒന്ന്, നാല് വാർഡുകൾ ചാലിയാറിനോട് തൊട്ടുകിടക്കുന്ന വാർഡുകളാണ്, 1,2,7,8, എന്നീ വാർഡുകൾ അറബിക്കടലിനോട് തൊട്ടാണ് കിടക്കുന്നത്. ബേപ്പൂർ പഞ്ചായത്തിൽ 4-ാം വാർഡിൽ 4 ഭാഗവും പുഴയാൽ ചുറ്റപ്പെട്ട ഒരു സ്ഥലമുണ്ട് ചാലിയാറിലേക്ക് ഒരു ചെറിയ തോട് 4-ാം വാർഡിൽ കൂടി കടന്നുപോവുന്നുണ്ട്, 1,2,7,8 എന്നീ വാർഡുകൾ ഭാഗികമായി മണൽതീരവും, സമതല പ്രദേശവുമാണ്.

## ഉന്നത സമതലം

ഉന്നത സമതല വിഭാഗം കൂടുതൽ കരഭൂമി വിഭാഗത്തിലും, ചെറു ചെരിവ് വിഭാഗത്തിലും നിലഭൂമി വിഭാഗത്തിലും പെടുന്നതാണ്. ബേപ്പൂർ പഞ്ചായത്ത ത്തിന്റെ തെക്കുഭാഗം ചാലിയാറും, വടക്കുവശം, കോഴിക്കോട് റോഡ്, ഇതിന് പടിഞ്ഞാറ് വശമായി ബേപ്പൂരിൽ നിന്നാരംഭിക്കുന്ന ഓൾഡ് മിലിട്ടറി റോഡും, കൂടാതെ പുതുതായി രൂപപ്പെട്ടുവരുന്ന തീരദേശ റോഡും; സ്ഥിതിചെയ്യുന്നു, ബേപ്പൂർ ചെറുവണ്ണൂർ റോഡ് ബസ്സ് ഗതാഗത യോഗ്യമായ മറ്റൊരു റോഡാണ്, നടുവട്ടം ദേശത്ത് 12,15 വാർഡിൽ കൂടി റയിലും കടന്നുപോവുന്നുണ്ട്. പഞ്ചായത്തിനെ സംബന്ധിച്ച കൃഷി, റോഡ്, കുളങ്ങൾ, തോട്, എന്നിവ. അതായത് വകുപ്പ് പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ബേപ്പൂർ മിഞ്ചന്ത റോഡിന്റെ കിഴക്ക് പടിഞ്ഞാറ് വശത്തെ ചെറു ചെരിവ് വിഭാഗത്തിൽ പെടുത്താവുന്നതാണ്. ഭാഗികമായി പഞ്ചായത്തിൽ നെൽകൃഷി ഈ പ്രദേശങ്ങളിലാണ് നടത്തുന്നത്, ചെറുചതുപ്പ് നിലങ്ങളും, ഇതിനോടനുബന്ധിച്ചിട്ടുള്ളവയാണ്. 91 ഹെക്ടർ വരുന്ന പുഴയടക്കം, പഞ്ചായത്ത് വിസ്ത്രീർണ്ണത്തിന്റെ 12.16% പുഴ, തോട് വിഭാഗത്തിൽപെടുന്നവയാണ്. ബേപ്പൂർ പഞ്ചായത്തിലെ കടൽ ചാലിയാറുമായി പുഴ കൂടിച്ചേരുന്ന സ്ഥലത്തുള്ള 'പുലിമുട്' ബേപ്പൂരിലെ ഒരു വിനോദ സഞ്ചാര കേന്ദ്രമാണ്.

ചാലിയാർ വളരെ പുരാതനകാലത്തു തന്നേ ബേപ്പൂരുമായി, ഫറോക്ക്, കടലുണ്ടി എന്നീ പഞ്ചായത്തുകളെ ബന്ധിപ്പിച്ചിരുന്നു. ഭൂവിനിയോഗപട്ടിക ചുവടെ കൊടുക്കുന്നു.(പട്ടിക.1-1)

ജൂൺ ജൂലായ് മാസത്തിൽ സംസ്ഥാന ശരാശരിയേക്കാളും മഴ ബേപ്പൂർ- കോഴിക്കോട് ലഭിച്ചിരുന്നു. എന്നാൽ ജനുവരി-ഫിബ്രവരി മാസത്തിൽ സംസ്ഥാനശരാശരിയേക്കാളും കുറവാണ് മഴ ലഭിച്ചിട്ടുള്ളത്. 1990-91 വർഷമാണ് കഴിഞ്ഞ അഞ്ചു വർഷത്തിൽ ഏറ്റവും കുറവ് മഴലഭിച്ച വർഷം 1993-91 ൽ 3667 മി.മീറ്റർ മഴ ലഭിച്ചപ്പോൾ 1990-91ൽ 2923 മി.മീറ്റർ മാത്രമാണ് മഴ ലഭിച്ചത്.

കേരളത്തിലെ ജനസംഖ്യ 29098518ഉം കോഴിക്കോട് ജില്ലയിലെ 2127676ഉം ആകുന്നു, ബേപ്പൂർ പഞ്ചായത്തിലെ ജനസംഖ്യസംസ്ഥാനത്തിന്റെ 0-19ശതമാനവും ജില്ലയുടെ 2.67% ആകുന്നു. ജില്ലയുടെ വിസ്തീർണ്ണം 2229.24 ച.മി ആകുന്നു. പഞ്ചായത്തിന്റെ വിസ്തീർണ്ണം ജില്ലയുടെ വിസ്തീർണ്ണത്തിന്റെ0.45% ആണ്. പഞ്ചായത്തിന്റ സാക്ഷരതാവിവരം താഴെകൊടുക്കുന്നു. (പട്ടിക-1-2)

പഞ്ചായത്ത് ജനസംഖ്യയിൽ 27829 പുരുഷൻമാരും, 28676 സ്ത്രീകളുമാണ്.. സ്ത്രീ പുരഷ അനുപാതം 1000 പുരുഷന്മാർക്ക് 1030 സ്ത്രീകളാണ്. കേരളത്തിൽ ഇത് 1000ത്തിന് 1037 ആണ്. ജനസംഖ്യ വർദ്ധനവ് ബേപ്പൂർ പഞ്ചായത്തിൽ 2.5 ആണ്.(സംസ്ഥാന ശരാശരിയിലും കൂടുതലുള്ള ഈ ജനസംഖ്യാവർദ്ധനവിന് കാരണം കോഴിക്കോട് സിറ്റിയിൽ നിന്നും മറ്റു പ്രദേശങ്ങളിൽ നിന്നുമുള്ള കുടിയേറ്റം മൂലമാണെന്ന് കരുതുന്നു.) 1991 കാനേഷുമാരി അടിസ്ഥാനത്തിൽ ബേപ്പൂർ പഞ്ചായത്തിൽ 1064 പട്ടിക ജാതിക്കാരുണ്ട്, ഇത് സംസ്ഥാന പട്ടികജാതി വിഭാഗത്തിന്റെ 0.3% ആണ് കൂടുതൽ പട്ടിക ജാതിക്കാർ ഏഴാം

| തരം | വിസ്തീർണ്ണം (ഹെക്ടർ) | ശതമാനം |
|---|---|---|
| ഉയർന്ന സമതലം | 622.75 | 59.76 |
| ചെറുചരിവ് | 270.80 | 25.99 |
| തീര സമതലം | 19.28 | 1.85 |
| പുഴകൾ, തോടുകൾ | 126.67 | 12.116 |
| ചതുപ്പുനിലം | 2.50 | 0.24 |
| ആകെ | 1042.00 | 100.00 |

*പട്ടിക-1-1 വിസ്തൃതി പട്ടികയിൽ കൊടുക്കുന്നു.(അവലംബം :- കണ്ടറിവും, കേട്ടറിവും) വില്ലേജ് ആഫീസ്.*

വാർഡിലാണ്. 517 പട്ടിക ജാതി പുരുഷന്മാരും, 547 പട്ടികജാതി സ്ത്രീകളുമാണ് പഞ്ചായത്തിലുള്ളത്. ഏറ്റവും കൂടിയ ജനസംഖ്യ എട്ടാം വാർഡിലും കുറഞ്ഞ ജനസംഖ്യ 6-ാം വാർഡിലുമാണ്. ഇത് യഥാക്രമം പഞ്ചായത്ത് ജനസംഖ്യയുടെ 13.5%വും, 3.9% വുമാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ത്രീകളുള്ള വാർഡ് എട്ടാം വാർഡും, കുറവ് 3- ാംവാർഡുമാണ്. പുരുഷൻമാർ കൂടതൽ 8-ാംവാർഡിലും കുറവ് 3-ാം വാർഡിലുമാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ 22923 പുരഷന്മാരും 22196 സ്ത്രീകളും സാക്ഷരരാണ്. (1981കാനേഷുമാരി) ഇപ്പോൾ പഞ്ചായത്തിലെ സാക്ഷരതാശതമാനം 96% ആണ്. ബേപ്പൂർ പഞ്ചായത്ത് ഇന്നഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഒന്നാമതായി കൃഷിയുക്തമായ ഭൂമിയുടെ അഭാവം, താഴ്ന്ന ഉൽപാദനക്ഷമത, തൊഴിലില്ലായ്മ, വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ മേഖലയുടെ ഗുണനിലവാര തകർച്ച, ബേപ്പൂർ പോർട്ടിന്റെ ശോചനീയാവസ്ഥ എന്നിവയാണ്.

1991 കാനേഷുമാരി പ്രകാരം 13,333 പേർ പഞ്ചായത്തിൽ തൊഴിലിലേർപ്പെട്ടിരിക്കുന്നു. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 4.9% ആണ്. പട്ടിക ചുവടെ കൊടുക്കുന്നു

11497 പുരുഷന്മാരും, 986 സ്ത്രീകളുമടക്കം 12483 പേർ മുഖ്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. 708 പുരുഷന്മാരും, 142 സ്ത്രീകളും ഭാഗിക തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നുണ്ട്. തൊഴിൽ പങ്കാളിത്ത നിരക്ക് പുരുഷന്മാരുടെത് 91.5%ഉം, സ്ത്രീകളുടേത് 8.5% ആകുന്നു.

പഞ്ചായത്തിലെ തൊഴിലെടുക്കുന്നവരെ പ്രധാനമായും കൃഷിക്കാർ, കാർഷികതൊഴിലാളികൾ, മത്സ്യബന്ധനം, മൃഗപരിപാലനം, ഖനനം, പാറപൊട്ടിക്കൽ, കുടിൽ വ്യവസായം, കുടിലേതര വ്യവസായം, കെട്ടിടം, റോഡ് നിർമ്മാണം വാണിജ്ജ്യം, ഗതാഗതം, മറ്റുസേവനങ്ങൾ എന്നിങ്ങനെ വിവിധവിഭാഗമായി തിരിക്കാവുന്നതാണ്.

കർഷക തൊഴിലാളികളായി 658 പുരഷന്മാരും, 22 സ്ത്രീകളുമാണ് ഉള്ളത്. മത്സ്യബന്ധനം, മൃഗപരിപാലനത്തിൽ 1597 പുരുഷന്മാരും, 26 സ്ത്രീകളും ജോലിചെയ്യുന്നുണ്ട്. ഇത് മൊത്തം തൊഴിലിലെടുക്കുന്നവരുടെ 12.2 ശതമാനമാണ്. കുടിലേതര വ്യവസായത്തിൽ 2376 പുരഷന്മാരും, 326 സ്ത്രീകലും ഉൾപ്പെടുന്നു. കെട്ടിടം റോഡ് നിർമ്മാത്തിൽ 1100 പുരഷന്മാരും 7സ്ത്രീകളും ജോലി ചെയ്യുന്നത്. ഇത് മൊത്തം തൊഴിലെടുക്കുന്നവരുടെ 8.3 ശതമാനമാണ്. 115 പുരുഷന്മാരും, 53 സ്ത്രീകലും അടക്കം 178 പേർ കുടിൽ വ്യവസായമേഖലയിലുണ്ട്. ഇത് മൊത്തം തൊഴിലെടുക്കുന്നവരുടെ 1.3 ശതമാനമാണ്. വാണിജ്യമേഖലയിൽ 23.2 ശതമാനം പേർ ജോലിചെയ്യുമ്പോൾ കൃഷി, കർഷകതൊഴിലാളികൾ, മത്സ്യബന്ധനം, മൃഗപരിപാലനം, എന്നിവയിൽ 20.1 ശതമാനം പേർ ഏർപ്പെട്ടിട്ടുണ്ട്. വാണിജ്യം കുടിലേതര വിഭാഗത്തിൽ ആകെ തൊഴിലെടുക്കുന്നവരുടെ 43.5 ശതമാനം പേർ ഏർപ്പെട്ടിട്ടുണ്ട്.

അവലംബം.
കാനേഷുമാരി.1991
ഇപ്പോൾ 15 വാർഡ് ഉണ്ട്.(1995-96 മുതൽ)

| | | |
|---|---|---|
| സാക്ഷരത | : പുരുഷൻ, | 22923 |
| | സ്ത്രീ. | 22196-45119 |
| പുരുഷൻ | | : 91.5 |
| സ്ത്രീ | | : 86.00 |
| ഇപ്പോൾ സാക്ഷരതാ ശതമാനം | | : 96. |

**പഞ്ചായത്തിന്റെ ജനസംഖ്യാവിവരം**

| വാർഡ് നമ്പർ | ജനസംഖ്യ | | ആകെ | ശതമാനം |
|---|---|---|---|---|
| | പുരുഷൻമാർ | സ്ത്രീകൾ | | |
| 1 | 1454 | 1433 | 2887 | 5.1 |
| 2 | 1709 | 1748 | 3457 | 6.1 |
| 3 | 1372 | 1483 | 2855 | 5.1 |
| 4 | 1470 | 1550 | 3020 | 5.3 |
| 5 | 1440 | 1539 | 2979 | 5.3 |
| 6 | 1097 | 1094 | 2191 | 3.9 |
| 7 | 2304 | 2392 | 4696 | 8.3 |
| 8 | 2736 | 3880 | 7616 | 13.5 |
| 9 | 3317 | 3382 | 6699 | 11.9 |
| 10 | 1787 | 1815 | 3602 | 6.4 |
| 11 | 1556 | 1568 | 3124 | 5.5 |
| 12 | 2153 | 2215 | 4368 | 7.7 |
| 13 | 1988 | 2064 | 4052 | 7.2 |
| 14 | 2446 | 2513 | 4959 | 8.7 |
| | 27829 | 28676 | 56505 | 100.0 |

*പട്ടിക-1-2*

| 1995-96 ഭൂപ്രകൃതി | | |
|---|---|---|
| 1. | വിസ്തൃതി | 2573.74 |
| 2. | വീടും പരിസരവും | 440.28 |
| 3. | മറ്റു കാർഷികേതര ഉപയോഗം | 215 |
| 4. | മറ്റിതര വൃക്ഷചെടികൾ | 5.90 |
| 5. | കൃഷിക്കു ഉപയുക്തമായ തരിശ് | 74.80 |
| 6. | മറ്റിനം തരിശ് | 9.80 |
| 7. | തൽക്കാല തരിശ് | 14.90 |
| 8. | കൃഷിയിറക്കിയ സ്ഥലത്തിന്റെ വിസ്തൃതി | 1813.06 |

പട്ടിക B8

തെക്കുപടിഞ്ഞാറൻ കാലവർഷം (ജൂൺ- ആഗസ്റ്റ്)


| വർഷം | തെക്കുപടിഞ്ഞാറൻ കാലവർഷം | വടക്കുപടിഞ്ഞാറൻ കാലവർഷം |
|---|---|---|
| 1987 | 1908 | 649 |
| 1990 | 1711 | 493 |
| 1991 | 2776 | 329 |
| 1993 | 2020 | 557 |
| 1994 | 2506 | 698 |

മഴസംബന്ധിച്ച കണക്ക്- മാസം നിരക്ക്, മില്ലിമിറ്റർ

| | ജനു | ഫിബ്ര | മാർച്ച് | ഏപ്രിൽ | മെയ് | ജൂൺ | ജൂലായ് | ആഗ | സെപ്ത | ഓക് | നവം | ഡിസം |
|---|---|---|---|---|---|---|---|---|---|---|---|---|
| ബേപ്പൂർ കോഴിക്കോട് | 9 | 7 | 21 | 93 | 297 | 925 | 134 | 547 | 257 | 287 | 157 | 36 |
| സ്റ്റേറ്റ് ശരാശരി | 14 | 17 | 39 | 112 | 256 | 691 | 760 | 433 | 247 | 288 | 163 | 42 |

| മഴ വർഷത്തിൽ | | |
|---|---|---|
| വർഷം | ജില്ല | സംസ്ഥാന ശരാശരി |
| 1988-89 | 3151 | 2466 |
| 1989-90 | 3009 | 2801 |
| 1990-91 | 2923 | 2966 |
| 1991-92 | 3152 | 2840 |
| 1992-93 | 3386 | 3232 |
| 1993-94 | 3667 | 3063 |

| തൊഴിലെടുക്കുന്നവരടെ എണ്ണം | | | |
|---|---|---|---|
| | പു | സ്തീ | മൊത്തം |
| മുഖ്യതൊഴിലുകൾ | 11,497 | 986, | 12483 |
| ഭാഗീക തൊഴിലുകൾ | 708 | 142 | 850 |
| മൊത്തം | 12,205 | 1128 | 13,333 |
| തൊഴിൽ പങ്കാളിത്ത നിരക്ക് | 91.5 | 8.5 | 100% |



# കൃഷിയും ജലസേചനവും

ബേപ്പൂർ പഞ്ചായത്തിന്റെ വിസ്തീർണ്ണം 10.42 ച.കി.മിറ്ററിൽ 731 ഹെക്ടറിൽ പലതരം വിളവുകൾ കൃഷി ചെയ്യുന്നുണ്ടെങ്കിലും ഈതൊരു കാർഷികമേഖല അല്ല. അറബിക്കടലിനോട് ചേർന്ന് കിടക്കുന്ന 5439.6 മീറ്റർ തീര പ്രദേശവും, 2647.8മീറ്റർ പുഴയുടെ തീരവും, ബാക്കി സമത ലപ്രദേശവും, അടങ്ങിയതാണ്. ഇവിടുത്തെ ഭൂപ്രദേശം.

മുഖ്യവിള തെങ്ങാണ്, നെൽകൃഷി ഇപ്പോൾ നാമമാത്രമാണ്. വാഴ,മരച്ചീനി, പച്ചക്കറികൾ മുതലായവ ഇടവിളയായി കൃഷിചെയ്യുന്നുണ്ട്, സമനിരപ്പായ ഭൂമിയാണ് ഇവിടെ ഉള്ളത്, തീരപ്രദേശങ്ങളിലും, മറ്റെല്ലായിടങ്ങളിലും, കളിമണ്ണും, ചരലും, ചേർന്ന മണ്ണാണ്, ഭൂരിഭാഗം ഭൂവുടമകളും, ഒരു ഹെക്ടറിൽ താഴെ ഭൂമിയുള്ളവരാണ്, ഇതിനെ സംബന്ധിച്ചുള്ള വിവരം പട്ടികയിൽ കൊടുക്കുന്നു.

പണ്ട് കാലങ്ങളിൽ വയലുകളിൽ കൃഷിചെയ്തിരുന്നു. പഞ്ചായത്തിന്റെ പലഭാഗങ്ങളിലും, കൃഷിസാമാന്യം നന്നായി നടത്തിയിരുന്നു. സാമൂതിരി രാജാവിന്റെയും, പഴയ ജന്മിമാരുടെയും, അധീനതയിൽ ആയിരുന്നു കൃഷി സ്ഥലങ്ങൾ ഉണ്ടായിരുന്നത്. അക്കാലങ്ങളിൽ ജൈവവളങ്ങൾ ആണ് ഉപയോഗിച്ചിരുന്നത്. ജലസേചനത്തിന് കുളങ്ങളും, തോടുകളും, ഉപയോഗിച്ചിരുന്നു. വെള്ളത്തിന്റെ ലഭ്യതക്കനുസരിച്ച്. കൃഷിക്കാർ പുഞ്ചകൃഷിവരെ നടത്തിയിരുന്നു മൂന്ന്; പൂവൽ കൃഷി ചെയ്തിരുന്നു എന്ന് പഴയ പ്രദേശങ്ങളുടെ പേരുകൾ തെളിയിക്കുന്നു. ഉദ:- പുഞ്ചപ്പാടം, കോട്ടാൽപാടം, കിഴക്കുംപാടം, മേലേചിറ, വലിയ ചിറ, കുട്ടനാടൻ പാടം, ഇവയിലെല്ലാം കാളപൂട്ട് മത്സരം വളരെ ആഘോഷപൂർവ്വം നടത്തിയിരുന്നു. ജനവാസം കുറഞ്ഞത് കൃഷി സ്ഥലം നിലനിർത്താൻ സഹായിച്ചിരുന്നു.

ഭൂപരിഷ്കരണം നടപ്പിലായതൊടെ കൃഷിഭൂമിയിൽ സ്വന്തം അവകാശം ലഭിച്ചതും, കാർഷിക വൃത്തിയേക്കാൾ ആദായകരമായ മറ്റു തൊഴിലുകളിലേക്ക് ആകർഷിക്കപ്പെടതിനാലും, കൃഷിഭൂമി തുണ്ടുകളായി മുറിക്കപ്പെടാനും കൈമാറ്റം ചെയ്യാനുമിടയായി. വയലിൽ തെങ്ങ് വ്യാപകമായി കൃഷി ചെയ്യാൻ തുടങ്ങി ക്രമേണ അത് പുരയിടങ്ങളായി മാറി. ഇപ്പോൾ കാർഷിക മേഖലകൊണ്ട് ജീവിക്കുന്നവർ തുലോം വിരളമാണ്. മൊത്തം ജനസംഖ്യയുടം 28% മാത്രമാണ് കൃഷിക്കാർ ഉള്ളത്. കർഷക തൊഴിലാളികൾ മൊത്തം ജനസംഖ്യയുടെ 5.1%ആണ്(65 പുരുഷന്മാരും 22 സ്ത്രീകളും)

ആദ്യകാലങ്ങളിൽ ഈ പഞ്ചായത്തിൽ ഏതാണ്ട് 160 ഏക്രയിൽ നെൽകൃഷി മൂന്ന് വിളകളിലായി ചെയ്തിരുന്നു. പ്രധാനമായും ആര്യൻ, തവളക്കണ്ണൻ, ചിറ്റാടൻ തുടങ്ങിയ നാടൻ വിത്തുകൾ ആണ് ഉപയോഗിച്ചിരുന്നത്. ഉഴവുമാടുകളെ ഉപയോഗിച്ചാണ് കൃഷിപ്പണിചെയ്തിരുന്നത്. അതുകൊണ്ടു തന്നെ ജൈവവളം ധാരാളം ലഭിച്ചിരുന്നു. ഇന്നത്തെ കിത്രിമവളങ്ങളോ, കീടനാശിനികളോ ഉപയോഗിക്കാതിരുന്നിട്ടും കൃഷി ലാഭകരമായിരുന്നു. 35 മേനി ഇവിടെനിന്നും ലഭിച്ചിരുന്നു.

1960കളുടെ ആരംഭത്തോടെ ആധുനിക കൃഷിസമ്പ്രദായം നിലവിൽ വന്നു. രാസവളങ്ങളും പുതിയതരം വിത്തിനങ്ങളും, ഉപയോഗിക്കാൻ തുടങ്ങി മുമ്പുണ്ടായിരുന്ന മാന്യത കർഷകർക്ക് അന്യമായി. പുതിയ തൊഴിൽമേഖല തേടി പോകുവാൻ അവർ നിർബന്ധിതരായി. തെങ്ങ് തുടങ്ങിയ മറ്റു കൃഷികൾ ആരംഭിച്ചതൊടെ ജലസേചനസൗകര്യം കുറഞ്ഞു.

ഇന്ന് ബേപ്പൂർ പഞ്ചായത്തിൽ ആകെ 25 ഏക്രയിലാണ് നെൽകൃഷി നടത്തുന്നത്. 50 ഏക്ര തരിശായി കിടക്കുകയും ബാക്കിയുണ്ടായിരുന്ന നെൽവയലുകളിൽ വീട് വെക്കുകയും ചെയ്തു. ആദ്യകാലങ്ങളിൽ കൃഷിക്ക് ഉപയോഗിച്ചിരുന്ന കളങ്ങളും. തോടുകളും നികന്നു വരികയാണ്. അത്യുൽപാദന ശേഷിയുള്ള വിത്തുകൾ ലഭിക്കുന്നുണ്ടെങ്കിലും വേണ്ടത്ര ജലസേചന സൗകര്യങ്ങളോ, വളമോ ഉപയോഗിക്കുന്നില്ല. രാസവസ്തുക്കളുടെ വില

വർദ്ധനവും തൊഴിലാളികളുടെ കൂലിവർദ്ധനയും കൃഷി യിൽ നിന്നും കർഷകനെ അനുദിനം അകറ്റുന്നു. ജൈവ വസ്തുക്കളുടെ അഭാവവും മണ്ണിന്റെ ഫലപുഷ്ടി ഇല്ലാതാക്കി. ഇത് നെല്ലിന്റെ ഉദ്പാദനക്ഷമത കുറയാൻ കാരണമായി. (പട്ടിക നോക്കുക)

ബേപ്പൂർ പഞ്ചായത്തിൽ ആകെയുള്ള വിസ്തീർണ്ണത്തിൽ 650 ഹെക്ടറിൽ പുരയിടങ്ങളിൽ തെങ്ങു കൃഷി ഉണ്ട്. തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി പയർ,എള്ള്, വാഴ, മരച്ചീനി, ചേന, ചേമ്പ്, മഞ്ഞൾ, ഇഞ്ചി, പച്ചക്കറികൾ എന്നിവ ചെറിയ തോതിൽ കൃഷി ചെയ്യുന്നു.(വിശദ പട്ടിക-4) ബേപ്പൂരിൽ നിന്ന് കയർ, കൊപ്ര എന്നിവ പുറം രാജ്യങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ബേപ്പൂർ ചൂടി ഇന്നും പ്രസിദ്ധമാണ്. ആദ്യകാലങ്ങളിൽ നാടൻ രീതിയിലുള്ള തെങ്ങുകളാണ് കൃഷി ചെയ്തിരുന്നത്. തെങ്ങിനെ മാത്രം ആശ്രയിച്ചു ജീവിക്കുന്ന കുടുംബങ്ങളുമുണ്ട്. തെങ്ങിൻതടി, മടഞ്ഞ ഓല എന്നിവ വീട് നിർമ്മാണത്തിന് ആവശ്യമായിരുന്നു. ബേപ്പൂരിൽ അന്നുണ്ടായിരുന്ന ഭൂരിഭാഗം വീടുകളും ഓലമേഞ്ഞതായിരുന്നു. ചകിരി പടന്ന പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം ഉണ്ടായിരുന്നു. ചകിരി തച്ച് തുപ്പാക്കി നാടൻരീതിയിൽ(കൈപ്പിരി) കയർ പിരിച്ച് ധാരാളം കുടുംബങ്ങൾ ഉപജീവനം കഴിച്ചിരുന്നു. ചില സ്ഥലങ്ങളിൽ നെൽകൃഷി ചെയ്തിരുന്നു. ഇത് പൂർണ്ണമായി നിലച്ചു. കവുങ്ങും, കുരുമുളകും ചില യിടങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്.

### കാർഷിക വായ്പ

ഒരു സഹകരണബേങ്ക് അടക്കം 5 ബാങ്കുകളാണ് ഈ പരിധിയിൽപ്പെടുന്നത്. അതിൽ നടുവട്ടം സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് 95-96ൽ കാർഷിക വായ്പയായി. 1,00771 രൂപ വിതരണം നടത്തി.

### ജലസേചനം

പഞ്ചായത്തിൽ പ്രധാനമായും 12 തോടുകളും 35 കുളങ്ങളുമാണ് ഉള്ളത്.(പട്ടിക-6 നോക്കുക) പണ്ടുകാലങ്ങളിൽ കൃഷിക്ക് വളരെയധികം ഉപയോഗപ്രദമായിരുന്നു ഇവ. ക്രമേണ മണ്ണിടിഞ്ഞു തൂർന്നു കൊണ്ടിക്കുകയാണ്. വേനൽ കാലങ്ങളിൽ ചുരുക്കം ചില കുളങ്ങളിൽ മാത്രമേ ആവശ്യത്തിന് വെള്ളം കിട്ടാറുള്ളൂ. ഒരു ഏക്കർ വിസ്തീർണ്ണമുള്ള പോരുമ്പാട്ടുകുളം ഉപയോഗപ്രദമാക്കാം. മണ്ണുസംരക്ഷണ പദ്ധതി പഞ്ചായത്തിൽ ഇല്ല. മഴക്കാലങ്ങളിൽ ഗണ്യമായ തോതിൽ മണ്ണൊലിപ്പ് ഉണ്ടാകാറുണ്ട്.

### കൃഷിഭവൻ

1987 മുതൽ കൃഷിഭവന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ ഇതിന്റെ പ്രവർത്തനം വേണ്ടത്ര കൃഷിക്കാരിൽ എത്തിയതായി കാണുന്നില്ല. വിതരണം ചെയ്ത നടീൽവസ്തുക്കളുടെ പട്ടിക 7ൽ കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

× ഉപ്പുവെള്ളം കയറി കൃഷി നാശം സംഭവിക്കുന്നു.
× 1,2,6,7,8 എന്നീ വാർഡുകളിൽ കൂടിയുള്ള തോട് ആഴം കുറവായതിനാൽ വെള്ളം കെട്ടി നിൽക്കുന്നു.
× ജലസേചന സൗകര്യമില്ലായ്മ, കൂലി കൂടുതൽ, ഉൽപ്പാദനക്ഷമതയില്ലായ്മ എന്നിവ നെൽകൃഷി അനാകർഷകമാക്കി.
× നല്ല രീതിയിൽ നടത്തിയിരുന്ന നെൽകൃഷി ഗ്രൂപ്പ്ഫാമിങ്ങ് തുടർന്നു നടത്തിയില്ല.
× തെങ്ങു കൃഷിക്ക് ജലസേചന സൗകര്യമില്ല.
× ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വെച്ചുപിടിപ്പിക്കുന്നതിൽ വിമുഖരാണ്.
× കൃഷി മുഖ്യ വരുമാനമായ കുടുംബങ്ങൾ ഇല്ല. കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരുന്നു.
× തെങ്ങിൻതോപ്പുകളിലും വയൽ പ്രദേശങ്ങളിലും പച്ചക്കറി കൃഷിചെയ്യുന്നില്ല.
× ആധുനിക കാർഷികോപകരണങ്ങൾ ലഭ്യമല്ല.
× നാളികേരത്തിന് ന്യായവില ലഭിക്കുന്നില്ല.
× ആവശ്യത്തിനുള്ള ജൈവവളം ലഭിക്കുന്നില്ല.
× കാർഷികവായ്പാ സൗകര്യം കുറവാണ്.
× വയൽപ്രദേശങ്ങൾ വീടു വെക്കാൻ തുണ്ടുകളായി വിഭജിക്കപ്പെടുന്നു.
× കൃഷിഭവന്റെ സേവനം എല്ലാ ഭാഗത്തും ലഭിക്കുന്നില്ല.
× നൂതന കാർഷികപ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണമില്ല.
× കർഷകതൊഴിലാളികൾ കുറഞ്ഞുവരുന്നു.
× അലഞ്ഞുതിരിഞ്ഞു നടക്കുന്ന പശുക്കൾ കൃഷി നാശം നടത്തുന്നു.
× കുളങ്ങൾ സംരക്ഷണമില്ലാത്തതിനാൽ നികന്നു പോവുന്നു.

## സാധ്യതകൾ

× കൃഷിക്ക് ജലസേചന സൗകര്യത്തിനായി 2-ാം വാർഡ് മുതൽ 8-ാം വാർഡുവരെ നീണ്ടു കിടക്കുന്ന ആവിതോട്, മണ്ടകൻതോട് (ഉദ്ദേശം 4KM) ആഴം കൂട്ടി വെള്ളം കെട്ടി നിർത്തുകയും വർഷകാലങ്ങളിൽ അധികം വരുന്ന വെള്ളം പുഴയി

ലേക്ക് ഒഴുക്കാനും സംവിധാനം ഉണ്ടാക്കുകയും വേണം. തിരശ്ശായി കിടക്കുന്ന് ഏകദേശം 25 ഏക്കർ വയൽ നെൽകൃഷിക്ക് ഉപയുക്തമാക്കാം.

X നിലവിലുള്ള വയലുകളിൽ നെൽകൃഷിചെയ്യാൻ ഭൂമി ഗ്രൂപ്പ്ഫാമിങ്ങ് രീതി അവലംബിക്കുക

X വയലുകളിൽ വിളവെടുപ്പിനു ശേഷം പയർ, എള്ള്, ഉഴുന്ന്, എന്നീ പച്ചക്കറികൾ കൃഷി ചെയ്യുക.

X എല്ലാ വാർഡുകളിലും അടുക്കളത്തോട്ടം(പച്ചക്കറി കൃഷി) നടപ്പിലാക്കാൻ പ്രോത്സാഹനം കൊടുക്കുക.

X വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുക.

X ചെറുതും വലുതുമായ 29 കുളങ്ങൾ സന്നദ്ധസംഘടനകളുടെ നേതൃത്വത്തിൽ നന്നാക്കി മത്സ്യം വളർത്തുന്നതിന് ഉപയുക്തമാക്കുക.

X കൃഷി വികസിപ്പിക്കുന്നതിന് ആധുനിക രീതിയിലുള്ള ക്ലാസ്സുകൾ നൽകുക. സബ്സിഡി അനുവദിക്കുക.

X ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലേയും മണ്ണ് പരിശോധിക്കുന്നതിന് സഞ്ചരിക്കുന്ന മണ്ണു പരിശോധന ലബോറട്ടറി ഏർപ്പെടുത്തുക.

X മണ്ണൊലിപ്പ് തടയുന്നതിന് ബണ്ട് കെട്ടി സംരക്ഷിക്കുന്നതിനുള്ള കമ്മറ്റികൾ വാർഡ് അടിസ്ഥാനത്തിൽ രൂപീകരിക്കണം.

X പമ്പ്സെറ്റ് അനുവദിക്കുന്നതിനുള്ള ഭൂ വിസ്തൃതി ചുരുക്കി കൂടുതൽ കൃഷിക്കാരന് സബ്സിഡിനിരക്കിൽ വിതരണം ചെയ്യണം.

X നല്ലയിനം വാഴക്കന്നുകൾ വിതരണം ചെയ്യുക.

X നിലക്കടല, കൂർക്കൽ, ചേമ്പ്, ചേന എന്നിവ സമൃദ്ധിയായി വളരുന്ന മണ്ണ് ഈ പഞ്ചായത്തിൽ കാണുന്നുണ്ട്. പഞ്ചായത്ത് തലത്തിൽ കിഴങ്ങ് കൃഷി വ്യാപകമാക്കുക.

X പൂകൃഷി, കൂൺ കൃഷി, ഓർക്കിഡ്, ആന്തൂറിയം മുതലായവയുടെ കൃഷി സംഘങ്ങൾ രൂപീകരിച്ച് വികസിപ്പിക്കണം.

X ഇന്നുള്ള ഔഷധസസ്യങ്ങൾ പഞ്ചായത്തിൽ പലയിടത്തായി കണ്ടു വരുന്നുണ്ട്. അവ സംരക്ഷിച്ച് അതിന്റെ ഔഷധഗുണങ്ങളെ പറ്റി മനസ്സിലാക്കുവാൻ കാർഷികപ്രദർശനങ്ങൾ നടത്തണം. ഔഷധകൃഷി വ്യാപിപ്പിക്കുക.

X പഞ്ചായത്തിലെ കാർഷിക ഉൽപ്പന്നങ്ങളായ തേങ്ങ, പച്ചക്കറി, പൂക്കൾ മുതലായവക്ക് വിപണനസൗകര്യമേർപ്പെടുത്തുക.

X ആഴ്ച ചന്തകൾ ഇവിടേയും സംഘടിപ്പിക്കണം.

X അഞ്ചാം വാർഡിലെ മുണ്ടകൽ കുളം സംരക്ഷിക്കുകയും നിലവിലുള്ള മോട്ടോറും, പമ്പ്ഹൗസും ഉപയോഗപ്പെടുത്തി നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്തുക.

X 12-ാം വാർഡിലെ പോസ്റ്റൽ ആൽറ്റ് ടെലിഗ്രാഫ് കോർട്ടേഴ്സിന്റെ പുറകിൽ ഉള്ള തോട് ഭിത്തികെട്ടി സംരക്ഷിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തിയാൽ നെൽകൃഷി, പച്ചക്കറി കൃഷി എന്നിവ നടത്താം.

X 14-ാം വാർഡിൽ ഒഴിഞ്ഞു കിടക്കുന്ന സർക്കാറിന്റെ അധീനതയിൽ ഉള്ള സ്ഥലം കൂട്ടുകൃഷിക്ക് ഉപയുക്തമാക്കുക.

X ചകിരിച്ചോറ് ശാസ്ത്രീയമായി സംസ്ക്കരിച്ച് വളമാക്കുന്ന രീതി പ്രചരിപ്പിക്കുക.

നെൽ വയലുകൾ നികത്തി. വീട് ഉണ്ടാക്കുന്നത് നിയമം മൂലം നിരോധിക്കുക.

ബേപ്പൂർ ഗ്രാമ പഞ്ചായത്തിൽ പ്രധാനമായും പശു, ആട് എന്നീ വളർത്തു മൃഗങ്ങളാണ് ഉള്ളത് മുൻകാലങ്ങ

| വളത്തിന്റെ ഉപയോഗം | |
|---|---|
| വർഷം | അളവ് |
| 93-94 | 8.944 ടൺ |
| 94-95 | 6.952 ടൺ |
| 95-96 | 5.158 ടൺ |



# മൃഗ സംരക്ഷണം

ളിൽ ഈ പഞ്ചായത്തിൽ ധാരളം നാടൻ പശുക്കളും,കാളകളും ഉണ്ടായിരുന്നു. ക്രമേണ അത് കുറഞ്ഞ് വന്നു. കാർഷിക മേഖലയിൽ വന്ന മാറ്റങ്ങളും മൃഗസംരക്ഷണ ചിലവ് ഏറിവന്നതിനാലും നിരവധി പേർ ഈ രംഗത്ത് നിന്ന് പിന്മാറാനിടയായി. ജനസാന്ദ്രത ഏറി വന്നതനുസരിച്ച് കാലികൾക്ക് മേയുവാൻ ഉണ്ടായിരുന്ന സ്ഥലങ്ങളുടെ പരിധി കുറഞ്ഞുവന്നു. ആദ്യ കാലങ്ങളിൽ ചായക്കും, കുട്ടികൾക്ക് കുടിക്കുവാനും ആട്ടിൻ പാൽ ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് വളരെ കുറവായി മാത്രമെ ഉപയോഗിക്കുന്നുള്ളു. ഉപഭോഗസംസ്ക്കാരത്തിന്റെ ഫലമായി മാർക്കറ്റിൽ കിട്ടുന്ന പാൽ ഉൽപ്പന്നങ്ങൾ ക്രമാതീതമായി വർദ്ധിച്ചു. പാലിനുവേണ്ടി പശുവിനെ വളർത്തേണ്ടതില്ലെന്നായി ഇന്ന് ഏറ്റവും കൂടുതൽ സങ്കരയിനം പശുകളേയും അതോടൊപ്പം പാലും ഉൽപ്പാദിപ്പിക്കുന്നത് 12-ാംവാർഡിൽ ആണ് പുൽ കൃഷി നടത്തുന്ന 2 പേർ എട്ടാം വാർഡിൽ ഉണ്ട്.

ബേപ്പൂർ പഞ്ചായത്തിൽ നടുവട്ടം ക്ഷീര സഹകരണ സംഘമാണ് പ്രധാന പാൽ സംഭരണകേന്ദ്രം. മുൻകാലങ്ങളിൽ 300 ഓളം പശുകളുടെ പാൽ ഈ സംഘത്തിൽ സംഭരിച്ചിരുന്നു. എന്നാൽ ഏകദേശം 70ഓളം പശുക്കളുടെ പാൽ മാത്രമാണ് സംഭരിക്കുന്നത് പ്രതിദിനം 250 ലിറ്റർ. പച്ച പൽ ആവശ്യത്തിന് കിട്ടാത്ത അവസ്ഥയുണ്ട് വൈക്കോൽ അയൽ ജില്ലകളിൽ നിന്നാണ് ഇവിടെ കൊണ്ടുവരുന്നത്. പിണ്ണാക്ക്, കാലിതീറ്റ എന്നിവയുടെ വില വർദ്ധനവിന് അനുസൃതമായി പാലിന് ന്യായമായ വില ലഭിക്കുന്നില്ല. ഇതെല്ലാം കാരണമായി പശുവളർത്തുന്നത് ലാഭകരമല്ലാതായി.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉണ്ട്. ഇതിന്റെ പ്രവർത്തനം മുഴുവൻ ഭാഗത്തും എത്തുന്നില്ല. മൃഗങ്ങൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ പ്രധാനമായും അകിട് വീക്ക്, കുളമ്പ് രോഗം, പനി മുതലായവ ആണ്.

ഈ പഞ്ചായത്തിൽ ഗോബർ ഗ്യാസ് പ്ലാന്റുകൾ 7 എണ്ണം ഉണ്ട് 4-ാം വാർഡിൽ 2 വീടുകളിലും 7-ാം വാർഡിൽ 5 വീടുകളിലും പാചകത്തിനും, വിളക്ക് കത്തിക്കുന്നതിനും വേണ്ട ഉർജ്ജം ഇത്തരം പ്ലാന്റിൽ നിന്നും ലഭിക്കും. ജനങ്ങളുടെ ഇടയിൽ ഇതിന് വേണ്ടത്ര പ്രചാരണം ഇനിയും ലഭിച്ചിട്ടില്ല. ബോധവൽക്കരണത്തിലൂടെ ഇതിന്റെ പ്രാധാന്യം വിവരിക്കാവുന്നതാണ്. കാലിവളം ജൈവസമ്പത്ത് ആണ്. അത് വേണ്ടരീതിയിൽ കർഷകർ ഉപയോഗപ്പെടുത്തുന്നില്ല. മുയൽ വളർത്തൽ വ്യാപാരിടിസ്ഥാനത്തിൽ നടത്തുന്നില്ല. വളരെ വേഗം പെറ്റ് പെരുകുന്നത് കൊണ്ട് മാംസത്തിന്റെ ആവശ്യത്തിന് വാണിജ്യാടിസ്ഥാനത്തിൽ വികസിപ്പിക്കാം.

വളർത്തു പക്ഷികളിൽ പ്രധാനം കോഴി ആണ്. ചുരുക്കം ചില വീടുകളിൽ താറാവ്,പ്രാവ്, ലൗവ് ബേർഡ്സ് , തത്ത എന്നിവയെ വളർത്തുന്നുണ്ട്. പഞ്ചായത്തിലെ 40% വീടുകളിലും കോഴിവളർത്തുന്നുണ്ട്. ആദ്യകാലങ്ങളിൽ നാടൻ കോഴികളെ ധാരാളമായി വളർത്തിയിരുന്നു. ഇന്ന് സങ്കരയിനം കോഴികളെയാണ് വളർത്തുന്നത് വൈറ്റ്ലഗോൺ, ഗിരിരാജ, മുതലായവ. ഇവിടത്തെ ആവശ്യത്തിന് വേണ്ടത്ര കോഴി,മുട്ട എന്നിവ ഇവിടെ ഉൽപ്പാദിപ്പിക്കുന്നില്ല. ഇവ മുഴുവനും അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ് ഒരു വർഷത്തിൽ ശരാശരി 40 ലക്ഷത്തോളം മുട്ട ഇവിടെ ഉപയോഗിക്കുന്നു എന്ന് കണക്കാക്കുന്നു. കോഴി വില്പന നടത്തുന്ന 15 സ്റ്റാളുകൾ ഇവിടെ ഉണ്ട്. വർഷത്തിൽ ഏകദേശം 8 ലക്ഷം കിലോ കോഴി ഇറച്ചി ഇവിടെ വിൽക്കുന്നു. കോഴികൾക്ക് കോഴിതീറ്റ കൊടുത്ത് വളർത്തുന്ന രീതി ഇവിടെ കുറവാണ്. കോഴി വളം ശേഖരിക്കുന്ന രീതിയും കുറവാണ്. മുട്ടയ്ക്കും, കോഴിഇറച്ചിക്കും മറ്റുള്ളവരെ ആശ്രയിക്കാതെ ഈ പഞ്ചായത്തിൽ തന്നെ ഉൽപ്പാദിപ്പിക്കുവാൻ നമുക്കു കഴിയണം. അതിനുള്ള തീവ്രശ്രമം ആരംഭിക്കേണ്ടതാണ്.

## പ്രധാന പ്രശ്നങ്ങൾ

× ക്ഷീര വിപണനത്തിനുള്ള സൗകര്യകുറവും,

കാലിതീറ്റയുടെ വിലകൂടുതലും കാരണം ക്ഷീര കർഷകരുടെ താൽപര്യം കുറയ്ക്കുന്നു.

× മൃഗങ്ങളുടെ രോഗചികിത്സയ്ക്ക് ഉള്ള സൗകര്യ കുറവ്

× കോഴികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് യഥാ വിധി ചികിത്സ ലഭിക്കുന്നില്ല.

× പേപ്പട്ടി ശല്യം വർദ്ധിക്കുന്നു.

× പച്ച പുല്ല്, വൈക്കോൽ, പ്ലാവില എന്നിവയുടെ ലഭ്യത കുറവ്

× അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പശുകളുടെ ശല്യം ഉണ്ട്

## സാദ്ധ്യതകൾ

✔ പഞ്ചായത്തിൽ നിലവിലുള്ള ക്ഷീര സഹകരണ സംഘം വികസിപ്പിക്കുക. ആവശ്യമുള്ള സ്ഥലങ്ങളിൽ പുതിയ സംഘങ്ങൾ സ്ഥാപിക്കുക

✔ പച്ച പുൽ കൃഷി വ്യാപകമാക്കുക. പശുവളർത്തൽ പ്രോത്സാഹിപ്പിക്കുക.

✔ തിരഞ്ഞെടുത്ത വീടുകളിൽ ചെറിയ യൂണിറ്റുകളായി ഇറച്ചി കോഴി വളർത്തുക. മുയൽ, കാട എന്നിവ വളർത്തൽ പ്രോത്സാഹിപ്പിക്കുക

✔ മേൽതരം കോഴികുഞ്ഞുങ്ങളേയും കോഴിതീറ്റകളേയും വിതരണം നടത്താനും വിപണനം നടത്താനും സഹകരണസംഘം രൂപീകരിക്കുക.

✔ പഞ്ചായത്തിൽ നിലവിലുള്ള മൃഗസ്പത്രിക്ക് പുറമെ കുടുതൽ ആളുകൾക്ക് പ്രയോജനപ്പെടുന്ന വിധത്തിൽ സബ്സെന്ററുകൾ സ്ഥാപിക്കുക.

✔ പേപ്പട്ടി ശല്യം കുറയ്ക്കുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

✔ സങ്കരയിനം പശുകളെ സബ്സിഡി അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയും നല്ലരീതിയിൽ വളർത്താനും പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കാനും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക.

✔ നല്ലയിനം ആടുകളെ വിതരണം ചെയ്തു ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുക.

✔ ഗോബർഗ്യാസ് പ്ലാന്റിനു സാഹചര്യമുള്ള വീടുകളിലെല്ലാം സ്ഥാപിക്കുക.

**ഗ്രാമ പഞ്ചായത്ത് ക്രിത്രിമ ബീജ സങ്കലന വിവരങ്ങൾ**

ബേപ്പൂർ പഞ്ചായത്ത് വളർത്തു പക്ഷി സംഖ്യ 95-96

| വാർഡ് | പൂവൻ | പിടകോഴി (മുട്ട ഇടുന്നത്) | മുട്ട ഇടാത്തത് | താറാവ് ( മുട്ടഇടുന്നത്) | മുട്ട ഇടാത്തത് | മറ്റുള്ളവ |
|---|---|---|---|---|---|---|
| 1 | 59 | 64 | 93 | 6 | 2 | 37 |
| 2 | 46 | 72 | 109 | 13 | 19 | 106 |
| 3 | 98 | 59 | 142 | 9 | 2 | 153 |
| 4 | 136 | 94 | 281 | 4 | 3 | 167 |
| 5 | 68 | 82 | 101 | 16 | 13 | 121 |
| 6 | 71 | 42 | 93 | 6 | 12 | 58 |
| 7 | 83 | 49 | 87 | 3 | 1 | 92 |
| 8 | 93 | 52 | 98 | - | 3 | 151 |
| 9 | 103 | 78 | 93 | 3 | 7 | 148 |
| 10 | 51 | 46 | 67 | 2 | - | 98 |
| 11 | 67 | 39 | 72 | - | 3 | 76 |
| 12 | 42 | 28 | 39 | 6 | 8 | 69 |
| 13 | 59 | 32 | 43 | 3 | 1 | 53 |
| 14 | 61 | 43 | 53 | 2 | - | 74 |
| 15 | 47 | 26 | 42 | - | - | 86 |
| ആകെ | 1084 | 806 | 1418 | 73 | 74 | 1489 |


| വളർത്ത് മൃഗങ്ങൾഇനം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 709 | 524 | 104 |
| കിടാരി | 851 | 206 | 67 |
| എരുമ | 23 | 8 | 2 |

**പേവിഷബാധ – പ്രതിരോധവും ചികിത്സയും**

വിവരം പശു എരുമ ആട് പട്ടി പൂച്ച മറ്റുള്ളവ
പ്രതിരോധ കുത്തിവെപ്പുനൽകിയവരുടെ എണ്ണം 276
കടിയോറ്റതിന് ശേഷം കുത്തിവെയ്പ്പ് നടത്തിയവരുടെ എണ്ണം 3 9 16 3

## ബേപ്പൂർ ഗ്രാമ പഞ്ചായത്ത് വളർത്തു മൃഗസംഖ്യ

| വാർഡ് നമ്പർ | കാളനാടൻ | | കാളസങ്കരം | | പശുനാടൻ | | പശുസങ്കരം | | എരുമ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധന | മറ്റുളവ | വംശ വർദ്ധന | മറ്റുളവ | കറവ് ഉള്ളത് | കറവ് ഉള്ളത് | കറവ് ഉള്ളത് | കറവ് ഉള്ളത് | കറവ് ഉള്ളത് | കറവ് ഉള്ളത് | ആട് | പട്ടി | ആന | മുയൽ | പന്നി |
| 1 | – | 9 | – | 4 | 8 | 6 | 13 | 7 | – | 3 | 21 | 29 | – | – | – |
| 2 | – | 4 | – | 2 | 13 | 9 | 12 | 16 | – | – | 27 | 13 | – | — | — |
| 3 | – | 1 | – | – | 10 | 13 | 8 | 13 | – | — | 18 | 23 | – | — | — |
| 4 | – | – | – | – | 7 | 18 | 14 | 17 | 6 | 2 | 32 | 34 | – | – | |
| 5 | – | – | – | – | 9 | 5 | 8 | 26 | 1 | 2 | 44 | 53 | — | 4 | – |
| 6 | – | – | – | – | 7 | 6 | 13 | 29 | – | – | 36 | 42 | | – | |
| 7 | – | – | – | – | 4 | 9 | 25 | 17 | – – | – | 23 | 59 | | – | |
| 8 | – | – | – | – | 6 | 3 | 18 | 28 | – | – | 38 | 36 | | – | |
| 9 | – | – | – | – | 13 | 8 | 22 | 13 | 2 | 2 | 29 | 23 | | – | |
| 10 | – | – | – | – | 5 | 12 | 11 | 28 | – | – | 33 | 17 | | – | |
| 11 | – | – | – | – | 7 | 5 | 21 | 7 | – | – | 25 | 34 | | – | |
| 12 | – | – | – | – | 9 | 14 | 8 | 4 | – | – | 36 | 23 | | 8 | |
| 13 | – | – | – | – | 4 | 3 | 5 | 2 | – | – | 18 | 13 | | – | |
| 14 | – | – | – | – | 5 | 6 | 9 | 13 | – | – | 36 | 19 | | – | |
| 15 | – | – | – | – | 9 | 11 | 12 | 19 | – | – | 29 | 38 | | – | |
| ആകെ | – | 14 | – | 6 | 179 | 128 | 199 | 239 | 7 | 9 | 445 | 456 | – | 12 | – |



# ഫിഷറീസ് - മത്സ്യബന്ധനം

ബേപ്പൂരിലെ പ്രധാനപ്പെട്ട ഒരു മേഖലയാണ് മത്സ്യബന്ധന മേഖല. പഞ്ചായത്തിൽ 7,8 വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്ന മേഖലയാണിത്. ബേപ്പൂരിന്റെ വ്യവസായ മേഖലയിൽ നാടൻ തോണി നിർമ്മാണത്തിന് വളരെയധികം പ്രാധാന്യമുണ്ട്. ചെറിയ ചൂണ്ടതോണി, നാടൻ തോണി എന്നിവയിൽ മത്സ്യ ബന്ധനത്തിന് ഏർപ്പെടുന്നവരുണ്ട്. ബേപ്പൂർ പുഴയിലെ മത്സ്യം വാങ്ങുവാൻ വിദൂര സ്ഥലത്തുനിന്നും ആളുകൾ എത്താറുണ്ട്. 1960 തോടുകൂടിയാണ് ബേപ്പൂർ മത്സ്യമേഖലയിൽ യാന്ത്രിക ബോട്ട് ഉപയോഗിക്കുവാൻ തുടങ്ങിയത്. ഗതാഗത സൗകര്യം, ഐസിന്റെ ഉപയോഗം എന്നിവ വർദ്ധിച്ചതോടെയാണ് മത്സ്യബന്ധം വ്യാവസായികാടിസ്ഥാനത്തിൽ വളർന്നത്

1991 ലെ കനേഷ്മാരി കണക്കനുസരിച്ച് 1623 പേർ മത്സ്യബന്ധനം മൃഗപരിപാലനവിഭാഗത്തിലുള്ളതാണ്. ഇത് ആകെ തൊഴിലിലേർപ്പെട്ടവരുടെ 12.2 ശതമാനമാണ് യാന്ത്രിക ബോട്ടിൽ മത്സ്യ ബന്ധനം ആരംഭിച്ചതോടു കൂടി മത്സ്യ ബന്ധനത്തിലേർപ്പെട്ട വരുടെ ജീവിത നിലവാരത്തിൽ മാറ്റമുണ്ടായിട്ടുണ്ട്

ഇന്ന് ബേപ്പൂരിൽ ഏകദേശം 300-350 നും ഇടയിൽ യന്ത്രവൽകൃത ബോട്ടുകൾ മത്സ്യബന്ധനത്തിലേർപ്പെടുന്നുണ്ട്. ഏകദേശം 8 മാസത്തോളം മത്സ്യബന്ധനം ബേപ്പൂരിൽ നടക്കുന്നു. ആദ്യ കാലങ്ങളിൽ യൻമാർ, ബക്ക്, എഞ്ചിനുകളാണ് മത്സ്യ ബന്ധനത്തിന് ഉപയോഗിച്ചിരുന്നത്. ഇപ്പോൾ കൂടുതലും ലൈലണ്ട് വിഭാഗത്തിൽ പെട്ട എഞ്ചിനുകളാണ് ഉപയോഗിക്കുന്നത്. ഈ എഞ്ചിന് ഏകദേശം ഒന്നിന് 7 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെ വിലയുള്ള വിഭാഗത്തിൽ പെട്ടതാണ്. ഇതിന് പുറമേ ബേപ്പൂരിൽ നാലോ അഞ്ചോ മാസങ്ങളിൽ ദിനം പ്രതി, 1000ത്തിന് മേൽ മത്സ്യ ബന്ധന ബോട്ടുകൾ, കന്യാകുമാരി, കൊല്ലം, എറണാകുളം എന്നീവടങ്ങളിൽ നിന്ന് ചേരാറുണ്ട. കൊല്ലത്തിൽ 5,6 മാസങ്ങളിൽ ദിനം പ്രതി 5,00,000 രൂപയിലധികം മത്സ്യം ബേപ്പൂരിൽ എത്തുന്നുണ്ടെന്നാണ് കണക്ക്. ഒരു ബോട്ടിന് മത്സ്യം പിടിക്കൽ, വർക്കഷോപ്പ് മറ്റു ജോലികൾ എന്നിവയിൽ ശരാശരി 12 മുതൽ 15പേർ വരെ ജോലി ചെയ്യുന്നുണ്ട്. ബോട്ടിന്റെ വലക്ക് ഏകദേശം 7500 രൂപയോളം വരും.

മത്സ്യബന്ധന മേഖലയോടനുബന്ധിച്ച് ഏകദേശം 7ഓളം ഐസ് പ്ലാന്റും, പത്ത് പതിനഞ്ചോളം വർക്ക്ഷാപ്പും, ബേപ്പൂരിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതലും കണവ(കൂന്തൾ) വിഭാഗത്തിലുള്ള മത്സ്യമാണ് ഇവിടെ ലഭിക്കുന്നത്. മത്സ്യത്തിന്റെ 80 ശതമാനത്തോളം കണവും, 10 ശതമാനം ചെമ്മിനുമാണ് ഈ വർഷം ലഭിച്ചതെന്നാണ് കണക്ക്. കണവക്ക് കി.ഗ്രമിന്80രൂപ മുതൽ 220 രൂപ വരെയും വില ലഭിച്ചിട്ടുണ്ട്. ഇവ കൂടുതലും കയറ്റുമതി സാധ്യതയുള്ള മത്സ്യങ്ങളാണ്.

ഇതിന് പുറമെ, ബേപ്പൂർ ഗോതീശ്വരം കടൽഭാഗത്തു നിന്ന് ലഭിക്കുന്ന കടുക്ക, ബേപ്പൂർ പുഴയിൽ നിന്ന് ലഭിക്കുന്ന എരുന്ത് എന്നിവയും പ്രാധാന്യമുള്ളതാണ്. ബേപ്പൂർ പഞ്ചായത്തിൽ 35 വലുതം ചെറുതുമായ കുളങ്ങൾ ഉണ്ട്. ഇതിൽ നല്ലരീതിയിൽ ശുദ്ധജല മത്സ്യങ്ങൾ വളർത്താൻ സാധിക്കും. മത്സ്യ കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തിയാൽ നല്ല ആദായകരമായ രീതിയിൽ ചെമ്മീൻ കൃഷി ചെയ്യാം.

പഞ്ചായത്തിൽ അംഗീകാരമുള്ള ഒരു മത്സ്യമാർക്കറ്റ് ആണ് ഉള്ളത്. എന്നാൽ ഏഴോളം സ്ഥലങ്ങളിൽ മത്സ്യ വിപണനം നടത്തുന്നുണ്ട്. ഇവിടെ കടുക്കയും എരുന്തും വിപണം നടത്തുന്നുണ്ട്. വിശദവിവരങ്ങൾ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

കടലോര പ്രദേശങ്ങളായ 1,2,7,8 വാർഡുകളിലാണ് മത്സ്യതൊഴിലാളികൾ താമസിക്കുന്നത്. മത്സ്യതൊഴിലാ

ളികൾക്കിടയിൽ പാർപ്പിട പ്രശ്നം ഉണ്ട്. കൂടാതെ കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവയുടെ കാര്യത്തിൽ പിന്നോക്കവസ്ഥയിലാണ്. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടെങ്കിലും വിദ്യാഭ്യാസ നിലവാരം വളരെ പിന്നോക്കത്തിലാണ്. ഉന്നതവിദ്യാഭ്യാസം ലഭിക്കുന്ന കുട്ടികൾ വളരെ കുറവാണ്.

കടൽക്ഷോഭം അനുഭവിക്കുന്ന മത്സ്യതൊഴിലാളി കുടുംബങ്ങൾ ഉണ്ട്. കടൽ ഭിത്തിയുടെ അഭാവം ഇവിടെ നിലനിൽക്കുന്നുണ്ട്. പണ്ടുകാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി ഒരു സുരക്ഷിതത്വം തൊഴിലാളികളുടെ ഇടയിൽ ഉണ്ട്. അതിന് പ്രധാനകാരണം യന്ത്രവൽകൃത ബോട്ടുകളും ഉപകരണങ്ങളും നല്ല വലയും ലഭിക്കുന്നതും, കയറ്റുമതിക്കാവശ്യമായവ ലഭിക്കുന്നതിനാലുമാണ്. മത്സ്യസഹകരണ സംഘങ്ങൾ 3എണ്ണമുണ്ട്. അതിന്റെ പ്രവർത്തനം പൂർണ്ണമായും തൃപ്തികരമല്ല. വേണ്ടത്ര രീതിയിൽ അതിന്റെ പ്രയോജനം എല്ലാവർക്കും ലഭിക്കുന്നില്ല. മത്സ്യഫെഡിന്റെ പ്രവർത്തനം പ്രയോജനകരമല്ല. ബേപ്പൂരിൽ സാമ്പത്തിക വളർച്ചക്ക് വളരെ വലിയൊരു പങ്ക് വഹിക്കുന്നു. മത്സ്യവ്യവസായം ഇനിയും വളരെയേറെ വികസിക്കേണ്ടതുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

✖ മത്സ്യബന്ധന തുറമുഖത്ത് അറ്റകുറ്റ പണികൾ നടത്തണം.

✖ മത്സ്യബന്ധന തുറമുഖത്ത് അതുമായി ബന്ധപ്പെട്ട തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ഇല്ല. തുറമുഖത്തുള്ള കിണർ ശുദ്ധീകരിച്ച് ഫിഷിംങ്ങ് ഹാർബറിൽ ശുദ്ധജലം ലഭ്യമാക്കണം.

✖ ജട്ടിയിലെ അഴുക്ക് ചാൽ അറ്റകുറ്റപണികൾ നടത്തി ജെട്ടിയും പരിസരവും വൃത്തിയാക്കാൻ സാധിക്കണം, വൈദ്യുതി വിളക്കുകൾ കത്തിക്കണം.

✖ കടൽഭിത്തി കെട്ടി മുഴുവൻ തീരപ്രദേശവും സംയോജിപ്പിച്ചിട്ടില്ല.

✖ മത്സ്യബന്ധന ഉപകരണങ്ങൾ, റിപ്പയർ ചെയ്യുന്നതിനുള്ള വർക്ക്ഷോപ്പും സൗകര്യങ്ങളും കുറവാണ്.

✖ വ്യവസായിക അടിസ്ഥാനത്തിൽ മത്സ്യകൃഷിയും വിപണനവും വികസിപ്പിച്ച് എടുക്കണം.

## സാധ്യതകൾ

✔ മത്സ്യബന്ധനം തുറമുഖം ശാസ്ത്രീയമായ രീതിയിൽ വികസിപ്പിക്കണം.

✔ പഞ്ചായത്ത് ഉടമയിലുള്ള കുളങ്ങളും, സ്വകാര്യഉടമയിലുള്ള കുളങ്ങളും കേട്പാടുകൾ തീർത്ത് ശുദ്ധജല മത്സ്യകൃഷി നടത്താൻ ഉപയുക്തമാക്കണം.

✔ ചെമ്മീൻ കൃഷിക്ക് പറ്റിയ സ്ഥലങ്ങൾ ഉപയുക്തമാക്കണം.

✔ ഫിഷറീസ് വക ഐസ് പാന്റിന്റെയും, കോൾഡ് സ്റ്റോറിന്റെയും പ്രവർത്തനം ആരംഭിക്കണം.

✔ മത്സ്യ ബന്ധന ഉപകരണങ്ങൾ, ഫിഷിംഗ് ബോട്ടുകൾ, വലകൾ, യമഹ എഞ്ചിനുകൾ എന്നിവക്ക് വിപണന കേന്ദ്രം വേണം.

✔ എല്ലാ വാർഡുകളിലും മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.

✔ മത്സ്യ രോഗങ്ങളെ കണ്ടെത്തി, ശാസ്ത്രീയമായ പ്രതിവിധി നടപ്പിലാക്കാൻ തിരഞ്ഞെടുത്ത മത്സ്യ തൊഴിലാളികൾക്ക് പരിശീലനം നൽകണം.


✔ മത്സ്യ തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് ഉപവരുമാനത്തിന് വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.

✔ മത്സ്യതൊഴിലാളികൾക്ക് കക്കൂസ് നിർമ്മിക്കാൻ സബ്സിഡി അനുവദിക്കുക.

✔ മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുക.

✔ മത്സ്യസൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിക്കുക.

✔ മത്സ്യതൊഴിലാളികൾക്ക് സഹകരണ സംഘം മുഖേന മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നൽകുക.



# വ്യവസായം, വാണിജ്യം

ബേപ്പൂരിന്റെ വ്യവസായ ചരിത്രം, ബേപ്പൂരിൽ നിർമ്മിച്ചിരുന്ന നാടൻ തോണി, വലിയമഞ്ചി, ഉരു, കൊട്ട്യ എന്നിവയുടെ നിർമ്മാണചരിത്രത്തിൽ നിന്ന് ആരംഭിക്കുന്നു. അനുഭവ സമ്പത്തും ,പാരമ്പര്യവുമുള്ള വിദഗ്ദ്ധർ ആണ് ഇതിനു പിന്നിലുണ്ടായിരുന്നത്, മാലദ്വീപ്, അറേബ്യ, ചൈന, യൂറോപ്യൻ രാജ്യങ്ങൾ എന്നീവിടങ്ങളിലേക്ക് ഉരു നിർമ്മിച്ച് ബേപ്പൂരിൽ നിന്നും കൊണ്ടു പോയിട്ടുണ്ട്. 600–700 ടൺ കേവുഭാരമുള്ള പായകപ്പലുകൾ ബേപ്പൂരിൽ നിർമ്മിച്ചിരുന്നു.

ഗുജറാത്ത്, ഗോവ, മലേഷ്യ, എന്നീവടങ്ങളിലേക്ക് ബേപ്പൂരിൽ നിർമ്മിച്ചിരുന്ന പായക്കപ്പൽ, വഞ്ചി കൊട്ട്യ എന്നീവ വഴി ഫറോക്കിലെ ഓടും നിലമ്പൂർ കാടുകളിലെ മരവും കയറ്റി അയച്ചിരുന്നു എന്നത് വാണിജ്യരംഗത്ത് പോയ കാലചരിത്രമാണ്.

മലേഷ്യ, അറേബ്യ, ബോംബെ എന്നീവടങ്ങളിൽ നിന്നുമുള്ള പായക്കപ്പലുകൾ തുറമുഖത്ത് എത്തിചേരുന്നതോടെയായിരുന്നു പഴയ ബേപ്പൂരിന്റെ വാണിജ്യ 'സീസൺ' ആരംഭിച്ചിരുന്നുത്. ഒരേസമയത്ത് മുപ്പത്തിരണ്ട് ഉരുക്കൾ വരെ നിർമ്മിച്ച് എണ്ണൂറ് ആശാരിമാരടക്കം ആയിരത്തിനാനൂറോളം പേർ ജോലിചെയ്ത ഉരു വ്യവസായം ഇന്ന് ഒന്നോ, രണ്ടോ ഉരുക്കൾ മാത്രം ഉണ്ടാക്കുന്ന അവസ്ഥയിലാണിന്ന്.

## ബേപ്പൂർ തുറമുഖം

ബേപ്പൂർ ഗ്രാമത്തിന്റെയോ കോഴിക്കോട് ജില്ലയുടെയോ മാത്രമല്ല മലബാർ പ്രദേശത്തിന്റെയാകെ വാണിജ്യ വ്യവസായ വികസനത്തിന്റെ കേന്ദ്രബിന്ദുവായിരുന്ന ബേപ്പൂർ തുറമുഖം ഇന്ന് അവഗണിക്കപ്പെട്ടുകിടക്കുകയാണ്. തുറമുഖത്തിന്റെ പുനരുജ്ജീവനം മലബാറിനെ പഴയ സമൃദ്ധിയിലേക്ക് നയിക്കും. കോഴിക്കോട് നഗരത്തിൽ നിന്നും 13 കി.മി. തെക്ക് ഭാഗത്തായി സ്ഥിതിചെയ്യുന്ന പ്രധാന പ്രകൃതിദത്തമായ തുറമുഖമാണ് ബേപ്പൂർ. കൊച്ചി, മംഗലാപുരം തുറമുഖങ്ങളുടെ നടുവിൽ സ്ഥിതിചെയ്യുന്ന ഈ തുറമുഖം ഈ മേഖലയിൽ സഞ്ചരിക്കുന്ന കപ്പലുകൾക്കും ആവശ്യമായ മറ്റു സൗകര്യങ്ങൾ ഉള്ളതാണ്. ലക്ഷദ്വീപിനെ വൻകരയുമായി ബന്ധപ്പെടുത്തുന്നതിന് സൗകര്യപ്രദമായ തുറമുഖവും ഇതുതന്നെയാമ്. ലക്ഷദ്വീപുമായുള്ള ചരക്കു ഗതാഗതത്തിന്റെ 60% ഈ തുറമുഖത്തിൽ കൂടിയാണ് നടക്കുന്നത്, 18- ാംനൂറ്റാണ്ടിൽ തന്നെ വിദേശീയർ പായകപ്പൽ, ഉരു, വഞ്ചി, തുടങ്ങിയ ജലവാഹിനികളിൽ ബേപ്പൂരിൽ വാണിജ്ജ്യാവശ്യത്തിന് എത്തിയിരുന്നു.ഓട്, മരം എന്നിവ കയറ്റുന്നതിനും കാരക്ക തുടങ്ങിയ ഭക്ഷ്യവസ്തുകൾ ഇറക്കുമതി ചെയ്യുന്നതിനുമാമണ് ഈ തുറമുഖം പ്രധാനമായും ഉപയോഗിച്ചിരുന്നത്. വിശാലമായ പുഴയോര സൗകര്യവും പരമ്പരാഗതമായി നിലനില്ക്കുന്ന വ്യാപാരബന്ധങ്ങളും, ഈ തുറമുഖം വികസിപ്പിക്കേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്നു.

സീസണിൽ ഏകദേശം ആയിരത്തോളം പേർക്ക് തുറ

മുഖവുമയി ബന്ധപ്പെട്ടു കൊണ്ട് തൊഴിൽ സാധ്യതയു ണ്ടായിട്ടും കൊച്ചി, മംഗലാപുരം തുറമുഖങ്ങളിൽ ഉള്ള ആധുനിക സൗകര്യങ്ങൾ ഒന്നും ബേപ്പൂരിൽ ഇല്ലാത്തതി നാൽ ചരക്കു ഗതാഗതം വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യ തകുറഞ്ഞുവരുന്നു. ലക്ഷദ്വീപ് നിവാസികൾക്ക് അവരുടെ ജീവിത ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടതെല്ലാം എത്തിച്ചു കൊടുക്കാൻ വൻകരയുമായി ബന്ധപ്പെടുത്തുന്ന പ്രധാന കേന്ദ്രം എന്ന നിലയിൽ ഈ തുറമുഖത്തിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. കാലപഴക്കം ചെന്ന ക്രെയി നുകൾ മാറ്റി സ്ഥാപിക്കേണ്ടതും നിലവിലുള്ള ( 152 മീറ്റർ) വാർഫ് വികസിപ്പികേണ്ടതും ഇപ്പോൾ ഉള്ള ഗോഡൗണു കളുടെ അറ്റകുറ്റ പണികൾ നടത്തേണ്ടതും തുറമുഖ വിക സനത്തിന് അനിവാര്യമാണ്. തുറമുഖത്തിനെ റെയിൽവേയുമായി ബന്ധിപ്പിക്കുകയും ഇവിടെ കണ്ടെയി നർ ടെർമിനൽ സ്ഥാപിക്കുകയും വേണം.

## മോഡൽ ഉരു നിർമ്മാണം

ഉരുനിർമ്മാണത്തിനു തളർച്ച ബാധിച്ച ബേപ്പൂരിൽ അടുത്തകാലത്തായി മോഡൽ ബോട്ടു നിർമ്മാണം പുതിയ തൊഴിൽ സാധ്യതയായി ഉയർന്നു വന്നിരിക്കുന്നു. പഞ്ചായത്തിലെ മൂന്നോ, നാലോ വാർഡുകളിൽ കേന്ദ്രീ കരിച്ച് മോഡൽ ഉരു നിർമ്മാണം ഉണ്ട്. കുടിൽ വ്യവസാ യമായി നടത്തുന്ന ഈ മോഡൽ ഉരു നിർമ്മാണം വിദേ ശീയരെ പ്രത്യേകിച്ചും അറേബ്യൻ രാജ്യത്തുള്ളവരെ ബേപ്പൂരിലേക്ക് ആകർഷിക്കുന്നുണ്ട്. പലവിധത്തിലുള്ള മോഡൽ ഉരു ഇവിടെ നിർമ്മിക്കുന്നുണ്ട്. കലണ്ടർ മോഡൽ, കുപ്പിയിൽ നിറച്ച വിധത്തിലുള്ള ഉരു എന്നിവ പ്രത്യേകം പയറായവുന്നതാണ്. തെക്കെ ഇന്ത്യയിലേയും, വടക്കേ ഇന്ത്യയിലേയും പല സർവ്വകലാശാലകളിലേക്കും, വിവിധ മോഡലുകൾക്ക് ഓർഡർ ലഭിക്കാറുണ്ട്, 75 രൂപ മുതൽ 15000 രൂപ വരെ വിലയുള്ള വിവിധ മോഡലുകൾ തേക്കുകൊണ്ടും മറ്റു മരം കൊണ്ടും ഇവിടെ നിന്ന് നിർമ്മി ക്കുന്നുണ്ട്. അന്താരാഷ്ട്രതലങ്ങളിൽ നടക്കുന്ന കരകൗ ശല പ്രദർശനങ്ങളിൽ ബേപ്പൂർ മോഡൽ ബോട്ടുകൾ പ്രദർശിപ്പിക്കാറുണ്ട് മോഡൽ ഉരുനിർമ്മാണത്തിൽ വൈദ ഗ്ധ്യമുള്ള വളരെയധികം പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നുണ്ട്.

1991 സെൻസസ് പ്രകാരം 13333 പേർ വിവിധമേഖല കളിൽ ബേപ്പൂരിൽ ജോലിചെയ്യുന്നു. ഇതിൽ കുടിൽ വിയ വസായത്തിൽ 115 പുരുഷൻമാരും 53 സ്ത്രീകളും അടക്കം 178 പേർ ജോലിചെയ്യുന്നുണ്ട്. ഇത് മൊത്തം തൊഴിലെടു ക്കുന്നവരുടെ 1.3ശതമാനമാണ്. ഇതര വ്യവസായമേഖല യിൽ 2376 തൊഴിലാളികൾ ജോലിചെയ്യുന്നുണ്ട്. മൊത്തം തൊഴിലെടുക്കുന്നവരുടെ 20.3 ശതമാനമാണിത്. വാണിജ്യ വിഭാഗവും ശക്തമാണ്. 2917 പുരഷന്മാരും, 95 സ്ത്രീക ളുമടക്കം 3092 പേർ ഈ വിഭാഗത്തിലുണ്ട്. ആകെ തൊഴി ലെടുക്കുന്നവരുടെ 20.3 ശതമാനമാണിത്. വ്യവസായം, വാണിജ്യം എന്നിവയിൽ ആകെ തൊഴിലെടുക്കുന്നവരുടെ 44.8 ശതമാനമുണ്ടെങ്കിൽ വാണിജ്യമേഖലയിൽ മാത്രം 23.2 ശതമാനം പേർ ജോലി ചെയ്യുന്നു. ഈ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വാണിജ്യം വ്യവസായത്തേക്കാൾ ശക്തമാണെന്ന് ഈ വിവരം സൂചിപ്പിക്കുന്നു

## വ്യാപാര വ്യവസായ രംഗം

പഞ്ചായത്തിലെ വ്യാപാര വ്യവസായ സ്ഥാപനങ്ങളെ സംബന്ധിച്ച കണക്ക് ചുവടെ കൊടുക്കുന്നു.(പട്ടിക-1)

പഞ്ചായത്തിൽ 573 വ്യവസായ വ്യാപാര സ്ഥാപന ങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. ഇതിൽ 114 വ്യവ സായസ്ഥാപനങ്ങളാണ്. മൊത്തം ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ 19.9 ശതമാനമാണിത്. 86 ഹോട്ടലു കൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. ആകെ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ 15 ശതമാനമാണിത്. സാധാ രണ കട വഭാഗത്തിൽ 315 സ്ഥാപനങ്ങൾക്ക ലൈസൻസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളുടെ 55ശതമാനമാണിത്-പഞ്ചായത്തിൽ കുടു തൽ സാധാരണ കടകളാണെന്ന് ഈ കണക്കുകൾ സുചി പ്പിക്കുന്നു. ഉല്പാദന മേഖലയിലല്ലാതെ ഉപഭോഗ വിഭാ ഗത്തിലാണ് കൂടുതൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പഞ്ചായത്തിന് ഈ വിഭാഗത്തിൽ ലൈസൻസുഫീസായി 28,884 രൂപ ലഭിക്കുന്നുണ്ട്.

ബേപ്പൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉള്ള വ്യവ സായങ്ങൾ

| നമ്പർ | ചെറുകിടവ്യവസായങ്ങളുടെപേര് | എണ്ണം |
|---|---|---|
| 1 | റബ്ബർ ഫാക്ടറി | 4 |
| 2 | മോഡൽ ഉരുനിർമ്മാണം | 4 |
| 3 | ഈർച്ച മില്ലുകൾ | 8 |
| 4 | ഐസ് പ്ലാന്റ് | 11 |
| 5 | ഫ്ളോർ മിൽ | 18 |
| 6 | ഓയിൽ മിൽ | 5 |
| 7 | അപ്പോൾസ്റ്ററി | 3 |
| 8 | ഇൻഡസ്ട്രിയൽ | 9 |
| 9 | മാരബിൾ | 5 |
| 10 | ഹോളോബ്രിക്സ് | 2 |
| 11 | ഫർണിച്ചർ | 8 |
| 12 | ആട്ടോമൊബയിൽ | 3 |
| 13 | ഫാർമസ്യൂട്ടിക്കൽസ് | 1 |
| 14 | ബ്രഡ് നിർമ്മാണ യൂണിറ്റ് | 3 |

| ബേപ്പൂർ ഗ്രാമപഞ്ചായത്ത് സ്ഥാപനങ്ങളുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| വാർഡ് | വ്യവസായവ്യഹാരം | ഹോട്ടലുകൾ | സാധാരണകടകൾ | മറ്റുള്ളവ | ആകെ | ആകെഫീസ് |
| 1 | 18 | 14 | 51 | 9 | 92 | 4600 |
| 2 | 12 | 8 | 32 | 6 | 58 | 2900 |
| 3 | 6 | 5 | 17 | 3 | 31 | 1550 |
| 4 | 5 | 4 1 | 4 | 3 | 26 | 1300 |
| 5 | 8 | 6 | 20 | 4 | 38 | 1900 |
| 6 | 8 | 6 | 21 | 4 | 39 | 1950 |
| 7 | 2 | 1 | 5 | 1 | 9 | 450 |
| 8 | 5 | 4 | 14 | 3 | 26 | 1300 |
| 9 | 8 | 6 | 24 | 4 | 42 | 2100 |
| 10 | 9 | 7 | 24 | 4 | 44 | 2434 |
| .11 | 5 | 3 | 13 | 2 | 23 | 1150 |
| 12 | 3 | 3 | 9 | 2 1 | 7 | 850 |
| 13 | 9 | 7 | 27 | 5 | 48 | 2400 |
| 14 | 10 | 8 | 29 | 5 | 52 | 2600 |
| 15 | 6 | 4 | 15 | 3 | 28 | 1400 |
| ആകെ | 114 | 86 | 315 | 58 | 573 | 28884 |
| % | 19.9 | 15 | 54.98 | 10. | 12 | 100% |

*പട്ടിക-1-2*

| | | |
|---|---|---|
| 15 | പ്രിന്റിങ്ങ് പ്രസ്സ് | 6 |
| 16 | കയർനിർമ്മാണം | 5 |
| 17 | കയർ ഫാക്ടറി | 1 |
| 18 | സോഡാ മെയ്ക്കിംങ്ങ് | 5 |
| 19 | ഫൈബർ ഗ്ലാസ് | 1 |
| 20 | അലൂമിനിയ പാത്ര നിർമ്മാണം | 3 |
| 21 | സിലിക്കേറ്റ് നിർമ്മാണം | 1 |
| 22 | ഇഷ്ടിക നിർമ്മാണ യൂണിറ്റ് | 6 |
| 23 | സെലൻസർ നിർമ്മാണ യൂണിറ്റ് സംസ്ക്കരണം | 2 |
| 24 | ചെമ്മീൻ സംസ്ക്കരണ യൂണിറ്റ് | 1 |
| 25 | കരകൗശല നിർമ്മാണ യൂണിറ്റ് | 4 |
| 26 | പെയ് സെൽഫ് | 1 |
| 27 | റിപ്പർ കമ്പിനി | 5 |

| | | |
|---|---|---|
| 28 | പെയ്ന്റ് കമ്പിനി | 1 |
| 29 | ഇഷ്ടിക | 2 |
| 30 | ചെരിപ്പുനിർമ്മാണ യഊറിറ്റ് | 3 |
| 31 | പ്ലൈവുഡ് കമ്പിനി | 2 |
| 32 | ഫിഷിങ്ങ് ഹാർബർ | 2 |
| 33 | ബോട്ട് ബിൽഡിങ്ങ യാർഡ് | 1 |
| 34 | സിൽക്ക് വ്യവസായ യൂണിറ്റ് | 1 |
| 35 | മാനിറ്റോ ഇല്ക്ട്രോണിക്സ് | 1 |
| 36 | കമ്പനി സ്റ്റീൽ | 1 |
| 37 | സ്ക്രീൻ പ്രിന്റിങ്ങ് | 5 |

*പട്ടിക-*

| കുടിൽ വ്യസായം | | |
|---|---|---|
| 1 | തയ്യൽ ജോലി യൂണിറ്റ് | 16 |
| 2 | അച്ചാർ | 5 |
| 3 | മെഴുകുതിരി | 3 |
| 4 | തീപ്പെട്ടി | 4 |
| 5 | പപ്പട യൂണിറ്റ് | 18 |
| 6 | പുകയില്ലാത്ത അടുപ്പ് | 2 |
| 7 | സ്വിച്ച് ബോർ നിർമ്മാണം | 3 |
| 8 | കാർട്ടൂൺസ് യൂണിറ്റ് | 1 |

*പട്ടിക-*

| പരമ്പരാഗത വ്യവസായം | | |
|---|---|---|
| 1 | പായനെയ്ത്ത് | 4 |
| 2 | കൊട്ട നിർമ്മാണം | 2 |
| 3 | കൈത്തറി, നെയ്ത്ത് | 5 |
| 4 | ഉരുനിർമ്മാണ യൂണിറ്റ് | |
| 5 | കക്കനീറ്റൽ യൂണിറ്റ് | 3 |

സ്റ്റീൽ കോംപ്ലക്സ് (ബേപ്പൂർ ഗ്രാമ പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നു)

**ഇടത്തരം വ്യവസായ യൂണിറ്റുകളിൽ പ്രധാനപ്പെട്ടവ താഴെ പറയുന്നവയാണ്.**

1. സ്റ്റീൽ ഇൻഡസ്ട്രീയൽസ്- കേരള
2. ഗവ: ബോട്ട് ബിൽഡിംഗ് യാഡ്-ബേപ്പൂർ
3. ബേപ്പൂർ മറൈൻ എഞ്ചിനിയറിംങ്ങ് വർക്സ്, ഷോറൂം
4. മറൈൻ എഞ്ചിനിയറിംങ്ങ് ഇൻഡസ്ട്രീയൽ സഹകരണ സംഘം
6 ആർണിയാട്ടു ഫാർമസ്യൂട്ടിക്കൽസ്
7 കിഡ്സൺ ബ്രഡ് ബേപ്പൂർ
8 നടുവട്ടം കയര് വ്യവസായ സഹകരണ സംഘം
9 റബ്ബർ ഫാക്ടറി, അരക്കിണർ
10 ഐസ് ഫാക്ടറി 11 എണ്ണം

ഗവർമെണ്ട് ഉടമയിലുള്ള ഒരു ഐസ് പ്ലാന്റ് ബേപ്പൂരിൽ അടച്ചിട്ടിരിക്കുകയാണ് പതിനൊന്ന് ഐസ് പ്ലാന്റിന് 166 മെട്രിക്ക് ടൺ കപ്പാസിറ്റി ഉണ്ട്. ബേപ്പൂരിലെ മത്സ്യ സംസ്ക്കരണത്തിനാവശ്യമായ ഐസ് ഈ പ്ലാന്റു കളിൽ നിന്നാണ് ലഭിക്കുന്നത്. ഈ പ്ലാന്റുകളുടെ ഉല്പാദന ശേഷി ഏഴോ, ഏട്ടോ മാസങ്ങളിലാണ് ഉപയോഗിക്കുന്നത്. കൊല്ലത്തിൽ ഏകദേശം 200-240 ദിവസങ്ങളിലാണ് ഉല്പാദനം നടക്കുന്നത്. ഉല്പാദനത്തിൽ 25 ശതമാനം നഷ്ടം സംഭിവിക്കുന്നുണ്ട്.

## ടൈലറിംഗ് യൂണിറ്റുകൾ

ബേപ്പൂരിലെ ഏറ്റവും പ്രധാനപ്പെട്ട തൊഴിൽ മേഖലയാണ് ടെയിലറിംഗ് യൂണിറ്റുകൾ. ബേപ്പൂർ പഞ്ചായത്തിൽ 118 തയ്യൽ കടകളുണ്ട്. ഇതിൽ 16 എണ്ണം സ്ത്രീകൾ നടത്തുന്നവയാണ്. 31 പുരുഷന്മാരും 356 സ്ത്രീകളും ഈ വിഭാഗത്തിൽ ജോലിചെയ്യുന്നുണ്ട്. 176 തയ്യൽ തൊഴിലാളികൾ ക്ഷേമനിധിയിൽ അംഗങ്ങളാണ്.

## ചെറുകിട വ്യവസായം

പഞ്ചായത്തിൽ 240 ചെറുകിട വ്യവസായ യൂണിറ്റുകൾ റജിസ്ട്രേഷനുള്ളവയാണ്. പട്ടിക ചുവടെ കൊടുക്കുന്നു.

പട്ടിക 3

| നമ്പർ | വിഭാഗം | എണ്ണം | ശതമാനം |
|---|---|---|---|
| 1 | കളിമൺ | 8 | 3.3 |
| 2 | കൃഷി | 18 | 7.5 |
| 3 | മരം അനുബന്ധ വ്യവസായം | 42 | 17.5 |
| 4 | മൈൻ | 4 | 1.7 |
| 5 | രാസവസ്തു | 13 | 5.4 |
| 6 | മറൈൻ, എഞ്ചിനിയറിംഗ് | 44 | 18.3 |
| 7 | മറൈൻ | 4 | 1.7 |
| 8 | മറ്റുളവ | 107 | 44.6 |
| | | 240 | 100% |

ബേപ്പൂർ പഞ്ചായത്തിലെ നിലവിലുള്ള പരമ്പരാഗത ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകളുടെ ഇനം തിരിച്ചുള്ള പട്ടിക 4 ൽ കൊടുക്കുന്നു.

DWCRA പദ്ധതി പ്രകാരം രൂപപ്പെട്ടതൊഴിൽ സംര

| വർഷം | എണ്ണം |
|---|---|
| 90-91 | 3 |
| 91-92 | 11 |
| 92-93 | 5 |
| 93-94 | - |
| 94-95 | 1 |
| 95-96 | 2 |
| 96-97 | 1 |

ഭകരുടെ വിവരം

| തൊഴിൽ സംരംഭം ആരംഭിച്ച വർഷം പ്രവർത്തിയെടുക്കുന്ന അംഗങ്ങളുടെ എണ്ണം | | | |
|---|---|---|---|
| 1. | പ്രസ്സ് | 91-92 | 10 |
| 2. | നടുവട്ടം കയർ നിർമ്മാണം (വാർഡ്-8) | 92-93 | 13 |
| 3. | വല നിർമ്മാണം (വാർഡ്-8) | 93-94 | 10 |

**സ്വയം തൊഴിൽ പദ്ധതി**

താഴ്ന്ന വരുമാന പരിധിയിൽ ഉള്ളവർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതന്ന് IRDP മുഖേനയും PMRY പദ്ധതി മുഖേനയും ധാരാളം പേർ തൊഴിൽ കണ്ടെത്തിയിട്ടുണ്ട്. ഇതിന് പുറമെ ബാങ്ക് വായ്പയെടുത്തും തുടങ്ങിയ ചെറുകിട കുടിൽ വ്യവസായ യൂണിറ്റുകൾ ധാരളമുണ്ട്, സർക്കാറിന്റെ സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള കാലതാമസവും നടപടിക്രമങ്ങളുടെ നൂലാമാലകളും തൊഴിലാന്വേശിക്കുന്നവരെ ഏറെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഇടത്തരം വരുമാന ഗ്രൂപ്പിൽ പെടുന്ന തൊഴിൽ സംരംഭങ്ങൾ തുടങ്ങാൻ തയ്യാറുള്ളവർക്ക് സാമ്പത്തിക സഹായവും വേണ്ട പ്രായോഗിക നിർദ്ദേശങ്ങളും ലഭിക്കാനുള്ള സൗകര്യങ്ങൾ ഇവിടെ പരിമിതമാണ്.

## പ്രശ്നങ്ങൾ

- ✖ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ അനുയോജ്യമായ സ്ഥലസൗകര്യം പഞ്ചായത്ത് അതിർത്തിയിൽ കുറവാണ്.
- ✖ അസംസ്കൃത വസ്തുകളുടെ ലഭ്യത കുറഞ്ഞതോടൊപ്പം അവയുടെ വില വർദ്ധിക്കുകയുണ്ടായി.
- ✖ ചെറുകിട കുടിൽ വ്യവസായങ്ങളിൽ തൊഴിലാളികളുടെ കൂലി വർദ്ധിച്ചു എന്നാൽ ഉല്പന്നത്തിന്റെവില ആനുപാതികമായി വർദ്ധിച്ചില്ല.
- ✖ പരമ്പരാഗത ഉല്പാദന മാർഗ്ഗങ്ങലിൽ അത്യാവശ്യം ഉണ്ടാവേണ്ട ആധുനികവത്കരണം നടന്നില്ല.
- ✖ മാർക്കറ്റിൽ സിന്തറ്റിക്ക് ഉല്പനങ്ങൾക്ക് പ്രിയം കൂടി.
- ✖ ഉപഭോക്താക്കളുടെ അഭിരുചിയിൽ മാറ്റം വരുന്നു.
- ✖ ചെറുകിട കുടിൽ വ്യവസായത്തിൽ മുതൽ മുടക്ക് കുറഞ്ഞു
- ✖ സംരഭങ്ങൾക്ക് വായ്പ സൗകര്യങ്ങൾ നൽകാൻ ധനകാര്യസ്ഥാപനങ്ങൾ വിമുഖത കാട്ടുന്നു.
- ✖ ആധുനിക സാങ്കേതിക വിദ്യയുടെ ഫലമായി ധാരാളം പേർക്ക് തൊഴിൽ നഷ്ട്ടപ്പെട്ടു.
- ✖ വ്യവസായ യൂണിറ്റിന്റെ സാധ്യതകളെ സംബന്ധിച്ച് സംരംഭകർക്ക് നിർദ്ദേശങ്ങൾ ലഭിക്കാനുള്ള ഏജൻസിയില്ല.
- ✖ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സംരംഭകർക്ക് വേണ്ടത്ര പ്രോത്സാഹനമില്ല
- ✖ ഒരേ മാതൃകയിൽ ഉള്ള സംരംഭങ്ങളുടെ എണ്ണം വർദ്ധിക്കുകയും ഉല്പന്നങ്ങളുടെ വിപണനം പ്രശ്നമാവുകയും ചെയ്യുന്നു.
- ✖ അസംസ്കൃത വസ്തുകൾ വാങ്ങിക്കുമ്പോഴും, ഉല്പന്നങ്ങളുടെ വിപണനത്തിലും ഇടത്തട്ടുകാരുടെ എണ്ണം വർദ്ധിച്ചു.
- ✖ സ്വയം തൊഴിൽ ചെയ്യാനുള്ള താല്പര്യകുറവും, സർക്കാർ ജോലിക്ക് വേണ്ടിയുള്ള അമിതാവേശവും.
- ✖ വൈദ്യുതി കണക്ഷൻ ലഭിക്കാൻ താമസം നേരിടുന്നു.

## സാദ്ധ്യതകൾ, നിർദ്ദേശങ്ങൾ

- ✔ പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, ഉരു, ഇരുമ്പുല്പന്നങ്ങൾ എന്നിവ പുനരുജ്ജീവിപ്പിക്കുക
- ✔ പ്രാദേശികമായി ലഭ്യമായ അസംസകൃത വസ്തുകളുടെ അടിസ്ഥാനത്തിൽ വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക
- ✔ പുതിയ വ്യവസായസംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് വൈദ്യുതി നിരക്കിൽ ഇളവുകൾ നൽകുക
- ✔ പരമ്പരാഗത മേഖലകളിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനികയന്ത്രങ്ങൾ സ്ഥാപിക്കേണ്ടതാ ണ്
- ✔ വിദേശ പുറം മാർക്കറ്റ് ലക്ഷ്യം വെച്ചു കൊണ്ടുള്ള വൈവിദ്ധ്യമാർന്ന പരമ്പരാഗത ഉല്പനങ്ങൾ നിർമ്മിക്കേണ്ടതും ഇതിനായി പരിശീലന പരിപാടികൾ നടത്തുകയും ചെയ്യുക.
- ✔ ചെറുകിട കുടിൽ വ്യവസായങ്ങളിൽ മുതൽ മുടക്കാൻ പഞ്ചായത്തിന് അകത്തും പുറത്തുമുള്ള സംരംഭകരെ ആകർഷിക്കുന്നതിന് അവർക്ക് സൗകര്യങ്ങൾ ഏർപ്പെടുത്തുക
- ✔ ബേപ്പൂർ തുറമുഖത്തിന്റെ സമഗ്ര വികസനം- സ്ഥിരമായി മണ്ണ് നീക്കാനുള്ള സംവിധാനം
- ✔ പഞ്ചായത്ത് തലത്തിൽ വ്യവസായരംഗത്തെ വിദഗ്ധരും ജനപ്രതിനിധികളുമടങ്ങുന്ന ഒരു സമഗ്രവ്യവസായ പ്രോത്സാഹന കൗൺസിൽ ( കൊല്ലം മാതൃക) രൂപീകരിക്കാവുന്നതാണ്.
- ✔ പഞ്ചായ്ത്തിന്റെ പ്രത്യേക സാഹചര്യത്തിൽ കരകൗശല വസ്തുക്കൾ, കാർഷികാവശ്യത്തിനുള്ള ഉപകരണങ്ങൾ മത്സ്യ ബന്ധനത്തിനുപയോഗിക്കുന്ന വല, ചകിരി, വളം, വസ്ത്രം എന്നിവയുടെ നിർമ്മാണത്തിന് പദ്ധതികൾ തയ്യാറാക്കണം
- ✔ തയ്യൽ തൊഴിലിൽ നിരവധി അഭ്യസ്തവിദ്യരടക്കം ജോലി ചെയ്യുന്നുണ്ട്. വിദഗ്ദ്ധപരിശീലനം നൽകിയാൽ 'റെഡി മെയ്ഡ്' വസ്ത്രനിർമ്മാണ യൂണിറ്റുകൾക്ക സാധ്യതയുണ്ട്.

ഉരു നിർമ്മാണം


അതിപുരാതന കാലം മുതൽക്കുതന്നെ പായകപ്പൽ, നിർമ്മാണം ബേപ്പൂരിൽ നിലനിന്നിരുന്നു. ഓടങ്ങൾ ചെറിയ ഉരുക്കൾ (മഞ്ചി) എന്നിവ നിർമ്മിക്കുന്നതിൽ അതീവ വൈദഗ്ദ്ധ്യം ഉള്ള തൊഴിലാളികൾ ഈ പ്രദേശത്തുണ്ടായിരുന്നു. നിലമ്പൂർ കാടുകളിൽ നിന്നും സുലഭമായി ലഭിച്ചിരുന്ന ഗുണനിലവാരമുള്ള തേക്ക് തടി, ഉരുക്കൾ നിർമ്മിക്കുന്നതിനും പുഴയിൽ ഇറക്കുന്നതിനും സൗകര്യമുള്ള പുഴയോരപ്രദേശം എന്നിവ ഈ പ്രദേശത്തിന് അനുകൂല ഘടകങ്ങളായിരുന്നു. ഭാരതത്തിലെ ഇതര നാട്ടുരാജ്യങ്ങളിലേക്കും, ചൈന, യൂറോപ്യൻ രാജ്യങ്ങൾ, അറേബ്യ എന്നീവിടങ്ങളിലേക്കും ഇവിടെ നിന്നും ഉരു നിർമ്മിച്ചയച്ചിരുന്നു. ഫ്രഞ്ച് യുദ്ധത്തിൽ ബേപ്പൂരിൽ നിർമ്മിച്ച പായകപ്പലുകൾ പങ്കെടുത്തിരുന്നു എന്നും, ചേരമാൻ പെരുമാളിന് ഹജ്ജ് കർമ്മത്തിന് മെക്കയിലേക്ക് യാത്രചെയ്യുവാനുള്ള ഒരു പ്രത്യേക പായകപ്പൽ ബേപ്പൂരിന് കിഴക്ക് ഭാഗത്ത് ചാലിയം പ്രദേശത്ത് നിന്നാണ് നിർമ്മിച്ചതെന്നും ഐതീഹ്യമുണ്ട്.

ഉയർന്ന ഗുണനിലവാരമുള്ള ഉരു താരതമ്യേന ചുരുങ്ങിയ ചിലവിൽ ഇവിടെ നിർമ്മിച്ചിരുന്നു എന്നത് തന്നെയാണ് ലോകവ്യാപാരമായി ഇവിടുത്തെ ഉരു വ്യവസായം ശ്രദ്ധേയമയത്. മാത്രമല്ല വിവിധ പ്രദേശങ്ങിളിൽ നിന്നും അറ്റകുറ്റ പണികൾക്ക് വേണ്ടി പായക്കപ്പലുകൾ ബേപ്പൂരിലേക്ക് കൊണ്ടുവന്നിരുന്നു. ആദ്യകാലങ്ങളിൽ ജലവാഹനങ്ങൾ നിർമ്മിക്കുന്നതിൽ വൈദഗ്ദ്ധ്യമുള്ളവർ ഈ പ്രദേശത്തുണ്ടായിരുന്നില്ല. ഗുജറാത്തിൽ നിന്നും വന്നിരുന്ന വ്യാപാരികൾ അവിടെ നിന്നും കൊണ്ട് വന്ന വിദഗ്ദ്ധരായ മേസ്ത്രിമാരുടെ മേൽ നോട്ടത്തിൽ ഇവിടുത്തെ ആശാരിമാരെ കൊണ്ട് ജലവാഹനങ്ങൾ നിർമ്മിക്കുന്ന പതിവാണ് ഉണ്ടായിരുന്നത്. മേസ്ത്രിമാരെ"കൈതർ മാർ" എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. കൈതർമാരുടെ കീഴിൽ പണി ചെയ്തു ശീലിച്ച ആശാരിമാർ പിന്നീട് വിവിധ ഇനം ജലവാഹനങ്ങൾ നിർമ്മിക്കുന്നതിൽ നൈപുണ്യം സിദ്ധിച്ചവരായി. പിന്നീട് കൈതർമാരെ ഒഴിവാക്കി പ്രാദേശികരായ ആശാരിമാരിൽ ചിലർ 'മേസ്ത്രി' മാരായി മാറി. അവരുടെ നേതൃത്വത്തിൽ കപ്പൽ ഒഴിച്ചുള്ള എല്ലാ ജലവാഹനങ്ങളും ബേപ്പൂരിൽ നിർമ്മിച്ചു വന്നു.

തേക്ക്, അയനി, വെണ്ടേക്ക്, കരിമരുത് എന്നീ മരങ്ങൾ ആണ് ഉരു നിർമ്മിക്കാൻ ഉപയോഗിക്കുന്നത്. കൂടാതെ ഉരു നിർമ്മാണത്തിനാവശ്യമായ ഇരുമ്പാണി, നങ്കൂരം എന്നിവ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധരായ തൊഴിലാളികൾ ഈ പ്രദേശത്ത് ഇപ്പോഴുമുണ്ട് മരം കൈ ഇർച്ച ഈരുന്നതിൽ പ്രാവീണ്യമുള്ള നിരവധി തൊഴിലാളികൾ ഈ പ്രദേശത്ത് ഇപ്പോഴുമുണ്ട്. യാതൊരു വിധ ആധുനിക ഉപകരണങ്ങളുമില്ലാതെ പരമ്പരാഗതമായി ആർജ്ജിച്ച ജ്ഞാനവും, അനുഭവ സമ്പത്തും മുൻനിർത്തിയാണ് ഇവ നിർമ്മിക്കുന്നത്. 600–700 ടൺ കേവുഭാരമുള്ള ഉരു ഇവിടെ നിന്നും നിർമ്മിച്ചിട്ടുണ്ട്. വാസ്കോഡഗാമയുടെ ഇന്ത്യയിലേക്കുള്ള യാത്രയുടെ ചില ജർമ്മൻ സാഹസിക സഞ്ചാരികൾ ഇവിടെ നിന്നും 1974ൽ ഒരു ജലവാഹനം നിർമ്മിക്കുകയുണ്ടായി. 1956ൽ ഗുജറാത്തിലേക്ക് നിർമ്മിച്ചയച്ച "ശിവശക്തി" എന്ന ഉരു സമീപകാലത്ത് ഇവിടെ നിന്നും നിർമ്മിച്ച ഏറ്റവും വലിയ ജലവാഹനമാണ്. താമുട്ടി മേസ്ത്രി, എടത്തും പടിക്കൽ ഇമ്പിച്ചി മേസ്ത്രി, ചാന്തുക്കുട്ടി മേസ്ത്രി എന്നിവർ പഴയകാല ഉരു നിർമ്മണ രംഗത്തെ പ്രഗൽഭരാണ്.

ബർമ്മ, മലേഷ്യ, ചൈന, അറേബ്യ തുടങ്ങിയ രാജ്യങ്ങളിലേക്ക് രണ്ടാം ലോകമഹായുദ്ധത്തിന് മുൻപ് തന്നെ ഇവിടെ നിന്നും ഉരു നിർമ്മിച്ചയച്ചിരുന്നു. യുദ്ധാനന്തരം ഇതര ഭാഗങ്ങളിലെക്കും ഈ വ്യാപാരം വളർന്നു. എണ്ണയുൽപ്പാദനം തുടങ്ങിയതോടെ അറേബ്യൻ ഐക്യനാടുകളിലുണ്ടായ അഭൂതപൂർവ്വമായ വളർച്ച ഈ വ്യവസായത്തെ കൂടുതൽ ആകർഷകമാക്കി. 1965–85 കാലഘട്ടം ഈ വ്യവസായത്തിന്റെ സുവർണ്ണകാലഘട്ടമായിരുന്നു. 32 ഉരു വരെ ഇവിടെ നിർമ്മിച്ച വർഷമുണ്ടായിരുന്നു. 750 ആശാരിമാർ അടക്കം 1500 ഓളം തൊഴിലാളികൾ അന്ന് സ്ഥിരമായി ഈ ജോലിയിൽ ഏർപ്പെട്ടിരുന്നു. ഇവിടെ നിന്നും നിർമ്മിക്കുന്ന ഉരു മറ്റു രാജ്യങ്ങളിൽ കൊണ്ടുപോയാണ് യന്ത്രങ്ങൾ ഘടിപ്പിച്ചിരുന്നത്. കേരളത്തിൽ കാസർഗോഡ് ഭാഗത്ത് ചെറിയ തോതിൽ ഉരുനിർമ്മാണം നടക്കുന്നതൊഴിച്ചാൽ മറ്റൊരിടത്തും ഉരു നിർമ്മാണമില്ലെന്നത് ശ്രദ്ധേയമാണ്.

കേരളത്തിൽ ആവശ്യത്തിന് മരം ലഭിക്കാത്തതും ലഭിക്കുന്ന മരത്തിന്റെ വമ്പിച്ച വിലവർധനവും മൂലം ഈ വ്യവസായം ഇന്ന് പ്രതിസന്ധിയില്ണ്. മലേഷ്യയിൽ നിന്നും താരതമ്യേന ചുരുങ്ങിയ വിലക്ക് മരം ലഭിക്കുന്നനതിനാൽ ഗൾഫുനാടുകളിൽ വെച്ച് തന്നെ ഇവിടെയുള്ള ആശാരിമാരെ ഉപയോഗിച്ച് ഉരുനിർമ്മാണം നടത്തുന്ന പ്രവണതയാണ് ഇപ്പോഴുള്ളത്.



# വിദ്യാഭ്യാസം

ചരിത്രപ്രസിദ്ധമായ തുറമുഖവും വിപണന കേന്ദ്ര വുമായ കോഴിക്കോട് നഗരത്തിന്റെ തെക്കെ ഭാഗം ചേർന്ന് കിടക്കുന്ന ബേപ്പൂർ പ്രദേശത്ത് അറിവിന്റെ വെളിച്ചം എത്തിക്കാൻ നിലത്തെഴുത്ത നടത്തിയ പള്ളികൂടങ്ങളാണ്. പ്രാഥമിക പ്രവർത്തനങ്ങൾ നടത്തിയത്. പിന്നീട് 1860-ൽ ആയിരുന്നു ആദ്യത്തെ വിദ്യാകേന്ദ്രം നിലവിൽ വന്നത് അത് ഇന്നത്തെ ജി.എൽ.പി.സ്ക്കൂൾ (പഴയ സ്കൂൾ) ആണ്. കുടുംബവകയായി ആരംഭിച്ച എഴുത്തുപള്ളികൂട ത്തിൽ പിന്നീട് സഹവർത്തികളുടെയും ആശ്രീതരുടെയും മക്കൾക്കു കൂടി പ്രവേശനം ലഭിച്ചു. തുടർന്നു നാട്ടുകാ രുടെ സമർദ്ദഫലമായി കിഴക്കെ പുതുകുടി അപ്പുണ്ണിനാ യരുടെ ശപാർശപ്രകാരം ഈ വ്യദ്യാകേന്ദ്രം ഡിസ്ട്രിക്ട് ബോർഡ് ഏറ്റെടുക്കുകയും പിന്നീട് 1800 ൽ ഇത് ഒരു പൊതുവിദ്യാലയമാവുകയും ചെയ്തു. ജാതിമതവ്യവസ്ഥ കൾ രൂക്ഷമായി നിലനിന്നിരുന്ന ആ കാലഘട്ടത്തിൽ ഹരി ജനങ്ങളും ഈ വിദ്യാലയത്തിൽ പഠിച്ചിരുന്നുവെന്നകാര്യം പ്രത്യേകം സ്മരിക്കേണ്ടതാണ്. ബേപ്പൂരിലെ സാമൂഹിക മാറ്റത്തിന്റെ തുടക്കം നമുക്കിവിടെ കാണാവുന്നതാണ്. എന്നിട്ടും ബഹുഭൂരിപക്ഷം വരുന്ന ഈ പ്രദേശത്തെ ആളു കൾ ഈ മാറ്റം ഉൾകൊള്ളാൻ തയ്യാറായില്ല. അത്കൊ ണ്ടുതന്നെ 1929 വരെ എഴുത്തുപള്ളികലും ഓത്തുപള്ളി കളും പഴയ അവസ്ഥയിൽ തന്നെ നിലനിന്നു 1929ൽ ഡിസ്ട്രിക്ട് ബോർഡിന്റെ സമ്മർദ്ദ ഫലമായി 6ഓളം ഓത്തവിദ്യാകേന്ദ്രങ്ങളും എഴുത്തുവിദ്യാകേന്ദ്രങ്ങളും പൊതുവിദ്യാലയങ്ങളായി മാറി.

പഞ്ചായത്തിൽ മൊത്തം 19 വിദ്യാലയങ്ങളാണു ള്ളുത്. ഇതിൽ 8 എണ്ണം സർക്കാർ മേഖലയിലും 11 എണ്ണം സ്വകാര്യ മേഖലയിലുമാണ് സ്വകാര്യമേഖലയിലുള്ള വിദ്യാ ലയങ്ങളിൽ 3എണ്ണം എയിഡഡ് ആണ്. മൊത്തം അദ്ധ്യാ പകരിൽ 61% പേർ സർക്കാർ മേഖലയിലും 15% പേർ എയി ഡഡ് മേഖലയിലും 16% അൺ എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്നു. പഠിക്കുന്ന വിദ്യാർത്ഥികളിൽ 61% പേരുുംസർക്കകാർ സ്കൂളിലാണ് പഠിക്കുന്നത്. എയി ഡഡ് സ്ക്കൂളിൾ 18%വും അൺ എയിഡഡ് സ്ക്കൂളിൽ 21%വും വിദ്യാർത്ഥികളൊന്നുള്ളത്. ആകെയുള്ള 7503 വിദ്യാർത്ഥികലിൽ 52%വും പെൺകുട്ടികളാണ്.(പട്ടിക-1A കാണുക) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളോ സർക്കാർ/ സ്വകാര്യ മേഖലയിലുള്ള സാങ്കേതിക സ്ഥാപനങ്ങളോ ഈ പഞ്ചായത്തിൽ ഇല്ല. എന്നാൽ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള 4 മോഡൽ I.T.I കളിൽ ഒന്ന് താൽകാലികടി സ്ഥാനത്തിൽ ഇവിടെ പ്രവർത്തിക്കുന്നുണ്ടു. ഈ സ്ഥാപ നത്തിലെ പ്രവേശനം പ്രാദേശികടിസ്ഥാനത്തിൽ യാതൊരു പരിഗണനയുമില്ലെന്നത്. ശ്രദ്ധിക്കേണ്ടതാണ്.

ഉന്നതവദ്യാഭ്യാസത്തിനായി കോഴിക്കോട് നഗരത്തി ലുള്ള കലാശാലകളെയും രാമനാട്ടുക്കര പഞ്ചയത്തിലുള്ള കോളേജിനെയുമാണ് പ്രധാനമായും ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ഗവൺമെന്റ് ഹൈസ്ക്കൂളിലെ വിജയശ തമാനം പൊതുവെ കുറവാണ്. അത് കൊണ്ടുതന്നെ പഞ്ചായത്തിൽ നിന്ന് കലാലയങ്ങളിൽ പ്രവേശനം കിട്ടു ന്നവരുടെ എണ്ണം വളരെ കുറവാണ്.

പഞ്ചായത്തിൽ 3വീതം പ്രീപൈമറി സ്ക്കുളുകളും ബാലവാടികളും, അംഗനവാടികലും, പ്രവർത്തിക്കുന്നുണ്ട് പ്രീ.പ്രൈമറി സ്കൂളിൽ 2 എണ്ണം ഇംഗ്ലീഷ് മീഡിയമാണ്. ഇതിലെ വിദ്യാർത്ഥികളിൽ അധികവും സമ്പന്നരുടെയോ, ഇടത്തരക്കാരുടെയോ കുട്ടികളാണ്. മതപഠനസ്ഥാപന മായ മദ്രസ്സകൾ 10 എണ്ണവും ഒരു സൺഡെ സ്ക്കൂളും പ്രവർത്തിക്കുന്നുണ്ട്.

ആധുനികവിദ്യാഭ്യാസത്തിന്റെ ശാസ്ത്രീയത

ഉൾകൊണ്ട് ഈ പഞ്ചായത്തിൽ ഒരു പ്രീ-പ്രൈമറി സ്ക്കൂൾ നടുവട്ടത്തുണ്ട്. പഞ്ചായത്തിലെ പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യങ്ങൾ വളരെ കുറവായതിനാൽ ധാരാളം കുട്ടികൾ പഞ്ചായത്തിന് പുറത്തുള്ള വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്. മാതൃ ഭഷയെ അവഹേളിച്ചുകൊണ്ട് ഇംഗ്ലീഷ്മീഡിയം വിദ്യാലയങ്ങൾ എണ്ണം കൂടികൊണ്ടിരിക്കുന്നു. മാതൃഭാഷയിൽ നേഴ്സറി പ്രൈമറി വിദ്യാഭ്യാസം നടത്തുന്നതിൽ രക്ഷിതാക്കൾ വിമുഖരാണ്.

ജനസാന്ദ്രത ഏറിയ തീരപ്രദേശങ്ങളിൽ വേണ്ടത്ര വിദ്യാഭ്യാസ സ്ഥാപനങ്ങളോ സൗകര്യങ്ങളോ ഇല്ലാത്ത അവസ്ഥ ഇന്നം നിലനിൽക്കുന്നു. പട്ടിക1B

മൊത്തം വിദ്യാർത്ഥികളുടെ 1.96% മാത്രമാണ് പട്ടികജാതി- പട്ടിക വർഗ്ഗ വിദ്യാർത്ഥികലുടെ എണ്ണം (പട്ടിക 1C)

സാമൂഹിക സാമ്പത്തിക കാരണങ്ങളിൽ സ്ക്കൂൾ വിദ്യാഭ്യാസം നിർത്തുന്ന ഈ സാഹചര്യം നിലിൽക്കുന്നുണ്ട്. 95-96 അദ്ധ്യയനവർഷം 48 പെൺകുട്ടികളും 52 ആൺകുട്ടികളും പഠനം നിർത്തിയതായി കാണുന്നു. (പട്ടിക 1D)

ബേപ്പൂർ പഞ്ചായത്തിലെ പഠന നിലവാരത്തിൽ ഭൂരിപക്ഷം കുട്ടികളും ശരാശരി നിലവാരമുള്ളവരാണ്.

പട്ടിക VI A & പട്ടിക VI B

## സാങ്കേതിക വിദ്യാഭ്യാസം:

കടലോരഗ്രാമമായ ബേപ്പൂരിൽ അതുമായി ബന്ധപ്പെട്ട ഒരേ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം മാത്രമാണുള്ളത് എന്നാൽ വേണ്ട വിധത്തിൽ ഇതിനെ പ്രയോജനപ്പെടുത്താൻ മത്സ്യബന്ധന മുഖ്യതൊഴിലാക്കിയ ജനങ്ങൾ ഇനിയും മുന്നോട് വരുന്നില്ല. ചരിത്രം പരിശോധിക്കുമ്പോൾ ഇവിടത്തെ പ്രഥമ സാങ്കേതിക വിദ്യാലയം ചിരപുരാതനമായ കയർ സ്ക്കൂളായിരുന്നു. കേരളത്തിനകത്തും പുറത്തുമായി പ്രവർത്തിച്ച ഒട്ടേറെ വിദഗ്ദരായ അദ്ധ്യാപകരെയും ഉദ്യോഗ്സ്ഥന്മാരെയും സംഭാവന ചെയ്യാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട്. സ്വകാര്യ മേഖലയിൽ 5 ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും മോശമായ ഭൗതിക സാഹചര്യങ്ങളോടു കൂടിയവയാണ്. കമ്പോള ഭ്രമമുള്ള ഇന്നത്തെ ജനസമൂഹത്തിന് ഈ വിദ്യാലയങ്ങൾ ആകർഷകമല്ല അതുകൊണ്ട് തന്നെ നഗരങ്ങളിൽ പോയി പഠിക്കുന്ന വിദ്യാരത്ഥികളുടെ എണ്ണം കൂടിവരുന്നു. പ്രാഥമിക സൗകര്യങ്ങൾ പോലുമില്ലാത്ത വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. (പട്ടിക IV)

സ്വന്തമായി കെട്ടിടമില്ലാത്ത രണ്ടു സർക്കാർ വിദ്യാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്. 1860ൽ ആരംഭിച്ച പഴയ സ്ക്കൂളിന് 1996ൽ പോലും സ്വന്തമായി സ്ഥലമോ, കെട്ടിടമോ ഇല്ല. 1929ൽ ആരംഭിച്ച ബേപ്പൂർ ഗവർമ്മെണ്ട് എൽ.പി. സ്ക്കൂളിന്റെ സ്ഥിതി ഇനിയും പരിതാപകരമാണ്. പ്രാഥമിക സൗകര്യങ്ങളോ, വിദ്യാലയത്തിനു വേണ്ട ശാന്തമായ അന്തരീക്ഷമോ ഇവിടെ ഇല്ല. (പട്ടിക V)

സ്വകാര്യവിദ്യാലയങ്ങളുടെ സ്ഥിതിയും മറിച്ചല്ല. ഭൗതീക സാഹചര്യങ്ങളുടെ ശോച്യാവസ്ഥ മിക്ക സ്ക്കൂളുകളിലും പ്രകടമാണ്.

ഒരു പ്രാഥമിക വിദ്യാലയം പോലുമില്ലാത്ത 8 വാർഡുകൾ ഈ പഞ്ചായത്തിലുണ്ട്. രണ്ടിലധികം കിലോമീറ്റർ നടന്നു സ്ക്കൂളിൽ എത്തേണ്ട അവസ്ഥയും നിലവിലുണ്ട്.

ഇതൊക്കെയാണെങ്കിലും പ്രീപ്രൈമറി വിദ്യാലയങ്ങൾ വർഷം തോറും നമ്മുടെ പഞ്ചായത്തിൽ പൊട്ടിമുളക്കുന്നു. (പട്ടിക 6)

കുഞ്ഞുങ്ങളിൽ വളർത്തിയെടുക്കേണ്ട മൂല്യങ്ങളേയോ സ്വഭാവ ഗുമത്തെയോ ലക്ഷ്യമാക്കയല്ല ആരംഭം. നമ്മുടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടക്കുന്ന നടുവട്ടം ബാലവാടിയിൽ ആകെ 83 കുട്ടികൾ ഉണ്ട്. സ്ഥലപരിമിതി അനുഭവപ്പെടുന്ന ഒരു ബാലവാടി പോലുമില്ലാത്ത 5 വാർഡുകളുമുണ്ട്. (പട്ടിക 7)

അധികാരവികേന്ദ്രീകരണം വന്നതോടെ ജനപങ്കാളിത്തത്തോടെ വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സർക്കാറിന്റെ ഭാഗത്ത് നിന്നും ശ്രമം തുടങ്ങിയിട്ടുണ്ട്. വിദ്യാഭ്യാസരംഗത്ത് ഇടപെടാനുള്ള ചുമതല ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിച്ചിരിക്കയാണല്ലോ. 1996 ജൂലൈയിൽ എല്ലാ വിദ്യാലയങ്ങളെയും സംയോജിപ്പിച്ചുകൊണ്ട് 'ബേപ്പൂർ പഞ്ചായത്ത് സമിതി'ക്ക് രൂപം കൊടുത്തു. നിരക്ഷരതാ നിർമ്മാർജ്ജനം, വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, S.S.L.C 100 മേനി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക, ജനങ്ങളെ ബോധവൽക്കരിച്ച് വിദ്യാഭ്യാസ പരിഷ്കരണ കാര്യങ്ങളിൽ പങ്കാളികളും സഹായികളുമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. പഞ്ചായത്തിൽ ഈ പ്രവർത്തനം മുഴുവനായിട്ടില്ല.

സാക്ഷരതാ പ്രവർത്തനത്തിലൂടെ പൊതു ജനങ്ങളിലെ നിരക്ഷരത നിർമ്മാർജ്ജനങ്ങൾ നടന്നെങ്കിലും വിദ്യാലയങ്ങളിലെ നിരക്ഷരത റിന്നും നിലനിൽക്കുന്നു എന്നുള്ളതാണ് സത്യം. 10-ാംതരം പോലം ഇതിൽ നിന്നു ഒഴിവല്ല എന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ അദ്ധ്യാപകരുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ വിദ്യാലയപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഇനിയും വൈകിയാൽ പൊതുജനങ്ങളിലെ നിര

ക്ഷരരുടെ എണ്ണം പടിപടിയായി ഉയരും.

## സാക്ഷരത പ്രവർത്തനം

1990ൽ ആരംഭിച്ച സാക്ഷരതാ പ്രവർത്തനം ഈ പഞ്ചായത്തിലെ 7000 വരുന്ന നിരക്ഷരരുടെ ഇടയിൽ വലിയൊരു മാറ്റത്തിന് കാരണമായി. ഇവരിലെ ബഹുഭൂരിപക്ഷത്തേയും സാക്ഷരരാക്കാൻ കഴിഞ്ഞെങ്കിലും തുടർപ്രവർത്തനങ്ങളിലൂടെ അവരെ ഈ രംഗത്ത് നിലനിർത്താൻ കഴിയാത്തതു കൊണ്ടു സ്ഥിതി ഇനിയും മെച്ചമായിട്ടില്ല.

## പ്രശ്നങ്ങൾ

- ✖ സർക്കാർ/എയിഡഡ് വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം വർഷങ്ങൾ കഴിയുന്തോറും കുറഞ്ഞുവരുന്നു.
- ✖ മിക്കസ്ക്കൂളുകളിലും വേണ്ടത്ര പഠനസൗകര്യങ്ങൾ (കെട്ടിടം, ലാബ്, ബെഞ്ച്, ഡസ്ക്, മൂത്രപ്പുര, കുടിവെള്ളം, കളിസ്ഥലം) മുതലായവ ഇല്ല.
- ✖ അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ വർദ്ധനവ് അംഗീകൃത എൽ.പി. സ്ക്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞു.
- ✖ ചുറ്റുമതിലും അടച്ചുറപ്പുള്ള കെട്ടിടങ്ങളും ഇല്ലാത്ത സ്ക്കൂൾ ഉണ്ട്
- ✖ കളിസ്ഥലം ഉള്ള സ്ക്കൂളുകൾ കുറവാണ്
- ✖ സ്ക്കുളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കുക.
- ✖ സാങ്കേതിക സ്ഥാപനങ്ങൾ നിലവിൽ വരുമ്പോൾ കമ്പ്യൂട്ടറിന് പ്രഥമ സ്ഥാനം നൽകണം, ബേപ്പൂർ ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠനത്തിനുള്ള വെക്കേഷണൽ ഹയർസെക്കണ്ടറിആയി ഉയർത്തണം
- ✖ പഞ്ചായത്തിലെ ആറു വാർഡുകളിൽ L.P സ്ക്കൂളുകൾ ഇല്ല.
- ✖ അംഗനവാടികളുടെ അഭാവം അൺഎയ്ഡഡ് നേഴ്സറികളുടെ സ്ഥാപനത്തിന് പ്രചോദനമാക്കുന്നു.
- ✖ അദ്ധ്യാപകരുടെ കുറവ് കുട്ടികളുടെ പഠന നിലവാരത്തെ സാരമായി ബാധിക്കുന്നു
- ✖ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ വിദ്യാലയങ്ങളിൽ കെട്ടിടത്തിന്റെ മോശമായ അവസ്ഥയും, റോഡിന്റെ സാമിപ്യവും വിദ്യാലയന്തരീക്ഷത്തെ നശിപ്പിക്കുന്നു.
- ✖ സ്ക്കൂളിൽ ചുരുങ്ങിയ തോതിൽ നിരക്ഷരത നിലനിൽക്കുന്നു.
- ✖ പഞ്ചായത്ത് ബാലവാടിയുടെ കെട്ടിടസൗകര്യം അപര്യാപ്തമാണ്
- ✖ കാര്യക്ഷമമായി പ്രവർത്തച്ചിരുന്ന ക്വയർട്രെയ്നിങ് സ്ക്കുളും, ഫാക്ടറിയും ഇന്ന് വെറും ഷോറുമായി അധ:പതിച്ചു.
- ✖ വാർഡുകളിൽ സ്ക്കൂളില്ലാത്തത് കൊണ്ട് കുട്ടികൽക്ക് വളരെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. ഇത് മൂലം കൊഴിഞ്ഞ് പോക്ക ഉണ്ടാകുന്നു.

## പരിഹാരങ്ങൾ

- ✔ നിലവാരമുള്ള ആകർഷകമായ സ്ക്കൂളുകൾ ആക്കുക
- ✔ പി.ടി.എ ശക്തമാക്കി പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശ്രമത്തോടൊപ്പം ഗ്രാമപഞ്ചായത്ത് സഹായിക്കുക.
- ✔ നിലവാരമുള്ള വിദ്യഭ്യാസം ഉറപ്പ് വരുത്തുന്നതോടൊപ്പം പഠനമാധ്യമം മലയാളമാക്കി കൊണ്ടുള്ള നിയമം കൊണ്ടുവരിക. സംസ്കൃതെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.
- ✔ സർക്കാറിന്റെയും, പഞ്ചായത്തിന്റെയും സത്വര ശ്രദ്ധ ഇവിടെ ആവശ്യമാണ്
- ✔ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കണം
- ✔ ലക്ഷ്യബോധമുള്ള ബാലവാടികൾ സൗകര്യപ്രദമായ സ്ഥലങ്ങളിൽ സ്ഥാപിക്കണം
- ✔ എല്ലാ വാർഡുകളിലും അംഗനവാടികൾ സ്ഥാപിക്കാനുള്ള ശ്രമം നടത്തണം.
- ✔ വിദ്യാലയ വർഷാരംഭത്തിൽ തന്നെ ആവശ്യമുള്ള അദ്ധ്യാപകരെ നിയമിക്കാൻ നടപടി എടുക്കണം.
- ✔ സർക്കാർ സ്ക്കൂളുകൽക്ക് സ്ഥലം കണ്ടെത്തി കെട്ടിടം പണിയണം
- ✔ പ്രാഥമിക വിദ്യാലയങ്ങളിൽ ഭാഷാ പഠനത്തിൽ കൂടതൽ ഊന്നൽ നൽകണം

പഠനം നിർത്തിയവരുടെ കണക്ക്

| SC/ST | | | | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| – | – | – | 52 | 48 | 100 |
| | | | | ആകെ | 100 |

| നമ്പർ | സ്ക്കൂൾ | മാനേജ്മെന്റ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | അധ്യാപകർ പുരുഷൻമാർ | സ്തീകൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1 | ഗവ: ഹൈസ്ക്കൂൾ ബേപ്പൂർ | ഗവ: | 1163 | 1175 | 2338 | 21 | 47 | 68 |
| 2 | ഗവ: ആർ.എഫ്.ടി.എച്ച്.എസ് ബേപ്പൂർ | "" | 29 | - | 29 | 4 | 3 | 7 |
| 3 | ഗവ: യു.പി. സക്കൂൾ നടുവട്ടം | "" | 809 | 705 | 1514 | 10 | 33 | 43 |
| 4 | ഗവ: ഫിഷറീസ് എൽ.പി.എസ് നടുവട്ടം | "" | 104 | 93 | 197 | 1 | 2 | 3 |
| 5 | ഗവ: എൽ.പി. എസ്. ബേപ്പൂർ വെസ്റ്റ് | "" | 123 | 129 | 252 | 5 | 5 | 10 |
| 6 | ഗവ: എൽ.പി.എസ് ബേപ്പൂർ സൗത്ത് | "" | 147 | 108 | 255 | 3 | 6 | 9 |
| 7 | ഗവ: എൽ.പി.എസ് ബേപ്പൂർ | "" | 307 | 288 | 595 | 2 | 14 | 16 |
| 8 | ജിനരാജദാസ് എ.എൽ.പി. എസ് | എയ്ഡ് | 257 | 242 | 499 | 5 | 6 | 11 |
| 9 | ഗോവിന്ദവിലാസ് എ.എൽ.പി.എസ് | "" | 321 | 292 | 613 | 4 | 15 | 19 |
| 10 | താട്ടാടത്തുംകാവ് എ.എൽ.പി.എസ് | "" | 130 | 120 | 250 | 3 | 7 | 10 |
| | | | 339 | 3152 | 6542 | 58 | 138 | 196 |

*പട്ടിക-1A*

പട്ടിക 1(B)

| | L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 6542 | 1389 | 1272 | 47.8 | 809 | 705 | 46.57 | 1192 | 1175 | 49.64 |
| ആകെ 48.18% | | | | | | | | | |

പട്ടികജാതി പട്ടികവിദ്യാർത്ഥികളുടെ കണക്ക്

| L.P | | | U.P | | | H.S | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/St | % | ആകെ | SC/St | % | ആകെ | SC/St | % |
| 2661 | 39 | 1.47 | 1514 | 40 | 0.07 | 2367 | 49 | 2.07 |
| ആകെ 23 67 | | | | | | | | |

*പട്ടിക -1C*

ഗവ: സ്ക്കൂളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകൻമാർ പഞ്ചായത്തിൽ | ഗവ: വിദ്യാലയങ്ങളിലെ അദ്യാപകരുടെ എണ്ണം | ശതമാനം | പഞ്ചായത്തിലെ വിദ്യാർത്ഥകുളുടെ എണ്ണം | ഗവ: സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 196 | 156 | 79.59 | 6542 | 5180 | 79.18 |

## പട്ടിക IV
### അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഗമം സജീവം |
|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 5 | 3 | - | 7 | 6 | 3 | 2 | 1 | 1 | 10 | 10 |
| ഇല്ലാത്തത് | 2 | 5 | 7 | - | 3 | 4 | 7 | 8 | 9 | 9 | - | - |

## പട്ടിക V
### സ്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം


| നമ്പർ | സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഗവ.ഹൈസ്കൂൾ ബേപ്പൂർ | 2338 | 68 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | ഗവ.ആർ.എഫ്.ടി.എച്ച്.എസ് ബേപ്പൂർ | 29 | 7 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3 | ഗവ.യുപി സ്കൂൾ നടുവട്ടം | 1514 | 43 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4 | ഗവ.ഫിഷറീസ് എൽ.പി.സ്കൂൾ നടുവട്ടം | 197 | 3 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 5 | ഗവ.എൽ.പി.സ്കൂൾ ബേപ്പൂർ വെസ്റ്റ് | 252 | 10 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 6 | ഗവ.എൽ.പി.സ്കൂൾ ബേപ്പൂർ സൗത്ത് | 255 | 9 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7 | ഗവ.എൽ.പി.സ്കൂൾ ബേപ്പൂർ ബേപ്പൂർ | 595 | 16 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 8 | ജിനരാജ് എ.എൽ.പി.സ്കൂൾ | 499 | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 9 | ഗോവന്ദവിലാസം എ.എൽ.പി.സ്കൂൾ | 613 | 19 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല് |
| 10 | തട്ടാടത്തും കാവ് എ.എം.എൽപി. സ്കൂൾ | 250 | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

| പട്ടിക VI-A | | | | | |
|---|---|---|---|---|---|
| സ്ക്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
| C.B.H.S | 22.4% | 22.7% | 20.5% | 24.2% | 22.7% |
| M.V.H.S | - | 12.5% | 12% | 25% | 75% |

പട്ടിക VI-B

95-96 പാദ വാർഷിക പരീക്ഷ (സർക്കാർ എയിഡഡ് സ്ക്കൂൾ) ക്ലാസ്സുകൾ

| ക്ലാസുകൾ | ആകെ | 30%താഴെ മാർക്ക് ലഭിച്ചവർ | 30% നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40% to 50% നേടിയവർ | 50 Td 99 | 60%ന് മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|---|
| III | 914 | 201 | 287 | 202 | 122 | 125 |
| IV | 925 | 179 | 273 | 209 | 46 | 142 |
| V | 577 | 89 | 259 | 105 | 20 | 78 |
| VI | 267 | 29 | 150 | 60 | 10 | 8 |
| VII | 241 | 15 | 160 | 50 | 31 | 6 |
| VIII | 565 | 418 | 61 | 46 | 72 | 9 |
| IX | 738 | 82 | 48 55 | 25 | 23 | 511 |
| | 395 | 266 | 1293 | 38 | 423 | 13 |
| | 4622 | 1279 | 27.9% | 735 | | 892 |
| | | 27.6% | | 15% | | 19% |



# ഊർജ്ജം

കേരളപിറവിക്ക് മുമ്പ് തന്നെ ബേപ്പൂർ പഞ്ചായത്തിൽ വൈദ്യുതി എത്തിയിരുന്നു. ബേപ്പൂരിലെ ചില കച്ചവടക്കാരുടെ സ്ഥാപനങ്ങളിൽ വെളിച്ചം എത്തിക്കുന്നതിനുവേണ്ടി, അവരുടെ പ്രത്യേക താൽപര്യാർത്ഥമാണ് 1952ൽ ചെറുവണ്ണൂർ വഴി വൈദ്യുതികമ്പികൾ ബേപ്പൂർ അങ്ങാടിയിൽ എത്തിയതും ഇലക്ട്രിക് ബൾബുകൾ ആദ്യാമായി പ്രകാശിച്ചതും വെസ്റ്റ് കോസ്റ്റ് ഇലക്ട്രിക് സപ്ലൈയെന്ന സ്വകാര്യവൈദ്യുതി കമ്പനിയായിരുന്നു ഇതിന് വഴിയൊരുക്കിയത്. എന്നാൽ 1956ന് ശേഷം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വൈദ്യുതിയെത്തുകയുണ്ടായി.

ബേപ്പൂർ പഞ്ചായത്തിലെ വൈദ്യുതി വിതരണം ഇപ്പോൾ നടത്തുന്നത് തൊട്ടടുത്ത ചെറുവണ്ണൂർ-നല്ലളം പഞ്ചായത്തിലെ 220kv സബ് സ്റ്റേഷനിൽ നിന്നാണ്. ബേപ്പൂർ-ചെറുവണ്ണൂർ എന്നീ ഫീഡറുകളിൽ സ്ഥാപിച്ചിട്ടുള്ള 31 ട്രാൻഫോർമറുകൾ വഴിയാണ് വിതരണം നടത്തുന്നത്. പഞ്ചായത്തിന്റെ വൈദ്യുതിവിതരണത്തിന്റെ നേൽനോട്ടം വഹിക്കുന്നത് ബേപ്പൂർ ഇലക്ട്രിക് മേജർ സെക്ഷൻ വഴിയാണ്. മൊത്തം ഉപഭോക്താക്കളിൽ 15% കച്ചവട സ്ഥാപനങ്ങൾക്കും 2% കാർഷിക ആവശ്യത്തിനും ബാക്കി ഗാർഹിക ഉപഭോക്താക്കളുമാണ്. മൊത്തം 852 തെരുവുവിളക്കുകൾ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഗോതീശ്വരം അമ്പലത്തിനുസമീപം, ലക്ഷം വീട് കോളനി നാലുസെന്റ് കോളനി, കമ്മ്യൂണിറ്റി ഹാളിന്റെ തെക്കുഭാഗത്തുള്ള പ്രദേശം, ഏഴാംവർഡിലെ, രാജീവ് കോളനി, സാഗർസരണി ബീച്ച് റോഡ് ചുള്ളിയാൽവളപ്പ്. ഏഴാം വാർഡിലെ തീരപ്രദേശങ്ങൾ കിഴക്കെ വയൽ പ്രദേശങ്ങൾ, ഒമ്പതാം വാർഡിലെ കീരീയാടം വയൽ, മണമ്പിടം വയൽ ചാക്കേരിക്കാട്പറമ്പ് പതിനാലാം വാർഡിലെ 4 സെന്റ് കോളനി എന്നീ സ്ഥലങ്ങൾ വൈദ്യുതി എത്താത്ത പ്രദേശങ്ങളാണ്.

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ച് പഞ്ചായത്തിൽ പ്രവർത്തനക്ഷമതയുള്ള 31 എൽ.റ്റി.ട്രാൻസ്ഫോർമറുകളുണ്ട്. എന്നാൽ പല വാർഡുകളിൽ നിന്നും പീക്ക് ടൈമിൽ വോൾടേജ് കുറവാണെന്ന് പരാതികൾ ഉണ്ട്. അതുകൊണ്ട് തന്നെ പഞ്ചായത്തിന്റെ പലഭാഗങ്ങളിൽ നിന്നും കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തു പ്രദേശത്തുള്ള ട്രാൻഫോർമറുകളും അവയുടെ വിതരണശേഷിയും പട്ടിക-1 ചേർക്കുന്നു.

പഞ്ചായത്തിൽ മൊത്തം 8879 വൈദ്യുത ഉപഭോക്താക്കളാണുള്ളത്. 1. ഗാർഹികം 7111 2. വ്യാപാരം-1423 3. വ്യാവസായികം-146 4. കാർഷികം-199 പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ചില വാർഡുകളിലെ ജനസാന്ദ്രത കൂടിയ പല സ്ഥലങ്ങളിലും വൈദ്യുത് ലൈനുകൾ എത്തിയിട്ടില്ല. വഴിയോരവിളക്കുകൾ ഇല്ലാത്ത റോഡുകലും നിരവധിയാണ്. ഉള്ള വിളക്കുകൾ ഇല്ലാത്ത റോഡുകളും, നിരവധിയാണ്. ഉള്ള വിളക്കുകൾ തന്നെ കത്താത്ത അവസ്ഥയാണ്. മിക്കയിടങ്ങളിലും വൈദ്യുതി എത്താത്ത സ്ഥലങ്ങളുടെയും തെരുവുവിളക്കുകൾ ഇല്ലാത്ത റോഡുകളുടെയും വിവര

ങ്ങൾ പട്ടിക-2യിൽ കാണുക.

പഞ്ചായത്തിലെ രണ്ടു ഹരിജൻ കോളനികളിൽപ്പെട്ട 4 വീടുകൾക്ക് മാത്രമെ സൗജന്യ വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുള്ളു. 2-ാം വാർഡിലെ ഗോതീശ്വരം ഭാഗം, 3-ാം വാർഡിലെ ചില പ്രദേശങ്ങൾ 4-ാം വാർഡിലെ തെക്കു കിഴക്കു ഭാഗം, 6-ാം വാർഡിലെ നടുവട്ടം യു.പി.സ്ക്കുളിന് പടിഞ്ഞാറുഭാഗം, കയറ്റച്ചിറ, വെസ്റ്റ് മാഹി, 12-ാംവാർഡിലെ റെയിലിന് പടിഞ്ഞാറുവശം, 15-ാം വാർഡിലെ കിഴക്കു വശം എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ ആകെ 852 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. ഇതിൽ 804 ബൾബുകൾ 47 ടൂബുകളും, 1 മെർക്കുറി വേപ്പർ ബൾബുകളുമാണുള്ളത്. ഇതിൽ പലതും സ്ഥിരമായി പ്രകാശിക്കാറില്ല. ബൾബുകൾ ഫ്യൂസായാൽ പുതിയവസ്ഥാപിക്കാൻ കാലതാമസം വരുന്നു. തെരുവബൾബുകളുടെ ഗുണനിലവാരം വളരെ മോശവും ആയുർദൈർഘ്യം കുറവുമാണ്.

മിക്കവാറും എല്ലാ ട്രാൻസ്ഫോർമറുകളും അധികം ലോഡ് വഹിക്കുന്നു. ദിനം പ്രതി ഉപഭോക്താക്കളുടെ എണ്ണവും വൈദ്യുതി ഉപയോഗവും കൂടി കൂടി വരുന്നു. ഇതിനാൽ പഞ്ചായത്തിന്റെ പലഭാഗങ്ങളിലും രൂക്ഷമായ വോൾട്ടേജ് ക്ഷാമവും വർദ്ധിച്ചുവരുന്നു. കാർഷിക ഉപയോഗത്തിനെക്കാളും വ്യാവസായിക ഉപയോഗത്തിനാണ് വൈദ്യുതി കൂടുതൽ ഉപയോഗിക്കുന്നത്. ഗാർഹിക ഉപഭോക്താക്കളിൽ ട്യൂബ് ലൈറ്റുകളും, ഇലക്ട്രോണിക് ചോക്കുകളും ഉപയോഗിക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. മിക്കവാറും എല്ലാ ഗാർഹിക ഉപഭോക്താക്കളും അധികം വൈദ്യുതി ഉപയോഗിച്ചത് കൊണ്ട് അഡീഷണൽ ബീൽ അടയ്ക്കുന്നവരാണ്. വൈദ്യുതി ദുരുപയോഗമാണ് ഇതിന് പ്രധാന കാരണമെന്ന് അനുമാനിക്കപ്പെടുന്നു.

പാചകോർജ്ജം

പഞ്ചായത്തിലെ 80%ത്തോളം വീടുകളിൽ പാചകാവശ്യത്തിനായി ഉപയോഗിക്കുന്നത് വിറകാണ്. മിക്കവീടുകളിലും പഴയ രീതിയിലുള്ള അടുപ്പുകളാണ് നിലവിലുള്ളത്. ജനസാന്ദ്രത കൂടിയ പശ്ചാത്തലത്തിൽ വിറകിന്റെ ലഭ്യത വളരെ കുറവാണ്. കൂടുതൽ ആളുകളും വിറക് ഈർച്ച മില്ലുകളിൽനിന്നും വാങ്ങിക്കുകയാണ് ചെയ്യുന്നത്. വിറകിന്റെ ഭീമമായ വില കുടുംബവരുമാനത്തിന്റെ വലിയൊരു ഭാഗം അപഹരിക്കുന്നു.

സമ്പന്നരുടെയുടം ഇടത്തരക്കാരുടേയും, വീടുകളിൽ മാത്രമെ ഗ്യാസ് കണക്ഷനുകൾ ഉള്ളു. മണ്ണെണ്ണ സറ്റൗകളുടെ ഉപയോഗവും കൂടിവരുന്നു. എന്നാൽ മണ്ണെണ്ണയുടെ ലഭ്യത കുറവ് പൊതു വിപണിയിലെ വർദ്ധിച്ച വിലയും പ്രശ്നമായി തീർന്നിരിക്കുന്നു.

പാരമ്പര്യേതര ഊർജ്ജം ഉത്പാദിപ്പിക്കുന്ന മാർഗ്ഗങ്ങൾ വളരെ കുറവാണ്. വിരലിലെണ്ണാവുന്ന വീടുകളിൽ മാത്രമെ ബയോഗ്യാസ് പ്ലാന്റുകൾ ഉള്ളു സൗരോർജ്ജ മാർഗ്ഗങ്ങൾക്ക് പഞ്ചായത്തിൽ സ്ഥാനം പിടിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

## പ്രധാനപ്രശ്നങ്ങൾ

- 2,3,7,8,9,12,14,15 എന്നീ വാർഡുകളിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
- പഞ്ചായത്തിലെ ഹരിജൻ കോളനിയിലെ വീടുകൾ ഇനിയും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.
- എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ടെങ്കിലും അവ പര്യാപ്തമല്ല. കൂടുതൽ സ്ട്രീറ്റ് ലൈറ്റുകൾ വേണമെന്ന ആവശ്യം മിക്ക ഗ്രാമസഭകളിൽനിന്നും ഉയർന്നിട്ടുണ്ട്.
- വ്യവസായ വാണിജ്യ സ്ഥാപനങ്ങളും സമ്പന്ന കുടുംബങ്ങളും അലങ്കാരത്തിനുവേണ്ടി വൈദ്യുതി അധികം ഉപയോഗിക്കുന്നത് മറ്റുള്ള ഉപഭോക്താകൾക്ക് ദോഷമായി തീരുന്നു.
- വൈദ്യുതി ലൈനുകളിലേക്ക് ചാഞ്ഞുകിടക്കുന്ന മരച്ചില്ലകൾ യഥാസമയം വെട്ടി മാറ്റാത്തത് വൈദ്യുതി നഷ്ടമടക്കം പല പ്രശ്നങ്ങളും സൃഷ്ടിക്കുന്നു.
- വോൾട്ടേജ് ക്ഷാമം പല വാർഡുകളിലും അനുഭവപ്പെടുന്നു.
- തെരുവ് വിളക്കുകൾ ഫ്യൂസാവുമ്പോൾ അധികൃതരെ യഥാസമയം അറിയിച്ചാലും അവ മാറ്റിവെക്കാൻ കാലതാമസമെടുക്കുന്നു.
- വിറകിന്റെ ലഭ്യതയിൽ വന്ന കുറവും വിലവർദ്ധനവും, താഴ്ന്ന വരുമാനക്കാരെ വല്ലാതെ പ്രയാസപ്പെടുത്തുന്നു.
- ആവശ്യത്തിനു വേണ്ട ട്രാൻസ്ഫോമറുകൾ ഇല്ല, സ്ഥാപിച്ച ട്രാൻസ്ഫോമറുകളിൽ ചിലതിന് കണക്ഷൻ കൊടുത്തിട്ടില്ല.
- കറന്റ് കട്ട് സമയത്ത് ഫിഷിംഗ് ഹാർബറിലും ബസ്സ്റ്റാന്റിലും പ്രധാന മാർക്കറ്റുകളിലും വെളിച്ച മില്ലാ

ത്തത് കൊണ്ട് ജനങ്ങൾ വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്.

✖ പഞ്ചായത്തിൽ ഡീസൽ പെട്രോൾ ഉപയോഗം വളരെ കൂടുതലാണ്.

## സാധ്യതകൾ

✔ സന്നദ്ധ സംഘടനകളിൽ നിന്ന് മനുഷ്യാദ്ധ്വാനം സ്വീകരിച്ചുകൊണ്ട് പഞ്ചായത്തിൽ ഇനിയും വൈദ്യുതി എത്താത്ത വാസസ്ഥലങ്ങളിലേക്ക് ഇലക്ട്രിക്ക് ലൈനുകൽ എത്തിക്കാം

✔ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ വൈദ്യുതീകിരിക്കാത്ത വീടുകളുടെ എണ്ണം കുറയ്ക്കണമെന്ന ആവശ്യം വന്നിട്ടുണ്ട്. തെരുവുവിളക്കുകൾ അത്യാവശ്യം വേണ്ടയിടം മാത്രം കണ്ടെത്തി- പഞ്ചായത്ത് തലത്തിൽ സ്ഥാപിക്കാവുന്നതാണ്. തെരുവു വിളക്കില്ലാത്ത വഴികൾക്കടുത്തു ഉള്ള വീടുകളിൽ നിന്ന് ലൈൻ വലിച്ച് വഴിയോര ബൾബുകൾ സ്ഥാപിക്കാൻ വൈദ്യുതി ഉപയോഗം കുറയ്ക്കാൻ വേണ്ടി ബോധവൽക്കരണം നടത്താൻ ഗ്രാമ സമിതികൾ തയ്യാറാകോണ്ടതാണ്.


✔ ഗുണ നിലവാരമുള്ള ബൾബുകളും ട്യൂബകളും സ്ട്രീറ്റ്ലൈറ്റുകൾക്കായി ഉപയോഗിക്കുക.പരാതി കുറിക്കുവാനുള്ള സംവിധാനം K.S.E.B ഓഫീസിനു പുറമെ, മറ്റ് സ്ഥാപനങ്ങളിൽ രേഖപ്പെടുത്തുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകാവുന്നതാണ്.

✔ ബേപ്പൂർ, നടുവട്ടം, അരക്കിണർ, മാത്തോട്ടം, മാറാട്, എന്നിവിടങ്ങളിൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുവാനുള്ള സാധ്യതകളെപറ്റി ആലോചിക്കണം സൂര്യവിളക്കുകളും സൂര്യ റാന്തലുകളും സ്വകാര്യമേഖലയിൽ പ്രദർശിപ്പിക്കണം.

✔ പഞ്ചായത്തിലെ പൊതു മാർക്കറ്റുകളിലും മറ്റും ഉണ്ടാകുന്ന മാലിന്യങ്ങൾ സംസ്കരിക്കാൻ ഒരു ഡമ്പിംഗ് സ്ഥലം കണ്ടെത്തേണ്ടതാണ്. പൊതുമാർക്കറ്റിലെ ഈ മാലിന്യങ്ങൾ ഉപയോഗപ്പെടുത്തി അനുയോജ്യമായ ജൈവ ഗ്യാസ് പ്ലാന്റുകൾ പരീക്ഷണടിസ്ഥാനത്തിൽ നിർമ്മിക്കാവുന്നതാണ്. ANERT പോലെയുള്ള സ്ഥാപനങ്ങളുടെ സഹായവും സബ്സിഡിയും തേടാവുന്നതാണ്.

✔ പഞ്ചായത്ത് തലത്തിൽ വൈദ്യുതി മേഖലയിൽ ഒരു ഊർജ്ജ സംരക്ഷണ സമിതി രൂപീകരിക്കാവുന്നതാണ്.

✔ ഡീസൽ പെട്രോൾ ഉപഭോഗം കുറക്കുവാനുള്ള ബോധവൽക്കരണം നടത്തണം.



# ഗതാഗതം

പഞ്ചായത്തിലെ റോഡുകളുടെ നീളം മൊത്തം 76.529 Km ആണ്. റോഡുകളുടെ ഇനം തിരിച്ചുള്ള വിവരങ്ങൾ പട്ടിക 9.1 കൊടുത്തിരിക്കുന്നു.

| ക്രമനമ്പർ | റോഡ് | നീളം.K.M |
|---|---|---|
| 1. | കച്ച | 40.549 |
| 2. | പക്ക | 6.140 |
| 3. | മെറ്റൽ | 18.800 |
| 4. | പഞ്ചായത്ത് | 6.040 |
| 5. | പി.ഡബ്ല്യു.ഡി | 5.00 |
| | ആകെ | 76.529 K.M |

മീഞ്ചന്ത-ബേപ്പൂർ റോഡിന്റെ സ്ഥിതി താരതമ്യേന മെച്ചപ്പെട്ടതാണ്. 1937 ലാണ് കോഴിക്കോട്ടുനിന്ന് ബേപ്പൂരിലേക്ക് ബസ് സർവ്വീസ് ആദ്യമായി ആരംഭിച്ചത്. ജില്ലയിലെതന്നെ ആദ്യകാലത്ത് സർവ്വീസ് ആരംഭിച്ച റൂട്ടുകളിൽ ഒന്നാണ് ബേപ്പൂർ റൂട്ട്. റോഡരുകിൽ തണൽവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് ആകർഷകമായിരുന്നു ഈ റോഡ്. പടിഞ്ഞാറ് തീരപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന 5കി.മി ഓളം നീളമുള്ള ഓൾഡ് മിലിറ്ററി റോഡാണ് ബേപ്പൂരിലെ ആദ്യത്തെ ഗതാഗതയോഗ്യമായ റോഡ് എന്നാൽ ബസ്ഗതാഗതമുള്ള ഈ റോഡിന്റെയും ബി.സി റോഡിന്റേയും സ്ഥിതി മോശമാണ്. ഓൾഡ് മിലിട്ടറി റോഡിന്റെ ചുമതല ഇതുവരെയും pwd ഏറ്റെടുത്തിട്ടില്ല. ആയതിനാൽ ഈ റോഡിന്റെ സംരക്ഷണവും റിപ്പയർ ചെയ്യുന്നതിനുമുള്ള ബാധ്യത പഞ്ചായത്തിനാണ്. കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ പഞ്ചായത്ത് സമിതി മൊത്തം 7 മൺറോഡുകൾ ടാറിടുകയുണ്ടായി.

(പട്ടിക-2)

| വർഷം | വരുമാനം | തുക |
|---|---|---|
| 90-91 | 995767/65 | 16,468.00 |
| 91-92 | 2153162/39 | 302136.00 |
| 92-93 | 2704032/85 | 508579.35 |
| 93-94 | 3145088/39 | 1702625.50 |
| 94-95 | 2891075/45 | 881153.00 |
| 95-96 | 6,65,304/00 | 558087.00 |

## പഞ്ചായത്തിലെ റോഡുകളുടെ വിവരങ്ങൾ

| നമ്പർ | റോഡിന്റെപേർ | തരം | ഉടമസ്ഥത | ദൂരം-KM | വീതി-മീറ്റർ |
|---|---|---|---|---|---|
| 1. | ഓൾഡ് മിലിട്ടറി റോഡ് | ടാർ | പഞ്ചായത്ത് | 5.300 | 8.00 |
| 2. | ബീച്ച്റോഡ് | ടാർ | " " | 1.000 | 6മുതൽ 8 |
| 3. | തമ്പി റോഡ് | ടാർ | " " | 1.650 | " " |
| 4. | ശിവപുരി റോഡ് | " " | " " | 1.000 | " " |
| 5. | ബി.സി റോഡ് | " " | PWD | 1.500 | " " |
| 6. | ചേനോത്ത് സ്കൂൾ റോഡ് | " " | പഞ്ചായത്ത് | 1.000 | " " |
| 7. | ബേപ്പൂർ ജി. എൽ.പി.എസ്-ബീച്ച് | " " | " " | 0.750 | " " |
| 8. | സാഗർസരണി | " " | " " | 0.500 | " " |
| 9. | മാറാട് ബീച്ച് റോഡ് | " " | " " | 1.000 | " " |
| 10. | ശ്മശാനം റോഡ് | " " | " " | 1.000 | " " |
| 11. | അരക്കിണർ റെയിൽവേ ലയിൻ റോഡ് | " " | " " | 1.000 | " " |
| 12. | കുത്തുകല്ല് മാറാട് റോഡ്. | " " | " " | 1.540 | 8 മീറ്റർ |
| 13. | ബേപ്പൂർ മീഞ്ചന്ത -റോഡ് | " " | PWD | 5.000 | 6മുതൽ8 |
| 14. | തമ്പുരാൻ റോഡ് | മെറ്റൽ | പഞ്ചായത്ത് | 1.650 | " " |
| 15. | അറക്കൽ കട്ടപ്പന റോഡ് | " " | " " | 1.000 | " " |
| 16 | തവളക്കുളം റോഡ് | | | 1.700 | |
| 17. | ചാക്കീരിക്കാട് റോഡ് | | | 1.750 | |
| 18. | കിഴക്കുംപാടം, നടുവട്ടം | | | 3.000 | |
| 19. | പട്ടർതാഴംറോഡ്* | മൺറോഡ് | " " | 3.000 | 5വരെ |
| 20. | തവളക്കുളംറോഡ് | " " | | 2.000 | |
| 21. | മാത്തോട്ടം തുലാമുറ്റം | | | 1.000 | |
| 22. | മാത്തോട്ടം പള്ളറെയിൽവേലൈൻ റോഡ് | | | 1.200 | |
| 23. | അരക്കിണർ അയൂക്കരറോഡ് | | | 2.000 | |
| 24. | മിൽക്ക്സപ്ലൈ യൂണിയൻ റെയിൽവേലൈൻ റോഡ് | | | 2.410 | |
| 25. | നടുവട്ടം അരീക്കര റോഡ് | | | 2.000 | |
| 26. | കുരിക്കൽ കാവു ലൈൻ റോഡ് | | | 1.750 | |
| 27. | തട്ടാടത്ത് കാവ് ലൈൻ റോഡ് | | | 1.200 | |
| 28. | വെള്ളിപറമ്പ് ലൈൻ റോഡ്. | " " | " " | 1.350 | " " |
| 29. | കയർഫാക്ടറി റോഡ് | | | 1.400 | |
| 30 | കൈതവളപ്പ് | | | 0.250 | |
| 31. | നടുവട്ടം കുണ്ടായിത്തോട് | | | 0.500 | |
| 32. | തട്ടാംപൊയിൽ റോഡ് | | | 0.300 | |

| | | | | | |
|---|---|---|---|---|---|
| 33. | കയറുങ്ങോട്ടു ലൈൻ | " " | " " | 0.500 | |
| 34. | മണ്ടോളി റോഡ് | മൺ റോഡ് | പഞ്ചായത്ത് | 1.000 | 5വരെ |
| 35. | ചെറുകുറ്റിലൈൻ | | | 0.350 | |
| 36. | മാത്തോട്ടംപള്ളി റെയിൽവെലൈൻ റോഡ് | | | 0.650 | |
| 37. | പുത്തൻവീട്ടിൽ ചെട്ട്യാംവീട്ടിൽ | | | 0.800 | |
| 38 | മാത്തോട്ടം ബീച്ച് റോഡ് | | | 0.350 | |
| 39 | പണിക്കാം മടത്തിൽലൈൻ | | | 0.350 | |
| 40. | തോട്ടംവയൽ റോഡ് | | | 0.283 | |
| 41 | അരക്കിണർ മുണ്ടക്കയം വയൽ | | | 0.888 | |
| 42. | പുഞ്ചപ്പാടം ലൈൻ | | | 0.650 | |
| 43 | കരുവൻകാവ് ലൈൻ | | | 0.500 | |
| 44. | എടത്തിൽ ഇടവഴി | | | 0.330 | |
| 45. | ഇലക്ട്രിസിറ്റി റെയിൽവെ റോഡ് | | | 0.540 | |
| 46. | തുലമറ്റം വയൽ | | | 0.323 | |
| 47 | പാടത്ത് പറമ്പ് O.M റോഡ് | | | 0.316 | |
| 48 | ഗോവിന്ദവിലാസം സ്കൂൾ പടിഞ്ഞാറു വശം റോഡ് | | | 0.414 | |
| 49. | OM റോഡ് മുതൽ മാറാട്ബീച്ച് റോഡ് | | | 0.721 | |
| 50. | പാടത്ത് പറമ്പ് | | | 0.219 | |
| 51. | പൊന്മരം റോഡ് | | | 0.966 | |

(പട്ടിക-3)

പഞ്ചായത്തിന്റെ വാർഷികചെലവിനം പരിശോധിച്ചാൽ വലിയൊരു ഭാഗവും റോഡ് നിർമ്മാണത്തിനൊ അറ്റകുറ്റപ്പണികൾക്കോ ആണ് വിനിയോഗിച്ചിട്ടുള്ളത്. ഇത്കൊണ്ട് തെന്നെ മറ്റു വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഫണ്ടിന്റെ ലഭ്യത കുറയുകയും ചെയ്തിട്ടുണ്ട്. 1990-91 സാമ്പത്തിക വർഷം മുതലുള്ള റോഡ് നിർമ്മാണത്തിനായി ചെലവായ തുകയുടെ വിവരങ്ങൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

റോഡ് വികസനത്തിന് ചെലവായ തുകയുടെ വിവരങ്ങൾ (പട്ടിക-2)

മൊത്തം റോഡുകളെ പറ്റി അവലോകനം നടത്തുമ്പോൾ കൾവർട്ടുകളുടെ അപര്യാപ്തത, ഓവുചാലുകൾ അടയുന്നത് ഓവുചാലുകളില്ലാത്തതുകൊണ്ടും മഴക്കാലത്ത് മെയിറോഡുകൾ അടക്കമുള്ള എല്ലാ റോഡുകളിലും വെള്ളം കെട്ടിനിൽക്കുണ്ട് റോഡുകൾക്ക് കയറ്റവും ഇറക്കവും കുറവാണ്. ബേപ്പൂർ പഞ്ചായത്തിലെ ഏക ബസ്സ്റ്റാന്റ് ബേപ്പൂർ ടൗൺ ടെർമിനൽ ബസ്റ്റാന്റാണ് ഏകദേശം 70 ഓളം ബസ്സുകൾ ഇവിടേയ്ക്ക് സർവ്വീസ് നടത്തുന്നുണ്ട്. അംഗീകൃത ഓട്ടോസ്റ്റാന്റ്, ടാക്സിസ്റ്റാന്റ് എന്നിവ പഞ്ചായത്തിനില്ല ന്യൂമാഹി, അരക്കിണർ എന്നീ വിടങ്ങളിൽ ഗുഡ്സ് ഓട്ടോ, ടെമ്പോസ്റ്റാന്റുകൾ ഉണ്ട്.

കോഴിക്കോട് കോർപ്പറേഷനോട് തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിലേക്കുള്ള പ്രവേശനമാർഗ്ഗങ്ങളിലൊന്നാണ് മീഞ്ചന്ത റെ:ഗേറ്റ്. ഗേറ്റ് അടയ്ക്കുമ്പോഴും തുറക്കുമ്പോഴും ഉള്ള ഗതാഗത തടസമാണ് ബേപ്പൂർന്റെ തീരാശാപമായി തുടരുകയാണ്. ബേപ്പൂരിൽ നിന്നും കോഴിക്കോട്ടേക്കും തിരിച്ചുമുള്ള വാഹനപെരുപ്പം അതിഭീമമാണ്. ഇവിടെ ഓവർ ബ്രിഡ്ജ് പണിയണമെന്ന ആവശ്യം വർഷങ്ങളായി ഉന്നയിച്ചിട്ടും ബന്ധപ്പെട്ടവർ ഈ കാര്യത്തിൽ ഇതുവരെയും നടപടികൾ എടുത്തിട്ടില്ല. ബേപ്പൂരിലെ ബസ്സുകളുടെ അമിതവേഗതയും മത്സര ഓട്ടവും അവസാനിക്കാത്തിതിന് പ്രധാനകാരണങ്ങളിൽ ഒന്ന് മീഞ്ചന്ത ഗേറ്റിലെ ഗതാഗത തടസ്സമാണ്. മീഞ്ചന്ത റെയിൽവെ ഗൈ

റ്റിലെ വാഹനതിരക്കിന്റെ തീവ്രത പഠിക്കുന്നതിനായി ഡി.വൈ.എഫ്.ഐ ബേപ്പൂർ, അരക്കിണർ മേഖലകൾ 30-10-96 ന് കാലത്ത് 7 മണിമുതൽ 31-10-96 കാലത്ത് 7 മണിവരെയുള്ള സമയത്ത് നടത്തിയ വാഹനസെൻസസ് ഈ പ്രശ്നത്തിന്റെ ഗൗരവം വെളിപ്പെടുത്തുന്നു.

ത്തിന് പരിഹാരം കണ്ടെത്തേണ്ടിയിരിക്കുന്നു.

വയൽ പ്രദേശങ്ങളിലൂടെ നിർമ്മിച്ച റോഡുകൾക്ക് ആവശ്യത്തിന് കലുങ്കുകൽ നിർമ്മിക്കാത്തതിനാലും നീരൊഴുക്കിനെക്കുറിച്ച് ശ്രദ്ധിക്കാത്തതിനാലും ചിലയിട

മീഞ്ചന്ത റെയിൽവെ കോമ്പൗണ്ടിൽ നടത്തിയ സെൻസസ്

| സമയം/ദിശ | സ്ക്കൂട്ടർ | സൈക്കിൾ | ഓട്ടോ | ഓട്ടോഗുഡ്സ്കാരിയർ | കാർ/ജീപ്പ് | ടെമ്പോ/ലൈററ്വീലർ | ലോറി | ബസ്സ് | മറ്റുളവ | ആകെവാഹനങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| 7AM to 10PM വടക്കുനിന്ന് തെക്കോട്ടേക്ക് | 2615 | 1360 | 956 | 190 | 475 | 157 | 120 | 371 | 32 | 6276 |
| 7AM to 10PM തെക്കുനിന്ന് വടക്കോട്ടേക്ക് | 2494 | 1415 | 900 | 158 | 448 | 148 | 122 | 347 | 24 | 6056 |
| ആകെ | 5109 | 2775 | 1856 | 348 | 923 | 305 | 242 | 718 | 56 | 12332 |
| 10PM to 7AM വടക്കുനിന്ന് തെക്കോട്ടേക്ക് | 248 | 88 | 95 | 8 | 50 | 11 | 9 | 15 | 2 | 526 |
| 10PM to7AM തെക്കുനിന്ന് വടക്കോട്ടേക്ക് | 178 | 147 | 81 | 31 | 32 | 8 | 5 | 17 | 1 | 500 |
| ആകെ | 426 | 235 | 176 | 39 | 82 | 19 | 14 | 32 | 3 | 1026 |
| 30-10-96 കാലത്ത് 7മുതൽ 31-10-96 കാലത്ത് 7മണിവരെ | 5535 | 3010 | 2032 | 387 | 1005 | 324 | 256 | 750 | 59 | 13358 |

പ്രസ്തുത പട്ടിക പരിശോധിച്ചതിൽ പകൽസമയം മണിക്കൂറിൽ ശരാശരി 823 വാഹനങ്ങൾ റെയിൽവെ ലൈൻ കടക്കുന്നുവെന്നും, ദിവസത്തിൽ ശരാശരി 35 തവണയും രാവിലെ 7 മുതൽ രാത്രി 10 മണിവരെയുള്ള സമയത്ത് 25 തവണയും റെയിൽവെ ഗെയ്റ്റ് അടക്കുന്നുവെന്നും കണ്ടെത്തിയിട്ടുണ്ട്. ബേപ്പൂർ മീഞ്ചന്ത റോഡിലെ വാഹനപെരിപ്പം കൂടിവരികയാണ്. ഇവിടെ അടിയന്തിരമായും ഓവർ ബ്രിഡ്ജ് അനുവധിച്ചുകൊണ്ട് ഈ പ്രശ്ന

ങ്ങളിൽ നീർകെട്ടുകൾ ഉണ്ടായിട്ടുണ്ട് റോഡുകളുടെ നിർമ്മാണത്തിനൊന്നിച്ചു നടപ്പാതയും ഡ്രെയ്നേജും ഉണ്ടാക്കത്തതിനാൽ മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് റോഡിന് തന്നെ കേടുപാടുകളും ധാരാളം ഉണ്ടായതായി കാണുന്നു.

സമനിരപ്പായ ഭൂപ്രകൃതിയുള്ള ബേപ്പൂരിൽ ടാർചെയ്തതും മെറ്റലിട്ടതുമായ റോഡുകൾ ധാരാളമുണ്ട് എങ്കിലും മിക്ക റോഡുകളും ഗതാഗത യോഗ്യമല്ലാത്തവയാണ്. അത്യാവശ്യത്തിന് റോഡ് സൗകര്യമില്ലാത്ത പല

പ്രദേശങ്ങളും ഉണ്ട്. ഡ്രൈനേജ് സൗകര്യം കുറവായതി നാൽ റോഡുകൾ എളുപ്പത്തിൽ കേടുവരുന്നു.

### റോഡുവികസനത്തിനുള്ള നടപ്പുപദ്ധതികൾ

1996-97 സാമ്പത്തിക വർഷത്തിൽ റോഡു നിർമ്മാമ ത്തിനും അറ്റകുറ്റപണിയുമായി 6,65,304 രൂപ നീക്കിയിരു പ്പുണ്ട്.

96-97 വർഷത്തിലെ റോഡ് നിർമ്മാണ റിപ്പയർ ജോലി ക്കായുള്ള ഫണ്ടുവിവരം.

| ക്രമ നമ്പർ | പ്രവർത്തിയുടെപേര് | തുക(രൂപ) |
|---|---|---|
| 1. | ഓൾഡ്മിലിട്ടറിറോഡ് | 8,160 |
| 2. | മാത്തോട്ടം വെസ്റ്റ് കോസ്റ്റ് റോഡ് | 2,08,732 |
| 3. | തമ്പിറോഡ് | 30,285 |
| 4. | മാറാട് ബീച്ച് റോഡ് | 1,69,225 |
| 5. | പെറ്റിവർക്ക്സ് | 48,902 |
| | ആകെ | 6,65,304 |

## ജലഗതാഗതം

ബേപ്പൂർപുഴ കടലുണ്ടിപുഴയും കല്ലായി ബന്ധപ്പെ ട്ടുകടക്കുന്നതിനാൽ വർഷങ്ങൾക്ക് മുൻപ് ഈ പ്രദേ ശത്തെ വ്യവസായ വാണിജ്യാവശ്യത്തിനുള്ള പ്രധാന ഗതാഗതമാർഗ്ഗം ജലഗതാഗതമായിരുന്നു. എന്നാൽ റോഡു കളുടെ വികസനവും വാഹനങ്ങളുടെ വർദ്ധനവും ഉണ്ടാ യപ്പോൾ താരതമ്യേന ചിലവുകുറഞ്ഞ ജലഗതാഗത മാർഗ്ഗവും അവഗണിക്കപ്പെടുകയുണ്ടായി വിദേശരാജ്യങ്ങ ളിലേക്ക് ഭാരതത്തിലെ വിവിധ തുറമുഖ നഗരങ്ങളിലേക്ക് പായകപ്പലിൽ കേരളത്തിലെ സുഗന്ധ ദ്രവ്യങ്ങളും മറ്റ് കാർഷിക ഉത്പന്നങ്ങളും കയറ്റിയയിച്ചിരുന്നു. എന്നാൽ ഇപ്പോൾ ബേപ്പൂർ തുറമുഖം അവഗണിക്കപ്പെട്ടിരിക്കുക യാണ്. ലക്ഷദ്വീപിലേക്ക് വേണ്ട സാധന സാമഗ്രികളാണ് ജലമാർഗ്ഗത്തിലൂടെ കൊണ്ടുപോകുന്നത്.

ഏറ്റവും കൂടുതൽ യാത്രക്കാരുള്ള കടത്തുകളിൽ ഒന്നാണ് ബേപ്പൂർ ചാലിയം കടവ്. ഏതാനും വർഷ ങ്ങൾക്ക് മുൻപ്വരെ ഈ കടവിൽ യാത്രയ്ക്കായി തോണി കളായിരുന്നു ഉപയോഗിച്ചിരുന്നത്. ഈ കടവ് ദാരുണമായ പല തോണിയപകടങ്ങൾക്കും സാക്ഷ്യം വഹിച്ചിട്ടുണ്ട്. ഇപ്പോൾ കടവിൽ യന്ത്രവത്കൃത ബോട്ടുകളാണ് സർവ്വീസ് നടത്തുന്നത് എങ്കിലും യാത്രകാരുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനുള്ള ഉപകരണങ്ങൾ ബോട്ടുകളിൽ സ്ഥാപിച്ചിട്ടില്ല. കൂടാതെ ബോട്ടുകൾക്ക സ്ഥിരം ജെട്ടികളും ഇതുവരെ പണിതിട്ടില്ല.


## പ്രശ്നങ്ങൾ

- ✖ 1. മെയിൻ റോഡ്, O.M റോഡ്, B.C റോഡ് എന്നി വയ്ക്ക് ഓവുചാലുകലും ഫുട്ട്പാത്തുമില്ല. പഞ്ചായ ത്തിലെ പുതുതായി ടാർചെയ്ത രോഡുകൾക്കൊന്നും ഡ്രെയ്നേജ് സൗകര്യമില്ല.
- ✖ 2. റോഡുകളുടെ അറ്റകുറ്റപണി യഥാസമയങ്ങളിൽ നട ക്കാത്തതിനാൽ കുണ്ടും കുഴിയുമായി കിടക്കുകയാണ് ഏറിയപങ്കും.
- ✖ 3. പഞ്ചായത്തിൽ പുതിയറോഡുകൾ നിർമ്മിച്ചപ്പോൾ പലസ്ഥലങ്ങളിലും നീർകെട്ടുകൾ ഉണ്ടായി പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്.
- ✖ 4. പണിപൂർത്തിയാക്കാത്തതു കൊണ്ട് പലറോഡു കലും ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്.
- ✖ 5. മണ്ണൊലിപ്പ് കൊണ്ട് പലറോഡുകളുടെ വശങ്ങളും പൊളിഞ്ഞുപോയിട്ടുണ്ട് ഇത് ഇരുചക്രവാഹനങ്ങൾക്ക് മറ്റും കൂടുതൽ അപകടങ്ങൾ ഉണ്ടാകുന്നു.
- ✖ 6. മുഴുവൻ ബസ്സ്റ്റോപ്പുകളിലും ഷെൽട്ടർഇല്ല.
- ✖ 7. ബസ്സുകളുടെ അമിതവേഗതയും മത്സരഓട്ടവും യാത്രക്കാർക്കും കാൽനടയാത്രക്കാർക്കും ഭീഷണി യാണ്. വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നങ്ങളും നില നിൽക്കുന്നു.
- ✖ 8. രാത്രി 8.30 ന് ശേഷം ബസ്സുകൾ ട്രിപ്പുകൾ മുടക്കു ന്നതു കൊണ്ടുള്ള പ്രയാസങ്ങൾ വർദ്ധിക്കുന്നു.
- ✖ 9. മീഞ്ചന്തയിലെ റെ:ഗേറ്റടയ്ക്കുമ്പോഴുള്ള യാത്രാകു രുക്ക്.
- ✖ 10. ബേപ്പൂർ-ചാലിയം കടവിൽ ബോട്ടുകൾക്ക അടു ക്കാൻ സ്ഥിരം ജെട്ടിയില്ല.
- ✖ താഴെ പറയുന്ന റോഡുകൾ അറ്റകുറ്റപണികൾ നട ത്തേണ്ടതാണ്.
- ✖ ആർ.എം. ഹോസ്പിറ്റൽ - ബി.സി. റോഡ്
- ✖ ആലിയക്കോട് - ബി.സി. റോഡ്.

- ✖ ആർ.എം. ഹോസ്പിറ്റൽ റോഡ് – ഓലശ്ശേരി റോഡുമായി ബന്ധിപ്പികൽ
- ✖ ചെമ്പക റോഡ്
- ✖ കോവിലകം റോഡ് – ഫിഷിംഗ് ഹാർബർ റോഡ്
- ✖ 9–ാംവാർഡിൽ പഞ്ചപ്പാടം മുതൽ – തോണിച്ചിറവരെയുള്ള റോഡ്
- ✖ തമ്പുരാൻ റോഡ്
- ✖ പെരച്ചനങ്ങാടിയിൽ നിന്നും പടിഞ്ഞാറ് ഭാഗത്തേക്ക പോവുന്ന റോഡിൽ പ്രവേശന ഭാഗത്ത് വീതികുറവ്.
- ✖ 10–ാം വാർഡിൽ ഗോവിന്ദവിലാസം സ്ക്കൂളിൽ നിന്നും കോഴിക്കൽ ഭാഗത്തേക്കുള്ള റോഡ്
- ✖ എല്ലാവാർഡുകളിലുമുള്ള ഇടവഴികൾ വീതികുറഞ്ഞ് സഞ്ചാരയോഗ്യമല്ല
- ✖ 5–ാം വാർഡിലെ കിഴക്കുംമ്പാടം റോഡിലെ കോൺക്രീറ്റ് പാലം കേടുവന്നതാണ്
- ✖ 2–ാം വാർഡിൽ നിന്നും ഓൾഡ് മിലിറ്ററി റോഡിലേക്കുള്ള കലുങ്ക് പൊട്ടി പൊളിഞ്ഞതാണ്.

## പരിഹാരം/ സാധ്യതകൾ

- ✔ എല്ലാ റോഡുകൾക്കും ഓടകൾ നിർമ്മിക്കാനും വൃത്തിയാക്കാനുമുള്ള ആസൂത്രണം ചെയ്യണം.
- ✔ പൊതുജനസഹായത്തോടെ കാലകാലങ്ങളിൽ റോഡുകളുടെ അറ്റകുറ്റപണി നടത്താനുള്ള പരിപാടി.
- ✔ പുതിയ റോഡുനിർമ്മാണം മൂലമുണ്ടായ നീർകെട്ടുകൾ ഒഴിവാക്കുന്നതിന് സമയബന്ധിതമായ കൽവർട്ട് നിർമ്മാണം.
- ✔ മുൻഗണനാക്രമത്തിൽ പുതയ റോഡുകളുടെ നിർമ്മാണം
- ✔ പ്രധാനറോഡുകൾ ടാർചെയ്യാനുള്ള പദ്ധതികൾ
- ✔ സന്നദ്ധസംഘടനകളുടെ സഹായത്തോടെ റോഡുകളുടെ വശങ്ങൾ നികത്തി സംരക്ഷിക്കൽ/മണ്ണൊലിപ്പിനെതിരെയുള്ള പ്രവർത്തനങ്ങൾ / റോഡരികിൽ മരം വെച്ചുപിടിപ്പിക്കൽ.
- ✔ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ബസ്സ്റ്റോപ്പുകളിലെ ഷെൽട്ടറുകൾ നിർമ്മിക്കൽ
- ✔ മുൻഗണനാക്രമത്തിൽ ഫുട്ടപാത്ത നിർമ്മാണം
- ✔ യാത്രകാരുടെയും വിദ്യാർത്ഥികളുടെയും യാത്രാ പ്രശനങ്ങൾപരിഹരിക്കുന്നതിന് ജനപ്രതിനിധികൾ/സന്നദ്ധരാഷ്ട്രീയസംഘടനകൾ/ഗതാഗതവകുപ്പ്/പോലീസ് അധികാരികൾ/മോട്ടോർ തൊഴിലാളികൾ എന്നിവരുടെ യാത്രാ ക്ഷേമസമിതികൾ രൂപീകരിക്കണം.
- ✔ ബേപ്പൂരിലേക്ക് K.S.R.T.C സർവ്വീസ് ആരംഭിക്കൽ, ബേപ്പൂരിൽ നിന്ന് വിവിധ ഭാഗങ്ങളിലേക്ക് ദീർഘദൂര ബസ്സുകളുടെ സർവ്വീസ്
- ✔ മീഞ്ചന്ത റെ:ഗേറ്റിൽ ഓവർബ്രിഡ്ജ് നിർമ്മാണം.
- ✔ ബേപ്പൂർ ചാലിയം കടവിൽ സ്ഥിരം ബോട്ട് ജെട്ടി നിർമ്മാണം. യാത്രാ ബോട്ടുകളിലെ സുരക്ഷ ക്രമീകരണങ്ങൾ.



# മാർക്കറ്റ്

കയർ, ഇത്തിൾ, ഓല, മത്സ്യം, കൈത്തറിത്തുണികൾ എന്നിവയായിരുന്നു മുമ്പ്കാലത്ത് ബേപ്പൂരിലെ വിപണനം നടത്തിയിരുന്ന പ്രധന ഉല്പനങ്ങൾ, വാണിജ്യപരമായ ലക്ഷ്യം വെച്ചുകൊണ്ടുള്ള വിപണനരീതിയായിരുന്നു നിലനിന്നിരുന്നത്. മലബാറിലെതന്നെ മത്സ്യവിപണന കേന്ദ്രങ്ങളിൽ പ്രഥമസ്ഥാനം ഇന്ന് ബേപ്പൂരിന് ഉണ്ട്. ബേപ്പൂർ ചൂടിയും മറ്റുകയറുല്പന്നങ്ങളും പ്രസിദ്ധമാണ്. ഇവിടെ നിന്നും വിദേശത്തേക്കും ഇന്ത്യയുടെ ഇതരഭാഗങ്ങളിലേക്കും ചൂടി കയറ്റുമതി ചെയ്തിരുന്നു. തീരപ്രദേശത്ത് സുലഭമായി ലഭിച്ചിരുന്ന കക്കയായിരുന്നു മറ്റൊരു പ്രധാന ഉല്പന്നം. ബേപ്പൂരിലെ ആശാരികൾ ഉണ്ടാക്കിയ നാടൻ തോണികൾ മലബാറിലെ മറ്റു ഭാഗങ്ങളിലേക്ക് മുൻകാലങ്ങളിൽ വിപണനം നടത്തിയിരുന്നു. ഉരു, കൊട്ടിയ എന്ന പേരിലറിയപ്പെടുന്ന പായക്കപ്പൽ നിർമ്മാണത്തിന് വിശ്വാഖ്യാതി നേടിയ ഇവിടെനിന്നും അറബി നാടുകൾ, യൂറോപ്പ് ചില ഏഷ്യൻ നാടുകൾ എന്നീവിടങ്ങളിലേയ്ക്ക് വാണിജ്യാടിസ്ഥാനത്തിൽ വിപണനം നടന്നിരുന്നു.

ബേപ്പൂർ അങ്ങാടിയിൽ വർഷങ്ങൾക്കുമുമ്പ് ഒരു വിശാലമായ മത്സ്യ മാർക്കറ്റ് മൈതാനം തന്നെ ഉണ്ടായിരുന്നു. നിലനിന്നിരുന്ന ആഴ്ച ചന്തകൾ ബേപ്പൂരിൽ ഉണ്ടായിരുന്നതായി സൂചനയൊന്നുമില്ല. എന്നാൽ മറ്റുപ്രദേശങ്ങളിൽ നിന്ന് കശുവണ്ടി, അടയ്ക്ക, കയറുല്പന്നങ്ങൾ കക്ക എന്നിവ വാങ്ങിക്കുന്നതിനു വേണ്ടി ആളുകൾ ഇവിടെയ്ക്ക് ധാരാളം വന്നിരുന്നു. മുൻകാലങ്ങളിൽ തുണി, ആല്ങ്കാരവസ്തുക്കൾ ഉപഭോഗവസ്തുകൾ എന്നിവ ഗ്രാമാന്തരങ്ങളിൽ നിന്ന് വില്പന നടത്തുന്ന സമ്പ്രദായം നിലനിന്നിരുന്നു.

## മത്സ്യവിപണനം

ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ ആഭ്യന്തര ഉപയോഗത്തേക്കാളേറെ പുറം മാർക്കറ്റുകൾ ലക്ഷ്യമാക്കി കൊണ്ടുള്ള മത്സ്യ വിഭവങ്ങളാണെത്തുന്നത്. വർഷത്തലെ 10 മാസങ്ങളിൽ ഇവിടെ മത്സ്യ ബന്ധനവും വിപണനവും നടക്കുന്നു. പിടിക്കുന്ന മത്സ്യത്തിന്റെ 80% കൂന്തൾ / കണവ മത്സ്യവും 10% ചെമ്മീൻ 10% മറ്റുമത്സ്യങ്ങളും മത്സ്യേതര വിഭവങ്ങളുമാണ്. സീസൺ സമയങ്ങളിൽ ശരാശരി ദിനം പ്രതി 50 ലക്ഷം രൂപയോളം മത്സ്യം ഇവിടെ ക്രയവിക്രയം ചെയ്യുന്നുണ്ട്.

മത്സ്യ ഉല്പനങ്ങൾ സംസ്കരിച്ച് വിദേസത്തേയ്ക്ക് വിപണനം ചെയ്യുന്ന സ്വകാര്യ കമ്പനികളും ഇവിടെയുണ്ട്. ആഭ്യന്തര വില്പനയ്ക്കായി ബേപ്പൂർ ടൗൺ, ബി.സി. റോഡ്, മാഹി, നടുവട്ടം, അരക്കിണർ, മാത്തോട്ടം, എന്നീ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുണ്ട്. എന്നാൽ ബേപ്പൂർ, മാത്തോട്ടം, നടുവട്ടം എന്നീ സ്ഥലങ്ങളിൽ മാത്രമെ അംഗീകൃത മത്സ്യമാർക്കറ്റ് കെട്ടിടമുള്ളു.

## കാർഷിക ഉല്പന വിപണനം

കാർഷിക ഉല്പന്നമായി നാളികേരം കയർ, കയറ്റുല്പനങ്ങൾ എന്നിവയുടെ വിപണനം സ്വകാര്യവ്യക്തികളായിരുന്നു പ്രധാനമായി ചെയ്തിരുന്നത്. ഇപ്പോൾ കയർ വ്യവസായത്തേയും വിപണനത്തേയും പോഷിപ്പിക്കാൻ കയർ സഹകരണസംഘമുണ്ടെങ്കിലും കയർ മേഖല തകർന്നിരിക്കുകയാണ്.

**പൊതു വിതരണ കേന്ദ്രം**

പഞ്ചായത്തിൽ മൊത്തം 8703 കാർഡുടമകൾക്കായി 13 റേഷൻ കടകളാണുള്ളത്. ഒരി മാവേലി സ്റ്റോറും ഉണ്ട്. പൊതു കൺസ്യൂമർ സ്റ്റോറുകൾ പഞ്ചായത്തിൽ ഒന്നും തന്നെയില്ല.


കാർഷിക വ്യാവസായിക മേഖലയിലെ ഉല്പന്ന വിപണനം നടത്തുന്നതിന് സഹകരണ സംഘങ്ങൾ ആഴ്ചചന്തകൾ നടത്താവുന്നതാണ്. പൊതു മാർക്കറ്റകളിൽ നിന്നുണ്ടകുന്ന മാലിന്യങ്ങൾ ജനങ്ങൾക്ക് ദോഷകരമായ വിധത്തിൽ കൈകാര്യം ചെയ്യുന്നത് കൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ട്.

## പ്രശ്നങ്ങൾ

- ✖ മത്സ്യസംസ്കരണയൂണിറ്റുകളിലെ അശാസ്ത്രീയ സംസ്കരണം മൂലം മാലിന്യങ്ങൾ വർദ്ധിക്കുന്നു.
- ✖ കേന്ദ്രീകരിച്ച വിപണന സൗകര്യമില്ല
- ✖ ഉപഭോക്യത സഹകരണ സംഘങ്ങളുടെ അഭാവം
- ✖ മത്സ്യ സൂക്ഷിക്കാനുള്ള ശീതീകരണികൾ ഇല്ല
- ✖ മത്സ്യമാർക്കറ്റ് പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഇല്ല
- ✖ കാർഷിക ഉല്പനങ്ങൾ വ്യാപാരം നട്ത്താനുള്ള പൊതു സൗകര്യങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

- ✔ പഞ്ചായത്തിലെ കാർഷിക വ്യാവസായിക ഉല്പനങ്ങളുടെ വില്പനയ്ക്കായി ഒരു പൊതു വിപണന കേന്ദ്രം തുടങ്ങുക.
- ✔ IRDP ഗുണഭോക്താകളുടെ ഉല്പന്ന വിപണനത്തിനായി പഞ്ചായത്തു തലത്തിൽ പ്രത്യേകം സൗകര്യമേർപ്പെടുത്തണം
- ✔ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കുക
- ✔ ഗ്രാമീണ ഉല്പന്നങ്ങളുടെ വിപണനത്തിനായി പഞ്ചായത്തു സമിതിയ്ക്ക് സ്ഥലവും മറ്റു ഭൗതീക സാഹചര്യങ്ങളും ഒരുക്കാവുന്നതാണ്.
- ✔ വിദേശ മാർക്കറ്റുള്ള കരകൗശല വസ്തുകളുടെയും മോഡൽ വൈസൽ നിർമ്മാണത്തെ യും പ്രോത്സാഹിപ്പിക്കുവാൻ പ്രത്യേക സംവിധാനങ്ങളും ഏർപ്പെടുത്താവുന്നതാണ്.
- ✔ മത്സ്യ ചില്ലറ വില്പനയ്ക്കുള്ള സ്റ്റാളുകൾ സ്ഥാപിക്കുകയും
- ✔ മത്സ്യംകേടുകുടതെ സൂക്ഷിക്കുന്നതിന് ശീതീകരണ സൗകര്യം ഏർപ്പെടുത്തുക.





# സംസ്ക്കാരം

കോഴിക്കോടിന്റെ ചിരിത്ര രൂപീകരണത്തിൽ നിർണ്ണായക പങ്ക് വഹിച്ച തുറമുഖ പ്രദേശമാണ് ബേപ്പൂർ. നൂറ്റാണ്ടുകൾക്ക് മുമ്പു തന്നെ വിദേശീയരുമായി വാണിജ്യസാംസ്കാരിക ബന്ധം പുലർത്തിയിരുന്ന പ്രദേശമാണ് ഇത്. അറബി സംസ്കാരത്തിന്റെ സന്നിവേശം പ്രത്യക്ഷമായി ത്തന്നെ ഈ പ്രദേശത്ത് ദർശിക്കാവുന്നതാണ്. മലബാറിന്റെ തന്നെ സാമ്പത്തിക സാമൂഹ്യ പുരോഗതിക്ക് ബേപ്പൂർ വഹിച്ചിട്ടുള്ള പങ്ക് നിസ്സീമമാണ്. ചേരമാൻ പെരുമാൾ ഇസ്ലാം മതത്തിൽ ആകൃഷ്ടനായി 'മക്കത്ത്' പോയത് ഇവിടെ നിന്നാണെന്ന് പഴമക്കാർ പറയുന്നു. നാനാജാതിമതസ്ഥർ ഒത്തൊരുമയോടും സൗഹാർദ്ദത്തോടും ഇവിടെ സഹവർത്തിക്കുന്നു.

അതിപുരാതനമായ ബേപ്പൂർ ശിവക്ഷേത്രം ഉൾപ്പെടെ 18 ക്ഷേത്രങ്ങളും കാവുകളും 800 വർഷത്തിലേറെ പഴക്കമുള്ള ബേപ്പൂർ മുസ്ലിം പള്ളി ഉൾപ്പെടെ 22 മുസ്ലീം പള്ളികളും 2 ക്രിസ്ത്യൻ ദേവാലയവും ഈ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ പ്രധാന സംസ്കാരിക കേന്ദ്രങ്ങളായി നില കൊള്ളുന്നത് വായനശാലകളാണ്. പ്രധാനപ്പെട്ടവ പഞ്ചായത്തിന്റെ സാംസ്കാരിക നിലയം, എൽ. എൽ. എ പ്രാദേശിക ശാഖ, ചിന്ത വായനശാല, മാറാട് വായനശാല തുടങ്ങിയവയാണ്. എന്നാൽ ഇവയൊന്നും തന്നെ ഉദ്ദേശിച്ച നിലവാരം പുൽത്തുന്നവയല്ല. അതുപോലെ തന്നെയാണ് ഗവ: സ്ക്കൂളുകളിലെ ലൈബ്രറിയുടെ സ്ഥിതിയും.

പ്രാചീന കലാരൂപങ്ങളായവ തിറ, വെള്ളാട്ട്, തുടങ്ങിയ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് ഇപ്പോഴും നടന്നുവരുന്നുണ്ട്. പ്രാചീന നാടക രൂപങ്ങൾക്ക് പ്രാധ്യാന്യം നിലനിന്നിരുന്ന ഒരുപ്രാദേശമായിരുന്നു ബേപ്പൂർ. മാതമ്പാട്ട് കുഞ്ഞിപ്പരുവൻ തുടങ്ങി നിരവധി നാടക നടന്മാർ ഇവിടെ ജീവിച്ചിരുന്നു.നാമാവശേഷമായ നാടൻ കലാരൂപങ്ങളിൽ പരിചമുട്ടുകളി, വട്ടകളി, കോൽക്കളി എന്നിവ ഉൾപ്പെടുന്നു.

മലയാള സാഹിത്യത്തിൽ അതികായനായ വൈക്കം മുഹമ്മദ് ബഷീർ അദ്ദേഹത്തിന്റെ സാഹിത്യജിവിതത്തിന്റെ വിലിയൊരു ഭാഗം ചെലവഴിച്ചത് ഈ പ്രദേശത്താണ്. ബഷീറിനു ലഭിച്ച 'ബേപ്പൂർ സുൽത്താനെന്ന' ബഹുമതി ഈ നാടിന്റെ പ്രശസ്തിക്കുകാരണമാകുകയും ചെയ്തു. ചെറുകഥാകൃത്തും നോവലിസ്റ്റുമായ ശ്രീ. ഇ. വാസുവിന്റെ ജന്മദേശവും ബേപ്പൂരാണ്. അന്തരിച്ച പ്രമുഖ സ്വാതന്ത്ര്യ സമരസേനാനി ശ്രീ. മൊയ്തു മൗലവിയും സുപ്രസിദ്ധ ഹാസ്യ ചലച്ചിത്ര നടൻ ശ്രീ. മാമ്മുക്കോയയും വളർന്നു വരുന്ന സാഹിത്യകാരനായ ശ്രീ. ഒ.കെ. മുഹമ്മദ് കുട്ടിയും ഈ പ്രദേശത്തുകാരാണ്.

കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പന്ത്ര

ണ്ടോളം കലാസമിതികളും ക്ലബുകളും ഇവിടെയുണ്ട്. ഇവയിൽ മിക്കവയും നാമമാത്ര പ്രവർത്തനങ്ങളാണ് നടത്തുന്നത്. സ്വന്തമായി കെട്ടിടമുള്ള ഒരു സമിതിമാത്രമെ ഇവിടെയുള്ളൂ. ലളിതാകലാ അക്കാദമിയുടെ ഗ്രാന്റ് ലഭിക്കുന്ന 'ഫ്രണ്ടസ്' മ്യൂസിക്ക് ക്ലബ്, സർക്കാർ ധനസഹായം ലഭിക്കുന്ന 'സുബാഷ്' കലാവേദി എന്നിവ ഇവയിൽ ഉൾപ്പെടുന്നു.

പുരോഗമന കലാസാംസ്കാരികസംഘം, ശ്സ്ത്രസാഹിത്യ പരിഷത്ത എന്നിവയാണ് സാംസ്കാരിക രംഗത്തു പ്രവർത്തിക്കുന്ന മറ്റു പ്രധാന സംഘടനകൾ. ഇവയിൽ ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ പ്രവർത്തനം എടുത്തു പറയത്തക്കതാണ്. സാംസ്ക്കാരിക പ്രവർത്തനവേദിയാവേണ്ട പഞ്ചായത്ത് കമ്മ്യൂണിറ്റിഹാൾ ഇപ്പോൾ പഞ്ചായത്ത് ഓഫീസാക്കി മാറ്റിയത് ഈ രംഗത്തെ പ്രവർത്തനങ്ങളെ മങ്ങലേല്പിച്ചിട്ടുണ്ട്.

ഈ പഞ്ചായത്തു പ്രദേശത്തെ വീടുകളിൽ വ്യാപകമായി ടി.വി.യുണ്ട്. പഞ്ചായത്ത് അധീനതയിൽ രണ്ടു ടി.വി. കാഴ്ച സ്ഥലങ്ങളാണുള്ളത്. രണ്ടു കേബിൾ ടി.വി വിതരണ കേന്ദ്രങ്ങളുമുണ്ട് രണ്ടു സിനിമാശാലകൾ പ്രവർത്തിക്കുന്ന ഈ പഞ്ചായത്തു പ്രദേശത്തു ടി. വി.യുടെ സ്വാധീനം വ്യാപകമാണ്. ഇത് ഗുണത്തേക്കാളേറെ ദോഷഫലമാണ് സാമൂഹത്തിൽ ഉണ്ടാക്കുന്നത്.

ഒരു പൊതു കളിസ്ഥലത്തിന്റെ അഭാവം ഈ പഞ്ചായത്തിൽ കായികരംഗത്തുള്ള പ്രവർത്തനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. ഏറ്റവും ജനപ്രീതിയുള്ള കളി ഫുട്ബോളാണ്. 'റോയൽ' സ്പേർട്സ് ക്ലബ് എന്ന സമിതി എല്ലാ വർഷവും ഫുട്ബോൾ മത്സരം സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. ഒരു കളരി പരിശീലന കേന്ദ്രം ബേപ്പൂരിൽ പ്രവർത്തിക്കുന്നുണ്ട് ജിംനേഷ്യം, കരാട്ടേ പരിശീലന ക്ലാസ്സുകൾ എന്നിവയും പഞ്ചായത്തിന്റെ വിവധ ഭാഗങ്ങളിലുണ്ട്.

ഈ പഞ്ചായത്ത് നിവസിയായ ശ്രീ. ടി.വിജയൻ അഖിലേന്ത്യാ പോലീസ് മീറ്റിൽ 1986ൽ സ്വർണ്ണ മെഡൽ നേടിയിട്ടുണ്ട. പ്രസിദ്ധി ഫുട്ബോളറും യൂണിവേഴ്സിറ്റി കോച്ചുമായ ശ്രീ. ഉസ്മൻകോയയും ഈ പഞ്ചായത്തലാണ്.

## പ്രശ്നങ്ങൾ


- ✖ 1. ഗ്രന്ഥശാലകളുടെ പ്രവർത്തനം നാമമാത്രമാണ്
- ✖ 2. സാംസ്കാരിക രംഗത്ത് ഏകോപിച്ചുള്ളതും ലക്ഷ്യബോധവുമുള്ളതുമായ പ്രവർത്തനത്തിന്റെ അഭാവം
- ✖ 3. പാരമ്പര്യ കലാകായിക സാസംകാരിക രംഗത്തെ പ്രവർത്തനം ടി. വി യുടെ അതിപ്രസരം തളർത്തിയിരിക്കുന്നു.
- ✖ 4. കമ്മ്യൂണിറ്റിഹൾ പഞ്ചായത്ത് ഓഫീസ് പ്രവർത്തനത്തിനായി ഉപയോഗിക്കുന്നതിനാൽ പൊതു പരിപടികൾക്ക കിട്ടുന്നില്ല.
- ✖ 5. സ്ക്കൂൾ ലൈബ്രറി പ്രവർത്തനം കാര്യക്ഷമമല്ല
- ✖ 6 പൊതു കളിസ്ഥലത്തിന്റെ അഭാവം കായിക രംഗത്തെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്.
- ✖ 7. കൊയ്ത്തുപാട്ട്, പുള്ളുവൻ പാട്ട്, വട്ടക്കളി, പരിചമുട്ട് കളി തുടങ്ങിയ നാടൻ കലാരൂപങ്ങൾ സമൂഹത്തിൽ നിന്നും അപ്രത്യക്ഷമായി.
- ✖ 8. ജനങ്ങളിൽ വായനശീലം കുറഞ്ഞു.

## നിർദ്ദേശങ്ങൾ

- ✔ പഞ്ചായത്തു സാംസ്കാരിക നിലയത്തിലെ റീഡിംഗ് റൂമുകളിലെ നിലയിലേക്ക് മാറ്റുകയും താഴെ ടി. വി. റൂമായി ഉപയോഗിക്കുകയും പ്രാഥമികാവശ്യ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ഒരു സമിതിയുടെ മേൽ നോട്ടത്തിലാക്കി ചർച്ച ക്ലാസ്സുകളും സെമിനാറുകളും സംഘടിപ്പിക്കുകും ചെയ്യുക.
- ✔ എൽ. എൽ. എ. ലൈബ്രറി യൂണിറ്റിൽ ലൈബ്രേറിയനെ നിയമിക്കുകയും പുതിയ പസ്തകങ്ങൾ വാങ്ങുകയും വേണം. മാറാട്, നടുവട്ടം വായനശാലകൾ പ്രവർത്തന നിരതമാക്കുകയും മറ്റു വാർഡുകളിൽ പുതുതായി വായനശാലകൾ ഗ്രാമസഭകളുടെ നേതൃത്തിൽ ആരംഭിക്കുകയും വേണം.

- ✔ പഞ്ചായത്തു തലത്തിൽ ഏകോപനസമിതികൾ ഉണ്ടാക്കി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുയും. ദിശാബോധം നല്കുകയും വേണം
- ✔ കുട്ടികളിലും, സ്ത്രീകളിലും ഗ്രാമീണരിലും ശാസ്ത്രീയബോധം വളർത്തുന്നതിനുള്ള ക്രീയാത്മക നടപടികൾ നടപ്പിലാക്കണം 'ശാസ്ത്ര ക്ലബ്' രൂപികരിക്കാവുന്നതാണ്.
- ✔ പഞ്ചായത്ത് ഓഫീസ് പ്രവർത്തനം കമ്മ്യൂണിറ്റി ഹാളിൽ നിന്ന് മാറ്റുകയും ജല വിതരണം, മറ്റു സൗകര്യങ്ങൾ വിപുലപ്പെടുത്തി കമ്മ്യൂണിറ്റി ഹൾ പൊതു പരിപാടിക്ക് വിട്ടു കൊടുക്കുക.
- ✔ സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം വിപുലീകരിച്ച് കാര്യക്ഷമമാക്കുകും മോണിട്ടറിംഗ് നടത്തുകയും ചെയ്യുക.
- ✔ പൊതു കളിസ്ഥലവും നിർമ്മിക്കുന്നതിന് പഞ്ചായത്തു മുൻകൈയുടുത്തു (സർക്കാറിന്റെയും പഞ്ചായത്തിന്റെയും പൊതു കളിസ്ഥലം) നിർമ്മിക്കുക.
- ✔ കൊയ്തു പാട്ട് , പുള്ളുവൻ പാട്ട് എന്നീ നാടൻ പാട്ടുകളും വട്ടംകളി, പരിശക്കളി എന്നിവ പഞ്ചായത്തു തല, സ്ക്കൂൾ തല മേളകളിൽ ഉൾപ്പെടുത്തുക.
- ✔ വായനാശീലം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി പുസ്തക വിതരണ ക്ലബുകൾ ചെറിയ ചർച്ചക്ലാസ്സുകൾ സംഘടിപ്പക്കുക.





# സഹകരണം

മദിരാശി സംസ്ഥാന സഹകരണ നിയമ പ്രകാരം 27–6–1952ൽ രജിസ്റ്റർ ചെയ്യപ്പെട്ട നടുവട്ടം വിവിധോദ്ദേശ ഐക്യനാണയ സംഘമാണ് പഞ്ചായത്തിൽ ആദ്യമായി നിലവിൽ വന്നത് ആരംഭത്തിൽ 18പേർ അംഗങ്ങളായിരുന്നു. കൃഷിക്കാർക്ക് വായ്പകൊടുക്കാനും അവരുടെ ഉൽപന്നങ്ങൾ വിറ്റഴിക്കാൻ സഹായിക്കുന്നതിനും വേണ്ടിയായിരുന്നു. സംഘം പ്രവർത്തനം. നടത്തിയിരുന്നത്. വർഷങ്ങൾക്കകം സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിച്ചു. ഇടസംഘത്തെ 1962ൽ നടുവട്ടം സർവ്വീസ് സഹകരണസംഘമായി പുന:സംഘടിപ്പിച്ചു. പഞ്ചായത്തിലെ ബേപ്പൂർ അംശം ഫറോക്ക് സർവ്വിസ് സഹകരണ ബേങ്കിന്റെ പരിധിയിലായിരുന്നു...ലാണ് പഞ്ചായത്തിലെ മുഴുവൻ പ്രദേശവും നടുവട്ടം സർവ്വിസ് സഹകരണ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ ആയത്. കൂടാതെ കിണാശ്ശേരി ദേശം ഒഴിച്ചുള്ള പന്നിയങ്കര വില്ലേജ് കൂടി ബേങ്കിന്റെ പ്രവർത്തന പരിധിയിലുണ്ട്. നിക്ഷേപങ്ങൾ ലഭിക്കാനുള്ള പ്രയാസങ്ങൾ, വായ്പ പിരിച്ചെടുക്കാന്നതിലുള്ള വിഴ്ച, ജനങ്ങൾക്ക് സഹകരണ സ്ഥാപനവുമായുള്ള അകൽച്ച എന്നിവകാരണം പ്രവർത്തനം കുറെ കാലം മന്ദീഭവിച്ചു. 1995–96ലെ കണക്കുകൾ പ്രകാരം 6826 അംഗങ്ങളും, 1,37 കോടി രൂപയുടെ നിക്ഷേപങ്ങളും, 1.12 കോടി രൂപ വായ്പയുണ്ട്. കാർഷിക വായ്പാ വിതരണം നാമമാത്രമാണ്. കൃഷിക്കാവശ്യമായി വളം,കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ വിതരണം നടത്തുന്നില്ല. പഞ്ചായത്തിൽ വർഷങ്ങൾക്ക് മുമ്പ് ഒരു കൺസ്യൂമർ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചുവെങ്കിലും ചുരുങ്ങിയ മാസങ്ങൾക്കകം പ്രവർത്തനരഹിതമായി. 1958 മുതൽ കയർ വ്യവസായസഹകരണസംഘം പ്രവർത്തിച്ചുവരുന്നു. സ്വന്തമായി കെട്ടിടമുണ്ട് എന്നാൽ തൊണ്ടിന്റെ ക്ഷാമവും, ആവശ്യമായ തൊഴിലാളികലുടെ അഭാവം എന്നിവ കാരണം സംഘം വലിയ പ്രതിസന്ധിയിലാണ്. സംഘത്തിൽ 635 അംഗങ്ങൾ ഉണ്ട്. എഞ്ചിനീയറിംഗ് തൊഴിലാളികൾ നടത്തുന്ന മറൈൻ എഞ്ചിനിയറിംഗ് വർക്കേഴ്സ് സഹകരണസംഘം മുതൽ പ്രവർത്തിക്കുന്നുണ്ട്. ബേപ്പൂർ ഫിഷിങ്ങ് ഹാർബറിനടുത്ത് 2 സംഘത്തിന് സ്വന്തമായി 25 സെന്റ് സ്ഥലവും കെട്ടിടവുമുണ്ട് സംഘത്തിന്റെ മൂലധനക്ഷാമം പ്രവർത്തന പുരോഗതിയെ ബാധിച്ചു. മൂന്ന് മത്സ്യതൊഴിലാളി സഹകരമ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

1. മാറാട് തെക്കെ കടപ്പുറം മത്സ്യവിതരണ ക്ഷേമ സഹകരണസംഘം

2. മാറാട് മത്സ്യവിതരണ ക്ഷേമ സഹകരണസംഘം

3.ബേപ്പൂർ-ചാലിയം മത്സ്യവിതരണ ക്ഷേമ സഹകരണസംഘം

മത്സ്യതൊഴിലാളികൾക്ക്, മത്സ്യബന്ധനോപകരണങ്ങൾ വാങ്ങാനുള്ള വായ്പ സൗകര്യം ഈ സംഘങ്ങൾ ലഭ്യമാക്കി കൊടുക്കുന്നുണ്ട്.

നടുവട്ടം ക്ഷീരോത്പാദക സഹകരണ സംഘം 21-1-63 മുതൽ പ്രവർത്തനം നടത്തുന്നു. ഇപ്പോൾ 796 അംഗങ്ങൾ ഉണ്ട്. പ്രതിദിനം 250 ലിറ്റർ പാൽ സംഭരിക്കുന്നുണ്ട്. ഇതിൽ 75 ലിറ്റർ കേന്ദ്രസംഘത്തിലേക്കും, ബാക്കി പ്രാദേശികമായും വിൽപനനടത്തുന്നു. പാൽ ഉൽപന്നങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു. കോഴിക്കോട് മിൽക്ക് സപ്ലൈ യൂണിയൻ നടത്തിയിരുന്ന "കാലിതിറ്റ നിർമ്മാണ" യൂണിറ്റ് ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഖാദിബോർഡിന്റെ കീഴിൽ സിമന്റ് ബ്രിക്സ് (ഹോളോബ്രിക്സ്) നിർമ്മാണയൂണിറ്റ് ഉണ്ട്. ബേപ്പൂർ ഗവ.ഹൈസ്ക്കൂൾ സഹകരണസംഘം, നടുവട്ടം ഗവ.യു.പി.സ്കൂൾ സഹകരണസംഘം എന്നിവ വിദ്യാർത്ഥികൾക്കുള്ള പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നു. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള(Silk) തൊഴിലാളികളുടെ ഒരു സഹകരണ സംഘവും പ്രവർത്തിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

- ✖ കാർഷികാവശ്യത്തിനുള്ള വായ്പ, വിത്ത്, വളം, കീടനാശിനികൾ എന്നിവ യഥാസമയം ലഭ്യമാവുന്നില്ല.
- ✖ കയർ തൊഴിലാളി സഹകരണസംഘം പ്രവർത്തനക്ഷമമല്ല.
- ✖ മറൈൻ എഞ്ചിനീയറിംഗ് സഹകരണസംഘത്തിൽ സൗകര്യങ്ങൾ കുറവാണ്.
- ✖ വനിത തൊഴിൽ സൗകര്യങ്ങൾ അഭിവൃദ്ധിപ്പെടുത്താൻ സംരംഭങ്ങൾ ഒന്നുമില്ല.
- ✖ നിലവിലുള്ള ക്ഷീരസഹകരണസംഘവുമായി മുഴുവൻ പാലുല്പാദകരും ബന്ധപ്പെടുന്നില്ല.
- ✖ കരകൗശലവസ്തുക്കൾ വിപണനം ചെയ്യുന്നതിന് പൊതു സംരംഭങ്ങൾ ഒന്നുമില്ല.
- ✖ ഉപഭോക്ത സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

## സാധ്യതകൾ

- ✔ കാർഷികആവശ്യങ്ങൾക്ക് മുൻഗണനകൊടുത്തുകൊണ്ടുള്ള പരിപാടികൾ സർവ്വീസ് സഹകരണ ബേങ്ക് ആവിഷ്കരിക്കുക.
- ✔ കയർ തൊഴിലാളി സഹകരണ സംഘം കയറുൽപ്പന്നങ്ങളും, കരകൗശല വസ്തുക്കളും ഉൽപാദിക്കുന്ന വിഭാഗംപുനരാവിഷ്കരിക്കുക.
- ✔ പ്രധാന മത്സബന്ധനതുറമുഖമെന്ന നിലയിൽ ഇവിടെ വരുന്ന ബോട്ടുകളുടെ അറ്റകുറ്റപണികൾ നടത്തുന്നതിനു ഉപയുക്തമായ വിധത്തിൽ മറൈൻ എഞ്ചിനീയറിംഗ് സഹകരണസംഘം ആധുനീകരിക്കുക.
- ✔ കോഴി വളർത്തൽ വ്യാപകമായ തോതിൽ ആരംഭിക്കുന്നതോടുകൂടി, സംഭരണം, വിതരണം, കോഴിതീറ്റ ഉൽപാദനം എന്നിവയ്ക്ക് ഒരു സഹകരണ സംഘത്തിന് സാധ്യതയുണ്ട്.



# കുടിവെള്ളം – പൊതുജനാരോഗ്യം

നല്ല ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്താണ്. ജനങ്ങൾക്ക് ആരോഗ്യം സ്വായത്തമാക്കുന്നതിൽ ശുദ്ധ ജലം, ശുദ്ധവായു എന്നിവയുടെ പങ്ക് പരമപ്രധാനമാണ്. തീരദേശ പഞ്ചായത്തിനാൽ ബേപ്പൂരിൽ പൊതുവെ ശുദ്ധ ജല ക്ഷാമമുണ്ട്. അത് പൂർണ്ണമായും പരിഹരിക്കേണ്ടിയിരിക്കുന്നു. രണ്ടായിരമാണ്ടിൽ എല്ലാവീടിനും ശുദ്ധജലവും കക്കൂസും എണാണ് ലോകാരോഗ്യ സംഘടന ലക്ഷ്യമിട്ടിരിക്കുന്നത്. നമുക്കു ആ ലക്ഷ്യത്തിലെത്താൻ ഒരു തിവ്രയത്ന പരിപാടി ആസൂത്രണം ചെയ്യേണ്ടിയിരിക്കുന്നു.

വിസ്തൃതിയുള്ള കുഴിക്കിണറുകളാണ് ഇവിടെ അഭികാമ്യം. കുഴൽക്കിണ്ണറുകൾ തീർത്തും അനാവശ്യമാണ്. ബേപ്പൂർ പഞ്ചായത്ത് ഉൾപ്പെടുന്ന കോഴിക്കോട് ബ്ലോക്കിൽ രണ്ട് ഭാഗവും ഇനിയും ചൂഷണം ചെയ്യപ്പെടേണ്ടിയിരിക്കുന്നു. ബേപ്പൂർ പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകൾ കിണറും പൈപ്പ് വെള്ളവുമാണ്. മിക്ക വിടുകളിലും കിണറുകൾ ഉണ്ട് ചില വാർഡുകളിൽ പൊതുകിണർ ഉണ്ട്. ലക്ഷം വീടുകളിലും നാല് സെന്റ് അഞ്ച് സെന്റ് കോളനികളിലും പട്ടികജാതി കോളനികളിലും പോതുകിണറുകളുണ്ട് ചില കിണറുകൾ ശാസ്ത്രീയമായി പുനർനിർമ്മാണം ചെയ്യേണ്ടിയിരിക്കുന്നു. മിക്ക പൊതുകിണറ്റിലും എല്ലാ കാലത്തും ശുദ്ധജലം ലഭിക്കുന്നണ്ട്.

ബേപ്പൂർ പഞ്ചായത്തിലെ രണ്ട്, അഞ്ച്, ഏഴ്, എട്ട് എന്നീ വർഡുകളിലായി നാല് ശുദ്ധജല പദ്ധതികൾ നിലവിലുണ്ട്. ദിനംപ്രതി ചില പ്രത്യേക സമയങ്ങളിൽ മാത്രമെ വെള്ളം പമ്പ് ചെയ്യുന്നുള്ളു. കൂടാതെ പഞ്ചായത്ത് വക കിഴക്കും പാടും മിനി വാട്ടർസപ്ലൈ സ്കീം അഞ്ചാം വാർഡിലുള്ള ശുദ്ധജല വിതരണ പദ്ധതിയാണ്.

അഞ്ചു സെന്റ് മുതൽ ഒരു ഏക്കറോളം ഉള്ള മുപ്പത്തി അഞ്ച് കുളങ്ങൾ ഉണ്ട്. ഇവ മിക്കതും ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ പതിമൂന്ന് തോടുകളും ഏതാനും വയൽ പ്രദേശങ്ങളും ഉണ്ട്. ഇവയൊക്കെ പഞ്ചായത്തിലെ ജലസ്രോതസ്സുകളാണ്.

14-ാം വാർഡിലും പഞ്ചായത്തിൽ ഒന്ന്, രണ്ട്,മൂന്ന്, ഏഴ്, എട്ട് എന്നീ കടൽത്തീര വാർഡുകളിലും ബേപ്പൂർ പുഴയുടെ തീരത്തുള്ള നാലും അഞ്ചും വാർഡുകളിലും ഉള്ള കിണറുകളിൽ വേനൽക്കാലങ്ങളിൽ ഉപ്പുവെള്ളമാണ്. ഒന്നാം വാർഡിൽ മത്സ്യവളം ഉണക്കുന്നതിനാൽ സമീപമുള്ള കിണറുകളിലെ വെള്ളം മലിനമാവാറുണ്ട്. പതിനാലാം വാർഡിൽ ചാക്കേരിക്കാട് തുലാംമറ്റം ഭാഗത്ത് മഴക്കാലത്ത് മലിനജലം കെട്ടിനിൽക്കുന്നതിനാൽ കിണറുകളിലെ വെള്ളം മലിനമാവാറുണ്ട്.

## പ്രശ്നങ്ങൾ

ബേപ്പൂർ പഞ്ചായത്തൽ ഒന്നാം വാർഡിൽ പുലിമൂട്ടിന് സമീപവും മൂന്നാം വാർഡിൽ മുതുനിലം, വാരിയങ്ങൽ പറമ്പ്, കോളനി എന്നിവടങ്ങളിലും നാലാം വാർഡിൽ പുതുക്കുടി പറമ്പ്, കിഴുക്കും പാടം എന്നീവടങ്ങളിലും ആറാം വാർഡിന്റെ തെക്ക് പടിഞ്ഞാറ് ഭാഗത്തും ഏഴാം വാർഡിൽ ചൂളയാൽ വളപ്പ് കൈതവളപ്പ് എന്നിവിടങ്ങളിലും എട്ടാം വാർഡിൽ നേരിയ തോതിലും പത്താം വാർഡിൽ മുണ്ടേകൻ വയൽ പറമ്പ് എന്നീവിടങ്ങളിലും പതിനൊന്നാം വാർഡിൽ തോണിച്ചിറ, ഇളയിടത്ത് താഴം വയൽ എന്നീവിടങ്ങളിലും പന്ത്രണ്ടാം വാർഡിൽ മോഡൺ, മേലേച്ചിറ, സിമന്റ് ഗോഡൗൺ ഭാഗത്തും പതിനാലാം വാർഡിൽ ചാക്കേരിക്കാട് തുലാമുറ്റം ഭാഗത്തും പതിനഞ്ചാം വാർഡിൽ നേരിയ തോതിലും ശുദ്ധ ജല ക്ഷാമം അനുഭവപ്പെടുന്നുണ്ട. നാലാം വാർഡിൽ കുന്നത്തു പറമ്പ് ഭാഗത്ത് ശുദ്ധജലക്ഷാമമുണ്ട്.

## സാധ്യതകൾ

### ചെറുകിട ശുദ്ധ ജല പദ്ധതികൾ

അഞ്ചാം വാർഡിലുള്ള പശുക്കുളം പുനരുദ്ധരിച്ച് ചെറുകിട ശുദ്ധ ജല പദ്ധതി നടപ്പിൽ വരുത്തിയാൽ അഞ്ചാം വാർജിലുള്ള പുതുക്കുടിപ്പറമ്പ്, മുണ്ടയാർ വയൽ, എടത്തിൽ പറമ്പ്, കിഴക്കും പടം എന്നീവടങ്ങളിൽ ഇപ്പോഴുള്ള ശുദ്ധജല ക്ഷാമത്തിന് ഒരു പരിധി വരെ പരിഹാരമാകും. ഒമ്പതാം വാർഡിന്റെ തെക്കേ അറ്റത്ത് ഒരു ചെറുകിട ശുദ്ധജല പദ്ധതി നടപ്പിൽ വരുത്തിയാൽ ഒമ്പതും പത്തും വാർഡുകളിലെ ജല ക്ഷാമം പരിഹരിക്കാന്നാകും. പതിനൊന്നാം വാർഡ്ൽ തോണിച്ചിറയിൽ ഉയർന്ന പ്രദേശത്ത് ശുദ്ധജലപദ്ധതി നടപ്പിലാക്കിയാൽ അവിടുത്തെ ശുദ്ധജല പ്രശ്നം പരിഹരിക്കാനാവും.

### ഇടത്തരം പദ്ധതികൾ

ഏഴാം വാർഡിലെ നാല്സെന്റ് കോളനിയിലുള്ള കിണർ ഒന്നുകൂടി മെച്ചപ്പെടുത്തി ഒരു ശുദ്ധജല പദ്ധതിക്ക് രൂപം നൽകിയാൽ ആറാം വാർഡിന്റെ തെക്കു പടിഞ്ഞാറ് ഭാഗത്തും ഏഴാം വാർജിലെ ചുള്ളിയാം വളവ്, കൈതവളപ്പ് എന്നീവിടങ്ങളിലും ഉള്ള ശുദ്ധ ജലക്ഷാമം പരിഹരിക്കാനാവും. എട്ടാം വാർഡിലെ ലക്ഷം വീട് കോളനിയിൽ നിലവിലുള്ള കിണർ നന്നാക്കി ശുദ്ധ ജലപദ്ധതിക്ക് രൂപം നൽകിയാൽ മുണ്ടക്കാട്ട് പറമ്പ്, കോയ വളപ്പ്, തീരപ്രദേശം, ചതുപ്പ് പ്രദേശം, വയൽ പ്രദേശം എന്നീവിടങ്ങളിലെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കാം.

പന്ത്രണ്ടാം വാർഡിൽ ഉയർന്ന പ്രദേശ്ത്ത പാറപ്പുറം ക്ഷേത്രത്തിന് സമീപം പൊതുകിണർ കുഴിച്ച് ഒരു ശുദ്ധ ജല പദ്ധതി ആവിഷ്ക്കരിച്ചാൽ മോഡേൺ, മേലേചിറ, സിമന്റ് ഗോഡൗൺ ഭാഗം എന്നീവടങ്ങളിലെ ശുദ്ധ ജല ക്ഷാമത്തിന് പരിഹാരമാകും.

### ആവശ്യമായ പഞ്ചായത്ത് തല പദ്ധതികൾ

നാലാം വാർഡിലെ തേക്കേടന്ക്കുളം കേന്ദ്രമാക്കി ഒരു ശുദ്ധജല പദ്ധതി പ്രാവർത്തികമാക്കേണ്ടതാണ്. ഒന്നാം വാർഡിലെ പുലിമുട്ട് പ്രദേശം, മൂന്നാം വാർഡിലെ മുതുനിലം, വാരിങ്ങൽ പറമ്പ് കോളനി എന്നീ പ്രദേശങ്ങളിലും നാലാം വാർഡിലെ കക്കാടത്ത് ഭാഗത്തും കുന്നതുപറമ്പ് ഭാഗത്തും അനുഭവപ്പെടുന്ന ശുദ്ധജലക്ഷാമം പരിഹരിക്കാനാവും.

### മറ്റ് നിർദ്ദേശങ്ങൾ

- സന്നദ്ധ ഗ്രൂപ്പ് ജല വിതരണ പദ്ധതി ( മിനി പ്രോജക്ട്)
- ഒരു പ്രദേശത്തെ പത്തിരുപത് വീട്ടുകാർ ചേർന്ന് ഒരു ഗ്രൂപ്പായി ഒരു പ്രോജക്ടിന് രൂപം നൽകുക.
- മലിനജലം കെടി നിൽക്കുന്ന പ്രദേശങ്ങളിൽ കക്കുസുകളിൽ നിന്നും മറ്റും ഉള്ള മലീനികരണം ഉള്ളതിനാൽ ഒരു പൊതു ജല വിതരണ കേന്ദ്രം സ്ഥാപിക്കുന്നത് നന്നായിരിക്കും
- മഴവെള്ളം പാഴായി പോവാതെ സംരക്ഷിക്കാനുള്ള നടപടികൾ സ്വികരിക്കുക.
- ജല - വായു - പ്രാണി ജന്യരോഗങ്ങൾ നമ്മുടെ പഞ്ചായത്തിൽ കാണുന്നുണ്ടെങ്കിലും ജല ജന്യ രോഗങ്ങളാണ് കൂടതലായി കാണ്ടുവരുന്നത് ഇത് ചിലയവസരങ്ങളിൽ രൂക്ഷമാണ്താനും. ശുദ്ധ ജലം, പരിസരശുചിത്വം, വ്യക്തി ശുചിത്വം എന്നിവയില്ലാത്തതാണ് പ്രധാന രോഗ കാരണം. വയറിളക്കം, മഞ്ഞപ്പിത്തം, പനി, ചൊറി മുതലായവ തീരപ്രദേശങ്ങളിൽ സ്ഥായി ആയ രോഗങ്ങളാണ്.

**സ്ഥാപനങ്ങളും സേവനങ്ങളും.**

പ്രാഥമികാരോഗ്യ കേന്ദ്രം: 1994ൽ ലയൺസ് ക്ലബ് നിർമ്മിച്ച ഒരു മിനി പ്രൈമറി ഹെൽത്ത് സെന്ററാണ് സർക്കാർ ഉടമയിലുള്ള പ്രധാന ആരോഗ്യകേന്ദ്രം. ഇവിടെ ഒരു ഡോക്ടറുൾപ്പെടെ ഇരുപ്പത്തിയൊന്ന് ജീവനക്കാർ ഇപ്പോൾ ജോലി ചെയ്യുന്നു. ഡോക്ടർമാരുടെ സേവനം പലപ്പോഴും ലഭ്യമല്ല എന്ന പരാതി വിവിധ ഗ്രാമസഭകളിൽ നിന്നുയർന്നു വന്നിട്ടുണ്ട്. മരുന്നുകൾ ആവശ്യത്തിന് ലഭിക്കാറില്ല. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശമായിട്ട് പോലും ഗൃഹ സന്ദർശനവും ആരോഗ്യ ക്ലാസ്സുകളും പരിമിതമായേ നടത്താറുള്ളൂ. ഈ പ്രാഥമിക്കാരോഗ്യ കേന്ദ്രത്തിന്റെ കോമ്പൗണ്ടിൽ തന്നെ കയർ തൊഴിലാളികൾക്ക വേണ്ടി ആറ് കിടക്കകളുള്ള ഒരു ആശുപത്രി പണിപ്പൂർത്തിയായി വർഷങ്ങൾ കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല.

**ആരോഗ്യ ഉപകേന്ദ്രങ്ങൾ**

ഈ പഞ്ചായത്തിലെ രണ്ടാം വാർഡിൽ ലക്ഷം വീട് കോളനിക്കുള്ളിൽ ബാലവാടിക്ക് സമീപവും ഏഴാം വാർഡിൽ ഫിഷറീസ് എൽ.പി. സ്ക്കൂളിന് സമീപവും ഓരോ ആരോഗ്യ ഉപകേന്ദ്രങ്ങളുണ്ട്. ഡോക്ടർമാരുടെ സേവനമില്ലാത്തെ ഇവിടെ ആരോഗ്യവകുപ്പിലെ ഓരോ ജീവനക്കാരികൾ മാത്രമേയുള്ളൂ. അതിനാൽ പ്രവർത്തനം വളരെ അപര്യാപ്തമാണ്.

ഹോമിയോ ഡിസ്പൻസറി മാത്തോട്ടതാണ്. 1989 പഞ്ചായത്തിന്റെ വാടകക്കെടിടത്തിൽ ആണ് ഹോമിയോ ഡിസ്പൻസറി ആരംഭിച്ചത്. ആകെ മൂന്ന് ജീവനക്കാരാണുള്ളത്. ഇവരെല്ലാം, ഉപകരണങ്ങൾ. ആവശ്യമുണ്ടകുമെന്ന് ഇവയെന്നും ലഭ്യമല്ല. 1996 ഏപ്രിൽ മുതൽ സെപ്തംബർ വരെ 9387 പേർ ഇവിടെ ചികിത്സക്കായി എത്തിയിട്ടുള്ളതായി കാണാൻ കഴിയുന്നു.(അനുബന്ധം-7).

മൂന്നാം വാർഡിലുള്ള സ്വകാര്യ ആശുപത്രി ആധുനിക സൗകര്യങ്ങളോട് കൂടിയതാണ്.

## സാദ്ധ്യതകൾ

- ✔ 1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ഡോക്ടർമാരുടെ സേവനം എല്ലാ ദിവസവും ഉണ്ടാവുമെന്ന് ഉറപ്പു വരുത്തുക.
- ✔ 2.അത്യാവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുക
- ✔ 3. കയർ തൊഴിലാളി ആശുപത്രി ഉടൻ തുറന്ന് പ്രവർത്തിപ്പിക്കുക.
- ✔ 4. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ചുറ്റുമതിൽ കെട്ടി വാച്ചുമാനെ നിയമിക്കുക.
- ✔ 5. ഗൃഹ സന്ദർശനവും മരുന്ന് വിതരണവും, ആരോഗ്യ ക്ലാസ്സുകളും നടത്തുക.
- ✔ 6.സബ് സെന്ററുകളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.
- ✔ 7. ഹോമിയോഡിസ്പൻസറിക്ക് അടിസ്ഥാനസൗകര്യങ്ങളുള്ള സ്വന്തം കെട്ടിടം നിർമ്മിക്കുക.
- ✔ 8. ഹോമിയോ ഡിസ്പൻസറിയിൽ അത്യാവശ്യമരുന്നുകൾ ലഭ്യമാക്കുക.
- ✔ 9. ഹെൽത്ത് സെന്റർ സംരക്ഷണവികസനസമിതി രൂപികരിക്കുക.
- ✔ 10. പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പൻസറി ആവശ്യമുണ്ട്.

**കക്കൂസ്**

സ്ഥലപരിമിതിയും, സാമ്പത്തിക പരാധിനതകൾ മൂലവും കക്കൂസ് നിർമ്മാണത്തിൽ കാര്യമായ പുരോഗതി ചിലഭാഗങ്ങളിൽ ഇല്ല. പഞ്ചായത്ത് തലത്തിൽ 33.7% വീടുകളിൽ കക്കൂസില്ല. പഞ്ചായത്തിൽ 1,2,3,7,8 എന്നീ തീര ദേശ വാർഡുകളിൽ കക്കൂസ് ഇല്ലാത്ത വീടുകൾ ഉണ്ട്.

## സാദ്ധ്യതകൾ.

- ✔ 1. സ്ഥലമില്ലത്തവർക്കും കോളനിനിവാസികൾക്കും വേണ്ടി പൊതുകക്കുസുകൾ സ്ഥാപിക്കുക.
- ✔ 2. സാമ്പത്തിക പരാധീനതയുള്ളവർക്ക് നിർമ്മാണത്തിന് ആവശ്യമായ സഹായം ലഭ്യമാക്കുക.
- ✔ 3. ശുചിത്വത്തെപ്പറ്റി ബോധവൽക്കരണം നടത്തുക.
- ✔ 1.മലിനജലം
- ✔ മലിനജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങൾ ഒന്നാം വർഡിൽ ഭദ്രകാളീ ക്ഷേത്രത്തിന് തെക്ക് ഭാഗവും, പുലിമുട് ഓവു ചാലിന്റെ വടക്ക് ഭാഗവും,
- ✔ മൂന്നാം വാർഡിൽ പുതുനിലം വയൽ, വാരിയങ്ങൾ

പറമ്പ്, പളിയാറക്കൽ പറമ്പ്, വലിയപറമ്പ് എന്നി ഭാഗങ്ങളിൽ

- ✔ നാലാം വാർഡിൽ ചമ്പക ഹൗസിങ്ങ് കോളനിയുടെ കിഴക്കു ഭാഗങ്ങളിലും
- ✔ അഞ്ചാം വാർഡിലെ മുണ്ടായാൽ വയൽ, തോണി ചിറ ഭാഗങ്ങിളിലും
- ✔ ഏഴാം വാർഡിലെ തമ്പി വളപ്പിലെ നാല് സെന്റ്, അഞ്ച് സെന്റ് കോളനികൾ
- ✔ പന്ത്രണ്ടാം വാർഡിലെ തവളകുളം ഭാഗം.
- ✔ പതിമൂന്നാം വാർഡിലെ കുറ്റിവയൽ, എരഞ്ഞിവയ്ൽ ഭാഗങ്ങൾ
- ✔ പതിനാലാം വാർഡിലും പതിനഞ്ചാം വാർഡിൽ തുല മുറ്റം ഭാഗം
- ✔ ഒന്നാം വാർഡിൽ ഭദ്രകാളിക്ഷേത്രത്തിനടുത്തുനിന്നും പുലിമുട്ട് ഓവ് ചാലിലേക്ക് ഓട നിർമ്മിക്കുക. പുലിമുട് ഓവ് ചാൽ വടക്കുഭാഗത്തേക്ക് ഉദ്ദേശം നൂറ്റമ്പത് മീറ്റർ കൂടി നീട്ടുക. ഓടകൾക്ക് നിർബന്ധമായും സ്ലാബ് ഇടുക.
- ✔ മൂന്നാം വാർഡിൽ വെള്ളം കെട്ടിനിൽക്കുന്ന പ്രദേശത്ത് ഓവുചാലുകൾ നിർമ്മിച്ച് തോടുമായി ബന്ധപ്പെടുത്തുക.
- ✔ നാലാം വാർഡിൽ ചെമ്പകകോളനിക്ക് കിഴക്ക് ഭാഗത്തുനിന്നും ഓവുചാൽ നിർമ്മിക്കുക.
- ✔ അഞ്ചാം വാർഡിൽ മുണ്ടായാർ വയലിന് ഓവുചാൽ നിർമ്മിച്ച് തോടിൽ ചീർപ്പ് ഇടുക ഗുളികൻ തോട് കനാൽ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുക.
- ✔ ഏഴാം വാർഡിൽ തമ്പിവളപ്പിലെ നാല്സെന്റ്, അഞ്ച് സെന്റ് കോളനികളിൽ നിന്ന് പടിഞ്ഞാറ് കാലിലേക്ക് ഓവുചാൽ നിർമ്മിക്കുക.
- ✔ ആവിത്തോട് ആഴം കൂടി ഉപയോഗപ്രദമാക്കുക.
- ✔ പന്ത്രണ്ടാം വാർഡിൽ തവളക്കുളം ഭാഗത്തും പതിമൂന്നാം വാർഡിൽ കുറ്റിവയൽ എരഞ്ഞിവയൽ ഭാഗത്തും പതിനഞ്ചാം വാർഡിൽ ഇലാമുറ്റം ഭാഗത്തും ഓവു ചാലുകൾ നിർമ്മിക്കണം.
- ✔ പതിനാലാം വാർഡിൽ അരക്കിണർ അങ്ങാടിയിൽ നിന്നും റയിൽവേ ലൈൻവരെ ഓവുചാൽ നിർമ്മിക്കണം.
- ✔ മെയിൽ റോഡിൽ മഴവെള്ളം ഒഴുകിപ്പോകുന്നതിനായി ഓവുചാൽ നിർമ്മിക്കണം.

## 2. പരിസ്ഥിതി മലിനീകരണം.

ഒന്നാം വർഡിൽ മത്സ്യവകുപ്പിന്റെ അധീനയിലുള്ള മത്സ്യവളം ഉണ്ടാക്കുന്നസ്ഥലം ഇപ്പോൾ ദുർഗന്ധം പൂരിതവും ജലമലിനീകരണത്തിനിടാക്കുന്നതുമായ ബേപ്പൂരങ്ങടായിലുള്ള അറവുശാലകളിലേയും ഹോട്ടലുകളിലെയും അവശിഷ്ടങ്ങൾ പരിസരമലിനീകരണത്തിനും ഇടയാകുന്നു.

| പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ | | | | |
|---|---|---|---|---|
| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
| 1 | P.H.C സബ്സെന്റർ | 2 | | 1 |
| 2 | P.H.C മിനി | 6 | 1994 | 21 |
| 3 | P.H.C. സബ്സെന്റർ | 7 | | 1 |
| 4 | ഹോമിയോഡിയ് പെൻസറി | 9 | 1982 | 3 |

രണ്ടാം വാർഡിലെ പഞ്ചായത്ത് ബസ് സ്റ്റാന്റിലുള്ള കക്കൂസ് മൂത്രപുര ഇവയും സമീപമുള്ള ഹോട്ടലുകളി ലേയും അവശിഷ്ടങ്ങളും മലിനീകരണത്തിന് കാരണ മായി തിരുന്നു.

നാലാം വാർഡിലെ ഫിഷറീസ് ജെട്ടിയുടെ ഓവു ചാലുകൾ കേടുവന്നതിനാൽ മലിനജലം കെട്ടികിട ക്കുന്നു.


ചമ്പക ഹൗസിങ്ങ് കോളനിക്ക് കിഴക്കുഭാഗത്തി ചപ്പുചവറുകൽ നിക്ഷേപിക്കുന്നത് കൊണ്ടുള്ള പ്രശ്ന ങ്ങൾ

അഞ്ചാം വാർഡിൽ മുണ്ടയാർ വയലിന് സമീപമുള്ള ചെമ്മീൻ കമ്പനിയിലെ അവശിഷ്ടങ്ങൾ നിക്ഷേപിക്കു ന്നതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ

പതിനഞ്ചാം വാർഡിലെ ഷോപിംങ്ങ് കോംപ്ല ക്സിന് സമീപം അറവുശാലയിലെയും മത്സ്യമാർക്കറ്റി ലെയും അവശിഷ്ടങ്ങളും കൊണ്ടുള്ള പ്രശ്നങ്ങൾ.

## സാദ്ധ്യതകൾ


- ✔ ഒന്നാം വാർഡിലെ മത്സ്യം ഉണക്ക് കേന്ദ്രം അവിടെ നിന്നും മാറ്റി സ്ഥാപിക്കണം മാർക്കറ്റിലെയും അറവ് ശാലയിലെയും അവശിഷ്ടങ്ങൾ ശാസ്ത്രീയമായി സംസ്ക്കരിക്കണം.
- ✔ രണ്ടാം വാർഡിലെ ബസ് സ്റ്റാൻണ്ടിലുള്ള കക്കൂസിലും മൂത്രപ്പുരയിലും പരിസരത്തും വൃത്തിയിലും ശുചിത്വവും ഉറപ്പുവരുത്തുക. പുറത്തുനിന്നുള്ള മലിനവസ്തുകൾ ശാസ്ത്രീയമായി സംസ്കരിക്കുക.
- ✔ നാലാം വാർഡിലെ ഫിഷറീസ് ജെട്ടിയുടെ ശോച്യാവ സ്ഥയും പരിസ്ഥിതി പ്രശ്നങ്ങളും പൂർണ്ണമായും പരിഹ രിക്കുക. ജെട്ടിയിൽ ഓവുചാൽ നല്ല രീതിയിൽ പുനർനിർമ്മിക്കുക. ആവശ്യമായ സ്ലാബുകൾ ഇട്ട് മൂടുക ദിവസവും രാവിലെയും വൈകുന്നേരവും ജെട്ടികഴുകി വൃത്തിയാക്കുക. കിണറ്റിലെ കുടിവെള്ളം ശുദ്ധികരിക്കുക ജെട്ടിയിൽ ആവശ്യമായ ശുദ്ധികരണ ഔഷധങ്ങൾ കൃത്യ മായും തളിക്കുക.
- ✔ അഞ്ചാം വാർഡിലെ ചെമ്മീൻ കമ്പനിയിലെ അവശിഷ്ട ങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കാൻ വേണ്ട നിർദ്ദേ ശങ്ങൾ നൽകുക. പൊതുനിരത്തിന്റെ വശങ്ങളിൽ ചണ്ടി കുമ്പരങ്ങൾ ഇടുന്നത് കർശനമായി നിയന്ത്രിക്കണം. ഇവ നിക്ഷേപിക്കുന്നതിനും സംസ്കരിക്കുന്നതിനും സംവിധാ നമുണ്ടാക്കുക.



| പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡുതിരിച്ച് സ്ഥിതിവിശേഷവും | | | | | |
|---|---|---|---|---|---|
| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനങ്ങളിലുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്തനുള്ള നിർദ്ദേശങ്ങൾ |
| | പൊതുസ്ഥാപനങ്ങൾ | സ്വകാര്യസ്ഥാപനങ്ങൾ | | | |
| 1 | ഇല്ല | 1. അലോപതി മെഡിക്കൽ സ്റ്റോർ 1 പച്ചമരുന്നുകൾ | വയറിളക്കം, ചൊറി, ചെങ്കണ്ണ് | P.H.C.സേവനംതികച്ചും അപര്യപ്തമാണ്. | മത്സ്യം ഉണക്കാനിട്ടിരിക്കുന്നത് ഒഴിവാക്കുക. ശുദ്ധജലം എത്തിക്കുക. |
| 2 | ഹെൽത്ത്സബ്സെന്റർ ഒന്ന് | 2 ഹോമിയോഡിസ്പൻസറി 1. അലോപതിആശുപത്രി | | ഹെൽത്ത് സെന്ററിൽ ജീവനക്കാർകുറവാണ്. | എല്ലാവീടിനും കക്കൂസ്. ഹെൽത്ത് സെന്ററിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് പ്രവർത്തനം മെച്ചപ്പെടുത്തണം. |
| 3 | ഇല്ല | 1 സ്വകാര്യ ആശുപത്രി 1 ഹോമിയോ ക്ലിനിക് | | തൃപ്തികരമല്ല. | |
| 4 | ഇല്ല | 1 അലോപോതി ഡിസ്പൻസറി 1 ഹോമിയ 1ആയുർവേദ ആശുപത്രി | നടുവേദന, കാൽകുഴച്ചിൽ | തൃപ്തികരം | |
| 5 | ഇല്ല | 1 മെഡിക്കൽ സ്റ്റോർ 1 പച്ചമരുന്ന് കട | പകർച്ചവാധികൾ ഉണ്ട്. | | P.H.Cയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. |
| 6 | PHC എണ്ണം 1 | 1 അലോപ്പതി 1 ഹോമിയോപതി 1 ഡന്റൽ ക്ലിനിക്ക് | പല്ല് രോഗം, കണ്ണ് ആസ്തമ, ഹൃദ്രോഗം | റൂറൽ ഡിസ്പെൻസറി കൂടുതൽ സൗകര്യപ്രദമാക്കണം. | കയർതൊഴിലാളി ആശുപത്രി സ്ഥാപിക്കുക. |
| 7 | 1 ഹെൽത്ത് സബ് സെന്റർ | ഇല്ല. | ടി.ബി.മഞ്ഞപിത്തം, പനി, ചുമ | ആശുപത്രിയിൽ സ്റ്റാഫിനെ നിയോഗിക്കണം. കാര്യക്ഷമല്ല. | കൂടുതൽ കാര്യക്ഷമമാക്കണം. |
| 8 | ഇല്ല. | ഇല്ല. | വയറിളക്കം, ചർദ്ദി, പനി, ത്വക്‌രോഗം | | ഒരു ഹെൽത്ത് സെന്റർ വേണം. |
| 9 | 1.ഹോമിയോഡിസ്പൻസറി | ഇല്ല | വിരശല്യം | | സ്വന്തമായി കെട്ടിടം വേണം, പഞ്ചായത്ത് തോട്ടയിൽ മരുന്ന് വേണം |
| 10 | ഇല്ല | ഇല്ല. | പോഷകാഹാരങ്ങളുടെ കുറവ് | | |
| 11 | ഇല്ല | ഹോമിയോക്ലിനിക്ക് | | | ഒരു ആയുർവേദ ആശുപത്രി വേണം |
| 12 | ഇല്ല | ഇല്ല | ചെങ്കണ്ണ്, ഛർദ്ദി, ചിക്കൻപോക്സ്, അതിസാരം, മഞ്ഞപിത്തം | | ഹെൽത്ത് സെന്റർ വേണം |
| 13 | ഇല്ല | ഇല്ല | ചിക്കൻപോക്സ്, ഛർദ്ദി, അതിസാരം, ഉദരരോഗം, ത്വക്‌രോഗം,ആസ്തമ പ്രമേഹം. | | ആയുർവേദ ആശുപത്രി വേണം |
| 14 | ഇല്ല | ഇല്ല | പനി | | അലോപതി ഹോമിയോ ആയുർവേദ ആശുപത്രികർ വേണം |
| 15 | | ഇല്ല | വയറിള്ളക്കം ചൊറി, ചിരങ്ങ് | | അലോപതി ഹോമിയോ ആശുപത്രി വേണം. |

## ബേപ്പൂർ ഗ്രാമപഞ്ചായത്ത് ജല ലഭ്യത

| വാർഡ് | പൊതുകിണർ | വാട്ടർസൈപ്ലസ്കീം | കുളങ്ങൾ | ആകെ എണ്ണം |
|---|---|---|---|---|
| 1 | 1 | ഇല്ല | ഇല്ല | – |
| 2 | – | – | ഇരട്ടച്ചിറ | 1 |
| 3 | – | – | നെല്ലായി, തൊടിയാൽ | 2 |
| 4 | – | – | ചെറുകുറ്റി, കിടിയാനപുറത്ത്, ചെമ്പകശ്ശേരി, തെക്കേടത്ത്, പള്ളികുളം, ശിവക്ഷേത്രം, പുതിയകോവിലകം. | 7 |
| 5 | 1 | – | പച്ചകുളം,മണ്ണാരം, അരീക്കര, പുല്പോമ്പാടം | 4 |
| 6 | 1 | – | മനയത്ത്, കയറ്റിച്ചിറ, മമ്പോടി പറമ്പിന്റെപുറകിൽ | 4 |
| 7 | 3 | JRY കിണർ പമ്പ്സെറ്റ് ടാപ്പുകൾ 18 | മുണ്ടകൻ, | 3 |
| 8 | – 1 | | – | |
| 9 | 1 | | – | – |
| 10 | – | | – | – |
| 11 | – – | | വാട്ടർതാഴത്ത് പറമ്പിൽ, പുത്തില്ലത്ത് തറയിൽ കുളങ്ങരവീട്ടിൽ പൊക്കിളകണ്ടി. | 1 |
| 12 | – | | പാറപ്പുറം അമ്പലം, അട്ടചടിപാടം | 6 |
| 13 | | | – | 3 |
| 14 | | | പെരുമ്പാട്ട് (1 എക്കർ) | – |
| 15 | | | – | 1 |



# ഭവന നിർമ്മാണം

കോഴിക്കോട് നഗരത്തിന് തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിൽ ജനങ്ങൾ കൂടുതലായി വന്നു താമസിക്കാൻ തുടങ്ങയതിനാൽ ജനസാന്ദ്രത ഏറിവരികയാണ്.

കെട്ടടങ്ങളുടെ വർദ്ധനവ് കാണിക്കുന്ന പട്ടിക

ഇടത്തരം കുടുംബാഗങ്ങളാണ് പഞ്ചായത്തിൽ കൂടുതലുള്ളത്. മത്സ്യതൊഴിലാളികൾ താമസിക്കുന്ന ഭാഗങ്ങളിൽ കുടിലുകൾ കുടതൽ ഉണ്ട്. ഇവ പഞ്ചായത്തിൽ 1,2,7,8 എന്നീ വാർഡുകളിലായി കേന്ദ്രീകരിച്ചിരിക്കുന്നു. പഞ്ചായത്ത് മൊത്തം 8897 വീടുകളാണ് ഉള്ളത്. ഒന്നിൽ കൂടുതൽ നിലകളുള്ളത് 177 വീടുകളിൽ കോൺക്രീറ്റ് കെട്ടിടം 125, ഓടിട്ടത് 52ഉം ആകുന്നു. ഒറ്റ നിലയുള്ള കെട്ടിടളിൽ കോൺക്രിറ്റ് കെട്ടിടം 2540ഉം ഓടിട്ട കെട്ടിടം 3336ഉം ഓലമേഞ്ഞ കെട്ടിടം 2844 ഉം ആകുന്നു. പുതുതായി നിർമ്മിച്ചുവരുന്ന വീടുകളിൽ അധികവും കോൺക്രീറ്റ് വീടുകളാണ് നിർമ്മിച്ചുവരുന്ന പ്രവണത ഇപ്പോൾ കൂടിവരുന്നു.

അമിതമായി ജനബാഹുല്യം പറമ്പുകൾ തുണ്ടുകളാക്കിയും വയലുകൾ നികത്തിയും വീടുകൾ നിർമ്മിക്കുന്നു. ഇത് കാർഷികമേഖലയെ ദോഷമായി ബാധിച്ചു. വീടുകൾ അധികരിച്ചിട്ടും നിരവധി ആളുകൾക്ക് സ്വന്തമായി വീടുകൾ ഇല്ല.

പഞ്ചായത്ത് പരിധികുള്ളിൽ ഭവന നിർമ്മാണസഹകരണകംഘങ്ങളോ, വായ്പ ലഭിക്കാൻ മറ്റു സൗകര്യങ്ങളോ ഇല്ല. ജനങ്ങൾ മിക്കവരും രാമനാട്ടുകര ഹൗസിങ്ങ് (സഹകരണ) സംഘം, ജില്ലാസഹകരമ ബാങ്ക്, അർബ്ബൻബാങ്ക്, ഇവിടങ്ങളിലാണ് വായ്പയ്ക്കു വേണ്ടി സമീപിക്കുന്നത്. പഞ്ചായത്തിലെ മറ്റുബാങ്കുഖൾ വളരെ പരിമിതമായ രീതിയിലാണ ഭവനനിർമ്മാണ വായ്പ കൊടുക്കുന്നത്. യഥാസമയം ഈ ലോൺ കിട്ടാൻ കാലതാമസം നേരിടുന്നുണ്ട്. കൂടാതെ വിദഗ്ധ തൊഴിലാളികളുടെ ഗൾഫിലേയ്ക്കുള്ള പോക്ക് നിമിത്തം ഈ വിഭാഗം തൊഴിലാളികളുടെ ആഭാവം സാരമായി ബാധിക്കുന്നുണ്ട്.

പഞ്ചായത്തിലെ 1,2,7,8 വാർഡുകൾ പൂർണ്ണമായും 4-ാം വാർഡ് ഭാഗീകമായും കടലോരത്താണ് എന്നാൽ ഈയടുത്ത കാലത്തുണ്ടായ തീരദേശസംരക്ഷണം നടപ്പിൽ വരുത്തുന്നുതു മൂലം പഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ പ്രശനങ്ങളുണ്ട് . പ്രസ്തുത നിയമം മൂലം കടലോരത്ത് താമസിക്കുന് പാവപ്പെട്ടവർക്ക് ചെറിയ കുടിലുകൾ കെട്ടുന്നതിന് തടസ്സമായിരിക്കുന്നു. ബേപ്പൂർ പഞ്ചായത്ത് കോഴിക്കോട് വികസന അതോററ്റിയുടെ കീഴിൽ വരുന്നതിനാൽ ഇവിടെ നിർമ്മിക്കുന്ന എല്ലാകെട്ടിടങ്ങൾക്കും പ്ലാൻ ആംഗീകാരവും ലഭിക്കേണ്ടതാണ്. എന്നാൽ പ്ലാൻ കൊടുക്കാതെയും, അംഗീകരിച്ച പ്ലാനിൽ നിന്ന് വ്യതിചലിച്ചും നിർമ്മിച്ച ധാരാളം കെട്ടിടങ്ങൾ ഇവിടെയുണ്ട്. ഇവയ്ക്ക് പഞ്ചായത്തിൽ നിന്ന് ചട്ടപ്രകാരം നമ്പർ കൊടുക്കുവാൻ കഴിയില്ല. ഇതിന് ഒരു മാറ്റം ആവശ്യമാകുന്നു. ലക്ഷം വീടുകൾ ഒരു കെട്ടിടത്തിന്റെ രണ്ട് കൂടുംബങ്ങൽക്കായി നിർമ്മിച്ച് നൽകിയിരിക്കുന്ന രീതി കൂടുംബന്തിരീക്ഷത്തിൽ അസ്വ

സ്തത ഉണ്ടാക്കുന്നു. ലക്ഷം വീടുകളിൽ അറ്റകുറ്റപ്പണി നടത്താത്തതിനാൽ അവയുടെ സുരക്ഷിതത്വം അപകടത്തിലാണ്.

## പ്രശ്നങ്ങൾ

- ✔ നിരവധി വീടുകൾക്ക് നമ്പർ ലഭിക്കാത്തതിനാലുള്ള പ്രയാസങ്ങൾ
- ✔ വൂടുകളുടെ പ്ലാൻ അംഗീകരിക്കുന്നതിനുള്ള കാലതാമസം
- ✔ ഗൃഹ നിർമ്മാണ ഉപാധികളുടെ വൻമ്പിച്ച വില വർദ്ധനവ്
- ✔ തീരപ്രദേശത്ത് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ഇപ്പോഴത്തെ നിയമതടസ്സം
- ✔ കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് വിദഗ്ദ പരിശീലനത്തിന്റെ അഭാവം
- ✔ വീടുകളിൽ ജലം, വൈദ്യുതി, കക്കൂസ് എന്നീ പ്രാഥമിക സൗകര്യമില്ലായ്മ
- ✔ വെള്ളം കെട്ടിനിൽക്കുന്നതുമുലമുള്ള സുരക്ഷിതത്വമില്ലായ്മ
- ✔ ഭവന നിർമ്മാണവായ്പ ലഭിക്കുന്നതിലുള്ള ബുദ്ധിമുട്ടുകൾ
- ✔ ലക്ഷം വീടുകളുടെ ശോചനീയാവസ്ഥ

## സാദ്ധ്യതകൾ

- ✔ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക
- ✔ വീട് വെയ്ക്കുവാൻ സാമ്പത്തിസഹായത്തോടൊപ്പം സാങ്കേതിക സഹായവും നൽക്കുക
- ✔ നമ്പറില്ലാത്ത വീടുകൾക്ക് നമ്പർ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക
- ✔ ഡ്രൈയ്നേജ് സൗകര്യം എല്ലായിടത്തും നടപ്പിലാക്കണം
- ✔ ലക്ഷംവീടുകളുടെയും കോളനികളുടെയും കെട്ടിടങ്ങൾക്ക ആവശ്യമായ അറ്റകുറ്റ പണികൾ നടത്തുക.
- ✔ വീടുകളിൽ ശുദ്ധജലം വൈദ്യതി കക്കൂസ് നിർമ്മിക്കുന്നതിന് സമയബന്ധിത പരിപാടി ആവിഷ്കരിക്കുക.
- ✔ ചെലവു കുറഞ്ഞ വീടുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക
- ✔ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ രൂപീകരിക്കുക

| കൊല്ലം | കെട്ടിടങ്ങളുടെ എണ്ണം | വർദ്ദനവ് | ശതമാനം |
|---|---|---|---|
| 1991-92(നിലവിലുള്ളത്) | 8297 | 70 | 0.8 |
| 1992-93 | 8347 | 50 | 0.6 |
| 1993-94 | 8477 | 130 | 1.5 |
| 1994-95 | 8667 | 190 | 2.2 |
| 1995-96 | 8897 | 230 | 2.6 |

കെട്ടിടങ്ങളുടെ വർദ്ധവവ് കാണുക്കുന്ന പട്ടിക



# വനിത

1991 ലെ കഃ മാരി സെൻസ്സ് പ്രകാരം സ്ത്രീകളുടെ എണ്ണം 28676 ആകുന്നു. ഇവരിൽ 22196 പേർ സാക്ഷരരാണ് സാക്ഷരതാപ്രവർത്തനത്തിന്റെയും മഹിളാസംഘടനകളുടെയും പ്രവർത്തനഫലമായി 1996ൽ നമ്മുടെ പഞ്ചായത്ത്ലെ 96%സ്ത്രീകളും സാക്ഷരരായി. ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നു എങ്കിലും ഉയർന്ന വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം ഇല്ലായിരുന്നു. അതുകൊണ്ടുതന്നെ വീടുകളിൽ ഒതുങ്ങി കൂടി ജീവിക്കുന്നതിനും തൽഫലമായി പൊതു പ്രവർത്തനങ്ങളിലേക്ക് സ്ത്രീകൾ പ്രവേശിക്കുന്നതിനും തടസ്സമായി.

സ്വാതന്ത്ര്യ സമര കാലഘട്ടത്തിൽ പ്രക്ഷോഭങ്ങളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായിരുന്നു. വിവിധ രാഷ്ട്രീയ പാർട്ടികളുടെ മഹിളാ സംഘടനകൾ, ശാസ്ത്ര സാഹിത്യ പരിഷത്ത്, മഹിളാ സമാജങ്ങൾ എന്നിവയുടെ പ്രവർത്തനഫലമായി സ്ത്രീകളെ പൊതു പ്രവർത്തനത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.

തൊഴിൽ രംഗം പരിശോധിക്കുമ്പോൾ സ്വകാര്യമേഖലയിൽ സ്ത്രീ തൊഴിലാളികൾ കൂടതലുള്ള പ്ലൈവുഡ് കമ്പിനിയും തീപ്പെട്ടി നിർമ്മാണ കമ്പിനിയും ഉണ്ട്. കൂടാതെ ധാരാളം സ്ത്രീകൾ എംബ്രോയിഡറി തയ്യൽ മേഖല, ചെരുപ്പ് നിർമ്മാണം അച്ചാർ നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റ് വലകെട്ടുന്ന പ്രവൃത്തി തുടങ്ങി ചെറുകിട മേഖലയിൽ പ്രവിർത്തിക്കുന്ന കടലോരമേഖലയിൽ വനിതകൾ കൂടുതലായും മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ജോലി ചെയ്തു വരുന്നു.


## പ്രശ്നങ്ങൾ

- ✖ സ്ത്രീകൾക്ക സ്വയം തൊഴിൽ പരിശീലനകേന്ദ്രമോ മറ്റു സംരഭങ്ങളോ ഇല്ല.
- ✖ പരമ്പരാഗത വ്യവസായമായ കയർ മേഖലയിൽ തൊഴിലവസരങ്ങൾ കുറഞ്ഞു വരുന്നു.
- ✖ സ്ത്രീധനം ഇന്നും നിലനിൽക്കുന്നുണ്ട്
- ✖ മദ്യം, മയക്കുമരുന്ന് തുടങ്ങിയവ നിരവധി കുടുംബങ്ങളിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രശ്നങ്ങൾ ഉണ്ടാക്കുന്നു.
- ✖ തയ്യൽ, ചെരിപ്പ് നിർമ്മാണം, കരകൗശല നിർമ്മാണം തുടങ്ങിയ ചെറുകിട വിവ്യസായങ്ങളിൽ വനിതകൾ താൽപര്യം കാണിക്കുന്നുണ്ടെങ്കിലും സാമ്പത്തിക പ്രശ്നങ്ങളും മാർക്കറ്റിങ്ങ് പ്രശ്നങ്ങളും ഇതിനെ പ്രതികൂലമായി ബാധിക്കുന്നു.

- ✖ തൊഴിൽ സമയങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല.
- ✖ വനിതാ വ്യവസായങ്ങൾ പരിപോഷിപ്പിക്കാൻ ഗവർമെണ്ട് ആവിഷ്ക്കരിക്കുന്ന പദ്ധതികളെക്കുറിച്ചുള്ള അജ്ഞത നിലനിൽക്കുന്നു.
- ✖ കലാകായിക രംഗത്ത് സ്ത്രീ പങ്കാളിത്വം കുറഞ്ഞു വരുന്നു.

## സാധ്യതകൾ

- ✔ പഞ്ചായത്ത് തലത്തിൽ സ്ത്രീകളുടെ പരിശീലന കേന്ദ്രങ്ങൾ തുടങ്ങുക
- ✔ കയർ മേഖലയിൽ കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സ്ത്രീകൾക്ക് പരിശീലനം നൽക്കുക.
- ✔ സ്ത്രീധന സമ്പ്രദായത്തിനെതിരെ ബോധവൽക്കരണം നടത്തുക
- ✔ തുല്യജോലിയക്ക് തുല്യ വേതനം ലഭിക്കുന്നതിന് തൊഴിൽ നിയമങ്ങളിൽ കാലാനുസൃതമായ ഭേദഗതി വരുത്തുക
- ✔ പെൺകുട്ടികൾക്ക് കലാകായിക രംഗത്ത് കൂടുതൽ പ്രോത്സാഹനവും ശിക്ഷണവും നൽകി വളർത്തുക.
- ✔ തയ്യൽ തൊഴിലിലേർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് ആധുനിക പരിശീലനം നൽക്കുക.



# സാമൂഹ്യക്ഷേമം

വളരെയധിക്കം വികസനപദ്ധതികൾ നടപ്പാക്കിയിട്ടും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളെ വേണ്ട രീതിയിൽ ഉയർത്തികൊണ്ടുവരുവാനായില്ല. ഗ്രാമ വികസനവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് എന്നിവ ചല പ്രത്യേക പദ്ധതികൾ ഈ വിഭാഗക്കാരുടെ ഉയർച്ചക്കായി നടപ്പിലാക്കുന്നുണ്ട്. മൂന്നാം പഞ്ചവത്സര പദ്ധതിക്കുശേഷമാണ് ചിലപ്രത്യേക പദ്ധതികൾ ഇവർക്കുമാത്രം രൂപ പെടുത്തിയത്. കേരളത്തിലെ പദ്ധതിയിൽ വലിയ തുക ഈ വിഭാഗത്തിന് വേണ്ടി ചലവഴിച്ചിട്ടുണ്ട്. പദ്ധതി ചിലവിനത്തിൽ പെൻഷൻ തൊഴിലില്ലായ്മ വേതനം എന്നിവയ്ക്ക് കൂടുതൽ ഫണ്ട് ഉപയോഗിക്കുന്ന ഒരു സംസ്ഥാനമാണ് നമ്മുടെത്. പഞ്ചായത്തിലെ സർവ്വേ റിപ്പോർട്ട് പ്രകാരം 2171 പേർ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ്. 903 പേരെ ദാരിദ്യരേഖയ്ക്ക് മേലെ സാമ്പത്തിക സഹായം നൽകി ഉയർത്തിയിട്ടുണ്ടെന്നാണ് കണക്ക്. 1991-92 മുതൽ 1995-96വരെ പഞ്ചായത്തിൽ 110 പേർക്ക് വിധവാ പെൻഷനും 53പേർക്ക് വകലാംഗ പെൻഷനും നൽകിയിട്ടുണ്ട്. പഞ്ചായത്തിൽ 333 പേർക്ക് ക്ഷയരോഗ പെൻഷനും 4 കുഷ്ഠരോഗപെൻഷനും 3 പേർക്ക് ക്യാൻസർ രോഗ പെൻഷനും ലഭിക്കുന്നുണ്ട്.

ഇതുവരെയായി 116 പേർക്ക് കർഷകതൊഴിലാളി പെൻഷനും 398 പേർക്ക് തൊഴിലില്ലായ്മ വേതനവും ലഭിക്കുന്നു. അപേക്ഷനൽക്കുന്ന എല്ലാവർക്കും പെൻഷൻ ലഭിക്കാറില്ല. നാമമാത്രമായി ലഭിക്കുന്ന പെൻഷൻതുക വിവിധവിഭാഗങ്ങളുടെ ഉന്നമനത്തിന് അപര്യാപ്തമാണ്. നിരാലംബരായ സ്ത്രീകൾക്ക് അഗതിമന്ദിരം, പെൻഷൻ ലഭിക്കുന്നവർക്ക് ജീവിതമാർഗ്ഗത്തിന് അനുയോജ്യമായ തൊഴിലുകൾ ആവശ്യമാണ്. ഈ പഞ്ചായത്തിൽ 82 പേർ ട്രൈസം തൊഴിൽ പദ്ധതി പ്രകാരം പരിശീലനം നേടിയിട്ടുണ്ട്. പക്ഷെ പരിശീലിച്ച തൊഴിൽ ചെയ്ത് ജീവിക്കുന്നവർ 59 പേർ മാത്രമാണെന്നാണ് കണക്കാക്കിയിരിക്കുന്നത്. ബാക്കിയുള്ളവർ മറ്റുതൊഴിൽമേഖലകളിലാണ് ഏർപ്പെട്ടിരിക്കുന്നത്. ലഭിച്ച തൊഴിൽ തുടരുന്നതിനുള്ള അനുകൂലസാഹചര്യകുറവാണ് ഇതിനു കാരണമെന്ന് പറയപ്പെടുന്നു.

DWERA പദ്ധതിപ്രകാരം ആരംഭിച്ച മൂന്നുയൂണിറ്റുകളിൽ നൈറ്റ് മേക്കിങ്ങ് യൂണിറ്റ് മാത്രമാണ് തൃപ്തികരമായി പ്രവർത്തിക്കുന്നത്. ഇവിടെ 10 വനിതകൾ ജോലിചെയ്യുന്നുണ്ട്. മറ്റു രണ്ടു യൂണിറ്റുകളായ പ്രസ്സിന്റേയും കയർ യൂണിറ്റിന്റേയും

പ്രവർത്തനം ഭാഗീകമാണ്. സാമൂഹ്യവും സാമ്പത്തികവുമായി പിന്നോക്കം നിൽക്കുന്ന തൊഴിൽരഹിതരായ സ്ത്രീകളെ ഉദ്ദേശിച്ചുകൊണ്ട് തുടങ്ങിയ ഈ പദ്ധതി വേണ്ടത്ര പുരോഗതി പ്രാപിച്ചുകിട്ടിയില്ല.

ഈ പഞ്ചായത്തിൽ ആകെ ഒരു അംഗൻവാടി മാത്രമാണ് പ്രവർത്തിക്കുന്നത്. മൊത്തം 10 ബാലവാടികൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും വളരെ കുറച്ച് കുടുംബങ്ങൾക്ക് മാത്രമേ അതിന്റെ പ്രയോജനം ലഭിക്കുന്നുള്ളൂ. സർക്കാരിന്റെ വിവിധ ജനക്ഷേമപരിപാടികളെപ്പറ്റിയുള്ള പ്രചരണമില്ലായ്മയാണ് ഇതിനുള്ള പ്രധാന കാരണം.

## പ്രശ്നങ്ങൾ

✖ 1.മത്സ്യതൊഴിലാളിപെൻഷനും വാർദ്ധക്യകാല പെൻഷനും കൃത്യമായി ലഭിക്കാറില്ല.

✖ 2. അവശജനവിഭാഗത്തിനുള്ള പെൻഷന് അപേക്ഷ നൽകിയിട്ടും ലഭിക്കാത്തവരുണ്ട്.

✖ 3. ജനക്ഷേമ പരിപാടികളെപ്പറ്റി പലർക്കും അറിവില്ല.

✖ 4. അംഗൻവാടിയുടെ പ്രവർത്തനം തൃപ്തികരമല്ല.

## നിർദ്ദേശങ്ങൾ

✔ 1. സാമ്പത്തിക ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷകളുടെ തീരുമാനം വൈകരുത്.

✔ 2. ജനക്ഷേമപരിപാടികളെപ്പറ്റി ബോധവൽക്കരിക്കുന്ന ക്ലാസ്സുകൾ പുറത്തും വാർഡുകളിലും സംഘടിപ്പിക്കണം.

✔ 3. കൂടുതൽ അംഗൻവാടികൾ സ്ഥാപിക്കുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം.

# പട്ടികജാതി പട്ടികവർഗ്ഗം

1991 കാനേഷുമാരി കണക്കുപ്രകാരം 517 പുരുഷൻമാരും 547 സ്ത്രീകളുമടക്കം പഞ്ചായത്തിൽ 1064 പട്ടികജാതിയിൽപ്പെട്ടവരുണ്ട്. ബേപ്പൂർ പഞ്ചായത്തിൽ പുതുക്കുടി ഹരിജൻകോളനി, തോണിച്ചിറ ഹരിജൻ കോളനി എന്നിങ്ങനെ രണ്ട് അംഗീകൃത കോളനികളുണ്ട്. ഇതിൽ തോണിച്ചിറ കോളനി തീവ്രസങ്കേത കോളനിയായി തിരഞ്ഞെടുത്തതാണ്. 16 വീടുകൾ ഈ കോളനിയിലുണ്ട്.

പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽ സാമൂഹ്യപരമായും സാമ്പത്തിത്തികപരമായും പിന്നോക്കാവസ്ഥ നിലനിൽക്കുന്നുവെങ്കിലും തൊട്ടുകൂടായ്മയും മറ്റുസാമൂഹ്യ അനാചാരങ്ങളും വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ മാറിയ അവസ്ഥയാണുള്ളത്. പട്ടികജാതി വിഭാഗങ്ങൾ വാർഡ് തിരിച്ചുള്ള പട്ടിക കൊടുക്കുന്നു.

പട്ടിക

ഒന്നാം വാർഡിലും പതിനഞ്ചാം വാർഡിലും ഈ വിഭാഗത്തിലുള്ളവർ ഇല്ല.

പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമ്പത്തിക സർവ്വെ നടത്തിയതിൽ വീട്, വെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ സംബന്ധിച്ച വിവരം കൊടുക്കുന്നു. പഞ്ചായത്തിൽ 31 പേർ സ്വന്തമായി വീടില്ലാത്തവരാണ്. ആകെ കുടുംബങ്ങളുടെ എണ്ണം ഏകദേശം 200 ആകുന്നു. കക്കൂസ് ഇല്ലാത്തവർ 97ഉം പഞ്ചായത്തിലുണ്ട്, സ്വന്തമായി കിണർ ഇല്ലാത്ത 119 പേരുണ്ട്. വൈദയുതീകരിക്കാത്ത 119 വീടുകളും ഇപ്പോൾ നിലവിലുണ്ട്.

## പ്രശ്നങ്ങൾ

- 1.പട്ടികജാതി കുടംബങ്ങളിൽ സ്വന്തമായി വീടില്ലാത്തവർക്ക് ഭവനനിർമ്മാണ ധനസഹായം ലഭിക്കണം.
- 2.ശുദ്ധജലം, വൈദ്യുതി എന്നിവ എത്തിക്കുകയും തൊഴിൽ ലഭിക്കുന്നതിനുള്ള മാർഗ്ഗം ഉണ്ടാക്കുകയും വേണം.
- 3. നിരക്ഷരരായ ആളുകൾക്ക് അക്ഷരജ്ഞാനം നൽകുന്നതിനായിസാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തണം.
- 4. പട്ടികജാതി കുടുംബത്തിലെ കുട്ടികൾ സ്ഥിരമായി സ്കൂളിൽപോകുന്നില്ല. രക്ഷിതാക്കൾക്കിടയിൽ ബോധവൽക്കരണം നടത്തണം.
- 5. പട്ടികജാതികുടുംബങ്ങൾ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവരാണ്.
- 6. പട്ടികജാതിയിൽപ്പെട്ടയുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിനാവശ്യമായ തൊഴിലുപകരണങ്ങൾ കൊടുക്കണം

## നിവിലുള്ളത്

- 1.പഞ്ചായത്തിൽ അഞ്ചാംവാർഡിലും പതിനൊന്നാം വാർഡിലും രണ്ട് ഹരിജൻ കോളനികളുണ്ട്.
- 2. പഞ്ചായത്തിൽ ഒന്നും പതിനഞ്ചും ഒഴിച്ച് മറ്റെല്ലാ വാർഡുകളിലും പട്ടികജാതി കുടുംബങ്ങളുണ്ട്.
- 3. പഞ്ചായത്തിൽ പട്ടികവർഗ്ഗ കുടുംബങ്ങൾ ഇല്ല.
- 1996ലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ

| വാർഡ് | പട്ടികജാതി | | ആകെ |
|---|---|---|---|
| | സ്ത്രീ | പുരു | |
| 1. | – | – | – |
| 2 | 3 | – | 3 |
| 3 | 25 | 24 | 49 |
| 4 | 19 | 9 | 28 |
| 5 | 91 | 97 | 188 |
| 6 | 55 | 43 | 98 |
| 7 | 143 | 124 | 267 |
| 8 | 23 | 29 | 52 |
| 9 | 29 | 24 | 53 |
| 10 | 37 | 38 | 75 |
| 11 | 28 | 32 | 60 |
| 12 | 51 | 41 | 92 |
| 13 | 8 | 4 | 12 |
| 14 | 3 | 2 | 05 |
| 15 | – | – | – |
| | 515 | 467 | 982 |

പട്ടികവർഗ്ഗം ഇല്ല.

# വിഭവസമാഹരണം

പ്രധാനവ്യവസായങ്ങൾ ഒന്നും തന്നെ ഇല്ലാത്ത ഈ പ്രദേശത്തിന്റെ വളർച്ച തുറമുഖവികസനവുമായി ബന്ധപ്പെട്ടിരിക്കണം. നിരവധി വ്യവസായ യൂണിറ്റുകൾ ഉയർന്നുവരാൻ സാഹചര്യമുള്ള ഈ പഞ്ചായത്തിൽ ശ്രദ്ധേയമായ വിധം മത്സ്യബന്ധനവും വ്യാപാരവും നടത്തിവരുന്നുണ്ട്. വ്യാവസായികരംഗത്തും കായികരംഗത്തും വളർച്ച കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. വർദ്ധിച്ചു വരുന്ന ജനവാസത്തിനനുസൃതമായ സൗകര്യങ്ങൾ നൽകുന്നതിനുള്ള ബാധ്യത പഞ്ചായത്തിനു കൂടി വരികയാണ്.

പഞ്ചായത്തിനു മുഖ്യ വരുമാനമാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽ നികുതി, വിനോദ നികുത്, ലൈസൻസ്ഫീ, സർക്കാരിൽനിന്നുള്ള ഗ്രാന്റുകളും മറ്റു വിഹിതങ്ങളുമാണ്.

ഇതിൽ പ്രധാന വരുമാനമാർഗ്ഗം കെട്ടിടനികുതിയാണ്. മതിയായ പ്ലാൻസൗകര്യങ്ങൾ ഇല്ലാത്തതിനാൽ നിരവധി വീടുകൾക്ക് നമ്പർ അനുവദിക്കാത്തതിനാൽ ചുമത്തിയിട്ടില്ല. ഇതു മൂലം കെട്ടിടങ്ങൾ നികുതി വരുമാനം ഗണ്യമായി കുറഞ്ഞു. വാടക കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നതിന് നടപടി ലഘൂകരിക്കേണ്ടതാണ്. തൊഴിൽനികുതി കാലാകാലങ്ങളിൽ പിരിക്കാൻ തൊഴിലുടെ ബാധ്യസ്ഥനാണെങ്കിലും, യഥാസമയം ഇത് പിരിച്ചെടുക്കാറില്ല. നിരവധി സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർക്ക് നിയമാനുസൃതം രേഖകൾ സൂക്ഷിക്കാത്തതിനാൽ നികുതി വസൂലാക്കാൻ സാധിച്ചിട്ടില്ല. പ്രാദേശിക വികസനത്തിന് സഹായിക്കുന്ന നികുതിവരുമാനം അടക്കേണ്ടതിനുള്ള സാമൂഹ്യബോധം ഉണ്ടാകേണ്ടതാണ്. ധാരാളം കച്ചവടസ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവരിൽ ഭൂരിപക്ഷവും ലൈസൻസ്ഫീസ് അടക്കുന്നില്ല. ഈ കാര്യത്തിലും ഒരു മാറ്റം ആവശ്യമാണ്. രണ്ട് സിനിമാശാലകൾ പഞ്ചായത്തിലുണ്ട്. വിനോദനികുതി വരുമാനം കൃത്യമായി ലഭിക്കുന്നുണ്ട്. ബസ്സ്റ്റാന്റ്, മാർക്കറ്റ് എന്നീവിടങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് വരുമാനം കൂട്ടാവുന്നതാണ്. ധാരാളം മത്സ്യബന്ധനബോട്ടുകളും വാഹനങ്ങളും വേണ്ടിവരുന്ന മത്സ്യമേഖലയിൽ നിന്ന് പഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താവുന്നതാണ്. കടലിലേക്ക് കെട്ടിയ പുലിമൂട്, ബേപ്പൂർ പുഴയിൽ ഉല്ലാസയാത്രാസൗകര്യം എന്നിവ സഞ്ചാരികളെ ആകർഷിക്കുന്ന വിധത്തിൽ സംവിധാനം ചെയ്ത് ടൂറിസം വികസിപ്പിക്കുകയും വരുമാന മാർഗ്ഗങ്ങൾ

ആവിഷ്കരിക്കുകയും ചെയ്യാവുന്നതാണ്.

പഞ്ചായത്തിന്റെ ചിലവുകളിൽ കൂടുതൽ ഭാഗവും പൊതുമരാമത്ത് പ്രവർത്തികൾക്കും തെരുവുവിളക്കുകൾ കത്തിക്കുന്നതിനുമാണ്. ഈ ആവശ്യങ്ങൾക്കുള്ള ചിലവുകൾ പ്രതിവർഷം കൂടിവരികയാണ്.

ചിലവുകൾ സംബന്ധിച്ച പട്ടിക പേജ് 70–71

പഞ്ചായത്തിൽ ഒരു സർവ്വീസ്സഹകരണ ബേങ്ക് അടക്കം 5 ബേങ്കുകൾ ഉണ്ട്. ഈ ബേങ്കുകൾ 95–96 വർഷത്തിൽ11,30,46,958 രൂപ നിക്ഷേപമായി സ്വീകരിച്ചു.7,17,74,264 രൂപ വായ്പ ഇനത്തിൽ ചിലവഴിച്ചു. ഇത് നിക്ഷേപത്തിന്റെ 57 % വരുന്നു.

## നിർദ്ദേശങ്ങൾ

- ✔ സർക്കാരിൽ നിന്നും ഗ്രാന്റുകളും മറ്റു ധനസഹായങ്ങളും യഥാസമയം ലഭിക്കുക
- ✔ ബസ്സ്റ്റാൻ, മാർക്കറ്റ് എന്നീവിടങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും വരുമാനം കൂട്ടുകയും ചെയ്യാവുന്നതാണ്.
- ✔ അധികാരം ലഭിച്ചിട്ടില്ലാത്തതും ആൾതാമസമില്ലാത്തതുമായ വീടുകൾക്ക് നമ്പർ കൊടുക്കുകും നികുതി ചുമത്തുകയും ചെയ്യുക.
- ✔ വാടകകെട്ടിടങ്ങൾക്ക് താമസിക്കുന്നവരുടെ സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിൽനികുതി ചുമത്തുക
- ✔ രോഡുകൾ നിർമ്മിക്കുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും, ജനകീയ സമിതികളുടെ സഹകരണത്തോടെ മനുഷ്യാദ്ധ്വാനം, മറ്റ് സഹായങ്ങൾ സമാഹരിക്കാവുന്നതാണ്.
- ✔ ഇടവഴികളിലെയും മറ്റുനാട്ടുവഴികളിലെയും തെരുവുവിളക്കുകൾ കത്തിക്കുന്നതിന് ജനകീയസമിതികൾ സൗകര്യങ്ങൾ ഏർപ്പെടുത്തുക.
- ✔ ടൂറിസം വികസിപ്പിക്കാനുള്ള സാധ്യതകൾ പരമാവധി ഉപയോഗിക്കുക.

## ചെലവ് സംബന്ധിച്ച വിവരങ്ങൾ(95-96)

| | |
|---|---|
| ഭരണം | 632933.00 |
| പൊതുമരാമത്ത് | 7, 99 171.00 |
| വിദ്യാഭ്യാസം | 39170 |
| ജലവിതരണം, ഓടകൾ, പൊതുജനാരോഗ്യം | 34775.00 |
| തെരുവുവിള്ക്കുകൾ കത്തിക്കുന്നതിന് | 1,71,951.00 |
| ടാക്സുകൾ | 35312.00 |
| കോരളോത്സവചെലവ് | 6514 .00 |
| ലൈബ്രറിസെസ് | 6700.00 |
| മറ്റുള്ളവ | 9,54,100.00 |
| ആകെ | 26,80,626.00 |

357

വരവ് സംബന്ധിച്ച വിവരണങ്ങൾ (95-95)

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് |
|---|---|---|
| കെട്ടിട നികുതി | 9,73,611.00 | 8,48,287.00 |
| സർവ്വീസ് ചാർജ്ജ് | 57,675.00 | 42,487.00 |
| തൊഴിൽ നികുതി | 3,02,980.00 | 1,42,449.00 |
| വാഹന നികുതി | – | – |
| വിനോദ നികുതി | 1,72,342.00 | 1,72,342.00 |
| അസി.വിനോദ നികുതി | 103408.00 | 1,03,408.00 |
| പ്രദർശന നികുതി | 3,867.00 | 3,867.00 |
| പ്രദർശന നികുതിയിൻ മേലുള്ള സർചാർജ്ജ് | 1,074.00 | 1,074.00 |
| ചന്ത വരവ് | – | – |
| ലാന്റ് സെസ്സ് | – | – |
| ലൈസൻ ഫീസ് | 28,884.00 | 28,884.00 |
| കെട്ടിട നികുതി സർചാർജ്ജ് | – | – |
| വസ്തു കൈമാറ്റ നികുതി 75% | 4,40,405.00 | 4.40,405.00 |
| വസ്തു കൈമാറ്റ നികുതി 25% | 25,000.00 | 25,000.00 |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ | 4,08,845.00 | 4,08,845.00 |
| സംഭാവന | – | – |
| ഡെപ്പോസിറ്റ് | 9,05,55.50 | 9,05,55.50 |
| മറ്റുള്ളവ | 8,63,406.00 | 8,63,406.00 |
| ആകെ. | 3,47,2052.50 | 31,71,009.50 |

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,

വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക


അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷുറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം
രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക.
ഇത് നിർബന്ധമാണ്.**


Panniyankara
Arabian sea
Beypore

## കേരളം




Printed at MANGALAM offset press Kallai, Calicut, Ph. 300063

നകീയാസൂത്രണപ്രസ്ഥാനം

361

## ഫറോക്ക്
## ഗ്രാമപഞ്ചായത്ത്




# വികസനരേഖ

നവംബർ 1996

## ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## ഫറോക്ക് ഗ്രാമപഞ്ചായത്ത്

# വികസന രേഖ

**വികസന സെമിനാർ - 96 നവമ്പർ 20**



"ഗ്രാമസ്വരാജ് - എന്റെ സ്വപ്നം"

✿ "നഗരവൽക്കരണം പതുക്കെ മാത്രം നടക്കുന്നു, എന്നാൽ ഗ്രാമങ്ങൾ മരിക്കുന്നത് അതിവേഗത്തിലാണ്"

✿ "പകുതി പട്ടിണി കിടക്കുന്ന രാജ്യത്ത് കലയുമില്ല, മതവുമില്ല, സംഘടനയുമില്ല"

✿ "കൈകൾകൊണ്ട് പണിയെടുക്കാത്ത ജനങ്ങൾ നാടിനെ മുന്നോട്ട് നയിക്കില്ല"

✿ "നിരക്ഷരത ഇന്ത്യയുടെ ശാപമാണ്. അത് നിർമ്മാർജ്ജനം ചെയ്യണം; നാണക്കേടാണീ നിരക്ഷരത"

✿ "എന്റെ ഭാവനയിലുള്ള ഗ്രാമത്തിൽ ഒന്നാമനും രണ്ടാമനുമില്ല. എല്ലാവരും സമന്മാരാണ്; അവസാനക്കാരനും അവിടെയില്ല."

- ഗാന്ധിജി

DTP Layout : PROMPT COMPUTER PRINTINGS, CALICUT - 4
Cover : ANILKUMAR. I.P.

## മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



Late സി. കുട്ടിശങ്കരക്കുറുപ്പ്



Late പി. കോരുജി



Late പി. കുഞ്ഞാമു



Late കെ. ഗോപിമാസ്റ്റർ




ജ. എം.സി.മുഹമ്മദ്

### ഫറോക്ക് പഞ്ചായത്ത് ഉൾക്കൊള്ളുന്ന മണ്ഡലങ്ങളും പ്രതിനിധികളും

| മണ്ഡലം | : | പ്രതിനിധി |
|---|---|---|
| മഞ്ചേരി പാർലമെന്റ് | : | ഇ.അഹമ്മദ് (M.P) |
| ബേപ്പൂർ അസംബ്ലി | : | ടി.കെ. ഹംസ (ഗവ: ചീഫ് വിപ്പ്) |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | : | വി.കെ.സി. മമ്മദ്കോയ (വൈ.പ്രസിഡണ്ട് |
| കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് | | അഡ്വ. എം.എ. ലത്തീഫ് |
| | | വി. സരസു |
| | | മുഹമ്മത് കക്കാട് |


കോഴിക്കോട് ജില്ലയിൽ
ഫറോക്ക് പഞ്ചായത്ത്



# ഫറോക്ക് ഗ്രാമ പഞ്ചായത്ത് ഭരണസമിതി
## 1995 മുതൽ




ടി.കെ. ഫാത്തിമ
(വൈസ്. പ്രസിഡണ്ട്)
വാർഡ് 14



എ. ബാലകൃഷ്ണൻ
പ്രസിഡണ്ട്



പി. ചന്ദ്രശേഖരൻ
(സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ)
വാർഡ് 7



എ.ടി. കോയമൊയ്തീൻകുട്ടി മാസ്റ്റർ
വാർഡ് [illegible]



പി.കെ. അബ്ദുൾ റഹീം
വാർഡ് 2



വി. മുഹമ്മദ് ബഷീർ
വാർഡ് 3



കെ. ധർമ്മപുത്രൻ
വാർഡ് 4



സരസു കൊടമന
വാർഡ് 5



അമ്പലപ്പുറവിൽ സീത
(വാർഡ് 6)



സി.പി. ശാരദ
(വാർഡ് 8)



ബി. സെയ്തലവി
(വാർഡ് 9)



ടി.പി. മുഹമ്മദ്കുട്ടി
(വാർഡ് 10)



തിയ്യത്ത് ഇന്ദിര
(വാർഡ് 11)




ഉമ്മർ പാണ്ടികശാല
(വാർഡ് 13)



ടി.എം. പോക്കുട്ടി
(വാർഡ് 15)



വി. സുധാകരൻ
(സെക്രട്ടറി)


ഫറോക്ക്-ഗ്രാമപഞ്ചായത്തിലെ
വാർഡുകൾ
N
ചെറുവണ്ണൂർ-നല്ലളം
രാമനാട്ടുകര
ബേപ്പൂർ
ചേലേമ്പ്ര
കടലുണ്ടി
1
2
3
4
5
6
7
8
9
10
11
12
13
14
15


# വികസനരേഖ തയ്യാറാക്കിയവർ

ജില്ലാറിസോർസ് പേഴ്സൺസ്

1. എം. എം. നാരായണൻ (കൺവീനർ)
2. സി. രവി
3. Dr. കെ. ആർ. ബാലകൃഷ്ണൻ
4. Er. പി. വേണുഗോപാലൻ
5. എൻ. ആർ. സുബ്രഹ്മണ്യൻ
6. എം. അബ്ദുറഹിമാൻ
7. പി. ചന്ദ്രശേഖരൻ
8. പി. കെ. കോയക്കുട്ടി
9. പി. പി. ഷൺമുഖൻ
10. പി. വിജയകുമാർ
11. പി. ദേവൻ
12. ടി. ശ്രീനിവാസൻ
13. പി. ടി. കൃഷ്ണദാസ്

* ഇ. ബാബുദാസൻ
* പി. പ്രവീൺകുമാർ
* എം. സജിത്
* വാളക്കട മോഹനൻ
* പി. എൻ. ലക്ഷ്മി
* ടി. ഉണ്ണികൃഷ്ണൻ
* പി. കെ. ബാലൻ
* എം. സെയ്തു
* കെ. ഭരതൻ
* ഇ. പ്രസന്ന
* കെ. ശിവദാസൻ
* എം. അബ്ദുൾറഹീം
* എൻ. പി. അനിൽകുമാർ
* തൈത്തോടൻ ശിവദാസൻ
* മൂസ്സ മാസ്റ്റർ
* ഐ.പി. വേലായുധൻ
* കെ. ഗോപാലകൃഷ്ണൻ
* കെ. മുഹമ്മദ്നഹ
* ഒ. അജയ്കുമാർ
* അൻവർ സാദത്ത്
* വി. സുധാകരൻ (പഞ്ചായത്ത് സെക്രട്ടറി)

# ഫറോക്ക് പഞ്ചായത്ത്-സർവ്വേ മേപ്പ്



## പത്രാധിപസമിതി

❀

എ. ബാലകൃഷ്ണൻ

ഉമ്മർ പാണ്ടികശാല

എം.എം. നാരായണൻ

Dr. കെ. ആർ. ബാലകൃഷ്ണൻ

Er. പി. വേണുഗോപാലൻ

❀

# ഉള്ളടക്കം


| | | |
|---|---|---|
| i | ആമുഖം | 13 |
| ii | പഞ്ചായത്ത് പൊതുവിവരണം | 14 |
| iii | സാമൂഹിക - സാംസ്കാരിക ചരിത്രം | 16 |
| iv | ഭൂപ്രകൃതി - ജനപ്രകൃതി | 19 |
| v | വികസനമേഖലകൾ | |
| | <u>പ്രാഥമികമേഖല</u> | |
| | 1. കൃഷിയും ജലസേചനവും | 24 |
| | 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും | 28 |
| | <u>ദ്വിതീയമേഖല</u> | |
| | 3. വ്യവസായം | 33 |
| | 4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 38 |
| | <u>തൃതീയമേഖല</u> | |
| | 5. കുടിവെള്ളവും പൊതുജനാരോഗ്യവും | 61 |
| | 6. പാർപ്പിടവും സാമൂഹ്യക്ഷേമവും | 71 |
| | 7. വിദ്യാഭ്യാസം | 80 |
| | 8. സംസ്കാരം | 88 |
| | 9. വനിത | 94 |
| | 10. സഹകരണം | 96 |
| | 11. പട്ടികജാതി - പട്ടികവർഗക്ഷേമം | 100 |
| | 12. വിഭവസമാഹരണം | 104 |
| vi | ഉപസംഹാരം | 110 |

# ആമുഖം

സാമ്പത്തിക രംഗത്ത് നാം ഗുരുതരമായ പ്രതിസന്ധി നേരിടുകയാണ്. ക്രിയാത്മകമായ പദ്ധതികളും പരിപാടികളുമാവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ ഇതിന് പരിഹാരം കാണേണ്ടതുണ്ട്. കഴിഞ്ഞ എട്ട് പഞ്ചവത്സരപദ്ധതികളിലൂടെ സാമൂഹ്യക്ഷേമരംഗത്ത് നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും വികസനരംഗത്ത് നമ്മുടെ കാർഷിക-വ്യാവസായിക മേഖലകൾ മുരടിച്ച് കിടക്കുകയാണ്.

ജനാധിപത്യം കേവലം തെരഞ്ഞെടുപ്പ് പ്രക്രിയയിൽ അവസാനിക്കുകയായിരുന്നു. പദ്ധതികളുടെ ആസൂത്രണത്തിലും ജനങ്ങൾക്ക് പങ്കുണ്ടായിരുന്നില്ല. അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി കേരളാ ഗവർമെന്റ് പ്രഖ്യാപിച്ചതിലൂടെ അധികാരം ജനങ്ങളിലേക്ക് എത്തുകയാണ്. ആസൂത്രണ പ്രക്രിയ താഴെത്തട്ടിൽനിന്ന് ആരംഭിക്കുന്നു. ഇതോടെ ആസൂത്രണ രംഗത്ത് പുതിയ മാനങ്ങൾ കൈവരിക്കാനാകും.

73, 74 ഭരണഘടനാ ഭേദഗതികൾ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഘടനയിലും അധികാരങ്ങളിലും വലിയ മാറ്റങ്ങളുണ്ടാക്കാൻ പര്യാപ്തമാണ്. ജനകീയ ആസൂത്രണ പദ്ധതി അനുസരിച്ച് മൊത്തം പദ്ധതിത്തുകയുടെ 35-40 ശതമാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുകയും ജനങ്ങളുടെ കൂട്ടായ്മയിലൂടെ സന്നദ്ധപ്രവർത്തനം നടത്തുകയും ചെയ്യുമ്പോൾ വികസനരംഗത്ത് ഇതുവരെ പ്രകടമായിരുന്ന കുരുക്കുകൾ അഴിയുകയും ഒരു പുത്തൻ വികസന സംസ്കാരം രൂപപ്പെട്ടുവരികയും ചെയ്യുമെന്ന് നമുക്ക് പ്രത്യാശിക്കാം.

സംസ്ഥാന പ്ലാനിംഗ്ബോർഡിന്റെ നിർദ്ദേശാനുസരണം ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി ഫറോക്ക് പഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമസഭകൾ നടന്നുകഴിഞ്ഞു. അധികാരവികേന്ദ്രീകരണത്തിന്റെ സത്തയുൾക്കൊണ്ട് തങ്ങളുടെ വാർഡിലെ വികസനപ്രശ്നങ്ങൾ ചർച്ച ചെയ്യാനും പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുമായി കക്ഷിഭേദമെന്യേ ജാതിമതചിന്തകൾക്കതീതമായി ജനങ്ങൾ ഒന്നിച്ചു. ഇത് നമ്മുടെ നാടിന്റെ ചരിത്രത്തിൽ ആദ്യസംഭവമാണ്; അത്യാവേശകരമാണ്. സമയക്കുറവുണ്ടായിട്ടുപോലും 2357പേരെ ഗ്രാമസഭകളിലെത്തിക്കാൻ നമുക്ക് കഴിഞ്ഞു. അവിടെ 12 ഗ്രൂപ്പുകളായിത്തിരിഞ്ഞ് വ്യത്യസ്ത വികസനമേഖലകളിലെ പ്രശ്നങ്ങൾ ചർച്ചചെയ്ത് റിപ്പോർട്ടാക്കി.

ഗ്രാമസഭകളിൽനിന്നുള്ള റിപ്പോർട്ടുകൾ, നാട്ടറിവും കേട്ടറിവും, തലങ്ങും വിലങ്ങും നടത്തം, ദ്വിതീയ സ്ഥിതിവിവരക്കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ കോർഗ്രൂപ്പ് തയ്യാറാക്കിയ ഫറോക്ക് പഞ്ചായത്തിന്റെ വികസനറിപ്പോർട്ടാണ് സെമിനാറിൽ പങ്കെടുക്കുന്ന പ്രതിനിധികളുടെ വിശദമായ ചർച്ചക്കും അംഗീകാരത്തിന്നുമായി സമർപ്പിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹ്യബോധവും ത്യാഗശീലവും സന്നദ്ധപ്രവർത്തനത്തിന്നുള്ള തയ്യാറെടുപ്പും സർവ്വോപരി നിശ്ചയദാർഢ്യത്തോടെയുള്ള ബഹുജനശക്തിയും മുതൽക്കൂട്ടാക്കി വികസനത്തിന്റെ പടവുകൾ ചവുട്ടിക്കയറാൻ ഈ പ്രക്രിയ വഴിയൊരുക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

# പഞ്ചായത്ത് - പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ഫറോക്ക് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ഫറോക്ക്, കരുവൻതിരുത്തി. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | : | കോഴിക്കോട് ബ്ലോക്ക് |
| താലൂക്ക് | : | കോഴിക്കോട് |
| അസംബ്ലിമണ്ഡലം | : | ബേപ്പൂർ |
| പാർലമെന്റ് മണ്ഡലം | : | മഞ്ചേരി |
| വിസ്തീർണ്ണം | : | 15.54 ച. കിലോമീറ്റർ |
| അതിരുകൾ | | |
| തെക്ക് | : | വടക്കുമ്പാട് പുഴ |
| വടക്ക് | : | ചാലിയാർ |
| കിഴക്ക് | : | മലയിൽതാഴം കനാൽ, രാമനാട്ടുകര പഞ്ചായത്ത് |
| പടിഞ്ഞാറ് | : | ചാലിയാർ |
| ജനസംഖ്യ | : | 48209 |
| പുരുഷൻ | : | 23952 |
| സ്ത്രീ | : | 24257 |
| സാക്ഷരത | : | 90.54% |
| പുരുഷൻ | : | 95.64% |
| സ്ത്രീ | : | 85.61% |
| ജനസാന്ദ്രത | : | 3102 / ച.കിലോമീറ്റർ |
| വാർഡുകൾ | : | 15 |
| പ്രസിഡണ്ട് | : | എളമ്പുലാശ്ശേരി ബാലകൃഷ്ണൻ |
| വൈ. പ്രസിഡണ്ട് | : | ടി.കെ. ഫാത്തിമ |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | പി. ചന്ദ്രശേഖരൻ |

1950 ലെ മദ്രാസ് വില്ലേജ് പഞ്ചായത്ത് ആക്ട് അനുസരിച്ച് 11.4.1955ന് ഫറോക്ക് പഞ്ചായത്തിന്റെ പ്രഥമ ഭരണസമിതി നിലവിൽ വന്നു. ചെറുകാട്ട് കുട്ടി ശങ്കരക്കുറുപ്പായിരുന്നു ആദ്യപ്രസിഡണ്ട്. വൈസ്പ്രസിഡണ്ട് കുഞ്ഞിമുഹമ്മദ് എന്ന കുഞ്ഞിമോയിയും. 5 വാർഡുകളാണ് അന്ന് ഉണ്ടായിരുന്നത്. സ്ഥലവിസ്തൃതി അന്നും ഇന്നും 15.54 ച.കിലോമീറ്റർ തന്നെ. 19.4.55ന് പഞ്ചായത്ത് ഓഫീസ് പ്രവർത്തനമാരംഭിച്ചതായി രേഖകളിൽ കാണുന്നു.

പിന്നീട് പഞ്ചായത്ത് പ്രസിഡണ്ട് സ്ഥാനം വഹിച്ചവരുടെ പേരും വർഷവും താഴെ കൊടുക്കുന്നു.

| | |
|---|---|
| പൂതേരി കോരുജി | 1963 മുതൽ |
| പി. കുഞ്ഞാമു | 1975 മുതൽ |
| കെ. ഗോപിമാസ്റ്റർ | 1980 മുതൽ |
| ജ. എം.സി.മുഹമ്മദ് | 1988 മുതൽ |
| ശ്രീ. എളമ്പുലാശ്ശേരി ബാലകൃഷ്ണൻ | 1995 മുതൽ |

# സാമൂഹിക സാംസ്കാരികചരിത്രം

ഫറോക്ക് എന്ന സ്ഥലനാമത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് അഭിപ്രായഭേദങ്ങളുണ്ടെങ്കിലും ബ്രിട്ടീഷുകാർ റെയിൽവേസ്റ്റേഷന് ഫറോക്ക് (FEROK) എന്ന് പേരിട്ടതോടുകൂടിയാണ് ഈ പേര് പരക്കെ അറിയപ്പെട്ടത്. ടിപ്പുസുൽത്താൻ മലബാർ പടയോട്ടക്കാലത്ത് കോഴിക്കോടിനും പാലക്കാടിനും ഇടയ്ക്കുള്ള തന്റെ പ്രദേശങ്ങളുടെ മേൽനോട്ടത്തിന് ഒരു കോട്ട പണിയാൻ തെരഞ്ഞെടുത്ത സ്ഥലം ഫറോക്കായിരുന്നു. കോട്ടക്കുന്നും, കോട്ടപ്പാടവും, ജീവഹാനിപ്പറമ്പും, ചെനപ്പറമ്പുമെല്ലാം ടിപ്പുവിന്റെ ഫറോക്കുമായുള്ള ബന്ധത്തിന്റെ സൂചനകളാണ്. മംഗലാപുരം സന്ധിയനുസരിച്ചാണ് ഈ സ്ഥലം ബ്രിട്ടീഷുകാരുടെ കൈവശം വന്നു ചേർന്നത്.

റെയിൽവേ സ്റ്റേഷന്റെ പടിഞ്ഞാറുവശം സ്ഥിതിചെയ്യുന്ന ചെനപ്പറമ്പിൽ ഇപ്പോഴും കാണാവുന്ന ശവക്കല്ലറകൾ (Rock cut tombs) മഹാശിലായുഗ(BC 4000 മുതൽ)ത്തോളം പഴക്കമുള്ള സംസ്കാരം ഈ നാടിനുണ്ടെന്ന് സൂചിപ്പിക്കുന്നു. (Kerala Gazette Vol II, Part I, Page 314, Edited by K.K. Ramachandran Nair)

ഫ്യൂഡൽ പ്രസ്ഥാനത്തിന്റെ കൂടപ്പിറപ്പുകളായ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും എതിരെ നവോത്ഥാനത്തിന്റെ സന്ദേശമെത്തിക്കുന്ന മഹാസംഭവങ്ങളുടെ കൂട്ടത്തിൽ ഫറോക്കിൽ 1940-കളിൽ നടന്ന മിശ്രഭോജനം എടുത്തുപറയത്തക്കതാണ്. കറുത്തേടത്ത് കുഞ്ഞിക്കണ്ടയുടേയും തുടർന്ന് പച്ചാളി കുഞ്ഞിക്കണ്ണന്റേയും വീടുകളിൽ നടന്ന മിശ്രഭോജന പരിപാടിയിൽ അവർണ്ണരും സവർണ്ണരും ആയ ധാരാളം ആളുകൾ പങ്കെടുത്തിരുന്നു. പെരുന്തൊടി തൂമ്പൻ, ചമ്മിനി വാസു, മാടാങ്കൊല്ലൻ അയ്യപ്പൻ, ശ്രീമാൻ വേലായുധൻ തുടങ്ങി ഏതാനും പേർ ഇതിന്റെ പേരിൽ സമുദായ ഭ്രഷ്ടിന് വിധേയരായിട്ടുണ്ട്. മദ്യവർജ്ജനപ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന കള്ളുഷാപ്പ് പിക്കറ്റിങ്ങ് ഫറോക്കിന്റെ വിവിധഭാഗങ്ങളിൽ നടക്കുകയുണ്ടായി.

ഫറോക്കിലെ ഭൂമിയുടെ ഭൂരിഭാഗവും നല്ലൂർ ദേവസ്വം വകയായിരുന്നു. കോട്ടക്കൽ കിഴക്കേ കോവിലകം, പടിഞ്ഞാറെ കോവിലകം, തിരുവണ്ണൂർ കോവിലകം തുടങ്ങിയ കോവിലകങ്ങൾക്കും ഏതാനും നമ്പൂതിരി കുടുംബങ്ങൾക്കും മറ്റും അവകാശപ്പെട്ടിരുന്ന ഭൂസ്വത്തുക്കൾ കാലാന്തരത്തിൽ ഭൂരിഭാഗവും ഫറോക്കിലെ പൂതേരി കുടുംബത്തിൽ നിക്ഷിപ്തമായി. പാട്ടബാക്കിയ്ക്ക് വേണ്ടിയുള്ള കുടിയൊഴിപ്പിക്കലും മറ്റ് തർക്കങ്ങളും ഇവിടെയും നിലനിന്നിരുന്നു. തമ്പുരാക്കന്മാർ അടിയാൻമാരെ അടിമകളാക്കി വയ്ക്കലും ക്രയവിക്രയം ചെയ്യലും ഉണ്ടായിരുന്നു എന്നതിന്റെ രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

ദേശീയ പ്രസ്ഥാനത്തിന്റെ ശക്തമായ അലകൾ നമ്മുടെ പഞ്ചായത്തിലും പ്രകടമായിരുന്നു. പെരുന്തൊടി തൂമ്പൻ, പട്ടാഞ്ചേരി (കളത്തിൽ) കൃഷ്ണൻ, ചമ്മിനി വാസു, വാളക്കട ശേഖരൻ, കെ.ടി. അലവി, കോമളം അപ്പുട്ടി, പട്ടയിൽകറുപ്പൻ, തട്ടാൻ നാരായണൻ, പാറപ്പുറവൻ അറുമുഖൻ, കെ.ടി. അബു, ടി.ഗോപാലൻ,പി. അപ്പുണ്ണി, പി. കോരുജി, ആർ. ഗോപാലൻ, പി.കെ. മുഹമ്മദ്, മൂലയിൽ ഗോപാലൻ,

പാറപ്പുറവൻ രാമൻ, പാലാട്ട് കോയ, കുഞ്ഞിരാമൻ ഡോക്ടർ, പുല്ലൂർ അച്ചുതൻ, വായാട്ട് ജോനാസ് എന്നിവർ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ടവരിൽ ചിലരാണ്. കീഴരിയൂർ ബോംബുകേസിന്റെ ഗൂഢാലോചന നടന്നത് കൊയിലാണ്ടിയിലെ കീഴരിയൂരായിരുന്നുവെങ്കിലും ബോംബ് പ്രയോഗിച്ചത് ഫറോക്ക് റെയിൽ പാലത്തിനായിരുന്നു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി നടന്ന ഈ സംഭവത്തിൽ ഡോ. കെ.ബി. മേനോൻ, എൻ.പി. അബു, ടി.പി.കുഞ്ഞിരാമക്കിടാവ് എന്നിവർക്കൊപ്പം ഫറോക്കിലെ കെ.ടി. അലവിയും ഉൾപ്പെട്ടിരുന്നു. (Ref: ഓർമ്മകൾ, ഇ. മൊയ്തുമൗലവി)

ദേശീയപ്രസ്ഥാനത്തിൽ പങ്കെടുത്തവരിൽ ഭൂരിഭാഗവും പിൽക്കാലത്ത് കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടിയിലേക്കും തുടർന്ന് ഇടതുപക്ഷപ്രസ്ഥാനത്തിലേക്കും ആകൃഷ്ടരായി.

1957ലെ കാർഷികബന്ധബിൽ ജന്മിത്തം അവസാനിപ്പിക്കുന്നതിനുള്ള തുടക്കമിടുകയും ഘട്ടം ഘട്ടമായി 1970ഓടുകൂടി കൃഷിഭൂമി കൃഷിക്കാരന് ലഭിക്കുകയും കുടികിടപ്പുകാരന് അവകാശം കിട്ടുകയും ചെയ്തതോടെ അടിത്തട്ടിൽ കിടക്കുന്ന ഈ ജനവിഭാഗത്തിന് സംരക്ഷണം ലഭിച്ചു.

1911ൽ ബാസൽ മിഷനറിമാരുടെ നേതൃത്വത്തിൽ ആരംഭിച്ച ബാസൽ മിഷൻ കമ്പനിയുടെ പ്രവർത്തനഫലമായി ഓടു വ്യവസായത്തിന് പ്രസിദ്ധമായിരുന്ന ഫറോക്കിൽ തൊഴിലാളിവർഗ്ഗം സംഘടിതരാവുകയും ഐതിഹാസികമായസമരങ്ങളിലൂടെ ഒട്ടനവധി ആനുകൂല്യങ്ങൾ നേടിയെടുക്കുകയുമുണ്ടായി. ഓട്ടുകമ്പനിത്തൊഴിലാളികളുടെ ജോലിസമയം എട്ടുമണിക്കൂറാക്കുക എന്ന ആവശ്യമുയർത്തിപ്പിടിച്ചുകൊണ്ട് കെ.പി. ഗോപാലൻ ഓട്ടുതൊഴിലാളി യൂനിയന്റെ നേതൃത്വത്തിൽ നടത്തിയ സത്യഗ്രഹസമരവും തീപ്പെട്ടി വ്യവസായത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പേട്ടയിൽ സി.വേലായുധൻ നടത്തിയ നിരാഹാര സത്യഗ്രഹവും ഇതിൽ പ്രധാനമാണ്.

ഒരേ മേൽക്കൂരക്ക് കീഴിൽ തൊഴിലെടുക്കുന്നവരുടെ വർഗ്ഗ ഐക്യം സാമുദായിക സൗഹാർദ്ദത്തിന്റെ അടിത്തറ ശക്തിപ്പെടുത്തി. ഓടു വ്യവസായ രംഗത്ത് അസംഘടിതരായ തൊഴിലാളികളെ സംഘടിപ്പിക്കുന്നതിൽ എ.കെ.ജി., പി. കൃഷ്ണപ്പിള്ള, കെ.പി. ഗോപാലൻ എന്നിവർ സുപ്രധാനമായ പങ്ക് വഹിച്ചിട്ടുണ്ട്.

ആധുനിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വിപുലമായതോടുകൂടി ജനങ്ങളുടെ സാംസ്കാരിക നിലവാരവും ഫാക്ടറികളിൽ മിനിമം വേജസ് ആക്ട് നടപ്പായതോടെ ജീവിത നിലവാരവും പൊതുവേ മെച്ചപ്പെട്ടു.


ഫറോക്ക് റെയിൽവേസ്റ്റേഷന്റെ ആവിർഭാവത്തോടുകൂടി വളർച്ചപ്രാപിച്ച ഫറോക്ക് അങ്ങാടി അമ്പതുകളുടെ അവസാനത്തോടെ നവീനവത്കരിച്ചതിൽ പി.കെ. കൃഷ്ണമേനോൻ (പൂതേരി) വഹിച്ച പങ്ക് സ്മരണീയമാണ്.

ഫറോക്കിൽ ഇന്നു നിലവിലുള്ള പൊതു സ്ഥാപനങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1. | പഞ്ചായത്ത് ഓഫീസ് |
| 2. | കമ്മ്യൂണിറ്റിഹാൾ |
| 3. | ഫറോക്ക് വില്ലേജ് ഓഫീസ് |
| 4. | കരുവൻതിരുത്തി വില്ലേജ് ഓഫീസ് |
| 5. | റെയിൽവേസ്റ്റേഷൻ |
| 6. | പോലീസ് സ്റ്റേഷൻ |
| 7. | പോസ്റ്റ് ഓഫീസ് (3 സബ് പോസ്റ്റ് ഓഫീസ് അടക്കം) |
| 8. | സബ്ട്രഷറി |
| 9. | സബ് രജിസ്ട്രാർ ഓഫീസ് |
| 10. | സ്ക്കൂളുകൾ 13 |
| 11. | ബേങ്കുകൾ 10 |
| 12. | കൃഷിഭവൻ ഓഫീസ് |
| 13. | അഗ്രികൾചർട്രെയിനിങ്ങ് സെന്റർ |
| 14. | പ്രൈമറി ഹെൽത്ത് സെന്റർ |
| 15. | സബ് സെന്ററുകൾ 2 |
| 16. | ഇ.എസ്.ഐ. റീജിണൽ റഫറൽ ആശുപത്രി |
| 17. | ഇ.എസ്.ഐ. ഡിസ്പൻസറി ചുങ്കം |
| 18. | ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് |
| 19. | മാർക്കറ്റ് ബിൽഡിങ്ങ് |
| 20. | സാംസ്കാരിക നിലയം |
| 21. | അസിസ്റ്റന്റ് ലേബർ ഓഫീസ് |
| 22. | ഫറോക്ക് കോ.ഓപ്പറേറ്റീവ് സ്റ്റോർസ് |
| 23. | വി.ഇ.ഒ. ഓഫീസ് (ഫറോക്ക്, കരുവൻ തിരുത്തി) |
| 24. | ശിശുമന്ദിരം |
| 25. | ഷോപ്പിങ്ങ് സെന്റർ (സി.ഡി.എ) |
| 26. | ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ ഡിപ്പോ |
| 27. | പോസ്റ്റൽ സ്റ്റോർ |
| 28. | വെറ്ററിനറി സബ് സെന്റർ |
| 29. | എ.ഇ.ഒ. ഓഫീസ് |

ഫറോക്ക് പഞ്ചായത്ത്

ഭൂപ്രകൃതി



# ഭൂപ്രകൃതി, ജനപ്രകൃതി

കോഴിക്കോട് നിന്നും 13 കി.മീ. തെക്കുപടിഞ്ഞാറ് മാറി കിടക്കുന്ന ഭൂപ്രദേശമാണ് ഫറോക്ക് പഞ്ചായത്ത്. ഭൂപ്രകൃതിയനുസരിച്ച് ഉയർന്ന സമതലം, ചെറുചരിവ്, സമതലം, തീരസമതലം, ചതുപ്പ് നിലങ്ങൾ മണ്ണെടുത്ത കുഴികൾ എന്നിങ്ങനെ പഞ്ചായത്തിന്റെ ഭൂപ്രകൃതിയെ ആറായി തരംതിരിക്കാം.

## ഉയർന്ന സമതലം

ചെനപ്പറമ്പ്, കുറുന്തലക്കുന്ന്, കോട്ടക്കുന്ന്, കള്ളിക്കൂടം, പെരുമുഖം എന്നീഭാഗങ്ങൾ ഈ ഭൂവിഭാഗത്തിൽ ഉൾപ്പെടുന്നു. സമുദ്രവിതാനത്തിൽ നിന്നും 30-35 മീറ്റർ ഉയരത്തിലുള്ള ഈ പ്രദേശത്തിന് ഏതാണ്ട് 15.54 ഏക്കർ വിസ്തീർണ്ണം വരും. ചരൽ കലർന്ന ചെമ്മണ്ണാണ് ഇവിടെ കാണപ്പെടുന്നത്. തെങ്ങാണ് മുഖ്യകൃഷി. കുരുമുളകും കശുമാവും അപൂർവ്വമായി കണ്ടുവരുന്നു. ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്ന സ്ഥലമാണിത്.

## ചെറുചെരിവ്

ചെനപ്പറമ്പിന്റെ ചെരിവ് വെസ്റ്റ്നല്ലൂർ, ഫറോക്ക് റെയിൽവേസ്റ്റേഷൻ, കരുവൻതിരുത്തി, ചാലിയാറിന്റെ തീരം എന്നിവിടങ്ങളിലേക്കും കോട്ടക്കുന്നിന്റേത് വാരഞ്ചേരി താഴം, ചാലിയാർ തീരം, ഫറോക്ക് ടൗൺ, അമ്പലപ്പുറം ഭാഗത്തേക്കും കിടക്കുന്നു. കുറുന്തലക്കുന്ന്, അമ്പലങ്ങാടി, മുന്നിലാംപാടം, കൈതോലിപ്പാടം, വാലത്തിൽ പടി എന്നീ ഭാഗത്തേക്കും കള്ളിക്കൂടം, പെരുമുഖവം എന്നീ ഭാഗങ്ങൾ കാട്ടുങ്ങൽ താഴം, കാരട്ടിയിൽപ്പാടം, മലയിൽത്താഴം, കൊളത്തോട്ടുതാഴം, നാക്കുന്നപ്പാടം, പുതുക്കഴിപ്പാടം എന്നിവിടങ്ങളിലേക്കും ചരിഞ്ഞു കിടക്കുന്നു. ചെരിവുഭാഗം മൊത്തം 948.43 ഏക്കർ ഉണ്ട്.

ഇവിടെയും ചരൽ നിറഞ്ഞ ചെമ്മണ്ണാണ്. തെങ്ങുകൃഷിതന്നെയാണ് മുഖ്യം. മണ്ണൊലിപ്പിന് സാധ്യതയുള്ള സ്ഥലമാണിത്.

## സമതലം

പഞ്ചായത്തിൽ കൂടുതലും സമതലങ്ങളാണ്. മൊത്തം 1488.45 ഏക്കർ വരും. വെസ്റ്റ് നല്ലൂർ, മാത്തിൽപാടം, പുറ്റെക്കാട്, നല്ലൂർ, കള്ളിത്തൊടി, ചുങ്കം, തുമ്പപ്പാടം, ചന്ത തുടങ്ങിയ ഭാഗങ്ങൾ സമതലത്തിൽപെടുന്നു. ചെമ്മണ്ണും പശിമരാശി മണ്ണും കളിമണ്ണും ഈ പ്രദേശങ്ങളിൽ കണ്ടുവരുന്നു. മാത്തിൽപാടം, പുറ്റെക്കാട്, തുമ്പപ്പാടം, വെസ്റ്റ്നല്ലൂർ എന്നീ ഏരിയകളിൽ ശുദ്ധജലലഭ്യത കുറവാണ്. ഉപ്പ് രസം കലർന്ന വെള്ളമാണുള്ളത്. വാഴ, കവുങ്ങ്, നെല്ല് എന്നിവ ചെറിയ തോതിൽ കൃഷിചെയ്യുന്നു.

## തീരസമതലം

പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള ചാലിയാറിനോടും തെക്കുഭാഗത്തുള്ള വടക്കുമ്പാട് പുഴയോടും ചേർന്നാണ് തീരസമതലം കിടക്കുന്നത്. തിയ്യത്ത്താഴം, അയ്യമ്പാക്കി, കല്ലംപാറ, മൊടത്തിക്കൽ, വടക്കുമ്പാട്, മുക്കോണം, കോതാർതോട്, മുക്കാടി, പെരവൻമാട്, ചന്തക്കടവ് എന്നീ പ്രദേശങ്ങളടങ്ങിയ തീരസമതലം ഏതാണ്ട് 123.15 ഏക്കർ വിസ്തീർണ്ണമുണ്ട്. മണൽ പറ്റുള്ള മണ്ണാണ് ഇവിടെ ഭൂരിഭാഗവും. തെ

ക്കു പടിഞ്ഞാറൻ മേഖല തെങ്ങ് കൃഷിയും വട ക്കൻ മേഖല മരവ്യവസായവുമായി ബന്ധപ്പെട്ടുകിട ക്കുന്നു. ശുദ്ധജലം ലഭിക്കാത്ത ഈ പ്രദേശത്ത് വേലി യേറ്റ സമയത്ത് ഓര് വെള്ളം കയറുന്ന പ്രശ്നമുണ്ട്. തീരസമതലം സമുദ്രവിതാനത്തിൽനിന്ന് ഏതാണ്ട് 4 മീറ്റർ ഉയരത്തിലാണ്.

## ചതുപ്പ് നിലം

പാണ്ടിപ്പാടം, മേലായിവളപ്പ്, മുക്കോണം, പാലാ ക്കൊടി, പുതുക്കഴിപ്പാടം, പുളിക്കൽതറ, കോട്ടപ്പാടം, കാരട്ടിയിൽപാടം, എന്നീ പ്രദേശങ്ങളാണ് ചതുപ്പ്നി ലം. കൂടുതലായും കളിമണ്ണാണ്. ഈ പ്രദേശം ഭൂരി ഭാഗവും തരിശായിക്കിടക്കുന്നു. ഏതാണ്ട് 140.5 ഏക്കർ വിസ്തീർണ്ണം വരും.

## മണ്ണെടുത്ത കുഴി

കരുവൻതിരുത്തി, കോട്ടപ്പാടം, പുളിക്കൽതറ, പുതു ക്കഴിപ്പാടം, കോട്ടപ്പാടം,. ചെറാഞ്ചേരിപാടം, പണിക്കോ ട്ടുതാഴം, തുമ്പപ്പാടം എന്നീ പ്രദേശങ്ങളിൽ ഭൂരിഭാഗം മൺകുഴികളാണ്. ഇത് ഏകദേശം 43 ഏക്കർ വരും. ഇവിടങ്ങളിൽ നേരത്തെ നെൽകൃഷിനടന്നിരുന്നു. ഇതിൽ ചിലയിടങ്ങളിൽ ശുദ്ധജലവിതരണത്തിനും ശുദ്ധജല മത്സ്യകൃഷിക്കും സാധ്യതയുണ്ട്.

മൺകുഴികളോടനുബന്ധിച്ച് എല്ലായിടങ്ങളിലുമുള്ള തരിശുഭൂമി വേനൽക്കാല പച്ചക്കറിക്കൃഷിക്ക് ഉപയു ക്തമാക്കാവുന്നതാണ്. ●

# ജനപ്രകൃതി

1991ലെ സെൻസസ് പ്രകാരം ഫറോക്ക് പഞ്ചാ യത്തിലെ ജനസംഖ്യ 44,494 ആയിരുന്നു. ഇതിൽ 22106 പുരുഷന്മാരും 22388 സ്ത്രീകളുമാണ്. മൊത്തം വീടുകൾ 7040. ശരാശരി വീടൊന്നിന് 6.32 ആളുകൾ വീതം. ജനസാന്ദ്രത ച. കി.മീറ്ററിന് 2863. മൊത്തം ജനസംഖ്യയിൽ പട്ടികജാതി ജനസംഖ്യ 4318 ആണ്. ഇവരിൽ 2147 പുരുഷന്മാരും 2171 സ്ത്രീകളുമുണ്ട്. സാക്ഷ രതയിൽ സംസ്ഥാന ശരാശരിക്കടുത്ത് നിൽക്കുന്നു. 1990ലെ സാക്ഷരതാ പ്രവർത്തനത്തിന്റെ ഫലമായി ആയിരത്തോളം നിരക്ഷരരെ സാക്ഷരരാക്കി മാറ്റാൻ സാധിച്ചു.

1996ൽ ഫറോക്ക് പഞ്ചായത്തിലെ ജനസംഖ്യ 48,209 ആണ്. ഇതിൽ 23,952 പുരുഷന്മാരും 24257 സ്ത്രീകളു മാണ്. പുരുഷന്മാരിൽ സാക്ഷരത 95.64 ശതമാനവും സ്ത്രീകളിൽ 85.61 ശതമാനവും ആണ്. ശരാശരി സാക്ഷ രതാ ശതമാനം 90.55. മൊത്തം വീടുകൾ 7460. വീടൊ ന്നിന് ശരാശരി 6.46 ആളുകളുണ്ട്. ജനസാന്ദ്രത ച.കി.മീറ്ററിന് 3102 ആണ്. മൊത്തം ജനങ്ങളിൽ 4678 പേർ പട്ടികജാതിക്കാരാണ്. ഇതിൽ 2326 പുരുഷന്മാ രും 2352 സ്ത്രീകളുമാണ്. ഇവരിൽ പുരുഷന്മാരുടെ സാക്ഷരത 92.87%ഉം സ്ത്രീകളുടേത് 78.54%ഉം ആണ്. ജനസംഖ്യ വാർഡ് തിരിച്ചുള്ള വിവരം പട്ടിക 1ൽ കൊടുക്കുന്നു.

അഭ്യസ്തവിദ്യരിലും അല്ലാത്തവരിലും തൊഴിലില്ലായ്മ നിലനിൽക്കുന്നു. സർക്കാർ-അദ്ധ്യാപക സ്ഥിരം തൊഴിൽ മേഖലയിൽ ചെറിയൊരു ഭാഗം ജനങ്ങളേ എത്തിയിട്ടുള്ളൂ. തൊഴിലുള്ളവരിൽ ഭൂരിഭാഗവും കെട്ടി ടനിർമ്മാണരംഗത്തും, മറ്റ് അസംഘടിത മേഖലയിലു മാണ്. പരമ്പരാഗത രംഗത്ത് തൊഴിലില്ലായ്മ രൂക്ഷ മാണ്. ഹോട്ടലുകളിലും തീപ്പെട്ടികമ്പനികളിലും മറ്റും കുട്ടികളെക്കൊണ്ട് പണിയെടുപ്പിക്കുന്ന അവസ്ഥയും നിലവിലുണ്ട്. എനിക്കെന്ത് കിട്ടും എന്നല്ലാതെ എനി ക്കെന്ത് ചെയ്യാൻ കഴിയും എന്ന ചിന്ത വളർത്തിയെ ടുക്കാൻ ബോധപൂർവ്വം പരിശ്രമിച്ചെങ്കിൽ മാത്രമേ തൊഴിൽ രംഗത്തും സാമൂഹ്യരംഗത്തും പരിവർത്തന മുണ്ടാക്കാൻ സാധിക്കുകയുള്ളൂ. വിവിധ തൊഴിലുക ളിൽ ഏർപ്പെട്ടിരിക്കുന്നവരെ സംബന്ധിച്ച വിവരം പട്ടിക 2ൽ കൊടുക്കുന്നു.



| പട്ടിക 1<br>ഫറോക്ക് ഗ്രാമപഞ്ചായത്ത് വാർഡ് തല ജനസംഖ്യ | | | | |
|---|---|---|---|---|
| വാർഡ് | പുരുഷന്മാർ | സ്ത്രീ | മൊത്തം | കുടുംബങ്ങളുടെ എണ്ണം |
| 1 | 1331 | 1346 | 2677 | 420 |
| 2 | 1245 | 1281 | 2526 | 398 |
| 3 | 1619 | 1638 | 3257 | 446 |
| 4 | 1429 | 1446 | 2875 | 446 |
| 5 | 1796 | 1817 | 3613 | 569 |
| 6 | 1200 | 1214 | 2414 | 431 |
| 7 | 1453 | 1471 | 2924 | 472 |
| 8 | 1453 | 1471 | 2924 | 472 |
| 9 | 1615 | 1634 | 3249 | 470 |
| 10 | 1241 | 1256 | 2497 | 354 |
| 11 | 2028 | 2053 | 4081 | 706 |
| 12 | 1965 | 1988 | 3953 | 654 |
| 13 | 1837 | 1859 | 3696 | 568 |
| 14 | 1827 | 1849 | 3676 | 604 |
| 15 | 1836 | 1857 | 3693 | 535 |
| | ആകെ | 23952 | 48209 | 7568 |

| പട്ടിക 2<br>പഞ്ചായത്തിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം | | | | |
|---|---|---|---|---|
| തൊഴിലിന്റെ ഇനം | പുരുഷൻ | സ്ത്രീ | ആകെ | നിരക്ക് % |
| കൃഷിക്കാർ | 219 | 2 | 221 | 2.34 |
| കാർഷികത്തൊഴിലാളികൾ | 798 | 64 | 862 | 9.13 |
| മൃഗപരിപാലനം - മത്സ്യബന്ധനം | 409 | 7 | 416 | 4.40 |
| ഖനനം - പാറപൊട്ടിക്കൽ | 80 | - | 0.84 | |
| കുടിൽവ്യവസായം | 96 | 51 | 147 | 1.55 |
| കെട്ടിട - റോഡ് നിർമ്മാണം | 845 | 14 | 859 | 9.10 |
| കുടിലേതര വ്യവസായം | 2557 | 460 | 3017 | 31.95 |
| കച്ചവടം | 1363 | 38 | 1401 | 14.84 |
| ഗതാഗത - വാർത്താവിനിമയം | 991 | 19 | 1010 | 10.70 |
| മറ്റുതൊഴിലാളികൾ | 1085 | 346 | 1431 | 15.15 |
| ആകെ | 8443 | 1001 | 9444 | 100 |


ഫറോക്ക് ഗ്രാമപഞ്ചായത്ത്
വർഷപാതം

| കാലം | ബന്ധപ്പെട്ട മാസങ്ങൾ | വർഷം | | | |
|---|---|---|---|---|---|
| | | 1993 | 1994 | 1995 | 1996 |
| ശൈത്യം | ജനുവരി<br>ഫെബ്രുവരി | ഇല്ല | ഇല്ല | 2.2 മി.മീ. | ഇല്ല |
| വേനൽ | മാർച്ച്<br>ഏപ്രിൽ<br>മെയ് | 158.9 മി.മീ. | 300.7 മി.മീ. | 317.4 മി.മീ. | 126 മി.മീ. |
| തെക്ക് - പടിഞ്ഞാറൻ മൺസൂൺ | ജൂൺ<br>ജൂലായ്<br>ആഗസ്റ്റ്<br>സെപ്റ്റംബർ | 1909.7 മി.മീ. | 3189 മി.മീ. | 2148.8 മി.മീ. | 2314 മി.മീ |
| വടക്കു - കിഴക്കൻ മൺസൂൺ | ഒക്ടോബർ<br>നവംബർ | 580 മി.മീ. | 543 മി.മീ. | 236.1 മി.മീ. | 303 മി.മീ<br>(ഒക്ടോബർ) |

അവലംബം : തുറമുഖ വകുപ്പിൽനിന്ന്


382

# വികസനമേഖലകൾ



1

# കൃഷിയും ജലസേചനവും



കാർഷിക മേഖലയിൽ ഫറോക്ക് പഞ്ചായത്ത് മുൻകാലത്ത് വളരെ സുശക്തമായിരുന്നു. ക്രമേണ വ്യാവസായിക വളർച്ചയോടെ കാർഷികവൃത്തിയിൽ നിന്ന് ജനങ്ങൾ പുറകോട്ടു പോകുകയും കൃഷി മുഖ്യ ഉപജീവനമാർഗ്ഗമല്ലാതായി മാറുകയും ചെയ്തു. വളരെ തുച്ഛം കുടുംബങ്ങൾ മാത്രമാണ് ഇന്ന് കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചു പോരുന്നത്.

കാർഷികമേഖലയിലെ പുറകോട്ടടിക്ക് വിവിധ കാരണങ്ങളുണ്ട്. നെൽകൃഷിക്കാർക്ക് കൃഷിച്ചെലവിൽ വന്ന ഗണ്യമായ വർദ്ധന, പുതിയ മേഖലയിലേക്ക് മാറാൻ അവരെ പ്രേരിപ്പിച്ചു. ഫലഭൂയിഷ്ഠമായ കൃഷിഭൂമിപോലും തരിശിടുന്ന സ്ഥിതി വന്നു. കൃഷിയിടങ്ങൾ നികത്തി പുരയിടങ്ങളാക്കി മാറ്റുകയും തെങ്ങിൻതൈ വെച്ചു പിടിപ്പിക്കുകയും ചെയ്യുന്നത് ഒരു പ്രവണതയായി മാറി. വിത്ത്, വളം കാർഷികോപകരണങ്ങൾ എന്നിവയുടെ അനുദിനമുള്ള വിലക്കയറ്റം കൃഷിക്കാരെ കഷ്ടത്തിലാക്കി. ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരുന്നതും ഈ രംഗത്ത്നിന്ന് പിൻമാറാൻ കൃഷിക്കാരെ പ്രേരിപ്പിച്ചു. ക്രമേണ തെങ്ങുകൃഷിയിലേക്ക് ശ്രദ്ധതിരിച്ച കൃഷിക്കാർ ആ രംഗത്തും നിരാശരാകുന്ന അവസ്ഥയാണുണ്ടായത്. നാളികേരത്തിന്റെ വിലയിടിവ് കൊപ്ര സംസ്കരണരംഗത്ത് വന്നിട്ടുള്ള നിലവാരമാന്ദ്യം, വിറ്റഴിക്കുന്ന വിപണിയിലെ മാത്സര്യം എന്നിവ കൃഷിക്കാരെ കൂടുതൽ ദുരിതത്തിലാക്കി. ഈ സാഹചര്യത്തിൽ തെങ്ങുകൃഷിയോടും കൃഷിക്കാരന്റെ ആഭിമുഖ്യം നഷ്ടപ്പെട്ടു. ശാസ്ത്രീയമായ, കൃഷിരീതി പ്രോത്സാഹിപ്പിക്കാനോ, കൃഷിക്കാരെ സാമ്പത്തികമായി പരിരക്ഷിക്കാനോ, കൃഷിഭവൻപോലുള്ള സ്ഥാപനങ്ങൾ വേണ്ടത്ര ഉയർന്ന് പ്രവർത്തിച്ചിട്ടില്ല. ജലസേചനസൗകര്യത്തിന്റെ അപര്യാപ്തതയും കൃഷിക്കാരെ അലട്ടിക്കൊണ്ടിരുന്നു. കേവലം കാലാവസ്ഥയെ മാത്രം ആശ്രയിച്ച് കൃഷി നടത്തേണ്ടുന്ന ഗതികേടും സംജാതമായി.

ഇതോടെ ഫറോക്കിലെ കാർഷികമേഖല തകർന്നു എന്നു പറഞ്ഞാൽ അതിശയോക്തിയില്ല. കൂട്ടുകൃഷി സമ്പ്രദായങ്ങളും പാരമ്പര്യകൃഷിരീതിയും പ്രോത്സാഹിപ്പിച്ചാൽ നാശോന്മുഖമായ കാർഷികമേഖല കൂടുതൽ വിപുലപ്പെടുത്താൻ കഴിയും. ഇതിന്നുള്ള ബോധപൂർവ്വമായ പ്രവർത്തനവും ബോധവൽക്കരണവും അത്യാവശ്യമായിരിക്കുന്നു.

കൃഷിവകുപ്പും, ജലസേചനവകുപ്പും, മണ്ണ് പരിശോധനാവിഭാഗവും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നിശ്ചയദാർഢ്യത്തോടെ പ്രവർത്തിച്ചാൽ കാർഷികമേഖല മെച്ചപ്പെടുത്താനാവും.

## ഭൂമിശാസ്ത്രപരമായ ഘടന

ഉയർന്ന സമതലവും, ചെരിവുകളും, തീരസമതലങ്ങളും ഇവിടെ ദൃശ്യമാണ്. ചരൽ മണ്ണ്, ചെമ്മണ്ണ്, കളിമണ്ണ്, മണൽമണ്ണ് എന്നിവ വിവിധ ഭാഗങ്ങളിൽ

കാണാം. പൊതുവെ കൃഷിയോഗ്യമായ പ്രദേശങ്ങളാണ് ഭൂരിഭാഗവും. കാർഷികരംഗത്തെ തകർച്ച കർഷകത്തൊഴിലാളികളുടെ ഇടയിൽ തൊഴിലില്ലായ്മക്ക് കാരണമായി.

നെൽകൃഷിയോഗ്യമായ വയലുകളിൽനിന്ന് മണ്ണെടുത്ത് വില്ക്കുന്ന സാഹചര്യംകൂടി വളർന്നുവന്നത് കാർഷികമേഖലയിലെ മുരടിപ്പിന്ന് ഉദാഹരണമാണ്. ഇന്ന് ഭൂരിഭാഗം നെൽവയലുകളും മൺകുഴികളായി പരിണമിച്ചിരിക്കുന്നു. അതേസമയം ഉപ്പുവെള്ളം കയറുന്നത് തടയാനുള്ള ശാസ്ത്രീയമായ മാർഗ്ഗങ്ങൾ ഉണ്ടാകാതിരുന്നത് മൂലം പുഴയോരപ്രദേശങ്ങളിലെ വയലുകൾ കൃഷിയോഗ്യമല്ലാതായി മാറിയ അവസ്ഥയും ഉണ്ട്.



നമ്മുടെ പഞ്ചായത്തിൽ 30 ഓളം വൻകിട കർഷകരും, 908 ചെറുകിട കർഷകരും, 5620 നാമമാത്ര കർഷകരും മാത്രമാണുണ്ടായിരുന്നത് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 637 ഹെക്ടർ തോട്ടഭൂമിയും, 50 ഹെക്ടർ വയലും, 20 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും, 40 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശുഭൂമിയും ഉണ്ട്.

കവുങ്ങും പൂക്കുല, വെളുത്ത വട്ടൻ, വെളുത്ത പൊന്നാര്യൻ, കറുത്ത പൊന്നാര്യൻ, കൈമ, മസൂരി, പാണ്ടി, നകര, കാലാതെക്കൻ, പട്ടാമ്പിതെക്കൻ, കുട്ടാടൻ, മോഡൻ, തവളക്കണ്ണൻ എന്നിക്ക പണ്ടുകാലത്ത് ഉപയോഗിച്ചിരുന്ന വിത്തിനങ്ങളായിരുന്നു.

കൈതോലി, മണ്ണാർപാടം, മുന്നിലാംപാടം, പുതുക്കഴിപാടം, കുറുക്കാവ്, കൊളത്തോട്ടുതാഴം, ചാലിപ്പാടം, മാത്തിൽപാടം, പൂത്തോളം ഏരിയ എന്നിവിടങ്ങളിലെല്ലാം നല്ല രീതിയിൽ കൃഷി നടന്നിരുന്നു.

കൃഷിക്കാർക്കിടയിൽ നിലനിന്നിരുന്നതും മറ്റനേകം ആളുകളെ ആകർഷിച്ചിരുന്നതുമായ കാളപൂട്ട് മത്സരങ്ങൾ ഇവിടെ നടന്നിരുന്നു. കുറുക്കാവ്, പുതുക്കഴിപാടം, കൈതോലി, കലംകൊള്ളിവയൽ എന്നിവിടങ്ങളിൽ സുസജ്ജമായ "കാളപൂട്ട് കണ്ടങ്ങൾ" ഉണ്ടായിരുന്നു. ഇന്നതെല്ലാം ഓർമ്മകളായി മാറിയിരിക്കുന്നു.

ഒരു കൃഷിഭവനും, ഒരു കൃഷി പരിശീലന കേന്ദ്രവും നമ്മുടെ പഞ്ചായത്തിലുണ്ട്. കൃഷിഭവന്റെ സാമ്പത്തിക സഹായത്തോടെ കുണ്ടെത്തടത്തിൽ ഒരു വാട്ടർ സപ്ലൈ സ്കീം ഏർപ്പെടുത്തിയിട്ടുണ്ട്. ഓരു വെള്ളം കയറുന്നത് തടയാൻ 1993ൽ പാണ്ടിപ്പാടം തോട് രണ്ടു ലക്ഷം രൂപ ചിലവിൽ പണി പൂർത്തിയാക്കി. ചെറുതും വലുതുമായ പന്ത്രണ്ടോളം തോടുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പനമ്പാലം-മുണ്ടക്കൻതാഴം തോട്, ഒരു കിലോമീറ്ററോളം നീളമുള്ള മുന്നിലാംപാടംതോട്, കാഞ്ഞിരത്താണി-പൂവന്നൂർ പള്ളി തോട്, നല്ലൂർ-കൈതോലി തോട്, ചാലിപ്പാടം തോട്, ചെംബനിമുടത്തിതോട് എന്നിവ ഇതിൽ പ്രധാനപ്പെട്ടതാണ്. ഈ തോടുകൾ മിക്കതും മഴക്കാലത്ത് വെള്ളം ഒഴിഞ്ഞുപോകാൻ മാത്രം പ്രയോജനപ്പെടുന്നവയാണ്. ചീർപ്പുകളുള്ള തോടുകളുടെ എണ്ണം പരിമിതമായത്കൊണ്ട് ചില തോടുകൾവഴി പുഴയിൽനിന്ന് ഉപ്പുവെള്ളം കയറുന്ന സ്ഥിതിയും നിലവിലുണ്ട്.

ഈ പഞ്ചായത്തിൽ 13 വറ്റാത്ത കുളങ്ങളും 7 വറ്റി വരളുന്ന കുളങ്ങളും ആണുള്ളത്. ഇതിൽ പനംകുളം പടിഞ്ഞാറെ നെച്ചിക്കാട്ട് കുളം, രാമൻകുളം, പുത്തോളം രാമൻകുളം എന്നിവ കൃഷിയ്ക്ക് ഉപയുക്തമാക്കാവുന്നതാണ്.

## മുഖ്യവിളകൾ

നമ്മുടെ പഞ്ചായത്തിലെ പറയാവുന്ന മുഖ്യവിള ഇപ്പോൾ നാളികേരം മാത്രമാണ്. തെങ്ങിനും ശാസ്ത്രീയമായ പരിചരണമില്ല മലയിൽതാഴം, ചാലിപ്പാടം ഭാഗങ്ങളിൽ വാഴകൃഷി ഉണ്ടായിരുന്നെങ്കിലും ഇതും നാമമാത്രമായി മാറിയിരിക്കുന്നു. കവുങ്ങ്, പയർ, മരച്ചീനി, എള്ള് മറ്റു പച്ചക്കറി വർഗ്ഗങ്ങൾ എന്നി ഇടവിളകളും ഇന്ന് വിരളമായേ കൃഷി ചെയ്യുന്നുള്ളൂ.

തെങ്ങുകയറ്റ തൊഴിലാളികൾ ഇന്ന് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഞാറുപറി, നടീൽ, കൊയ്ത്ത്, മെതി എന്നീ രംഗത്ത് കൂടുതൽ സ്ത്രീ തൊഴിലാളി



കൾ ആയിരുന്നെങ്കിലും അവരും ഈ രംഗം കൈവിട്ടിരിക്കുകയാണ്. പുരുഷ കർഷകത്തൊഴിലാളികൾക്ക് ശരാശരി 100 രൂപയും സ്ത്രീതൊഴിലാളികൾക്ക് 75 രൂപയുമാണ് കൂലിനിരക്ക്.

കാർഷിക വിള സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർക്കുന്നു.

### രോഗങ്ങൾ

തെങ്ങിന് കൂമ്പുചീയൽ, കാറ്റ്‌വീഴ്ച, ചെന്നീരൊലിപ്പ്, കൊമ്പൻചെല്ലി എന്നി രോഗങ്ങൾ കണ്ടുവരുന്നു. കുമിൾരോഗം, തണ്ടുതുരപ്പൻ, ചാഴിരോഗം എന്നിവയാണ് നെൽകൃഷിയെ ബാധിക്കുന്നവ. കൂമ്പടപ്പ് വാഴയെ ബാധിക്കുന്ന കടുത്ത രോഗമാണ്.

### വളം, കീടനാശിനി

രാസവളം, കീടനാശിനി വിപണനത്തിന് ഒരു സ്വകാര്യസ്ഥാപനം മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. കൃഷിഭവൻ മുഖേന ഇവ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. കൃഷിഭവൻ മുഖേന സാമ്പത്തികസഹായം നൽകുന്നതിന് നിലവിലുള്ള ഭൂപരിധി 30 സെന്റ് എന്നത് കാലോചിതമായി മാറ്റേണ്ടതാണ്. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം നേരിടുന്ന കർഷകരെ സഹായിക്കാനും, ഫലപ്രദമായ നടപടി ഉണ്ടാകണം.

വിപണനരംഗത്ത് കൃഷിഭവൻ മുഖേനയും, കേരഫെഡ്ഡ് മുഖേനയും സംഭരണ സംവിധാനം ഏർപ്പെടുത്തണം. കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ച് വാർഡുകൾ തോറും സംഭരണ കേന്ദ്രങ്ങൾ ഏർപ്പെടുത്തുന്നതും പ്രോത്സാഹജനകമാണ്.

## നിർദ്ദേശങ്ങൾ

- നാളികേര കൃഷിവികസനത്തിന് ഉല്പാദനശേഷി കുറഞ്ഞതും രോഗം ബാധിച്ചതുമായ തെങ്ങുകൾ വെട്ടിമാറ്റി അത്യുല്പാദനശേഷിയുള്ള തൈകൾ വെച്ചുപിടിപ്പിക്കുന്നതിന് ധനസഹായം നൽകണം. രാസവളം, കുമ്മായം, കാർഷികോപകരണങ്ങൾ, വിത്തുകൾ എന്നിവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. ജൈവവളം ഉപയോഗിക്കാൻ പ്രോത്സാഹനം നൽകണം.
- നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിന്നും

പട്ടിക 2

ഫറോക്ക് കൃഷിഭവൻ ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്നബാധിതപ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | മൊത്തം തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പ്പൊട്ടൽ | | |
| 1994-95 | 6579രൂപ 4.648 ഹെക്ടർ | 20545 രൂപ 6.612 ഹെക്ടർ | - | - | 75 | 27124 രൂപ |
| 1995-96 | 10775രൂപ 3.016 ഹെക്ടർ | - | - | - | 11 | 10775രൂപ |

പട്ടിക 3
നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 795 | 355 | 600 |
| കശുമാവ് | - | - | - |
| കുരുമുളക് | 4200 | 4000 | 5000 |
| കവുങ്ങ് | 400 | - | - |

ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിന്നും നടപടി വേണം.


- തുലാവർഷത്തിൽ ലഭിക്കുന്ന വെള്ളം തടയണകൾ കെട്ടി സംഭരിക്കുന്നതിന്ന് കൃഷിക്കാരെ പ്രോത്സാഹിപ്പിക്കണം.
- തെങ്ങുകയറ്റ തൊഴിലാളികൾക്ക് ഇൻഷുറൻസ് ഏർപ്പെടുത്തണം.
- നീർമറിപ്രദേശങ്ങൾ അടയാളപ്പെടുത്തി മണ്ണ്-ജല സംരക്ഷണ നടപടി കൈക്കൊള്ളണം.



2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

ഫറോക്ക് ഗ്രാമപഞ്ചായത്തിൽ കാലി വളർത്തലും മൃഗസംരക്ഷണവും വ്യാപകമായ തോതിൽ മുൻകാലത്ത് നടന്നിരുന്നു. കൃഷി മുഖ്യതൊഴിലായിരുന്ന അക്കാലത്ത് മിക്ക വീടുകളിലും കാലികളെ വളർത്തിയിരുന്നു. വിസ്തൃതമായ



## മൃഗസംരക്ഷണം

വയലുകളിൽനിന്ന് പച്ചപ്പുല്ല് സംഭരിക്കാനും വൈക്കോൽ ശേഖരിക്കാനും പ്രയാസമുണ്ടായിരുന്നില്ല. വിസ്തൃതമായ വിരിപ്പ്പാടങ്ങളിൽ കാലികൾക്ക് മേഞ്ഞുനടക്കാൻ സൗകര്യമുണ്ടായിരുന്നു. ഇന്ന് വയലുകൾ പാർപ്പിടങ്ങളായി മാറി. ഉള്ള കാലികൾ മിക്കവാറും ആലകളിൽ മാത്രം ഒതുങ്ങുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നത് പെരുമുഖം, കള്ളിത്തൊടി, നാക്കുന്ന്പാടം, നല്ലൂർ ഭാഗങ്ങളിലാണ്. ക്ഷീരോല്പാദനം മുഖ്യതൊഴിലായി സ്വീകരിച്ചവർ വളരെ അപൂർവ്വമാണ്. എന്നാൽ കറവ് മുഖ്യ തൊഴിലായി സ്വീകരിച്ചവരുണ്ട്. ഈ തൊഴിലാളികൾ പരിസരപ്രദേശങ്ങളിലേക്ക് കറവ ജോലിക്കായി പോകുന്നുണ്ട്.

പശു, എരുമ, ഉഴവുകാള, ആട് എന്നിവയാണ് പ്രധാന വളർത്തുമൃഗങ്ങൾ വളർത്തുപക്ഷികളിൽ പ്രധാനം കോഴിയും താറാവും തന്നെ.

തീറ്റക്കായി പുൽകൃഷി ചെയ്യുന്നവർ നല്ലൂർ, പെരുമുഖം ഭാഗങ്ങളിലുണ്ട്. പുൽവിത്ത് ക്ഷീര സഹകരണസംഘം മുഖേനയാണ് നൽകുന്നത്. കൂടാതെ കാലിത്തീറ്റയും പരിമിതമായ തോതിൽ വൈക്കോലും ലഭി

പട്ടിക1

ഫറോക്ക് ഗ്രാമപഞ്ചായത്ത് വളർത്തു മൃഗ സംഖ്യ.

| പശുനാടൻ | | പശു സങ്കരം | | എരുമ | | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1384 | 102 | 871 | 33 | 82 | 17 | 2092 | 790 | ഇല്ല. |

പട്ടിക 3

ഫറോക്ക് ഗ്രാമ പഞ്ചായത്ത് വളർത്തുപക്ഷി സംഖ്യ

| പൂവൻ കോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|
| | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| 1514 | 2816 | 424 | 52 | 172 |

ക്കുന്നു. ദൂരദിക്കുകളിൽനിന്നും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും പ്ലാവിലയും വില്പനക്കെത്തുന്നു. ഇത് ആടിനെ പോറ്റുന്നവർക്ക് ഒനരുഗ്രഹമാണ്.

ഫറോക്കിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടറുടെ കീഴിൽ ഒരു പ്രാഥമിക ചികിത്സാകേന്ദ്രമുണ്ട്. നമ്മുടെ പഞ്ചായത്തിൽ നിന്ന് ചികിത്സക്കുവേണ്ടി മണ്ണൂർ, ബേപ്പൂർ കേന്ദ്രങ്ങളെയും ആശ്രയിക്കുന്നുണ്ട്.

പനി, മഞ്ഞപ്പിത്തം, കാലിവസന്ത, അകിടുവീക്കം, കുളമ്പുപിരി, പൂപ്പൽ, ആടുകളിൽ കാണുന്ന താടവീക്കം എന്നിവയാണ് കണ്ടുവരുന്ന പ്രധാന രോഗങ്ങൾ. ഡോക്ടർമാർ വളരെ ദൂരത്തായത്കൊണ്ട് പലപ്പോഴും യഥാസമയം ചികിത്സ ലഭിക്കാതെ കാലികൾ ചത്തുപോകാൻ ഇടവരുന്നു. കന്നുകാലി രോഗങ്ങളെ സംബന്ധിക്കുന്ന പട്ടിക 3 കാണുക.

കടകളിലും വീടുകളിലും കൂടാതെ ക്ഷീരസംഘങ്ങളിലും പാൽവില്പന നടത്തുന്നു. പാൽവില യഥാസമയം ലഭിക്കാത്തതുകൊണ്ട് കർഷകർക്ക് സാമ്പത്തികമായ പ്രയാസം അനുഭവപ്പെടുന്നു. നല്ലൂർ ക്ഷീരവ്യവസായ സഹകരണസംഘമാണ് ഈ മേഖലയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏക സംഘം. ഒരു ദിവസം 300 ലിറ്റർ പാൽ ഈ സംഘം ശേഖരിച്ചു വില്പന നടത്തുന്നു.

ഇറച്ചിക്കോഴികളുടെ വിപണനം മുഖ്യതൊഴിലായി സ്വീകരിച്ചവർ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. എന്നാൽ ഒരു അംഗീകൃത മാർക്കറ്റ് ഫറോക്ക് ടൗണിലാണ്. തമിഴ്നാട് ആന്ധ്രാ എന്നിവിടങ്ങളിൽനിന്നാണ് കോഴികളെ ഇറക്കുമതി ചെയ്യുന്നത്. നാടൻകോഴികൾ വിപണിയിൽ വളരെ അപൂർവ്വമാണ്. കോഴികളുടെ അവശിഷ്ടങ്ങൾ അശ്രദ്ധമായി പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് പരിസരമലിനീകരണം ഉണ്ടാക്കുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പേപ്പട്ടി ശല്യം ഇടക്കിടക്കുണ്ടാകുന്നുണ്ട്. അലഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യവും ഈയ്യിടെയായി വളർന്നുവരുന്നു. മാർക്കറ്റിലെ മാലിന്യങ്ങൾ ഇതിനു കാരണമാണ്.

പട്ടിക 3

ഫറോക്ക് ഗ്രാമ പഞ്ചായത്ത്

രോഗവിവരങ്ങൾ

| ക്രമ നമ്പർ | രോഗവിവരങ്ങൾ | പശു | എരുമ | ആട് | കോഴി | താറാവ് |
|---|---|---|---|---|---|---|
| 1 | ദഹന സംബന്ധമായവ | 166 | - | 35 | 10 | 2 |
| 2. | ശ്വാസകോശ സംബന്ധം | 54 | - | 61 | 18 | – |
| 3. | ഉപാപചയ സംബന്ധം | 82 | - | 22 | 6 | – |
| 4. | ത്വക്ക് രോഗങ്ങൾ | 18 | 2 | 12 | - | - |
| 5. | ധാതുലവണങ്ങളുടെ അഭാവം | 22 | - | 13 | - | |
| 6. | പരാദ രോഗങ്ങൾ | 120 | | 18 | 14 | |
| 7. | പ്രത്യുല്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ | 32 | - | 6 | - | - |
| 8. | അകിടുവീക്കം | 16 | | 14 | | |
| 9. | മുടന്തൻ പനി | 34 | | | | |

## മൃഗസംരക്ഷണരംഗം ഇന്ന് നേരിടുന്ന കാതലായ ചില പ്രശ്നങ്ങൾ.

- അത്യുല്പാദനശേഷിയുള്ള കന്നുകാലികളുണ്ടെങ്കിലും അവയെ ചികിത്സിക്കാനാവശ്യമായ സംവിധാനങ്ങൾ ഇല്ല.
- ക്ഷീരകർഷകർക്ക് ആല നിർമ്മിക്കാനും തീറ്റപ്പുല്ല് ലഭ്യമാക്കാനുമുള്ള സർക്കാർ സഹായങ്ങൾ ഉണ്ടെങ്കിലും അവ തക്ക സമയത്ത് ലഭിക്കുന്നില്ല.
- ഗോബർഗ്യാസ് നിർമ്മാണത്തിനാവശ്യമായ ചാണകം ലഭ്യമാണെങ്കിലും നിർമ്മാണത്തിനാവശ്യമായ സാങ്കേതികപരിജ്ഞാനം പലർക്കും ഇല്ല.
- കോഴിത്തീറ്റയുടെ വിലക്കയറ്റം കാരണം മുട്ടക്കോഴി വളർത്തൽ ലാഭകരമല്ലാതാകുന്നു.


## സാദ്ധ്യതകളും നിർദ്ദേശങ്ങളും.

- പഞ്ചായത്തിൽ കരുവൻതിരുത്തിയിലും, പെരുമുഖത്തും എല്ലാ സൗകര്യത്തോടുംകൂടിയ ഓരോ മൃഗാശുപത്രി സ്ഥാപിക്കണം.
- സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽകൃഷി പ്രോത്സാഹിപ്പിക്കുകയും, ആല നിർമ്മിക്കാനുള്ള സാമ്പത്തികസഹായങ്ങൾ നൽകുകയും വേണം. ഗോബർഗ്യാസ് പ്ലാന്റ് നിർമ്മിക്കുന്നതിന്നും, കാലികളുടെ രോഗനിർണ്ണയത്തിനുമുള്ള പ്രാഥമികമായ പരിജ്ഞാനം കർഷകർക്ക് നൽകണം.
- പാൽ സംഭരണത്തിന്നും, സംസ്ക്കരണത്തിന്നും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കണം.
- കോഴിത്തീറ്റകൾ വിലകുറച്ച് സഹകരണസംഘങ്ങൾ മുഖേന വിതരണം ചെയ്യണം.
- പഞ്ചായത്തിൽ പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന്ന് ശ്രമം ആരംഭിക്കുക.
- ഇറച്ചിക്കോഴി വിപണത്തിലേർപ്പെട്ടവർ തന്നെ സ്വന്തം ചിലവിൽ അവശിഷ്ടങ്ങൾ കുഴിവെട്ടി അടക്കം ചെയ്യണമെന്ന് നിഷ്ക്കർഷിക്കുക. പൊതുസ്ഥലത്ത് മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുക.

പട്ടിക IV

കൃത്രിമ ബീജ സങ്കലന വിവരങ്ങൾ

| വളർത്തുമൃഗം ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ വേണ്ടിവന്നത്. |
|---|---|---|---|
| പശു | 904 | 334 | ഇല്ല |
| കിടാരി | 208 | 105 | ഇല്ല |
| എരുമ | 99 | 9 | ഇല്ല. |



# മത്സ്യബന്ധനം

നമ്മുടെ പഞ്ചായത്തിന്റെ മൂന്ന് ഭാഗവും പുഴകളാൽ ചുറ്റപ്പെട്ടു കിടക്കുകയാണ്. പുഴയോര ദൈർഘ്യം ഏകദേശം 12 കി.മീറ്റർ വരും. വടക്കുമ്പാട് പുഴയിലും ചാലിയാറിലും മത്സ്യബന്ധനം നടത്തുന്നു. ഏതാണ്ട് 300ഓളം പേർ മത്സ്യബന്ധനം മുഖ്യതൊഴിലാക്കിയിട്ടുണ്ട്. പുഴമീൻ പിടിക്കുന്നതിന് പ്രധാനമായും വല, കണ്ടാടി, തടവ്, ചൂണ്ട, ഒറ്റൽ എന്നിവ ഉപയോഗിച്ചുവരുന്നു. ഒറ്റൽ ഒഴികെ മറ്റെല്ലാറ്റിനും തോണി ഉപയോഗിക്കുന്നു. പകൽസമയങ്ങളിലും രാത്രികാലങ്ങളിലും മത്സ്യബന്ധനം നടത്തുന്നവരുണ്ട്. 75% തൊഴിലാളികൾക്കും സ്വന്തമായി വലയും തോണിയും ഉണ്ട്. കോരുവല ഉപയോഗിച്ചും കൈകൊണ്ട് തപ്പിയും പൊടിചെമ്മീനടക്കം പിടിച്ചിരുന്നവർ ഉണ്ടായിരുന്നു. ഈ രീതി ഇന്നില്ല.

അടുവ്, കോലി, മാലാൻ, പൂയാൻ, കരിമീൻ, ചെമ്മീൻ, കുയിറ്റി, ഏരി, ഏട്ട, മാന്ത, ചെമ്പല്ലി, കോര, തിരുത എന്നിവയാണ് ഇവിടെ ലഭിക്കുന്ന പ്രധാന മത്സ്യങ്ങൾ.

ചെമ്മീൻതന്നെ പലതരം ഉണ്ട്. വെള്ളച്ചെമ്മീൻ, കദളി, കൊഞ്ചൻ, മുണ്ടി, കാര എന്നിവ ഇതിൽപ്പെടുന്നു. കി.ഗ്രാമിന് 280 രൂപവരെ ലഭിക്കുന്ന ചെമ്മീനും ഉണ്ട്. അതുപോലെ ഞണ്ടും ധാരാളമായി ലഭിക്കുന്നു. കിലോക്ക് 120 മുതൽ 140 വരെ വില ലഭിക്കുന്ന ഇനങ്ങളും ഉണ്ട്. കൂടാതെ കക്ക ഇവിടുത്തെ പുഴകളിൽനിന്ന് കിട്ടുന്നുണ്ട്. കുറച്ചുപേർ കക്ക എടുക്കുന്ന തൊഴിലിൽ ഏർപ്പെട്ടിട്ടുണ്ട്.

വടക്കുമ്പാട് പുഴയിലും, കൈവഴികളിലും, അടുത്തുള്ള ചതുപ്പുനിലങ്ങളിലും ചെമ്മീൻ, ഞണ്ട് എന്നി കൃഷിക്കുള്ള സാധ്യതളുണ്ട്. കോട്ടപ്പാടം പ്രദേശത്തും ചെമ്മീൻകൃഷി തുടങ്ങുന്നതിനുള്ള സാധ്യത ഏറെയാണ്.

മത്സ്യവിപണന കേന്ദ്രങ്ങൾ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നു. പഞ്ചായത്ത് വക മത്സ്യവിപണനകേന്ദ്രം ഫറോക്ക് ടൗണിലും, പേട്ടയിലും ഉണ്ട്. ഈ രണ്ടു കെട്ടിടങ്ങളും ജീർണ്ണാവസ്ഥയിലായിതിനാൽ മത്സ്യവില്പനക്ക് ഉപയോഗിക്കുന്നത് വിലക്കിയിരിക്കയാണ്.

മത്സ്യവിപണന രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യതൊഴിലാളികളുടെ സഹകരണസംഘങ്ങൾ രൂപീകരിക്കുന്നത് നന്നായിരിക്കും.

പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ മത്സ്യവിപണനകേന്ദ്രങ്ങളും ആരംഭിക്കണം.

## മത്സ്യബന്ധനരംഗത്ത് ഉയർന്നുവന്നിട്ടുള്ള ചില പ്രശ്നങ്ങൾ:

1. മഴക്കാലത്ത് കണ്ടുവരുന്ന മത്സ്യരോഗങ്ങൾ നമ്മുടെ മത്സ്യ സമ്പത്തിനെ ബാധിക്കുന്നു.

2. ബ്രാൽ (വരാൽ), മുഴു, കടു, എന്നി മത്സ്യങ്ങൾ വംശനാശം നേരിട്ടുകൊണ്ടിരിക്കയാണ്. വരാൽ മത്സ്യം വളരെ ഔഷധവീര്യമുള്ള ഇനമാണ്.

3. അഴിമുഖത്ത് യന്ത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചുകൊണ്ടുള്ള ബന്ധനവും, മറ്റുഭാഗങ്ങളിലേക്ക് മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ചുകൊണ്ടു പോവുന്ന


തും നമ്മുടെ ഭാഗത്തെ മത്സ്യസമ്പത്ത് കുറയാനിടവരുന്നു.

4. ചകിരി ചവറുകൾ പുഴയിലേക്ക് തള്ളിവിടുന്നതു കാരണം പുഴകൾ നികന്നു വരുന്നതിനാൽ മത്സ്യബന്ധന സാധ്യതകൾ കുറഞ്ഞുവരുന്നു.


5. ബോട്ടുകൾ മുഖേന പുഴയിൽനിന്ന് മത്സ്യം പിടിക്കുന്നതുകൊണ്ട് മത്സ്യക്കുഞ്ഞുങ്ങൾ നശിക്കുകയും മത്സ്യസമ്പത്ത് കുറയുകയും. ചെയ്യുന്നു. ചെറുകിട മത്സ്യത്തൊഴിലാളികളും, യന്ത്രവൽകൃത ബോട്ടും വന്നതോടെ കഷ്ടതയനുഭവിക്കുന്നവരുടെ എണ്ണം കൂടിയിട്ടുണ്ട്.

## സാധ്യതകൾ:

- പഞ്ചായത്തിൽ കരുവൻതുരുത്തി ഭാഗത്ത് ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം ആവശ്യമാണ്.
- തോണി, വല, എന്നിവ ഈ സംഘം മുഖേന ആവശ്യക്കാർക്ക് വായ്പയായി വിതരണം ചെയ്യണം.
- ഓലശ്ശേരിക്കടവിൽ ഒരു ഫിഷറീസ് ജട്ടി സ്ഥാപിക്കണം.
- ഫറോക്ക് പേട്ടയിലേയും, ടൗണിലേയും, മത്സ്യ മാർക്കറ്റുകൾ പുതുക്കി പണിയുകയും., കരുവൻതുരുത്തി, മാത്തിൽപാടം, ചുങ്കം, പുറ്റെക്കാട് നല്ലൂരങ്ങാടി, കല്ലമ്പാറ, കള്ളിത്തൊടി എന്നിവിടങ്ങളിൽ പുതിയവ പണിയുകയും വേണം.
- ഓരു പ്രദേശങ്ങളിൽ മത്സ്യകൃഷി നടത്താനാവശ്യമായ പ്രോത്സാഹനം നൽകി യഥാർത്ഥ താല്പര്യക്കാരെ കണ്ടെത്തി സഹായങ്ങൾ തക്കസമയത്ത് എത്തിക്കുക. ഫിഷറീസ് ഓഫീസുമായി ബന്ധപ്പെടുന്നതിൽ പഞ്ചായത്ത് കൃഷിക്കാരെ സഹായിക്കേണ്ടതാണ്.
- ശുദ്ധജല മത്സ്യകൃഷിക്ക് കുളങ്ങളും മൺകുഴികളും ഉപയോഗിക്കുക.
- അനധികൃത മത്സ്യവിപണകേന്ദ്രങ്ങൾ തടയാനും അംഗീകൃതസ്ഥാപനങ്ങൾ വിപുലപ്പെടുത്താനും സത്വരനടപടി കൈക്കൊള്ളണം. മാർക്കറ്റുകളുടെ പരിസരം മലിനമാകുന്നത് തടയാനും നടപടിയുണ്ടാവണം.



# 3



# വ്യവസായം

വ്യാവസായികരംഗത്ത് അന്താരാഷ്ട്ര നിലവാരത്തിൽ അറിയപ്പെടുന്ന പ്രദേശമാണ് ഫറോക്ക്. ഓട്ടുവ്യവസായരംഗത്ത് കേരളത്തിന്റെ വ്യാവസായിക ഭൂപടത്തിൽ ഫറോക്കിന്റെ സ്ഥാനം മുൻപന്തിയിലാണ്. വർഷങ്ങളായി നിലനിന്നുവന്ന ഈ പ്രശസ്തിക്ക് തികച്ചും മുതൽക്കൂട്ടായ ഒരു സ്ഥാപനം ബാസൽമിഷ്യൻകാർ സ്ഥാപിച്ച മിഷ്യൻകമ്പനി എന്ന ഇപ്പോഴത്തെ കോമൺവെൽത്ത് ടൈൽഫാക്ടറിയാണ്. തുടർന്ന് ഫറോക്ക്ചെറുവണ്ണൂർ മേഖലയിൽ വളർന്നുവന്ന ഓട്ടുവ്യവസായശൃംഖലയിൽ പ്രചുരപ്രചാരം നേടിയ പേരും ഫറോക്ക് തന്നെ.

കളിമണ്ണ്, മരം, ചകിരി എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഇവിടെ ധാരാളമുണ്ട്. റബ്ബർ, പ്ലാസ്റ്റിക്, എഞ്ചിനിയറിങ്ങ് വ്യവസായങ്ങളും പലയിടങ്ങളിലായി പ്രവർത്തിക്കുന്നു. പൊതുവെ വ്യാവസായികമായി അഭിവൃദ്ധി ആർജ്ജിക്കാൻ ഈ വ്യവസായമേഖലക്ക് കഴിഞ്ഞിട്ടില്ല.

ഫറോക്ക് പഞ്ചായത്തിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വ്യവസായങ്ങൾ വ്യവസായതൊഴിലാളികൾ. പട്ടിക I ഉം II ഉം കാണുക.

കേരളത്തിന്റെ പരമ്പരാഗത വ്യവസായമായ കയർ രംഗത്ത് പുരോഗതിയുടെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. രണ്ട് കയർ സൊസൈറ്റികളും ഏതാനും വ്യവസായ സഹകരണ സംഘങ്ങളും ഖാദി മേഖലയിൽ ഒരു ഓട്ടുകമ്പനിയും ഫറോക്ക് പഞ്ചായത്തിലുണ്ട്. ഇതിൽ ചില സ്ഥാപനങ്ങൾ നിശ്ചലാവസ്ഥയിലാണ്.

പഞ്ചായത്തിൽ ആകെയുള്ള വൻകിട വ്യവസായമായ കോമൺവെൽത്ത്/ടൈൽ ഫാക്ടറിയിൽ 560 തൊഴിലാളികളും 153 ചെറുകിട വ്യവസായ യൂണിറ്റുകളിലായി 2051 തൊഴിലാളികളും 12 കുടിൽവ്യവസായങ്ങളിൽ 24 തൊഴിലാളികളും രണ്ട് കയർ സംഘങ്ങളിൽ 170 പേരും ഖാദിമേഖലയിൽ 33 പേരും രണ്ട് SC/ST വ്യവസായ സഹകരണ സംഘത്തിൽ 37 പേരുമാണുള്ളത്.

സ്ത്രീതൊഴിലാളികളുടെ പങ്കാളിത്തം മുഖ്യമായും കാണുന്നത് കയർ, തീപ്പെട്ടി, പ്ലൈവുഡ്, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നി മേഖലയിലാണ്.

പഞ്ചായത്തിൽ ആകെ 2887 തൊഴിലാളികളാണ് വ്യവസായരംഗത്ത് തൊഴിലെടുക്കുന്നത്. ഇതിൽ 1333 പേർ സ്ത്രീ തൊഴിലാളികളാണ്. നമ്മുടെ തൊഴിലില്ലായ്മക്ക് അറുതി വരുത്താനും പൊതുജീവിതനിലവാരം മെച്ചപ്പെടുത്താനും കൂടുതൽ വ്യവസായസംരംഭങ്ങൾ ഉയർന്ന് വരേണ്ടതുണ്ട്. കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ പേർക്ക് തൊഴിൽ നൽകുന്ന ചെറുകിട വ്യവസായങ്ങളാണ് നമുക്ക് അഭികാമ്യം.

ഗ്രാമസഭാ റിപ്പോർട്ടുകളിലൂടെ കണ്ണോടിക്കുമ്പോൾ വ്യവസായ വികസനത്തിന് തടസ്സം നിൽക്കുന്ന കാതലായ പ്രശ്നങ്ങൾ താഴെ പറയുന്നവയാണെന്ന് ബോധ്യപ്പെടും.

- കയർ-കളിമൺ വ്യവസായ മേഖലയിലെ വളരെ കുറഞ്ഞ കൂലിനിരക്ക്.
- പരമ്പരാഗതരംഗത്ത് ആധുനിക വൽക്കരണത്തിന്റെ പോരായ്മ.

- അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
- വൈദ്യുതിക്ഷാമം.
- വിവിധ ലൈസൻസുകൾ ലഭിക്കാനുള്ള പ്രയാസം.
- ധനസഹായം ലഭിക്കാനുള്ള ബുദ്ധിമുട്ട്.
- വിപണനരംഗത്തെ മാൽസര്യം.
- വ്യവസായം തുടങ്ങാനും ഉള്ളവ വികസിപ്പിക്കാനും ആവശ്യമായ ബോധവൽക്കരണകുറവ്.
- കൂടാതെ അതാത് പ്രദേശത്ത് ലഭ്യമാകുന്ന വിഭവങ്ങളെടെ അടിസ്ഥാനമാക്കിയും ഉപഭോഗ അഭിരുചിയ്ക്ക് അനുസൃതമായുമുള്ള വ്യവസായങ്ങളുടെ അഭാവം.

## സാദ്ധ്യതകൾ

ഇത്തരം പ്രശ്നങ്ങൾ ഉണ്ടെങ്കിലും വ്യവസായ വികസനത്തിന് വളരെയേറെ സാദ്ധ്യതയുള്ള ഒരു പഞ്ചായത്താണ് ഫറോക്ക്. വ്യവസായം ആരംഭിക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങളായ ഗതാഗതം, വെള്ളം, വാർത്താവിനിമയം എന്നീ സൗകര്യങ്ങൾ സുലഭമാണ്. മറ്റിടങ്ങളിലെന്നപോലെ വൈദ്യുതിപ്രശ്നം ഇവിടെയുമുണ്ട്. ഇതിനു പരിഹാരമായി സ്വന്തമായി ജനറേറ്ററുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കാൻ വേണ്ട സഹായം ചെയ്താൽ മതിയാകും.

പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം നാൾക്കുനാൾ കുറഞ്ഞുവരികയാണ്. അധ്വാനത്തിനനുസരിച്ച് കൂലി ലഭിക്കുന്നില്ലയെന്നതാണ് കാരണം. നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് കയർ സഹകരണ സംഘങ്ങളിലും NCDC യുടെ സഹായത്തോടെ 100 യന്ത്രവൽകൃത റാട്ടകൾ സ്ഥാപിക്കാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

ഫറോക്ക് പഞ്ചായത്തിലും സമീപപ്രദേശത്തും ധാരാളമായി ലഭിക്കുന്ന നാളികേരം വ്യവസായിക ആവശ്യത്തിന് കൂടുതലും ഉപയോഗിക്കുന്നില്ല എന്നത് വസ്തുതയാണ്. ഒരു നാളികേര കോംപ്ലക്സ് നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

പട്ടിക III
വ്യവസായങ്ങളിലെ ശരാശരി വിവിധകൂലി നിരക്ക്.

| ക്രമ നമ്പർ | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1. | കയർ | 55 | 15 |
| 2. | തടിവ്യവസായം | 120 | 30 |
| 3. | ഓട്ടുകമ്പനി | 60 | 45 |
| 4. | കട്ടകമ്പനി | 40 | 25 |
| 5. | എഞ്ചിനീയറിംഗ് | 100 | – |
| 6. | കൊപ്രസംസ്കരണം | 65 | – |
| 7. | ബേക്കറി | 100 | – |
| 8. | അച്ചാറ്/പപ്പടം | – | 25 |
| 9. | അച്ചടി | 60 | 20 |
| 10. | ഓയിൽമിൽ | 70 | – |
| 11. | ഭക്ഷ്യധാന്യംപൊടിക്കൽ | 50 | – |
| 12. | റബ്ബർ | 70 | 20 |
| 13. | പ്ലാസ്റ്റിക് | 70 | – |
| 14. | റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 120 | 25 |

പട്ടിക 1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | ആകെ |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | |
| I | സഹകരണ മേഖല | | | |
| | a. കയർ | 12 | 158 | 170 |
| | b. SC/ST വനിതവ്യവസായ സംഘം | | 19 | 19 |
| | SC/ST വ്യവസായസംഘം | 6 | 12 | 18 |
| II | സ്വകാര്യമേഖല | | | |
| | a. ചെറുകിട വ്യവസായം | 963 | 1088 | 2051 |
| | കുടിൽ വ്യവസായം | 15 | 9 | 24 |
| | വൻകിട വ്യവസായം | 556 | 4 | 560 |
| III | പരമ്പരാഗത കുടിൽവ്യവസായങ്ങൾ | | | |
| | മൺപാത്രം/തഴപ്പായ നിർമ്മാണം) | 4 | 8 | 12 |
| Iv | ഖാദി | 28 | 5 | 33 |
| ആകെ | 1584 | 1303 | 2887 | |

പട്ടിക II

ചെറുകിട വ്യവസായങ്ങളുടെ തരം തിരിച്ചുള്ള പട്ടിക.

| ക്രമ നമ്പർ | ഇനം | എണ്ണം | തൊഴിലാളികളുടെ | | ആകെ |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | |
| 1. | തടിവ്യവസായം | 39 | 312 | 78 | 390 |
| 2. | കളിമൺ വ്യവസായം | | | | |
| | (ഇഷ്ടിക മുതലായവ) | 15 | 130 | 20 | 150 |
| 3. | എഞ്ചിനീയറിംഗ് | 10 | 124 | | 124 |
| 4. | നാളികേരം | 12 | 72 | | 72 |
| 5. | റബ്ബർ | 4 | 50 | 42 | 92 |
| 6. | പ്ലാസ്റ്റിക് | 5 | 43 | | 43 |
| 7. | അച്ചടി | 13 | 44 | 60 | 104 |
| 8. | കയർ | 11 | 75 | 749 | 824 |
| 9. | ഭക്ഷ്യഉല്പന്നങ്ങൾ | 22 | 29 | 48 | 77 |
| 10. | റെഡിമെയ്ഡ് വസ്ത്രങ്ങൾ | 10 | 14 | 64 | 78 |
| 11. | മറ്റുള്ളവ | 12 | 70 | 27 | 97 |
| | ആകെ | 153 | 963 | 1088 | 2051 |

### തെങ്ങും തേങ്ങയും ഉപയോഗിച്ചുള്ള വ്യവസായങ്ങൾ

| ക്രമനമ്പർ | ഇനം |
|---|---|
| 1. | കൊപ്രസംസ്ക്കരണം. |
| 2. | വെളിച്ചെണ്ണ നിർമ്മാണം |
| 3. | സുഗന്ധ ലേപനങ്ങൾ (Refined Oils) |
| 4. | കന്നുകാലിത്തീറ്റ. |
| 5. | തേങ്ങാ പൗഡറും ക്രീമും. |
| 6. | തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതളപാനിയങ്ങൾ. |
| 7. | ചിരട്ടകൊണ്ടുള്ള കരകൗശല വസ്തുക്കൾ |
| 8. | ചിരട്ടപ്പൊടി. |
| 9. | ആക്റ്റിവേറ്റഡ് (ചാർക്കോൾ) കാർബൺ |
| 10. | തെങ്ങിൻ തടി ഉപയോഗിച്ച് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണിച്ചറും |
| 11. | പച്ചത്തൊണ്ട് യന്ത്രമുപയോഗിച്ച് നരാക്കി മാറ്റുന്ന യൂനിറ്റ് (Defibering Mill for Green Husk) |
| 12. | നവീനരീതിയിലുള്ള തൊണ്ടഴുക്കൽ |
| 13. | ചകിരിച്ചോറ് ഉപയോഗിച്ചുള്ള വളം നിർമ്മാണം. |
| 14. | യന്ത്രവൽകൃത ചൂടിനിർമ്മാണം. |
| 15. | യന്ത്രം ഉപയോഗിച്ച് ചവുട്ടി, ചൂടിപ്പടം തുടങ്ങിയവ നിർമ്മിക്കൽ. |
| 16. | വിവധ ഇനം ബ്രഷുകൾ |
| 17. | റബ്ബറൈസ്ഡ് കയർ, മെത്ത, തലയിണ തുടങ്ങിയവ |

ഇന്ത്യയിൽ 850ൽ പരം ഉല്പന്നം ചെറുകിട വ്യവസായ മേഖലയിൽ മാത്രം ഉല്പാദിപ്പിക്കുവാൻ കേന്ദ്ര ഗവൺമെന്റ് സംവരണം ചെയ്തിട്ടുണ്ട്. 60 ലക്ഷം രൂപയിൽ കവിയാത്ത യന്ത്രസാമഗ്രികളുള്ള വ്യവസായങ്ങളെയാണ് ചെറുകിട വ്യവസായം എന്ന് വിളിക്കുന്നത്.

സ്വദേശത്തേയും വിദേശത്തേയും നമ്മുടെ നാട്ടുകാർ വ്യവസായം മുതലിറക്കാൻ തയ്യാറായാൽ നമ്മുടെ നാടിന്റെ സാമ്പത്തികഘടന മാറ്റാൻ സാധിക്കും. കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂനിറ്റുകൾ ചുവടെ ചേർക്കുന്നു. (പട്ടിക V) സ്വകാര്യമേഖലയിലും വ്യവസായ സഹകരണസംഘങ്ങൾ ഉണ്ടാക്കിയും സ്ത്രീകൾ നടത്തുന്ന യൂനിറ്റുകളായും ഇവ ആരംഭിക്കാം.

### പട്ടിക V

| ക്രമനമ്പർ | ഇനം |
|---|---|
| 1. | മരം ഫർണിച്ചർ |
| 2. | സ്റ്റീൽ ഫർണിച്ചർ |
| 3. | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| 4. | സിമന്റ് ഹോളോബ്രിക്സ് |
| 5. | സിമന്റു ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണസാമഗ്രികൾ |
| 6. | ചിപ്സ് നിർമ്മാണം (നേന്ത്രക്കായ, ഉരുളക്കിഴങ്ങ്) |
| 7. | എഞ്ചിനിയറിംഗ് വർക്ക്ഷാപ്പ് |
| 8. | ബോട്ട് റിപ്പയർ സെന്റർ |
| 9. | അലക്ക് സോപ്പ് |
| 10. | സോപ്പ് പൊടി |
| 11. | ലിക്വിഡ് ഡിറ്റർജന്റ് |
| 12. | തുള്ളിനീലം |
| 13. | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| 14. | എമർജൻസി ലാംമ്പ് |
| 15. | ഹവായ് ചെരുപ്പ് |
| 16. | പ്ലാസ്റ്റിക് ചെരുപ്പുകൾ |
| 17. | ഡിസ്പാസിബ്ൾ പ്ലെയ്റ്റ്/ഗ്ലാസ് |
| 18. | പൊളിത്തീൻ കവർ |
| 19. | പ്രിന്റിംഗ് കോംപ്ലക്സ് (Offset Printing, Flexo graphic Printing) |
| 20. | ബേക്കറി ഉല്പന്നങ്ങൾ |
| 21. | പവർ ബേക്കറി |
| 22. | കറി പൗഡർ. |
| 23. | പ്ലാസ്റ്റിക് വീട്ടുപകരണങ്ങൾ |
| 24. | പഠനസഹായ സാമഗ്രികളും ലബോറട്ടറി ഉപകരണങ്ങളും |
| 25. | കൂൺകൃഷി |
| 26. | ശാസ്ത്രീയമായ കോഴിവളർത്തൽ |
| 27. | പാക്കേജിംഗ് ഇൻഡസ്ട്രീസ് |
| 28. | പപ്പടം നിർമാണം |
| 29. | പഴം സംസ്കരണ യൂനിറ്റ് |
| 30. | STD / FAX ബൂത്തുകൾ. |

## മിനിവ്യവസായ എസ്റ്റേറ്റ്

വ്യവസായം തുടങ്ങാൻ ആവശ്യമായ സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് 3 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്തു വ്യവസായ സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

പേട്ടയിലെ പൂട്ടിക്കിടക്കുന്ന കലിക്കറ്റ് സ്റ്റീൽ റീറോളിംഗ് കമ്പനിയുടേയും ഖാദി ബോർഡിന്റേയും സഹായത്തോടെ വ്യവസായം തുടങ്ങാൻ ഏറ്റെടുത്ത ചുങ്കത്തുള്ള സ്ഥലവും മിനി വ്യവസായ എസ്റ്റേറ്റിന് ഉപയോഗപ്പെടുത്താവുന്നതാണ്.

## നിർദ്ദേശങ്ങൾ

◆ യന്ത്രവൽകൃത ചകിരിനാര് നിർമ്മാണയൂനിറ്റ് ആരംഭിക്കുക

◆ യന്ത്രവൽകൃത ചൂടിപിരി യൂനിറ്റു തുടങ്ങുവാൻ വനിതാ ഗ്രൂപ്പുകൾക്ക് സഹായം നൽകുക.

◆ വ്യവസായസംരംഭകരെ സഹായിക്കാൻ പഞ്ചായത്തുതല **Industrial Promotion Counsil** രൂപീകരിക്കുക.

◆ വ്യവസായവകുപ്പും മറ്റു ഗവ: ഏജൻസികളും നൽകുന്ന സാമ്പത്തികസഹായങ്ങളെ കുറിച്ചു വ്യവസായസംരംഭകരെ ബോധവാന്മാരാക്കുക.

◆ വ്യവസായ സംരംഭകർക്ക് വൈദ്യുതി ഉറപ്പുവരുത്താൻ നിലവിലുള്ള എല്ലാ ലൈനുകളും 'ത്രീഫേസ്' ആക്കാൻ വേണ്ട നടപടി സ്വീകരിക്കുക.


◆ വ്യവസായകേരളം എന്ന പ്രസിദ്ധീകരണം പഞ്ചായത്തിലെ എല്ലാ വായനശാലകളിലും എത്തിക്കുക.

◆ സഹകരണാടിസ്ഥാനത്തിൽ വ്യവസായങ്ങൾ തുടങ്ങാൻ തയ്യാറുള്ളവരെ സംഘടിപ്പിച്ച് വേണ്ട സഹായം നൽകുക.

◆ വ്യവസായം തുടങ്ങാൻ തയ്യാറാകുന്നവർക്ക് കെട്ടിടനിർമ്മാണവ്യവസ്ഥ ലഘൂകരിക്കുക.

**വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടേണ്ട ഓഫീസുകൾ**

1. ജില്ലാവ്യവസായകേന്ദ്രം, കോഴിക്കോട്
2. കയർ പ്രോജക്ട് ഓഫീസ്, കോഴിക്കോട്
3. കയർ ബോർഡ്, കൊച്ചി
4. Small Industries Service Institute (S.I.S.I) തൃശൂർ
5. National Small Industries Corporation) NSIC തൃശൂർ
6. KITCO എറണാകുളം
7. STED Project Office Kozhikode
8. R E C, Kozhikode
9. Regional Research Laboratories)
11. Institute of Fashion Technology, Madras (For new made garments)




4

# ഗതാഗതം ഊർജ്ജം മാർക്കറ്റ്

ഫറോക്ക് പഞ്ചായത്തിലെ ഗതാഗതസൗകര്യങ്ങളെക്കുറിച്ചു പറയുമ്പോൾ റയിൽഗതാഗതം, റോഡ് ഗതാഗതം, ജലഗതാഗതം എന്നിങ്ങനെ തരംതിരിക്കേണ്ടിയിരിക്കുന്നു. ഇതിൽ റയിൽ, റോഡ് എന്നീ സൗകര്യങ്ങൾ തുല്യപ്രാധാന്യം അർഹിക്കുന്നു.

## റെയിൽവേ

സതേൺ റെയിൽവേയുടെ ഷൊർണ്ണൂർ-മംഗലാപുരം പാത ഫറോക്ക് പഞ്ചായത്തിൽകൂടി



## ഗതാഗതം

തെക്കു-വടക്കായി 2.504 കിലോമിറ്റർ നീളത്തിൽ കടന്നുപോകുന്നു. പഞ്ചായത്തിനെ രണ്ടു ഭാഗമാക്കി കുറുകെ ഛേദിച്ചുകൊണ്ട് കടന്നുപോകുന്ന റെയിൽവേ ലൈൻ പടിഞ്ഞാറുഭാഗത്തെ ഒന്നുമുതൽ അഞ്ചുവരെയുള്ള വാർഡുകളിലെ റോഡു ഗതാഗതത്തെ ഒരു പരിധിവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

സ്ഥാപിത വർഷത്തിന് വ്യക്തമായ രേഖകൾ ലഭ്യമല്ലെങ്കിലും ഫറോക്ക് റെയിൽവേ സ്റ്റേഷന് ഒന്നര നൂറ്റാണ്ടോളം പഴക്കമുണ്ടെന്ന് പറയപ്പെടുന്നു. ഏകദേശം 10 വർഷം മുമ്പു വരെ റെയിൽ മാർഗ്ഗം വന്നുചേരുന്ന മരങ്ങളും ഭാരമേറിയ മറ്റു സാധനങ്ങളും ക്രെയിൻവഴി ചാലിയാറിൽ ഇറക്കി ജലമാർഗ്ഗം വിവിധഭാഗങ്ങളിലേക്ക് എത്തിക്കുന്നതിന് സൗകര്യമുണ്ടായിരുന്നു. റോഡുഗതാഗതം പുരോഗമിച്ചതോടെ ഇന്ന് ആ സംവിധാനം ഇല്ലാതായിരിക്കുന്നു.

ഫറോക്ക് സ്റ്റേഷന് പ്രായത്തിന്റെ വളർച്ച മുഖച്ഛായയിൽ ഉണ്ടായിട്ടില്ലെങ്കിലും ഇതിന്റെ പ്രാധാന്യം അനുദിനം വർദ്ധിച്ചു വരികയാണ്. കഴിഞ്ഞ മൂന്നു വർഷത്തെ വരുമാനം അതാണ് സൂചിപ്പിക്കുന്നത്.

| വാർഷികവരുമാനം | | |
|---|---|---|
| 1993 | 1994 | 1995 |
| Rs. 34,72,5590/= | Rs. 42,42,8035/= | Rs.53,08,858/= |

**ഫറോക്കിൽ നിർത്തുന്ന വണ്ടികൾ**

| | |
|---|---|
| ലോക്കൽ | 4 |
| ഫാസ്റ്റ്പാസഞ്ചർ | 4 |
| എക്സ്പ്രസ് | 12 |
| മെയിൽ | 2 |

ശക്തിക്ഷയിച്ചുകൊണ്ടിരിക്കുന്ന ഫറോക്ക് റെയിൽവേ പാലത്തിനു പകരം മറ്റൊന്ന് പണിയാനും അതിനനുസരിച്ച് സ്റ്റേഷൻ നവീകരിക്കാനും പദ്ധ

തികൾ ഉണ്ട്. ഇന്ത്യൻ ഓയിൽ കോർപ്പറേഷൻ. (IOC)യുടെ പുതിയ ഡിപ്പോ വരുന്നതും റെയിൽവേ വികസനത്തിന് ഹേതുവായിട്ടുണ്ട്.

### പ്രശ്നങ്ങൾ:

1. ഫറോക്കിന്റെ ഏറ്റവും അടുത്ത ടെർമിനൽ സ്റ്റേഷൻ കോഴിക്കോട് ആണ്. വ്യാപാര വാണിജ്യ കേന്ദ്രമായ കോഴിക്കോട്ട് വന്നു ചേരേണ്ട ചരക്കു വണ്ടികൾ, ലൈൻ ഒഴിവില്ലാതെ വരുമ്പോൾ പലപ്പോഴും ഫറോക്കിൽ നിർത്തിയിടാറുണ്ട്. 50-60ഓളം വരുന്ന വാഗണുകൾ ദിവസങ്ങളോളം ഫറോക്ക് റെയിൽവേ സ്റ്റേഷൻ അതിർത്തിയിൽ നിർത്തിയിടുമ്പോൾ അത് ജനങ്ങൾക്ക് വളരെയധികം അസൗകര്യം ഉണ്ടാക്കുന്നു.

2. സംസ്ഥാനത്തിന്റെ വടക്കൻ മേഖലകളിൽ ഉള്ള ആളുകൾ റെയിൽമാർഗം കാലിക്കറ്റ് യൂനിവേഴ്സിറ്റി ആസ്ഥാനത്തേക്കു വരികയാണെങ്കിൽ ഫറോക്കാണ് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ. അതുപോലെ അന്തർദേശീയ നിലവാരത്തിലേക്കുയരുന്ന കരിപ്പൂർ വിമാനത്താവളത്തിനും ഏറ്റവും അടുത്ത സ്റ്റേഷനാണ് ഫറോക്ക്. ഈ പ്രാധാന്യങ്ങൾ പ്രത്യേകം കണക്കിലെടുക്കേണ്ടതാണ്.

3. ഈ അടുത്തകാലത്തായി ഒരു പ്ലാറ്റ്ഫോറംകൂടി വന്നെങ്കിലും നിലവിലുള്ള പ്ലാറ്റ് ഫോറങ്ങളുടെ നീളക്കുറവ് യാത്രക്കാർക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പ്ലാറ്റ്ഫോറത്തിൽനിന്നും വളരെ ദൂരം മാറി വന്നുനിൽക്കുന്ന കംപാർട്ട്മെന്റ് കുറഞ്ഞ സമയത്തിനുള്ളിൽ കണ്ടുപിടിക്കുവാനും അതിൽ കയറിപ്പറ്റുവാനും യാത്രക്കാർ വളരെയധികം ബുദ്ധിമുട്ടുന്നു.

4. പ്ലാറ്റ് ഫോറത്തിൽ വേണ്ടത്ര വെളിച്ചമില്ലാത്തതിനാൽ രാത്രി യാത്രക്കാർ വളരെ വിഷമിക്കുന്നു.

5. റെയിൽവേ ലൈനിന്റെ കിഴക്കുഭാഗത്ത് 6, 7 വാർഡുകളിലായി വ്യാപിച്ചുകിടക്കുന്ന IOC ഡിപ്പോയുടെ സൗകര്യത്തിന് പുതിയ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. പലഭാഗത്തും റെയിൽവേ ലൈനും അടുത്തുള്ള കെട്ടിടങ്ങളും തമ്മിൽ വളരെ കുറച്ചു അകലമേയുള്ളൂ. ആയതിനാൽ കാൽനടയാത്രക്കാർക്ക് വലിയ ബുദ്ധിമുട്ടനുഭവപ്പെടുകയും കെട്ടിടങ്ങളുടെ സുരക്ഷിതത്വത്തിന് ഭീഷണി ഉയരുകയും ചെയ്യുന്നു. കൂടാതെ ഓവുപാലത്തിന്നടിയിൽകൂടി ഒഴികയെത്തുന്ന വെള്ളം പുതിയ ട്രാക്ക് വന്നതോടുകൂടി തടസ്സപ്പെടുകയും സ്വകാര്യഭൂമിയിൽ കെട്ടിക്കിടക്കുകയും ചെയ്യുന്നു.

6. റെയിൽവേയുടെ അധീനതയിലുള്ളതും ഗണപത് ഹൈസ്കൂൾ കുട്ടികൾ ഉപയോഗിക്കുന്നതുമായ ഗ്രൗണ്ട് അങ്ങാടിയുടെ മധ്യത്തിൽതന്നെ മലിനമായി കിടക്കുന്നുണ്ട്. ഈ സ്ഥലം ഉപയോഗശൂന്യമായതോടെ പരിസരമലിനീകരമുണ്ടാക്കുന്നു.

7. കടലുണ്ടി-ഫറോക്ക് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന വടക്കുമ്പാട് പാലം കാൽനടക്കാർ വളരെയധികം ഉപയോഗിക്കുന്ന ഒന്നാണ്. ഇതിന്നുവേണ്ടി സ്ലീപ്പറുകളിൽ ഉറപ്പിച്ചിരിക്കുന്ന ഷീറ്റുകൾ അപകടം വരുത്തുന്നു.

### സാദ്ധ്യതകൾ

- 1 മുതൽ 5 വരെ വാർഡുകളിലെ ജനങ്ങൾക്ക് പല ആവശ്യങ്ങൾക്കായി ഫറോക്ക് അങ്ങാടിയുമായി ബന്ധപ്പെടണമെങ്കിൽ സ്റ്റേഷൻ അതിർത്തി മുറിച്ചു കടക്കാതെ നിവൃത്തിയില്ല. ഇതിന് പരിഹാരമായി ഫറോക്ക് ടൗണും ചെനപ്പറമ്പും ബന്ധപ്പെടുത്തിക്കൊണ്ട് ഒരു ഫൂട് ഓവർബ്രിഡ്ജ് അത്യാവശ്യമാണ്.
- കാലിക്കറ്റ് യൂനിവേഴ്സിറ്റി ആസ്ഥാനം, കരിപ്പൂർ വിമാനത്താവളം എന്നീ സ്ഥലങ്ങളിലേക്കുള്ള ഏറ്റവും അടുത്ത റെയിൽവേസ്റ്റേഷൻ എന്ന പ്രാധാന്യം കണക്കിലെടുത്ത് അതിന്നനുസരിച്ചുള്ള വികസനവും സ്റ്റേഷനുണ്ടാകേണ്ടതാണ്. ഇപ്പോഴുള്ള പരിമിതമായ റിസർവേഷൻ ക്വാട്ട വർദ്ധിപ്പിക്കണം. ആവശ്യമുള്ളത്ര എണ്ണം ഇല്ലാത്തതിനാൽ പലരും കോഴിക്കോട് സ്റ്റേഷനെ ആശ്രയിക്കേണ്ടിവരുന്നു. അതുപോലെ ഒന്നാംക്ലാസ്സ്, A/c എന്നിവയ്ക്കുള്ള റിസർവേഷൻ സൗകര്യമുണ്ടാകേണ്ടതാണ്. ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു വിശ്രമമുറിയും ആവശ്യമാണ്.
- പ്ലാറ്റ്ഫോറങ്ങളുടെ നീളം കൂട്ടി എക്സ്പ്രസ്, മെയിൽ തുടങ്ങിയ വണ്ടികളിൽനിന്ന് ഇറങ്ങാനും, കയറാനും ഉള്ള സൗകര്യം വർദ്ധിപ്പിക്കേണ്ടതാണ്.
- പ്ലാറ്റ്ഫോമിൽ ആവശ്യത്തിന് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
- I.O.C ഡിപ്പോ, ലൈനിൽനിന്നും ആവശ്യമായ അകൽച്ച നിലനിർത്തിക്കൊണ്ട് സ്വകാര്യഭൂമി അക്വയർ ചെയ്യുകയും സമീപത്തുള്ള വീടുകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണം.

ഓവുചാലിൽ കൂടി ഒഴുകിയെത്തുന്ന വെള്ളം പരിസരവാസികൾക്ക് ബുദ്ധിമുട്ടില്ലാത്തവിധം ഡ്രെയ്നേജ് സൗകര്യങ്ങൾ നൽകി ഒഴിവാക്കണം.

* സ്ഥിരം റെയിൽവേ യാത്രക്കാരുടെ ഒരു സമിതി രൂപീകരിച്ച് മാസത്തിൽ ഒരിക്കൽ കൂടുകയും പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കണ്ടെത്തുകയും വേണം.
* കാൽനടയാത്രക്കാർക്ക് സൗകര്യമാകുന്ന വിധത്തിൽ വടക്കുമ്പാട് പാലത്തിന് സമാന്തരമായി ഫൂട്ട്ബ്രിഡ്ജ് സ്ഥാപിക്കാനുള്ള സമ്മർദ്ദം ചെലുത്തണം.
* നിർമ്മാണത്തിലിരിക്കുന്ന റെയിൽപ്പാലത്തിന്റെ പണി ത്വരിതപ്പെടുത്തണം.

## ജലഗതാഗതം

എതാണ്ട് 1973 വരെ ചാലിയാർ പുഴയിലൂടെ ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. ആ കാലഘട്ടങ്ങളിൽ വാഴയൂർ, ആക്കോട്, വാഴക്കാട് തുടങ്ങിയ ഭാഗങ്ങളിലേക്ക് പോകേണ്ടവർ ഫറോക്ക് വാഴക്കാട് ബോട്ട്സർവ്വീസ് ആയിരുന്നു ഉപയോഗപ്പെടുത്തിയിരുന്നത്. ക്രമേണ ബസ്സർവ്വീസുകൾ നിലവിൽ വന്നതോടുകൂടി ജലഗതാഗതം നിന്നുപോകുകയാണുണ്ടായത്. ഇപ്പോഴും ഫറോക്ക് പാലത്തിനടുത്തുള്ള ബോട്ടുജട്ടി മത്സ്യബന്ധന ബോട്ടുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്.

## സാദ്ധ്യതകൾ

ഫറോക്കിൽ നിന്ന് ചാലിയാറിലൂടെ ബേപ്പൂർ ഭാഗത്തേക്ക് ബോട്ടുസർവ്വീസ് നടത്തുകയാണെങ്കിൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയും. ഈ കാര്യത്തിലേക്കായി **K.T.D.C.**യിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തണം. അതുപോലെത്തന്നെ കരുവൻതിരുത്തിയിൽനിന്ന് ബേപ്പൂരിലേക്ക് ബോട്ട്സർവ്വീസ് നടത്തുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്.

## റോഡുകൾ

നാടിന്റെ പൊതുവായ വികസനത്തിന് നാനാവിധത്തിലുള്ള ഗതാഗത സൗകര്യം അനിവാര്യമാണ്. ഇടവഴികൾ വീതികൂടിയ നടപ്പാതയാകുന്നതും തുടർന്ന് റോഡുകളാകുന്നതും വളരെ വേഗത്തിലാണ്. ഇങ്ങനെയുള്ള റോഡുകൾ പലതും ശോച്യാവസ്ഥയിലാണ്. എന്നിരുന്നാലും പുതിയ റോഡുകളുടെ ആവശ്യകത ഉയർന്നു വന്നിട്ടുണ്ട്. കുടിവെള്ളപ്രശ്നം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പ്രാധാന്യം ജനങ്ങൾ നൽകിയിരിക്കുന്നത് റോഡുഗതാഗതം മെച്ചപ്പെടുത്തുന്നതിനാണ്. എന്നാൽ പരിമിതമായ സൗകര്യത്തിൽ റോഡുകൾ ഉണ്ടായിക്കഴിഞ്ഞാൽ തുടർന്ന് വീതി കൂട്ടുവാനും മറ്റു സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും പലരും-വിമുഖത കാട്ടുന്നു എന്ന ദുഃഖസത്യം നിലനിൽക്കുന്നു. ഇതു പലപ്പോഴും വികസനത്തിന് തടസ്സമാകാറുണ്ട്. ഫറോക്ക് പഞ്ചായത്തിൽ ആകെ 60.713 കി.മീ. നീളത്തിൽ റോഡുകൾ നിലവിലുണ്ട്. സംസ്ഥാനത്തിലെ ഒരു ചതുരശ്ര. കി.മീ. വിസ്തീർണ്ണത്തിൽ 3.2 കി.മീ നീളത്തിലുള്ള റോഡുകൾ ഉള്ളപ്പോൾ നമ്മുടെ പഞ്ചായത്തിൽ ആ അനുപാതം 3.91 കി.മിയിൽ ആണ്.

നാഷണൽ ഹൈവേയുടെ 3കി.മീ. നീളം വരുന്ന റോഡും പൊതുമരാമത്ത് വകുപ്പിന്റെ 10 കി.മീ റോഡും ഫറോക്ക് പഞ്ചായത്തിൽകൂടി കടന്നുപോകുന്നു.

ഫറോക്ക്, കരുവൻതിരുത്തി, പെരുമുഖം എന്നി മൂന്നു ബസ്ടെർമിനലുകൾ ഈ പഞ്ചായത്തിലുണ്ട്. ഏകദേശം 100ൽപരം ജീപ്പുകളും 20 ടാക്സികളും 60ഓളം ഓട്ടോറിക്ഷകളും ഇവിടെ സർവ്വീസ് നടത്തുന്നുണ്ട്.

പട്ടിക I
പഞ്ചായത്തിലുള്ള റോഡുകളുടെ വിവരങ്ങൾ

| കച്ച | പക്ക | മെറ്റൽ | ടാർചെയ്തത് | | | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| | | | പഞ്ചായത്ത് | P.W.D | N.H. | | |
| 13.25 Km. | 17.400Km. | 2.10 Km. | 4.463 | 10 Km. | 3 Km. | 10.50 Km. | 60.713 Km. |

നല്ലൂർ ശിവക്ഷേത്രത്തിന്നടുത്തുണ്ടായിരുന്ന ഒരു കോവിലകത്തേക്ക് കുതിരവണ്ടി പോകാൻ വെട്ടിയുണ്ടാക്കിയ വഴിയാണ് ഇന്ന് ഏറ്റവും തിരക്കുള്ള ഫറോക്ക്, മണ്ണൂർ കടലുണ്ടി റോഡ്. വളരെകാലം മുമ്പുവരെ "കോവിലകം റോഡ്" എന്ന പേരിലാണ് ഈ റോഡ് അറിയപ്പെട്ടിരുന്നത്.

തിരക്കുള്ള മറ്റൊരു റൂട്ടാണ് ഫറോക്ക് കരുവൻതിരുത്തി റോഡ്. വരാനിരിക്കുന്ന കരുവൻതിരുത്തി പാലം മുഖേന ചാലിയം കടലുണ്ടി റോഡുമായി ബന്ധിക്കുന്നതോടെ ഈ റോഡിന്റെ പ്രാധാന്യം വർദ്ധിക്കുന്നു. എന്നാൽ നിലവിലുള്ള ഫറോക്ക് റെയിൽവേ ഗേറ്റ് ഈ റോഡിന് ഒരു ശാപമായി മാറിയിട്ടുണ്ട്. പണി

പട്ടിക II

ടാർ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത (കി.മീ.) | നീളം | ശരാശരി വീതി | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1. | പഴയപാലം മുതൽ പുതിയ പാലം വരെ | P.W.D | 1.6 Km. | 12.M. | ഉപരിതലം നല്ലതാണ് |
| 2. | N.H. 17 (പുതിയപാലംമുതൽ പഞ്ചായത്ത് അതിർത്തിവരെ | N.H. 17 | 3. Km. | 15 M. | ഉപരിതലം നല്ലതാണ്. |
| 3. | ഫറോക്ക് മണ്ണൂർ കടലുണ്ടി റോഡ് | P.W.D. | 3.75 Km. | 12 m. | അറ്റകുറ്റപ്പണികൾ ആവശ്യമായിരിക്കുന്നു. |
| 4. | ഫറോക്ക് കരുവൻതിരുത്തി റോഡ് | P.W.D | 3.55 Km. | 8 M. | അറ്റകുറ്റപ്പണികൾ ആവശ്യമായിരിക്കുന്നു. |
| 5. | പെരുമുഖം റോഡ് | പഞ്ചായത്ത് | 1.300 | 6 M. | -do- |
| 6. | റൂബി റോഡ് | പഞ്ചായത്ത് | 0.800 Km | 4M. | -do- |
| 7. | ചുങ്കം കള്ളിത്തൊടി റോഡ് | പഞ്ചായത്ത് | 0.950 Km | 4M. | ഉപരിതലം നല്ലതാണ്. |
| 8. | നല്ലൂർ ഇടക്കഴികടവ് റോഡ് | പഞ്ചായത്ത് | 1.413 Km | 4.M | അറ്റകുറ്റപ്പണികൾ ആവശ്യമായിരിക്കുന്നു |
| 9. | പേട്ട-കോടമ്പുഴ റോഡ് | P.W.D | 0.75 Km. | 8 M. | -do- |
| 10. | പേട്ട - പുരക്കാട്ട് റോഡ് | P.W.D | 0.350 Km | 6M. | -do- |

ഇതിൽ 1,2,3,4,5,9 എന്നീ ഇനങ്ങളിൽ കാണിച്ചിരിക്കുന്ന റോഡുകളിൽ ബസ്സർവ്വീസുകൾ നിലവിലുണ്ട്. മറ്റുള്ളവ പഞ്ചായത്തിന്റെ വിവിധ സ്കീമുകളിൽപെടുത്തി ടാർ ചെയ്തവയാണ്.

നടന്നുകൊണ്ടിരിക്കുന്ന വെസ്റ്റ് നല്ലൂർ–കരുവൻതിരുത്തി റോഡ് പൂർത്തിയാകുകയും ഇളയടത്തുകുന്നിൽ നിർദ്ദിഷ്ട ഫ്ലൈഓവർ വരുകയും ചെയ്യുന്നതോടെ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കപ്പെടും. അങ്ങിനെ റിയിൽവേ ട്രാക്കുമൂലം ഗതാഗതസൗകര്യത്തിൽനിന്നും ഒറ്റപ്പെട്ടുകിടക്കുന്ന പടിഞ്ഞാറൻ പ്രദേശങ്ങൾ രക്ഷപ്പെടുകയും ചെയ്യും.

പഞ്ചായത്തിലുള്ള റോഡുകളുടെ വിവരങ്ങൾ പട്ടിക 1ൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകളുടെ വിവരം പട്ടിക 2ൽ ചേർക്കുന്നു.

(ii) മെറ്റൽ ചെയ്ത റോഡുകൾ:

പഞ്ചായത്തിന്റെ 2.10 കി.മീ. നീളം വരുന്ന റോഡുകൾ മെറ്റലിംഗ് കഴിഞ്ഞു അഭിവൃദ്ധിപ്പെടുത്തിയിട്ടുണ്ട്. ഇവ ടാർ ചെയ്ത് കൂടുതൽ ഗതാഗതയോഗ്യമാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾ പട്ടിക 3ൽ ചേർക്കുന്നു.

(iii) ചെമ്മൺ റോഡുകൾ: പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിലെ മൺതരം ഭൂരിഭാഗവും ലാറ്ററൈറ്റ് പാറ ഇനത്തിൽ പെട്ടതാകയാൽ റോഡിന്റെ അടിത്തറയ്ക്ക് ഇളക്കമില്ലാതെ നിലനിർത്താൻ സാധിക്കുന്നു. പഴയകാലങ്ങളിലെ ഇടവഴികൾ ക്രമേണ വീതി കൂട്ടി റോഡുകളായി രൂപാന്തരപ്പെടുകയാണുണ്ടായത്.

പട്ടിക 3
മെറ്റൽ ചെയ്ത റോഡുകൾ

| ക്രമ നമ്പർ | റോഡുകളുടെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (ശരാശരി മി.) |
|---|---|---|---|---|
| 1. | കുന്നത്ത്മോട്ട 8/4 റോഡ് | പഞ്ചായത്ത് | 0.4 Km. | 4 M. |
| 2. | മുക്കോണം-കോതാർതോട് | പഞ്ചായത്ത് | 0.3 Km | 3.6 M. |
| 3. | തെക്കെതല പാലയിൽപ്പടി റോഡ് | പഞ്ചായത്ത് | 0.50 Km. | 4. M. |
| 4. | ചന്ത-കള്ളിത്തൊടി | പഞ്ചായത്ത് | 0.40 Km. | 4 M. |
| 5. | പൂത്തോളം-അംബേദ്കർ കോളനി റോഡ് | പഞ്ചായത്ത് | 0.50 Km. | 4 M. |

എന്നാൽ പടിഞ്ഞാറൻ വാർഡുകളിൽ ഭൂമിക്കടിയിലെ ജലവിതാനം ഉയർന്നിരിക്കുന്നു. സബ്സോയലിൽ ചെളിയുടെ അംശം ഉയർന്നിരിക്കുന്നതിനാൽ റോഡുകളുടെ അടിത്തറ വളരെ വേഗം തകരുകയും അറ്റകുറ്റപണികൾ നിരന്തരം ആവശ്യമായി വരുകയും ചെയ്യുന്നു. റോഡുകളുടെ സ്ഥിതി വളരെ ശോചനീയമായതിനാൽ പലതും അറ്റകുറ്റപണികൾ നടത്തണമെന്ന ആവശ്യം ഗ്രാമസഭയിൽ ഉയർന്നുവന്നിട്ടുണ്ട്.

ഇപ്പോൾ റോഡുകളായി ഉപയോഗിക്കുന്നവയും അത്യാവശ്യപരിഷ്ക്കരണ പ്രവൃത്തികളായ വീതികൂട്ടുക, പാർശ്വഭിത്തികൾകെട്ടി മണ്ണിട്ട് ഉപരിതലം ഉയർത്തുക. വെള്ളക്കെട്ട് ഒഴിവാക്കാൻ ഓവുചാലുകൾ, കലുങ്കുകൾ എന്നിവ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തികൾ ചെയ്ത് നന്നാക്കേണ്ടതാണ്. .

## പട്ടിക IV

അടിസ്ഥിര അറ്റകുറ്റ പണികളും പരിഷ്കരണപ്രവൃത്തികളും ആവശ്യമായ ടാറിടാത്ത റോഡുകൾ.

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| I | G.M.L.P. സ്കൂൾ റോഡ്, നെടുമ്പ്രം റോഡ്, വാഴ വളപ്പിൽ റോഡ് | പഞ്ചായത്ത് | 0.300+ 0.200+ 0.500 | 3.00 | വീതികുറവ് മഴക്കാലങ്ങളിൽ വെള്ളക്കെട്ട്. ആവശ്യമായ വീതി ലഭിക്കുകയും വെള്ളം കെട്ടിനില്ക്കുന്ന ഭാഗങ്ങളിൽ ഓവുചാൽ നിർമ്മിക്കുകയും വേണം. |
| III 1) | തെക്കേതല, പുതിയപറമ്പത്ത്, കരണ്ടോത്ത് റോഡ് | പഞ്ചായത്ത് | 0.500+ 0.300 | 3.00 0.250 | ആവശ്യമായ വീതിയിൽ സ്ഥലം ലഭ്യമാകണം. പരിഷ്കരണപ്രവർത്തികൾ ആവശ്യമാണ്. |
| 2. | താഴത്തേൽ, ചെറുമാട്ടുമ്മൽ, കോതാർതോട് റോഡ് | -do- | 0.200 0.200 0.200 | 2.40 | ആവശ്യമായ സ്ഥലങ്ങളിൽ വീതി ലഭിക്കുകയും പരിഷ്ക്കരണപ്രവൃത്തികൾ നടത്തുകയും വേണം. |
| 3. | തെക്കേതല-മുരുകല്ലിങ്ങൽ റോഡ് | -do- | 0.400 | 3.30 | -do |
| 4. | കോതാർതോട്-കീരംപടി മുക്കോണം തെക്കേതല റോഡ് | -do | 0.400 | 3.00 | -do |
| 5) | കോതാർതോട് അങ്ങാടി കടവ് റോഡ്. | -do | 0.250 | 3.00. | -do |
| 6. | കോതാർതോട്-കരണ്ടോത്തിൽ തെക്കേതല റോഡ് | -do | 0.350 | 2.40 | സുഗമമായ ഗതാഗതത്തിന് ആവശ്യമായ സ്ഥലം ലഭ്യമാകണം. പരിഷ്കരണ പ്രവൃത്തികൾ ആവശ്യമാണ്. |
| IV 1) | അംബേദ്കർ റോഡ് മുതൽ മുക്കോണം വരെ | -do- | 0.800 | 3.00 | ആവശ്യമായ വീതി ലഭിക്കണം. ഉപരിതലം ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കി പരിഷ്കരണ പ്രവൃത്തികൾ നടത്തണം. |

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| V 1) | കരുവൻതിരുത്തി റോഡിൽനിന്നും താഴേകടമ്പിൽ-കോലാളിതറ പൈകുറ്റി കോളനിവഴി റൂബി റോഡുവരെ. | -do- | 0.700 | 2.70 | ആവശ്യമായ വീതി ലഭിക്കണം. ഉപരിതലം ഉയർത്തി വെള്ളക്കെട്ട് ഒഴിവാക്കി പരിഷ്കരണ പ്രവൃത്തികൾ നടത്തണം. |
| 2) | ആവയിൽപാടം റോഡ് (എ.പി.റോഡ്) | | 0.400 | 2.40 | -do- |
| 3) | ചെറുകുണ്ടിൽ റോഡ് (സി.കെ. റോഡ്) | -do- | 0.250 | 2.70 | -do- |
| 4) | വെസ്റ്റ് നല്ലൂർ ബൈപാസ് റോഡ് | -do | 0.500 | 3.00 | |
| VI 1) | കുറുന്തലകുന്ന് റോഡ് | -do | 0.300 | 2.500 | ആവശ്യമായ വീതി ലഭിക്കണം. ഓവുചാൽ, ഉപരിതലം ഉയർത്തൽ, മറ്റു പരിഷ്കരണ പ്രവൃത്തികൾ ആവശ്യമാണ്. |
| 2) | ശ്മശാനം കോട്ടപ്പാടം റോഡ് | -do | 0.300 | 2.50 | |
| 3. | താഴെകുണ്ടേത്തടം റോഡ് | -do | 0.200 | 2.50 | വീതി ലഭ്യമാകണം പരിഷ്കരണ പ്രവൃത്തികൾ ആവശ്യമാണ് |
| 4. | E.S.I. മണ്ണാർപാടം റോഡ് | -do | 0.300 | 4 M | ഓവുചാൽ, മെറ്റലിംഗ്, ടാറിംഗ് എന്നിവ ആവശ്യമാണ്. |
| 5. | പണിക്കർറോഡ് | -do- | 0.800 | 2.70 | ആവശ്യമായ വീതിയും താഴ്ന്നു കിടക്കുന്ന ഭാഗങ്ങൾ മണ്ണിട്ട് ഉയർത്തുകയും വേണം. |
| VII 1. | നല്ലൂർ ഇടക്കഴി റോഡ് | -do- | 0.500 | 6M | മെറ്റലിംഗ് ടാറിംഗ് ആവശ്യമാണ്. |
| 2. | ഇടക്കെയിൽ പടി-കുന്നത്തുപറമ്പ്റോഡ് | -do- | 1.00 | 3.60 | ആവശ്യമായ വീതി, ഓവുചാൽ, ഉപരിതലം ഉയർത്തൽ, മറ്റു പരിഷ്കരണ പ്രവൃത്തികൾ എന്നിവ ആവശ്യമാണ്. |
| 3. | കൈതോലി പുറ്റേ | -do- | 0.500 | 3.60 | -do- |

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| | ക്കാട് റോഡ് | | | | |
| 4. | പേരത്ര റോഡ് | -do- | 0.500 | 3.60 | ആവശ്യമായ വീതി, ഓവുചാൽ, ഉപരിതലം ഉയർത്തൽ, മറ്റു പരിഷ്കരണ പ്രവൃത്തികൾ എന്നിവ ആവശ്യമാണ്. |
| 5. | മുന്നിലാംപാടം പുറ്റെക്കാട് റോഡ് | -do- | 0.30-0 | 3.60 | -do- |
| 7. | മുന്നിലാംപാടം നഴ്സറി റോഡ് | -do- | 0.400 | 2.40 | -do- |
| VIII 1) | നല്ലൂർ-തൂമ്പൻറോഡ് | -do- | 0.800 | 3.00 | |
| 2) | മുണ്ടുപാലം-മുതുവാട്ട പാറ റോഡ്. | -do- | 0.225 | 3.60 | ഉപരിതലം ഉയർത്തണം. |
| IX 1) | അരിപറമ്പ്-മുതു വാട്ടുപാറ റോഡ് | -do- | 0.250 | 2.50 | ആവശ്യമായ വീതി ലഭിക്കണം. |
| 2) | തെഞ്ചീരി വടക്കേ ബസാർ റോഡ് | -do- | 0.750 | 2.50 | -do- |
| 3. | തണ്ണീർചാൽ-മുതുവാട്ടുപാററോഡ് | -do- | 0.200 | 3.00 | -do- |
| | 4. പട്ടാഞ്ചേരി-ഇട ക്കഴിക്കടവ് റോഡ് | -do- | 0.200 | 2.700 | ആവശ്യമായ വീതി ലഭിക്കണം മണ്ണിട്ട് ഉയർത്തണം. |
| | 5. മുണ്ടുപാലം-മുതുപാട്ടു പാററോഡ് | -do- | 0.250 | 3.00 | പരിഷ്കരണപ്രവൃത്തികൾ ആവശ്യമാണ്. |
| | 6. കുറ്റിപ്പടി-തണ്ണീചാൽ റോഡ് | -do- | 0.250 | 2.40 | വീതി ലഭിക്കണം പരിഷ്കരണ പ്രവൃത്തികൾ ആവശ്യമാണ്. |
| X | 1. ചെനപ്പറമ്പിൽ നിന്നും തുടങ്ങുന്ന ഹരിജൻ കോളനി റോഡ്. | -do- | 0.350 | 2.70 | ആവശ്യമായ വീതി ലഭിക്കണം. ഓവുചാൽ പണിയണം. |

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| | 2. പുല്ലിക്കടവ്- കല്ലം പാററോഡ് | -do- | 0.500 | 3.00 | ഉപരിതലം ഉയർത്തണം |
| | 3. കളത്തിൽ-അര ണാകുഴി റോഡ് | -do- | 0.200 | 3.00 | -do- |
| XI | 1. പെരുമുഖം-കള്ളിക്കൂടം 0.300 | -do- | 3.00 | 3.0 | ആവശ്യമായ വീതി ലഭിക്കണം. ഓവു ചാൽ പണിയണം. |
| | കാരാളിപറമ്പ്റോഡ്, | -do- | .300 | 3.00 | |
| | ഓലേരി മുതുവാട്ടുപാറ റോഡ്, | -do- | 0.300 | 3.00 | |
| | പീലിയാരത്ത് നെന്മണത്ത് റോഡ്. | -do- | 0.350 | 2.40 | |
| XII | 1. കിഴക്കയിൽ പടി - പെരുമുഖം (8/4) റോഡ് | -do- | 1.500 | 3.60 | ആവശ്യമായ സ്ഥലങ്ങളിൽ വീതിയും ഉപരിതലം ഉയർത്തുകയും വേണം. മെറ്റലിംഗ്, ടാറിംഗ് എന്നിവ നടത്തണം. |
| | 2. പൂവനൂർപള്ളി കള്ളിക്കൂടം റോഡ് | -do- | 0.75 | 3.00 | വയൽനിരപ്പിലാണ്. സംരക്ഷണഭിത്തികൾ കെട്ടി, ഉപരിതലം മണ്ണിട്ട് ഉയർത്തി ഗതാഗതയോഗ്യമാക്കണം. |
| | 3). പണിക്കോട്ട് താഴം ചെനക്കൽ റോഡ് | -do- | 1.00 | 3.00 | മണ്ണിട്ട് ഉയർത്തി പരിഷ്കരിക്കണം. |
| | 4). കുന്നത്ത്മോട്ട അരിപറമ്പിൽ റോഡ് | | 0.25 | 3.60 | അറ്റകുറ്റപണികൾ നടത്തണം. |
| | 5). കുന്നത്ത്മോട്ട നാക്കുന്നുപാടം റോഡ് | 0.200 | 3.60 | | മണ്ണിട്ട് ഉയർത്തണം |
| | 6). നാക്കുന്നുപാടം 8/3 റോഡ് | -do- | 0.200 | 2.50 | വീതി ലഭിക്കണം ഉപരിതലം ഉയർത്തണം. |
| | 7. ഇടക്കാട്ട് താഴം റോഡ് | -do- | 0.400 | 3.00 | വീതികൂട്ടണം ഓവുചാൽ നിർമ്മിക്കണം. |
| XIII | 1. കള്ളിത്തൊടി-പെരുമുഖം റോഡ് | -do- | 0.500 | 3.00 | അറ്റകുറ്റപണികൾ ആവശ്യമാണ്. |

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| | 2. അമ്പലപ്പടി-കള്ളി തൊടി-ചുങ്കം റോഡ്. | -do- | 0.400 | 3.60 | മണ്ണിട്ട് ഉയർത്തണം, കലുങ്ക് വേണം. മറ്റു പരിഷ്കരണപ്രവൃത്തികൾ ആവശ്യമാണ്. |
| | 3. പണിക്കോട്ട്താഴം കുന്നത്ത്മോട്ട റോഡ് | -do- | 0.150 | 3.60 | -do- |
| | 4. ചന്ത-കോട്ടപ്പാടം റോഡ് | -do- | 0.200 | 3.00 | അറ്റകുറ്റപണികൾ ആവശ്യമാണ്. |
| | 5. കള്ളിയിൽതാഴം-കള്ളിത്തൊടി റോഡ് | -do- | 0.200 | 2.50 | വീതി ലഭ്യമാകണം ആവശ്യമായ പരിഷ്കരണ പ്രവൃത്തികൾ വേണം |
| | 6. ചന്ത-കള്ളിത്തൊടി റോഡ്. | -do- | 0.800 | 3.00 | ബാക്കി ഭാഗം മെറ്റൽ ചെയ്ത് മുഴുവൻ നീളത്തിൽ ടാർ ചെയ്യണം. |
| | 7. സീക്കോസ്-ചുങ്കം റോഡ് | -do- | 1.00 | 3.00 | മണ്ണിട്ട് ഉയർത്തണം |
| | 8. ചുങ്കം-കള്ളിത്തൊടി റോഡ് | -do- | 0.500 | 3.60 | അറ്റകുറ്റപണികൾ നടത്തണം |
| XIV | 1. നല്ലൂർ-ഉദയമംഗലം റോഡ് | | 0.400 | 3.00 | -do- |
| | 2. മമ്മിളി പറമ്പ് - കോട്ടപാടം യംഗ്മെൻസ് ലൈബ്രറി - നല്ലൂർ റോഡ് | -do- | 0.800 | 2.70 | ആവശ്യമായ വീതി ലഭിക്കണം ചില ഭാഗങ്ങൾ ഉയർത്തണം. മറ്റു പരിഷ്കരണപ്രവൃത്തികൾ ആവശ്യമാണ്. |
| | 3. വാലഞ്ചേരി താഴം റോഡ് | -do- | 0.350 | 2.70 | |
| XV | 1. അഞ്ച്കണ്ടം-മുത്തേനിതാഴം റോഡ് | -do- | 0.400 | 2.40 | വീതിലഭ്യമാകണം. ചതുപ്പു നിലം ഉയർത്തി പരിഷ്കരിക്കണം. |
| | 2. വലിയോറപടി-തലഞ്ഞിപൊറ്റ റോഡ് | -do- | 0.40 | 2.40 | -do- |

| വാർഡ് | റോഡിന്റെ പേര് | ഉടമസ്ഥത | നീളം (കി.മീ) | വീതി (മീ) ശരാശരി | ഇപ്പോഴത്തെഅവസ്ഥയും ആവശ്യമായ പ്രവൃത്തിയും |
|---|---|---|---|---|---|
| | 3. ചാത്തംപറമ്പിൽ എളയടത്ത് റോഡ് | -do- | 0.300 | 2.60 | -do- |
| | 4. മുത്തേനിതാഴം-കോളനിറോഡ് | -do- | 0.200 | 2.50 | -do- |
| | 5. അരിയാട്ടിൽ-അവിട്ടം റോഡ് | -do- | 0.200 | 2.50 | -do- |
| | 6. ചുങ്കം-എളയടത്ത് താഴംറോഡ്. | -do- | 0.400 | 3.00 | ഉപരിതലം ഉയർത്തണം കലുങ്കുകൾ വേണം പരിഷ്കരണ പ്രവൃത്തികൾ വേണം. |

(iv) ഫുട്പാത്തുകൾ:

3 അടിമുതൽ 5 അടിവരെ വീതിയുള്ള ഫുട്പാത്തുകളാണ് പഞ്ചായത്തിൽ കണ്ടുവരുന്നത്. കൂടുതൽ ജനസഞ്ചാരമുള്ള വഴികളിൽ ഓവുചാലുകൾ നിർമ്മിക്കുകയും തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം നടപ്പാതകൾ ഇരുചക്രവാഹനങ്ങൾക്ക് സഞ്ചാരയോഗ്യമാണ്.

വളരെയധികം നടപ്പാതകൾ അറ്റകുറ്റപണികൾ നടത്തണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിരിക്കുന്നു.

(v) പുതിയ റോഡുകൾ:

പഞ്ചായത്തിൽ പുതിയ റോഡുകൾക്ക് വേണ്ടിയുള്ള മുറവിളികൾ വളരെ കൂടുതലാണ്. ഗുണഭോക്താക്കൾ ഒത്തുചേർന്ന് റോഡിന്നാവശ്യമായ സ്ഥലം വിട്ടുതരുകയും ജനകീയ കമ്മിറ്റികൾ മുഖേന നിർമ്മാണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുകയാണെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കോ മറ്റ് ഏജൻസികൾക്കോ തുടർപ്രവൃത്തികൾ ഏറ്റെടുത്തു നടത്തുവാൻ എളുപ്പമായിത്തീരും. ഗ്രാമസഭകളിൽ വരാനിരിക്കുന്ന പല റോഡുകളുടെയും നിർമ്മാണഘട്ടങ്ങളിൽ മനുഷ്യപ്രയത്നം വാഗ്ദാനം ചെയ്തിട്ടുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കുറച്ചുകൂടി ശാസ്ത്രീയ രീതി അവലംബിക്കുകയാണെങ്കിൽ അവയുടെ ആയുസ്സ് നീട്ടികിട്ടാൻ സഹായകമായേക്കും.

ഉപരിതലത്തിന് ആവശ്യമായ കേംബർ നൽകുക, കലുങ്കുകൾ, ഓവുചാലുകൾ എന്നി നിർമ്മിച്ച് വെള്ളക്കെട്ടുകൾ ഒഴിവാക്കുക, അപകടകരങ്ങളായ വളവുകളും കയറ്റങ്ങളും ഒഴിവാക്കുക തുടങ്ങിയ കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം.

വാഹനസൗകര്യം തീരെ ഇല്ലാത്തതും പുതിയ റോഡുകൾ ആവശ്യവുമായ സ്ഥലങ്ങൾ പട്ടിക 4ൽ കൊടുക്കുന്നു.

## പൊതുവായ പ്രശ്നങ്ങൾ.

1) പട്ടിക IIൽ കാണിച്ചിരിക്കുന്ന റോഡുകൾ വളരെയധികം ഗതാഗതമുള്ളതാണ്. എന്നാൽ വാർഷിക അറ്റകുറ്റപ്പണികൾ യഥാസമയം നടത്തേണ്ടതാണ്.

2) കരുവൻതിരുത്തി റോഡിലും, ഫറോക്ക്-മണ്ണൂർ റോഡിലും ഓവുചാലിന്റെ അഭാവംമൂലം ഉപരിതലം കേടുവരുന്നുണ്ട്. വെള്ളം കെട്ടിനിൽക്കുന്ന അവസ്ഥ ഒഴിവാക്കണം.

3) ഫറോക്ക്-മണ്ണൂർ-കടലുണ്ടി റോഡിലെ തിരക്ക് അനുദിനം വർദ്ധിച്ചുവരികയാണ്. എന്നാൽ ഈ റോഡിൽ നടന്നുവരുന്ന പരിഷ്കരണപ്രവൃത്തികൾ വളരെ മന്ദഗതിയിലാണ്.

4) ഫറോക്ക് പഞ്ചായത്ത് ഓഫീസ് മുതൽ പുതി

യപാലം വരെയുള്ള റോഡിന്റെ ഇരുവശവും സ്വകാര്യവ്യക്തികൾ കയ്യടക്കിയിരിക്കുന്നു. ഈ പ്രവണത നിരുത്സാഹപ്പെടുത്തണം. ഈ ഭാഗത്തുള്ള പഞ്ചായത്തുഭൂമി ഫലപ്രദമായി ഉപയോഗിക്കണം.

5) 3ാം, വാർഡിലെ അങ്ങാടിയിൽ ബസ് കാത്തു നിൽക്കുവാൻ സൗകര്യമില്ല. കുട്ടികളും സ്ത്രീകളും ബുദ്ധിമുട്ടുന്നു.

6) പല ഭാഗത്തും ടെലിഫോൺ പോസ്റ്റുകളും ഇലക്ട്രിക് പോസ്റ്റുകളും റോഡിന്റെ അരിക് ചേർന്ന് അല്ലാത്തതിനാൽ അപകടത്തിന് സാധ്യതയേറുന്നു.

7) തീരദേശവാസികളുടെ ചിരകാലാഭിലാഷമായ കരുവൻതിരുത്തി–ചാലിയം കടവിലെ പാലത്തിന്റെ പണി ഇപ്പോഴും കടലാസിൽ ഒതുങ്ങി നിൽക്കുന്നു. ഇതിനാൽ തീരദേശ റോഡും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന വികസനപ്രവർത്തനങ്ങളും മന്ദഗതിയിലായിരിക്കുന്നു.

8) അഞ്ചാം വാർഡിലെ മങ്ങാട്ടുപറമ്പ് ഭാഗത്തു നിന്നും വരുന്ന വെള്ളം റോഡിൽ കെട്ടിക്കിടന്ന് ഉപരിതലം കേടുവരുന്നു.

9) പതിനഞ്ചാം വാർഡിലെ തോട്ടുപാടം, തുമ്പപ്പാടം, തലഞ്ഞിപാടം എന്നിവിടങ്ങളിൽ വെള്ളം കെട്ടി കിടക്കുന്നു.

### പട്ടിക V
### അറ്റകുറ്റപണികളും പരിഷ്കരണ പ്രവൃത്തികളും ആവശ്യമായ നടപ്പാതകൾ

| വാർഡ് നമ്പർ | ഫൂട്പാത്തിന്റെ പേര് | നീളം (കി.മീ) | ഇപ്പോഴത്തെ അവസ്ഥയും ആവശ്യമായ പ്രവൃത്തികളും |
|---|---|---|---|
| II | കോളറങ്ങാഴി വാഴവ ഉപ്പിൽ, ചെറുമാട്ടുമ്മൽ അടങ്ങുമ്പാടം, തടത്തിൻ ഭാഗം. കുന്നത്തങ്ങായ് കാഞ്ഞിരംഭാഗം മേലൊടി ഭാഗം, പഞ്ചായത്ത് നേഴ്സറി വഴി. | 2.000 | വീതി വളരെ കുറവാണ്. വീതികൂട്ടുകയും ഓരം ചേർന്ന് ചാലുകൾ നിർമ്മിക്കുകയും വേണം. |
| III | 1. മുരുകല്ലിങ്ങൽ ശ്രീദേവി സ്കൂൾ കടവിൽ നടപ്പാത, വെള്ളപ്പാലപ്പടി, കോതാർതോട് പടന്ന ഫൂട്പാത്ത് | 0.500 | നിലവിലുള്ള ചെറിയ നടവഴി പരിഷ്കരിക്കണം. |
| | 2. കൈതമ്പാടം, തെക്കേ ഭാഗം-തെക്കേതല റോഡുമായി ബന്ധിപ്പിക്കുന്ന ഫൂട്പാത്ത് | 0.225 | പണിപൂർത്തിയാക്കണം. |
| IV | പൂത്തോളം-പുത്തലത്ത് പള്ളിയാളി, കലംകൊള്ളി പടന്ന ഇടവഴി | 0.400 | പരിഷ്കരിക്കണം. |
| | 2. പള്ളിത്തറ-കള്ളിയിൽ ഫൂട്പാത്ത്. | 0.250 | വീതികൂട്ടണം |

| വാർഡ് നമ്പർ | ഫൂട്പാത്തിന്റെ പേര് | നീളം (കി.മീ) | ഇപ്പോഴത്തെ അവസ്ഥയും ആവശ്യമായ പ്രവൃത്തികളും |
|---|---|---|---|
| | 3. ചെറുണ്ണി 4 സെന്റ് കോളനി ഫൂട്പാത്ത് | 0.250 | അറ്റകുറ്റപണികൾ ആവശ്യമാണ്. |
| V | 1. ചെനപ്പറമ്പ്-കരുവൻതിരുത്തി, പുറ്റെക്കാട് ഇടവഴി | 0.200 | വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക |
| | 2. മണാട്ട് ഇടവഴി - ചെനപ്പറമ്പ് | 0.150 | റോഡുമായി ബന്ധപ്പെടുത്തണം |
| | 3. ആവിൽപാടം-തലാംപൊയിൽ, കോട്ടപ്പാടം, മത്താട്ടിൻ തറ-ചെനപ്പറമ്പ് റോഡു മുതൽ അംബേദ്കർ റോഡു വരെ. ആവിൽതറ വൈകുറ്റി-കടമ്പിൽ എന്നീ ഫൂട്പാത്തുകൾ | 0.600 | പരിഷ്കരിക്കുക. |
| VI | 1. പ്രീതിസിനിമഹാൾ ഫുട്പാത്ത് | 0.15 | സ്ഥലം ലഭ്യമാവണം വീതികൂട്ടുകയും പരിഷ്കരിക്കുകയും വേണം. |
| | 2. പണിക്കർ റോഡിൽ നിന്ന് വടക്ക് ഭാഗത്തേക്ക് പോകുന്ന ഫൂട്പാത്ത് | 0.200 | പരിഷ്കരിക്കണം. |
| VII | 1. കൈതോലി-തേത്തത്തിൽ താഴേ ഫൂട്പാത്ത്. | 0.15 | -do- |
| | 2. പൊക്കിണിതാഴം-മേൽപ്പള്ളിതാഴം ഫൂട്പാത്ത് | 0.15 | -do- |
| | 3. വാളക്കടപടി ഫുട്പാത്ത് | 0.80 | -do- |
| VIII | 1. പാലാക്കൊടിഭാഗത്തുനിന്നും നല്ലൂർ അങ്ങാടിയിലേക്ക് പോകുന്ന വഴി | 0.500 | പരിഷ്കരിക്കുക |
| | 2. നെമ്മണത്ത് താഴം, ദീപാ ആർട്ട്സ് ക്ലബ്ബിന്റെ അടുത്തേക്ക് പോകുന്ന വഴി | 0.200 | പണി പൂർത്തിയാക്കുക |
| IX | 1 കരുന്താറ്റിൽ ലക്ഷം വീട് കോളനി ഫൂട്പാത്ത്. | 0.175 | പരിഷ്കരിക്കുക |
| X | മലയിൽതാഴം-പുല്ലിക്കടവ് | 0.500 | വീതികൂട്ടിപരിഷ്കരിക്കണം |

| വാർഡ് നമ്പർ | ഫൂട്പാത്തിന്റെ പേര് | നീളം (കി.മീ) | ഇപ്പോഴത്തെ അവസ്ഥയും ആവശ്യമായ പ്രവൃത്തികളും |
|---|---|---|---|
| XI. | നെമ്മണം മുതൽ പനോളി പറമ്പ് വരെ, നീനേപുറംമുതൽ കുറ്റിമുഖംവരെ, കാട്ടുങ്ങൽ ഇളിശ്ശീരി ഇടവഴി | 0.600 | വീതികൂട്ടുക, പരിഷ്കരിക്കുക. |
| XII | മോങ്ങത്തുതാഴം ഫൂട്പാത്ത്, 8/4 മദ്രസ, അരീപറമ്പിൽതാഴം, നാക്കുന്നുപാടം, മാടനയിൽതാഴം | 0.500 | വീതികൂട്ടി പരിഷ്കരിക്കുക. |
| XIII | 1) മങ്ങാട്ട്പടി- കക്കാട്ടുപാറ ഇടവഴി, കൊന്നക്കാട്ടിൽ ഇടവഴിയിൽനിന്നും കാരായി ഇടവഴിയിലേക്കുള്ള ഫൂട്പാത്ത് | 0.500 | ,, |
| | 2) പരീക്കാട്ടിൽ ഇടവഴി | 0.200 | ലക്ഷംവീട് റോഡുമായി ബന്ധിപ്പിക്കണം. |
| | തളിയിൽപൊറ്റ, അഞ്ചുകണ്ടം, ലക്ഷംവീട്, പുടലിപാടം, തോട്ടുപാടം, തലഞ്ഞിപ്പൊറ്റ, ചുല്ലൂന്നിപ്പൊറ്റ എന്നീസ്ഥലങ്ങളിൽ ഫൂട്പാത്ത് | 0.500 | നിലവിലുള്ള പരിഷ്കരിക്കുക |

## സാധ്യതകളും നിർദ്ദേശങ്ങളും

1. P.W.D., N.H എന്നീ വകുപ്പുകളുടെ കീഴിലുള്ള റോഡുകളിൽ വാർഷിക അറ്റുകറ്റപണികൾക്കായി സമ്മർദ്ദം ചെലുത്തുക.

കരുവൻതിരുത്തി റോഡ്, ഫറോക്ക് മണ്ണൂർ കടലുണ്ടി റോഡ്, പരുത്തിപാറ റോഡ് എന്നിവയിൽ പല സ്ഥലത്തും വെള്ളം കെട്ടിക്കിടന്ന് റോഡിന്റെ ഉപരിതലം കേടുവരുന്നുണ്ട്. ആവശ്യമായ സ്ഥലങ്ങളിൽ ഓവുചാലുകൾ നിർമ്മിച്ച് വെള്ളക്കെട്ട് ഒഴിവാക്കി റോഡ് സംരക്ഷിക്കുവാൻ അതതു വകുപ്പുകളുമായി ബന്ധപ്പെടണം.

2) ഫറോക്ക് മണ്ണൂർ കടലുണ്ടി റോഡിന്റെ പരിഷ്കരണ പ്രവൃത്തിക്കാവശ്യമായ സ്ഥമെടുപ്പ് കഴിഞ്ഞെങ്കിലും പ്രവൃത്തി ഇതുവരെ ആരംഭിച്ചിട്ടില്ല. ഇത് ത്വരിതപ്പെടുത്തുവാൻ ആവശ്യമായ സമ്മർദ്ദം ചെലുത്തണം.

3) പുറമ്പോക്ക് സ്ഥലം അനധികൃതമായി കൈയേറ്റം ചെയ്യുന്നത് തടയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

4). അപകടം വരുത്തിവെയ്ക്കുന്ന ടെലിഫോൺ പോസ്റ്റുകളും ഇലക്ട്രിക് പോസ്റ്റുകളും റോഡിന്റെ അരികിലേക്ക് മാറ്റി സ്ഥാപിക്കുവാൻ അതതു വകുപ്പുകളുമായി ബന്ധപ്പെടണം.

5). കരുവൻതിരുത്തി-ചാലിയം കടവിലെ പാലം പണി ത്വരിതപ്പെടുത്തണം.

6). അഞ്ചാം വാർഡിലെ, മങ്ങാട്ട് പറമ്പ് ഭാഗത്ത് വെസ്റ്റ്നല്ലൂർ റോഡിൽ ഒരു കലുങ്ക് കെട്ടി വെള്ളക്കെട്ട് ഒഴിവാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

7) 15ാം വാർഡിലെ തോട്ടുപാടം, തുമ്പപ്പാടം, തലഞ്ഞിപ്പൊറ്റ, വാഴപ്പൊറ്റത്തറ എന്നിവിടങ്ങളിൽ ഓവുചാൽ നിർമ്മിക്കുക.

| വാർഡ് | റോഡിന്റെ പേര് | നീളം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| I | a) ചിന്നക്കുട്ടി സാഹിബ് - മാത്തിൽപാടം റോഡ് | 0.500 | നിലവിൽ വഴിയുണ്ട്. |
| | b) സി.കെ.റോഡ് - ചിന്നക്കുട്ടി സാഹിബ് റോഡ് | 0.300 | ,, |
| | c) ഓലശ്ശേരിപടി റോഡ് | 0.200 | ,, |
| | d) ഓലശ്ശേരി കടവ് റോഡ് | 0.150 | ,, |
| | e) പനയ്ക്കൽ ശ്മശാനം റോഡ് ചിന്നക്കുട്ടി സാഹിബ് റോഡ് | 0.350 | ,, |
| II | a) അടങ്ങുമ്പാടം - ചെറുമാട്ടുമ്മൽ റോഡ് | 0.300 | ,, |
| IV | a) പൂത്തോളം തത്തയിൽ താഴെ പടി പാണ്ടിപ്പാടം റോഡ് | 0.500 | ,, |
| | b) വെസ്റ്റ് നല്ലൂർ സ്ക്കൂൾ - നമ്പോളത്തിൽ - തത്തയിൽ പാണ്ടിപ്പാടം റോഡ് | 0.750 | ഇടവഴിയുണ്ട് |
| | c) അംബേദ്കർ റോഡ് - ലതാമന്ദിരം - റെയിൽവേസ്റ്റേഷൻ മുന്നിലൂടെ കരുവൻതിരുത്തി റോഡുമായി ബന്ധിപ്പിക്കുക. വിട്ടുകിട്ടേണ്ടിയിരിക്കുന്നു. | 0.300 | റെയിൽവേസ്ഥലം |
| | d) ചെനപ്പറമ്പ് - അംബേദ്കർ റോഡ് ബൈപ്പാസ് റോഡുമായി ബന്ധിപ്പിക്കുക. | 0.300 | വരമ്പ് നിലവിലുണ്ട് |
| VI | a) അമ്പലങ്ങാടി - പണിക്കർ റോഡ് | 0.150 | ഇടവഴിയുണ്ട്. |
| VII | a) കൈതോലിപ്പാടം - പുഞ്ചിരി നേഴ്സറി റോഡ് നിലവിൽ വഴിയുണ്ട് | 0.500 | വരമ്പും ഇടവഴിയുമായി |
| | b) റയിലോര റോഡ് | 1.800 | സ്ഥലം ലഭ്യമായതിനുശേഷം റോഡിന്റേ പരിഷ്കരണ പ്രവർത്തികൾ നടത്തണം |
| | c) നമ്പക്കാട്ട് താഴേ - കക്കാട്ട് പറമ്പ് ലക്ഷംവീട് കോളനി | 0.250 | ഇടവഴിയുണ്ട്. |
| | d) വാളക്കടപടി - മുന്നിലാംപാടം, കൈതോലിപ്പാടം, കരുപറമ്പ്, മണ്ണാർപാടം | 0.600 | ,, |
| VIII | a) സ്രാങ്ക് പടിയിൽനിന്ന് പുറ്റേക്കാട് ഭാഗത്തേക്ക് വരുന്ന റോഡ് | 0.750 | പൊതുവഴിയുണ്ട് |
| | b) നല്ലൂർ ചെറാമ്പാടം റോഡ് | 0.500 | ഇടവഴിയുണ്ട് |
| | c) നടുവത്ത്കുഴി പ്രദേശത്തേക്ക് പുതിയ റോഡ് | 0.300 | നടപ്പാതയുണ്ട്. |
| IX | a) തെഞ്ചീരി ഇല്ലം മുതൽ പെരുമുഖം - പള്ളി വരെ | 0.500 | ഇടവഴിയുണ്ട്. |
| | b) കുറ്റിപ്പടി - കൊളത്തോട്ട് താഴം, മുണ്ടുപാലം വരെ | 0.500 | വീതി കുറഞ്ഞ നടവരമ്പുണ്ട് |
| | c) മാനാംകുളം - നെന്മനില്ലം | 0.750 | ഇടവഴിയുണ്ട്. |
| XIII | a) ചന്ത - കള്ളിത്തൊടി റോഡ്, ചുങ്കം - ചന്തക്കടവ് റോഡുമായി ബന്ധിപ്പിക്കുക | 0.750 | നിലവിൽ വെള്ളക്കെട്ടുള്ള ഫൂട്പാത്തുണ്ട്. |
| XV | a) വാലശ്ശേരി ഇടവഴി, ജീവഹാനി ഇടവഴി, പേട്ട ചന്ത ഇടവഴി, ഇല്ലിക്കൽ ഇടവഴി എന്നിവ റോഡാക്കുക | 0.500 | ഇടവഴിയാണ്. |

8) ഫറോക്ക് - വെസ്റ്റ്നല്ലൂർ - കരുവൻതിരുത്തി റോഡിലെ നിർദ്ദിഷ്ട ഫ്ലൈഓവറിന്റെ പണി ത്വരിതപ്പെടുത്താൻ റെയിൽവേ വകുപ്പുമായി ബന്ധപ്പെടുക.


9). സ്ഥലപരിമിതിയിൽ ഞെരുങ്ങുന്ന ടാക്സി ജീപ്പുകൾക്കും കാറുകൾക്കും പാർക്കു ചെയ്യുവാൻ അനുയോജ്യമായ സ്ഥലം കണ്ടുപിടിക്കണം. റെയിൽവേയുടെ അധീനതയിലുള്ള സ്കൂൾഗ്രൗണ്ട് ഈ കാര്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിന് ആ വകുപ്പുമായി ബന്ധപ്പെടണം.

10). പുതിയ റോഡുകളിൽ നിർമ്മിക്കേണ്ട സ്ഥലങ്ങളിൽ ഗുണഭോക്താക്കളുടെ ഒരു സമിതി രൂപീകരിക്കുകയും റോഡിന്നാവശ്യമായ സ്ഥലം സൗജന്യമായി വിട്ടുകിട്ടുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കുക.


11). നിലവിലുള്ള റോഡുകളിലെ അടഞ്ഞുകിടക്കുന്ന കലുങ്കുകൾ അതാതു സമയങ്ങളിൽ തുറക്കാൻ അതതു വകുപ്പുകളുമായി, ബന്ധപ്പെടുകയും സമ്മർദ്ദം ചെലുത്തുകയും ചെയ്യണം.

12). വാർഡ് അടിസ്ഥാനത്തിൽ നിലവിലുള്ള റോഡുകളുടെ സ്വഭാവം, നീളം, മുപ്പതു മീറ്റർ ഇടവിട്ടുള്ള വീതി, കേര്യേജ്‌വേയുടെ വീതി, സ്ഥാപിതമായ വർഷം കലുങ്കുകളുടെ എണ്ണം, അളവ് തമ്മിലുള്ള അകലം, ഏറ്റവും അവസാനം റിപ്പയർ ചെയ്ത വർഷം, ചെലവഴിച്ച തുക എന്നി വിവരങ്ങൾ കാണിക്കുന്ന ഒരു രജിസ്റ്റർ സൂക്ഷിക്കണം.

13). ഫറോക്ക് പഴയപാലം വഴി വരേണ്ട പല ബസ്സുകളും പുതിയ പാലം വഴി പോകുന്നതിനാൽ ഫറോക്കിലെ യാത്രക്കാർ വളരെയധികം ക്ലേശമനുഭവിക്കുന്നുണ്ട്. ദീർഘദൂര – മദ്ധ്യദൂര ബസ്സുകൾ ഫറോക്ക് ബസ്സ്റ്റാന്റ് ടച്ചു ചെയ്ത് പോകാൻ അധികൃതരുമായി ബന്ധപ്പെട്ട് നടപടി കൈക്കൊള്ളണം.



# ഊർജ്ജം



ഫറോക്ക് പഞ്ചായത്തിൽ ഊർജ്ജത്തിന്റെ ഉപയോഗത്തിൽ മുന്നിൽ നിൽക്കുന്നത് വൈദ്യുതിയാണ്. പഞ്ചായത്തിലെ വിവിധ ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ നിയന്ത്രണം ചെറുവണ്ണൂർ, രാമനാട്ടുകര, മണ്ണൂർ എന്നീ സ്ഥലങ്ങളിലുള്ള വൈദ്യുതി ഓഫീസുകൾക്കാണ്. ഈ പഞ്ചായത്തിൽ 6949 ഉപഭോക്താക്കളുള്ളതിന്റെ ഇനം തിരിവ് പട്ടിക 1ൽ ചേർക്കുന്നു.

വൈദ്യുതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കാൻ ജനങ്ങൾക്ക് 2 മുതൽ 6 കി.മീ. വരെ യാത്ര ചെയ്യേണ്ട അവസ്ഥയാണുള്ളത്. ബോർഡിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ച് വളരെ കുറച്ചു പേർ മാത്രമാണ് വൈദ്യുതിക്ക്വേണ്ടി കാത്തിരിക്കുന്നവർ. (പട്ടിക 2)

പഞ്ചായത്തിൽ വൈദ്യുതി എത്താത്ത സ്ഥലങ്ങൾ പൊതുവെ കുറവാണെങ്കിലും വോൾട്ടേജ് ക്ഷാമത്തിന്റെ പരാതി പരക്കെ നിലനിൽക്കുന്നു. നിലവിലുള്ള ട്രാൻസ്ഫോർമറുകൾക്ക് ഉൾക്കൊള്ളാൻ പറ്റുന്നതിൽ കൂടുതൽ ഉപഭോഗം വേണ്ടിവരുന്നതുകൊണ്ടാണ് വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നത്. ട്രാൻസ്ഫോർമറുകളും അവയുടെ വിവരങ്ങളും പട്ടിക 3 ൽ.

പഞ്ചായത്തിൽ 13 ഹരിജൻ കോളനികൾ ഉണ്ടെങ്കിലും 3 എണ്ണം മാത്രമേ പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടുള്ളൂ. മൊത്തം 1009+33=1042 തെരുവ് വിളക്കുകൾ ഉണ്ടെങ്കിലും പഞ്ചായത്തിലെ പല പൊതു വഴികളും റോഡുകളും ഇരുട്ടിലാണ്. പലയിടത്തും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്.

## പാചകഗ്യാസും വിറകും

വിറകിന്റെ താങ്ങാനാകാത്ത വിലയും പാചക ഗ്യാസ് ഉപയോഗത്തിലെ സൗകര്യവും കണക്കിലെടുത്ത് ഗ്യാസ് ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം കൂടിവരികയാണ്. എന്നിരുന്നാലും പഞ്ചായത്തിലെ 95% വീടുകളിലും വിറകും മണ്ണെണ്ണയുമാണ് പാചകത്തിന് ഉപയോഗിക്കുന്നത്. പൊതുവിതരണസംവിധാനത്തിലൂടെ ലഭ്യമാകുന്ന മണ്ണെണ്ണ ഉപയോഗിക്കുന്ന 907 കുടുംബങ്ങൾ ഉണ്ട്.

ഗ്യാസ് വിതരണത്തിന് H.P.C., I.O.C. എന്നിവയുടെ

പട്ടിക 1

| ക്രമനമ്പർ | ഓഫീസ് | ഇനം തിരിച്ച് | | | |
|---|---|---|---|---|---|
| | | ഗാർഹികം | വ്യാപാരം | വ്യാവസായികം | കാർഷികം |
| 1. | രാമനാട്ടുകര | 1646 | 332 | 83 | 34 |
| 2. | ഫറോക്ക് | 3703 | 616 | 81 | 41 |
| 3. | കടലുണ്ടി | 328 | 50 | 15 | 20 |
| | ആകെ 6949 | 5677 (81%) | 998 (14.36%) | 179 (2.58%) | 95 (1.36%) |

അവലംബം: ദ്വിതീയ സ്ഥിതിവിവരക്കണക്ക്.

വിതരണക്കാരും ഒരു പ്രൈവറ്റ് ഏജൻസിയുമാണ് ഉള്ളത്.

തെങ്ങോലയും മടലും ഇന്ധനമായി ഉപയോഗിക്കുന്നവരാണ് അധികവും. അനെർട്ടിന്റെ സബ്സിഡി കിട്ടുന്ന കുറഞ്ഞ നിർമ്മാണച്ചെലവുള്ള ദക്ഷത കൂടിയ പരിഷത്ത് അടുപ്പുകൾ വ്യാപകമാക്കിയാൽ ദുരുപയോഗപ്പെട്ടുപോകുന്ന ഊർജ്ജം ഒരു പരിധിവരെ നിയന്ത്രിക്കാൻ സാധിക്കും. നമ്മുടെ പഞ്ചായത്തിൽ 1235 വീടുകളിൽ പരിഷത്ത് അടുപ്പ് സ്ഥാപിച്ചിട്ടുണ്ട്.

## ബയോഗ്യാസ്

പഞ്ചായത്തിലെ 8 വീടുകളിൽ പാചകത്തിന് ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ രണ്ടെണ്ണം മാത്രമെ ഇപ്പോൾ ഉപയോഗക്ഷമമായിട്ടുള്ളു.

## സൗരോർജ്ജം

സൗരോർജ്ജത്തിന്റെ വിപുലമായ സാധ്യതകൾ മനസ്സിലാക്കി പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

## പ്രശ്നങ്ങൾ


1. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.

2. ജനസഞ്ചാരം കൂടുതലുള്ള പല പൊതുവഴികളിലും റോഡുകളിലും തെരുവ് വിളക്കുകൾ ഇല്ല.

3. കരുവൻതിരുത്തികടവ്, മുക്കോണം, എടക്കയിൽപടി തുടങ്ങി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.

4. പഞ്ചായത്തിലെ എല്ലാവർക്കും എത്തിപ്പെടാൻ സൗകര്യമുള്ള സ്ഥലത്ത് വൈദ്യുതി ഓഫീസ് ഇല്ലാത്തതിനാൽ വളരെ ബുദ്ധിമുട്ടുണ്ട്.

5. വോൾട്ടേജ് ക്ഷാമത്തിന്റെ പരിഹാരമെന്നോണം പല വീടുകളിലും ഉപയോഗിച്ചുവരുന്ന 'സ്റ്റെപ്അപ്' അയൽപക്കങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു.



പട്ടിക 2

| ക്രമ നമ്പർ | സെക്ഷൻ | ഇനം ഓർഡിനറി | ഒ.ടി.പി. | ഒ.വൈ.ടി |
|---|---|---|---|---|
| 1. | രാമനാട്ടുകര (as on 8-8-94) | 26 | 3 | 12 |
| 2. | കടലുണ്ടി (as on 15-12-93) | 18 | 2 | 15 |
| 3. | ഫറോക്ക് (as on 23-8-96) | 126 | 9 | 37 |

(അവലംബം: ബോർഡിന്റെ റിപ്പോർട്ട്)

6. മഴക്കാലങ്ങളിൽ നിരന്തരമായുണ്ടാകുന്ന വൈദ്യുതി വിച്ഛേദം ബുദ്ധിമുട്ടുണ്ടാക്കുന്നു.

7. താഴ്ന്നു നിൽക്കുന്ന ലൈനുകളും ചെരിഞ്ഞു നിൽക്കുന്ന പോസ്റ്റുകളും അപകടമുണ്ടാക്കാൻ സാധ്യതയുണ്ട്.

8. വൈദ്യുതീകരിക്കാത്ത 10 ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ട്.

9. വൈദ്യുതി ബോർഡ് ജീവനക്കാരുടെ നിസ്സഹകരണ മനോഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

10. വിറകിന്റെ ക്ഷാമവും വിലവർദ്ധനവും.

11. ദക്ഷതകൂടിയ അടുപ്പുകളെക്കുറിച്ചുള്ള അറിവില്ലായ്മ

12. സൗരോർജ്ജത്തിന്റെ സാധ്യതകളെക്കുറിച്ചുള്ള പ്രചാരണക്കുറവ്

13. മണ്ണെണ്ണ പെർമിറ്റ് കിട്ടാനുള്ള സാങ്കേതിക തടസ്സങ്ങൾ.

## സാധ്യതകളും നിർദ്ദേശങ്ങളും

1. താഴ്ന്നു കിടക്കുന്ന ലൈനുകൾ, ചരിഞ്ഞുനിൽക്കുന്ന പോസ്റ്റുകൾ, വൈദ്യുതി വിച്ഛേദത്തിന്നിടയാക്കുന്ന ട്രാൻസ്ഫോർമറുകളിലെയും മറ്റും ലൂസ്കോൺടാക്റ്റുകൾ, പ്രസാരണനഷ്ടം വരുത്തുന്ന വിധത്തിൽ മരക്കൊമ്പുകൾ ലൈനിൽ തൊട്ടുനിൽക്കുന്നത് എന്നിവ ഇടക്കിടെ പരിശോധിച്ച് പരിഹരിക്കപ്പെടണം.

പട്ടിക 3

| സെക്ഷൻ | ക്രമനമ്പർ | സ്ഥലം | കപ്പാസിറ്റി |
|---|---|---|---|
| ഫറോക്ക് | 1 | കരുവൻതിരുത്തി I | 160 KVA |
| | 2 | കരുവൻതിരുത്തി II | 250 KVA |
| | 3 | മഠത്തിൽപാടം | 100 KVA |
| | 4 | വെസ്റ്റ്നല്ലൂർ | 160 KVA |
| | 5 | കോട്ടപ്പാടം | 160 KVA |
| | 6 | സേഫ് റബ്ബർ | 100 KVA |
| | 7 | കോൺടിനെന്റൽ റബ്ബേർസ് | 250 KVA |
| | 8 | നല്ലൂർ | 250 KVA |
| | 9 | ഇ.എസ്.ഐ. ഹോസ്പിറ്റൽ | 100 KVA |
| | 10 | മണ്ണാർപ്പാടം | 100 KVA |
| | 11 | സീക്കോസ് ടൈൽ വർക്സ് | 160 KVA |
| | 12 | ഹരിജൻ ബ്രിക്സ്, നല്ലൂർ | 100 KVA |
| | 13 | പെരുമുഖം | 160 KVA |
| | 14 | രാമൻ ക്ലേവർക്സ് | 63 KVA |
| | 15 | ഫാറൂഖ് ഹോസ്പിറ്റൽ | 100 KVA |
| | 16 | ഫറോക്ക് ടൗൺ | 160 KVA |
| കടലുണ്ടി | 1 | അയിഷ റബ്ബേർസ് | 100 KVA |
| | 2 | അലൈജ റബ്ബേർസ് | 100 KVA |
| | 3 | കല്ലംപാറ | 250 KVA |
| | 4 | പെരുന്തൊടിപാടം | 100 KVA |
| രാമനാട്ടുകര | 1 | ചന്തക്കടവ് | 250 KVA |
| | 2 | ചന്ത | 160 KVA |
| | 3 | വി.പി. ബ്രദേർസ് | 250 KVA |
| | 4 | വി.ടി. റബ്ബേർസ് | 160 KVA |
| | 5 | വൈദ്യമഠം | 160 KVA |
| | 6 | ചുങ്കം I | 250 KVA |
| | 7 | ചുങ്കം II | 100 KVA |
| | 8 | പേൾ പ്ലാസ്റ്റിക് | 100 KVA |
| | 9 | 8/4 | 250 KVA |
| | 10 | കള്ളിത്തൊടി | 160 KVA |
| | 11 | ഗോൾഡൻ | 100 KVA |
| | 12 | പെരുമുഖം | 100 KVA |

പട്ടിക 4

| വാർഡ് | സ്ഥലം | ദൂരം (കി.മീ.) | ആവശ്യമായി വരുന്ന തെരുവ്‌വിളക്കുകൾ |
|---|---|---|---|
| 1 | സി.കെ. റോഡ്, ശ്മശാനം റോഡ്<br>ഓമശ്ശേരി കടവ് റോഡ്, പാതിരിക്കാട് ഏരിയ<br>മഠത്തിൽപാടം [illegible]വൻമാട് | 0.300 + 0.250<br>0.250 + 0.500<br>0.500 mts | 7 |
| 2 | കോളറങ്ങഴി, ചാത്തങ്ങാഴി<br>ഏറ്റാംകുളം വാഴവളപ്പിൽ<br>ചെറുമാട്ടുമ്മൽ, തടത്തിൽ അടങ്ങുമ്പാടം | 0.500 + 0.300<br>0.500 + 0.300<br>0.300 + 0.300 | 8 |
| 3 | മൂന്നോടിയിൽപാടം, കൈതമ്പാടം<br>കരണ്ടോത്തിൽപള്ളി നടവഴി<br>മുക്കോണം - പാലയ്ക്കൽ ചീർപ്പ്<br>കോതാർതോട് - തൈവളപ്പിൽ<br>വെള്ളപാലപ്പടി മദ്രസ - പടന്ന<br>തെക്കേതലമുതൽ മുരുകല്ലിങ്ങൽ കടവ് വരെ | 0.400 + 0.250<br>0.400 + 0.500<br>0.400 + 0.450<br>0.50 | 8 |
| 4 | പൂത്തോളം - തത്തയിൽപടി<br>നമ്പോളം - തത്തയിൽ താഴെ പടി<br>പാണ്ടിപ്പാടം | 0.500+ 0.700 | 5 |
| 5 | വെസ്റ്റ്നല്ലൂർ - ബൈപാസ് എ.പി. റോഡ്<br>റെയിൽവെ ഓവുപാലം - മനയിൽ പള്ളിയാളി<br>ചെനപ്പറമ്പ് റോഡിന്റെ തെക്കുഭാഗം<br>പൈക്കുറ്റി കോളനി, കോട്ടപ്പാടം ഫുട്പാത്ത്,<br>പുല്ലൂർ ഇടവഴി - വെസ്റ്റ് നല്ലൂർ ബൈപാസ് | 0.750 + 0.500<br>0.500 + 0.400<br>0.400 + 0.350 | 12 |
| 6. | മണ്ണാർപാടം, ശ്മശാനം റോഡ്,<br>ചെറിയകുണ്ടേതടം, ഐ.ഒ.സി. ഭാഗം,<br>വെൽഫെയർ സ്ക്കൂൾ മുതൽ ശ്മശാനം<br>റോഡുവരെ, കുറുന്തലകുന്ന് | 0.400 + 0.300<br>0.300 + 0.150<br>0.150 + 0.500 | 8 |
| 7. | പി.ഡബ്ലിയു.ഡി. റോഡ്,<br>പുറ്റെക്കാട് - എടക്കഴി റോഡ്<br>എളേടത്ത്കുന്ന് - മുന്നിലാം പാടം | 0.400 + 0.750<br>0.400 | 34 |
| 8. | നല്ലൂരങ്ങാടി - ചെറാംപാടം, പുതുക്കഴിപാടം,<br>കൈതോലി - നടുവത്ത്കുഴി പാണ്ടിപ്പാടം | 0.150 + 0.250<br>0.400 + 0.300 | 28 |
| 9. | കരിന്താറ്റിൽ കോളനി, കുറ്റിപ്പടി കോളനി,<br>തണ്ണീർച്ചാൽ കോളനി, അരീപറമ്പിൽ ഇടവഴി<br>മൂത്തേടത്ത് ഇടവഴി, ചെമ്മിയിൽപാടം, കൂളിപ്പാടം<br>കറുത്തേടത്ത് താഴം, കഷായപടി<br>എടക്കഴിക്കടവ് ഇടവഴി, കമ്മൂട്ടിയിൽ<br>എടക്കഴിക്കടവ് | 0.150 + 0.200<br>0.200 + 0.250<br>0.200 + 0.150<br>0.100<br>0.200 + 0.350<br>0.300 | 28<br>19 |

| വാർഡ് | സ്ഥലം | ദൂരം (കി.മീ.) | ആവശ്യമായി വരുന്ന തെരുവ്‌വിളക്കുകൾ |
|---|---|---|---|
| 10. | പെരുമുഖം - കൊടിയത്തുപാറ റോഡ് | 0.500 | 12 |
| 11. | പെരുമുഖം - കള്ളിക്കൂടം - കാരളിപറമ്പ് റോഡ്,<br>പീലിയടത്ത്, നെന്മണത്ത് റോഡ്,<br>ഓലേരിപറമ്പ് - നാനൂൽപറമ്പ്,<br>ഈന്തുങ്ങൽ - മലയിൽതാഴം<br>ഈന്തുങ്ങൽ - തിയ്യത്ത്താഴം<br>കറുപ്പംകണ്ടി ഇടവഴി, നീറേപ്പുറം ഇടവഴി,<br>തയ്പുള്ളകണ്ടി മലയിൽതാഴം -<br>മലയിൽതാഴം മേഖല | 1.00 + 0.300<br>0.400 + 0.350<br>0.300 + 0.150<br>0.150 + 0.200 | 64 |
| 12. | കിഴക്കേൽപടി - പെരുമുഖം റോഡ്,<br>പൂവന്നൂർപള്ളി - കള്ളിക്കൂടംറോഡ്<br>നടക്കുന്നുപാടം - ചെനയ്ക്കൽ റോഡ്<br>കുന്നത്ത്മോട്ട - അരീപറമ്പ് റോഡ്<br>പറമ്പിൽ ഇടവഴി, തെക്കെ വെള്ളക്കാട്ട് ഇടവഴി<br>മോങ്ങത്ത്താഴം - 8/3 ഇടവഴി | 2.5 + 1.25<br>0.50 + 0.25<br>0.250 ‡ 0.200<br>0.250 | 14<br>14 |
| 13. | വഴുതക്കാട്ട് ഇടവഴി, കള്ളിത്തൊടി -<br>കരിപ്പാത്ത് റോഡ്, കള്ളിത്തൊടി - ചുങ്കം റോഡ്,<br>കക്കാട്ട്പാറ കോളനി, കള്ളിത്തൊടി<br>ലക്ഷംവീട് വഴി - നോക്കുന്ന്പാടം,<br>മങ്കുഴിപൊറ്റ, ചുങ്കം മുന്നിലാത്ത് -<br>നല്ലൂർ റോഡ് | 0.150 + 1.50<br>1.250 + 0.150<br>0.250 | 8 |
| 14. | കല്ലുകുത്തിപറമ്പ് ഇടവഴി,<br>കള്ളിത്തൊടി - കോട്ടപ്പാടം,<br>കുണ്ടേത്തടം - ശ്മശാനം റോഡ്,<br>കള്ളിത്തൊടി - സീക്കോസ് റോഡ്<br>പാണക്കാട്ട്പറമ്പ് - മമ്മിളിപറമ്പ് റോഡ്<br>പഞ്ചായത്ത് മിനിസ്റ്റേഡിയം -<br>യംഗ്മെൻസ് ലൈബ്രറി റോഡ് | 0.150 + 0.100<br>0.500 + 0.600<br>0.300<br>0.25 | 37 |
| 15. | മൂത്തേനി കോളനി<br>തോട്ടുപാടം, തുമ്പപാടം ഭാഗങ്ങൾ | 0.4 + 0.3 + 0.2 | 20 |

പട്ടിക 5

| വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങൾ |
|---|---|---|
| 4 | കോളറങ്ങഴി | 39 |
| 4 | പൂത്തോളം അംബേദ്കർ | 19 |
| 5 | പൈക്കുറ്റിപാടം | 61 |
| 6 | കുണ്ടേതടം | 75 |
| 8 | പുഴക്കര | 13 |
| 10 | കുന്നത്ത്താഴം | 30 |
| 12 | കാരാളിപറമ്പ് | 30 |
| 12 | വാഴപൊറ്റത്തറ (തടത്തിൽതാഴം) | 19 |
| 13 | കള്ളിത്തൊടി | 60 |
| 14 | കോട്ടപ്പാടം, മങ്ങാട്ടുനിലം | 23 |

2. പ്രാദേശിക സമിതികൾക്ക് രൂപം കൊടുത്തുകൊണ്ട് വൈദ്യുതിയുടെ ദുരുപയോഗം സ്റ്റെപ്അപ് ഉപയോഗിക്കൽ എന്നിവ നിരുത്സാഹപ്പെടുത്തണം.

3. വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.


4. തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട സ്ഥലം

6. വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങളിലും ഹരിജൻകോളനികളിലും ഉടനെ വൈദ്യുതി എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

7. ദക്ഷത കൂടിയ അടുപ്പുകളെക്കുറിച്ച് കൂടുതൽ പ്രചരണം നടത്തുകയും ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക. ഇതിന് കേരളശാസ്ത്രസാഹിത്യപരിഷത്ത്, അനെർട്ട് തുടങ്ങിയ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

8. കോളനികളിലും അങ്ങാടികളിലും സൗരോർജ്ജ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

9. മണ്ണെണ്ണ പെർമിറ്റ് കിട്ടാനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുക





# മാർക്കറ്റ്

ഉൽപ്പാദനസംഭരണവിതരണരംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ ചരിത്രം വിശകലനം ചെയ്യുമ്പോൾ കാർഷിക ഉല്പന്നമായ നാളികേരവും വ്യാവസായിക ഉൽപ്പന്നമായ ഓട്, ഇഷ്ടിക, തീപ്പെട്ടി എന്നിവയും കയർ ഉല്പന്നങ്ങളും മറ്റുമാണ് പ്രഥമസ്ഥാനം അർഹിക്കുന്നത്. പഞ്ചായത്തിലെ മുഖ്യവിളയായ നാളികേരം പണ്ടുകാലം മുതൽക്കുതന്നെ കൊപ്രയാക്കി കോഴിക്കോട് മാർക്കറ്റിൽ വിപണനം നടത്തുന്നത് പതിവായിരുന്നു. എന്നാൽ ഇപ്പോൾ ചെറിയ തോതിൽ ഓയൽമില്ലുകൾ മുഖേനയും സഹകരണസംഘങ്ങൾ വഴിയും പഞ്ചായത്തിൽതന്നെ സംസ്ക്കരിക്കുന്നുണ്ട്.

ഒരു കാലത്ത് കടൽമാർഗ്ഗം സിലോൺ, സിങ്കപ്പൂർ തുടങ്ങിയ വിദേശ രാജ്യങ്ങളിലേക്ക് ഓടും മരഉരുപ്പടികളും കയറ്റി അയക്കുകയും അതുവഴി വിദേശ വിപണന രംഗത്തുപോലും നമ്മുടെ പഞ്ചായത്തിന്റെ പേരും പ്രശസ്തിയും നിലനിൽക്കുകയും ചെയ്തിരുന്നു. ഇതുപോലെ കയർ ഉല്പന്നങ്ങളും പുറം മാർക്കറ്റുകൾ പിടിച്ചടക്കിയിരുന്നു.

ഇതിനെല്ലാം പുറമെ പാരമ്പര്യകുടിൽ വ്യവസായ ഉല്പന്നങ്ങളായ പായ, മുറം, വട്ടി, മൺപാത്രങ്ങൾ കാർഷികോല്പന്നങ്ങൾ മുതലായവ ആഴ്ച ചന്തകളിലൂടെ ക്രയവിക്രയം നടത്തുകയും ചെയ്തിരുന്നു. അതിന്റെ സ്മരണ എന്നോണം ഇപ്പോൾ പ്രൈമറി ഹെൽത്ത്സെന്റർ സ്ഥിതിചെയ്യുന്ന പ്രദേശം 'ചന്ത' എന്ന പേരിൽതന്നെ പഞ്ചായത്തിന്റെ ഭൂപടത്തിൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുണ്ട്. ഫറോക്ക് ടൗൺ, പേട്ട, ചുങ്കം എന്നിവയാണ് പഞ്ചായത്തിലെ പ്രധാന കച്ചവട കേന്ദ്രങ്ങൾ. എങ്കിലും പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളായ കരുവൻതിരുത്തി, കോതാർത്തോട്, നല്ലൂരങ്ങാടി, കല്ലംപാറ, പെരുമുഖം, പുറ്റെക്കാട് എന്നിവിടങ്ങളിൽ ചെറിയ കച്ചവടകേന്ദ്രങ്ങളും വളർന്നുവന്നിട്ടുണ്ട്.

## പ്രശ്നങ്ങൾ

- ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി കാർഷികമേഖലയിൽ വളർച്ച കൈവരിച്ചിട്ടില്ല. ഓടുവ്യവസായരംഗത്തും ഉല്പാദനരംഗത്തും ഗുണനിലവാരത്തിൽ തകർച്ച കൈവന്നിരിക്കുന്നു.
- തീപ്പെട്ടി വ്യവസായരംഗത്തും കയർ മേഖലയിലും മാന്ദ്യം അനുഭവപ്പെടുന്നു.

## നിർദ്ദേശങ്ങൾ

- കൃഷിവകുപ്പിന്റെയും മറ്റും സഹായത്തോടെ തെങ്ങുകൃഷിയിൽ ശാസ്ത്രീയമായ ബോധവല്ക്കരണം നടത്തുകയും അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുകയും ഉല്പന്നം പഞ്ചായത്തിൽ തന്നെ സഹകരണ മേഖലയിലോ മറ്റോ സംഭരണം നടത്തുകയും വേണം
- പാരമ്പര്യകുടിൽ വ്യവസായമായ കയർ, ചൂടി, മൺപാത്രനിർമ്മാണം എന്നീ മേഖലകൾ ശാസ്ത്രീയമായി യന്ത്രവൽക്കരിക്കുകയും സഹകരണാടിസ്ഥാനത്തിൽ കൂടുതൽ സൈസൈറ്റികൾ സ്ഥാപിക്കുകയും അങ്ങനെ ഉല്പന്നങ്ങൾക്ക് പഞ്ചായത്തിൽതന്നെ മാർക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യണം.
- പഞ്ചായത്തിന്റെ ഉൾപ്രദേശങ്ങളായ, കരുവൻതിരുത്തി, കോതാർതോട്, മാത്തിൽപാടം, നല്ലൂരങ്ങാടി, കല്ലംപാറ, പെരുമുഖം, പുറ്റെക്കാട്, ചുങ്കം എന്നിവിടങ്ങളിൽ മത്സ്യമാർക്കറ്റ് സ്ഥാപിക്കുകയും അനധികൃതമായവ നിരോധിക്കുകയും വേണം.



# 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

അതിരൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവ
പ്പെടുന്ന പഞ്ചായത്താണ് ഫറോക്ക്. പലസ്ഥലത്തും
പ്പുവെള്ളമാണ് ലഭിക്കുന്നത്. ചിലയിടങ്ങളിൽ പുഴ
ൽനിന്ന് ഉപ്പുവെള്ളം കയറി ശുദ്ധജലസ്രോതസ്സു
ൾ മലിനമാക്കപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ
ട്ടർ അതോറിട്ടിയുടെ കീഴിൽ കരുവൻതിരുത്തി
ാർഡ് 5), ചുങ്കം (വാർഡ് 13), കുന്നത്ത്മോട്ട (വാർഡ്
 എന്നീ സ്ഥലങ്ങളിൽ ശുദ്ധജലവിതരണപദ്ധതിക



ണ്ട്. ഇവയിൽ കുന്നത്ത്മോട്ട പദ്ധതിയിൽനിന്ന് ലഭി
ന്ന വെള്ളം വേനൽക്കാലത്ത് ഉപ്പുരസം അനുഭ
പ്പെടുന്നതുകൊണ്ട് കുടിക്കാൻ ഉപയുക്തമല്ല.

പഞ്ചായത്തിൽ നിലവിലുള്ളതും പണി നടന്നു
ൊണ്ടിരിക്കുന്നതും പരിഗണനയിൽ ഇരി
ുന്നതുമായ പദ്ധതികൾ പട്ടിക 1ൽ ചേർക്കുന്നു.

ലോകബേങ്കിന്റെ സഹായത്തോടെ ചീക്കോട് ജല
തരണപദ്ധതിയുടെ ഗുണഭോക്തൃ മേഖലയിൽ ഫറോക്കിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. Greater Calicut W.S.S ൽ ഫറോക്കിനെ ഉൾപ്പെടുത്താനായി ശ്രമം നടത്തിവരുന്നു.

## പ്രശ്നങ്ങൾ

വാർഡ് 1 : വാർഡിന്റെ എല്ലാ ഭാഗത്തും രൂക്ഷമായ കുടിവെള്ളക്ഷാമം. പലർക്കും പൊതു ടാപ്പിലേക്ക് 0.75 കി.മീ. സഞ്ചരിക്കണം. നെടുമ്പ്രം സ്കീമിൽനിന്നുള്ള വെള്ളം കുടിക്കാൻ പറ്റാത്തതാണ്.

വാർഡ് 2 : പൊതുവെ കുടിവെള്ളത്തിന്റെ ലഭ്യത കുറവാണ്. വേനൽ കാലത്ത് ഒരു കിലോമിറ്റർ വരെ ദൂരെനിന്ന് വെള്ളം കൊണ്ടുവരേണ്ട അവസ്ഥയാണ്.

വാർഡ് 3: കിണറുകളിൽ ഉപ്പുവെള്ളം ലഭിക്കുന്നു. പൈപ്പിൽ ലഭിക്കുന്ന വെള്ളം വളരെ അപര്യാപ്തമാണ്.

വാർഡ് 4 : 90% സ്ഥലത്തും വെള്ളക്ഷാമം അനുഭവപ്പെടുന്നു. വളരെ ദൂരത്ത് നിന്ന് വെള്ളം കൊണ്ടുവരേണ്ടിവരുന്നു. പാണ്ടിപ്പാടം, കലംകൊള്ളി പടന്ന, മുക്കോണം, വെസ്റ്റ് നല്ലൂർ എന്നിവിടങ്ങളിൽ ഉപ്പുവെള്ളമാണ് ഉള്ളത്.

വാർഡ് 5 : വളരെ ദൂരെ നിന്ന് വെള്ളം കൊണ്ടുവരേണ്ട അവസ്ഥയുണ്ട്. ക്ഷാമം രൂക്ഷമായിട്ടുള്ളത് പൈക്കുറ്റി, ചെനപ്പറമ്പ് താഴെ കടമ്പിൽ കോട്ടപ്പാടം, മന്നാടിത്തറ, വെസ്റ്റ് നല്ലൂർ

വാർഡ് 6 : നെല്ല്യാട്ട് ഇടവഴി മണ്ണാർപാടം കുറുന്തലക്കുന്ന്, ചെറിയ കുണ്ടേത്തടം, എടക്കാട്ടുമീത്തൽ എന്നിവിടങ്ങളിലാണ് കൂടുതൽ ക്ഷാമം ½ കി.മീ. ദൂരം വരെ വെള്ളത്തിനായി പോകേണ്ടിവരുന്നു.

| പട്ടിക 1: നിലവിലുള്ള പദ്ധതികളും നടന്നുകൊണ്ടിരിക്കുന്നതും ഉദ്ദേശിക്കുന്നതുമായ പദ്ധതികളും | | | | |
|---|---|---|---|---|
| ക്രമ നമ്പർ | പദ്ധതിയുടെ പേർ | ഇപ്പോഴത്തെ നില | വെള്ളം നൽകാനുദ്ദേശിക്കുന്ന സ്ഥലങ്ങൾ | അഭിപ്രായം |
| 1. | കുളത്തോട്ടുതാഴം പദ്ധതി (JRY) | പൂർത്തിയായി, പ്രവർത്തിക്കുന്നു | 8ാംവാർഡ്<br>9-7 വാർഡുകൾ ഭാഗികം | ശുദ്ധജലം |
| 2. | നെടുംപുറം കരുവൻതിരുത്തി പദ്ധതി | " | 1,2,3,4,5 വാർഡുകൾ | വെള്ളം കുടിക്കാൻ യോഗ്യമല്ല |
| 3. | പേട്ട മിനി ശുദ്ധജല വിതരണപദ്ധതി (JRY) | " | 15ാം വാർഡ്<br>തുമ്പപ്പാടം-തോട്ടുപാടം ഭാഗം | ശുദ്ധജലം |
| 4. | കുറുന്തലക്കുന്ന് പദ്ധതി (JRY) | പണിതീർന്നു | 6,7 വാർഡുകൾ<br>7ൽ ഭാഗികം | ഇലക്ട്രിസിറ്റി ലഭിക്കണം. |
| 5. | മങ്ങാട്ടുനിലം രാജീവ് ശുദ്ധജല വിതരണ പദ്ധതി | അനുമതി ലഭിച്ചു, പണി തുടങ്ങി | 14ാം വാർഡ് | |
| 6. | തിയ്യത്ത് താഴം പദ്ധതി (രാജീവ് സ്കീം) | അനുമതി ലഭിച്ചു. | 9,10,11 വാർഡുകൾക്ക് ഉപകരിക്കും | |
| 7. | പുതിയാറമ്പത്ത് W.S.S. (JRY) | " | 2,3,4, വാർഡുകൾക്ക് ഉപകരിക്കും | |
| 8. | കുന്നത്ത് മോട്ട, കള്ളിക്കൂടം (JRY) | അനുമതി ലഭിച്ചു<br>ഉടൻ പണി തുടങ്ങും | 11, 12 വാർഡുകൾക്ക് ഉപകരിക്കും<br>11ൽ ഭാഗികം | |
| 9. | ഇടക്കയിൽപടി പുറ്റേക്കാട് (JRY) | ഉടൻ തുടങ്ങും | 7,8 വാർഡുകൾക്ക് ഉപകരിക്കും | |
| 10. | ചെനപ്പറമ്പ് | സ്ഥലം കിട്ടി പണി പരിഗണനയിൽ | 5ാം വാർഡ് | |
| 11. | പൈക്കുറ്റി കോളനി, കടുവാക്കുളം (രാജീവ് സ്കീം) | അനുമതി പ്രതീക്ഷിക്കുന്നു | 1,2,5 വാർഡുകൾ | |
| 12. | പള്ളിത്തറ W.S.S. | പണിതീരാറായി | 3,4 വാർഡുകൾ | |
| 13. | മംഗലശ്ശേരി കുളം സ്കീം | പരിഗണനയിൽ | 13,14 വാർഡുകൾ | |

വാർഡ് 7 : മണ്ണാർപാടം, കക്കാട്ട് പറമ്പ് ലക്ഷം വീട് മുന്നിലാം പാടം, പാച്ചാക്കപടന്ന, കൈതോലി പാടം, കുന്നത്ത് പറമ്പ്, ചുള്ളിത്തറ, മാട്ടുപുറം, ചേമ്പി ട്ടിൽ എന്നിവിടങ്ങളിൽ ക്ഷാമമുണ്ട്. അര കിലോമീറ്ററി ലധികം പോയി വെള്ളം കൊണ്ടുവരേണ്ട സ്ഥിതി യുണ്ട്.

വാർഡ് 8: മുടത്തിച്ചിറ മുതൽ ഇടക്കഴിപടി വരെ യുള്ള പുഴയോരം, പുതുക്കഴിപ്പാടം പുളിക്കൽ തറ, കൈതോലി മുതൽ പുഴക്കര വരെ നടുവത്തിക്കുഴി, ചെമ്പനി എന്നിവിടങ്ങളിൽ വെള്ളക്ഷാമമുണ്ട്. 400 മിറ്റർ ദൂരെനിന്ന് വെള്ളം കൊണ്ടുവരേണ്ടി വരുന്നു.

വാർഡ് 9 : മുതുവാട്ട് പാറ, കുറ്റിപ്പടി, തണ്ണിച്ചാൽ, നാലുകണ്ടം, കരിന്താറ്റിൽ, ഇടക്കഴിക്കടവ് പുഴയോ രം, ചെമ്മഴിപാടം, കല്ലമ്പാറ എന്നിവിടങ്ങളിൽ ജല ക്ഷാമമുണ്ട്. വേനൽക്കാലത്ത് ഉപ്പുവെള്ളം മൂലവും മഴക്കാലത്ത് മലിനികരണം മൂലവും ക്ഷാമം ഉണ്ടാ കുന്നു.

വാർഡ് 10 : തിയ്യത്ത്താഴം, അയ്യമ്പാക്കി, പുല്ലി ക്കടവ് എന്നിവിടങ്ങളിൽ ഉപ്പുവെള്ളം, ചെനപ്പറമ്പ് ഏരിയ, കല്ലു വളപ്പ് എന്നിവിടങ്ങളിലും ക്ഷാമമുണ്ട്.

വാർഡ് 11 : വേനൽക്കാലത്ത് കുടിവെള്ളത്തിന് വളരെ ദൂരം പോകേണ്ടിവരുന്നു. പഞ്ചായത്ത് കിണ റിലെ വെള്ളത്തിന് വേനൽക്കാലത്ത് ഉപ്പുരസമുണ്ട്. എല്ലാ സ്ഥലത്തും ജല ക്ഷാമമുണ്ട്. വളരെ ദൂരെ നിന്ന് വെള്ളം കൊണ്ടുവരേണ്ടിവരുന്നു.

വാർഡ് 12 : കള്ളിത്തൊടി, അയ്യമ്പാടം, ലക്ഷം വീട് കോളനി, കക്കാട്ട് പാറ, പല്ലൊടി പാടം, മങ്കുഴി പൊറ്റ (ചുങ്കം) ചന്തയുടെ തെക്കുഭാഗം എന്നിവിടങ്ങ ളിൽ സ്ഥിരമായി വെള്ളക്ഷാമം അനുഭവപ്പെടുന്നു.

വാർഡ് 13 : ഭൂരിഭാഗം ഭാഗങ്ങളിലും ജലക്ഷാമ മുണ്ട്.

വാർഡ് 14 : 75% സ്ഥലത്തും രൂക്ഷമായ ജലക്ഷാ മമുണ്ട്.

## പരിഹാരനിർദ്ദേശങ്ങൾ

വാർഡ് 1 :

- വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് കൃത്യസമയത്ത് നടത്തുക. ടാങ്കിൽ വെള്ളം നിറഞ്ഞതിനുശേഷം മാത്രം വാൾവ് തുറക്കുക. അടുത്ത് വേറെ കിണർ കുഴിച്ച് ഈ ടാങ്കിലേക്ക് കൂടുതൽ വെള്ളം പമ്പ് ചെയ്യുക
- നെടുമ്പ്രം കുളം കെട്ടി സംരക്ഷിക്കുക
- കടുവാക്കുളത്തിൽ കിണർ കുഴിച്ച് ശുചിയായി സംരക്ഷിച്ച് ജലവിതരണം നടത്തുക
- പനങ്കുളം പദ്ധതി നടപ്പിലാക്കുക (മുമ്പ് K.W.A. യുടെ പരിഗണനയിൽ ഉണ്ടായിരുന്നത്)
- ഫറോക്ക് റെയിൽവേ മൈതാനിയിൽ ഒരു കിണ റിന്നാവശ്യമായ സ്ഥലം സമ്പാദിച്ച് കിണർ കുഴിച്ച് ജല വിതരണം നടത്തുക
- കാഞ്ഞിരത്തിങ്കൽ ഭാഗത്ത് മൺകുഴി കെട്ടി സംര ക്ഷിച്ച് ജലവിതരണം നടത്തുക

വാർഡ് 2 :

- നെടുമ്പ്രം പദ്ധതി (ഒന്നാം വാർഡിലെ പരിഹാര നിർദ്ദേശങ്ങൾ നോക്കുക)
- മാത്തിൽപാടം ഭാഗത്ത് പൊതുകിണർ നിർമ്മി ക്കുക
- ജി.എൽ.പി. സ്ക്കൂൾ കിണറ്റിൽനിന്ന് പൊതുവി തരണം നടത്തുക

വാർഡ് 3 :

- പുറമെനിന്ന് പൈപ്പ് വഴി വെള്ളം എത്തിക്കുക യും കൂടുതൽ പൊതു ടാപ്പുകൾ സ്ഥാപിക്കുക യും ചെയ്യുക.

വാർഡ് 4 :

- പൂത്തോളം പഞ്ചായത്ത് കിണർ വൃത്തിയാക്കി ജല വിതരണം നടത്തുക
- പുറമേ നിന്ന് വെള്ളം എത്തിക്കുക.



വാർഡ് 5 :

പനങ്കുളം, കടുവാക്കുളം എന്നിവ കെട്ടി സംരക്ഷിച്ച് കിണർ കുഴിച്ച് ജലവിതരണം ചെയ്യുക

നിലവിലുള്ള കിണറുകൾ സംരക്ഷിക്കുന്നതിന് മലിനജലം പുഴയിലേക്കൊഴുക്കാൻ ഡ്രെയ്നേജ് നിർമ്മിക്കുക

പുറമെനിന്ന് വെള്ളം എത്തിക്കുക

ചെനപ്പറമ്പ് പദ്ധതി നടപ്പിലാക്കുക

വാർഡ് 6 :

രാമൻകുളത്തിലും, കുന്നൻകുളങ്ങര കുളത്തിലും കിണർ കുഴിച്ച് വെള്ളം വിതരണം നടത്തുക

കുറുന്തലക്കുന്ന് പദ്ധതിയുടെ പണിതീർന്നു, വൈദ്യുതി ലഭ്യമാക്കണം

വാർഡ് 7:

കറുത്തേക്കൽ കുളത്തിൽനിന്നോ, കെ.സി. മാധവൻ, ഭാസി എന്നവരുടെ സ്ഥലത്ത് കിണർ കുഴിച്ചോ പൊതു വിതരണത്തിന് ജലം കണ്ടെത്തണം.

എളമ്പിലാശ്ശേരി പറമ്പ് (ഇല്ലിക്കൽ ഹസ്സൻ), തയ്യിലെ പറമ്പിലോ (ഇല്ലിക്കൽ റിയാസ്) കിണർ കുഴിച്ച് വെള്ളം കണ്ടെത്തണം.

പുറ്റെക്കാട്ട് A.M.L.P.സ്ക്കൂളിന് സമീപമുള്ള പഞ്ചായത്ത് കിണറിനോടനുബന്ധിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തണം.

വാർഡ് 8 :

പാണ്ടികശാല ബീരാന്റെ കുളം വൃത്തിയാക്കി ടാങ്ക് കെട്ടി ജലം വിതരണം നടത്തണം.

ഇടക്കഴിതാഴത്തെ പഞ്ചായത്ത് കിണറിന് ടാങ്ക് കെട്ടണം. (ഇത് പഞ്ചായത്തിന്റെ പരിഗണനയിലുള്ള പദ്ധതിയാണ്)

ഇല്ലിക്കൽ കുഞ്ഞിമൊയ്തീൻ സാഹിബിന്റെ ചെറാഞ്ചീരി താഴം എന്ന വയലിൽ ഒരു കിണർ കുഴിച്ച് ടാങ്ക് കെട്ടി ജലവിതരണം നടത്തണം

പാണ്ടിപ്പാടത്ത് ബണ്ട് കെട്ടണം

വാർഡ് 9 :

തണ്ണിച്ചാൽ കോളനിയിലെ സ്വകാര്യ കിണറ്റിലേക്ക് മലിനജലം കുത്തിയൊഴുകുന്നത് തടയണം

പുതിയ കിണ കൾ കുഴിച്ച് ജലവിതരണം നട ത്തണം

വാർഡ് 10 :

- പെരുമുഖം ചെനപറമ്പിലെ പഞ്ചായത്ത് കിണറ്റിൽനിന്ന് വെള്ളം വിതരണം ചെയ്യണം
- പുല്ലിക്കടവ്, അയ്യമ്പാക്കി പ്രദേശത്ത് ഉപ്പ് രസമില്ലാത്ത വെള്ളം കിട്ടുന്ന സ്ഥലം കണ്ടുപിടിച്ച് കിണർ കുഴിച്ച് ജലവിതരണം നടത്തണം.

വാർഡ് 11 :

- ചാലിപ്പാടം മൺകുഴി പരിരക്ഷിച്ച് ജലവിതരണം നടത്തുക
- നിലവിലുള്ള നാല് പഞ്ചായത്ത് കിണറിലെ സാധ്യത പരിശോധിച്ച് വെള്ളം വിതരണം ചെയ്യുക
- കോളനികളിലെ കുഴൽ കിണർ നന്നാക്കുക

വാർഡ് 12 :

- ഇടക്കാട്ട്താഴം, കാട്ടുങ്ങൽ എന്നിവിടങ്ങിൽ പഞ്ചായത്ത് വക കിണർ കുഴിച്ച് ടാങ്ക് കെട്ടി വെള്ളം വിതരണം ചെയ്യുക.
- N.N.L.P.B. സ്ക്കൂളിന്റെ പരിസരത്ത് ഒരു പൊതു ടാപ്പ് സ്ഥാപിക്കണം

വാർഡ് 13 :

- കോട്ടപ്പാടത്ത് നിലവിലുള്ള മൺകുഴി സംരക്ഷിച്ച് ജലം ശുദ്ധീകരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാക്കുക.

വാർഡ് 14 :

- ഡോ. രാധാഗോപിയുടെ സ്ഥലത്ത് കിണർ കുഴിച്ച് ജലവിതരണം നടത്തുക
- നാച്ചുംപറമ്പിലെ പഞ്ചായത്ത് കിണറും, ചേരട്ടയിൽ പറമ്പിലുള്ള പഞ്ചായത്ത് കിണറും, മമ്മളി പറമ്പിലുള്ള പഞ്ചായത്ത് കിണറും താഴ്ത്തി വൃത്തിയാക്കി ജലവിതരണത്തിന് ഉപയോഗിക്കുക.


വാർഡ് 15 :

- പേട്ടയിൽ പഞ്ചായത്ത് സ്ഥലത്ത് പള്ളിക്കുളത്തിന് സമീപം കിണർ കുഴിച്ച് ജലവിതരണം നടത്തണം.

മഴ പെയ്യുന്ന വെള്ളം പറമ്പുകളിൽനിന്നും വയലുകളിൽനിന്നും കുത്തിയൊലിച്ച് തോടുകൾ വഴി പുഴയിലും കടലിലും ചെന്നു ചേരുകയാണ്. മാത്രമല്ല, നമ്മുടെ പുരയിടങ്ങളിൽനിന്നുപോലും വെള്ളം പലരും പൈപ്പുവഴി പുറത്ത്വിടുന്നു. എന്നാൽ ഇങ്ങനെ നഷ്ടപ്പെടുന്ന ജലം കുറെയൊക്കെ കുഴികളിലും മറ്റും സംഭരിച്ചു നിർത്താം. പൊട്ടക്കിണറുകൾ തൂർത്ത് കളയാതെ ജലസംഭരണികളായി നിലനിർത്തണം. ചില പ്രദേശങ്ങളിൽ കുളങ്ങൾ തന്നെ നിർമ്മിച്ച് വെള്ളം ഒഴുകിപ്പോകാതെ സൂക്ഷിക്കാം. ഇത്തരം കുളങ്ങൾ മത്സ്യകൃഷിക്ക് ഉപയോഗിക്കാമെന്നൊരു സൗകര്യം കൂടിയുണ്ട്. തോടുകളിൽ ബണ്ടുകളും ഉയർന്ന സ്ഥലങ്ങളിൽ തടയണകളും കെട്ടി വെള്ളം ഒഴുകിപ്പോകുന്നത് തടയണം.

വെള്ളം അമൂല്യമാണ്. അത് പാഴാക്കിക്കളയാതെ സംരക്ഷിക്കപ്പെടണം. ഗൗരവബുദ്ധ്യാ ഇക്കാര്യത്തെ സമീപിക്കണം. വെള്ളം സംരക്ഷിക്കുന്നതിനുള്ള ബോധവൽക്കരണം അത്യാവശ്യമാണ്.

# പൊതുജനാരോഗ്യം



ഒരു പ്രദേശത്തെ ജനങ്ങളുടെ ആരോഗ്യസ്ഥിതി ആ പ്രദേശത്തിന്റെ പുരോഗതിയുടെ ചൂണ്ടുപലകയാണ്. സംസ്ഥാനത്തിന്റേയും ജില്ലയുടേയും ശരാശരിയിൽനിന്നും അല്പം ഉയർന്നുനിൽക്കുന്നതാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ നിലവാരം ജില്ലയിലെ മരണനിരക്ക് 5.9ഉം ജനനനിരക്ക് 19.7ഉം ആയിരിക്കെ പഞ്ചായത്തിലേത് യഥാക്രമം 3.74 ഉം 17ഉം ആകുന്നു.

ഇന്ത്യയിലെ ഒരു പൗരനും സാമ്പത്തികപരാധീനതകൊണ്ട് അത്യാവശ്യമായ ചികിത്സ ലഭിക്കാതിരിക്കരുത് എന്നാണ്. ആരോഗ്യവികസനത്തെക്കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി 1946ൽ നിയമിച്ച ഹെൽത്ത് സർവ്വെ ഡെവലപ്പ്മെന്റ് കമ്മറ്റി റിപ്പോർട്ടിൽ പറഞ്ഞത്. ഈ നിർദ്ദേശം ഒരു പരിധിവരെയെങ്കിലും പ്രായോഗികമാകണമെങ്കിൽ ഫറോക്ക് പഞ്ചായത്തിൽ ആരോഗ്യപരിപാലനരംഗത്ത് സമഗ്രമായ പ്രവർത്തനങ്ങളും ഗണ്യമായ മുതൽമുടക്കും അനിവാര്യമാണ്.

അമ്പതിനായിരത്തിലേറെ ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ സർക്കാർ ഉടമയിൽ ഒരു പ്രൈമറി ഹെൽത്ത് സെന്ററും അതിനുകീഴിയിൽ പ്രവർത്തിക്കുന്ന രണ്ടു കുടുംബക്ഷേമകേന്ദ്രങ്ങളും മാത്രമാണുള്ളത്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയകമ്മിറ്റി രൂപീകരിച്ച് ബഹുജനപങ്കാളിത്തത്തോടെ സർക്കാറിന്ന് കൈമാറിയ കെട്ടിടത്തിൽ 1973ൽ സ്ഥാപിച്ച ചന്തയിലെ PHCയുടെ നില വളരെ ശോചനീയമാണ്. തുടക്കത്തിൽ അവിടെ രോഗികളെ കിടത്തി ചികിത്സിച്ചിരുന്നുവെങ്കിലും ഇപ്പോൾ രണ്ടു ദശാബ്ദത്തോളമായി O.P. വിഭാഗംമാത്രമാണ് പ്രവർത്തിക്കുന്നത്. അതും 8 മണി മുതൽ 1 മണിവരെമാത്രം. മറ്റു സമയത്ത് നാട്ടുകാർക്ക് ചികിത്സക്കുവേണ്ടി സ്വകാര്യ ആശുപത്രിയെത്തന്നെ ആശ്ര

യിക്കേണ്ടിവരുന്നു. പ്രാഥമികമായ പരിശോധനകൾക്കുള്ള ലബോറട്ടറി സൗകര്യമോ, X-Ray സൗകര്യമോ ഇവിടെയില്ല.

ആശുപത്രി ഉപദേശകസമിതിയുടേയും വികസന സമിതിയുടേയും പ്രവർത്തനം ഫലപ്രദമല്ലാത്തത് ഇതിനൊരു കാരണമായികരുതാം. ആരോഗ്യവകുപ്പും ഇക്കാര്യത്തിൽ ശുഷ്ക്കാന്തി കാണിക്കുന്നില്ല. ആശുപത്രിയിലെ ഡോക്ടർക്കും, മറ്റു ജീവനക്കാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സ് സൗകര്യം ഇല്ലാത്തതുകൊണ്ട് ഇവരുടെ സേവനം പരിമിതമായേ ലഭിക്കുന്നുള്ളൂ. ഒ.പി.യിൽ വരുന്ന രോഗികൾക്ക് ഇരിക്കാനുള്ള ബെഞ്ചോ, പ്രാഥമികസൗകര്യങ്ങൾ പോലുമോ ഇവിടെയില്ല.

അമ്പതിനായിരത്തിലേറെ ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 10 മെഡിക്കൽ ഷാപ്പുകളിലൂടെ അറുപത് ലക്ഷത്തിലധികം രൂപയുടെ മരുന്നുകൾ കൊല്ലംതോറും വിറ്റഴിക്കപ്പെടുന്നതായാണ് മതിപ്പ്കണക്ക്. സർക്കാർ ആശുപത്രികളുടെ സൗജന്യചികിത്സാരംഗത്തുള്ള അപര്യാപ്തതയാണ് ഇതു കാണിക്കുന്നത്.

1965ൽ ഫാക്ടറി തൊഴിലാളികൾക്ക്വേണ്ടി ഫറോക്കിൽ ഒരു ഇ.എസ്സ്.ഐ ഡിസ്പൻസറി സ്ഥാപിച്ചിരുന്നു. ഇതിനുശേഷം ഫറോക്ക് പഞ്ചായത്തിൽ നിരവധി സ്വകാര്യചികിത്സാ സ്ഥാപനങ്ങൾ ഉണ്ടായിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിലല്ലെങ്കിലും ഫറോക്കിലെ ജനങ്ങൾക്ക് ആശ്രയമായിരുന്നു സ്വകാര്യഉടമയിലുള്ള ചെറുവണ്ണൂരിലെ റൂറൽ ഫാർമസി എന്ന "കുറുപ്പിന്റെ ആശുപത്രി". അബു കമ്പോണ്ടർ രംഗത്ത് നൽകിയ സേവനവും സ്മരണീയമാണ്.

വ്യവസായ തൊഴിലാളികൾക്കും അവരുടെ കുടുംബാംഗങ്ങൾക്കും കിടത്തി ചികിത്സിക്കുന്നതിന്ന് പരിമിതമായ തോതിൽ കാഷ്വാലിറ്റി സൗകര്യങ്ങളുള്ള 100 കിടക്കകളുള്ള ഒരു റിജനൽ റഫറൽ ഇ.എസ്സ്.ഐ ആശുപത്രി നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ ഇവിടെ ഇനിയും ആധുനിക സൗകര്യങ്ങൾ ഉണ്ടാവേണ്ടിയിരിക്കുന്നു.

1995ൽ നിലവിൽവന്ന ഫാറൂഖ് ഹോസ്പിറ്റലിൽ വിവിധ സ്പെഷലിസ്റ്റുകളുടെ സേവനം ലഭ്യമാണ്. കല്ലംപാറയിലെ "ശിഫ" ഹോസ്പിറ്റലും, ചുങ്കത്തുള്ള 'ക്രസന്റ്' ഹോസ്പിറ്റലും കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള സാമാന്യം ഭേദപ്പെട്ട സ്വകാര്യ ആശുപത്രികളാണ്. ഫറോക്ക് ടൗണിൽ ഒരു സ്വകാര്യ ദന്താശുപത്രിയും നിലവിലുണ്ട്.

ആയുർവ്വേദ ചികിത്സാരംഗത്ത് പ്രാഗല്ഭ്യം പുലർത്തിയ പരേതരായ പെരച്ചുട്ടി വൈദ്യർ, കുമാരൻവൈദ്യർ തുടങ്ങിയ പാരമ്പര്യവൈദ്യന്മാരും നാട്ടുവൈദ്യന്മാരും ഈ മേഖലയിൽ പഴയ കാലത്ത് അവരുടേതായ സേവനം നൽകിയിട്ടുണ്ട്. ഇപ്പോൾ 25 കിടക്കകളുള്ള ഒരു ആയുർവ്വേദ ആശുപത്രി മലബാർ ഹോസ്പിറ്റലിന്റെ ബ്രാഞ്ചായി നമ്മുടെ പഞ്ചായത്തിലെ കരുവൻതുരുത്തിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഒമ്പത് നാട്ടു വൈദ്യന്മാരുടെ സേവനം ആര്യവൈദ്യചികിത്സാരംഗത്ത് ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ ലഭ്യമാണ്. സർക്കാർ തലത്തിൽ ആയുർവ്വേദ ചികിത്സാരംഗത്തും ഹോമിയോ ചികിത്സാരംഗത്തും ഒരു സ്ഥാപനവും ഫറോക്കിലില്ല.

നാട്ടുവൈദ്യ ചികിത്സാ സമ്പ്രദായത്തിൽ വിഷചികിത്സ നടത്തുന്ന 4 വൈദ്യന്മാർ ഈ പഞ്ചായത്തിലുണ്ട്.

പാരമ്പര്യ വിഷചികിത്സാരംഗത്ത് പരേതനായ കലന്തൻകുട്ടിവൈദ്യർ നൽകിയ സേവനവും അവിസ്മരണീയമാണ്. ഇംഗ്ലീഷുകാരനായ ഡോ: ഹാർലി ഫറോക്കിൽ ഹോമിയോ ചികിത്സാരംഗത്ത് പ്രസിദ്ധനായിരുന്നു.

അതുപോലെ തന്നെ ഡോക്ടർ സി. രാജാറാം ദീർഘ കാലം ഹോമിയോ ചികിത്സാ രംഗത്ത് സജീവമായിരുന്നു. ആറു പേർ ഫറോക്ക് പഞ്ചായത്തിൽ സ്വകാര്യ ഹോമിയോ പ്രാക്ടീസ് നടത്തുന്നു.

നമ്മുടെ പഞ്ചായത്തിൽ ഒരു വയസ്സിന് താഴെയുള്ള ആയിരത്തോളം കുട്ടികളിൽ 359 കുട്ടികൾക്ക് മാത്രമാണ് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽനിന്നും പ്രതിരോധ കുത്തിവെപ്പ് കിട്ടിയിട്ടുള്ളത്. ഭൂരിഭാഗം ജനങ്ങളും ചികിത്സക്ക് ആശ്രയിക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളെയാണ്. പ്രതിരോധകുത്തിവെപ്പിനുള്ള മരുന്നുകൾ നിശ്ചിത ഊഷ്മാവിൽ സൂക്ഷിക്കുന്നതിനുള്ള ഐ.എൽ.ആർ പോലുള്ള സൗകര്യങ്ങൾ സർക്കാർ ആശുപത്രികളിൽ മാത്രമേ നിലവിലുള്ളൂ എന്നതിനാൽ അവിടെനിന്നു തന്നെ പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതാണ് ഉത്തമം. ഈ പഞ്ചായത്തിൽ കണ്ടുവരുന്ന ചില പ്രത്യേക രോഗങ്ങളെ സംബന്ധിച്ച് താഴെ കൊടുക്കുന്നു.

മന്തുരോഗം:

ഈ പഞ്ചായത്തിലെ 1,2,3,5 വാർഡുകളിൽ മന്തുരോഗം (Endemic) ധാരാളമായി കണ്ടുവരുന്നു. കാരപ്പറമ്പിലുള്ള കേന്ദ്രസർക്കാറിന്റെ ഫൈലേറിയ റിസർച്ച് സെന്ററിൽനിന്ന് ഉദ്യോഗസ്ഥന്മാർ ഇവിടെ വന്ന് പരിശോധന നടത്തി ചികിത്സ നിർദേശിക്കാറുണ്ടെങ്കിലും ഫലപ്രദമായ കൊതുകുനിവാരണപ്രവർത്തനങ്ങൾ ഒന്നും ഇപ്പോഴും നടക്കുന്നില്ല.

കേൻസർ:

കോഴിക്കോട് ജില്ലയിൽ ഫറോക്ക് പഞ്ചായത്തിൽ കേൻസർ രോഗികളുടെ എണ്ണം പൊതുവെ കൂടുതലാണ്. കേൻസർ രോഗികളുടെ എണ്ണത്തിൽ ഫറോക്ക്, ജില്ലയിൽ 3-ാം സ്ഥാനത്താണെന്ന് ചില സർവ്വെ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഇത് ഗൗരവമായെടുക്കേണ്ടിയിരിക്കുന്നു.

പോഷകാഹാരകുറവ്:

പോഷകാഹാരകുറവുകാരണം ഉണ്ടാകുന്ന രോഗങ്ങളുമായി 3000ത്തിലധികം പേർ ഒരുവർഷം നമ്മുടെ PHC യിൽ വരുന്നുണ്ട്. കൊക്കപ്പുഴു, വിരശല്യം തുടങ്ങിയ രോഗങ്ങൾക്ക് പോഷകാഹാരകുറവ് കാരണമാവുന്നു.

പകർച്ചവ്യാധികൾ:

വയറിളക്കം, ഛർദ്ദി, സന്നിപാതജ്വരം (ടൈഫോയ്ഡ്) മുതലായ ജലജന്യരോഗങ്ങളും, വായുവിൽകൂടി പകരുന്ന ശ്വാസകോശ സംബന്ധമായ രോഗങ്ങളും ചിക്കൻപോക്സ്, മീസിൽസ് തുടങ്ങിയ വൈറസ് രോഗങ്ങളും ഇവിടെ കണ്ടുവരുന്നു.

പരിസരശുചീകരണം:

ഈ പഞ്ചായത്തിലെ 1500 ഓളം വീടുകൾക്ക് സ്വന്തമായി കക്കൂസ് ഇല്ല. 11, 13 വാർഡുകളിൽ 30% വീടുകളിൽ കക്കൂസ് ഇല്ല എന്ന് ചില കണക്കുകൾ കാണിക്കുന്നു.

പഞ്ചായത്തിന്റെ ട്രഞ്ചിങ്ങ് ഗ്രൗണ്ട് പരിസരമലിനീകരണത്തിന് ഇടയാക്കുന്നുണ്ട്. I.O.Cയിൽനിന്ന് പുറത്തുവിടുന്ന മലിനജലം സുരക്ഷിതമായ സ്ഥലത്തേക്ക് ഒഴുക്കി കളയുന്നില്ലെങ്കിൽ അത് ഡ്രെയിനേജിൽ കെട്ടിക്കിടന്ന് പരിസരമലിനീകരണം സൃഷ്ടിക്കും.

കുണ്ടേത്തടം കോളനിയിലെ വാട്ടർടാങ്ക് മൂടാത്തതുകാരണം വെള്ളം അശുദ്ധമാകുന്നുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചപ്പുചവറുകൾ കൂടികിടന്ന് പരിസരമലിനീകരണം ഉണ്ടാക്കുന്നു.

പല സ്ഥലത്തും ഡ്രെയിനേജ് ഇല്ലാത്തതിനാൽ അഴുക്കുവെള്ളം കെട്ടിക്കിടക്കുന്നു. ഇത് കൊതുകുകൾ പെരുകുന്നതിനും, കിണറുകൾ മലിനമാകുന്നതിനും കാരണമാകുന്നു. കക്കൂസ് ടാങ്കുകൾ സുരക്ഷിതമല്ലാത്തതും കൊതുക്പെരുകുന്നതിന്റെ പ്രധാന കാരണമാണ്.

പഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം വേണ്ടത്ര ഉപയോഗയോഗ്യമല്ല. അതുകൊണ്ടുതന്നെ സ്വന്തമായി വേണ്ടത്ര സ്ഥലമില്ലാത്ത ആളുകൾ പോലും സ്വന്തം വീട്ടുവളപ്പിൽ തന്നെ ശവം അടക്കാൻ നിർബന്ധിതരാവുന്നു. ഇത് ഒരു ആരോഗ്യപ്രശ്നമാണ്.

പുഴയോര പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറി പരിസരത്തെ കിണറിലെ വെള്ളം ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയുണ്ടാവുന്നു.

അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ പഞ്ചായത്തിലെ ജനങ്ങൾക്കും പ്രത്യേകിച്ച് കുട്ടികൾക്കും ഒരു ഭീഷണിയാണ്.

വികലാംഗർ:

പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തിട്ടുള്ള അംഗവൈകല്യമുള്ളവർ 105 ആണ്. എന്നാൽ രജിസ്റ്റർ ചെയ്യാത്തവർ ഇതിൽ കൂടുതൽ ഉണ്ടാകുമെന്നാണ് കരുതുന്നത്. കൂടാതെ മാനസിക വൈകല്യം ബാധിച്ചവരും മന്ദബുദ്ധികളും ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. ഗുരുതരമായ മാനസികരോഗികൾ മൊത്തം ജനസംഖ്യയുടെ ഒരു ശതമാനം വരുമെന്നാണ് കണക്ക്.

## നിർദ്ദേശങ്ങൾ

- രോഗാവസ്ഥയുടെ കാരണങ്ങൾ ജനിതകം, പോഷകാഹാരകുറവ്, ദാരിദ്ര്യം, സ്വഭാവം, രോഗാണുക്കൾ എന്നിവയാണെന്ന് വളരെ ലളിതമായി പറയാം. ഇതിന് പരിഹാരം കണ്ടെത്തണം.
- പൊതുജനാരോഗ്യരംഗത്ത് ഊന്നൽ നൽകേണ്ടത് രോഗം വരുന്നത് തടയാനാണ്. എന്നാൽ ചികിത്സക്കുവേണ്ടി വരുന്ന ബുദ്ധിമുട്ടുകളും ചെലവുകളും ഗണ്യമായി കുറയ്ക്കാൻ കഴിയും. ഇതിനായി സ്ഥായിയായ ഗുണഫലങ്ങൾ ഉണ്ടാക്കുന്ന നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. ഉദാഹരണമായി പോഷകാഹാരക്കുറവുകൊണ്ടുണ്ടാവുന്ന രോഗങ്ങൾ ഇല്ലായ്മ

ചെയ്യുന്നതിന് പോഷകാഹാരങ്ങൾ വിതരണം ചെയ്യുന്നതിനു പറമെ ഇതിനു കാരണമായിട്ടുള്ള ദാരിദ്ര്യം, പരിസരമലിനീകരണം എന്നിവ ഇല്ലാതാക്കേണ്ടതുണ്ട്.

- കുഞ്ഞുങ്ങൾക്ക് കൃത്യമായി ബേബി ഫുഡുകൾ കൊടുക്കുന്ന സമ്പ്രദായം നിരുത്സാഹപ്പെടുത്തണം. രണ്ടു വയസുവരെയെങ്കിലും കുട്ടികൾക്ക് മുലയൂട്ടണം. കുട്ടികളുടെ സന്തുലിതമായ പോഷണത്തിനും രോഗപ്രതിരോധത്തിനും ഇത് കൂടുതൽ സഹായകരമാണ്.
- എല്ലാ വാർഡുകളിലും കുട്ടികളെ എളുപ്പം എത്തിക്കാവുന്ന സ്ഥലത്ത് തന്നെ അംഗനവാടികൾ സ്ഥാപിച്ച് അവയിലൂടെ പോഷകാഹാരങ്ങൾ വിതരണം ചെയ്യണം.
- അതുപോലെതന്നെ പകർച്ചവ്യാധികൾ തടയുന്നതിന് പരിസര ശുചീകരണവും സാംക്രമിക രോഗങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണവും നടത്തണം. മൊത്തം ജീവിത നിലവാരം ഉയർന്നാൽ ഭൂരിഭാഗം രോഗങ്ങളെയും തടയാൻ കഴിയും.
- പ്രതിരോധ കുത്തിവെപ്പ്:
  ഈ പഞ്ചായത്തിലെ ഭൂരിഭാഗം കുട്ടികളും പ്രൈവറ്റ് ആശുപത്രിയിൽനിന്നാണ് പ്രതിരോധ കുത്തിവെയ്പ് നടത്തിയതായി കാണുന്നത്. ഈ സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി PHC വഴി തന്നെ കഴിയുന്നത്ര പ്രതിരോധ കുത്തിവെയ്പുകൾ നടത്താനാവശ്യമായ ജീവനക്കാരെ നിയമിക്കണം. അവർ കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.
- പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ തുടക്കത്തിൽ ഉണ്ടായിരുന്നതുപോലെ 14 രോഗികളെയെങ്കിലും കിടത്തി ചികിത്സിക്കാനുള്ള നടപടികൾ എടുക്കേണ്ടതാണ്. ഇതിനാവശ്യമായ ഡോക്ടർമാരേയും മറ്റു ജീവനക്കാരെയും നിയമിക്കണം. ഡോക്ടർമാർക്കും നഴ്സുമാർക്കും താമസിക്കാനുള്ള ക്വാർട്ടേഴ്സ് ഉണ്ടാക്കണം.
- X-Ray, Lab സൗകര്യം ഉണ്ടാക്കണം.
- ആശുപത്രി വികസനസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കി കൂടുതൽ സൗകര്യങ്ങൾ പൊതുജനപങ്കാളിത്തത്തോടെ ഏർപ്പെടുത്തണം.
- ആശുപത്രിയിൽ ആവശ്യമായ ഫർണിച്ചർ ഉണ്ടാക്കണം.
- ഈ സാഹചര്യത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആംബുലൻസ് സർവ്വീസ് ആവശ്യമാണ്.
- പതിനായിരം ആളുകൾക്ക് ഒരു സബ് സെന്റർ എന്ന തോതിൽ സ്ഥാപിക്കേണ്ടതാണ്. (നിലവിലുള്ള 2 എണ്ണത്തിനുപുറമെ)
- ഈ പഞ്ചായത്തിൽ ഒരു സർക്കാർ ആയുർവ്വേദ ആശുപത്രിയും, ഒരു സർക്കാർ ഹോമിയോ ആശുപത്രിയും സ്ഥാപിക്കണം.
- കേൻസർ: കേൻസർ രോഗത്തെപ്പറ്റി വ്യാപകമായ ബോധവൽക്കരണം നടത്തണം. കേൻസർ ആരംഭദശയിൽ തന്നെ കണ്ടുപിടിച്ചാൽ അതിന്റെ മാരക ഫലങ്ങൾ ഒഴിവാക്കാൻ കഴിയും എന്നുള്ളതുകൊണ്ട് തുടർച്ചയായ കേൻസർ നിർണ്ണയ കേമ്പുകൾ നടത്തണം. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേന ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കണം.
- പരിസര ശുചീകരണം: 4 സെന്റ് ഭൂമിയിൽ താമസിക്കുന്ന ജനങ്ങൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് പൊതുകക്കൂസുകൾ നിർമ്മിച്ചുകൊടുക്കണം. സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർ സ്വന്തമായി കക്കൂസ് ഉണ്ടാക്കുന്നത് നിയമപരമായ ബാദ്ധ്യതയാക്കി മാറ്റണം. കിണറുകൾ, ആവശ്യമായസാഹചര്യത്തിൽ ക്ലോറിനേറ്റ് ചെയ്യണം.
- ചപ്പുചവറുകളുടെ സംസ്കരണം ശാസ്ത്രീയമായ രീതിയിൽ ചെയ്യണം. പ്രധാന കേന്ദ്രങ്ങളിൽ മാലിന്യം നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അത് കൃത്യമായി ശേഖരിച്ച് സംസ്കരണ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണം. ഇന്നുള്ള ട്രഞ്ചിങ്ങ് ഗ്രൗണ്ട് ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിക്കുകയോ അല്ലാത്തപക്ഷം പറ്റിയ സ്ഥലം കണ്ടുപിടിച്ച് മാറ്റുകയോ ചെയ്യണം. ജനസാന്ദ്രത കുറവുള്ള സ്ഥലത്ത് സംസ്കരണകേന്ദ്രം സ്ഥാപിക്കുകയും കമ്പോസ്റ്റ് കുഴികൾ കുഴിച്ച് ശാസ്ത്രീയമായി മാലിന്യങ്ങൾ സംസ്കരിക്കുകയും ചെയ്യുന്നതാണ് ഫലപ്രദം. ഇതിന്ന് വാഹനവും കൂടുതൽ ജോലിക്കാരും

ആവശ്യമാണ്. കഴിയുന്നത്ര വീടുകളിൽ കമ്പോസ്റ്റ് കുഴികൾ ഉണ്ടാക്കാനുള്ള ബോധവൽക്കരണം നടത്തണം.

- പൊതുസ്ഥലങ്ങളിൽ ആഹാരസാധനങ്ങൾ തുറന്ന്‌വെച്ച് വില്പന നടത്തുന്നത് തടയണം. ഹോട്ടലുകളും മറ്റ് ആഹാരവില്പനശാലകളും കർശനമായ പരിശോധനക്ക് വിധേയമാക്കണം.
- മലിനജലം: മലിനജലം കെട്ടിക്കിടക്കുന്ന പ്രശ്നം എല്ലാ വാർഡിലുമുണ്ട്. ഇതിന്നായി ഡ്രെയിനേജുകൾ പണിയണമെന്ന നിർദ്ദേശം പരിഗണിക്കേണ്ടതാണ്. പ്രത്യേക പരിഗണന അർഹിക്കുന്ന ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.
- I.O.C കോമ്പൗണ്ടിന്ന് വാടക്കുഭാഗത്ത് നിന്നുള്ള വയലിൽനിന്നും, ഫറോക്ക് ടൗണിൽനിന്നും ഒഴുകുന്ന വെള്ളം ഒഴിവാക്കാൻ ഓവ്ചാൽ നിർമ്മിച്ച് I.O.Cയുടെ ഡ്രെയിനേജിലേക്ക് ബന്ധിപ്പിക്കുക.
- കരുപറമ്പത്ത് ഏരിയ മുതൽ വടക്കുമ്പാട്ട് പുഴ വരെയുള്ള കനാൽ ആഴം കൂട്ടുക. ഇത് ജനപങ്കാളിത്തത്തോടെ നിർവ്വഹിക്കാവുന്നതാണ്.
- പുഴയോരപ്രദേശത്ത് ഉപ്പുവെള്ളം കയറാതിരിക്കാൻ ശാശ്വതമായ ബണ്ടുകൾ നിർമ്മിക്കണം. പുഴയോരം കെട്ടി സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.
- വാഴപ്പൊറ്റത്തറ ഭാഗത്ത് കെട്ടിക്കിടക്കുന്ന മലിനജലം ഒഴുക്കിവിടാൻ N.H. റോഡിന്റെ സൈഡിൽ ഡ്രെയിനേജ് നിർമ്മിക്കണം.
- വെള്ളം കെട്ടിക്കിടക്കുന്ന ചതുപ്പ് പ്രദേശങ്ങളിൽ ഡ്രെയിനേജ് നിർമിക്കണം.
- മെയിൻറോഡുകളിൽ കെട്ടിനിൽക്കുന്ന അഴുക്കുവെള്ളം പര്യാപ്തമായ ഭാഗങ്ങളിൽ ഡ്രെയിനേജ് നിർമിച്ച് ഒഴിവാക്കണം.

ഫറോക്ക് ഗ്രാമപഞ്ചായത്ത്
പകർച്ചവ്യാധി വിവരങ്ങൾ.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1993-94 | 3079 | 2181 | NIL | 715 |
| 1994-95 | 2711 | 5097 | 20 | 420 |
| 1995-96 | 1075 | 2977 | 35 | 825 |

അവലംബം PHC ഫറോക്ക്.

ഫറോക്ക് ഗ്രാമപഞ്ചായത്ത്
1.10 പൊതുജനാരോഗ്യം

| വാർഡ് ാന്നുള്ള | ശുചീകരണാവശ്യത്തിനുള്ള ജീവനക്കാർ സ്ഥലം | മൂത്രപ്പുരകൾ | കക്കൂസുകൾ | പൈപ്പ് വെള്ളം: പൊതു ടാപ്പുകൾ | പൈപ്പ് വെള്ളം: ഹൗസ് കണക്ഷനുകൾ | പൊതു കുഴൽ കിണർ | പൊതു കിണർ | കുളിക്കടവുകൾ | ശ്മശാനങ്ങൾ | അറവു ശാലകൾ | മാലിന്യങ്ങൾ നിക്ഷേപി |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 to 15 | 6 | 2 | 2 | 99 | 150 | 1 | 25 | 2 | 1 | ഇല്ല | ചന്തക്കടവ് ട്രഞ്ചിങ് ഗ്രൗണ്ട്. |

അവലംബം : ഫറോക്ക് ഗ്രാമ പഞ്ചായത്ത് ഓഫീസ്.


| ഫറോക്ക് ഗ്രാമപഞ്ചായത്ത് ജനനമരണ വിവരങ്ങൾ | | | |
|---|---|---|---|
| വർഷം | ജനനം | മരണം | ചാപിള്ള ജനനം |
| 1993 | 330 | 181 | NIL |
| 1994 | 332 | 171 | NIL |
| 1995 | 882 | 187 | 1 |

അവലംബം - ഫറോക്ക് ഗ്രാമ പഞ്ചായത്ത് ഓഫീസ്.

ഫറോക്ക് ഗ്രാമപഞ്ചായത്ത്
സ്വകാര്യ ആരോഗ്യസ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച വിവരം.

| വർഷം | ഇൻപേഷ്യന്റ് എണ്ണം | ഔട്ട്പേഷ്യന്റ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ | | | | | |
|---|---|---|---|---|---|---|---|---|
| | | | ത്വക്ക്രോഗം (എല്ലാവിഭാഗവും) | വാതരോഗം TB | പകർച്ചവ്യാധികൾ (പാമ്പുകടി) | വിഷ ചികിൽസ | മറ്റുള്ളവ | ആകെ |
| 1992 - 93 | 300 | 8118 | 475 | ഇല്ല | ഇല്ല | ഇല്ല | 7943 | 8418 |
| 1993 - 94 | 438 | 9224 | 605 | 20 | 5 | ഇല്ല | 9032 | 9662 |
| 1994 - 95 | 759 | 15784 | 730 | 70 | 2020 | ഇല്ല | 13723 | 16543 |
| 1995 - 96 | 2896 | 28478 | 896 | 340 | 2656 | ഇല്ല | 27482 | 31374 |

- പുനരധിവാസം: ശാരീരിക വൈകല്യങ്ങളും, മാനസിക രോഗവും ബാധിച്ച 300 ലധികം ആളുകളെ പുനരധിവസിപ്പിക്കാൻ ആവശ്യമായ ഡെ കേർ സെന്ററുകൾ സ്ഥാപിക്കണം.
- കൊതുകു നിവാരണം.: കൊതുകിന്റെ ലാർവയെ നശിപ്പിക്കുന്ന മരുന്ന് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ കൃത്യമായി അടിക്കുന്നതിന് ഏർപ്പാടുണ്ടാക്കണം.
- അറവുശാല, മത്സ്യമാർക്കറ്റ്: ശാസ്ത്രീയമായ സൗകര്യങ്ങളുള്ള അറവുശാലകളും മൃഗങ്ങളെ കൊല്ലുന്നതിനുമുമ്പ് വെറ്റിനറി ഡോക്ടർമാരുടെ പരിശോധനയും ഏർപ്പെടുത്തണം.
- ഇപ്പോൾ പല സ്ഥലങ്ങളിലും റോഡിൽ വെച്ചാണ് മത്സ്യം വിറ്റുവരുന്നത്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മത്സ്യമാർക്കറ്റ് ഉണ്ടക്കണം.
- ശ്മശാനം: പഞ്ചായത്തിൽ നിലവിലുള്ള ശ്മശാനം വേണ്ടത്ര ഉപയോഗയോഗ്യമല്ല. അവിടെ ആധുനിക രീതിയിലുള്ള ചൂള നിർമ്മിക്കുക, കാടു വെട്ടി വൃത്തിയാക്കി ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുക, കാവൽക്കാരനെ നിയമിക്കുക, പൂന്തോട്ടം നിർമ്മിക്കുക, വൈദ്യുതിയും വെള്ളവും എത്തിക്കുക.



# 6

# പാർപ്പിടവും സാമൂഹ്യക്ഷേമവും

ഫറോക്ക് പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും ഇടത്തരം വിഭാഗത്തിൽപെടുന്നവരാണ്. സമ്പന്നർ കുറവാണ്; ഏകദേശം 20%ത്തോളം ദരിദ്രരുമാണ്. ഓട്ടുതൊഴിലാളികളും നിർമ്മാണതൊഴിലാളികളും വലിയൊരു ഭാഗം വരും. ചെറുകിട കർഷകരും ചെറുകിട വ്യവസായികളും ഈ പഞ്ചായത്തിലുണ്ട്. ഗൾഫ്നാടുകളിൽ 1887 പേർ ജോലിചെയ്യുന്നുണ്ട്. ഇത് ജനസംഖ്യയിൽ 4% വരും. ഇവരുടെ വരുമാനത്തിന്റെ വലിയ പങ്കും കെട്ടിട നിർമ്മാണ രംഗത്താണ് ചെലവഴിക്കുന്നത്.



## പാർപ്പിടം

ഫറോക്ക് പഞ്ചായത്തിൽ 7460 വീടുകളാണ് ഉള്ളത്. ഇതിൽ ഓടുമേഞ്ഞ വീടുകൾ 4723ഉം കോൺക്രീറ്റ് വീടുകൾ 1003ഉം ഒന്നിൽകൂടുതൽ നിലയുള്ള വീടുകൾ 470ഉം ഓലമേഞ്ഞ കുടിലുകൾ 1026ഉം മറ്റുള്ള വീടുകൾ 238ഉം ആണ്.

സ്വന്തമായി വീടില്ലാത്ത 610 കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. കൂട്ടുകുടുംബവ്യവസ്ഥ തകർന്ന ഇന്നത്തെ സാഹചര്യത്തിൽ ഓരോ കുടുംബത്തിനും ഒരു വീട് എന്നത് ആവശ്യമായി വരുന്നുണ്ട്.

ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം കെട്ടിടനിർമ്മാണരംഗത്ത് കോൺക്രീറ്റ് കെട്ടിടങ്ങളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

വയൽ നികത്തി വീടുനിർമ്മിക്കുന്ന പ്രവണത പൊതുവെ നമ്മുടെ പഞ്ചായത്തിലും കണ്ടുവരുന്നുണ്ട്. കാർഷിക രംഗത്തുണ്ടാകുന്ന വളർച്ചയെ സാരമായി ബാധിക്കുന്ന ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. എന്നാൽ വർദ്ധിച്ചുവരുന്ന പാർപ്പിട പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ചില ഇളവുകൾ ഈ രംഗത്ത് ആവശ്യവുമാണ്.

വീടുനിർമ്മാണത്തിന് ആവശ്യമായ ചെങ്കല്ല്, കരിങ്കല്ല്, മുതലായവ ഭൂഭാഗവും മലപ്പുറം ജില്ലയിലെ ഐക്കരപ്പടി, വലിയപറമ്പ്, പുളിക്കൽ എന്നി പ്രദേശങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നത്. നമ്മുടെ പഞ്ചായത്തിലെ പെരുമുഖം ഭാഗത്ത് ചെങ്കല്ല് വെട്ടിയെടുക്കാവുന്ന സ്ഥലമുണ്ടെങ്കിലും ഇപ്പോൾ ഈ രംഗത്ത് തൊഴിലാളികളുടെ എണ്ണം കുറവായതിനാൽ വേണ്ടത്ര ഉല്പാദനം നടക്കുന്നില്ല. സാധനസാമഗ്രികളിൽ മിക്കവയും ദൂരസ്ഥലത്തനിന്ന് കൊണ്ടുവരുന്നത്മൂലം നിർമ്മാണച്ചെലവ് വർദ്ധിക്കുന്നു.

വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ കഴിഞ്ഞ കാലത്ത് അനുവദിക്കപ്പെട്ട വീടുകളുടെ

എണ്ണം വളരെ പരിമിതവും അനുവദിക്കപ്പെട്ട ധനസഹായതുക അപര്യാപ്തവുമാണ്. ഇതുമൂലം അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് വീടുപണി പൂർത്തിയാകാതെ കിടക്കുന്ന അവസ്ഥ നിലനില്ക്കുന്നു. ആവശ്യത്തിനനുസരിച്ച് ഭവന നിർമ്മാണം നടക്കാത്തതിനാൽ ഓരോ വർഷവും പാർപ്പിടപ്രശ്നം വർദ്ധിച്ചുവരുന്നതായി കാണാം.

## ലക്ഷംവീട് കോളനി

നമ്മുടെ പഞ്ചായത്തിൽ 4 ലക്ഷം വീട് കോളനികളിലായി 100 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ലക്ഷംവീട് പദ്ധതി ആരംഭിച്ചഘട്ടത്തിൽ നിർമ്മിച്ച ഇരട്ടവീടുകളിൽ വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. വർഷങ്ങളായി അറ്റകുറ്റപ്പണി നടക്കാതെയും നിർമ്മാണത്തിലുണ്ടായ തകരാറും കാലപ്പഴക്കവും കാരണം നിലവിലുള്ള മിക്കവീടുകളും നിലംപൊത്താവുന്നവയായിട്ടുണ്ട്. മറ്റു പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും നിലനിൽക്കുന്നു.

## നാല് സെന്റ് കോളനി

നമ്മുടെ പഞ്ചായത്തിൽ 8 നാല് സെന്റ് കോളനികളിലായി 145 കുടുംബങ്ങൾ താമസിച്ചു വരുന്നു. ഈ കോളനികൾക്ക് കണ്ടെടുത്ത സ്ഥലങ്ങൾ ചതുപ്പുനിലങ്ങളോ മൊട്ടക്കുന്നുകളോ ആകയാൽ പ്രസ്തുത കോളനികളിലെ കുടുംബങ്ങളുടെ ജീവിതം ദുസ്സഹമാണ്. ഭൂരിഭാഗം പേർക്കും വാസയോഗ്യമായ വീടുകളില്ല. ദരിദ്രജനവിഭാഗങ്ങളാണ് ഇവിടെ താമസിക്കുന്നത്.

## ഹരിജൻ കോളനികൾ

നമ്മുടെ പഞ്ചായത്തിൽ 8 ഹരിജൻ കോളനികളിലായി നിരവധി കുടുംബങ്ങൾ താമസിച്ചുവരുന്നു. അവരിൽ പലർക്കും വാസയോഗ്യമായ വീടുകളില്ല. മറ്റു പ്രാഥമിക സൗകര്യങ്ങളുടെ പോരായ്മയും നിലനിൽക്കുന്നു. SC/ST വികസന കോർപ്പറേഷൻ കാലാകാലങ്ങളിൽ അനുവദിക്കപ്പെടുന്ന സഹായവും വികസനബ്ലോക്കുകൾ വഴി നൽകപ്പെടുന്ന ഭവനനിർമ്മാണ പദ്ധതിയും നിലവിലുണ്ടെങ്കിലും ധനസഹായത്തുക വളരെ പരിമിതമാണ്. കാര്യമായ വരുമാനമാർഗ്ഗം ഇല്ലാത്ത കുടുംബങ്ങളാണ് മിക്കവരും എന്നതിനാൽ പദ്ധതികൊണ്ട് ഉദ്ദേശിച്ച ഗുണം കിട്ടുന്നില്ല.

വീട് ഇല്ലാത്തവർക്ക് വീട് നിർമ്മിക്കാനും നിലവി

### വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

| വാർഡ് | ഓട് | ഒന്നിൽകൂടുതൽ നിലയുള്ളവ | ഓല | ടെറസ്സ് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 1 | 309 | 16 | 42 | 27 | 20 | 14 |
| 2 | 307 | 20 | 25 | 24 | 16 | 392 |
| 3 | 354 | 9 | 40 | 19 | 18 | 440 |
| 4 | 282 | 32 | 66 | 41 | 18 | 439 |
| 5 | 365 | 25 | 90 | 74 | 7 | 561 |
| 6 | 152 | 40 | 46 | 166 | 19 | 423 |
| 7 | 310 | 33 | 40 | 56 | 27 | 466 |
| 8 | 326 | 30 | 52 | 72 | 9 | 489 |
| 9 | 242 | 21 | 115 | 69 | 18 | 465 |
| 10 | 107 | 40 | 127 | 59 | 6 | 339 |
| 11 | 495 | 22 | 77 | 95 | 9 | 698 |
| 12 | 461 | 30 | 123 | 32 | 1 | 647 |
| 13 | 391 | 48 | 36 | 82 | 5 | 562 |
| 14 | 365 | 51 | 79 | 91 | 11 | 597 |
| 15 | 257 | 53 | 68 | 96 | 54 | 518 |
| ആകെ | 4723 | 470 | 1026 | 1003 | 238 | 7460 |

| IAY (ഇന്ദിരാ ആവാസ് യോജന) | | | | JRY പദ്ധതിപ്രകാരം | | |
|---|---|---|---|---|---|---|
| വർഷം വീടുകൾ | അനുവദിച്ച വീടുകൾ | പൂർത്തിയായവ | പൂർത്തിയാവാത്തവ | അനുവദിച്ച വീടുകൾ | പൂർത്തിയായവ | പൂർത്തിയാവാത്തവ |
| 1992-93 | - | - | - | 4 | 4 | - |
| 1993-94 | 12 | 9 | 3 | 8 | 8 | - |
| 1994-95 | 3 | 3 | - | - | - | - |
| 1995-96 | 3 | 3 | - | - | - | - |
| ആകെ | 37 | 20 | 17 | 16 | 16 | - |

ലുള്ള കുടിലുകൾ മാറ്റി ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനും സർക്കാരിൽനിന്നും മറ്റു ഏജൻസികളിൽനിന്നും ലഭിക്കുന്ന ധനസഹായം പരിമിതമാണ്. ധനസഹായതുക വർദ്ധിപ്പിച്ചും സന്നദ്ധസംഘങ്ങൾ രൂപീകരിച്ചും ഇതിന് പരിഹാരം കണ്ടെത്തണം.

ഭൂരഹിത-നിർദ്ധന കുടുംബങ്ങളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് സമഗ്രമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

ലക്ഷം വീട് കോളനിയിലെ നിലവിലുള്ള ഇരട്ട വീടുകൾ ഒറ്റ വീടുകളാക്കി പുനർനിർമ്മിക്കാനും 4 സെന്റ് കോളനിയിലെ ഭവനരഹിതർക്ക് പുതിയ വീടുകൾ നിർമ്മിക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കണം. നിർമ്മാണസാമഗ്രികൾ നല്കി ശ്രമദാനത്തിലൂടെ മനുഷ്യാധ്വാനം സംഘടിപ്പിച്ച് പുതിയൊരു പ്രസ്ഥാനം ആരംഭിക്കണം.

## പരിഹാരമാർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിലെ പാർപ്പിടപ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ അടുത്ത അഞ്ച് വർഷക്കാലയളവിനുള്ളിൽ എല്ലാവർക്കും വീട് എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കേണ്ടതുണ്ട്. ഇതിനായി ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് ഇപ്പോഴുള്ള വിദഗ്ദ്ധരുടെ അഭാവം പരിഹരിക്കുകയും ചെലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനാവശ്യമായ സംഘടിതമായ ബോധവൽക്കരണവും ആവശ്യമാണ്. മിതമായ നിരക്കിൽ സാധനസാമഗ്രികൾ ലഭിക്കാനാവശ്യമായ സഹകരണസംഘങ്ങളും വിദഗ്ദ്ധതൊഴിലാളികളെ നൽകാൻ കഴിയുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റിയും ഈ രംഗത്ത് സ്ഥാപിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണസംഘം പ്രവർത്തിക്കുന്നില്ല. രാമനാട്ടുകര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഭവനനിർമ്മാണ സഹകരണസംഘം നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്കും വായ്പ അനുവദിക്കുന്നുണ്ടെങ്കിലും കൂടുതൽ ആളുകൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഫറോക്ക് പഞ്ചായത്തിലും ഒരു ഭവനനിർമ്മാണസഹകരണസംഘം രൂപീകരിക്കണം.

ഭവനനിർമ്മാണത്തിന് സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും അനുവദിക്കപ്പെടുന്ന ധനസഹായപദ്ധതികളെ സംബന്ധിച്ച് അതാത് അവസരത്തിൽ ആവശ്യക്കാരെ അറിയിക്കാനുള്ള സംവിധാനം ഉണ്ടാകണം. വാർഡ് തലത്തിൽ ഒരു പ്രത്യേക കമ്മറ്റി രൂപീകരിച്ച് ഇത് നടപ്പാക്കേണ്ടതാണ്.

വീട് നിർമ്മാണത്തിനാവശ്യമായ ചെങ്കല്ല് പെരുമുഖം ഭാഗത്തുനിന്നും വെട്ടിയെടുക്കാനും മതിയാവാത്ത കല്ലിനുപകരം ഹോളോബ്രിക്സ് ഉപയോഗിച്ചും പരിഹാരം കാണേണ്ടതാണ്.

## നിർമ്മാണ തൊഴിലാളികളുടെ ലഭ്യതയും കൂലിനിരക്കും

ഫറോക്ക് പഞ്ചായത്തിൽ നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്ന ആയിരത്തിൽപരം തൊഴിലാളികളുണ്ട്. ഇന്നത്തെ സാമൂഹ്യചുറ്റുപാടിൽ വലിയ കൂലിയല്ലെങ്കിലും സാധാരണക്കാരനെ സംബന്ധിച്ച് ഇന്നത്തെ കൂലിനിരക്ക് അല്പം കൂടുതലാണെന്നുപറയാം. നിർമ്മാണതൊഴിലാളികളിൽതന്നെ ഒരു ഇടത്തട്ടു സമ്പ്രദായം നിലനിൽക്കുന്നുണ്ട്. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യം കൈവരിക്കാനുള്ള പ്രവർത്തനത്തിൽ സേവനതല്പരരായ നിർമ്മാണതൊഴിലാളികളുടെ സംഘം രൂപീകരിച്ച് പരിഹാരം കണ്ടെത്തണം. സ്ഥിരമായി ജോലിയും വരുമാനവുമുള്ള ആളുകളിൽനിന്നും ഒരു നിശ്ചിത ദിവസം ശ്രമദാന പ്രവർത്തനത്തിന് സന്നദ്ധരായവരെ ഉൾപ്പെടുത്തി ഒരു "വികസനസേന" രൂപീകരിക്കുന്നതും നന്നായിരിക്കും.



# സാമൂഹ്യക്ഷേമം

ഫറോക്ക് പഞ്ചായത്തിൽ 20%ത്തോളം ദരിദ്രജനവിഭാഗങ്ങളാണ്. അവരെ സാമൂഹ്യസാമ്പത്തിക മേഖലയിൽ ഉയർത്തിക്കൊണ്ടുവരുന്നതിന് കഴിഞ്ഞകാലങ്ങളിൽ നടപ്പാക്കപ്പെട്ട പദ്ധതിയുടെ പോരായ്മയും അവയുടെ ഫലപ്രാപ്തിയും പരിശോധിക്കേണ്ടതുണ്ട്. വിവിധ ഏജൻസികളിലൂടെ ധാരാളം ക്ഷേമപദ്ധതികൾ നടപ്പാക്കുന്നുണ്ടെങ്കിലും അവയെ സംബന്ധിച്ച അജ്ഞതയും ജനകീയസമിതികളുടെ അഭാവവും ആത്മാർത്ഥമായ ഉദ്യോഗസ്ഥ സഹകരണമില്ലായ്മയും തടസ്സമായി നിൽക്കുന്നു. ഇവയ്ക്ക് ലഭ്യമാകുന്ന ഫണ്ടുകൾ വർഷാവസാനം എങ്ങിനെയെങ്കിലും ചെലവഴിക്കുക എന്നതൊഴിച്ചാൽ ഇതിന്റെ ഫലം പരിശോധിക്കാൻ ഇന്നുള്ള സംവിധാനം പര്യാപ്തമല്ല.

സാമൂഹ്യക്ഷേമരംഗത്ത് സംഘടിതവും അസംഘടിതവുമായ മേഖലയിൽ തൊഴിലെടുക്കുന്നവർക്കുള്ള ക്ഷേമപദ്ധതികൾ, വില്ലേജ്-പഞ്ചായത്ത് മുഖേന നടപ്പാക്കുന്ന പദ്ധതികൾ, പട്ടികജാതി-പട്ടികവർഗ്ഗവികസനവകുപ്പ്, വനിതാവികസന കോർപ്പറേഷൻ, ഗ്രാമവികസനവകുപ്പ്, വികസനബ്ലോക്കുകൾ വഴി നടപ്പാക്കുന്ന വിവിധ പദ്ധതികൾ എന്നിവയും ഉണ്ട്.

വിവിധ വിഭാഗങ്ങൾക്കുള്ള പെൻഷനുകൾ, വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം, മാതൃസഹായം, 20 വയസ്സിനും 60 വയസ്സിനുമിടയിൽ മരണപ്പെടുന്ന നിർദ്ധനകുടുംബത്തിലെ അംഗങ്ങളുടെ അവകാശികൾക്കു നൽകുന്ന "ഫാമിലി ബെനിഫിറ്റ് സ്കീം", അപകടമരണം സംഭവിച്ചവരുടെ അവകാശികൾക്കുള്ള ധനസഹായം എന്നിവയും നിലവിലുണ്ട്.

## I.R.D.P. സംയോജിത ഗ്രാമവികസന പരിപാടി

ഗ്രാമവികസന വകുപ്പിനുകീഴിൽ 1980ലാണ് ഈ പരിപാടി ആരംഭിച്ചത്. ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തുല്യമായി ചെലവു പങ്കിടുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് IRDP. 11,000 രൂപയിൽ താഴെ വരുമാനമുള്ളവരെയാണ് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണക്കാക്കുന്നത്. ഇവരിൽ തന്നെ പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ നാലായി തിരിച്ചിട്ടുണ്ട്. 4000 രൂപവരെ, 4001 മുതൽ 6000 വരെ 6001 മുതൽ 8500 വരെ, 8501 മുതൽ 11,000 രൂപവരെ. ഇതിനായി കുടുംബസർവെ നടത്തുന്നു. ഏറ്റവും ഒടുവിൽ സർവ്വെ നടന്നത് 1992ലാണ്. ഈ സർവ്വെയിൽ ഉൾപ്പെടാത്ത അർഹരായ കുടുംബങ്ങൾ ധാരാളമുണ്ട്. സർവ്വെ പ്രകാരം കണ്ടെത്തിയിട്ടുള്ള ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങളുടെയും 1995ലെ അഡീഷണൽ സർവ്വെയിൽ ഉൾപ്പെട്ടിട്ടുള്ളവരുടേയും എണ്ണം പട്ടിക 1ൽ കൊടുക്കുന്നു.

IRDP സർവ്വെപ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള 3036 കുടുംബങ്ങളെ കണ്ടെത്തിയ നമ്മുടെ പഞ്ചായത്തിൽ ഇതുവരെ 263 കുടുംബങ്ങൾക്കാണ് സാമ്പത്തിക സഹായം ലഭിച്ചത്. നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ചകുടുംബാംഗങ്ങൾ പട്ടിക 2 കാണുക.

പട്ടിക 1

| IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ | | | | |
|---|---|---|---|---|
| ആകെ കുടുംബങ്ങൾ | SC | പരിമിത കർഷകർ | കർഷക തൊഴിലാളി | കാർഷികേത രതൊഴിലാളി |
| 3036 | 40 | 310 | 1629 | 1097 |
| (1മുതൽ 15 വാർഡ് കൂടി) | | | | |

പട്ടിക 2

| വർഷം | SC | ST | മറ്റുള്ളവർ | ആകെ | വനിത | വികലാംഗർ |
|---|---|---|---|---|---|---|
| 1992-93 | 29 | - | 31 | 60 | 27 | 3 |
| 1993-94 | 32 | - | 45 | 77 | 43 | 1 |
| 1994-95 | 40 | - | 37 | 77 | 37 | 1 |
| 1995-96 | 29 | - | 20 | 49 | 17 | 1 |
| ആകെ | 130 | - | 133 | 263 | 124 | 6 |

അനുവദിച്ച ലോൺ താഴെ കൊടുക്കുന്നു.

| വർഷം | സബ്സിഡി | ലോൺ |
|---|---|---|
| 1992-93 | 1,80,189.00 | 2,60,966.00 |
| 1993-94 | 2,16,817.00 | 3,34,268.00 |
| 1994-95 | 2,72,381.00 | 5,04,829.00 |
| 1995-96 | 2,11,501.00 | 5,31,939.00 |

IRDP സർവ്വെയിൽ ഉൾപ്പെട്ട മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും സഹായം അനുവദിക്കുന്നുണ്ടെങ്കിലും പലരും അത് ഉപയോഗപ്പെടുത്താൻ തയ്യാറാവുന്നില്ല. അനുവദിക്കപ്പെടുന്ന വായ്പയിൽ SC വിഭാഗങ്ങൾക്ക് 6000 രൂപയും വികലാംഗർക്ക് 6000 രൂപയും മറ്റു വിഭാഗങ്ങൾക്ക് 4000രൂപവരെയും സബ്സിഡി അനുവദിക്കുന്നുണ്ട്. മാത്രമല്ല IRDP ലോൺ എടുത്തവർക്ക് സർക്കാർ ചിലവിൽ ഇൻഷൂറൻസും ലോൺ എടുത്ത ആളുടെ മരണം സ്വാഭാവികമാണെങ്കിൽ 5000 രൂപയും അപകടമരണത്തിന് 10,000രൂപയും നഷ്ടപരിഹാരതുകയായി ലഭിക്കും. 1988 മുതൽ ഇത് നിലവിലുണ്ട്.

**DWCRA:-** (ഗ്രാമീണ വനിതാശിശുവികസന പരിപാടി)

IRDP യുടെ മറ്റൊരു അനുബന്ധ പരിപാടിയാണിത്. ഈ പരിപാടിപ്രകാരം വനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കാൻ കൂട്ടായ സാമ്പത്തിക പദ്ധതിക്കുള്ള സഹായം അനുവദിക്കപ്പെടുന്നു. പത്തോ അതിലധികമോ വനിതകളെ സംഘടിപ്പിച്ച് ആവശ്യമായ തൊഴിൽ പരിശീലനം നൽകി കൂട്ടായ സംരംഭത്തിലൂടെ സ്വാശ്രയത്വത്തിലെത്തിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നമ്മുടെ പഞ്ചായത്തിൽ ഇത്തരം 4 സ്ഥാപനങ്ങൾ ഉണ്ട്. അവയുടെ പ്രവർത്തനം തൃപ്തികരമാണ്.

ഓരോ വാർഡിലും ഇത്തരം ഓരോ യൂനിറ്റെങ്കിലും സ്ഥാപിക്കാനാവശ്യമായ പ്രവർത്തനം സംഘടിപ്പിക്കണം. DWCRA യൂനിറ്റുകളുടെ വിവരം പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

## ട്രൈസം പദ്ധതി

യുവതീയുവാക്കൾക്കുള്ള സ്വയം തൊഴിൽ പരിശീലനത്തിനുള്ള പദ്ധതിയാണിത്. IRDP യുടെ പൂർണ്ണ പ്രയോജനം ലഭിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ പരിപാടി. പരിശീലനകാലത്ത് സ്റ്റൈപ്പന്റും നൽകുന്നുണ്ട്. ഈ പദ്ധതിയും വേണ്ടത്ര പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നത് വസ്തുതയാണ്.

പട്ടിക 4

| വർഷം | തൊഴിൽസംരംഭം എണ്ണം | അംഗങ്ങളുടെ ക്ഷമത | പ്രവർത്തനം |
|---|---|---|---|
| 1992-93 | റെഡിമെയ്ഡ് യൂണിറ്റ് | 10 | തൃപ്തികരം |
| 1993-94 | 1. കയർ 2. ജില്ലി യൂണിറ്റ് | 20 | ,, |
| 1994-95 | - | - | - |
| 1995-96 | പശുവളർത്തൽ · | 10 | തൃപ്തികരം |

പട്ടിക 5

| വർഷം | പരിശീലകരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവർ | കൂലിവേലക്ക് പോകുന്നവർ | ജോലി ഇല്ലാത്തവർ |
|---|---|---|---|---|
| 1992-93 | 12 | 10 | 1 | 1 |
| 1993-94 | 5 | - | 5 | - |
| 1994-95 | 1 | - | 1 | - |
| 1995-96 | 4 | - | 4 | - |
| ആകെ | 22 | 10 | 11 | 1 |

## ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. ഈ മേഖലയിൽ ജോലി എടുക്കുന്നവർക്ക് പ്രോത്സാഹനം കൊടുക്കുന്നതിലൂടെ കൂടുതൽ പേരെ ആകർഷിക്കാൻ സാധിക്കും. ആധുനിക പരിശീലനത്തിനും തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്നതിനും ഈ പദ്ധതി ഉപകരിക്കും. ഫറോക്ക് പഞ്ചായത്തിലെ ടൂൾകിറ്റ് വിതരണത്തെ സംബന്ധിച്ച് പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

| പട്ടിക 6 : ടൂൾകിറ്റ് വിതരണം ചെയ്തത് | |
|---|---|
| 1992-93 | പേർക്ക് |
| 1993-94 | 3 ,, |
| 1994-95 | 13 ,, |
| 1995-96 | 2 ,, |
| ആകെ | 31 പേർക്ക്. |

**CRSP (Central Rulal Sanitation Programme)**

സാനിറ്ററി കക്കൂസുകൾ ഇല്ലാത്തവരുടെ എണ്ണം ഫറോക്ക് പഞ്ചായത്തിൽ കൃത്യമായി ലഭ്യമല്ല. ഗ്രാമസഭയിൽ ഇത് സംബന്ധിച്ച് ശരിയായ കണക്കും ലഭ്യമല്ല. എന്നിരുന്നാലും ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് ധനസഹായം നൽകി കക്കൂസ് നിർമ്മിക്കുന്നതിനുള്ള പദ്ധതി അനുസരിച്ച് ഫറോക്ക് പഞ്ചായത്തിൽ 57 കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. പട്ടിക 7 കാണുക

## അംഗനവാടികൾ

സ്ത്രീകളുടേയും കുട്ടികളുടേയും സമഗ്രമായ ക്ഷേമപ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന ഗ്രാമീണ സ്ത്രീകളുടെ നെടുംതൂണാണ് അംഗനവാടികൾ. പക്ഷേ അങ്ങിനെയൊരു അംഗനവാടി നമ്മുടെ പഞ്ചായത്തിൽ ഇല്ല. ICDS ന്റെ സഹായത്തോടെ ഇവ സ്ഥാപിക്കണം. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങളും ശിശുപരിപാലനരീതികളും കൂടുതൽ മനസ്സിലാക്കാനുള്ള അവസരമാണ് അംഗനവാടികളുടെ അഭാവംമൂലം നഷ്ടപ്പെടുന്നത്. ഇതിന് പുറമെ സ്ത്രീകളുടെ ഇടയിൽ ചർച്ചാ ക്ലാസുകളും മറ്റും സംഘടിപ്പിച്ച് സാമൂഹ്യബോധം ഉയർത്തിക്കൊണ്ടുവരാൻ കഴിയും. അതുകൊണ്ട് ലഭ്യമാകുന്ന എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തണം. വാർഡുകൾതോറും അംഗൻവാടികൾ സ്ഥാപിക്കണം.

## പൊതുവിതരണം

നമ്മുടെ പഞ്ചായത്തിൽ പൊതുവിതരണ രംഗത്ത് 13 റേഷൻഷാപ്പുകളാണ് ഉള്ളത്. ഇതിൽ 6 എണ്ണം ഫറോക്ക് കോ. ഓപ്. സ്റ്റോറിന്റെ കീഴിലാണ്. മാവേലിസ്റ്റോർ പ്രവർത്തിക്കുന്നില്ല. കോ-ഓപ്പറേറ്റീവ് സ്റ്റോറിന്റെ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്റ്റോർ മാത്രമാണുള്ളത്. റേഷൻ ഷാപ്പുകൾ വഴി ലഭിക്കുന്ന അരി പലപ്പോഴും ഗുണമേന്മ കുറഞ്ഞതാണ്. അവ ഗുണമേന്മയുള്ളതാക്കി മാറ്റാൻ കഴിയണം. കറന്റ് കട്ട് നിലനില്ക്കുന്നതുകൊണ്ട് വൈദ്യുതീകരിച്ച കുടുംബങ്ങൾക്ക് ഇപ്പോൾ നൽകുന്ന മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണം. 2 കിലോമീറ്ററോളം ദൂരം സഞ്ചരിച്ച് പ്രയാസപ്പെടുന്ന പുറ്റേക്കാട് ഭാഗത്തെ കുടുംബങ്ങൾക്ക് എത്രയും വേഗം റേഷൻഷാപ്പ് പുറ്റേക്കാട്ട് സ്ഥാപിക്കാൻ നടപടി എടുക്കണം. സഹകരണസംഘത്തിന്റെ കീഴിൽ പച്ചക്കറി വില്പന, മത്സ്യവിതരണം എന്നിവ ആരംഭിക്കണം. ഇവ പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളിൽ സ്ഥാപിക്കണം. എല്ലാ സാധനങ്ങളും ലഭ്യമാകുന്ന ഒരു സൂപ്പർ മാർക്കറ്റും തുടങ്ങണം. പഞ്ചായത്തിലെ വിതരണകേന്ദ്രത്തിലെ വിവരണം സംബന്ധിച്ച് പട്ടിക 8ൽ കാണാം.

## സംഘടിതവും അസംഘടിതവുമായ മേഖലയിലെ ക്ഷേമപദ്ധതികൾ

സംഘടിതവും അസംഘടിതവുമായ മേഖലയിൽ തൊഴിലെടുക്കുന്നവർക്ക് വേണ്ടിയുള്ള ക്ഷേമപദ്ധതി നടപ്പാക്കാൻ ക്ഷേമനിധി ബോർഡുകളും, പട്ടികജാതി പട്ടികവർഗ്ഗ വികസനവകുപ്പ്, വനിതാ വികസന കോർപ്പറേഷൻ തുടങ്ങിയവയും ഉണ്ട്.

പട്ടിക 7

| വർഷം | മറ്റുള്ളവർ | SC/ST | പണി തീർന്നത് | തീർക്കാൻ ബാക്കി |
|---|---|---|---|---|
| 1992-93 | 13 | - | 13 | - |
| 1993-94 | 2 | 4 | 6 | |
| 1994-95 | 7 | 4 | 9 | 2 |
| 1995-96 | 13 | 14 | 18 | 9 |
| ആകെ | 35 | 22 | 46 | 11 |

പട്ടിക 8: പൊതു വിതരണം (1995-96)

| ക്രമ നമ്പർ | റേഷൻ ഷാപ്പ് നമ്പർ | കറന്റ് ഉള്ളത് | കറന്റ് ഇല്ലാത്തത് | ആകെ | മുതിർന്നവർ | കുട്ടികൾ | ആകെ ഗുണഭോക്താക്കൾ | മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം | മണ്ണെണ്ണ പെർമിറ്റ്വഴി | കാർഡ്വഴി |
|---|---|---|---|---|---|---|---|---|---|---|
| 1 | 242 | 492 | 296 | 788 | 3666 | 757 | 4423 | 126 | 14052 | 33348 |
| 2 | 243 | 532 | 183 | 715 | 3797 | 981 | 4778 | 52 | 6193 | 26536 |
| 3 | 244 | 789 | 271 | 1060 | 4869 | 892 | 5761 | 246 | 27356 | 35651 |
| 4. | 245 | 203 | 163 | 366 | 1532 | 450 | 1982 | 39 | 4140 | 15375 |
| 5. | 246 | 308 | 282 | 590 | 2886 | 650 | 3536 | 55 | 5880 | 24634 |
| 6. | 247 | 429 | 244 | 673 | 3547 | 883 | 4430 | 81 | 8760 | 26051 |
| 7. | 248 | 397 | 274 | 671 | 3359 | 838 | 4197 | 21 | 2496 | 28884 |
| 8. | 249 | 362 | 212 | 574 | 7338 | 639 | 3377 | 56 | 5604 | 12120 |
| 9. | 250 | 523 | 280 | 803 | 3501 | 709 | 4210 | 145 | 15325 | 34286 |
| 10. | 276 | 297 | 155 | 452 | 2318 | 637 | 2955 | 23 | 2640 | 18518 |
| 11. | 296 | 203 | 51 | 254 | 1450 | 396 | 1846 | 16 | 1884 | 9206 |
| 12. | 350 | 288 | 144 | 432 | 2173 | 544 | 2717 | 31 | 3504 | 19252 |
| 13. | 352 | 106 | 160 | 266 | 1228 | 241 | 1469 | 16 | 1728 | 12172 |
| | ആകെ | 4929 | 2715 | 7644 | 37064 | 8617 | 45681 | 907 | 99562 | 296033 |



436

## 1. നിർമ്മാണതൊഴിലാളി ക്ഷേമനിധി

അസംഘടിതമേഖലയിൽ നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട ആനുകൂല്യം നൽകുന്ന ഒരു പദ്ധതിയാണിത്. നമ്മുടെ പഞ്ചായത്തിൽ ഈ മേഖലയിൽ തൊഴിലെടുക്കുന്ന ആയിരത്തോളം പേരുണ്ടെങ്കിലും വളരെ കുറച്ചുപേർ മാത്രമാണ് ക്ഷേമപദ്ധതിയിൽ ചേരാൻ തയ്യാറായിട്ടുള്ളത്. പദ്ധതി സംബന്ധിച്ച അജ്ഞതയും ഈ രംഗത്തെ യൂണിയൻ പ്രവർത്തനത്തിന്റെ അഭാവവും ഇതിന് കാരണമാണ്. ഈ രംഗത്ത് തൊഴിലെടുക്കുന്നവരെ പഞ്ചായത്ത് തിരിച്ച് രജിസ്റ്റർ ചെയ്ത് ക്ഷേമനിധിയിൽ അംഗങ്ങളാക്കി ഇതിന് പരിഹാരം കാണണം.

## 2. കയർതൊഴിലാളി ക്ഷേമനിധി

നമ്മുടെ പഞ്ചായത്തിന്റെ പുഴയോരത്ത് കൂടുതൽ സ്ത്രീതൊഴിലാളികളും കുറച്ചു പുരുഷതൊഴിലാളികളുമടക്കം ഏകദേശം ആയിരത്തോളംപേർ തൊഴിലെടുക്കുന്ന കയർ മേഖല മുരടിച്ചുവരികയാണ്. പരമ്പരാഗത വ്യവസായമായ കയർ രംഗത്ത് സർക്കാർ തലത്തിൽ ധാരാളം പദ്ധതികളുണ്ടെങ്കിലും ആലപ്പുഴയെപ്പോലെ യന്ത്രവൽകൃത വ്യവസായശാലകളില്ലാത്തതിനാൽ പഴയരീതിയിലുള്ള തൊഴിൽ സമ്പ്രദായം നിലനില്ക്കുകയാണ്. കഠിനാദ്ധ്വാനവും കുറഞ്ഞകൂലിയും കാരണം ഈ രംഗത്ത് തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. രണ്ട് കയർ സഹകരണസംഘങ്ങളിലായി 170 തൊഴിലാളികൾ ജോലി ചെയ്യുന്നു. ബാക്കി വരുന്ന തൊഴിലാളികൾ പൂർണ്ണമായും സ്വകാര്യഉടമകളുടെ കീഴിൽ ജോലിചെയ്യുന്നു. ഇവർക്കുവേണ്ടി രൂപീകരിച്ച കയർതൊഴിലാളിക്ഷേമനിധിയിൽ പെരുമുഖം കയർ സഹകരണസംഘം 58 പേരെയും ഫറോക്ക് കയർ സഹ. സംഘം 57 പേരെയും അംഗങ്ങളാക്കിയപ്പോൾ സ്വകാര്യമേഖലയിൽ 7 പേർ മാത്രമാണ് അംഗങ്ങളായുള്ളത്. മറ്റ് തൊഴിലാളികളെ അംഗങ്ങളാക്കി ക്ഷേമനിധി ആനുകൂല്യം ലഭ്യമാക്കാൻ സ്വകാര്യ ഉടമകൾ താല്പര്യം കാണിക്കുന്നില്ല. ഈ രംഗത്ത് ട്രേഡ്യൂനിയൻ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും പൊതുവെ സ്ത്രീതൊഴിലാളികൾ സംഘടിക്കാൻ തയ്യാറാകാത്തതും ഇതിന് കാരണമാണ്. യന്ത്രവൽക്കരണത്തിലൂടെ ജോലിഭാരം കുറക്കാനും വേതനം കൂടുതൽ കിട്ടാനും ഉതകുന്ന 40 ലക്ഷം രൂപയുടെ പദ്ധതി നടപ്പാക്കാനുള്ള ശ്രമത്തിലാണ് ഫറോക്ക്-പെരുമുഖം സംഘങ്ങൾ. ഈ മേഖലയിലെ മുഴുവൻ തൊഴിലാളികൾക്കും മെച്ചപ്പെട്ട കൂലിയും ആനുകൂല്യവും ലഭ്യമാക്കാൻ ഉതകുന്ന പദ്ധതികളാവിഷ്കരിച്ച് ക്ഷേമനിധിയുടെ പരിധിയിൽകൊണ്ടുവന്ന് പരിഹാരം കാണേണ്ടതാണ്. പഞ്ചായത്തിൽ 57 പേർക്ക് പെൻഷൻ കിട്ടുന്നുണ്ട്.

## കർഷകതൊഴിലാളി ക്ഷേമനിധി

കാർഷികമേഖലയിൽ തൊഴിൽസാദ്ധ്യത വളരെ കുറഞ്ഞതിനാൽ സ്ത്രീതൊഴിലാളികൾ വളരെ കുറവാണ്. പുരുഷതൊഴിലാളികളുടെ എണ്ണവും കുറവാണ്. കർഷകതൊഴിലാളി ക്ഷേമനിധിയിൽ 493 പേർ അംഗങ്ങളാണ്. ഒരു തൊഴിലും ഇല്ലാത്തവരും ഈ ക്ഷേമപദ്ധതിയിൽ അംഗങ്ങളായി ചേർന്നിട്ടുള്ളത് ഒഴിവാക്കേണ്ടതാണ്. കരുവൻതിരുത്തിവില്ലേജിൽ 148 പേർക്കും ഫറോക്ക് വില്ലേജിൽ 176 പേർക്കും പെൻഷൻ കിട്ടുന്നുണ്ട്.

സാമൂഹ്യക്ഷേമവകുപ്പും മറ്റു വിവിധ ഏജൻസികളും വിധവ-അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗപെൻഷൻ, കർഷകതൊഴിലാളി പെൻഷൻ, കയർതൊഴിലാളി പെൻഷൻ, ക്ഷയരോഗികൾക്കുള്ള പെൻഷൻ തുടങ്ങിയവയും നൽകു

പട്ടിക 9

| വർഷം | വാർദ്ധക്യ പെൻഷൻ (പഞ്ചായത്ത്) | മാതൃസഹായം പെൻഷൻ (പഞ്ചായത്ത്) | അഗതി/ വിധവ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കർഷക തൊഴിലാളി പെൻഷൻ | തൊഴിലില്ലായ്മാ പെൻഷൻ | കയർ തൊഴിലാളി പെൻഷൻ | വികലാംഗ പെൻഷൻ |
|---|---|---|---|---|---|---|---|---|
| 1992 | - | - | - | - | 337 | - | 57 | - |
| 1993 | - | - | - | - | 324 | - | 57 | - |
| 1994 | - | - | - | - | 323 | - | 57 | - |
| 1995 | - | - | - | - | 324 | - | 57 | - |
| 1996 | 99 | - | 400 | 66 | - | 273 | 57 | 179 |

ന്നുണ്ട്.

ഇതുവഴി നമ്മുടെ പഞ്ചായത്തിൽ ഇന്ന് ലഭിക്കുന്ന പെൻഷനുകളെ സംബന്ധിച്ച വിവരം പട്ടിക 9ൽ കൊടുക്കുന്നു.

## പ്രശ്നങ്ങൾ

ദാരിദ്ര്യനിർമാർജനപരിപാടികൾ കുറച്ചു കുടുംബങ്ങൾക്ക് മാത്രമേ ഉപകാരപ്രദമായിട്ടുള്ളു. അർഹരായ പലരും ഇതറിയുന്നില്ല. ദരിദ്രരെ പൂർണ്ണമായി കണ്ടെത്താൻ IRDP സർവ്വെപ്രകാരം കഴിഞ്ഞിട്ടില്ല. അർഹരെ ഇനിയും കണ്ടെത്തണം. കിട്ടുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള കഴിവില്ലായ്മ, തുടങ്ങുന്ന പദ്ധതിക്ക് പര്യാപ്തമായ പരിശീലനത്തിന്റെ കുറവ്, DWCRA യൂണിറ്റുകളെ ഫലപ്രദമാക്കാനുള്ള ബോധപൂർവ്വമായ ശ്രമമില്ലായ്മ, നിർദ്ധനർ അവർക്ക് അർഹതപ്പെട്ട ധനസഹായത്തിന് അപേക്ഷകൊടുത്താൽ പാസ്സാക്കികിട്ടാനുള്ള കാലതാമസം, എല്ലാറ്റിനും ഉപരി ഉദ്യോഗസ്ഥ മേധാവിത്വവും.

## നിർദ്ദേശങ്ങൾ

- ദാരിദ്ര്യനിർമ്മാർജന പരിപാടി അർഹരിൽ എത്തിക്കാൻ വിപുലമായ പ്രചരണ പരിപാടികൾ
- സാമ്പത്തികാനുകൂല്യങ്ങൾ യഥാസമയം കിട്ടാനുള്ള സമയം നിജപ്പെടുത്തൽ
- ആനുകൂല്യങ്ങൾക്ക് അർഹരായവരെ കണ്ടെത്താൻ സമഗ്രമായ സർവെ
- 60 വയസ് തികഞ്ഞ സാമ്പത്തിക പരാധീനത അനുഭവിക്കുന്ന മുഴവൻ പേർക്കും പെൻഷൻ
- അംഗനവാടികൾ, മഹിളാസമാജങ്ങൾ, ബാലവാടികൾ എന്നിവ സ്ഥാപിക്കാനുള്ള ബോധപൂർവ്വമായ ഇടപെടൽ
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ജനകീയസമിതികളുടെ രൂപീകരണവും സഹകരണവും
- വനിതകൾക്കായുള്ള DWCRA യൂണിറ്റുകളെപോലെ IRDP ഗുണഭോക്താക്കളായ പുരുഷന്മാർക്ക് തൊഴിൽ സംരഭക യൂണിറ്റുകൾ സ്ഥാപിക്കുക. ആവശ്യമായ പരിശീലനം നൽകുക.

7




# വിദ്യാഭ്യാസം

കോഴിക്കോട് പട്ടണത്തിൽനിന്നും 13 കിലോമീറ്റർ തെക്കുഭാഗത്ത് ചാലിയാറിനും കടലുണ്ടിപുഴയ്ക്കും ഇടയ്ക്ക് കിടക്കുന്ന ഭൂപ്രദേശമാണ് ഫറോക്ക്. പഴയ തെക്കേ മലബാറിൽ വിദ്യാഭ്യാസരംഗത്ത് മുന്നിട്ടുനിന്ന പ്രദേശമായിരുന്നു ഇത്. സംസ്കൃതപണ്ഡിതർ സവർണ്ണവിഭാഗങ്ങളിലെ കുട്ടികളെ വേദങ്ങളും ഉപനിഷത്തുകളും പഠിപ്പിക്കുന്ന സംവിധാനം നിലനിന്നിരുന്നു. അതുപോലെ നാട്ടാശാന്മാർ എഴുത്തുപള്ളിക്കൂടങ്ങളും നടത്തിയിരുന്നു. ഇത്തരം എഴുത്തു പള്ളിക്കൂടങ്ങളിൽ സേവനമനുഷ്ഠിച്ചിരുന്നവരിൽ മൺമറഞ്ഞുപോയ തിരുമലമ്മൽ കളരിക്കൽ കേശവപണിക്കർ, വേലുപെരുവണ്ണാൻ, ചക്കുട്ടിപെരുവണ്ണാൻ എന്നിവർ സ്മരണീയരാണ്.

1906ൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ (B.E.M) സ്ഥാപിച്ച ഹയർ എലിമെന്ററി സ്കൂളാണ് ഫറോക്കിലെ ഏറ്റവും പഴക്കമുള്ള വിദ്യാലയം. അക്കാലത്ത് അവർണ്ണ-സവർണ്ണ ഭേദമെന്യേ പ്രവേശനം നൽകിയ ഈ വിദ്യാലയം ഇന്നും നല്ല നിലവാരം പുലർത്തുന്നു.

1914ൽ പരേതനായ കുഞ്ഞിരാമമാരാർ സ്ഥാപിച്ച് പിന്നീട് ശ്രീ:സർവ്വോത്തമറാവുവിന് കൈമാറിയ വിദ്യാലയമാണ് ഇന്നത്തെ ജി.ജി.യു.പി.സ്കൂൾ അദ്ദേഹം ഇത് 1972ൽ സർക്കാറിനെ ഏൽപ്പിച്ചു.

ഹരിജൻ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം പോലും നിഷേധിച്ചിരുന്ന കാലത്ത് അവരുടെ ഇടയിലുള്ള ഒരു സാമുദായിക പരിഷ്കർത്താവായ ചൂലൻ കൃഷ്ണൻ 1920-ൽ കുണ്ടേത്തടത്തിൽ ഒരു വീടിന്റെ വരാന്തയിൽ 10 കുട്ടികളെ ഇരുത്തി പഠിപ്പിക്കാൻ ഒരു കുടിപ്പള്ളിക്കൂടം സ്ഥാപിച്ചു. ജാതീയത കൊടികുത്തിവാണിരുന്ന അക്കാലത്ത് ഇങ്ങനെ പള്ളിക്കൂടം സ്ഥാപിച്ചു എന്ന റിഞ്ഞതോടെ കടലുണ്ടി, മണ്ണൂർ, ബേപ്പൂർ, കരിങ്കല്ലാ യ്, നല്ലളം തുടങ്ങിയ ഭാഗങ്ങളിൽനിന്നും കുട്ടികൾ ഇവിടെയെത്തി പഠനം നടത്തിയിരുന്നു. പിന്നീട് പൂതേരി രാവുണ്ണിനായർ നൽകിയ സ്ഥലത്ത് ഷെഡ് കെട്ടി സ്കൂൾ പ്രവർത്തിച്ചു. അതോടെ "ആദിദ്രാവിഡ സ്കൂൾ" എന്ന പേരിൽ ഈ സ്ഥാപനം അറിയപ്പെ ടാൻ തുടങ്ങി. 1925ൽ ഇത് ലേബർ സ്കൂൾ ആയി മാറി. അക്കാലത്ത് ഭക്ഷണം, വസ്ത്രം, പുസ്തകം, എന്നിവ സൗജന്യമായി നൽകിയിരുന്നു. 1952ൽ ഹരിജൻ വെൽഫേർ സ്കൂളായും, 1964ൽ ഗവ:വെൽഫേർ എൽ.പി.സ്കൂളായും പരിണമിച്ചു. ഹരിജൻ വിഭാഗ ത്തിൽ ഒന്നാമത്തെ അധ്യാപികയായ ശ്രീമതി: പി ജാനകി, സബ് റജിസ്ട്രാർ ആയിരുന്ന പരേതനായ ശ്രീ: കെ.ടി. ശങ്കരൻ, ഡോ: വിജയൻ എന്നിവർ ഈ വിദ്യാലയത്തിന്റെ സംഭാവനകളാണ്.

1924ൽ പരേതനായ കാരിയിൽ വീട്ടിൽ അപ്പുട്ടി എന്നിവർ നല്ലൂരിൽ സ്ഥാപിച്ച ഒരു ഗേൾസ് സ്കൂൾ 1937ൽ മഞ്ചേരി താലൂക്ക് ബോർഡ് ഏറ്റെടുത്തു ഇപ്പോൾ ജി.എൽ.പി.സ്കൂൾ, നല്ലൂർ എന്ന പേരിൽ പ്രവർത്തിക്കുന്നു.

1927ൽ ഗണപത് റാവു ഒരു മിഡിൽ സ്കൂൾ ആരംഭിച്ചു. 6,7,8 ക്ലാസുകൾ മാത്രമുണ്ടായിരുന്ന ഈ വിദ്യാലയിത്തിൽ ശ്രീ: പി.ടി. ചെറുചോയിമാസ്റ്റർ ചേമ്പുവീട്ടിൽ വേലായുധൻ മാസ്റ്റർ, വിദ്വാൻ കൃഷ്ണൻ കുട്ടിനായർ എന്നിവർ അധ്യാപകരായിരുന്നു. 1945മുതൽ ഹൈസ്കൂൾ ക്ലാസുകൾ ആരംഭിച്ചു. 1957ൽ ശ്രീ

## പട്ടിക 1
### 1996-97, 6-ാം പ്രവൃത്തി ദിവസം.

| നമ്പർ | സ്കൂൾ | വാർഡ് | മാനേജ് മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | ജി.ജി.വി.എച്ച് എസ്.എസ് ഫറോക്ക് | 6 | ഗവ: | 1334 | 1203 | 2537 | 40 | 52 | 92 |
| 2. | ജി.എം.യു.പി.എസ്.ഫറോക്ക് | 13 | ഗവ: | 788 | 777 | 1565 | 17 | 26 | 43 |
| 3. | ജി.ജി.യു.പി.എസ്. ഫറോക്ക് | 14 | ഗവ: | 351 | 348 | 699 | 6 | 12 | 18 |
| 4. | ജി.ഡബ്ളിയു.എൽ.പി.എസ്, ഫറോക്ക് | 14 | ഗവ: | 91 | 67 | 158 | 3 | 3 | 6 |
| 5. | ജി.എൽ.പി.എസ്. വെസ്റ്റ്നല്ലൂർ | 5 | ഗവ: | 335 | 274 | 609 | 1 | 3 | 4 |
| 6. | ജി.എം.എൽ.പി. എസ്. കരുവൻതിരുത്തി | 2 | ഗവ: | 80 | 63 | 143 | 8 | 19 | 11 |
| 7. | ജി.എൽ.പി.എസ്. നല്ലൂർ | 6 | ഗവ: | 62 | 54 | 116 | 1 | 3 | 4 |
| | ആകെ | | | 3041 | 2786 | 5827 | 76 | 110 | 186 |
| 1. | ബി.ഇ.എം.യു.പി.എസ്.ഫറോക് | 5 | സ്വകാര്യം | 468 | 446 | 914 | 3 | 23 | 26 |
| 2. | കെ.എച്ച്.എം.യു.പി.എസ്. കരുവൻതിരുത്തി | 2 | ,, | 255 | 218 | 473 | 9 | 10 | 19 |
| 3. | നല്ലൂർ ഈസ്റ്റ് എ.യു.പി.എസ്. പെരുമുഖം | 11 | ,, | 320 | 267 | 587 | 10 | 11 | 21 |
| 4. | എൻ.എൻ.എൽ.പി.എസ്. ഫറോക്ക് | 12 | ,, | 276 | 239 | 515 | 4 | 10 | 14 |
| 5. | എം.ഐ.എ.എം.എൽ.പി.എസ്. പെരുമുഖം | 10 | ,, | 91 | 80 | 171 | 3 | 4 | 7 |
| 6. | എ.എം.എൽ.പി.എസ്. പുറ്റെക്കാട് | 7 | ,, | 112 | 119 | 231 | 4 | 5 | 9 |
| 7. | ഐ.ഇ.എം.എൽ.പി.എസ്. ഫറോക്ക് | 15 | ,, | 37 | 41 | 78 | 1 | 1 | 2 |
| | ആകെ | | | 1559 | 1410 | 2969 | 34 | 64 | 98 |
| | | | | | | | | | |



4470

ഗണപത് റാവു യാതൊരു പ്രതിഫലവും വാങ്ങാതെ ഈ വിദ്യാലയം സർക്കാരിനെ ഏൽപ്പിച്ചുകൊടുത്തതോടെ ഗവ: ഗണപത് ഹൈസ്കൂളായി തീർന്നു. 1990 മുതൽ വി.എച്ച്.എസ്.സി ക്ലാസുകൾ ആരംഭിച്ചു. മൂവായിരത്തോളം കുട്ടികൾ പഠിക്കുന്ന ഫറോക്കിലെ ഏക ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളാണിത്.

1928ൽ ഏറനാട് താലൂക്ക് ബോർഡിനു കീഴിൽ സ്ഥാപിക്കപ്പെട്ട വിദ്യാലയമാണ് പിൽക്കാലത്ത് കരുവൻതിരുത്തി ഗവ: എം.എൽ.പി.സ്കൂൾ ആയി മാറിയത്. ഫറോക്കിലെ പരേതനായ കളത്തിങ്ങൽ കുഞ്ഞാപ്പുഹാജിയുടെ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന ഈ വിദ്യാലയം 1982 മുതൽ ഗവൺമെന്റ് സ്ഥാപനത്തിൽ പ്രവർത്തിച്ചു തുടങ്ങി.

1930ൽ പരേതനായ അത്തിക്കോട്ട് ബാലകൃഷ്ണൻനായർ സ്ഥാപിച്ച വിദ്യാലയം പെരുമുഖത്തെ മലയിൽ വീട്ടുകാർ വിലയ്ക്കെടുത്തു. ഇപ്പോൾ നല്ലൂർ ഈസ്റ്റ് എയ്ഡഡ് യു.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

1932ൽ തലശ്ശേരി സ്വദേശിയായ പരേതനായ കൃഷ്ണൻമാസ്റ്റർ സ്ഥാപിച്ച ഗേൾസ് എലിമെന്ററി സ്കൂൾ പിന്നീട് മണ്ണൂരിലുള്ള നാരായണമേനോൻ വിലയ്ക്കു വാങ്ങിച്ചു. ഇപ്പോൾ എൻ.എൻ.എൽ.പി.ബി.സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

1935ൽ ഒരു വാടകകെട്ടിടത്തിൽ ആരംഭിച്ച ബോർഡ് മാപ്പിളാ എലിമെന്ററി സ്കൂൾ ഇപ്പോൾ ഫറോക്ക് ജി.എം.യു.പി. സ്കൂൾ എന്ന പേരിൽ സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്നു.

1947ൽ പെരുമുഖത്തെ പരേതനായ അസ്സൻകുട്ടി മൗലവി ഒരു ഓത്തുപള്ളിയായി സ്ഥാപിച്ച വിദ്യാലയമാണ് എം.ഐ.എ.എം.എൽ.പി.സ്കൂൾ ആയി മാറിയത്.

1953ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ സ്ഥാപിക്കപ്പെട്ട ഏകാധ്യാപക വിദ്യാലയമാണ് വെസ്റ്റ് നല്ലൂർ ജി.എൽ.പി.സ്കൂൾ ശ്രീ. പി.വി. ദാമോദരൻ ആയിരുന്നു അന്നത്തെ അധ്യാപകൻ.

1979ൽ ശ്രീ. പി.പി. മുഹമ്മദ് സ്ഥാപിച്ച കെ.എച്ച്.എം.യു.പി.സ്കൂളിൽ അപ്പർ പ്രൈമറി ക്ലാസുകൾ മാത്രം നടത്തുന്നു.

കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിൻ കീഴിൽ 1995ൽ ആരംഭിച്ച ഐ.ഇ.എം.എൽ.പി സ്കൂളിൽ ഒന്നും രണ്ടും ക്ലാസുകൾ നടത്തപ്പെടുന്നു. ഇതുവരെയും സ്കൂളിന് അംഗീകാരം ലഭിച്ചിട്ടില്ല.

1943ൽ ഇല്ലിക്കൽ വീട്ടുകാർ സ്ഥാപിച്ച വിദ്യാലയമാണ് എ.എം.എൽ.പി.സ്കൂൾ പുറ്റേക്കാട്.

മേൽപറഞ്ഞ വിദ്യാലയിങ്ങളിലായി 4600 ആൺകുട്ടികളും 4196 പെൺകുട്ടികളും അധ്യയനം നടത്തുന്നു. 110 അധ്യാപകരും, 174 അധ്യാപികമാരും ഇവിടെ സേവനമനുഷ്ഠിക്കുന്നു.

മൊത്തം വിദ്യാർത്ഥികളിൽ ആൺ-പെൺ അനുപാതം പട്ടിക 2ൽ കൊടുത്തിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ മൂത്രപ്പുരയില്ലാത്ത ഒന്നും കക്കൂസില്ലാത്ത മൂന്നും, കുടിവെള്ളം ലഭ്യമല്ലാത്ത രണ്ടും വൈദ്യുതിയില്ലാത്ത ആറും, പാചകമുറിയില്ലാത്ത മൂന്നും, സ്റ്റാഫ് റൂമില്ലാത്ത നാലും വിദ്യാലയങ്ങളുണ്ട്. പട്ടിക 3 കാണുക.

പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും മാതൃസംഗമവും, പി.ടി.എ.യും സജീവമാണ്. മൂന്നു വിദ്യാലയങ്ങളിൽ ലൈബ്രറി ഇല്ല. ഉള്ളവയിൽ തന്നെ മിക്കവയും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.

ഹൈസ്കൂളിൽ വിജയശതമാനം കഴിഞ്ഞ അഞ്ചു വർഷമായി കുറഞ്ഞുവരികയാണ്. അക്കാദമിക് നിലവാരം കുറഞ്ഞുവരുന്നതിന് പല കാരണങ്ങളുമുണ്ട്. അധ്യാപകരുടേയും, വിദ്യാർത്ഥികളുടേയും, രക്ഷിതാക്കളുടേയും കൂട്ടായ പരിശ്രമംകൊണ്ടു മാത്രമേ വിജയശതമാനം ഉയർത്താനാവൂ.

പ്രൈമറി ക്ലാസുകൾ മുതൽ ഇതിനുള്ള ശ്രദ്ധ ആവശ്യമാണ്. പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പ്രത്യേകം പഠിപ്പിക്കാൻ സംവിധാനമുണ്ടാ

പട്ടിക 2

എൽ.പി.യു.പി.ഹൈസ്ക്കൂൾ വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| എൽ.പി. | | | | യു.പി. | | | | ഹൈസ്കൂൾ | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം | ആൺ | പെൺ | ആകെ | ശതമാനം |
| 1872 | 1648 | 3520 | 46.8 | 1582 | 1424 | 3006 | 47.4 | 1182 | 1088 | 2270 | 47.9 |

പട്ടിക 3

വിദ്യാലയത്തിലെ ഭൗതിക സൗകര്യങ്ങൾ 96-97

| ക്രമനമ്പർ | പേര് | ആകെ വിദ്യാർത്ഥികൾ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | പാചക മുറി | സ്റ്റാഫ്റൂം | ഫർണിച്ചർ |
|---|---|---|---|---|---|---|---|---|---|
| 1. | ജി.ജി.വി.എച്ച്.എസ്.എസ് | 2537 | 3 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | പോരാ |
| 2. | ജി.എം.യു.പി.എസ് | 1565 | 2 | 2 | ,, | ,, | ,, | ,, | ,, |
| 3. | ജി.ജി..യു.പി.എസ് | 699 | 2 | 1 | കിണർ | ഇല്ല | ഇല്ല | ഇല്ല | ,, |
| 4. | ജി.ഡബ്ലിയു.എൽ.പി.എസ് | 158 | ഇല്ല | ഇല്ല | പൈപ്പ് | ഉണ്ട് | ഉണ്ട് | ,, | ഉണ്ട് |
| 5. | ജി.എൽ.പി.(നല്ലൂർവെസ്റ്റ്) | 143 | 2 | 1 | ഇല്ല | ഇല്ല | ,, | ഉണ്ട് | ,, |
| 6. | ജി.എം.എൽ.പി.എസ് | 609 | 2 | 2 | കിണർ | ഉണ്ട് | ഇല്ല | ,, | ,, |
| 7. | ജി.എൽ.പി.എസ് നല്ലൂർ | 116 | 2 | 2 | കിണർ | ഇല്ല | ഉണ്ട് | ,, | ,, |
| 8. | ബി.ഇ.എം.യു.പി.എസ് | 914 | 3 | 1 | പൈപ്പ് | ഉണ്ട് | ,, | ,, | ഉണ്ട് |
| 9. | കെ.എച്ച്.എം.യു.പി.എസ് | 473 | 2 | 3 | ,, | ,, | ,, | ,, | പോരാ |
| 10. | എ.യു.പി.എസ്സ്നല്ലൂർഈസ്റ്റ് | 587 | 2 | ഇല്ല | കിണർ | ഇല്ല | ,, | ,, | ഉണ്ട് |
| 11. | എൻ.എൻ.എൽ.പി.ബി.എസ്സ് | 515 | 1 | 4 | ,, | ഉണ്ട് | ,, | ,, | ,, |
| 12. | എം.ഐ.എൽ.പി.എസ്സ്, പെരുമുഖം | 171 | 1 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ,, |
| 13. | എ.എം.എൽ.പി.എസ്സ് പുറ്റെക്കാട് | 231 | 1 | ഇല്ല | കിണർ | ഇല്ല | ,, | ,, | ,, |
| 14. | ഐ.ഇ.എം.എൽ.പി.എസ് | 78 | 1 | 1 | പൈപ്പ് | ഉണ്ട് | — | ഉണ്ട് | ,, |

പട്ടിക 4

ഒന്നാം പാദവർഷപരീക്ഷ 96-97

| ക്ലാസ്സുകൾ | 30%നു താഴെ മാർക്ക് ലഭിച്ചവർ | 30നും 40നും ഇടയിൽ | 40നും 50നും ഇടയിൽ | 50നും 60നും ഇടയിൽ | 60%ന് മുകളിൽ |
|---|---|---|---|---|---|
| 3 | 246 | 143 | 126 | 129 | 197 |
| 4 | 207 | 180 | 204 | 148 | 185 |
| 5 | 240 | 246 | 156 | 180 | 169 |
| 6 | 317 | 146 | 181 | 169 | 124 |
| 7 | 331 | 273 | 225 | 134 | 124 |
| 8 | 500 | 178 | 90 | 88 | 35 |
| 9 | 431 | 157 | 79 | 77 | 39 |
| 10 | 328 | 117 | 59 | 58 | 32 |

| എസ്.എസ്.എൽ.സി | | | | |
|---|---|---|---|---|
| 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
| 38% | 34% | 32% | 30% | 28% |

കണം. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക. അധ്യയനവർഷാരംഭത്തിൽ തന്നെ ഗവൺമെന്റ് സ്കൂളുകളിൽ ആവശ്യമായ അധ്യാപകരെ നിയമിക്കണം. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ വേണ്ടത്ര എത്തിക്കണം. ചോദ്യപേപ്പർ തയ്യാറാക്കുന്നതിലും മൂല്യനിർണ്ണയത്തിലും അധ്യാപർക്ക് പങ്കാളിത്തം വേണം. ഓരോ ക്ലാസും കേന്ദ്രീകരിച്ച് അധ്യാപകരുടേയും, രക്ഷിതാക്കളുടേയും കമ്മറ്റികൾ രൂപീകരിക്കണം. പഠനകാര്യങ്ങൾ ഈ കമ്മറ്റികളിൽ ചർച്ച ചെയ്യണം. ഹൈസ്കൂൾ കേന്ദ്രീകരിച്ച് സ്കൂൾ കോംപ്ലക്സ് രൂപീകരിച്ച് പ്രവർത്തിപ്പിക്കണം.

എല്ലാ പ്രൈമറി സ്കൂളുകളോടും അനുബന്ധമായ പ്രീ-പ്രൈമറി ഏർപ്പെടുത്തണം. ജില്ലാ പഞ്ചായത്തിന്റെ വിദ്യാഭ്യാസ പരിപാടികൾ ഉടനെ നടത്തേണ്ടതാണ്. നഴ്സറി തലത്തിൽ തന്നെ മൂന്നു ഭാഷകൾ പഠിപ്പിക്കുന്ന സ്ഥാപനങ്ങളും നമ്മുടെ പഞ്ചായതിലുണ്ട്. പഠനം ദുഷ്കരമാക്കുന്ന ഈ സംവിധാനം മാറ്റേണ്ടതാണ്. പ്രൈമറി തലത്തിൽ മാതൃഭാഷയും, സെക്കന്ററി തലത്തിൽ ഹിന്ദിയും ഇംഗ്ലീഷും പഠിപ്പിക്കാം.

പഞ്ചായത്തിൽ 9.34% കുട്ടികളാണ് പട്ടികജാതി വിഭാഗത്തിലുള്ളത്. ഈ വിഭാഗത്തിൽ പെട്ട 425 ആൺകുട്ടികളും 397 പെൺകുട്ടികളും അധ്യയനം നടത്തുന്നു.

ഈ വിഭാഗത്തിൽ കൊഴിഞ്ഞുപോക്ക് താരതമ്യേന കുറവാണ്. മുസ്ലീം വിഭാഗത്തിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതലാണെന്നു കാണാം. പ്രൈമറി പഠനം കഴിയുമ്പോഴേക്കും കുട്ടികൾ ഉപജീവനമാർഗ്ഗം തേടി പോകുന്ന സ്ഥിതിയുണ്ട്.

സ്വാതന്ത്ര്യത്തിനു മുൻപ് ഇംഗ്ലീഷുകാർ ബന്ധപ്പെട്ടിരുന്ന പ്രദേശമായിരുന്നതിനാൽ വിദ്യാഭ്യാസ രംഗത്ത് നമ്മുടെ മേഖലയിൽ അവരുടെ സ്വാധീനമു

പട്ടിക 5

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് 96,97

| എൽ.പി.വിഭാഗം | | | യു.പി.വിഭാഗം | | | ഹൈസ്കൂൾ വിഭാഗം | | |
|---|---|---|---|---|---|---|---|---|
| ആകെ | പട്ടിക ജാതി | ശതമാനം | ആകെ | പട്ടിക ജാതി | ശതമാനം | ആകെ | പട്ടിക ജാതി | ശതമാനം |
| 3520 | 298 | 8.47 | 3006 | 280 | 9.31 | 2270 | 244 | 10.74 |

പട്ടിക 6

പഠനം നിർത്തിയവരുടെ കണക്ക് 95-96

| | പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി. | 1 | 1 | 2 | 20 | 7 | 27 |
| യു.പി. | | | | 33 | 6 | 39 |
| ഹൈസ്കൂൾ | 11 | 7 | 18 | 35 | 17 | 52 |
| ആകെ | 12 | 8 | 20 | 88 | 30 | 118 |

ണ്ടായിട്ടുണ്ട്. വർത്തമാന കാലത്ത് ഇംഗ്ലീഷ് മാധ്യമത്തോടുള്ള ഭ്രമം സാധാരണക്കാരിലടക്കം കാണുന്നുണ്ട്.

പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് കൂടുതലായും ആശ്രയിക്കുന്നത് കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജിനേയും; ഫാറൂഖ് കോളേജിനേയുമാണ്. ഇപ്പോൾ രാമനാട്ടുകര പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാറൂഖ് കോളേജിന്റെ ആവിർഭാവം ഫറോക്ക് പഞ്ചായത്തിലെ കളത്തിങ്ങൽ ഇസ്മായിൽ സാഹിബിന്റെ മുന്നിലകത്ത് വീട്ടിലാണ്. 1948 ആഗസ്റ്റ് 12 നാണ് കോളജിന്റെ തുടക്കം. പിന്നീട് ഫറോക്കിലെ പുളിയാളി അബ്ദുള്ളക്കുട്ടി ഹാജി സംഭാവന ചെയ്ത കരിങ്കല്ലായിലെ 30 ഏക്കർ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു.

പഞ്ചായത്തിൽ എട്ട് സ്വകാര്യ ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളിലായി 179 വിദ്യാർത്ഥികൾ പഠിക്കുന്നു. പരിശീലകരും പഠിതാക്കളും ഭൂരിഭാഗവും വനിതകളാണ്. ചന്തക്കടവിൽ 1992 മുതൽ പ്രവർത്തിച്ചു വരുന്ന ഒരു സ്വകാര്യസ്ഥാപനമാണ് ലൈസിയം. ഇവിടെ നഴ്സറി ടീച്ചേഴ്സ് ട്രെയ്നിംഗ് കോഴ്സ്, ലാബ് ടെക്നിഷ്യൻ കോഴ്സ്, എക്സ്-റേ കോഴ്സ് തുടങ്ങിയവ നടത്തിവരുന്നു.

തമിഴ്നാട് ഗവ: ടെക്നിക്കൽ എക്സാമിനേഷൻവിഭാഗം നടത്തുന്ന അഗ്രികൾച്ചറൽ ഹയർ സർട്ടിഫിക്കറ്റ് പരീക്ഷയുടെ കറസ്പോണ്ടൻസ് കോഴ്സ് നടത്തുന്ന വൊക്കേഷണൽ ട്രെയിനിങ്ങ് സെന്റർ എന്ന സ്ഥാപനം ചന്തക്കടവിൽ പ്രവർത്തിച്ചുവരുന്നു.

പേട്ടയിലുള്ള ഇർഷാദിയ കോളേജിൽ ആർട്ട്സ് ഓഫ് ഇസ്ലാമിക്ക് കോഴ്സ്, "തജ്ഹിസ്" എന്നി കോഴ്സുകൾ നടത്തുന്നു. AIC യിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഇസ്ലാമിക പഠനത്തോടൊപ്പം പ്രീഡിഗ്രി പരീക്ഷക്കുകൂടി സജ്ജമാക്കുന്നുണ്ട്. പെൺകുട്ടികൾക്കു മാത്രമുള്ള "തജ്ഹിസ" യിൽ തുന്നൽ, ഹോം സയൻസ് മറ്റു കൈത്തൊഴിലുകൾകൂടി പരിശീലിപ്പിച്ചുവരുന്നു.

ഫറോക്ക് ഗവ:ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ഡയറിയിങ്ങ് (മിൽക്ക് ആന്റ് മീറ്റ് പ്രൊഡക്ട്), ലാബ് ടെക്നിഷ്യൻ, എന്നി ദ്വിവത്സര കോഴ്സുകൾ നടത്തുന്നുണ്ട് ഓരോ കോഴ്സിലും വർഷത്തിൽ 25 വീതം വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നു. ഐ.എച്ച്.ആർ.ഡി.ഇ.യുടെ സഹായത്തോടെ കംപ്യൂട്ടർ സയൻസിൽ പ്രാഥമിക പരിജ്ഞാനം ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും എസ്.എസ്.എൽ.സി കഴിഞ്ഞവർക്കും നൽകിവരുന്നുണ്ട്. ഇവിടെ സ്ഥിരം അധ്യാപകർ ഇന്നില്ല. അത് പരിഹരിക്കപ്പെടണം.



ഫാറൂഖ്കോളേജ് ആദ്യം പ്രവർത്തനം തുടങ്ങിയ ഫറോക്കിലെ മുന്നിലകം വീട്

പട്ടിക 7
നേഴ്സറി വിദ്യാലയങ്ങളെ
സംബന്ധിച്ച വിവരണം.

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | അംഗൻവാടി | ഇല്ല |
| 2 | നേഴ്സറി | 12 |
| 3 | ബാലവാടി | 4 |
| 4 | പ്രീ-പ്രൈമറി | 2 |
| 5 | ക്രഷെ | 1 |
| 6 | പഞ്ചായത്ത് ശിശുമന്ദിരം | 1 |
| | ആകെ | 20 |
| | ഇംഗ്ലീഷ് മീഡിയം | 5 |
| | മലയാള മീഡിയം | 15 |

പഞ്ചായത്തിലെ സാങ്കേതികസ്ഥാപനങ്ങളിൽ മറ്റൊന്നാണ് പട്ടികജാതി പട്ടികവർഗ വിമൺസ് ജം കട്ടിങ്ങ് ആന്റ് പോളീഷിങ്ങ് വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ്-സൊസൈറ്റി. 1996ലാണ് പ്രവർത്തനമാരംഭിച്ചത്. ജില്ലാ വ്യവസായകേന്ദ്രത്തിനു കീഴിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിലെ 25 വനിതാ അംഗങ്ങൾക്ക് "സ്റ്റെഡി"ന്റെ നേതൃത്വത്തിൽ മൂന്നു മാസത്തെ സൗജന്യ തൊഴിൽപരിശീലനം നൽകുന്നു. പരിശീലനം പൂർത്തിയാക്കുന്നവർക്ക് സൊസൈറ്റി തന്നെ ജോലി കൊടുക്കും. അമേരിക്കൻ ഡയമണ്ട് കട്ടിങ്ങും പോളീഷിങ്ങുമാണ് പരിശീലിപ്പിക്കുന്നത്. പട്ടികജാതിവർഗക്കാർക്കുവേണ്ടിയുള്ള കേരളത്തിലെ ആദ്യത്തെ സ്ഥാപനമാണിത്. ഈ സ്ഥാപനത്തിൽ 25 മിഷ്യൻ പ്രവർത്തിപ്പിക്കുവാൻ അനുമതിയുണ്ടെങ്കിലും സ്ഥലപരിമിതിമൂലം 5 എണ്ണമേ പ്രവർത്തിക്കുന്നുള്ളു. അസംസ്കൃതപദാർത്ഥം കൊറിയൻ ഇറക്കുമതിയാണ്.

പഞ്ചായത്തിൽ അംഗൻവാടികൾ ഇല്ല. ബ്ലോക്കിനുകീഴിൽ നാല് ബാലവാടികളും, ഒരു ക്രഷെയും, ഒരു പഞ്ചായത്ത് ശിശുമന്ദിരവും പ്രവർത്തിക്കുന്നു. വെസ്റ്റ് നല്ലൂർ ഗവ: എൽ.പി.എസ്സിലും, ബി.ഇ.എം.യു.പി. എസ്സിലും ഓരോ പ്രീ-പ്രൈമറി ക്ലാസുകൾ നടത്തുന്നുണ്ട്. ഇതിനു പുറമെ അഞ്ച് ഇംഗ്ലീഷ് മീഡിയം നേഴ്സറിയും ഏഴ് മലയാളം മീഡിയം നേഴ്സറിയും ഉണ്ട്. ഇവയിൽ എല്ലാംകൂടി 346 ആൺകുട്ടികളും 319 പെൺകുട്ടികളും പഠിക്കുന്നു. 27 അധ്യാപികമാരും 17 ആയമാരും ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. ഇവയിൽ മിക്കതിലും ആവശ്യമായ കളിസ്ഥലമോ കളിപ്പാട്ടമോ ഇല്ല പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധേയമാണ്.

പട്ടിക 8
സാമ്പത്തികാനുകൂല്യം ലഭിക്കുന്ന
വിദ്യാർത്ഥികൾ

| നമ്പർ | സ്കോളർഷിപ്പ് | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | മെറിറ്റ് | 7 |
| 2 | ലംപ്-സം ഗ്രാന്റ് | 956 |
| 3 | മുസ്ലീംഗേൾസ് | 723 |
| 4 | വികലാംഗർ | 26 |
| 5 | ജവാന്മാരുടെ മക്കൾ | 3 |
| 6 | മത്സ്യത്തൊഴിലാളി | 210 |
| 7 | സുനേത്ര | 203 |

നമ്മുടെ പഞ്ചായത്തിൽ 3 ലൈബ്രറികളും, 6 വായനശാലകളും ഉണ്ട്. ഇതിൽ യങ്ങ്മെൻസ് ലൈബ്രറിയും, പഞ്ചായത്ത് ലൈബ്രറിയും കേരള ഗ്രന്ഥശാലാസംഘത്തിന്റെ അംഗീകാരം ഉള്ളവയാണ്. ജില്ലയിലെ ചുരുക്കം എ. ഗ്രേഡ് ലൈബ്രറികളിൽ ഒന്നാണ് യങ്ങ്മെൻസ് ലൈബ്രറി.

പഞ്ചായത്തിൽ വിവിധയിനങ്ങളിലുള്ള സ്കോളർഷിപ്പ് ലഭിക്കുന്ന കുട്ടികളുടെ വിവരം പട്ടിക 8ൽ കാണുക

പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ അക്കാദമിക സൗകര്യങ്ങൾ പട്ടിക 9ൽ കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങൾ

- ഒരു വാർഡിലും അംഗൻവാടികൾ ഇല്ല.

  തുടർസാക്ഷരതാ പ്രവർത്തനം നടത്താത്തതുകൊണ്ട് പഠിതാക്കൾ വീണ്ടും നിരക്ഷരരാകുന്നു.
- മിക്ക വാർഡുകളിലും വായനശാലയോ ലൈബ്രറിയോ ഇല്ല.
- ലൈബ്രേറിയൻ ഇല്ലാത്തതുകൊണ്ട് വിദ്യാലയങ്ങളിലെ ലൈബ്രറികൾ ഫലവത്താകുന്നില്ല.
- ഗണപത് ഹൈസ്കൂളിലെ ഏറ്റവും വലിയ കെട്ടിടം പണിതീരാത്തതുകൊണ്ട് സെഷണൽ സമ്പ്രദായം നിലനിൽക്കുന്നു.

- കല്ലംപാറ ഏരിയയിൽ ഒരു പ്രൈമറി സ്കൂൾപോലും ഇല്ലാത്തതിനാൽ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിന് കടലുണ്ടി പഞ്ചായത്തിലേക്കു പോകേണ്ടിവരുന്നു.
- സർക്കാർ വിദ്യാലയങ്ങളിൽ വർഷാരംഭത്തിൽ അധ്യാപകരുടെ ഒഴിവുകൾ നികത്തുന്നില്ല.
- ചില വിദ്യാലയങ്ങൾക്ക് ചുറ്റുമതിൽ ഇല്ല.
- ഐ.ടി.ഐ, പോളിടെക്നിക്ക് തുടങ്ങിയ സ്ഥാപനങ്ങളില്ല.
- മുസ്ലീം, പട്ടികജാതി-പട്ടികവർഗ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ പോര.

## പരിഹാരനിർദ്ദേശങ്ങൾ

- എല്ലാ വാർഡിലും അംഗൻവാടികൾ സ്ഥാപിക്കേണ്ടതാണ്.
- സാക്ഷരതാ ഫലം സ്ഥായിയായി നിൽക്കണമെങ്കിൽ തുടർ സാക്ഷരതാപ്രവർത്തനം അടിയന്തിരമായും തുടരേണ്ടതാണ്.
- ഓരോ വാർഡും കേന്ദ്രീകരിച്ച് ഓരോ വായനശാല സ്ഥാപിക്കേണ്ടതും അവയിൽ ദൃശ്യമാധ്യമങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്.
- ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഓരോ വിദ്യാലയത്തിലും ലൈബ്രേറിയൻ തസ്തിക ഉണ്ടാക്കേണ്ടതാണ്.
- ഒരു കോടിയിലധികം രൂപ ചെലവ് കണക്കാക്കി പണി ആരംഭിച്ച ഗണപത് ഹൈസ്കൂൾ കെട്ടിടം ഉടനടി പണി പൂർത്തിയാക്കിയാൽ ഇന്നത്തെ സെഷണൽ സമ്പ്രദായം അവസാനിപ്പിക്കാനും വിദ്യാഭ്യാസനിലവാരം കുറച്ചെങ്കിലും മെച്ചപ്പെടുത്താൻ കഴിയും.
- കല്ലംപാറയിൽ സർക്കാർ മേഖലയിൽ പ്രൈമറി സ്കൂൾ സ്ഥാപിക്കേണ്ടതും, പുറ്റെക്കാട് എ.എം.ൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യേണ്ടതുമാകുന്നു.
- പഞ്ചായത്തിൽ ഐ.ടി.ഐ, പോളിടെക്നിക്ക് എന്നിവ സ്ഥാപിക്കേണ്ടതാണ്.
  വിദ്യാലങ്ങൾക്ക് ചുറ്റുമതിൽകെട്ടി സംരക്ഷണം ഉറപ്പുവരുത്തണം.
- ഫറോക്ക് ചന്ത ജി.എം.യു.പി. സ്കൂൾ ഗേൾസ് ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ പൂർത്തിയാക്കുക.




പട്ടിക 9

അക്കാദമിക്ക് സൗകര്യങ്ങളുടെ വിവരണം.

| | | ദൃശ്യ-ശ്രാവ്യ ഉപകരണം | | | | | | | | ബ്ലാക്ക് ബോർഡ് | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | ലൈബ്രറി | റേഡിയോ | ടാപ്പ്റിക്കാർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | ഫ്രിഡ്ജ് | സ്ലൈഡ് പ്രൊജക്ടർ | ഗ്യാസ് സ്റ്റൗ | കംപ്യൂട്ടർ | നിലവിലുള്ളത് | ഇനിയും ആവശ്യമായത് | മാതൃസംഗമം | പി.ടി.എ |
| ഉള്ളത് | 11 | 5 | 8 | 1 | 2 | 2 | 2 | 1 | 5 | 168 | 50 | 13 | 14 |
| ഇല്ലാത്തത് | 3 | 6 | 6 | 1 | - | - | - | - | - | - | - | - | - |
| പ്രവർത്തിക്കാത്തത് | - | 3 | - | - | - | - | - | - | - | - | - | - | - |

# 8



# സംസ്കാരം

വ്യവസായത്തൊഴിലാളി മേഖല എന്ന നിലയിൽ ശക്തമായ തൊഴിൽ സമരങ്ങൾ, ചെറുത്തുനിൽപുകൾ, നിരന്തരമായ ചർച്ചാക്ലാസ്സുകൾ, ബോധവൽക്കരണ പ്രഭാഷണങ്ങൾ, ട്രേഡ്യൂണിയൻ സംഘടനാ പ്രവർത്തനങ്ങൾ എന്നിവയിലൂടെ രൂപപ്പെട്ടുവന്ന സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം ഫറോക്കിനുണ്ട്. ലഭ്യമായ രേഖകൾ വച്ച് നോക്കുമ്പോൾ ഫ്യൂഡൽ സംസ്കാര പാരമ്പര്യത്തിൽനിന്നും വളരെ വേഗം തൊഴിലാളി വർഗ്ഗ സംസ്കാരത്തിലേക്ക് മാറാനുള്ള പ്രവണത ഇവിടെ ദൃശ്യമായിരുന്നു. ജനങ്ങളധികവും ഹിന്ദുക്കളും മുസ്ലിംകളുമാണ്. ഏതാനും ചില ക്രിസ്ത്യൻ കുടുംബങ്ങളുമുണ്ട്. ജനങ്ങളുടെ ഇടയിൽ പണ്ടുകാലം തൊട്ടേ മതസൗഹാർദ്ദം നിലനിൽക്കുന്നു.

പുരാതനമായ നല്ലൂർ ശിവക്ഷേത്രം, നാനാജാതി മതസ്ഥരെ ആകർഷിക്കുന്ന രീതിയിൽ ഉത്സവം നടത്തിവരാറുള്ള പള്ളിത്തറ ശ്രീ കുറുമ്പാ ഭഗവതി ക്ഷേത്രം, പൂർവ്വികമായ കരുവൻതിരുത്തി ജാറം, പേട്ടയിലെ പള്ളിയും ജാറവും എന്നി ആരാധനാലയങ്ങൾ നമ്മുടെ സാംസ്കാരികത്തനിമയുടെ അടിത്തറകളാണ്.

പഞ്ചായത്തിൽ 23 മുസ്ലീം പള്ളികളും 24 ക്ഷേത്രങ്ങളും ഉണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി തന്നെ അയിത്തോച്ചാടനപ്രവർത്തനങ്ങളും ജാതിമതചിന്തകൾക്കെതിരായി ശക്തമായ പ്രക്ഷോഭങ്ങളും ഇന്നാട്ടുകാർ നടത്തിയിരുന്നു എന്നകാര്യം എടുത്തു പറയത്തക്കതാണ്.

പണ്ടുകാലം മുതൽക്കുതന്നെ ഫറോക്കിന്റെ വിവിധഭാഗങ്ങളിൽരൂപംകൊണ്ട കളിസംഘങ്ങൾ, പൊറാട്ടുനാടകം, കോൽക്കളി, കുതിരകളി, നരിക്കളി, തെയ്യം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിക്കാറുണ്ടായിരുന്നു. വിവാഹങ്ങൾക്കും മറ്റാഘോഷങ്ങൾക്കും ഉപയോഗിച്ചുവന്നിരുന്ന നാദസ്വരവാദ്യം കൈകാര്യംചെയ്തിരുന്ന കലാകാരന്മാരുടെ ഏതാനും ട്രൂപ്പുകളും ഫറോക്കിലുണ്ടായിരുന്നു. നാദസ്വരവാദ്യത്തിൽ രത്നാകരനും, തായമ്പക വിദഗ്ദ്ധനായ അച്ചുട്ടിയും കോൽക്കളിയിൽ അഖിലേന്ത്യാതലത്തിൽ അവാർഡ് നേടിയ ഇമ്പിച്ചിക്കോയ കുരിക്കളും ഫറോക്കിലെ ഓർമ്മിക്കേണ്ട പ്രതിഭകളാണ്.

ഒരു പ്രദേശത്തെ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അദ്വിതീയമായ സ്ഥാനമുണ്ട്. 1906ൽ ബാസൽ ഇവാഞ്ചലിക്കൽ മിഷൻ സ്ഥാപിച്ച ഹയർ എലിമെന്ററി സ്ക്കൂൾ (B.E.M. U.P. School) ആണ് ഫറോക്കിലെ ആദ്യത്തെ വിദ്യാലയം. 1914ൽ കുഞ്ഞിരാമമാരാർ സ്ഥാപിച്ചതും പിന്നീട് സർവ്വോത്തമറാവുവിന് നൽകിയതുമായ വിദ്യാലയമാണ് മാരാർ സ്ക്കൂൾ എന്ന് അറിയപ്പെടുന്ന നല്ലൂർ ഗവ: ഗണപത് യു.പി. സ്ക്കൂൾ. ഫറോക്കിൽ ചൂലൻ കൃഷ്ണൻ എന്ന സാമുദായിക പരിഷ്കർത്താവ് 1920ൽ കുണ്ടേത്തടത്തിൽ ഒരു വീടിന്റെ ഉമ്മറത്ത്

ആരംഭിച്ച വിദ്യാലയമാണ് ഇന്നത്തെ ഗവ: വെൽഫെയർ എൽ.പി. സ്ക്കൂൾ. 1924ൽ കാരിയിൽ വീട്ടിൽ അപ്പുട്ടി എന്നവർ സ്ഥാപിച്ച ഒരു ഗേൾസ് സ്ക്കൂൾ ആണ് ഇപ്പോഴത്തെ ഗവ: എൽ.പി. സ്ക്കൂൾ നല്ലൂർ. 1927ൽ ഗണപതി റാവു സ്ഥാപിച്ച മിഡിൽ സ്ക്കൂൾ ആണ് ഇന്ന് ഗവ:ഗണപത് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂൾ ആയി രൂപാന്തരപ്പെട്ടിരിക്കുന്നത്. പിന്നീട് കാലാകാലങ്ങളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പല സ്ക്കൂളുകളും നിലവിൽ വന്നു. ഇപ്പോൾ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്ക്കൂളും അഞ്ച് യു.പി. സ്ക്കൂളുകളും ഏഴ് എൽ.പി.സ്ക്കൂളുകളും നിലവിലുണ്ട്.



ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനങ്ങൾ പഞ്ചായത്തിലുടനീളം നന്നായി നടന്നെങ്കിലും അതിന്റെ ഫലങ്ങൾ നിലനിർത്താൻ തുടർ പ്രവർത്തനത്തിന്റെ അഭാവംമൂലം കഴിഞ്ഞില്ലെന്ന് തന്നെ പറയാം.

അനൗപചാരിക വിദ്യാകേന്ദ്രങ്ങളായ ഗ്രന്ഥശാലകൾ ജനകീയ സർവ്വകലാശാലകൾ തന്നെയാണ്. 1951ൽ പെരുമുഖത്ത് ജ്ഞാനപ്രകാശിനി എന്ന പേരിൽ ഒരു വായനശാല രൂപീകൃതമായതോടുകൂടിയാണ് അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഫറോക്കിൽ തുടക്കമിട്ടത്. എന്നാൽ 1936ൽ പെരുമുഖം കേന്ദ്രീകരിച്ച് വി.ആർ. നായനാർ വായനശാല എന്ന സ്ഥാപനം രൂപീകരിച്ചിരുന്നു. അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും നടത്തിയിരുന്ന പ്രസ്തുത സ്ഥാപനം നിർജ്ജീവമായി.

1952ൽ നല്ലൂർ കേന്ദ്രമാക്കിക്കൊണ്ട് രൂപം നൽകിയ ഫറോക്ക് യംഗ്മെൻസ് ലൈബ്രറി & റീഡിംഗ് റൂം ഈ ദിശയിലുള്ള മറ്റൊരു സംരംഭമായിരുന്നു. ടി.വി. ദാമോദരൻ, പൊറ്റത്തിൽ ഇമ്പിച്ചുട്ടി, സി.പി. പത്മനാഭൻ, ഒലിയഞ്ചേരി രാവുണ്ണിനായർ, മേത്തൽതൊടി ഗോപു തുടങ്ങിയവർ ഈ വായനശാലയുടെ സ്ഥാപക പ്രവർത്തകർ എന്ന നിലയിൽ സ്മരണീയരാണ്. നല്ലൂരിൽ സ്വന്തമായ ഒരു ഇരുനിലക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഫറോക്ക് യംഗ്മെൻസ് ലൈബ്രറി ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേറ്റ് ചെയ്ത് 8000ത്തിൽ പരം പുസ്തകങ്ങളോടു കൂടിയ എ ഗ്രേഡ് ലൈബ്രറികൂടിയാണ്. കോഴിക്കോട് ജില്ലയിൽ നല്ലനിലയിൽ പ്രവർത്തിക്കുന്ന ലൈബ്രറികളിലൊന്നാണിത്. മലയാളം മീഡിയം നഴ്സറിക്ലാസുകൾ, ഡാൻസ്ക്ലാസുകൾ, ചർച്ചാ ക്ലാസുകൾ, കലാ സംസ്കാരിക പ്രവർത്തനങ്ങൾ എന്നിങ്ങനെ വിവിധ മണ്ഡലങ്ങളിൽ പ്രവർത്തിക്കുന്ന യംഗ്മെൻസ് ലൈബ്രറി നമ്മുടെ സാംസ്കാരിക രംഗത്ത് ഒട്ടേറെ വിലപ്പെട്ട സംഭാവനകൾ നൽകി വരുന്നു.

കൂടാതെ പഞ്ചായത്ത് ലൈബ്രറി, കരുവൻതിരുത്തിയിലെ നവദർശൻ വായനശാല, ജനശിക്ഷണ ഗ്രന്ഥാലയം, മുക്കോണം ദേശസേവ വായനശാല ആർട്സ് & സ്പോർട്സ് ക്ലബ്, പേട്ടയിലെ എം.എസ്. എസ്. വായനശാല എന്നിവയും ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. വായനാശീലം കുറയുന്നില്ലെങ്കിലും ഗൗരവമായ വായനകുറഞ്ഞു വരികയാണ്. ജീവൽഗന്ധിയല്ലാത്ത വാരികകളും മാസികകളും ഏറെ പ്രചാരത്തിൽ ഉണ്ട്. പഞ്ചായത്തിൽ നിലവിലുള്ള ഗ്രന്ഥാലയങ്ങൾ, വായനശാലകൾ എന്നിവയുടെ വിവരം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിൽ 15%ത്തോളം വീടുകളിലും ടെലിവിഷൻ ഉണ്ട്. കേബിൾ ടി.വി. സംവിധാനം വന്നതോടെ ജനങ്ങൾ കൂടുതൽ അലസരായിരിക്കുന്നു. നമ്മുടെ പഞ്ചായത്തിൽ രണ്ട് കേബിൾ ടി.വി. നെറ്റ്വർക്കുകൾ പ്രവർത്തിച്ച് വരുന്നു. പ്രീതി പിക്ചർപാലസ് മാത്രമാണ് ഫറോക്കിലെ ഏക സിനിമാശാല.

1956ൽ നല്ലൂരിലെ കലാസാംസ്കാരിക പ്രവർത്തകരുടെ സഹായത്തോടെ ചേർത്തല കമലാനന്ദൻ രൂപം നൽകിയ ജ്വാല ആർട്സ് ക്ലബ് നാല് ദശകങ്ങളായി ഇവിടെ പ്രവർത്തിക്കുന്നു. കൊല്ലരുകണ്ടി മാധവക്കുറുപ്പ് ജ്വാല ആർട്സ് ക്ലബിന്റെ ആദ്യകാല

പട്ടിക 1

| ക്രമ നമ്പർ | പേര് | സ്ഥാപിച്ച വർഷം | കെട്ടിട വിവരം | മെമ്പർ മാർ | പുസ്തക ങ്ങൾ | പ്രതിമാസ വിതരണം | കീഴിൽ പ്രവർത്തിക്കുന്നവ | ഗ്രേഡ് | ഗ്രാന്റ് |
|---|---|---|---|---|---|---|---|---|---|
| നിലവിലുള്ള ഗ്രന്ഥാലയങ്ങൾ, വായനശാലകൾ | | | | | | | | | |
| 1 | ഫറോക്ക് യംഗ്മെൻസ് ലൈബ്രറി & റീഡിംഗ് റൂം, നല്ലൂർ | 1952 | സ്വന്തം | 320 | 8046 | 825 | നേഴ്സറി (മല. മീഡിയം ട്യൂഷൻക്ലാസ്, ഡാൻസ് ക്ലാസ് | A | ഉണ്ട് |
| 2. | ജ്ഞാനപ്രകാശിനി വായനശാല, പെരുമുഖം | 1944 | സ്വന്തം | 250 | 1250 | 410 | വായനശാല | - | ഇല്ല |
| 3. | പഞ്ചായത്ത് ലൈബ്രറി & വായനശാല | 1965 | സ്വന്തം | 646 | 2859 | 212 | വായനശാല | D | ഉണ്ട് |
| 4. | യുവതരംഗ് സാംസ്കാരികവേദി, കരുവൻതിരുത്തി | 1990 | വാടക | 35 | - | - | - | - | |
| 5. | ദേശസേവ വായനശാല ആർട്സ് &സ്പോർട്ട് ക്ലബ് | 1964 | വാടക | 35 | 300 | - | സ്പോർട്സ് | - | - |
| 6. | ഇസ്ലാമിക് ലൈബ്രറി, കരുവൻതിരുത്തി | - | - | - | - | - | - | - | - |
| 7. | ക്രസന്റ് വായനശാല | | | | | | | | |
| 8. | കുന്നത്തുമോട്ട സാംസ്കാരികനിലയം | - | - | - | - | - | - | - | - |
| 9. | കരുവൻതിരുത്തി വായശാല | - | - | - | - | - | - | - | - |
| 10. | M.S.S. വായനശാല, പേട്ട | - | - | - | - | - | - | | |

449

പ്രവർത്തകരിൽ ഒരാളാണ്. പിൽക്കാലത്ത് കുതിര വട്ടം പപ്പു എന്നപേരിൽ അറിയപ്പെടുന്ന പത്മദളാ ക്ഷൻ ജാലയിലൂടെയാണ് കലാരംഗത്തേക്ക് വന്നത്.

1956ൽതന്നെ ഫറോക്ക് ചുങ്കം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച പ്രഭാത് കലാസമിതി കലാരംഗത്ത് വിലപ്പെട്ട ഒട്ടേറെ സംഭാവനകൾ നൽകിയിട്ടുണ്ട്. പല ക്ലബ്ബുകളും വാർഷികാഘോഷവേളയിൽ നാടകം, നൃത്തം, കോൽക്കളി, ൺഒപ്പന, തിരുവാതിരക്കളി, മിമിക്രി, മോണോആക്ട്, ഓർക്കസ്ട്ര തുടങ്ങിയ കലാപരിപാടികൾ അവതരിപ്പിക്കാറുണ്ട്. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ പ്രവർത്തിക്കുന്ന കലാസമിതികളുടെ പേരുവിവരം പട്ടിക 2ൽ കൊടുക്കുന്നു.

ഇതിൽ അധികവും താൽക്കാലികമായ ആവേശത്തിൽനിന്നും രൂപംകൊണ്ടവയും സ്ഥിരമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കാത്തവയുമാണ്. ബന്ധപ്പെട്ട പ്രവർത്തകരുടെ ഇച്ഛാശക്തിയോടുകൂടിയ കൂട്ടായ്മയോ, അർപ്പണബോധമോ ഇല്ലാത്തതുകൊണ്ടാകാം പലതും നിർജീവങ്ങളുമാണ്.

കുന്നത്തുമോട്ടയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് സാംസ്കാരിക നിലയം യാതൊരു പ്രവർത്തനവുമില്ലാതെ കേവലം ഒരു കെട്ടിടം മാത്രമായി നിൽക്കുന്നു. ഇത് പഞ്ചായത്തിന്റെ നാനാഭാഗത്തുമുള്ള ജനങ്ങൾക്ക് ബന്ധപ്പെടാവുന്ന വിധത്തിൽ ഗതാഗതയോഗ്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കണം.

കാർട്ടൂൺ അക്കാദമിയുടെ സംസ്ഥാന അവാർഡും ഹാസ്യവേദിയുടെ സംസ്ഥാനഅവാർഡും മറ്റ് ഒട്ടേറെ പുരസ്കാരങ്ങളും നേടിയ ചിത്രകലാരംഗത്തെ ഒരനശ്വരപ്രതിഭയായിരുന്നു അകാലത്തിൽത്തന്നെ പൊലിഞ്ഞുപോയ ഐ.പി. സുനിൽകുമാർ.

മികച്ച സേവനത്തിന് മുഖ്യമന്ത്രിയുടെ പോലീസ് മെഡലിന് അർഹനായ വി.സെയ്തലവിയും മികച്ച അദ്ധ്യാപകനുള്ള അവാർഡ് നേടിയ മൂകബധിര വിദ്യാലയത്തിലെ അദ്ധ്യാപകൻ വാളക്കട കൃഷ്ണൻകുട്ടിയും ഫറോക്ക് നിവാസികളാണ്.

ഫറോക്കിലെ കലാ കായിക സാംസ്കാരിക രംഗത്ത് നിറഞ്ഞുനിന്ന വ്യക്തിയായിരുന്നു പരേതനായ പൂഞ്ചോല വേലുമാസ്റ്റർ. ഇതിലുപരി സംസ്ഥാന അത്‌ലറ്റിക് അമ്പയർ കൂടിയായിരുന്നു അദ്ദേഹം.

**പട്ടിക 2 കലാ സാംസ്കാരിക സ്ഥാപനങ്ങൾ**

| ക്രമ നമ്പർ | പേര് |
|---|---|
| 1. | യുവതരംഗ് സാംസ്കാരിക വേദി, കരുവൻതിരുത്തി |
| 2. | യംഗ്സ്റ്റാർ ക്ലബ് |
| 3. | യുവഭാവന, വെസ്റ്റ്നല്ലൂർ |
| 4. | സ്തുതി, വെസ്റ്റ് നല്ലൂർ |
| 5. | FOF, വെസ്റ്റ് നല്ലൂർ |
| 6. | CYO, ചെനപ്പറമ്പ് |
| 7. | ഷൈൻ, നല്ലൂർ |
| 8. | കലാമന്ദിർ, ഫറോക്ക് |
| 9. | സമന്വയ കലാ സാംസ്കാരിക വേദി |
| 10. | നവചൈതന്യ കലാസാംസ്കാരിക വേദി |
| 11. | സമത, നല്ലൂർ |
| 12. | ദീപ, ആർട്സ് ഈസ്റ്റ് നല്ലൂർ |
| 13. | ജൂലി, ആർട്സ് നല്ലൂർ |
| 14. | എ.കെ.ജി. കലാസമിതി, നല്ലൂർ |
| 15. | നവോദയ, എടക്കഴിക്കടവ് |
| 16. | സംസ്കാര, കള്ളിത്തൊടി |
| 17. | ന്യൂസ്റ്റാർ യുവ സാംസ്കാരികവേദി, കള്ളിത്തൊടി |
| 18. | പരിവർത്തന, കരുവൻതിരുത്തി |
| 19. | FACE ഫറോക്ക് |
| 20. | നാട്ടുകൂട്ടം, നല്ലൂരങ്ങാടി |
| 21. | കലാതരംഗ്, പേട്ട |
| 22. | മാർക്സിസ്റ്റ് കലാവേദി, പുറ്റെക്കാട് |
| 23. | പ്രഭാത് കലാസമിതി, ചുങ്കം |
| 24. | ഡിംപിൾ പെരുമുഖം |
| 25. | നവദർശൻ കരുവൻതിരുത്തി |
| 26. | വോയ്സ് ഓഫ് കാരാളിപറമ്പ് |
| 27. | സഹൃദയ കലാവേദി |
| 28. | യുവതരംഗ് കലാവേദി പെരുമുഖം |
| 29. | ചന്ത ഏരിയ സാംസ്കാരിക വേദി. |
| 30. | ജ്വാലാ ആർട്സ് ക്ലബ് |

## കായികരംഗം

ഈ രംഗത്ത് ഒട്ടേറെ പാരമ്പര്യങ്ങൾ ഫറോക്കിന് അവകാശപ്പെടാനുണ്ട്. ഫറോക്കിലെ യുണൈറ്റഡ് സ്പോർട്സ് ക്ലബ് സെവൻസ് ഫുട്ബോൾ രംഗത്ത് കേരളമൊട്ടാകെ അറിയപ്പെട്ടിരുന്നു. പാലയിൽ വാസു, പുരുഷൻപറമ്പിൽ വേലായുധൻ, പുളിയാളി ബീരാൻ എന്നിവരടക്കം ഒട്ടനവധി ഫുട്ബോൾ താരങ്ങളെ

പട്ടിക 3 സ്പോർട്സ് ക്ലബ്ബുകൾ

| ക്രമ നമ്പർ | പേര് |
|---|---|
| 1. | അമാൻഡോ സ്പോർട്സ് |
| 2. | വികുറി ബ്രദേഴ്സ് മുക്കോണം. |
| 3. | ഫറോക്ക് സ്പോർട്സ് ക്ലബ് |
| 4. | ഡയമണ്ട് ബ്രദേഴ്സ് ക്ലബ് |
| 5. | സൂര്യ, നല്ലൂർ |
| 6. | ഫേവറൈറ്റ് സ്പോർട്സ്, ചന്ത |
| 7. | പെലെ സ്പോർട്, പെരുമുഖം |
| 8. | സെവൻബ്രദേഴ്സ്, കുന്നത്തുമോട്ട |
| 9. | തുമ്പപ്പാടം ബ്രദേഴ്സ് |
| 10. | സിൽവർസ്റ്റാർ കള്ളിത്തൊടി |

വളർത്തിയെടുക്കാൻ ഈ ക്ലബിന് കഴിഞ്ഞിട്ടുണ്ട്. ഇടക്കാലത്ത് പ്രശസ്തിയിലേക്ക് ഉയർന്ന സൂര്യ നല്ലൂർ, ഫറോക്ക് സ്പോർട്സ് ക്ലബ് എന്നിവയും ഈ രംഗത്ത് നിലനിൽക്കുന്നു. ഫറോക്ക് റെയിൽവേ ഗ്രൗണ്ട് (SIR), ചെനപ്പറമ്പ് മൈതാനം, ഫറോക്ക് ചന്തപ്പറമ്പ് എന്നിവയായിരുന്നു മുൻകാലത്തെ കളിസ്ഥലങ്ങൾ. നല്ലൂരിലുള്ള ഫറോക്ക് പഞ്ചായത്ത് മിനിസ്റ്റേഡിയം അപൂർണ്ണമെങ്കിലും പലതരം കായികവിനോദങ്ങൾക്കും പരിശീലനത്തിനും മത്സരങ്ങൾക്കും ഇത് മാത്രമാണ് ഇന്ന് ഉപയോഗിച്ചു വരുന്നത്. കെ.എഫ്.എ.യുടെ അംഗീകാരം ലഭിക്കുന്നതിന് ആവശ്യമായ വിധത്തിലുള്ള ഒരു സ്റ്റേഡിയമായി ഇതിനെ വളർത്തിയെടുക്കാൻ കഴിയണം. കൂടാതെ കാരട്ടിയിൽപ്പാടം കളിസ്ഥലമായി ഇന്ന് ഉപയോഗിക്കുന്നുണ്ട്. ഇത് ഒരു പൊതു കളിസ്ഥലമായി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ പഞ്ചായത്ത് എത്രയും വേഗം പൂർത്തിയാക്കണം. പഞ്ചായത്തിൽ നിലവിലുള്ള സ്പോർട്സ് ക്ലബ്ബുകളുടെ പേരുവിവരം പട്ടിക 3ൽ കൊടുക്കുന്നു.

## പ്രശ്നങ്ങൾ


- പഞ്ചായത്ത് സാംസ്കാരിക നിലയം പ്രവർത്തനക്ഷമമല്ല
- കേരളോത്സവം പോലെയുള്ള കലാ സാംസ്കാരിക മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ മുന്നൊരുക്കത്തിനുള്ള സമയം ലഭിക്കുന്നില്ല.
- സാക്ഷരതാ തുടർപ്രവർത്തനത്തിന്റെ അഭാവം.
- പ്രാചീന കലകൾ സംരക്ഷിക്കപ്പെടുന്നില്ല.
- കലാ കായിക സാംസ്കാരിക രംഗത്തെ പ്രതിഭകളെ 'കണ്ടെത്തുക, പ്രോത്സാഹിപ്പിക്കുക' എന്ന നയത്തിന്റെ അഭാവം.
- ലോവർ പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരം ഇല്ല. പ്രൈമറി സ്ക്കൂളുകളിൽ പാഠ്യേതര വായനശാലയ്ക്കുള്ള പ്രോത്സാഹനമില്ല.

## നിർദേശങ്ങൾ

- പഞ്ചായത്ത് സാംസ്കാരിക നിലയം കൂടുതൽ പേർക്ക് ബന്ധപ്പെടാവുന്ന കേന്ദ്രത്തിലേക്ക് മാറ്റി സ്ഥാപിക്കുക.
- പത്തുസെന്റോളം ഭൂമിയും ഒരു പഴയ കെട്ടിടവും സ്വന്തമായുള്ള പെരുമുഖം ജ്ഞാനപ്രകാശിനി വായനശാല പുനരുദ്ധരിക്കാനുള്ള പ്രോത്സാഹനം നൽകുക.
- സാക്ഷരതാ തുടർപ്രവർത്തനം കലാ സാംസ്കാരിക സംഘങ്ങളെ കേന്ദ്രീകരിച്ച് നടത്താൻ പഞ്ചായത്ത് മുൻകയ്യെടുക്കുക.
- പഞ്ചായത്ത് താല്പര്യമെടുത്ത് ആവശ്യമായ സ്ഥലത്ത് സന്നദ്ധസംഘങ്ങളെക്കൊണ്ട് വായനശാലാ പ്രവർത്തനം സജീവമാക്കുക. ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന ജനശിക്ഷണ ഗ്രന്ഥാലയത്തിന് ആവശ്യമായ സൗകര്യങ്ങൾ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിൽ ചെയ്യിക്കുക.
- കലാസാംസ്കാരിക കായിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.
- കലാകായിക രംഗത്ത് പ്രാവീണ്യമുള്ള ദരിദ്ര വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ പദ്ധതികളാരംഭിക്കണം.
- കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് ഒഴിവു സമയപരിശീലനം നൽകുന്ന കലാ


സാംസ്കാരിക സംഘങ്ങളെ പഞ്ചായത്ത് സഹായിക്കണം.

- സ്ത്രീകളുടെ വായനാശീലം ഗുണകരമാക്കാൻ ഗ്രന്ഥാലയങ്ങൾ സന്നദ്ധപ്രവർത്തനത്തിലൂടെ പുസ്തകങ്ങൾ വീടുകളിലെത്തിക്കുന്ന രീതി ആവിഷ്കരിക്കണം.
- ഇലക്ട്രോണിക് മാധ്യമങ്ങളും പൈങ്കിളി സാഹിത്യവും നമ്മുടെ സാംസ്കാരിക മണ്ഡലത്തിൽ വരുത്തിക്കൊണ്ടിരിക്കുന്ന മൂല്യച്യുതിയും അതിന്റെ ഫലമായി ഉണ്ടാകുന്ന കർമ്മ വിമുഖതയും നാം കാണാതിരുന്നുകൂടാ. യുവാക്കളിൽ കണ്ടുവരുന്ന ലക്ഷ്യബോധമില്ലായ്മയും നിരാശതയും ഉത്കണ്ഠയുണ്ടാക്കുന്നു. ഇതിനെ മറികടക്കുന്നതിനും നമ്മുടെ സാംസ്കാരികത്തനിമ കാത്തുസൂക്ഷിക്കുന്നതിനുമുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഈ രംഗത്ത് ഉണ്ടാകേണ്ടിയിരിക്കുന്നു. കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾ ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ടതാണ്. സമൂഹത്തെ ഒരു പടികൂടി മുന്നോട്ട് നയിക്കുക എന്നതാവണം നമ്മുടെ ലക്ഷ്യം.



9

# വനിത



വനിതകൾ സാമൂഹ്യസാംസ്കാരിക രാഷ്ട്രീയപ്രവർത്തനങ്ങളിൽ പിൻനിരയിലാണ് നമ്മുടെ പഞ്ചായത്തിലും. സ്വാതന്ത്ര്യസമര കാലഘട്ടം മുതൽ പരിശോധിച്ചാൽ ഇത് കാണാൻ കഴിയും. വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നോട്ടുപോയിട്ടുണ്ടെങ്കിലും അന്ധവിശ്വാസം, അനാചാരം എന്നിവയിൽനിന്നും ഇവർ മോചനം നേടിയിട്ടില്ല.

ഫറോക്ക് പഞ്ചായത്തിലെ ജനസംഖ്യയിൽ 50.31 ശതമാനം സ്ത്രീകളാണ്. സാമൂഹ്യമാറ്റത്തിൽ സ്ത്രീകൾക്കുള്ള പങ്ക് എത്രത്തോളമാണെന്ന് ഇത് കാണിക്കുന്നു.

സ്ത്രീകളിലെ സാക്ഷരതാനിരക്ക് 85.61 ശതമാനമാണ്. ഇത് പുരുഷന്മാരുടേതിനേക്കാൾ 10.03 ശതമാനം കുറവാണ്. ഉന്നതവിദ്യാഭ്യാസത്തിന്റെ കാര്യത്തിലും വനിതകൾ പിറകിലാണ്. എന്നാൽ സെക്കന്ററി തലം വരെ പഠനനിലവാരത്തിൽ പെൺകുട്ടികളാണ് മുന്നിൽ. പരാശ്രയമില്ലാതെ ജീവിതം കെട്ടിപ്പടുക്കണമെന്ന ബോധക്കുറവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള പരിമിതിയും തുടർവിദ്യാഭ്യാസത്തിനുള്ള സാധ്യത കുറയ്ക്കുന്നു. ചെറിയ തോതിലെങ്കിലും ശൈശവ വിവാഹവും പഠനം നിർത്താൻ കാരണമാകുന്നു.

സർക്കാർജോലികളിൽ സ്ത്രീകൾ കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് കൂടുതൽ ഇവരാണ്. എന്നാൽ മറുനാട്ടുകാരാണ് നമ്മുടെ പഞ്ചായത്തിൽ ജോലി ചെയ്യുന്ന അധ്യാപികമാരിൽ കൂടുതലും. തൊഴിൽരംഗങ്ങളിൽ സ്ത്രീകളെ പാടെ അവഗണിക്കുന്ന സ്ഥിതിയും നിലനിൽക്കുന്നു. ഉള്ള തൊഴിലിൽതന്നെ വേതന വിവേചനവും ഉണ്ട്.

മുൻകാലങ്ങളിൽ കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന ധാരാളം സ്ത്രീകൾ ആ രംഗം വിട്ട് കെട്ടിടനിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. പരമ്പരാഗത തൊഴിൽരംഗത്തും തൊഴിലില്ലായ്മയുടെ രൂക്ഷത സ്ത്രീകളെയാണ് ബാധിക്കുന്നത്. കയർമേഖല, തീപ്പെട്ടിനിർമ്മാണം, ചെരിപ്പ്, പപ്പടം, ആടുമാടു വളർത്തൽ എന്നീ മേഖലകളിൽ സ്ത്രീകൾ ജോലി ചെയ്യുന്നുണ്ട്. ഇത്തരം ജോലികളിൽ വരുമാനം വളരെ കുറവാണ്. തയ്യൽ, നഴ്സിങ്ങ്, പ്രിന്റിങ്ങ് എന്നീ മേഖലകളിൽ ജോലി സാധ്യതയുണ്ടെങ്കിലും വേതനം കുറവാണ്.

വിവിധ ഏജൻസികളുടെ സഹായത്തോടെ സ്വയംതൊഴിൽ കണ്ടെത്താനും കൂട്ടുസംരംഭങ്ങൾ തുടങ്ങാനും സ്ത്രീകൾ വിമുഖത കാണിക്കുന്നു.

വീട്ടുജോലികളിൽ ഏർപ്പെട്ട് ഗാർഹ്യസ്ഥ്യജീവിതം നയിക്കാനാണ് സ്ത്രീകളിൽ ബഹുഭൂരിപക്ഷവും ഇഷ്ടപ്പെടുന്നത്. എന്നാൽ സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ വളരെ കുറവാണ്. ഉത്തരവാദിത്തം സ്വയം ഏറ്റെടുക്കുന്നതിലുള്ള വിമുഖതയും ആത്മവിശ്വാസക്കുറവുമാണ് ഇതിന് കാരണം.

ബഹുഭൂരിപക്ഷം വരുന്ന സാധാരണ കുടുംബങ്ങളിലെ സ്ത്രീകൾ വീട്ടുജോലികൾ, കുട്ടികളെ സംരക്ഷിക്കൽ എന്നിങ്ങനെ കഠിനാദ്ധ്വാനം ചെയ്യുന്ന സ്ഥിതിയുണ്ട്. സാമൂഹ്യസ്ഥിതിസമത്വം കൈവരിക്കുന്നതിലൂടെ മാത്രമേ ഇതവസാനിക്കൂ. ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷനോടൊപ്പം നിൽക്കാനുള്ള ബുദ്ധിയും സാമർത്ഥ്യവും സ്ത്രീകൾക്കുണ്ടെങ്കി

ലും അത് സ്വയം പ്രകടിപ്പിക്കാൻ തയ്യാറാവുന്നില്ല. പുരുഷൻമാർ ബോധപൂർവ്വം നിരുത്സാഹപ്പെടുത്തുന്ന സ്ഥിതിയും ഉണ്ട്. സ്വയം സംഘടിച്ച് നേട്ടങ്ങൾ കൊയ്യെടുത്ത ചരിത്രം ഉൾകൊണ്ട് സ്ത്രീകൾ ഇതിന് തയ്യാറാവുകയും പൊതുരംഗത്ത് കടന്നുവരാൻ തന്റേടം കാണിക്കുകയും വേണം.

ബഹുജനപ്രസ്ഥാനങ്ങളിൽ വനിതകളുടെ പ്രാതിനിധ്യം നാമമാത്രമാണ് നേതൃനിരയിലേക്ക് കടന്നുവരാൻ ഇവർ മടി കാണിക്കുമ്പോൾ വിനോദത്തിനും ഷോപ്പിങ്ങ് പോലുള്ള ഗാർഹിക കാര്യങ്ങൾക്കും സമയം കണ്ടെത്തുന്നു. വായനാശീലം വളരുന്നുണ്ടെങ്കിലും ഗുണപരമാക്കാൻ ബോധവൽക്കരണമാവശ്യമാണ്.

സ്ത്രീകൾക്കുനേരെയുള്ള അക്രമങ്ങൾ താരതമ്യേന കുറവാണ്. മദ്യപാനികളിൽ സ്ത്രീപീഢനസ്വഭാവം ചെറിയ തോതിലുണ്ട്. മദ്യനിരോധനത്തിലൂടെ മദ്യപാനശീലം പൂർണ്ണമായി മാറ്റാൻ സാധിച്ചിട്ടില്ല. അതിനാൽ ബോധവൽക്കരണം കൂടി അനിവാര്യമാണ്. സ്ത്രീധനപീഢനവും കുറഞ്ഞ തോതിൽ അനുഭവപ്പെടുന്നുണ്ട്. ഇതിനെതിരെയും നിയമം ശക്തിപ്പെടുത്തലും ബോധവൽക്കരണവും ആവശ്യമാണ്.

**പ്രശ്നങ്ങൾ:**

- തൊഴിൽമേഖലയിൽ അവഗണന സ്വയംതൊഴിൽ സംരംഭങ്ങളിൽ താൽപര്യക്കുറവ്തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം.
- തുല്ല്യജോലിക്ക് തുല്ല്യവേതനം' പല രംഗത്തും നടപ്പിലായിട്ടില്ല തൊഴിൽ നിയമങ്ങളിൽ പരിജ്ഞാനമില്ലായ്മ.
- വനിതകൾ സാമൂഹ്യസാംസ്കാരികരാഷ്ട്രീയരംഗത്ത് സജീവമായിരുന്നില്ല ഗുണപരമായ വായനയുടെ അഭാവം.
- സ്ത്രീധനസമ്പ്രദായവും പീഢനവും നിലനൽക്കുന്നു. ആത്മവിശ്വാസത്തോടെയും ആത്മധൈര്യത്തോടെയും രംഗത്തിറങ്ങുന്നില്ല.
- അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും നിലനിൽക്കുന്നു.
- സർക്കാർ സഹായപദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ല.
- മാതൃശിശുപരിപോഷണത്തിന് ക്രഷെ ഇല്ലെന്നു തന്നെ പറയാം.


**പരിഹാരങ്ങൾ:**

- സ്വയം തൊഴിൽ പദ്ധതികളും വനിതാസഹകരണസംഘങ്ങളും സംഘടിപ്പിക്കുക-വിപണന സൗകര്യങ്ങൾ വിപുലപ്പെടുത്തുക. തൊഴിൽ പരിശീലനം നൽകുക.
- തുല്ല്യജോലിക്ക് തുല്ല്യവേതനം ഉറപ്പുവരുത്തുക.
- തൊഴിൽനിയമങ്ങളെക്കുറിച്ചും സർക്കാർ സഹായപദ്ധതികളെക്കുറിച്ചും ബോധവൽക്കരണക്ലാസുകൾ നടത്തുക.
- സ്ത്രീധനത്തിനും പീഢനത്തിനുമെതിരെ നിയമം കർക്കശമാക്കുക. ഇതിനെതിരെ സാമൂഹ്യപ്രതിജ്ഞയെടുപ്പിക്കുക.
- അശ്ലീലപോസ്റ്ററുകൾക്കും പ്രസിദ്ധീകരണങ്ങൾക്കുമെതിരെ പോരാടുക - ജനകീയാഭിപ്രായം ശക്തിപ്പെടുത്തുക.
- വാർഡടിസ്ഥാനത്തിൽ വനിതാസമിതികൾ രൂപീകരിക്കുക. പഞ്ചായത്ത്തലത്തിൽ ഒത്തുചേരാൻ സംവിധാനമുണ്ടാക്കുക. പൊതുപ്രവർത്തകർ അനുഭവങ്ങൾ പകർന്ന് കൊടുക്കുക.



## 10

# സഹകരണം



രണ്ടാം ലോകമഹായുദ്ധത്തിന്റെ അന്ത്യനാളുകളിലാണ് ഫറോക്കിൽ സഹകരണപ്രസ്ഥാനങ്ങളുടെ ആവിർഭാവം. യുദ്ധക്കെടുതിയുടെ ഫലമായി അരി, വസ്ത്രം, മണ്ണെണ്ണ എന്നിവ ജനങ്ങൾക്കെത്തിക്കുക എന്ന ഉദ്ദേശ്യത്തോടെ സ്ഥാപിച്ച ഫറോക്ക് കോ.ഓപ്.സ്റ്റോർ ആണ് ഫറോക്കിലെ ആദ്യത്തെ സഹകരണസംഘം. പൂതേരി ഇല്ലത്ത് ഗോപാലൻ നായർ, അത്തിക്കോട്ട് ബാലകൃഷ്ണൻനായർ, ചെറുകാട്ട് ഗോപാലക്കുറുപ്പ് തുടങ്ങിയവർ പാലാട്ട് കെട്ടിടത്തിലെ കിഴക്കെ മുറിയിൽ സംഘത്തിന്റെ പ്രവർത്തനമാരംഭിച്ചു. ഒരു ടിൻ മണ്ണെണ്ണയാണ് ആദ്യം ഈ സ്ഥാപനത്തിലൂടെ വിതരണം ചെയ്തത്. ചെറുകാട്ട് ഗോപാലക്കുറുപ്പാണ് സ്ഥാപക പ്രസിഡണ്ട്.

കാര്യക്ഷമമായ മാനേജ്മെന്റ്, ഉയർന്നതൊഴിലാളി പങ്കാളിത്തം, ജനകീയ പിൻബലം എന്നിവ കാരണം ഈ സ്ഥാപനം ഇന്ന് വളർച്ചയുടെ പടവുകളിലാണ്. 1985ൽ സംസ്ഥാനത്തെ ഏറ്റവും നല്ല ഉപഭോക്തൃ സംഘത്തിനുള്ള അവാർഡ് മന്ത്രി ശ്രീമതി കമലത്തിൽനിന്ന് കോ.ഓപ്. സ്റ്റോർ ഏറ്റുവാങ്ങുകയുണ്ടായി. കുതിച്ചുയരുന്ന വിലനിലവാരം പിടിച്ചുനിർത്തി ജനങ്ങൾക്ക് ആശ്വാസം പകരാൻ ഇത്തരം സംഘങ്ങളെ വില്പനനികുതിക്ക് സമാനമായി സബ്സിഡി നൽകിക്കൊണ്ട് സർക്കാർ സഹായിക്കേണ്ടതാണ്.

ക്രഡിറ്റ് മേഖലയിൽ സ്പെഷൽ ഗ്രാന്റോടെ കോഴിക്കോട് ജില്ലയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ഫറോക്ക് സഹകരണബേങ്കിന്റെ രണ്ട് ശാഖകൾ ഫറോക്ക് പഞ്ചായത്തിലുണ്ട്.

പട്ടികജാതി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ആദിദ്രാവിഡ ഐക്യനാണയസംഘം എന്നപേരിൽ ഒരു സംഘം 1930കളിൽ ആരംഭിച്ചിരുന്നു. 1955ൽ ഇത് ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

40കളുടെ അവസാനത്തിലും 50കളുടെ ആദ്യത്തിലും ജനങ്ങൾ അനുഭവിച്ച പട്ടിണിക്കും ദുരിതത്തിനും അറുതിവരുത്താൻ തിരൂരങ്ങാടി PCC യുടെ കീഴിൽ നമ്മുടെ പഞ്ചായത്തിലും നെല്ലും അരിയും സംഭരണവും വിതരണവും നടത്തിയിരുന്നു. ഭൂവുടമകൾക്കായിരുന്നു ഇതിൽ ഷെയർ ഉണ്ടായിരുന്നത്. മലയിൽ വേലു, അയ്യപ്പൻ, ഒറ്റക്കണ്ടൻ വേലു, പെരുന്തൊടി ഇമ്പിച്ചി, പൂതേരി കുഞ്ഞിക്കണ്ടൻ, ചെമ്മനാട്ടിൽ അപ്പുണ്ണി, കാട്ടീരി പറങ്ങോടൻ എന്നിവർ ഷെയർ ഉടമകളായിരുന്നു.

നമ്മുടെ പഞ്ചായത്തുംകൂടി പരിധിയായിരുന്ന മണ്ണൂർ റൂറൽ കോ. ഓപ്പറേറ്റീവ് ബേങ്കായിരുന്നു കാർഷികരംഗത്തും മറ്റും ആദ്യകാലങ്ങളിൽ വായ്പ നൽകിയിരുന്നത്. തിരൂരങ്ങാടി പി.സി.സി. സൊസൈറ്റിയും മണ്ണൂർ റൂറൽ ബേങ്കും പിന്നീട് ഫറോക്ക് പഞ്ചായത്തിന്റെ പരിധിയിൽ നിന്ന് നീക്കം ചെയ്തു.

കേരള സംസ്ഥാന രൂപീകരണത്തെ തുടർന്ന് സർക്കാരിന്റെ തീരുമാനമനുസരിച്ച് 1958ൽ കയർമേഖലയിൽ ആദ്യമായി ഒരു സഹകരണസംഘം പാണ്ടിപ്പാടം കേന്ദ്രമായി ആരംഭിച്ചു. ചമ്മിനിവാസു, മേലായി വേലു തുടങ്ങിയവരായിരുന്നു ഇതിന്റെ ആദ്യകാല സാരഥികൾ. ഇന്ന് നമ്മുടെ ജില്ലയിൽ ഏറ്റവും നന്നായി പ്രവർത്തിക്കുന്ന കയർ സഹകരണസ്ഥാപ

ങ്ങളിൽ ഒന്നാണിത്. കോട്ടായി രാമു ആയിരുന്നു ഇതിന്റെ ആദ്യ പ്രസിഡണ്ട്.

ഫറോക്ക് മേഖലയിലെ ആദ്യകാല സഹകരണ പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ ദേശീയ ബഹുജന പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടാണ് ഈ സ്ഥാപനങ്ങൾ വളർന്നത് എന്ന് കാണാൻ കഴിയും.

1979ൽ ഖാദി ബോർഡിന്റെ സഹായത്തോടെ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിച്ച വ്യവസായ സഹകരണസംഘമാണ് സീക്കോസ്. ഉയർന്ന നിലവാരത്തിൽ നടത്താൻ സാദ്ധ്യതയുള്ള ഈ സ്ഥാപനം ഇന്ന് ശോചനീയാവസ്ഥയിലും ഭീമമായ നഷ്ടത്തിലുമാണ്. ശക്തമായ മാനേജ്മെന്റും കാര്യക്ഷമതയുള്ള ഭരണസംവിധാനവും കൊണ്ടു മാത്രമേ സ്ഥാപനത്തെ രക്ഷിക്കാനാവൂ. ഇക്കാര്യത്തിൽ സർക്കാരിന്റെയും ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. അടുത്ത കാലത്ത് ചില സഹകരണ സ്ഥാപനങ്ങൾ ഫറോക്ക് മേഖലയിൽ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ പലതും ഇന്ന് വേണ്ടത്ര പ്രവർത്തന ക്ഷമമല്ല.

**സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ**

കാർഷിക മേഖലയിൽ ഫറോക്ക് സർവ്വീസ് സഹകരണ ബേങ്ക് നല്ല നിലയിൽ പ്രവർത്തിക്കുന്നു. അടുത്ത കാലത്ത് ആരംഭിച്ച ഫറോക്ക് അർബൻ ബേങ്കും, കരുവൻതിരുത്തി സഹകരണബേങ്കും പ്രവർത്തനരംഗത്തുണ്ട്. കൺസ്യൂമർമേഖലയിൽ ഫറോക്ക് കോ.ഓപ്. സ്റ്റോർ ഇന്ന് മാതൃകാ പ്രവർത്തനം തന്നെയാണ് നടത്തുന്നത്. രണ്ട് കയർ സഹകരണസംഘങ്ങളും നിലവിലുണ്ട്. പടിഞ്ഞാറൻ മേഖലയിൽ ഫറോക്ക് കയർ സൊസൈറ്റിയും കിഴക്കൻ മേഖലയിൽ പെരുമുഖം കയർ സൊസൈറ്റിയും. പഞ്ചായത്തിൽ മൊത്തം രണ്ടു ക്ഷീരോല്പാദന സഹകരണസംഘങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ നാക്കുന്ന് പാടം സൊസൈറ്റി ഇന്ന് പ്രവർത്തിക്കുന്നില്ല. നല്ലൂർ ക്ഷീരോല്പാദകസഹകരണസംഘം നന്നായി പ്രവർത്തിക്കുന്നു. നല്ലൂരിൽതന്നെയുള്ള ഹരിജൻ ബ്രിക്സ് & ക്ലേ വർക്സ് നിശ്ചലാവസ്ഥയിലാണ് ഇപ്പോൾ. സ്ക്കൂൾ സഹകരണസംഘങ്ങൾ രണ്ടെണ്ണം നമ്മുടെ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൽ ഒരു മൾബറി സഹകരണസംഘം രജിസ്റ്റർ ചെയ്തെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ...ികൾക്ക്വേണ്ടി സോപ്പുനിർമ്മാണരംഗത്ത് ആരംഭിക്കാനുദ്ദേശിച്ച രണ്ട് സഹകരണസംഘങ്ങളും രജിസ്റ്റർ ചെയ്തെങ്കിലും തുടർ പ്രവർത്തനം നടന്നിട്ടില്ല.

കാർഷിക മേഖലയിൽ നൽകുന്ന വായ്പയിൽ ഒരു ചെറിയ ശതമാനം മാത്രമേ കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുള്ളു. ഈ അവസ്ഥയിൽ മാറ്റം വരേണ്ടിയിരിക്കുന്നു.

നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ സ്ഥാപനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

1. ഫറോക്ക് സർവ്വീസ് സഹകരണ ബേങ്ക് ശാഖകൾ
2. കരുവൻതിരുത്തി സർവ്വീസ് സഹകരണ ബേങ്ക്
3. ഫറോക്ക് കോ. ഓപ്. അർബൻ ബേങ്ക്
4. കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക് ഫറോക്ക് ശാഖ
5. ഫറോക്ക് കയർ വ്യവസായ സഹകരണസംഘം
6. പെരുമുഖം കയർ വ്യവസായ സഹകരണ സംഘം
7. നല്ലൂർ ക്ഷീരോല്പാദന സഹകരണസംഘം
8. ക്ലേ ഇൻഡസ്ട്രീസ് കോ.ഓപ്. സൊസൈറ്റി (സീക്കോസ്)
9. ഹരിജൻ ബ്രിക്സ്& ക്ലേ വർക്സ് സൊസൈറ്റി
10. ഫറോക്ക് കോ. ഓപ്. സ്റ്റോർ.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

**പാർപ്പിടം**

- കോഴിക്കോട് ജില്ലാ സഹകരണബേങ്കിന്റെ ഫറോക്ക് ശാഖ നല്കിക്കൊണ്ടിരിക്കുന്ന വായ്പ നിർത്തലാക്കി.
- രാമനാട്ടുകര ഹൗസിങ്ങ് സൊസൈറ്റിയുടെ വായ്പ ലഭിക്കാനുള്ള പ്രയാസവും കാലതാമസവും ഭവന നിർമ്മാണ വായ്പക്ക് സമീപിക്കുന്നവരിൽ അസംതൃപ്തിയുണ്ടാക്കുന്നു.
- പഞ്ചായത്തിൽ വർദ്ധിച്ചുവരുന്ന പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് പഞ്ചായത്തിൽ ഒരു ഹൗസിങ്ങ് സൊസൈറ്റി രൂപീകരിക്കുക
- ഫറോക്ക് സർവ്വീസ് സഹകരണ ബേങ്ക് ഭവന നിർമ്മാണ വായ്പ നല്കാനാവശ്യമായ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുക.
- ജില്ലാ സഹകരണ ബേങ്ക് നൽകിയിരുന്ന ഭവന നിർമ്മാണ വായ്പ പുനഃസ്ഥാപിക്കുകയും ചട്ടങ്ങൾ സുതാര്യമാക്കുകയും ചെയ്യുക.

കാർഷികമേഖല

- ഇപ്പോൾ വിവിധ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കാർഷികവായ്പ ലഭിക്കുന്നത് പരിമിതമാണ്.
- ക്രഡിറ്റ് സ്ഥാപനങ്ങൾ വിപുലമായി കർഷകരെ അംഗങ്ങളാക്കുകയും അവരെ സംബന്ധിച്ച പൂർണ്ണ വിവരങ്ങളോടുകൂടിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തുകയും ചെയ്യുക.
- കർഷകർക്ക് ക്രെഡിറ്റ് കാർഡ് നടപ്പാക്കുകയും സർക്കാറിൽനിന്നും അനുവദിച്ചുകിട്ടുന്ന സബ്സിഡി യഥാകാലം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യുക. വായ്പയുടെ പരിധി ആവശ്യം കണക്കിലെടുത്ത് ഉയർത്തുക. കാർഷികോല്പന്നങ്ങൾ സംഭരിക്കാനും വിപണനം നടത്താനും മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തുക. പച്ചക്കറി കൃഷി വികസിപ്പിക്കുന്നതിന് സന്നദ്ധസംഘടനകൾക്ക് സൗജന്യമായി വിത്തും വളവും വിതരണം ചെയ്യുക.
- ഉല്പന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ അവ സെക്യൂരിറ്റിയായി സ്വീകരിച്ചു "കീ-ലോൺ" അനുവദിക്കുക.

ഫറോക്ക് കോ. ഓപ്. സ്റ്റോർ

- ഫറോക്ക് കോ. ഓപ്. സ്റ്റോർ വിവിധോദ്ദേശ സഹകരണസംഘമാക്കി ഭരണഘടന ഭേദഗതി ചെയ്യുക.
- വ്യക്തികളിൽനിന്ന് 50 രൂപ നിക്ഷേപമായി സ്വീകരിച്ച് അവരുടെ മരണാനന്തര ക്രിയകൾ ചെയ്തുകൊടുക്കാനാവശ്യമായ പദ്ധതി ആവിഷ്കരിക്കുക.
- കുട, നോട്ട്ബുക്ക്, പെൻസിൽ, ബാഗ് തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുകയും വിതരണം നടത്തുകയും ചെയ്യുക.

കയർ സഹകരണ സംഘങ്ങൾ

- ഫറോക്ക് കയർ സഹകരണസംഘം 1,7 വാർഡുകളിലും പെരുമുഖം കയർ സഹകരണസംഘം 8,13 വാർഡുകളിലും ശാഖകൾ ആരംഭിക്കുക. സംഘങ്ങളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ നൂതനവല്കരിക്കുക. സംതൃപ്തരായ തൊഴിലാളികൾ സ്ഥാപനത്തിന്റെ നെടും തൂണാകയാൽ വേതന വർദ്ധനവും സ്ത്രീ തൊഴിലാളികളുടെ സൗകര്യാർത്ഥം ക്രഷെ ഏർപ്പെടുത്തുകയും ഇതുവഴി ഈ മേഖലയിലെ തൊഴിലാളികളുടെ സ[...] ഹ്യസുരക്ഷിതത്വം ഉറപ്പുവരുത്താൻ കഴിയും.
- ഖാദിഗ്രാമ വ്യവസായസഹകരണ സംഘങ്ങ[...] മെച്ചപ്പെട്ട നിലയിൽ നടത്താൻ സൗകര്യമു[...] സീക്കോസ് അതിന്റെ എല്ലാ സാദ്ധ്യതകളും പ്ര[...] ജനപ്പെടുത്തി പുനരുദ്ധരിക്കുക.

വനിതാ സഹകരണസംഘം

- മിക്ക ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ന[...] കേര സംസ്കരണ സഹകരണസംഘം പഞ്ചാ[...] ത്തിൽ സ്ഥാപിക്കുക.
- തുന്നൽ പരിശീലനം നേടിയ ധാരാളം വന[...] കൾ നമ്മുടെ പഞ്ചായത്തിലുണ്ട്. റെഡിമെയ്[...] ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന രണ്ട് യൂണിറ്റുക[...] പഞ്ചായത്തിന്റെ കിഴക്കുപടിഞ്ഞാറ് ഭാഗങ്ങ[...] ലായി സ്ഥാപിക്കുക. കൂടുതൽ വനിതകൾ[...] തൊഴിൽ ഉറപ്പുവരുത്തുന്നതിലേക്ക് പപ്പ[...] അച്ചാർ, പഴസംസ്കരണം തുടങ്ങിയ നിർമ്മാ[...] യൂണിറ്റുകൾ ആരംഭിക്കുക.

ക്ഷീര സഹകരണസംഘം

- നല്ല നിലയിൽ പ്രവർത്തിക്കുന്ന നല്ലൂർ ക്ഷീര[...] ല്പാദക സഹകരണസംഘത്തോടനുബന്ധിച്ച് [...] ഡയറിഫാം കൂടി സ്ഥാപിക്കുക. കുറഞ്ഞ [...] ക്കിൽ കാലിത്തീറ്റ വിതരണം ചെയ്യേണ്ടതിലേ[...] കാലിത്തീറ്റ നിർമ്മാണ യൂണിറ്റ് തുടങ്ങുക. നൂത[...] മാർഗ്ഗത്തിലൂടെ പാൽ സംസ്കരണവും മറ്റ് ഉല്പ[...] ങ്ങളും നിർമ്മിക്കുക.

കോഴിവളർത്തൽ

- ഏറ്റവും സാദ്ധ്യതയുള്ള ഇറച്ചിക്കോഴി, മുട്ടക്കോ[...] വളർത്തൽ സഹകരണസംഘം രൂപീകരിച്ച് പ[...] യത്തിന്റെ രണ്ടു കേന്ദ്രങ്ങളിൽ ആരംഭിക്ക[...] അനുബന്ധമായി വിപുലമായ വിപണനകേന്ദ്ര[...] ളും സ്ഥാപിക്കുക.

മത്സ്യബന്ധന-വിതരണ സഹകരണസംഘം

- മൂന്നുഭാഗവും പുഴയാൽ ചുറ്റപ്പെട്ട നമ്മുടെ പ[...] യത്തിൽ വളരെയേറെ സാദ്ധ്യതയുള്ള മത്സ[...] ന്ധനവും വിപണനവും സഹകരണസംഘ[...] രൂപീകരിച്ച് നടപ്പിലാക്കുക. പഞ്ചായത്തി[...] വിവിധ കേന്ദ്രങ്ങളിൽ ഈ സംഘത്തിന്റെ ആ[...] മുഖ്യത്തിൽ വിതരണ സൗകര്യം ഏർപ്പെടുത്ത[...] വിവിധ മേഖലയിൽ തൊഴിലെടുക്കുന്ന അസ[...] ടിത വിഭാഗത്തെ കൂട്ടിയോജിപ്പിച്ച്. ലേ[...]

## സഹകരണസംഘങ്ങളും പ്രവർത്തനം സംബന്ധിച്ച വിവരങ്ങളും

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | പ്രവർത്തന പരിധി | പ്രവർത്തനം ആരംഭിച്ച വർഷം | ആകെ അംഗങ്ങൾ | പിരിഞ്ഞ കിട്ടിയ ഓഹരി മൂലധനം | സർക്കാർ ഓഹരി | നിക്ഷേപങ്ങൾ | കാർഷികം | വായ്പങ്ങൾ മറ്റ് വായ്പകൾ | പ്രത്യേകം വായ്പകൾ |
|---|---|---|---|---|---|---|---|---|---|---|
| 1 | ഫറോക്ക് സർവ്വീസ് കോ. ഓപ്. ബേങ്ക് | ഫറോക്ക് ചെറുവണ്ണൂർ നല്ലളം | 1942 | 18,000 | 39,90,000 | 3,89,500 | 2,66,000 | 3,60,000 | | 30,000 |
| 2. | ഫറോക്ക് കോ. ഓപ്. അർബൻ ബേങ്ക് | ഫറോക്ക് ചെറുവണ്ണൂർ നല്ലളം കടലുണ്ടി രാമനാട്ടുകര | 1995 | 3506 | 9.55 ലക്ഷം | ഇല്ല | സ്ഥിരം ഹ്രസ്വകാലം 30,53,000 | 15,42,00 | | |
| 3. | കരുവൻതിരുത്തി കോ. ഓപ്. | ഫറോക്ക് പഞ്ചായത്ത് | 1995 | ലഭ്യമല്ല | 1,26,300 | ഇല്ല | 11,92,570 ഹ്യസ്വം 15,07930/93 | | ലഭ്യമല്ല | |
| 4. | ഫറോക്ക് കോ. ഓപ് സ്റ്റോർ | ഫറോക്ക് ചെറുവണ്ണൂർ രാമനാട്ടുകര | 1945 | 2094 | 22,185 | 1,92,300 | 17,500 | ഇല്ല | ഇല്ല | ഇല്ല |

കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുക. പറ്റിയ പണി തേടുന്നവർക്കും പറ്റിയ പണിക്കാരെ തേടുന്നവർക്കും ഇത് പ്രയോജനപ്പെടും. ഇതുവഴി അസംഘടിത മേഖലയിലെ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷിതത്വം ഉറപ്പാക്കാൻ കഴിയുന്നതാണ്.



11

# പട്ടികജാതി - പട്ടികവർഗ്ഗക്ഷേമം

പ്രാചീനകാലം മുതൽ ജന്മിഭൂപ്രഭുക്കന്മാരുടെ അടിമകളായി കാർഷികവൃത്തിയിലേർപ്പെട്ട് യാതനകൾ അനുഭവിച്ചുകൊണ്ടിരുന്ന ഒരു ജനവിഭാഗമായിരുന്നു പട്ടികജാതിക്കാർ. ജന്മിമാർ ഇവരെ അടിമകാളാക്കിവെക്കലും ക്രയവിക്രയം ചെയ്യലുമുണ്ടായിരുന്നുവെന്ന് തെളിയിക്കുന്ന ചരിത്ര രേഖകൾ കണ്ടെത്തിയിട്ടുണ്ട്.

ഫറോക്ക് പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ജനസംഖ്യ 4678 ആണ്. ഇതിൽ 2326 പുരുഷന്മാരും 2352 സ്ത്രീകളുമാണ്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 9.7% വരും. ജില്ലാ ശരാശരിയേക്കാളും 2.65% കൂടുതലാണിത്. പട്ടികവർഗ്ഗത്തിൽപ്പെടുന്ന ഒരു കുടുംബം മാത്രമെ നമ്മുടെ പഞ്ചായത്തിലുള്ളു. പട്ടികജാതിയിൽ ഭൂരിഭാഗവും ചെറുമർ (പുലയർ) സമുദായത്തിൽപെട്ടവരാണെങ്കിലും മറ്റു വിഭാഗക്കാരായ കണക്കൻ, പറയൻ, പാണൻ, വേലൻ, പെരുമണ്ണാൻ, പരവർ എന്നി കുടുംബങ്ങളുമുണ്ട്. ജനസംഖ്യ പട്ടിക 1 കാണുക

1911ൽ ബാസൽ മിഷ്യൻ ഫറോക്കിൽ ആദ്യമായി ഒരു ഓടുനിർമ്മാണശാല ആരംഭിച്ചു. ഇതിനുശേഷം കാർഷികജന്മിമാരിൽ പ്രമുഖനായ പൂതേരി ഇല്ലത്ത് മാധവൻനായർ സമീപ പഞ്ചായത്തിൽ ഒരു ഓട്ടുകമ്പനി സ്ഥാപിക്കുകയും അദ്ദേഹത്തിന്റെ അടിമകളായിരുന്ന പട്ടികജാതിക്കാരെ പ്രസ്തുത വ്യവസായത്തിൽ തൊഴിലാളികളാക്കുകയും ചെയ്തു. കാർഷിക മേഖലയിൽനിന്ന് വ്യാവസായിക മേഖലയിലേക്ക് തൊഴിൽമാറ്റം സംഭവിച്ചെങ്കിലും അടിമത്തത്തിൽനിന്നും ഇവർ മോചിതരായിരുന്നില്ല. ഒഴിവുദിനമായ ഞായറാഴ്ചകളിൽ ജന്മിയുടെ വയലിൽ കൃഷിപ്പണികൂടി ചെയ്യാനും ഇവർ നിർബന്ധിക്കപ്പെട്ടു.

പിൽക്കാലത്ത് ഫറോക്കിലെ ഓട്ടുവ്യവസായമേഖലയിൽ ഓടുതൊഴിലാളികളുടെ അവകാശസമരങ്ങൾ അടിസ്ഥാന വിഭാഗങ്ങളിലും സ്വാധീനം ചെലുത്തി. മാത്രമല്ല ഭൂപരിഷ്കരണനിയമം മൂലം കുടികിടപ്പുഭൂമിയുടെ ഉടമാവകാശം ലഭ്യമായതോടെ ഇവരുടെ സാമൂഹ്യബോധത്തിൽ ഗുണപരമായ മാറ്റം ദൃശ്യമായി. നമ്മുടെ ജില്ലയിലെ കാർഷിക മേഖലയായ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വ്യവസായ മേഖലയായ ഫറോക്ക് പഞ്ചായത്തിലെ ഈ വിഭാഗത്തിന്റെ സാമൂഹ്യപദവി താരതമ്യേന മെച്ചപ്പെട്ടതാണ്. സാമൂഹ്യമായ ഉച്ചനിചത്വം നിലവിലില്ല. 1979ലും 1995ലും ഗ്രാമപ

പട്ടിക 1

| മൊത്തം | ആൺ | പെൺ | പഞ്ചായത്ത്തല ശതമാനം | ജില്ലയിലെ SCയുടെ ശതമാനം | സാക്ഷരത ശതമാനത്തിൽ | | |
|---|---|---|---|---|---|---|---|
| | | | | | മൊത്തം | ആൺ | പെൺ |
| 4678 | 2326 | 2352 | 9.7% | 7.05% | 85.68% | 92.87% | 78.54% |

ഞ്ചായത്തിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ പട്ടികജാതിക്കാരെ ജനറൽ വാർഡിൽ സ്ഥാനാർത്ഥിയാക്കി മത്സരിപ്പിച്ചു വിജയിപ്പിച്ച പുരോഗമന ചിന്താഗതിയും പ്രശംസനീയമാണ്.

1940കളിൽ അയിത്തം നിലനിന്ന ഘട്ടത്തിൽ പട്ടികജാതിക്കാരുടെ വീടുകളിൽ വിവാഹത്തിൽ പങ്കെടുത്തു ഭക്ഷണം കഴിക്കാൻ തയ്യാറായ ഇതര സമുദായത്തിൽപ്പെട്ട ഉൽപതിഷ്ണുക്കളെ കുടുംബത്തിൽനിന്നും സ്വജാതിയിൽനിന്നും ഭ്രഷ്ട് കല്പിച്ച സംഭവങ്ങളും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിട്ടുണ്ട്.

## വിദ്യാഭ്യാസം

തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും കൊടികുത്തിവാണിരുന്ന പഴയ കാലത്ത് ഈ വിഭാഗത്തിന് വിദ്യാഭ്യാസം പോലും നേടാൻ കഴിഞ്ഞിരുന്നില്ല. നല്ലൂരിലെ കുഞ്ഞിരാമമാരാർ സ്ഥാപിച്ച മാരാർ സ്ക്കൂളും (ഇപ്പോൾ ഗവ: ഗണപത് യു.പി. സ്ക്കൂൾ) മലബാർ എഡ്യുക്കേഷൻ സൊസൈറ്റി ട്രസ്റ്റിയായ സർവ്വോത്തമ ഗണപത് റാവുവിന്റെ പേരിൽ സ്ഥാപിച്ച ഫറോക്ക് ഗണപത് സ്ക്കൂളും ഉണ്ടായിരുന്നുവെങ്കിലും പട്ടികജാതിക്കാരെ സ്ക്കൂളുകളിൽ ചേർത്ത് പഠിപ്പിക്കാൻ തയ്യാറായിരുന്നില്ല. എന്നാൽ 1906ൽ ബാസൽ ഇവാഞ്ചലിക്കൽ മിഷ്യൻ സ്ഥാപിച്ച ബി.ഇ.എം.യു.പി. സ്ക്കൂൾ മാത്രമാണ് ഇതിനൊരപവാദമായത്. സവർണ്ണ മേധാവികളുടെ ഭീഷണിയെ അവഗണിച്ച് പട്ടികജാതിയിൽപെട്ടവരെ സ്ക്കൂളിൽ ചേർത്ത് പഠിപ്പിക്കാൻ തയ്യാറായ ബാസൽ മിഷൻ പ്രവർത്തകർ അഭിനന്ദനമർഹിക്കുന്നു. 1944ൽ ഈ വിഭാഗത്തിലെ ആദ്യത്തെ അധ്യാപികയായിരുന്ന ശ്രീമതി. പുൽപ്പറമ്പിൽ ജാനകിടീച്ചർ ഈ വിദ്യാലയത്തിന്റെ സംഭാവനയായിരുന്നു.

1920ൽ കുണ്ടെത്തടത്തിലെ ഒരു ഓലക്കുടിലിന്റെ വരാന്തയിൽ ശ്രീ. ചൂലൻ കൃഷ്ണൻ ആരംഭിച്ച കുടിപ്പള്ളികൂടം ഇവരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ എടുത്തുപറയേണ്ടതാണ്. ഈ സ്ക്കൂളാണ് പിൽക്കാലത്ത് ഗവർമെന്റ് വെൽഫെയർ എൽ.പി. സ്ക്കൂൾ എന്ന് അറിയപ്പെടുന്നത്.

പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ സാക്ഷരത 85.48 ശതമാനമാണ്. ഇതിൽ പുരുഷന്മാരുടേത് 92.87%വും സ്ത്രീകളുടേത് 78.54%വും ആണ്. ഇപ്പോൾ ഈ വിഭാഗത്തിൽനിന്നും ഡോക്ടർമാരും എഞ്ചിനിയർമാരും ഉദ്യോഗസ്ഥരും ഉയർന്നുവന്നിട്ടുണ്ട്.

കോളനികളിൽ താമസിക്കുന്നവരുടെ കുട്ടികളിൽ പലരും സ്ക്കൂളിൽ പോവാൻ വിമുഖത കാണിക്കുന്നതായി ഗ്രാമസഭാ റിപ്പോർട്ടിൽ കാണുന്നു. സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കാതെ ഇടയ്ക്കുവെച്ച് നിർത്തിയവരുടെ എണ്ണവും ചെറുതല്ല. രക്ഷിതാക്കളുടെ വിദ്യാഭ്യാസ നിലവാരക്കുറവും, സാമ്പത്തിക പരാധീനതയുമാണ് വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന് കാരണം.

1995-96 അദ്ധ്യയനവർഷത്തിൽ പഞ്ചായത്തിൽ എൽ.പി.,യു.പി., ഹൈസ്ക്കൂൾ വിഭാഗത്തിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ടകുട്ടികളുടേയും പഠിത്തം നിർത്തിയവരുടേയും പട്ടിക 2 ൽ കൊടുക്കുന്നു.

പട്ടിക 2 95/96

| | പഠിക്കുന്നവർ | | | പഠനംനിർത്തിയവർ | | |
|---|---|---|---|---|---|---|
| വിഭാഗം | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| എൽ.പി. | 150 | 148 | 298 | 1 | 1 | 2 |
| യു.പി. | 144 | 136 | 280 | - | - | - |
| ഹൈസ്ക്കൂൾ | 132 | 112 | 244 | 11 | 7 | 18 |

## തൊഴിൽ

പരമ്പരാഗത തൊഴിലായിരുന്ന പായനെയ്ത്ത്, കുട്ട, വട്ടി, എന്നിവയുടെ നിർമ്മാണം പഞ്ചായത്തിൽ നിശ്ശേഷം ഇല്ലാതായിരിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് ഇതിന് കാരണം. വ്യവസായ ശാലയിലും, കെട്ടിട നിർമ്മാണരംഗത്തും മറ്റു മേഖലയിലും ഇവർ തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും കാർഷിക ജോലി ഇപ്പോൾ നാമമാത്രമാണ്. സർക്കാർ, പൊതു മേഖലാ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരും ഉണ്ട്.

പട്ടികജാതി വിഭാഗങ്ങളെ സഹായിക്കുന്നതിന് 1930ൽ പരേതനായ പാലൻ കരിയാത്തൻ പ്രസിഡണ്ടായി ആദിദ്രാവിഡ ഐക്യ നാണയ സഹകരണ സംഘം ചുരുങ്ങിയ പലിശക്ക് പണം കടം കൊടുക്കുന്ന ഒരു സംവിധാനം ഏർപ്പെടുത്തിയിരുന്നുവെങ്കിലും 1955ൽ ലിക്വിഡേറ്റ് ചെയ്യപ്പെട്ടു.

സഹകരണ മേഖലയിൽ ഹരിജൻ ബ്രിക്ക് & ക്ലേ വർക്ക് എന്ന പേരിൽ പഞ്ചായത്തിൽ ഒരു ഇഷ്ടിക നിർമ്മാണ കമ്പനി ഉണ്ട്. കാര്യക്ഷമത ഇല്ലാത്തതു കാരണം പ്രസ്തുത കമ്പനി ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

ബിസിനസ്സ് രംഗത്ത് അപൂർവ്വം വ്യക്തികൾ ഉണ്ടെങ്കിലും കൂടുതൽ പേർ ഈ രംഗത്തേക്ക് വരേണ്ടതുണ്ട്.

ഷോപ്പിങ്ങ് കോംപ്ലക്സിൽ കട അനുവദിക്കുമ്പോൾ പട്ടികജാതിയിൽപെട്ടവരെ ഉപയോഗപ്പെടുത്തി കട ലേലം ചെയ്ത് മറ്റു വിഭാഗക്കാർ കച്ചവടം നടത്തുന്ന സ്ഥിതി കണ്ടു വരുന്നു. ഈ അവസ്ഥക്ക് അറുതി വരുത്തേണ്ടതാണ്.

## പാർപ്പിടം

ഭൂരിഭാഗം കുടുംബങ്ങൾക്കും സ്വന്തമായി വീടുണ്ട് എങ്കിലും വീടില്ലാത്തവരായി 122 കുടുംബങ്ങൾ ഉണ്ട് എന്ന് കാണുന്നു. സാമ്പത്തിക പരാധീനതയും സ്വന്തമായി ഭൂമി ഇല്ലാത്തതുമാണ് ഇതിന് കാരണം. കോളനിയിൽ താമസിക്കുന്നവരിൽ പണി പൂർത്തീകരിക്കാത്ത വീടുള്ളവരും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ സൗകര്യമില്ലാത്തവരുമുണ്ട്. ഭൂരിഭാഗം വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. നാലുസെന്റ് കോളനിയിൽ ഇനിയും പട്ടയം ലഭിക്കാത്തവരുമുണ്ട്. പഞ്ചായത്തിൽ അംഗീകരിച്ച 15 കോളനികളാണ് ഉള്ളത്. പട്ടികജാതിക്കാർ തിങ്ങി താമസിക്കുന്ന പ്രദേശങ്ങളായ പാലാക്കൊടി, കരിപ്പാത്ത്, തലഞ്ഞിപ്പൊറ്റ, കുറ്റിപടി, കരിന്താറ്റിൽ, തണ്ണിച്ചാൽ, കാരാളിപറമ്പ്, അയ്യമ്പാക്കി, മൂത്തേനിതാഴം എന്നിവ അംഗീകരിക്കയും വേണം. കുടിവെള്ള ക്ഷാമം ചില കോളനിയിൽ രൂക്ഷമാണ്.

## പ്രശ്നങ്ങൾ

- സ്വന്തമായി ഭൂമിയും വീടും ഇല്ലാത്ത കുടുംബങ്ങൾ.
- ലോൺ അനുവദിച്ച തുക അപര്യാപ്തമായതിനാൽ പണിപൂർത്തീകരിക്കാൻ കഴിയാത്തവർ.
- 4 സെന്റ് കോളനിയിൽ പട്ടയം ലഭിക്കാത്തവർ.
- ഹരിജൻ കോളനിയിലും 4 സെന്റ് കോളനിയിലും

| പട്ടിക 3 : പട്ടികജാതി പട്ടികവർഗ്ഗ വീടുകളുടെ വിവരണം | | | | | | |
|---|---|---|---|---|---|---|
| വാർഡ് | കുടുംബങ്ങളുടെ എണ്ണം | നിലവിലുള്ള സ്വഭാവം | | | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം |
| | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1 | 18 | - | 11 | 7 | 5 | 8 |
| 2 | 59 | 1 | 50 | 8 | 8 | 9 |
| 3 | 29 | - | 27 | 2 | 6 | 11 |
| 4 | 58 | 2 | 50 | 6 | 7 | 13 |
| 5 | 58 | 3 | 50 | 5 | 8 | 10 |
| 6 | 54 | 5 | 45 | 4 | 7 | 3 |
| 7 | 36 | - | 35 | 1 | 4 | 1 |
| 8 | 101 | 3 | 86 | 12 | 10 | 13 |
| 9 | 31 | - | 21 | 10 | 15 | 10 |
| 10 | 33 | - | 24 | 9 | 11 | 11 |
| 11 | 30 | - | 25 | 5 | 8 | 13 |
| 12 | 45 | 4 | 35 | 6 | 5 | 7 |
| 13 | 21 | - | 17 | 4 | 8 | 6 |
| 14 | 74 | 4 | 61 | 9 | 13 | 17 |
| 15 | 24 | 1 | 17 | 6 | 7 | 7 |
| ആകെ | 671 | 23 | 554 | 94 | 122 | 139 |

പ്രാഥമിക സൗകര്യമില്ലായ്മ

- പല കോളനികളിലും കുടിവെള്ളമില്ല
- വൈദ്യുതീകരിക്കാത്ത വീടുകൾ നിരവധിയാണ്.
- ഗതാഗത സൗകര്യം ഇല്ലാത്ത കോളനികൾ
- നാലാം വാർഡിലെ ഹരിജൻ ശ്മശാനം ഉപയോഗശൂന്യമായി കിടക്കുന്നു.
- പട്ടികജാതിക്കാരുടെ പഴയവീടുകൾ റിപ്പയർ ചെയ്യേണ്ടവയും കക്കൂസ് ഇല്ലാത്തവയും ഉണ്ട്.
- കോളനികളിലെ കുട്ടികൾ പലരും സ്ക്കൂളിൽ പോകാൻ വിമുഖത കാണിക്കുന്നു.
- പ്രായമായവരിൽ പലരും നിരക്ഷരരാണ്.
- SC/ST കോർപ്പറേഷനും പട്ടികജാതി ക്ഷേമവകുപ്പും മറ്റും അഭ്യസ്തവിദ്യർക്ക് നൽകുന്ന വായ്പയും ധനസഹായവും ലക്ഷ്യം കാണുന്നില്ല.
- SC/ST വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവില്ലായ്മ
- ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

## നിർദ്ദേശങ്ങൾ


- വീടില്ലാത്ത ദുർബല വിഭാഗക്കാർക്ക് വീടുനിർമ്മിക്കാൻ ധനസഹായം അനുവദിക്കുക
- വീടുനിർമ്മിക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് സ്ഥലവും വീടും നിർമ്മിക്കാൻ സഹായം ലഭ്യമാക്കുക.
- കോളനികൾ അളന്നു തിട്ടപ്പെടുത്തി തർക്കങ്ങൾ അവസാനിപ്പിക്കുക
- കോളനിയിൽ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള കക്കൂസ്, കുളിമുറി എന്നിവ സ്ഥാപിക്കുക. ഒറ്റപ്പെട്ട് താമസിക്കുന്നവർക്കും ഇത് ബാധകമാക്കുക.
- വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുക.
- അംഗീകരിക്കേണ്ട കോളനികൾ താഴെ കൊടുക്കുന്നു.

| വാർഡ് | അംഗീകരിക്കേണ്ട SC/ST കോളനികളുടെ പേര് |
|---|---|
| 2. | കാഞ്ഞിരത്തിൽ |
| 4 | അരുപുറം 4 സെന്റ് കോളനിപ്രദേശം |
| 8. | 1. പാലാക്കൊടി 2. കരിപ്പാത്ത് - ചെറാംപാടം |
| 9. | 1. കുറ്റിപ്പടി 1. കരിന്താറ്റിൽ 3. തണ്ണിച്ചാൽ |
| 10. | അയ്യമ്പാക്കി |
| 11. | കാരാളിപറമ്പ് |
| 12. | തലഞ്ഞിപ്പൊറ്റ |
| 15. | ചുങ്കം |

- നാലാം വാർഡിലെ ശ്മശാനം ഉപയോഗപ്രദമാക്കുകയും ആധുനികവൽക്കരിക്കുകയും ചെയ്യുക
വിവിധ ഏജൻസികൾ മുഖേന ധനസഹായം ലഭിച്ചു നിർമ്മിച്ച വീടുകൾക്ക് വീട്ടുനമ്പർ ലഭിക്കാൻ നടപടി കൈകൊള്ളുക
- പായനെയ്ത്ത്, കുട്ട, വട്ടി എന്നിവ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാനുള്ള പരിശീലനവും സഹായവും നല്കുക
- കാർഷികതൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണാടിസ്ഥാനത്തിൽ പച്ചക്കറികൃഷിത്തോട്ടം ആരംഭിക്കുക.
- പട്ടികജാതി സഹകരണസംഘത്തിന്റെ കീഴിൽ ആരംഭിച്ച നല്ലൂരിലെ ഇഷ്ടികനിർമ്മാണ കമ്പനി തുറന്നു പ്രവർത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
- പട്ടികജാതിക്കാർക്ക് നല്കുന്ന എല്ലാ സാമ്പത്തിക സഹായകങ്ങളും ലക്ഷ്യം നേടുന്നുണ്ടോ എന്ന് പരിശോധിക്കുകയും സഹായം ഗ്രാമപഞ്ചായത്ത് മുഖേന നൽകുകയും ചെയ്യുക.
- വ്യവസായം, കച്ചവടം, വാഹനം എന്നിവ പട്ടികജാതിക്കാരുടെ പേരിൽ മറ്റുള്ളവർ തട്ടിയെടുക്കുന്നത് നിയമം മൂലം തടയുകയും പ്രസ്തുത സ്ഥാപനങ്ങളും വസ്തുവഹകളും ഈ വിഭാഗത്തിന്റെ കൈവശമാണെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുക.
- ഗാതാഗത സൗകര്യമില്ലാത്ത കോളനികളിലേക്ക് റോഡും ഫുട്ട്പാത്തും നിർമ്മിക്കുക.
- കോളനികളിൽ സാംസ്കാരിക നിലയങ്ങളും ടി.വി. സെറ്റുകളും സ്ഥാപിക്കുക.
- കോളനിപ്രദേശങ്ങളിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ ഓവു ചാലുകൾ നിർമ്മിക്കുക.
- മൺമറഞ്ഞു പോകുന്ന ഞാറ്റു പാട്ടുകളും നാടൻ പാട്ടുകളും നാടൻ കലകളും പ്രോത്സാഹിപ്പിക്കുക.

12

# വിഭവസമാഹരണം



ഫറോക്ക് പഞ്ചായത്തിന്റെ ഒരുവർഷത്തെ ശരാശരി മൊത്തം വരുമാനം 35.40ലക്ഷം രൂപയാണ്. എസ്റ്റാബ്ലിഷ്മെന്റ്, ടെലഫോൺ, വാഹനം, ഇലക്ട്രിസിറ്റി, വാട്ടർ ടാപ്പ്, മറ്റ് അലവൻസുകൾ എന്നിവക്കായി ഏകദേശം മൊത്തം വരുമാനത്തിന്റെ 60%ത്തോളം ചെലവ് വരുന്നു. അവശേഷിക്കുന്ന തുക വിവിധ വാർഡുകളിലെ വികസന പ്രവർത്തനങ്ങൾ നടത്താൻ ഒട്ടും പര്യാപ്തമല്ല. അതുകൊണ്ട് സർക്കാർ ഗ്രാന്റും മറ്റ് ഏജൻസികളിൽനിന്നുള്ള സഹായവും മാത്രമാണ് ആശ്രയം. കഴിഞ്ഞ പത്ത് വർഷങ്ങൾക്കിടയിൽ നികുതി വരുമാനത്തിൽ ക്രമാനുഗതമായ വളർച്ചയുണ്ടായെങ്കിലും ചെലവ് ഗണ്യമായി വർദ്ധിക്കുന്നതാണ് അനുഭവം. പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കുന്നത് ബസ്സ്റ്റാന്റ് കം ഷോപ്പിങ്ങ്സെന്റർ, മാർക്കറ്റ് ബിൽഡിങ്ങ് (ഫറോക്കും പേട്ടയും) കമ്മ്യൂണിറ്റിഹാൾ എന്നിവ മുഖേനയാണ്. ബസ്സ്റ്റാന്റ് ബിൽഡിങ്ങിനുവേണ്ടി R.D.B.യിൽ നിന്ന് കടമെടുത്തതിൽ 18.5 ലക്ഷം രൂപ കുടിശ്ശികയുണ്ട്. അതേ സമയം കെട്ടിടത്തിൽനിന്നുള്ള വാടക കുടിശ്ശികയും നിലനിൽക്കുന്നു. ഷോപ്പിങ്ങ് കോംപ്ലക്സിന്റെ വരുമാനം കൊണ്ടുതന്നെ യഥാർത്ഥത്തിൽ കടം തിരിച്ചടക്കാൻ കഴിയും.

പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രദ്ധാപൂർവ്വമായ പ്രവർത്തനം പഞ്ചായത്തിന്റെ ഭാഗത്ത് നിന്ന് ഉണ്ടാവണം. ചെലവ് വർദ്ധിക്കുന്നതിന് അനുസൃതമായി വരുമാനം കണ്ടെത്താൻ കഴിയാതെ പോകുന്നു. കെട്ടിടനികുതി, തൊഴിൽനികുതി, പ്രദർശനനികുതി, വാടക എന്നിവയിൽ മാത്രം ആശ്രയിച്ച് ഭരണപരമായ കാര്യങ്ങൾ നിർവ്വഹിക്കുന്ന സ്ഥിതി മാറ്റിയെടുക്കണം. പഞ്ചായത്തിലെ ഏക സിനിമാതിയേറ്ററിൽനിന്നുള്ള വരുമാനം മാത്രമാണ് പഞ്ചായത്തിനുള്ള വരുമാനത്തിന്റെ ഒരു പ്രധാന ഘടകം. നികുതിയേതര വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയാതെ വന്നാൽ വികസനം വഴിമുട്ടി നിൽക്കും.

ഫറോക്ക് ഒരു വ്യവസായ മേഖലയാണെങ്കിലും വൻകിട വ്യവസായങ്ങളുടെ അഭാവം സാമ്പത്തികമായി പഞ്ചായത്തിനെ ദരിദ്രമാക്കുന്നു. ജനങ്ങളിൽ ബഹുഭൂരിഭാഗവും വ്യവസായതൊഴിലാളികളാണ്. ചെറുകിട വ്യവസായങ്ങൾ കുറേയേറെ ഉണ്ടെങ്കിലും ഒരു പ്രദേശത്തിന്റേയോ ജനതയുടേയോ സാമ്പത്തിക അഭിവൃദ്ധിക്ക് ഇവ പര്യാപ്തമല്ല. പുതിയ വ്യവസായ സംരംഭങ്ങൾ വേണ്ടത്ര വളർന്നു വരുന്നില്ല. ചെറുകിട ഇടത്തരം വ്യവസായങ്ങൾ വളർന്നുവന്നാൽ മാത്രമെ സാമ്പത്തികമായ ഉന്നമനം പൊതുവെ കൈവരിക്കാനാവൂ. വ്യവസായസംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാനും അവരെ സഹായിക്കാനും വിവിധ വകുപ്പുകളുടെ കൂട്ടായ ശ്രമം അനിവാര്യമാണ്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ശ്രദ്ധവെച്ച് പ്രവർത്തിക്കണം.

ഫറോക്ക് പഞ്ചായത്തിൽ കാർഷികരംഗം പിറകോട്ടടിയെ നേരിടുകയാണ്. മുൻകാലത്തുണ്ടായിരുന്ന കൃഷി സമ്പ്രദായങ്ങൾ പാടെ വേരറ്റ് പോയിരിക്കുന്നു. കർഷകർ കൃഷിഭൂമി കൃഷിക്കുപയുക്തമാക്കാതെ തരിശിട്ടുകൊണ്ടിരിക്കുന്നു. ഉള്ള പ്രദേശങ്ങൾതന്നെ

മണ്ണിട്ട് നികത്തിയെടുക്കുന്ന പ്രവണത എങ്ങും ദൃശ്യമാണ്. ഫറോക്കിന്റെ വിവിധ ഭാഗങ്ങളിൽ സുഭിക്ഷമായി നിലനിന്നിരുന്ന നെൽകൃഷി ഇപ്പോൾ ഇല്ലാതായിക്കഴിഞ്ഞു. തെങ്ങ്, വാഴ, കുരുമുളക്, കവുങ്ങ്, ഇഞ്ചി, എള്ള് തുടങ്ങിയ കാർഷികവൃത്തിയിൽ കൃഷിക്കാർ ഒട്ടും ശ്രദ്ധ ചെലുത്താതെ വന്നിരിക്കുന്നു.

കാർഷികമേഖല നാശോന്മുഖമാകാൻ ഇടയാക്കിയത് കൃഷി നടത്താനുള്ള ചെലവ് വർദ്ധിച്ചതും ഉത്പാദിപ്പിക്കുന്ന കാർഷിക വിളകൾക്ക് ന്യായമായ വില ലഭിക്കാത്തതുമാണ്. മുൻകാലത്ത് പച്ചക്കറി കൃഷി നല്ല നിലയിൽ നടന്നിരുന്ന നമ്മുടെ പ്രദേശത്ത് ഇന്ന് അത് ഒട്ടുംതന്നെയില്ലെന്ന് പറയാം. കാർഷിക മേഖല ശക്തിപ്പെടുത്തി ഉത്പാദനം വർദ്ധിപ്പിച്ച് മുന്നോട്ട് പോയാൽ മാത്രമെ ഈ രംഗത്തെ സാമ്പത്തിക പരാധീനത മാറ്റിയെടുക്കാൻ കഴിയൂ. കാർഷിക വ്യാവസായിക മേഖല അഭിവൃദ്ധിപ്പെടുത്താൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

- ❑ തരിശിട്ട കൃഷിയിടങ്ങൾ കർശനമായും കൃഷിക്ക് ഉപയോഗപ്പെടുത്താൻ നിർബന്ധിക്കുക.
- ❑ കാർഷികമേഖലയിൽ മുന്നോട്ടുവരുന്ന കൃഷിക്കാരെ കണ്ടെത്തി സാമ്പത്തികമായും സാങ്കേതിക ഉപദേശങ്ങൾ നൽകിയും പ്രോത്സാഹിപ്പിക്കുക.
- ❑ വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവ സബ്സിഡി നിരക്കിൽ നൽകുക.
- ❑ കൃഷിഭവൻ മുഖേനയുള്ള സാമ്പത്തിക സഹായവും സേവനവും കൃഷിക്കാർക്ക് ഫലപ്രദമായി ലഭിക്കാൻ സംവിധാനം ഉണ്ടാക്കുക.
- ❑ കാർഷിക രംഗത്ത് നൂതനകൃഷി സമ്പ്രദായം ആവിഷ്കരിക്കാൻ പരീക്ഷണങ്ങളും നിരീക്ഷണങ്ങളും സർക്കാർ തലത്തിൽ ശക്തിപ്പെടുത്തുക.
- ❑ കാർഷികോല്പന്നങ്ങൾ ന്യായമായ വിലയ്ക്ക് സംഭരിക്കാനും വിതരണം ചെയ്യാനും സംവിധാനം ഉണ്ടാക്കുക.
- ❑ കൃഷിക്കുപയുക്തമല്ലാത്ത പ്രദേശങ്ങൾ ശാസ്ത്രീയമായ രീതിയിൽ പരിരക്ഷിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
- ❑ പഞ്ചായത്തിൽ നിലവിലുള്ള ജലസംഭരണികൾ പ്രയോജനപ്പെടുത്തി കൂടുതൽ മേഖലകളിലേക്ക് ജലസേചന സൗകര്യമെത്തിച്ച് കൃഷി അഭിവൃദ്ധിപ്പെടുത്തുക.
- ❑ കൂട്ടുകൃഷി സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുക. കൃഷിചെലവ് കുറക്കാൻ ഇത് ഉപരിക്കും.
- ❑ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ മത്സ്യകൃഷി വിപുലപ്പെടുത്താൻ (ശുദ്ധജല, ഓരുജല) ഫിഷറീസ് വകുപ്പിൽനിന്ന് ലഭ്യമാകുന്ന എല്ലാ സൗകര്യങ്ങളും പ്രയോജനപ്പെടുത്തുക
- ❑ പഞ്ചായത്തിൽ ലഭ്യമാകുന്ന അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് ചെറുകിട ഇടത്തരം വ്യവസായങ്ങൾ ആരംഭിക്കാൻ പ്രോത്സാഹനം നൽകുക.
- ❑ ഭവനനിർമ്മാണ സാമഗ്രികൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കുക.
- ❑ **D.W.C.R.A** യുടെ വനിതാവ്യവസായ യൂണിറ്റുകൾ ഓരോ വാർഡിലും സ്ഥാപിക്കുക.
- ❑ വ്യവസായങ്ങൾക്കുള്ള ധനസഹായം ഉദാരമായ വ്യവസ്ഥയിൽ ലഭ്യമാക്കുക.
- ❑ സ്വയംതൊഴിൽ കണ്ടെത്താനുള്ള സാമ്പത്തിക സഹായം അർഹതപ്പെട്ടവർക്ക് യഥാസമയം ലഭ്യമാക്കുവാൻ സംവിധാനം ഉണ്ടാക്കുക.
- ❑ ഗൾഫ് പണത്തിന്റെ സ്വാധീനം നമ്മുടെ പഞ്ചായത്തിൽ ചെറുതല്ല. ഏകദേശം 4% ജനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഗൾഫിൽ ജോലിചെയ്യുന്നവരായുണ്ട്. ഗൾഫ് മേഖലയിൽനിന്ന് വരുന്ന പണം പ്രത്യുൽപാദനപരമായ രംഗത്ത് നിക്ഷേപിക്കുവാനും ഇത് സാമൂഹികവളർച്ചക്ക് ഉപയുക്തമാക്കാനും പ്രേരിപ്പിക്കണം. എന്നാൽ ഇപ്പോൾ വൻകിട കെട്ടിട നിർമ്മാണരംഗത്താണ് ഈ തുക അത്രയും വിനിയോഗിക്കപ്പെടുന്നത്.
- ❑ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ലൈസൻസില്ലാത്ത കച്ചവടസ്ഥാപനങ്ങൾ നിരവധിയുണ്ട്. അനധികൃത സ്ഥാപനങ്ങൾ കണ്ടെത്തി ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.
- ❑ സർക്കാരിൽനിന്നും മറ്റും ലഭിക്കേണ്ടുന്ന ഗ്രാന്റുകൾ യഥാസമയം ലഭ്യമാക്കണം. സാമൂഹ്യവളർച്ചയിൽ ജനകീയ പങ്കാളിത്തത്തിന്റെ ആവശ്യകത ഉറപ്പുവരുത്തുവാൻ ബോധവൽക്കരണ പ്രവർത്തനം വ്യാപകമാക്കേണ്ടതുണ്ട്. നമ്മുടെ പഞ്ചായ

ത്തിലെ ബാങ്കുകൾ ഭീമമായ തുക ഡെപ്പോസിറ്റായി ഒരു വർഷം സമാഹരിക്കുന്നു. എന്നാൽ സഹകരണ ബാങ്കുകൾ ഒഴികെ മറ്റുള്ളവ നാമമാത്രമായ തുകയാണ് നമ്മുടെ പ്രദേശത്ത് വിവിധ ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നത്. ചെറുകിട വ്യവസായങ്ങൾക്കും, സ്വയം തൊഴിൽ കണ്ടെത്താനും, വനിതാ വ്യവസായ യൂണിറ്റുകൾക്കും സാമ്പത്തിക സഹായം നൽകാൻ ഇത്തരം ബാങ്കുകൾ വിമുഖത കാണിക്കുകയാണ്.

- കൂടാതെ അസംഘടിത മേഖലയിൽ തൊഴിൽ ചെയ്യുന്നവരും സാമാന്യം വരുമാനമുള്ളവരുമായ തൊഴിലാളികളിൽനിന്നും ചെറിയതുക വരുമാനനികുതി ഈടാക്കാൻ നിയമനിർമ്മാണമുണ്ടാകണം. തൊഴിലാളികളെ ഗ്രാമപഞ്ചായത്ത് ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതിയിൽ ചേർക്കുകയും അതിലുൾപ്പെട്ടവരിൽനിന്നും മേൽപ്പറഞ്ഞ നികുതി ഈടാക്കാവുന്നതാണ്. നികുതി കൊടുക്കുകവഴി തങ്ങളും പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിൽ പങ്ക് ചേരുകയാണെന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ ഇതു കൊണ്ട് സാധിക്കും.
- കെട്ടിടങ്ങളുടെ നികുതി നിർണ്ണയിക്കുമ്പോൾ തറ വിസ്തീർണ്ണവും നിർമ്മാണചെലവും മാനദണ്ഡമാക്കുമ്പോൾതന്നെ ആഡംബരതകൂടി കണക്കിലെടുത്ത് നികുതി ചുമത്താനുള്ള സംവിധാനം ഉണ്ടാക്കണം. നിർമ്മാണരംഗത്തെ ധൂർത്തൊഴിവാക്കാൻ ഇതുപകരിക്കും.
- വാടക കെട്ടിടങ്ങൾക്ക് യഥാർത്ഥ വാടക മനസ്സിലാക്കി അതിനനുസൃതമായി നികുതി ചുമത്തേണ്ടതാണ്.
- സർക്കാർ ജീവനക്കാരിൽനിന്നും അധ്യാപകരിൽനിന്നും പ്രധാനപ്പെട്ട ഫാക്ടറി തൊഴിലാളികളിൽനിന്നുമാണ് തൊഴിൽ നികുതി കൃത്യമായി ലഭിക്കുന്നത്. എന്നാൽ പഞ്ചായത്തിന്റെ രേഖകളിൽ ഉൾപ്പെടാതെയുള്ള നിരവധി സ്ഥാപനങ്ങളിലും മറ്റും ജോലിചെയ്യുന്നവരിൽനിന്ന് കൃത്യമായി തൊഴിൽ നികുതി പരിച്ചെടുക്കാൻ ശ്രദ്ധാപൂർവ്വമായ നടപടിയുണ്ടാകണം.
- പഞ്ചായത്ത് മിനിസ്റ്റേഡിയം, നിർദ്ദിഷ്ട കാരട്ടിപ്പാടം ഗ്രൗണ്ട് എന്നിവ ഫലപ്രദമാക്കി മാറ്റിയാൽ വരുമാനമാർഗം കണ്ടെത്താൻ കഴിയും.
- പഞ്ചായത്ത് ബസ് സ്റ്റാന്റിൽവന്നുപോകുന്ന ബസുകളിൽനിന്ന് സ്റ്റാന്റ് ഫീ പിരിക്കുക.
- ഫറോക്ക് ടൗൺ, ഫറോക്ക് പേട്ട, ചുങ്കം എന്നിവിടങ്ങളിൽ പിക്കപ്പ്, ജീപ്പ്, ഓട്ടോ പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തി ഫീസീടാക്കേണ്ടതാണ്.
- പഞ്ചായത്തിലെ വിവിധ പുഴയോര പ്രദേശത്തെ ലീസ് പുറമ്പോക്ക് അന്യാധീനപ്പെട്ടുപോകുന്ന സ്ഥിതിയുണ്ട്. ഇത് കൃത്യമായി അളന്ന് തിട്ടപ്പെടുത്തി അനധികൃതമായി കൈവശം വെച്ചത് പിടിച്ചെടുക്കുവാനും ലീസ് ഭൂമി സംരക്ഷിക്കുവാനും നടപടി കൈകൊള്ളണം.

ഷോപ്പിങ്ങ് കോംപ്ലക്സ്

- ഫറോക്ക് പേട്ടയിലെ മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് നിർമ്മിച്ച് മറ്റ് വിപണനങ്ങൾക്കും സൗകര്യം ചെയ്യാവുന്നതാണ്. മാർക്കറ്റ് ബിൽഡിങ്ങ് (ഫറോക്കിൽ) വിപുലീകരിച്ച് തട്ടുകളാക്കി ഉയർത്താവുന്നതും വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.

ബഹുജനസംഘടനകൾ നമ്മുടെ പഞ്ചായത്തിൽ സജീവമാണ്. നിർമ്മാണ പ്രവർത്തനങ്ങളിലും വികസനപ്രവർത്തനങ്ങളിലും ഇവക്കുള്ള കടമ ബോധ്യപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വളർച്ചക്ക് ഒട്ടനവധി സംഭാവനകൾ നൽകാൻ സാധിക്കും. വാർഡടിസ്ഥാനത്തിൽ കർമ്മ സമിതികൾ രൂപീകരിച്ച് വികസനപ്രവർത്തനങ്ങളുടെ ചുമതല ഏൽപ്പിക്കാവുന്നതാണ്. സർവ്വീസിൽനിന്നും പിരിഞ്ഞവരുടെ സേവനം വിവിധരംഗത്ത് ഉപയോഗപ്പെടുത്താനും സാധിക്കും.

- സ്പോൺസേർഡ് കൺസ്ട്രക്ഷൻസ് ഉപയോഗപ്പെടുത്താൻ കഴിയും. ട്രസ്റ്റുകൾ, മെമ്മോറിയൽസ്, കലാ സാംസ്കാരിക സംഘടനകൾ വഴിയും വിഭവസമാഹരണത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്താവുന്നതാണ്.
- സാമൂഹ്യസേവനത്തിന്റെ പ്രാധാന്യം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക വഴി ഭാവി തലമുറക്ക് പുതിയൊരവബോധം സൃഷ്ടിക്കാനു കഴിയും.

പഞ്ചായത്തിന്റെ കഴിഞ്ഞ 10 വർഷക്കാലത്തെ
വരവ്— ചെലവ് കണക്ക് — ഒരു താരതമ്യപഠനം.

| വർഷം | വരവ് | ചെലവ് |
|---|---|---|
| 1985-86 | 1458482.17 | 1247773.66 |
| 86 - 87 | 1069528.34 | 1175117.04 |
| 87 - 88 | 1277504.00 | 889367.21 |
| 88 - 89 | 1557078-66 | 1431708.45 |
| 89 - 90 | 2279663.05 | 2631106.65 |
| 91 - 92 | 3460447.99 | 4013672.80 |
| 92 - 93 | 2812273.95 | 2931585.60 |
| 93 - 94 | 3581213.60 | 3524923.75 |
| 94 - 95 | 3827736.56 | 3701704.30 |

പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. | സബ്ട്രഷറി | 1 |
| 2. | സ്റ്റേറ്റ്ബേങ്ക് ഓഫ് ട്രാവൻകൂർ | 1 |
| 3. | കനറാ ബേങ്ക് | 1 |
| 4. | സൗത്ത് ഇന്ത്യൻ ബേങ്ക് | 1 |
| 5. | യൂനിയൻ ബേങ്ക് | 1 |
| 6. | ഫറോക്ക് കോ-ഓപ്പ് അർബൻ ബേങ്ക് | 1 |
| 7. | കോഴിക്കോട് ഡിസ്ട്രിക്ട് കോ.ഓപ് ബേങ്ക് ശാഖ | 1+1 |
| 8. | ഫറോക്ക് സർവ്വീസ് സഹകരണ ബേങ്ക് | 1+1 |
| 9. | കരുവൻതിരുത്തി സർവ്വീസ് സഹകരണ ബേങ്ക് | 1 + 1 |
| 10. | ഡെപ്പോസിറ്റ് സ്വീകരിക്കുന്ന പോസ്റ്റോഫീസ്ഫീസ് | 2 |
| 11. | സ്വകാര്യബേങ്ക് | 4 |

| വിദേശങ്ങളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| വാർഡ് | ഗൾഫ് മേഖലയിൽ | അമേരിക്ക | ആസ്ട്രേലിയ | സ്വിറ്റ്സർലണ്ട് | സ്വീഡൻ | ജർമ്മനി |
| 1 | 300 | – | 5 | – | – | – |
| 2 | 100 | – | – | – | – | – |
| 3 | 250 | – | – | – | – | – |
| 4 | 100 | – | – | – | – | – |
| 5 | 20 | – | – | – | – | – |
| 6 | 40 | – | – | – | – | – |
| 7 | 50 | – | – | 1 | 1 | 5 |
| 8 | 32 | – | – | – | – | – |
| 9 | 113 | – | – | – | – | – |
| 10 | 120 | – | – | – | – | – |
| 11 | 70 | – | – | – | – | – |
| 12 | 192 | – | – | – | – | – |
| 13 | 70 | – | – | – | – | – |
| 14 | 90 | – | – | – | – | – |
| 15 | 250 | 5 | – | – | – | – |
| ആകെ | 1797 | 5 | 5 | 1 | 1 | 5 |

ചെലവ്

| ഇനങ്ങൾ | 1990-91 | 1995-1996 | വ്യത്യാസം |
|---|---|---|---|
| പൊതുഭരണം | 506866.65 | 1219271.30 | 712404.65 |
| പൊതുമരാമത്ത് | 308004.00 | 1103825.40 | 795821.40 |
| വിദ്യാഭ്യാസം | 78908.25 | 185972.95 | 107064.70 |
| ജലവിതരണ ഓടകൾ, പൊതു ആരോഗ്യം | 118718.35 | 94637.00 | 24081.35 (കുറഞ്ഞു) |
| മറ്റുള്ളവ | 1295279.05 | 956277.70 | 339001.35 (കുറവ്.) |

- പഞ്ചായത്തുകൾക്കും ഇത് ഉപയോഗപ്പെടുത്താനുള്ള സാധ്യത പുതിയ പഞ്ചായത്ത് ആക്റ്റിലുണ്ട്. ഗ്രാമസഭകളോ പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പകൊടുക്കാനുള്ള ബാധ്യത ബേങ്കുകൾക്കുണ്ടാവണം. ഇതിനാവശ്യമായ നിയമഭേദഗതി കൊണ്ടുവരണം.

ചെലവുകൾ

- പഞ്ചായത്തിന്റെ വരുമാനത്തിൽ-മറ്റ് ഏജൻസികളിൽ നിന്ന് ലഭിക്കുന്നതിൽ ഒരു ഭാഗവും-ഗണനീയമായ ഒരു പങ്കും പൊതുമരാമത്തിനാണ് ചെലവഴിക്കുന്നത്. ഇതാകട്ടെ 5000ക. വീതം റോഡുകളിൽ മണ്ണിടാനും ലക്ഷങ്ങൾ പാഴായിപ്പോകുന്ന ഈ അവസ്ഥയിൽ മാറ്റമുണ്ടാകണം. പഞ്ചായത്തിന്റെ വിഭവചോർച്ച തടയുന്നതിന് റോഡുകളുടെ ശാശ്വത സംരക്ഷണം അത്യാവശ്യമാണ്. ചെമ്മൺ റോഡുകൾ സംരക്ഷിക്കുന്നതിന്റെ ഉത്തരവാദിത്തം ഓരോ റോഡിന്റേയും ഇരുവശത്തുമുള്ള അയൽക്കൂട്ടങ്ങളെ ചുമതലപ്പെടുത്താവുന്നതാണ്.
- റോഡരികിൽ ഓടകൾ നിർമ്മിക്കുന്ന പതിവ് ഇപ്പോഴില്ല. ഇതും പരിഹരിക്കപ്പെടേണ്ടതാണ്.

| തനത് വരുമാനം | | | |
|---|---|---|---|
| ഇനങ്ങൾ | 1990-91 | 1994-95 | വ്യത്യാസം |
| കെട്ടിടനികുതി | 205205-54 | 382445-88 | 177240-34 |
| സർവ്വീസ് ചാർജ്ജ് | 554025-36 | 99354-04 | 45328-68 |
| തൊഴിൽനികുതി | 207925-00 | 268090-00 | 60165-00 |
| വിനോദനികുതി | 319564-10 | 438269 - 52 | 1181705 - 42 |
| അഡി:വിനോദനികുതി | 208801 - 25 | 271554 - 66 | 62753 - 41 |
| പ്രദർശനനികുതി | 1073 - 00 | 2331 - 00 | 1258 - 00 |
| പ്രദർശനനികുതിയിന്മേലുള്ള സർചാർജ്ജ് | 268 - 25 | 552 - 75 | 314 - 50 |
| ലാന്റ് സെസ്സ് | 20053 - 00 | — | 20053 - 00 (കുറവ്) |
| ലൈസൻസ്ഫീസ് | 24129.00 | 13192 - 00 | 10937 - 00 (കുറവ്) |
| കെട്ടിടനികുതി സർചാർജ്ജ് B.S.L. | 515 - 00 | – | 515 - 00 (കുറവ്) |
| വസ്തുകൈമാറ്റനികുതി75% | 218184 - 00 | 396447 - 00 | 178263 - 00 |
| വസ്തുകൈമാറ്റനികുതി25% | 45,000 - 00 | 135240 - 00 | 90240 - 00 |
| സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള മറ്റു വരവുകൾ | 1377501 - 76 | 1371885 - 54 | 5616 - 22 (കുറവ്) |
| കടവ്, പാതാർ | — | 3,300 - 00 | 3, 300 -00 |
| ഡെപ്പോസിറ്റ് | 148018-45 | 448344 - 17 | 300325 - 72 |
| മറ്റുള്ളവ | — | 2,800 - 00 | 2800 -00 |

vi

# ഉപസംഹാരം

*സഹൃദയരേ,*

നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 1995ൽ നവംബർ 2ന് ചുമതലയേറ്റ് ഒരു വർഷം പിന്നിട്ടിരിക്കയാണ്. മുൻകാലങ്ങളിൽനിന്ന് വിഭിന്നമായി അധികാരവികേന്ദ്രീകരണത്തിലൂടെ പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിന്റെ പ്രയോക്താക്കളാകുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്ക് നിർവ്വഹിക്കാനുള്ള ചുമതലകൾ വളരെ വലുതാണ്. ഫറോക്ക് പഞ്ചായത്തിന്റെ സാഹചര്യം വിലയിരുത്തുമ്പോൾ വികസന-സേവനതുറകളിൽ ബഹുദൂരം നമുക്ക് മുന്നേറേണ്ടതുണ്ട്. ഗ്രാമസഭകളിൽനിന്നുയർന്നുവന്ന നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ജനകീയപ്രശ്നങ്ങളുടെ പ്രതിഫലനമാണ്. ജനങ്ങളുടെ പ്രതീക്ഷകളും വികസനത്വരയും ഞങ്ങളിലർപ്പിക്കപ്പെട്ട വിശ്വാസത്തിന്റെ പ്രതീകമായി ഞങ്ങൾ കാണുന്നു. അതുകൊണ്ടുതന്നെ ജനകീയപ്രശ്നങ്ങളോട് പ്രതിബദ്ധത പുലർത്തിക്കൊണ്ടുള്ള പ്രവർത്തനമാണ് ഈ കാലയളവിൽ നടത്താൻ ഭരണസമിതി ശ്രമിച്ചത്.

വികസനപ്രവർത്തനങ്ങളിൽ നമുക്ക് കടന്നുകയറേണ്ട മേഖല വളരെ വിപുലമാണെങ്കിലും പഞ്ചായത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും ഗുരുതരമായ പ്രശ്നം കുടിവെള്ളക്ഷാമമാണ്. ഇതിന്നു മുഖ്യപരിഗണന നൽകുന്ന നടപടി പഞ്ചായത്ത് കൈക്കൊണ്ടുവരുന്നു. പണിതീരാതെ കിടന്ന കൊളത്തോട്ടുതാഴം ജലവിതരണ പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കി. ഫറോക്ക് പേട്ടയിൽ ഒരു മിനിസ്കീമിന് രൂപം നൽകി നടപ്പാക്കി. പൂർത്തീകരിക്കേണ്ടിയിരുന്ന കുറുന്തലക്കുന്ന് പദ്ധതിയുടെ പണി പൂർത്തീകരിച്ചു. പള്ളിത്തറ സ്കീമും പൂർത്തിയായി വരുന്നു. പുതിയ പദ്ധതികൾ നടപ്പാക്കാനുള്ള ശ്രമം തുടരുകയാണ്. കേന്ദ്രാവിഷ്കൃത പദ്ധതിയിലുൾപ്പെടുത്തിയവയിൽ പത്താം വാർഡിലെ തിയ്യത്തുതാഴം പദ്ധതിക്കും പതിനാലാം വാർഡിലെ മങ്ങാട്ടുനിലം പദ്ധതിക്കും അംഗീകാരം ലഭിച്ചു. ഇവയ്ക്ക് പുറമേ പുതിയാറമ്പത്ത് സ്കീം, കുടവാക്കുളം സ്കീം എടക്കയിൽപടി സ്കീം എന്നിവ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കയാണ്.

പഞ്ചായത്ത്, JRY സ്കീമിലും ശുദ്ധജലവിതരണ പദ്ധതിക്കുതന്നെ മുൻഗണ നൽകിയിരിക്കുന്നു. പുതിയാറമ്പത്ത്, എടക്കയിൽപടി, കുന്നത്തുമോട്ട–കള്ളിക്കൂടം സ്കീമുകൾക്ക് തുക വകയിരുത്തി പ്രവൃത്തിയാരംഭിക്കാനിരിക്കയാണ്. ചെനപ്പറമ്പ്, മംഗലശ്ശേരിക്കുളം പദ്ധതികൾ പരിഗണനയിലാണ്.

പഞ്ചായത്തിലെ മിക്കറോഡുകളുടേയും സ്ഥിതി ശോചനീയമാണ്. ഗണ്യമായ സാമ്പത്തിക ബാധ്യത വരുന്ന റോഡ് പ്രവൃത്തികൾ ഫണ്ടിന്റെ അപര്യാപ്തത നിമിത്തം ഏറ്റെടുക്കാൻ കാലതാമസം നേരിടുന്നുണ്ട്. എന്നാലും ചില പ്രവൃത്തികൾ നടത്തിക്കഴിഞ്ഞു.

റോഡുകൾ, ഡ്രെയിനേജുകൾ, വൈദ്യുതി, കോളനികൾ നവീകരിക്കൽ, വൈദ്യശുശ്രൂഷാരംഗം എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പാക്കാൻ ശ്രമിച്ചുവരു

കയാണ്. സാമ്പത്തിക നില മെച്ചപ്പെട്ടാൽ ആവിഷ്കരിച്ച പദ്ധതികൾ കാലവിളംബരം കൂടാതെ നടപ്പാക്കാൻ കഴിയും. നടപ്പാക്കിയ കാര്യങ്ങളോ, നടപ്പാക്കാനുദ്ദേശിക്കുന്നവയോ ഓരോന്നായി പ്രതിപാദിക്കാൻ ഈ സന്ദർഭം ഉപയോഗിക്കുന്നില്ല. ജനങ്ങളിൽ നിന്നുള്ള സഹകരണം വികസനരംഗത്ത് പ്രത്യേകം പ്രകടമായിക്കൊണ്ടിരിക്കുന്നത് ആശാവഹമാണ്.

ഒമ്പതാം പദ്ധതി ഒരു ജനകീയ പദ്ധതിയാക്കി മാറ്റുന്നതിൽ കക്ഷിരാഷ്ട്രീയഭേദമെന്യേ നമ്മുടെ പഞ്ചായത്തിലെ നൂറുകണക്കിനാളുകൾ വഹിച്ച പങ്ക് ഞങ്ങൾ അനുസ്മരിക്കട്ടെ. ഗ്രാമസഭമുതൽ രണ്ടാംഘട്ടത്തിന്റെ സമാപനം വരെ ബഹുജനപങ്കാളിത്തം സജീവമായിരുന്നു. ജില്ലാ റിസോഴ്സ് പേഴ്സൺസും പഞ്ചായത്തുതല റിസോഴ്സ് പേഴ്സൺസും ഈ കാര്യത്തിൽ നിസ്തുലമായ സേവനമാണ് കാഴ്ചവെച്ചത്.

വികസനരംഗത്ത് പുതിയ മാനം കൈവരിക്കാൻ ഈ മഹത്തായ പ്രസ്ഥാനം ഉപയുക്തമാകും. നാടിന്റെ ഭാവി നിർണ്ണയിക്കാൻ ജനങ്ങളിലേക്ക് പകർന്നുതന്ന അധികാരം ആവേശപൂർവ്വം സ്വീകരിക്കുന്നതിൽ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും മുൻപന്തിയിൽതന്നെ. ഇതഃപര്യന്തമുള്ള പഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ സഹകരിച്ച–സഹായിച്ച–ഞങ്ങൾക്ക് പ്രചോദനം നൽകിയ എല്ലാവരോടും അകൈതവമായ കൃതജ്ഞത പ്രകാശിപ്പിക്കട്ടെ. തുടർന്നും എല്ലാവരുടേയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.


സ്നേഹപൂർവ്വം,

ഫറോക്ക്,
20.11.96

**എ. ബാലകൃഷ്ണൻ**
പ്രസിഡണ്ട്
ഫറോക്ക് ഗ്രാമപഞ്ചായത്ത്

# MAP OF FEROKE PANCHAYATH

AREA OF PANCHAYATH 3175·49 acres





PREPARED BY


D.B. DESIGNERS
FEROKE

471





അധികാരം ജനങ്ങളിലേക്ക്




അച്ചടി: ദേശാഭിമാനി പ്രസ്, കോഴിക്കോട്


ഒമ്പതാംപദ്ധതി ജനകീയപദ്ധതി
ഫറോക്ക്
അധികാരം ജനങ്ങളിലേക്ക്

# ജനകീയാസൂത്രണം
# ഒളവണ്ണ ഗ്രാമപഞ്ചായത്ത്



## സമഗ്രവികസനരേഖ


കർണ്ണാടകം
0 15 30 45
കോഴിക്കോട്
ഒളവണ്ണ
തമിഴ്നാട്
അറബിക്കടൽ
തിരുവനന്തപുരം

477

# ജനകീയാസൂത്രണം കേരളത്തിൽ

## ഒളവണ്ണ ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്

# സമഗ്രവികസനരേഖ

4.78


## എഡിറ്റോറിയൽ ബോഡ്

പ്രൊഫ: ബാലകൃഷ്ണൻ പാലാഴി (എഡിറ്റർ)

ബാബു പറശ്ശേരി

പി. സുഷമ

എം.എം. ശശീധരൻ

വി.എൻ. കൃഷ്ണൻ മാസ്റ്റർ

കെ.ശങ്കരൻ നായർ

പി.എം.പ്രഭാകരൻ മാസ്റ്റർ

കെ.കെ. കോയ

കെ.കെ. ജയപ്രകാശൻ





Type Setting & Layout
*DataMate,* Court Road, Clt-1
Printed at M.C.M Offset press,Kallai.

# ഒളവണ്ണ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



ബാബു പറശ്ശേരി
(പ്രസിഡണ്ട്)



പി.സി. സുഷമ
(വൈസ്. പ്രസിഡണ്ട് )



എം.എം.ശശിധരൻ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

മെമ്പർമാർ

കെ.കെ. കോയ
വി.പി. സത്യൻ
വി. ജാനകി
വി. ലീല
കെ.ടി. മുഹമ്മദ്
കെ.കെ. ജയപ്രകാശൻ
വി. വനജ
എം. എൻ വേണുഗോപാലൻ
പി. വി. ശോഭന
ചോലക്കൽ രാജേന്ദ്രൻ
പി.എം. പ്രഭാകരൻ മാസ്റ്റർ
കെ. സുഹറാബിടീച്ചർ

480

# വിഷയ വിവരം


1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3 സാമൂഹികസാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി
5 സാമൂഹിക സാമ്പത്തിക മേഖലകൾ
5 .1 കൃഷിയും ജലസേചനവും
5.2 മൃഗസംരക്ഷണം, മത്സ്യബന്ധനവും
5.3 വ്യവസായം.
5.4 വിദ്യാഭ്യാസം
5.5 പൊതുജനരോഗ്യം, കുടിവെള്ളം, പരിസരശുചീകരണം
5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്,
5.7 വിഭവസമാഹരണം.
5.8 സംസ്കാരം
5.9 വനിത
5.10 സഹകരണം
5.11 പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം,
5.12 ഭവനനിർമ്മാണം സാമൂഹ്യക്ഷേമം

481

# ഗ്രാമപഞ്ചായത്ത്- പൊതുവിവരം

| | |
|---|---|
| പഞ്ചായത്തിന്റെ പേര് | : ഒളവണ്ണഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : ഒളവണ്ണ, പന്തീരാങ്കാവ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | -പന്തീരാങ്കാവ്, ഒളവണ്ണ |
| ബ്ലോക്ക് പഞ്ചായത്ത് | -കോഴിക്കോട് |
| താലൂക്ക് | -കോഴിക്കോട് |
| ജില്ലാ പഞ്ചായത്ത് | -കോഴിക്കോട് |
| അസംബ്ലി മണ്ഡലം | - ബേപ്പൂർ |
| വിസ്തീർണ്ണം | - 21.43 Sq.KM |
| അതിരുകൾ | |
| കിഴക്ക്- | -പെരുവയൽ പഞ്ചായത്ത് |
| പടിഞ്ഞാറ് | -കോഴിക്കോട് കോർപ്പറേഷൻ |
| തെക്ക് | -ചാലിയാറും, ചെറുവണ്ണൂർ നല്ലളം പഞ്ചയത്തും |
| വടക്ക് | -കോഴിക്കോട് കോർപ്പറേഷൻ |
| ജനസംഖ്യ | - 44398(1991) |
| വാർഡുകൾ | - 15 |
| ജനസാന്ദ്രത | - 2072 |
| പ്രസിസണ്ട് | - ബാബുപറശ്ശേരി |
| വൈസ്.പ്രസിഡണ്ട് | - പുതിയോട്ട് സുഷ്മ |
| സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ | -.എം.എം.ശശിധരൻ |



# ആമുഖം

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ യൂണിയൻ ജാക്ക് വലിച്ച് താഴ്ത്തി ഇന്ത്യൻദേശീയപതാക ചെങ്കോട്ടയിൽ ഉയർത്തിയ ദേശീയ വിമോചനം സാക്ഷാൽകരിച്ച ഇന്ത്യൻ സ്വാതന്ത്ര്യദിനമാണ് 1947 ആഗസ്ത് 15. ഇന്ത്യൻ ജനതയിൽ ആഹ്ലാദവും ആവേശവും തിളച്ചുമറിഞ്ഞ ആ സുദിനത്തിനുശേഷം 49 വർഷങ്ങൾ പിന്നിട്ട് കഴിഞ്ഞു. ഇന്ത്യൻ ഗ്രാമങ്ങളുടെ ഉയിർത്തെഴുന്നേൽപിനും വികസന രംഗത്തെ കുതിച്ച് മുന്നേറ്റത്തിനും അധികാരവികേന്ദ്രീകരണം അനിവാര്യമാണെന്നതുകൊണ്ടുതന്നെ അതിന് വേണ്ടിയുള്ള മുറവിളി ശക്തമായി ഉയർന്നുവന്നതോടെ സ്വാതന്ത്ര്യ സമ്പാദനത്തിനു ശേഷം 45 വർഷം കഴിഞ്ഞ് 1992ൽ കൊണ്ടുവന്ന 73–ാം ഭരണഘടനാ ഭേദഗതിയോടെ പഞ്ചായത്ത് രാജ് നിയമം നടപ്പിലായെങ്കിലും കേരളത്തിൽ 1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വഴിയാണ് ഇന്നത്തെ ഗ്രാമപഞ്ചായത്തുകൾ നിലവിൽ വന്നത്. 1995ഒക്ടോബർ രണ്ടിന് അധികാര കൈമാറ്റം നടന്നു. വർഷങ്ങൾക്ക് മുമ്പ്തന്നെ അധികാരവികേന്ദ്രീകരണം പ്രാവർത്തികമായിരുന്നെങ്കിൽ വികസനരംഗത്ത് ഇന്നുള്ളതിനേക്കാൾ എത്രയോ വലിയ കുതിച്ചുമുന്നേറ്റം നമ്മുടെ നാടിന് കൈവരിക്കാൻ കഴിയുമായിരുന്നു.

1951ൽ ഒന്നാം പഞ്ചവത്സരപദ്ധതി ആരംഭിച്ചു. നടപ്പുവർഷം 8–ാം പദ്ധതിക്കാലമാണ്. എട്ടു പദ്ധതികളിലും അധികാരവും ആസൂത്രണവും മുകളിൽ നിന്ന് ആവിഷ്കരിച്ച് കീഴ്ത്തട്ടിലെത്തുകയായിരുന്നു പതിവ്. അതുകൊണ്ട്തന്നെ ഓരോ ഗ്രാമത്തിന്റെയും വികസനത്തിന് എന്താണ് ആവശ്യമെന്ന് തീരുമാനമെടുക്കാനും, നടപ്പിലാക്കാനും അതിൽ പങ്കാളികളാകാനും സാധാരണക്കാരായ ഗ്രാമീണ ജനതയ്ക്ക് അവസരം ലഭിച്ചിരുന്നില്ല. എല്ലാം ഒരു സർക്കാർ പരിപാടിയായി നടന്നുവരികയായിരുന്നു. വികസ്നരംഗത്തേക്കു നീക്കിവെക്കുന്ന തുക ഇടത്തട്ടുകാർക്കും, അഴിമതിക്കാർക്കും ചോർത്തിയെടുക്കുന്നതിനും അവസരം ലഭിച്ചിരുന്നു എന്ന വിമർശനം ഭരണാധികാരികൾ തന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അഴിമതിയും, ചോർച്ചയും തടയാൻ ജനങ്ങളുടെ പങ്കാളിത്തവും, സജീവ ഇടപെടലും സാമൂഹ്യപരിശോധനയും അനിവാര്യമാണ്. അതിന് നിലവിലുള്ള ആസൂത്രണം അടിത്തട്ടിൽ നിന്നും മുകൾത്തട്ടിലേക്ക് തലതിരിച്ചുവിടുകയല്ലാതെ മറ്റൊരു മാർഗ്ഗവുമില്ല. അധികാരം ജനങ്ങളിലേക്ക് പകർന്നു കൊടുത്തുകൊണ്ട് ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി ആവിഷ്കരിക്കാൻ കേരളസംസ്ഥാന ആസൂത്രണബോർഡും, കേരള ഗവൺമെന്റും സമയബന്ധിപരിപാടി നടപ്പിലാക്കിയിരിക്കുകയാണ്. ഈ ജനകീയാസൂത്രണ പ്രസ്ഥാനം ജനലക്ഷങ്ങളിൽ ആവേശം അലതല്ലുന്ന, ലോകശ്രദ്ധ പിടിച്ചുപറ്റിയ ഒരു മഹാസംരംഭമായി മാറി എന്നത് അഭിമാനകരമാണ്.

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലായി 2250 പേരാണ് ഗ്രാമസഭയിൽ പങ്കെടുത്തത്. ശരാശരി 150 പേർ. ഗ്രാമസഭയിൽ പങ്കെടുത്ത് വികസനപ്രശ്നം ചർച്ചചെയ്യാൻ വലിയൊരു വിഭാഗംജനങ്ങൾ തയ്യാറായില്ലയെന്ന പോരായ്മയുണ്ടെങ്കിലും ഓരോ ഗ്രാമസഭാചർച്ചയും കാര്യമാത്രപ്രസക്തവും സജീവവുമായിരുന്നു. ഓരോ വാർഡിൽ നിന്നും ലഭിച്ച വികസനറിപ്പോർട്ടുകൾ സമാഹരിച്ച് പഞ്ചായത്ത് വികസന രേഖ നാം ചർച്ചക്ക് വിധേയമാക്കുകയാണ്.

മുൻപദ്ധതികളെ അപേക്ഷിച്ച് അധികാരത്തോടൊപ്പം സമ്പത്തും (35%മുതൽ40% വരെ) ത്രിതല പഞ്ചായത്തുകൾക്ക് ലഭ്യമാവുമെന്നതുകൊണ്ട് ജനകീയ ആവശ്യങ്ങൾ ഒട്ടേറെ മുൻഗണനാ ക്രമത്തിൽ നിർവ്വഹിക്കാൻ കഴിയും. ഇതിന് പുറമെ ജനകീയ കൂട്ടായ്മയും സന്നദ്ധപ്രവർത്തനവും വിഭവസമാഹരണവും കൂടി ഉൾപ്പെടുത്തി കക്ഷിരാഷ്ട്രീയ ജാതിമതചിന്തകൾക്കും അതീതമായ ഒരു വികസനസംസ്കാരം രൂപപ്പെടുത്താൻ കഴിഞ്ഞാൽ വികസനരംഗത്ത് വൻകുതിച്ചുചാട്ടം കൈവരിക്കാൻ കഴിയുമെന്നകാര്യത്തിൽ യാതൊരു തർക്കവുമില്ല. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും, ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തികളുടേയും നടത്തിപ്പ് കാര്യക്ഷമമാകും. ഉദ്പാദനരംഗത്തെ വർദ്ധനവിൽ ഊന്നിക്കൊണ്ട് കൃഷിയും വ്യവസായവും വികസിപ്പിക്കാനും, മറ്റു അടിസ്ഥാനവികസനമേഖലകൾ സജീവമാക്കാനും കഴിയുന്നതിലൂടെ ഗ്രാമപഞ്ചായത്തുകൾ ഇന്ന് നേരിടുന്ന വികസനപ്രതിസന്ധി മുറിച്ചു കടക്കാൻ കഴിയും.

ഒളവണ്ണ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ജനങ്ങളുടെ ഭാഗത്തു നിന്നുള്ള മാതൃകാപരമായ പങ്കാളിത്ത മുണ്ട് എന്ന വസ്തുത അഭിമാനപൂർവ്വം സ്മരിക്കട്ടെ. എന്നാൽ വികസനമെല്ലാം ഭരണരംഗത്തെ പ്രവർത്തനം വഴി മാത്രം തങ്ങൾക്ക് ലഭിക്കേണ്ടതാണെന്നും തങ്ങൾക്കതിൽ ഒരു പങ്കു മില്ലെന്നും ഇപ്പോഴും വിശ്വസിക്കുന്ന ഒരു ചെറുവിഭാഗമുണ്ട്. തെറ്റായ ഈ ധാരണ തിരുത്താൻ വളരെ ശക്തമായ ബോധ വൽക്കരണപ്രവർത്തനം അനിവാര്യമാണ്.

നാം നേരിടുന്ന പ്രധാനപ്രശ്നം വെള്ളക്ഷാമമാണ്. 32 കുന്നുകളും അവയുടെ താഴ്‌വാരങ്ങളും, ഉപ്പ് വെള്ള പ്രദേശ ങ്ങളുമടങ്ങുന്ന ഒരു ഭൂപ്രദേശമാണ് നമ്മുടേത്.മൂന്നുഭാഗത്തും നീരൊഴുക്കുള്ള പുഴയുണ്ടെങ്കിലും കുടിക്കാൻ പറ്റാത്ത വെള്ള മാണ്. കുന്നിന്മുകളിൽ വെള്ളം ലഭ്യമല്ല. താഴ്‌വരകളിലെ ജല സ്രോതസ്സുകളെ ആശ്രയിച്ചു ജലക്ഷാമം പരിഹരിക്കണം. പഞ്ചായത്തിന്റേയും, ബ്ലോക്കിന്റേയും വാട്ടർ അതോറിറ്റിയു ടേയും ചെറുകിടപദ്ധതികൾക്കു പുറമേ പത്തൊമ്പത് ജന കീയപദ്ധതികൾ ഇവിടെയുണ്ട്. പഞ്ചായത്തിന്റേയോ, സർക്കാ രിന്റേയോ സ്കീമുകളെ മാത്രം കാത്തിരുന്നു കാലം കഴി ക്കാതെ സഹകരണവും അർപ്പണബോധവും ഉയർത്തിപ്പിടിച്ച് കൂട്ടായ്മയിലൂടെ ആവിഷ്കരിച്ച 19 സഹകരണശുദ്ധജലപ ദ്ധതികളുടെ നിർമ്മാണത്തിന് മൊത്തം 50 ലക്ഷം രൂപ ജന ങ്ങൾ തന്നെമുടക്കിയെന്നതാണ് എറ്റവും വലിയ പ്രത്യേകത. സർക്കാരിന്റേയോ, പഞ്ചായത്തിന്റേയോ ഒരു രൂപപോലുമി ല്ലാതെ ത്യാഗപൂർവ്വം പദ്ധതി നടപ്പിലാക്കിയ വിവിധശുദ്ധജ ലവിതരണകമ്മറ്റി പ്രവർത്തകരേയും അഭിനന്ദിക്കാം. ഈ മാതൃകാപരമായ പ്രവർത്തനം മറ്റുമേഖലകളിലേക്ക് വ്യാപി പ്പിച്ചെടുക്കുന്നതിന് ദൃഢപ്രതിജ്ഞയെടുക്കുകയും ചെയ്യാം. റോഡ് നിർമ്മാണത്തിനും, പാലം നിർമ്മാണത്തിനും ജനകീയ പങ്കാളിത്തം സജീവമായി നിലനിൽക്കുന്നുണ്ട്. പാറക്കുളങ്ങര റോഡ് മെറ്റൽ ചെയ്ത ഭാഗം നാട്ടുകാർ ടാർചെയ്തു. കടു പ്പിനി പാലം പഞ്ചായത്ത്ഫണ്ടിനോടൊപ്പം നാട്ടുകാർ കൂടി പിരിച്ചെടുത്ത സംഖ്യകൊണ്ട് നിർമ്മിച്ചു. ഇതുപോലുള്ള ഗുണകരമായ സമീപനം ആശാവഹമാണ്.

വിദ്യാഭ്യാസരംഗത്ത് ചലനാത്മകമായ പ്രവർത്തനം നട ത്തിയ വർഷമാണ് ഇത്. വിവിധ സ്കൂളുകളിലെ കുട്ടികളുടെ പഠനനിലവാരമുയർത്തുന്നതിന് വ്യക്തമായ പരിപാടിയോടെ പഞ്ചായത്ത് വിദ്യാഭ്യാസസമിതി പ്രവർത്തിച്ചു വരുന്നുണ്ട്. അക്കാദമിക് സമിതിയും വിവിധ സബ്ബ് കമ്മിറ്റികളും പഞ്ചാ യത്ത് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നു. സ്കൂൾതല ത്തിലും വിവിധ കമ്മറ്റികളുണ്ട്. ഓരോ സ്കൂളിലും രക്ഷാ കർതൃ സമിതിക്കു പുറമേ സ്കൂൾ വിദ്യാഭ്യാസസമിതി രൂപീ കരിച്ചു വരികയാണ്. പഠനരംഗത്ത് സഹായിക്കുന്ന ഒമ്പത് പരിശീലന ക്യാമ്പുകൾ ഈ വർഷം അധ്യാപകർക്കായി സംഘടിപ്പിച്ചു, പ്രവർത്തനങ്ങൾ പഞ്ചായത്ത് തലത്തിൽ അവ ലോകനം ചെയ്തു പോരായ്മ നികത്തിവരികയാണ്. അദ്ധ്യാ പകരും, വിദ്യാർത്ഥികളും, രക്ഷിതാക്കളും ഒന്നിച്ചു ശ്രമിച്ചാൽ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാം. അദ്ധ്യാപ കരുടെ ഭാഗത്തുനിന്നും സഹകരണം ലഭിച്ചുവരുന്ന ഈ പ്രവർത്തനത്തിന് രക്ഷിതാക്കളുടെ പരിപൂർണ്ണ സഹകരണം കൂടി ലഭിച്ചു കഴിഞ്ഞാൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും എന്ന ഉറച്ച വിശ്വാസമുണ്ട്.

കൃഷിരംഗത്ത് നിന്ന് നാം വഴി മാറുന്നു. കൃഷിയിടം വീടും,കെട്ടിടങ്ങളുമായി രൂപാന്തരപ്പെടുന്നു. നഗരവൽക്കരണ മാണ് ഇതിനു കാരണം. എങ്കിലും ഉള്ള സ്ഥലത്ത് പരമാവധി ഉൽപാദനമുണ്ടാക്കുക എന്നതിൽ ഉറച്ചു നിൽക്കാൻ കഴി യണം. പച്ചക്കറികൃഷി രംഗത്ത് ഒരു മാതൃകാപഞ്ചായത്തായി ഉയരുന്നതിന് നമുക്ക് സാധിക്കണം. ഇതിന് പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ കൃഷക്കാവശ്യ മായ വിത്തുകൾ നൽകി. ചില പോരായ്മകളുണ്ടെങ്കിലും കുറ ച്ചൊക്കെ കൃഷി നടന്നു. രണ്ടാംഘട്ടമായി വിത്ത് 1996 ഒക്ടോ: 31ന് വിതരണം ചെയ്തിരിക്കുകയാണ്. വീട്ടുവളപ്പുകളിൽ പച്ച ക്കറി കൃഷിത്തോട്ടം എന്ന ആശയം വിപുലപ്പെടുത്തി പരമാ വധി കൃഷിസ്ഥലത്ത് കാലാവസ്ഥക്കനുസരിച്ചു കൃഷിചെയ്യാം. നല്ലയിനം പച്ചക്കറി ഉൽപ്പന്നം ചുരുങ്ങിയ വിലക്ക് ലഭ്യമാ ക്കാനും, ഓരോരുത്തരുടെ കുടുംബവരുമാനം ഉയർത്താനും ഉതകുംവിധം ഇത് വിപുലീകരിക്കണം. പച്ചക്കറി കൃഷി ഉല്പാ ദനത്തിൽ സ്വയംപര്യാപ്തത നേടുകയെന്ന ലക്ഷ്യം കഠിനാ ദ്ധ്വാനത്തിലൂടെ നമുക്ക് സ്വായത്തമാക്കണം.

സാംസ്കാരികസംഘടനകളുടെ പ്രവർത്തനംകൊണ്ട് സമ്പന്നമായ നമ്മുടെ പഞ്ചായത്തിൽ കുറേക്കൂടി ഊർജ്ജസ്വ ലമായ പ്രവർത്തനവും, സാംസ്കാരികജീർണ്ണതകൾക്കെതിരെ (വിശേഷിച്ചും മദ്യത്തിനും മയക്കുമരുന്നിനുമെതിരെ) യുള്ള പ്രവർത്തനവും യുവസമൂഹത്തിന്റെ സർഗ്ഗശേഷിയും കായി കശേഷിയും പരിപോഷിപ്പിക്കാനും നിർമ്മാണവികസന രംഗ ത്തേക്ക് തിരിച്ചുവിടാനും കഴിയുന്നതിന് വ്യക്തമായ പരിപാ ടിയുള്ള ഒരു കേന്ദ്രസംഘടനയുണ്ടാക്കി പ്രവർത്തിക്കാൻ പദ്ധ തിയുണ്ട്.

ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക, സന്നദ്ധപ്രവർത്തനത്തിന്റേയും കരുത്തുറ്റ അടി ത്തറയിൽ മുൻകാല ത്യാഗവര്യന്മാരുടെ പാരമ്പര്യവും, അനു ഭവസമ്പത്തും, ഊർജ്ജവും പ്രചോദനവും ഉൾക്കൊണ്ട് ബഹു ജനശക്തിയെ ആകെ കെട്ടഴിച്ചുവിട്ട് ജനകീയാസൂത്രണത്തിന്റെ പുതിയ അറിവും വെളിച്ചവും കൈമുതലാക്കി വികസനത്തിൽ നിന്ന് വികസനത്തിലേക്ക് എല്ലാവിധവെല്ലുവിളികളേയും അതി ജീവിച്ച് മുന്നേറാൻ ഒളവണ്ണഗ്രാമ പഞ്ചായത്തിനെ പ്രാപ്തമാ ക്കുന്നതിന് തോളോട് തോളുരുമ്മി പ്രവർത്തിക്കാം എന്ന് പ്രഖ്യാപിക്കുന്നു.



# സാമൂഹികസാംസ്കാരിക ചരിത്രപശ്ചാത്തലം.

ഒളവണ്ണ എന്ന പേര് സംബന്ധിച്ച് ചില നാട്ടറവുകളുണ്ട്. വളക്കൂറുള്ള മണ്ണിന്റെ സാന്നിദ്ധ്യം കൊണ്ട് സമ്പുഷ്ടമായ പ്രദേശം ആയതുകൊണ്ടാണ് ഒളവണ്ണ എന്ന പേര് സിദ്ധിച്ചതെന്ന് പഴമക്കാർ പറയുന്നു. പഴയകാലത്ത് പഞ്ചായത്തിലെ ഭൂവുടമാവകാശം പ്രധാനമായും സാമൂതിരി രാജവംശത്തിൽ നിന്നും അയ്യായിരപ്രഭുകർത്താവിന്റെ കൈവശത്തിലായിരുന്നു. അവരിൽ നിന്നും പല നാടുവാഴിതറവാടുകളുടെ കൈവശത്തിലായി. ജന്മിത്തത്തിന്റേയും നാടുവാഴിത്തത്തിന്റേയും ചൂഷണത്തിന് വിധേയരായി എല്ലാം സഹിച്ച് വിധിയെ പഴിച്ച് കഴിഞ്ഞുകൂടിയിരുന്ന ദരിദ്രവിഭാഗമായിരുന്നു ഭൂരിപക്ഷം ജനങ്ങളും. പൂർണ്ണമായും ഒരു കാർഷിക മേഖലയിലായായിരുന്നു. ഇവിടെ പാട്ടവ്യവസ്ഥകൊണ്ടും, ഒഴിപ്പിക്കൽ കാരണവും പാവപ്പെട്ട കർഷകർക്ക് രക്ഷ കിട്ടിയില്ല. മേൽചാർത്ത് സമ്പ്രദായം കാരണം കടുത്ത ചൂഷണത്തിന് വിധേയമായിരുന്നു യഥാർത്ഥ കർഷകർ.

ബ്രിട്ടീഷ് സാമ്രാജ്യത്വ കോളോണിയൽ വാഴ്ചക്കെതിരെ ദേശീയ പ്രസ്ഥാനം സജീവമായ കാലഘട്ടം. സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ ചെറുതും വലുതുമായ പ്രക്ഷോഭങ്ങൾ രാജ്യത്തൊമ്പാടും അലയടിച്ചുയർന്നു. എടുത്തുപറയത്തക്ക ചരിത്രസംഭവങ്ങൾ നമ്മുടെ ഗ്രാമത്തിലുണ്ടായിരുന്നില്ലെങ്കിലും ദേശീയ സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ നമ്മുടെ ഗ്രാമവും പങ്കാളിയായിരുന്നു. രാജ്യമാകെ നടന്ന കള്ള്ഷാപ്പ് പിക്കറ്റിങ്ങിലും അയിത്തത്തിനെതിരെ നടന്ന ശക്തമായ ചെറുത്തു നില്പുസമരങ്ങളിലും നമ്മുടെ പിൻമുറക്കാർ പങ്കെടുത്തിട്ടുണ്ട്. അയിത്തവ്യവസ്ഥ ഏറ്റവും ശക്തമായ സ്ഥലമായിരുന്നു ഇന്നത്തെ ഒളവണ്ണ പഞ്ചായത്ത്. നാടുവാഴി തമ്പുരാക്കൻമാർ വഴി നടക്കുമ്പോൾ അയിത്ത ജാതിക്കാർ തീണ്ടാപാടകലെ വഴിമാറി നടക്കണമെന്ന അവസ്ഥയായിരുന്നു നിലവിലുണ്ടായിരുന്നത്. ഈ പ്രാകൃതാവസ്ഥ അവസാനിപ്പിച്ചത് സ്വാതന്ത്ര്യ സമരകാലത്തും സ്വാതന്ത്ര്യ സമ്പാദനത്തിനുശേഷവും ആഞ്ഞടിച്ച ഇടതുപക്ഷ-ദേശീയ പ്രസ്ഥാനങ്ങളുടെ ത്യാഗോജ്ജ്വലമായ പ്രവർത്തനത്തിന്റെ ഫലമായിട്ടാണ്. തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും എതിരെ നെഞ്ചുറപ്പോടുകൂടി നിന്നിരുന്ന ശ്രീ. അമ്മത്തൂർ പ്രാണമ്പലത്ത് അപ്പു എന്നവരെ തിയ്യസമുദായം ഭ്രഷ്ട് കല്പിച്ചിരുന്നു. പുലയരോടൊപ്പം പന്തിഭോജനം നടത്തിയെന്ന കാരണത്താൽ അദ്ദേഹം പങ്കെടുക്കുന്ന കല്യാണസദ്യപോലും കൂട്ടത്തോടെ ബഹിഷ്ക്കരിക്കപ്പെട്ടു.

പഴയ മലബാർ മേഖലയിലാകെ സജീവമായി അലയടിച്ചുയർന്ന കർഷക മുന്നേറ്റത്തിന്റെ സ്വാധീനം ഒളവണ്ണയിലും പ്രതിധ്വനിക്കുകയുണ്ടായി. ശ്രീമാൻമാർ തുവ്വശ്ശേരി പെരച്ചൻ, കൊരഞ്ഞങ്ങാട്ടിൽ വേലായുധൻനായർ, എ.പി. അപ്പു,

നാരാട്ടു ദാമോദരൻകുറുപ്പ് തുടങ്ങിയവരുടെ നേതൃത്വത്തിൽ കിസാൻസംഘം സജീവമായി. ജന്മിത്തത്തിനു നാടുവാഴിത്തത്തിന്റെ അക്രമവാഴ്ചക്കം, കുടിയൊഴിപ്പിക്കലിനുമെതിരെ വീറുറ്റ സമരങ്ങൾ അവിടെനിന്നിട്ടുണ്ട്. 1957ൽ അധികാരത്തിൽ വന്ന ഇ. എം. എസ് നമ്പൂതിരിപ്പാടിന്റെ ഗവർമെന്റ് ആദ്യമായി ഒപ്പുവെച്ച കുടി ഒഴിപ്പിക്കൽ നിരോധന ഓർഡിനൻസിലൂടെ നൂറുകണക്കിന് ദരിദ്രകുടിയാന്മാർ ജന്മിമാരുടെ ഒഴിപ്പിക്കൽ ഭീഷണിയിൽ നിന്ന് മോചിതരായി. തുടർന്നു വന്ന ഭൂപരിഷ്ക്കരണ നിയമം കുടികിടപ്പിൽ സ്ഥിരാവകാശം നൽകുകയും ജന്മിത്തത്തിന് കടിഞ്ഞാണിടുകയും ചെയ്തു. ഭൂമിയില്ലാത്തവർ ഭൂമിക്കുടമയായി, പാട്ടവ്യവസ്ഥ ഇല്ലാതായി, ജന്മിത്തം എന്നേക്കുമായി കുഴിച്ചുമൂടപ്പെട്ടു. ഭൂവുടമാബന്ധത്തിൽ വന്ന ഈ മാറ്റം സാമൂഹ്യ-സാമ്പത്തിക ഘടനയിൽ അഭൂത പൂർവ്വമായ മാറ്റത്തിന്റെ തിരശ്ശീലയുയർത്തി. ജനങ്ങളിൽ സാമൂഹ്യബോധം വളർന്നു. ആത്മാഭിമാനം തിരിച്ചുകിട്ടിയ പാവപ്പെട്ടവർ സാമൂഹ്യധാരയിൽ ഇഴുകിച്ചേർന്നു. ഒളവണ്ണ പഞ്ചായത്തിന്റെ പുരോഗതിയിൽ ഈ ഉയിർത്തെഴുന്നേല്പ് നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

ഒളവണ്ണ പഞ്ചായത്തിന് ശക്തമായ സാംസ്കാരിക പരമ്പര്യമുണ്ട്. സ്വാതന്ത്ര്യപ്രസ്ഥാനകാലഘട്ടത്തിലും അതിനുശേഷവും വായനശാലകൾ വഹിച്ച പങ്ക് ചെറുതൊന്നുമല്ല. വയോജനവിദ്യാഭ്യാസം നൽകാനും, കലാപരിപാടികൾ സംഘടിപ്പിക്കാനും, ജനങ്ങളുടെ പൊതു ബോധം ഉയർത്താനും ഇതു കാരണമായിട്ടുണ്ട്. നാട്ടിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് റോഡുകൾ നിർമ്മിക്കുക, വസൂരിയും കോളറയും പടർന്ന്പിടിച്ച് കൂട്ടമരണം നടന്ന കാലത്ത് അർപ്പണബോധത്തോടുകൂടി സേവനം നടത്തുക എന്നത് പ്രധാനപ്രവർത്തനമായിരുന്നു.

മതസൗഹാർദ്ദവും സാഹോദര്യവും കൊണ്ട് സമ്പന്നമായ ഒരു പാരമ്പര്യം നമുക്കുണ്ട്. ഒളവണ്ണ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 47 ഹിന്ദു ക്ഷേത്രങ്ങളും 27 മുസ്ലീം പള്ളികളും ഇന്നുണ്ട്. ക്ഷേത്രകലയായ തെയ്യം, തിറ എന്നിവ ഇവിടെ സജീവമായിരുന്നു. കോൽക്കളി, പരിചമുട്ടുകളി, വട്ടക്കളി, പുലിക്കളി, തുടിതോറ്റം, ദഫ്മുട്ട് തുടങ്ങിയ നാടൻകലകളും ഇവിടുത്തെ പ്രത്യേകതയായിരുന്നു. പഞ്ചായത്തിന്റെ മദ്ധ്യത്തിലായി നില നിൽക്കുന്ന പാലകുറുമ്പ ക്ഷേത്രം എല്ലാജാതി മതസ്ഥരും ഒത്തുചേരുന്ന ഒളവണ്ണയുടെ ഒരു വൻ ഉത്സവകേന്ദ്രം തന്നെയാണ്. ഇവിടുത്തെ താലപ്പൊലി, പാട്ടുത്സവം, വേല എന്നിവ ഒളവണ്ണക്കാർക്കെന്ന പോലെ അയൽപ്രദേശത്തുകാർക്കും ഒരുത്സവം തന്നെയാണ്. ഇന്നും ആയിരങ്ങൾ ഇവിടെ ഒത്തുചേരുന്നു. സുമാർ നാലായിരം കൊല്ലം മുമ്പ് നാറാണത്തുഭ്രാന്തൻ സ്ഥാപിച്ചതാണ് ഇന്നത്തെ പന്തീരാങ്കാവ് ക്ഷേത്രമെന്ന് ഐതിഹ്യമുണ്ട്. അതുപോലെ സാമൂതിരി രാജാവിന്റെ പതിനെട്ടരക്ഷേത്രങ്ങളിൽ പെട്ടതാണ് 'തലപ്പണക്ഷേത്ര'മെന്നും, ടിപ്പുവിന്റെ പടയോട്ടക്കാലത്ത് നാശം സംഭവിച്ചതാണ് മൂർക്കനാട് അയ്യപ്പക്ഷേത്രം എന്നും ഐതിഹ്യമുണ്ട്. ഇതുപോലെ ഓരോ ക്ഷേത്രത്തിനും ഒട്ടേറെ ചരിത്രവും ഐതിഹ്യവുമുണ്ട്.

ഒടുമ്പ്രയിലെ കള്ളിക്കുന്നിന് സമീപമുള്ള ഒടുമ്പ്രപഴയ ജുമാഅത്ത് പള്ളി സുമാർ 600 വർഷങ്ങൾ പഴക്കമുണ്ട്. നമ്മുടെ പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും മുസ്ലീം സഹോദരങ്ങൾ ശവമടക്കം ചെയ്തിരുന്നത് ഇവിടെയായിരുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങളും കലാസാംസ്കാരിക സംഘടനകളും ഇന്ന് സജീവമായി പ്രവർത്തിക്കുന്ന നമ്മുടെ നാട്ടിൽ ഏറെ സൗകര്യങ്ങളില്ലാത്ത കാലത്ത് രാഷ്ട്രീയ- സാംസ്കാരിക പ്രവർത്തനരംഗത്ത് സർവ്വശ്രീ; തുവ്വശ്ശേരി പെരച്ചൻ, അമ്മത്തൂർ അപ്പു, നാരാട്ട് ദാമോദരക്കുറുപ്പ്, ചന്തുമാസ്റ്റർ, എം.കെ ഉണ്ണിക്കുട്ടി, മുങ്ങേരി അപ്പുട്ടി, കൊഴിക്കാമ്പലത്ത് താമുനായർ അരിയിൽ അപ്പു, പറശ്ശേരി അയ്യപ്പുട്ടി, പടിഞ്ഞാറേ വീട്ടിൽ മൂത്തോറൻ, എം.കെ കണ്ടക്കുട്ടി, പി.സി.കൃഷ്ണക്കുറുപ്പ്, പാറമ്മൽ അപ്പുട്ടി, കരുവാത്ത് കണ്ണൻ, ടി.കെ ചന്തുക്കുട്ടി, അപ്പുനായർ , മുണ്ടേരിചന്തുക്കുട്ടി, മരക്കാട്ടുപുറത്ത് മാധവൻ, എൻ.വി.കൃഷ്ണൻനായർ, പി.കെ കേളുറൈറ്റർ മാമിയിൽ കുട്ടി, പറമ്പത്ത് കുഞ്ഞിരായിൻ, എം.ചാത്തു, മാനാട്ട് അച്ചുതൻ, ഉണ്ണിചോയിക്കുട്ടി വൈദ്യർ മാമിയിൽ ബാലൻ, കായലോട്ട് ശേഖരൻ, പൂക്കാട്ട് കത്താലി, പൂക്കാട്ട് കോയട്ടി, എം.വി. കുഞ്ഞോലൻകുട്ടി,ടി.ഗോപാലൻ, ടി.രാഘവൻ നായർ, വി.പി. അപ്പുട്ടി, സി.ഇമ്പിച്ചെക്കുമാസ്റ്റർ, പി.വാസു തുടങ്ങിയ പ്രമുഖ വ്യക്തിത്വങ്ങളുടെ സേവനം നമ്മുടെ ഗ്രാമവികസനത്തിനു സഹായകമായി വർത്തിച്ചിട്ടുണ്ട്. ക്ഷേത്രപ്രവേശന സ്വാതന്ത്യത്തിനുവേണ്ടി ഏ.കെ.ജി യുടെ നേതൃത്വത്തിൽ ഗുരുവായൂർ സമരത്തിൽ പങ്കെടുത്ത വടക്കുവീട്ടിൽ കുമാരൻ സംസ്ഥാന തലത്തിൽ താമ്രപത്രം നേടിയവ്യക്തിയാണ്.

കോഴിക്കോട് നഗരത്തിൽ നിന്നും 8 കിലോ മീറ്റർ കിഴക്കുമാറി, കോഴിക്കോട് കോർപ്പറേഷ നുമായി തൊട്ടുകിടക്കുന്നതും, നഗരസ്വഭാവവും പരിഷ്കാരവും ഗ്രാമീണജീവിതരീതിയിലേക്ക് സങ്കലനം ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രകൃതി മനോഹരമായ ഒരു ഗ്രാമമാണ് ഒളവണ്ണ. ഇരിങ്ങല്ലൂർ വില്ലേജ് മാത്രം ഉൾപ്പെട്ടുകൊണ്ട് 1954–55ൽ ഇരിങ്ങല്ലൂർ പഞ്ചായത്ത് രൂപം കൊണ്ടു. ശ്രീ നാരാട്ട് ദാമോദരക്കുറുപ്പ് ആയി രുന്നു ഇരിങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡണ്ട്. കൈപൊക്കി വോട്ട് ചെയ്താണ് തെരഞ്ഞെടുപ്പ് നടന്നത്. വർഷത്തിൽ രണ്ടായിരം രൂപ മാത്രമാ യിരുന്നു പഞ്ചായത്തിന്റെ വരുമാനം. ജനസഹ കരണത്തോടെ പെരിങ്കൊല്ലൻതോട് ചീർപ്പ്, മാത്തറ – പാലാഴി നടപ്പാത നിർമ്മാണം എന്നി വയായിരുന്നു മുഖ്യമായ നിർമ്മാണപ്രവർത്തി കൾ.

ഒളവണ്ണ, കൊടൽ പ്രദേശങ്ങൾ രണ്ട് വില്ലേ ജുകൾ മാത്രമായിരുന്നു. ഇരിങ്ങല്ലൂർ പഞ്ചാ യത്തും, ഒളവണ്ണ, കൊടൽ വില്ലേജുകളും കൂട്ടി ചേർത്ത് ഒളവണ്ണപഞ്ചായത്ത് 1964ൽ രൂപം കൊണ്ടു. ഒളവണ്ണ പഞ്ചായത്തിന്റെ പ്രഥമ പ്രസി ഡണ്ട് ശ്രീ. എം.കെ കണ്ടക്കുട്ടിയായിരുന്നു. ശ്രീമാ ന്മാർ പി.വാസു, സി.സീതിക്കുട്ടി ഹാജി, എം,എ രാഘവൻ നായർ, ടി.പി നാരായണൻ, എം.ചാത്തു, ഉണ്ണിക്കോയമാസ്റ്റർ, കെ.ശ്രീധരൻനാ യർ മാമിയിൽ ബാലൻ, കെ.ടി.കരിയാ ത്തൻ,പി.എം ദേവകി എന്നിവർ ഭരണസമിതി അംഗങ്ങളായിരുന്നു. ഉണ്ണിക്കോയമാസ്റ്ററും ശ്രീധ രൻ നായരും രാജിവെച്ചതിന്റെ ഫലമായി ഉപതെ രഞ്ഞെടുപ്പ് നടന്നപ്പോൾ ശ്രീ. മാനാട്ട്.ബാപ്പുട്ടി, ശ്രീ. കെ.പി.ഗോപാലൻ എന്നിവർ തെരഞ്ഞെടു ക്കപ്പെട്ടു. അഞ്ച് വർഷം കൂടുമ്പോൾ കാലാവധി നീട്ടിക്കൊടുത്തതിന്റെ ഫലമായി പതിനാറു വർഷം ഈ ഭരണസമിതിയാണ് ഉണ്ടായിരുന്നത്.

1978ൽ നടന്ന തെരഞ്ഞെടുപ്പിൽ പുതിയ. ഭര ണസമിതി അധികാരം ഏറ്റെടുത്തു. ശ്രീ.സി. ഇമ്പി ച്ചെക്കുമാസ്റ്ററായിരുന്നു പ്രസിഡണ്ട്. ശ്രീമാൻമാർ നെച്ചൂളി ദാമോദരന്മാസ്റ്റർ, പി.വാസു, ബാബു പറ ശ്ശേരി, ടി.ഭാസ്കരൻ, എം.ചോയിക്കുട്ടി, ടി.എം ചോയിക്കുട്ടി, വി.പി.രാജൻ, ടി.വി.നാരായണൻ, പി.കെ കുഞ്ഞാത്തൻ ,ടി.രുഗ്മിണിയമ്മ എന്നിവർ അംഗങ്ങളായിരുന്നു.

ഇടക്കാലത്ത് ഉദ്യോഗസ്ഥഭരണമായിരുന്നു. 1988ൽ ശ്രീ.പി.വാസു പ്രസിഡണ്ടായ ഭരണസമിതി അധികാരത്തിൽ വന്നു. ശ്രീമാന്മാർ എൻ.എം.വാസു. എം.കെ കണ്ടക്കുട്ടി, വി.വിമല, എം.കണ്ണൻ, കെ.തിലകം പി.പി മമ്മദ്കോയ, ടി.എം ചോയിക്കുട്ടി, ബാബു പറശ്ശേരി, മാമിയിൽ ശ്രീധ രൻ, എം.എം ശശീധൻ, പി.എം പ്രഭാകരൻ മാസ്റ്റർ, പി.എം കൃഷ്ണൻ എന്നിവരായിരുന്നു അംഗങ്ങൾ.

1995ഒക്ടോ:2ന് പഞ്ചായത്ത് രാജ് ആക്ട്പ്ര കാരം ഒളവണ്ണഗ്രാമപഞ്ചായത്ത് രൂപംകൊണ്ടു. പ്രസിഡണ്ട് ശ്രീ. ബാബു പറശ്ശേരിയാണ്. ശ്രീമതി പി.സുഷമ, എം.എം.ശശീധരൻ, കെ.കെ കോയ, വി.പി.സത്യൻ, വി. ജാനകി. വി.ലീലടീച്ചർ, കെ.ടി, മുഹമ്മദ്, കെ.കെ.ജയപ്രകാശൻ, വി.വനജ, എം,എൻ. വേണുഗോപാൽ, പി.വി.ശോഭന, ചോല ക്കൽ രാജേന്ദ്രൻ, പി.എം.പ്രഭാകരൻ മാസ്റ്റർ, കെ.സുഹറാബി ടീച്ചർ എന്നിവർ ഭരണസമിതി അംഗങ്ങളുമാണ്.

കുന്നത്ത്പാലത്ത് സ്ഥിതിചെയ്യുന്ന ഇന്നത്തെ പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിന്റെ സ്ഥലം ജ: ടി.പി. മീർകുട്ടി ഹാജി സംഭാവന ചെയ്തതാണ്. 1968ൽ കെട്ടിടനിർമ്മാണം നടന്നു. ശ്രീ.കെ.ചാത്തു ണ്ണിമാസ്റ്റർ എം.എൽ.എ ആണ് കെട്ടിടം ഉൽഘാ ടനം ചെയ്തത്.


1964ൽ ഒളവണ്ണപഞ്ചായത്ത് രൂപം കൊള്ളുന്ന തിന് മുമ്പ് തികച്ചും അവികസിതമായ ഒരു കുഗ്രാമം തന്നെയായിരുന്നു ഈ പ്രദേശം. ഇരി ങ്ങല്ലൂരിൽ നിന്നും ഒളവണ്ണയ്ക്ക് കടക്കാൻ മാമ്പു ഴയിൽ തോണി കടക്കേണ്ടിയിരുന്നു. മൂന്നുപ്രദേ ശവും വെള്ളത്താൽ ചുറ്റപ്പെട്ട പഞ്ചായത്തിലേക്ക് കടക്കാൻ പാലത്തുംകണ്ടി കടവ്. കടുപ്പിനി കടവ്, കണ്ടാടത്ത് കടവ്, പൂളക്കടവ്, തൊണ്ടിലക്കടവ്, തുവ്വശ്ശേരിക്കടവ്, ചുങ്കംകടവ്, അറപ്പുഴകടവ്, മൂർക്ക നാട് കടവ്, മൊഴേൽകടവ്, കണ്ണംചിന്നം കടവ്, കുട്ടൻ കടവ്, പുഴമ്പ്രംകടവ് എന്നീവിടങ്ങളിൽ കട ത്തുതോണിയെയായിരുന്നു ആശ്രയിച്ചിരുന്നത്. വാഹനഗതാഗത യോഗ്യമായ റോഡുകൾ വളരെ വിരളമായിരുന്നു. പഞ്ചായത്തിൽ വൈദ്യുതി ഉണ്ടാ യിരുന്നില്ല. പഞ്ചായത്ത് ഓഫീസ് കുന്നത്ത്പാ ലത്ത് ഒരു വാടകകെട്ടിടത്തിലായിരുന്നു. ബസ്ഗ താഗതം പോലുമില്ലാത്ത എല്ലാംകൊണ്ടും അവി കസിതമായിരുന്ന ഒരു കുഗ്രാമം തന്നെ.

1964ന് ശേഷം ഒളവണ്ണ പഞ്ചായത്തിൽ വിക സനരംഗത്ത് അഭൂതപൂർവ്വമായ കുതിച്ചുമുന്നേറ്റം തന്നെ ഉണ്ടായിട്ടുണ്ട്. വൈദ്യുതി ഇല്ലാത്തതിനാൽ മണ്ണെണ്ണ തെരുവിളക്കുകളായിരുന്നെങ്കിൽ പഞ്ചാ

യത്തിൽ വൈദ്യുതി എത്തുകയും വൈദ്യുതതെരുവ് വിളക്കുകൾ സ്ഥാപിക്കപ്പെടുകയും ചെയ്തു. മാമ്പുഴക്ക് കുറുകെ ഇരിങ്ങല്ലൂരിനെയും, ഒളവണ്ണയേയും ബന്ധിപ്പിക്കുന്ന കോൺക്രീറ്റു പാലവും മാങ്കാവ്- കണ്ണിപറമ്പ് റോഡും വികസിച്ചുവന്നതോടും കൂടി പഞ്ചായത്തിന്റെ മുഖച്ഛായ തന്നെ മാറി. ജലസേചനവകുപ്പിന്റെ മാമ്പുഴയിൽ കുന്നത്തുപാലം ചീർപ്പ്, കൊടൽ നടക്കാവിൽ സ്ഥാപിതമായ ഒളവണ്ണ പ്രൈമറി ഹെൽത്ത്സെന്റർ, അനുബന്ധമായ നാല് സബ്ബ്സെന്ററുകൾ, ആയുർവ്വേദ ആശുപത്രി, ഇരിങ്ങല്ലൂരിനുള്ള കോഴിക്കോട് ബ്ലോക് ഡെവലപ്മെന്റ് ഓഫീസ്, ഒളവണ്ണപഞ്ചായത്ത് എൽ.പി സ്കൂൾ, മൂന്നു സ്ഥലത്തായി ലക്ഷം വീടുകോളനികൾ, 12 കേന്ദ്രങ്ങളിലുള്ള നാല് സെന്റ് കോളനികൾ ഹോമിയോ ഡിൻപൻസറി, മൃഗാശുപത്രി, പന്തീരാങ്കാവ് ഷോപ്പിംഗ് സെന്റര, പഞ്ചായത്ത് സാംസ്കാരികനിലയം, പന്തീരാങ്കാവ് മത്സ്യമാർക്കറ്റ്, പറപ്പാറക്കുന്നിൽ ശ്മശാനത്തിന് 50സെന്റ് ഭൂമി , മാത്തറയിൽ പഞ്ചായത്ത് ആവശ്യത്തിന് 35 സെന്റ് ഭൂമി, വാട്ടർ അതോറിറ്റിയുടെ രണ്ടു ശുദ്ധജലവിതരണ പദ്ധതികൾ, ഒളവണ്ണ പഞ്ചായത്തിന്റെ നാല് ശുദ്ധജലപദ്ധതികൾ, കോഴിക്കോട് ബ്ലോക്കിന്റെ നാല് ശുദ്ധല പദ്ധതികൾ കൃഷിവകുപ്പിന്റെ എട്ട് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ,PWDനിർമ്മിച്ച പൂളക്കടവ്, ചുങ്കം, മൊഴേൽ, കണ്ണംചിന്നം പാലങ്ങളും പ്രവൃത്തി നടന്നുവരുന്ന ഒടുമ്പ്രപാലവും, കൂടാതെ തൊണ്ടിലക്കടവിലും, കടുപ്പിനി കടവിലുമുള്ള പാലങ്ങൾ, കൊടിനാട്ട്മുക്ക്-പൂളക്കടവ് റോഡ്, PWD നിർമ്മിച്ച മനന്തലത്താഴം - കണ്ണംചിന്നം പാലം റോഡ്, പന്തീരാങ്കാവ്-മണക്കടവ് റോഡ്, ചുങ്കം- കൊടിനാട്ടുമുക്ക് റോഡ്, പാലാഴി-ചോനാന്തളിത്താഴം റോഡ്, കാവിൽത്താഴം ഒടുമ്പ്ര റോഡ്, മാത്തർ-പാലാഴി റോഡ്, പഞ്ചായത്ത് നിർമ്മിച്ച അറപ്പുഴ റോഡ് അതിന്റെ ടാറിംഗ്, ചെറിയചെറിയ റോഡുകൾ വീതികൂട്ടി വിപുലപ്പെടുത്തിയത്. ഇടവഴികൾ റോഡായി മാറിയത്, പഞ്ചായത്തിലെ ഗതാഗതയോഗ്യമായ റോഡുകളിലെല്ലാം ബസ്സ്സർവ്വീസ് ആരംഭിച്ചത്, പഞ്ചായത്തിന്റെ എല്ലാമേഖലയുമായി ബന്ധപ്പെടാൻ സൗകര്യമുള്ള ചെമ്മൺറോഡുകൾ നിർമ്മിച്ചത്, ഇരിങ്ങല്ലൂർ യു.പി സ്കൂൾ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്തത് എന്നിവയെല്ലാം എടുത്തുപറയത്തക്കനേട്ടങ്ങളാണ്.

ഇതുകൊണ്ട് എല്ലാമായി എന്ന അഭിപ്രായമില്ല. ഇനിയുമെത്രയോ വികസനവും, പുരോഗതിയും നമുക്ക് നേടേണ്ടതുണ്ട്. പരിമിതമായ വിഭവങ്ങൾകൊണ്ട് നാം നേടിയത് വിപുലപ്പെടുത്താനും ഇതരമേഖലകളിലും വികസനത്തിന്റെ വെള്ളിവെളിച്ചമെത്തിക്കാനും കൂട്ടായ ചർച്ചയും പദ്ധതിയും ജനകീയപങ്കാളിത്തത്തോടു കൂടിയ പ്രവർത്തനവും സംഘടിപ്പിക്കാൻ നമുക്കോരോരുത്തർക്കും എല്ലാ അഭിപ്രായവ്യത്യാസങ്ങളും മാറ്റിവെച്ച് പ്രവർത്തിക്കാം എന്ന് ദൃഢപ്രതിജ്ഞയെടുക്കാം.





# ഭൂപ്രകൃതി

കോഴിക്കോട് നഗരത്തിനോട് ചേർന്നുകിടക്കുന്ന ഒളവണ്ണ, പന്തീരാങ്കാവ് റവന്യൂ വില്ലേജുകൾ ഉൾക്കൊള്ളുന്ന ഒളവണ്ണ ഗ്രാമപഞ്ചായത്ത് ഒരു കാലത്ത് പൂർണ്ണ കാർഷികമേഖലയായിരുന്നു. അടുത്ത കാലത്തായി പുത്തൻ ഉപഭോക്തൃ സംസ്കാരവും മറ്റു ആധുനിക പ്രവണതകളും നഗരത്തിൽ വികസിച്ചുവരുന്ന കെട്ടിട നിർമ്മാണ പ്രവണതകളും കാർഷിക മേഖലയോട് വിമുഖത ഉണ്ടാവാൻ ഇടവരുത്തിയിട്ടുണ്ട്. നഗരത്തിൽ നിന്നുള്ള ജനങ്ങളുടെ തള്ളിക്കയറ്റം കൊണ്ടുണ്ടാകുന്ന പാർപ്പിട പ്രശ്നവും ഭൂമിയുടെ അമിതമായ വിലവർദ്ധനവും ഭൂമി തുണ്ടം തുണ്ടമാക്കപ്പെടാനും കൃഷിപൊതുവിൽ കുറയാനും കാരണമായി.

മുമ്പുകാലത്ത് ജന്മിത്വത്തിന്റെ കടുത്ത ചൂഷണത്തിനും മർദ്ദനത്തിനും ഇരയാകേണ്ടിവന്ന പാവപ്പെട്ട കർഷകരും കർഷകത്തൊഴിലാളികളുമായിരുന്നു പഞ്ചായത്തിൽ ബഹുഭൂരിപക്ഷവും ഉണ്ടായിരുന്നത് ഭൂപരിഷ്കരണം കാർഷിക മേഖലയിലും സാമൂഹ്യജീവിതത്തിലും വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കുകയും കൃഷിഭൂമിയുടെ കൈവശാവകാശം കർഷകന് ലഭിക്കുകയും ചെയ്തെങ്കിലും കാർഷിക ഉൽപാദനം വർദ്ധിപ്പിക്കാൻ കഴിഞ്ഞില്ല.

തെക്കുഭാഗം 5.5കിലോമിറ്റർ ചാലിയാറും തെക്കുപടിഞ്ഞാറ് 6.5കി.മീ ചെറുപുഴയും വടക്കും, വടക്കുപടിഞ്ഞാറുഭാഗവും കോഴിക്കോട് കോർപ്പറേഷനും, കിഴക്ക് പെരുവയൽ പഞ്ചായത്തും ഉൾക്കൊള്ളുന്നതാണ് പഞ്ചായത്തിന്റെ അതിരുകൾ, പെരുവയൽ പഞ്ചായത്തിൽ കൂടി ഒഴുകിവരുന്ന മാമ്പുഴ, പഞ്ചായത്തിനെ നെടുകെ മുറിച്ചുകൊണ്ട് പഞ്ചായത്തിന്റെ ഹൃദയഭാഗത്തിലൂടെ 6.5കി.മീ ഒഴുകി കല്ലായി പുഴയുമായിചേരുന്നു.

സമുദ്രനിരപ്പിൽ നിന്നും ഏറ്റവും കുറഞ്ഞ ഉയരം 2.5മീറ്ററും ഏറ്റവും കൂടിയ ഉയരം 49 മീറ്ററും ആകുന്നു. ഏറ്റവും ഉയരം കൂടിയ പാലകുറുമ്പ കുന്നടക്കം 32 കുന്നുകൾ പഞ്ചായത്തിലുണ്ട്.

61% കുന്നിൻ പ്രദേശവും, 32% വയലും 5% പുറമ്പോക്കും 2% ചതുപ്പുനിലങ്ങളും ഉൾക്കൊള്ളുന്ന ഒരു ഭൂവിഭാഗമാണ് ഒളവണ്ണ ഗ്രാമപഞ്ചായത്ത്. കേരള സ്റ്റേറ്റ് ലാന്റ് യൂസ് ബോർഡ് രേഖ പ്രകാരം 2143 ഹെക്ടർ

| ക്രമനമ്പർ | തരങ്ങൾ | വിസ്തൃതി |
|---|---|---|
| 1 | ചെമ്മണ്ണ്-വെട്ടുകൽമണ്ണ് | 1307.23 |
| 2 | പശിമരാശിമണ്ണ് | 685.76 |
| 3 | എക്കൽമണ്ണ് | 150.01 |

**1 - മൺതരങ്ങൾ**

## കൃഷിഭൂമിയുടെ വിവരം

| ക്രമനമ്പർ | കൃഷിയുടെ പേർ | വിസ്തൃതി ഹെക്ടറിൽ |
|---|---|---|
| 1 | തെങ്ങ് | 1450 |
| 2 | കവുങ്ങ് | 15 |
| 3 | കരുമുളക് | 5 |
| 4 | കശുമാവ് | 10 |
| 5 | നെല്ല് | 100 |
| 6 | പച്ചക്കറി | 10 |
| 7 | നേന്ത്രവാഴ | 15 |
| 8 | മറ്റുള്ളവ | 143 |
| | ആകെ | 1748 |

## കൈവശഭൂമി-കർഷക കുടുംബങ്ങളുടെ വിവരം

| നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ(1മുതൽ 2 ഹെക്ടർ) | വൻകിട കർഷകർ (2 ഹെക്ടറിനു മേൽ) |
|---|---|---|
| 10777 | 88 | 28 |

ഭൂമിയാണ് മൊത്തം പഞ്ചായത്തിലുള്ളത്.

ചെറുതും വലുതുമായി പഞ്ചായത്തിൽ ഇപ്പോൾ 21 തോടുകളും 41 കുളങ്ങളും ഉണ്ട് 3.85 ഹെക്ടറോളം വിസ്തീർണ്ണമുള്ള പൂളേങ്കര ചാലി പ്രകൃതിദത്തമായ ഒരു ജലസ്രോതസ്സാണ്.


ഏഷ്യയിലെ ഏറ്റവും വലിയ ബൊട്ടാണിക്കൽ ഗാർഡനായി വളരാൻ സാധ്യതയുള്ള പ്രകൃതിരമണീയമായ ഇരിങ്ങല്ലൂർ ഭാഗത്ത് സ്ഥിതി ചെയ്യുന്ന മലബാർ ബൊട്ടാണിക്കൽ ഗാർഡനിൽ പലയിനം ഔഷധച്ചെടികളടക്കം 4000ത്തിൽ പരം സസ്യഇനങ്ങൾ നട്ടുവളർത്തി പരിപാലിച്ചുവരുന്നു. സസ്യശാസ്ത്ര സംബന്ധമായ ഗവേഷണനിരീക്ഷണങ്ങളും ഇവിടെ നടത്തിവരുന്നുണ്ട്.

പന്തീരാങ്കാവിനടുത്ത് തൊണ്ടശ്ശേരി കാവിനോടനുബന്ധിച്ച്(തെണ്ടേരികാവ്) അഞ്ച് ഏക്രയോളം വരുന്ന ഔഷധ സസ്യങ്ങളടക്കമുള്ള ഒരു വനഭൂമിയും ഈ പഞ്ചായത്തിലുണ്ട്. രുദ്രാക്ഷം, ദേവതാരം, പശുവ തുട

ങ്ങിയ അപൂർവ്വ സസ്യങ്ങളും ഇവിടെ കാണാം.

ചാലിയാറിൽ മണക്കടവ് ഭാഗത്ത് സ്ഥിതിചെയ്യുന്ന 12.8ഹെക്ടർ വിസ്തീർണ്ണമുള്ള പെരുവൻ തുരുത്തും മുക്കത്ത് ഭാഗത്ത് സ്ഥിതിചെയ്യുന്ന് 3.5 ഏക്രയും 0.58 ഏക്രയും വിസ്തീർണ്ണമുള്ള രണ്ടു തുരുത്തുകളും 96.64 ഏക്ര വിസ്തീർണ്ണമുള്ള കാക്കാതുരുത്തിയും പഞ്ചായത്തിന്റെ നാളികേര ഉൽപാദന മേഖലയിൽ ഗണ്യമായ പങ്കുവഹിക്കുന്നു.

പഞ്ചായത്തിനെ നെടുകെ മുറിച്ചുകൊണ്ട് കിഴക്കു പടിഞ്ഞാറായികടന്നു പോകുന്ന 220 കെ.വി ഇലക്ട്രിക് ലൈനും തലങ്ങും വിലങ്ങുമായി പോകുന്ന ഒട്ടനവധി 110കെ.വി. ലൈനുകളും 11കെ.വി ലൈനുകളും ഒളവണ്ണയിലെ നാളികേര ഉല്പാദനമേഖലയെ സാരമായി ബാധിച്ചിട്ടുണ്ട്. നാഷണൽ ഹൈവെ 17ൽ കോഴിക്കോട് ബൈപാസ് റോഡിനുവേണ്ടി അറപ്പുഴ മുതൽ പാലാഴി വരെ 150 അടി വീതിയിൽ 6കി.മീറ്ററോളം നീളത്തിൽ ഭൂമി സർക്കാർ ഏറ്റെടുത്തതുകൊണ്ട് ഫലഭൂയിഷ്ഠമായ കൃഷിയിടങ്ങൾ നഷ്ടപ്പെട്ടിട്ടുണ്ട്. നിർദ്ദിഷ്ട ഫറോക്ക്-നിലമ്പൂർ റെയിൽവെ ലൈനിന്റെ ഭൂമി ഏറ്റെടുക്കൽ പ്രാഥമിക പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കയാണ്. ഈ പ്രക്രിയ പൂർത്തിയാവുന്ന പക്ഷം പഞ്ചായത്തിലെ ഫലഭൂയിഷ്ടമായ ഒട്ടനവധി കൃഷിയിടങ്ങൾ വീണ്ടും നശിക്കാനിടയുണ്ട്.



491

# സാമൂഹിക ചരിത്ര-സാമ്പത്തിക മേഖലകൾ

## 5-1 കൃഷിയും ജലസേചനവും

### നെൽകൃഷി

വയൽ പ്രദേശം, പള്ളിയാൽ പ്രദേശം, പറമ്പ്(പുരയിടം) കുന്നിൻ പ്രദേശം എന്നിങ്ങനെ നാലായി പഞ്ചായത്തിലെ ഭൂമിയെ തരംതിരിക്കാം അതിൽ 1/3 ഭാഗം വയൽ പ്രദേശമായിരുന്നെങ്കിലും 150 ഹെക്ടർ ഭൂമിമാത്രമെ നെൽകൃഷിക്ക് പറ്റിയതായി ഇപ്പോൾ അവശേഷിക്കുന്നുള്ളു. അതിൽ തന്നെ 100 ഹെക്ടർ ഭൂമിയിൽ മാത്രമെ സ്ഥിരമായി നെൽകൃഷി ചെയ്യുന്നുള്ളു. കളിമൺ വ്യവസായവുമായി ബന്ധപ്പെട്ട് മണ്ണെടുക്കുന്നതുകൊണ്ടും തോട്ടവിളകൾക്കും പാർപ്പിടാവശ്യത്തിനും വേണ്ടി മണ്ണിട്ടുനികത്തുന്നതുകൊണ്ടും കൃഷിഭൂമിയുടെ വിസ്തൃതി ചുരുങ്ങിവരികയാണ്.

മുമ്പുകാലത്ത് കൃഷി പ്രവൃത്തികൾക്ക് കലപ്പയും കായിക അദ്ധ്വാനവും ആയിരുന്നു ഉപയോഗിച്ചിരുന്നത്. ആര്യൻ, കുട്ടാടൻ, മുണ്ടകൻ, തവളക്കണ്ണൻ, ഓർപാണ്ടി, എന്നീ നാടൻവിത്തിനങ്ങളായിരുന്നു പരമ്പരാഗതമായി ഇവിടെ കൃഷിചെയ്തുവന്നിരുന്നത്. ഇടക്കാലത്ത് IR-8, ത്രിവേണി, എന്നി ഇനങ്ങൾ കൃഷിചെയ്തിരുന്നെങ്കിലും ഇപ്പോൾ ജയ, ജ്യോതി, റെഡ് ത്രിവേണി, ആതിര, മസൂരി, P.T.B-10 എന്നീ ഇനങ്ങളാണ് കൃഷിചെയ്തു വരുന്നത്. വളരെ ഫലഭൂയിഷ്ടമായിരുന്ന നെൽലിൽ ജൈവവളങ്ങൾ മാത്രം ഉപയോഗിച്ച് നെൽ കൃഷിചെയ്തിരുന്ന കർഷകർ കാലാന്തരത്തിൽ ജൈവവളങ്ങളുടെ ലഭ്യത കുറഞ്ഞതോടെ അമിതമായി തത്വദീക്ഷയില്ലാതെ രാസവളങ്ങൾ ഉപയോഗിച്ചു തുടങ്ങിയത് മണ്ണിന്റെ ഫലപുഷ്ടി നഷ്ടപ്പെടാൻ കാരണമായി.

ഇപ്പോഴത്തെ ഉല്പാദശേഷി നാടൻ നെല്ലിനങ്ങൾക്ക് ഹെക്ടറിന് 1500 കിലോ മുതൽ 2000 കിലോ വരെയും അത്യുല്പാദന ശേഷിയുള്ളവക്ക് 3500 മുതൽ 4000 കിലോവരെയുമാണ്.

### ഗ്രൂപ്പ്ഫാമിങ്ങിംഗ്

നെൽകൃഷിരംഗത്ത് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലാക്കിയപ്പോൾ ഉണ്ടായ പുത്തൻ ഉണർവ്വിൽ കർഷർ ഒത്തൊരുമിക്കുകയും കൂട്ടായി കൃഷി ചെയ്യാൻ താല്പര്യമെടുക്കുകയും ചെയ്തു. തൽഫലമായി ഉല്പാദനം ഒരു ഹെക്ടറിൽ നിന്ന് 5000 കിലോ വരെ ഉയർത്താൻ കഴിഞ്ഞു. കർഷകരിലുണ്ടായ അനൈക്യവും താല്പര്യകുറവും കാരണം ഗ്രൂപ്പ് ഫാമിങ്ങ് നിർജീവമായി. വിവിധ പാടശേഖരങ്ങളിലായി മൂന്നു ഗ്രൂപ്പ് ഫാമിങ്ങ് സമിതികൾ(പാടശേഖരനെല്ലുപല്പാദക സമിതികൾ) ഇപ്പോഴും നിലവിലുണ്ട്.

1. ഇരിങ്ങല്ലൂർ നെല്ലുല്പാദകസമിതി,
2. ഒളവണ്ണ നെല്ലുല്പാദക സമിതി
3. മണക്കടവ് ചന്ദനാട്ടുപാടം നെല്ലുല്പാദകസമിതി

ഇവയോടനുബന്ധിച്ച് ഒരു അഗ്രോ ക്ലിനിക്കും പ്രവർത്തിച്ചിരുന്നു.

## പച്ചക്കറി കൃഷി

പുതിയ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വന്നതിനു ശേഷം ആദ്യമായി താല്പര്യമെടുത്തത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനായിരുന്നു. പഞ്ചായത്തിനെ പച്ചക്കറി സ്വയം പര്യാപ്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നു. കർഷകരിൽ ബോധവൽക്കരണത്തിനാവശ്യമായ സെമിനാറുകളും ക്ലാസ്സുകളും നടത്തുന്നു കൃഷിക്കാവശ്യമായ അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ പഞ്ചായത്ത് നേരിട്ട് വാങ്ങി കർഷകർക്ക് സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ കൃഷിഭവൻ മുഖേന രണ്ടാം വിളകൊയ്ത്ത് കഴിഞ്ഞാൽ വയലിൽ വിതക്കുന്നതിന് പയർ വിത്ത് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കൂടാതെ സ്കൂൾ വിദ്യാർത്ഥികളിലൂടെ വീട്ടുവളപ്പിൽ പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന്റെ ഭാഗമായി തിരഞ്ഞെടുത്ത ഹൈസ്ക്കൂൾ, യു.പി. സ്കൂൾ വിദ്യാർത്ഥികൾക്ക് ഓണക്കാലത്തും വേനൽ കാലത്തും പച്ചക്കറിവിത്തു പോക്കറ്റുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. വിദ്യാർത്ഥികൾക്ക് കൃഷിയിൽ താല്പര്യം വരുത്തുന്നതിനായി അവരുടെ തോട്ടങ്ങൾ പരിശോധിച്ച് ഒന്നും രണ്ടും മൂന്നും സമ്മാനങ്ങളായി കാഷ് അവാർഡുകൾ നൽകിവരുന്നു. മാതൃകാപരമായി കൃഷിചെയ്യുന്ന മറ്റെല്ലാ കൃഷികൾക്കും യോഗ്യതാടിസ്ഥാനത്തിൽ കാഷ് അവാർഡുകൾ നല്കിവരുന്നു. പട്ടികജാതി പട്ടിക വർഗ്ഗവിഭാഗത്തിൽ പെട്ട കുടുംബങ്ങൾക്ക് പച്ചക്കറി വിത്തും വളവും സൗജന്യമായി നല്കുന്നു. പച്ചക്കറിവികസന പദ്ധതി പ്രകാരം മഹിളാ സമാജങ്ങൾക്കും സന്നദ്ധസംഘങ്ങൾക്കും പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇതിന്റെയെല്ലാം ഫലമായി പഞ്ചായത്തിലെ പച്ചക്കറി ഉല്പാദനരംഗത്ത് ഗണ്യമായ പുരോഗതി ഉണ്ടാക്കാൻ സാധിച്ചിട്ടുണ്ട്.

## കവുങ്ങ് കൃഷി

വയൽ പ്രദേശത്തോടുതൊട്ടു കിടക്കുന്ന പള്ളിയാൽ പ്രദേശങ്ങളിൽ ആദ്യകാലങ്ങളിൽ ധാരാളം കവുങ്ങു കൃഷി ചെയ്തിരുന്നു. അടക്കക്കുണ്ടായ വിലയിടിവ് കാരണം കവുങ്ങുകൾ മുറിച്ചുമാറ്റി അവിടെയെല്ലാം തെങ്ങു കൃഷി ചെയ്യാൻ തുടങ്ങി. വീണ്ടും ചിലയിടങ്ങളിൽ കവുങ്ങു കൃഷി തുടങ്ങിയിട്ടുണ്ട്. കവുങ്ങു കർഷർക്ക് മഹാളിക്കെതിരെ മരുന്നു തെളിക്കുന്നതിന് കൃഷിഭവൻ സഹായം നല്കിവരുന്നു.

## തെങ്ങ് കൃഷി

ഇവിടുത്തെ മുഖ്യവിളയായ തെങ്ങ് പറമ്പിലും വയൽ നികത്തിയും വ്യാപകമായി കൃഷി ചെയ്തുവരുന്നു പരിമിതമായ ആധുനിക സൗകര്യങ്ങളുപയോഗിച്ചുകൊണ്ടുള്ള ജലസേചനവും ജൈവരാസ സമ്മിശ്ര വളപ്രയോഗങ്ങളും കൃഷിഭവന്റെ കാര്യക്ഷമമായ ഇടപെടലും കാരണം തെങ്ങു കൃഷിവ്യാപിപ്പിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. എന്നാൽ വയൽ പ്രദേശങ്ങൾ മണ്ണിട്ടു നികത്തി കൃഷി ചെയ്യുന്ന തോട്ടങ്ങളിൽ ആരംഭദിശയിൽ കാണുന്ന ഉല്പാദനം പിന്നീട് കാണുന്നില്ല. ഇത്തരം പ്രദേശങ്ങളിൽ തെങ്ങുകൃഷി പരാജയമായി കാണുന്നു. ഇവിടങ്ങളിലെ തെങ്ങുകൾക്കാണ് ചെന്നീരൊലിപ്പും കൂമ്പുചീയൽ രോഗവും കൂടുതലായി കാണുന്നത്.

## കമ്യൂണിറ്റി ഇറിഗേഷൻ(സി.സി.ഡി.പി)

തെങ്ങുകൃഷി മേഖലയിലെ ഉല്പാദനവർദ്ധനവിനെ ലക്ഷ്യമാക്കി പൊതുജനപങ്കാളിത്തത്തോടെ കമ്യൂണിറ്റി ഇറിഗേഷൻ നടപ്പിലാക്കുന്ന കോഴിക്കോട് ജില്ലയിലെ ഒരു മാതൃകാ പഞ്ചായത്താണിത് 85% ഫണ്ട് സമഗ്രനാളികേര വികസന പദ്ധതി പ്രകാരം കൃഷിഭവൻ ധനസഹായം നൽകുന്നു. ബാക്കി 15% പൊതു ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. ഇങ്ങനെയുള്ള എട്ട് പദ്ധതി

| വിസ്തീർണ്ണം ഹെക്ടറിൽ | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | രോഗങ്ങൾ | | |
|---|---|---|---|---|---|---|
| | | | | സ്റ്റെംബ്ലീഡിങ്ങ് | ബഡ്റോട്ട് | ആകെ |
| 1450 | 85000 | 207000 | 292000 | 1170 | 350 | 1520 |

**തെങ്ങു കൃഷി സംബന്ധിച്ച വിവരങ്ങൾ**

കൾ നടപ്പിലാക്കി കഴിഞ്ഞു. ഇതിന്റെ ഫലമായി 50 ഹെക്ടറോളം സ്ഥലത്തെ തെങ്ങു കൃഷിക്ക് ജലസേചനം നടത്തുന്നു.

വാഴ, തുടങ്ങിയ ഒട്ടനവധി ഇടവിളകൾ ധാരാളമായി കൃഷി ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ ഇവയെല്ലാം

**കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ**

| ക്രമനമ്പർ | പദ്ധതിയുടെ പേര് | അടങ്കൽ തുക | സബ്സിഡി | പരിധിയിൽ വരുന്ന സ്ഥലം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 1 | ഈരാട്ടുകുന്ന് കമ്യൂണിറ്റി ഇറിഗേഷൻ | 100000 | 85000 | 5.9 ഹെക്ടർ | 39 |
| 2 | തൃക്കടകുന്ന് കമ്യൂണിറ്റി ഇറിഗേഷൻ | 100000 | 85000 | 5.9 ഹെക്ടർ | 44 |
| 3 | പുഴമ്പുറം കണ്ണംചിന്നം പാലം, റിവർ ഇറിഗേഷൻ | 58382 | 49625 | 5.18 " | 15 |
| 4 | കുടത്തുംപാറ കമ്യൂണിറ്റി ഇറിഗേഷൻ, റിവർ ഇറിഗേഷൻ | 58382 | 49625 | 8.95 " | 22 |
| 5 | മുതുവനത്തറ കമ്യൂണിറ്റി ഇറിഗേഷൻ | 108500 | 89080 | 5.24 " | 29 |
| 6 | കൊടൽപാറ കമ്യൂണിറ്റി ഇറിഗേഷൻ | 152100 | 129285 | 5.06 " | 61 |
| 7 | കുന്നത്തൊടിമേത്തൽ കമ്യൂണിറ്റി ഇറിഗേഷൻ | 176720 | 150212 | 9.16 " | 33 |
| 8 | പുതുക്കുടിമേത്തൽ കമ്യൂണിറ്റി ഇറിഗേഷൻ | 136260 | 115821 | 6.31 " | 46 |

ഇതു കൂടാതെ വാലിക്കൽ ഹരിജൻ കോളനി, മുടവൻ പിലാക്കൽ ഹരിജൻ കോളനി എന്നിവിടങ്ങളിൽ പൂർണ്ണമായും സർക്കാർ ധനസഹായത്തോടുകൂടി രണ്ടു ജലസേചനപദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനി കുടുംബങ്ങൾക്കും കാർഷികവൃത്തിക്കായുള്ള പണിയായുധങ്ങളും നടീൽ വസ്തുകളും രാസവളവും സൗജന്യമായി കൊടുത്തിട്ടുണ്ട്.

തെങ്ങുകൃഷി ജലസേചനത്തിനായി കർഷകർക്ക് വ്യക്തിഗതമായി കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും മൂന്നിലൊന്ന് സബ്സിഡി കൃഷി ഭവൻ മുഖേന നല്കുന്നു. കാലാകാലങ്ങളിൽ അത്യുല്പാദ ശേഷിയുള്ള നല്ലയിനം തെങ്ങിൻ തൈകൾ കൃഷി ഭവൻ മുഖേന വിതരണം ചെയ്തു വരുന്നു.

## ഇടവിളകൃഷി

മുമ്പുകാലങ്ങളിൽ തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി ചേമ്പ്, ചേന, കാച്ചിൽ(കാവുത്ത്) കൂർക്കൽ, നനക്കിഴങ്ങ്, ഇഞ്ചി, മഞ്ഞൾ, മധുരക്കിഴങ്ങ്, പൂള(മരച്ചീനി) മൈസൂർവാഴ(പാഴയൻകോടൻ)ഞാലിപ്പൂവൻ, തട്ടിയില്ലാകുന്നൻ, വെള്ളപ്പാടൻ, തേനാലിവാഴ, നേന്ത്ര അപൂർവ്വമായി മാത്രം കൃഷിചെയ്തുവരുന്നു. പറമ്പുകൃഷികളായിരുന്ന മോടൻ, ചാമോടൻ, ചാമ, മുത്താറി, എന്നിവ മുമ്പുകൃഷിചെയ്തിരുന്നുവെങ്കിലും ഇപ്പോൾ ഇവയെല്ലാം നാമാവിശേഷമായിരിക്കയാണ്.

## ഉയർന്ന പ്രദേശത്തെകൃഷിരീതികൾ

കുന്നിൻ പ്രദേശങ്ങളിൽ പണ്ടുകാലത്ത് കശുമാവ് സമൃദ്ധിയായി വളർന്നിരുന്നു. ഇടക്കാലത്തുണ്ടായ കശുവണ്ടിയുടെ വിലയിടിവും, വിറകിന്റെ ദൗർലഭ്യവും കാരണം കശുമാവുകൾ വെട്ടിമാറ്റപ്പെടുകയുണ്ടായി. എന്നാൽ പുതുതായി തൈകൾ നട്ടുപിടിപ്പിക്കുന്ന കാര്യത്തിൽ കർഷർ വേണ്ടത്ര താല്പര്യം എടുത്തതുമില്ല. അത്തരം പ്രദേശങ്ങളിൽ തെങ്ങികൃഷി ആരംഭിച്ചെങ്കിലും വേണ്ടത്ര ഗുണം ലഭിക്കുകയുണ്ടായില്ല.

മറ്റു വൃക്ഷങ്ങളായ പ്ലാവ്, മാവ്, തേക്ക് പുളി, വെണ്ടേക്ക്, തുടങ്ങിയ ഒട്ടനവധി സുലഭമായി വളർന്നിരുന്ന മരങ്ങളെല്ലാം ഇന്ന് നാമാവിശേഷമായിരിക്കുകയാണ്.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 500 | 250 | 200 |
| WCT | 56 | 70 | 50 |
| TXD | - | 35 | 30 |
| DXT | 5000 | 4500 | 9000 |
| കുരുമുളക് | 400 | - | - |
| കവുങ്ങ് | 80 | - | - |
| ജാതി | - | 25 | 50 |
| ഗ്രാമ്പു | 32 | 31 | 48 |
| ഒട്ടുമാവ് | - | 100 | 150 |
| പൂവ്വൻവാഴ | | | |

## കാർഷിക ഉപകരണങ്ങൾ

| ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മറ്റുള്ളവ | | |
|---|---|---|---|---|---|---|---|---|
| ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പെയർ | നാവ്സാക് സ്പെയർ | മറ്റുള്ളവ | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | പോർട്ടബിൾ പമ്പ്സെറ്റ് |
| - | 1 | 25 | 4 | 19 | 2 | 2 | 1 | 51 |

## രാസവള കീടനാശിനി വിപണനം

| സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|
| | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | | രാസവളം കി.ഗ്രാം | കീടനാശിനി | |
| | | ദ്രാവകം | ഖരം | | ദ്രാവകം | ഖരം | | ദ്രാവകം | ഖരം |
| ഒളവണ്ണ S.C ബാങ്ക് | 18796 | 10ലി | 131കി. | | | | 7287 | | |
| പന്തീരാങ്കാവ് SC ബാങ്ക് | 41894 | - | - | | | | 27706 | | |
| ഇരിങ്ങല്ലൂർ SC ബാങ്ക് | 9483 | 8ലി | 485കി. | | | | 4500 | | |
| സ്വകാര്യം | 73427 | - | - | | | | 30170 | | |
| സർക്കാർ | - | 3ലി | 2കി | | 2ലി | 500gm | - | 2.75ലി | 1കി. |

495

## ബാങ്കുകൾ

കാർഷിക മേഖലയിൽ ധനസഹായം നല്കുന്നതിന്നായി ഒരു ഷെഡ്യൂൾഡ് ബാങ്ക് അടക്കം നാലു ബേങ്കിങ് സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ട്.

1. കനറാബാങ്ക്- പന്തീരാങ്കാവ്

2. പന്തീരാങ്കാവ് സർവ്വീസ് സഹകരണബാങ്ക്

3 ഒളവണ്ണ സർവ്വീസ് സഹകരണബാങ്ക്

4 ഇരിങ്ങലൂർ -പാലാഴി സർവ്വീസ് സഹകരണ ബാങ്ക്

കൂടാതെ കോഴിക്കോട് അർബൻബാങ്കിൽ നിന്നും കോഴിക്കോട് കാർഷിക വികസനബാങ്കിൽ നിന്നും പരിമിതമായ തോതിൽ കാർഷിക വായ്പകൾ ലഭിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

✖ കാലാവസ്ഥയെമാത്രം ആശ്രയിച്ച് കൃഷിചെയ്യുന്ന കർഷകർക്ക് കാലാകാലങ്ങളിലുണ്ടാകുന്ന പ്രകൃതിക്ഷോഭം കൊണ്ട് കൃഷിനശിക്കുന്നു.

✖ വെള്ളക്കെട്ട് കാരണം യഥാസമയം കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

✖ നിലവിലുള്ള V.C.B.കൾ കാലപ്പഴക്കം സംഭവിച്ച വയായതിനാലും പലതോടുകളിലും V.C.Bകൾ ഇല്ലാത്തതിനാലും കൃഷിയിടങ്ങളിലേക്ക് ഉപ്പുവെള്ളം കയറുന്നു.

✖ ജലസേചന സൗകര്യം ഇല്ലാത്തതുകാരണം കൃഷി മോശമാവുന്നു.

✖ വയലിൽ നിന്ന് മണ്ണെടുക്കലും മണ്ണിട്ടുനികത്തലും കാരണം കൃഷിയിൽ താല്പര്യമുള്ളവർക്കുപോലും കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

✖ ഉല്പാദനക്ഷമത കൂടിയ വിത്തിനങ്ങൾ യഥാസമയം കർഷർക്ക് ലഭിക്കുന്നില്ല.

✖ ജൈവവളത്തിന്റെ ദൗർലഭ്യവും രാസവളത്തിന്റെ വിലക്കയറ്റവും കർഷകരെ ബുദ്ധിമുട്ടിക്കുന്നു.

✖ കൃഷിയിൽ കൂട്ടായ്മ ഇല്ലാത്തതുകാരണം കീടങ്ങളുടെ ശല്യം നിയന്ത്രിക്കാൻ സാധിക്കുന്നില്ല.

✖ സർക്കാർഭാഗത്തുനിന്നും കൃഷിക്കാരന് വേണ്ടതായ സംരക്ഷണം ലഭിക്കുന്നില്ല.

✖ സാമ്പത്തിക വിഷമംപരിഹരിക്കുന്നതിന് യഥാസമയം കാർഷിക വായ്പകൾ ലഭിക്കുന്നില്ല.

✖ ആധുനിക യന്ത്രോപകരണങ്ങളുടെ ലഭ്യതക്കുറവും കർഷകത്തൊഴിലാളികളുടെ ദൗർലഭ്യവും കാരണം സമയത്തിന് കൃഷി ചെയ്യാൻ സാധിക്കുന്നില്ല.

✖ തെങ്ങുകൃഷി

✖ തെങ്ങിന് വ്യാപകമായി ചെന്നീരൊലിപ്പും കുമ്പുചീയൽ രോഗവും ബാധിക്കുന്നു.

✖ വേണ്ടത്ര ജലസേചന സൗകര്യമില്ലാത്തതിനാൽ ഉല്പാദനക്ഷമത കുറയുന്നു.

✖ ജൈവവളത്തിന്റെ ദൗർലഭ്യവും രാസവളത്തിന്റെ വിലക്കൂടുതലും കർഷകനെ വലക്കുന്നു.

✖ തെങ്ങുകയറ്റ തൊഴിലാളികളുടെ അപര്യാപ്തത സമയത്തിന് വിളവെടുക്കാൻ സാധിക്കുന്നില്ല.

✖ പച്ചക്കറികൃഷി ജലസേചനസൗകര്യം വേണ്ടത്ര ഇല്ല. ശാസ്ത്രീയ കൃഷിരീതിയിലുള്ള അറിവില്ലായ്മ കാരണം ഉല്പാദനം കുറയുന്നു.

✖ രോഗകീടശല്യം കാരണം വിളവ് കുറയുന്നു, കുമ്പടപ്പ്, കൊക്കാൻ, കൊറഡൻ തുടങ്ങിയ രോഗങ്ങൾ വാഴകൃഷിയെ കാര്യമായി ബാധിക്കുന്നു.

## നിർദ്ദേശങ്ങൾ

### നെൽകൃഷി

✔ ഒളവണ്ണ തൊണ്ടിലക്കടവ് ഭാഗങ്ങളിലുണ്ടാവുന്ന വെള്ളപ്പൊക്കം തടയുന്നതിന് ചെറുപുഴയിൽ ചുങ്കം ഭാഗത്ത് നേരത്തെ തയ്യാറാക്കിയ പദ്ധതിയനുസരിച്ച് റഗുലേറ്റർ നിർമ്മിക്കുക.

✔ കാർഷിക വിളകൾക്ക് സൗജന്യ ഇൻഷുറൻസ് പദ്ധതി നടപ്പിലാക്കുകയും നഷ്ടപരിഹാരം നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

✔ വയലിൽ മണ്ണിട്ടു നികത്തലും വയലിൽ നിന്ന് മണ്ണെടുക്കലും കർശനമായി നിയന്ത്രിക്കുക.

✔ ഉല്പാദന ക്ഷമത കൂടിയ വിത്തിനങ്ങൾ കർഷകന് യഥാസമയം ലഭ്യമാക്കുക.

✔ പച്ചിലവളച്ചെടികൃഷി പ്രോത്സാഹിപ്പിക്കുക.

✔ കമ്പോസ്റ്റ് നിർമ്മാണത്തിന് സാമ്പത്തികസഹായം നല്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക.

✔ ചികരിച്ചവർ കൊണ്ട് കമ്പോസ്റ്റ് ഉണ്ടാക്കുന്ന ആധുനിക സമ്പ്രദായം കർഷകരിൽ പ്രചരിപ്പിക്കുക.

✔ ജീവാണു വളപ്രയോഗം സാർവ്വത്രികമാക്കുക.

✔ മണ്ണിര കമ്പോസ്റ്റ് നിർമ്മാണത്തിൽ കർഷകർക്ക്

പരിശീലനം നല്കുക.

- ✔ രാസവളത്തിന് സബ്സിഡി വർദ്ധിപ്പിച്ച് കർഷകന് ചുരുങ്ങിയവിലക്ക് ലഭ്യമാക്കുക.
- ✔ മൊബൈൽ മണ്ണു പരിശോധനാ ലബോറട്ടറി അതാത് പ്രദേശങ്ങളിൽ വന്ന് മണ്ണ് പരിശോധിച്ച് കർഷകർക്ക് വേണ്ട നിർദ്ദേശം നൽക്കുക.
- ✔ കൃഷിക്കാരിൽ കൂട്ടായ്മയും സഹകരണമനോ ഭാവവും വളർത്തിയെടുക്കുക.
- ✔ കർഷകന് ചുരുങ്ങിയ പലിശക്ക് യഥാസമയം കാർഷികവായ്പ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- ✔ കാർഷികോല്പാദനത്തിൽ മാത്സര്യബുദ്ധി വളർത്തി ഉല്പാദനക്ഷമത അടിസ്ഥാനത്തിൽ പ്രോത്സാഹനസമ്മാനങ്ങൾ നല്കുക.
- ✔ ആധുനിക യന്ത്രോപകരങ്ങൾ യഥാസമയം ലഭിക്കുന്നതിന്നാവശ്യമായ ഏർപ്പാടുകൾ ചെയ്യുക.
- ✔ കർഷകർക്കും കർഷകതൊഴിലാളികൾക്കും ആധുനിക കൃഷിരീതിയിൽ പരിശീലനം നല്കുക.
- ✔ പഞ്ചായത്തടിസ്ഥാനത്തിൽ കർഷകത്തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് സൊസൈറ്റി രൂപീകരിച്ച് കർഷകർക്ക് യഥേഷ്ടം തൊഴിലാളികളെ ലഭ്യമാക്കുക.
- ✔ കർഷകന് പെൻഷൻ പദ്ധതി നടപ്പിലാക്കുക വയൽ പ്രദേശങ്ങളിലും വെള്ളക്കെട്ടുള്ള പ്രദേശങ്ങളിലും മണ്ണിട്ട് നികത്തി തെങ്ങുകൃഷിചെയ്യുന്ന പ്രവണതയെ നിരുത്സാഹപ്പെടുത്തുക.
- ✔ തെങ്ങുകൃഷിക്കാവശ്യമായ ജലസേചനപദ്ധതികൾ ത്വരിതപ്പെടുത്തുക.
- ✔ കമ്മ്യൂണിറ്റി ഇറിഗേഷൻ, ലിഫ്ട് ഇറിഗേഷൻ, ഡ്രിപ്പ് ഇറിഗേഷൻ തുടങ്ങിയവ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിക്കുക.
- ✔ നാളികേരത്തിന് ന്യായമായ വില ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
- ✔ തെങ്ങുകയറ്റതൊഴിലാളികൾക്ക് സംരക്ഷണവും പരിശീലനവും നല്കി കൂടുതൽ പേരെ ഈ രംഗത്തേക്ക് കൊണ്ട് വരാൻ വേണ്ടതായ നടപടികൾ സ്വീകരിക്കുക.
- ✔ കുന്നിൻ പ്രദേശങ്ങളിൽ കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് അത്യുല്പാദന ശേഷിയുള്ള കശുമാവിൻ തൈകളും സാമ്പത്തിക സഹായവും നല്കി പ്രോത്സാഹിപ്പിക്കുക.
- ✔ അത്യുല്പാദന ശേഷിയുള്ള കുരുമുളക് ഇനങ്ങൾ കർഷകർക്ക് ലഭ്യമാക്കുക.
- ✔ മണ്ണുമായി യോജിക്കുന്ന കൃഷിരീതികൾ നടപ്പിലാക്കുക.

## പച്ചക്കറികൾ

- ✔ പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെ സംബന്ധിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുക.
- ✔ കാലാവസ്ഥക്ക് യോജിച്ച പച്ചക്കറിവിത്തുകൾ യഥാസമയം സാർവ്വത്രികമായി ലഭ്യമാക്കുക.
- ✔ കൃഷിരീതികളെ സംബന്ധിച്ച് വിദഗ്ധ നിർദ്ദേശങ്ങളും ഉപദേശങ്ങളും അതാതവസരത്തിൽ നല്കുക.
- ✔ കൃഷി നാശം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം നല്കുക.
- ✔ രണ്ടാം വിളനെൽകൃഷി കഴിഞ്ഞ് തരിശിടുന്നവയലുകളിലും ജലസേചനയോഗ്യമായ പറമ്പുകളിലും തനിച്ചും സഹകരണാടിസ്ഥാനത്തിലും പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.
- ✔ നേന്ത്രവാഴകൃഷിക്ക് ഉണ്ടാകുന്ന രോഗങ്ങൾ കണ്ടുപിടിച്ച് ഉന്മൂലനം ചെയ്യുന്നതിന് വേണ്ട പരിശീലനം നല്കുക.
- ✔ കാർഷികോല്പന്നങ്ങൾ വില്പന നടത്തുന്നതിന് മേഖലാടിസ്ഥാനത്തിൽ സഹകരണസംഘങ്ങൾ രൂപീകരിക്കുക.
- ✔ ഔഷധച്ചെടികൃഷി വ്യാപകമാക്കു.
- ✔ പുഷ്പങ്ങൾ വ്യാവസായികടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ ഏർപ്പാടുകൾ ചെയ്യുക.
- ✔ ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല തുടങ്ങിയ കൃഷികൾ ചെയ്യുന്നതിന് പരിശീലനം നല്കി ആവശ്യമായ തൈകളും ധനസഹായവും നല്കുക.
- ✔ കൂൺകൃഷി പ്രചരിപ്പിക്കുക.
- ✔ ഇരിങ്ങാടൻ പള്ളിവരെ എത്തിനില്ക്കുന്ന കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിന്നുള്ള കനാൽ നീളം കൂടി, പാലാഴി, ഇരിങ്ങല്ലൂർ പ്രദേശങ്ങളിൽ ജലസേചനം സാധ്യമാക്കുക.
- ✔ ഒന്നാം വാർഡിൽപെട്ട പാലാഴിയിൽ നിന്ന് മാമ്പുഴയിലേക്ക് വെള്ളം ഒഴുകുന്നതിനാവശ്യമായ തോട് നിർമ്മിക്കുക.
- ✔ മാമ്പുഴയുടെ സൈഡു കെട്ടി മണ്ണൊലിപ്പ് തടയുക.
- ✔ ചെരിവ് പ്രദേശങ്ങളിൽ നിന്ന് മഴവെള്ളം ഒഴുകിപോ

കുന്നത് തടയുന്നതിനാവശ്യമായ നീർകുഴികൾ നിർമ്മിച്ച് പറമ്പുകളിലെവരൾച്ചയെ തടയുക.

✔ തട്ടുകളാക്കി തിരിച്ച വരമ്പരികുകളിൽ കാലിത്തീറ്റക്കാവശ്യമാ പച്ചപ്പുൽ കൃഷിയും കൈതച്ചക്കകൃഷിയും ചെയ്യുക.

✔ പാലാഴി രണ്ടാം വാർഡിൽ വെള്ളക്കെട്ടുകാരണം കൃഷിചെയ്യാതെ കിടക്കുന്ന പ്രദേശം കൃഷിക്ക് ഉപയുക്തമാക്കി പെരിങ്കല്ലൻ തോടിന് ആഴവും വീതിയും കൂട്ടി സൈഡ് കെട്ടി സംരക്ഷിക്കണം.

✔ നാലാഞ്ചിറതാഴത്ത് ഡ്രയ്നേജ് നിർമ്മിക്കണം

✔ മാമ്പുഴയിൽ കുന്നത്തുപാലം ബണ്ടിന്റെ ചോർച്ച തടയുക, മാമ്പുഴയുടെ സൈഡ് കെട്ടി മണ്ണൊലിപ്പ് തടയുക.

✔ ആറാം വാർഡിൽ 110KV ടവ്വർ ലൈനിന്റെ ചുവട്ടിൽ കുളംകുഴിച്ച് ജലസേചനത്തിനുപയോഗിക്കുക.

✔ ചെറുപുഴയുടെ സൈഡ് കെട്ടി പറമ്പിനെ സംരക്ഷിക്കുക.

✔ പൂളക്കടവ് നാഗത്തുംപാടം തോട്, കണ്ണംകുളങ്ങര പുളിക്കൽ താഴം തോട് എന്നിവക്ക് ഉപ്പുവെള്ളം തടയുന്നതിന്നാവശ്യമായ ചീർപ്പുവേണം

✔ തേവർകുളം വികസിപ്പിച്ച് ജലസേചനസൗകര്യമുണ്ടാക്കണം.

✔ കയറ്റിതോടിന് ചീർപ്പിട്ട് ഉപ്പുവെള്ളം തടയണം.

✔ പാണം കുളങ്ങര താഴം, പൂതാട്ടുതാഴം, നെടുങ്ങാട്ടിരിതാഴം എന്നിവിടങ്ങളിൽ പ്രത്യേക കമ്യൂണിറ്റി ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കണം.

✔ കോട്ടുപാടം തോട് ചെറുകണ്ടി താഴം വരെ നീട്ടണം.

✔ കരുടിയിൽ താഴം തോട് വീതിക്കൂട്ടി ചാക്കിരിതാഴം തോടുമായി ബന്ധിപ്പിക്കുക. സൈഡ്കെട്ടി സംരക്ഷിക്കുക.

✔ മൂർക്കനാട് വയലിലേക്ക് ഉപ്പുവെള്ളം കയറുന്നതു തടയാൻ നിലവിലുള്ള V.C.B പുതുക്കിപ്പണിയണം. സൈഡ് കെട്ടി സംരക്ഷിക്കണം

✔ തലപ്പണതാഴം കുളം വെളുക്കത്രതാഴം കുളം വേട്ടേങ്കര കാവ് കുളം എന്നിവ വീതിയും ആഴവും കൂട്ടി പരിസര പ്രദേശങ്ങളിലെ ജലസേചനത്തിനുപയോഗിക്കണം.

✔ മണക്കോട്ട് താഴത്ത് കിണർകുഴിക്കുകയും മാവത്തും പടിയിൽ നിലവിലുള്ള പഞ്ചായത്ത് കിണർ നന്നാക്കുകയും ചെയ്ത് ജലസേചനയോഗ്യമാക്കണം.

✔ പൂച്ചിറതോട്(കൈമ്പാലം തോട്) നൂഞ്ഞിയിൽ താഴം വരെ വികസിപ്പിക്കണം.

✔ നീറ്റുചാലിടവഴി ഈ തോടുമായി ബന്ധിപ്പിക്കണം പൂച്ചിറ തോടിൽ ബണ്ടുകെട്ടണം

✔ നീറ്റു ചാലിടവഴിയിൽ കൂടി ഒലിച്ചു വരുന്ന വെള്ളം മുകളിൽ തന്നെ തടഞ്ഞ നിർത്തണം.

✔ നിർദ്ദിഷ്ട നേഷണൽ ഹൈവേയുടെ സൈഡിൽ കൂടെ പൂളേങ്കരയിൽനിന്നും മാമ്പുഴയിലേക്ക് തോട് നിർമ്മിച്ച് മാമ്പുഴയിൽ ബണ്ടുകെട്ടി കൃഷിക്കാവശ്യമായ വെള്ളം എത്തിക്കുക.

✔ വിത്ത് തൈകൾ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക.

✔ നാറാണത്തുതാഴം ഈരാട് തോട് വികസിപ്പിക്കുക, മുൻഗണനാക്രമത്തിൽ പെരൂളികുളം, പട്ടർതൊടി താഴം കുളം, ഒതയമംഗലത്ത് കുളം, നാരങ്ങാളി കുളം, ചോലക്കൽ കുളം, തെക്കും കര കുളം, നമ്പിക്കുളം, എന്നിവ വികസിപ്പിച്ച് ജലസേചനയോഗ്യമാക്കുക.

✔ അറപ്പുഴതോട് അളന്ന് തിട്ടപ്പെടുത്തി വീതിയും ആഴവും കൂട്ടി സൈഡ് കെട്ടുക. പുഴവക്കത്ത് V.C.B. നിർമ്മിക്കുകയും ചെയ്യുക.

✔ പൂളേങ്കര ചാലി ആഴവും വീതിയും കൂട്ടി സമീപ കൃഷിസ്ഥലങ്ങളിലേക്ക് തോടുകൾ കീറുക. ചാലിയിൽ നിന്നും വെള്ളം പമ്പ് ചെയ്ത് കൃഷിസ്ഥലത്തെത്തിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്യുക. മേപ്പാടം ഭാഗത്തേക്ക് ചാലിയിൽ നിന്നും വെള്ളമെത്തിക്കാൻ തോടുകീറുക. ചാലിയുടെ മേൽക്കുര പച്ചക്കറി കൃഷിക്ക് ഉപയോഗിക്കുക, ചന്ദനട്ടുതാഴം വലിയതോടിന്ന് പുഴവക്കത്ത് ചീർപ്പ് നിർമ്മിക്കുക.

✔ കൊരടിയിൽതാഴത്ത് ഉണ്ടായിരുന്ന തോട് പുനർനിർമ്മിച്ച് ചാലിയാറിലേക്ക് തുറന്ന് വെള്ളക്കെട്ട് തടയുക. മൺകുഴിയിലെ വെള്ളം ചാലിയാറിലേക്ക് പമ്പ് ചെയ്ത് കൃഷിചെയ്യുക.

✔ പിലാക്കേത്ത് താഴത്ത് കുളം നിർമ്മിച്ച് ജലസേചനത്തിനുപയോഗിക്കണം

✔ ചാലിയാറിന്റെ തീരം സൈഡ് കെട്ടി മണ്ണൊലിപ്പ് തടയണം.

# മൃഗസംരക്ഷണം

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി എരുമകളെ വളർത്തുന്നു. നെൽകൃഷി ഇല്ലാതായിതുടങ്ങിയതോടെയും ട്രാക്ടർ, ടില്ലർ എന്നിവ ഉഴവ് രംഗത്ത് എത്തുകയും ചെയതതോടുകൂടി ഉഴവ് കാളകളെ വളർത്തുന്നത് വളരെയധികം കുറഞ്ഞു. 85% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. മാംസത്തിനല്ലെങ്കിലും അപൂർവ്വം ചില വീടുകളിൽ മുയലുകളെ വളർത്തിവരുന്നു.

പഞ്ചായത്തിൽ ജഴ്സി, സ്വിസ് ബ്രൗൺ തുടങ്ങിയ സങ്കര ഇനത്തിൽപ്പെട്ട അത്യുൽപ്പാദനശേഷിയുള്ള പശുക്കളെയാണ് കൂടുതലായും വളർത്തുന്നത്. നാടൻ പശുക്കൾ നാമമാത്രമായിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ 1296 പശുക്കളും 520 ആടുകളും 12 എരുമകളും അങ്ങിങ്ങായി ഉഴവ് കാളകളും വളർത്തപ്പെടുന്നുണ്ട്.

പഞ്ചായത്തിൽ 4 ക്ഷീരസംഘങ്ങളാണ് പ്രവർത്തിക്കുന്നത്. എന്നാൽ 6,7 ,8,9,10,11 വാർഡുകളിലെ ക്ഷീര കർഷകർ നല്ലളം ക്ഷിരസഹകരണസംഘത്തിലാണ് പാൽ നൽകുന്നുന്നത്. വിവിധ സഹകരണ സംഘങ്ങളിലായി 1330 ലിറ്റർ പാൽ ദിനംപ്രതി സംഭരിക്കപ്പെടുന്നു. സംഘങ്ങളിലെ അംഗസംഖ്യയും പാൽസംഭരണ കണക്കും പട്ടിക 1ൽ കാണുക.

കാലികളിൽ അകിടുവീക്കം, ഉദരരോഗം എന്നീ രോഗങ്ങൾ പ്രധാനമായും കണ്ടുവരുന്നു. കോഴികളിൽ കണ്ടുവരുന്ന പ്രധാനരോഗം കോഴിവസന്തയാണ്.

മാംസത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് ധാരാളം കോഴികൾ ഇവിടെ വിൽപന ചെയ്യപ്പെടുന്നു. താറാവ് വളർത്തൽ ചുരുങ്ങിയ സ്ഥലങ്ങളിൽ നടത്തുന്നുണ്ട്. പഞ്ചായത്തിൽ നാവത്തുംപടിയിലും ഇരിങ്ങല്ലൂരിലുമായി 3 കോഴിവളർത്തൽ കേന്ദ്രങ്ങളുണ്ട്. ഇവ നല്ല രീതിയിൽ നടന്നു വരുന്നു.

പഞ്ചായത്തിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന വേണ്ടത്ര സൗകര്യങ്ങളില്ലാത്ത ഒരു മൃഗാശുപത്രിയും പാലാഴിയിലും മണക്കടവിലും ഓരോ സബ്ബ് സെന്ററും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ പല പ്രദേശങ്ങളിലുമുള്ള കർഷകർക്ക് മൃഗാശുപത്രിയുമായി ബന്ധപ്പെടാനും തക്കസമയത്ത് ചികിത്സ കിട്ടാത്തതിനാലും കാലികൾ ചാകാനിടയാകുന്നുണ്ട്.

പുഴയോരവും ഉളനാടൻ ജലാശയവും താറാവ് വളർത്തലിന് കൂടുതൽ സാധ്യതകൾ ഈ പ്ചായത്തിലുണ്ട്.

പഞ്ചായത്തിൽ 20 ഗോബർഗ്യാസ് പ്ലാന്റുകൾ നിലവിലുണ്ട്. വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടി വരുന്ന ഇന്ധനത്തിന്റെ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാന്റ് കൊണ്ട് നിർവ്വഹിക്കാൻ കഴിയും.

499

പ്ലാന്റ് സ്ഥാപിക്കുന്നതിന് നാമമാത്രമായ സബ്സിഡി യാണ് ഇപ്പോൾ നൽകി പ്പോരുന്നത്. അതിനാൽത്തന്നെ ഈ രംഗത്തേക്ക് കടന്നുവരാൻ ജനങ്ങൾ മടിക്കുന്നു.

## പ്രധാനപ്രശ്നങ്ങൾ

1, കാലിത്തീറ്റയുടെ വിലകൂടുതൽ പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്

3, മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4, കോഴിവസന്ത രോഗത്തെ തടയാൻ ഫലപ്രദമായ സംവിധാനമില്ലാത്തതിനാൽ കോഴിവളർത്തൽ നിരുത്സാഹപ്പെടുന്നു.

5 ക്ഷീര വിപണനത്തിനുള്ള സൗകര്യകുറവ്

6, കാലിവളർത്തലിന് ധനസഹായം കിട്ടാത്തവിഷമം.

## സാദ്ധ്യതകൾ

- ✔ ഒളവണ്ണ പഞ്ചായത്ത് പ്രദേശത്ത് രണ്ട് വാർഡുകൾക്ക് ഒന്നു വീതം ക്ഷീര സഹകരണസംഘം രൂപീകരിക്കുക
- ✔ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ പാലും സംഭരിക്കുവാനും വിതരണം ചെയ്തതിനു ശേഷം മിച്ചമുള്ളത് ഉപയോഗിച്ച് പാലുൽപ്പന്നങ്ങൾ നിർമ്മിക്കാനായി ഒരു ചെറുകിട ഡയറി യൂണിറ്റ് രൂപീകരിക്കുക.
- ✔ സഹകരണസംഘം മുഖേന കുറഞ്ഞവിലക്ക് കാലിത്തീറ്റയും തീറ്റ പുൽകൃഷിക്ക് വിത്തും വളവും സൗജന്യമായി വിതരണം ചെയ്യുക.
- ✔ കാലിത്തൊഴുത്ത് നിർമ്മിക്കാൻ ധന സഹായം നൽകുക.
- ✔ മൃഗാശുപത്രി ആധുനികവൽക്കരിക്കുക.
- ✔ പന്തീരാങ്കാവിലും, പാലാഴിയിലും ഒരോ മൃഗാശുപത്രിയും കൊടിനാട്ടുമുക്കിലും കള്ളിക്കുന്നിലും ഓരോ സബ്സെന്ററും നിർമ്മിക്കുക
- ✔ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു ഇറച്ചിക്കോഴി വളർത്തൽകേന്ദ്രം സ്ഥാപിക്കുക.
- ✔ വീടുകളിൽ കോഴിവളർത്തുന്നതിന് ദാരിദ്ര്യരേഖയ്ക്ക്താഴെ കഴിയുന്നവർക്ക് സൗജന്യമായും അല്ലാത്തവർക്ക് സൗജന്യനിരക്കിലും കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്ത് ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും , കോഴികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
- ✔ ഉൾനാടൻ ജലാശയങ്ങൾ ഉള്ളതിനാൽ താറാവ് കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- ✔ സഹകരണാടിസ്ഥാനത്തിൽ അത്യുൽപ്പാദനശേഷിയുള്ള തീറ്റ പുൽകൃഷി കൃഷി ചെയ്യുവാൻ സാദ്ധ്യതകൾ കൂടുതലാണ്. ഇവിടെ ആടു വളർലിനും സാദ്ധ്യതയേറുന്നു.
- ✔ വൻതോതിൽ കോഴി വളർത്തലിനും ആടു വളർത്തലിനും പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്. ഇതിനായി ധനസഹായവും ആവശ്യമാണ്.
- ✔ വളർത്തുമൃഗങ്ങൾക്കും വളർത്തുപക്ഷികൾക്കും ഇൻഷൂറൻസ് അർപ്പെടുത്തുകയും ചെയ്യുക.
- ✔ എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുക
- ✔ ശാസ്ത്രീയ രീതിയിലുള്ള അറവുശാലകൾ നിർമ്മിക്കുകയും മാംസത്തിനായി മൃഗങ്ങളെ അറക്കുന്നതിന് വെറ്റിനറി സർജന്റെ അനുവാദം വാങ്ങുകയും മാംസപരിശോധന കർശനമാക്കുകയും ചയ്യുക.
- ✔ പന്തീരാങ്കാവ് മത്സ്യമാർക്കറ്റിനോടനുബന്ധിച്ച് മാംസ വിതരണത്തിന് ആവശ്യമായ സംവിധാനം ഉണ്ടാക്കുക.
- ✔ പഞ്ചായത്തിൽ ഒരു മൊബൈൽ ബീജസങ്കലന യൂണിറ്റ് ആവശ്യമാണ്.
- ✔ പേവിഷബാധ നിർമ്മാർജന പദ്ധതിയുടെകീഴിൽവിഷബാധക്കെതിരെ കുത്തിവെയ്ക്കുന്ന വാക്സിൻ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
- ✔ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുക
- ✔ അലഞ്ഞു തിരിയുന്ന പട്ടികളേയും നായകളേയും കൊന്നൊടുക്കുക
- ✔ ഗോബർഗ്യാസ് പ്ളാന്റിന്റെ സബ്സിഡിവർദ്ധിപ്പിച്ചാൽഇത് വ്യാപകമാക്കാൻ സാധിക്കും
- ✔ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രിക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുക
- ✔ ക്ഷീരസഹകരണസംഭങ്ങളിൽ ശീതീകരണയൂണിറ്റ് സ്ഥാപിക്കുക.

പട്ടിക1

| ക്ഷീരസഹകരണസംഘം മെമ്പർമാർ, പാൽസംഭരണം | | |
|---|---|---|
| സംഘങ്ങൾ | മെമ്പർമാർ | ദിനംപ്രതി സംഭരിക്കുന്ന പാൽ |
| പാലാഴി | 482 | 475 ലിറ്റർ |
| മാത്തറ | 239 | 150 ലിറ്റർ |
| പന്തീരാങ്കാവ് | 886 | 280 ലിറ്റർ |
| മണക്കടവ് | | 140 ലിറ്റർ |
| നല്ലളം സംഘത്തിന്റെ കൊടിനാട്ടുമുക്ക് സംഭരണ കേന്ദ്രം | 299 | 285 ലിറ്റർ |
| ആകെ | 366 | 1330ലിറ്റർ |

പട്ടിക2- **കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| വളർത്തുമൃഗം(ഇനം) | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2ലധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 528 | 336 | 145 |
| കിടാരി | 272 | 189 | 95 |
| എരുമ | Nil | Nil | Nil |

പട്ടിക-3 **വളർത്തുപക്ഷിസംഖ്യ**

| | | പിടക്കോഴി | | താറാവ് | | |
|---|---|---|---|---|---|---|
| വാ.നമ്പർ | പൂവൻകോഴി | മുട്ടയിടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | മറ്റുള്ളവ |
| 1 | 450 | 619 | 333 | 25 | 65 | 202 |
| 2 | 500 | 714 | 424 | 19 | 32 | 189 |
| 3 | 398 | 515 | 321 | 15 | 28 | 175 |
| 4 | 415 | 602 | 292 | 9 | 23 | 168 |
| 5 | 437 | 619 | 239 | 14 | 30 | 155 |
| 6 | 498 | 639 | 308 | 22 | 60 | 102 |
| 7 | 514 | 574 | 319 | 18 | 38 | 99 |
| 8 | 538 | 579 | 210 | 17 | 42 | 145 |
| 9 | 564 | 608 | 409 | 24 | 77 | 135 |
| 10 | 375 | 518 | 308 | 27 | 60 | 77 |
| 11 | 610 | 519 | 333 | 9 | 15 | 99 |
| 12 | 577 | 604 | 288 | 19 | 38 | 108 |
| 13 | 579 | 544 | 287 | 21 | 60 | 101 |
| 14 | 436 | 437 | 300 | 18 | 41 | 44 |
| 15 | 444 | 522 | 222 | 15 | 42 | 19 |

പട്ടിക-4

| വളർത്തുമൃഗ സംഖ്യ | | | |
|---|---|---|---|
| പശു-സങ്കരം | | | |
| കറവ ഉള്ളത് | കറവ ഇല്ലാത്തത് | ആട് | പട്ടി |
| 112 | 101 | 65 | 160 |
| 109 | 98 | 18 | 140 |
| 120 | 97 | 44 | 108 |
| 98 | 60 | 40 | 161 |
| 77 | 40 | 38 | 155 |
| 64 | 33 | 32 | 151 |
| 41 | 19 | 33 | 142 |
| 89 | 22 | 34 | 99 |
| 80 | 33 | 30 | 110 |
| 112 | 44 | 18 | 130 |
| 44 | 15 | 52 | 122 |
| 33 | 20 | 19 | 138 |
| 40 | 19 | 29 | 134 |
| 108 | 28 | 33 | 150 |
| 18 | 7 | 36 | 111 |

| പേവിഷബാധ-പ്രതിരോധവും ചികിത്സയും | | | |
|---|---|---|---|
| വിവരം | പശു | ആട് | പട്ടി |
| പ്രതിരോധകുത്തിവെപ്പ് നൽകിയവയുടെ എണ്ണം | 25 | 12 | 4 |
| കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയവയുടെ എണ്ണം | 8 | 6 | 7 |

**പട്ടിക 5 രോഗവിവരങ്ങൾ**

| ക്രമനമ്പർ | രോഗങ്ങൾ | പശു | ആട് | കോഴി |
|---|---|---|---|---|
| 1 | ദഹനസംബന്ധമായവ | 350 | 211 | – |
| 2 | ശ്വാസകോശ സംബന്ധമായവ | 122 | 76 | 250 |
| 3 | ഉപാപചയ സംബന്ധം | 150 | 65 | |
| 4 | ത്വക്‌രോഗങ്ങൾ | 144 | 72 | |
| 5 | ധാതു ലവണങ്ങളുടെ അഭാവം മൂലം | 68 | 32 | |
| 6 | പരാദരോഗങ്ങൾ | 171 | 88 | |
| 7 | പ്രത്യുൽപ്പാദനസംബന്ധമായവ | 95 | 31 | |
| 8 | വന്ധ്യത | 45 | 8 | |
| 9 | അകിടുവീക്കം | 70 | 35 | |
| 10 | മുടന്തൻപനി | 77 | Nil | |
| 11 | പകർച്ചവ്യാധികൾ | Nil | Nil | |

# മത്സ്യബന്ധനം

ഒളവണ്ണ പഞ്ചായത്തിന്റെ കിഴക്ക്, തെക്ക് ഭാഗങ്ങളിലായി ചാലിയാറും പടിഞ്ഞാറു ഭാഗത്തു കനോലി കനാലും മദ്ധ്യേ ഭാഗത്തായിനീളത്തിൽ മാമ്പുഴയുമാണ്. കൂടാതെ 21 തോടുകൾ പുഴകളിൽ വന്നുചേരുന്നു. 9.36 ഏക്കറയോളം വരുന്ന ചാലിയും 41 കുളങ്ങളുമാണ്. പഞ്ചായത്തിന്റെ പ്രധാന ജലാശങ്ങൾ.

പുഴയോര മത്സ്യബന്ധനവുമായി 125 തൊഴിലാളികൾ ഉപജീവനം നടത്തുന്നു. ഇവർ പൂർണ്ണമായും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. കടൽ മത്സ്യം വിതരണം ചെയ്യുന്ന തൊഴിലാളികളായി115 പേർ ഈ രംഗത്തുണ്ട്.

പുഴയിൽ നിന്നും മാലാൻ, ഇരിമീൻ, ചെമ്പല്ലി, ഞണ്ട്, ചെമ്മീൻ, ഏട്ടഎന്നിവയും എരുന്തും ലഭിക്കുന്നു. ഉൾനാടൻജലാശയങ്ങളിൽ വരാൽ, മുഴു, കടു,പൂഴാൻ എന്നിവയും സുലഭമാണ്. പഞ്ചായത്തിലെ പൂളേങ്കരചാലിയിൽ ഈ ഇനം മത്സ്യങ്ങൾ ധാരാളമുണ്ട്. ഈയിടെയുണ്ടായമത്സ്യരോഗം കാരണം ധാരാളം മത്സ്യ സമ്പത്ത് നഷ്ടപ്പെടുകയുണ്ടായി.

പുഴയോരമത്സ്യബന്ധനത്തിന് തൊഴിലാളികൾ ചെറിയ വള്ളവും, വലയും, ചൂണ്ടയും ഉപയോഗിച്ചു വരുന്നു. ചാലിയാറിൽനിന്നും മത്സ്യം പിടിക്കുന്നതിന് മാർച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ, കർണ്ണാടിക, ആന്ദ്ര എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ ഇവിടെ എത്തുന്നു. ഇവർ പ്രത്യേകരീതിയിലാണ് മത്സ്യം പിടിക്കുന്നത് .

## പ്രധാനപ്രശ്നങ്ങൾ

- ✖ മത്സ്യബന്ധനത്തിന് തൊഴിലാളികൾക്ക് വള്ളവും വലയും യന്ത്രവും സാമ്പത്തിക പരാധീനതമൂലം വാങ്ങിക്കുവാൻ സാധിക്കുന്നില്ല.
- ✖ ചെമ്മീൻ കൃഷിക്കും, മത്സ്യകൃഷിക്കും പറ്റിയ സ്ഥലങ്ങൾ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ കൃഷി നടത്തുവാൻ സാധിക്കുന്നില്ല.
- ✖ ഉൾനാടൻപ്രദേശത്ത് മത്സ്യകൃഷിക്ക് യാതൊരു പ്രോത്സാഹനവും നൽകുന്നില്ല.
- ✖ മത്സ്യകൃഷിക്ക് അനുയോജ്യമായ ധാരാളം സ്ഥലം നിലവിലുണ്ടെങ്കിലും ഉപ്പുവെള്ളം കയറുന്നത് പ്രയാസമുണ്ടാക്കുന്നു.
- ✖ മത്സ്യമാർക്കറ്റുകളുടെ അഭാവം
- ✖ മത്സ്യരോഗങ്ങൾ തടയുവാൻ ഫലപ്രദമായ നടപടികൾ ഇല്ല.
- ✖ ശാസ്ത്രീയമായി കൃഷിചെയ്യുന്നതിന് പരിശീലനം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

- ✔ മത്സ്യവിതരണത്തിന് എല്ലാ വാർഡുകളിലും മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുക.
- ✔ ഉൾനാടൻജലാശയങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടഞ്ഞ് മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുക.
- ✔ പഞ്ചായത്തിൽ കട്‌ല, മൃഗാൽ തുടങ്ങിയ മത്സ്യങ്ങളടക്കം എല്ലാവിധ മത്സ്യങ്ങളും വളർത്തുവാൻ സാദ്ധ്യതകളേറെയാണ്.
- ✔ പൂളേങ്കര ചാലി പ്രധാന മത്സ്യകൃഷി കേന്ദ്രമാക്കുക
- ✔ ഒടുമ്പ്രയിലെ പുഴപ്പുറമ്പോക്കിൽ കക്ക, ഞണ്ട്, എന്നിവയും മൂർക്കനാട് പള്ളിക്കടവിന് സമീപമുള്ള സ്ഥലം ഞണ്ട്കൃഷിക്കും അനുയോജ്യമാണ്.
- ✔ പഞ്ചായത്തിലെ കയറ്റി, ചന്ദനാട്ടുപാടം, ആമാടം, കോവിലകം കുളം, നല്ലൂർക്കുളം , മൂലംകുന്നത്ത് താഴംകുളം, പെരൂളിക്കുളം എന്നീ സ്ഥലങ്ങൾ മത്സ്യകൃഷിക്ക് അനുയോജ്യമാണ്.
- ✔ മത്സ്യതൊഴിലാളികൾക്ക് വീട് വെക്കുവാൻ ധനസഹായവും കൊടുക്കണം ,നിലവിലുള്ള വീടുകൾ വൈദ്യുതീകരിക്കയും ചെയ്യണം.
- ✔ ഉൾനാടൻ മത്സ്യതൊഴിലാളികളുടെ ക്ഷേമത്തിന് പദ്ധതി ഉണ്ടാക്കുക.
- ✔ മത്സ്യവിത്ത് സൗജന്യമായി വിതരണം ചെയ്യുക.
- ✔ മത്സ്യകൃഷി നടത്തുവാൻ ആവശ്യമായ പരിശീലനം നൽകുക



# വിദ്യാഭ്യാസം

മലബാറിന്റെ സാംസ്കാരിക സിരാകേന്ദ്രമായ കോഴിക്കോട് നഗരത്തോട് ചേർന്നുകിടക്കുന്ന പ്രദേശമാണ് ഒളവണ്ണ. സാമൂതിരിരാജാക്കൻമാരുടേയും തുടർന്നുവന്ന ബ്രിട്ടീഷുഭരണാധികാരികളുടെയും സ്വാധീനം ഈ പ്രദേശത്തിന്റെ സാംസ്കാരിക പാരമ്പര്യത്തെ സ്വാധീനിച്ചിട്ടുണ്ട്. നൂറ്റാണ്ടുകൾക്ക് മുമ്പ് വിജ്ഞാനദാഹികളായ മുൻതലമുറക്കാർ നാട്ടെഴുത്തുകളരികളും കുടപ്പള്ളിക്കൂടങ്ങളും സ്ഥാപിച്ച് വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തെ ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രാഥമിക വിദ്യാലയം ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ സ്ഥാപിതമായ പന്തീരാങ്കാവ് യു.പി.സ്കൂളാണ്. ഏറെക്കുറെ ഇക്കാലഘട്ടത്തിൽ തന്നെ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അഞ്ചോളം എലിമെന്ററി സ്കൂളുകൾ ആരംഭിച്ചു. ജനങ്ങളുടെ സാംസ്കാരികവും സാമൂഹികവുമായ ഉന്നമനത്തിനും ദേശീയധാരയിലേക്ക് ജനങ്ങളെ ആകർഷിക്കുന്നതിനും ഈ സ്ഥാപനങ്ങൾ വഹിച്ച പങ്ക് വലുതാണ്. ഇതിൽനിന്ന് ആവേശമുൾക്കൊണ്ട്, പഞ്ചായത്തിന്റെ പലഭാഗങ്ങളിലും ഒട്ടേറെ വിദ്യാലയങ്ങളും ഗ്രന്ഥശാലകളും ഉയർന്നുവരികയുണ്ടായി.

1930ൽ രൂപീകൃതമായ മലബാർ ഡിസ്ട്രിക് ബോർഡിന്റെ നിയന്ത്രണത്തിൽ മൂന്ന് വിദ്യാലയങ്ങളും, പത്തോളം എയ്ഡഡ് സ്കൂളുകളുമാണ് സ്വാതന്ത്ര്യലബ്ധിക്കുമുമ്പുണ്ടായിരുന്നത്. പിന്നീട് മൂന്ന് വിദ്യാലയങ്ങൾ കൂടി സ്ഥാപിതമായിട്ടുണ്ട്. 1958ൽ പന്തീരാങ്കാവ് ഹൈസ്കൂൾ സ്ഥാപിതമാകുന്നതുവരെ ഈ പ്രദേശത്തുകാർ കോഴിക്കോട്ടു പട്ടണത്തിലുള്ള ഹൈസ്കൂളുകളെയാണ് ഉപരിപഠനത്തിനുവേണ്ടി ആശ്രയിച്ചിരുന്നത്. 1981ൽ, ഇരിങ്ങല്ലൂർ സർക്കാർ യു.പി. സ്ക്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഒരു അൺ എയ്ഡഡ് സ്ക്കൂളടക്കം മൂന്ന് ഹൈസ്കൂളുകളും, നാല് യു.പി.സ്കൂളുകളും ഒമ്പത് എൽ.പി.സ്കൂളുകളും, രണ്ട് എൽ.പി.സ്കൂളുകളും മാത്രമാണുള്ളത്. വിദ്യാലയങ്ങളുടെ വിശദവിരങ്ങൾ പട്ടിക 1–ൽ കാണുക.

ഇപ്പോഴും ധാരാളം കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസത്തിൻ പഞ്ചായത്തിനുപുറത്തുള്ള കിണാശ്ശേരി ഗവ.ഹൈസ്കൂളിൾ, എം.സി.സി. ഹൈസ്കൂൾ, സേവിയോ ഹൈസ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാൻ തന്നെ കുട്ടികൾക്ക് 4 കി.മി. വരെ യാത്രചെയ്യേണ്ടിവരുന്ന അവസ്ഥയുണ്ട്. ചുരുങ്ങിയത് ഒരു ഹൈസ്കൂളും മൂന്ന് യു.പി.സ്കൂളുകളും രണ്ട് എൽ.പി.സ്കൂളുകളും കൂടുതലായി സ്ഥാപിക്കപ്പെട്ടാൽ മാത്രമെ പ്രശ്നം പരിഹരിക്കപ്പെടുകയുള്ളു. യാത്രചെയ്യേണ്ടിവരുന്ന ദൂരത്തെ സംബന്ധിച്ച വിവരം പട്ടിക 2ൽ കാണാം.

## പട്ടിക-1 പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ വിവരങ്ങൾ

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേർ | സർക്കാർ/എയ്ഡഡ്/ അ.എയ്ഡഡ് | തരം | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ |
|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | | |
| 1 | ഇരിങ്ങല്ലൂർ ഗവ.ഹൈസ്കൂൾ | സർക്കാർ | ഹൈസ്കൂൾ | 1103 | 967 | 2070 | 57 | 2 |
| 2 | കൊടൽ ഗവ.യു.പി.സ്കൂൾ | " | യു.പി. | 349 | 308 | 657 | 19 | |
| 3 | ഒളവണ്ണ ഗവ.എൽ.പി.സ്കൂൾ | " | എൽ.പി. | 124 | 126 | 250 | 9 | |
| 4 | കൂടത്തംപാറ ഗവ.എൽ.പി.സ്കൂൾ | " | " | 55 | 52 | 107 | 5 | |
| 5 | പന്തീരാങ്കാവ് ഹൈസ്കൂൾ | എയ്ഡഡ് | ഹൈസ്കൂൾ | 1044 | 868 | 1912 | 67 | |
| 6 | കമ്പിളിപറമ്പ എം.യു.പി.സ്കൂൾ | " | യു.പി | 644 | 559 | 1203 | 42 | |
| 7 | പന്തീരാങ്കാവ് എ.യു.പി.സ്കൂൾ | " | " | 614 | 552 | 1116 | 29 | |
| 8 | കുന്നംകുളങ്ങര എം.യു.പി.സ്കൂൾ | | " | 210 | 176 | 386 | 17 | |
| 9 | ഒടുമ്പ്ര എ.എൽ.പി. സ്കൂൾ | | എൽ.പി | 77 | 92 | 169 | 6 | |
| 10 | ഒളവണ്ണ എ.എൽ.പി.സ്കൂൾ | | " | 169 | 179 | 348 | 9 | |
| 11 | തുമ്പയിൽ എ.എം.എൽ.പി.സ്കൂൾ | " | " | 57 | 55 | 112 | 5 | |
| 12 | മൂർക്കനാട് എ.എൽ.പി.സ്കൂൾ | | " | 51 | 50 | 101 | 4 | |
| 13 | കുന്നംകുളങ്ങര എ.എൽ.പി.സ്കൂൾ | " | " | 105 | 72 | 77 | 5 | |
| 14 | കൈലമഠം എ.എം.എൽ.പി. സ്കൂൾ | | " | 30 | 20 | 50 | 5 | |
| 15 | ഒളവണ്ണ പഞ്ചായത്ത് എൽ.പി.സ്കൂൾ | പഞ്ചായത്ത് | | 149 | 123 | 272 | 6 | |
| 16 | കാലിക്കറ്റ് ഇസ്ലാമിക് റസിഡൻഷ്യൽ ഹൈസ്കൂൾ | അൺ.എയ്ഡഡ് | ഹൈസ്കൂൾ | 243 | 15 | 258 | 23 | 2 |
| | | | | 5024 | 4214 | 9238 | 308 | 4 |

പട്ടിക-2

| വിദ്യാലയങ്ങൾ | നടക്കേണ്ടിവരുന്ന ശരാശരി ദൂരം | പരമാവധി ദൂരം |
|---|---|---|
| എൽ.പി.സ്കൂൾ | 1 കി.മി. | 2.കി.മി. |
| യു.പി.സ്കൂൾ | 1.5 കി.മി. | 3.കി.മി. |
| ഹൈസ്കൂൾ | 2.5 കി.മി. | 4.കി.മി. |

സ്വകാര്യമേഖലയിലുള്ള ഒരു എൽ.പി.സ്ക്കൂൾ (കൈലമഠം എ.എം.എസ്.പി.സ്കൂൾ) വർഷങ്ങളായി അൺ ഇക്കണോമിക്ക് വിദ്യാലയമായി തുടരുന്നു. 50 വിദ്യാർത്ഥികൾ മാത്രമാണ് ഇപ്പോൾ ആ വിദ്യാലയത്തിലുള്ളത്. 1200 ഓളം കുട്ടികൾ പഠിക്കുന്ന പന്തീരാങ്കാവ് യു.പി,സ്കൂളിനു സമീപമാണ് ഈ വിദ്യാലയം. വിദ്യാലയങ്ങളെ സംബന്ധിച്ച പൊതുവിവരം പട്ടിക-3ൽ ചേർത്തിട്ടുണ്ട്.

വിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം ക്രമേണ കുറഞ്ഞു വരുന്നുണ്ട്. ജനനനിരക്കിലുള്ള കുറവ്, ഗ്ലീഷ് മീഡിയ ഭ്രമം, മെച്ചപ്പെട്ടതെന്ന് പറയപ്പെടുന്ന ...ൻ-എയ്ഡഡ് വിദ്യാലങ്ങളുടെ ആകർഷണം എന്നിവ ...ാക്കെ ഇതിനുകാരണമായി പറയാം. സാംസ്കാരിക... ...പനങ്ങളും മഹിളാസമാജങ്ങളും നടത്തുന്ന നഴ്സറി സ്ക്കൂളുകളും, അൺ-എയ്ഡഡ് വിഭാഗത്തിൽപ്പെടുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളടക്കമുള്ള സ്ഥാപനങ്ങളും, ട്യൂഷൻ സെന്ററുകളും, പാരലൽ കോളേജുകളുമടക്കം 25ഓളം അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. നഴ്സറി സ്കൂളുകൾ കുറേകൂടി ശാസ്ത്രീയവും മനഃശാസ്ത്രപരവുമായ സമീപനം സ്വീകരിക്കുകയും ട്യൂട്ടോറിയൽ സ്ഥാപനങ്ങളും മറ്റു ട്യൂഷൻ സെന്ററുകളും സമാന്തരവിദ്യാഭ്യാസ സ്ഥാപനങ്ങളെപ്പോലെ പ്രവർത്തിക്കുന്ന ഇന്നത്തെ രീതീമാറ്റി ഔപചാരിക വിദ്യാഭ്യാസമേഖലക്ക് അനുപൂരകമായ അധ്യാപനരീതി സ്വീകരിക്കുകയും ചെയ്താൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഏറെ മെച്ചപ്പെടും. കോളേജ് വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും ഈ പഞ്ചായത്തിൽ സൗകര്യങ്ങളൊന്നുമില്ല. അതിന്നായി, പട്ടണത്തിലെ കോളേജുകളേയും, ഐ.ടി.ഐകളേയും മറ്റുമാണ് കുട്ടികൾ ആശ്രയിക്കുന്നത്.

## ഭൗതിക സൗകര്യങ്ങൾ

പഞ്ചായത്തിലെ വിദ്യാലങ്ങളിലെ ഭൗതികസൗകര്യങ്ങൾ തൃപ്തികരമല്ല. സർക്കാർമേഖലയിലുള്ള ഇരിങ്ങല്ലൂർ ഹൈസ്ക്കൂളും കൊടൽ യു.പി.സ്കൂളും കെട്ടിടവും മറ്റു സൗകര്യങ്ങളുമില്ലാത്തതിനാൽ സെഷനൽ സമ്പ്രദായത്തിലാണ് പ്രവർത്തിക്കുന്നത്. മിക്ക വിദ്യാലയങ്ങൾക്കും വേണ്ടത്ര കെട്ടിടമോ ഫർണ്ണിച്ചറോ ഇല്ല. പ്രത്യേകം ക്ലാസ്സുമുറികളിലും. പഠനനിലവാരത്തെ വളരെയേറെ, പ്രതികൂലമായി ബാധിക്കുന്ന ഈ അവസ്ഥ മാറ്റിയെടുക്കാൻ ശ്രമമാവശ്യമാണ്. ഭൗതിക സൗകര്യങ്ങളെ സംബന്ധിച്ച വിവരം പട്ടിക-4ൽ കൊടുത്തിരിക്കുന്നു.

കലാരംഗത്തും കായികരംഗത്തും കുട്ടികൾക്കുള്ള കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സൗകര്യം വിദ്യാലയങ്ങളിൽ വളരെ പരിമിതമാണ് കായികപരിശീലനം, ചിത്രകല, സംഗീതം, കൈവേല എന്നീവിഷയങ്ങളിൽ പരിശീലനം നേടിയ അധ്യാപകരെ എല്ലാ വിദ്യാലയങ്ങളിലും നിയമിക്കേണ്ടതുണ്ട്. പലസ്ക്കൂകളിലും കളിസ്ഥലം ഇല്ലെന്നുതന്നെ പറയാം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഇരിങ്ങല്ലൂർ ഗവ.ഹൈസ്ക്കൂൾ, കൊടൽ.ഗവ.യൂപി.സ്ക്കൂൾ, പന്തീരാങ്കാവ് യു.പി.സ്ക്കൂൾ എന്നിവിടങ്ങളിൽ ചകിരിനാര്, ചൂടി കയർ എന്നിവ ഉപയോഗിച്ച് പലതരം വസ്തുക്കളുടെ നിർമ്മാണം, പ്ലാസ്റ്റിക് കെയിൻ വർക്ക് എന്നിവ പരിശീലിപ്പിച്ചിരുന്നു. അന്ന് സർവ്വീസിലുണ്ടായിരുന്ന അധ്യാപകർ പിരിഞ്ഞതോടെ ആ സൗകര്യങ്ങളും ഇല്ലാതായി ഈ വിഷയങ്ങൾക്കൊക്കെ യോഗ്യരായ അധ്യാപകരെ എല്ലാവിദ്യാലയങ്ങളിലും നിയമിക്കണം.

## കൊഴിഞ്ഞുപോക്ക്

ഇടയ്ക്കു വെച്ച് പഠനം നിർത്തുന്ന കുട്ടികളുടെ കഴിഞ്ഞ 5 വർഷത്തെ കണക്ക് പരിശോധിച്ചപ്പോൾ ഒന്നും ഒമ്പതും ക്ലാസ്സുകളിൽ അവരുടെ എണ്ണം താരതമ്യേന കൂടുതലായി കണ്ടു. ഒന്നാം ക്ലാസ്സിൽ 4 ശതമാനവും, ഒമ്പതാം ക്ലാസ്സിൽ 4.5 ശതമാനവും ഒന്നാം ക്ലാസ്സിൽ 4 ശതമാനം കാണുന്നുണ്ടെങ്കിലും അത് ശരിക്കുള്ള കൊഴിഞ്ഞുപോക്കായിരിക്കാൻ സാധ്യതയില്ല. ഒരു വിദ്യാലയത്തിൽ ഒന്നാം തരത്തിൽ ചേർത്ത കുട്ടിയെ ആ വിദ്യാലയത്തിലേക്കയക്കാതെ മറ്റു വിദ്യാലയത്തിൽ ചേർക്കുന്ന ഒരു പ്രവണത ചുരുങ്ങിയ തോതിലെങ്കിലും കാണുന്നുണ്ട്. കൊഴിഞ്ഞുപോക്ക് ഫലപ്രദമായി നിയന്ത്രിക്കാൻ ഉചിതമായ നടപടി ആവശ്യമാണ്. വിദ്യാലയ സമ്പർക്കസമിതക്കും, വിദ്യാലയവിദ്യാഭ്യാസ സമിതിക്കും ഇക്കാര്യത്തിൽ വേണ്ടതു ചെയ്യുവാൻ കഴിയും. കൊഴിഞ്ഞുപോക്ക് സംബന്ധിച്ച വിവരം പട്ടിക-5ൽകൊടുക്കുന്നു.

## ക്ലാസ്സ് കയറ്റം കിട്ടാത്തവരുടെ കൊഴിഞ്ഞുപോക്ക്

പരാജയപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് എട്ടും ഒമ്പതും ക്ലാസ്സുകളിലാണ് അല്പം കൂടുതലായി കാണുന്നത്. മറ്റു ക്ലാസ്സുകളിൽ വളരെ കുറച്ചുപേർ മാത്രമേ പഠനം നിർത്തിപോകുന്നുള്ളു. പട്ടികജാതിയിൽ പെട്ട മുഴുവൻ വിദ്യാർത്ഥികളും സ്ക്കൂളിൽ ചേരുന്നുണ്ടെങ്കിലും കൊഴിഞ്ഞുപോക്ക് അവരിൽ താരതമ്യേന കൂടുതലാണ്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കൊഴിഞ്ഞുപോക്ക് സംബന്ധിച്ച വിവരം പട്ടിക-6ൽ ചേർത്തിട്ടുണ്ട്.

## പട്ടിക-3 വിദ്യാലയങ്ങളുടെ പൊതുവിവരം

| ക്രമനമ്പർ | വിദ്യാലയത്തിന്റെ പേര് | സർക്കാർ/എയ്ഡഡ്/ അ.എയ്ഡഡ് | തരം | വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | | | വിസ്തീർണ്ണം | | | ചുറ്റുമതിൽ ഉണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപകർ | സ്ഥിരമുള്ളവർ | ഒഴിവുകൾ | താൽക്കാലിക ജീവനക്കാർ | മൊത്തം | കളിസ്ഥലം | ഉപയോഗിക്കാത്ത സ്ഥലം | |
| 1 | ഇരിങ്ങല്ലൂർ ഗവ.ഹൈസ്കൂൾ | സർക്കാർ | ഹൈസ്കൂൾ | 1103 | 967 | 2070 | 59 | 57 | 2 | | 52സെ | - | 3ഏ18സെ | ഇല്ല |
| 2 | കൊടൽ ഗവ.യു.പി.സ്കൂൾ | " | യു.പി. | 349 | 308 | 657 | 19 | 19 | | | 1ഏ55സെ | 1ഏ.40സെ | | |
| 3 | ഒളവണ്ണ ഗവ.എൽ.പി.സ്കൂൾ | " | എൽ.പി. | 124 | 126 | 250 | 9 | 9 | | | 43സെ | 25സെ | | ഇല്ല |
| 4 | കൂടത്തംപാറ ഗവ.എൽ.പി.സ്കൂൾ | " | " | 55 | 52 | 107 | 5 | 5 | | | 222സെ | 17സെ | | ഇല്ല |
| 5 | പന്തീരാങ്കാവ് ഹൈസ്കൂൾ | എയ്ഡഡ് | ഹൈസ്കൂൾ | 1044 | 868 | 1912 | 67 | 67 | | 1 | 4ഏ35സെ | 4ഏ | 25ഏ | ഇല്ല |
| 6 | കമ്പിളിപറമ്പ എം.യു.പി.സ്കൂൾ | " | യു.പി | 644 | 559 | 1203 | 42 | 42 | | | 78സെ | 27സെ | | |
| 7 | പന്തീരാങ്കാവ് എ.യു.പി.സ്കൂൾ | " | " | 614 | 552 | 1116 | 29 | 29 | | | 82സെ | 50സെ | | ഇല്ല |
| 8 | കുന്നംകുളങ്ങര എം.യു.പി.സ്കൂൾ | | " | 210 | 176 | 386 | 17 | 17 | | | 1ഏ02സെ | 88 | | ഭാഗികം |
| 9 | ഒടുമ്പ്ര എ.എൽ.പി. സ്കൂൾ | | എൽ.പി | 77 | 92 | 169 | 6 | 6 | | | 50സെ | 40 | | |
| 10 | ഒളവണ്ണ എ.എൽ.പി.സ്കൂൾ | | " | 169 | 179 | 348 | 9 | 9 | | | 25സെ | 17 | | |
| 11 | തുമ്പയിൽ എ.എം.എൽ.പി.സ്കൂൾ | " | " | 57 | 55 | 112 | 5 | 5 | | | 75സെ | 65 | | |
| 12 | മൂർക്കനാട് എ.എൽ.പി.സ്കൂൾ | | " | 51 | 50 | 101 | 4 | 4 | | | 50സെ | 30 | | |
| 13 | കുന്നംകുളങ്ങര എ.എൽ.പി.സ്കൂൾ | " | " | 105 | 72 | 77 | 5 | 5 | | | 13സെ | 10 | | ഭാഗികം |
| 14 | കൈലമഠം എ.എം.എൽ.പി. സ്കൂൾ | | " | 30 | 20 | 50 | 5 | 5 | | | 10സെ | 5 | | |
| 15 | ഒളവണ്ണ പഞ്ചായത്ത് എൽ.പി.സ്കൂൾ | പഞ്ചായത്ത് | | 149 | 123 | 272 | 8 | 6 | | | 15സെ | - | | |
| 16 | കാലിക്കറ്റ് ഇസ്ലാമിക് റസിഡൻഷ്യൽ ഹൈസ്കൂൾ | അൺ.എയ്ഡഡ് | ഹൈസ്കൂൾ | 243 | 15 | 258 | 23 | 23 | 2 | | 14ഏ500സെ | 12ഏ | | |
| | | | | 5024 | 4214 | 9238 | 308 | 308 | 4 | 1 | | | | |

506

## അക്കാദമിക് സൗകര്യങ്ങൾ

അക്കാദമിക്ക് സൗകര്യങ്ങൾ പലസ്കൂളുകളിലും വേണ്ടത്രയില്ല. ദൃശ്യ- ശ്രവ്യ ഉപകരണങ്ങളും മറ്റു പഠനോപകരണങ്ങളും ആവശ്യമായ തോതിൽ എല്ലാവിദ്യാലയങ്ങളിലും കിട്ടാനുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്താൻ ഇവ അനിവാര്യമാണെന്നകാര്യത്തിൽ തർക്കമുണ്ടാവുകയില്ല. പി.ടി.എയുടെയും മാതൃസംഗമം, സ്കൂൾ- വിദ്യാഭ്യാസസമിതി എന്നിവയുടെ കൂട്ടായ ശ്രമമുണ്ടായാൽ ഒരു പരിധിവരെ ഇത്തരം സൗകര്യങ്ങൾ പ്രദേശികമായി ഏർപ്പെടുത്താൻ കഴിയും. അക്കാദമിക് സൗകര്യങ്ങളുടെ ഏകദേശ വിവരം പട്ടിക-7ൽ

## സാമ്പത്തികാനുകൂല്യങ്ങൾ

95-96 സാമ്പത്തിക വർഷത്തിൽ വിവിധ തുറകളിൽ വിദ്യാർത്ഥികൾക്ക് ലഭിച്ച സാമ്പത്തികാനുകൂല്യങ്ങളുടെ വിവരം പട്ടിക 8ൽ കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ പന്തീരാങ്കാവ് ഹൈസ്കൂളിലെ മൂന്ന് കുട്ടികൾക്ക് രാഷ്ട്രപതിയുടെ ഗൈഡ്സ് അവാർഡും (ദേശീയതലം) ഒരു കുട്ടിക്ക് രാജപുരസ്കാർ അവാർഡും(സംസ്ഥാനതലം) കിട്ടിയിട്ടുണ്ട്.

## അക്കാദമിക് നിലവാരം

പഞ്ചായത്ത് വിദ്യാഭ്യാസമിതി വർഷാരംഭത്തിൽ നടത്തിയ മുന്നറിവു പരീക്ഷയുടെയും പിന്നീട് നടന്ന പാദവാർഷിക പരീക്ഷയുടെയും വിജയശതമാനം പരിശോധിച്ചാൽ യു.പി.വിഭാഗത്തിലും ഹൈസ്കൂൾ വിഭാഗത്തിലും പഠനനിലവാരം തൃപ്തികരമല്ലെന്നു കാണാം. എൽ.പി വിഭാഗത്തിൽ ശരാശരി 67 ശതമാനം കുട്ടികൾക്ക് 40 ശതമാനത്തിലധികം മാർക്ക് കിട്ടിയപ്പോൾ, യു.പി. വിഭാഗത്തിൽ 40 ശതമാനം പേർക്ക് മാത്രമേ 40 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിച്ചുള്ളൂ. ഹൈസ്കൂൾ വിഭാഗത്തിൽ ഇത് 21 % മാത്രമാണ്. എൽ.പി വിഭാഗത്തിൽ മൂന്നാംതരത്തിലാണ് പിന്നോക്കക്കാരെ കൂടുതലായികണ്ടത്. പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 95 ശതമനം വരും ഇന്ത്യയ്ക്കാതെ മാതൃകയായി കേരളക്കരയിൽ നടന്ന സാക്ഷരതാ പ്രവർത്തനത്തിനു നേതൃത്വം കൊടുത്ത നൂറുകണക്കിന് സാക്ഷരതാ പ്രവർത്തകരെ നാമിന്നും നന്ദിയോടെ സ്മരിക്കുന്നു. എന്നിരുന്നാലും, അക്ഷരബോധവും അക്കബോധവുമില്ലാത്ത ശതമാനത്തോളം വിദ്യാർത്ഥികൾ നമ്മുടെ വിദ്യാലയങ്ങൾക്കകത്തുണ്ടെന്ന ദുഃഖസത്യം നിലനിൽക്കുന്നു. പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകളിലേയും SSLC വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ് കഴിഞ്ഞ 5 വർഷങ്ങളിലെ വിജയശതമാനം താഴെ കൊടുക്കുന്നു.(പട്ടിക-9)

സ്ക്കൂൾ പ്രവേശനത്തിലും ക്ലാസ്സ് കയറ്റത്തിലും യാതൊരു നിയന്ത്രണവും ഏർപ്പെടുത്താതെ, പ്രവേശനം ആഗ്രഹിച്ചു വരുന്ന എല്ലാവർക്കും പ്രവേശനം കൊടുക്കുകയും സർക്കാർ നിർദ്ദേശം കൃത്യമായി പാലിച്ചുകൊണ്ട് ക്ലാസ്സ്കയറ്റം കൊടുക്കുകയും ചെയ്യുന്ന സ്ക്കൂളുകളാണ് ഈ പഞ്ചായത്തിലെ ഒരു അൺ-എയ്ഡഡ് സ്ക്കൂൾ(CIRS) ഒഴികെ മറ്റെല്ലാ വിദ്യാലയങ്ങളും. അതുകൊണ്ടുതന്നെ വിജയശതമാനത്തിന്റെ കാര്യത്തിൽ അൺ-എയ്ഡഡ് സ്കൂളുകൾക്കൊപ്പമെത്താൻ നമ്മുടെ വിദ്യാലയങ്ങൾക്ക് കഴിയുന്നില്ല. അവരുടെ വിജയശതമാനം ഉയർന്നതാവുകയെന്നത് സ്വാഭാവികം മാത്രമാണ്. ഉയർന്ന SSLC വിജയശതമാനം മാത്രം കണക്കിലെടുത്ത് വിദ്യാലയത്തെ വിലയിരുത്തുന്നത് തികച്ചും ആശാസ്ത്രീയമാണെന്ന ബോധം ഉണ്ടാകേണ്ടതത്യാവശ്യമാണ്. അധ്യാപകരുടെയു രക്ഷിതാക്കളുടെയും കൂട്ടായ്മയും ആരോഗ്യകരവും ക്രിയാത്മകവുമായ സാമൂഹ്യഇടപെടലുകളും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താവാൻ അനിവാര്യമാണെന്നതുകൊണ്ട് ആ വഴിക്കുള്ളൊരു നീക്കം എത്രയും പെട്ടെന്ന് ഉണ്ടാവേണ്ടിയിരിക്കുന്നു. പഠനനിലവാരം പട്ടിക 9ൽ കാണാം

## നാട്ടുകാരുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തം

വിദ്യാലയങ്ങളുടെ ഭൗതിക സൗകര്യങ്ങൾമെച്ചപ്പെടുത്തുന്ന കാര്യത്തിൽ നാട്ടുകാരും രക്ഷിതാക്കളും തല്പരരാണ് എന്നത് ആശാവഹമാണ് 95-96 സാമ്പത്തിക വർഷത്തിൽ1,35,000 രൂപ കെട്ടിടം, കക്കൂസ്, കഞ്ഞിപ്പുര മുതലായവയുടെ നിർമ്മാണത്തിനുവേണ്ടി സംഭാവനയായി സംഭരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിർമ്മാണ സാമഗ്രികളും ഗണ്യമായ തോതിൽ സംഭാവനയായി കിട്ടിയിട്ടുണ്ട്. കൂടാതെ, ധാരാളം മനുഷ്യാദ്ധ്വാനവും വികസനപ്രവർത്തനങ്ങൾക്കായി ശ്രമദാനമായി ലഭിക്കുകയുണ്ടായി. വിദ്യാഭ്യാസനിലവാരം മോശമാകാനുള്ള പല കാരണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത. അധ്യാപകരക്ഷാകർതൃസമിതിയുടേയും നാട്ടുകാരുടേയും കൂട്ടായ പ്രവർത്തനം കൊണ്ട് ഇക്കാര്യത്തിൽ അനുകൂലമായ മാറ്റമുണ്ടാക്കാൻ കഴിയുമെന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് മേൽ സൂചിപ്പിച്ച നിർമ്മാണ പ്രവർത്തനങ്ങൾ. ഈ പ്രവർത്തനം വ്യാപിപ്പിക്കുവാൻ കഴിഞ്ഞാൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഗണ്യമായ നേട്ടം കൈവരിക്കാൻ കഴിയും.

പട്ടിക-4

സ്കൂളിന്റെ ഭൗതിക സൗകര്യത്തിന്റെ വിവരം

| 1 | വിദ്യാലയത്തിന്റെ പേര് | ആകെ [illegible] എണ്ണം | കെട്ടിടങ്ങളുടെ എണ്ണം: സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] ഉണ്ടോ? | [illegible] ഉണ്ടോ? | [illegible] ഉണ്ടോ? | [illegible] എണ്ണം: [illegible] | ബെഞ്ച് | മേശ | കസേര | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 |
| 1. | ഇരിങ്ങല്ലൂർ ഗവ. ഹൈസ്കൂൾ .. | 44 | 4 | 2 | – | 26 | ഉണ്ട് | 1 | 10 | 1 | 1 | - | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 260 | 180 | 20 | 40 | [illegible] 5 അലമാര 8 |
| 2. | പന്തീരാങ്കാവ് ഹൈസ്കൂൾ .. | 67 | 7 | – | – | – | – | 4 | 30 | – | 4 | - | " | " | " | " | ഉണ്ട് | – | – | – | – | – |
| 3. | കൊടൽ ഗവ. യു.പി. സ്കൂൾ .. | 17 | 3 | 1 | – | 8 | ഉണ്ട് | 2 | 10 | 1 | 2 | - | കിണർ | " | " | " | ഇല്ല | 40 | 65 | 14 | 15 | അലമാര 2 |
| 4 | പന്തീരാങ്കാവ് യു.പി. സ്കൂൾ .. | 29 | 1 | 4 | – | – | – | 2 | 15 | 1 | 1 | - | പൈപ്പ് | " | " | " | ഉണ്ട് | – | – | – | – | – |
| 5 | [illegible] എം.യു.പി. സ്കൂൾ .. | 31 | – | 11 | – | – | – | 2 | 13 | 1 | 1 | - | " | ഇല്ല | " | " | " | – | – | – | – | - |
| 6 | [illegible] എം.യു.പി. സ്കൂൾ | 12 | 1 | 6 | – | – | – | 3 | 12 | 1 | 1 | – | കിണർ | ഉണ്ട് | " | ഇല്ല | ഇല്ല | 5 | 5 | 3 | 5 | അലമാര 3 |
| 7 | [illegible] ഗവ. എൽ.പി. സ്കൂൾ | 4 | 1 | – | – | – | – | 1 | 4 | 1 | – | – | " | ഇല്ല | ഇല്ല | " | " | 6 | 5 | 3 | 3 | അലമാര 2 |
| 8 | ഒളവണ്ണ ഗവ. എൽ.പി. സ്കൂൾ | 8 | 2 | – | – | 4 | ഉണ്ട് | 2 | 4 | 2 | 1 | 1 | " | " | " | " | " | 10 | 25 | 5 | 5 | " 2 |
| 9 | [illegible] എ.എൽ.പി. സ്കൂൾ | 5 | 2 | 1 | – | – | – | 2 | 12 | 1 | 1 | – | " | " | " | " | " | 22 | 9 | 1 | 1 | " 1 |
| 10. | മൂർക്കനാട് എ.എൽ.പി. സ്കൂൾ .. | 4 | 1 | – | – | – | – | 1 | 3 | 1 | – | – | — | " | " | " | " | 12 | 20 | 5 | 5 | " 2 |
| 11 | [illegible] പി.ടി.എം. എൽ.പി. സ്കൂൾ | 4 | 1 | – | – | – | – | 1 | 1 | – | – | – | [illegible] | " | ഉണ്ട് | " | ഉണ്ട് | – | – | – | – | – |
| 12 | [illegible] എ.എം.എൽ.പി. സ്കൂൾ | 4 | – | 1 | – | – | – | 2 | 4 | – | – | – | " | " | " | " | " | – | – | – | – | – |
| 13 | ഒളവണ്ണ എ.എൽ.പി. സ്കൂൾ .. | 8 | 2 | 1 | – | 1 | ഉണ്ട് | 1 | 4 | 1 | 1 | – | " | " | " | " | ഇല്ല | – | 17 | 6 | 6 | അലമാര 5 |
| 14 | ഒളവണ്ണ പഞ്ചായത്ത് എ.എൽ.പി. സ്കൂൾ | 8 | 3 | – | – | – | – | 1 | 10 | – | 1 | – | കിണർ | " | " | " | " | 50 | 10 | – | – | – |
| 15 | [illegible] എ.എൽ.പി. സ്കൂൾ .. | 6 | 2 | – | – | – | – | 1 | 4 | 1 | 1 | – | കിണർ | " | ഇല്ല | " | " | 10 | 10 | 3 | 3 | അലമാര 1 |
| 16 | [illegible] | 11 | 2 | – | – | – | – | 2 | 20 | – | 17 | – | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | – | – | – | – | – |

## പഞ്ചായത്തു വിദ്യാഭ്യാസ സമിതി

പഞ്ചായത്തിലെ വിദ്യാലയങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും പഠനനിലവാരം ഉയർത്തുന്നതിനും വേണ്ടി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 'വിദ്യാഭ്യാസ സമിതി' സജീവമായി രംഗത്തുണ്ട്. പഠനപ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളുടെ പങ്ക് ഉറപ്പ് വരുത്തുന്നതിനും അവരെ പഠനോത്സുകരാക്കുന്നതിനും, അധ്യാപകർക്ക് പുന:പരിശീലനത്തിനുള്ള സാഹചര്യമൊരുക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ വിദ്യാഭ്യാസസമിതി നടത്തിവരുന്നുണ്ട്. വിദ്യാലയങ്ങളിൽ സബ്ജക്ട് കൗൺസിലുകളും ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിക്കുന്നു. പഞ്ചായത്ത് തലത്തിലും വിവിധ വിഷയങ്ങൾക്ക് സബ്ജക്ട് കൗൺസിലുകളുണ്ട്. ഇവ ഇടക്കിടയ്ക്ക് വൈകുന്നേരങ്ങളിലും ഒഴിവുദിവസങ്ങളിലും സമ്മേളിച്ച് പ്രശ്നങ്ങൽ ചർച്ചചെയ്യുകയും പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയും ചെയ്യുന്നുണ്ട്. അടിസ്ഥാന ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം എന്നീ വിഷയങ്ങളിൽ സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും പ്രശ്നോത്തരി നടത്തി പ്രോത്സാഹന സമ്മാനങ്ങൾ കൊടുത്തു വരുന്നു. ഈ വർഷം അധ്യാപകർക്ക് വിവിധവിഷയങ്ങളിലായി ഒമ്പത് പുന:പരിശീലനക്ലാസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി ചിത്രകല പരിപോഷിപ്പിക്കുന്നതിനും, ചിത്രകലയിൽ കുട്ടികൾക്ക് കൂടുതൽ താല്പര്യമുണ്ടാക്കുന്നതിനും ആവശ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. മാസത്തിലൊരിക്കൽ ബോധവൽക്കരണക്ലാസ്സും ചിത്രരചനാമത്സരവുമാണ് ഇപ്പോൾ നടത്തിവരുന്നത്. 'മെയ്ക്കപ്പ്' പരിശീലനവും നടത്താൻ പരിപാടിയുണ്ട് വിദ്യാലയങ്ങളിൽ പാഠ്യാനുബന്ധ പാഠ്യേതര പ്രവർത്തനങ്ങൾ സജീവമാക്കാനുള്ള നടപടികൾ ഫലപ്രദമായി നടക്കുന്നുണ്ട്. ക്രിയാത്മകവും ആരോഗ്യകരവുമായ സാമൂഹിക ഇടപെടൽ കൊണ്ടുമാത്രമേ വിദ്യാഭ്യാസ പ്രവർത്തനം ഫലവത്താക്കാൻ സാധിക്കൂ. എന്ന ബോധം വളർന്നുവരുന്നുണ്ട്. ഇന്നത്തെ പിന്നോക്കാവസ്ഥ സമീപഭാവിയിൽ തന്നെ പരിഹരിക്കപ്പെടുമെന്നു നമുക്ക് വിശ്വസിക്കാം.

ഗ്രാമസഭാറിപ്പോർട്ടുകളെ അടിസ്ഥാനമാക്കിയുള്ള വിവരങ്ങൾ

## പ്രശ്നങ്ങൾ

- ✖ കെട്ടിടം ഫർണ്ണിച്ചർ അടക്കമുള്ള ഭൗതിക സൗകര്യങ്ങൾ പലവിദ്യാലയങ്ങളിലും അപര്യാപ്തമാണ്.
- ✖ ഭൂരിഭാഗം വിദ്യാലയങ്ങളിലും ക്ലാസ്സുമുറികൾ വേർതിരിക്കപ്പെട്ടിട്ടില്ല.
- ✖ കളിസ്ഥലം പല സ്കൂളിലും കുറവാണ്. ഇരിങ്ങല്ലൂർ ഹൈസ്കൂൾ,എൽ.പി.സ്കൂൾ ഒളവണ്ണ പഞ്ചായത്ത് എൽ.പി.സ്കൂൾ, ഒടുമ്പ്ര എൽ.പി.സ്കൂൾ എന്നിവിടങ്ങളിൽ കളിസ്ഥലം ഇല്ലെന്നുതന്നെ പറയാം.
- ✖ കായികവിദ്യാഭ്യാസം, ചിത്രകല, സംഗീതം, കൈവേല എന്നിവയ്ക്ക് തസ്തിക അനുവദിക്കുന്നില്ല.
- ✖ സർക്കാർ സ്കൂളുകളിൽ അധ്യാപകനിയമനം സമയത്തിനു നടക്കുന്നില്ല.
- ✖ 6. അധ്യാപക വിദ്യാർത്ഥി അനുപാതം കൂടുതലാണ്.
- ✖ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളും വായനശാലകളും ഇല്ല. ഉള്ളവയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ✖ തുടർ സാക്ഷരതാ പ്രവർത്തനം കാര്യമായി നടക്കുന്നില്ല.
- ✖ നഴ്സറി സ്ക്കൂളുകൾ കുറവാണ്. ഉള്ളവയുടെ പ്രവർത്തനരീതി കാര്യക്ഷമമല്ല.
- ✖ SSLC വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.
- ✖ സ്ക്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ✖ പലഭാഗങ്ങളിലും കുട്ടികൾക്ക് ഉപരിപഠനത്തിന് വിഷമം നേരിടുന്നുണ്ട്.
- ✖ പഠനോപകരങ്ങൾ അപര്യാപ്തമാണ്. ഉള്ളവ ശരിയായ രീതിയിൽ ഉപയോഗിക്കുന്നില്ല.
- ✖ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും സാങ്കേതിക വിദ്യാഭ്യാസത്തിനും സൗകര്യമില്ല.

## സാദ്ധ്യതകൾ

- ✔ ചില വിദ്യാലയങ്ങളിൽ കെട്ടിടം നിർമ്മിക്കാനുള്ള സ്ഥലം സ്വന്തമായുണ്ട്.
- ✔ മനുഷ്യപ്രയത്നം ശ്രമദാനമായി കിട്ടാൻ സാദ്ധ്യതയുണ്ട്.
- ✔ നിർമ്മാണ സാമഗ്രികളും പണവും കുറെയൊക്കെ സംഭാവനയായി സംഭരിക്കാൻ കഴിയും
- ✔ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന കാര്യത്തിൽ സന്നദ്ധപ്രവർത്തനം നടത്തുവാൻ പഞ്ചായത്ത് വിദ്യാഭ്യാസസമിതി സജീവമായി രംഗത്തുണ്ട്.
- ✔ അധ്യാപക രക്ഷാകർതൃസമിതി, മാതൃസംഗമം, സന്നദ്ധപ്രവർത്തകർ, മറ്റു വിദ്യാഭ്യാസപ്രവർത്തകർ എന്നിവരുടെയൊക്കെ ആത്മാർത്ഥമായ സഹകരണം പ്രതീക്ഷിക്കാം.

## നിർദ്ദേശങ്ങൾ

- ☞ ഇരിങ്ങല്ലൂർ ഗവ.ഹൈസ്ക്കൂളിന് കെട്ടിടമുണ്ടാക്കാൻ നാട്ടുകാർ സംഭാവനയായി നൽകിയ 3ഏ 18 സെന്റ്

പട്ടിക 5

തോറ്റുപഠിക്കുന്നവരുടെയും കൊഴിഞ്ഞു പോക്കിന്റെയും വിവരം

| ക്ലാസ്സ് | ആകെ കുട്ടികൾ | | | പട്ടികജാതി/വർഗ്ഗം | | | തോറ്റു പഠിക്കുന്നവർ | | | | | | പഠനം നിർത്തിയവർ (കഴിഞ്ഞ 5 വർഷത്തെ ശരാശരി) | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | | പട്ടികജാതി/പട്ടികവർഗ്ഗം | | | മറ്റുള്ളവർ | | | ആകെ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ | ആ | പെ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 |
| 1 | 496 | 419 | 915 | 35 | 32 | 67 | - | - | - | - | - | - | 0.6 | 0.8 | 1.4 | 19.8 | 14.0 | 33.8 | 20.4 | 14.8 | 35.2 |
| 2 | 437 | 374 | 811 | 26 | 32 | 58 | 2 | 2 | 4 | 35 | 30 | 65 | 0.8 | - | 0.8 | 9.2 | 4.6 | 13.8 | 10.0 | 4.6 | 14.6 |
| 3 | 468 | 486 | 954 | 25 | 25 | 50 | 3 | - | 3 | 40 | 36 | 76 | 0.2 | 0.2 | 0.4 | 5.8 | 2.6 | 8.4 | 6.0 | 2.8 | 8.8 |
| 4 | 515 | 405 | 920 | 27 | 26 | 53 | 5 | 2 | 7 | 51 | 13 | 64 | 0.4 | - | 0.4 | 4.6 | 2.6 | 7.2 | 5.0 | 2.6 | 7.6 |
| 5 | 570 | 458 | 1028 | 26 | 28 | 54 | 3 | 3 | 6 | 42 | 14 | 56 | 0.6 | 0.2 | 0.8 | 6.4 | 2.0 | 8.4 | 7.0 | 2.2 | 9.2 |
| 6 | 530 | 451 | 981 | 37 | 23 | 60 | 5 | 2 | 7 | 32 | 21 | 53 | 0.8 | 1.0 | 1.8 | 9.8 | 4.0 | 13.8 | 9.0 | 4.4 | 13.4 |
| 7 | 627 | 440 | 1067 | 22 | 28 | 50 | 3 | 3 | 6 | 76 | 39 | 115 | 1.6 | 1.2 | 2.8 | 8.6 | 6.0 | 14.6 | 10.2 | 7.2 | 17.4 |
| 8 | 556 | 446 | 1002 | 35 | 26 | 61 | 10 | 1 | 11 | 67 | 36 | 103 | 1.4 | 0.8 | 2.2 | 7.6 | 4.2 | 11.8 | 9.0 | 5.0 | 14.0 |
| 9 | 462 | 403 | 865 | 24 | 21 | 45 | 3 | 2 | 5 | 47 | 18 | 65 | 2.6 | 0.6 | 3.2 | 31.4 | 3.8 | 35.2 | 34.0 | 4.4 | 38.4 |
| 10 | 363 | 332 | 695 | 21 | 18 | 39 | - | - | - | - | - | - | - | - | - | - | - | - | - | - | - |
| | 5024 | 4214 | 9238 | 278 | 259 | 537 | 34 | 15 | 49 | 390 | 207 | 597 | 9.0 | 4.8 | 13.8 | 103.2 | 43.8 | 147.0 | 110.6 | 48.0 | 158.6 |
| LP വിഭാഗം | 1916 | 1664 | 3600 | 113 | 115 | 228 | 10 | 4 | 14 | 126 | 79 | 205 | 2.0 | 1.0 | 3.0 | 39.4 | 23.8 | 63.2 | 41.4 | 24.8 | 66.2 |
| UP വിഭാഗം | 1727 | 1349 | 3076 | 85 | 79 | 164 | 11 | 8 | 19 | 150 | 74 | 224 | 3.0 | 2.4 | 5.4 | 24.8 | 12.0 | 36.8 | 26.2 | 13.8 | 40.0 |
| HS വിഭാഗം | 1381 | 1181 | 2562 | 80 | 65 | 145 | 13 | 3 | 16 | 114 | 54 | 168 | 4.0 | 1.4 | 5.4 | 39.0 | 8.0 | 47.0 | 43.0 | 9.4 | 52.4 |
| | 5024 | 4214 | 9238 | 278 | 259 | 537 | 34 | 15 | 49 | 390 | 207 | 597 | 9.0 | 4.8 | 13.8 | 103.2 | 43.8 | 147.0 | 110.6 | 48.0 | 158.6 |

571

സ്ഥലത്ത് ആവശ്യമായ കെട്ടിടം നിർമ്മിച്ച് ഹൈസ്കൂൾ വിഭാഗം അവിടേക്ക് മാറ്റണം ഫർണിച്ചർ വേണം. സെഷനൽ സമ്പ്രദായം നിർത്തണം കളിസ്ഥലവും ഓപ്പൺ സ്റ്റേജും വേണം


- ഇരിങ്ങല്ലൂർ ഹൈസ്കൂൾവൊക്കേഷനൽ ഹയർ സെക്കന്ററി സ്ക്കൂൾ(VHSC)ആയി ഉയർത്തണം.
- കൊടൽ ഗവ.യു.പി.സ്ക്കൂളിന് കെട്ടിടം നിർമ്മിച്ച് സെഷനൽ സമ്പ്രദായം നിർത്തലാക്കണം. ഹൈസ്ക്കൂളായി ഉയർത്തണം.
- ഒളവണ്ണ ഗവ.എൽ.പി.സ്ക്കൂൾ യു.പി.സ്ക്കൂളായി ഉയർത്തണം. ഇതിന് ആവശ്യമായ കെട്ടിടം നിർമ്മിക്കുകയും നിലവിലുള്ളവ റിപ്പെയർ ചെയ്യുകയും വേണം
- ഒളവണ്ണ പഞ്ചയാത്ത് എൽ.പി.സ്ക്കൂൾ, യു.പി.സ്കൂളായി ഉയർത്തണം ഇതിനാവശ്യമായ സ്ഥലം എക്വയർ ചെയ്ത് കെട്ടിടം നിർമ്മിക്കണം. ഫർണ്ണിച്ചർ വേണം
- കായിക പരിശീലനം, ചിത്രകല, സംഗീതം, കൈവേല എന്നീ വിഷയങ്ങൾക്ക് എല്ലാ വിദ്യാലയങ്ങളിലും തസ്തിക അനുവദിച്ച് നിയമനം നടത്തണം
- വർഷാരംഭത്തോടുകൂടിത്തന്നെ അധ്യാപകനിയമനം പൂർത്തിയാക്കണം
- ഗ്രന്ഥലയങ്ങളും വായനശാലകളും എല്ലാ വാർഡുകളിലും വേണം അനുപൂരക വിദ്യാഭ്യാസത്തിനുപയുക്തമാകും വിധം ഇവയുടെ പ്രവർത്തന ശൈലിയിൽ മാറ്റം വരണം.
- അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കണം
- 1,3,4,6,8,10,11,13,14 വാർഡുകളിൽ നഴ്സറി സ്ക്കൂളുകളോ ബാലവാടികളോ വേണം.
- ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കി തുടർസാക്ഷരതാ പ്രവർത്തനം ഊർജ്ജസ്വലമാക്കണം.
- അധ്യാപക പുനഃപരിശീലനം, മൂല്യനിർണ്ണയം, പരിഹാരബോധനം, പാഠനോപകരണ നിർമ്മാണം മറ്റു പാഠ്യാനുബന്ധ പാഠ്യേതര പ്രവർത്തനങ്ങൾ എന്നിവയിൽ പഞ്ചായത്ത് വിദ്യാഭ്യാസ സമിതി കാര്യമായി ശ്രദ്ധിക്കണം.
- പന്തീരാങ്കാവ് ഹൈസ്ക്കൂളിൽ 'പ്ലസ് ടു' ഏർപ്പെടുത്തണം
- കമ്പിളിപറമ്പ യു.പി.സ്കൂൾ ഹൈസ്ക്കൂളാക്കി ഉയർത്തണം. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനുള്ള സൗകര്യം വേണം. ആവശ്യമായ കെട്ടിടം നിർമ്മിക്കാൻ മാനേജർ തയ്യാറാണ്.
- ഒളവണ്ണ എ.എൽ.പി.സ്കൂൾ, ഒടുമ്പ്ര എ.എൽ.പി.സ്ക്കൂൾ, തുമ്പയിൽ എ.എൽ.പി.സ്ക്കൂൾ, എന്നിവ യു.പി.സ്ക്കൂളായി ഉയർത്തണം
- കൈലമഠം എം.എം.എൽ.പി സ്ക്കൂൾ പൂളേങ്കരയിലേക്ക് മാറ്റണം
- കുന്നുംകുളങ്ങര എം.യു.പി.സ്ക്കൂളിന്റെ എൽ.പി. വിഭാഗവും യു.പി.വിഭാഗവും വേർതിരിച്ച് രണ്ടു സ്ക്കൂളാക്കി മാറ്റണം.
- പന്തീരാങ്കാവിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ട്(ITI) സ്ഥാപിക്കണം.
- ചുറ്റുമതിൽ ഇല്ലാത്ത വിദ്യാലങ്ങൾക്ക് ചുറ്റുമതിൽ കെട്ടണം.
- 9-ാം വാർഡിൽ തൊഴിൽ പരിശിലനകേന്ദ്രം വേണം
- എല്ലാ വിദ്യാലയങ്ങളിലും കക്കൂസ്, മൂത്രപ്പുര എന്നിവ വേണ്ടത്ര നിർമ്മിക്കണം
- പഞ്ചായത്ത് കേന്ദ്രികരിച്ച് കമ്പ്യൂട്ടർ ട്രെയിനിംഗ് കേന്ദ്രവും ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടും വേണം.
- മാനേജുമന്റിന് താല്പര്യമില്ലാത്ത എയ്ഡഡ് സ്ക്കൂളുകൾ സർക്കാർ ഏറ്റെടുക്കണം.
- പഠനോപകരണങ്ങൾ ന്യായവിലക്ക് ലഭ്യമാക്കുവാൻ സഹകരണസ്റ്റോർ വേണം
- ഭാഷാപഠനത്തിന്റെ പേരിൽ കുട്ടികളെ വെവ്വേറെ ക്ലാസ്സുകളിലിരുത്തുന്ന സമ്പ്രദായം നിർത്തലാക്കണം.

| ക്രമ.ന | വിദ്യാലയത്തിന്റെ പേര് | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|
| 1 | ഇരിങ്ങല്ലൂർ ഗവ.ഹൈസ്ക്കൂൾ | 31 | 33 | 32 | 30 | 30 |
| 2 | പന്തീരാങ്കാവ് ഹൈസ്ക്കൂൾ | 27 | 34 | 25 | 22 | 30 |
| 3 | കാലിക്കറ്റ് ഇസ്ലാമിക് ഹൈസ്ക്കൂൾ(അൺ-എയ്ഡ്യ്) | - | - | 100 | 96 | 100 |

പട്ടിക 9 **കഴിഞ്ഞ 5 വർഷത്തെ SSLC വിജയശതമാനം**

# പട്ടിക- 10 പഠനനിലവാരം

| ക്ലാസ്സ് | കുട്ടികളുടെ എണ്ണം | പഠനനിലവാരം | | | | | ആകെ എൽ.പി. യു.പി. വിഭാഗം വേർതിരിച്ച് | | | | പഠനനിലവാരം(%) | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 30% താഴെ | 30-40 % | 40-50% | 5060% | 60 % | ആകെ | 40% താഴെ | 40-60% | 60%മീതെ | 40% താഴെ | 40-60% | 60% മീതെ |
| 1 | 915 | 36 | 90 | 89 | 365 | 335 | | | | | | | |
| 2 | 811 | 149 | 89 | 113 | 205 | 255 | | | | | | | |
| 3 | 954 | 296 | 160 | 138 | 115 | 245 | | | | | | | |
| 4 | 920 | 226 | 145 | 152 | 158 | 239 | 3600 | 1191 | 1335 | 1074 | 33% | 37% | 30% |
| 5 | 1028 | 268 | 209 | 162 | 138 | 251 | | | | | | | |
| 6 | 981 | 502 | 159 | 127 | 73 | 120 | | | | | | | |
| 7 | 1067 | 507 | 203 | 127 | 97 | 133 | 3076 | 1848 | 724 | 504 | 60% | 24% | 16% |
| 8 | 1002 | 720 | 113 | 65 | 47 | 57 | | | | | | | |
| 9 | 865 | 544 | 102 | 119 | 45 | 55 | | | | | | | |
| 10 | 695 | 455 | 89 | 66 | 45 | 40 | 2562 | 2023 | 387 | 152 | 79% | 15% | 6% |



# വ്യവസായം

നമ്മുടെ പഞ്ചായത്തുപോലെ ജനസാന്ദ്രതയേറിയ ഒരു പഞ്ചായത്തിൽ വ്യവസായ വളർച്ചക്കുള്ള പരിമിതികൾ ഏറെയാണ്. അനുകൂലമായ പ്രകൃതിവിഭവങ്ങളും മനുഷ്യശേഷിയും ശാസ്ത്രീയമായി ഉപയോഗപ്പെടുത്തി വ്യവസായിക മുന്നേറ്റത്തിന് സാധ്യതയുണ്ടെങ്കിലും ഇന്ന് നാം വ്യവാസായികമായി പിന്നോക്കാവസ്ഥയിലാണ്. പൊതുമേഖലയിലോ, സ്വകാര്യമേഖലയിലോ, സഹകരണമേഖലയിലോ, വൻ വ്യവസായങ്ങളൊന്നുമില്ല. എന്നാൽ നമ്മുടെ പഞ്ചായത്തിന്റെ ജനസാന്ദ്രതയും മറ്റും കണക്കിലെടുക്കുമ്പോൾ ചെറുകിട വ്യവസായങ്ങളാണ് അഭികാമ്യം. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി വിവിധങ്ങളായ ചെറുകിട വ്യവസായങ്ങളുണ്ട്. അവയിൽ മുന്നോക്കം നിൽക്കുന്നതി ഇഷ്ടിക നിർമ്മാണയൂണിറ്റുകളാണ് പരമ്പരാഗത വ്യവസായമായ കയർ വ്യവസായം അതിന്റെ പഴഞ്ചൻ രീതിയിൽ തന്നെ തുടരുന്നു. ഇവ കൂടാതെ വുഡ്ഇൻഡസ്ട്രിസും, സ്റ്റീൽ ഇൻഡസ്ട്രീസും, ഫ്ളോർമില്ലുകളും തുടങ്ങി 140ഓളം ചെറുകിട വ്യവസായങ്ങൾ പഞ്ചായത്തിലുണ്ട്. വ്യാവസായിക രംഗത്ത് പഞ്ചായത്തിന് വർഷങ്ങൾ മുമ്പുള്ള പറയത്തക്ക ചരിത്രമൊന്നുമില്ലെങ്കിലും നൂറ്റാണ്ടുകൾക്ക് മുമ്പ് മരവ്യവസായത്തിന്റെ ഒരു കേന്ദ്രം ഒളവണ്ണയിലുണ്ടായിരുന്നതായി പറയപ്പെടുന്നു.

നമ്മുടെ തൊഴിൽ ശേഷിയിൽ മുഖ്യപങ്കും വിനിയോഗിക്കുന്നത് കെട്ടിട നിർമ്മാണ രംഗത്താണ്. പഞ്ചായത്തിനു പുറത്തുള്ള സേവന തുറകളിലും വ്യവസായങ്ങളിലുമായി ഫറോക്ക്, ചെറുവണ്ണൂർ പുതിയറ ഓട്ട് കമ്പനികളിലും, തിരുവണ്ണൂർ കോട്ടൺ മില്ലിലുമായ് ഗണ്യമായ ഒരു വിഭാഗം തൊഴിലെടുക്കുന്നു പഞ്ചായത്തിനകുത്തുള്ള പല വ്യവസായസംരഭങ്ങളിലും വിദ്ഗ്ധ തൊഴിലാളികളുൾപ്പെടുയുള്ളവർ പലരും പുറത്തുനിന്നുള്ള വരുമാനമാണ്. കുറഞ്ഞ കൂലിക്ക് പണിയെടുപ്പിക്കുന്നതിനുവേണ്ടി തമിഴുനാട്ടുകാരെ കൊണ്ടുവരുന്നത പ്രവണതയും ഏറിവരുന്നു. പഞ്ചായത്തിനകത്ത് 1300 ഓളം തൊഴിലാളികൾ വിവിധ വ്യവസായ മേഖലകളെ ആശ്രയിക്കുന്നു. ഇതിൽ 700ഉം സ്ത്രീകളാണ്.

## പരമ്പരാഗത വ്യവസായങ്ങൾ

പരമ്പരാഗത വ്യവസായങ്ങളിൽ എടുത്തുപറയേണ്ടതായുള്ളത് കയർ വ്യവസായത്തെ കുറിച്ചാണ്. നമ്മുടെ പഞ്ചായത്തിന്റെ നീണ്ട പുഴയോര മേഖല ഈ വ്യവസായത്തെ പോഷിപ്പിക്കാൻ പറ്റിയ വിധത്തിലാണ്. സഹകരണമേഖലയിൽ 6 കയർസംഘങ്ങൾ ഉണ്ട്. സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന 60 ഓളം യൂണിറ്റുകളുമുണ്ട് പഴഞ്ചൻ ഉല്പാദന സമ്പ്രദായം തുടരുന്നത് കൊണ്ട് ഈ വ്യവസായങ്ങളിൽ പലതും ലാഭകരമല്ല. സ്ത്രീ തൊഴിലാളികളാണ് ഇതിൽ മുഖ്യമായും ജോലി ചെയ്യുന്നുത്. തൊണ്ടു തല്ലി ചകിരിയാക്കലും, കയർപിരിക്കലുമാണ് ഇന്ന് നിലവിലുള്ളത്. എന്നാൽ ഒടുമ്പ്രയിലുള്ള കയർ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ 100-ഓളം പേർക്ക് തൊഴിൽ ലഭിക്കുന്ന യന്ത്രവൽകരണ റാട്ട ഉപയോഗിച്ചുള്ള കയർപിരി സമ്പ്രദായവും ആരംഭിക്കുന്നതിനാവശ്യമായ പരിശീലനവും കെട്ടിട നിർമ്മാണവും പുരോഗമിച്ചുവരുന്നു.

ഈ വ്യവസായത്തിൽ വളരെ കുറഞ്ഞകൂലി നിരക്കാണ് തൊഴിലാളികൾക്കുള്ളത്. അസംസ്കൃത വസ്തു

കളിമൺ ഉപയോഗിച്ചുള്ള ഇഷ്ടിക നിർമ്മാണ യൂണിറ്റുകളാണ് നമ്മുടെ പഞ്ചായത്തിലെ ചെറുകിട വ്യവസായത്തിന്റെ മുഖ്യധാരയിൽ നിൽക്കുന്നത്. അടുത്തകാലത്തായി ഹോളോബ്രിക്സ് നിർമ്മാണവും പുരോഗമിച്ചുവരുന്നു അനുകരണ പ്രേരണയ്ക്കു പകരം സാധ്യത പഠനത്തിനുശേഷം മുതൽ മുടക്ക് നടത്തുകയാണെങ്കിൽ വ്യവസായങ്ങൾ വിജയകരമായ് നടത്തിക്കൊണ്ടുപോകാൻ കഴിയും

പഞ്ചായത്തിലെ പാലാഴിയിൽ ഖാദി ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന മഹിളകളുടെ കൂട്ടായ്മയിലൂടെ ആരംഭിച്ച സോപ്പ് നിർമ്മാണയൂണിറ്റും IRDP ലോൺ ഉപയോഗിച്ചു വനിതകൾ തുടങ്ങിയ ബാഗ് നിർമ്മാണ യൂണിറ്റും, മണക്കടവിൽ സ്ത്രീകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഖാദിബോർഡിന്റെ കീഴിലുള്ള നെയ്ത്കേന്ദ്രവും നല്ല നിലയിൽ പ്രവർത്തിക്കുന്നു.

നമ്മുടെ പഞ്ചായത്തിലെ മുഖ്യകാർഷികകോല്പന്നമായ നാളികേരത്തെ വിപുലമായ ഒരു വ്യവസായ ശൃംഖലതന്നെ ആരംഭിക്കുന്നതിന് ഉപയോഗപ്പെടുത്താവുന്നതാണ്. വായ പച്ചതൊണ്ട് പലപ്പോഴും പുറത്ത് നിന്നുകൊണ്ടു വരുകയാണ്. നാളികേര അനുബന്ധ വ്യവസായമായി ഇതിനെ മാറ്റാൻ കഴിഞ്ഞാൽ അസംസ്കൃത പദാർത്ഥമായ തൊണ്ട് ഇവിടെ തന്നെ ലഭ്യമാക്കാം. ആധുനീക യന്ത്രവൽക്കരണത്തിലൂടെ ഉദ്പാദന സമ്പ്രദായം വൈവിദ്ധ്യവൽകരിച്ചാൽ പുതിയ വ്യവസായ സാധ്യതകളും പുതിയ തൊഴിൽ സൗകര്യവും ഉയർന്നകൂലി നിരക്കും ഉണ്ടാക്കാവുന്നതാണ്. കൂടാതെ ചകിരിച്ചണ്ടി. ഗാർഹിക ഊർജ്ജ പ്രതിസന്ധി പരിഹരിക്കാൻ സഹായകമായ അടുപ്പിന്റെ നിർമ്മാണത്തിനും ജൈവവള നിർമ്മാണത്തിനും ഉപയോഗപ്പെടുത്താം.

## കുടിൽ വ്യവസായങ്ങൾ

കുടിൽ വ്യവസായങ്ങളിൽ പലതും ഇന്നും തകർച്ചയുടെ വക്കിലാണ്. കുറഞ്ഞ ലാഭ സാധ്യതയും വിപണനത്തിന്റെ അപര്യാപ്തതയും, പുതിയ തലമുറയുടെ താല്പര്യക്കുറവും ആയിരിക്കാം ഇതിന് കാരണം ഇതിൽ ഇന്ന് നിലനിൽക്കുന്നതും വികസന സാധ്യതയുള്ളതുമായ ഒന്നാണ് പരമ്പരാഗത കുടിൽ വ്യവസായമായ മൺപാത്രനിർമ്മാണം. ഒളവണ്ണ വില്ലേജിലാണ് ഈ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള കുടുംബങ്ങൾ കേന്ദ്രികരിച്ചിട്ടുള്ളതെങ്കിലും പഞ്ചായത്തിന്റെ മറ്റ് ഭാഗങ്ങളിലും താമസിക്കുന്നുണ്ട്. ഏകദേശം 35ഓളം കുടുംബങ്ങൾ ഈ വിഭാഗത്തിലുണ്ടെങ്കിലും ഇവരിൽ കൂടുതൽ പേർ കെട്ടിട നിർമ്മാണ ജോലിയിലാണ് ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നത്. മുമ്പ് വ്യാപകമായുണ്ടായിരുന്ന തഴപ്പായ നിർമ്മാണവും കൊട്ടമടയലും, ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. അസംസ്കൃത വസ്തു ലഭ്യതക്കുറവ് ഇതിനൊരു കാരണമാണ് തോടുകളുടെ ഓരം ചേർന്ന് കൈതോല ചെടികൾ വളർത്താറുണ്ടായിരുന്നു. പായ നിർമ്മാണത്തിന് ഉപയോഗിക്കുന്ന കൈതോല അങ്ങനെയായിരുന്നു ലഭിച്ചിരുന്നത്. വൻതോതിൽ കൈതോല ചെടികൾ വളർത്തിയാൽ താഴപ്പായ നിർമ്മാണത്തിന് കൈതോല ലഭിക്കുകയും, പുറമെ ചെടികൾ മണ്ണൊലിപ്പ് തടയുകയും ചെയ്യും.

കയർ വ്യവസായത്തിന്റെ ഭാഗമായ് പച്ചച്ചൂടി പിരിക്കൽ ഇന്നും വീടുകളിൽ വെച്ചു നടത്തപ്പെടുന്നുണ്ട്. ടെയലറിംഗ് പോലുള്ള പുതിയ സംരംഭങ്ങളും വളർന്നു വരുന്നുണ്ട്. പരമ്പരാഗത, കുടിൽ വ്യവസായങ്ങളുടേയും തൊഴിലാളികളുടേയും എണ്ണവും കൂലിനിരക്കും പട്ടിക-1ൽ സൂചിപ്പിക്കുന്നു.

## ചെറുകിട വ്യവസായങ്ങൾ

ചെറുകിട വ്യവസായയൂണിറ്റുകളും അവയിൽ തൊഴിലെടുക്കുന്നവരുടേയും എണ്ണവും കൂലി നിരക്കും പട്ടിക 2ൽ സൂചിപ്പിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

വ്യവസായ വളർച്ചയ്ക്ക് വിഘാതം നിൽക്കുന്ന ഒട്ടേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പ്രധാനമായും വ്യവസായ വികസനത്തിനാവശ്യമായ പ്രേരണയും ബോധവും യുവജനങ്ങളിൽ നിന്നും ഉണ്ടാവുന്നില്ല. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരിൽ സർക്കാർ സർവ്വീസിലോ, സ്വകാര്യ സർവ്വീസിലോയുള്ള ജോലി സാധ്യതയുടെ പിന്നാലെ പോകുന്ന പ്രവണതയിൽ മാറ്റം വരേണ്ടതുണ്ട്. വൈദ്യുതിയുടെ കാര്യത്തിൽ ആശങ്ക നിലനിൽക്കുന്നത് പ്രേരണകുറവിനു കാരണമാണ്. വളർച്ചയുണ്ടെങ്കിലും പലമേഖലകളിലും അപര്യാപ്തതയും നിലനില്ക്കുന്നുണ്ട്.

### വൈദ്യുതി

വോൾട്ടേജ് ക്ഷാമവും ത്രീഫെയ്സ് ലൈനുകൾ കണക്ഷൻ കിട്ടുന്നതിലും മറ്റുമുള്ള പ്രയാസങ്ങളും വ്യവസായത്തിന്റെ വളർച്ചയ്ക്ക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

### സ്ഥല ദൗർലഭ്യം

ജന സാന്ദ്രതയുള്ള പ്രദേശമാണെങ്കിലും വ്യവസായം ആരംഭിക്കാനുതുകുന്ന സ്ഥലങ്ങൾ ലഭ്യമാണ് പക്ഷേ പ്രാദേശിക സങ്കുചിത വാദവും, കേവല പരിസ്ഥിത വാദവും മറ്റും പലപ്പോഴും സ്ഥല ലഭ്യതയ്ക്ക് തടസ്സം സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ 300 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാനിരുന്ന ഇൻഡസ്ട്രിയൽ ഗ്രോത്ത്

സെന്റർ അതുകൊണ്ട് തന്നെ നമുക്ക് നഷ്ടമായിട്ടുണ്ട്. സ്ഥലത്തിന്റെ വില വർദ്ധനയും പ്രശ്നമാണ്.

**അസംസ്കൃത പദാർത്ഥം**

അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതകുറവുണ്ട്. പുറത്തുനിന്നു കൊണ്ടുവരേണ്ടുന്ന അവസ്ഥ നില നിൽക്കുന്നുണ്ട്.

**സാമ്പത്തിക പ്രതിസന്ധി**

മുതൽ മുടക്ക് ശേഷിയുള്ള സംരംഭകരുടെ കുറ വുണ്ട് വൻമുതൽ മുടക്കുകൾ ആവശ്യമായവ ആരംഭി ക്കുന്നതിന് സാധ്യത കുറയാനിതുകാരണമാകുന്നു. വായ്പ സംവിധാനവും മറ്റു ഉണ്ടെങ്കിലും അതിനു വേണ്ടി വരുന്ന സെക്യൂരിറ്റികളും വർദ്ധിച്ച പലിശ നിരക്കും, വായ്പാലഭ്യമാക്കുന്നതിലെ സാങ്കേതിക തട സ്സങ്ങളും ഒരു പ്രധാന പ്രശ്നമാണ്. സാമ്പത്തികമായ് വ്യവസായം തുടങ്ങാൻ കഴിവുള്ളവർ പഞ്ചായത്തിലു ണ്ടെങ്കിലും ഇവർ പഞ്ചായത്തിൽ വ്യവസായം തുട ങ്ങാൻ താല്പര്യം കാണിക്കാറില്ല.

**വിദഗ്ദ്ധ സേനയുടെ അഭാവം**

അഭ്യസ്തവിദ്യർ ഉണ്ടെങ്കിലും വ്യവസായങ്ങളും മറ്റു തുടങ്ങുന്നതിനാവശ്യമായ വിദ്ഗദ്ധപരിശീലനം നേടിയവരുടെ കുറവ് ഒരു പ്രധാന പ്രശ്നമാണ്. തൊഴി ലധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അപര്യാപ്തയാണ്. ഇത് സൂചിപ്പിക്കുന്നത്.

**കൂലി കുറവ്**

ഇത് പ്രധാനമായും പരമ്പരാഗത മേഖല നേരി ടുന്ന പ്രശ്നമാണ് കൂലി നിലവാരത്തിൽ വർദ്ധനവു ണ്ടാവുന്നില്ല.

**വിപണന പ്രശ്നം**

വിപണനം വ്യവസായത്തിന്റെ മർമ്മ പ്രധാനമായ ഘടകമാണ്. വൻകിട വ്യവസായങ്ങളുമായി മത്സരി ക്കാൻ കഴിവില്ലായ്മയും വൻ ബജറ്റ് പരസ്യങ്ങളും വിപ ണനം നേരിടുന്ന പ്രശ്നങ്ങളാണ്

മേൽ സൂചിപ്പിച്ചതും അല്ലാത്തതുമായ നിരവധി പ്രശ്നങ്ങൾ നേരിടുന്ന വ്യവസായത്തെ രക്ഷിച്ച് തൊഴി ലില്ലായ്മ പരിഹരിക്കുന്നതിനും ജനകീയ ബോധ വൽക്കരണവും കൂട്ടായ്മയും വളർന്നു വരേണ്ടതുണ്ട്.

വ്യവസായ പ്രേരണയ്ക്കും പരിശീലനത്തിനുമാ വശ്യമായ പഠനക്ലാസുകളും വേദികളും സർക്കാർ തല ത്തിലുള്ള വ്യവസായ കേന്ദ്രങ്ങളുടേയും ഏജൻസിക ളുടേയും സഹായത്തൊടെ നടത്തണം. സങ്കുചിത പരി സ്ഥിതി വാദത്തിനു പകരം വികസന ലക്ഷ്യത്തോടെ യുള്ള കൂട്ടായ്മ വളർത്തണം. ലൈസൻസ്, ബേങ്ക് വായ്പ എന്നിവ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴി വാക്കണം.

## സാധ്യതകൾ

കാർഷിക പശ്ചാത്തലമുള്ള നമ്മുടെ പഞ്ചായ ത്തിലെ വ്യവസായ സാധ്യതകൾ കണ്ടെത്തുന്നതിൽ മുൻതൂക്കം കൊടുക്കേണ്ടത് തീർച്ചയായും കൃഷിയുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്കാണ്. ഇവിടെ വിനിയോ ഗിക്കപ്പെടാതെ കിടക്കുന്ന നിരവധി വിഭവങ്ങളുടെ വ്യവ സായസാധ്യതകൾ വിപുലങ്ങളാണ്. അവയെ ശാസ്ത്രീ യമായി ചൂഷണം ചെയ്യാനുള്ള സംരംഭങ്ങൾ ആരംഭി ക്കുന്നതിന് ശ്രമകരവും ജനകീയവുമായ കൂട്ടായ്മ വളർത്തിയെടുക്കേണ്ടിയിരിക്കുന്നു. അനുബന്ധ വ്യവ സായ ശൃംഖലകൾ വളർത്തിയെടുക്കുന്നത് നന്നായി രിക്കും.

**പരമ്പരാഗത മേഖല**

കയർവ്യവസായം യന്ത്രവൽക്കരിക്കുകയും ആധു നിക കാലത്ത് കൂടുതലായി ഡിമാന്റുള്ള ചവിട്ടി, സോഫ, കിടക്കകൾ, തലയിണകൾ, തുടങ്ങിയവ ഉദ്പാദിപ്പിക്കുന്ന തരത്തിലുള്ള ഒരു വ്യവസായം ആരംഭിക്കാവുന്നതാണ്. ഇത് സഹകരണമേഖലയിലാകുന്നതാണ് ഗുണകരം.

കളിമണ്ണുമായി ബന്ധപ്പെട്ട കുടിൽ വ്യവസായങ്ങൾ ആധുനിക രീതിയിൽ വളർത്തിയെടുക്കണം.

**മാതൃക വ്യവസായ ശൃംഖല**

സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് കേന്ദ്രീ കരിച്ച് നാളികേര അനുബന്ധ വ്യവസായ ശൃംഖല സ്ഥാപിക്കുക.

**കൊപ്രയാക്കൽ**

നാളികേര പൗഡർ നിർമ്മാണം വെളിച്ചെണ്ണ നിർമ്മാണം

നാളികേര വെള്ളമുപയോഗിച്ച് പാനീയ നിർമ്മാ ണവും, ജാമും, സ്ക്വാഷ്, സൂർക്ക, എന്നിവയുടെ നിർമ്മാണം.

ചിരട്ട ഉപയോഗിച്ച് ഓക്സൈഡുകളും കരകൗശല വസ്തുകളും നിർമ്മിക്കുക.

നാളികേരപൊടി ഉപയോഗിച്ചുള്ള ബിസ്ക്കറ്റ് മിഠായി നിർമ്മാണം

നാളികേര പാൽ കുഴമ്പ്

## ഇടത്തരം വ്യവസായങ്ങൾ

വുഡ് ഇൻഡഡ്ട്രി: ആധുനിക സംവിധാനങ്ങളോടുകൂടിയ ബൃഹത്തായ ഒരു വുഡ് ഇൻഡ്രസ്ട്രിയൽ കോംപ്ലക്സ് സ്ഥാപിക്കുക.

ചകീരിനാരും റബ്ബറും ഉപയോഗിച്ച് മെത്ത നിർമ്മാണം

പഴയ പേപ്പറുകൾ സംസ്കരിച്ച് ഹാർഡ് ബോർഡുകളും കവറുകളും മറ്റും നിർമ്മിക്കുക.

റബ്ബർ ഉപകരണങ്ങളുടെ നിർമ്മാണ ശാല ചെരുപ്പുകൾക്കും മറ്റും ഉപയോഗിക്കുന്ന സോളിന്റെ ഉദ്പാദനം.

## ചെറുകിട വ്യവസായം

- റെഡിമെയ്ഡ് :- റഡിമെയ്ഡ് വ്യവസായം ആരംഭിക്കുക. വീടുവീടാന്തരം ഇതിൽ പ്രാഗത്ഭ്യമുള്ള തൊഴിലാളികൾ നടത്തുന്ന ചെറിയ ചെറിയ സംരംഭങ്ങളെ ഒരു വനിതാ സഹകരണ സംഘം രൂപീകരിച്ച് ഒന്നിച്ച് കേന്ദ്രീകരിപ്പിക്കുകയും ഉദ്പന്നങ്ങൾക്ക് വിപണനം ഉണ്ടാക്കുകയും ചെയ്യുക.
- പഴസംസ്കരണശാല ഗുണനിലവാരമുള്ള കശുമാങ്ങ, ചക്ക, പൈനാപ്പിൾ തുടങ്ങിയ പഴങ്ങൾ സംസ്കരിച്ച് അവയിൽ നിന്നും വിവിധങ്ങളായ ഉദ്പന്നങ്ങൾ നിർമ്മിക്കുക.
- ചകിരിച്ചോറ്, കുമ്മായം ചാരം, തുടങ്ങിയ ഉപയോഗിച്ച് ജൈവവള നിർമ്മാണശാല പ്ലാസ്റ്റിക് വ്യവസായം
- പ്ലാസ്റ്റിക് വ്യവസായം പ്ലാസ്റ്റിക് ബോട്ടിലുകളും പാവകളും കൗതുകവസ്തുക്കളും നിർമ്മിക്കുന്ന ഒരു വ്യവസായം ആരംഭിക്കുക.
- ബെൽ മെറ്റൽ കമ്പനി – 7ാം വാർഡിൽ കള്ളികുന്നിൽ പ്രവർത്തിച്ചുവന്നിരുന്ന ബെൽ മെറ്റൽ കമ്പനി ഇന്നു തകർന്നു കഴിഞ്ഞിരിക്കുകയാണ്. വിപുല സാധ്യതയുള്ള ബെൽ മെറ്റൽ വിദഗ്ദ്ധ തൊഴിലാളികളെ ഉപയോഗപ്പെടുത്തി നല്ല രീതിയിൽ പുനരാരംഭിക്കുക.
- സോപ്പ്നിർമ്മാണ ഫാക്ടറി ആരംഭിക്കുക.
- തുകൽ ഉപയോഗിച്ച് ചെരുപ്പ് , ബാഗ് എന്നിവയുടെ നിർമ്മാണം.
- ഫർണ്ണിച്ചർ വ്യവസായം
- പെയിന്റുകളും പോളിഷുകളും നിർമ്മിക്കുന്ന ഒരു ഫാക്ടറി

**വനിതാസമാജങ്ങൾ വഴിചെയ്യാവുന്ന വ്യവസായങ്ങൾ**

♦ ചിരട്ട, കളിമൺ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള കരകൗശലവസ്തുക്കളുടെ നിർമ്മാണം

♦ കൈത്തറി-നെയ്ത്തു വ്യവസായം


ഗ്രാമസഭകളിൽ നിന്നുവന്ന മറ്റുനിർദ്ദേശങ്ങൾ

1. ടയർഫാക്ടറി നിർമ്മാണം
2. സ്റ്റീൽഫാക്ടറി
3. മിനറൽവാട്ടർ നിർമ്മാണം
4. അവിൽമില്ല് നിർമ്മാണം
5. പപ്പടനിർമ്മാണം
6. ഫോട്ടോലാമിനേഷൻ
7. ക്രഷർഫാക്ടറി
8. നോട്ട്ബുക്ക് നിർമ്മാണം

ഗ്രാമസഭകളിലെ ചർച്ചകളിൽ നിന്നായി രൂപപ്പെട്ട ഇത്തരം പദ്ധതികൾ നമ്മുടെ പഞ്ചായത്തിന്റെ വ്യവസായ വികസനത്തിനും ഇത് വഴി തൊഴിലില്ലായ്മ പരിഹരിക്കാനും നമുക്കാവശ്യമായ നിത്യോപയോഗസാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കാനും കൂടാതെ തൊഴിൽമേഖലയിൽ പിന്നോക്കം നിൽക്കുന്ന സ്തീകളെ പങ്കാളികളാക്കി പഞ്ചായത്തിന്റെ വ്യവസായികരംഗത്ത് പുത്തൻ ചലനങ്ങൾ സൃഷ്ടിക്കുന്നതിനും, ജനങ്ങളുടെ സാമൂഹ്യ-സാമ്പത്തിക -സാസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുന്നതിനും സഹായകമാകും.

| നമ്പർ | വിഭാഗം | എണ്ണം | പു | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|---|---|
| 1 | കയർ (സഹകരണമേഖല) | 6 | 16 | 172 | 188 | 13 |
| 2 | കയർ (സ്വകാര്യമേഖല) | 60 | 25 | 378 | 403 | 30 |
| 3 | പരമ്പരാഗത കുടിൽവ്യവസായം | | | | | |
| | a, തഴപ്പായ നിർമ്മാണം | | | 25 | 25 | 14 |
| | b, കളിമൺപാത്ര നിർമ്മാണം | | 72 | 85 | 157 | |
| 4 | ചെറുകിടവ്യവസായങ്ങൾ | 141 | 463 | 88 | 551 | 43 |
| | | | 587 | 737 | 1324 | 100 |

| വ്യവസായങ്ങൾ | എണ്ണം | തൊഴിലാളികളുടെ എണ്ണം | | | കൂലിനിരക്ക് | |
|---|---|---|---|---|---|---|
| | | പു | സ്ത്രീ | ആകെ | പു | സ്ത്രീ |
| 1,ഇഷ്ടികകമ്പനികൾ | 16 | 110 | 20 | 130 | 60 | 35 |
| 2,ഈർച്ചമിൽ | 10 | 62 | – | 62 | 80–100 | – |
| 3, ഹോളോബ്രിക്സ് | 13 | 75 | 1 | 76 | 80–100 | 25 |
| 4, ഓയിൽമില്ല് | 7 | 10 | – | 10 | 60–80 | – |
| 5, ബേക്കറി ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നവ | 11 | 45 | 6 | 51 | 50–60 | 20 |
| 6, ഫ്ലോർമില്ല് | 14 | 21 | 3 | 24 | 50–60 | 25 |
| 7, സോപ്പ് നിർമ്മാണം | 2 | 4 | 11 | 15 | 40–60 | 20 |
| 8, ഫർണ്ണിച്ചർ | 16 | 64 | 2 | 66 | 100–125 | 25 |
| 9, മരംകടച്ചിൽ | 3 | 6 | – | 6 | 100 | – |
| 10, ആയുർവ്വേദമരുന്നു നിർമ്മാണം | 1 | 2 | 3 | 5 | 50 | 20 |
| 11 കോക്കനട്ട് പൗഡർ നിർമ്മാണം | 1 | 6 | 3 | 9 | 60 | 20–25 |
| 12, സിനിമാശാല | 3 | 24 | – | 24 | 60–75 | – |
| 13, അവിൽമില്ല് | 1 | 4 | 3 | 7 | 50–60 | 25 |
| 14, അച്ചാറ് കമ്പനി | 2 | 9 | 20 | 29 | 50–60 | 25 |
| 15, സ്റ്റീൽ ഫർണ്ണിച്ചർ | 2 | 10 | 5 | 15 | 60–70 | 30 |
| 16 പ്രസ്സ് | 3 | 4 | 6 | 10 | 60 | 20–30 |
| 17, തീപ്പെട്ടി | 1 | 1 | 4 | 5 | 50–75 | 20–25 |
| 18,സോപ്പ്ഓയൽ നിർമ്മാണം | 1 | 6 | 1 | 7 | 50–60 | 35 |
| | 141 | 436 | 88 | 551 | | |



# കുടിവെള്ളം

ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങൾ ശുദ്ധവായുവും ശുദ്ധജലവുമാണ്. പഞ്ചായത്തിലെ 85% ജനങ്ങളും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. ആകെയുള്ള ആറായിരത്തോളം കിണറുകളിൽ രണ്ടായിരത്തോളം കിണറുകളും വേനൽക്കാലത്ത് വെള്ളം വറ്റുന്നവയാണ്.

പഞ്ചായത്തിന്റെ വിസ്തൃതിയിൽ 50% രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. കേരളവാട്ടർ അതോറിറ്റിയുടെ 2 ശുദ്ധജലവിതരണപദ്ധതികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെ ജലം ഈ പ്രദേശത്തെ ആവശ്യത്തിന് പര്യാപ്തമല്ല. ഇതിൽ പന്തീരാങ്കാവ് ശുദ്ധജലവിതരണ പദ്ധതിയിൽ 30 പൊതു ടാപ്പുകളും 40 വീടുകളിലേക്കുള്ള കണക്ഷനുമുണ്ട്. ഒളവണ്ണയിൽ 20 പൊതു ടാപ്പുകളും 2 വീടിലേക്കുള്ള കണക്ഷനുമുണ്ട്. വിവിധ വാർഡുകളിലായി പഞ്ചായത്തിന്റെ 2 ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. ഇതിനു പുറമേ 2 പദ്ധതികളുടെ പ്രവർത്തനം ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ബ്ലോക്ക്

പട്ടിക1 **ശുദ്ധജല സ്രോതസ്സുകൾ**

| കിണറുകൾ | | | | കുഴൽകിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യകിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 34 | 20 | 4100 | 1900 | 3 | 6057 |

പട്ടിക 2 KWA പദ്ധതികൾ (R.W.S.S)

| ഒളവണ്ണ | പന്തീരാങ്കാവ് | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷനുകൾ |
|---|---|---|---|
| 20 | 30 | 50 | 42 |

പഞ്ചായത്തിന്റ സ്കീമനുസരിച്ച്4 ശുദ്ധജലവിതരണ പദ്ധതികൾ നിലവിലുണ്ട്. ഇവയിലെല്ലാം കൂടി 50 പൊതു ടാപ്പുകൾ ഉണ്ട്. പഞ്ചായത്തിന്റേയും ബ്ലോക്കിന്റേയും പദ്ധതികളുടെ ദൈനംദിന നടത്തിപ്പിന് വരുന്ന പണം പഞ്ചായത്തും ജനങ്ങളും കൂടിയാണ് എടുക്കുന്നത്. നിലവിലുള്ള പദ്ധതികൾ വിപുലപ്പെടുത്താൻ ജനങ്ങളുടെ ഭാഗത്തുനിന്ന് നല്ല സഹകരണമുണ്ട്. KWA പദ്ധതിയുടെ വാട്ടർ ചാർജ് പഞ്ചായത്ത് അടച്ചുവരുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 54 പൊതു കിണറുകളും 3 കുഴൽക്കിണറുകളുമുണ്ട്. ഇവക്കെല്ലാം പുറമെ, കമ്മ്യൂണിറ്റി ഇറിഗേഷൻ പ്രോജക്ട് അനുസരിച്ച് കൃഷിവികസനത്തിനായി നിർമ്മിച്ചിട്ടുള്ള 6 കിണറുകളും ജനങ്ങൾക്ക് കുടിവെള്ളപ്രശ്നത്തിന് പരിഹാരമാവുന്നുണ്ട്.

## മാതൃകാ ജനകീയസഹകരണ പദ്ധതികൾ

ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിൽ സംഘടനാപാടവവും, സാങ്കേതിക വൈദഗ്ദ്ധ്യവും അർപ്പണമനോഭാവവും, കൂട്ടായ്മയും കാഴ്ചവെച്ച പത്തൊമ്പത് ജനകീയ സഹകരണപദ്ധതികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. പണവും മനുഷ്യാധ്വാനവുമായി സുമാർ അമ്പത് ലക്ഷം രൂപ ജനങ്ങൾ ഈ പദ്ധതിയിൽ മുതൽമുടക്കിയിട്ടുണ്ട്. നാട്ടിൻപുറങ്ങളിലെ ജലസ്രോതസ്സുള്ള കേന്ദ്രത്തിൽ വിശാലമായ കിണർ കുഴിച്ച് ടാങ്കുകളിലേക്ക് പമ്പ് ചെയ്ത് ഓരോ വീട്ടിലേക്കും ശുദ്ധജലമെത്തിക്കുകയാണ് ചെയ്തത്. ഇത് ശ്രമകരമായ പ്രവർത്തനമാണ്. നാട്ടുകാരുടെ യോഗം ചേർന്ന് കമ്മറ്റി രൂപീകരിച്ച് പദ്ധതിക്കുള്ള എസ്റ്റിമേറ്റുണ്ടാക്കി പദ്ധതിക്കാവശ്യമായ തുക ഗുണഭോക്താക്കൾ വിഹിതമായി എടുത്തും കൂടാതെ ശ്രമദാനമായി നടത്തിയുമാണ് പ്രവർത്തി നടത്തുന്നത്. പഞ്ചായത്തിന്റേയോ ഗവൺമെന്റിന്റേയോ വിഹിതം ഈ പദ്ധതിക്ക് വിനിയോഗിച്ചിട്ടില്ല. ജനകീയ പദ്ധതി നടപ്പിലാക്കിയതിൽ സാമ്പത്തികമായി വളരെ വിഷമം അനുഭവപ്പെടുനനവർ ധാരാളമുണ്ട്. വർഷങ്ങളായി അവർ അനുഭവിക്കുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണുന്നതിന് എന്ത് ത്യാഗം സഹിക്കാനും ജനങ്ങൾ മുന്നോട്ട് വന്നിട്ടുണ്ട്. പദ്ധതിക്കാവശ്യമായ തുക ഗഡുക്കളായി സ്വരൂപിച്ച് അവരുടെ തന്നെ മേൽനോട്ടത്തിലും നേതൃത്വത്തിലും കുറ്റമറ്റ ശുദ്ധജല വിതരണ പദ്ധതികൾ പൂർത്തികരിച്ചു.

കുന്നിൻ മുകളിൽ സമനിരപ്പിൽ സ്ഥാപിച്ച ടാങ്കിലേക്കും സമതലത്തിൽ ഓവർഹെഡ് ടാങ്കിലേക്കും വെള്ളം അടിച്ചു കയറ്റിയ പലസ്ഥലങ്ങളിലും ത്രീഫേസ് വൈദ്യുതി ലൈൻ ഇല്ല. അവിടങ്ങളിൽ ഓരോ മാസവും ഭാരിച്ച ചിലവ് വരും. ആ തുക ഓരോ വീട്ടുകാരനും വിഹിതമായി എടുക്കുന്നു. 15 രൂപമുതൽ 20 രൂപവരെ ഗുണഭോക്താവ് ഇതിനായ് അടക്കുന്നു ചില കേന്ദ്രങ്ങളിൽ മീറ്റർ റീഡിംഗ് പ്രകാരമാണ് പണം സ്വരൂപിക്കുന്നത്. പലകമ്മറ്റികളിലും ബേങ്ക് ബാലൻസ് ഉള്ളത് കൊണ്ട് അതിന്റെ പലിശയെടുത്ത് പ്രവർത്തനചിലവ് നടത്തി വരുന്നു. ഈ പദ്ധതികളിൽ എല്ലാ കാലവും ശുദ്ധജലം വിതരണം ചെയ്തുവരുന്നുണ്ട്. കുറ്റമറ്റ ഈ ജനകീയ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിപ്പിക്കാവുന്ന മാതൃക പദ്ധതിയാണ്. അതുകൊണ്ട് തന്നെ പഞ്ചായത്തിന് പുറത്ത് ശുദ്ധജല പദ്ധതിയിൽ ഒളവണ്ണ മാതൃക എന്ന് സൽപേര് സമ്പാദിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിക്ക് വേണ്ടി പ്രവർത്തിച്ച മുഴുവൻ സംഘാടകരും ഒളവണ്ണ പഞ്ചായത്തിന്റെ അഭിമാനമായി മാറിയിരിക്കുന്നു.(വിവിധ ജനകീയ പദ്ധതികളുടെ പേരും വിശദാംശങ്ങളും അടങ്ങുന്ന പട്ടിക ഇതൊന്നിച്ചു ചേർക്കുന്നു.)

പട്ടിക-3 ജനകീയ സഹകരണ ശുദ്ധജല വിതരണ പദ്ധതി

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഗുണം ലഭിക്കുന്ന കുടുംബങ്ങൾ | ഒരു കുടുംബത്തിന്റെ വിഹിതം | പദ്ധതിക്ക് ആകെ ചിലവ് | പ്രവൃത്തിതുടങ്ങിയ വർഷം | ഉദ്ഘാടനം ചെയ്ത തിയ്യതി |
|---|---|---|---|---|---|---|
| 1 | കമ്പളിപറമ്പ്-കയറ്റി(ഒളവണ്ണ) | 54 | 2500 | 1,12,000 | 1989 | 1990 |
| 2 | മാത്തറ(ഇരിങ്ങല്ലൂർ) | 23 | 5000 | 80,000 | 93 | 27-8-93 |
| 3 | മുരട്ടക്കുന്ന്(ഇരിങ്ങല്ലൂർ) | 63 | 4500 | 2,16,772 | 94 | 15-5-94 |
| 4 | കള്ളിവളപ്പിൽ (ഇരിങ്ങല്ലൂർ) | 82 | 5000 | 3,32,000 | 94 | 2-4-95 |
| 5 | വേട്ടുവോടൻ കുന്ന്(ഇരിങ്ങല്ലൂർ) | 80 | 5500 | 3,92,000 | 95 | 7-5-96 |
| 6 | മാവത്തുംപടി(ഒളവണ്ണ) | 49 | 4750 | 2,32,750 | 92 | 14-12-94 |
| 7 | കക്കാട്ട് താഴം (ഇരിങ്ങല്ലൂർ) | 10 | 9000 | 1,25,000 | 95 | 5-1-96 |
| 8 | പുൽപറമ്പിൽമീത്തൽ (ഇരിങ്ങല്ലൂർ) | 31 | 8500 | 3,25,000 | 95 | 17-3-96 |
| 9 | തൊണ്ടിലക്കടവ്(ഒളവണ്ണ) | 65 | 6000 | 4,25,000 | 92 | 5-1-96 |
| 10 | കള്ളിക്കുന്ന്(ഒളവണ്ണ) | 58 | 3450 | 2,75,500 | 91 | 26-11-96 |
| 11 | വടക്കും പുനത്തിൽതാഴം(ഇരിങ്ങല്ലൂർ) | 14 | 7125 | 99,750 | 92 | 5-1-93 |
| 12 | പറയങ്കാട് കുന്ന്(കിഴക്കുഭാഗം) | 8 | 6200 | 50,000 | 95 | 25-5-92 |
| 13 | കോന്തനാരി-എള്ളെഴുത്തിൽമീത്തൽ | 57 | 3500 | 1,50,000 | 92 | 10-9-96 |
| 14 | കൊടിനാട്ടുമുക്ക്(ഒളവണ്ണ) | 22 | 8000 | 2,00,000 | 1992 | 94 |
| 15 | കയറ്റി (ഒളവണ്ണ) | 41 | 2750 | 1,25,000 | – | 1993 |
| 16 | ചിറ്റാറിതാഴം(ഇരിങ്ങല്ലൂർ) | 18 | 8500 | 1,53,000 | – | 1992 |
| 17 | കൊളായത്തിൽപറമ്പ്(ഒളവണ്ണ) | 30 | 1500 | – | – | 1989 |
| 18 | വളപ്പിൽ(കമ്പിളിപറമ്പ്, ഒളവണ്ണ) | 10 | 1500 | 1,50,000 | – | 1986 |
| 19 | ചെറുകുന്ന്(കമ്പിളിപറമ്പ്) ഒളവണ്ണ) | 57 | 3250 | 1,72,500 | – | 1992 |

കുടിവെള്ളപ്രശ്നപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും

| പ്രശ്നമേഖല | നിർദ്ധേശിക്കുന്ന പരിഹാരമാർഗ്ഗം |
|---|---|
| **വാർഡ്1** | |
| പൊന്നംകോട് കുന്ന് | പൊന്നംകോട്കുന്നിൽ പുതിയ പദ്ധതി നടപ്പിലാക്കുക |
| പിച്ചപ്പുറത്ത്മേത്തൽ | നിലവിലുള്ള ടാങ്കിലേക്ക് പുതിയ കിണർകുഴിച്ച് വെള്ളമെത്തിക്കുക. |
| വെളഞ്ചേരിമീത്തൽ | പണി നടന്നുകൊണ്ടിരിക്കുന്ന കുഴിയിൽതൊടി പദ്ധതി പൂർത്തീകരിക്കുക |
| വടക്കെചാലിൽഭാഗം | |
| കുഴിയിൽത്തൊടിമീത്തൽ | |

| | |
|---|---|
| **വാർഡ്2**<br>ചെറുകുന്ന്<br>കോമലക്കുന്ന്<br>പുഴമ്പുറം | കോമലക്കുന്ന് ജലവിതരണ പദ്ധതി വിപുലീകരിക്കുക.(നന്ദാനത്തെ സ്വകാര്യ ഉടമയിലുള്ള കുളം ഉപയോഗിച്ച് വിപുലീകരിച്ച പദ്ധതി നടപ്പിലാക്കുക) |
| **വാർഡ് 3**<br>കൊടൽപാറ<br>ചെറുകുന്ന് (അമ്മത്തൂർ)<br>തവിട്ടേരിക്കുന്ന്<br>ചെറുകുന്ന്<br>കോമലക്കുന്ന്<br>ലക്ഷംവീട് (പറയൻകാട്കുന്ന്)<br>പറയൻകാട്കുന്ന്<br>മൂപ്പണമേത്തൽഭാഗം | നാലാഞ്ചിറ പദ്ധതി പൂർത്തീകരിക്കുക<br>ഇരിങ്ങല്ലൂർ നൂഞ്ഞിയിൽ വലിയകുളം കുഴിച്ച് കോമലക്കുന്ന് പദ്ധതി വിപുലീകരിക്കുക.<br>കോളനിയിലെ കിണർ ആഴം കൂട്ടി നന്നാക്കുക<br>നാട്ടുകാർ വാങ്ങിയ സ്ഥലത്ത് കിണർകുഴിച്ച് പുതിയ ടാങ്ക് കെട്ടി പദ്ധതി വിപുലീകരിക്കുക |
| **വാർഡ് 4**<br>വേട്ടുവേടൻകുന്ന്<br>മണക്കോട്ട് പാടം | വേട്ടുവേടൻകുന്ന് പദ്ധതിക്ക് പുതുതായി കുഴിച്ച കിണറിന് മോട്ടോറും പൈപ്പും സ്ഥാപിക്കുക |
| **വാർഡ് 5**<br>എള്ളെഴുത്തിൽമീത്തൽ<br>ചാമാവിൽമീത്തൽ<br>ചിറക്കൽ പറമ്പ<br>കമ്പിവളപ്പ് | കിണർ ആഴംകൂട്ടി പൈപ്പ് മാറ്റി കാര്യക്ഷമമാക്കുക<br>ഒറ്റമുച്ചിക്കൽതാഴം കിണർ ആഴം കൂട്ടുക<br>തെക്കുംതിരുത്തി ഭാഗത്ത് കുളം കുഴിച്ച് ശുദ്ധജലപദ്ധതി നടപ്പാക്കുക |
| **വാർഡ് 6**<br>കടുപ്പിനി<br>ഒടുമ്പ്ര ബസാർ<br>കാഞ്ഞിരക്കടവ്<br>പൊയിൽപാടം(പള്ളിക്കടവ്)<br>**വാർഡ് 7**<br>കള്ളിക്കുന്ന്<br>കമ്പിളിപറമ്പ്<br>ചെറുകുന്ന്<br>പാലക്കോട്<br>തൈപ്പാടം<br>പാലത്തുംകണ്ടി ഭാഗം | VII-ാം വാർഡിലെ നെന്മണിപറമ്പിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള ദേവർകുളം വാങ്ങി വിപുലീകരിച്ച ശുദ്ധജല പദ്ധതി നടപ്പിലാക്കുക |

| | |
|---|---|
| ആമാടം കോവിലകം ഭാഗം<br>**വാർഡ് 8**<br>ചെറോട്കുന്ന് തെക്കും വടക്കും ഭാഗങ്ങൾ<br>കയറ്റി<br>നാഗത്തുംപാടം | |
| **വാർഡ് 9**<br>മൊത്തം ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. | ഇയ്യാലിക്കുന്നിലെ സ്വകാര്യഉടമസ്ഥതയിലുള്ള പൂർവ്വീക കിണർ നന്നാക്കി നിലവിലുള്ളവാട്ടർ അതോറിറ്റി സ്കീമുമായി ബന്ധിപ്പിക്കുക |
| **വാർഡ് 10**<br>കോഴിക്കോടൻകുന്ന്<br>ചെറുകര | കോഴിക്കോടൻകുന്ന് ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക<br>വാട്ടർ അതോറിറ്റി പൈപ്പ്‌ലൈൻ ചെറുകര, കോഴിക്കാട്ട് ഭാഗങ്ങളിലേക്ക് നീട്ടുക |
| കൊഴക്കാട്ട്<br>**വാർഡ് 11**<br>മാമ്പുഴക്കാട്ട് മീത്തൽ ഹരിജൻ നാല് സെന്റ് കോളനി<br>പാലകുറുമ്പ്കുന്ന്<br>മുടവൻപിലാക്കൽ ഹരിജൻ കോളനി<br>പാട്ടത്തിൽഭാഗം<br>കൊരഞ്ഞങ്ങോട്ട് മീത്തൽ ഭാഗം<br>കുനിയമ്പലത്ത് മീത്തൽ<br>കോഴിക്കോടൻകുന്ന്<br>ചാത്തോത്തറ<br>കുഞ്ഞാമൂല | വാട്ടർ അതോറിറ്റി പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുക<br>കനറാബേങ്ക് സഹായത്തോടെയുള്ള പദ്ധതി പൂർത്തീകരിച്ച് നടപ്പിലാക്കുക<br>നിലവിലുള്ള പദ്ധതി പൂർത്തീകരിക്കുക<br>ശുദ്ധജല പദ്ധതിക്ക് വൈദ്യുതി ലഭ്യമാക്കുക<br>വാട്ടർ അതോറിറ്റി പദ്ധതി വിപുലീകരിക്കുക<br>ചാത്തോത്തറ നൂഞ്ഞി പദ്ധതി പൂർത്തീകരിക്കുക<br>പൂളേങ്കര- ചാലി പദ്ധതി പൂർത്തീകരിക്കുക |
| **വാർഡ് 12**<br>മൊരട്ടകുന്ന്<br>പൊയ്തളത്ത് മേത്തൽ<br>നെടുമ്പറമ്പ് കുന്ന്<br>മഠത്തിൽത്തൊടി<br>മണപ്പാട്ടിൽ ഏരിയ | പന്തീരാങ്കാവ് ഹൈസ്കൂൾ കുന്നിന്റെ വടക്കു ഭാഗം<br>വാട്ടർ അതോറിറ്റി പദ്ധതിയുടെ ജി.എൽ ടേങ്ക് മാറ്റി ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ച് പദ്ധതിയുടെ പ്രവർത്തന മേഖല വ്യാപിപ്പിക്കുക. |
| **വാർഡ് 13**<br>മുതിരക്കലായി മേലെ ഭാഗം<br>തടായി പറമ്പ്<br>ഉള്ളാടം കുഴി<br>പറപ്പാറകുന്ന് | വാട്ടർ അതോറിറ്റി സ്കീം നടപ്പിലാക്കുക<br>പെരുളിക്കുളം ഉപയോഗിച്ച് വിപുലീകരിച്ച ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക |

| | |
|---|---|
| ഈരാട്ട് കുന്ന്<br>ചെറുവലത്ത് പറമ്പ്<br>ചായിച്ചംപാറ<br>കുഴിമ്പാട്ടുമേത്തൽ<br>പടിഞ്ഞാത്ത് മേത്തൽ | |
| **വാർഡ് 14**<br>തടായി മുകളിൽ<br>പുൽപറമ്പ് മേത്തൽ<br>എളേടത്ത് മേത്തൽ<br>കാഞ്ഞിരങ്ങാട്ട് തറ<br>കൊളാക്കോത്ത് പട്ടാംപുറത്ത് മേത്തൽ<br>വെങ്ങളപ്പുറത്തുമേത്തൽ<br>പാറപ്പുറത്ത് മേത്തൽ<br>താന്നിക്കാട്ട് മേത്തൽ<br>കൊളാട്ട് മേത്തൽ<br>എടക്കോത്ത് മേത്തൽ<br>ചെറുക്കാട് കുന്ന് | കിണർ കുഴിച്ച് (ചാലിക്കു പടിഞ്ഞാറ്)തടായിമുകളിൽ ടാങ്ക് കെട്ടി ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുക<br>പിലാശ്ശേരി മുല്ലപ്പള്ളി ഇല്ലം വകകുളം ഉപയോഗിച്ച് ശുദ്ധ ജലവിതരണ പദ്ധതി നടപ്പിലാക്കുക<br>വാട്ടർ അതോറിറ്റിയുടെ പൂളേങ്കര ചാലി പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കുക |
| **വാർഡ് 15**<br>മുതുവനത്തറ<br>കാളിയംകുന്ന് കുന്നംകുളങ്ങര<br>കക്കോറ | പൂളേങ്കരചാലി പദ്ധതി വിപുലീകരിക്കുക<br>ഭൂഗർഭ ശുദ്ധജലപദ്ധതി തുടങ്ങുക |

ഒളവണ്ണപഞ്ചായത്തിന്റെ തെക്കെ അതിര് ചാലിയാർ പുഴയും പടിഞ്ഞാറു ഭാഗം ചെറുപുഴയും വടക്ക് ഭാഗം കോഴിക്കോട് കോർപ്പറേഷനും മധ്യേയായി മാമ്പുഴയും കിഴക്ക് പെരുവയൽ പഞ്ചായത്തുമാണ്. ചെറുതും വലുതുമായ മുപ്പത്തിരണ്ടോളം കുന്നുകൾ പഞ്ചായത്തിലുണ്ട്. അതിനാൽത്തന്നെ ഒരു ഒറ്റ പദ്ധതിയുടെ കീഴിൽ ഉൾപ്പെടുത്താൻ സാധിക്കുകയില്ല. ഇടത്തരം പദ്ധതികളും ചെറുകിട പദ്ധതികളുമാണ് കുടിവെള്ളക്ഷാമത്തിനു പരിഹാരമായി നിർദ്ദേശിക്കാനുള്ളത്.

## ഇടത്തരം പദ്ധതികൾ

രണ്ടും മൂന്നിന്റെ ഒരു ഭാഗവും ഉൾപ്പെടുത്തി പാലാഴിയിലെ രണ്ടാംവാർഡിലുള്ള നന്ദാനത്ത് എന്ന സ്ഥലത്തെ

സ്വകാര്യകുളം ഉപയോഗിച്ചോ അതിനടുത്ത നൂഞ്ഞിയിൽ കിണർ കുഴിച്ചോ വിപുലീകരിച്ച ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ മതിയാവും.

ആറ്, ഏഴ്, എട്ടിന്റെ ഒരു ഭാഗം എന്നീവിടങ്ങളിലെ കുടിവെള്ളക്ഷാമം തീർക്കാൻ ഏഴാം വാർഡിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള നെന്മണി പറമ്പിലെ ദേവർകുളം ഉപയോഗപ്പെടുത്തി കള്ളിക്കുന്നിൽ ടാങ്കും കെട്ടി വിപുലീകരിച്ച ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയാൽ മതി

13-ാം വാർഡിലെ പെരൂളിക്കുളം ഉപയോഗപ്പെടുത്തി13ഉം11ന്റെ ഒരു ഭാഗവും ഉൾപ്പെടെയുള്ള പ്രദേശത്തേക്കുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്യാം.


പഞ്ചായത്തിലെ മിക്കപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമത്തിനും ഉപയോഗപ്പെടുത്താവുന്ന ഒരു പദ്ധതിയാണ് പൂളേങ്കര ചാലി . 9.63 ഏക്കർ വിസ്താരമുള്ള ചാലി ശുദ്ധജലസമൃദ്ധമാണ്.ഇവിടെ വാട്ടർ അതോറിറ്റിയുടെ ഒരു സ്കീം വന്നിട്ടുണ്ട്. ഈ സ്കീം വിപുലപ്പെടുത്തിയാൽ മതിയാകും.

## വൻകിട പദ്ധതി

പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും ശുദ്ധജലമെത്തുന്നതിന് സമഗ്ര ശുദ്ധജലവിതരണ പദ്ധതി ആവിഷ്കരിക്കാൻ കഴിയണം. പെരുമണ്ണാമൂഴിയിൽ നിന്നും വെള്ളമെത്തിച്ച് വിതരണം ചെയ്യുന്നതിന് കോഴിക്കോട്ട് നഗരവുമായി ബന്ധപ്പെട്ട സ്കീമിൽ ഒളവണ്ണ ഗ്രാമപഞ്ചായത്തും ഉൾപ്പെടും. ഈ പദ്ധതി നടപ്പിലാക്കി കിട്ടുന്നതിനുവേണ്ടിയുള്ള തീവ്രശ്രമം നടന്നുവരുന്നു.

## പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

കുന്നിൻപ്രദേശം അധികമായതിനാൽ മഴവെള്ളം കെട്ടികിടക്കുന്ന പതിവില്ല. മഴവെള്ളം തടഞ്ഞു നിർത്തിയാൽ മാത്രമേ വേനൽക്കാലങ്ങളിൽ പ്രയോജനപ്പെടു. അതിന് കുന്നിൻപ്രദേശങ്ങളിലെ പറ്റിയ സ്ഥലങ്ങളിൽ തടയണകൾ സ്ഥാപിക്കുക. കുളങ്ങളും ചിറകളും കിണറുകളും ആഴം കൂട്ടി വെള്ളം തടഞ്ഞുനിർത്താൻ ആവശ്യമായതുചെയ്യുക. ഉപയോഗശൂന്യമായ കിണറുകളിലേക്ക് മഴവെള്ളം തിരിച്ചുവിടുക. പറമ്പുകളിലേയും മറ്റും വരമ്പുകൾകെട്ടി അവിടെത്തന്നെ സംഭരിക്കുക. എന്നിവയൊക്കെ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കാവുന്നതാണ്. അതിനാവശ്യമായ ബോധവൽക്കരണം നടക്കണം.



# പൊതുജനാരോഗ്യം

കോഴിക്കോട് കോർപ്പറേഷനോട് ചേർന്നുകിടക്കുന്നതാണ് ഒളവണ്ണ ഗ്രാമപഞ്ചായത്ത്. തെക്കുവശം ചാലിയാറും ചെറുപുഴയും പടിഞ്ഞാറുവശം ചെറുവണ്ണൂർ നല്ലളം പഞ്ചായത്തുകളും കോഴിക്കോട് കോർപ്പറേഷനും പെരുവയൽപഞ്ചായത്ത് എന്നിവയാലും ചുറ്റപ്പെട്ടുകിടക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ചതുപ്പുനിലങ്ങൾ ധാരാളം ഉണ്ട്. മാമ്പുഴയുടേയും ചാലിയാറിന്റേയും തീരപ്രദേശങ്ങൾ ഉൾക്കൊള്ളുന്നു എന്നതുകൊണ്ട് തന്നെ ആരോഗ്യരംഗത്ത് ഒട്ടനവധി പ്രശ്നങ്ങൾ നിരന്തരം അഭിമുഖീകരിക്കേണ്ടതായി വരുന്നു. ശുദ്ധജലത്തിന്റെ ദൗർലഭ്യം, സാനിറ്റേഷൻ രംഗത്തെ അപര്യാപ്തത, ചേരിപ്രദേശങ്ങളിലെ കൂടിയ ജനസാന്ദ്രത എന്നിവ സാംക്രമികരോഗങ്ങൾ കൂടാൻ കാരണമാകുന്നു.

ആരോഗ്യരംഗത്ത് അലോപ്പതിയുടെ പ്രചാരം വരുന്നതുവരെ ഗ്രാമപ്രദേശങ്ങളിൽ ജനങ്ങളുടെ ഏകാശ്രയം ആയുർവ്വേദ ചികിത്സാരീതീയായിരുന്നു. ഈ രംഗത്ത് പഴയ നാട്ടുവൈദ്യൻമാരുടേയും, പാരമ്പര്യവൈദ്യന്മാരുടേയും സേവനം നന്ദിപൂർവ്വം സ്മരിക്കേണ്ടതാണ്. തീരെ കുറ്റിയറ്റിട്ടില്ലാത്ത പാരമ്പര്യവൈദ്യചികിത്സാ സേവനംഇന്നും സമൂഹത്തിൽ ചിലരെങ്കിലും ഉപയോഗപ്പെടുത്തിവരുന്നുണ്ട്. ആധുനിക ചികിത്സാരംഗത്തെ തള്ളിക്കയറ്റവും മെച്ചപ്പെട്ട സേവനതുറകൾ തേടിയുള്ള ജനങ്ങളുടെ ഒഴുക്കും നാട്ടുവൈദ്യ ചികിത്സാരീതിയേയും മറ്റും പുറകോട്ട് വലിച്ചിരിക്കുന്നു. എന്നാലും അതി നൂതനമായ സാങ്കേതികവിദ്യകൾ നിവിലുള്ള ഇന്നും ജപിച്ചുകെട്ടലുകളെയും മന്ത്രവാദങ്ങളെയും ആശ്രയിക്കുന്ന ഒരു ന്യൂനപക്ഷമെങ്കിലും നമ്മുടെ പഞ്ചായത്തിൽ ശേഷിക്കുന്നുണ്ട്.

1966ലാണ് ആദ്യമായി ആധുനികചികിത്സാ സംവിധാനത്തിന്റെ ഭാഗമായി പ്രൈമറി ഹെൽത്ത്സെന്റർ നമ്മുടെ പഞ്ചായത്തിൽ കൊടൽ നടക്കാവിൽ സ്ഥാപിതമാകുന്നത്. ബ്ലോക്കിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ എന്ന നിലയിൽ രൂപം കൊണ്ട പദ്ധതി, ഈ ബ്ലോക്കിൽ ആരോഗ്യരംഗത്ത് ഏറ്റവും പിന്നോക്കം നിൽക്കുന്ന പ്രദേശം എന്ന നിലക്കാണ് ഒളവണ്ണപഞ്ചായത്തിന് അനുവദിച്ചുകിട്ടിയത്. ആശുപത്രിയുടെ നടത്തിപ്പിനായി സ്വന്തം വീട് യാതൊരു പ്രതിഫലേച്ഛയും കൂടാതെ ഒഴിഞ്ഞുകൊടുത്ത് ഒരു കൂരയിലേക്ക് താമസം മാറി പൊതു ജീവിതത്തിൽ ഉദാത്തമായ മാതൃകകാണിച്ച അന്നത്തെ പഞ്ചായത്ത് മെമ്പറായിരുന്ന മൺമറഞ്ഞ ശ്രീ.മാമിയിൽ ബാലേട്ടനെ നന്ദിപൂർവ്വം ഇത്തരുണത്തിൽ ഓർക്കുന്നു.

1974ൽ സ്വന്തമായ കെട്ടിടത്തിലേക്കുമാറ്റി പ്രവർത്തനം ആരംഭിച്ച് നീണ്ട ഇരുപത്തിരണ്ട് വർഷങ്ങൾ പിന്നിട്ടെങ്കിലും ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഈ സ്ഥാപനത്തെ വികസിപ്പിച്ചെടുക്കുവാൻ കഴിഞ്ഞിട്ടില്ല. 1982ൽ ഓപ്പറേഷൻ തിയേറ്ററും സ്റ്റാഫിന് താമസിക്കാനുള്ള ക്വാർട്ടേഴ്സും വന്നെങ്കിലും, ഇൻപേഷ്യന്റ് വിഭാഗം നാളിതുവരെയായി തുടങ്ങിയിട്ടില്ല. പന്ത്രണ്ട് കിടക്കകളുള്ള ജനറൽവാർഡും 1988ൽ സ്ഥാപിതമായ ആറ് കിടക്കകളോടുകൂടിയ കയർവാർഡും ഉപയോഗശൂന്യമായി കിടക്കുന്നു. ഇൻപേഷ്യന്റ് വിഭാഗം ആരംഭിച്ചാൽ

മാത്രമേ ഈ ആശുപത്രിയുടെ സേവനം പൂർണ്ണമായും ജനങ്ങൾക്ക് ലഭ്യമാകൂ.

പഞ്ചായത്തിൽ പ്രൈമറി ഹൽത്ത്സെന്ററിനോട നുബന്ധമായി നാല് സബ്ബ്സെന്ററുകൾകൂടി പ്രവർത്തിച്ചുവരുന്നുണ്ട്. പാലാഴി, ഒടുമ്പ്ര, ഇരിങ്ങല്ലൂർ, മണക്കടവ് എന്നീവിടങ്ങളിൽ സ്വന്തം കെട്ടിടങ്ങളിലാണ് ഇവ പ്രവർത്തിച്ചുവരുന്നത്. രണ്ട് സബ്ബ് സെന്ററുകൾ കൂടി –പന്തീരാങ്കാവിലും പൂളേങ്കരയിലും– അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല.

കുന്നത്ത്പാലത്ത് ഒരു ഇ.എസ്.ഐ ഡിസ്പൻസറി പ്രവർത്തിച്ചുവരുന്നുണ്ട്. നമ്മുടെ പഞ്ചായത്ത് ഒരു വ്യാവസായിക പ്രദേശമല്ലെങ്കിലും സമീപ പ്രദേശങ്ങളിലെ വ്യവസായശാലകളിലെ തൊഴിലെടുക്കുന്ന നിരവധി തൊഴിലാളികൾ അധിവസിക്കുന്ന ഒരു പ്രദേശമാണ്. തൊഴിലാളികൾക്ക് ആവശ്യമായ സേവനം നൽകുന്നതിൽ ഈ സ്ഥാപനത്തിന്റെ കാര്യശേഷി പരിമിതമാണ്.

ആയുർവ്വേദ രംഗത്ത് പന്തീരാങ്കാവിൽ (പന്ത്രണ്ടാം വാർഡ്) ഒരു ഡിസ്പെൻസറി നിലവിലുണ്ട്. അര നൂറ്റാണ്ടിനു മുമ്പ് തുടങ്ങിയ ഈ സ്ഥാപനം ഇപ്പോഴും ബാലാരിഷ്ടതകൾ പിന്നിട്ടിട്ടില്ല. വാടകകെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്.

ഇരിങ്ങല്ലൂരിൽ ഒരു ഹോമിയോ ഡിസ്പെൻസറി നിലവിലുണ്ട്. 1980ൽ വാടകകെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിരുന്ന ഈ സ്ഥാപനം ഇപ്പോൾ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു.

സ്വകാര്യചികിത്സാരംഗത്ത് കിടത്തി ചികിത്സിക്കാനുള്ള സംവിധാനങ്ങളോടുകൂടിയ രണ്ടു ആശുപത്രികളും ഒരു ഡെന്റൽക്ലിനിക്കും പന്തീരാങ്കാവിലുണ്ട്. ഇവയ്ക്കു പുറമേ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സാമാന്യം നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്ന ഏതാനും ക്ലിനിക്കുകൾ കൂടിയുണ്ട്.

സർക്കാർ ആശുപത്രികളുടെ അപര്യാപ്തതയും നിലവിലുള്ളതിനെ പൂർണ്ണ രൂപത്തിൽ ആശ്രയിക്കുവാൻ കഴിയാത്തതും നിമിത്തം ചികിത്സതേടി സ്വകാര്യമേഖലയെ ആശ്രയിക്കുവാൻ ജനങ്ങൾ പ്രേരിപ്പിക്കപ്പെടുന്നു.

## പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

നമ്മുടെ പഞ്ചായത്ത് ഭൂമിശാസ്ത്രപരമായി ചതുപ്പു നിലങ്ങൾ ധാരാളം ഉള്ളതും ജനസാന്ദ്രത കൂടിയതും ശുദ്ധജലക്ഷാമം ഏറെ അനുഭവപ്പെടുന്നതുമാണ് എന്നതുകൊണ്ട് ജലജന്യരോഗങ്ങളും മറ്റു സാംക്രമിക രോഗങ്ങളും ധാരാളം കണ്ടു വരുന്നു. ഇവ പ്രതിരോധിക്കുന്നതിനുള്ള ചികിത്സാരംഗത്തെ അപര്യാപ്തതയാണ് മുഖ്യപ്രശ്നം.

പഞ്ചായത്തിലെ പ്രധാന ആരോഗ്യകേന്ദ്രമായ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെന്ററിൽ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കണം. ഏറെക്കുറെ എല്ലാ സൗകര്യങ്ങളും പൂർത്തിയായിട്ട് വർഷങ്ങൾ ആയെങ്കിലും ചുറ്റുമതിൽ ഇല്ല എന്ന ഏകകാരണമാണ് അധികൃതർ പറയുന്നത്. ഈ സ്ഥാപനത്തിൽ മൂന്ന് ഡോക്ടർമാർ നിലവിലുണ്ട്. ഒ.പി. പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരും നിലവിലുണ്ട്. ക്വാർട്ടേഴ്സ് ഉണ്ടെങ്കിലും ഡോക്ടർമാരോ ജീവനക്കാരോ താമസിക്കുന്നില്ല. അതിനാൽ അടിയന്തിരഘട്ടങ്ങളിൽ ഇവരുടെ സേവനം ലഭ്യമാകുന്നില്ല.

വിവിധ മേഖലകളിൽ സ്പെഷ്യലൈസ് ചെയ്ത ഡോക്ടർമാരുടെ (നേത്രരോഗം,അസ്ഥിരോഗം, ശിശുരോഗം) സേവനം അത്യന്താപേക്ഷിതമാണ്.പന്ത്രണ്ട് കിടക്കകളുള്ള ഒരു ജനറൽ വാർഡും ആറ് കിടക്കകളുള്ള ഒരു കയർവാർഡും നിലവിലുള്ളതിൽ ഐ.പി. വിഭാഗം ആരംഭിക്കണം. ജനറൽവാർഡ് പുരുഷന്മാർക്കും സ്ത്രീകൾക്കുമായ് പ്രത്യേകമായി വിഭജിക്കണം. ബാത്ത് റൂമുകൾ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കണം. കയർ തൊഴിലാളി വാർഡിന്റെ ചോർച്ച പരിഹരിക്കണം. ഓപ്പറേഷൻ തിയേറ്ററിന്റെ വൈദ്യുതി സംവിധാനം മെച്ചപ്പെടുത്തണം.

ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിപ്പിക്കാതെ വെറുതെ കിടക്കുന്നതിനാൽ പതിനഞ്ച് കിടക്കകളും അഞ്ച് കട്ടിലും നാദാപുരത്തെ കുന്നുമ്മൽ ഹെൽത്ത് സെന്ററിലേക്ക് കൊണ്ടുപോയത് തിരികെ കൊണ്ടുവരുന്നതിന് വേണ്ട സംവിധാനം ഉണ്ടാക്കണം. ചുറ്റുമതിൽ നിർമ്മിക്കണം. ക്വാർട്ടേഴ്സിന്റെ അറ്റകുറ്റപ്പണികൾ നടത്തണം. വെയ്സ്റ്റ് പിറ്റ്, ഡ്രെയിനേജ് ഇവ വേണം. കോമ്പൗണ്ടിൽ ആവശ്യമായ വെളിച്ചം ലഭ്യമാക്കണം. ഒരു ഹെൽത്ത് സൂപ്പർവൈസർ, രണ്ട് സ്റ്റാഫ് നെഴ്സുമാർ, ഒരു ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ (ഗ്രേഡ്1)എന്നിവരുടെ ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്തണം. ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുന്നതിനാവശ്യമായ തസ്തികകൾ കൂടി സൃഷ്ടിക്കണം.

നിലവിലുള്ള നാല് സബ്ബ് സെന്ററുകളിൽ പാലാഴി സെന്ററിനു ചുറ്റിലും വെള്ളം കെട്ടിനിൽക്കുന്നതിനാലും ഒടുമ്പ്ര സബ്ബ്സെന്റർ റോഡിൽനിന്നും വളരെ താഴ്ചയിലാണ് എന്നതുകൊണ്ടും ഗുണഭോക്താക്കളും ജീവനക്കാരും ഏറെ ദുരിതമനുഭവിക്കുന്നു. ഇതിന് അടിയ

ന്തിര പരിഹാരം ഉണ്ടാകണം. മണക്കടവ് സബ്ബ്സെന്റ റിൽ വേനൽക്കാലത്ത് കിണറിൽ ശുദ്ധജലക്ഷാമം അനുഭവിക്കുന്നത് പരിഹരിക്കണം. അനുമതി ലഭിച്ച രണ്ടു സബ്ബ്സെന്ററുകളും -പന്തീരാങ്കാവിലും പൂളേങ്കരയിലും - ഉടൻ പ്രവർത്തനം ആരംഭിക്കണം. നിലവിലുള്ള സബ്ബ് സെന്ററുകളിലെ ജീവനക്കാരുടെ പ്രവർത്തനം കുറേകൂടി കാര്യക്ഷമമാക്കണം. ആഴ്ചയിൽ ഒരിക്കലെങ്കിലും ഡോക്ടർമാരുടെ സേവനം ഈ സബ്ബ് സെന്ററുകളിൽ നിർബന്ധമാക്കണം. ജനസംഖ്യാനുപാതികമായി സബ്ബ്സെന്ററുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ഒരു വാർഡിൽ ഒന്ന് എന്നതോതിൽ സ്ഥാപിക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കുകയും വേണം.

കുന്നത്തുപാലം ഇ.എസ്.ഐ സ്ഥാപിതമായിട്ട് വർഷങ്ങൾ ആയെങ്കിലും കിടത്തിചികിത്സ ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല.പഞ്ചായത്തിൽ അധിവസിക്കുന്ന നൂറു കണക്കിനു തൊഴിലാളി കുടുംബങ്ങൾ ഇപ്പോൾ ഫറോക്ക് ഇ.എസ്.ഐ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഇത് ഈ പ്രദേശത്തുകാർക്ക് വളരെയേറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നു. കിടത്തി ചികിത്സ ഏർപ്പെടുത്തി ഈ സ്ഥാപനം വികസിപ്പിക്കേണ്ടതാണ്.

ഡോക്ടർമാർക്കും സ്റ്റാഫിനും എല്ലാ സൗകര്യങ്ങളോടും കൂടിയ ക്വോർട്ടേഴ്സ് നിലവിലുണ്ടെങ്കിലും ഇവ ഉപയോഗിക്കുന്നില്ല. തങ്ങൾക്കനുവദിക്കപ്പെട്ട ക്വോർട്ടേഴ്സിൽ ജീവനക്കാർ താമസിക്കുന്നത് രോഗികൾക്ക് ഏറെ ഉപകാരപ്രദമാകും. ഇക്കാര്യത്തിൽ അധികൃതരുടെ ശ്രദ്ധ പതിയേണ്ടതാണ്.

അര നൂറ്റാണ്ടായി പന്തീരാങ്കാവിൽ പ്രവർത്തിച്ചു വരുന്ന ആയുർവ്വേദ ഡിസ്പെൻസറിക്ക് നാളിതുവരെയായി സ്വന്തം കെട്ടിടം പണിതിട്ടില്ല. പന്തീരാങ്കാവ് പാറക്കുളം റോഡിൽ ഇടക്കാട്ടുപുറത്ത് ഭൂമി വിലക്കെടുത്ത് കെട്ടിടം നിർമ്മിക്കാവുന്നതാണ്. ഡിസ്പെൻസറിയിൽ ആവശ്യത്തിന് സ്റ്റാഫിനെ നിയമിക്കണം. ഫാർമസിസ്റ്റ് തസ്തിക നിലവിൽ ഇല്ലെന്നതിനാൽ അറ്റന്ററാണ് പ്രസ്തുത ജോലിചെയ്യുന്നത്. അറ്റന്റർ അവധിയിൽ പ്രവേശിച്ചാൽ ഡോക്ടർതന്നെ മരുന്ന് എടുത്ത് കൊടുപ്പും നടത്തേണ്ടി വരുന്നു എന്നത് ഡിസ്പെൻസറിയുടെ സുഗമമായ പ്രവർത്തനത്തിന് തടസ്സം സൃഷ്ടിക്കുന്നു. ഫാർമസിസ്റ്റ് തസ്തിക സൃഷ്ടിച്ച് നിയമനം നടത്തണം. പ്രതിദിനം നൂറ്റി എഴുപത്തഞ്ചോളം പേർ ചികിത്സ തേടി എത്തുന്ന ഡിസ്പൻസറിയിൽ ആവശ്യമായ മരുന്നുകൾ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണം.

വയോജനങ്ങൾക്ക് ഏറെ ഗുണകരമാണ് ആയുർവ്വേദ ചികിത്സ എന്നതുകൊണ്ട് പഞ്ചായത്തിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറികൂടി സ്ഥാപിക്കുകയോ നിലവിലുള്ളത് ആശുപത്രിയായി വികസിപ്പിക്കുകയോ ചെയ്യുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

ഹോമിയോ ചികിത്സാരംഗത്തെ ഗുണഭോക്താക്കളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി പഞ്ചായത്തിൽ നിലവിലുള്ള ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം ഡോക്ടർ ഉൾപ്പെടെ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് മെച്ചപ്പെടുത്തണം.

മരുന്നുകളുടെ ക്രമാതീതമായ വിലവർദ്ധനവ് പരിഗണിച്ച് പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ ഒരു സഹകരണ മെഡിക്കൽ സ്റ്റോർ സ്ഥാപിക്കണം. സ്കൂൾ ഹെൽത്ത് പദ്ധതി വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും വേണം.

എല്ലാമാസങ്ങളിലും 22-ാംതീയ്യതി ആരോഗ്യപരിപാലനത്തിന്റെ ഭാഗമായി എം.ഡി.ടി (മൾട്ടി ഡ്രഗ് തെറാപ്പി) പദ്ധതിപ്രകാരം പ്രൈമറി ഹെൽത്ത് സെന്ററിന്റെ മേൽനോട്ടത്തിൽ പ്രൈമറി ഹെൽത്ത് സെന്ററിലും പാലാഴി,ഒടുമ്പ്ര,മണക്കടവ് സബ്ബ്സെന്ററുകളിലും ഒരു സ്കിൻസ്പെഷ്യലിസ്റ്റും ഒരു പാത്തോളജിസ്റ്റും രോഗപ്രതിരോധ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. എന്നിരുന്നാലും നമ്മുടെ പഞ്ചായത്തിൽ ഭീതിജനകമായ തോതിൽ കുഷ്ഠരോഗവും കേൻസർ രോഗവും നിലനിൽക്കുന്നതായി കാണുന്നു. രോഗലക്ഷണങ്ങളെക്കുറിച്ചുള്ള അജ്ഞതയാണ് പ്രധാനമായും ഈ അവസ്ഥക്കു കാരണം. ബോധവൽക്കരണം ഇവിടേയും ഒഴിച്ചുകൂടാനാവാത്തതാണ്.

നമ്മുടെ പഞ്ചായത്തിൽ ശിശുമരണം വർഷങ്ങളായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല എന്നത് ആരോഗ്യരംഗത്ത് നാം നേടിയെടുത്ത അഭിമാനാർഹമായ നേട്ടമാണ്. പരിമിതമായ സൗകര്യങ്ങൾക്കകത്തുനിന്നും സ്തുത്യർഹമായ നേട്ടം രചിച്ചെടുത്ത അധികാരികൾ അഭിനന്ദനമർഹിക്കുന്നു.

ഗതാഗതസംബന്ധമായ ഒരു കാര്യം കൂടി ഈ അവസരത്തിൽ എടുത്തുകാണിക്കുന്നു. ഒളവണ്ണപഞ്ചായത്തിലെ കൊടൽനടക്കാവ്- മണക്കടവ്-പന്തീരാങ്കാവ്-മൂർക്കനാട് പള്ളിപ്പുറം എന്നീവിടങ്ങളിലെ ജനങ്ങൾക്ക് അത്യാസന്ന നിലയിലുള്ള രോഗികളെയും കൊണ്ട് മെഡിക്കൽകോളേജ് ആശുപത്രിയിലേക്ക് പോകുന്നതിന് പന്തീരാങ്കാവ് പുഴമ്പ്രം പാലം നിർമ്മിച്ചാൽ മിനുട്ടുകൾക്കുള്ളിൽ മെഡിക്കൽകോളേജ് ആശുപത്രിയിൽ എത്തിക്കുന്നതിന് സാധിക്കുന്നതാണ്. വിലപ്പെട്ടജീവൻ സംരക്ഷിക്കുന്നതിന് ഏതാനും മിനുട്ടുകളുടെ വ്യത്യാസം ഏറെ ഉപകരിക്കുമെന്നത് എടുത്തുപറയേണ്ടതില്ലല്ലോ.

# ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ പരിഹാരങ്ങൾ

## പ്രശ്നങ്ങൾ

- ✖ ഒളവണ്ണ പ്രൈമറി ഹെൽത്ത് സെന്ററിൽ ഇൻപേഷ്യന്റ് വിഭാഗം ഇല്ല.
- ✖ രോഗങ്ങളെക്കുറിച്ചും രോഗലക്ഷണങ്ങളെ കുറിച്ചും ജനങ്ങൾക്കുള്ള അജ്ഞത
- ✖ സബ്സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ✖ ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- ✖ ആയുർവ്വേദ ഡിസ്പെൻസറിയുടെ സൗകര്യങ്ങൾ വളരെ പരിമിതമാണ്.
- ✖ പഞ്ചായത്തിലെ ജനങ്ങൾക്ക് എളുപ്പത്തിൽ മെഡിക്കൽ കോളേജ് ആശുപത്രിയുമായി ബന്ധപ്പെടാൻ കഴിയുന്നില്ല.

## പരിഹാരങ്ങൾ

- ✔ ആശുപത്രിയിൽ മതിയായ ജീവനക്കാരെ നിയമിക്കുക. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക. ചുറ്റുമതിൽ നിർമ്മിക്കുക. ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കുക.
- ✔ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം മാസത്തിൽ ഒരിക്കൽ പഞ്ചായത്തിലെ സബ്സെന്ററുകളിലും ഹെൽത്ത് സെന്ററുകളിലും നിർബന്ധമാക്കണം. എല്ലാവാർഡുകളിലും സബ്ബ്സെന്ററുകൾ തുറക്കുക
- ✔ ശോചനീയാവസ്ഥയിലുള്ള സബ്ബ്സെന്ററുകളുടെ നിലമാറ്റിയെടുത്ത് കൂടുതൽ ജീവനക്കാരെ നിയമിക്കുക.
- ✔ സ്റ്റാഫിനു മാത്രം താമസിക്കുന്നതിനുള്ള ക്വാർട്ടേഴ്സുകൾ ഉണ്ടായിട്ടും അതുപയോഗിക്കാതെ മാറി നിൽക്കുന്ന ജീവനക്കാരുടെ സമീപനരീതി അധികൃതരുടെ ഇടപെടലിലൂടെ പരിഹരിച്ചെടുക്കുക
- ✔ സ്റ്റാഫിന്റെ കുറവ് പരിഹരിക്കുക. സ്വന്തമായ സൗകര്യപ്രദമായ കെട്ടിടത്തിലേക്ക് മാറ്റുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക
- ✔ പന്തീരാങ്കാവ് പുഴമ്പ്രം പാലം നിർമ്മിക്കുക

പട്ടിക -1

| സ്ഥാപനങ്ങൾ | വാർഡ് നമ്പർ | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| സബ്സെന്റർ | 2 | | 1 |
| സബ്ബ്സെന്റർ | 3 | | 1 |
| ഹോമിയോ ഡിസ്പെൻസറി | 4 | 1980 | 4 |
| ഇ.എസ്.ഐ ഡിസ്പെൻസറി | 4 | | 8 |
| സബ്സെന്റർ | 6 | | 1 |
| ആയുർവ്വേദ ഡിസ്പെൻസറി | 12 | | 3 |
| പ്രൈമറി ഹെൽത്ത് സെന്റർ | 13 | 1964 | 26 |
| സബ്ബ്സെന്റർ | 15 | | 1 |

ശിശുമരണനിരക്ക് ഇല്ല.

കണ്ടുവരുന്ന പ്രധാനരോഗങ്ങൾ

1. കുഷ്ഠം 2. കേൻസർ 3. ത്വക്ക് രോഗം
4. ജലരോഗങ്ങൾ

അനുബന്ധം

പൊതുകക്കൂസുകൾ മൂത്രപുരകൾ എന്നിവക്കു ആവശ്യമായ ശുദ്ധജലംലഭ്യമാക്കുക

പന്തീരാങ്കാവ് അങ്ങാടിയിൽ ഒരു പൊതു കക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക

ഗ്രാമസഭാനിർദ്ദേശങ്ങൾ

## വാർഡ് 1

- ✔ ഹോമിയോ ആയുർവ്വേദ ക്ലിനിക്കുകൾ വേണം
- ✔ സബ്ബ്സെന്റർ 15 കിടക്കകളുള്ള H.C ആക്കണം
- ✔ സഹകരണമെഡിക്കൽസ്റ്റോർ വേണം.

## വാർഡ് 2

- ✔ സബ്ബ്സെന്റർ പി.എച്ച്.സി ആയി ഉയർത്തണം
- ✔ ആരോഗ്യസെമിനാർ നടത്തണം.

## വാർഡ് 3

- ✔ പറയൻകാട്കുന്നിലെ ആരോഗ്യക്ഷേമകേന്ദ്രം പ്രവർത്തനം കാര്യക്ഷമമാക്കുക
- ✔ ത്വക്രോഗങ്ങൾ നടപടി വേണം.
- ✔ കുടുംബക്ഷേമ കേന്ദ്രം വേണം
- ✔ IV കുടുംബക്ഷേമകേന്ദ്രം വേണം
- ✔ ശാസ്തീയമായി ആരോഗ്യനിയമങ്ങൾ പാലിക്കുക

## വാർഡ് 4

- ✔ സബ്സെന്റർ പി.എച്ച.സി. ആക്കുക

## വാർഡ് 5

- ✔ സബ്സെന്ററിൽ ഡോക്ടറുടെ സേവനം
- ✔ ഭവനസന്ദർശനം (ഹെൽത്ത് ഇൻസ്പെക്ടർ) മെച്ച പ്പെടുത്തുക
- ✔ സ്കൂൾ ഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമാക്കുക

## വാർഡ് 6

- ✔ അലോപ്പതി,ആയുർവ്വേദ, ഹോമിയോ ആശുപത്രി കൾ സ്ഥാപിക്കുക

## വാർഡ് 7

- ✔ പൂളക്കടവ് പാലത്തിനും കൊടിനാട്ട്മുക്കിനും ഇട യിൽ പി.എച്ച്.സി. വേണം.

## വാർഡ് 9

- ✔ പി.എച്ച്.സി വേണം

## വാർഡ് 10

- ✔ സ്കൂൾഹെൽത്ത് പ്രോഗ്രാം സജീവമാക്കണം.
- ✔ സബ്സെന്റർ വേണം(സ്ഥലം സൗജന്യമായി ലഭ്യ മാക്കാം)
- ✔ XI ഹോമിയോ ഡിസ്പെൻസറി
- ✔ മൊബൈൽ ഹെൽത്ത് സെന്റർ
- ✔ കുടുംബക്ഷേമപ്രവർത്തകർ മാസത്തിൽ ഒരിക്കൽ ഭവനസന്ദർശനം നടത്തുക.
- ✔ ക്ലോറിനേഷൻ നടപടിവേണം

## വാർഡ് 11

- ✔ I.Pയോടുകൂടി സബ്സെന്റർ വേണം
- ✔ ആരോഗ്യക്ലാസ്സുകൾ, പ്രതിരോധകുത്തിവെപ്പുകൾ
- ✔ XIII പി.എച്ച്.സി. പ്രവർത്തനം കാര്യക്ഷമമാക്കണം.
- ✔ ഇൻപേഷ്യന്റ് വിഭാഗം ആരംഭിക്കണം.
- ✔ കയർതൊഴിലാളി വാർഡിന്റെ ചോർച്ച നാട്ടുകാർ പരിഹരിക്കണം

## വാർഡ് 14

- ✔ സബ്സെന്റർ വേണം
- ✔ സ്കൂൾഹെൽത്ത് പ്രോഗ്രാം കാര്യക്ഷമമാക്കണം

## വാർഡ് 15

- ✔ സബ്സെന്റർ വികസിപ്പിക്കണം
- ✔ പി.എച്ച്.സി.യിൽ ആംബുലൻസ് വേണം
- ✔ ശുചീകരണപ്രവർത്തനം സജീവമാക്കണം
- ✔ ആയുർവ്വേദ, ഹോമിയോ ഡിസ്പെൻസറി വേണം

# പരിസരശുചീകരണം

വാർഡ് I

- ✔ 50% തിലേറെ പേർക്ക് കക്കൂസുകൾ വേണം
- ✔ മത്സ്യമാർക്കറ്റ്,അറവുശാലകൾ വേണം

II

- ✔ 50% ഏറെ പേർക്ക് കക്കൂസുകൾ വേണം.
- ✔ ഫ്ളഷ് ഔട്ട് കക്കൂസുകൾക്ക് സാമ്പത്തികസഹായം വേണം
- ✔ പൊതുകക്കൂസും മൂത്രപ്പുരയും വേണം

III

- ✔ സംസ്കരണശാല വേണം
- ✔ പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കു ന്നത് നിരുത്സാഹപ്പെടുത്തുക

IV

- ✔ 50% കക്കൂസ് വേണം
- ✔ മാത്തറ മെയിൻ റോഡ് വരെ ഡ്രെയിനേജ് വേണം.

- ✔ പൊതുശ്മശാനം
- ✔ സംസ്കരണശാല, അറവുശാല

V

- ✔ പൊതു ശ്മശാനം

VI

- ✔ 25% കക്കൂസ് വേണം
- ✔ പൊതുകക്കൂസും മൂത്രപ്പുരയും സ്ഥാപിക്കുക

VII

- ✔ 50% കക്കൂസ് വേണം
- ✔ സംസ്കരണശാല
- ✔ കൊതുക് നിർമാർജ്ജനം.

VIII

- ✔ സംസ്കരണശാല
- ✔ പൊതുസ്ഥലത്ത് അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നത് നിരോധിക്കുക
- ✔ പൊതു ശ്മശാനം
- ✔ കൊതുകു നിർമാർജ്ജനം

IX

- ✔ സംസ്കർണ ശാല
- ✔ കൊതുകു നിർമാർജനം
- ✔ 40% കക്കൂസ് സംവിധാനം

X

- ✔ 50% കക്കൂസ് സംവിധാനം വേണം
- ✔ ചുങ്കം പ്രദേശത്ത് ഡ്രൈനേജ് വേണം
- ✔ പൊതു സംസ്കരണശാല
- ✔ കൊതുക് നിർമാർജനം
- ✔ XI പൊതുശ്മശാനം
- ✔ കമ്പോസ്റ്റ് കുഴി
- ✔ 25% കക്കൂസ് വേണം

XII

- ✔ പന്തീരാങ്കാവിൽ ഒരു പൊതു മൂത്രപ്പുര
- ✔ ചപ്പുചവർസംഭരണി
- ✔ ഡ്രൈനേജ് ക്ലീൻചെയ്യണം
- ✔ 25% കക്കൂസ് സഹായം
- ✔ പൊതുശ്മശാനം

XIII

- ✔ 50% കക്കൂസ് വേണം
- ✔ പൊതുകക്കൂസ് വേണം
- ✔ മത്സ്യമാർക്കറ്റ്

XIV

- ✔ 25% കക്കൂസ് സൗകര്യം
- ✔ പൊതുശ്മശാനം
- ✔ ഡ്രൈനേജ്

XV പൊതു കിണർ

- ✔ ആതുരശുശ്രുഷാനിധി പ്രസിണ്ടിന്റെ കീഴിൽ
- ✔ കക്കൂസിനു സഹായധനം

## പരിസരശുചിത്വം

വ്യവസായികപ്രശ്നങ്ങൾ മൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശനങ്ങൾ നമ്മുടെ പഞ്ചായത്തിൽ താരതമ്യേന കുറവാണ്. സമീപപ്രദേശത്തെ മാവൂർ ഗ്വാളിയോർ റയോൺസിൽ നിന്നും ഒഴുക്കി വിടുന്ന മാലിന്യങ്ങളുടെ പ്രശ്നങ്ങൾ തീരപ്രദേശ നിവാസികൾക്ക് ഏറെ ഭീഷണിയായി നിൽക്കുന്നു. ഈ മാലിന്യഭീഷണി കേൻസർ പോലുള്ള മാരകരോഗങ്ങൾക്ക് പോലും സാദ്ധ്യതയേറുന്നു എന്നതാണ് ശാസ്ത്രീയ പഠനങ്ങൾ സൂചിപ്പിക്കുന്നത്.ഇതിന് നിയന്ത്രണം ഏർപ്പെടുത്താൻ സത്വര നടപടികൾ ഉണ്ടാകണം.

പഞ്ചായത്തിന്റെ ഭൂമിശാസ്ത്ര പരമായ കിടപ്പ് കൂടിയ ജനസാന്ദ്രത, ആരോഗ്യരംഗത്ത് ജനങ്ങൾക്കുള്ള അവബോധമില്ലായ്മ,കക്കൂസുകളുടെ അപര്യാപ്തത, മാലിന്യസംസ്കരണത്തിനുള്ള പൊതുസംസ്കരണശാലകളുടെ അഭാവം എന്നിവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഗുരുതരമായി നിലനിൽക്കുന്നു.

ചതുപ്പ് നിലങ്ങളോടൊപ്പം ഏറെ കുന്നിൻപ്രദേശങ്ങളും നിലനിൽക്കുന്നു എന്നത് കൊണ്ട് ശുദ്ധജല ക്ഷാമം വളരെ രൂക്ഷമാണ്. ചതുപ്പുനിലങ്ങളിൽ ഓര് വെള്ളത്തിന്റെ പ്രശ്നങ്ങളും നിലനിൽക്കുന്നു. ശുദ്ധജലലഭ്യത വർദ്ധിപ്പിക്കുകയും സാനിറ്റേഷൻരംഗത്തെ അപര്യാപ്ത പരിഹരിച്ചാൽ വലിയൊരളവുവരെ പഞ്ചായത്തിലെ പരിസ്ഥിതിപ്രശ്നങ്ങൾ പരിഹൃതമാകും

പഞ്ചായത്തിന്റെ പൊതുസംസ്കരണശാലകളുടെ അഭാവവും ജനസാമാന്യത്തിന്റെ ബോധനിലവാരക്കുറവും മൂലം പൊതുനിരത്തുകളിലും ഓടകളിലും തോടുകളിലും പുഴകളിലുമായി മാലിന്യങ്ങൾ നിക്ഷേപിക്കുന്ന സ്ഥിതി നിലവിലുണ്ട്.പ്രധാന നിരത്തുകളിലെ ഓടകളുടെ അഭാവം പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു. ഓടകൾ ശരിയാംവണ്ണം പരിപാലിക്കപ്പെടാത്തതുകൊണ്ടും പുറത്തുനിന്നുള്ള മാലിന്യങ്ങൾ അവയിൽ നിക്ഷേപിക്കപ്പെടുകയും കൂടി ചെയ്യുന്നതുകൊണ്ട് അവ ഉപയോഗശൂന്യമാക്കപ്പെടുന്നു. ഇതുമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ രൂക്ഷമാണ്.


പഞ്ചായത്തിൽ ഒരു അറവുശാലയില്ലാത്തതുമൂലം പൊതുസ്ഥലങ്ങളിൽ വെച്ചുള്ള കശാപ്പുകൾ നടക്കുന്നു. അറവുമാടുകളുടേയും മറ്റും അവശിഷ്ടങ്ങൾ ശാസ്ത്രീയമായ രീതിയിൽ സംസ്കരിക്കപ്പെടാതെ സമീപപ്രദേശങ്ങളിലെ പുഴകളിൽ നിക്ഷേപിക്കപ്പെടുന്നു. ഇതുമൂലം പുഴയെ ആശ്രയിച്ചു കഴിയുന്ന മറ്റു ജനവിഭാഗങ്ങൾക്കും ഏറെ പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. മൊത്തം ജനതയെത്തന്നെ ബാധിക്കുന്ന ഗുരുതരമായ പരിസ്ഥിതി പ്രശ്നമായി ഇവ മാറുന്നു.' അതിനാൽ പഞ്ചായത്തിന്റെ പ്രധാനഭാഗങ്ങളിൽ അറവുശാലകളും മാർക്കറ്റുകളും സ്ഥാപിക്കുകയും ഒരു പൊതു സംസ്കരണശാല സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്.

പൊതുകക്കൂസുകളും മൂത്രപ്പുരകളും പണിയുന്നതോടെ അവ ഉപയോഗിക്കുന്നതിനാവശ്യമായ ജലലഭ്യത കൂടി ഉറപ്പു വരുത്തേണ്ടതാണ്. നിലവിലുള്ള പൊതു മൂത്രപ്പുരകൾക്ക് ജലലഭ്യത ഉണ്ടാക്കണം പരിസരശുചീകരണത്തിൽ അവബോധമില്ലായ്മ ഒരു പരിധി വരെ സാനിറ്റേഷൻരംഗത്തെ നമ്മുടെ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥക്ക് കാരണമായി കാണാൻ കഴിയും ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങൾ പരിശോധിച്ചാൽ സ്വന്തമായി കക്കൂസുകളില്ലാത്തവരുടെ എണ്ണം പകുതിയിലേറെ ആണെന്ന് കാണാം. സാമ്പത്തികസഹായം നൽകുന്നതോടൊപ്പം പരിസരശുചീകരണത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.

പൊതുശ്മശാനത്തിന്റെ അഭാവം പഞ്ചായത്തിലെ പൊതുജനങ്ങൾക്ക് ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. നാല്സെന്റ് കോളനികൾ, ലക്ഷം വീട് കോളനികൾ തുടങ്ങി ജനങ്ങൾ തിങ്ങിപാർക്കുന്ന പ്രദേശങ്ങൾ ഏറെയുള്ളതുകൊണ്ട് ഈ പ്രശ്നം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. കോഴിക്കോട് കോർപ്പറേഷനിലെ പൊതുശ്മശാനത്തെ ആശ്രയിച്ചാണ് ഇപ്പോൾ കാര്യങ്ങൾ നിറവേറ്റി വരുന്നത്. നിലവിൽ ഒരു പൊതുശ്മശാനത്തിന് സ്ഥലം കൊടൽനടക്കാവിൽ(വാർഡ്13) പഞ്ചായത്തിന്റേതായുണ്ട്.അതിന് ചുറ്റും കെട്ടി സംരക്ഷിച്ച് വേണ്ടസൗകര്യങ്ങൾ ഏർപ്പെടുത്താം.

## നിർദ്ദേശങ്ങൾ

- പരിസരശുചീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.
- എല്ലാവീടുകളിലും കക്കൂസുകൾ വേണം
- പൊതുസംസ്കരണശാലകൾ സ്ഥാപിക്കുക
- ഡ്രെയ്നേജ് സംവിധാനം ശാസ്ത്രീയമായ രീതിയിൽ ഏർപ്പെടുത്തുക.
- ഓടകളിൽ ചപ്പുചവറുകൾ നിക്ഷേപിക്കുന്നത് നിരുത്സാഹപ്പെടുത്തുക
- ഇതിന് വ്യാപാരികൾക്കിടയിൽ ബോധവൽക്കരണം നടത്തുകയും അവരുടെ കൂടെ പങ്കാളിത്തത്തോടെ ദൈനംദിനം ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
- പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിൽ വെയ്സ്റ്റ് പിറ്റുകൾ സ്ഥാപിക്കുക.
- പൊതുകക്കൂസുകൾ മൂത്രപ്പുരകൾ എന്നിവക്ക് ആവശ്യമായ ജലം ലഭ്യമാക്കുക.
- പന്തീരങ്കാവ് അങ്ങാടിയിൽ ഒരു പൊതു മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക
- മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ആവശ്യമായ ജീപ്പ്ട്രെയ്ലർ സൗകര്യങ്ങൾ ഏർപ്പെടുത്തുക.



# ഗതാഗതം

ഒളവണ്ണപഞ്ചായത്തിലെ റോഡിന്റെ ചരിത്രം പരിശോധിക്കുമ്പോൾ മാങ്കാവ്-കണ്ണിപറമ്പ് റോഡാണ് ഗതാഗതവികസനത്തിനാധാരം. ഈ റോഡ് മാങ്കാവിൽ നിന്നും തുടങ്ങി മാവൂർ പഞ്ചായത്തിലെ ചെറൂപ്പയിൽ വെച്ച് മാവൂർ റോഡിനോട് ബന്ധിക്കുന്നു.

നാട്ടുരാജാക്കന്മാരുടെ കാലഘട്ടത്തിൽ സാമൂതിരികോവിലകത്തിന്റെ കീഴിലുള്ള കണ്ണിപറമ്പ് തീർത്ഥകുന്ന് ക്ഷേത്രത്തിലേക്ക് സാമൂതിരി കുടംബം എഴുന്നള്ളിയിരുന്ന നടപ്പാതയായിരുന്നു ഇത്. അതുകൊണ്ടാണ് ഇതിന് മാങ്കാവ്-കണ്ണിപറമ്പ് റോഡെന്ന് പേരുവന്നതെന്ന് കരുതുന്നു. ഈ പാതയോരത്ത് ധാരാളം തണൽവൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചിരുന്നു. അതിൽ കുറെയെണ്ണം ഇപ്പോഴും പെരുവയൽ പഞ്ചായത്തിലെ വള്ളിക്കുന്നിലും കായലം പ്രദേശത്തും കാണുന്നുണ്ട്. കൂടാതെ സാമൂതിരി കോവിലകത്തിന്റെ കീഴിലുള്ള ഏതാനും വിഷ്ണു ശിവ ഭഗവതിക്ഷേത്രങ്ങളും ഈ പാതയോരങ്ങളിൽ ഉണ്ട്. ക്ഷേത്രദർശനത്തിനും കോവിലകംവകയായിരുന്ന വിസ്തൃതമായ ഭൂപ്രദേശത്തിന്റെ മേൽനോട്ടത്തിനും ഈ നടപ്പാതയായിരുന്നു ഉപയോഗിച്ചിരുന്നത് എന്ന് പറയപ്പെടുന്നു.

കോഴിക്കോട് നഗരത്തോട് ഏറ്റവും അടുത്ത് കിടക്കുന്ന ഒളവണ്ണ പഞ്ചായത്ത് റോഡ്വികസനത്തിന്റെ കാര്യത്തിൽ വളരെ പിറകിലായിരുന്നു. റോഡ് ഗതാഗതസൗകര്യങ്ങൾ 1964 ന് മുമ്പ് വളരെ വിരളമായിരുന്നു. ഒളവണ്ണപഞ്ചായത്ത് രൂപംകൊണ്ടപ്പോൾ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ പൊക്കുന്നു മുതൽ പന്നിയൂർകുളം വരെ 8മുതൽ10 അടിവരെ വീതിയുള്ള ഒരു നടപ്പാതമാത്രമായിരുന്നു ഉണ്ടായിരുന്നത്. പഞ്ചായത്ത് രൂപം കൊള്ളുന്നതിന് മുമ്പ്തന്നെ കുന്നത്തുപാലത്തുണ്ടായിരുന്ന മരപ്പാലം തകർന്നതോടെ ഇവിടുത്തെ കടവ് പൊതുമരാമത്ത് സൗജന്യകടവായി മാറ്റി. ഗതാഗതസൗകര്യമുള്ള മരപ്പാലം പണിതുകിട്ടാൻ സർക്കാരിൽ സമ്മർദ്ധം ചെലുത്തുകയും പൊതുമരാമത്തിനെകൊണ്ട് അംഗീകരിപ്പിച്ച് ജനകീയസഹകരണത്തോടെ നടപ്പാക്കിയുമാണ് ആദ്യമായി ഗതാഗതത്തിന് സൗകര്യമുണ്ടാക്കിയത്. അതിന് ശേഷമാണ് പന്തീരാങ്കാവ്, ഒളവണ്ണ ഭാഗത്തുനിന്ന് കോഴിക്കോട്ടേയ്ക്ക് യാത്രാസൗകര്യമുണ്ടായത്. 1965-66ലോണ് കുന്നത്തുപാലത്തേക്ക് ബസ്സ്ഗതാഗതമുണ്ടായത്. 1970ലാണ് കുന്നത്ത്പാലത്ത് ഇന്ന് കാണുന്ന കോൺക്രീറ്റ് പാലം ഉണ്ടാക്കിയത്.. ഇതിനു ശേഷം പൊക്കുന്നുമുതൽ കുന്നത്തുപാലം വരെയും രണ്ടാംഘട്ടമായി കുന്നത്തുപാലം മുതൽ പന്നിയൂർകുളം വരെയും സ്ഥലം എക്വയർ ചെയ്ത് റോഡിന്റെ വീതി കൂട്ടി ഗതാഗതയോഗ്യമാക്കുകയും ചെയ്തു. ഒളവണ്ണ പഞ്ചായത്തിലെ ആദ്യത്തെ PWD റോഡാണിത്. മാവൂർ ഗ്വാളിയോർ റയോൺസിലേക്ക് കോഴിക്കോട്ടു നിന്നുള്ള സമാന്തര റോഡായി ഇതിനെ പരിഗണിച്ചിട്ടുള്ളതാണ്.

പൊതുമരാമത്ത് ഏറ്റെടുത്ത പഞ്ചായത്ത് റോഡുകൾ

## 1. പൊറ്റമ്മൽ- പാലാഴി റോഡ്.

കോഴിക്കോട് കോർപ്പറേഷനുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാനറോഡാണ് പൊറ്റമ്മൽ-പാലാഴി റോഡ്. ഇതിൽ മനന്തലത്താഴം മുതൽ കണ്ണംചിന്നം

പാലം വരേയുള്ള ഭാഗം മുൻകാലത്ത് ഒരു നടപ്പാത മാത്രമായിരുന്നു. ഈ റോഡ് ജനകീയകമ്മറ്റി ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി വാങ്ങുകയും പൊതുമരാമത്ത് വകുപ്പിനെ കൊണ്ട് ഏറ്റെടുപ്പിക്കുകയും ചെയ്തു.

## 2. മാത്തറ പാലാഴി റോഡ്

ഇത് ആദ്യം ജനകീയകമ്മറ്റി മുഖേനയും അതിന്ശേഷം കോഴിക്കോട് ബ്ലോക്ക് മുഖേനയും വികസിപ്പിച്ചു. PWD ഏറ്റെടുക്കുന്നതിനുവേണ്ട സ്ഥലം മുഴുവൻ ഘട്ടംഘട്ടമായി ജനങ്ങൾ സൗജന്യമായി നൽകി. ഇപ്പോൾ ഈ റോഡ് PWD മണ്ണിട്ട് ഉയർത്തി ഗതാഗതയോഗ്യമാക്കുന്നുണ്ട്. ഇത് പൂർത്തിയാകുമ്പോൾ പന്തീരാങ്കാവ് ഒളവണ്ണഭാഗങ്ങളിൽനിന്ന് മെഡിക്കൽകോളേജിലേക്ക് എളുപ്പത്തിൽ എത്തുവാൻ സാധിക്കും.

## 3. പന്തീരങ്കാവ്-മണക്കടവ് റോഡ്

പഞ്ചായത്തിലെ ഏറ്റവും നീളം കൂടിയ രണ്ടാമത്തെ റോഡായ ഇത് നാട്ടുകാർ നിർമ്മിച്ച ഒരു നടപ്പാതയായിരുന്നു. ക്രമേണ നാട്ടുകാരുടെ സഹായത്താൽ സർക്കാരിൽ നിന്ന് കിട്ടിയ വെള്ളപ്പൊക്കദുരിതാശ്വാസഫണ്ടുപയോഗിച്ച് പഞ്ചായത്തും കോഴിക്കോട് ബ്ലോക്കും നാട്ടുകാരും ചേർന്ന് റോഡാക്കുകയും PWD യെക്കൊണ്ട് ഏറ്റെടുപ്പിക്കുകയും ചെയ്തു. അതിന് ശേഷം മണ്ണിട്ടുയർത്തി ടാർചെയ്ത് ഗതാഗതയോഗ്യമാക്കുകയുമാണുണ്ടായത്. ഈ റോഡ് വികസിപ്പിക്കുന്നതിന് വേണ്ട സ്ഥലവും നാട്ടുകാർ സൗന്യമായി നൽകിയതാണ്.

## 4. കുന്നത്തുപാലം പൂളക്കടവ് റോഡ്.

ഒളവണ്ണ പഞ്ചായത്തിനെ ചെറുവണ്ണൂർ നല്ലളം പഞ്ചായത്തുമായി ബന്ധിപ്പിക്കുന്ന ഒരു പ്രധാന റോഡാണ് കുന്നത്തുപാലം- പൂളക്കടവ് റോഡ്. ആദ്യകാലത്ത് ഇത് ഒരു നടവഴി മാത്രമായിരുന്നു. ഇത് കമ്മറ്റി മുഖേന ആദ്യം വികസിപ്പിക്കുകയും പിന്നീട് M.L.A റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 8മീറ്റർ റോഡായി വികസിപ്പിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ജനങ്ങളിൽ നിന്ന് വാങ്ങി PWD യെക്കൊണ്ട് ഏറ്റെടുപ്പിച്ച് ഗതാഗതയോഗ്യമാക്കുകയും ചെയ്തതാണ്. ഈ റോഡിലൂടെ മാവൂർ, പെരുവയൽ ഭാഗത്ത് മാവൂർ പെരുവയൽ ഭാഗത്ത് നിന്ന് കളിമണ്ണും മറ്റും ഫറോക്ക്, ചെറുവണ്ണൂർ എന്നിവടങ്ങളിലേക്ക് എളുപ്പത്തിൽ എത്തിക്കാൻ കഴിയുന്നു.

## 5. കൊടിനാട്ട്മുക്ക്-ചുങ്കം റോഡ്:

കൊളത്തറ, ചെറുവണ്ണൂർ എന്നിവിടങ്ങളിലേക്ക് ഒളവണ്ണ പഞ്ചായത്തിൽനിന്നും ചുരുങ്ങിയ ദൂരത്തിൽ എത്താൻ പറ്റുന്ന ഒരു റോഡാണിത് ഇതിന് വേണ്ട സ്ഥലവും നാട്ടുകാർ സൗജന്യമായി നല്കി ആദ്യം പഞ്ചായത്തും പിന്നീട് PWDയും വികസിപ്പിച്ച് ഗതാഗതയോഗ്യമാക്കിയതാണ്.

## 6. കാവിൽതാഴം-ഓടുമ്പ്ര റോഡ്

ഈ റോഡ് ആദ്യം ഒരു നടവഴിമാത്രമായിരുന്നു. റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം നാട്ടുകർ സംഭാവനയായി നല്കിയാണ് ഇപ്പോൾ PWD ഏറ്റെടുത്തത് മണ്ണിട്ടുയർത്തി ടാർ ചെയ്യാൻ പോവുകയാണ് നിർമ്മാണം പൂർത്തിയാവുമ്പോൾ കോഴിക്കോട് നഗരത്തിലേക്ക് പഞ്ചായത്തിൽ നിന്നുള്ള ഒരു സമാന്തര റോഡായി ഇതുമാറും

## 7. പാലാഴി-കോവൂർ റോഡ്

ഒളവണ്ണപഞ്ചായത്തിലെ ഏറ്റവും നീളം കുറഞ്ഞ റോഡാണിത് പാലാഴിമുതൽ കോർപ്പറേഷൻ അതിർത്തിയിലുള്ള ചോനാം തൊടിതാഴം വരെയുള്ള ഒളവണ്ണ പഞ്ചായത്തിൽ പെട്ടതാണ് മുമ്പ് ഇത് ഒരു നടവരമ്പ് മാത്രമായിരുന്നു തുടർന്ന് 8 മീറ്റർ വീതിയിൽ റോഡുണ്ടാക്കാൻ വേണ്ടസ്ഥലം ജനങ്ങളിൽ നിന്ന് സൗജന്യമായി വാങ്ങി MLA സ്കീമിൽപ്പെടുത്തി PWD നിർമ്മിച്ചതാണ്.

ഒളവണ്ണ പഞ്ചായത്തിലെ എല്ലാ റോഡുകളും ജനങ്ങളുടെ സഹകരണത്തോടെയും കമ്മിറ്റികൾ രൂപീകരിച്ചും വിവിധ ഏജൻസികൾകളുടെ സഹായത്തോടെയും നിർമ്മിച്ചതാണ്. പഞ്ചായത്തിൽ മാങ്കാവ്-കണ്ണിപറമ്പ് റോഡൊഴികെ മറ്റൊരു റോഡിനും സ്ഥലം പൊന്നും വിലയ്ക്കേടുക്കേണ്ടിവന്നില്ല.

## പ്രധാനപ്പെട്ട പഞ്ചായത്തു റോഡുകൾ

പാലാഴിയിലെ പ്രധാന റോഡുകളായ പാലാഴി വടക്കേയിൽ റോഡ്, പാലാഴി പുഴമ്പ്രം റോഡ് എന്നിവ നടവഴി മാത്രമായിരുന്നു ജനങ്ങൾ സൗജന്യമായി നൽകിയ സ്ഥലം ഉപയോഗിച്ച് അവരുടെ സഹകരണത്തോടുകൂടി പഞ്ചായത്ത നിർമ്മിച്ചതാണ് ഈ റോഡ്

ഇരിങ്ങല്ലൂരിലെ പ്രധാന പഞ്ചായത്തു റോഡു

കളായ ഇരിങ്ങല്ലൂർ- പൂവ്വങ്ങൽ റോഡ്, ഞെണ്ടാടിതാഴം-പറയൻകാട്കുന്ന് റോഡ്, വൈലാടും പാറ-പൂവ്വങ്ങൽ റോഡ്, കോന്തനാരി-നെച്ചൂളിതാഴം റോഡ് കുന്നത്തുപാലം-കൂടത്തുംപാറ-പാലാഴി റോഡ് എന്നിവ ജനങ്ങളുടെ വലിയ സംഭാവനയും സർക്കാർ ഫണ്ടും ഉപയോഗിച്ച് പഞ്ചായത്തും, കോഴിക്കോട് ബ്ലോക്കും ചേർന്ന് നിർമ്മിച്ചതാണ്. ഇതിൽ കോന്തനാരി- നെച്ചൂളിതാഴം റോഡ് മലബാർ ബൊട്ടാണിക്കൽ ഗാർഡന് വിട്ടുകൊടുത്തിരിക്കയാണ്.

ഒളവണ്ണ ഭാഗത്തെ പ്രധാന പഞ്ചായത്ത് റോഡുകൾ, കൊടിനാട്ട് മുക്ക് റോഡ്, കയറ്റി റോഡ്, ഒളവണ്ണ തൊണ്ടിലക്കടവ് റോഡ്-തുവ്വശ്ശേരികടവ് റോഡ്, ഒടുമ്പ്ര-കടുപ്പിനി കടവ് റോഡ്, കോഴിക്കോടൻ കുന്ന് റോഡ് എന്നിവയാണ്. ഇതിനെല്ലാം വേണ്ട സ്ഥലം സൗജന്യമായി നാട്ടുകാർ നൽകിയതാണ് ഘട്ടം ഘട്ടമായി നാട്ടുകാരുടെ സഹായത്തോടെ പഞ്ചായത്തും ബ്ലോക്കും ചേർന്ന് നിർമ്മിച്ചവയാണ് ഇവ.

പന്തീരാങ്കാവ് വില്ലേജിലെ പ്രധാനപ്പെട്ട റോഡുകളായ അത്താണി അറപ്പുഴ റോഡ്, പന്തീരാങ്കാവ്-തിരുത്തിമ്മൽതാഴം റോഡ്, പന്തീരാങ്കാവ് റോഡ്, ജ്യോതി ബസ്സ് സ്റ്റോപ്പ്-പൂളേങ്കര റോഡ് മണക്കടവ്-അറപ്പുഴ റോഡ് എന്നിവയും നാട്ടുകാർ സൗജന്യമായി കൊടുത്ത സ്ഥലത്ത് ഘട്ടം ഘട്ടമായി സർക്കാർ ഫണ്ടുപയോഗിച്ച് പഞ്ചായത്തും ബ്ലോക്കും ജനങ്ങളുടെ സഹകരണത്തോടെ നിർമ്മിച്ചതാണ് ഇതിൽ അറപ്പുഴ റോഡ് പഞ്ചായത്തും പാറകുളം റോഡ് നാട്ടുകാരും ടാർചെയ്തിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ വർദ്ധിക്കുമ്പോൾ സ്വകാര്യ വ്യക്തികൾക്ക് സ്വത്തുകൾക്ക് വിലവർദ്ധിക്കുന്ന പ്രവണതകണ്ടു വരുന്നുണ്ടെങ്കിലും റോഡും ഫൂട്ട്പാത്തും വീതികൂട്ടി വികസിപ്പിക്കുന്നതിന് സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള എതിർപ്പ് ചിലസ്ഥലങ്ങളിൽ വികസനത്തിന് തടസ്സം ഉണ്ടാക്കുന്നുണ്ട്.

## പാലങ്ങൾ

ഒളവണ്ണ പഞ്ചായത്തിനെ അയൽ പഞ്ചായത്തുകളുമായി ബന്ധിപ്പിക്കുന്നതിന് PWD നിർമ്മിച്ചതാണ് പൂളക്കടവ് പാലം, കണ്ണം ചിന്നപാലം, ചുങ്കംപാലം എന്നിവ മൊഴോൽ പാലം, PWD നിർമ്മിച്ചതാണ് എന്നാൽ ഇതിന് അപ്രോച്ച് റോഡ് ഇതുവരെ നിർമ്മിച്ചിട്ടില്ല.

പഞ്ചായത്ത് സ്വന്തം ചെലവിൽ നിർമ്മിച്ച ചെറിയ പാലങ്ങൾ, കമ്പിവളപ്പിൽ പാലം, അമ്മത്തൂർ പാലം, ചന്ദനാട്ടിൽത്തോട് പാലം എന്നിവയാണ്. മലപ്പുറം ജില്ലയുമായി ബന്ധപ്പെടുന്നതിന് മണക്കടവിൽ ചാലിയാറിന് കുറുകെ ഒരു സ്ഥിരം പാലം ഉണ്ടാക്കേണ്ടതത്യാവശ്യമാണ്.

1978 വരെ പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളും മഴക്കാലത്ത് വെള്ളപ്പൊക്കം കാരണം വെള്ളത്തിനടിയാകുമായിരുന്നു 1978ൽ ഇറിഗേഷൻ വകുപ്പ് പൂളേങ്കരയിൽ ബണ്ട് നിർമ്മിച്ചതോടെയാണ് ചാലിയാറിൽ നിന്ന് ചാലിയിലൂടെയുള്ള വെള്ളപ്പൊക്കം നിയന്ത്രിക്കാൻ കഴിഞ്ഞത്.

പട്ടിക-1 പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ(നിലവിലുള്ളത്)

| നമ്പർ | റോഡിന്റെ പേര് | ഉടമസ്ഥത | ദൂരം(കി.മി) | വീതി (മീറ്റർ) | ബസ്/മറ്റു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | മാങ്കാവ്-കണ്ണിപറമ്പ് റോഡ് | PWD | 4.200 | 8 | ഉണ്ട് |
| 2 | കുന്നത്ത് പാലം-പൂളക്കടവ് MLAറോഡ് | PWD | 1.000 | 8 | ഉണ്ട് |
| 3 | പന്തീരാങ്കാവ്-മണക്കടവ് റോഡ് | PWD | 3.300 | 8 | ഉണ്ട് |
| 4 | പൊറ്റമ്മൽ-പാലാഴിറോഡ് | PWD | 1.000 | 8 | ഉണ്ട് |
| 5 | കോവൂർ-പാലാഴിറോഡ് | PWD | .150 | 8 | ഉണ്ട് |
| 6 | കൊടിനാട്ട്മുക്ക്-ചുങ്കം റോഡ് | PWD | 1.000 | 8 | ഇല്ല |
| 7 | അത്താണി-അറപ്പുഴ റോഡ് | പഞ്ചായത്ത് | 1.300 | 6 | ഉണ്ട് |
| 8 | കൈമ്പാലം-ചാത്തോത്തറ റോഡ് | പഞ്ചായത്ത് | 0.500 | 6 | ഇല്ല |
|  | പാറക്കുളം-പന്തീരാങ്കാവ് റോഡ് | പഞ്ചായത്ത് | 0.250 | 3 | ഇല്ല |

പഞ്ചായത്തിലെ ടാർ റോഡുകൾ(പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നത്)

| നമ്പർ | റോഡിന്റെ പേർ | ഉടമസ്ഥത | ദൂരം(കി.മി) | വീതി (മീറ്റർ) | ബസ്/മറ്റു യാത്രാസൗകര്യം |
|---|---|---|---|---|---|
| 1 | മാത്തറ-പാലാഴി റോഡ് | PWD | 2..400 | 8 | ഉണ്ട് |
| 2 | കാവിൽതാഴം-ഒടുമ്പ്ര റോഡ് | PWD | 2.100 | 8 | ഇല്ല |
| 3 | പാലാഴി പുഴമ്പ്രം റോഡ് | പഞ്ചായത്ത് | 0.750 | 4 | ഇല്ല |
| 4 | മാത്തറ-പറയങ്കാട്കുന്ന് റോഡ് | പഞ്ചായത്ത് | 0..500 | 6 | ഇല്ല |
| 5 | നടക്കാവ്-ഹെൽത്ത് സെന്റർ പള്ളിക്കടവ് റോഡ് | പഞ്ചായത്ത് | 1.00 | 6 | ഇല്ല |

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ 97.250 കി.മിറ്റർ റോഡുണ്ട്(ഒരു ച.കി.മിറ്റിന് ശരാശരി 4.530 കി.മി) ഇത് സംസ്ഥാന ശരാശരിയായ 3.200 കി.മി എന്ന നിരക്കിനേക്കാൾ കൂടുതലാണ് എങ്കിലും കുറേക്കൂടി റോഡുകൾ ആവശ്യമാണ്.

പഞ്ചായത്തിൽ ടാർ ചെയ്ത 12.700 കി.മീ റോഡാണുള്ളത് അതായത് ഒരു ച.കി.മി സ്ഥലത്തുള്ള ടാർ ചെയ്ത റോഡിന്റെ ശരാശരി നീളം 600മീറ്റർ ഇതിൽ 10.650 കി.മി. റോഡ് പൊതുമരാമത്ത് വകുപ്പിന്റേയും 2.040 കി.മീ പഞ്ചായത്തിന്റേയും ഉടമസ്ഥതയിലാണ് ടാർ ചെയ്ത റോഡുകളുടെ വിവരങ്ങൾ പട്ടിക-1ൽ കൊടുത്തിരിക്കുന്നു.

ആറ് ബസ്സ് ടെർമിനലുകളുള്ള പഞ്ചായത്തിൽ ജീപ്പുകൾക്കും ടെംബോകൾക്കും രണ്ടു സ്റ്റാൻഡുകളുണ്ട് മാങ്കാവ്-കണ്ണിപറമ്പ് റോഡിലൂടെയും പൊറ്റമ്മൽ-പാലാഴി റോഡിലൂടെയും പുളക്കടവ് റോഡിലുടെയും പൊറ്റമ്മൽ-പാലാഴി റോഡിലൂടെയും പുളക്കടവ് - കുന്നത്തുപാലം റോഡിലൂടെയുമായി 64ഓളം ബസ്സുകൾ ഓടുന്നുണ്ട്.

ടാർചെയ്ത റോഡുകളുടെ അവസ്ഥ സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും ടാർ ചെയ്യാത്ത റോഡുകളുടെ സ്ഥിതി വളരെ ശോചനീയമാണ്. ഒളവണ്ണ പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതി കാരണം കൂടുതൽ റോഡുകളും വയലിലൂടെയും കുന്നിൽചെരുവിലൂടെയുമാണ്. ഇതു കാരണം മഴക്കാലത്ത് മിക്കറോഡുകളിലും നീർക്കെട്ടും മണ്ണൊലിപ്പും അനുഭവപ്പെടുന്നു. ഓവുചാലുകളടേയും കലുങ്കുകളുടേയും അപര്യാപ്തയും, റോഡുകളുടെ ഉയരക്കുറവും, കൊല്ലം തോറുമുള്ള വെള്ളപ്പൊക്കവും റോഡുകളുടെ അവസ്ഥ ശോചനീയമാക്കുന്നു. മഴക്കാലത്ത് ലോറികളുടെയും മിനിലോറികളുടെയും ക്രമാതീതമായ ഓട്ടം കൊണ്ടും സമയോചിതമായി പരിപാലിക്കാൻ കഴിയാത്തത് കൊണ്ടും റോഡുകളുടെ നില മോശമാകുന്നുണ്ട്.

## പുതിയറോഡ് ഗതാഗതം

"നാഷണൽ ഹൈവേ-17"ന്റെ നിർദ്ദിഷ്ട കോഴിക്കോട് ബൈപ്പാസിൽ അറപ്പുഴ കടവ് മുതൽ പാലാഴി മനന്തലതാഴം വരെ ഏതാണ്ട് 6.200 കീ.മി(45മീറ്റർ) ഒളവണ്ണ പഞ്ചായത്തിലൂടെയാണ് കടന്ന് പോകുന്നത്. നിർമ്മാണത്തിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയായാൽ മലപ്പുറം ജില്ലയിലേക്കുള്ള യാത്ര കൂടുതൽ സൗകര്യപ്രദമാകും കോഴിക്കോട് വിമാനത്താവളം, കോഴിക്കോട് സർവ്വകലാശാല ഫറോക്ക് കോളേജ് എന്നിവടിങ്ങളിലേക്കുള്ള ദൂരം വളരെ കുറയും

മാവൂർ പഞ്ചായത്തിലും വാഴക്കാട് പഞ്ചായത്തിലുമായി ചാലിയാറിൽ നിർമ്മിക്കുന്ന കവണക്കല്ല് റഗുലേറ്റർ-കം-ബ്രിഡ്ജ് മാങ്കാവ്-കണ്ണിപറമ്പ് റോഡിൽ കുറഞ്ഞോളത്ത് പാലം എന്നിവയുടെ നിർമ്മാണം പൂർത്തിയായാൽ അരീക്കോട് ഭാഗത്തേക്ക് പന്തീരാങ്കാവ് വഴി എളുപ്പത്തിൽ എത്തിപ്പെടാൻ കഴിയും

## ജലഗതാഗതം

നിലമ്പൂർ ഭാഗത്തുനിന്നും ചാലിയാറിലൂടെ കനോലികനാൽ(ചെറുപുഴ) വഴി കല്ലായ്യിലേക്ക് മരങ്ങളും കാർഷികോല്പന്നങ്ങളും ജലമാർഗ്ഗമാണ് പണ്ടുകാലത്ത് വന്നിരുന്നത്. ഇതിന് ഇറിഗേഷൻ വകുപ്പ് ഒളവണ്ണയിൽ ചുങ്കം ചുമത്തുകയും ചെയ്തിരുന്നു. അതിന് ശേഷമാണ് "ചുങ്കം" എന്ന പേര് ആ സ്ഥലത്തിനുണ്ടായത്. റോഡ്

ഗതാഗതം കുറവായിരുന്ന കാലത്ത് ഫറോക്ക്-മാവൂർ യന്ത്രവൽകൃത ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. അതിൽ മണക്കടവ് മുതൽ വോട്ടുമ്മൽ വരെയുള്ള ഒള വണ്ണ പഞ്ചായത്തിന്റെ ഭാഗങ്ങളിൽ ബോട്ടുജട്ടികൾ ഉണ്ടായിരുന്നു.

പഞ്ചായത്തിനെ അയൽപ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കടവുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മണക്കടവ്, അറപ്പുഴക്കടവ്, മൂർക്കനാട് കടവ്, ഒടുമ്പ്ര ക്കടവ് കോട്ടപ്പള്ളിക്കടവ് എന്നിവയാണ്, തുവ്വശ്ശേരിക്കടവിൽ നാട്ടുകാർ പാലം നിർമ്മിച്ചതോടെ ഇവിടുത്തെ കടവുകൾ നിർത്തലാക്കി.

റോഡ് ഗതാഗതം കുറഞ്ഞിരുന്ന കാലത്ത് മണക്കടവിനടുത്ത് കക്കോറ കരിങ്കൽ ക്വോറിയിൽ നിന്നും കുടംത്തുംപാറ കരിങ്കൽ ക്വാറിയിൽ നിന്നും കരിങ്കല്ലുകൾ തോണിമുഖേനയായിരുന്നു കോഴിക്കോട് ജില്ലയുടെ മറ്റു ഭാഗങ്ങളിലേക്കു കൊണ്ടുപോയിരുന്നത്. ഇപ്പോഴും ചാലിയാറിലൂടെയും മാമ്പുഴയലൂടെയും തോണിയിൽ തന്നെയാണ് ചകിരിയും മണലും എത്തിക്കുന്നത്. റോഡ് ഗതാഗതം വികസിച്ചുവരുന്നതുകാരണം ജലഗതാഗതം കുറഞ്ഞുവരുന്ന അവസ്ഥയാണിന്ന്.

## പ്രശ്നങ്ങൾ

### റോഡ് നിർമ്മാണം

നിലവിലുള്ള റോഡുകളുടെ അപര്യാപ്തതാണ് പ്രധാന പ്രശ്നം. റോഡുകളുടെ ഗുണനിലവാരമില്ലായ്മ, വീതിക്കുറവ്, വീതിക്കൂട്ടാൻ സ്ഥലം കിട്ടാത്ത അവസ്ഥ അപകടകരമായ വളവുകൾ, ജലനിരപ്പിൽ നിന്നുള്ള ഉയരക്കുറവ്, കലുങ്കുകളുടേയും ഓടകളുടേയും അപര്യാപ്തത, മണ്ണൊലിപ്പ്, വെള്ളപ്പൊക്കം ചെങ്കുത്തായ കയറ്റങ്ങൾ, വ്യാപകമായ വയൽനികത്തൽ എന്നിവയെല്ലാം പ്രശ്നങ്ങളാണ്.

പുതിയ റോഡുകൾ :– ഇപ്പോൾ നിലവിലുള്ള പല വഴികളും നടവഴികളും റോഡക്കിമാറ്റുന്നതിന് എല്ലാ ഗ്രമസഭകളിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശങ്ങൾ വിശദമായി അനുബന്ധം 'എ'യിലും 'ബി'യിലും കൊടുത്തിട്ടുണ്ട് മെറ്റൽ റോഡുകളുടെയും മൺ റോഡുകളുടെയും ശചനീയാവസ്ഥ

നിലവിലുള്ള മൺറോഡുകളടേയും മെറ്റൽ റോഡുകളുടേയും ശോചനീയാവ്സ്ഥയെപ്പറ്റിയുള്ളതാണ്. ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ. പൊട്ടിപ്പൊള്ളിഞ്ഞതും, കുണ്ടും കുഴിയുമായി ചളിനിറഞ്ഞതുമായ റോഡുകൾകളുടെ അറ്റകുറ്റപണികൾ യഥാസമയം നടത്തുക, ഓടകൾ നിർമ്മിക്കുക., കലുങ്കുകൾ നിർമ്മിക്കുക. എന്നിവയാണ് ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള നിർദ്ദേശങ്ങൾ മെറ്റൽ ചെയ്യാനും മെറ്റൽ ചെയ്തവ ടാർ ചെയ്യാനും ഉള്ള നിർദ്ദേശങ്ങളും ഗ്രാമസഭകളിൽ നിന്ന് വന്നിട്ടുണ്ട്. ഇവയെല്ലാം ജനപങ്കാളിത്തത്തോടുകൂടി നടത്താൻ കഴിയുമെന്നും ഗ്രാമസഭാറിപ്പോർട്ടുകളിൽ കാണുന്നുണ്ട്.

### പുതിയ മൺ റോഡുകൾ

പുതിയ മൺ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഇടവഴി റോഡാക്കി മാറ്റുന്നതിനും നിർദ്ദേശങ്ങൾ ഗ്രാമസഭയിൽ വന്നിട്ടുണ്ട്.

റോഡുകളുടെ വികസനം നാടിന്റെ പുരോഗതിക്ക് ആക്കം കൂട്ടുന്നുണ്ടെങ്കിലും നിരവധി പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട് മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെടുന്നു. ഇത് മണ്ണൊലിപ്പിന് കാരണമാകുന്നുണ്ട്. വയലിലൂടെയുള്ള നടവരമ്പുകൾ റോഡ്ക്കി മാറ്റുമ്പോൾ ഇരുവശവുമുള്ള നെൽവയലുകൾ പറമ്പാക്കി മാറ്റുന്നു. അത് കാരണം മഴവെള്ളം ഒഴുകി പോകാനുള്ള വഴികൾ അടഞ്ഞ് കൃഷി നടത്താൻ പറ്റാത്ത സഹചര്യം ഉണ്ടാകുന്നു കുന്നിൻ പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും ഉണ്ടായിരുന്ന ഇടവഴികളും നടവരമ്പുകളും റോഡാക്കി മാറ്റിയപ്പോൾ ആവശ്യത്തിന് ഓടകളും കലുങ്കുകളും ഉണ്ടാക്കാത്തതു കാരണം താഴ്ന്ന പ്രദേശങ്ങളിലേക്കും തോടുകളിലേക്കും പുഴകളിലേക്കും മഴവെള്ളം ഒഴുകിപോകുന്നതിന് തടസ്സമാകുകയും മിക്ക റോഡുകളിലുംനീർകെട്ടുകൾ ഉണ്ടാവുകയും ഗതാഗത യോഗ്യമല്ലാതായിതീരുകയും ചെയ്യുന്നുണ്ട്.

പുതുതായി നിർമ്മിക്കുന്ന റോഡുകൾക്കും വികസിപ്പിക്കുന്ന ഫൂട്പാത്തുകൾക്കും പൊതുവെ സൗജന്യമായി സ്ഥലം വിട്ടുകിട്ടാറുണ്ടെങ്കിലും ചില ഭാഗങ്ങളിൽ വ്യക്തി താല്പര്യങ്ങൾ തടസ്സം നിൽക്കുന്നതു കാരണം വികസനം വഴിമുട്ടുന്നുണ്ട്.

## നിർദ്ദേശങ്ങൾ

- പഞ്ചായത്തിലെ പ്രധാനപ്പെട്ട റോഡായ മാങ്കാവ്-കണ്ണിപറമ്പ് റോഡിൽ കുന്നത്തുപാലം ഇ.എസ്.ഐയ്ക്കു അടുത്തുള്ളതടക്കമുള്ള വളവുകൾ അപ:കടകാരണമാകുന്നുണ്ട്.
- റോഡുകളുടെ വീതികുറവ് അപകടങ്ങൾക്ക് കാരണമാകുന്നു നിലവിലുള്ള റോഡുകൾ വീതികൂട്ടുമ്പോൾ ഇലക്ട്രിക്ക് പോസ്റ്റുകൾ, ടെലഫോൺ പോസ്റ്റുകൾ, ബസ്സ് സ്റ്റോപ്പുകൾ എന്നിവ ചുരുങ്ങിയത് 6 അടിയെങ്കിലും വിട്ട് സ്ഥാപിക്കണം.

- റോഡിന്റെ അരികിൽ നിന്ന് ചുരുങ്ങിയത് 3 മീറ്ററെങ്കിലും അകലെ മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് അനുമതി നല്കാവു.
- പുതിയ റോഡുകളും പാലങ്ങളും:- പാലത്തുംകണ്ടി കോൺക്രിറ്റ് പാലം നിർമ്മിക്കണം, കാവിൽത്താഴം റോഡിന്റെ പണി എത്രയും വേഗം പൂർത്തികരിച്ച് ബസ്സ് ഗതാഗതം അനുവദിക്കണം പന്തീരാങ്കാവ് ടൗണിൽ ബസ്സ് സ്റ്റാന്റ് നിർമ്മിക്കണം.
- കൊടിനാട്ട്മുക്ക്-ചാത്തോത്തറ റോഡ് PWD ഏറ്റെടു ക്കണം മാത്തറ- പാലാഴി റോഡ് പണി എത്രയും വേഗ പൂർത്തികരിച്ച് പുഴമ്പ്രം പാലം കോൺക്രിറ്റ് ചെയ്യണം.

മെറ്റൽ റോഡുകളും പ്രധാന മൺ റോഡുകളും

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ പുതുതായി ടാർ ചെയ്യേണ്ട മെറ്റൽ റോഡുകളുടെ വിവരം പട്ടിക-2ൽ ചേർക്കുന്നു.

(കോഡിലെ ആദ്യത്തെ രണ്ടക്കങ്ങൾ വാർഡിനെയു

പട്ടിക-2 ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

| നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ടാർചെയ്യേണ്ടദൂരം | വീതി |
|---|---|---|---|---|---|
| 1 | 1101 | 11 | കൈമ്പാലം ചാത്തോത്തറ റോഡ് | 0.500കി.മീ | 6.00 |
| 2 | 901 | 9 | മാവത്തുംപടികുരുടിയിൽ താഴം | 0.750കി.മീ | 3.60 |
| 3 | 1301 | 13 | അത്താണി അറപ്പുഴ റോഡ് | 1.000കി.മീ | 6.00 |

പട്ടിക- 3 മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| നമ്പർ | കോഡ് | വാർഡ് | റോഡിന്റെ പേര് | ടാർചെയ്യേണ്ടം ദൂരം(കി.മി) | വീതി (മീ) |
|---|---|---|---|---|---|
| 1 | 0101 | 1 | പാലാഴി-വടക്കേച്ചാലിൽകീഴ്മാട് റോഡ് | 1.00 | 3.60 |
| 2 | 0202 | 2 | പാലാഴി-ഹെൽത്ത് സെന്റർ കോമലക്കുന്ന് റോഡ് | 0.700m | 6.00 |
| 3 | 0203 | | പുഴമ്പ്രം-കുടത്തുംപാറ ഹരിജൻകോളനി റോഡ് | 0.750, | 3.00 |
| 4 | 0301 | 3 | ഇരിങ്ങല്ലൂർ-പുവങ്ങൽ റോഡ് | 2.000 | 3.00 |
| 5 | 0302 | | മാത്തറ-കണ്ണംകുളി, പറയങ്കാട്കുന്ന്-വേട്ടുവേടൻകുന്ന് റോഡ് | 1.000 | 2.40 |
| 6 | 0401 | 4 | പൊക്കുന്ന്-പുവങ്ങൽ റോഡ് | 1.300 | 3.60 |
| 7 | 0501 | 5 | ഒടുമ്പ്ര-കടുപ്പിനിറോഡ് | 1.000 | 3.60 |
| 8 | 0601 | 6 | കമ്പിളിപറമ്പ്-പാലത്തുംകണ്ടി പാലം റോഡ് | 1.600 | 3.00 |
| 9 | 0701 | 7 | ഒളവണ്ണ-കയറ്റി റോഡ് | 0.500m | 3.00 |
| 10 | 0801 | 8 | ഒളവണ്ണബസാർ-തൊണ്ടലക്കടവ് റോഡ് | 0.500m | 3.60 |
| 11 | 0902 | 9 | കോടിനാട്ടുമുക്ക് ചാത്തോത്തറ-കൊടൽ നടക്കാവ് റോഡ് | 1.000 | 6.00 |
| 12 | 1001 | 10 | കോഴിക്കോടൻ കുന്ന്- മുർക്കനാട് റോഡ് | 0.075 | 3.60സ |
| 13 | 1002 | | കൈമ്പാലം-പള്ളിപ്പുറം ചാത്തോത്തറ റോഡ് | 2.000 | 4.00 |
| 14 | 1101 | 11 | പന്തീരാങ്കാവ് -പുഴമ്പ്രം റോഡ് | 2.000 | 3.60 |
| 15 | 1201 | 12 | പാറക്കുളം പന്തീരാങ്കാവ് റോഡ് | 1.500 | 6.00 |
| 16 | 1202 | | അത്താണി-അറപ്പുഴ റോഡ് | 1.500 | 2.40 |
| 17 | 1301 | 13 | ജ്യോതിബസ്സ് സ്റ്റോപ്പ്-പുളേങ്കര റോഡ് | 0.700 | 4.00 |
| 18 | 1401 | 14 | മണക്കടവ്-അറപ്പുഴ റോഡ് | 0.900 | |
| 19 | 1501 | 15 | | 1.650 | |

തുടർന്നുള്ള രണ്ടക്കങ്ങൾ വാർഡിലെ റോഡിലെ മുൻഗണനയേയും സൂചിപ്പിക്കുന്നു.

അനുബന്ധം A കാണുക.

മറ്റു പ്രധാനമൺ റോഡുകൾ

പട്ടിക-2ൽ ഉള്ളതുപോലെ പ്രാധാന്യത്തോടെ തന്നെ മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ട റോഡുകളുണ്ട് ഓരോ വാർഡിൽ നിന്നും ഒരു റോഡെങ്കിലും തെരെഞ്ഞെടുക്കാവുന്ന വിധത്തിൽ മെറ്റൽ ചെയ്തു ടാർ ചെയ്യേണ്ട റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.(പട്ടിക-3)

## പരിസ്ഥിതി പ്രശ്നങ്ങളും സാധ്യതകളും

- പുതിയ റോഡുകൾ നിർമ്മിക്കുമ്പോഴും നിലവിലുള്ള റോഡുകൾ വീതികൂട്ടുമ്പോഴും പാർശ്ങ്ങളിൽ മരങ്ങൾ വെച്ചു പിടിപ്പിക്കണമെന്ന് പഞ്ചായത്ത് നിഷ്കർഷിക്കണം
- ഓടകളും കലുങ്കുകളും, പാർശ്വസംരക്ഷണഭിത്തി നിർമ്മിച്ച് നീർക്കെട്ടും മണ്ണൊലിപ്പും തടയണം
- റോഡിനോട് ബന്ധപ്പെട്ട വയലുകൾ മണ്ണിട്ട് നികത്തുന്നത് തടയണം അത്യാവശ്യഘട്ടങ്ങളിൽ മണ്ണിട്ടു നികത്തുമ്പോൾ റോഡിന്റെ അരികിൽ ഓവുചാലുകൾ നിർബ്ബന്ധമാക്കണം.
- പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിച്ച് മാലിന്യങ്ങൾ അതിൽ നിക്ഷേപിക്കാൻ സംവിധാനമുണ്ടാക്കണം.
- നിലവിലുള്ള ഓവുചാലുകൾ ശാസ്ത്രീയമായി പരിപാലിക്കണം
- റോഡിന്റെ അരികിലുള്ള വീപ്പകളിലേയും, കടകളിലേയും മാലിന്യങ്ങൽ റോഡിലേക്ക് തള്ളി വിടുന്നത് തടയണം.
- അത്യാവശ്യഘട്ടങ്ങളിൽ റോഡിൽ ഉണ്ടാകുന്ന റിപ്പേയറുകൾ അതിന്റെ അരികിൽ താമസിക്കുന്നവരോ ആ സ്ഥലങ്ങളിലെ സന്നദ്ധസംഘടനകളോ എത്രയും വേഗം ചെയ്തു തീർക്കണം
- മണൽ പ്രദേശങ്ങളിലും ചെങ്കുത്തായ പ്രദേശങ്ങളിലും, വീതികുറഞ്ഞ റോഡുകൾ നിർമ്മിക്കുന്നതിനുള്ള പുതിയ നിർദ്ദേശങ്ങൾ
- നിരപ്പായ റോഡ് നിർമ്മിച്ച ശേഷം അതിന് മുകളിൽ കരിങ്കൽപാളികൾ പാകി ഓടകളുടേയും പാർശ്വസംരക്ഷണഭിത്തികളുടെയും ഇടയ്ക്കിടെ വേണ്ടിവരുന്ന അറ്റകുറ്റപണികളുടേയും ആവശ്യകത ഒഴിവാക്കാവുന്നതാണ്
- മൺറോഡുകളുടെ വികസനവും നിർമ്മാണവും

അനുബന്ധം Aയിലുള്ള എല്ല റോഡുകളും എത്രയും പെട്ടെന്ന് അറ്റകുറ്റപണികൾക്ക് വിധേയമാക്കേണ്ടതാണ്

ലഭ്യതക്കനുസരിച്ച് പട്ടിക-2, പട്ടിക-3 എന്നിവയിൽ കാണിച്ചിട്ടുള്ള റോഡുകൾ നിർമ്മിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ച് പൊതുഫണ്ടിൽ നിന്ന് വാർഡുകളിൽ ചെലവഴിക്കപ്പെടുന്ന തുക ജനസംഖ്യാ അനുപാതികമായിരിക്കണം.

## ജനകീയ പദ്ധതിയും-ജനശക്തിയും

പഞ്ചായത്തിലെ റോഡുകളുടെ നിർമ്മാണവും വികസനവും അധികപങ്കും ജനശക്തിയിലൂടെയാണ് നടന്നിട്ടുള്ളത് ജനപങ്കാളിത്തത്തോടെ പുതിയ റോഡുകളുടെ നിർമ്മാണവും വികസനവും അറ്റകുറ്റപണികളും തുടർന്നും നടത്തുവാൻ കഴിയണം പഞ്ചായത്തിന്റെ പരിമിതമായ ധനശേഷിയും ഭീമമായ ഫണ്ടിന്റെ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ച് പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ് റോഡുകളുടെ നിർമ്മാണത്തിന് ആകെ വരുന്ന ചെലവിന്റെ മൂന്നിലൊന്നെങ്കിലും ശ്രമദാനവും പൊതു സംഭാവനയും ചേർന്നതാവണം

കഴിഞ്ഞ ഒരു വർഷത്തിൽ പൊതുഫണ്ടിൽ നിന്നു 5,84,000ത്തോളം രൂപ റോഡുകളുടെ വികസനലൊന് ചിലവഴിച്ചപ്പോൾ പൊതുജനങ്ങളിൽ നിന്ന് നിർലോഭം പങ്കാളിത്തം മിക്ക പ്രവൃത്തികൾക്കും ഉണ്ടായിരുന്നു എന്നത് നമ്മുടെ പഞ്ചായത്തിൽ ജനകീയ വികസന പ്രവർത്തനങ്ങളുടെ സാധ്യത വ്യക്തമാക്കുന്നു. മിക്കവാറും എല്ലാ ഗ്രാമസഭകളും ഈ കാര്യത്തിൽ ശ്രമദാനം സംഘടിപ്പിക്കാൻ സന്നദ്ധരാണെന്ന് അറിയിച്ചിരിക്കുന്നത് ശുഭകരമാണ്.

അനുബന്ധം A

## നിലവിലുള്ള റോഡുകൾ

(ഗ്രാമസഭാ റിപ്പോർട്ടുകൾ, വാർഡിലെ മെമ്പർമാർ, പ്രധാന പ്രവർത്തകർ, പഞ്ചായത്ത് റോഡ് രജിസ്റ്റർ, എന്നിവരിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ)

കോഡിന്റെ ആദ്യത്തെ രണ്ടക്കം വാർഡിനെയും തുടർന്നുള്ള രണ്ടക്കങ്ങൾ മുൻഗണനയെയും സൂചിപ്പിക്കുന്നു.

| വാർഡ് | | റോഡിന്റെ പേര് | നീളം കി.മി | വീതി മീററർ |
|---|---|---|---|---|
| 1 | 0101 | പാലാഴി-വടക്കേച്ചാലിൽ റോഡ് | 1.00 | 3.60 |
| | 0102 | പുതുക്കുടിതാഴം മീത്തൽ-നങ്ങോയത്ത് റോഡ് | 0.750 | 3.60 |
| | 0103 | പാലാഴി-ഉമ്മത്തൂർ താഴം റോഡ് | 0.500 | 3.00 |
| | 0104 | മുശാരിക്കണ്ടി-കക്കാടംകുന്ന് | 0.800 | 3.00 |
| | 0105 | പാലാഴി-ഉമ്മത്തൂർതാഴം റോഡ് | 0.700 | 3.00 |
| | 0106 | പാലക്കുറ്റി-പൊന്നങ്കോട് കുന്ന് റോഡ് | 0.700 | 2.50 |
| | 0107 | മുല്ലപ്പള്ളിത്താഴം റോഡ് | 0.200 | 3.60 |
| | 0108 | കിണറ്റിങ്ങര പറമ്പത്ത്-കടത്തിൽ പുറംറോഡ് | 0.700 | 2.50 |
| 2 | 0201 | പാലാഴി പുഴമ്പ്രം റോഡ് | 0.750 | 4.00 |
| | 0202 | പാലാഴി ഹെൽത്ത് സെന്റർ-കോമലക്കുന്ന് റോഡ് | 0.700 | 6.00 |
| | 0203 | പുഴമ്പ്രം-കുടത്തുംപാറ ഹരിജൻകോളനി റോഡ് | 0.750 | 2.50 |
| | 0204 | പാലാഴി-പോക്കിനാരി റോഡ് | 0.300 | 2.50 |
| | 0205 | കേളച്ചാം വീട്ടിൽ-പുഴമ്പ്രത്ത് മീത്തിൽ റോഡ് | 1.00 | 3.00 |
| 3 | 0301 | കുന്നത്ത്പാലം-കുടത്തും പാറ ഹരിജൻകോളനി റോഡ് | 2.00 | 3.60 |
| | 0302 | ഇരിങ്ങല്ലൂർ-പുവങ്ങൾ റോഡ് | 1.00 | 3.00 |
| | 0303 | മാത്തറ-പുവങ്ങൽ റോഡ് | 0.500 | 6.00 |
| | 0304 | കമ്പി വളപ്പിൽ ഹരിജൻകോളനിറോഡ് | 0.750 | 3.00 |
| | 0305 | കുടത്തുംപാറ കോമലക്കുന്ന് റോഡ് | 0.700 | 3.60 |
| | 0306 | തെക്കുവീട്ടിൽ ഹരിജൻ കോളനി പറയങ്കാട്കുന്നു- മന്ദറായിൽമീ | 0.750 | 2.50 |
| | 0307 | ത്തൽ റോഡ് | 1.00 | 3.00 |
| | 0308 | ഇരിങ്ങല്ലൂർ പള്ളി-പറയങ്കാട്കുന്ന് റോഡ് | 0.800 | 2.50 |
| | 0309 | ബ്ലോക്ക് ഓഫീസ്-ചാലിൽ 4 സെന്റ് കോളനിറോഡ് | 0.350 | 2.40 |
| | 0310 | പറശ്ശേരിത്താഴം-കുടത്തുംപാററോഡ് | 0.750 | 2.40 |
| | 0311 | മൊഴോൽപാലം അപ്രോച്ച് റോഡ് | 0.500 | 4.00 |
| 4 | 0401 | മത്തറ-കണ്ണംകുളം-പറയങ്കാട്കുന്ന് വേട്ടുവേടൻ കുന്ന് റോഡ് | 0.600 | 2.50 |
| | 0402 | കുന്നത്തുപാലം-വേട്ടുവേടൻകുന്ന് റോഡ് | 0.500 | 2.50 |
| | 0403 | വാലിക്കൽ ഹരിജൻകോളനി റോഡ് | 1.300 | 2.00 |
| | 0404 | അമ്പലത്താഴം-ഞെണ്ടാടിപാറ റോഡ് | 0.800 | 2.40 |
| 5 | 0501 | പൊക്കുന്ന് പുവങ്ങൽ റോഡ് | 0.300 | 3.60 |
| | 0502 | കോന്തനാരി-ബോട്ടാണിക്കൽ ഗാർഡൻ റോഡ് | 0.300 | 5.00 |

| | | | | |
|---|---|---|---|---|
| | 0503 | വാലത്തിൽ താഴം-ഇരിങ്ങല്ലൂർ റോഡ് | 1.600 | 2.40 |
| 5 | 0504 | മൈലാടംപാറ-നെച്ചൂളിത്താഴം റോഡ് | 1.000 | 2.00 |
| | 0505 | ബോട്ടാണിക്കൽ ഗാർഡൻ-അമ്മത്തൂർ എൽ.പി.സ്കൂൾ റോഡ് | 0.250 | 2.00 |
| | 0506 | പൂൽപറമ്പിൽ-കമ്പിവളപ്പിൽ ഹരിജൻ കോളനി റോഡ് | 0.400 | 2.00 |
| | 0601 | കടുപ്പിനി-ഒടുമ്പ്രറോഡ് | 0.400 | 3.60 |
| 6 | 0602 | ഒടുമ്പ്ര ബസാർ- കോട്ടപ്പള്ളകടവ് റോഡ് | 0.300 | 3.00 |
| | 0701 | പാലത്തുംകണ്ടി പാലം- കമ്പിളിപ്പറമ്പ് റോഡ് | 0.500 | 3.60 |
| | 0702 | പാലത്തുംകണ്ടി പാലം- പട്ടേത്ത് താഴംറോഡ് | 0.250 | 3.00 |
| 7 | 0703 | NSS-പാലക്കോട് താഴം റോഡ് | 0.500 | 2.40 |
| | 0704 | പാലക്കോട്-വേട്ടുവൻകണ്ടിറോഡ് | 0.500 | 2.40 |
| | 0705 | മണക്കാട് താഴം-പുറത്തേക്കാട്-കയറ്റിറോഡ് | 0.250 | 3.00 |
| | 0801 | ഒളവണ്ണ-കയറ്റിറോഡ് | 0.350 | 3.00 |
| | 0802 | നാഗത്തുംപാടം -തണ്ടാമാത്തിൽ താഴം റോഡ് | 0.450 | 2.40 |
| | 0803 | ചെറോട്ടുകുന്ന് - കയറ്റി റോഡ് | 1.00 | 3.00 |
| 8 | 0804 | നാഗത്തും പാടം - ബേങ്ക് റോഡ് | 0.300 | 2.40 |
| | 0805 | കയറ്റി- ലക്ഷംവീട് കോളനി റോഡ് | 0.800 | 2.00 |
| | 0806 | കുനിയിൽ താഴം റോഡ് | 0.200 | 2.40 |
| | 0807 | ചാലിയം തൊടി-കൊടിനാട്ടുമുക്ക് റോഡ് | 0.250 | 2.40 |
| | 0808 | ചീടിക്കുഴി-ചെറോട്ടുകുന്ന് റോഡ്(പുതിയത്) | 0.350 | 3.00 |
| | 0901 | മാവത്തും പിടി-കരുടിയിൽ താഴം റോഡ് | 0.200 | 3.60 |
| | 0902 | ഒളവണ്ണബസാർ-തൊണ്ടിലക്കടവ് റോഡ് | 1.000 | 3.60 |
| | 0903 | മാവത്തും പടി- പിലാക്കൽ തൊണ്ടിലക്കടവ് റോഡ് | 1.200 | 2.40 |
| 9 | 0904 | ഇയ്യാലിക്കുന്ന് റോഡ് | 1.00 | 3.00 |
| | 0905 | തൊണ്ടിലക്കടവ്-റഹ്മാൻ ബസാർ റോഡ് | 0.800 | 2.40 |
| | 0906 | തോക്കയിൽ പാടം-ചെറോട്ടുകുന്ന് റോഡ് | 0.400 | 3.00 |
| | 1001 | കൊടിനാട്ടുമുക്ക് ചാത്തോത്തറ കൊടൽ നടക്കാവ് റോഡ് | 0.250 | 6.00 |
| | 1002 | കോഴിക്കോടൻ കുന്ന് - മൂർക്കനാട് റോഡ് | 2.800 | 3.60 |
| | 1003 | ആടുമ്മൽ-മാവത്തും പടിറോഡ് | 2.00 | 4.00 |
| 10 | 1004 | ചുങ്കം-മാമിയിൽ പാററോഡ് | 1.50 | 3.00 |
| | 1005 | മൂർക്കനാട്-കോഴിക്കോടൻകുന്ന് റോഡ് | 1.700 | 3.60 |
| | 1006 | കൊപ്രക്കള്ളി-ചുങ്കം റോഡ് | 2.00 | 2.40 |
| | 1007 | തുവ്വശ്ശേരി-കൊപ്രക്കള്ളി റോഡ് | 1.00 | 2.40 |
| | 1101 | കൈമ്പാലം-പള്ളിപ്പുറം-ചാത്തോത്തററോഡ് | 1.00 | 5.00 |
| | 1102 | കൈമ്പാലം-ചേരിപ്പാടം റോഡ് | 2.00 | 6.00 |
| 11 | 1103 | കുണ്ടാത്രത്താഴം-പമ്പ്ഹൗസ് റോഡ് | 1.00 | 3.00 |
| | 1104 | പള്ളിപ്പുറം -മാമ്പുഴക്കാട് ഹരിജൻകോളനി റോഡ് | 0.400 | 3.00 |
| | 1105 | ചാത്തോത്തറ-നൂഞ്ഞിയിൽ കോഴിക്കോടൻകുന്ന് റോഡ് | 0.800 | 2.00 |
| | 1106 | കൈമ്പാലം-പന്തീരാങ്കാവ് ഹൈസ്ക്കൂൾറോഡ് | 0.800 | 2.40 |

| | | | | |
|---|---|---|---|---|
| | 1201 | പന്തീരാങ്കാവ് പുഴമ്പ്രം റോഡ് | 0.500 | 3.60 |
| | 1202 | പാറക്കുളം-പന്തീറാങ്കാവ് റോഡ് | 0.500 | 3.00 |
| | 1203 | വെസ്റ്റ് പന്തീരാങ്കാവ്-മണപ്പാട്ടിൽതാഴം റോഡ് | 1.500 | 3.00 |
| 12 | 1204 | പന്തീരാങ്കാവ്-നെടുമ്പറുത്തുമീത്തൽ റോഡ് | 0.500 | 2.00 |
| | 1205 | പന്തീരാങ്കാവ്-ഹൈസ്ക്കൂൾ റോഡ് | 0.500 | 5.00 |
| | 1206 | പറമ്പത്ത്കുഴി-കുറുങ്ങാടത്തിൽ താഴം റോഡ് | 0.500 | 2.40 |
| | 1207 | പൊയ്തളത്ത് താഴം - നെടുമ്പറുകുന്ന് റോഡ് | 2.300 | 2.40 |
| | 1301 | അത്താണി- അറപ്പുഴ റോഡ് | 1.00 | 6.00 |
| | 1302 | നടക്കാവ്- മൂർക്കനാട് ഹെൽത്ത് സെന്റർ പള്ളിക്കടവ് റോഡ് | 1.00 | 6.00 |
| 13 | 1303 | അത്താണി-കുഞ്ഞാമ്മൂല ഹരിജൻ കോളനി റോഡ് | 1.200 | 6.00 |
| | 1304 | മൂർക്കനാട് - വരണാക്കിൽ താഴം റോഡ് | 1.300 | 2.40 |
| | 1305 | കുഞ്ഞാമൂല-പള്ളിക്കടവ് റോഡ് | 0.500 | 2.40 |
| | 1306 | പറപ്പാറ - ശ്മശാനം റോഡ് | 0.500 | 4.00 |
| | 1307 | ജ്യോതി ബസ് സ്റ്റോപ്പ്-പൂളേങ്കര റോഡ് | 0.900 | 3.00 |
| | 1401 | കൊളശ്ശേരി- ഇല്ലത്ത്മീത്തൽ റോഡ് | 0.600 | 2.40 |
| | 1402 | ചെട്ട്യാം വീട്ടിൽ-എടക്കൈക്കോട്ട് റോഡ് | 0.500 | 2.40 |
| 14 | 1403 | പന്നീയൂർക്കുളം -തെക്കേതൊന്നിക്കാട് റോഡ് | 0.350 | 2.40 |
| | 1404 | മുണ്ടോട്ടുപൊയിൽ - കക്കോട്ടുകാവിൽ റോഡ് | 0.450 | 2.40 |
| | 1405 | തറോൽ-ചാലി റോഡ് | 0.300 | 3.00 |
| | 1501 | മണക്കടവ്-അറപ്പുഴ റോഡ് | 1.650 | 2.00 |
| | 1502 | മണക്കടവ്-പെരുമണ്ണ റോഡ് | 0.450 | 4.00 |
| | 1503 | കൂന്നാകുളങ്ങര-പുത്തൂർമഠം റോഡ് | 0.500 | 3.00 |
| 15 | 1504 | കടൽ പാടം- ഹെൽത്ത് സെന്റർ റോഡ് | 1.500 | 3.00 |
| | 1505 | മുതുവനത്തറ-നന്താനത്ത് താഴം റോഡ് | 0.500 | 3.00 |
| | 1506 | കുന്നംകുളങ്ങര - ചന്ദനാട്ടുപാടം റോഡ് | | 3.60 |

3.00

അനുബന്ധം ബി - പുതിയതായി നിർമ്മിക്കേണ്ട പാലങ്ങൾ/കൾവർട്ടുകൾ

| നമ്പർ | വാർഡ് | നിർമ്മിക്കേണ്ട സ്ഥലം |
|---|---|---|
| 1 | 2 | പുഴമ്പ്രം പാലം |
| 2 | 6 | കോട്ടുപള്ളിക്കടവ് നടപ്പാലം |
| 3 | 7 | പാലത്തുംകണ്ടി കോൺക്രീറ്റ് പാലം |
| 4 | 8 | കയറ്റി നല്ലളം പാലം |
| 5 | 10 | തുവ്വശ്ശേരിക്കടവ് പാലം |
| 6 | 10 | മൂർക്കനാട് റോഡിൽ അയ്യപ്പൻകാവിൽ ഭാഗത്ത് കൾവർട്ട് |
| 7 | 13 | പൂളേങ്കര- കുഞ്ഞാമൂലറോഡിൽ അയ്യപ്പൻകാവിൽ ഭാഗത്ത് കൾവർട്ട് |
| 8 | 13 | പന്തീരാങ്കാവ് അറപ്പുഴ റോഡിൽ അത്താണിയിൽ കൾവർട്ട് |

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം താഴെ ചേർക്കുന്നു.

1. അത്താണി 100 കെ.വി.എ
2. പൂളേങ്കര 160
3. കുന്നുകുളങ്ങര 160
4 കൊടൽ നടക്കാവ് 100
5 വള്ളിക്കുന്ന് 160
6. പന്തീരാങ്കാവ് ഈസ്റ്റ് 250
7. പന്തീരാങ്കാവ് വെസ്റ്റ് 250
8. കൈമ്പാലം 100
9. കുന്നത്ത്പാലം 100
10.കൊടിനാട്ടുമുക്ക് 250
11. ചോത്തോത്തറ- 100
12. തൊണ്ടിലക്കടവ്- 160
13. കള്ളിക്കുന്ന്- 250
14. മാത്തറ- 160
15. ഇരിങ്ങല്ലൂർ- 160
16. പാലാഴി ഈസ്റ്റ്- 160
17. പാലാഴി വെസ്റ്റ്- 169
18. തിരുത്തിമ്മൽ താഴം- 160

## ഊർജ്ജം

കോഴിക്കോട് ജില്ലയുടെ നല്ലളം സബ്-സ്റ്റേഷനിൽ നിന്ന് രാമനാട്ടുകര വഴി മാവൂരിലെ ഗ്വളിയോർ റയോൺസ് വ്യവസായസ്ഥാപനത്തിന്റെ ആവശ്യാർത്ഥം 1958-59 കാലത്ത് വലിച്ചിട്ടുള്ള 11KV ഇരട്ട ലൈനാണ് ഒളവണ്ണ പഞ്ചായത്തിലൂടെ കടന്നുപോകുന്ന പ്രധാന വൈദ്യുതലൈൻ. 1965ൽ മാങ്കാവ് സബ്സ്റ്റേഷന്റ് കീഴിലാണ് പഞ്ചായത്തിലെ വൈദ്യുതി വിതരണം ആരംഭിച്ചത്. ഉപഭോക്താക്കളുടെ എണ്ണം വർദ്ധിപ്പിച്ചപ്പോൾ മാങ്കാവ് മേജർ സെക്ഷൻസ് ആയി മാറുകയും അതിന്റെ കീഴിൽ 1979ൽ പന്തീരാങ്കാവിൽ ഇലക്ട്രിക്കൽ ഓഫീസ് നിലവിൽ വരികയും ചെയ്തു.

ഇപ്പോൾ നല്ലളം സബ്-സ്റ്റേഷനിൽ നിന്ന് രാമനാട്ടുകര വഴിയും കാരാട് വഴിയും, മാങ്കാവ് സബ്സ്റ്റേശനിൽ നിന്ന് പാലത്തും കണ്ടി വഴിയും പൊറ്റമ്മൽ ഭാഗത്ത് നിന്ന് പാലാഴിവഴിയും ആയി നാല് 11 കെ.വി ഫീഡറുകളിലൂടെയാണ് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി എത്തുന്നത്. ഇതിന്നായി ഏകദേശം 22.3 കി.മീറ്റർ ദൂരത്തിൽ 11 കെ.വി ലൈൻ വലിക്കുകയും 19ഓളം ട്രാൻഫോർമറുകൾ സ്ഥാപിച്ച് 55.780 കി.മീറ്റർ ത്രീഫേയ്സ് ലൈനുകലും 125.50 കി.മി

സിംഗിൾ ഫെയ്സ് ലൈനുകളും വലിച്ച് 8200ഓളം ഉപഭോക്താക്കൾക്ക് വൈദ്യുതി വിതരണം നടത്തിവരുന്നു കുടിർ ജ്യോതി ഗുണഭോക്താക്കളായി നൂറോളം പേർ വേറേയുമുണ്ട് 800 ഓളം തെരുവുവിളക്കകളും സ്ഥാപിച്ചിട്ടുണ്ട് ഇതിന്നായി പഞ്ചായത്ത് മാസം തോറും 8000 രൂപയോളം കറന്റു ചാർജ്ജു അടയ്ക്കുന്നുണ്ട് നിലവിലുള്ള ഉപഭോക്തക്കളുടെ തരം തിരിച്ചുള്ള പട്ടിക പഞ്ചായത്തിലുള്ള വിവിധ ലൈനുകളുടെ ദൂരവും പട്ടിക-1ഉം 2 ലുമായി ചേർത്തിരിക്കുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി ഇനിയും വൈദ്യുതി എത്താത്ത നിരവധി പ്രദേശങ്ങളുണ്ട് 800 ഓളം വൈദ്യുതി അപേക്ഷകൾ വിവിധ വിഭാഗങ്ങളിലായി പണമടച്ച് കാത്തിരിക്കുന്നുണ്ട്. തെരുവുവിളക്കുകൾക്കുള്ള അപേക്ഷകൾ വേറെയുമുണ്ട്.

പട്ടിക-1

| കറ്റഗറി | എണ്ണം |
|---|---|
| ഗാർഹികം | 8881 |
| വ്യാപാരം | 1324 |
| വ്യവസായം | 180 |
| കാർഷികം | 850 |
| തെരുവ് വിളക്കുകൾ | |
| ബൾബ് | 749 |
| ട്യൂബ് | 29 |

പട്ടിക-2

| കാറ്റഗറി | ദൂരം |
|---|---|
| 11 കെ.വി ലൈൻ | 22,300 കി.മീറ്റർ |
| 3 ഫെയ്സ് ലൈൻ | 55.700 കി.മീറ്റർ |
| സിംഗിൾ ഫെയ്സ് ലൈൻ | 125.50 കി.മീറ്റർ |

## പ്രശ്നങ്ങൾ

1. നിലവിലുള്ള ലൈനുകളിൽ പലഭാഗത്തും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

2. തെരുവുവിളക്കുകൾ ആവശ്യത്തിനില്ല. ഉള്ളവ കത്തുന്നുമില്ല.

3. ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനും കൃഷിക്കും ജലസേചനത്തിനും ഗാർഹിക വ്യാപാര ആവശ്യങ്ങൾക്കും നിരവധി പേർ ഇപ്പോഴും അപേക്ഷിച്ചു കൊണ്ടിരിക്കുകയാണ്. അപേക്ഷകരിൽ വികലാംഗർ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ, ജവാൻമാർ, എന്നിവരും ഉൾപ്പെടുന്നു.

4. പഞ്ചായത്തിന്റെ വിവിധ ഭാഗക്ഷങ്ങളിലുള്ള പലഹരിജൻ കോളനികളിലും അവികസിത പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.

5. നിലവിലുള്ള ട്രാൻസ്ഫോർമുറുകളുടെ താങ്ങാനാവാത്ത ലോഡും വൈദ്യുലൈനുകളിൽ വൃക്ഷ ശിഖരങ്ങൾ തട്ടിയുണ്ടാകുന്ന വൈദ്യുതി ചോർച്ചയും വോൾട്ടേജ് ക്ഷാമത്തിന് കാരണമാവുന്നു. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകളും അനധികൃതമായ വൈദ്യുതി ഉപയോഗവും ജീവനക്കാരുടെ കുറവും ഗുണമേന്മകുറഞ്ഞ യന്ത്രസാമഗ്രികളും മറ്റുപകരണങ്ങളും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

6. ചെറുതും വലുതുമായ ശുദ്ധജല വിതരണപദ്ധതികൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് വേണ്ടി ധാരാളം അപേക്ഷകൾ വന്നു കൊണ്ടിരിക്കുന്നുണ്ട്.

## പരിഹാരങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും പുതിയതായി 11 KV ലൈൻ വലിച്ച് ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ള സിങ്കിൾ ഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി മാറ്റുകയും ചെയ്താൽ ഒരു പരിധിവരെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമാകും നിലവിലുള്ള ലൈനുകലിൽ തട്ടുന്ന വൃക്ഷ ശിഖരങ്ങളും മറ്റും യഥാസമയം മുറിച്ചു മാറ്റുകയും അറ്റകുറ്റ പണകൾ യഥാസമയം നടത്തുകയും ചെയ്യേണ്ടിയിരിക്കുന്നു.

2. തെരുവു വിളക്കുകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കാനും നിലവിലുള്ളവ സ്ഥിരമായി കത്തിക്കാനും പുതിയ കണക്ഷൻ നല്കുവാനും ആവശ്യമായ ഗുണമേന്മയുള്ള സാധന സാമഗ്രികളുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ്. ഇതിന് ആവശ്യമായത്ര ജീവനക്കാരെ നിയമിക്കണം. കൂടാതെ ഉപഭോക്താക്കൾക്കും ജീവനക്കാർക്കും പ്രാഥമിക സൗകര്യമുൾപ്പെടെയുള്ള കാര്യങ്ങൾ ഓഫീസിൽ ഏർപ്പെടുത്തണം

3. വൈദ്യുതി കണക്ഷനു വേണ്ടിയുള്ള നീണ്ട കാത്തിരിപ്പ് ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണം

4. ട്രാൻസ്ഫോർമറുകളുടേയും മീറ്ററുകളുടേയും മറ്റു സാമഗ്രികളുടേയും കേടുപാടുകൾ യഥാസമയം പരിഹരിക്കണം. അനധികൃതമായ വൈദ്യുതി ഉപയോഗവും, വൈദ്യുത ദുരുപയോഗവും തടയുന്നതിന് ആവശ്യമായ സത്വര നടപടികൾ ജനകീയ പങ്കാളിത്തത്തോടെ സ്വീകരിക്കണം. ഇതിന് ആവശ്യമായ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## സാദ്ധ്യതകൾ

പഞ്ചായത്തന്റെ വിവധ ഭാഗങ്ങളിൽ വൈദ്യുതി പുതുതായി എത്തിക്കുന്നതിന് വേണ്ടി ഏകദേശം 25 കി.മീ. 11 K.V ലൈൻ വലിക്കുകയും 10 ഓളം ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കുകയും വേണം. നിലവിലുള്ള സിംഗിൾ ഫേയ്സ ലൈനുകൾ ത്രീഫെയ്സ് ലൈനുകളാക്കണം. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കണം. എല്ലാ പൊതു വഴികളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് 50 കി.മീറ്റോളം ലൈനുകൾ വലിക്കുകയും 500 ഓളം പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു.

വോൾട്ടേജ് ക്ഷാമമുള്ള പ്രദേശങ്ങളായ ഇരിങ്ങല്ലൂർ- പറയങ്കാടു കുന്ന് ഭാഗത്ത് 325 മീറ്റർ നീളത്തിൽ ത്രീഫെയ്സ് ലൈൻ വലിക്കുന്നതിനും കള്ളിക്കുന്ന് ഒടുമ്പ്ര ലൈനിൽ 750 മീറ്റർ നീളത്തിൽ 11K.V ലൈൻ വലിക്കുന്നതിന്നും, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും ഇരിങ്ങല്ലൂർ- പുറപ്പിൽ താഴം ഭാഗത്ത് 500മീറ്റർ നീളത്തിൽ നിലവിലുള്ള ലൈൻ ത്രീഫെയ്സാക്കുന്നതിനും, 400 മീറ്റർ കൂടതലായി ത്രീഫെയ്സ് ലൈൻ സ്ഥാപിക്കുന്നതിനും മുൻഗണനാടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. വൈദ്യുതി ലൈനിൽ തകരാർ സംഭവിച്ചാൽ വിവരം അറിയിക്കാൻ പരാതിപ്പെട്ടി സ്ഥാപിക്കണം. പരാതിക്ക് പരിഹാരം കാണുന്നതിൽ വരുന്ന കാലതാമസം ഒഴിപാക്കണം

### പുകയില്ലാത്ത അടുപ്പുകൾ

വീടുകളിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കേ

ണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവൽക്കരണം നടത്തുകയും അവശ്യമായ സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ജനകീയ പങ്കാളിത്തത്തോടെ പഞ്ചായത്ത് നൽകുകയും വേണം. ഇക്കാര്യത്തിൽ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

## സൗരോർജം

കുന്നിൻ പ്രദേശങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് ഊർജ്ജം സംഭരിച്ച് വിനിയോഗിക്കുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. പാലക്കുറുമ്പകുന്ന്, കോഴിക്കോടൻകുന്ന്, കോമലക്കുന്ന് എന്നീ ഉയർന്ന പ്രദേശങ്ങൾ ഇതിന് വേണ്ടി തിരഞ്ഞെടുക്കാവുന്നതാണ്.

## ബയോഗ്യാസ്

സാദ്ധ്യതയുള്ള പ്രദേശങ്ങളിലെല്ലാം സഹകരണാടിസ്ഥാനത്തിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം. ഇതിനു സാങ്കേതിക, സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കണം.

## എൽ.പി.ജി

പാചകആവശ്യത്തിന് ഭൂരിപക്ഷം വീടുകളും വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ വിറകിന്റെ ലഭ്യത ക്രമാതീതമായി കുറഞ്ഞതും ഉള്ളതിന്റെ ഭീമമായ വിലയും ഗുരുതരമായ ഊർജ്ജ പ്രശ്നമാണ്.

ഇതിന്റെ പരിഹാരത്തിന് എൽ.പി.ജിയെ ആശ്രയിക്കുകയാണ് പോംവഴി. പൊതുവിലുള്ള പാചക വാതക വിതരണ ഏജൻസികളുടെ പരിധിയിൽ ഒളവണ്ണ പഞ്ചായത്തിന്റെ പലമേഖലകളും ഉൾപ്പെടുന്നില്ല. ആതുകൊണ്ട് സ്വകാര്യ ഏജൻസികളെ ആശ്രയിക്കേണ്ടി വരുന്നു. ഇതിനു മാറ്റമുണ്ടാകണം ഹിന്ദുസ്ഥാൻ പെട്രോളിയം പോലുള്ള പൊതുവിതരണ ഏജൻസികളുടെ വിതരണ പരിധിയിൽ നമ്മുടെ പഞ്ചായത്തിനെ ഉൾപ്പെടുത്താൻ സത്വര നടപടിവേണം.


## ഗോബർഗ്യാസ്

ഉചിതമായ പ്രദേശങ്ങളിൽ സന്നദ്ധ സഹായത്തോടെ ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കേണ്ടതാണ്.

# മാർക്കറ്റിങ്ങ്

## പ്രശ്നങ്ങളും പരിഹാരങ്ങളും

- ഒളവണ്ണ പഞ്ചായത്തിൽ 30 വർഷത്തിന് മുമ്പ് സുലഭമായി വിപണനം നടക്കുകയും പുറം പ്രദേശങ്ങളിലേക്കു കയറ്റി അയക്കുകയും ചെയ്തിരുന്ന കശുവണ്ടി മുതലായവയുടെ ഉല്പാദനവും ചകിരി ഉല്പന്നങ്ങൾ കരകൗശലവസ്തുകൾ തുടങ്ങിയവരുടെ നിർമ്മാണവും കളിമണ്ണ്, കരങ്കല് എന്നിവയുടെ ലഭ്യതയും കുറഞ്ഞു വരികയാണ്.
- വെട്ടുകല്ല്, നാളികേരവും നാളികേര ഉല്പനങ്ങൾ കളിമൺ പാത്രങ്ങൾ എന്നിവ മാത്രമേ ഇവിടെനിന്ന് അടുത്ത പ്രദേശങ്ങളിലേക്ക് അയക്കുന്നുള്ളൂ.
- പഞ്ചായത്തിൽ കൂടതലായി ഉല്പാദിപ്പിക്കുന്ന നാളികേരം, കുറഞ്ഞ തോതിൽ ഉല്പാദിപ്പിക്കുന്ന അടയ്ക്ക, കശുവണ്ടി,കുരുമുളക്, എന്നിവ ഇവിടെ തന്നെ ന്യായ വിലക്ക് വിറ്റഴിക്കുന്നതിന് ഒരു പൊതു മാർക്കറ്റോ, സഹകരണ വിപണിയോ, വിശ്വസിക്കാവുന്ന സ്വകാര്യസ്ഥാപനമോ ഇല്ലാത്തതിനാൽ കോഴിക്കോട് അങ്ങാടിയിൽ കൊണ്ടു പോയി കിട്ടുന്ന വിലയ്ക്ക് വിൽക്കാൻ കർഷകർ നിർബന്ധിതരാകുന്നു.
- മറ്റു പ്രദേശങ്ങളിൽ അധികം ഇല്ലാത്തതും പഞ്ചായത്തിൽ വർഷങ്ങൾക്കു മുമ്പേ നിർമ്മിച്ചു വരുന്നതുമായ കളിമൺ പാത്രങ്ങൾ ന്യായവിലയ്ക്ക് വില്പന നടത്തുന്നതിന്നാവശ്യമായ വിപണന കേന്ദ്രമില്ലാത്തിനാൽ ഈ വ്യവസായവും ഇവിടെ അന്യം നിന്നു കൊണ്ടിരിക്കയാണ്.
- കാർഷിക വ്യവസായികോല്പനങ്ങൾ വിറ്റഴിക്കുന്നതിന് പഞ്ചായത്തിലെ ഓന്നോ, രണ്ടോ കേന്ദ്രങ്ങളിൽ സഹകരണാടിസ്ഥാനത്തിൽ വിപണന കേന്ദ്രം സ്ഥാപിക്കണം.
- പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരവും അനുബന്ധ ഉല്പനങ്ങളും പ്രാദേശിക തലത്തിൽ സംഭരിച്ച് വിപണനം നടത്തുന്നതിന് സഹകരണകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.
- പന്തീരാങ്കാവിൽ ആഴ്ച ചന്ത ആരംഭിക്കണം.



# വിഭവസമാഹരണം.

ജനസാന്ദ്രതയേറിയ പഞ്ചായത്താണ് നമ്മുടെത്. 1991ലെ കനേഷുമാരി പ്രകാരം ജനസംഖ്യ 44398 ആണ്. സാമ്പത്തിക രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. കാലാനുസൃതമായി വരുന്ന വികസന പ്രവർത്തനം ഏറ്റെടുക്കാൻ കഴിയണമെങ്കിൽ സാമ്പത്തിക ഭദ്രത കൈവരിച്ചേ മതിയാകൂ. 95-96 വർഷം പഞ്ചായത്തിന്റെ സ്വന്തം വരുമാനം 2227253 രൂപയും സർക്കാർത്തലത്തിലും വിവിധ ഏജൻസികൾ വഴിയും ലഭിച്ച 1198778 രൂപയുമടക്കം 3426671 രൂപയാണ് മൊത്ത വരുമാനം. പട്ടിക താഴെ ചേർക്കുന്നു.

സ്വന്തം വരുമാനം പട്ടിക-1

കുടിവെള്ളം, പാർപ്പിടം, യാത്രസൗകര്യം തുടങ്ങി മറ്റു മേഖലയിലും നമുക്ക് പുരോഗതി തേടാൻ കഴിയുന്നതിന് പുതിയ സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്നു. അതോടൊപ്പം ജനങ്ങളുടെ കൂട്ടായ്മയും, സന്നദ്ധ പ്രവർത്തനവും, ത്യാഗപൂർണ്ണമായ സഹകരണവും കൂടിയായാൽ വികസനരംഗത്ത് ചുടുലമായ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും.

നമ്മുടെ പഞ്ചായത്ത് നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് വ്യവസായരംഗത്തെ നിശ്ചലതയാണ്. പറയത്തക്ക വ്യവസായങ്ങളൊന്നും തന്നെ ഇവിടെയില്ല. നാമമാത്രയുള്ള ചെറുകിട വ്യവസായങ്ങളും, കുടിൽ വ്യവസായങ്ങളും തകർച്ചയെ നേരിടുകൊണ്ടിരിക്കുന്നു. പരമ്പരാഗത വ്യവസായ കയർ മേഖലയിൽ ഒട്ടേറെപേർ ജോലി ചെയ്തുകൊണ്ടിരിന്നതാണ്. ഇപ്പോൾ അതും പ്രതിസന്ധിയിലാണ്. പരിസ്ഥിതി പ്രശ്നമെന്ന പേരിൽ പുത്തൻ വ്യവസായ സംരംഭങ്ങൾക്കെതിയാ വികാരം ജനങ്ങളിൽ വളർത്തുന്ന പ്രവണത അവസാനിപ്പിച്ചേ തീരു, വ്യവസായവൽക്കരണത്തിന് അനുകൂലമായ അവബോധം ജനങ്ങളിൽ രൂപപ്പെട്ടിലെങ്കിൽ നാം നൂറ്റാണ്ടുകൾക്ക് പിന്നിലേക്ക് തള്ളപ്പെടും പള്ളിപ്പുറത്ത് വ്യവസായ വികസന കേന്ദ്രം സ്ഥാപിക്കാനുള്ള നീക്കം തടപ്പെട്ടത് നമുക്ക് വലിയ തിരിച്ചടിയായിപ്പോയി. വ്യവസായവൽക്കരണത്തിലൂടെ മാത്രമേ സാമ്പത്തിക രംഗത്തും തൊഴിൽ രംഗത്തും കാര്യമായ മുന്നേറ്റം നമുക്കു കഴിയൂ. അനുകൂലമായ സാഹചര്യങ്ങൾ ഇവിടെ ധാരളമുണ്ട്. മുതൽമുടക്കിന് തയ്യാറുള്ള വ്യവസായേത്സുകരായ ചെറുപ്പക്കാർ വളരെപ്പേരുണ്ട്. വിദേശമലയാളികളും അനുഭാവപൂർവ്വം പ്രതികരിക്കമെന്ന് തീർച്ചയാണ്. സൗകര്യപ്രദമായ സ്ഥലവും റോഡുസൗകര്യങ്ങളും ലഭ്യമാണ്. ബാങ്ക് വായ്പക്കുള്ള നൂലാമാലക്കും (വൈദ്യുതി പ്രതിസന്ധിയും പരിഹരിക്കാൻ കഴിഞ്ഞാൽ വ്യവസായ മേഖലയിലെ നിശ്ചലത

അവസാനിക്കുകയും പഞ്ചായത്തിന്റെ വരുമാനം പതി ന്മടങ്ങ് വർദ്ധിപ്പിക്കുകയും ചെയ്യും.

കാർഷിക മേഖലയുടെ തകർച്ച നമ്മുടെ ഗ്രാമീണ ജനതയെ പുത്തൻപ്രതിസന്ധിയിലെത്തിച്ചിരിക്കുകയാണ്. നെൽ വയലുകൾ നാമാവിശേഷമായിക്കൊണ്ടിരിക്കുന്നു. പ്രതിവർഷം നൂറുക്കണക്കിന് കുടുംബങ്ങൾ പുതുതായി ഇവിടെ താമസക്കാരായെത്തുന്നു. പാടം നികത്തി തെങ്ങുവെക്കുന്ന പ്രവണതയും ഏറിവരികായാണ്. ആയുർ ദൈർഘ്യം കുറഞ്ഞ, ഉല്പാദനക്ഷമതയില്ലാത്ത തെങ്ങുകളാണ് പാടത്തുള്ളത്. വയലിൽ തെങ്ങുവയ്ക്കുന്നത് നെൽകൃഷിയേക്കാൾ നഷ്ടമാണെന്നു കാണാൻ കഴിയും കർഷക തൊഴിലാളികൾ തൊഴിൽ രഹിതരായി മാറിക്കൊണ്ടിരിക്കുന്നു കർഷകർ മറ്റുതൊഴിലിനെ ആശ്രയിക്കേണ്ട അവസ്ഥയാണിപ്പോൾ. കാർഷിക വിളകളുടെ ഉല്പാദനക്ഷമതക്കുറവും കൃഷിയെ ഉപജീവനമായി കണ്ട് ഗൗരവത്തിലെടുക്കാത്തതും ഈ രംഗത്തെ മുഖ്യ പ്രശ്നങ്ങളാണ്. പുത്തൻ കാർഷിക സംരംഭങ്ങളിലൂടെ ഉയിർത്തെഴുന്നെറ്റാലോ നമുക്ക് രക്ഷപ്പെടാൻ കഴിയൂ വയലിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കിക്കളയുന്നതിന് ജനങ്ങളെ സംഘടിപ്പിച്ച തോടുവെട്ടുന്നതിനും, ഉപ്പുവെള്ളം കയറാതെ ചീർപ്പു സ്ഥാപിക്കുന്നതിനും നെൽകൃഷി, പച്ചക്കറികൃഷി എന്നിവയിൽ കൂട്ടുകൃഷി നടപ്പിലാക്കുന്നതിനും സാധിക്കും ഗ്രാമസഭകളുടെ ചർച്ചകളിൽ ഉയർന്നുവന്ന വിഭവസമാഹരണ സാധ്യതകൾ ചുവടെ കൊടുക്കുന്നു.

## കെട്ടിട നികുതി

കെട്ടിടനികുതി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് നമ്മുടെ പഞ്ചായത്തിൽ കുറവാണ്. ശാസ്ത്രീയമായ നികുതി സമ്പ്രദായം വഴി സാമ്പത്തിക സ്രോതസ് കണ്ടെത്തണം. വീട് സാമ്പത്തിക ശേഷിയുള്ളവന്റെ പ്രൗഢിയുടെ പ്രതീകമായി കാണുന്ന പ്രവണത വളർന്നുവരുന്നുണ്ട്. വീട് നിർമ്മാണത്തിലെ ധൂർത്തും ആഡംബരവും ഈ രംഗത്ത് വൻ സാമ്പത്തിക ചെലവുണ്ടാക്കുന്നു. കുറെ തൊഴിലവസരങ്ങൾ ഉണ്ടാകുന്നുവെന്നത് വിസ്മരിക്കുന്നില്ല. ഇത്തരം വീടുകൾക്ക് അധിക നികുതി ചുമത്താവുന്നതാണ്. മുഴുവൻ വീടുകൾക്കും നികുതി ചുമത്തുന്നത് തങ്ങളും നികുതിദായകരാണെന്നും പഞ്ചായത്തിന്റെ വികസന പ്രവർത്തനത്തിനുള്ള വിഭവസാഹരണത്തിൽ തങ്ങളുടെ വിഹിതവുമുണ്ടെന്നുമുള്ള അഭിമാന ബോധമുണ്ടാകാൻ സഹായകമാണ്. നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ശക്തിപ്പെടുത്തണം. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തണം.

## തൊഴിൽ നികുതി

തൊഴിലെടുത്തു ജീവിക്കുന്ന എല്ലാവർക്കും നികുതി കൊടുക്കുന്ന അവസ്ഥയുണ്ടാക്കണം വരുമാനത്തിനനുസരിച്ച് ഒരു ബാദ്ധ്യതയായി തോന്നാത്തവിധം വേണം ഇവ നടപ്പിലാക്കാൻ. സ്വന്തംപ്രദേശത്തിന്റെ വികസനപ്രക്രിയയിൽ തങ്ങളുടെ സംഭാവന എന്നതിലക്കു കാണാൻ ജനങ്ങളെ ബോധവൽക്കരിക്കണം. തൊഴിലാളികൾക്ക് ക്ഷേമനിധി രൂപീകരിക്കുകയും മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷ്വറൻസിന്റെ കീഴിൽ കൊണ്ടുവരികയും അംഗത്വമുള്ളവരിൽ നിന്ന് തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യുന്നത് നന്നായിരിക്കും.

## ഭൂനികുതി

ഏക്കറിന് 20 രൂപ തോതിലാണ് ഇപ്പോൾ നികുതി പിരിച്ചു വരുന്നത്, ഇത് കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതാണ്. തരിശിട്ടരിക്കുന്ന സ്ഥലത്തിനും വയൽ നികത്തിയുണ്ടാകുന്ന പുരയിടത്തിനും അധിക നികുതി ചുമത്തേണ്ടതാണ് നെൽവയലിന് നികുതി ഗണ്യമായി കുറക്കണം ഇനിമേൽ കെട്ടിട നികുതിയോടൊപ്പം ഭൂനികുതിയും പിരിച്ചെടുക്കുന്നതിന് പഞ്ചായത്തിനെ ചുമതലപ്പെടുത്തേണ്ടതാണ്.

## ടൂറിസം

ആരംഭദശയിലുള്ള പഞ്ചായത്തിതിലെ ബോട്ടാണിക്കൽ ഗാർഡൻ വികസിപ്പിച്ചും ചാലിയാറിൽ അറപ്പുഴ-മണക്കടവ് ഭാഗത്തുള്ള പെരുമൺ തുരുത്തിൽ ടൂറിസ്റ്റ് കോട്ടേജുകൾ സ്ഥാപിച്ചും ചാലിയാറിലും ചാലിയിലും കളിത്തോണികൾ ഏർപ്പെടുത്തിലും ടൂറിസം വികസിപ്പിക്കുന്നതിനുള്ള സാധ്യത നമുക്കുണ്ട് ഇത് പ്രയോജനപ്പെടുത്തിയാൽ നമ്മുടെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാൻ കഴിയും.

മറ്റു വരുമാനങ്ങൾ മാമ്പുഴയുടെയും ചാലിയാറിന്റേയും തീരത്ത് പഞ്ചായത്ത് വക പുറമ്പോക്ക് സ്ഥലമുണ്ട് കുറെയെങ്കിലും സ്വകാര്യവ്യക്തികൾ കൈയേറിയിട്ടുണ്ട് പഞ്ചായത്ത് വക സ്ഥലം അളന്നു തിട്ടപ്പെടുത്തി ലീസിനു കൊടുക്കണം. ലീസ് സംഖ്യ കൃത്യമായി അടവുവരുന്നതിന് കർശന നടപടിയുണ്ടാകണം. പന്തീരാങ്കാവിൽ ഒരു ഗ്രാമചന്തസ്ഥാപിച്ചാൽ ജനങ്ങൾക്ക് വളരെ ഉപകാരമാവുകയും പഞ്ചായത്തിന് വരുമാനമുണ്ടാകുകയും ചെയ്യും. വസ്തുകൈമറ്റഫീസും മറ്റു ഗവണ്മെന്റ് ഗ്രാന്റുകളും അതാതു സാമ്പത്തികവർഷത്തിൽ തന്നെ ലഭ്യമാക്കണം. ഭൂവിക്രയവിലയുടെ ചെറിയ അംശം മാത്രം ആധാരത്തിൽ രേഖപ്പെടുത്തുന്ന രീതി നിരുത്സാഹപ്പെടുത്തണം.

കാർഷികവ്യവസായിക മേഖലകളിൽ സഹകരണ

സംരംഭങ്ങൾ ആരംഭിച്ചാൽ വായ്പയായും ഷെയറായും ആവശ്യമായ ധനസമാഹരണം നടത്താൻ കഴിയും. പൊതുതാല്പര്യമുള്ള കാര്യങ്ങൾക്ക് ജനങ്ങളിൽ നിന്ന് സംഭാവനയായി പണം സ്വരൂപിക്കാം. ഗുണഭോക്താക്കളെ സംഘടിപ്പിച്ച് കൂട്ടായ്മയിലൂടെ വിഭവസമാഹരണം നടത്താവുന്നതാണ്. കടവുകളിൽ പാതാറുകൾ സ്ഥാപിച്ച് പാട്ടത്തിൽ കൊടുക്കുന്നത് നന്നായിരിക്കും. പഞ്ചായത്തിൽ മൂന്ന് സഹകരണബാങ്ക് പ്രവർത്തിച്ചു വരുന്നു. ദേശസാൽകൃത ബാങ്കായ കനറാബാങ്കിന് പന്തീരാങ്കാവിൽ ശാഖയുണ്ട്. ഈ സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്ന് ഉദാരവ്യവസ്ഥയിൽ പണം കടം കിട്ടുകയാണെങ്കിൽ സഹായകമായിരിക്കും. ദേശസാൽകൃതബ്ബാങ്കിന്റെ നിക്ഷേപത്തുകയിൽ സിംഹഭാഗവും പഞ്ചായത്തിൽത്തന്നെ വായ്പയായി വിതരണം ചെയ്യണം. പഞ്ചായത്ത്റോഡിൽ കൂടി ഒരേ ആവശ്യത്തിനായി സ്ഥിരം പോകുന്ന വാഹനങ്ങളിൽ നിന്ന് ഒരു നിശ്ചിതതുക ഈടാക്കാവുന്നതാണ്. ദേശീയസമ്പാദ്യ പദ്ധതിയിൽ നിക്ഷേപം വർദ്ധിപ്പിക്കാൻ ജനങ്ങളിൽ ബോധവൽക്കരണം നടത്തുകയും ഗ്രാന്റ് വിഹിതം വർദ്ധിപ്പിക്കുകയും വേണം. കുടിവെള്ളം ഏർപ്പെടുത്തുന്നതിന് പഞ്ചായത്ത് ഗ്യാരണ്ടിയിൽ ബാങ്കിൽ നിന്ന് കടം വാങ്ങി ഫണ്ട്സമാഹരിക്കണം. ഉപഭോക്താക്കളിൽ നിന്ന് മാസവരി ഈടാക്കി കടംവീട്ടാവുന്നതാണ്. അറവുശാല നിർമ്മിക്കുകയും അറവുകാരിൽ നിന്ന് ലൈസൻസ് ഫീസ് ഈടാക്കുകയും ചെയ്യേണ്ടതാണ്. വിനോദ നികുതിപ്പിരിവ് കാര്യക്ഷമമാക്കണം. വ്യവസായ സംരംഭങ്ങൾക്ക് വിദേശമലയാളികളിൽ നിന്ന് മുതൽമുടക്ക് സമാഹരിക്കാൻ കഴിയും. നാളികേരം ധാരാളം ഉള്ള പ്രദേശമായതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട വ്യവസായങ്ങൾക്ക് വൻസാദ്ധ്യതയാണുള്ളത്.

## മനുഷ്യാദ്ധ്വാനം

നമ്മുടെ പ്രദേശത്തെ മുഖ്യവിഭവം മനുഷ്യാദ്ധ്വാനമാണ്. ധാരാളം പേർ ഗ്രാമസഭകളിൽ വികസനപ്രവർത്തനങ്ങൾക്ക് മനുഷ്യാദ്ധ്വാനം വാഗ്ദാനം ചെയ്തിട്ടുണ്ട്. സന്നദ്ധപ്രവർത്തനങ്ങളിൽ എക്കാലത്തും മുന്നിൽ നിന്നിട്ടുള്ള പ്രദേശമാണ് നമ്മുടേത്. സാക്ഷരതാപ്രവർത്തനങ്ങളിലും കൂട്ടായ്മയും ശ്രമദാനവും നാം അനുഭവിച്ചറിഞ്ഞതാണ്. മൺറോഡുകൾ, തോടുകൾ, ഓടകൾ, കിണറുകൾ, കുളങ്ങൾ എന്നിവ നിർമ്മിക്കുന്നതിന് മനുഷ്യാദ്ധ്വാനം സമാഹരിക്കുവാൻ കഴിയും പരിസരശുചീകരണം, റോഡു സംരക്ഷണം, വിദ്യാഭ്യാസ പ്രവർത്തനം എന്നിവയിൽ യുവജനങ്ങളുടെ സന്നദ്ധ സേവനം ലഭ്യമാണ്.

പഞ്ചായത്ത് റോഡുകളിൽ മഴക്കാലത്ത് കുണ്ടും കുഴിയുമായി ചെളിയും വെള്ളവും കെട്ടി നിൽക്കുന്ന അവസ്ഥയിൽ അടിയന്തിരപ്രവർത്തി നടത്തണമെന്നുള്ള ആവശ്യം ജനങ്ങളിൽ നിന്ന് ഉയർന്ന് വരാറുണ്ട്. ഇതിനായി എല്ലാവർഷവും പഞ്ചായത്ത് ഫണ്ടിന്റെ സിംഹഭാഗവും വിവിധ വാർഡുകളിലായി ചെലവഴിക്കുന്നു. മഴക്കാലം കഴിയുമ്പോഴേക്കും നടത്തിയ പ്രവൃത്തിയുടെ ഗുണം കാണാതെ പഞ്ചായത്ത് ഫണ്ട് പാഴായിപോവുകയാണ് ചെയ്യുന്നത്. ഇത് നമ്മുടെ വിഭവചോർച്ചക്ക് മുഖ്യകാരണമായിത്തീരുന്നു. പഞ്ചായത്ത് റോഡുകളുടെ സംരക്ഷണവും അറ്റകുറ്റപണിയും ഇരുവശത്തുമുള്ള താമസക്കാരെ ചുമതലപ്പെടുത്തി നടത്താവുന്നതാണ്. മഴക്കാലത്തിന് മുമ്പതന്നെ ഓവുചാലുകൾ നിർമ്മിക്കേണ്ടതാണ്. ഇങ്ങനെ ചെയ്താൽ മിച്ചം വരുന്ന ഫണ്ട് മറ്റു റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും ഉപയോഗിക്കാവുന്നതാണ്.

പന്തീരാങ്കാവ് ഷോപ്പിംഗ് കോംപ്ലക്സ് മുകൾ നില പണിത് വാടകക്ക് കൊടുക്കണം. കൊടിനാട്ടുമുക്കിൽ സാംസ്കാരിക നിലയത്തോടനുബന്ധിച്ചുള്ള ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് പണിത് വാടകക്ക് കൊടുക്കണം. പഞ്ചായത്ത് പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന ഓഫീസ്കെട്ടിടത്തിന്റെ രണ്ടാം നിലയിൽ കോൺഫ്രൻസ്ഹാൾ നിർമ്മിച്ച് വാടകക്ക് കൊടുക്കാൻ കഴിയണം. പന്തീരാങ്കാവിൽ സ്ഥലം ഏറ്റെടുത്ത് ബസ്സ്റ്റാന്റ് കം ഷോപ്പിംഗ്കോംപ്ലക്സ് സ്ഥാപിച്ച് വാടകക്കു കൊടുക്കുന്നതു നന്നായിരിക്കും. ഒളവണ്ണ സാംസ്കാരിക നിലയത്തിന്റെ മുകളിൽ ഹാൾ നിർമ്മിച്ച് വാടകക്ക് കൊടുക്കാൻ കഴിയും. പന്തീരാങ്കാവ് മത്സ്യമാർക്കറ്റിനോടനുബന്ധിച്ച് മറ്റു സ്റ്റാളുകൾ നിർമ്മിച്ച് വാടകക്ക് കൊടുക്കാൻ കഴിയണം.

പട്ടിക- 3 കടംസംബന്ധിച്ച കണക്ക്

| | | |
|---|---|---|
| 1. | R.D.B ലോൺ | 1212965.00 |
| 2. | ഡെപ്പോസിറ്റ് | 296436.00 |

5418

## പട്ടിക-1 സ്വന്തം വരുമാനം

| നമ്പർ | ഇനം | 1991-92 | 1995-96 | വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ |
|---|---|---|---|---|---|
| 1 | കെട്ടിടനികുതി | 174374.00 | 240597.00 | + 66223.00 | 38 |
| 2 | തൊഴിൽനികുതി | 103028.00 | 162150.00 | + 59122.00 | 51.4 |
| 3 | സർവ്വീസ്ചാർജ് | 29350.00 | 39773.00 | + 10423.00 | 35.5 |
| 4 | വിനോദനികുതി | 92524.00 | 165120.00 | +72596.00 | 78.5 |
| 5 | അഡീഷണൽ വിനോദനികുതി | 55640.00 | 99935.00 | + 44295.00 | 79.6 |
| 6 | പ്രദർശനനികുതി | 3022.00 | 6910.00 | + 3888.00 | 128.6 |
| 7 | സർച്ചാർജ് | 758.00 | 1704.00 | +946.00 | 124.8 |
| 8 | ലൈസൻസ്ഫീസ് | 22207.00 | 25942.00 | + 3735.00 | 16.8 |
| 9 | കെട്ടിടനിർമ്മാണഫീസ് | 51562.00 | 80977.50 | +29415 | 57.0 |
| 10 | ലേലം,ഷോപ്പിംഗ് സെന്റർ | 370274.00 | 1404184.50 | +1033910.50 | 279.2 |
| ആകെ | | 902739.00 | 2227293.00 | +1324554.00 | 146.7 |

പട്ടിക -2

## സർക്കാരിൽ നിന്നുള്ള വരുമാനം

| ഇനം | 1991-1992 | 1995-96 | വ്യത്യാസം |
|---|---|---|---|
| ഉപാധി രഹിത ഫണ്ട് | 160000.00 | 252870.00 | + 92870.00 |
| ജെ. ആർ. വൈ | 260837.00 | 316808.00 | + 55971.00 |
| ഗ്രാന്റുകൾ | 69343.00 | 217372.00 | + 148029.00 |
| വസ്തു കൈമാറ്റ നികുതി | 75972.00 | 411728.00 | +335756.00 |
| ആകെ | 566152.00 | 1198778.00 | 632626.00 |



# സംസ്കാരം

മനുഷ്യന്റെ ശാരീരികവും മാനസികവുമായ ജീവിതമുറകളുടെ ആകത്തുകയാണ് സംസ്ക്കാരം. മനുഷ്യചരിത്രത്തിന്റെ അവിഭാജ്യ ഘടകമാണിത്. മനുഷ്യന്റെ അദ്ധ്വാനമാണ് അവന്റെ ചരിത്രത്തിന്റെയും സംസ്ക്കാരത്തിന്റെയും നിർണ്ണായകകണ്ണി. ചരിത്രം സംഭവങ്ങളുടെയും കുറെ മഹാന്മാരുടേയും വർണ്ണനായാണെന്ന സങ്കല്പം പോലെ സംസ്ക്കാരം ഏതാനും വ്യക്തികളുടെ ബൗദ്ധിക വ്യാപാരത്തിന്റെ വിശിഷ്ടഫലമാണെന്ന സങ്കല്പവും നാം തകർക്കേണ്ടിയിരിക്കുന്നു. ഇന്നലെകളിലെ ധൈഷിണികമായ, ധീരമായ, ആവേശകരമായ മുന്നേറ്റങ്ങളെ വർത്തമാനകാല പുത്തൻ തലമുറയ്ക്ക് പകർന്നുകൊടുക്കേണ്ടതിനുപകരം ചരിത്രപരമായി കാലഹരണപ്പെട്ട മിത്തുകളേയും ബിംബങ്ങളേയും പുനരാവിഷ്ക്കരിച്ച് ചരിത്രത്തെ മിഥ്യാധാരണകളുടേയും പ്രാചീന ബോധത്തിന്റേയും അടിസ്ഥാനത്തിൽ പിറകോട്ടുനയിക്കാനുള്ള പ്രവണത ചെറുത്തു തോൽപിക്കേണ്ടത് കക്ഷിരാഷ്ട്രീയത്തിനതീതമായി മുഴുവൻ ബഹുജനങ്ങളുടേയും കടമയാണ്.

വ്യവസ്ഥിതിയുടെ ജീർണ്ണതകളെ തോലലിക്കലല്ല മറിച്ച് ഈ ജീർണ്ണതെയ്ക്കെതിരെ ദിശാബോധമുള്ള പുത്തൻതലമുറയെ വാർത്തെടുക്കാനുള്ള കഠിന പ്രയത്നത്തിൽ സജ്ജീവമായി ഇടപെടാനുള്ള ഇച്ഛാശക്തിയാണ് ഇന്നു നാം കൈവരിക്കേണ്ടിയിരിക്കുന്നത്. ഒരു പാട് സാംസ്ക്കാരിക പൈതൃകങ്ങളുടെ കലവറയായിരുന്നു നമ്മുടെ കേരത്തിന്റെ ഭൂപടത്തിൽ വൈദേശിക സംസ്ക്കാരത്തിന്റെയും ഉപഭോക്ത സംസ്ക്കാരത്തിന്റെയും നുഴഞ്ഞു കയറ്റവും കടന്നുവരവും കറുത്ത പാടുകൾ സൃഷ്ടിക്കുന്നത് ഉണർന്ന മനസ്സോടെ, ഏകമനസോടെ നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

നമ്മുടെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ സാംസ്ക്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച ഒട്ടനവധി സാമൂഹിക സാംസ്ക്കാരിക പ്രവർത്തകർ ഇന്ന് നമ്മോടൊപ്പമില്ല. ഈ രംഗത്ത് ഒട്ടനവധി സംഭാവനകൾ നൽകിയ കലാസാസ്ക്കാരിക പ്രവർത്തകർ ഇന്ന് ജീവിച്ചിരിക്കുന്നു. ഭൂതകാലഅനുഭവങ്ങൾ ഇവരോടൊപ്പം പങ്കിടുകയെന്നത് പുത്തൻ തലമുറയെ സംബന്ധിച്ചിടത്തോളം കൗതുകകരവും ആഹ്ലാദകരവുമായിരിക്കും.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പേതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിൽ സാംസ്ക്കാരികസ്ഥാപനങ്ങൾ ഉയർന്നു വന്നിരുന്നു. 1930 ൽ പാലാഴിയിൽ ഉയർന്നുവന്ന ഗ്രാമ പോഷിണി വായനശാലയാണ് ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ പ്രഥമസാംസ്ക്കാരിക സ്ഥാപനം. 1946 ൽ മണക്കടവിൽ വിദ്യാഭ്യാസതൽപരുടെയും സാമൂഹ്യരാഷ്ട്രീയരംഗത്തെ പ്രവർത്തകുടെയും ശ്രമഫലമായി ആത്മബോധോദയം വായനശാല സ്ഥാപിതമായി. 1956 ൽ പന്തീരാങ്കാവിൽ ഗ്രാമസേവിനി വായനശാലയും കോന്തനാരി ഗ്രാമീണവായനശാലയും പ്രവർത്തനമാരംഭിച്ചു. കൊടൽനടക്കാവിലെ യുവജനവായനശാല 1958 ൽ ഉയർന്നുവന്നു തൊണ്ടിലക്കടവിലെ പൊതുജനവായനശാലയും ഇരിങ്ങല്ലൂരിലെ നവകേരളവായനശാലയും പുരോഗമന സാംസ്ക്കാരിക പരിഷ്ക്കരണത്തിന്റെ ഭാഗമായി ഉയർന്നുവന്നതായിരുന്നു. 5 ലൈബ്രറികളും 4 വായനശാലകളുമാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. കോന്തനാരി ഗ്രാമീണവായനശാല, പരയംകാട്കുന്നു ഉദയം, പന്തീരാങ്കാവിലെ ഗ്രാമസേവിനി, കൊടൽനടക്കാവ് യുവജനവായനശാല, മണക്കടവ് ആത്മബോധോദയം ഇവയ്ക്കെല്ലാം ഗവൺമെന്റ് ഗ്രാന്റും ലൈബ്രറേറിയൻ അലവൻസും അനുവദിക്കുന്നുണ്ട്. പഞ്ചായത്തിലെ 5 ലൈബ്രറികളും സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുപോരുന്നത്. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ കൂന്നത്തുപാലത്ത് ഒരു വായനശാലയും ഗ്രന്ഥശാലയും കൊടിനാട്ടുമുക്കിൽ സാംസ്ക്കാരീക നിലയവും നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിന്റെ കീഴിലുള്ള 3 ലൈബ്രറിക്ക് കേരളാഗ്രന്ഥശാല സംഘവുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട് സർക്കാറിന്റെ ഗ്രാന്റും ലഭിച്ചു വരുന്നു. നമ്മുടെ പഞ്ചായത്തിലെ സാംസ്ക്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെല്ലാം മെച്ചപ്പെട്ടനിലയിലാണ് നടന്നുവരുന്നത്. പന്തീരാങ്കാലിലെ ഗ്രാമസേവിനി വായനശാല, നടക്കാവിലെ യുവജനശാല, കൊടുനാട്ടു മുക്കിലെ സാംസ്കാരിക നിലയം എന്നിവിടങ്ങളിൽടെലിവിഷൻ സെറ്റുകളുണ്ട്. കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന 37 സംഘടനകൾ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. ഇതുകൂടാതെ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യാത്ത ഏതാനും സാംസ്കാരിക സംഘടനകളും പ്രവർത്തിച്ചു വരു

ന്നുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടേയും, ബാലവാടി കുട്ടികളുടേയും കലാപരമായ കഴിവ് വികസിപ്പിച്ചെടുക്കുന്നതിന് ചില സാസ്കാരിക സംഘടനകൾ ശ്രദ്ധിക്കാറുണ്ട്. ഇതിൽ കാര്യമായിടപെടുന്ന സാസ്കാരിക സംഘടനയാണ് ചെറുകാട് ആർട്ട്സ് സെന്റർ. ഒരുകാലത്ത് പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ അമേച്വർ നാടകങ്ങൾ സജീവമായിരുന്നു. 1986 - ൽ കേരളാഗവൺമെന്റിന്റെ ഏറ്റവും നല്ല പ്രൊഫഷണൽ നാടകനടനുള്ള സ്റ്റേറ്റ് അവാർഡ് ശ്രീ . ബാബു പറശ്ശേരിക്ക് ലഭിച്ചു. (ഒളവണ്ണ ഗ്രാമ പഞ്ചായത്തിന്റെ ഇപ്പോഴത്തെ പ്രസിഡണ്ട് ) വേലായുധൻ പന്തീരാങ്കാവ്, പുസ്തക രചയിതാവ് എന്നനിലയിലും ഇരിങ്ങൂർ ഗോപാലൻ സാഹിത്യ നിരൂപകൻ വി. എം. നാരയാണൻ നായർ സിനിമാനടനെന്ന നിലയിലും ശ്രദ്ധേയരായവരാണ്. ഗ്രാമ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സാംസ്കാരിക സന്നദ്ധ സംഘടനകൾ പ്രദേശങ്ങളിലെ കലാ കായിക സാംസ്കാരികരംഗങ്ങളിൽ ഫലപ്രദമായി ഇടപെടുന്നുണ്ട്.

ഒരുപാട് നാടൻ കലകളുടെ ഈറ്റില്ലമായിരുന്നു നമ്മുടെ ഗ്രാമപഞ്ചായത്ത്. തിറ, തെയ്യം, കോൽക്കളി, കളംപാട്ട്, ദഫ്മുട്ട് , തായം ഏറ്, എന്നിവ ക്ഷേത്രങ്ങളിലെ ഉത്സവങ്ങളുടെ ഭാഗമായി നടന്നുവരാറുണ്ട്. പണ്ടുകാലത്ത് വയലേലകളിൽ നിന്നും ഉയർന്നു കേട്ടിരുന്ന നാട്ടിപ്പാട്ട് കാലത്തിന്റെ അനസ്യൂതമായ പ്രവാഹത്തിന്റെ ഓർമ്മകൾ മാത്രമായികൊണ്ടിരിക്കുന്നു. നാടൻ കലാ രംഗങ്ങളിൽ ശോഭിച്ചിരുന്ന ഒട്ടനവധി പേർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്.

കാവുകളടക്കം 47 ഹിന്ദു ആരാധനാലയങ്ങളും 27 മുസ്ലീം പള്ളികളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പാലകുറുമ്പ ക്ഷേത്രത്തിൽ ഉത്സവത്തിന്റെ ഭാഗമായി നടന്നുവരുന്ന താലപ്പൊലി വേല എന്നിവ കാണുവാൻ വിദൂര സ്ഥലങ്ങളിൽ നിന്നു പോലും ജനങ്ങളെത്തിപ്പെടാറുണ്ട്.

കലാരംഗത്ത് എന്നപോലെതന്നെ കായിക രംഗത്തും (നമ്മുടെ ഗ്രാമപഞ്ചായത്തിലെ ) സന്നദ്ധ സംഘടനകൾ ശ്രദ്ധിക്കാറുണ്ട്. യുവജനങ്ങളുടെ കായിക ക്ഷമത പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കേരളോത്സവത്തിന്റെയും യുവജനോത്സവത്തിന്റെയും ഭാഗമായി വളരെയധികം സാമ്പത്തിക ബാധ്യതകളേറ്റെടുത്തു കൊണ്ട് നമ്മുടെ ഗ്രാമപഞ്ചായത്ത് കലാ കായിക മത്സരങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. എന്നാൽ വേണ്ടത്ര യുവജന പങ്കാളിത്തം പലപ്പോഴും ഉണ്ടാകാറില്ല. ഫുട്ബോൾ വോളിബോൾ എന്നീ കായിക ഇനങ്ങളിലാണ് ബഹുജനങ്ങൾ കാര്യമായി താത്പര്യം കാണിക്കുന്നത്. എന്നാൽ അടുത്ത കാലത്തായി ക്രിക്കറ്റ് ജ്വരം നമ്മുടെ യുവാക്കളിൽ കണ്ട് വരുന്നുണ്ട്.

പല ക്ലബുകൾക്കും ഇന്ന് ക്രിക്കറ്റ് ടീമുകളുണ്ട്. കമ്പവലി, ഷട്ടിൽ, കബഡി എന്നീ ഇനിങ്ങളിൽ സ്പോർസ് പ്രേമികൾ താൽപര്യം കാണിച്ചുവരുന്നു. ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ 11-ാം വാർഡിലെ പള്ളിപ്പുറം എന്ന പ്രദേശത്ത് പ്രവർത്തിച്ചുവരുന്ന സപ്ത കലാ കായിക സാംസ്കാരിക സംഘടനയുടെ ശ്രദ്ധേയനായ ഒരു ഫുട്ബോൾ ഗോൾ കീപ്പറായിരുന്നു കൊരഞ്ഞങ്ങാട്ട് രാജേഷ്. പ്രാക്ടീസ് ചെയ്യുന്നതിനിടയിൽ രാജേഷിന് മാരകമായ പരിക്കുപറ്റുകയും ഒരു മാസത്തിലധികം രോഗശയ്യയിൽ കിടക്കുകയും പിന്നീട് മരണമടയുകയും ചെയ്തത് നമ്മുടെ ഗ്രാമപഞ്ചായത്തിന് തീരാനഷ്ടമാണ്.

## പ്രശ്നങ്ങൾ

1) ലൈബ്രറികളിൽ വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്.

2) ആധുനിക ദൃശ്യമാധ്യമങ്ങളുടെ കടന്നുകയറ്റം വായനാശീലത്തെ തളർത്തിയിട്ടുണ്ട്.

3) കലാ സാംസ്കാരിക രംഗങ്ങളിൽ വനിതകളുടെ പങ്കാളിത്തം കുറവാണ്.

4) നാടക രംഗത്തെ പുത്തൻ സാങ്കേതിക വിദ്യകളും അതിനു വേണ്ടി വരുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതകളും അമേച്വർ നാടക സംരംഭങ്ങൾക്ക് കഴിയാത്തതുകൊണ്ടും അമേച്വർ നാടക പ്രസ്ഥാനം ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുന്നു. ചിലവ് കുറഞ്ഞ അവതരണ രീതി സ്വീകരിക്കണം.

5) നാടൻ കലകൾ പുത്തൻ തലമുറക്ക് അന്യമായിക്കൊണ്ടിരിക്കുന്നു.

6) കലാ കായിക സംഘടനകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ സ്വന്തമായില്ല.

7) പഞ്ചായത്തു തലത്തിൽ നടത്തുന്ന കായിക മത്സരങ്ങളിൽ യുവജന പങ്കാളിത്തം കുറവാണ്.

8) സ്ത്രീകളിൽ വായനാശീലം കുറവാണ്.

9) കലാ- കായിക മത്സരങ്ങൾ നടത്തുന്നതിന് ആവശ്യമായ സൗകര്യം നമ്മുടെ പഞ്ചായത്തിലില്ല. സാങ്കേതിക പരിശീലനം കിട്ടിയ പരിശീലകരുടെ അഭാവമുണ്ട്.

## പരിഹാരങ്ങൾ

1) പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അംഗീകാരമുള്ള വായനാശാലകൾക്കു സ്വന്തമായി കെട്ടിടമില്ലാത്തതിനാൽ സാമ്പത്തിക സഹായം നൽകണം.

2) മൊബൈൽ ലൈബ്രറി സംവിധാനം വേണം.

3) സാംസ്കാരിക സ്ഥാപനങ്ങളിൽ ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കണം.

4) ഒളവണ്ണ ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മുഴുവൻ കലാസാസ്കാരിക സംഘടനകളെയും ഏകോപിപ്പിച്ചുകൊണ്ട് പഞ്ചായത്ത് തലത്തിൽ ഒരു കലാ കായിക സാംസ്കാരിക കേന്ദ്രം വേണം.

5) സാംസ്കാരിക സംഘടനകൾക്ക് കായികോപകരണങ്ങൾ വിതരണം ചെയ്യണം.

6) കായിക രംഗത്ത് കഴിവുള്ള യുവതീയുവാക്കളെ

കണ്ടെത്തി പ്രത്യേക പരിശീലനം നൽകുക.

7) വിദ്യാർത്ഥികൾക്കായി ഒഴിവുകാല കോച്ചിങ്ങുകൾ സംഘടിപ്പിക്കുക.

8) അന്യമായി കൊണ്ടിരിക്കുന്ന നാടൻ കലകൾ പുതിയ തലമുറയ്ക്ക് പകർത്തിക്കൊടുക്കാൻ പരിശീലന കേന്ദ്രം സ്ഥാപിക്കുക.

9) സാസ്കാരിക സംഘടനകളുടെ പ്രവർത്തനം സജീവമാക്കാൻ സാമ്പത്തിക സഹായം നല്കണം.

10) സാസ്കാരിക രംഗത്തുള്ള മൂല്യച്യുതിക്കെതിരെ ശക്തമായ പ്രചാരവേല സംഘടിപ്പിക്കണം.

11) കക്ഷി രാഷ്ട്രീയത്തിനതീതമായി സാംസ്കാരിക രംഗത്തെ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ചുള്ള സൗഹാർദ്ദ സംവാദങ്ങൾക്ക് വേദിയൊരുക്കണം.

12) ഗ്രാമ പോഷിണി വായന, നവകേരള വായന ശാല പൊതുജനവായനശാലന്നിവ പഞ്ചായത്ത് സാമ്പത്തിക സഹായം നൽകി പുനരുദ്ധീകരിക്കണം.

13) വായനശാലയില്ലാത്ത സ്ഥലങ്ങളിൽ പഞ്ചായത്ത് മുൻകൈ എടുത്ത് വായനശാലകൾ സ്ഥാപിക്കണം.

## നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | നിലവിലുള്ള മെമ്പർമാരുടെ എണ്ണം | പുസ്തകങ്ങളുടെ എണ്ണം | പ്രതിമാസ പുസ്തക വിതരണം (ശരാശരി) | കീഴിൽ പ്രവർത്തിക്കുന്നവയുടെ വിവരം | സർക്കാർ ഗ്രാന്റ് ലഭിക്കുന്നുണ്ടോ? |
|---|---|---|---|---|---|---|---|---|
| 1) | ഗ്രാമ സേവിനി വായനശാല പന്തീരാങ്കാവ് | 1952 | സ്വന്തം | 362 | 6375 | 1010 | കലാകായിക സാഹിത്യ പ്രവർത്തനം. നേഴ്സറി. | ഉണ്ട് |
| 2) | ഗ്രാമീണ വായനശാല കോന്തനാരി | 1956 | സ്വന്തം | 205 | 5210 | 1200 | പോളിടെക്നിക്ക് വക തുന്നൽ പരിശീലന ക്ലാസ് | ഉണ്ട് |
| 3) | യുവജന വായനശാല കൊടൽ നടക്കാവ് | 1958 | സ്വന്തം | 153 | 4000 | 750 | കലാസമിതി മഹിളാ സമാജം ബാലവേദി | ഉണ്ട് |
| 4) | ആത്മബോധോദയം വായനശാല മണക്കടവ് | 1946 | സ്വന്തം | 78 | 4500 | 600 | ദേശസേവാ സംഘം | ഉണ്ട് |
| 5) | പഞ്ചായത്ത് വായനശാല കുന്നത്ത്പാലം | 1968 | വാടക | 120 | 2342 | 230 | - | ഉണ്ട് |
| 6) | ഒളവണ്ണ പഞ്ചായത്ത് സാസ്കാരിക നിലയം | 1994 | പഞ്ചായത്തിന്റെ സ്വന്തം | 300 | 1113 | 400 | ഇല്ല | ഇല്ല. |

| ക്രമ നമ്പർ | പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | കെട്ടിടത്തിന്റെ വിവരം | ധനസഹായത്തിന്റെ വിവരം | ഏത് സ്ഥാപനത്തിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്നു | പ്രവർത്തനത്തിന്റെ ലഘു വിവരം. |
|---|---|---|---|---|---|---|
| 1. | ചാലഞ്ച് ആർട്ട്സ് ആന്റ് സ്പോർട്സ് ക്ലബ്, കുഞ്ഞാമൂല, പന്തീരാങ്കാവ് | 1991 | കെട്ടിടം വാടകക്ക് | ഇല്ല | ഇല്ല | കലാസാംസ്ക്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നു. |
| 2. | ചാത്തോത്തറ പോസ്റ്റ് ഒളവണ്ണ | 1980 | സ്വന്തം കെട്ടിടത്തിൽ | ഇല്ല | ഇല്ല | കലാസാംസ്ക്കരിക രംഗങ്ങളിൽ പ്രവർത്തിക്കന്നു |
| 3. | പ്രിയദർശിനി ആർട്സ് ആന്റ് സ്പോർസ് ക്ലബ്, പുളേങ്കര | 1985 | വാടക | ഇല്ല | ഇല്ല | സാമൂഹിക സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു. |
| 4. | പാലത്ത് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പറയൻകാട് കുന്ന് | 1993 | സ്വന്തം കെട്ടിടത്തിൽ | ഇല്ല | ഇല്ല | പൊതുവികസന പ്രവർത്തനം. |
| 5. | സർഗ്ഗ കലാ കായിക വേദി ഒളവണ്ണ | 1995 | സ്വന്തം കെട്ടിടം പണിനടക്കുന്നു | ഇല്ല | ഇല്ല | കലാ-കായിക സാംസ്കാരിക രംഗം |
| 6. | സോക്കർ സ്റ്റാർ ഒളവണ്ണ | 1995 | വാടക | ഇല്ല | ഇല്ല | കലാകായികരംഗം |
| 7. | ഗൺഷൂട്ട് ഒളവണ്ണ | 1992 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായിക രംഗം |
| 8. | സ്പാർട് ഒളവണ്ണ | 1995 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായിക രംഗം |
| 9. | വിവേകാനന്ദ സാംസ്കാരിക സമിതി ഒളവണ്ണ | 1975 | വാടക | ഇല്ല | ഇല്ല | സാംസ്കാരിക പ്രവർത്തനം |
| 10 | യുവധാര കലാകായിക വേദി കൊടൽ നടക്കാവ് | 1995 | വാടക | ഇല്ല | ഇല്ല | കലാകായികം |
| 11. | നെഹ്റു മാതൃഭൂമി സ്റ്റഡി സർക്കിൽ കൊടൽ നടക്കാവ് | 1975 | വാടകകെട്ടിടം | ഇല്ല | ഇല്ല | വികസനപ്രവർത്തനം |
| 12. | സപ്ത കലാ കായിക വേദി പള്ളിപ്പുറം | 1987 | സ്വന്തം കെട്ടിടം | ഇല്ല | ഇല്ല | കലാസാംസ്കാരിക പ്രവർത്തനം |
| 13. | ബൊനാൺസാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മാത്തറ | 1995 | വാടക കെട്ടിടം | ഇല്ല | ഇല്ല | സാമൂഹിക സാംസ്കാരികം |
| 14. | യുവഭാവന കലാസാംസ്കാരികവേദി തിരുത്തിമ്മൽ താഴം | 1983 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാ-കായികരംഗത്തെ പ്രവർത്തനം |
| 15. | ബ്രദേർസ് ക്ലബ് പന്തീരാങ്കാവ് പോസ്റ്റ് കൊടൽ നടക്കാവ് | 1966 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാസാംസ്കാരികം |

| | | | | | | |
|---|---|---|---|---|---|---|
| 16. | പ്രതികരണ സോഷ്യൽ സെർവെന്റ്സ് പന്തീരാങ്കാവ് | 1990 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാസാംസ്കാരികം |
| 17. | സരിഗ ആർട്സ് ആന്റ് സ്പോർസ് ക്ലബ് തൊണ്ടിലക്കടവ് | 1994 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായിക പ്രവർത്തനം |
| 18. | ഫാൻസി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പന്തീരാങ്കാവ് | 1961 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായികം |
| 19. | ബ്രദേർസ് സ്പോർട്സ് ആന്റ് ആർട്സ് ക്ലബ് ഒടുമ്പ്ര | 1978 | സ്വന്തം കെട്ടിടം | | | കലാകായിക രംഗം |
| 20 | മാസ് സ്ട്രൈക്കേഴ്സ് പന്തീരാങ്കാവ് | 1986 | വാടക കെട്ടിടം | | സംഗീത നാടക അക്കാദമി | സാമൂഹ്യപ്രവർത്തനം |
| 21. | പ്രഭാത് ആർട്സ് ക്ലബ് പന്തീരാങ്കാവ് | 1958 | സ്വന്തം കെട്ടിടം | | സംഗീതനാടക അക്കാദമി | കലാകായിക സാംസ്കാരിക പ്രവർത്തനം |
| 22. | പുലരി സ്പോർട്സ് ക്ലബ് ഒടുമ്പ്ര | 1996 | വാടക കെട്ടിടം | ഇല്ല | ഇല്ല | കായിക രംഗത്തെ പ്രവർത്തനം |
| 23. | പ്രയാഗാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മണക്കടവ് | 1989 | വാടക | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നു |
| 24. | റെഡ് ലൈറ്റ് ആർട്സ് കയറ്റിയിൽ | 1980 | വാടക | | | കലാസാംസ്കാരിക രംഗം |
| 25. | ചെറുകാട് ആർട്സ് സെന്റർ കുന്നത്തുപാലം | 1977 | വാടക | സംഗീതനാടക അക്കാദമിയിൽ | അഫിലിയേറ്റ് ചെയ്തിരിക്കുന്നു. | കലാസാംസ്കാരിക രംഗം |
| 26. | റെഡ് സ്റ്റാർ പാലാഴി | 1973 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാസാംസ്കാരിക കായിക രംഗം |
| 27. | സഫ്തർ ഹാഷ്മി തിയേറ്റേഴ്സ് നാഗത്തും പാടം | 1991 | സ്വന്തം കെട്ടിടം | ഇല്ല | ഇല്ല | മാനവരാശിയുടെ ഉന്നമനത്തിനുവേണ്ടി വികസന പ്രവർത്തനങ്ങൾ |
| 28. | നെഹറു ആർട്സ് സെന്റർ ഇരിങ്ങല്ലൂർ | 1976 | വാടക | ഇല്ല | ഇല്ല | കലാസാംസ്കാരിക നിർമ്മാണ ആരോഗ്യ രംഗം |
| 29. | ദർശനാ ആർട്സ് സെന്റർ കോന്തനാരി | 1978 | സ്വന്തം കെട്ടിടം | സംഗീതനാടക അക്കാദമിയിൽ | അഫിലിയേറ്റട് ആണ്. | കലാകായിക മത്സരങ്ങൾ |
| 30 | ചെങ്കതിർ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പാലാഴി | 1981 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായിക രംഗം |
| 31. | യുവധാര ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് കരിമ്പാലം | 1983 | വാടക കെട്ടിടം | ഇല്ല | ഇല്ല | കലാകായികം |
| 32. | ഇന്ദിരാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് മണക്കടവ് | 1972 | വാടക കെട്ടിടം. | ഇല്ല | ഇല്ല | കലാകായികം |
| 33. | മൈത്രി മാതൃഭൂമി സ്റ്റഡീസർക്കിൾ മണക്കടവ് | 1990 | വാടക | ഇല്ല | ഇല്ല | വിദ്യാഭ്യാസ പ്രവർത്തനങ്ങൾ |
| 34. | തെക്കും തിരുത്തി കലാസമിതി | 1982 | താൽക്കാലിക ഷെഡ് | ഇല്ല | ഇല്ല | കലാകായികം മറ്റു വികസന പ്രവർത്തനങ്ങൾ |



# വനിത

പുരുഷനെ പരിചരിക്കുന്നതിനോ സ്നേഹിക്കുന്നതിനോ ലാളിക്കുന്നതിനോ പകരം കൊടുക്കേണ്ടതല്ല സ്വാതന്ത്ര്യം എന്നും അത് സ്ത്രീയുടെ ജന്മാവകാശമാണെന്നും അംഗീകരിക്കാൻ ഒരു പരിധിവരെയെങ്കിലും പുരുഷനെ നിർബന്ധിതമാക്കിയതിന്റെ അടിസ്ഥാന കാരണം വൈരുദ്ധ്യങ്ങളുടെ നിരന്തര സംഘട്ടനവും തത്ഫലമായി ഉരുത്തിഞ്ഞുകൊണ്ടിരിക്കുന്ന സാമൂഹ്യവും രാഷ്ട്രീയവും സാംസ്കാരികവുമായ അവബോധവുമാണ്.

സ്ത്രീ സമത്വം എന്ന സ്ത്രീയുടെ അവകാശം ഈ പുരുഷാധിപത്യസമൂഹത്തിൽ മാറ്റുരയ്ക്കപ്പെടുന്ന ചരിത്രത്തിന്റെ അനുസ്യൂതമായ പ്രവാഹത്തിൽ ഈ ചരിത്രപരമായ അനിവാര്യത അംഗീകരിക്കപ്പെടേണ്ടി വരുമെന്ന് ഇന്ന് നാം അംഗീരിക്കാൻ വിസമ്മതിക്കുകയെന്നാൽ അനിവാര്യമായ ചരിത്ര പരിണാമത്തെ അംഗീകരിക്കുവാൻ വിസമ്മതിക്കുക എന്നാണല്ലോ അർത്ഥം. സ്ത്രീകളുടെ ഈ അവസ്ഥയെപ്പറ്റി സജീവമായ ചർച്ചകൾ നാടിന്റെ വിവിധ ഭാഗങ്ങളിൽ ഉയർന്നു വരുന്നുവെന്നത് നമുക്കേവർക്കും സന്തോഷകരം തന്നെ. ഇന്ത്യയിലെ സ്ത്രീകൾ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായിത്തന്നെ സ്ത്രീകളെപ്പറ്റിയുള്ള പ്രശ്നങ്ങൾ മുന്നോട്ട് വെച്ച് സ്ത്രീ പ്രസ്ഥാനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. 1921 ലെ മദിരാശി പ്രവശ്യയിലെ ഗവൺമെണ്ടാണ് സ്ത്രീകളുടെ വോട്ടവകാശം സംബന്ധിച്ച നിയമനിർമ്മാണം ഇന്ത്യയിൽ കൊണ്ടുവന്നത്. എന്നാൽ ബംഗാളിലെ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത് 1925 ൽ മാത്രമാണ്; അതും ചില ഉപാധികളോടെ മാത്രം. അമേരിക്കയിൽ 1920ലും , ബ്രിട്ടനിൽ 21 വയസ്സ് തികഞ്ഞവർക്ക് 1991 ലുമാണ് വോട്ട് വകാശം ലഭിച്ചത്!

ഇന്ത്യയിൽ പ്രത്യേകിച്ച് കേരളത്തിൽ നടമാടിയിരുന്ന അയിത്തവും തൊട്ടുകൂടായ്മയും നമ്മുടെ ഒളവണ്ണ പഞ്ചായത്തിലും ഉണ്ടായിരുന്നു. സ്ത്രക്ക് ഇന്നത്തെ പോലെ സാമൂഹി കമായോ രാഷ്ട്രീയമായോ ഇടപെടാൻ യാതൊരു സാഹചര്യവും ഉണ്ടായിരുന്നില്ല. സാമൂഹ്യഅനാചാരങ്ങളുടെ ഏറ്റവും തിക്തഫലം അനുഭവിച്ചിരുന്നത് സ്ത്രീകളായിരുന്നു. വിടിനുപുറത്ത് മറ്റൊരു ലോകമുണ്ട് എന്നറിയാൻ കേരളത്തിലെ സ്ത്രീകളെപ്പോലെത്തന്നെ ഒളവണ്ണയിലെ സ്ത്രീകൾക്കും ഏറെക്കാലം കാത്തിരിക്കേണ്ടിവന്നു. നിരവധി പുരോഗമന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ അവസ്ഥയിൽനിന്ന് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാൻ നമ്മുടെ പഞ്ചായത്തിൽ കാര്യമായി പ്രവർത്തിച്ചിരുന്നു.

## വനിത

നമ്മുടെ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ 1991 ലെ സെൻസസ് പ്രകാരം 44398 ആണ് ജനസംഖ്യ. എണ്ണത്തിൽ പുരുഷന്മാരെക്കാൾ കൂടുതൽ വനിതകളാണെങ്കിലും വിവിധ മേഘലകളിലെ സ്ത്രീ പങ്കാളിത്തം പുരുഷന്മാരെ അപേക്ഷിച്ച് പരിമിതമാണ്. സാമൂഹികവും സാമ്പത്തികവുമായ ഒട്ടനവധി പ്രശ്നങ്ങൾ ഇതിനു കാരണമാകുന്നുണ്ട്. ഉത്കണ്ഠാജനകമായ ഈ അവസ്ഥയിൽ നിന്നും സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരേണ്ടുന്ന അടിയന്തിര കടമ നിർവ്വഹിക്കാൻ നാം ബാധ്യതപ്പെട്ടിരിക്കുന്നു. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഏകദേശം 10,000 ത്തിലധികം കുടുംബങ്ങളുള്ളതിൽ 500 ഓളം കുടുംബങ്ങൾ സ്ത്രീകളുടെ നിയന്ത്രണത്തിലുള്ളതാണ്. സ്ത്രീകൾ വനിതകൾ നേതൃത്വം വഹിക്കുന്നത് ഇതിൽ പ്രധാനമായും മഹിളാ അസോസിയേഷനും മഹിളാ സമാജങ്ങളുമാണ്. മറ്റു യുവജനസംഘടനകളിൽ നിരവധി വനിതകൾ അംഗങ്ങളായിട്ടുണ്ടെങ്കിലും നേതൃത്വനിലയിലേക്ക് ഉയർത്തിക്കൊണ്ടുവരാൻ ആവശ്യമായ കാര്യമായ ഇടപെടൽ നടക്കാതെ പോകുന്നു.

മാമ്പുഴയുടെ ഇരു തീരങ്ങളിലുമായി 1946 - 47 കാലഘട്ടങ്ങളിൽ വളർന്നുവന്ന കയർ മേഖലയിൽ നമ്മുടെ ഗ്രാമ പഞ്ചായത്തിലെ സ്ത്രീകളുടെ പങ്കാളിത്തം 3000 ത്തിലധികം ഉണ്ടായിരുന്നു. കുറഞ്ഞ വേതനവും തൊഴിൽ മാന്യതയും ആധുനിക സാങ്കേതിക വിദ്യകളും ഈ മേഖലയിൽ പുതുതായി തൊഴിലാളികൾ കടന്നു വരുന്നതിനു വിഘാതമായി നിൽക്കുന്നു. ഇന്ന് ഏതാണ്ട് ആയിരത്തോളം തൊഴിലാളികൾ മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. അച്ചാർ കമ്പനി നമ്മുടെ ഗ്രാമ പഞ്ചായത്തിൽ 12 മഹിളാ സമാജങ്ങളാണ് ആകെ ഉള്ളത്. ഇതിൽ B.S.S. മഹിളാ സമാജം ഇരിങ്ങല്ലൂർ, B.S.S. മഹിളാസമാജം പാലാഴി. ഗ്രാമ വിദ്യാകേന്ദ്രം മാത്തറ, കസ്തൂർബാ മഹിളാ സമാജം നടക്കാവ്, ഒളവണ്ണ മഹിളാ സമാജം ഒളവണ്ണ, അനശ്വര പറയൻകാട് കുന്ന് എന്നി

വയിൽ ബ്ലോക്കിൽ രജിസ്റ്റർ ചെയ്തവയാണ് സർക്കാറിന്റെ സാമ്പത്തിക സഹായം ലഭിച്ചു വരുന്നു. ഇവയുടെ എല്ലാം കീഴിൽ ബാലവാടി പ്രവർത്തിച്ചു വരുന്നു. അനശ്വര പറയൻകാട് കുന്നിന്റെ കീഴിൽ ഫീഡിംഗ് സെന്റർ പ്രവർത്തിക്കുന്നു. ഇവകൂടാതെ ഗ്രാമപോഷിണി മഹിളാ സമാജം പാലാഴി ഇതിനു കീഴിൽ സ്വന്തമായി ബാലവാടി നടത്തിവരുന്നു. ചില പള്ളിപുറവും ബാലവാടി നടത്തുന്നുണ്ട്.

അമ്പിളി ചാത്തോത്ത് ദേശീയ പൊക്കുന്ന്, മഹിളാ ഫെഡറേഷൻ, പള്ളിപ്പുറം മഹിളാ സമാജം എന്നിവ സ്ത്രീകളുടെ ഉന്നമനത്തിനും അവരുടെ സാമൂഹിക ഇടപെടലിലും കാര്യമായി ശ്രദ്ധിച്ചുവരുന്നു.

തീപ്പെട്ടിക്കമ്പനി എന്നിവിടങ്ങളിൽ സ്ത്രീ തൊഴിലാളികൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണ്. ഇവിടങ്ങളിലെല്ലാം തന്നെ സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ വേതനം കുറവാണ്. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ നൂറുകണക്കിന് വനിതകൾ തയ്യൽ ജോലിയിൽ ഏർപ്പെട്ടിരുന്നു. തൊ ഴിൽ ശാലകളിൽ പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കുന്നതിനുള്ള സൗകര്യമില്ല. വനിതകളുടെ സ്വയം തൊഴിൽ സംരംഭങ്ങൾ നാമമാത്രമാണ്. പുരുഷന്മാരുടെ മദ്യപാനം മൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ധാരാളമുണ്ട്. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകൾ പല സ്ഥലങ്ങളിലും കാണാറുണ്ട്. വിദ്യാഭ്യാസ നിലവാരത്തിൽ പ്രത്യേകിച്ച് എസ്. എസ്. എൽ. സി. വിദ്യാഭ്യാസത്തിനു മുകളിൽ പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകളാണുള്ളത്. വ്യാപകമായല്ലെങ്കിലും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ത്രീ പീഡനവും പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പൊതുരംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്.

2. പുതിയ തൊഴിൽ സംരംഭങ്ങൾക്ക് വനിതകൾ തയ്യാറായി വരുന്നില്ല.

3. വിവിധ മേഖലകളിൽ കൂട്ടായ്മയുടെ പോരായമയുണ്ട്.

4. രാഷ്ട്രീയ സാമൂഹിക രംഗങ്ങളിൽ പുരുഷമേധാവിത്വം അനിവാര്യമായ സ്ത്രീ പ്രാതിനിധ്യം തടയുന്നു.

5. കൂട്ടു സംരഭങ്ങൾ തുടങ്ങുന്നതിന് നേതൃത്വം വഹിക്കാനുള്ള ആത്മധൈര്യം ഇല്ലായ്മ.

6. കലാ സാംസ്കാരിക സംഘടനകൾ, വായനശാലകൾ, എന്നീ നിലയിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

7. ആധുനിക വാർത്താ വിനിമയ മാധ്യമങ്ങൾ ബുദ്ധിപരമായി പുത്തൻ തന്ത്രങ്ങളിലൂടെ സ്ത്രീ അടിമത്തത്തെ അരിക്കിട്ട് ഉറപ്പിക്കുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

## പരിഹാരങ്ങൾ

1. വ്യവസായ സംരംഭങ്ങൾ കൂട്ടായ്മയിലൂടെ നടത്താനാവശ്യമായ ആത്മ ധൈര്യവും പരിശീലനവും കൊടുക്കണം.

2. കയർ മേഖലയിൽ പുത്തൻ സാങ്കേതിക വിദ്യ നടപ്പാക്കുകവഴി തൊഴിൽ മാന്യത ഉറപ്പാക്കണം.

3. തുല്യ ജോലിക്ക് തുല്യ വേതനം നടപ്പാക്കുക വഴി തൊഴിൽ മേഖലയിലെ സ്ത്രീപുരുഷ സമത്വം ഉറപ്പാക്കണം.

4. തൊഴിൽ ശാലകളിൽ സത്രീകൾക്ക് പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്ന തിനുള്ള സൗകര്യങ്ങൾ വേണം.


5.ജനാധിപത്യ സ്വയം ഭരണ സ്ഥാപനങ്ങളിൽ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കണം.

6. മദ്യപാനം മയക്കുമരുന്ന് അശ്ലീല പോസ്റ്ററുകൾ എന്നിവയ്ക്കെതിരെ സാമൂഹ്യാവബോധം അനിവാര്യമാണ്. ഇതിന് വിവിധ പ്രദേശങ്ങളിൽ ജനകീയ സമിതികൾക്ക് രൂപം നൽകണം.

7. അർഹരായിട്ടുള്ള വനിതകൾക്ക് അഗതി പെൻഷൻ വിധവാ പെൻഷൻ, മാതൃ സഹായ പദ്ധതി എന്നിവ ലഭ്യമാക്കാനുള്ള നടപടികൾ വേണം.

8. സ്ത്രീധന പീഢനത്തിനും ബാല്യ വിവാഹത്തിനും എതിരെ ശക്തമായ ബോധവൽക്കരണം നടത്തണം.

9. സ്ത്രീകളുടെ സജീവ പങ്കാളിത്തത്തോടുകൂടിയ സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കണം.



# സഹകരണം

കടബാദ്ധ്യതയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കുന്നതിനും ഹുണ്ടിക പിരിവുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനു വേണ്ടി 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ പന്തീരാങ്കാവ് വില്ലേജ് കേന്ദ്രീകരിച്ച് 1917-ൽ രൂപീകൃതമായ വിവിധോദ്ദേശ്യ ഐക്യ നാണയ സംഘമാണ് ഈ പ്രദേശത്ത് സഹകരണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. അതിന് ശേഷം 1918 ൽ ഒളവണ്ണ വില്ലേജ് കേന്ദ്രീകരിച്ച് പഴയ കാല സഹകരാരികൾ രൂപം കൊടുത്ത ഒളവണ്ണ ഐക്യനാണയ സംഘവും 1948-ൽ ഇരിങ്ങൂർ - പാലാഴി ദേശങ്ങൾ അദികാരപരിധിയായി രൂപീകൃതമായ പാലാഴി ഐക്യനാണയ സംഘവുമാണ് ഈ പഞ്ചായത്തിലെ പ്രധാന വായ്പാ സംഘങ്ങൾ.

നാളികേര കൃഷിക്ക് പ്രാമുഖ്യമുള്ള ഈ പഞ്ചായത്തിൽ മുൻകാലങ്ങളിൽ നാളികേര കർഷകരിൽ നിന്ന് അവരുടെ ഉല്പന്നങ്ങൾ കെട്ടുതെങ്ങ് പദ്ധതിപ്രകാരം ഈ മൂന്ന് സഹകരണ സംഘങ്ങളും നേരിട്ട് സംഭരിക്കുകയും ആയത് പരസ്യമായി ലേലം ചെയ്ത് വിറ്റ് കർഷകർക്ക് അവരുടെ ഉൽപന്നത്തിന് ന്യായമായ വില ലഭ്യമാക്കുകയും ചെയ്തിരുന്നു. ഇതുകൊണ്ട് മുതലാളിമാരുടെ ചൂഷണം ഒരു പരിധി വരെ അവസാനിപ്പിക്കുവാനും കർഷകരിൽ പുത്തൻ ഉണർവ്വ് സൃഷ്ടിക്കുവാനും ഈ സഹകരണ സ്ഥാപനങ്ങൾ വളരെയേറെ സഹായകമായിട്ടുണ്ട്.

വിവിധ മേഖലകളിലായി 23 സഹകരണ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിരുന്നു. ഇതിൽ മൂന്ന് എണ്ണയാട്ട് സഹകരണ സംഘങ്ങളും ഒരു ഓട്ട് പാത്രനിർമ്മാണ സഹകരണ സംഘവും (ബെൽമെറ്റൽ സെന്റർ) ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘവും ഒരു നൂൽ നൂൽപ്പ് സഹകരണ സംഘവും ഇന്ന് പ്രവർത്തനരഹിതമാണ്. സഹകരണ മേഖലയിൽ മൊത്തത്തിൽ ഈ പഞ്ചായത്തിൽ 39 സ്ഥിരം ജീവനക്കാരും മുന്നൂറോളം തൊഴിലാളികളും ജോലിചെയ്ത് വരുന്നു. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സഹകരണ സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്ത് കൂടി ഉൾപ്പെടുന്നതാണ്. അടുത്ത കാലത്തായി കോഴിക്കോട് സഹകരണ അർബ്ബൻ ബാങ്ക് അതിന്റെ അധികാര പരിധിയിൽ ഈ പഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ ഒളവണ്ണ സർവ്വീസ് സഹകരണ ബേങ്കും പന്തീരാങ്കാവ് സർവ്വീസ് സഹകരണ ബേങ്കും സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ചു വരുന്നു. എന്നാൽ ഇരിങ്ങല്ലൂർ പാലാഴി സർവ്വീസ് സഹകരണ ബേങ്കിന്റെ സാമ്പത്തിക പരാധീനത കാരണം അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. കാർഷിക വായ്പകൾ കൊടുക്കുവാൻ കഴിയുന്നില്ല. എന്നാൽ കർഷകർക്ക് വളങ്ങളും കീടനാശിനികളും നൽകിവരുന്നുണ്ട്. സ്വർണ്ണ പണ്ട പണയത്തിന്മേൽ വായ്പയും നൽകിപരുന്നുണ്ട്. ജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സമാഹരിച്ചും മറ്റു പ്രയോജന പ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ചും ബേങ്കിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള തീവ്രശ്രമം ബേങ്ക് ഭരണ സമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത് വളരെ ആശാവഹമാണ്.

ഒളവണ്ണ പഞ്ചായത്തിൽ 4 ക്ഷീരോത്പാദക സഹകരണ സംഘങ്ങൾ പാലാഴി, മാത്തറ, പന്തീരാങ്കാവ്, മണക്കടവ് മേഖലകൾ കേന്ദ്രീകരിച്ച് പ്രവർത്തനം നടത്തി വരുന്നു. എല്ലാ സംഘങ്ങളും സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. മാത്തറ, മണക്കടവ്, സംഘങ്ങൾക്ക് ഇന്നും സ്വന്തമായി കെട്ടിടവും ഗോഡൗണും ഇല്ല.

കൺസ്യൂമർ വിഭാഗത്തിൽ 4 സ്കൂൾ സഹകരണ സംഘങ്ങൾ പഞ്ചായത്തിന്റെ പരിധിയിൽ പുസ്തക വിതരണം മാത്രം നടത്തി വരുന്നു. പാലാഴി കേന്ദ്രമായി സഹകരണ മേഖലയിൽ വനിതകളുടെ ഒരു സോപ്പ് നിർമ്മാണയൂനിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഭവനനിർമ്മാണ രംഗത്ത് സഹകരണ സ്ഥാപനങ്ങളൊന്നും പ്രവർത്തിക്കുന്നില്ല. ഇത് പഞ്ചായത്തിൽ അത്യാവശ്യമാണ്.

## കാർഷിക മേഖല

ഏകദേശം 2500 ഓളം കർഷക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണിത്. ഹ്രസ്വകാല കാർഷിക കാർഷികേതര വായ്പകളാണ് പഞ്ചായത്തിലെ സഹകരണ ബേങ്കുകൾ മുഖ്യമായും വിതരണം ചെയ്യുന്നതെങ്കിലും മുഴുവൻ കർഷകർക്കും ആവശ്യമായ വായ്പ നൽകാൻ കഴിയുന്നില്ല എന്ന

വസ്തുത നിലനിൽക്കുന്നു.

### 1. ഒളവണ്ണ സർവ്വീസ് സഹകരണ ബേങ്ക്

1918 ൽ ഒളവണ്ണ ഐക്യനാണയ സംഘമായി പ്രവർത്തനം ആരംഭിക്കുകയും പിന്നീട് സർവ്വീസ് സഹകരണ ബേങ്കായി ഉയരുകയും ചെയ്ത ഈ ബേങ്കിന്റെ പ്രവർത്തന പരിധിയിൽ ഏകദേശം ആയിരത്തോളം കർഷക കുടുംബങ്ങൾ താമസിച്ച് വരുന്നുണ്ട്. എന്നാൽ മുഴുവൻ കർഷകരും ഈ ബേങ്കിൽ അംഗങ്ങളല്ല. കർഷകരുടെയും കർഷക ത്തൊഴിലാളികളുടെയും കാർഷികാവശ്യങ്ങൾ ഒരു പരിധി വരെയെങ്കിലും നിർവ്വഹിക്കുവാൻ 50 ലക്ഷം രൂപ വർഷം തോറും ആവശ്യമാണ്. എന്നാൽ 1995-96 വർഷത്തിൽ ഒമ്പത് ലക്ഷത്തോളം രൂപ മാത്രമാണ് ബേങ്കിന് കാർഷികാവശ്യത്തിന് വേണ്ടി വിനിയോഗിക്കുവാൻ കഴിഞ്ഞിട്ടുള്ളത്. വളം വിതരണം കാർഷികോല്പന്നങ്ങളുടെ സംഭരണം എന്നിവ പരിമിതമായി നടത്തിവരുന്നു.

### 2. പന്തീരാങ്കാവ് സർവ്വീസ് സഹകരണ ബേങ്ക്

ഒളവണ്ണ പഞ്ചായത്തിൽ വയ്പാ സഹകരണ പ്രസ്ഥാനത്തിന് ആരംഭം കുറിച്ച് കൊണ്ട് 1917 ൽ ആരംഭിച്ച പന്തീരാങ്കാവ് വിവിധോദ്ദ്യേശ്യ ഐക്യനാണയ സംഘമാണ് പിന്നീട് സർവ്വീസ് സഹകരണ ബേങ്കായി ഇന്ന് നിലവിലുള്ളത്. സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തനം നടത്തി വരുന്ന ഈ ബേങ്കിന്റെ പരിധിയിൽ ഏകദേശം 1000 ത്തിലധികം കർഷക കുടുംബങ്ങൾ താമസിച്ച് വരുന്നുണ്ട്. ഒരു വർഷത്തിൽ 50 ലക്ഷത്തിലധികം രൂപ കാർഷിക വായ്പാ വിതരണത്തിനായി ഈ ബാങ്കിന് ആവശ്യമാണെങ്കിലും 1995 -96 വർഷത്തിൽ 14 ലക്ഷത്തോളം രൂപ മാത്രമാണ് കാർഷികാവശ്യങ്ങൾക്കായി വിതരണം ചെയ്യാൻ സാധിച്ചത്.

### 3. ഇരിങ്ങല്ലൂർ - പാലാഴി സർവ്വീസ് സഹകരണ ബേങ്ക്

1946 ൽ പാലാഴി ഐക്യ നാണയ സംഘം എന്ന പേരിൽ ആരംഭിച്ച ഈ പ്രസ്ഥാനം പിന്നീട് സർവ്വീസ് സഹകരണ ബേങ്കായി ഉയരുകയും വളരെ നല്ല രീതിയിൽ പ്രവർത്തിച്ചു വരികയും ചെയ്തിരുന്നു. എന്നാൽ ഇക്കാലത്ത് ഇതിന്റെ പ്രവർത്തനം നിർജീവമായി. ഈ നിർജീവാവസ്ഥയെ തുടർന്ന് ജില്ലാ സഹകരണബേങ്കിലേക്കുള്ള കടങ്ങൾ അവധി ബാക്കിയാവുകയും ബേങ്ക് നഷ്ടത്തിലായി മാറുകയുമാണുണ്ടായത്. ഈ നഷ്ടം നികത്തുന്നതിനും ജില്ലാ ബാങ്കിലേക്കുള്ള അവധിബാക്കി തീർക്കുന്നതിനും തുടർന്നുവന്ന ഭരണ സമിതികൾ പരമാവധി ശ്രമിച്ചെങ്കിലും ഇന്നും കർഷകർക്ക് കാർഷിക ലോൺ വിതരണം ചെയ്യാൻ കഴിയാത്ത അവസ്ഥയാണ്. കർഷകർക്ക് നെല്ലും വളങ്ങളുടേയും കീടനാശിനികളുടേയും വിതരണം സ്വർണ്ണപണ്ട പണയവായ്പ തുടങ്ങിയവയാണ് ബേങ്കിന്റെ പ്രധാന പ്രവർത്തനങ്ങൾ. നിക്ഷേപങ്ങൾ വ്യാപകമായി സംഭരിച്ചും, മറ്റ് കർമ്മപരിപാടികൾ ആസൂത്രണം ചെയ്തും ബേങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള പരിശ്രമം ഊർജ്ജിതമായി നടന്നുവരുന്നു. തൊട്ടടുത്ത് കിടക്കുന്ന ഒളവണ്ണ സർവ്വീസ് സഹകരണ ബേങ്കും ഈ ബേങ്കും സംയോജിച്ച് ഒറ്റ ബേങ്കായി പ്രവർത്തിക്കുകയാണെങ്കിൽ കർഷകർക്ക് അർഹമായ വായ്പാ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ബേങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ സാധിക്കുമെന്ന കാര്യം ഗ്രാമ സഭകളിൽ സജീവമായ ചർച്ചക്ക് വിധേയമായി . ഈ നിർദ്ദേശം സാക്ഷാത്കരിക്കുകയാണെങ്കിൽ ആയത് ഒളവണ്ണ വില്ലേജിലെ മുഴുവൻ ജനങ്ങൾക്കും വളരെയേറെ ഉപകാരപ്രദമായിരിക്കും.

ഈ പഞ്ചായത്തിലെ 3 ബേങ്കുകളും ലാന്റ് റജിസ്റ്റർ പ്രകാരം ക്രഡിറ്റ് ലിമിറ്റ് സ്റ്റെയിറ്റ് മെന്റ് തയ്യാറാക്കി വർഷം തോറും ജില്ലാ സഹകരണ ബാങ്കിൽ നിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹരായ എല്ലാ വർക്കും വായ്പ നൽകുവാനുള്ള സംവിധാനം ഇന്ന് നിലവിലില്ല. കൃത്യ സമയത്ത് വായ്പാ തിരിച്ചടവ് വരാത്തതും ബേങ്കുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

### ദീർഘകാല കാർഷിക വായ്പ :-

കോഴിക്കോട് കാർഷിക ഗ്രാമ വികസന ബേങ്കാണ് ഈ പഞ്ചായത്തിലെ കർഷകർക്ക് ദീർഘകാല കാർഷിക വായ്പകൾ വിതരണം ചെയ്യുന്നത്. വായ്പ ലഭിക്കുന്നതിന്നുള്ള സങ്കീർണതകാരണം പലകർഷകരും വയ്പ വിനിയോഗിക്കാത്ത അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്.

### കയർ വ്യവസായ സഹകരണ സംഘങ്ങൾ

ഒളവണ്ണ പഞ്ചായത്തിൽ നിലവിൽ 6 കയർ വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിച്ച് വരുന്നു. ഇതിൽ കൊടൽ നടക്കാവ് കയർ സഹകരണ സംഘം തൊഴിലാളികളുടെ അപര്യാപ്തതയും, ചകിരി പുഴ്ത്താനുള്ള അസൗകര്യവും, മൂലധനത്തിന്റെ അഭാവവും കാരണം ഇന്ന് പ്രവർത്തന രഹിതമാണ്. മറ്റ് 5 സംഘങ്ങളും (1.പാലാഴി 2.ഇരിങ്ങല്ലൂർ 3. ഒടുമ്പ്ര 4. പന്തീരാങ്കാവ് 5. ഒളവണ്ണ) സാമാന്യം ഭേദപ്പെട്ട നിലയിൽ പ്രവർത്തിച്ച് വരുന്നു. എല്ലാ സംഘങ്ങൾക്കും സ്വന്തമായ സ്ഥലവും ഗോഡൗൺ സൗകര്യവും ഉണ്ട്. എന്നാൽ അസംസ്കൃത സാധന (തൊണ്ട്) ത്തിന്റെ ദൗർബല്യവും , ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നതിനുള്ള തൊഴിലാളികളുടെ വൈമനസ്യവും,അധ്വാനത്തിനനുസരിച്ചുള്ള വേതനമില്ലായ്മയും ഈ മേഖലയുടെ പുരോഗതിയെ സാരമായി ബാധിക്കുന്നുണ്ട്. സർക്കാറിന്റെ കർശനമായ നിയന്ത്രണം ഈ മേഖലയിൽ അനിവാര്യമാണ്.

### ഭവന നിർമ്മാണം.

ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. എങ്കിലും പെരുവയൽ റൂറൽ ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തന മേഖലയിൽ പെട്ടതാണ് ഈ പഞ്ചായത്ത്. പുറമെ കോഴിക്കോട് ജില്ലാ സഹകരണ ബേങ്ക്, കാർഷിക വികസന ബേങ്ക്, സംസ്ഥാന ഹൗസിംഗ് ബോർഡ്, കോഴിക്കോട് വികസന

അതോറിറ്റി തുടങ്ങിയ സ്ഥാപനങ്ങളും വായ്പകൾ പരിമിതമായി നൽകിവരുന്നുണ്ട്. എങ്കിലും വേണ്ടത്ര തുക ആവശ്യക്കാർക്ക് ലഭിക്കാത്തതുകൊണ്ടും വായ്പ ലഭിക്കുന്നതിനുള്ള സങ്കീർണതകൊണ്ടും ഈ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം അതീവ ഗുരുതരമാണ്. കോഴിക്കോട് കോർപ്പറേഷനിൽ നിന്നും വർദ്ധിച്ച തോതിൽ ജനങ്ങൾ ഈ പഞ്ചായത്തിലേക്ക് താമസം മാറി വരുന്നതും പാർപ്പിട പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കുന്നു.

## വിവിധ മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

### കാർഷിക മേഖല:_

1. കർഷകർക്ക് വായ്പാ സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഇരിങ്ങല്ലൂർ - പാലാഴി സർവ്വീസ് സഹകരണ ബേങ്കും ഒളവണ്ണ സർവ്വീസ് സഹകരണ ബേങ്കും സംയോജിപ്പിച്ച് അതിന്റെ പ്രവർത്തനമേഖല വിപുലീകരിക്കണം. അല്ലെങ്കിൽ ഒളവണ്ണ പഞ്ചായത്തിൽ ഇന്നുള്ള 3 ബേങ്കുകൾ ഒളവണ്ണ പന്തീരാങ്കാവ് റവന്യൂ വില്ലേജ് അടിസ്ഥാനത്തിൽ പുനരേകീകരിക്കണം.

2. ഒളവണ്ണ പഞ്ചായത്തിൽ സുലഭമായ നാളികേരം, അസംസ്കൃത വസ്തുവായി ഉപയോഗിച്ച് അതിന്റെ ഉപോല്പന്നങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ നിർമ്മിക്കുന്നതിന് സഹകരണ മേഖലയിൽ പ്രവർത്തനം ആരംഭിക്കുക. എന്നാൽ നൂറോളം പേർക്ക് പ്രത്യക്ഷമായും 250 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കാവുന്നതാണ്.

3. പഞ്ചായത്തിൽ ഇന്ന് നിലവിലുള്ള 3 സർവ്വീസ് സഹകരണ ബേങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. ഈ നഷ്ടം നികത്താതെ വികസന പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുവാൻ സാധ്യമല്ല. ആയതിനാൽ ബേങ്കുകളുടെ നഷ്ടത്തിന് തുല്യമായ തുക പലിശ രഹിത ദീർഘകാല വായ്പയായോ ഓഹരി മൂലധനമായോ ലഭ്യമാക്കുക.

4. പഞ്ചായത്തിൽ നെല്ലുൽപ്പാദനം ക്രമേണ കുറഞ്ഞു വരികയാണ്. മുൻകാലങ്ങളിൽ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഈ രംഗത്ത് നല്ലരീതിയിൽ നടന്നു വന്നിരുന്നു. ഉല്പാദന ചിലവ് കുറയ്ക്കാനും അത്യുല്പാദന ശേഷിയുള്ള വിത്തുകൾ ഉപയോഗിച്ച് ഉല്പാദനം ഇരട്ടിയാക്കുന്നതിനും പരിഷ്കൃതമായ ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഈ രംഗത്ത് നടപ്പിൽ വരുത്തണം.

5. പഞ്ചായത്തിലെ 6-ാം വാർഡിൽ രൂപീകരിച്ചിട്ടുള്ള കേര സംരക്ഷണസമിതിയുടെ പ്രവർത്തനം നിർജീവമാണ്. നാളികേരത്തിന്റെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കേര സംരക്ഷണസമിതിയുടെ പ്രവർത്തനം ഊർജിതപ്പെടുത്തണം.

6. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾ സംഭരിക്കുവാനും വിതരണം ചെയ്യുവാനും വേണ്ടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കാർഷികോൽപ്പന്ന സംഭരണവിതരണ കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

7. പന്തീരാങ്കാവ് സർവ്വീസ് സഹകരണ ബേങ്കിന് 15 - 10 വാർഡിൽ (മണക്കടവ്) ഒരു ബ്രാഞ്ചും പന്തീരാങ്കാവ് ബസാറിൽ ഒരു സായാഹ്ന ശാഖയും തുറക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

8. പഞ്ചായത്തു ഫണ്ടുകൾ തരം തിരിവില്ലാതെ സഹകരണ ബേങ്കുകളിൽ നിക്ഷേപിക്കണം.

### ക്ഷീര വ്യവസായ സഹകരണ സംഘം

1. പഞ്ചായത്തിലെ 6,7,8,9 വാർഡുകളിൽ ക്ഷീര കർഷകർ ഉല്പാദിപ്പിക്കുന്ന പാലിന്റെ വലിയൊരു ശതമാനം പുറത്തുള്ള ഏജൻസികൾ വാങ്ങി സംഭരിക്കുന്ന അവസ്ഥാവിശേഷമാണ് ഇന്ന് നിലവിലുള്ളത്. ക്ഷീരോത്പാദനം വർദ്ധിപ്പിക്കുന്നതിനും, ഈ വാർഡുകൾ കേന്ദ്രീകരിച്ച് ക്ഷീരോൽപാദകസഹകരണ സംഘം ആരംഭിക്കണം.

2. സ്വന്തമായി കെട്ടിടവും സ്ഥലവും ഇല്ലാത്ത മാത്തറ, മണക്കടവ് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾക്ക് ആയതിന് വേണ്ട വായ്പകൾ ലഭ്യമാക്കണം.

### ഭവന നിർമ്മാണം

ഈ പഞ്ചായത്തിലെ അതി ഗുരുതരമായ പാർപ്പിട പ്രശ്നം ഒരു പരിധിവരെ പരിഹരിക്കുന്നതിന് പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു ഹൗസിംഗ് സൊസൈററിക്ക് രൂപം നൽകണം. എന്നാൽ ഏജൻസികളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള സങ്കീർണ്ണത ഒഴിവാക്കാവുന്നതാണ്.

### കയർ സഹകരണ സംഘങ്ങൾ

1. പഞ്ചായത്ത് കേന്ദ്രീകരിച്ച് മുഴുവൻ കയർ സഹകരണ സംഘങ്ങൾക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ചകിരി അടിച്ച് തുപ്പാക്കുന്നതിനുള്ള unit തുടങ്ങുകയും ഈ മേഘലയിൽ അനിവാര്യമായിട്ടുള്ള യന്ത്രവൽക്കരണം നടപ്പിലാക്കുകയും ചെയ്യുക.

2. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിവിധയിനം കയറുൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് ഒരു കേന്ദ്രം സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

3. നിലവിലുള്ള കയർ സംഘങ്ങളെ തകർച്ചയിൽ നിന്നും രക്ഷിക്കുന്നതിന് ചുരുങ്ങിയ പലിശ നിരക്കിൽ ദീർഘകാല വായ്പാ വിതരണ സംവിധാനം ഉണ്ടാക്കണം.

### ഖാദി ഗ്രാമ വ്യവസായം

1. കള്ളിക്കുന്നിൽ പ്രവർത്തന രഹിതമായികിടക്കുന്ന ഓട്ടുപാത്ര നിർമ്മാണ യൂനിറ്റ് പുനസ്സംഘടിപ്പിച്ച് തൊഴിലാളി പങ്കാളിത്തത്തോട് കൂടി സർക്കാർ സഹായം ലഭ്യമാക്കിക്കൊണ്ട് പ്രവർത്തനക്ഷമമാക്കണം.

### ലേബർ കോൺട്രാക്ട് സഹകരണ സംഘം.

1. പന്തീരാങ്കാവ് പ്രവർത്തന രഹിതമായി കിടക്കുന്ന

ലേബർ കോൺട്രാക്ട് സൊസൈറ്റി വിപുലീകരിച്ച് പഞ്ചായത്തിലെ വിവിധ നിർമ്മാണ തൊഴിലാളികളെ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾക്ക് തൊ ഴിലാളികളെ നിശ്ചിത കൂലി നിരക്കിൽ എത്തിച്ച് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

### ഹരിജൻ സഹകരണ സംഘം

പഞ്ചായത്ത് കേന്ദ്രീകരിച്ച് പട്ടിക ജാതിക്കാരുടെ ക്ഷേമത്തിനും ഇവർക്ക് തൊഴിൽ നൽകുന്നതിനും വേണ്ടി ഒരു ഹരിജൻ സഹകരണ സംഘത്തിന് രൂപം വൽകണം.

### വനിത സഹകരണ സംഘം

പഞ്ചായത്ത് കേന്ദ്രമാക്കി വനിത കളുടെ ഉന്നമനത്തിനും അവരുടെ തൊ ഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതനും arment majking എംബ്രോയഡറി കരകൗശല വസ്തു നിർമ്മാണം , കോഴി വളർത്തൽ എന്നിവയ്ക്കായുള്ള സഹകരണ സംഘത്തിന് രൂപം കൊടുക്കണം.

### മറ്റ് നിർദ്ദേശങ്ങൾ


1. പന്തീരാങ്കാവ് കേന്ദ്രീകരിച്ച് സഹകരണ മേഖലയിൽ ഒരു 'ഭക്ഷണശാല' ആരംഭിക്കുക

2. കുന്നത്തുപാലം കേന്ദ്രീകരിച്ച് ഒരു സഹകരണ മാവേലിസ്റ്റോർ ആരംഭിക്കണം. പൂളങ്കര കൺസ്യൂമർ സഹകരണ സ്റ്റോർ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള മൂലധനം സ്വരൂപിക്കേണ്ടതാണ്.

3. പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു സഹകരണ ഡിസ്പെൻസറി ആരംഭിക്കുന്നു.

4. പഞ്ചായത്തിൽ നിലവിലുള്ള സ്കൂൾ സഹകരണ സ്റ്റോറുകളിൽ നിന്നും പുസ്തകത്തിനു പുറമെ കുട്ടികൾക്കാവശ്യമായ സ്റ്റേഷനറി, യൂണിഫോം , കുട , ചെരുപ്പ് തുടങ്ങിയ സാധനങ്ങൾ കൂടി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ഗ്രാമങ്ങളുടെ സാമ്പത്തിക -സാമൂഹിക- സാംസ്കാരിക വികസനത്തിന് നിർണായകമായ പങ്ക് വഹിക്കാൻ കഴിയുന്ന സഹകരണം പ്രസ്ഥാനത്തെ സംബന്ധിച്ച് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഒളവണ്ണ പഞ്ചായത്തിലെ 15 ഗ്രാമ സഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച ഗ്രമ സഭാ റിപ്പോർട്ട് വിദഗ്ദസമിതികളുടെ നിർദ്ദേശങ്ങളടക്കം ക്രോഡീകരിച്ച്കൊണ്ട്, സഹകരണ രംഗത്ത് ഇതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട പദ്ധതികളെ സംബന്ധിച്ചുള്ള ഈ വികസന റിപ്പോർട്ട് ചർച്ചകൾക്കും മുൻഗണന നിർണ്ണയിക്കുന്നതിനുമായി സമർപ്പിച്ചുകൊള്ളുന്നു.



## പ്രാഥമിക സഹകരണ ബാങ്കുകൾ

| | സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ | സർക്കാർ ഓഹരി | ഓഹരി മൂലധനം അംഗങ്ങളുടെത | ഡപ്പോസ്റ്റുകൾ സ്ഥിരം | മറ്റുള്ളവ | 1995 -96 ൽ നൽകിയ വായ്പ്പകൾ കാർഷികം | സ്വർണ്ണ പണയം | മറ്റു വായ്പ്പകൾ | 30-6-1996 ന് അംഗങ്ങളിൽ നിന്ന കിട്ടാനുള്ള വായ്പ്പ തുക | അവധി ബാക്കി |
|---|---|---|---|---|---|---|---|---|---|---|---|
| 1. | ഇരിങ്ങല്ലൂർ പാലാഴി SCB | 2004 | - | 72600 | 3ല | 7.83ല | - | 16,81,000 | - | 90,8000 | 1,30,000 |
| 2. | പന്തീരാങ്കാവ് SCB | 5788 | 1,55,500 | 5,20,700 | 96.05 | 45.06 | 13,80,000 | 67 ,92,000 | 14,47,000 | 96,20,000 | 20,66,000 |
| 3. | ഒളവണ്ണ SCB | 4450 | 2,82,500 | 5,46,000 | 33.92 | 25.24 | 9,19,000 | 64 ,54,000 | 6,05,000 | 67,70,000 | 16,89,000 |
| | ആകെ | 12,242 | 4,38,000 | 11,39,300 | 132. 97 | 78.67 | 22,99,000 | 1,49,29,000 | 20,52,000 | 1,72,98,000 | 38,85,000 |
| | മറ്റു സഹകരണ സ്ഥാപനങ്ങൾ | | | | | | | | | | |
| | | | | | | | കാർഷികേതരം | | ഭവനനിർമ്മാണം | | |
| | കാർഷിക വികസന ബേങ്ക് | | | | | | 95,000 | 2,74,000 | 6,24,000 | | |
| | പെരുവയൽ റൂറൽ ഹൗസിങ് സൊസൈറ്റി | | | | | | | | 2,31,000 | | |

## കയർ വ്യവസായ സഹകരണ സംഘങ്ങൾ

| | സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ | ഓഹരി | സർക്കാർ ഓഹരി | തൊഴിലാളികളുടെ എണ്ണം | ഉല്പാദിപ്പിക്കുന്ന കയർ |
|---|---|---|---|---|---|---|
| 1. | പാലാഴി കയർ വ്യവസായ സംഘം | 384 | 25,100 | 2,20,200 | 23 | 64 കി |
| 2. | ഒളവണ്ണ കയർ വ്യവസായ സംഘം | 507 | 30,600 | 1,63,900 | 25 | 69 കി |
| 3. | ഒടുമ്പ്ര കയർ വ്യവസായ സംഘം | 654 | 34,000 | 2,64,100 | 27 | 70കി |
| 4. | ഇരിങ്ങല്ലൂർ കയർ വ്യവസായ സംഘം | | | | | |
| 5. | പന്തീരാങ്കാവ് കയർ വ്യവസായ സംഘം | 523 | 29,536 | 1,75,200 | 19 | 79 കി |
| 6. | കൊടൽ നടക്കാവ് കയർ വ്യവസായ സംഘം | | | | | |
| | ആകെ | | | | | |

## പാൽ സഹകരണ സംഘങ്ങൾ

| | സ്ഥാപനത്തിന്റെ പേര് | അംഗങ്ങൾ | ഓഹരി | ദീവസത്തിൽ പാൽ സംഭരണം | പ്രാദേശിക വില്പന | യൂനിയനിലേക്ക് |
|---|---|---|---|---|---|---|
| 1. | പന്തീരാങ്കാവ് ക്ഷീരോല്പാദക സംഘം | 886 | 9,170 | 280 ലി. | 130 ലി. | 150 ലി. |
| 2. | മാത്തറ ക്ഷീരോല്പാദക സംഘം | 239 | 2650 | 150 ലി. | 25 ലി. | 125 ലി. |
| 3. | മണക്കടവ് ക്ഷീരോല്പാദക സംഘം | 299 | 2990 | 100 ലി | 35 ലി. | 65 ലി. |
| 4. | പാലാഴി ക്ഷീരോല്പാദക സംഘം | | | | | |
| | നല്ലളം ക്ഷീരോല്പാദക സംഘം (പഞ്ചായത്തിനു പുറമേയുള്ള സംഘം) | 366 | | 285 ലി. | | |



# പട്ടിക ജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ടവർ 5 ശതമാനം വരും സാമൂഹ്യ സമത്വങ്ങൾ ഒരു പരിധിപരെ ഇല്ലാതായിട്ടുണ്ട് മറ്റു വിഭാഗക്കാരോടൊപ്പം സാമൂഹ്യരംഗത്ത് തുല്യമായ പരിഗണന ലഭിക്കുന്നുണ്ട്. 7 അംഗീകൃത ഹരിജൻ കോളനികൾ പഞ്ചായത്തിലുണ്ട്. ഈ കോളനികളുടെ വിവരം (പട്ടികയിൽ) കൂടാതെ വാലിയ്ക്കൽ, കമ്പിവളപ്പ്, പറമ്പിൽത്തൊടി എന്നീ ഭാഗങ്ങളിലും പട്ടികജാതിയിൽപ്പെട്ടവർ കൂടുതൽ താമസിക്കുന്നുണ്ട്. ഇതിൽ കൂടഞ്ഞ ഹരിജൻ കോളനിമാത്രമേ IHDP കോളനിയായി അംഗീകരിച്ചിട്ടുള്ളൂ. മറ്റുസംസ്ഥാനങ്ങളിൽ നിന്ന് അമ്മികൊത്തു തൊഴിലുമായി ഇവിടെ എത്തിച്ചേർന്ന ചക്കിലിയൻ എന്ന വിഭാഗത്തിൽപ്പെട്ട ഏതാനും കുടുംബങ്ങൾക്ക് മുതുവനത്തറ ലക്ഷം വീട് കോളനിയിൽ പഞ്ചായത്ത് പാർപ്പിട സൗകര്യം അനുവദിച്ചിട്ടുണ്ട്.

| ക്രമ. നമ്പർ | ഹരിജൻകോളനികളുടെ പേര് |
|---|---|
| 1. | കുഞ്ഞാവ് ഹരിജൻ കോളനി IHDP |
| 2. | പറയൻകാട്കുന്ന് ഹരിജൻ കോളനി |
| 3. | മാമ്പുഴക്കാട്ട് മീത്തൽ ഹരിജൻ കോളനി |
| 4. | ഒടുമ്പ്ര ഹരിജൻ കോളനി |
| 5. | കൂടത്തുംപാറ ഹരിജൻ കോളനി |
| 6. | മൂടവൻപിലാക്കൽ ഹരിജൻ കോളനി |

പാർപ്പിടരംഗത്ത് ഈ വിഭാഗക്കാരുടെ സ്ഥിതി വളരെ പിന്നോക്കമാണ്. സർക്കാർ നൽകിയ 4 സെന്റ് ലക്ഷം വീട് കോളനികളിലും സ്വന്തമായി കുടിലുകളിലും താമസിക്കുന്നവരാണ് ഭൂരിപക്ഷവും സ്വന്തമായി വീടില്ലാത്ത മുപ്പത് കുടുംബങ്ങൾ ഇവിടെയുണ്ട് കോളനികളിൽ താമസിക്കുവരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ട്. വീടുകൾ വൈദ്യുതീകരിക്കുന്നതിനും കുടിവെള്ളം മെത്തിക്കുന്നതിനും കക്കൂസ് നിർമ്മാണത്തിനും ഊന്നൽ കൊടുക്കേണ്ടതുണ്ട്.

പരമ്പരാഗതമായ കാരണങ്ങളാൽ ഈ വിഭാഗക്കാർ വിദ്യഭ്യാസരംഗത്ത് വളരെ പിന്നോക്കം നിൽക്കുന്നു. പുതിയ തലമുറ കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കാൻ ശ്രദ്ധിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്തെ പൊതുവായ പിന്നോക്കാവസ്ഥ പരിഹരിക്കേണ്ടതുണ്ട്. ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുകൊണ്ട് മാത്രമേ വിദ്യാഭ്യാസ രംഗത്തെ ഇവരുടെ പിന്നോക്കാവസ്ഥമാറ്റാൻ കഴിയൂ.

ക്ഷേത്രകലകളായ തിറ, തെയ്യം എന്നിവയിൽ വൈദഗ്ദ്ധ്യമുള്ള 8 കുടുംബങ്ങൾ ഇവിടെയുണ്ട്. അമ്മികൊത്തൽ തൊഴിലാക്കിയ ചക്കിലിയ വിഭാഗം കുട്ടികളെ വിദ്യാലയങ്ങളിൽ അയക്കുന്നുണ്ട്. പട്ടകജാതിവിഭാഗത്തിൽ പെട്ടവർ പ്രധാനമായും കൃഷിയും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ട് ഉപജീവിതം കഴിക്കുന്നു.

കാർഷികരംഗത്തെ പിന്നോക്കാവസ്ഥ കാരണം പുതിയ തലമുറ പ്രധാനമായും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് തൊഴിലുകളിൽ ഏർപ്പെടുന്നു. സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യമായ വേതനം ഇവിടെ ലഭിക്കുന്നില്ല. ഇവരുടെ ഒരു ദിവസത്തെ ശരാശരി കൂലി മാത്രമെ ജോലി ലഭിക്കുന്നുള്ളൂ. തൊഴിലില്ലായ്മ പ്രശ്നം രൂക്ഷമായനുഭവപ്പെടുന്നുണ്ട്.

1991 മുതൽ 1996 വരെ പട്ടികജാതിക്ക് ലഭിച്ച പദ്ധതികൾ

| | പഞ്ചായത്ത് നൽകിയ വീട് | ബോക്ക് നൽകിയത് | ആകെ |
|---|---|---|---|
| വീട് | 44 | 38 | 82 |
| കക്കൂസ് | 158 | 25 | 183 |
| വൈദ്യുതീ | | | |
| കരണം | 38 | - | 38 |
| കിണർ | - | 20 | 20 |

പട്ടിക ജാതി വിഭാക്കാരുടെ ഉന്നമനം യാഥാർത്ഥ്യമാകണമെങ്കിൽ നിയമങ്ങളെക്കുറിച്ച് സർക്കാർ പദ്ധതികളെക്കുറിച്ചും, വിപുലമായ ബോധവൽക്കരണം ആവശ്യമാണ്. ഇവരുടെ തൊഴിലില്ലായ്മാ പ്രശ്നം പരിഹരിക്കാൻ-കോഴിവളർത്തൽ കാലി വളർത്തൽ, കളിമൺ പാത്ര നിർമ്മാണം, പായ നെയ്ത്ത്, കയർ നിർമ്മാണം എന്നിവയ്ക്കായി പരമ്പരാഗത

കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരണം, ഹരിജന വിവിധോദ്ദേശ്യ സഹകരണ സംഘങ്ങൾ രൂപീക രിച്ച് ഹോളോബ്രിക്സ്, ഫർണിച്ചർ, റെഡിമെയ്ഡ്സ് തുട ങ്ങിയ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.

1991 മുതൽ 1996 വരെ JRY ഇന്ദിരാ ആവാസ് യോജന പദ്ധതി പ്രകാരം പട്ടികജാതി വർഗ്ഗക്കാർക്ക് 82 വീടു കൾ നിർമ്മിച്ചു. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഇത്തരം ഭവന പദ്ധതികളെക്കുറിച്ച് ബോധവൽക്കരണം നടത്തണം വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങൾ ലഘൂകരിക്കേണ്ടതാണ്.

## പ്രശ്നങ്ങൾ

തൊഴിലില്ലായ്മാ പ്രശ്ന രൂക്ഷമാണ്.

കോളനികളിൽ കുടിവെള്ള ക്ഷാമം നിലനിൽക്കുന്നു

അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്ത കോളനികൾക്ക് കുടിവെള്ളം, വൈദ്യുതീകരണം, പാർപ്പിടം, കക്കൂസ് തുടങ്ങി യവ ലഭ്യമാക്കണം

ലക്ഷം വീട് കോളനികളിലെ ഇരട്ട വീടുകൾ സുര ക്ഷിതമല്ല. ഇരട്ടവീടുകൾക്ക് പകരം ഒറ്റവീടുകളാക്കിമാറ്റണം.

അംഗനവാടികൾ നിലവിലില്ല, ബാലവാടികൾ ഇനിയും ആവശ്യമാണ്.

സ്വന്തമായി വീടില്ലാത്തവരുടെ പാർപ്പിട പ്രശ്നം പരി ഹരിക്കണം.

അഭ്യസ്ത വിദ്യരായവരുടെ തൊഴിലില്ലായ്മാ പ്രശ്നം പരിഗഹരിക്കണം

വീടുകളിൽ ഇന്ധന ക്ഷാമം അനുഭവപ്പെടുന്നു.

കോളനികളിലെ പ്രത്യേകിച്ച് 4 സെന്റ് ലക്ഷം വീട് കോളനികളിലെ യാത്ര പ്രശ്നം.

പരിസര മലിനീകരണം തടയണം.

## നിർദ്ദേശങ്ങൾ

1. പട്ടികജാതി കോർപ്പറേഷൻ സാമൂഹ്യക്ഷേമ നട പ്പിലാക്കുന്ന പരിപാടികൾ യഥാസമയം അറിയുന്നതിന് പഞ്ചാ യത്ത് തലത്തിൽ പട്ടികജാതി വികസനസമിതി രൂപീകരി ക്കണം.

2. പട്ടികജാതി-വികസനത്തിന് ഈ വിഭാഗക്കാരുടെ യിടയിൽ ബോധവൽക്കരണ പ്രവർത്തനം നടക്കേണ്ടതുണ്ട്. അതിനായി വാർഡ് തലത്തിൽ ജനപ്രതിനിധികളുടെ നേതൃ ത്വത്തിൽ പട്ടികജാതി വർഗ്ഗക്ഷേമ സമിതി രൂപീകരിക്കണം.

3. പാർപ്പിടം പ്രശനം പരിഹരിക്കാൻ പട്ടികജാതി ഭവന നിർമ്മാണ പദ്ധതി ആസൂത്രണം ചെയ്യുക.

4. കോളനികൾ അംഗീകരിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ ലഘൂകരിക്കേണ്ടതാണ്.

5. അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകണം.

6. വീടില്ലാത്തവരെ പുനരധിവസിപ്പിക്കുന്നതിന് ഊന്നൽ കൊടുക്കണം.

7. കോളനികളിലെ ആരോഗ്യപ്രശ്നം പരിഹരിക്കാൻ കക്കൂസ് നിർമ്മാണത്തിന് പഞ്ചായത്ത് തലത്തിൽ "ഓരോവീ ടിനും ഓരോ കക്കൂസ്" എന്ന രീതിയിൽ പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

8. എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കു ന്നതിന് പദ്ധതി തയ്യാറാക്കണം.

9. 4 സെന്റ് ലക്ഷം വീട് കോളനികളിലെ അറ്റകുറ്റപ്പ ണികൾ നടത്തുന്നതിന് കുടിലുകൾ വീടുകളാക്കി മാറ്റുന്ന തിനും, ഇരട്ട വീടുകൾ ഒറ്റവീടുകളാക്കിമാറ്റുന്നതിനും പരിപാ ടികൾ തയ്യാറാക്കണം.

5. കോളനികളിലെ ഇന്ധക്ഷാമം പരിഹരിക്കാൻ-എല്ലാ വീടുകളിലും പുകയില്ലാത്ത ദക്ഷതകൂടിയ അടുപ്പുകൾ സ്ഥാപി ക്കാൻ സാമ്പത്തിക സഹായം അനുവദിക്കണം.


6. ഈ വിഭാഗക്കാരുടെ തൊഴിലില്ലായ്മ പ്രശ്നം പരി ഹരിക്കാൻ പരമ്പരാഗത കുടിൽ വ്യവസായയൂണിറ്റുകൾ ആരം ഭിക്കാൻ ഉദാരമായ വായ്പാനയം ആവിഷ്ക്കരിക്കണം.

7. കോളനികൾക്കും സൗജന്യമായി ടെലിവിഷൻ അനു വദിക്കണം.

8. ഹരിജൻ ശ്മാശാനം സൗകര്യപ്പെടുത്തൽ പദ്ധതി ആവിഷ്ക്കരിക്കണം.

9. മൂന്നാം വാർഡിലെ ഹരിജൻ മഹിളാസമാജത്തിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് ലഭ്യമാക്കണം.

10. വാലിക്കൽ കോളനി കമ്പിവളപ്പിൽ കോളനി, പറ മ്പിൽതൊടി കോളനി, നടുവത്തിനി മേത്തൽ കോളനി, എന്നിവ ഹരിജൻ കോളനിയായി അംഗീകരിക്കണം.



# ഭവന നിർമ്മാണം, സാമൂഹ്യ ക്ഷേമം

കുന്നുകളും, വയലുകളും പുഴകളും നിറഞ്ഞ ഭൂപ്രകൃതിയാണ് ഒളവണ്ണ പഞ്ചായത്തിന്റേതെങ്കിലും കോഴിക്കോട് നഗരത്തിൽ നിന്ന് ഇവിടേയ്ക്ക് വൻതോതിൽ കുടിയേറ്റം നടന്നുവരുന്നുണ്ട്. കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ആയിരത്തോളം കുടുംബങ്ങൾ ഇവിടെ വന്നു ചേർന്നിട്ടുണ്ട്. ഭൂമിക്ക് താരതമ്യേന വിലകുറവായതിലാൽ നിർദ്ധന കുടുംബങ്ങളിൽപ്പെട്ടവരാണ് അധികവും. ആൾപ്പാർപ്പില്ലാതിരുന്ന വിവിധ കുന്നുകളിൽ നിരവധി വീടുകൾ വന്നു കഴിഞ്ഞു. ഇവിടെ ശുദ്ധ ജല പ്രശ്നവുമുണ്ട്. സാമൂഹ്യ ക്ഷേമരംഗത്ത് ഈ പഞ്ചായത്തിന്റെ ബാധ്യത അനുദിനം വർധിക്കുന്നതിന്റെ സൂചനയാണിത്. പുതുതായി താമസം മാറിവരുന്നവരടക്കമുള്ള ഭൂരിഭാഗം ജനങ്ങളും നാമമാത്ര ഭൂമിയുടെ ഉടമസ്ഥരാണെന്നതുകൊണ്ട് കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിക്കാൻ പറ്റുന്നുമില്ല. ഇവരെ സ്വയം തൊഴിലിന് പ്രാപ്തരാക്കുവാൻ പദ്ധതികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ 9945 കുടുംബങ്ങൾ ഇപ്പോൾ താമസിക്കുന്നുണ്ട്. ഇതിൽ 2055 കുടുംബങ്ങൾ ടെറസ് വീടുകളിലും 2080 കുടുംബങ്ങൾ കുടിലുകളിലുമാണ് താമസിക്കുന്നത്. സാമാന്യം ഭേദപ്പെട്ട രീതിയിലുള്ള ഓടിട്ട വീടുകളിൽ താമസിക്കുന്ന 5360 കുടുംബങ്ങൾ ഉണ്ട്. ഇതിൽ ലക്ഷം വീടുകളിലും 4 സെന്റ് കോളനികളിലും താമസിക്കുന്നവർ പെടുന്നില്ല.15 കോളനികൾ നമ്മുടെ പഞ്ചായത്തിലുണ്ട്. കൂടാതെ കുഞ്ഞാമൂല കൊടി നാട്ടുമുക്ക്, കൂടത്തും പാറ, പറയങ്കാട് തുടങ്ങിയ സ്ഥലങ്ങളിൽ പട്ടികജാതി കോളനികളുണ്ട്. ഇവയിലെല്ലാം കൂടി 450 ഓളം കുടുംബങ്ങൾ ജീവിക്കുന്നു. പഞ്ചായത്തിന്റേയും സർക്കാരിന്റെയും പലഘട്ടങ്ങളിലുള്ള സഹായങ്ങൾ ഇവിടേയ്ക്ക് ലഭിച്ചിട്ടുണ്ട്.

നമ്മുടെ പഞ്ചായത്തിൽ അടുത്തിടെ കാണുന്ന പ്രധാന പ്രശ്നം റോഡരികിലും മറ്റുമായി വയൽ നികത്തി വീടുവെക്കുന്നത് മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കൂടുതലാണെന്നതാണ്. ടെറസ് കെട്ടിടങ്ങളും, ഓടിട്ട വീടുകളും ഇങ്ങനെ ഉയരുന്നുണ്ട്. നമ്മുടെ കൃഷിയെ പ്രതികൂല മായി ബാധിക്കുന്ന ഈ പ്രശനം ഗൗരവമായി കാണേണ്ടതുണ്ട്

'ലക്ഷം വീടുകളിലും മറ്റും താമസിക്കുന്നവർക്ക് സർക്കാർ സഹായത്തോടെ വീടുകൾ അറ്റകുറ്റ പണികൾ നടത്തുന്നതിനും ഇപ്പോഴുള്ള ഇരട്ട വീടുകൾ വേർതിരിച്ച് ഓരോ കുടുംബത്തിനും വെവ്വേറെയുള്ള നല്ല വീട് കൊടുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ഹൗസിംഗ് കോംപ്ലക്സ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതുണ്ടതാണ്.

കുടിലുകളിൽ താമസിക്കുന്ന രണ്ടായിരത്തോളം കുടുംബങ്ങൾക്ക് ഓടിട്ട വീട് എന്ന സ്വപ്നം കാക്ഷാത്കരിക്കുവാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. വൈദ്യുതി ലഭിച്ചിട്ടില്ലാത്തവർക്ക് അത് ലഭിക്കാനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണം.

### കക്കൂസുകൾ

ആധുനിക രീതിയിലുള്ള കക്കൂസുകളില്ലാത്ത മൂവ്വായിരത്തോളം കുടുംബങ്ങൾ ഉണ്ട്. ഇരട്ടക്കുഴി കക്കൂസ് നിർമാണത്തിന് സാമ്പത്തിക സഹായം നൽകണം. പഞ്ചായത്തിന്റേയും സർക്കാറിന്റേയും മറ്റു ഏജൻസികളുടേയും കൂട്ടായ ശ്രമം ഇതിന്നാവശ്യമാണ്. സ്വന്തം വീടോ, സ്ഥലമോ ഇല്ലാത്ത കുടുംബങ്ങൾക്ക് പഞ്ചായത്തിലെ പുറം പോക്ക് ഭൂമിയിൽ സ്ഥലം അനുവദിച്ചു വീടുവെയ്ക്കാൻ സഹായിക്കേണ്ടതാണ്.

### ഭവന നിർമ്മാണ സഹകരണ സംഘം

നമ്മുടെ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം നിലവിലില്ല. പെരുവയൽ പഞ്ചായത്തിനും ഈ പഞ്ചായത്തിനും കൂടിയുള്ള ഏക സ്ഥാപനം ഇപ്പോൾ പെരുവയൽ പഞ്ചായത്തിലാണ് സ്ഥിതിചെയ്യുന്നത്.

ഈ പഞ്ചായത്തിനു മാത്രമായി ഒരു ഭവന നിർമ്മാണ സഹകരണ സംഘം ഉടൻ ആരംഭിക്കേണ്ടതാണ്. എഞ്ചിനീയർ മുതൽ നിർമ്മാണ തൊഴിലാളികൾ വരെയുള്ളവരുടെ സേവനം ഈ സംഘത്തിലൂടെ ലഭ്യമാക്കണം. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചരണം നൽകേണ്ടതും നിർമ്മാണ ച്ചെലവ് കൂടുന്ന വലിയ വീടുകൾക്ക് കർശന നിബന്ധന ഏർപ്പെടുത്തേണ്ടതുമാണ്. വിവിധ സർക്കാർ ഏജൻസികൾ നൽകുന്ന സാമ്പത്തിക സഹായം പഞ്ചായത്ത് സമിതി മുഖേന വിതരണം ചെയ്താൽ കാലതാമസവും മറ്റു വിഷമങ്ങളും ഒഴിവാക്കാൻ കഴിയും.

ഭവന നിർമ്മാണത്തിനും കക്കൂസ് നിർമ്മാണത്തിനും

ജനപങ്കാളിത്തം കൂടുതൽ ആവശ്യമുള്ളതിനാൽ ജനങ്ങൾക്ക് ശരിയായ രീതിയിൽ ബോധവൽക്കരണം നൽകേണ്ടതാണ്. വീടുകളുടെ നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കും ബാങ്ക് സഹായം ലഭ്യമാക്കണം. ഇതിന് പലിശ ഇളവു നൽകി പരമാ വധി 12 ശതമാനമാക്കണം. ധാരളം നിർമ്മാണക്കാരുള്ള ഇവിടെ മണൽ, ചെങ്കല്ല്, ഇഷ്ടിക, ഹോളോബ്രിക്സ്, എന്നിവയും സുലഭമാണ്.

40 സെന്റ് ഭൂമി സർക്കാരിതര ഏജൻസികളിൽ നിന്നോ മറ്റോ വിതരണം ചെയ്യുന്ന ഭൂമി എന്നിവ മുൻഗണനാക്രമത്തിൽ വിതരണം ചെയ്യണം.

വിവിധ ഏജൻസികൾ മുഖേന നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

വിവിധ ഏജൻസികൾ മുഖേന നിർമ്മിച്ച 158 വീടുകൾ നമ്മുടെ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ 12 വീടുകളുടെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരുന്നു. പട്ടിക ജാതിക്കാരിൽ 95 ശതമാനം കുടുംബങ്ങൾക്കും വീടും കക്കൂസുമുണ്ട്. ഭവന രഹിതർക്കെല്ലാം പാർപ്പിട മുണ്ടാക്കാനുള്ള കൂട്ടായ ശ്രമം ആവശ്യമാണ്.

## പട്ടിക -1

| ക്രമ നമ്പർ | ഏജൻസി | വർഷം | എണ്ണം | ആകെ |
|---|---|---|---|---|
| 1 | പട്ടിക ജാതി/പട്ടിക വർഗ്ഗ കോർപ്പറേഷൻ | 1981-82 22 | 29 | |
| | | 84-85 | 7 | |
| 2 | വില്ലേജ് ഹൗസിംഗ് സ്കീം | | 19 | 19 |
| 3 | ലക്ഷം വീട് പദ്ധതി | | 48 | 48 |
| 4 | ഗ്രാമീണ തൊഴിൽ ഭദ്രതാ പരിപാടി Gp | 85- 86 | 10 | 10 |
| 5 | ഗ്രാമീണ തൊഴിൽ ദാന പരിപാടി NREP88-89 | | 5 | 5 |
| 6 | ഇന്ദിരാ ആവാസ് യോജന !AY | 90-91 | 6 | 30 |
| | | 91-92 | 4 | |
| | | 92-93 | 8 | |
| | | 95-96 | 12 | |
| 7 | മില്യൺ വെൽ പദ്ധതി | 92-93 | 6 | |
| | | 93-94 | 5 | 16 |
| | | 94-95 | 2 | |
| | | 95-96 | 3 | |
| 8 | ജവഹർ റോസ്ഗാർ യോജന 22% | 92-93 | 3 | 13 |
| | | 93-94 | 2 | |
| | | 95-96 | 8 | |

ആകെ 170 വീടുകൾ

പഞ്ചായത്ത് അൺ ടൈഡ് ഫണ്ടിൽ 13 വീടുകൾ അനുവദിച്ചതിൽ 10 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. 3 എണ്ണത്തിന്റെ പണി നടന്നുവരുന്നു.

പഞ്ചായത്ത്, J.R.Y പദ്ധതിയിൽ നല്കിയ വീടുകളുടെ വിവരണങ്ങൾ (പട്ടിക.....ൽ)

## പട്ടിക -2

| | |
|---|---|
| 92-93 വരെ | 14 എണ്ണം |
| 93-94 ൽ | 5 " |
| 94-95 ൽ | 4 " |
| 95-96 ൽ | 8 " |
| ആകെ | 31 |

## പഞ്ചായത്ത് ഭൂമി ഏറ്റെടുത്ത് വിതരണം ചെയ്ത് നിലവിൽ വന്ന കോളനികൾ

| ക്രമനമ്പർ | കോളനിയുടെ പേര് | കുടുംബങ്ങൾ |
|---|---|---|
| 1 | കളക്കണ്ടി 4 സെന്റ് | 24 |
| 2 | ഊർണാമി 4 സെന്റ് | 15 |
| 3 | കാട്ടം പുറത്ത് 4 സെന്റ് | 9 |
| 4 | പറയംകാട് കുന്ന് 4 സെന്റ് | 25 |
| 5 | പറയംകാട് കുന്ന് ലക്ഷം വീട് | 34 |
| 6 | നടുവന്തിനി മീത്തൽ 4 സെന്റ് | 12 |
| 7 | ചാലിൽ 4 സെന്റ് | 8 |
| 8 | കയറ്റി ലക്ഷം വീട് | 10 |
| 9 | കയറ്റി 4 സെന്റ് | 10 |
| 10 | വാരിയത്ത് മീത്തൽ 4 സെന്റ് | 19 |
| 11 | ചാലിയം തൊടി 4 " | 24 |
| 12 | പള്ളിപ്പുറം ലക്ഷം വീട് | 22 |
| 13 | മാമ്പുഴക്കാട് മീത്തൽ 4 " | 57 |
| 14 | മാമ്പുഴക്കാട് 4 സെന്റ് | 24 |
| 15 | മുതുവനത്തറ 4 സെന്റ് | 23 |
| | ആകെ | 316 |

പറയങ്കാട് കൊടിനാട്ടുമുക്ക്, കുഞ്ഞാമൂല, വാലിക്കൽ, കുടത്തും പാറ, മുടവൻ വിലാക്കിൽ, ചിറക്കൽ, കമ്പി വളപ്പ് എന്നീ ഹരിജൻ കോളനികളിലും മറ്റുമായി 92 കുടുംബങ്ങൾ താമസിക്കുന്നുണ്ട്.

വീടുകളുടെ ചുറ്റുമതിൽ ഭൂരിഭാഗവും കല്ലുകൊണ്ടു ജൈവ മതിലുകളുടെ മേന്മ ജനങ്ങളെ ബോധ്യപ്പെടുത്തുവാനുള്ള ശ്രമം വേണം. ഇതിനു കൃഷിവകുപ്പിന്റെ സഹായം തേടാവുന്നതാണ്.

## സാമൂഹ്യ ക്ഷേമം

പദ്ധതികളുടെ അഭാവമല്ല ആസൂത്രണത്തിലെ പിഴവാണ് ഇക്കാലമത്രയും സാമൂഹ്യ ക്ഷേമരംഗത്തെ പ്രവർത്തനങ്ങൾക്കു തടസ്സമായത്. ഈ പഞ്ചായത്തിനു യോജിച്ചതാണോ എന്ന് പരിശോധിക്കാതെ നടപ്പാക്കിയ പദ്ധതികൾ മരുപ്രദേശത്തു നട്ട വിത്തുപോലെയായി.

കോഴിക്കോട് ബ്ലോക്ക് പരിധിയിൽപ്പെട്ട പഞ്ചായത്തുകളിൽ പട്ടിക ജാതി ക്കാർ ഏറെയുള്ള പഞ്ചായത്താണ് ഒളവണ്ണ. പക്ഷേ ഗ്രാമവികസന വകുപ്പിലൂടെ നടപ്പാക്കുന്ന പദ്ധതികളല്ലാതെ പട്ടിക ജാതി-പട്ടിക വർഗ്ഗവികസന കോർപ്പറേഷനിലൂടെ നടപ്പാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഇവിടെ കാര്യമായി നടന്നിട്ടില്ല. ഒരേ ലക്ഷ്യത്തോടെയുള്ള വിവിധ ഏജൻസികളുടെ പദ്ധതികൾ ക്രോഡീകരിച്ചു നടപ്പാക്കാൻ പഞ്ചായത്തിനു കഴിഞ്ഞാൽ പട്ടിക ജാതി വിഭാഗക്കാർക്ക് ഗുണപ്രദമായിരിക്കും.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമപ്രവർത്തനത്തിന് മഹിളാ സമാജങ്ങളുടേയും അംഗനവാടികളുടെയും എണ്ണത്തിലും പ്രവർത്തന രീതിയിലും ഗണ്യമായ മാറ്റം അത്യാവശ്യമാണ്. 15 വാർഡുകളുള്ള ഈ പഞ്ചായത്തിൽ ആറു ബാലവാടികളാണുള്ളത്. ഓരോ വാർഡിലും ഒരു ബാലവാടി നിലവിൽ വന്നാൽ പോഷകാഹാര വിതരണത്തിലും പ്രാഥമിക വിദ്യാഭ്യാസത്തിലും കൂടുതൽ ശ്രദ്ധയൂന്നാൻ കഴിയും. കുട്ടികളുടേയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണകാര്യത്തിലും ബാലവാടി കേന്ദ്രീകരിച്ച് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്താനാവും.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാൻ അവയ്ക്കു സ്വന്തമായ കെട്ടിടം ഒരുക്കിക്കൊടുക്കുന്നത് അഭികാമ്യമാണ്. ജനകീയ പങ്കാളിത്തത്തോടെ ഇതു നടപ്പാക്കാം. സ്ത്രീകൾക്കു തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം പരിപാടികൾ മഹിളാ സമാജങ്ങൾ കേന്ദ്രീകരിച്ചു നടപ്പിലാക്കണം.

വയോജന ക്ഷേമരംഗത്ത് ജനങ്ങളുടേതായ ഒട്ടേറെ നിർദ്ദേശങ്ങളുണ്ട്. വാർദ്ധക്യ കാല പെൻഷൻ പ്രായ പരിധി 60 ആക്കുക , വൃദ്ധമന്ദിരം പണിയുക തുടങ്ങിയ നിർദ്ദേശങ്ങൾ പരിഗണിക്കത്തക്കവയാണ്. പൊതുകക്കൂസ്, മൂത്രപ്പുര എന്നിവ അങ്ങാടിയിൽ സ്ഥാപിക്കുന്നത് പരിസരമലിനീകരണത്തിനു പരിഹാരമായിരിക്കും 12-10 വാർഡിൽ തൈവളപ്പിൽ വൈദ്യുതി ശ്മശാനത്തിനുള്ള നിർദ്ദേശമുണ്ട്.

### പട്ടിക ജാതി - പട്ടികവർഗ്ഗ ക്ഷേമം.

ഒളവണ്ണ പഞ്ചായത്തിലെ ജനസംഖ്യയിൽ ഏകദേശം 5 ശതമാനം പട്ടികജാതിക്കാരാണ്. ചെറുമൻ, പുലയൻ, വിഭാഗത്തിൽ പെടുന്നവയാണ്. ഇവരിൽ ഭൂരിഭാഗവും. പട്ടികവർഗ്ഗത്തിൽപ്പെട്ടവരില്ല. അധികവും കൃഷിപ്പണിക്കാരാണ്. ദാരിദ്ര്യം മൂലം ചെറുപ്പത്തിൽത്തന്നെ പഠനം നിർത്തി തൊഴിലിൽ ഏർപ്പെടുന്നതിനാൽ വിദ്യാഭ്യാസപരമായി ഏറെ പിറകിലാണ്. 5 ശതമാനം മാത്രമാണ് എസ്.എസ്. എൽ.സി പാസ്സാകുന്നത്.

കൊടിനാട്ടുമുക്ക്, കുഞ്ഞാമൂല, കുടത്തുംപാറ, വാലിക്കൽ, ചിറക്കൽ, കമ്പിവളപ്പ്. ഹരിജൻ കോളനികളിലായാണ് ഭൂരിഭാഗവും താമസിക്കുന്നത്.

ഒളവണ്ണ പഞ്ചായത്തിലെ ഭൂരിഭാഗം പട്ടിക ജാതിവിഭാഗക്കാർക്കും ഐ.ആർ.ഡി.പി. ധനസഹായവും സി.ആർ. എസ്. പി. പദ്ധതി പ്രകാരമുള്ള കക്കൂസും അനുവദിച്ചു കഴിഞ്ഞു. പത്തോളം കുടുംബങ്ങളൊഴികെ മറ്റെല്ലാവർക്കും

വുടുവയ്ക്കാനുള്ള സഹായവും നൽകി എന്നിട്ടും ഇവരുടെ നില പ്രതീക്ഷിച്ചത്ര മെച്ചപ്പെട്ടിട്ടില്ലെന്നത് പദ്ധതി ആസൂത്രണത്തിലെ പിഴവു വ്യക്തമാക്കുന്നു. ഓരോ കോളനിയും കേന്ദ്രീകരിച്ച് ചെറുവ്യവസായ യൂണിറ്റ് ആരംഭിക്കാനുള്ള പദ്ധതികളോ കൂട്ടായ്മയോടെയുള്ള സ്വയം തൊഴിൽ പദ്ധതികളും ആവിഷ്കരിച്ചു നടപ്പാക്കാവുന്നതാണ്. വിദ്യാഭ്യാസ സൗന്ദര്യം നൽകുകയെന്നതിൽ മാത്രം ഒതുങ്ങിനിൽക്കാതെ ഭാവി ജീവിതം മെച്ചപ്പെടുത്താനുതകുന്ന തൊഴിൽ മാർഗ്ഗ നിർദ്ദേശം (career Guidance) നൽകാനുള്ള പദ്ധതി കൂടി ആവിഷ്കരിച്ചാൽ പാതിവഴിയിൽ പഠനം നിർത്താൻ പ്രശ്നത്തിനു പരിഹാരമാകും.

## സാമൂഹ്യ വികസനം

സാമൂഹ്യ വികസന രംഗത്ത് ഇക്കാലമത്രയും ചെലവഴിച്ച തുക വെച്ചു നോക്കിയാൽ ഒളവണ്ണ പഞ്ചായത്ത് ഒട്ടേറെ മുന്നിലെത്തേണ്ടതായിരുന്നു. ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ വികസനം ലക്ഷ്യമാക്കി ഏർപ്പെടുത്തിയിട്ടുള്ള വിവിധ പദ്ധതികളുടെ ഗുണഫലം മുഴുവനായും ഉപഭോക്താവിന് കിട്ടുന്നുണ്ടെന്നു ഉറപ്പുവരുത്താനുള്ള സംവിധാനമുണ്ടായാൽ മാത്രമേ ഈ രംഗത്ത് ലക്ഷ്യപ്രാപ്തിയുണ്ടാവുകയുള്ളൂ.

## ഐ.ആർ.ഡി.പി

ദാരിദ്ര്യ രേഖക്കു താഴെയുള്ള കുടുംബങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി ആരംഭിച്ച ഈ പദ്ധതി 1979 ൽ പഞ്ചായത്തിൽ നടപ്പിലാക്കി എന്നാൽ, ഇതിന്റെ ഫലം പ്രതീക്ഷിച്ചരീതിയിൽ ഗുണഭോഗ്താക്കളിലെത്തിയിട്ടില്ലെന്നതാണ് വസ്തുത.

മൂന്നു വർഷംകൊണ്ട് വായ്പതുക തിരിച്ചടച്ചു കഴിയുമ്പോഴേക്കും കുടുംബത്തിന് നല്ല ഉപജീവന മാർഗ്ഗമായി കഴിയേണ്ടതാണെങ്കിലും മിക്ക ഗുണഭോക്താക്കളുടെയും സ്ഥിതി നേരെ മറിച്ചാണ്.

92 ലെ ഐ.ആർ.ഡി.പി. കണക്കെടുപ്പുപ്രകാരം ഈ പഞ്ചായത്തിൽ 5101 കുടുംബങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയാണ്. ഇതിൽ 226 പട്ടിക ജാതി കുടുംബങ്ങളാണ്. നഗരത്തിൽ നിന്ന് ഇങ്ങോട്ടുള്ള കുടിയേറ്റം വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. ഇതും, പദ്ധതിപ്രവർത്തനത്തിൽ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. വിപണന സാധ്യതയുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക പരിശീലനം നൽകുകയും ദുരുപയോഗം തടയാൻ ബോധവൽക്കരണം നടത്തുകയും ചെയ്താൽ മാത്രമേ ഈ പദ്ധതിയുടെ ഗുണം പൂർണമായും ലഭിക്കുകയുള്ളൂ.

## ഡി. ഡബ്ലിയു. സി. ആർ. എ (ഗ്രാമീണ വനിതാ - ശിശു വികസന പരിപാടി)

പല കാരണങ്ങളാൽ കുടുംബഭാരമേൽക്കേണ്ടിവരുന്ന സ്ത്രീകളെ ഉദ്ദേശിച്ചുള്ള ഈ പദ്ധതി 92-93 വരെ ഒളവണ്ണ പഞ്ചായത്തിൽ നടപ്പിലാക്കിയത് പതിനൊന്നു പേർ ആരംഭിച്ച സഹൃദയ ബ്രെയ്സിയർ യൂണിറ്റ് തിരിച്ചടച്ചു പൂർത്തിയാക്കി നല്ലനിലയിൽ പ്രവർത്തിച്ചിരുന്നു. സൗകര്യപ്രദമായ കെട്ടിടത്തിന്റെ അഭാവം ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനു വിലങ്ങുതടിയാണ്. "ഭാവന ലതർ വർക്സ്" എന്ന ഡി. ഡബ്ലിയു. സി. ആർ. എ യൂണിറ്റ് ഇപ്പോൾ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. ആകെ മൂന്നുയൂണിറ്റുകളുണ്ട്.

ഡി. ഡബ്ലി. സി. ആർ. എ. പദ്ധതി സ്ത്രീകൾക്കിടയിലെ തൊഴില്ലായ്മ പരിഹരിക്കുന്നതിന് ഏറെ സഹായകമാണെങ്കിലും ബോധവൽക്കരണത്തിന്റെ അഭാവം കാരണം ഈ രംഗത്തേയ്ക്കു വരുന്നവർ വളരെ കുറവാണ്. ഒരു വാർഡിൽ ഒരു യൂണിറ്റ് എന്ന ലക്ഷ്യം വച്ചു പ്രവർത്തിക്കുകയും ഉല്പന്നങ്ങൾ വിപണനം ചെയ്യാൻ മാർഗ്ഗം കണ്ടെത്തുകയും ചെയ്യേണ്ടതാണ്.

ട്രൈസം. 18 മുതൽ 35 വയസ്സുവരെ യുവതീയുവാക്കൾക്കു സ്വയം തൊഴിൽ പരിശീലനം നൽകുന്ന ഈ പദ്ധതി പ്രകാരം ഇതുവരെ 45 പേരെ തിരഞ്ഞെടുത്തു പരിശീലനം നൽകി. ഈ വർഷം 12 പേരെ പരിശീലനത്തിനയച്ചു. ഈ പദ്ധതി കുറേകൂടി വിപുലീകരിച്ചു നടത്താവുന്നതാണ്.

## സി.ആർ. എസ്. പി

ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് അനുവദക്കുന്ന പദ്ധതി പ്രകാരം 124 കക്കൂസുകൾ ഇതിനകം പഞ്ചായത്തിൽ അനുവദിച്ചു. ജെ. ആർ.വൈ പദ്ധതിപ്രകാരം 23 കക്കൂസുകൾക്ക് ധനസഹായം നൽകി. ധാരാളം പേർ ഈ പദ്ധതിക്കായി കാത്തിരിപ്പുണ്ടെന്നതിനാലും പഞ്ചായത്തിലെ ആരോഗ്യ പരിപാലനത്തിന്റെ ഭാഗമാണെന്നതിനാലും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിയേണ്ടതുണ്ട്.

## ദശലക്ഷം കിണർ പദ്ധതി

പട്ടിക ജാതിക്കാർക്ക് കൃഷി വിപുലീകരിക്കാൻ കിണർ കുഴിക്കുന്നതിന് സഹായം നൽകുന്ന ഈ പദ്ധതിയിൽ ഈ വർഷം മുതൽ ഇതര വിഭാഗക്കാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരിച്ചടവശ്യമില്ലാത്ത ധനസഹായ പദ്ധതിയാണിത്. ഇതിനകം 18 കിണറുകൾ ഈ പദ്ധതിയിൽ പണി തീർന്നു. ഈ വർഷം 6 പേരെ തെരഞ്ഞെടുത്തട്ടുണ്ട്.

## ആർ എസ്. പി

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് അനുവദിക്കുന്ന പദ്ധതി പ്രകാരം 124 കക്കൂസുകൾ ഇതിനകം പഞ്ചായത്തിൽ അനുവദിച്ചു ജെ. ആർ. വൈ. പദ്ധതി പ്രകാരം 23 കക്കൂസുകൾക്ക് ധനസഹായം നൽകി. ധാരാളം പേർ ഈ പദ്ധതിയ്ക്കായി കാത്തിരിപ്പുണ്ടെന്നതിനാലും പഞ്ചായത്തിലെ ആരോഗ്യപരിപാലനത്തിന്റെ ഭാഗമാണെന്നതിനാലും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിയേണ്ടതുണ്ട്.

### ദശലക്ഷം കിണർ പദ്ധതി.

പട്ടികജാതിക്കാർക്ക് കൃഷി വിപുലീകരിക്കാൻ കിണർ കുഴിക്കുന്നതിന് സഹായം നൽകുന്ന ഈ പദ്ധതിയിൽ ഈ വർഷം മുതൽ ഇതര വിഭാഗക്കാരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. തിരിച്ചടവാശ്യമില്ലാത്ത ധനസഹായ പദ്ധതിയാണിത്. ഇതിനകം 18 കിണറുകൾ ഈ പദ്ധതിയിൽ പണിതീർന്നു ഈ വർഷം 6 പേരെ തൊരെഞ്ഞെടുത്തിട്ടുണ്ട്.

### ആർ. എ,. പി. പരമ്പരാഗത കരകൗശല വിദഗ്ദ്ധർക്കുള്ള പദ്ധതി)

പരമ്പരാഗത കരകൗശല തൊഴിലാളികളായ ആശാരി, മൂശാരി, കൊല്ലപ്പണി, തട്ടാൻ, മൺപാത്രനിർമ്മിക്കുന്നവർ എന്നിവർക്ക് ആധുനീക പണിയായുധങ്ങൾ സംഘടിപ്പിക്കാൻ 2000 മുതൽ 4500രൂപവരെ ധനസഹായം നൽകുന്ന ഈ പദ്ധതി 92 ൽ ഇവിടെയാരംഭിച്ചു. ഇതുവരെ 74 പേർക്ക് ഈ ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

### കുടീർ ജ്യോതി.

കുടിലിൽ താമസിക്കുന്നവർക്ക് ഒരു ബൾവുമാത്രം കത്തിക്കാൻ സൗജന്യമായി വൈദ്യുതി നൽകുന്ന ഈ പദ്ധതിയിൽ ഇതിനകം 10 കുടുംബങ്ങളെ സഹായിക്കാൻ കഴിഞ്ഞു. ഈ വർഷം 22 പേരരുടെ അപേക്ഷ അയച്ചിട്ടുണ്ട്.

### പി. എം. ആർ. വൈ. ( പ്രധാനമന്ത്രിയുടെ തൊഴിൽധാന പദ്ധതി)

അഭ്യസ്ഥവിദ്യർക്കുള്ള ഒരു തൊഴിൽ ധാന പദ്ധതിയാണിത് ഒരാൾക്ക് ഒരു ലക്ഷം എന്നതോതിൽ ഒറ്റയ്ക്കും കൂട്ടായും വായ്പ നൽകുന്ന ഈ പദ്ധതി പ്രകാരം 31 സംരംഭത്തിൽ ഇത്രനകം ആരംഭിച്ചു. ഈ പദ്ധതിയെ സംബന്ധിച്ച് ഗുണഭോക്താക്കൾക്ക് അവബോധമുണ്ടാക്കുന്നതിനാവശ്യമായ ബോധവൽക്കരണം അത്യാവശ്യമാണ്.

### പെൻഷനുകൾ; ക്ഷേമനിധികൾ

വിധവകൾ, അഗതികൾ, വൃദ്ധൻ, വികലാംഗർ, ക്ഷയരോഗികൾ, കയർതൊഴിലാളികൾ, കർഷകതൊഴിലാളികൾ, തൊഴിൽരഹിതർ എന്നിവർക്കായുള്ള വിവിധ പെൻഷനുകളും മാതൃസഹായം പദ്ധതിപോലുള്ള ക്ഷേമപദ്ധതികളും ദുരിതാശ്വസപദ്ധതികളും ഉണ്ടെങ്കിലും അർഹരായ എല്ലാവർക്കും ഇവയുടെ ഗുണം ലഭിക്കുന്നില്ല. ഗുണഭോക്താക്കളുടെ അജ്ഞതയും അനുവദിച്ചുകിട്ടുന്നതിലുള്ള കാലതാമസവുമാണത്ര പ്രശ്നം. സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ അർഹരായവരെ കണ്ടെത്താവുന്നതാണ്.


ഒളവണ്ണ പഞ്ചായത്തിൽ 128 വികലാംഗരുണ്ട് 84 പുരുഷന്മാർ, 44 സ്ത്രീകൾ (10നും 18നു മിടയിൽ പ്രായമുള്ളവർ 19, 18നും 25നുമിടയിൽ 29, 25നും 45നു മിടായിൽ 39, 45നും 60നു മിടയിൽ 28, 60തിനുമുകളിൽ 13) 39 പേർക്കു മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളൂ.

### വിവിധ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം.

| | |
|---|---|
| വിധവാപെൻഷൻ - | 88 |
| വികലാംഗ പെൻഷൻ - | 39 |
| വാർദ്ധക്യ പെൻഷൻ - | 71 |
| ക്ഷയരോഗ പെൻഷൻ - | 140 |
| കർഷകതൊഴിലാളി പെൻഷൻ - | 263 |
| തൊഴിലില്ലായ്മാ വേതനം - | 593 |

ഐ ആർ ഡി പി ഇൻഷൂറൻസ്, ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ എന്നിവ നടപ്പാക്കുന്ന ഇൻഷൂറൻസ് പദ്ധതികൾ ജനോപകാരപ്രദമാണത്ര ഇ വയെക്കുറിച്ചുള്ള ബോധവൽക്കരണം അത്യാവശ്യമായി നടത്തണം.

കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഇപ്പോൾ 100 മുതൽ 125 രൂപ വരെ കൂലി കിട്ടുന്നുണ്ട്. ഇത് മുൻവർഷങ്ങളെ അപേക്ഷി വൻ വർദ്ധനവുതന്നെയാണ്. 1975-76 ൽ 8 മുതൽ 12 വരെ രൂപ മാത്രമായിരുന്ന കൂലി 85-86 ൽ 40-50രൂപ വരെയായപ്പോൾ 92 ൽ 75 രൂപയായി 1994 ൽ 90 രൂപ മുതൽ 100 രൂപവരേയും 95 ൽ 100 മുതൽ 125 രൂപവരേയും കൂലി ഉയർന്നു. പല വീട്ടുമസ്ഥന്മാരും തങ്ങളുടെ സൗകര്യ മനുസരിച്ചു തൊഴിലാളിക്ക് ഭക്ഷണവും ഇതിനു പുറമെ നല്ക്കുന്നണ്ട്. ഈ വർദ്ധനവൊന്നും ഭവന നിർമ്മാണ മേഖലയെ ബാധിച്ചിട്ടില്ല.



## ഭവനം

| പ്രശ്നങ്ങൾ | പരിഹാരം |
|---|---|
| 1. നഗരത്തിൽ നിന്ന് ധാരാളം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വർ വീട് വെച്ച് താമസിക്കുന്നു. | ദാരിദ്ര്യ രേഖക്കുതാഴെയുള്ള സ്വന്തമായി ഭൂമിയുള്ള വർക്ക് ഭവന നിർമ്മാണ ഗ്രാന്റ്, വായ്പ്പ, ഇല നൽകാവുന്ന താണ്. |
| 2. റോഡരികിലും മറ്റുമായി വയൽ നികത്തിവീട് വെയ്ക്കുന്നത് കൃഷിയെ ബാധിക്കുന്നു. | സ്വന്തമായി വേറെ ഭൂമിയുണ്ടെങ്കിൽ റോഡരികിൽ വയൽ നികത്തി വീടു വെയ്ക്കാൻ അനുവാദം നല്കാതിരിക്കുക. |
| 3.ലക്ഷം വീടുകളിലും കോളനികളിലുമുള്ള പല വീടുകളും കേടുപാടുകൾ സംഭവിച്ചവയാണ്. | വീടുകളുടെ അറ്റകുറ്റപണികൾക്കായി സാമ്പത്തിക സഹായം നല്കേണ്ടതാണ് IAY, JRY എന്നീ പദ്ധതികളുടെ പ്രവർത്തനം വിപുലികരിക്കേണ്ടതാണത. |
| 4. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ധാരാളം വീടുകളുണ്ട് | വൈദ്യുതി കണക്ക്ഷൻ ലഭിക്കാൻ അടിയന്തിര നടപടിയെടുക്കേണ്ടതാണത. |
| 5. ഈ പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം ഇല്ല | പഞ്ചായത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിച്ച് എഞ്ചിനിയർമുതൽ കൂലിപ്പണിക്കാർവരേയുള്ളവരുടെ സേവനം ഈ സംഘത്തിലൂടെ ലഭ്യമാക്കണം |
| 6. സാമ്പത്തിക ചിലവ് കൂടുന്ന വലിയ വീടുകളാണ് അധികവും പണിയുന്നത്. | ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചരണം നൽക്കുകയും നിർമ്മാണം ചെലവ് കൂടുന്ന വലിയ വീടുകൾക്ക് കർശന നിബന്ധന വെയ്ക്കുകയും വേണം. |
| 7. വിവിധ ഏജൻസികളിൽ നിന്ന് ഒരേ വീടിന് ലോണെടുക്കുന്നു. | ഒരേ വീടിന്ന വിവിധ ഏജൻസികളിൽ നിന്ന് സഹായം പറ്റുന്നത് തടയാൻ സഹായം പഞ്ചായത്ത മുഖേന വിതരണം ചെയ്യുക. |
| 8. ഭവന നിർമ്മാണത്തിന് ബാങ്കുകളുടെ സഹകരണവും കുറവാണ്. | ബാങ്കുകൾ വീടുകൾക്ക് അറ്റകുറ്റ പണിക്ക് സഹായം നൽകുകയും പലിശ 12 ശതമാനത്തിൽ കവിയാത്ത നിലയിൽ കുറയ്ക്കുകയും വേണം. |
| 9. 4സെന്റ് ഭൂമിയും മറ്റ് സർക്കാരിതര ഏജൻസികൾ വിതരണം ചെയ്യുന്ന ഭൂമിയും കൈമാറ്റം ചെയ്യപ്പെടുന്നുണ്ട്. | 4 സെന്റ് ഭൂമിയും മറ്റും സർക്കാരിതര ഏജൻസികൾ വിതരണം ചെയ്യുന്ന ഭൂമിയ്ക്കും മുൻഗണാക്രമത്തിൽ വിതരണം ചെയ്യുകയും കൈമാറ്റം ചെയ്യുന്നത് തടയുകയും ചെയ്യുക. |
| 10. നിർധനരായ ആളുകൾക്ക് വീടുകളുടെ പണി അവർക്ക് ലഭിക്കുന്ന തുക കൊണ്ട് തീർക്കാൻ പറ്റുന്നില്ല. | പഞ്ചായത്തിലെ നിർമ്മാണ തൊഴിലാളികളുടെ സഹായത്തോടെ ഇവിടുന്നു ലഭിക്കുന്ന കല്ല്, ചെങ്കല്ല്, മണൽ, ഇഷ്ടിക, ഹോളോ ബ്രിക്സ് എന്നിവ സംഭരിച്ച് ചെറിയ വീടുകളുടെ നിർമ്മാണം സൊസൈറ്റി തന്നെ ഏറ്റെടുത്തു നടത്തുക ധനസഹായ വർദ്ധിപ്പിക്കുകയും വേണം. |
| 11. ചുറ്റുമതിൽ കല്ലുകൊണ്ടുള്ളതായതിനാൽ പൊളിച്ചവയും എന്നിവ തടയപ്പെടുന്നു. | കല്ലുകൊണ്ട് ചുറ്റുമതിൽ കെട്ടുന്നതിന്ന് പകരം കൃശിവകുപ്പുമായി ബന്ധപ്പെട്ടു ജൈവ മതിൽ നിർമ്മിക്കാവുന്നതാണ്. |
| 12. വീടിനോനുബന്ധിച്ച് പുകയില്ലാത്ത അടുപ്പുകൾ വളരെ കുറവാണ്. | പുകയില്ലാത്ത അടുപ്പുകൾ നിർമ്മിക്കാൻ പരിഷത്ത് അനർട്ട് തുടങ്ങിയ ഏജൻസികളുടെ സഹായം ലഭ്യമാക്കാവുന്നതാണ്. |

## സാമൂഹ്യക്ഷേമം

1. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിന് വേണ്ടത്ര പ്രവർത്തനമില്ല.

സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിന് ഓരോ വാർഡിലും ഓരോ മഹിളാ സമാജവും ബാലവാടിയും സ്ഥാപിക്കേണ്ടതാണ്.

2. സ്വന്തമായി കെട്ടിട മില്ലാത്ത ബാലവാടികൾ ധാരാളമുണ്ട്.

പ്രാദേശിക വിഭവസമാഹരണം വഴി സ്വന്തം കെട്ടിമുണ്ടാക്കാൻ ശ്രമം നടത്തണം

3. പഞ്ചായത്തിന് ഒരു പൊതു ശ്മാശാനം ആവശ്യമാണ്.

12ാം വാർഡിലെ തൈവളപ്പിൽ വൈദ്യുതി ശ്മശാനം നിർമ്മിക്കാവുന്നതാണ്.

4. വാർദ്ധക്യ കാലപെൻഷൻ അർഹതപ്പെട്ട എല്ലാവർക്കും കിട്ടുന്നില്ല.

അർഹതപ്പെട്ട എല്ലാവർക്കും പെൻഷൻ നൽകുകയും വയസ്സിന്റെ പരിധി 60 ആയി കുറയ്ക്കുകയും ചെയ്യുക.

5. മൺപ്പാത്ര നിർമ്മാണ തൊഴിലാളികുളുടെ നഷ്ടപ്പെട്ട ആനുകൂല്യങ്ങൾ പുനരാവിഷ്ക്കരിക്കണം.

മൺപാത്ര നിർമ്മാണ തൊഴിലാളികളെ പട്ടികജാതി വിഭാഗത്തിൽപ്പെടുത്തുക.

6. വിവിധ പെൻഷൻ ആനുകൂല്യങ്ങൾ വേണ്ടസമയത്ത് ലഭിക്കുന്നില്ല.

വിവിധ പെൻഷൻ പദ്ധതികളെക്കുറിച്ച് ജനങ്ങളിൽ ബോധവൽക്കരണം നടത്തേണ്ടതും പഞ്ചായത്ത് തല സെൽ രൂപീകരിക്കേണ്ടതുമാണ്.

7. I.R.D.P പദ്ധതിയിൽ ഗുണ ഭോക്താക്കൽക്ക് കടം വീട്ടുവാൻ കഴിയാത്ത് അവസ്ഥയുണ്ട്.

സാദ്ധ്യതകളുള്ള പദ്ധതികൾ തൊരെഞ്ഞെടുക്കുകയും വകറ്ററി ചെലവുചെയ്യുന്നതടക്കമുള്ള ദുർവിനിയോഗം തടയുകയും ചെയ്യുക.

8. വനിതകളുടെ തൊഴിലില്ലായ്മ രൂക്ഷമാണ്.

വനിതകളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കാൻ DWCRA പദ്ധതിയുടെ സഹായത്തോടെ, തയ്യൽ കേന്ദ്രം, ബേക്കറി എന്നിവ ആരംഭിക്കണം. കൂടാതെ സോപ്പ് അച്ചാറ്, പപ്പടം, കറിപൗഡർ മുതലായവ നിർമ്മിക്കുന്ന ചെറുകിട സംരംഭങ്ങളും ആരംഭിക്കണം.

9. ഒളവണ്ണയിൽ ന്യായവിലക്ക് സാധനങ്ങൾ കിട്ടാൻ വിഷമം നേരിടുന്നുണ്ട്.

പൊതു വിതരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കുകയും മാവേലി സ്റ്റോറുകൾ സഹകരണ സ്റ്റോർ എന്നിവ ആരംഭിക്കുകയും വേണം.

## പട്ടിക 4 (ഐ. ആർ. ഡി.പി)

| ക്രമ നമ്പർ | വർഷം | സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | | | | | | മുതൽ മുടക്ക് | | |
|---|---|---|---|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | വികലാംഗർ | സബ്സിഡി (രൂപ) | ലോൺ (രൂപ) | ശരാശരി മുതൽമുടക്ക് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 1992-93 | 29 | | 35 | 64 | 20 | 2 | 1,32,000 | 2,64,000 | 6492/- |
| 2 | 1993-94 | 14 | | 59 | 73 | 22 | 1 | 2,37,000 | 4,08,000 | 7164/- |
| 3 | 1994-95 | 4 | | 59 | 63 | 23 | 3 | 2,82,000 | 5,14,000 | 11,705/- |
| 4 | 1995 | 14 | | 50 | 64 | 20 | 1 | 2,70,000 | 5,35,000 | 12578/- |

## പട്ടിക 5 (ട്രൈസം)

| ക്രമ നമ്പർ | വർഷം | പരിശീലനം നേടിയയുവാക്കളുടെ എണ്ണം | | | | | | ആനുകൂല്യം കിട്ടിയവർ | | പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നവർ |
|---|---|---|---|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | സ്ത്രീകൾ | വികലാംഗർ | സ്വയം തൊഴിൽ | തൊഴിൽ എന്ന നിലയിൽ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 1992-93 | 4 | | 17 | 21 | 12 | | 14 | 7 | |
| 2 | 1993-94 | 1 | | 2 | 3 | 3 | | 2 | 1 | |
| 3 | 1994-95 | 3 | | 10 | 13 | 8 | | 8 | 5 | |
| 4 | 1995-96 | 2 | | 6 | 8 | 4 | | 6 | 2 | |

## പട്ടിക 6 (ഡി. ഡബ്ലിയു. സി. ആർ. എ)

| ക്രമ നമ്പർ | വർഷം | രൂപീകരിച്ച ഗ്രൂപ്പുകൾ | | | | ആരംഭിച്ച ഗ്രൂപ്പുകൾ | ആനുകൂല്യം കിട്ടുന്നവർ | | | | പ്രവർത്തിക്കാത്തവ |
|---|---|---|---|---|---|---|---|---|---|---|---|
| | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | 1992-93 | - | - | 1 | 1 | 1 | - | - | 11 | 11 | - |
| 2 | 1993-94 | - | - | - | - | - | - | - | - | - | - |
| 3 | 1994-95 | - | - | - | - | - | - | - | - | - | - - |
| 4 | 1995-96 | - | - | 1 | 1 | 1 | - | - | 8 | 8 | |

## പട്ടിക 7 (പണിയായുധപ്പെട്ടി വിതരണം)

| ക്രമ നമ്പർ | വർഷം | | അനുവദിച്ച എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1992 93 | 110 | 11 |
| 2 | 1993-94 | 110 | 34 |
| 3 | 1994 95 | 110 | 19 |
| 4 | 1995 96 | 110 | 10 |

## പട്ടിക 8 (കിണർ)

| ക്രമ നമ്പർ | വർഷം | ടാർജറ്റ് | അനുവദിച്ചവീടുകൾ | മുഴുവനാക്കിയ വീടുകൾ |
|---|---|---|---|---|
| 1 | 2 | 3 | 4 | 5 |
| 1 | 1992-93 | 6 | 6 | 4 |
| 2 | 1993-94 | 4 | 4 | 4 |
| 3 | 1994-95 | 4 | 4 | 3 |
| 4 | 1995-96 | 4 | 4 | 4 |

## പട്ടിക 9 (സി. ആർ. എസ്. പി)
## കക്കൂസുകൾ

| ക്രമ നമ്പർ | വർഷം | | നിർമ്മിച്ച കക്കൂസുകളുടെ എണ്ണം | | | |
|---|---|---|---|---|---|---|
| | | ടാർജറ്റ് | പട്ടിക ജാതി | പട്ടിക വർഗ്ഗം | മറ്റുള്ളവർ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 1991-92 | 20 | - | - | 20 | 20 |
| 2 | 1992-93 | - | 3 | - | - | 3 |
| 3 | 1993-94 | 36 | 8 | - | 26 | 34 |
| 4 | 1994-95 | 31 | 8 | - | 24 | 32 |
| 5 | 1995-96 | 46 | 9 | - | 26 | 35 |



" ഗ്രാമം നശിക്കുകയാണെങ്കിൽ
ഇന്ത്യയും നശിക്കും.
ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ് "

## സ്റ്റാൻറിംഗ് കമ്മിറ്റിയംഗങ്ങൾ

എം.എം. ശശിധരൻ ചെയർമാൻ
ബാബു പറശ്ശേരി
കെ.കെ. ജയപ്രകാശൻ
സുഷമ. പി.സി.
വി. ജാനകി
കെ.കെ.കോയ
വി. ലീല

573

# ജനനമരണ രജിസ്ട്രേഷൻ

സ്കൂൾ പ്രവേശനത്തിന്, ഉദ്യോഗത്തിന്, വസ്തുക്കളിൽ അവകാശം സ്ഥാപിക്കുന്നതിന്, പൗരത്വം സ്ഥാപിക്കുന്നതിന്, പാസ്പോർട്ടിന്, വോട്ടവകാശം സ്ഥാപിക്കുന്നതിന്, റേഷൻകാർഡിൽ പേര് ചേർക്കുന്നതിന്,


വയസ്സ് തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- ജനനം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക

അവകാശികൾക്ക് സ്വത്തവകാശം സ്ഥാപിക്കുന്നതിന്, ഇൻഷൂറൻസ് തുക ലഭിക്കുന്നതിന്, മരണാനന്തരം ആനുകൂല്യങ്ങൾ വാങ്ങുന്നതിന്,

മരണം തെളിയിക്കുന്ന കൃത്യമായ രേഖ വേണം -
- മരണം യഥാസമയം രജിസ്റ്റർ ചെയ്തുവെന്ന് ഉറപ്പുവരുത്തുക.

**ജനനവും മരണവും 21 ദിവസത്തിനകം രജിസ്റ്റർ ചെയ്യാൻ ഓർമ്മിക്കുക. ഇത് നിർബന്ധമാണ്.**

574



Printed at MANGALAM offset press Kallai, Calicut, Ph. 300063